# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

2020 മാർച്ച് 10, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1580/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം
## അംഗങ്ങൾ

1. ശ്രീ. അബ്ദുൽ ഹമീദ്. പി. (വള്ളിക്കുന്ന്)
2. ശ്രീ. കെ. വി. അബ്ദുൾ ഖാദർ (ഗുരുവായൂർ)
3. ശ്രീ. പാറക്കൽ അബ്ദുല്ല (കുറ്റ്യാടി)
4. ശ്രീ. പി. കെ. അബ്ദു റബ്ബ് (തിരൂരങ്ങാടി)
5. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)
7. ശ്രീ. വി. എസ്. അച്ചുതാനന്ദൻ (മലമ്പുഴ)
8. ശ്രീ. ടി. എ. അഹമ്മദ് കബീർ (മങ്കട)
9. ശ്രീമതി പി. അയിഷാ പോറ്റി (കൊട്ടാരക്കര)
10. ശ്രീ. മഞ്ഞളാംകുഴി അലി (പെരിന്തൽമണ്ണ)
11. ശ്രീ. അനിൽ അക്കര (വടക്കാഞ്ചേരി)
12. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ - എസ്.സി.)
13. ശ്രീ. അനൂപ് ജേക്കബ് (പിറവം)
14. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
15. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
16. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)
17. ശ്രീ. അൻവർ സാദത്ത് (ആലുവ)
18. പ്രൊഫ. കെ. യു. അരുണൻ (ഇരിങ്ങാലക്കുട)
19. ശ്രീമതി സി. കെ. ആശ (വൈക്കം- എസ്.സി.)
20. ശ്രീ. കെ. ബാബു (നെന്മാറ)
21. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻ ബത്തേരി-എസ്.ടി.)
22. ശ്രീ. എ. കെ. ബാലൻ (തരൂർ - എസ്.സി.)

23. ശ്രീ. വി. ടി. ബൽറാം (തൃത്താല)

24. ശ്രീ. പി. കെ. ബഷീർ (ഏറനാട്)

25. ശ്രീമതി ഇ. എസ്. ബിജിമോൾ (പീരുമേട്)

26. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)

27. ശ്രീ. കെ. ദാസൻ (കൊയിലാണ്ടി)

28. ശ്രീ. ബി. ഡി. ദേവസ്സി (ചാലക്കുടി)

29. ശ്രീ. സി. ദിവാകരൻ (നെടുമങ്ങാട്)

30. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (കളമശ്ശേരി)

31. ശ്രീ. എൽദോ എബ്രഹാം (മൂവാറ്റുപുഴ)

32. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)

33. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)

34. ശ്രീമതി ഗീതാ ഗോപി (നാട്ടിക -എസ്.സി.)

35. ശ്രീ. ജോർജ് എം. തോമസ് (തിരുവമ്പാടി)

36. ശ്രീ. പി. സി. ജോർജ് (പൂഞ്ഞാർ)

37. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ - എസ്.സി.)

38. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)

39. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)

40. ഡോ. കെ. ടി. ജലീൽ (തവനൂർ)

41. ശ്രീ. ജെയിംസ് മാത്യു (തളിപ്പറമ്പ്)

42. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)

43. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)

44. ശ്രീ. ഇ. പി. ജയരാജൻ (മട്ടന്നൂർ)

45. ശ്രീ. കെ. യു. ജനീഷ് കുമാർ (കോന്നി)

46. ശ്രീ. ജോൺ ഫെർണാണ്ടസ് (ആംഗ്ലോ ഇന്ത്യൻ പ്രതിനിധി)

47. ശ്രീ. കെ. സി. ജോസഫ് (ഇരിക്കൂർ)

48. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)

49. ശ്രീ. വി. ജോയി (വർക്കല)

50. ശ്രീ. എം. സി. കമറുദ്ദീൻ (മഞ്ചേശ്വരം)

51. ശ്രീ. ഒ. ആർ. കേളു (മാനന്തവാടി-എസ്.ടി.)

52. ശ്രീ. കെ. എൻ. എ. ഖാദർ (വേങ്ങര)

53. ശ്രീ. സി. കൃഷ്ണൻ (പയ്യന്നൂർ)

54. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)

55. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

56. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ-എസ്.സി.)

57. ശ്രീ. വി. കെ. സി. മമ്മത് കോയ (ബേപ്പൂർ)

58. ശ്രീ. സി. മമ്മൂട്ടി (തിരൂർ)

59. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)

60. ശ്രീ. മാണി. സി. കാപ്പൻ (പാലാ)

61. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)

62. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)

63. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ (കുണ്ടറ)

64. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)

65. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)

66. ശ്രീ. മുഹമ്മദ് മുഹസിൻ പി. (പട്ടാമ്പി)

67. ശ്രീ. എം. മുകേഷ് (കൊല്ലം)

68. ഡോ. എം. കെ. മുനീർ (കോഴിക്കോട് സൗത്ത്)

69. ശ്രീ. ഡി. കെ. മുരളി (വാമനപുരം)

70. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)

71. ശ്രീ. സി. കെ. നാണു (വടകര)

72. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)

73. ശ്രീ. എം. നൗഷാദ് (ഇരവിപുരം)

74. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)

75. ശ്രീ. യു. ആർ. പ്രദീപ് (ചേലക്കര)

76. ശ്രീ. എ. പ്രദീപ്കുമാർ (കോഴിക്കോട് നോർത്ത്)

77. ശ്രീ. വി. കെ. പ്രശാന്ത് (വട്ടിയൂർക്കാവ്)

78. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)

79. ശ്രീമതി യു. പ്രതിഭ (കായംകുളം)

80. ശ്രീ. പുരുഷൻ കടലുണ്ടി (ബാലുശ്ശേരി - എസ്.സി.)

81. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)

82. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)

83. ശ്രീ. ഒ. രാജഗോപാൽ (നേമം)

84. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)

85. ശ്രീ. കെ. രാജൻ (ഒല്ലൂർ)

86. ശ്രീ. എസ്. രാജേന്ദ്രൻ (ദേവികുളം-എസ്.സി.)

87. ശ്രീ. ആർ. രാജേഷ് (മാവേലിക്കര-എസ്.സി.)

88. ശ്രീ. റ്റി. വി. രാജേഷ് (കല്യാശ്ശേരി)

89. ശ്രീ. കെ. രാജു (പുനലൂർ)

90. ശ്രീ. രാജു എബ്രഹാം (റാന്നി)

91. ശ്രീ. ആർ. രാമചന്ദ്രൻ (കരുനാഗപ്പള്ളി)

92. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)

93. ശ്രീ. റ്റി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)

94. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)

95. ശ്രീ. മുല്ലക്കര രത്നാകരൻ (ചടയമംഗലം)

96. പ്രൊഫ. സി. രവീന്ദ്രനാഥ് (പുതുക്കാട്)

97. ശ്രീ. കാരാട്ട് റസാഖ് (കൊടുവള്ളി)

98. ശ്രീ. റോജി എം. ജോൺ (അങ്കമാലി)

99. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)

100. ശ്രീ. കെ. എസ്. ശബരീനാഥൻ (അരുവിക്കര)

101. ശ്രീ. വി. പി. സജീന്ദ്രൻ (കുന്നത്തുനാട്-എസ്.സി.)

102. ശ്രീ. സജി ചെറിയാൻ (ചെങ്ങന്നൂർ)

103. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)

104. ശ്രീ. എസ്. ശർമ്മ (വൈപ്പിൻ)

105. ശ്രീ. എ. കെ. ശശീന്ദ്രൻ (എലത്തൂർ)

106. ശ്രീ. സി. കെ. ശശീന്ദ്രൻ (കൽപ്പറ്റ)

107. ശ്രീ. പി. കെ. ശശി (ഷൊർണ്ണൂർ)

108. ശ്രീ. വി. ശശി (ചിറയിൻകീഴ്-എസ്.സി.)

109. ശ്രീ. വി. ഡി. സതീശൻ (പറവൂർ)

110. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)

111. ശ്രീ. ബി. സത്യൻ (ആറ്റിങ്ങൽ-എസ്.സി.)

112. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)

113. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (കൂത്തുപറമ്പ്)

114. ശ്രീ. കെ. എം. ഷാജി (അഴീക്കോട്)

115. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)

116. ശ്രീമതി ഷാനിമോൾ ഉസ്മാൻ (അരൂർ)

117. ശ്രീ. വി. എസ്. ശിവകുമാർ (തിരുവനന്തപുരം)

118. ശ്രീ. പി. ശ്രീരാമകൃഷ്ണൻ (പൊന്നാനി)

119. ശ്രീ. ജി. സുധാകരൻ (അമ്പലപ്പുഴ)

120. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)

121. ശ്രീ. വി. എസ്. സുനിൽ കുമാർ (തൃശ്ശൂർ)

122. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)

123. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)

124. ശ്രീ. കെ. സുരേഷ് കുറുപ്പ് (ഏറ്റുമാനൂർ)

125. ശ്രീ. എം. സ്വരാജ് (തൃപ്പൂണിത്തുറ)

126. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)

127. ശ്രീ. പി. തിലോത്തമൻ (ചേർത്തല)

128. ശ്രീ. സി. എഫ്. തോമസ് (ചങ്ങനാശ്ശേരി)

129. ശ്രീ. പി. ടി. തോമസ് (തൃക്കാക്കര)

130. ഡോ. ടി. എം. തോമസ് ഐസക് (ആലപ്പുഴ)

131. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)

132. ശ്രീ. എം. ഉമ്മർ (മഞ്ചേരി)

133. ശ്രീ. പി. ഉണ്ണി (ഒറ്റപ്പാലം)

134. ശ്രീമതി വീണാ ജോർജ്ജ് (ആറന്മുള)

135. ശ്രീ. കെ. വി. വിജയദാസ് (കോങ്ങാട് -എസ്.സി.)

136. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)

137. ശ്രീ. പിണറായി വിജയൻ (ധർമ്മടം)

138. ശ്രീ. എം. വിൻസെന്റ് (കോവളം)

139. ശ്രീ. ടി. ജെ. വിനോദ് (എറണാകുളം)

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

ശ്രീ. പിണറായി വിജയൻ, മുഖ്യമന്ത്രി

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തികകാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി, മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആൻഡ് അഡ്മിനിസ്ട്രേറ്റീവ്  റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്സ്

മെട്രോ റെയിൽ

അന്തർ സംസ്ഥാന നദീജലം

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആൻഡ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

ഇൻലാന്റ് നാവിഗേഷൻ (ജലപാത നിർമ്മാണം)

കേരള ഷിപ്പിംഗ് ആൻഡ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ

രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

ശ്രീ. എ. കെ. ബാലൻ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

പട്ടികജാതിക്ഷേമം

പട്ടികവർഗ്ഗക്ഷേമം

പിന്നോക്കസമുദായക്ഷേമം

നിയമം

സാംസ്കാരികം

പാർലമെന്ററികാര്യം

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

ശ്രീ. ഇ. ചന്ദ്രശേഖരൻ, റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

ലാൻഡ് റവന്യൂ

സർവ്വേയും ലാൻഡ് റെക്കോർഡ്സും

ലാൻഡ് റിഫോംസ്

ഭവനനിർമ്മാണം

ഡോ. കെ. ടി. ജലീൽ, ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ
സർവ്വകലാശാല ഒഴികെ)

പ്രവേശന പരീക്ഷകൾ

എൻ.സി.സി.

അസാപ് (ASAP)

ന്യൂനപക്ഷക്ഷേമം

വഖഫും ഹജ്ജ് തീർത്ഥാടനവും

<u>ശ്രീ. ഇ. പി. ജയരാജൻ, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി</u>

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആൻഡ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈലും

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ്

സ്പോർട്സും യുവജനകാര്യവും

<u>ശ്രീ. എം. എം. മണി, വൈദ്യുതി വകുപ്പുമന്ത്രി</u>

വിദ്യുച്ഛക്തി

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി, ജലവിഭവ വകുപ്പുമന്ത്രി</u>

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഗ്രൗണ്ട് വാട്ടർ ഡെവലപ്മെന്റ്

ശുദ്ധജലവിതരണവും ശുചീകരണവും

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി</u>

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

കശുവണ്ടി വ്യവസായം

ഫിഷറീസ് സർവ്വകലാശാല

<u>ശ്രീ. എ. സി. മൊയ്തീൻ, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി</u>

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ഗ്രാമവികസനം

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

<u>ശ്രീ. കെ. രാജു, വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി</u>

വനം

വന്യജീവി സംരക്ഷണം

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി</u>

തുറമുഖം

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ, തൊഴിലും എക്സൈസും വകുപ്പുമന്ത്രി</u>

തൊഴിൽ

നൈപുണ്യം

തൊഴിലും പരിശീലനവും

പുനരധിവാസം

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽസ്

എക്സൈസ്

ലേബർ കോർട്ട്സ്

<u>പ്രൊഫ. സി. രവീന്ദ്രനാഥ്, പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി</u>

പൊതുവിദ്യാഭ്യാസം

സാക്ഷരതാ മിഷൻ

<u>ശ്രീ. എ. കെ. ശശീന്ദ്രൻ, ഗതാഗത വകുപ്പുമന്ത്രി</u>

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി</u>

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

ഇൻഡിജിനസ് മെഡിസിൻ

മെഡിക്കൽ സർവ്വകലാശാല

ഡ്രഗ്സ് കൺട്രോൾ

ഹോമിയോപ്പതി

പ്രകൃതി ചികിത്സ

ആയുഷ്

സാമൂഹ്യനീതി

<u>ശ്രീ. ജി. സുധാകരൻ, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി</u>

പൊതുമരാമത്ത്

രജിസ്ട്രേഷൻ

കമ്പിത്തപാൽ

റെയിൽവേ

<u>ശ്രീ. വി. എസ്. സുനിൽ കുമാർ, കൃഷി വകുപ്പുമന്ത്രി</u>

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെറ്ററിനറി സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി</u>

സഹകരണം

വിനോദസഞ്ചാരം

ദേവസ്വം

<u>ശ്രീ. പി. തിലോത്തമൻ, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

<u>ഡോ. ടി. എം. തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പുമന്ത്രി</u>

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറീസ്

ലോട്ടറീസ്

സ്റ്റേറ്റ് ഓഡിറ്റ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

സ്റ്റാമ്പ് ആൻഡ് സ്റ്റാമ്പ് ഡ്യൂട്ടീസ്

കയർ

# ഉള്ളടക്കം


പേജ്

I **ചരമോപചാരം**

എൻ. വിജയൻപിള്ളയുടെ നിര്യാണം 1

II **അറിയിപ്പ്**

വാഹന സൗകര്യം 15

**അനുബന്ധം** 16

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

*2020 മാർച്ച് 10, ചൊവ്വ*

വാല്യം 180] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 2020 മാർച്ച് മാസം 10-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

മി. സ്പീക്കർ: ഓർഡർ............ ഓർഡർ...............

### I ചരമോപചാരം

### എൻ. വിജയൻ പിള്ളയുടെ നിര്യാണം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയിൽ അംഗമായ എൻ. വിജയൻ പിള്ള 2020 മാർച്ച് 8-ന് നിര്യാതനായി. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ സി.എം.പി. സ്റ്റേറ്റ് കമ്മിറ്റിയുടെ പ്രതിനിധിയായാണ് അദ്ദേഹം ചവറ മണ്ഡലത്തിൽനിന്നും വിജയിച്ചത്.

മുതിർന്ന ആർ.എസ്.പി. നേതാവായിരുന്ന നാരായണപിള്ളയുടെയും ഭവാനി അമ്മയുടെയും മകനായി 1951 ഏപ്രിൽ 2-ന് ജനിച്ചു. തികഞ്ഞ രാഷ്ട്രീയ പാരമ്പര്യമുള്ള കുടുംബത്തിലെ അംഗമായ അദ്ദേഹം ആർ.എസ്.പി.-യുടെ പ്രതിനിധിയായി 1979 മുതൽ 2000 വരെ ചവറ ഗ്രാമപഞ്ചായത്ത് അംഗമായിരുന്നു. 2000 മുതൽ 2005 വരെ കൊല്ലം ജില്ലാ പഞ്ചായത്തംഗമായും പ്രവർത്തിച്ചു. 2016-ലെ തെരഞ്ഞെടുപ്പിൽ കൊല്ലം ജില്ലയിലെ ചവറ അസംബ്ലി മണ്ഡലത്തെ പ്രതിനിധീകരിച്ചാണ് നിയമസഭയിലെത്തിയത്. നിലവിൽ അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായിരുന്നു. ചവറ അസംബ്ലി മണ്ഡലം രൂപീകരിച്ചതിനുശേഷമുള്ള ആദ്യത്തെ ആർ.എസ്.പി. ഇതര എം.എൽ.എ.-യാണ് എൻ. വിജയൻ പിള്ള.

ചവറയിലെ ആബാലവൃദ്ധം ജനങ്ങൾക്കും സുപരിചിതനും അവരുടെ വിജയണ്ണനും വിജയൻ കൊച്ചേട്ടനുമായിരുന്നു എൻ. വിജയൻ പിള്ള. പിതാവിന്റെ പിന്തുടർച്ചയായി വ്യവസായരംഗത്തും അദ്ദേഹം തന്റെ കഴിവ് തെളിയിച്ചു.

കൊല്ലം ജില്ലയുടെയും വിശിഷ്യ ചവറയുടേയും പുരോഗതിക്കായി അർപ്പണ മനോഭാവത്തോടെ പ്രവർത്തിച്ചു. ചവറയിൽ നടത്തിയ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലൂടെയാണ് എൻ. വിജയൻ പിള്ള കൂടുതലായി അറിയപ്പെടുന്നത്. ചവറ മണ്ഡലത്തിലെ സാധാരണക്കാരുടെ സാമൂഹ്യ ഉന്നമനത്തിനായി അദ്ദേഹം നിരവധി പരിഷ്കാരങ്ങൾക്കുവേണ്ടി ശ്രമിച്ചു. സർക്കാരിന്റെയും എൻ.ജി.ഒ.-കളുടെയും സഹായത്തോടെ സ്വന്തം നിയോജകമണ്ഡലത്തിന്റെ വികസനത്തിനായി സദാ പരിശ്രമിച്ചു. യുവാക്കൾക്കുവേണ്ടി നൈപുണ്യാധിഷ്ഠിത പരിപാടികൾ സംഘടിപ്പിക്കുന്നതിനും മേഖലയിലെ പ്രമുഖ ബിസിനസുകാരെയും എൻ.ആർ.ഐ.-കളെയും ഏകോപിപ്പിച്ച് തൊഴിൽ നൽകുന്നതിനും അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധേയമായിരുന്നു. ജില്ലാ ബാങ്ക് പ്രസിഡന്റ്, ചവറ പട്ടത്താനം സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എന്നീ നിലകളിൽ സഹകരണരംഗത്തും സജീവമായിരുന്നു.

എല്ലാത്തിനുമുപരി സൗമ്യനും എത് സമയത്തും ജനങ്ങൾക്ക് സമീപിക്കാൻ കഴിയുന്ന ഒരു നേതാവുമായിരുന്നു എൻ. വിജയൻ പിള്ള. ആർ.എസ്.പി.-ക്കാരനായ അദ്ദേഹം, പിന്നീട് കോൺഗ്രസിലേയ്ക്കും ഡി.ഐ.സി.-യിലേയ്ക്കും സി.എം.പി.-യിലേയ്ക്കും മാറിയെങ്കിലും ചവറയിലെ ജനങ്ങൾ അദ്ദേഹത്തിന് നൽകിയ പിന്തുണയ്ക്ക് ഒട്ടും കുറവുണ്ടായില്ല. ദീർഘകാലം പഞ്ചായത്തംഗമായിരുന്നതിന്റെ അനുഭവസമ്പത്തും അതിലൂടെ ഉരുത്തിരിഞ്ഞ വ്യക്തിബന്ധങ്ങളുമാണ് അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തിന് കരുത്തേകിയത്.

നാല് പതിറ്റാണ്ടിലധികം കാലം ജനസേവനത്തിനായി സമർപ്പിച്ച നിസ്വാർത്ഥനും ഊർജ്ജസ്വലനുമായ ഒരു നേതാവിനെയാണ് എൻ. വിജയൻ പിള്ളയുടെ നിര്യാണത്തിലൂടെ നിയമസഭയ്ക്ക് നഷ്ടമായിരിക്കുന്നത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, അങ്ങ് പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുകയാണ്. ചുറ്റുമുള്ളവരിലേയ്ക്ക് സ്വന്തം ഊർജ്ജം പകർന്നുനൽകി, സ്വയമൊരു വിളക്കായി മാറാൻ ശ്രമിച്ച മനുഷ്യത്വത്തിന്റെ ദീപ്തമായ പ്രതീകമാണ് എൻ. വിജയൻ പിള്ള. സമർപ്പിത മനസ്കനായ പൊതുപ്രവർത്തകൻ, സ്നേഹസമ്പന്നനായ സുഹൃത്ത്, ശ്രദ്ധേയനായ നിയമസഭാ സാമാജികൻ, സ്ഥിരോത്സാഹിയായ വ്യവസായി എന്നിങ്ങനെ വിവിധ തലങ്ങളിലുള്ള വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. അസുഖമായി ആശുപത്രിയിലായിരുന്നുവെങ്കിൽപ്പോലും അകാലത്തിലുള്ളതും അപ്രതീക്ഷിതവുമായിരുന്നു അദ്ദേഹത്തിന്റെ വേർപാട്. ആധുനിക വൈദ്യശാസ്ത്രം ഏറെ പുരോഗമിക്കുകയും ആയുർദൈർഘ്യം പൊതുവിൽ ഉയരുകയും ചെയ്ത ഇക്കാലത്ത് 69 വയസ്സെന്നത്

വലിയൊരു പ്രായമൊന്നുമല്ല. അതുകൊണ്ടാണ് അകാലത്തിലെന്ന് എടുത്തുപറയാൻ കാരണം. സ്വന്തം ആരോഗ്യനിലപോലും മറന്ന് പൊതു പ്രവർത്തന രംഗത്ത് വ്യാപരിക്കുന്നതായിരുന്നു വിജയൻ പിള്ളയുടെ രീതി. ഏറ്റവുമൊടുവിലെ ആശുപത്രി പ്രവേശനംപോലും അദ്ദേഹം പലതവണ മാറ്റിവച്ചു. മാറ്റി വച്ചത് ഏതെങ്കിലും സ്വകാര്യ ആവശ്യം മുൻനിർത്തിയായിരുന്നില്ല. തന്റെ നാട്ടിലെ ഒരു ആരോഗ്യ കേന്ദ്രത്തിന്റെ പണി പൂർത്തിയാക്കണം, അത് നാടിന് സമർപ്പിക്കണം, താൻ ആശുപത്രിയിലായിപ്പോയാൽ ആ പ്രവർത്തനങ്ങൾ മന്ദീഭവിച്ചാലോ എന്നൊക്കെയാണ് അദ്ദേഹം ചിന്തിച്ചത്. അങ്ങനെ ചിന്തിച്ചപ്പോൾ മാറ്റിവയ്ക്കാവുന്നത് തന്റെ കാര്യംതന്നെയാണെന്ന് അദ്ദേഹം കരുതി. ഇതിലുണ്ട് അദ്ദേഹത്തിന്റെ സമർപ്പണബോധം. പാവപ്പെട്ടവർക്കുതകുന്ന ഒരു കാര്യവും മാറ്റിവച്ചുകൂടാ എന്ന കാര്യത്തിൽ അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. ഈ സ്നേഹവും കരുതലുമാണ് വിജയൻ പിള്ളയെ ജനങ്ങൾക്ക് പ്രിയങ്കരനാക്കി മാറ്റിയത്. ആ സ്വീകാര്യതകൊണ്ടാണ് ദീർഘകാലം അദ്ദേഹം തുടർച്ചയായി ചവറ പഞ്ചായത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ചവറയിൽ ശ്രദ്ധേയമാംവിധം വിജയിച്ചത്, ആ വിജയത്തെ ശ്രദ്ധേയമെന്ന് മാത്രം വിശേഷിപ്പിച്ചാൽ പോര. ചവറ മണ്ഡലത്തിന്റെ രാഷ്ട്രീയ ചരിത്രത്തെത്തന്നെ മാറ്റിയെഴുതിയ വിജയമായിരുന്നു അത്. രാഷ്ട്രീയ മാറ്റം കുറിക്കുന്ന ആ ജയം നേടാൻ വിജയൻ പിള്ളയ്ക്ക് സാധിച്ചത് ഇടതുപക്ഷ രാഷ്ട്രീയത്തിന്റെയും വിജയൻ പിള്ളയുടെ സ്നേഹാധിഷ്ഠിതമായ സ്വീകാര്യതയുടെയും സംയുക്തബലം കൊണ്ടാണ്. വിജയൻ പിള്ളയുമായി എനിക്ക് അടുത്തിടപഴകാനുള്ള അവസരമുണ്ടായിട്ടുണ്ട്. ഞാൻ അദ്ദേഹത്തിൽ ശ്രദ്ധിച്ച രണ്ട് കാര്യങ്ങളുണ്ട്. ഒന്നാമത്തേത്, ഒന്നിലും പരാതിയോ പരിഭവമോ ഇല്ലാത്ത നിറഞ്ഞ സംതൃപ്തിയാണ്. ഇന്ന് പൊതു പ്രവർത്തകരിൽ അധികമായി കാണാത്ത ഒന്നാണ് ഈ സംതൃപ്തി. അധിക മോഹങ്ങളില്ലാത്ത മാനസികാവസ്ഥയിൽ നിന്നേ ഈ സംതൃപ്തിയുണ്ടാകൂ. ഇത് പൊതു പ്രവർത്തകർ മാതൃകയാക്കേണ്ട ഒരു ഗുണമാണ്. മറ്റൊന്ന്, അദ്ദേഹത്തിന്റെ ഉയർന്ന അച്ചടക്കബോധമാണ്. ഈ അച്ചടക്ക ഗുണവിശേഷവും മാതൃകാപരമാണ്. ഭരണപക്ഷത്തുനിന്നുള്ള അംഗമായിരുന്നു വിജയൻ പിള്ള. അതിന്റെ പരിമിതികൾ ഉൾക്കൊണ്ടുകൊണ്ടുതന്നെ ശ്രദ്ധേയനായ സാമാജികനായി അദ്ദേഹം ഉയർന്നുവന്നു. തന്റെ മണ്ഡലത്തിലെ ജനങ്ങളുടെ ആവശ്യങ്ങളുമായി എന്റെ ഓഫീസിൽ ഇടയ്ക്കിടെ പുഞ്ചിരിയോടെ കടന്നുവന്നിരുന്ന അദ്ദേഹത്തിന്റെ മുഖം മറക്കാൻ വയ്യ. അസുഖബാധിതനായശേഷവും പുഞ്ചിരിയോടെയുള്ള വരവ് തുടർന്നു. വിശ്രമമെന്നത് അദ്ദേഹത്തിന്റെ നിഘണ്ടുവിൽ ഉണ്ടായിരുന്നില്ല. രോഗംപോലും പൊതു പ്രവർത്തനത്തിൽനിന്നും അദ്ദേഹത്തെ പിന്തിരിപ്പിക്കുന്നുണ്ടായിരുന്നില്ല. രാഷ്ട്രീയത്തിൽ പഞ്ചായത്തുതലംതൊട്ട് നിയമസഭാതലം വരെ ജനകീയ പ്രശ്നങ്ങൾ

പ്രതിഫലിപ്പിച്ചു. പരിചയത്തിൽ വന്ന എല്ലാവരെക്കുറിച്ചും കരുതൽ പുലർത്തി. ചവറയുടെ ചരിത്രത്തിന്റെ ഭാഗമായ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. കന്നി മത്സരത്തിൽത്തന്നെ ജയിച്ചതും ചവറയുടെ രാഷ്ട്രീയത്തിന് പുതിയ ചാലുകീറിച്ചതുമൊക്കെ ജനമനസ്സുകളിൽ അദ്ദേഹത്തിനുള്ള സ്ഥാനത്തെ അടയാളപ്പെടുത്തുന്നു. വ്യവസായരംഗത്ത് അദ്ദേഹം വ്യാപരിച്ചത് നാടിനും നാട്ടുകാർക്കും ഗുണകരമാംവിധത്തിലായിരുന്നു. ജീവകാരുണ്യരംഗം മുതൽ വിദ്യാഭ്യാസ രംഗംവരെ ആ നിലയിലായിരുന്നു. മനുഷ്യസ്നേഹ പ്രതിവിധമായ എല്ലാ കാര്യങ്ങളിലും മുന്നിൽനിന്നും പ്രവർത്തിച്ചു. തുടക്കം ഇടതുപക്ഷ വിദ്യാർത്ഥി സംഘടനയിലൂടെയായിരുന്നു. ഒടുക്കവും ചെങ്കൊടി പുതച്ചുകൊണ്ടായിരുന്നുവെന്നത് ശ്രദ്ധേയമായിരുന്നു. വിവിധ രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിച്ചിട്ടുണ്ടായിരുന്നുവെങ്കിലും എന്നും ഇടതുപക്ഷത്തോടൊപ്പമായിരുന്നു ആ മനസ്സ്. അതുകൊണ്ടു തന്നെയാകണം ഒടുവിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ, സി.പി.ഐ.(എം.)-ൽത്തന്നെ എത്തിയത്. അങ്ങേയറ്റം ലളിതവും സുതാര്യവുമായിരുന്നു ആ വ്യക്തിത്വം. കാപട്യലേശമില്ലാതെ എന്നും സാധാരണക്കാരിൽ ഒരാളായി ജീവിച്ചു. അച്ഛന്റെ പൊതു പ്രവർത്തന രീതി പിന്തുടർന്ന് ജനമനസ്സുകളിൽ സ്ഥാനംപിടിച്ചു. എൻ. വിജയൻ പിള്ളയുടെ നിര്യാണം ഇടതുപക്ഷത്തിന് പൊതുവിലും, സി.പി.ഐ.(എം.)-ന് പ്രത്യേകിച്ചും വലിയ നഷ്ടമാണ്. വിശാലമായ മതനിരപേക്ഷ ഐക്യം കാലംതന്നെ ആവശ്യപ്പെടുന്ന ഒരു ഘട്ടത്തിൽ അങ്ങേയറ്റം മതനിരപേക്ഷവും ജാതിനിരപേക്ഷവുമായ പൊതു മണ്ഡലത്തെ ശക്തിപ്പെടുത്തി പോരുകയായിരുന്നു വിജയൻ പിള്ള. ഇതും അനുകരണീയമായ മാതൃകയാണ്. കേരള പുനർനിർമ്മാണ പദ്ധതി, നവകേരള കർമ്മ പദ്ധതിയുമായെല്ലാം ഊർജ്ജസ്വലമാംവിധം സഹകരിച്ച് മുന്നോട്ടുപോകുമ്പോഴാണ് അദ്ദേഹം വിട പറഞ്ഞത്. അദ്ദേഹത്തിന്റെ സംരംഭങ്ങൾ കൂട്ടായി മുന്നോട്ട് കൊണ്ടുപോകാൻ നമുക്ക് കഴിയണം. ആ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായി ഞാൻ യോജിക്കുകയാണ്. അടുത്ത ദിവസംവരെ വിജയൻ പിള്ള നമ്മോടൊപ്പം ഉണ്ടായിരുന്നു. ദീപ്തമായ അദ്ദേഹത്തിന്റെ ഓർമ്മകൾ നമ്മൾ ഓരോരുത്തരുടെയും മനസ്സിൽ നിറഞ്ഞുനിൽക്കുന്ന ഒന്നാണ്. ഈ നാല് വർഷക്കാലത്തിനുള്ളിൽ അഞ്ച് സഹപ്രവർത്തകരെയാണ് ഈ സഭയിൽ നമുക്ക് നഷ്ടപ്പെട്ടത്. മഞ്ചേശ്വരം എം.എൽ.എ.പി. ബി. അബ്ദുൽ റസാക്ക്, ചെങ്ങന്നൂർ എം.എൽ.എ. ആർ. രാമചന്ദ്രൻ നായർ, പാലാ എം.എൽ.എ. കെ. എം. മാണി സാർ, കുറച്ച് മാസങ്ങൾക്കുമുമ്പ് അന്തരിച്ച കുട്ടനാട് എം.എൽ.എ. തോമസ് ചാണ്ടി, ഇപ്പോൾ

ചവറ മണ്ഡലത്തെ പ്രതിനിധാനം ചെയ്തിരുന്ന എൻ. വിജയൻ പിള്ള. അദ്ദേഹം രാഷ്ട്രീയ രംഗത്തേയ്ക്ക് കടന്നുവന്നത് ആർ.എസ്.പി.-യിലൂടെയായിരുന്നു. 1979 മുതൽ 2000 വരെ ഏതാണ്ട് 21 വർഷം അദ്ദേഹം ചവറയിലെ പഞ്ചായത്തംഗമായി പ്രവർത്തിച്ചുവന്നിരുന്നു. 2000-ത്തിൽ കോൺഗ്രസ് പ്രതിനിധിയായിട്ടായിരുന്നു തേവലക്കര ജില്ലാ ഡിവിഷനിൽനിന്നും കൊല്ലം ജില്ലാ പഞ്ചായത്തിലേയ്ക്ക് നല്ല ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ടത്. 2016-ൽ അദ്ദേഹം ചവറ മണ്ഡലത്തിൽനിന്നും നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. വ്യക്തിപരമായി വളരെയേറെ സൗഹൃദം എനിക്ക് അദ്ദേഹവുമായിട്ടുണ്ടായിരുന്നു. പഞ്ചായത്തംഗമായി പ്രവർത്തിച്ച കാലംമുതൽ വളരെ താഴെതലത്തിലുള്ള ജനങ്ങളുമായി അടുത്ത ബന്ധം പുലർത്താൻ അദ്ദേഹത്തിന് സാധിച്ചു. പ്രാദേശികമായി ജനകീയനാവുക, എന്നാൽ ഊണിലും ഉറക്കത്തിലും അവിടത്തെ ജനങ്ങളോടൊപ്പം നിലകൊള്ളുകയെന്നതാണ് അർത്ഥം. ചെറിയ ചെറിയ പ്രശ്നങ്ങൾക്ക് ചെവി കൊടുത്തും അത് പരിഹരിച്ചും മാത്രമേ പ്രാദേശികമായി ഒരാൾക്ക് ജനകീയത നിലനിർത്താൻ സാധിക്കൂ. ആ കാര്യത്തിൽ വിജയൻ പിള്ള ഒരു വലിയ വിജയമായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ആ പ്രദേശത്തെ അറിയപ്പെട്ട ഒരു പൊതു പ്രവർത്തകനായിരുന്നു. വ്യവസായിയെന്ന നിലയിൽ ഉയരങ്ങളിൽ എത്തുമ്പോഴും അദ്ദേഹം കൂടുതൽ അടുപ്പം പുലർത്തിയിരുന്നത് ആ പ്രദേശത്തെ സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങളോടൊപ്പമായിരുന്നു. ഞാൻ കെ.പി.സി.സി. പ്രസിഡന്റായിരുന്ന സന്ദർഭത്തിൽ കൊല്ലം ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ ഭാരവാഹിയായി അദ്ദേഹം പ്രവർത്തിച്ചിരുന്നു. വളരെയേറെ അടുത്ത സൗഹൃദം പുലർത്തുവാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. അസുഖമായി ചെന്നൈയിലെ ആശുപത്രിയിലേയ്ക്ക് ചികിത്സയ്ക്ക് അദ്ദേഹം പോകുന്നു എന്നറിഞ്ഞ് ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നപ്പോൾ പുഞ്ചിരിച്ചുകൊണ്ടാണ് ഞങ്ങളെ സ്വീകരിച്ചത്. എത്രയുംപെട്ടെന്ന് മടങ്ങിവരുമെന്നുള്ള ശുഭാപ്തിവിശ്വാസം അദ്ദേഹത്തിനുണ്ടായിരുന്നു. പക്ഷേ വിധി മറിച്ചായിരുന്നു.

ഒരു നാട്ടിൻപുറത്തുകാരന്റെ എല്ലാ ഹൃദയനൈർമ്മല്യവും അദ്ദേഹം കാത്തുസൂക്ഷിച്ചിരുന്നു. ചവറ മണ്ഡലത്തിലെ ഓരോ വീട്ടുകാരുമായും വ്യക്തിപരമായ ബന്ധം സ്ഥാപിക്കാൻ അദ്ദേഹത്തിന് സാധിച്ചു. അവരുടെ സുഖത്തിലും ദുഃഖത്തിലും അദ്ദേഹം അവരോടൊപ്പം നിന്നു. നിയമസഭാ സാമാജികനാകുന്നതിന് മുമ്പുതന്നെ പൊതുപ്രവർത്തകനെന്ന നിലയിലും നല്ലൊരു വ്യവസായിയെന്ന നിലയിലും ചവറയിൽ അദ്ദേഹം തന്റെ വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു. ചവറയിൽ സ്വാശ്രയ മേഖലയിൽ ഒരു എം.ബി.എ. കോളേജ് ആരംഭിക്കുന്നതിന് അദ്ദേഹം മുൻകയ്യെടുത്ത് പ്രവർത്തിച്ചു. സൗമ്യതയുടെ പ്രതീകമായിരുന്ന

എൻ. വിജയൻ പിള്ള. അദ്ദേഹം ചവറക്കാർക്ക് വിജയണ്ണനായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണംമൂലം നിസ്വാർത്ഥനായ ഒരു പൊതുപ്രവർത്തകനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്. കഴിഞ്ഞ ദിവസംവരെ നമ്മളോടൊപ്പമുണ്ടായിരുന്ന എൻ. വിജയൻ പിള്ളയുടെ ഓർമ്മകൾക്ക് മുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമെല്ലാം പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുന്നു. ഒരു രാഷ്ട്രീയ നേതാവ് അല്ലെങ്കിൽ ജനപ്രതിനിധി എന്നല്ല, ഒരു പൊതുജന സേവകൻ എന്ന നിലയിലാണ് എൻ. വിജയൻ പിള്ള എക്കാലവും അറിയപ്പെട്ടിരുന്നത്. ഇനിയും ജനഹൃദയങ്ങളിൽ അദ്ദേഹത്തിന്റെ സ്ഥാനം അങ്ങനെതന്നെ ആയിരിക്കും. സ്നേഹമസൃണമായ പെരുമാറ്റത്തിലൂടെ ബന്ധപ്പെടുന്നവരുടെയെല്ലാം ആദരവ് പിടിച്ചുപറ്റിയ വ്യക്തിയായിരുന്നു സഖാവ് എൻ. വിജയൻ പിള്ള. പഞ്ചായത്തംഗമായി തുടങ്ങിയതാണ് അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതം. ഇരുപത്തിയെട്ടാം വയസ്സിൽ ആദ്യമായി പഞ്ചായത്തംഗമായ അദ്ദേഹം 20 വർഷത്തിലധികം ആ സ്ഥാനത്ത് തുടർച്ചയായി പ്രവർത്തിച്ചു. പിന്നീട് 5 വർഷം ജില്ലാ പഞ്ചായത്തംഗമായും പ്രവർത്തിച്ചു. അപ്പോഴെല്ലാം ജനസഭകളിലെ സ്ഥാനങ്ങളെക്കാൾ ജന ഹൃദയങ്ങളിലായിരുന്നു എൻ. വിജയൻ പിള്ളയുടെ താമസം. നാടിന്റെയും ജനങ്ങളുടെയും ജീവൽപ്രശ്നങ്ങളിൽ അദ്ദേഹം ഹൃദയംകൊണ്ട് ഇടപെട്ടിരുന്നു. അദ്ദേഹത്തിന്റെ മരണാനന്തര സമയത്ത് ആ നാട്ടിലെ ജനമുഖങ്ങളിൽ പ്രകടമായ ദുഃഖവും നഷ്ടവും ആദരവുമൊക്കെ പതിറ്റാണ്ടുകളുടെ ഹൃദയബന്ധത്തെ അടയാള പ്പെടുത്തുന്നതായിരുന്നു. സാങ്കേതികതകൾക്ക് അപ്പുറമുള്ള ജനസേവനമായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. തനിക്കുള്ളത് ജനങ്ങൾക്കുകൂടിയുള്ളതാണെന്ന ഉന്നതചിന്ത അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഒരു പാലത്തിന് അനുമതി ലഭിച്ചപ്പോൾ അതിനുള്ള സ്ഥലം ലഭ്യമാക്കാനായി മറ്റൊന്നിനും കാത്തുനിൽക്കാതെ സ്വന്തം ചെലവിൽ അതിനാവശ്യമായ 10 സെന്റ് ഭൂമി വാങ്ങി നൽകിയത് സമീപകാലത്താണ്. സ്ഥാനമാനങ്ങൾക്കൊന്നും ചോർത്തിക്കളയാനാകാത്ത ഹൃദയം നിറയുന്ന ആ പുഞ്ചിരി ഈ സഭയും നാടും എന്നും ഓർക്കും. അദ്ദേഹത്തിന്റെ ദീപ്തമായ ഓർമ്മകൾക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സി.പി.ഐ.-യുടെ കക്ഷിനേതാവുമൊക്കെ പറഞ്ഞ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ഒരു ഗജവീരന്റെ

ശരീരപ്രൗഢി, അതിനകത്ത് ഒരു മാൻപേടയുടെ നിർമ്മലമായ മനസ് അതായിരുന്നു എൻ. വിജയൻ പിള്ള. അദ്ദേഹം കക്ഷിനേതാവെന്നുള്ള നിലയിൽ മുൻനിരയിൽ ഇരിക്കുമ്പോൾ ഉണ്ടായൊരു അലങ്കാരം ഈ സഭയ്ക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്. ഒരു കമ്മ്യൂണിസ്റ്റുകാരനായി ജീവിതം ആരംഭിച്ച് കമ്മ്യൂണിസ്റ്റുകാരനായിത്തന്നെ ജീവിതം അവസാനിപ്പിച്ച ഒരാളാണ് അദ്ദേഹം. എസ്.എഫ്.ഐ.-യുടെ ആദ്യരൂപമായ കെ.എസ്.എഫ്.-ന്റെ പ്രവർത്തകനായിട്ടാണ് അദ്ദേഹം കോളേജ് കാലഘട്ടത്തിൽ പ്രവർത്തിച്ചത്. പിന്നീട് തന്റെ പിതാവ് മെമ്പർ നാരായണപിള്ളയെ പിൻപറ്റി അദ്ദേഹം ആർ.എസ്.പി.-യിൽ എത്തി. ബേബി ജോണിന്റെ ശക്തനായ ശിഷ്യനായിരുന്നു. പിന്നീട് കോൺഗ്രസിലും കെ. കരുണാകരനോടുള്ള അടുപ്പംകൊണ്ട് ഡി.ഐ.സി.-യിലും ചേർന്നു. പിന്നീട് സി.എം.പി.-യുടെ സ്ഥാനാർത്ഥിയായി ചവറയിൽ മത്സരിച്ച് അദ്ദേഹം നിയമസഭാംഗമായി. അതിനുശേഷം മാർക്സിസ്റ്റ് പാർട്ടിയിൽത്തന്നെ ലയിച്ച് ഒരു കമ്മ്യൂണിസ്റ്റുകാരനായിട്ടാണ് അദ്ദേഹം ഈ ലോകത്തോട് യാത്ര പറഞ്ഞത്.

അദ്ദേഹത്തിന്റെ സ്വഭാവ സവിശേഷത എല്ലാവരെയും കീഴ്പ്പെടുത്താൻ പറ്റുന്നതാണ്. ഒരിക്കൽ കണ്ടുകഴിഞ്ഞാൽ പിന്നെ അദ്ദേഹത്തിന്റെ ശരീരമോ മനസ്സോ നമുക്ക് മറക്കാൻ പറ്റുന്നതല്ല. ഞാൻ പഞ്ചായത്ത് മന്ത്രിയായിരുന്ന സമയത്ത് ഞങ്ങളൊരു ഗ്രാമയാത്ര സംഘടിപ്പിച്ചിരുന്നു. അന്ന് അതിന്റെ സംഘാടകനായി മുൻപന്തിയിൽനിന്ന് പ്രവർത്തിച്ചിരുന്നു. അങ്ങനെയൊരു സൗഹൃദം ആ കാലഘട്ടത്തിൽ തന്നെയുണ്ടായിരുന്നു. നിയമസഭയിൽ എത്തിയതിനുശേഷം അദ്ദേഹവും ഞാനും ഒരേ നിയമസഭാ കമ്മിറ്റിയിലായിരുന്നു. സൗഹൃദം എപ്പോഴും പങ്കുവയ്ക്കുകയും സൂക്ഷിക്കുകയും ചെയ്യുന്ന ഒരാളായിരുന്നു. തന്റെ പിതാവിനെപ്പോലെതന്നെ അദ്ദേഹവും പിന്നീട് അറിയപ്പെട്ടത് മെമ്പർ വിജയണ്ണൻ എന്നുള്ള പേരിലാണ്. അദ്ദേഹം 20 വർഷത്തോളം പഞ്ചായത്തംഗമായി, 5 വർഷം ജില്ലാ പഞ്ചായത്തംഗമായി, നാല് വർഷം നിയമസഭാംഗമായി. അദ്ദേഹത്തിന് ധാരാളം സ്വപ്നങ്ങളുണ്ടായിരുന്നു. ഇപ്പോൾത്തന്നെ അദ്ദേഹം ഒരു യാത്രയ്ക്ക് തയ്യാറാവുകയായിരുന്നു. അതിന് മുമ്പുള്ള ഒരാഗ്രഹമായിരുന്നു ഫൗണ്ടേഷൻ ഹോസ്പിറ്റലിന് തറക്കല്ലിടണമെന്നുള്ളത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ കൊണ്ടുപോയി അത് നിർവ്വഹിച്ച് അതിന്റെ സാഫല്യത്തിലാണ് അദ്ദേഹം അവസാനയാത്ര തിരിക്കുന്നത്. അതായിരിക്കാം അദ്ദേഹത്തിന്റെ അവസാനത്തെ പൊതുപരിപാടിയെന്ന് ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തെ ഓർക്കുന്ന ഈ ഘട്ടത്തിൽ ഒരു പൊതുപ്രവർത്തകൻ എങ്ങനെയായിരിക്കണം എന്ന് മനസ്സിലാക്കാൻ സാധിക്കും. അവിടെയുള്ള എല്ലാ മരണവീടുകളിലും കയും

പോകുകയും സഹായിക്കുകയും കല്യാണ വീടുകളിൽ പോയി ആശീർവദിക്കുകയും ചെയ്യുക എന്നത് അദ്ദേഹത്തിന്റെ സ്വഭാവസവിശേഷതയായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ എല്ലാത്തിലും ഒരു ആത്മസംതൃപ്തി അദ്ദേഹത്തിനുണ്ട്. എന്ത് കിട്ടിയാലും കിട്ടിയില്ലെങ്കിലും പൊതു പ്രവർത്തകനെന്നുള്ള നിലയ്ക്ക് എപ്പോഴും തൃപ്തനായിരുന്നു അദ്ദേഹം. നമ്മൾ അത് മാതൃകയാക്കി എടുക്കേണ്ടതാണ്. പൊതുപ്രവർത്തകർക്ക് മാതൃകയാക്കി എടുക്കേണ്ട കുറേ സവിശേഷതകളുള്ള എൻ. വിജയൻ പിള്ള എന്ന മനുഷ്യസ്നേഹിയുടെ ഓർമ്മകൾക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ദൗർഭാഗ്യവശാൽ പതിനാലാം കേരള നിയമസഭ രൂപീകൃതമായതിനുശേഷം മരണപ്പെട്ട അഞ്ചാമത്തെ അംഗത്തിനാണ് നാമിന്ന് ചരമോപചാരം അർപ്പിക്കുന്നത്. വിജയൻ പിള്ളച്ചേട്ടൻ ദീർഘനാളുകളായി ജനപ്രതിനിധി എന്നുള്ള നിലയിൽ പ്രവർത്തിച്ച് വരികയായിരുന്നു. വളരെ കുറച്ചുനാൾ മാത്രമാണ് നിയമസഭാംഗമായത്. 2016-നുശേഷമുള്ള ഈ ചുരുങ്ങിയ കാലഘട്ടത്തിനിടയിൽ എല്ലാവരുടെയും പ്രിയപ്പെട്ട വിജയണ്ണനായും എല്ലാ ഭാഗങ്ങളിലുമുള്ള ആളുകളുടെയും സ്നേഹ ബഹുമാന ആദരവുകൾ സമ്പാദിക്കാൻ കഴിഞ്ഞൊരു വ്യക്തിത്വമായും അദ്ദേഹം മാറി. അദ്ദേഹം സൗമ്യതയുടെ ഒരു ആൾരൂപമായിരുന്നു. എപ്പോഴും പുഞ്ചിരിയോടുകൂടി മാത്രം ഏവരെയും സമീപിക്കുന്നൊരു പ്രകൃതം. ഞാൻ ജലവിഭവ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് അദ്ദേഹത്തിന്റെ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടുള്ള സാഹചര്യങ്ങൾ ഉണ്ടാകുന്ന സമയത്തുപോലും കാര്യങ്ങൾ സൗമ്യതയോടുകൂടി, ചിരിച്ചുകൊണ്ട് ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്. എം.എൽ.എ. എന്നുള്ള നിലയിൽ ചുരുങ്ങിയ കാലത്ത് മണ്ഡലത്തിനുവേണ്ടി അത്യധ്വാനം ചെയ്തൊരു ജനപ്രതിനിധിയായിരുന്നു വിജയണ്ണൻ. ഡോ. എം. കെ. മുനീറും മുഖ്യമന്ത്രിയും പറഞ്ഞതുപോലെ എപ്പോഴും സംതൃപ്തിയുടെ ഒരു ഭാവമായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ വ്യക്തി ജീവിതത്തിൽ ആ സംതൃപ്തി നിലനിർത്തുമ്പോൾത്തന്നെ നാട്ടിൽ നടക്കേണ്ട കാര്യങ്ങളിൽ നിരന്തരം ഇടപെട്ടുകൊണ്ട് ഒരിക്കൽപ്പോലും വിശ്രമമില്ലാതെ പ്രവർത്തിക്കാൻ ശ്രമിച്ച കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചത് ഞാൻ ആവർത്തിക്കുകയാണ്. ചുരുങ്ങിയ കാലമാണ് ജനപ്രതിനിധിയായി നിന്നതെങ്കിൽപ്പോലും സമർപ്പിതമായി പ്രവർത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. നല്ല വ്യവസായിയെന്ന നിലയിൽ സാമ്പത്തികമായി മെച്ചപ്പെട്ട അവസ്ഥയിലെത്തുമ്പോഴും നാട്ടിലെ പാവപ്പെട്ടവരുടെ പ്രയാസങ്ങളിൽ ഉൾപ്പെടാനും അത് പങ്കുവയ്ക്കാനുമൊക്കെ എപ്പോഴും മനസ്സ് കാട്ടിയൊരു മനുഷ്യസ്നേഹിയായിരുന്നു

പ്രിയപ്പെട്ട വിജയണ്ണൻ. ധന്യമായിരുന്ന ആ ജീവിതമെന്ന് നമുക്ക് ഓർമ്മിക്കാം. സഫലമായിരുന്ന അദ്ദേഹത്തിന്റെ ചുരുങ്ങിയ കാലത്തെ നിയമസഭാംഗത്വം എന്നത് ഓർമ്മിപ്പിച്ചുകൊണ്ട് ആ ദീപ്തമായ സ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളുമൊക്കെ പറഞ്ഞ അഭിപ്രായങ്ങളോട് ഞാനും പൂർണ്ണമായും യോജിക്കുകയാണ്. ഇന്നലെ അദ്ദേഹത്തിന്റെ അന്തിമോപചാര ചടങ്ങിൽ പങ്കെടുത്ത ആ നാട്ടിലുള്ള സാധാരണക്കാരായ ആളുകൾ വിജയൻ പിള്ള എം.എൽ.എ.-യെക്കുറിച്ചല്ല, വിജയണ്ണൻ എന്ന അവരുടെ സ്വന്തം ജനനേതാവിനെക്കുറിച്ച്, അല്ലെങ്കിൽ സ്വന്തം കൂടപ്പിറപ്പിനെക്കുറിച്ച് പരസ്പരം സംസാരിക്കുന്നതാണ് കേൾക്കാൻ കഴിഞ്ഞത്. രാഷ്ട്രീയക്കാരനെങ്കിലും ആരോടും രാഷ്ട്രീയം പറയാതെ വ്യക്തി സൗഹൃദം ഏറ്റവും വിലപ്പെട്ടതായി കാത്തുസൂക്ഷിച്ച വ്യക്തിത്വമായിരുന്നു വിജയൻ പിള്ളയുടേതെന്ന് കാണാൻ കഴിയും. അദ്ദേഹം ജനഹിതത്തെ എപ്പോഴും മാനിച്ചിരുന്നു. ജനഹിതത്തിനെതിരായി ഒരിക്കലും ഒന്നും ചെയ്യാൻ അദ്ദേഹം ആഗ്രഹിച്ചിട്ടില്ല, ശ്രമിച്ചിട്ടില്ല. ചുരുങ്ങിയ സമയം മാത്രമാണ് എം.എൽ.എ. ആയതെങ്കിലും ദീർഘകാലം എം.എൽ.എ. ആയ വലിയൊരു അനുഭവസമ്പത്തിന്റെ ഉടമയെപ്പോലെയാണ് അദ്ദേഹം തികഞ്ഞ പക്വതയോടെ, വളരെ ശാന്തതയോടെ ഈ നിയമസഭയിൽ നമ്മുടെ എല്ലാവരുടെയും കൂടെ പ്രവർത്തിച്ചതെന്ന് കാണാൻ കഴിയും. അദ്ദേഹത്തിന്റെ പക്വതയാർന്ന സമീപനം നേതൃത്വത്തിന്റെ ഏറ്റവും വലിയ സവിശേഷതയായിരുന്നു. വ്യവസായരംഗത്ത് ശ്രദ്ധിച്ചപ്പോഴും വിദ്യാഭ്യാസ സ്ഥാപനങ്ങളടക്കം നടത്താൻ കഴിയുന്ന വിധത്തിലുള്ള നേതൃത്വപരമായ പങ്ക് അദ്ദേഹത്തിന്റെ പ്രദേശത്ത് നൽകുവാൻ കഴിഞ്ഞു. രാഷ്ട്രീയം നോക്കാതെ ആരെയും സഹായിക്കുന്ന അദ്ദേഹത്തിന്റെ സേവന സന്നദ്ധത എല്ലാവരും പ്രകീർത്തിച്ചിട്ടുള്ള, എല്ലാവരും അംഗീകരിച്ചിട്ടുള്ള ഏറ്റവും വലിയ കാര്യമാണ്. തുറന്ന മനസ്സും കാപട്യമില്ലാത്ത പെരുമാറ്റവുംകൊണ്ട് എല്ലാവരുടെയും സുഹൃത്തായിത്തീർന്ന വിജയൻ പിള്ള എല്ലാവരേയും സമഭാവനയോടെ സ്നേഹിച്ച ജനപ്രതിനിധിയായിരുന്നു. ഞങ്ങൾ ഒന്നിച്ച് നിയമസഭാ കമ്മിറ്റിയിൽ അംഗങ്ങളായിരുന്നു, അദ്ദേഹം നിയമസഭാ കമ്മിറ്റികളിലെല്ലാം കൃത്യമായി വരാൻ ശ്രദ്ധിച്ചിരുന്നു. വളരെ സുസ്മേരവദനനായി തൃപ്തിയോടെ, സ്നേഹത്തോടെ എല്ലാവരോടും ഇടപെടുന്ന അദ്ദേഹത്തിന്റെ സമീപനം എടുത്തുപറയേണ്ടതാണ്. കേരള രാഷ്ട്രീയത്തിൽ തീർച്ചയായും ഏറ്റവും മാന്യമായൊരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. നമ്മുടെ നിയമസഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്ന

വിധത്തിലുള്ള പെരുമാറ്റവും പ്രവർത്തനങ്ങളുമാണ് എന്നും അദ്ദേഹം നടത്തിയിട്ടുള്ളത്. അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്കുമുൻപിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ കുടുംബത്തോടും ബന്ധുമിത്രാദികളോടും അനുശോചനം അറിയിച്ചുകൊണ്ട് ഞാൻ ചുരുക്കുന്നു.

<u>ശ്രീ. മാണി. സി. കാപ്പൻ:</u> സർ, എൻ. വിജയൻ പിള്ളയുടെ മരണത്തിൽ ദുഃഖം അറിയിച്ചുകൊണ്ട് അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും സംസാരിച്ച എല്ലാ വാക്കുകളോടും ഞാൻ യോജിക്കുകയാണ്. ചവറ എം.എൽ.എ. വിജയൻ പിള്ളയുടെ ആകസ്മികമായ നിര്യാണത്തിൽ എന്റെയും എന്റെ പാർട്ടിയുടെയും അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. ദീർഘകാലം പഞ്ചായത്തംഗമായും ജില്ലാ പഞ്ചായത്തംഗമായും സഹകരണമേഖലയിലും പ്രവർത്തിച്ചിരുന്ന അദ്ദേഹം കരയുന്നവന്റെ കണ്ണുനീർ ഒപ്പുവാനും അർഹിക്കുന്നവന്റെ പാത്രത്തിൽ അന്നദാനം നടത്തുവാനും ശ്രമിച്ചിരുന്നുവെന്നത് സത്യമാണ്. അദ്ദേഹത്തെ സ്നേഹിക്കുന്ന മുഴുവൻ ആളുകളുടെയും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെയും ദുഃഖത്തിൽ പങ്കുചേർന്നു കൊണ്ട് എന്റെ അനുശോചനം അറിയിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, ഇവിടെ ഉയർന്നുവന്ന പൊതുവായ വികാരത്തോട് പൂർണ്ണമായും ഞാൻ യോജിക്കുകയാണ്. അദ്ദേഹം ദീർഘനാൾ പഞ്ചായത്ത് മെമ്പറും ജില്ലാ പഞ്ചായത്ത് മെമ്പറുമൊക്കെ ആയിരുന്നത് നമുക്ക് അറിവുള്ളതാണ്. തുടർച്ചയായി ആ സ്ഥാനത്ത് ഇരിക്കുമ്പോൾ എത്രമാത്രം ജനകീയമായ അടിത്തറ അദ്ദേഹത്തിനുണ്ടായിരുന്നുവെന്നുള്ളത് വളരെ വ്യക്തമാണ്. ഒരു പഞ്ചായത്ത് അംഗമെന്നാൽ സ്വാഭാവികമായിട്ടും ഓരോ ഭവനവുമായി നിരന്തരം സമ്പർക്കം വച്ചുപുലർത്തേണ്ട ആളാണ്. 20 വർഷത്തോളം പഞ്ചായത്ത് മെമ്പറും 5 വർഷം ജില്ലാ പഞ്ചായത്ത് മെമ്പറുമായിരുന്നു; അത്രമാത്രം ജനങ്ങളോട് ചേർന്ന് നിൽക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞുവെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കാൽനൂറ്റാണ്ടോളം അദ്ദേഹത്തിന് ത്രിതല പഞ്ചായത്തിൽ നിറഞ്ഞുനിൽക്കാൻ സാധിച്ചത്. പിന്നീട് അദ്ദേഹം എം.എൽ.എ.-ആയി കടന്നുവന്ന സന്ദർഭത്തിൽ അദ്ദേഹത്തിന്റെ സൗമ്യത, സംതൃപ്തി എന്നിവയൊക്കെ എടുത്തുപറയേണ്ട ഒന്നുതന്നെയാണ്. നിയമസഭയിൽ സെഷൻ നടക്കുന്ന എല്ലാ സമയവും രാവിലെയും വൈകുന്നേരവുമൊക്കെ പൂർണ്ണമായും അദ്ദേഹം സഭയിൽ ഇരുന്നിരുന്നുവെന്നത് ശ്രദ്ധേയമായ കാര്യമായിരുന്നു. വ്യവസായത്തിന്റെ വലിയൊരു സാമ്രാജ്യം അദ്ദേഹം പടുത്തുയർത്തിയപ്പോഴും അതിൽനിന്ന് ഒരു പങ്ക് പാവപ്പെട്ടവർക്കു വേണ്ടി മാറ്റിവയ്ക്കുവാൻ തയ്യാറായിരുന്നുവെന്നതിന് ഇന്നലെ അദ്ദേഹത്തിന്റെ സംസ്കാരച്ചടങ്ങുകൾക്ക് കടന്നുവന്ന പതിനായിരങ്ങൾ സാക്ഷിയാണ്. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നു, അദ്ദേഹത്തിന്റെ നിര്യാണത്തിലുള്ള ആത്മാർത്ഥമായ അനുശോചനം ഇവിടെ രേഖപ്പെടുത്തുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് നേതാക്കളും രേഖപ്പെടുത്തിയ വികാരത്തോട് ഞാനും പങ്കുചേരുകയാണ്. ദുഃഖം ഘനീഭവിച്ച നിൽക്കുന്ന ഈ സഭയുടെ മുൻപിൽ, ഈ സഭയ്ക്ക് അദ്ദേഹത്തെക്കുറിച്ച് ഓർക്കാനും ഓമനിക്കാനും ആദരിക്കാനും കഴിയുന്ന ഒരുപാട് അനുഭവങ്ങളും അനുഭൂതികളുമുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. സ്നേഹനിധിയായ അദ്ദേഹത്തിനെ, ജനഹൃദയങ്ങൾ കവർന്നെടുത്ത ജനപ്രതിനിധിയുടെ സ്നേഹം എത്രയാണ് ജനങ്ങളിൽനിന്ന് ഒഴുകി വന്നതെന്ന് ഇന്നലെ ബഹുമാനപ്പെട്ട അങ്ങും നമ്മളെല്ലാവർക്കും ശവസംസ്കാരച്ചടങ്ങിലും തുടർന്നുള്ള ചടങ്ങുകളിലും പങ്കെടുത്തപ്പോൾ ബോധ്യമായ കാര്യമാണ്. അദ്ദേഹത്തിന്റെ ആകർഷകമായ ആകാരസൗഷ്ഠവത്തോടൊപ്പം ആ ശരീര സൗഭാഗ്യത്തിനകത്ത് വിശാലമായൊരു ഹൃദയമുണ്ടെന്ന് തൊട്ടറിഞ്ഞവരാണ് ആ നിയോജകമണ്ഡലത്തിലും പുറത്തുമുള്ള എല്ലാ ജനങ്ങളും. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ നഷ്ടം ഒരു കുടുംബത്തിനും സഭയിലും മാത്രം ഒതുങ്ങുന്നതല്ല, അതിനപ്പുറത്താണ്. അദ്ദേഹവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽനിന്നും തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട് ഒരു കോഴ്സ് ആരംഭിക്കുന്നതിനായി നീണ്ടകരയിൽ ആദ്യഘട്ടം പൂർത്തിയായി ഉദ്ഘാടനം കഴിഞ്ഞു, രണ്ടാം ഘട്ടം ഉദ്ഘാടനം ചെയ്യാൻ തീയതിക്കുവേണ്ടി അദ്ദേഹം കാത്തിരിക്കുകയായിരുന്നു, നിയമസഭ നടക്കുന്ന ഈ സന്ദർഭത്തിൽ നിശ്ചയിക്കാമെന്ന് പറഞ്ഞിരുന്നുവെങ്കിലും അതിന് കാത്തിരിക്കാതെതന്നെ അദ്ദേഹം വേർപിരിഞ്ഞപ്പോൾ ദുഃഖം ഇരട്ടിക്കുകയാണ്. അദ്ദേഹത്തിന്റെ ഓർമ്മകൾ നമുക്ക് അവിസ്മരണീയമാണ്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിലൂടെ ഈ സഭയ്ക്കും, പ്രത്യേകിച്ച് നമ്മുടെ രാജ്യം നേരിടുന്ന അത്യന്തം ഭയവിഹ്വലമായ സാഹചര്യത്തിൽ, നമ്മുടെ രാജ്യവും നമ്മളും നടത്തുന്ന ഐതിഹാസികമായ പോരാട്ടത്തിന്റെ മുൻപന്തിയിൽ നമ്മോടൊപ്പം വിജയൻ പിള്ളചേട്ടൻ ഉണ്ടാകേണ്ടതായിരുന്നു, അതുകൊണ്ടുതന്നെ ആ നഷ്ടം കുറേക്കൂടി നമ്മെ വേദനിപ്പിക്കുന്നതാണ്. ആ ദീപ്തമായ ഓർമ്മകൾക്കു മുൻപിൽ എന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ: സർ, ഇവിടെ പല പാർട്ടികളിലുംപെട്ട ആൾക്കാർ അദ്ദേഹത്തെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഒട്ടും അതിശയോക്തിയുള്ളതല്ല. വളരെ സത്യസന്ധമായി പ്രവർത്തിക്കുകയും എല്ലാവരോടും തുറന്ന മനസ്സോടുകൂടി, കാപട്യമില്ലാതെ ജീവിച്ച ഒരാളായിരുന്നു. നാട്ടിൻപുറത്തുകാരന്റെ ലാളിത്യം അദ്ദേഹത്തിന്റെ ജീവിതത്തിൽ കാണാൻ സാധിക്കുമായിരുന്നു. അദ്ദേഹം ചവറയിലുള്ള സമയത്തെല്ലാം പല പാർട്ടികളിലുംപെട്ട ആൾക്കാർ കൂടുന്നത് ഞാൻ

അദ്ദേഹത്തിന്റെ ഓഫീസിൽ പോയ അവസരത്തിൽ കാണാൻ സാധിച്ചു. അവിടത്തെ പൊതു പ്രശ്നങ്ങളെ ഏത് പാർട്ടിയാണെന്ന് നോക്കാതെ അതിന് പരിഹാരം കണ്ടെത്തുന്നതിനായുള്ള സമീപനം അദ്ദേഹം സ്വീകരിച്ചിരുന്നു. അത്തരത്തിലുള്ള ഒരു സമീപനം സ്വീകരിച്ചതിന്റെ ഫലമായി എല്ലാ പാർട്ടിക്കാർക്കും അദ്ദേഹം പ്രിയങ്കരനായിരുന്നു. അങ്ങനെയുള്ള ഒരു സുഹൃത്താണ് നഷ്ടപ്പെട്ടിട്ടുള്ളത്, ഈ അനുശോചനത്തിൽ ഞാനും പങ്ക് ചേരുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഇന്ന് നമ്മളെല്ലാവരും വിജയൻ പിള്ളച്ചേട്ടന്റെ വേർപാടിൽ ദുഃഖം അറിയിക്കുകയാണ്. ഒരു നല്ല വ്യക്തി, ജനകീയനായ പൊതുപ്രവർത്തകനെ, സ്റ്റുഡന്റ്സ് ഫെഡറേഷനിലൂടെ രാഷ്ട്രീയം ആരംഭിച്ച അദ്ദേഹത്തിനെ ഇടതുമുന്നണിയിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ, ഇടതുപക്ഷ സഹയാത്രികനായി കൊണ്ടുവരാൻ പരിശ്രമിച്ച ഒരാളെന്ന നിലയിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്. അദ്ദേഹം ഇടതു സഹയാത്രികനായി വന്ന് ഏതാനും നാളുകൾക്കുള്ളിൽ ചവറയിൽ മൽസരിക്കാനും അവിടെ ജനങ്ങൾ അദ്ദേഹത്തിന് വലിയ ഭൂരിപക്ഷം നൽകുകയും ചെയ്തപ്പോൾ അത്യധികം സന്തോഷിച്ച ആളാണ് ഞാൻ. എല്ലാവരോടും സ്നേഹത്തോടെ പെരുമാറിയ വിജയണ്ണൻ, ഞാൻ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ചവറയിൽ എത്തുമ്പോൾ പ്രചരണ പരിപാടികൾക്കെല്ലാം കൂടെവരും. അവിടെ വരുമ്പോൾ നമ്മൾ കാണുന്നത്, ഒരു രാഷ്ട്രീയ പ്രവർത്തകനെയല്ല, ഒരു കുടുംബനാഥനെയും ഒരു ബന്ധുവിനേയുമാണ്. വളരെ പ്രായം ചെന്ന അമ്മമാർ വന്ന് കയ്യിൽ പിടിച്ചിട്ട്, 'മോനെ വിജയാ' എന്നു വിളിക്കും. വിജയണ്ണായെന്നു വിളിക്കുന്നതുപോലെ തന്നെ വൃദ്ധരായ ആളുകളുടെ സ്നേഹം, മുതിർന്ന അമ്മമാർക്കുണ്ടാകുന്ന സ്നേഹം കണ്ട് ഞാൻ അത്ഭുതപ്പെട്ടു പോയിട്ടുണ്ട്. ഡോ. എം. കെ. മുനീർ പറഞ്ഞതുപോലെ ഒരു വ്യക്തിയോട് നമ്മൾ കാണുന്ന കണക്ക് - വളരെ വലിയൊരു ശരീരവും നിർമ്മലമായൊരു മനസ്സുമുള്ള ഒരു മനുഷ്യനെ, കൊച്ചു മകനെ കാണുന്നതുപോലെയാണ് അമ്മമാർ കണ്ടിരുന്നത്. അത്രത്തോളം സ്നേഹം ഒരാൾക്ക് ജനങ്ങളിൽനിന്ന് ഏറ്റുവാങ്ങാൻ കഴിയുമോയെന്ന് എനിക്ക് അത്ഭുതം തോന്നിയിട്ടുണ്ട്. ഒരു ദിവസം അദ്ദേഹത്തിന്റെ സഹോദരന്റെ മകളുടെ കല്യാണത്തിന് പോകുമ്പോൾ, പോകുന്ന വഴി ചോദിക്കാൻ കാർ നിർത്തി, കുറച്ച് ചെറുപ്പക്കാർ ഒരു സ്ഥലത്ത് കൂടിനിൽക്കുകയാണ്, എം.എൽ.എ. വിജയൻ പിള്ളയുടെ വീട് എവിടെയാണ്, കല്യാണം നടക്കുന്നതെവിടെയാണ് എന്ന് ഞാൻ ചോദിച്ചു. അപ്പോൾ ആ ചെറുപ്പക്കാർ 'ആര് നമ്മുടെ വിജയണ്ണന്റേയോ, ഇതിലെ പോയാൽ മതി' എന്നുപറഞ്ഞു. സ്നേഹംകൊണ്ട് ഒരു മനുഷ്യൻ എങ്ങനെ എല്ലാവരെയും കീഴ്പ്പെടുത്തുന്നുവെന്നുള്ളതിന്റെ ഒരു ഉദാഹരണമാണത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ അദ്ദേഹത്തിന് എല്ലാത്തിനും സംതൃപ്തിയാണ്. ഒരു കാര്യം നടന്നില്ലെങ്കിലും അദ്ദേഹത്തിന്

പരാതിയില്ല, ചിരിച്ചുകൊണ്ട് പോകും, നടക്കട്ടെയെന്നുള്ളതാണ്. പക്ഷെ ഒരുപാട് മോഹങ്ങൾ ചവറയെക്കുറിച്ച് അദ്ദേഹത്തിനുണ്ടായിരുന്നു. അവിടെ എല്ലാവർക്കും കുടിവെള്ളം കൊടുക്കണം, വെള്ളത്തിന് ഒരുപാട് ബുദ്ധിമുട്ടുള്ള സ്ഥലമാണ്. ധാരാളം റോഡുകളുണ്ട്, അതെല്ലാം നവീകരിക്കണമെന്നൊക്കെ ആഗ്രഹമുണ്ടായിരുന്നു. മനസ്സിലെ സ്വപ്നങ്ങൾക്കുവേണ്ടി നിരന്തരം പ്രവർത്തിച്ചിരുന്ന ഒരു വ്യക്തിയാണ്. നമ്മോടൊപ്പം കഴിഞ്ഞ സഭയിൽ ഉണ്ടായിരുന്നു. അകാലത്തിൽ വളരെ പെട്ടന്ന് ഒരു ദിവസം അപ്രത്യക്ഷമാകുകയാണ്. വളരെ വേദനയോടെയാണ് അദ്ദേഹത്തിന്റെ വേർപാടിനെ കാണുന്നത്, നമ്മളെ സംബന്ധിച്ച് പൊതുപ്രവർത്തന രംഗത്ത് മൽസരിച്ച, എല്ലാ തെരഞ്ഞെടുപ്പുകളിലും വിജയിക്കാൻ കഴിഞ്ഞ ഒരു ജനകീയനായ നേതാവ്, പഞ്ചായത്ത് മുതൽ ഇങ്ങോട്ട് അദ്ദേഹം മൽസരിച്ച എല്ലാ തെരഞ്ഞെടുപ്പുകളിലും വിജയിച്ചു. ആ സ്നേഹനിധിയായ മനുഷ്യന്റെ വേർപാട് നമുക്ക് മാത്രമല്ല, ആ നാട്ടിലെ മുഴുവൻ ജനങ്ങൾക്കും ഒരു തീരാത്ത നഷ്ടമാണ്, ആ കുടുംബത്തിനും നഷ്ടമാണ്. ഈ ദുഃഖത്തിൽ പങ്ക് ചേരുകയാണ്, അദ്ദേഹത്തിന്റെ നിര്യാണത്തിൽ എന്റെയും എന്റെ പാർട്ടിയുടെയും അനുശോചനം ഈ അവസരത്തിൽ അറിയിക്കുകയാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, പുഞ്ചിരിക്കുന്ന വിജയണ്ണനെയാണ് നമുക്ക് നഷ്ടമായത്. 28-ാമത്തെ വയസ്സിൽ ഗ്രാമപഞ്ചായത്തംഗമായി. നീണ്ട 26 വർഷക്കാലം ഗ്രാമപഞ്ചായത്ത് അംഗമായും കൊല്ലം ജില്ലാ പഞ്ചായത്തംഗമായും പ്രവർത്തിച്ച സഖാവ് എൻ. വിജയൻ പിള്ള, ആ നാട്ടിൽ മാത്രമല്ല, കൊല്ലം ജില്ലയ്ക്ക് മുഴുവനും മാതൃകയായിട്ടുള്ള ജനപ്രതിനിധിയായിരുന്നു, അദ്ദേഹത്തെയാണ് നമുക്ക് നഷ്ടപ്പെട്ടത്. ജനഹൃദയം കീഴടക്കിയ ഒരു ജനപ്രതിനിധി, വികസന വഴികളിൽ എന്നും മാതൃക, എല്ലാവരെയും ഒരുപോലെ കണ്ട മനുഷ്യൻ, എല്ലാവർക്കും പ്രിയങ്കരൻ, ആവലാതിയുമായി എത്തുന്ന എല്ലാവരെയും മനസ്സറിഞ്ഞ് സഹായിക്കുന്ന ഒരു നല്ല മനുഷ്യനായിരുന്നു വിജയണ്ണൻ. അദ്ദേഹം നിയമസഭയിൽ മാതൃകാ സാമാജികനായിരുന്നു. മരണക്കിടക്കയിൽപ്പോലും മനസ് ജനങ്ങളോടൊപ്പമായിരുന്നു. ബഹുമാന്യരായ മുഖ്യമന്ത്രിയും ഫിഷറീസ് വകുപ്പുമന്ത്രിയും കരുനാഗപ്പള്ളി എം.എൽ.എ. ശ്രീ. ആർ. രാമചന്ദ്രനും ഞാനുമടക്കം ആശുപത്രിയിൽ ചെന്നുകണ്ടപ്പോൾ തിരിച്ചുവരുമെന്നുള്ള പ്രതീക്ഷയായിരുന്നു ഞങ്ങൾക്കെല്ലാവർക്കും ഉണ്ടായിരുന്നത്. അദ്ദേഹം സുഖമില്ലാതെ ആശുപത്രിയിൽ കിടക്കുന്ന അവസരത്തിൽ ആളുകൾ വാട്സാപ്പ്, ഫേസ്ബുക്ക് എന്നിവയിലൂടെ മരിച്ചുവെന്ന രീതിയിൽ ദുഷ്പ്രചരണം നടത്തിയ കാര്യം സഭ ശ്രദ്ധിക്കാൻ വേണ്ടിമാത്രം പറയുകയാണ്. ആരും മരിക്കും, മരിക്കാതെ മരിച്ചുവെന്ന് ഇത്തരം മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചുകൊണ്ടിരുന്നു; മരിച്ച് കിടക്കുകയാണ്, മുഖ്യമന്ത്രിയുടെ സ്റ്റേറ്റ്മെന്റ് കിട്ടിയാലേ സ്ഥിരീകരണം നടത്താൻ കഴിയൂ എന്ന

രീതിയിലൊക്കെയായിരുന്ന അപവാദപ്രചരണം. ഇത് നമ്മുടെ നാട്ടിൽ അനുവർത്തിക്കുന്നത് ശരിയാണോയെന്ന് നമ്മൾതന്നെ പരിശോധിക്കണം. 2001-ൽ ഏറ്റവും നല്ല പൊതുപ്രവർത്തകനുള്ള 'കലാശില്പ' പുരസ്കാരമടക്കം നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തിന് കരസ്ഥമാക്കാൻ സാധിച്ചിട്ടുണ്ട്. ആർ.എസ്.പി.-യുടെ കൊല്ലം ജില്ലാകമ്മിറ്റി അംഗം, ചവറ മണ്ഡലം സെക്രട്ടറി എന്നീ നിലകളിലെല്ലാം വളരെ നല്ല പ്രവർത്തനം കാഴ്ചവച്ചിരുന്നു. ഞാൻ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ കൊല്ലം ജില്ലാ പ്രസിഡന്റായിരിക്കുന്ന അവസരത്തിൽ, പല ജില്ലകളിലും പോകേണ്ടിവരുമ്പോൾ സാമ്പത്തികമില്ലാത്ത സമയത്തൊക്കെ ഞങ്ങൾക്ക് സഹായിയായിരുന്നത് വിജയണ്ണനായിരുന്നു. അങ്ങനെ ധാരാളം സഹായങ്ങൾ ഞങ്ങൾക്ക് നൽകിയിട്ടുണ്ട്. വിദ്യാർത്ഥി സംഘടനയോടും യുവജനപ്രസ്ഥാനത്തോടും വളരെയധികം ക്കുറുപുലർത്തിയിരുന്ന ഒരു നല്ല മനുഷ്യനായിരുന്നു വിജയണ്ണൻ. 35 വർഷക്കാലമായി തുടരുന്ന ആ കുടുംബവുമായിട്ടുള്ള ബന്ധം ഒരിക്കലും ഞങ്ങൾക്ക് മറക്കാൻ കഴിയില്ല. എപ്പോഴും മണ്ഡലത്തിലെ കാര്യങ്ങൾ പറഞ്ഞിരുന്ന ഒരു നല്ല മനുഷ്യസ്നേഹിയായ, പുഞ്ചിരിക്കുന്ന വിജയണ്ണനെയാണ് നമുക്ക് നഷ്ടപ്പെട്ടിട്ടുള്ളത്. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു, അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. പി. സി. ജോർജ്: സർ, എൻ. വിജയൻ പിള്ളയെന്ന നമ്മുടെ സഹപ്രവർത്തകന്റെ ദേഹവിയോഗത്തിൽ ബഹുമാനപ്പെട്ട അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുകയാണ്. ചവറ നിയോജകമണ്ഡലത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഉണ്ടായിരിക്കുന്ന നഷ്ടം നികത്താൻ കഴിയുന്നതല്ല. എൻ. വിജയൻ പിള്ളയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങൾ ഏറ്റവും പ്രധാനപ്പെട്ടതായി എനിക്ക് തോന്നുന്നു. ഇന്നുവരെ ഒരു കറുത്തമുഖം അദ്ദേഹത്തിൽ കാണാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അക്കാര്യം പരിശോധിച്ചപ്പോൾ എനിക്ക് മനസ്സിലായത്, എൻ. വിജയൻ പിള്ള എന്ന മനുഷ്യൻ അങ്ങനെയായിത്തീരാൻ കാരണം ആ കുടുംബംതന്നെയാണെന്നാണ്. മെമ്പർ നാരായണ പിള്ള എന്ന അദ്ദേഹത്തിന്റെ അച്ഛനുമായി ബന്ധമില്ലാത്ത ഒരാൾപോലും ചവറ മേഖലയിലില്ല. ആ വലിയ മനുഷ്യൻ പഞ്ചായത്ത് മെമ്പറായിരുന്നു, അതിനുശേഷം വ്യവസായ രംഗത്തേയ്ക്കിറങ്ങി, ഒരു വ്യവസായ സാമ്രാജ്യംതന്നെ കെട്ടിപ്പടുത്തു. ആ വ്യവസായ സാമ്രാജ്യത്തെ അതേപടി നിലനിർത്താൻ നമ്മുടെ സഹോദരൻ എൻ. വിജയൻ പിള്ളയ്ക്കും കഴിഞ്ഞു വെന്നതാണ് പ്രധാനപ്പെട്ട കാര്യം. അദ്ദേഹത്തിന്റെ ഓർമ്മയ്ക്ക് മുമ്പിൽ നമുക്കെല്ലാവർക്കും ആദരാഞ്ജലികൾ അർപ്പിക്കാം. ബഹുമാനപ്പെട്ട

പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ നമ്മുടെ അഞ്ച് സഹപ്രവർത്തകരെ ഈ സഭാകാലയളവിൽ നമുക്ക് നഷ്ടപ്പെട്ടു. 1980-ൽ ഈ സഭയിൽ വന്നയാളാണ് ഞാൻ, ഇന്നുവരെ ഇത്രയധികം സഹപ്രവർത്തകർ ഒരുമിച്ച് നമ്മെ വിട്ടുപിരിഞ്ഞ കാലമുണ്ടായിട്ടില്ല. ഈ അഞ്ചുപേരിൽ നാലുപേരും വേർപിരിഞ്ഞത് ക്യാൻസർ രോഗംമൂലമാണെന്നത് ഏറ്റവും വേദനിപ്പിക്കുന്ന അനുഭവമാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിച്ചുകൊണ്ടുതന്നെ പറയുകയാണ്, 140-ൽ 4 പേർ ക്യാൻസർ ബാധിച്ച് മരിക്കുക എന്നുപറയുമ്പോൾ, ക്യാൻസറിന്റെ ശക്തി ഈ കേരളത്തിൽ എത്രമാത്രം വ്യാപകമാണെന്നതിന് തെളിവായി ഞാനതിനെ കാണുകയാണ്. അക്കാര്യത്തിൽ ബഹുമാന്യരായ മന്ത്രിമാരുടെയും മുഖ്യമന്ത്രിയുടെയും ശ്രദ്ധ പ്രത്യേകമുണ്ടാകണം. അദ്ദേഹത്തിന്റെ വേദനിപ്പിക്കുന്ന ഓർമ്മകൾ ക്യാൻസറിനെതിരെയുള്ള പോരാട്ടത്തിൽ നമുക്ക് ഒരു പ്രചോദനമാകണം എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി വന്ദ്യനായ ആ സഹോദരന്റെ ആത്മാവിന് ദൈവവിശ്വാസിയായ ഞാൻ നിത്യശാന്തി നേരുന്നു, നന്ദി. നമസ്കാരം.

മി. സ്പീക്കർ: അന്തരിച്ച മഹത്‌വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

## II അറിയിപ്പ്

### വാഹനസൗകര്യം

മി. സ്പീക്കർ: ഓർഡർ... ഓർഡർ... നിയമസഭാംഗമായിരുന്ന എൻ. വിജയൻ പിള്ളയുടെ മരണാനന്തര ചടങ്ങിൽ പങ്കെടുക്കാൻ കഴിയാതെപോയ ബഹുമാന്യരായ അംഗങ്ങൾക്ക് പരേതന്റെ കൊല്ലം ജില്ലയിലെ ചവറയിലുള്ള ഭവനം സന്ദർശിക്കുന്നതിനായി നിയമസഭാ ഹോസ്റ്റലിൽനിന്നും വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്; വാഹനം രാവിലെ 10.30-ന് പുറപ്പെടുന്നതാണ്.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2020 മാർച്ച് 11-ാം തീയതി ബുധനാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 9.38-ന് പിരിഞ്ഞു.)

## അനുബന്ധം-I

## 6-3-2020-ലെ ചോദ്യോത്തരങ്ങൾ

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നാളികേര കർഷകർക്ക് അധികവരുമാനം ലഭ്യമാക്കുന്നതിന് നടപടി

1(*121) ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് പദ്ധതി നടപ്പാക്കുന്നുണ്ടോ; ഇതിനായി തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇടനിലക്കാരെ ഒഴിവാക്കി നാളികേരത്തിന്റെ വില കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ നാളികേരത്തിന് ഉയർന്ന വില ലഭ്യമാക്കുന്നതിന് പദ്ധതി നടപ്പാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) നാളികേര ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിലൂടെ ലഭിക്കുന്ന അധികവരുമാനം കർഷകർക്കുകൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ):

(എ) നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കേരകൃഷിയിലൂടെ കർഷകർക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കൃഷി വകുപ്പ് കേരഗ്രാമം പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഈ സാമ്പത്തിക വർഷം 55 കേരഗ്രാമങ്ങളാണ് സംസ്ഥാനത്തെ വിവിധ ജില്ലകളിലായി നടപ്പാക്കുന്നത്. തേങ്ങയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻതൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ,

ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടർ തുടർച്ചയായ തെങ്ങുകൃഷിയുള്ള പ്രദേശത്ത് കേരഗ്രാമപദ്ധതി നടപ്പാക്കിവരുന്നു.

ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി കരിക്കിനും കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും 0.2 ഹെക്ടർ വീതമുള്ള മാതൃകാ ഫാമുകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

പരിസ്ഥിതി സൗഹൃദ നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിനും തെങ്ങുകൃഷിയിൽനിന്നുള്ള ആദായം വർദ്ധിപ്പിക്കുന്നതിനും ബ്ലോക്കുതല ക്യാമ്പയിനുകൾ സംഘടിപ്പിച്ച് നാളികേരത്തിന്റെയും വെളിച്ചെണ്ണ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളുടെയും ഗുണങ്ങൾ പ്രചരിപ്പിച്ച് ഇവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തെങ്ങുകൃഷിയുടെ വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കി ഗവേഷണ പദ്ധതികളിലൂടെ പരിഹാരം കാണാൻ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് 50 ലക്ഷംരൂപ നടപ്പുവർഷം വിനിയോഗിച്ചുവരുന്നു.

തെങ്ങിനെ ബാധിക്കുന്ന കീടങ്ങളേയും രോഗങ്ങളേയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിലേയ്ക്കായി 250 ലക്ഷംരൂപയുടെ പദ്ധതിയും നടപ്പാക്കിവരുന്നു.

കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള 10 വർഷ കാലയളവിൽ പ്രാവർത്തികമാക്കുന്നതിനുള്ള വിവിധ ലക്ഷ്യങ്ങളോടെ നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

ഇതിനായി ഈ സാമ്പത്തിക വർഷം 1900 ലക്ഷംരൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പുതിയ തൈകൾ നട്ടും നിലവിലുള്ളവ പരിപാലിച്ചും നാളികേര ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, കാർഷിക വ്യവസായവുമായി ബന്ധിപ്പിക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം എന്നിവയുടെ സഹായത്തോടെ സംസ്ഥാനത്തെ ഓരോ വാർഡിലും 75 തെങ്ങിൻതൈകൾ 50% ധനസഹായത്തോടെ ഓരോ വർഷവും നട്ടുപിടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2019-2020 വർഷം

കേരഗ്രാമമായി തെരഞ്ഞെടുത്ത 300 പഞ്ചായത്തുകളിലും കേരഗ്രാമങ്ങൾ ഇല്ലാത്ത നിയോജകമണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളിലും ഉൾപ്പെടെ 500 പഞ്ചായത്തുകളിൽ തെങ്ങിൻതൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രായം ചെന്നതും ഉൽപ്പാദനക്ഷമതയില്ലാത്തതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉൽപ്പാദനക്ഷമതയുള്ളതും പൊക്കം കുറഞ്ഞ/കുറിയ ഇനം തൈകൾ വച്ചുപിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻതോപ്പുകൾ പുനരുജ്ജീവിപ്പിക്കുക, നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തൈകൾ വച്ചുപിടിപ്പിക്കുക, വിത്തുതേങ്ങകൾ ലഭിക്കുന്നതിനായി തെങ്ങിൻതോപ്പുകൾ വികസിപ്പിക്കുക എന്നിവയാണ് കൗൺസിൽ വിഭാവനം ചെയ്തിട്ടുള്ള പുനരുജ്ജീവന പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

നടപ്പുവർഷം 197751 നെടിയയിനം, 32493 കുറിയയിനം, 95781 സങ്കരയിനം തൈകൾ ഉൾപ്പെടെ ആകെ 3,26,025 തെങ്ങിൻതൈകൾ കർഷകർക്ക് വിതരണം ചെയ്യുകയുണ്ടായി.

(ബി) ഇടനിലക്കാരെ ഒഴിവാക്കി നാളികേരത്തിന്റെ വില കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിന് സ്വാതന്ത്ര്യവും സുതാര്യവുമായ സംവിധാനത്തിലൂടെ പച്ചത്തേങ്ങ സംഭരണ പദ്ധതി സർക്കാർ പുനരാരംഭിച്ചിട്ടുണ്ട്. കേരഫെഡിൽ അംഗങ്ങളായ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, നാളികേര വികസന ബോർഡിനുകീഴിലുള്ള നാളികേര ഉൽപ്പാദക സൊസൈറ്റികൾ/ഫെഡറേഷനുകൾ, ഡ്രയർ സൗകര്യമുള്ള മറ്റ് സൊസൈറ്റികൾ എന്നിവ മുഖേന കർഷകരിൽനിന്നും നേരിട്ട് ഉണനിലവാരമുള്ള പച്ച നാളികേരം സംഭരിച്ച് കൊപ്രയാക്കി കേരഫെഡിന് നൽകുന്ന രീതിയിലാണ് സംഭരണം നടത്തുന്നത്. തൊണ്ടുകളഞ്ഞ പച്ചത്തേങ്ങയ്ക്ക് കിലോയ്ക്ക് 27 രൂപയാണ് നൽകുന്നത്. പച്ചത്തേങ്ങ സംഭരണത്തിനുള്ള സ്റ്റേറ്റ് ലെവൽ ഏജൻസിയായി കേരഫെഡിനേയും തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ സംഭരണത്തിന് നാളികേര വികസന കോർപ്പറേഷനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾപ്രകാരം കേരഫെഡ് വഴി കൊപ്ര സംഭരിക്കുന്നതിനായി നാഫെഡിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി&ഡി) മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ നാളികേരത്തിന് ഉയർന്ന വില ലഭ്യമാക്കുന്നതിനും നാളികേര മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗ് സാധ്യത വിപുലപ്പെടുത്തുന്നതിനും സംസ്ഥാനത്ത് നാളികേര അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ വേങ്ങേരി മൊത്തവ്യാപാര വിപണിയിലും കുത്താളി ജില്ലാ കൃഷിത്തോട്ടത്തിലും നാളികേര

അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ടി അഗ്രോപാർക്കുകൾ പ്രവർത്തനസജ്ജമാകുന്നതോടെ നാളികേരത്തിന്റെ മൂല്യവർദ്ധനയിലൂടെ കൂടുതൽ വരുമാനം ഉറപ്പാക്കാൻ കർഷകന് സാധിക്കും.

സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യംവഴി തേങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സൂക്ഷ്മതല, ചെറുകിട ഇടത്തരം സംരംഭകർക്ക് സഹായം നൽകിവരുന്നു. വ്യക്തിഗത സംരംഭകൾ, സ്വയംസഹായ സംഘങ്ങൾ, സർക്കാരിതര ഏജൻസികൾ, ഉൽപ്പാദക സംഘങ്ങൾ എന്നിവയ്ക്ക് വായ്പാധിഷ്ഠിത ആനുകൂല്യം SFAC നൽകിവരുന്നു.

**കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അപ്രായോഗികത**

2(*122) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ സാമഗ്രികളുടെ അഭാവവും വിലവർദ്ധനവും കാരണം തളർച്ച നേരിടുന്ന കെട്ടിട നിർമ്മാണ മേഖല പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അപ്രായോഗികതമൂലം സ്തംഭനാവസ്ഥയിലായതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുവാൻ തദ്ദേശഭരണ വകുപ്പ് തയ്യാറാക്കിയ ഐ.ബി.പി.എം. എന്ന സോഫ്റ്റ്‌വെയർ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമായിട്ടുണ്ടോ;

(സി) ഈ സോഫ്റ്റ്‌വെയറിന് ചേരുന്ന വിധത്തിലല്ല പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളത് എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) കെട്ടിടത്തിന്റെ ഉയരം കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് മാറ്റമാണ് വരുത്തിയത്; മാറ്റം കെട്ടിട നിർമ്മാതാക്കൾക്ക് ഏറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാകയാൽ ആയത് ഭേദഗതി ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പഴയ കെട്ടിട നിർമ്മാണ ചട്ടങ്ങളെക്കാൾ കൂടുതൽ വ്യക്തതയുള്ളതും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് എളുപ്പമുള്ള തരത്തിലുമാണ് പുതിയ ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

(ബി&സി) 1999-ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളെ അടിസ്ഥാനമാക്കി വികസിപ്പിച്ച IBPMS സോഫ്റ്റ്‌വെയർ 8 അർബൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്.

പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽവന്ന സാഹചര്യത്തിൽ IBPMS സോഫ്റ്റ്‌വെയറിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ആയതിന്റെ ജോലി പുരോഗമിച്ചുവരുന്നു. പുതിയ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന സാഹചര്യത്തിൽ ആയതുകൂടി ഉൾപ്പെടുത്തിയശേഷം IBPMS സോഫ്റ്റ്‌വെയർ പരിഷ്കരിക്കുന്നതായിരിക്കും.

(ഡി) മാറ്റം വരുത്തിയിട്ടുണ്ട്. 1999-ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ പ്രകാരം റോഡിനോട് ചേർന്നുള്ള പുരയിടങ്ങളിൽ റോഡിന്റെ ശരാശരി ഉയരത്തിൽ നിന്നുമാണ് കെട്ടിടത്തിന്റെ ഉയരം കണക്കാക്കിയിരുന്നത്. ഈ രീതി അശാസ്ത്രീയമാണെന്ന് കണ്ടതിനെത്തുടർന്ന് പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ (2019-ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ) കെട്ടിടത്തിന്റെ ഉയരം കെട്ടിടത്തിന്റെ ചേർന്നുള്ള ഭൂമിയുടെ ശരാശരി നിരപ്പിൽനിന്നാണ് കണക്കാക്കേണ്ടതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഉയരം കണക്കാക്കുന്ന കാര്യത്തിൽവന്ന മാറ്റംകൊണ്ട് നിർമ്മാതാക്കൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഗതാഗത പരിശോധന കർശനമാക്കാൻ നടപടി

3(*123) ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. യു. ജനീഷ് കുമാർ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് സൗകര്യത്തിന് ആനുപാതികമല്ലാത്ത വാഹനസാന്ദ്രതയും വാഹനമോടിക്കുന്നവരുടെ വൈദഗ്ധ്യക്കുറവും അശ്രദ്ധയും അഹങ്കാരവും റോഡപകടങ്ങളുടെ നിരക്ക് വലിയ തോതിൽ വർദ്ധിക്കാനിടയാക്കി യിട്ടുള്ളതിനാൽ ഗതാഗത പരിശോധന കർശനമാക്കാൻ നടപടിയുണ്ടാകുമോ;

(ബി) വാഹനങ്ങൾക്കുരൂപമാറ്റം വരുത്തുന്നതും അമിത പ്രകാശമുള്ള നിരോധിത ലൈറ്റുകൾ ഉപയോഗിക്കുന്നതും സാധാരണമായിത്തീർന്നതിനാൽ അപകടകാരണമായ ഇത്തരം പ്രവൃത്തികൾ കർശനമായി തടയാൻ വേണ്ട ഇടപെടൽ നടത്തുമോ;

(സി) സംസ്ഥാനത്തെ റോഡുകളിലെ അപകട മേഖലകൾ അടയാളപ്പെടുത്തി കഴിഞ്ഞതിനാൽ ഈ സ്ഥലങ്ങളിൽ അപകടം ആവർത്തിക്കാതിരിക്കാൻ പ്രത്യേക ജാഗ്രത പുലർത്തുമോ; നിരീക്ഷണ ക്യാമറയുൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങളുടെ സഹായത്തോടെ ഗതാഗത നിയമലംഘകർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) അച്ചടക്കരാഹിത്യമുള്ള ഡ്രൈവിംഗ് സംസ്കാരവും നിയമലംഘനവും അടക്കമുള്ള കാരണങ്ങളാൽ റോഡപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മോട്ടോർ വാഹന വകുപ്പിന്റെയും പോലീസ് വകുപ്പിന്റെയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നത് കൂടാതെ ആയത് ദുർബലമാകാതെ തുടർപ്രക്രിയയാക്കി വീഴ്ച കൂടാതെ ജാഗ്രത നിലനിർത്തി പോരുന്നതിന് ഗതാഗത വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന റോഡ് സുരക്ഷാ അതോറിറ്റിയുടെ അടിയന്തര യോഗം നിർദ്ദേശം നൽകിയിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിലേയും പോലീസ് വകുപ്പിലേയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സംയുക്ത പരിശോധനാ യജ്ഞം 1-3-2020 മുതൽ മൂന്നുമാസത്തേയ്ക്ക് നടപ്പിലാക്കാനും പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) വാഹനങ്ങൾക്കുരൂപമാറ്റം വരുത്തുന്നതിനും നിരോധിത ലൈറ്റുകൾ ഉപയോഗിക്കുന്നതിനുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. അനധികൃതമായി മോട്ടോർ വാഹനങ്ങളുടെ പാർട്ടുകൾക്കുരൂപമാറ്റം വരുത്തിയാൽ ഓരോ പാർട്ടിനും 5000 രൂപ വീതം പിഴ അടയ്ക്കേണ്ടതാണ്.

(സി) കേരള റോഡ് സുരക്ഷാ അതോറിറ്റി, മോട്ടോർ വാഹന വകുപ്പ്, പോലീസ്, നാറ്റ്പാക്ക്, പൊതുമരാമത്ത് എന്നീ വകുപ്പുകൾ ചേർന്ന് ഒരു സംയുക്ത പരിശോധന ഇത്തരം മേഖലകളിൽ നടത്തിവരികയാണ്. ഈ പരിശോധനയ്ക്കു ശേഷം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ പരിഹാര നടപടികൾ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിഷയവും പരിഗണിക്കുന്നുണ്ട്. റോഡുകളിലെ അപകട സാധ്യതയുള്ള മേഖലകൾ കണ്ടെത്തി ബ്ലാക്ക് സ്പോട്ടുകളായി നിർണ്ണയിച്ചിട്ടുള്ളവയിൽ നാഷണൽ ഹൈവേകളിൽപ്പെട്ടവയുടെ പരിഹരിക്കൽ MoRTH ആണ് നടപ്പിലാക്കേണ്ടത് എന്നതിനാൽ വിശദാംശങ്ങൾ നാഷണൽ ഹൈവേ അധികാരികൾക്ക് കൈമാറിയിട്ടുണ്ട്. സംസ്ഥാന ഹൈവേകളിലും മറ്റ് റോഡുകളിലും കണ്ടെത്തിയിട്ടുള്ള ബ്ലാക്ക് സ്പോട്ടുകളിൽ പരിഹാര പ്രവൃത്തികൾ നടന്നുവരുന്നു. ഇവയിൽ 46 ബ്ലാക്ക് സ്പോട്ടുകൾ മുൻഗണന നൽകി പരിഹാര നടപടികൾ നടത്തിവരുന്നതിൽ 2020 ഫെബ്രുവരി 29-ലെ കണക്കുപ്രകാരം 16 ബ്ലാക്ക് സ്പോട്ടുകളിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**അതിജീവനക്ഷമതയ്ക്ക് പ്രാധാന്യം നൽകുന്ന വാർഷിക പദ്ധതി**

4(*124) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിജീവനക്ഷമതയുള്ള കേരളം സൃഷ്ടിക്കുകയെന്ന ലക്ഷ്യം നേടുന്നതിന് ജനകീയ പങ്കാളിത്തത്തിന്റെ അനിവാര്യത കണക്കിലെടുത്ത് പ്രത്യേക ഗ്രാമസഭകൾ ചേരുകയുണ്ടായോയെന്ന് അറിയിക്കുമോ;

(ബി) അതിജീവനക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടാണോ വാർഷിക പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിർവ്വഹണ രീതി കൂടുതൽ കാര്യക്ഷമമാക്കിക്കൊണ്ട് പദ്ധതി ചെലവ് ഉചിതമായി മെച്ചപ്പെടുത്താൻ വേണ്ട ഇടപെടൽ നടത്തുന്നുണ്ടോ;

(ഡി) പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ പുനർനിർമ്മിക്കുന്നതിന് അനുവദിച്ചിട്ടുള്ള 961 കോടിരൂപയുടെ പ്രവർത്തനം ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് സമയബന്ധിതമായി പൂർത്തിയാക്കാൻവേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ്, ദുരന്ത മാനേജ്മെന്റ് എന്നീ മേഖലകളിൽ ജനകീയ പങ്കാളിത്തവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരവുമായ ഇടപെടലും ഉറപ്പാക്കി തദ്ദേശ സ്ഥാപനങ്ങളിൽ ദുരന്ത നിവാരണ പദ്ധതികൾ വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയതനുസരിച്ച് തദ്ദേശ സ്ഥാപനങ്ങൾ കരട് ദുരന്ത നിവാരണ പദ്ധതികൾ ഗ്രാമ/വാർഡ് സഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കുകയും ദുരന്ത നിവാരണ പദ്ധതിക്കുവേണ്ടി ഒരു പ്രത്യേക വികസന സെമിനാർ ചേരുകയും ചെയ്യുന്നുണ്ട്.

(ബി) അതെ. കേരളം അഭിമുഖീകരിച്ച പ്രളയ ദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിൽ ഉണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യയിലൂന്നിയും പാരിസ്ഥിതിക സൗഹൃദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും പുനർ-നിർമ്മിക്കുന്നതിനായുള്ള കേരള പുനർനിർമ്മാണ പരിപാടിയുടെ കാഴ്ചപ്പാടുകൂടി ഉൾക്കൊണ്ടുവേണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി രൂപീകരിക്കേണ്ടതെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതേ ലക്ഷ്യത്തോടെയാണ് 'നമ്മൾ നമുക്കായി' എന്ന ജനകീയ ക്യാമ്പയിനും അതിന്റെ ഭാഗമായുള്ള തദ്ദേശ സ്ഥാപനങ്ങളിലെ ദുരന്ത നിവാരണ പദ്ധതികളും വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുള്ളത്.

(സി) ഉണ്ട്. സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ വികസന പദ്ധതികൾ തയ്യാറാക്കി 12 മാസവും നിർവ്വഹണത്തിന് ലഭിക്കുന്ന സമ്പ്രദായത്തിലേയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ 2018-19 മുതൽതന്നെ മാറിയിട്ടുണ്ട്. ഇത്തരത്തിൽ പ്രോജക്ടുകളുടെ ഗുണനിലവാരത്തിലും ചെലവിനത്തിലും കാര്യക്ഷമത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ജില്ലാ ആസൂത്രണ സമിതികളും സർക്കാർ തലത്തിലും വകുപ്പ് മേധാവികളും അവലോകനം ചെയ്യുന്നുണ്ട്.

(ഡി) സമയബന്ധിതമായി പൂർത്തിയാക്കാൻവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## ആദിവാസി കർഷക ജനതയുടെ പാരമ്പര്യ കൃഷി

5(*125) ശ്രീ. എൽദോ എബ്രഹാം :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ആദിവാസി മേഖലയുടെ സമഗ്ര പുരോഗതിക്കായി ആദിവാസി കർഷക ജനതയുടെ പാരമ്പര്യ കൃഷി പുനഃസ്ഥാപിക്കുന്നതിനും ഇതുവഴി ഈ മേഖലയിലെ പോഷകാഹാരക്കുറവുമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതിനും കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനുമായി പദ്ധതി നടപ്പാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കഴിഞ്ഞവർഷം വിവിധ വിളകൾ കൃഷി ചെയ്തതിന്റെയും വിളവെടുപ്പിന്റെയും വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) കർഷകരുടെ സ്വന്തം ആവശ്യങ്ങൾ കഴിഞ്ഞുള്ള വിളവ് വ്യാവസായികാടിസ്ഥാനത്തിൽ ഉല്പന്നങ്ങളാക്കി വിതരണം നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ആദിവാസി ജനവിഭാഗങ്ങൾ തികച്ചും ജൈവരീതിയിൽ ഉല്പാദിപ്പിക്കുന്ന കാപ്പി, കോലിഞ്ചി ഉൾപ്പെടെയുള്ള വനവിഭവങ്ങൾ സംഭരിച്ച് സംസ്കരണം നടത്തി അതിരപ്പിള്ളി ട്രൈബൽ വാലി പ്രോഡക്ട്സ് എന്ന പേരിൽ വിപണിയിൽ എത്തിക്കുന്നതിനുള്ള പദ്ധതി നടപ്പായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ):

(എ) അട്ടപ്പാടി ആദിവാസി മേഖലയുടെ സമഗ്ര പുരോഗതിക്കായി ആദിവാസി സമൂഹത്തിന്റെ പാരമ്പര്യ കൃഷി പുനഃസ്ഥാപിക്കുന്നതിനും പോഷകാഹാര കുറവുമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം

കണ്ടെത്തുന്നതിനും അവരുടെ തനത് ഭക്ഷണരീതി പ്രോത്സാഹിപ്പിക്കുന്നതിനും 2017-18, 2018-19, 2019-2020 എന്നീ വർഷങ്ങളിൽ അട്ടപ്പാടി മില്ലറ്റ് വില്ലേജ് എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിപ്രകാരം കർഷകരുടെ ആവശ്യം കഴിഞ്ഞുള്ള ചെറുധാന്യങ്ങൾ കിലോയ്ക്ക് 40 രൂപ നിരക്കിൽ കൃഷി വകുപ്പ് സംഭരണം നടത്തി കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നുണ്ട്.

2019-2020 വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഉപജീവനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി ഭൂമിയുള്ള, കൃഷി ചെയ്യാൻ താൽപ്പര്യമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി പട്ടികവർഗ്ഗക്കാർക്കുള്ള "വരുമാനദായക കാർഷിക ഉദ്യമം പദ്ധതി"-യിൽ ഉൾപ്പെടുത്തി അട്ടപ്പാടിയിൽ 2019 ജൂൺ മാസം മുതൽ "നമത് വെള്ളാമെ" എന്ന പദ്ധതി 19 ഊരുകളിലായി ഏകദേശം 800 ഏക്കറിൽ നടപ്പിലാക്കിവരുന്നു. 600 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

(ബി) 2018-19 വർഷം മില്ലറ്റ് വില്ലേജ് പദ്ധതിപ്രകാരം കൃഷി ചെയ്തതിന്റെയും വിളവെടുപ്പിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കൃഷി | ഇനം | വിസ്തീർണ്ണം (ഹെക്ടർ) | ഉൽപ്പാദനം (മെട്രിക് ടൺ) |
|---|---|---|---|
| ഒന്നാം വിള | ചെറുധാന്യം | 225 | 69.135 |
| | പയറുവർഗ്ഗങ്ങൾ | 210 | 193.5 |
| | പച്ചക്കറി | 50 | 254 |
| രണ്ടാം വിള | ചെറുധാന്യം | 240 | 94.24 |
| | പയറുവർഗ്ഗങ്ങൾ | 235 | 130.8 |
| | പച്ചക്കറി | 25 | 133 |
| | സൂപ്പർ ഫുഡ് ചിയ | 20 | 1.2 |

2019-2020 വർഷം നമത് വെള്ളാമെ പദ്ധതി വിളവെടുപ്പ് വിവരങ്ങൾ

| ക്രമ നമ്പർ | കൃഷി | വിളവ് (ക്വിന്റൽ) |
|---|---|---|
| 1 | റാഗി | 74.9 |
| 2 | ചാമ | 67.8 |
| 3 | നെല്ല് | 26.4 |
| 4 | കപ്പലണ്ടി | 15.5 |
| 5 | ചോളം | 7.45 |
| 6 | പച്ചക്കറി | 17.65 |
| 7 | എള്ള് | 1 |
| 8 | കടുക് | 1 |

(സി) കർഷകരുടെ ഉപയോഗത്തിനുശേഷമുള്ള 7.25 മെട്രിക് ടൺ ചെറുധാന്യം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി കൃഷി വകുപ്പ് മുഖേന വിപണനം നടത്തിവരുന്നു.

(ഡി) അതിരപ്പിള്ളി ട്രൈബൽവാലി കാർഷിക പദ്ധതി അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി വിഭാഗത്തിന്റെ ജീവിത നിലവാരം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ആദിവാസി വിഭാഗത്തിന്റെ കൃഷിയും കൃഷിയിൽനിന്നുള്ള വരുമാന വർദ്ധനയും അതോടൊപ്പം ശേഖരിക്കുന്ന വനവിഭവങ്ങളുടെ ഉൾപ്പെടെ സംഭരണവും മൂല്യവർദ്ധനയും ഇങ്ങനെ മൂല്യവർദ്ധന നടത്തിയ ഉൽപ്പന്നങ്ങൾ ഒരു ഏകീകൃത ബ്രാന്റിൽ നേരിട്ടുള്ള വിപണനവുമാണ് ലക്ഷ്യമാക്കുന്നത്. മൂല്യവർദ്ധന യൂണിറ്റും വിപണന സംവിധാനങ്ങളും കൃഷിയുടെ പ്രോത്സാഹനവും നടപ്പിലാക്കുന്നതിനായി ആദിവാസി കർഷകരുടെ ഒരു FPO-കർഷക ഉൽപ്പാദക സംഘവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായുള്ള തുക റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പ്രോഗ്രാമിലും (RKI) കൃഷി വകുപ്പ് PKVY പദ്ധതിയിലും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽനിന്നും UNDP-യിൽ നിന്നുമാണ് നൽകുന്നത്. ഇതിൽ കൃഷി വകുപ്പിൽനിന്നുള്ള ആദ്യ ഗഡുവും UNDP-യുടെ ആദ്യ ഗഡുവും ലഭ്യമായിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രോഗ്രാം (RKI) ഫണ്ടിലാണ് മൂല്യവർദ്ധനവും സംഭരണവും ബ്രാൻഡിംഗും വിപണനവും ഉൾപ്പെടുത്തിയിരിക്കുന്നത്. റീബിൽഡ് കേരളം ഫണ്ടിന് ഇതുവരെ അംഗീകാരം ലഭ്യമായിട്ടില്ല. ഫണ്ട് ലഭ്യമായതിനുശേഷമേ സംഭരണവും സംസ്കരണവും വിപണനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ആരംഭിക്കുകയുള്ളൂ. PKVY പ്രകാരമുള്ള പദ്ധതി നടത്തിപ്പ് തുടങ്ങിയിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി

6(*126) ശ്രീമതി യു. പ്രതിഭ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2020-21 വർഷത്തെ വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകിയിട്ടുണ്ടോ;

(ബി) കാർഷിക-വ്യാവസായിക വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് തൊഴിൽ സൃഷ്ടിയും വരുമാന വർദ്ധനയും ലക്ഷ്യമാക്കി പദ്ധതികൾ ആസൂത്രണം ചെയ്താൽ വൻ വരുമാനം സൃഷ്ടിക്കാൻ കഴിയുമെന്ന മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന് അനുസൃതമായാണോ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ദുരന്ത പ്രതിരോധത്തിന്റെയും നിവാരണത്തിന്റെയും പ്രാധാന്യം കണക്കിലെടുത്ത് അതിനായുള്ള പദ്ധതികൾകൂടി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇതിനായി ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) 2020-2021 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള അധിക മാർഗ്ഗനിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് 5-12-2019 തീയതിയിലെ സ.ഉ.(കൈ) നമ്പർ 157/2019/തസ്വഭവ. ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ആസൂത്രണ നടപടിക്രമങ്ങൾ പാലിച്ച് 2020 മാർച്ച് 5-നുമുമ്പ് ജില്ലാ ആസൂത്രണ സമിതികൾക്ക് വാർഷിക പദ്ധതികൾ സമർപ്പിക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

(ബി) പ്രകൃതി ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾക്ക് 2020-2021-ൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്നും കാർഷിക മേഖലയ്ക്ക് യഥാസമയം സഹായം എത്തിക്കുന്നതിന് പ്രത്യേക ശ്രദ്ധ ഉണ്ടാകണമെന്നും കൃഷി അനുബന്ധ മേഖലകളിൽ ഉത്പാദന വർദ്ധനയ്ക്ക് മുൻഗണന നൽകണമെന്നും പ്രാദേശിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനയും വിപണനവും ഉറപ്പാക്കിക്കൊണ്ട് സൂക്ഷ്മ സംരംഭങ്ങൾ ശക്തിപ്പെടുത്തുകയും ചെറുതും ഇടത്തരവുമായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് അവരുടെ അറിവും അനുഭവവും ആശയങ്ങളും ഉൾക്കൊണ്ട് തികച്ചും ജനകീയവും പ്രായോഗികവുമായ രീതിയിൽ 'നമ്മൾ നമുക്കായി' എന്ന പേരിൽ ഒരു ജനപങ്കാളിത്ത ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ദുരന്തനിവാരണ പദ്ധതികൾ ആസൂത്രണം ചെയ്ത് 2020-2021 വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിന് 4-12-2019 തീയതിയിലെ സ.ഉ.(കൈ) നമ്പർ 156/2019/തസ്വഭവ. ഉത്തരവുപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്റ്റിയറിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ജൈവവൈവിധ്യ പരിപാലനം-കാലാവസ്ഥാ വ്യതിയാനം-ദുരന്തനിവാരണ വർക്കിംഗ് ഗ്രൂപ്പിന്റെ ഏകോപനത്തിലാണ് ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തി ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്നത്. ഇതിലേയ്ക്കായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും 20 പേരടങ്ങുന്ന ലോക്കൽ റിസോഴ്സ് ഗ്രൂപ്പും (LRG) ഓരോ വാർഡിലും എട്ടുപേർ എങ്കിലുമടങ്ങുന്ന അടിയന്തര പ്രതികരണ ടീമിനെയും (ERT) തയ്യാറാക്കിയിട്ടുണ്ട്. ഇവർ പ്രാദേശികമായ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച് ട്രാൻസെക്റ്റ് വാക്, അവസ്ഥാ പഠനം എന്നിവ നടത്തി കരട് ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുകയും ആയത് ഗ്രാമസഭകളുടെ അംഗീകാരത്തിന് വിധേയമായി പ്രത്യേക വികസന സെമിനാറിൽ അവതരിപ്പിച്ച്, ചർച്ചകളുടെയും വിശകലനങ്ങളുടെയും അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ ഭരണസമിതി അംഗീകാരത്തോടെ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്. ഇക്കാര്യത്തിലേയ്ക്കായി 5 ഘട്ട പരിശീലനങ്ങളും ഇതര സഹായങ്ങളും കിലയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

**ഉന്നത വിദ്യാഭ്യാസരംഗത്തെ ഗുണമേന്മ**

7(*127) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസരംഗത്ത് ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സർവ്വകലാശാലകളുടെ ഗവേഷണ വികസന പ്രവർത്തനങ്ങളെ ശാക്തീകരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) സർവ്വകലാശാലകളിൽ ഡിജിറ്റൽ ഫയൽ പ്രോസസ്സിംഗ് സംവിധാനം നടപ്പാക്കുമോ; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലെയും പ്രവേശനം, പരീക്ഷാനടത്തിപ്പ്, ഫലപ്രഖ്യാപനം എന്നിവ ഏകീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ&ബി)

1. ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ:- ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിനുകീഴിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2019-ൽ 1600-ഓളം അദ്ധ്യാപകർക്ക് പരിശീലനം നൽകാൻ കഴിഞ്ഞു. Humanities & Social Science, Science, Commerce and Management എന്നീ സ്ട്രീമുകളിൽ അദ്ധ്യാപകർക്കായി പരിശീലനം സംഘടിപ്പിക്കുന്നു. 2020 Cross Disciplinary Literacy Campaign 2020 എന്ന പദ്ധതിയിലൂടെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ 2000 അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് ലക്ഷ്യമിടുന്നു.

2. ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകളും (GA):- ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനാണ് ഈ പദ്ധതിയിലൂടെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ശ്രമിച്ചുവരുന്നത്. ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്നതാണ് ഈ രീതി.

3. ആൾ കേരള ഹയർ എഡ്യുക്കേഷൻ സർവ്വെ:- ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം ലക്ഷ്യമിട്ടാണ് സംസ്ഥാനത്ത് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ ആരംഭിച്ചിരിക്കുന്നത്.

4. സ്റ്റേറ്റ് ലെവൽ അക്കാദമിക് കമ്മിറ്റി (SLAC):- ബിരുദങ്ങളുടെയും അക്കാദമിക പ്രോഗ്രാമുകളുടെയും തുല്യതയും അംഗീകാരവും സംബന്ധിച്ച് പരാതികളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് സംസ്ഥാന സർവ്വകലാശാല വൈസ് ചാൻസലർമാരും ഉൾപ്പെട്ട സമിതി രൂപീകരിച്ചു.

5. പ്രബുദ്ധത:- ഉന്നത വിജ്ഞാനത്തിന്റെ ജനാധിപത്യവൽക്കരണവും സാമൂഹ്യവൽക്കരണവും ലക്ഷ്യമാക്കി ആവിഷ്കരിച്ച നൂതന പദ്ധതിയാണ് പ്രബുദ്ധത. കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ തിരുവനന്തപുരം ജില്ലയിലെ കരകുളം പഞ്ചായത്തിലാണ് പ്രഥമ മാതൃക നടപ്പിലാക്കിയത്. ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ/സ്ഥാപനങ്ങൾ എന്നിവയിൽനിന്നും പ്രസരണം ചെയ്യുന്ന അറിവും വിജ്ഞാനവും സമൂഹത്തിലെ സാധാരണക്കാരന്റെ ജീവിതത്തിലുണ്ടാക്കുന്ന പ്രതിഫലനം അവരെ ബോധ്യപ്പെടുത്തുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം.

6. ചാൻസിലേഴ്സ് അവാർഡ്:- ബഹുമാനപ്പെട്ട കേരള ഗവർണർ മുൻകൈയെടുത്ത് ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണിത്. നിലവിൽ രണ്ട് വിഭാഗങ്ങളിലായാണ് അവാർഡ് നൽകുന്നത്. സ്ഥാപിതമായി 12 വർഷം കഴിയാത്ത സർവ്വകലാശാലകളെ "Emerging and Young Universities” എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു കോടിരൂപയും അല്ലാത്തവർക്ക് അഞ്ച് കോടിരൂപയുമാണ് അവാർഡായി നൽകുന്നത്. 2018 മുതലുള്ള ചാൻസിലേഴ്സ് അവാർഡ് നിർണ്ണയം ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ച് ഭാരതരത്നം പ്രൊഫസർ സി.എൻ.ആർ. റാവു അദ്ധ്യക്ഷനായുള്ള സമിതിയാണ് നൽകുന്നത്.

7. കൈരളി ഗവേഷണ പുരസ്കാരങ്ങൾ:- ഗവേഷണ രംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസർച്ച് അവാർഡുകൾ. പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള കൈരളി ഗവേഷണ പുരസ്കാരം, റിസർച്ച് ഫാക്കൽറ്റിക്ക് നൽകുന്ന കൈരളി ഗവേഷണ പുരസ്കാരം, പ്രമുഖ ശാസ്ത്രജ്ഞർക്ക് സമഗ്ര സംഭാവനയ്ക്ക് നൽകുന്ന കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് എന്നിവയാണ് കൈരളി ഗവേഷണ അവാർഡ് ശ്രേണിയിൽ ഉൾപ്പെടുന്ന പുരസ്കാരങ്ങൾ. അവാർഡുകളുടെ നിർവ്വഹണ ചുമതല കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനാണ്.

8. കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ (ORICE-Online Recourse Initiatives of Collegiate Education) മുഖേന ദേശീയ/അന്തർദേശീയ തലത്തിൽ പ്രഗൽഭരായ അക്കാദമീഷ്യന്മാരെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പുമായോ സ്ഥാപനങ്ങളുമായോ ബന്ധപ്പെട്ട് അവരുടെ അറിവും അനുഭവജ്ഞാനവും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും ഒരേ സമയം എത്തിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച ഓൺലൈൻ പ്ലാറ്റ് ഫോമാണ് ഒറൈസ്. വീഡിയോ കോൺഫറൻസിംഗ് സൗകര്യമുള്ള കോളേജുകളിൽ ടു വേ കമ്മ്യൂണിക്കേഷനിലൂടെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലൈവ് സ്ട്രീമിംഗ് മുഖാന്തരവും വിദ്യാർത്ഥികൾക്ക് പ്രയോജനകരമാംവിധം Beyond Syllabi, മലയാള സാഹിത്യയാത്ര, Winglish മുതലായ പഠന പരമ്പരകളിൽ ഓൺലൈൻ ക്ലാസ്സുകൾ നടന്നുവരുന്നുണ്ട്.

9. ബിരുദതലത്തിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാസമ്പന്നരെ ഉപയോഗിച്ചുകൊണ്ട് സമയബന്ധിതമായി ക്ലാസ്സുകൾ നൽകുക, സർവ്വകലാശാല പരീക്ഷയ്ക്ക് തയ്യാറാക്കുക എന്നീ പ്രവർത്തനങ്ങൾക്കായി 63 സർക്കാർ കോളേജുകളിലും 151 എയ്ഡഡ് കോളേജുകളിലും Scholar Support Programme നടന്നുവരുന്നുണ്ട്.

10. പഠനത്തിൽ പ്രഗത്ഭരായ വിദ്യാർത്ഥികൾക്ക് വിവിധ രീതിയിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, അവർക്ക് വഴികാട്ടിയായി പ്രവർത്തിക്കുന്ന ഉപദേഷ്ടാക്കളെ നിയമിക്കുക എന്നീ പരിപാടികൾക്കായി പഠിതാവിനൊപ്പം (Walk with Scholar) എന്ന പദ്ധതി 63 സർക്കാർ കോളേജുകളിലും 151 എയ്ഡഡ് കോളേജുകളിലും നടന്നുവരുന്നു.

11. രാജ്യത്തെ മികച്ച ഫാക്കൽറ്റിയുടെയും സ്ഥാപനത്തിന്റെയും സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി അക്കാദമിക് തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന M.Phil/P.hd/PG വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന സ്ഥാപനങ്ങൾക്ക് പുറമേ ഹ്രസ്വകാല പഠനങ്ങൾ നടത്തുന്നതിനും പ്രോജക്ടുകൾ ചെയ്യുന്നതിനും അവരുടെ കോഴ്സിന്റെ ഭാഗമായ ഇന്റേൺഷിപ്പ് രാജ്യത്തെ പ്രമുഖരായ ശാസ്ത്രജ്ഞരും സാമൂഹ്യ ശാസ്ത്രജ്ഞരും ആയി ചേർന്ന് ചെയ്യാനും ആസ്പയർ സ്കോളർഷിപ്പ് എന്ന പദ്ധതി മുഖേന സ്കോളർഷിപ്പുകൾ നൽകി വരുന്നുണ്ട്.

(സി) വിവിധ സർവ്വകലാശാലകളിൽ ഡിജിറ്റൽ ഫയൽ പ്രോസസ്സിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സംസ്കൃത സർവ്വകലാശാല, നുവാൽസ് എന്നിവിടങ്ങളിൽ ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി. വി. സി.-മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഫലമായി സർവ്വകലാശാലകൾ യഥാസമയം പരീക്ഷാ ഫലപ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്.

## കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ

8(*128) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാസമ്പന്നരായ യുവജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും അവരുടെ തൊഴിൽ ശേഷി വർദ്ധിപ്പിക്കുന്നതിനും നവീന തൊഴിലറിവുകൾ പകർന്നു നൽകുന്നതിനും നടപ്പാക്കുന്ന പരിപാടികൾ എന്തൊക്കെയെന്നറിയിക്കാമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ;

(സി) അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ പരിശീലനത്തിനായി അത്യാധുനിക സജ്ജീകരണങ്ങളുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കാമോ; ഇവയിലെ സജ്ജീകരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതുവരെ എത്ര കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ നിലവിൽ വന്നെന്ന് വ്യക്തമാക്കാമോ; ഇനി എത്രയെണ്ണം നിലവിൽ വരുമെന്ന് അറിയിക്കാമോ;

(ഇ) ഈ പദ്ധതിയിലൂടെ ഇതുവരെ പരിശീലനം നേടിയവരുടെയും അവർ തൊഴിൽ നേടുന്നതിൽ കൈവരിച്ച വിജയവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) അസാപ് പദ്ധതിയിൻകീഴിൽ തൊഴിൽക്ഷമതയും തൊഴിൽ നിപുണതയും ജീവനപാടവവും ആർജ്ജിക്കുന്നതിനുള്ള പരിശീലന പരിപാടികൾ നടപ്പാക്കിവരുന്നു. തൊഴിലില്ലായ്മ നിവാരണ പരിപാടികൾ എന്ന നിലയ്ക്കാണ് പ്രസ്തുത പരിശീലന പരിപാടികൾ നടപ്പാക്കിവരുന്നത്. ഇതിനായി തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ, കോളേജുകൾ മുഖേന അടിസ്ഥാനതലത്തിലുള്ള പരിശീലന പരിപാടികളും പ്രത്യേക മേഖലയിലുള്ള തൊഴിൽ പരിശീലനവും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് അവരുടെ അധ്യയനത്തോടൊപ്പം നൽകിവരുന്നു. എഞ്ചിനീയറിംഗ് അടക്കമുള്ള സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ നവീനമായ തൊഴിലറിവുകൾ, പരിശീലനം ലഭിക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യം ഉൾപ്പെടെയുള്ള അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ തെരഞ്ഞെടുക്കപ്പെട്ട എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും അസാപ്പിന് കീഴിൽ സ്ഥാപിച്ചിട്ടുണ്ട്. തൊഴിലന്വേഷകർക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ പരിശീലനം ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പഠനത്തോടൊപ്പം വിദ്യാർത്ഥികളിൽ തൊഴിൽ അഭിരുചിയും തൊഴിൽ ആഭിമുഖ്യവും വർദ്ധിപ്പിക്കുന്നതിനും ജീവിത നൈപുണികൾ വികസിപ്പിക്കുന്നതിനും അതുവഴിയുള്ള തൊഴിൽക്ഷമതാ വർദ്ധനയുമാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം.

(ബി) ഉണ്ട്.

(സി) കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ വിഭാവനം ചെയ്തിട്ടുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വ്യവസായങ്ങളോ വ്യാവസായിക പരിശീലന ഏജൻസികൾ നൽകിവരുന്ന പരിശീലന പരിപാടികൾക്കനുസൃതമായ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങളാണ് ഇത്തരം കേന്ദ്രങ്ങളിൽ സജ്ജീകരിക്കപ്പെടുന്നത്.

(ഡി) 8 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ നിലവിൽ വരികയും 8 പാർക്കുകൾ നിർമ്മാണഘട്ടത്തിലുമാണ്.

(ഇ) 201409 വിദ്യാർത്ഥികൾക്ക് അസാപ് പദ്ധതിയിലൂടെ പരിശീലനം നൽകിയിട്ടുണ്ട്. പഠനത്തോടൊപ്പം വിദ്യാർത്ഥികളിൽ തൊഴിൽ അഭിരുചിയും തൊഴിൽ ആഭിമുഖ്യവും വർദ്ധിപ്പിക്കുന്നതിനും ജീവിത നൈപുണികൾ വികസിപ്പിക്കുന്നതിനും അതുവഴിയുള്ള തൊഴിൽ ക്ഷമതാ വർദ്ധനവുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് എന്നതിനാലും ഇത്തരം പരിശീലന പരിപാടികളിൽ മുഖ്യപങ്കം 18 വയസ്സിൽ താഴെയുള്ള വിദ്യാർത്ഥികളിൽ കേന്ദ്രീകരിക്കപ്പെട്ടിരുന്നതിനാലും ഇവരുടെ തൊഴിൽ ലഭ്യത സംബന്ധിച്ച കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല. കഴിഞ്ഞ വർഷം മുതൽ ആരംഭിച്ച കോളേജുകളിലെ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളിലും കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിലും പരിശീലനം ലഭിക്കുന്ന ഭൂരിഭാഗം വിദ്യാർത്ഥികൾക്കും ജോലി ലഭിക്കുന്നുണ്ട്.

**സംസ്ഥാന, അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന ബസ്സുകൾ**

9(*129) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന, അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന ആഡംബര ബസ്സുകൾ സ്റ്റേജ് കാര്യേജ് ആയി സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർ നികുതി വെട്ടിച്ച് ചരക്ക് കടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇത്തരം ബസ്സുകളിലെ ജീവനക്കാരിൽ ഒരു വിഭാഗം ക്രിമിനൽ പശ്ചാത്തലം ഉള്ളവരാണെന്നും അവരെ ഒഴിവാക്കണമെന്നും മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ഇത്തരം ബസ് സർവ്വീസ് നടത്തിപ്പിലെ ക്രമക്കേടുകൾ കണ്ടെത്തി അവ തടയുന്നതിന് സത്വര നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നികുതി വെട്ടിച്ച് ചരക്ക് കടത്തുന്നതായി ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇതുസംബന്ധമായ നിർദ്ദേശം ഗതാഗത വകുപ്പിൽ ലഭിച്ചിട്ടില്ല.

(ഡി) മോട്ടോർ വാഹന വകുപ്പ് അനധികൃത സ്റ്റേജ് കാര്യേജ് ഓപ്പറേഷനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. 1989-ലെ കേരള മോട്ടോർ വാഹന ചട്ടത്തിലെ റൂൾ 193 പ്രകാരം എൽ.എ.പി.റ്റി. ലൈസൻസ് അനുവദിക്കുമ്പോഴും നിലവിലുള്ള ലൈസൻസുകൾ പുതുക്കി നൽകുമ്പോഴും പാലിക്കേണ്ട നിബന്ധനകൾ നിഷ്കർഷിച്ചുകൊണ്ട് 26-04-2019-ലെ 74/ബി1/19/ ഗതാ. പ്രകാരം സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച് ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നാളിതുവരെ ഇത്തരം 11,082 കേസ്സുകൾ കണ്ടെത്തുകയും 4,27,77,850/-രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

## കീടനാശിനി തളിക്കുന്നതിനായി ഡ്രോണുകളുടെ ഉപയോഗം

10(*130) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. എം. ഉമ്മർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാടശേഖരങ്ങളിൽ കീടനാശിനി തളിക്കുന്നതിനായി ഡ്രോണുകൾ ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ഏതെല്ലാം സ്ഥാപനങ്ങളെയാണ് ചുമതല പ്പെടുത്തിയിരിക്കുന്നത്; വിശദാംശം അറിയിക്കാമോ;

(സി) നിരോധിത കീടനാശിനികൾ ഉപയോഗിക്കില്ലെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ):

(എ&ബി) ഇല്ല. എന്നാൽ സംസ്ഥാന കൃഷി വകുപ്പിലെയും കേരള കാർഷിക സർവ്വകലാശാലയിലേയും വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു സംഘം, നെൽപ്പാടങ്ങളിൽ ഡ്രോണുകളുടെ ഉപയോഗത്തെ സംബന്ധിച്ച് പ്രാഥമിക പഠനങ്ങൾ നടത്തുക യുണ്ടായിട്ടുണ്ട്. ഡ്രോൺ ഉപയോഗിച്ച് ഒരുതരത്തിലുമുള്ള കീടനാശിനികളും പ്രയോഗിക്കുവാൻ പാടില്ലാത്തതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ 17 കളനാശിനികൾ/കീടനാശിനികൾ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. മാത്രവുമല്ല കീടനാശിനി ഉപയോഗവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ ഗസറ്റ് വിജ്ഞാപനവും SO 3951(E), തീയതി 8-8-2018 പ്രകാരം 10 കീടനാശിനികൾകൂടി 2018 ആഗസ്റ്റ് 08 മുതൽ നിരോധിച്ചിട്ടുണ്ട്. 31-12-2020 മുതൽ 5 കീടനാശിനികൾകൂടി ടി ഗസറ്റ് വിജ്ഞാപന പ്രകാരം നിരോധിച്ചിട്ടുണ്ട്.

ഇൻസെക്ടിസൈഡ് ആക്ട് 1968-ൽ സംസ്ഥാന സർക്കാരിന് നിഷ്കർഷിച്ച അധികാര പരിധി ഉപയോഗിച്ച് G.O.(Rt) No.121/2019/AGRI, dated 2-2-2019 പ്രകാരം നിയന്ത്രിത കളനാശിനിയായ ഗ്ലൈഫോസേറ്റ് രണ്ട് മാസത്തേയ്ക്ക് നിരോധിച്ചിരുന്നു. തുടർ നടപടികൾക്കായി NCA 3/381/2018 Agri. തീയതി 20-6-2019 പ്രകാരം ഇൻസെക്ടിസൈഡ് ആക്ട് 1968, സെക്ഷൻ 27(1)&(2)-ന് വിധേയമായി ഗ്ലൈഫോസേറ്റും അതടങ്ങിയിട്ടുള്ള ഉൽപ്പന്നങ്ങളും സംസ്ഥാനത്ത് നിരോധിക്കുന്നതിന് കേന്ദ്ര കൃഷി മന്ത്രാലയത്തിന് ശിപാർശ നൽകിയിട്ടുണ്ട്. ആയത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ഈ കളനാശിനി ഇപ്പോൾ സംസ്ഥാനത്തെ മൊത്ത/ചില്ലറ ലൈസൻസുകളിൽനിന്നും റദ്ദ് ചെയ്തിട്ടുണ്ട്.

കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി നിരോധിച്ച മാരക കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിന് കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ഇൻസെക്ടിസൈഡ് ആക്ടിലെ നിലവിലെ നിയമങ്ങളും ചട്ടങ്ങളും കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് 2017-18 മുതൽ Enforcement of Quality of seeds, Fertilizers and Pesticides through Quality Control Enforcement Wing എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കൃഷി ഓഫീസർമാർ തങ്ങളുടെ പരിധിയിലുള്ള കീടനാശിനി ഡിപ്പോകൾ ക്രമമായി സന്ദർശിച്ച് നിയമവിരുദ്ധവും നിരോധിച്ചിട്ടുള്ളതുമായ കീടനാശിനികളുടെ വിതരണവും വിൽപ്പനയും നടക്കുന്നില്ല എന്ന് ഉറപ്പാക്കണം. ഇതിനുപുറമെ സംസ്ഥാന തലത്തിലും മേഖലാതലത്തിലും ജില്ലാതലത്തിലും സ്പെഷ്യൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നു.

ഇതുകൂടാതെ നിയന്ത്രിത കീടനാശിനികളുടെ വിൽപ്പന കൃഷി ഓഫീസർമാരുടെ ശിപാർശക്കുറിപ്പോടുകൂടി മാത്രം എന്നത് നിർബന്ധമാക്കി. അംഗീകൃത കീടനാശിനി ഡിപ്പോകളിലൂടെയല്ലാതെ കർഷകർക്കും കർഷക

സമിതികൾക്കും കമ്പനികളോ വിതരണക്കാരോ ഇടനിലക്കാരോ നേരിട്ട് കീടനാശിനികൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നിയമ നടപടി സ്വീകരിക്കാൻ എല്ലാ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കീടനാശിനികളുടെ അശാസ്ത്രീയമായ ഉപയോഗം ഒഴിവാക്കുന്നതിനും നൂതന കൃഷിമുറകൾ സംബന്ധിച്ച് കർഷകർക്കും പൊതുജനങ്ങൾക്കുമിടയിൽ വേണ്ടത്ര അവബോധം നൽകുന്നതിനും പഞ്ചായത്ത്, ബ്ലോക്ക് ജില്ലാതലങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ചർച്ചാക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിച്ചുവരുന്നു. നിരോധിത കീടനാശിനികളുടെ ദോഷവശങ്ങളെക്കുറിച്ച് കീടനാശിനി വിൽപ്പനയിൽ ഏർപ്പെട്ടിട്ടുള്ള ഡീലർമാർക്കും ശാസ്ത്രീയമായ കീടനാശിനി ഉപയോഗത്തിൽ കർഷകർക്കും 2019 ജൂലൈ മുതൽ സെപ്റ്റംബർ വരെ എല്ലാ ജില്ലകളിലും കൃഷി ഡയറക്ടറേറ്റ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ജില്ലാതല സെമിനാറുകൾ സംഘടിപ്പിച്ചു. സംസ്ഥാനത്തൊട്ടാകെ കർഷകർ, ഡീലർമാർ, പൊതുജനങ്ങൾ എന്നിവർക്ക് കീടനാശിനി ഉപയോഗക്രമങ്ങളെക്കുറിച്ച് 593 മാസ് അവയർനെസ്സ് പ്രോഗ്രാമുകളും സ്പെഷ്യൽ ക്യാമ്പയിൻ വാരങ്ങളും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞു. അതുപോലെ കീടനാശിനി നിയമം 1968-നെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് ബ്ലോക്ക് തലത്തിൽ 152 വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു.

നിയന്ത്രിത കീടനാശിനികൾ കൃഷി ഓഫീസർമാരുടെ ശിപാർശയോടെ അംഗീകൃത ഡിപ്പോകളിൽനിന്ന് മാത്രമേ വാങ്ങാവൂ എന്ന് കർഷകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കീടനാശിനികൾ കൃഷി ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രം വിതരണം നടത്താൻ ഡിപ്പോകൾക്ക് നിർദ്ദേശം നൽകുകയും കർഷകർക്ക് ഇതുസംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാൻ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കീടനാശിനികളുടെ ഉപയോഗക്രമത്തെക്കുറിച്ചും ഇവയുടെ ദോഷഫലങ്ങൾ സംബന്ധിച്ചും കർഷകർക്ക് ബോധവൽക്കരണം തുടർച്ചയായി നൽകിവരുന്നു.

കീടനാശിനി പ്രയോഗത്തിൽ പുലർത്തേണ്ട ജാഗ്രത സംബന്ധിച്ചും കീടനാശിനി വിഷബാധയുണ്ടായാൽ ഏറ്റെടുക്കേണ്ട പ്രാഥമിക ചികിത്സ സംബന്ധിച്ചും ബോധവൽക്കരണ ക്ലാസ്സുകളിൽ വിശദീകരിക്കുന്നുണ്ട്. കീടനാശിനി ഉപയോഗം നിയന്ത്രിക്കുന്നതിനും സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കർഷകർക്കും പൊതുജനങ്ങൾക്കുമുള്ള നിർദ്ദേശങ്ങളടങ്ങിയ ലഘുലേഖകളും കീടനാശിനി ഡീലർ അനുവർത്തിക്കേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ ലഘുലേഖകളും വിതരണം നടത്തിവരുന്നു.

## കൃഷി പുനരുജ്ജീവനത്തിന് പദ്ധതി

11(*131) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിന്റെയും മണ്ണിടിച്ചിലിന്റെയും ഫലമായി സംസ്ഥാനത്തെ കാർഷിക മേഖലയിൽ ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ കൃഷിയുടെ പുനരുജ്ജീവനത്തിന് പദ്ധതി പ്രഖ്യാപിച്ചിരുന്നോ;

(ബി) പുനർജനി എന്ന പേരിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇതിലൂടെ കാർഷിക വികസന മേഖലയിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) സ്ത്രീകൾക്ക് കൃഷിയിൽ അവസരം ഒരുക്കുന്നതിന് ജെൻഡർ സൗഹൃദ പദ്ധതി ആവിഷ്കരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ):

(എ) കേരള പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായുള്ള പദ്ധതിയിൽ 182.76 കോടിരൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആവർത്തിച്ചുണ്ടായ പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്ക് കനത്ത നാശനഷ്ടമാണുണ്ടായിട്ടുള്ളത്. വിവിധ വിളകൾക്കുണ്ടായ നാശനഷ്ടത്തോടൊപ്പം ആസ്തികൾക്കും സർക്കാർ ഫാമുകൾക്കും നാശനഷ്ടമുണ്ടായി. കൂടാതെ മണ്ണിന്റെ ഘടനയിൽ വ്യത്യാസം സംഭവിച്ചതോടൊപ്പം ധാരാളം കർഷകർക്ക് കൃഷിഭൂമിതന്നെ നഷ്ടമാകുന്ന സ്ഥിതിയുമുണ്ടായി. ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷിക മേഖലയുടെ പുനഃസൃഷ്ടിക്കായി അടിയന്തരപ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കി. ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ-കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പുനർജനി പദ്ധതി നടപ്പിലാക്കിയത്.

വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കുമുണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ

പദ്ധതി നിർദ്ദേശങ്ങൾക്ക് 22.19 കോടിരൂപയുടെ പദ്ധതി പാക്കേജിൽ അംഗീകാരം നൽകി. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉല്പാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം, മണ്ണിന്റെ ഫലഭൂയിഷ്ഠത എന്നിവ വർദ്ധിപ്പിക്കുന്നതിനുമായി 2018-19-ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽനിന്നും 43.62 കോടിരൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം നൽകി. ഇപ്രകാരം ആകെ 65.81 കോടിരൂപ പ്രളയാനന്തര പാക്കേജ് പദ്ധതികൾക്ക് അംഗീകാരം നൽകി.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്രസർക്കാരിൽനിന്നും 93.39 കോടിരൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. ഇതിന്റെ ആദ്യ ഗഡുവായി 24.93 കോടിരൂപ കേന്ദ്ര വിഹിതമായും 16.62 കോടിരൂപ സംസ്ഥാന വിഹിതമായും ആകെ 41.55 കോടിരൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് ലഭ്യമാക്കിയിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷം പുനർജനി-പ്രളയാനന്തര കാർഷിക മേഖലയുടെ പുന:സ്ഥാപനം എന്ന പേരിൽ പുതിയ പദ്ധതി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 224.00 ലക്ഷംരൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. 2018, 2019 വർഷങ്ങളിൽ സംഭവിച്ച പ്രളയത്തിന്റെ ഫലമായുണ്ടായ കേടുപാടുകൾ നികത്തുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. തൊഴിലവസരം സൃഷ്ടിക്കുന്നതിനും വരുമാനദായകവുമായ പ്രവർത്തനങ്ങൾ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു.

(ബി) 'പുനർജനി' പദ്ധതിയിലൂടെ പ്രളയാനന്തരം മണ്ണും ചെളിയും അടിഞ്ഞുകൂടിയ പാടശേഖരങ്ങൾ വൃത്തിയാക്കി മണ്ണ് നീക്കംചെയ്ത് കൃഷിയോഗ്യമാക്കി. തോടുകൾ വൃത്തിയാക്കി ജലസേചന സൗകര്യം വർദ്ധിപ്പിച്ചു. പ്രളയാനന്തര മണ്ണിലുണ്ടായ മാറ്റങ്ങൾ മനസ്സിലാക്കുന്നതിന് മണ്ണ് പരിശോധന ക്യാമ്പുകൾ സംഘടിപ്പിച്ച് അതനുസരിച്ച് മണ്ണിൽ ഉപയോഗിക്കേണ്ട കുമ്മായ വസ്തുക്കളുടെയും വളങ്ങളുടെയും വിവരം കർഷകർക്ക് നൽകി. പ്രളയാനന്തരം കീട-രോഗബാധകൾ പൊട്ടിപ്പുറപ്പെട്ട പാടശേഖരങ്ങളിലും മറ്റ് കൃഷിയിടങ്ങളിലും ശാസ്ത്രജ്ഞരുടെ സംഘം സന്ദർശനം നടത്തി പ്രതിവിധി നിർദ്ദേശിച്ചു. ഇപ്രകാരം കീട-രോഗ നിയന്ത്രണത്തിന് ആവശ്യമായ വസ്തുക്കൾ വാങ്ങുന്നതിനും കൃഷിയിടങ്ങളിൽ പ്രയോഗിക്കുന്നതിനുമുള്ള ചെലവ് കൃഷി വകുപ്പുമുഖേന നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികളിലൂടെ നൽകി. കൃഷിഭവൻതലത്തിൽ എലി നശീകരണ ക്യാമ്പയിനുകൾ നടപ്പിലാക്കി. നെൽവിത്ത്, പച്ചക്കറി വിത്തുകൾ, കുരുമുളക് തൈ, വാഴക്കന്ന്, ദീർഘകാല സുഗന്ധവ്യഞ്ജന വിളകൾ

തുടങ്ങിയവയുടെ നടീൽ വസ്തുക്കൾ വിതരണംചെയ്തു. അഗ്രോസർവീസ് സെന്റർ കാർഷിക കർമ്മസേന അംഗങ്ങളും തൊഴിലുറപ്പ് അംഗങ്ങളും ചേർന്ന് പ്രളയത്തിൽ തകർന്ന കൃഷിയിടങ്ങൾ വീണ്ടും കൃഷിയോഗ്യമാക്കി. കേടുപാട് സംഭവിച്ച യന്ത്രോപകരണങ്ങളും പമ്പ് സെറ്റുകളും റിപ്പയർ ചെയ്തു.

(സി) സ്ത്രീകൾക്കുവേണ്ടി ഭക്ഷ്യവിള പ്രോത്സാഹനത്തിനുള്ള പദ്ധതികളിൽ അർഹരായ അപേക്ഷകരുള്ളപക്ഷം ഗുണഭോക്താക്കളുടെ എണ്ണത്തിൽ 33 ശതമാനം വരെ നീക്കിവച്ചിട്ടുണ്ട്. കൃഷി വകുപ്പുമുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികളായ പച്ചക്കറി വികസനം, ഹൈടെക് അഗ്രികൾച്ചർ തുടങ്ങിയ പദ്ധതികളിൽ സ്ത്രീകളുടെ പങ്കാളിത്തം കൂടുതലായുണ്ട്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, മട്ടുപ്പാവിലെ കൃഷി, മഴ മറ കൃഷി എന്നിവയിലും പോളിഹൗസ് കൃഷി, ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകൾ സ്ഥാപിക്കൽ എന്നീ പദ്ധതികളിൽ സ്ത്രീപങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്. 2020-2021 വർഷത്തിലെ 'ജെണ്ടർ ആൻഡ് ചൈൽഡ് ' ബഡ്ജറ്റിൽ ഭക്ഷ്യവിള ഉത്പാദനത്തിനുള്ള പദ്ധതികളിൽനിന്നും 6302.34 ലക്ഷംരൂപയും ജൈവകൃഷിയും ഉത്തമ കൃഷി മുറകളും എന്ന പദ്ധതിക്ക് 16.2 ലക്ഷംരൂപയും കാർഷിക സേവന കേന്ദ്രങ്ങളും മേഖലകളിൽ സേവനം എത്തിക്കലും എന്ന പദ്ധതിക്ക് 82.05 ലക്ഷംരൂപയും പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനത്തിന് 781.25 ലക്ഷംരൂപയും വകയിരുത്തിയിട്ടുണ്ട്.

**സാങ്കേതിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള കോളേജുകൾ**

12(*132) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള ഭൂരിപക്ഷം കോളേജുകൾക്കും നിലവാരമില്ലെന്ന് അക്കാദമിക് കൗൺസിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ കണ്ടെത്തലിനോട് ഗവേണേഴ്സ് ബോർഡ് വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ;

(സി) സ്വാശ്രയ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) സാങ്കേതിക സർവ്വകലാശാലയുടെ കീഴിൽ 9 സർക്കാർ, 3 എയ്ഡഡ്, 137 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുണ്ട്. ഇതിൽ 33 കോളേജുകളുടെ പ്രോഗ്രാമുകൾക്ക് NBA അക്രെഡിറ്റേഷൻ കിട്ടിയിട്ടുണ്ട്. ബാക്കിയുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനായി എല്ലാ കോളേജുകളും അക്രെഡിറ്റേഷന് വിധേയമാക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനം, ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനജനകമായ ക്യാമ്പസ് അന്തരീക്ഷം എന്നിവ നടപ്പാക്കിവരുന്നുണ്ട്. ഗവേഷണ/പരിശീലന പദ്ധതികൾ സംഘടിപ്പിച്ചുവരുന്നതിന്റെ ഭാഗമായി വ്യാവസായിക രംഗത്തെ വിദഗ്ധരുടെയും സാങ്കേതിക വിദഗ്ധരുടെയും നേതൃത്വത്തിലുള്ള പരിശീലന പരിപാടികളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. അദ്ധ്യാപകർക്ക് നൂതന സാങ്കേതിക വിദ്യകളിൽ പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു. അന്താരാഷ്ട്ര സെമിനാറുകളും കോൺക്ലേവുകളുംവഴി നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള അവബോധം ക്യാമ്പസുകളിൽ എത്തിക്കുന്നുണ്ട്.

ASAP-ന്റെ സഹായത്തോടുകൂടി സാങ്കേതിക നൈപുണ്യ വികസനത്തിനായുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ അധീനതയിലുള്ള കോളേജുകളിൽ പഠന ബോധന പ്രക്രിയയുടെ ഗുണനിലവാരം വിലയിരുത്തുന്നതിനായി 2015-16 അധ്യയന വർഷം മുതൽ അക്കാദമിക് ഓഡിറ്റിംഗ് നടത്തിവരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ പശ്ചാത്തല സൗകര്യ വികസനം ഉൾപ്പെടെയുള്ള സമഗ്ര വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ സർക്കാർ തീരുമാനം പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്.

പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ലൈബ്രറി പുസ്തകങ്ങളും നിലവിലുള്ള ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങളും മെഷീനറികളും ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇന്റർ ഡിസിപ്ലിനറി റിസർച്ച്, സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകളും പ്രൊഡക്ഷൻ & ട്രെയിനിംഗ് സെന്ററുകളുംവഴി പ്രായോഗിക സംരംഭകത്വ പരിശീലനം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നു. ഗവേഷണ പ്രവർത്തനങ്ങളോടൊപ്പം പേറ്റന്റ് പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നുണ്ട്.

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സ്വാശ്രയസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

2) ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം ലക്ഷ്യമിട്ടാണ് സംസ്ഥാനത്ത് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ആൾ കേരള ഹയർ എഡ്യുക്കേഷൻ സർവ്വേ ആരംഭിച്ചിരിക്കുന്നത്.

3) ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധനയായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഭാവനാപൂർണ്ണമായ പദ്ധതിയാണ് 'എറുഡൈറ്റ് ' അഥവാ 'Scholar in Residence Scheme'. ദേശീയ/അന്തർദേശീയതലത്തിൽ പ്രശസ്തിയാർജ്ജിച്ച, നൊബേൽ സമ്മാന ജേതാക്കളടക്കമുള്ള പ്രമുഖരെ സംസ്ഥാനത്തെ സർവ്വകലാശാലകളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമെത്തിച്ച് അവരുമായി സംവദിക്കാൻ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അവസരമൊരുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

## കാർഷിക മേഖലയിൽ കേന്ദ്ര സഹായം

13(*133) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ കേന്ദ്രസഹായം ലഭിക്കുന്നതിനായി കേന്ദ്ര സർക്കാർ നിർദ്ദേശിച്ച നിയമങ്ങൾ പാസ്സാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ):

(എ&ബി) കാർഷിക മേഖലയിൽ കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ നിർദ്ദേശിച്ച നിയമങ്ങൾ പാസ്സാക്കണമെന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല.

എന്നാൽ കാർഷിക വ്യവസായമുള്ള കർഷകരുടെ ഐക്യത്തിനും കാർഷിക ഉൽപ്പന്നങ്ങളുടെ മികച്ച വില നിശ്ചയം ഉറപ്പാക്കുന്നതിനും വിളവെടുപ്പ് നഷ്ടങ്ങൾ കുറയ്ക്കുന്നതിനും ഗ്രാമീണ മേഖലയിൽ തൊഴിൽ ലഭ്യത സൃഷ്ടിക്കുന്നതിനുമായി കേന്ദ്ര കൃഷിമന്ത്രാലയത്തിന്റെ Model Contract Farming Act 2018 അഥവാ State/UT Agricultural Produce and Livestock Contract Farming (Promotion & Facilitation) Act, 2018 നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആവശ്യപ്പെട്ടിരുന്നതിന് കേരളത്തിൽ കൃഷി മേഖലയിലെ വികസനത്തിനായി കർഷകർ, കാർഷിക സംഘടനകൾ, പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്നും Model Contract Farming Act, 2018 സംസ്ഥാനത്തിന് ദോഷകരമായിരിക്കുമെന്ന് വിലയിരുത്തപ്പെട്ടതിനാൽ കേരള സർക്കാർ നടപ്പിലാക്കേണ്ടതില്ല എന്നും തീരുമാനമെടുത്തിട്ടുള്ളതായി 7-9-2019-ലെ കത്ത് പ്രകാരം കേന്ദ്ര കൃഷി മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്.

Agricultural Produce and Livestock Marketing Promotion & Facilitation Act, 2017-ഉം Model Agricultural Land Leasing Act 2016-ഉം കേരളത്തിൽ ഇവിടുത്തെ സാഹചര്യത്തിനനുസൃതമായി നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

### മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിന് നടപടി

14(*134) ശ്രീ. ബി. സത്യൻ :
ശ്രീ. പി. ഉണ്ണി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ കാലവർഷ സമയത്തും കൊതുക്, എലി, മറ്റു ജന്തുക്കൾ എന്നിവ പരത്തുന്ന വൈറസ് രോഗങ്ങൾ വ്യാപകമാകുന്നത് കണക്കിലെടുത്ത് ജൈവ-

അജൈവ മാലിന്യനിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ വേണ്ട ഇടപെടലുകൾ ഉണ്ടാകുമോ;

(ബി) ആരോഗ്യവകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ശുചിത്വസമിതികൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; ഇവയുടെ പ്രവർത്തന ലക്ഷ്യങ്ങൾ അറിയിക്കാമോ;

(സി) വ്യാപാര സ്ഥാപനങ്ങൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനം ജനകീയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) മഴക്കാലത്ത് വ്യാപകമാകുന്ന പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനുൾപ്പെടെ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനും അജൈവ മാലിന്യങ്ങൾ പ്രത്യേകം തരംതിരിച്ച് ശേഖരിച്ച് സാധ്യമായവയെ പുനഃചംക്രമണത്തിന് കൈമാറുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ഉദ്യോഗസ്ഥ വിഭാഗത്തെ ശാക്തീകരിക്കുന്നതിനും പൊതുജനങ്ങളിൽ പകർച്ചവ്യാധി പ്രതിരോധം സംബന്ധിച്ച അവബോധംരൂപപ്പെടുത്തുന്നതിനും പരിസര ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലേയ്ക്കുമായി "ആരോഗ്യസുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം" എന്നപേരിൽ കർമ്മപദ്ധതി തയ്യാറാക്കി 5-2-2020-ലെ 46/ഡി.സി1/2020/ത.സ്വ.ഭ.വ. നമ്പർ സർക്കുലർപ്രകാരം ആയത് സംബന്ധിച്ച മാർഗ്ഗനിർദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പ് "ആരോഗ്യ ജാഗ്രത" എന്ന പേരിൽ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളെയും ശുചിത്വമിഷൻ, ഹരിത കേരള മിഷൻ, കുടുംബശ്രീ തുടങ്ങിയവയെയും ഉൾപ്പെടുത്തി ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായിട്ടാണ് പകർച്ചവ്യാധി പ്രതിരോധ യജ്ഞം സംഘടിപ്പിച്ചു വരുന്നത്.

ഈ വർഷത്തെ ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം 2020 ജനുവരി 23-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരത്ത് നിർവ്വഹിക്കുകയുണ്ടായി. തുടർന്ന് ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരുടെ

നേതൃത്വത്തിൽ ജില്ലാതല ഉദ്ഘാടനങ്ങളും തുടർപ്രവർത്തനങ്ങളും പ്രവർത്തന കലണ്ടർ പ്രകാരം നടത്തിവരുന്നു. ഇത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വാർഡ്/പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ/ജില്ലാ/സംസ്ഥാനതലങ്ങളിൽ അവലോകന യോഗങ്ങൾ സമയബന്ധിതമായി നടത്തിവരുന്നുണ്ട്. മാലിന്യനിർമ്മാർജ്ജനം, കൊതുകിന്റെ ഉറവിട നശീകരണം, കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ, പകർച്ചവ്യാധി പ്രതിരോധ/നിയന്ത്രണ ബോധവൽക്കരണം തുടങ്ങിയവ ഉറപ്പാക്കുന്നതിനുള്ള പ്രത്യേക ക്യാമ്പയിനുകൾ (യജ്ഞങ്ങൾ) ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാർഡ്തല ശുചിത്വ പോഷണ സമിതികളുടെ നേതൃത്വത്തിൽ ആരോഗ്യ സേനാംഗങ്ങൾ വാർഡ് തലത്തിലും ഗൃഹ/സ്ഥാപനതലത്തിലും സന്ദർശനം നടത്തി പ്രവർത്തനങ്ങൾ തുടർന്നുവരുന്നു.

(ബി) ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ രൂപീകരിച്ചിട്ടുള്ള വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതികൾ നിലവിലുണ്ട്. ഇവയെ ശാക്തീകരിച്ച് ആവശ്യമായ ഫണ്ടും ലഭ്യമാക്കി പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇത്തരം സമിതികളുടെ നേതൃത്വത്തിൽ ആരോഗ്യസേനകളെ (ഹെൽത്ത് സ്ക്വാഡ്) നിയോഗിച്ച ഗൃഹസന്ദർശനം, സ്ഥാപന സന്ദർശനം, രോഗനിരീക്ഷണം, കുടിവെള്ള സ്രോതസുകളുടെ ക്ലോറിനേഷൻ, കൊതുക് നിരീക്ഷണം, കൊതുകിന്റെ ഉറവിട നശീകരണം, രോഗം പരത്തുന്ന മറ്റ് ജീവികളുടെ നിരീക്ഷണം, മാലിന്യ നിർമ്മാർജ്ജനം, ബോധവൽക്കരണം, പ്രതിരോധ ചികിത്സ തുടങ്ങിയവ നടത്തി വരുന്നു.

(സി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം" പരിപാടി ആരോഗ്യ വകുപ്പിന്റെ "ആർദ്രം ജനകീയ ക്യാമ്പയിൻ" "ആരോഗ്യ ജാഗ്രത" പരിപാടികൾ എന്നിവ മാലിന്യ നിർമ്മാർജനവും കൊതുക് നശീകരണവും വിവിധ വകുപ്പ്/ഏജൻസികളുടെ സഹകരണത്തോടെയും ജനപങ്കാളിത്തത്തോടെയും നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. വ്യാപാരി വ്യവസായി അസോസിയേഷനുകൾ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങി വിവിധ അസോസിയേഷനുകളുടെ യോഗങ്ങൾ നടത്തി അവരുടെ സഹകരണം ഉറപ്പാക്കുകയും ചെയ്യുന്നു. പ്രതിരോധ ക്യാമ്പയിനുകളുടെ ഭാഗമായി വ്യാപാര സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, വീടുകൾ, ഫ്ലാറ്റുകൾ എന്നിവിടങ്ങളിൽ ആരോഗ്യസേനാ പ്രവർത്തകർ സന്ദർശിച്ച് മാലിന്യനിർമ്മാർജനത്തെക്കുറിച്ചും കൊതുകിന്റെ ഉറവിട നശീകരണത്തെക്കുറിച്ചുമുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. റസിഡൻസ് അസോസിയേഷൻ അംഗങ്ങളും

ആരോഗ്യ സേനാംഗങ്ങളായി പ്രവർത്തിച്ചുവരുന്നുണ്ട്. ആരോഗ്യസംബന്ധമായ ദിന/വാര/മാസ ആചരണങ്ങളിലും ക്യാമ്പയിനുകളിലും ജനപങ്കാളിത്തം ഉറപ്പാക്കുംവിധം വേണ്ട ബോധവൽക്കരണ ക്ലാസുകൾ, റാലികൾ ശില്പശാലകൾ/ ദൃശ്യ-ശ്രവ്യ-പത്ര-സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങൾ തുടങ്ങിയവ ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ച് ചെയ്തുവരുന്നുണ്ട്.

**ചരക്ക വാഹനങ്ങളിലെ ഡ്രൈവർമാരെ സംബന്ധിച്ച കേന്ദ്ര നിർദ്ദേശം**

15(*135) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. സി. കമറുദ്ദീൻ :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ പെർമിറ്റ് ഉള്ള ചരക്ക വാഹനങ്ങൾക്ക് ഒരു ഡ്രൈവർ മാത്രം മതിയെന്ന കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ പുതുക്കിയ നിർദ്ദേശം നടപ്പിൽ വന്നതിനുശേഷം അപകടങ്ങൾ വർദ്ധിക്കുന്നുവെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കണ്ടെയ്നർ ട്രക്ക് ഉൾപ്പെടെയുള്ള ഭാരവാഹനങ്ങളിലെ ഡ്രൈവർമാരെ വിശ്രമമില്ലാതെ ജോലി ചെയ്യിപ്പിക്കുന്നതുവഴി അപകടങ്ങൾ വർദ്ധിക്കുന്ന സാഹചര്യം കണക്കിലെടുത്ത് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ നിർദ്ദേശം പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് സമ്മർദ്ദം ചെലുത്തുവാൻ സർക്കാർ തയ്യാറാകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഇത്തരം ഒരു വിലയിരുത്തൽ നടത്തിയിട്ടില്ല. റോഡപകടങ്ങൾ ക്രമാതീതമായി വർദ്ധിക്കുന്നില്ലായെന്ന് 2019-ലെ SCRB data പരിശോധിക്കുമ്പോൾ ബോധ്യപ്പെടുന്നതാണ്; 2018-ൽ റോഡ് അപകട വർദ്ധന നിരക്ക് 4.4 ശതമാനം ആയിരുന്നത് 2019-ൽ 2.4 ശതമാനം മാത്രമാണ്. ഇന്ത്യയിലാകമാനമുള്ള റോഡപകടങ്ങൾ കണക്കിലെടുക്കുമ്പോൾ അപകട വർദ്ധന നിരക്കിൽ മറ്റ് സംസ്ഥാനങ്ങളെ പരിഗണിച്ചാൽ കേരളം പതിനാറാം സ്ഥാനത്താണ്. അമിത വേഗത, ലഹരി ഉപയോഗിച്ചുള്ള ഡ്രൈവിംഗ്, വിശ്രമമില്ലാതെ അധികസമയം വാഹനമോടിക്കുന്നത് കൊണ്ടുള്ള ക്ഷീണംമൂലം ഡ്രൈവർ ഉറങ്ങിപ്പോകുന്നത് മുതലായവയാണ് അപകടങ്ങൾക്കുള്ള പ്രധാന കാരണങ്ങൾ. 20-2-2020-ന് അവിനാശിലുണ്ടായ വാഹനാപകടത്തിന്റെ

പശ്ചാത്തലത്തിൽ 25-2-2020 തീയതിയിൽ കെ.ആർ.എസ്.എ.-യുടെ ഒരു അടിയന്തരയോഗം കൂടുകയുണ്ടായി. ഈ യോഗത്തിൽ ട്രക്ക് ഡ്രൈവർമാർക്ക് സ്റ്റേറ്റ് ഹൈവേയിലും നാഷണൽ ഹൈവേയിലും ആവശ്യമായ വിവിധതരത്തിലുള്ള സൗകര്യങ്ങളൊരുക്കുന്ന കാര്യവും ഇത്തരത്തിലുള്ള ദീർഘദൂര വാഹനങ്ങളിൽ ബ്ലാക്ക് ബോക്സ് സംവിധാനം പ്രയോജനപ്പെടുത്തുന്ന കാര്യവും ചർച്ച ചെയ്യുകയുണ്ടായി. നിലവിൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് സിസ്റ്റം ഇത്തരം വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ബ്ലാക്ക് ബോക്സ് സംവിധാനം ഘടിപ്പിച്ച് VLTDS ബ്ലാക്ക് ബോക്സിനോടൊപ്പം ഘടിപ്പിക്കുന്ന കാര്യവും പരിഗണിച്ചുവരുന്നു.

(ബി) ദീർഘദൂര അന്തർസംസ്ഥാന റോഡ് ഗതാഗത മേഖലയിൽ ചരക്ക് വാഹനങ്ങൾക്ക് നാഷണൽ പെർമിറ്റ് അനുവദിക്കുന്നതിനുള്ള ഉപാധികളിൽ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ 90 (4) പ്രകാരം അത്തരം വാഹനങ്ങൾക്ക് രണ്ട് ഡ്രൈവർമാർ ഉണ്ടായിരിക്കണമെന്നും ഡ്രൈവറുടെ സീറ്റിന് പുറകിലായി ഒരു ഡ്രൈവർക്ക് വിശ്രമിക്കുന്നതിനുള്ള സീറ്റ് ഉണ്ടായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ, 2018 നവംബർ രണ്ടാം തീയതിയിലെ G.S.R. 1081(E) നമ്പർ വിജ്ഞാപനപ്രകാരം പ്രസ്തുത ചട്ടം എടുത്തുകളഞ്ഞതിനാൽ ഇത്തരം വാഹനങ്ങളിൽ രണ്ട് ഡ്രൈവർമാർ ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ നിലവിലില്ല.

20-2-2020-ന് പുലർച്ചെ തമിഴ്നാട്ടിലെ അവിനാശിയിൽ കണ്ടെയ്നർ ലോറിയിലെ ഡ്രൈവർ ഉറങ്ങിപ്പോയത് കാരണം ലോറി കെ.എസ്.ആർ.ടി.സി. ബസ്സിൽ ഇടിച്ച് രണ്ട് ബസ് ജീവനക്കാരും 17 യാത്രക്കാരും മരണപ്പെട്ട ദാരുണ സംഭവമുണ്ടായ സാഹചര്യത്തിൽ, ദീർഘദൂര അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന വാഹനങ്ങളിൽ രണ്ട് ഡ്രൈവർമാർ ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിൽ പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്.

## ഉന്നതവിദ്യാഭ്യാസരംഗത്ത് കാലാനുസൃതമായ മാറ്റങ്ങൾ

16(*136) ശ്രീ. എം. സ്വരാജ് :

പ്രൊഫ. കെ. യു. അരുണൻ :

ശ്രീ. വി. കെ. പ്രശാന്ത് :

ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്ത് കാലാനുസൃതമായ മാറ്റം സൃഷ്ടിച്ച് വിദ്യാഭ്യാസം സൃഷ്ടിപരമാക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പഠന സമയം പുനഃക്രമീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; അതുവഴി വിദ്യാർത്ഥികൾക്ക് സമയം കൂടുതൽ കാര്യക്ഷമമായി വിനിയോഗിക്കാൻ അവസരം ഉണ്ടാകുകയും തല്പരരായ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിലെടുക്കുന്നതിനും സർക്കാരിന്റെ വിവിധ പദ്ധതികൾക്കായി യുവാക്കളുടെ കർമ്മശേഷിയും വൈദഗ്ദ്ധ്യവും വിനിയോഗിക്കാനും സാധ്യമാകുമെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കാമോ;

(സി) വിദ്യാർത്ഥികൾക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള നൂതന സാങ്കേതികവിദ്യകളിൽ അറിവും വ്യവസായത്തിനാവശ്യമായ തൊഴിൽ വൈദഗ്ദ്ധ്യവും ആർജ്ജിക്കാൻ അവസരം ലഭ്യമാക്കുന്ന തരത്തിൽ നൂതന കോഴ്സുകൾ ആരംഭിക്കാൻ പരിപാടിയുണ്ടോ; വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉന്നതവിദ്യാഭ്യാസരംഗത്ത് കാലാനുസൃതമായ മാറ്റം വരുത്തുന്നതിനായി താഴെപ്പറയുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്നു.

- സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും പ്രവേശന നടപടികൾ ഏകീകരിച്ചിട്ടുണ്ട്.

- യു.ജി.സി. നിർദ്ദേശപ്രകാരം ഔട്ട്കം ബേസ്ഡ് എഡ്യുക്കേഷനും (Out come based education) ഗ്രാജുവേറ്റ് ആട്രിബ്യൂട്ടുകൾക്കും (graduate attributes) ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണം നടന്നുവരുന്നു.

- ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഓൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേയുടെ ഭാഗമായി ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം നടത്തിവരുന്നു.

- ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 407.52 കോടിരൂപയുടെ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

- 2019-20 സാമ്പത്തിക വർഷം കോളേജ് വിദ്യാഭ്യാസ വകുപ്പിൻകീഴിൽ 60 കോടിരൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

- സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ലൈബ്രറികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 7.25 കോടിരൂപ അനുവദിച്ചിട്ടുണ്ട്.

- പുതിയ കാലഘട്ടത്തിനനുസൃതമായി കോഴ്സുകളുടെ ആധുനികവൽക്കരണം നടപ്പിലാക്കിവരുന്നു.

- സാങ്കേതിക സർവ്വകലാശാല കരിക്കുലം ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷൻ മാതൃകയിൽ കാലാനുസൃതമായി പരിഷ്കരിച്ചുകഴിഞ്ഞു.

- സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ അക്കാദമിക അന്തരീക്ഷം മികവുറ്റതാക്കാൻ 1050 ലക്ഷംരൂപയ്ക്ക് സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്.

- നൈപുണ്യവികസനം, ഗവേഷണ സഹായം എന്നിവയ്ക്കായി 2019-20 സാമ്പത്തിക വർഷം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് 135 ലക്ഷംരൂപ അനുവദിച്ചിട്ടുണ്ട്.

- കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ ലൈവ് സ്ട്രീമിംഗിനും ഓൺലൈൻ ക്ലാസ്സുകൾക്കുമായി മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ [ORICE-Online Resource Initiative of Collegiate Education] സ്ഥാപിച്ചിട്ടുണ്ട്.

- വിദ്യാർത്ഥികൾക്കുണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതിനായി 2019-20 സാമ്പത്തിക വർഷം "Jeevani-College Mental Awareness Programme" എന്ന പദ്ധതി 67 ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടപ്പിലാക്കി.

- റൂസ ഒന്നാംഘട്ട പദ്ധതിപ്രകാരം ആറ് സർവ്വകലാശാലകളിൽ 20 കോടിരൂപ വീതവും രണ്ടാംഘട്ടത്തിന്റെ ഭാഗമായി രണ്ട് സർവ്വകലാശാലകൾക്ക് 50 കോടിരൂപ വീതവും അടിസ്ഥാനസൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുണ്ട്.

- സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകളിൽ AICTE അക്രെഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

- അന്തർദേശീയ, ദേശീയ ഇ-ജേർണലുകൾ ലഭ്യമാക്കിയും ഡിജിറ്റൽ/ഇ-ലൈബ്രറികൾ സ്ഥാപിച്ചും അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

- ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, ആർട്സ് ആൻഡ് സയൻസ് കോളേജുകൾ എന്നിവയിൽ പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ലൈബ്രറി പുസ്തകങ്ങളും ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങളും മെഷീനറികളും ഫർണിച്ചറുകളും വാങ്ങിയിട്ടുണ്ട്.

- കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റീയൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൺഹിൽ എഞ്ചിനീയറിംഗ് കോളേജുകളിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിംഗ് ലാബ്, തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്റർ, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, എനർജി ആൻഡ് എൻവയോൺമെന്റ് എന്നിവയും സ്ഥാപിച്ചിട്ടുണ്ട്.

- എഞ്ചിനീയറിംഗ് കോളേജുകളിൽ സ്വകാര്യ മേഖലയുടെ (BOSCH, Mercedes Benz തുടങ്ങിയവരുടെ) പങ്കാളിത്തത്തോടെ ആധുനിക സാങ്കേതികവിദ്യയിൽ പരിശീലന പരിപാടികളും നടത്തിവരുന്നു.

- CET-SAT എന്ന ഉപഗ്രഹ വിക്ഷേപണത്തിന്റെ പ്രാഥമിക പ്രവൃത്തികൾ പുരോഗമിക്കുന്നു.

- എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രോഡക്റ്റ് ഡിസൈൻ ഡെവലപ്മെന്റ് സെന്ററും ഹൈ പെർഫോമൻസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും സ്ഥാപിച്ചു.

- സർവ്വകലാശാലകൾ വിവിധ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

- നൂതന ബോധന രീതികൾ, MOOC കോഴ്സുകൾ എന്നിവ നടത്തിവരുന്നു.

(ബി) പഠനസമയം പുന:ക്രമീകരണം സർവ്വകലാശാലകൾ ചർച്ചചെയ്ത് അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും കുട്ടികളുടെയും സമന്വയത്തിലൂടെ നടപ്പാക്കാവുന്നതാണ്.

(സി) ഉണ്ട്. നിർമ്മിതബുദ്ധി മേഖലയിൽ വർദ്ധിച്ചുവരുന്ന തൊഴിൽ സാധ്യത കണക്കിലെടുത്ത് പ്രസ്തുത വിഷയത്തിന്റെ അടിസ്ഥാന തത്വങ്ങൾ അനുബന്ധമായി എഞ്ചിനീയറിംഗ് വിഷയത്തിന്റെ ബിരുദാനന്തര ബിരുദ പാഠ്യപദ്ധതിയിൽ സ്പെഷ്യലൈസേഷനായി ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ കാലഘട്ടത്തിനനുയോജ്യമായ M.Tech. In Robotics & Automation Engineering, M.Arch in Environmental Design എന്നീ കോഴ്സുകൾ തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആരംഭിക്കുന്നിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പോളിടെക്നിക് മേഖലയിൽ നൂതന സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി അതിനനുയോജ്യമായ വിധത്തിൽ അഞ്ചുവർഷത്തിലൊരിക്കൽ സിലബസ് പരിഷ്കരിക്കുന്നുണ്ട്.

## കാർഷിക മേഖലയിൽ സംസ്ഥാനത്തിന്റെ വളർച്ചാ നിരക്ക്

17(*137) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭവും കാർഷിക വിളകളുടെ വിലയിലുണ്ടാകുന്ന വ്യതിയാനങ്ങളും കാർഷിക മേഖലയുടെ പ്രവർത്തനത്തെയാകെ ദോഷകരമായി ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ കാർഷിക മേഖലയുടെ പങ്ക് കുറഞ്ഞുവരികയാണെന്നത് വസ്തുതയാണോ; ഇത് കാർഷിക സമ്പദ് വ്യവസ്ഥാ സംസ്ഥാനം എന്നതിൽനിന്നുള്ള വ്യതിയാനത്തെയാണോ സൂചിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കൃഷിഭൂമിയുടെ വിസ്തൃതി വർഷംതോറും കുറഞ്ഞുവരുന്ന സാഹചര്യത്തിൽ സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനായി കൃഷിയിലെ ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) കാർഷിക മേഖലയിൽ സംസ്ഥാനത്തിന്റെ വളർച്ചാ നിരക്ക് 2018-19 ൽ അതിനു മുൻവർഷത്തെ അപേക്ഷിച്ച് നെഗറ്റീവ് ആയി എന്നത് ഈ മേഖലയിൽ ഉണ്ടായ തളർച്ചയുടെ പ്രതിഫലനമാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ):

(എ) പ്രകൃതിക്ഷോഭവും കാർഷികവിളകളുടെ വിലയിലുണ്ടാകുന്ന വ്യതിയാനങ്ങളും കാർഷികമേഖലയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 2018-2019-ലെ പ്രകൃതിക്ഷോഭംമൂലം സംസ്ഥാനമൊട്ടാകെ കാർഷിക മേഖലയ്ക്ക് 19001.84 കോടിരൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. 2019-ലെ വരൾച്ചയിലും വേനൽ മഴയിലുമായി 2562 ഹെക്ടർ കൃഷി നശിക്കുകയും 82 കോടിരൂപയുടെ നാശനഷ്ടമുണ്ടാകുകയും ചെയ്തിട്ടുണ്ട്. 2019-2020-ലെ പ്രകൃതിക്ഷോഭംമൂലം 1-6-2019 മുതൽ 2-3-2020 വരെ 2268.53 കോടിരൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്.

വില വ്യതിയാനം എല്ലാകാലത്തും കാർഷികോൽപ്പന്നങ്ങൾ നേരിടുന്ന പ്രശ്നമാണ്. വിലയിലുണ്ടാകുന്ന കുറവ് സ്വാഭാവികമായും കർഷകരെ ദോഷകരമായി ബാധിക്കുന്ന ഘടകമാണ്. ഈ പ്രവണതയെ നിയന്ത്രിക്കുന്നതിന് കൃഷിവകുപ്പ് കാര്യക്ഷമമായി വിപണിയിൽ ഇടപെട്ടുവരുന്നുണ്ട്.

(ബി) കാർഷിക വിളകളുടെ 2014-15 വർഷം മുതൽ 2018-19 വർഷം വരെയുള്ള മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ വിഹിതം കാർഷിക മേഖലയുടെ പങ്ക് കുറഞ്ഞുവരുന്നതാണെന്നുള്ള വസ്തുതയെ സൂചിപ്പിക്കുന്നു.

(സി) ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്കുപുറമെ സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനായി ഗുണമേന്മയുള്ള ഉത്പാദനോപാധികൾ ലഭ്യമാക്കുന്നതിന് കൃഷിവകുപ്പ് ശ്രദ്ധിക്കുന്നു. കൂടാതെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. കാർഷിക രംഗത്തെ സാങ്കേതികവിദ്യ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതിയും കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സാധ്യമാക്കുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർധനവിനും വിപണനത്തിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നു.

(ഡി) കഴിഞ്ഞ ഏതാനും വർഷങ്ങളിലെ കാർഷിക വളർച്ചാ നിരക്ക് താഴെപ്പറയും പ്രകാരമാണ്.

| വർഷം | വളർച്ചാ നിരക്ക് |
|---|---|
| 2012-13 | 1.43 |
| 2013-14 | -6.43 |
| 2014-15 | 0.02 |
| 2015-16 | -5.1 |
| 2016-17 | 0.65 |
| 2017-18 | 1.72 |
| 2018-19 | -0.52 |

2013-14-ൽ വളർച്ചാ നിരക്ക് -6.43 ശതമാനവും 2014-15-ൽ 0.02 ശതമാനവും 2015-16-ൽ -5.10 ശതമാനവുമായിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ എത്തിയ ഉടൻതന്നെ സ്വീകരിച്ച നടപടികളെത്തുടർന്ന് കാർഷിക മേഖലയിൽ ഉണർവ് ഉണ്ടാവുകയും വളർച്ചാ നിരക്ക് പോസിറ്റീവ് ആകുകയും ചെയ്തു. 2016-17-ൽ 0.65 ശതമാനവും 2017-18-ൽ 1.72 ശതമാനവും ആയി വർദ്ധിച്ചു. 2017 അവസാനമുണ്ടായ കൊടിയ വരൾച്ച, ഓഖി ചുഴലിക്കാറ്റ് എന്നിവമൂലം വ്യാപകമായി കൃഷിനാശമുണ്ടാവുകയും 2018-ൽ ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ മഹാപ്രളയവും 2019-ലുണ്ടായ തുടർ പ്രളയവുംനിമിത്തം കാർഷിക ഉത്പാദനത്തിൽ ഗണ്യമായ കുറവുണ്ടാവുകയും അടിസ്ഥാന മേഖലയിൽ ഉൾപ്പെടെ കാര്യമായ നാശനഷ്ടമുണ്ടാവുകയും ചെയ്തു. പ്രളയംമൂലം മാത്രം 21250 കോടിരൂപയുടെ നാശനഷ്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്. കൃഷിനാശവും കേന്ദ്ര നയംമൂലം വാണിജ്യത്തോട്ടവിളകൾക്ക് പ്രത്യേകിച്ച് റബ്ബറിനുണ്ടായ വിലത്തകർച്ചയുംമൂലം മൊത്തം കാർഷിക വരുമാനത്തിൽ കുറവുണ്ടാവുകയും ഇതുമൂലം 2018-19-ലെ വളർച്ചാ നിരക്കിൽ നേരിയ തോതിലുള്ള കുറവുണ്ടാവുകയും ചെയ്തു. കർഷക ക്ഷേമം ഉറപ്പാക്കുന്നതിനും കൃഷി ചെയ്യുന്നതിനുള്ള സഹായം യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നതിനും ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചതിനെത്തുടർന്നാണ് കാർഷിക മേഖലയിലെ പ്രതിസന്ധിയെ അതിജീവിക്കാൻ സാധിച്ചത്.

## ജൈവ മാർഗ്ഗങ്ങൾ അവലംബിച്ചുള്ള മണ്ണുസംരക്ഷണവും പച്ചക്കറി കൃഷിയും

18(*138) ശ്രീ. ഒ. ആർ. കേളു :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം കൊണ്ടുണ്ടാകുന്ന പ്രകൃതി പ്രതിഭാസങ്ങളുടെ ആഘാതം ലഘൂകരിക്കുന്നതിന് ജൈവ മാർഗ്ഗങ്ങൾ അവലംബിച്ചുള്ള മണ്ണുസംരക്ഷണ പ്രവർത്തനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ;

(ബി) മണ്ണുസംരക്ഷണത്തോടൊപ്പം കാർഷിക വരുമാനംകൂടി ഉറപ്പാക്കുന്ന ഫലവൃക്ഷങ്ങളാണോ ഈ പ്രവൃത്തിയുടെ ഭാഗമായി നട്ടുപിടിപ്പിക്കുന്നതെന്നറിയിക്കുമോ;

(സി) പച്ചക്കറിയുല്പാദനത്തിലും ഫലോല്പാദനത്തിലും സ്വയംപര്യാപ്തത കൈവരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ കൈവരിക്കാനായ നേട്ടം വിശദമാക്കാമോ;

(ഡി) വരൾച്ചയും പ്രളയവും പച്ചക്കറി കൃഷിക്ക് ഏല്പിച്ച ആഘാതം അതിജീവിക്കാനായി നടത്തിയ ഇടപെടലുകൾ എന്തെല്ലാമായിരുന്നെന്ന് അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കാലാവസ്ഥാ വ്യതിയാനംകൊണ്ടുണ്ടാകുന്ന പ്രകൃതി പ്രതിഭാസങ്ങളുടെ ആഘാതം ലഘൂകരിക്കുന്നതിനായി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് വിവിധ ജൈവ കാർഷിക മാർഗ്ഗങ്ങളായ പുല്ലുവച്ചുപിടിപ്പിക്കൽ, ഫലവൃക്ഷത്തൈ നടീൽ, കാർഷിക വനവൽക്കരണം എന്നിവ വിവിധ നീർത്തട പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. നീർത്തട ആവാസ വ്യവസ്ഥയിൽ ജൈവ സമ്പത്തിന്റെ വർദ്ധനമൂലം അന്തരീക്ഷത്തിലെ കാർബൺ ആഗിരണം ചെയ്യുവാനും തദ്വാര ഹരിത ഗൃഹ വാതകങ്ങൾമൂലം ആഗോള താപനിലയിൽ വരുന്ന വ്യതിയാനം ലഘൂകരിക്കുന്നതിനും സാധ്യമാകുന്നു. മണ്ണിടിച്ചിൽ ബാധിത പ്രദേശങ്ങളിലെ ചരിവുകളിൽ മണ്ണൊലിപ്പ് തടയുന്നതിനായി സസ്യങ്ങളും ഫലവൃക്ഷത്തൈകളും വച്ചുപിടിപ്പിച്ച് മണ്ണിനെ ബലപ്പെടുത്തുന്നതിനായുള്ള പ്രവൃത്തി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് നിർവ്വഹിച്ചുവരുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലമുള്ള പ്രശ്നങ്ങൾ നേരിടുന്നതിനായി കേരളത്തിലെ കാർഷിക മേഖലയെ 5 കാർഷിക പരിസ്ഥിതി മേഖലകളായും 23 കാർഷിക പരിസ്ഥിതി യൂണിറ്റുകളായും തിരിച്ചിട്ടുണ്ട്. അനുയോജ്യമായ കാർഷിക പ്രവർത്തനങ്ങൾ യൂണിറ്റ് അടിസ്ഥാനത്തിൽ അനുവർത്തിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് നീർത്തടാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രാദേശികമായി അനുയോജ്യമായതും പ്രാദേശികാടിസ്ഥാനത്തിൽ ലഭ്യമായതുമായ തനത് ചെടികളും ഫലവൃക്ഷങ്ങളുമാണ് നട്ടുപിടിപ്പിക്കുന്നത്. ആയതിലൂടെ പദ്ധതി പ്രദേശത്തെ ഗുണഭോക്താക്കൾക്ക് അധിക വരുമാനം ഉറപ്പാക്കുവാനും സാധിക്കുന്നു.

(സി) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. സംസ്ഥാനത്ത് നാഷണൽ സാമ്പിൾ സർവേയുടെ കണക്കുകൾപ്രകാരം പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായിവരുന്നത്. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടിലും ഉത്പാദിപ്പിക്കുവാൻവേണ്ട ബോധവൽക്കരണം ഉത്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കാൻ സർക്കാർ പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിക്കാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ വിജയകരമായി നടപ്പാക്കുക വഴി ഓരോ വർഷത്തിലും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം കൂട്ടുന്നതിനും അതുവഴി പച്ചക്കറിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

2017-18-ൽ സംസ്ഥാനത്ത് 69047 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്ത് 10.01 ലക്ഷം മെട്രിക് ടൺ പച്ചക്കറിയും 2018-19 സാമ്പത്തിക വർഷം 82166.55 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തു 12.12 ലക്ഷം മെട്രിക് ടൺ പച്ചക്കറിയും ഉത്പാദിപ്പിച്ചിട്ടുണ്ട്. 2019-2020 വർഷത്തിൽ പച്ചക്കറി കൃഷി 96000 ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനും ഉത്പാദനം 15.08 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുന്നതിനും ലക്ഷ്യമിട്ട് പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ സംസ്ഥാനത്തെ പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തതമാക്കുക എന്ന ലക്ഷ്യത്തോടുകൂടി കൃഷിവകുപ്പ് 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം നീണ്ടുനിൽക്കുന്ന "ജീവനി- നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പുതിയ പദ്ധതി കൃഷി വകുപ്പ്, ആരോഗ്യ വകുപ്പ്, ഭക്ഷ്യസുരക്ഷാ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ആവിഷ്കരിച്ചുനടപ്പിലാക്കിവരുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുവാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കുവാനും ലക്ഷ്യമിടുന്നു. ഇതിനായി 21 ഇന പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തരം 2018-2019, 2019-2020-ലെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിലുൾപ്പെടുത്തി ഹെക്ടർ ഒന്നിന് ഇരുപതിനായിരംരൂപ ധനസഹായം നൽകിക്കൊണ്ട് 901.39 ഹെക്ടർ സ്ഥലത്ത് സങ്കരയിനം പച്ചക്കറിയുടെ വിലവിസ്തൃതി നടപ്പിലാക്കിയിട്ടുണ്ട്. 2018-19-ലെ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി "പച്ചക്കറിയുടെ വിളവിസ്തൃതി വ്യാപനവും മൂല്യവർധനവും" എന്ന പദ്ധതിപ്രകാരം ഇടുക്കി, വയനാട് ജില്ലകളിൽ 2744 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്.

വി.എഫ്.പി.സി.കെ. മുഖേന പച്ചക്കറി കൃഷി വ്യാപനത്തിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി നടപ്പുസാമ്പത്തിക വർഷത്തിൽ 700 ലക്ഷംരൂപ വകയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഫല ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത

ഫല ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി വയനാട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ ഫ്രൂട്ട് വില്ലേജ് പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതിയിലൂടെ കർഷകർക്ക് ഉയർന്ന മൂല്യമുള്ള പഴവർഗ്ഗ വിളകൾ കൃഷി ചെയ്യുവാനും അതുവഴി വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഈ പദ്ധതിയിലൂടെ അവക്കാഡോ, റംബൂട്ടാൻ, പാഷൻ ഫ്രൂട്ട്, മാങ്കോസ്റ്റീൻ, ലിച്ചി, പപ്പായ എന്നീ ഉയർന്ന മൂല്യമുള്ള പഴവർഗ്ഗങ്ങളുടെ വ്യാപനമാണ് ലക്ഷ്യമിടുന്നത്. നടപ്പുസാമ്പത്തിക വർഷത്തിൽ 90 ഹെക്ടർ സ്ഥലത്ത് ഫ്രൂട്ട് വില്ലേജ് പദ്ധതി നടപ്പിലാക്കിവരുന്നു.

2020 ജൂൺ മാസം മുതൽ ഒരു കോടി ഫലവൃക്ഷതൈകളും ഗുണമേന്മയുള്ള നടീൽ വസ്തുക്കളും വിതരണം നടത്തുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ., സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, എം.എൻ.ആർ.ഇ.ജി.എസ്., കുടുംബശ്രീ തുടങ്ങിയ നിർവ്വഹണ ഏജൻസികൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്.

2018-19, 2019-2020-ലെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മുഖാന്തരം പഴവർഗ്ഗങ്ങളായ സ്ട്രോബറി, വാഴ കൃഷി, കൈതചക്ക, വാഴ (ടിഷ്യൂക്കൾച്ചർ), പപ്പായ, മാവ്, പ്ലാവ്, കശുമാവ് എന്നിവയുടെ വിളവിസ്തൃതി വ്യാപനത്തിന് ധനസഹായം നൽകിവരുന്നു. കൂടാതെ, രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി 3375.009 ഹെക്ടറിൽ വാഴയുടെ വിളവിസ്തൃതി വ്യാപനവും 996.6 ഹെക്ടറിൽ കൈതചക്കയുടെ വിളവിസ്തൃതി വ്യാപനവും 14.96 ഹെക്ടറിൽ മാവിന്റെ വിളവിസ്തൃതി വ്യാപനത്തിനും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ഡെവലപ്മെന്റ് ഓഫ് ഫ്രൂട്ട് പദ്ധതിയിൽ വി.എഫ്.പി.സി.കെ. മുഖേന നല്ലയിനം ടിഷ്യൂകൾച്ചർ വാഴതൈകൾ 50 ശതമാനം സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുവാൻ ലക്ഷ്യമിടുന്നു.

(ഡി) 2018-19 വർഷത്തിൽ അപ്രതീക്ഷിതമായി ഉണ്ടായ പ്രളയംമൂലം സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കിവന്ന പദ്ധതിയിൽ പച്ചക്കറി വിള വിസ്തൃതിയുടെ ഏകദേശം 70% മുതൽ 75% വിളനാശം സംഭവിക്കുകയുണ്ടായി. ഈ സ്ഥിതിയിൽനിന്നും കർഷകരെ പുനരുജ്ജീവിപ്പിക്കുന്നതിന് 'പുനർജ്ജനി' എന്ന പേരിലുള്ള പദ്ധതി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതും ടി പദ്ധതിയിൽ ഉൾപ്പെടുത്തി 1 കോടി പച്ചക്കറി തൈകളും 77 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്.

ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, ആഗ്രോസർവ്വീസ് സെന്റർ-കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പുനർജനി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പ്രളയാനന്തരം അടിയന്തരമായി അനുവർത്തിക്കേണ്ട കാർഷിക മുറകളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം നടത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാന കേന്ദ്രം എന്നിവിടങ്ങളിൽ ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി ക്ലാസ്സുകളും സെമിനാറുകളും പ്രായോഗിക പ്രദർശനങ്ങളും സംഘടിപ്പിച്ചിരുന്നു.

വരൾച്ചയും പ്രളയവും പച്ചക്കറി കൃഷിക്ക് ഏൽപ്പിച്ച ആഘാതം അതിജീവിക്കാനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മുഖാന്തരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ സ്പെഷ്യൽ പാക്കേജ് പദ്ധതി നടപ്പിലാക്കിവരുന്നു.

## കാർഷിക വായ്പയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

19(*139) ശ്രീ. എസ്. ശർമ്മ :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യാടിസ്ഥാനത്തിൽ കൃഷി വികസിപ്പിക്കുന്നതിന് കർഷകരുടെ പ്രധാന ആശ്രയമായ വായ്പ, പ്രകൃതി പ്രതിഭാസങ്ങളാലുള്ള വിള നഷ്ടംകൊണ്ടും വിലത്തകർച്ചകൊണ്ടും പലപ്പോഴും കുരുക്കായിത്തീരുന്ന സാഹചര്യത്തിൽ കർഷകരെ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ;

(ബി) കൃഷിസ്ഥലം സർഫാസി നിയമത്തിന്റെ പരിധിയിൽ വരുന്നില്ലെങ്കിലും ഭൂമിയുടെ രേഖകളിൽ നിലമെന്നും പാടമെന്നും രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ബാങ്കുകൾ ഈ കരിനിയമം കർഷകർക്കെതിരെ വ്യാപകമായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ ഏതുവിധത്തിൽ ഇടപെടാൻ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) നാട്ടിൻപുറങ്ങളിലെ യഥാർത്ഥ കർഷകർക്കുപോലും സ്വർണ്ണ പണയത്തിന്മേൽ കാർഷിക വായ്പ നിഷേധിക്കുന്ന പൊതുമേഖലാ ബാങ്കുകളുടെ നിഷേധാത്മക രീതിക്കെതിരെ ഇടപെടൽ സാധ്യമാണോ;

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം സംസ്ഥാനത്ത് കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനംവഴി എത്രപേർക്ക് പ്രയോജനം ലഭിച്ചെന്നതിന്റെ കണക്ക് ലഭ്യമാണോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ)

1) സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യസ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 12-10-2018 മുതൽ 2020 മാർച്ച് 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

2) കർഷക കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് നിലവിൽ വയനാട് ജില്ലയിൽ 2014 മാർച്ച് 31 വരെയുള്ള വായ്പകൾക്ക് നൽകിവരുന്ന ആനുകൂല്യം-ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റെല്ലാ ജില്ലകളിലെയും

പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്കും 2014 മാർച്ച് 31 വരെ നൽകുകയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് പ്രസ്തുത ആനുകൂല്യം 2018 ആഗസ്റ്റ് 31 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

3) കർഷക കടാശ്വാസ കമ്മീഷൻ അൻപതിനായിരംരൂപയ്ക്കുമേലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷംരൂപയിൽനിന്നും 2 ലക്ഷംരൂപയായി വർദ്ധിപ്പിച്ചു.

4) കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വാണിജ്യ ബാങ്കുകളെ ഉൾപ്പെടുത്താമോയെന്ന് പരിശോധിക്കുവാൻ കൃഷി ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

5) 7-8-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കർഷകരുടെ കടങ്ങളുമായി ബന്ധപ്പെട്ട മൊറട്ടോറിയം വിഷയം ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട ധനകാര്യ, റവന്യൂ, കൃഷി വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ യോഗം കൂടുകയും നിശ്ചിത സമയത്തിനുള്ളിൽ പുനഃക്രമീകരിക്കപ്പെട്ടിട്ടില്ലാത്ത വായ്പകൾക്കുമേൽ ജപ്തിനടപടികൾ ഒഴിവാക്കിക്കൊണ്ട് അതത് ബാങ്കുകൾക്ക് കർഷകർക്ക് ഉപകാരപ്രദമായ രീതിയിൽ ഉചിതമായ തീരുമാനങ്ങൾ എടുക്കാനും ഇതിനായി ജില്ലാതലത്തിൽ സബ് കമ്മിറ്റികൾ രൂപീകരിക്കാനും ടി കമ്മിറ്റികളുടെ തീരുമാനപ്രകാരം വായ്പകളുടെ പലിശ അടച്ചുകൊണ്ട് പുതുക്കി നൽകുന്നതിനോ പരിധി വർദ്ധിപ്പിച്ച് നൽകുന്നതിനോ ബാങ്കുകളെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

പ്രളയത്തിൽ സർക്കാർ പ്രളയ ബാധിത/ഉരുൾപൊട്ടൽ ബാധിത പ്രദേശമായി പ്രഖ്യാപിച്ച 1260 വില്ലേജുകളിലെ മൃഗസംരക്ഷണ മേഖലയിലും ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലകളിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പാ പദ്ധതി എന്ന പേരിൽ ഒരു വായ്പാ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിക്കായി പലിശരഹിത വായ്പയും മറ്റ് കാർഷിക ആവശ്യങ്ങൾക്കുള്ള വായ്പയും കാർഷിക അനുബന്ധ വായ്പകളും നൽകുന്നുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ/സർവീസ് സഹകരണ ബാങ്കുകൾ എന്നിവവഴി നെൽകൃഷിക്ക് പലിശരഹിത വായ്പ നൽകിവരുന്നു. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് നബാർഡ് മുഖേന നൽകിവരുന്ന മൂന്ന് ശതമാനം പലിശ, സബ്‌വെൻഷൻ കഴിച്ച് 4% പലിശ സബ്സിഡിയായി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർഫാസി നിയമത്തിലെ റൂൾ 31 (ഐ) പ്രകാരം, നടപടികളിൽനിന്നും കൃഷിഭൂമിയെ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ കേരളത്തിലെ സാഹചര്യങ്ങളിൽ ഇതിന്റെ ആനുകൂല്യം നെൽകൃഷി ചെയ്യുന്ന കർഷകർക്ക് മാത്രമാണ് ലഭിക്കുന്നത്. ആയത് എല്ലാത്തരം കാർഷിക വിളകൾ കൃഷി ചെയ്യുന്നതും വീട് നിൽക്കുന്ന സ്ഥലം ഉൾപ്പെടെയുള്ള ഭൂമിക്കും റൂൾ 31 (ഐ) ബാധകമാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ സർഫാസി നിയമപ്രകാരമുള്ള നടപടികൾ ഒഴിവാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ മൊറട്ടോറിയം കാലാവധി നീട്ടി നൽകിയ തീരുമാനത്തിന് വിരുദ്ധമായി ബാങ്കുകൾ കർഷകർക്കെതിരെ സ്വീകരിക്കുന്ന ജപ്തി അടക്കമുള്ള ഒരു നടപടിക്കും സംസ്ഥാന സർക്കാർ സഹകരിക്കില്ല. സർഫാസി നിയമപ്രകാരം ബാങ്കുകൾ ജപ്തി നടപടികളിലേയ്ക്ക് കടക്കുംമുമ്പ് കൃഷിഭൂമിയെ ഒഴിവാക്കുന്നത് ഉറപ്പാക്കാൻ ബാങ്കുകളുടെയും സർക്കാരിന്റെയും പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു ഉപസമിതിയെ രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് സംസ്ഥാന സർക്കാരിന്റെ ഇടപെടലിനെ തുടർന്ന് ബാങ്ക് മാനേജർമാരുടെ അധ്യക്ഷതയിൽ ബാങ്ക് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലകളിൽ സബ്കമ്മിറ്റികൾ രൂപീകരിക്കാനും സർഫാസി നിയമമനുസരിച്ച് നടപടികൾ എടുക്കുന്നതിനുമുമ്പ് പ്രസ്തുത കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക വരുമാനത്തിൽനിന്ന് തിരിച്ചടവുള്ള ലോണുകൾക്കാണ് ഈ നടപടികൾ ബാധകമായിട്ടുള്ളത്.

സർഫാസി നിയമപ്രകാരമുള്ള നടപടികൾമൂലം സംസ്ഥാനത്ത് ഉളവായിട്ടുള്ള അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എസ്. ശർമ്മ ചെയർമാനായി രൂപീകരിച്ചിട്ടുള്ള അഡ്ഹോക് കമ്മറ്റി 21-11-2019-ന് നിയമസഭയിൽ റിപ്പോർട്ട് സമർപ്പിക്കുകയും

ആയതിൻമേൽ സർക്കാർതലത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. സർഫാസി നിയമത്തിൽ അഗ്രികൾച്ചറൽ ലാൻഡ് എന്നതിന് പ്രത്യേക നിർവ്വചനം നൽകിയിട്ടില്ലെന്നും അത്തരം സാഹചര്യത്തിൽ എല്ലാത്തരം കൃഷി ഭൂമിയും സർഫാസി നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കേണ്ടതാണെന്നും പ്രസ്തുത റിപ്പോർട്ടിൽ കമ്മിറ്റി അഭിപ്രായപ്പെട്ടിരുന്നു.

(സി) ബാങ്കുകൾ എല്ലാംതന്നെ സ്വർണ്ണാഭരണ പണയത്തിന്മേലുള്ള കാർഷികവായ്പ ഇപ്പോഴും തുടരുന്നുണ്ട്. ഇതുസംബന്ധിച്ച് പൊതുജന ശ്രദ്ധയ്ക്കായി സംസ്ഥാനതല ബാങ്കേഴ്സ് സമിതി 2020 ഫെബ്രുവരി 2-ന് പത്രപരസ്യം നൽകിയിട്ടുമുണ്ട്. എന്നാൽ നിലവിൽ കേന്ദ്ര സർക്കാർ നൽകി വരുന്ന പലിശ സബ്സിഡികൾ 2020 ഏപ്രിൽ 1 മുതൽ കിസാൻ ക്രെഡിറ്റ് കാർഡ് (KCC) പദ്ധതിയിൽ വായ്പ എടുത്തിട്ടുള്ള കർഷകർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 17,993 കർഷകർക്ക് കടാശ്വാസം ലഭ്യമാക്കുന്നതിനായി കടാശ്വാസ കമ്മീഷൻ സർക്കാരിൽ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനംവഴി സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തിരുന്ന 16435 പേർക്ക് ഇതിനകം പ്രയോജനം ലഭിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം**

20(*140) ശ്രീ. കെ. ആൻസലൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുഗതാഗത സംവിധാനത്തിന്റെ പ്രാധാന്യവും ജീവനക്കാരുടെയും പെൻഷൻകാരുടെയും താല്പര്യവും കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിച്ച് സ്വന്തം വരുമാനം കൊണ്ട് നിലനിൽക്കുന്ന സ്ഥാപനമായി മാറ്റിത്തീർക്കുകയെന്ന ലക്ഷ്യത്തോടെ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ;

(ബി) വാഹന വിനിയോഗത്തിലും ഇന്ധനക്ഷമതയിലും കെ.എസ്.ആർ.ടി.സി.-യ്ക്ക് മികവ് കൈവരിക്കാനായിട്ടുണ്ടോ;

(സി) നിരന്തരമായ ഇന്ധന വിലവർദ്ധന കെ.എസ്.ആർ.ടി.സി.യ്ക്ക് കനത്ത ഭാരം ഏല്പിക്കുന്നതിനാൽ നികുതിയിളവിനുള്ള സാധ്യത പരിശോധിക്കുമോ;

(ഡി) പൊതുഗതാഗത സംവിധാനത്തിന്റെ കാര്യക്ഷമതയും സേവനോന്മുഖതയും കണക്കിലെടുത്ത് സൂപ്പർ ഫാസ്റ്റുകളുടെയും ഫാസ്റ്റ് പാസഞ്ചർ ബസുകളുടെയും യുക്തിസഹമായ പുനർവിന്യാസം ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനേജ്മെന്റ് വിദഗ്ധനായ പ്രൊഫ. സുശീൽ ഖന്നയെ കൺസൾട്ടന്റ് ആയി നിയമിക്കുകയും ടിയാൻ നടത്തിയ സമഗ്ര പഠനത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തനരീതി, പ്രവർത്തനസമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടിയ പലിശ നിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ, പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കും കൂടിയ തിരിച്ചടവ് കാലാവധിയുമുള്ള വായ്പയാക്കിമാറ്റി. ഇതിന്റെ ഫലമായി വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം ഗണ്യമായ തുക ലാഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി പ്രൊഫഷണലുകളെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കോർപ്പറേഷനെ സ്വയംപര്യാപ്തമായ മൂന്ന് മേഖലകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവന സമയം 7 മണിക്കൂറിൽനിന്നും 8 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്. കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രാവീണ്യം തെളിയിച്ചവരെ ഓപ്പൺ മാർക്കറ്റിൽനിന്നും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ജി.പി.എസ്., വി.റ്റി.എസ്., ഓൺലൈൻ റിസർവേഷൻ, പി.ഐ.എസ്., ഇൻവെന്ററി മൊഡ്യൂൾ, എച്ച്.ആർ. മൊഡ്യൂൾ, ഇ.ആർ.പി. (Accounting software) എന്നിവയെല്ലാംകൂടി ക്രോഡീകരിക്കുന്നതിനും സമർത്ഥമായ ഗതാഗത സംവിധാനം കൊണ്ടുവരുന്നതിന് വിശദമായ ഒരു DPR കെ.എസ്.ആർ.ടി.സി. സ്വന്തം നിലയിൽത്തന്നെ തയ്യാറാക്കി ടെണ്ടർ വിളിച്ചിരിക്കുകയാണ്.

കെ.എസ്.ആർ.ടി.സി.-യിൽ സർവീസ് ഓപ്പറേഷൻസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് റൂട്ട് റാഷണലൈസേഷൻ, ഷെഡ്യൂൾ ക്രോണോളജി തുടങ്ങിയവ തയ്യാറാക്കുന്നതിലേയ്ക്കായി നിലവിലെ ഇ.റ്റി.എം, ഓൺലൈൻ ട്രാക്കിംഗ് ഡാറ്റാ ബേയ്സ് മുതലായവ ഉപയോഗിച്ച് ഡാറ്റാ അനലൈറ്റിക്സ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ റൂട്ടുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റൂട്ട് പുനഃക്രമീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. വരുമാനം കുറവുള്ള സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോർപ്പറേഷന് വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സമാന്തര സർവ്വീസുകൾ നിയന്ത്രിച്ചതുവഴി കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. സർവ്വീസുകളുടെ പുനഃക്രമീകരണത്തിലൂടെ തിരുവനന്തപുരം മുതൽ കോഴിക്കോട് വരെ രണ്ട് പ്രധാന പാതകളിലൂടെയും സർവീസുകൾ ഉറപ്പുവരുത്തുന്നതിനും കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനും പുതിയ വർക്ക് നോംസ് തയ്യാറാക്കുന്നതിനുമായി സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ തയ്യാറാക്കിയ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നത് പുരോഗതിയിലാണ്. ബസ് നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർക്ക്ഷോപ്പുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ജോലിസമയം ക്രമീകരിച്ച് വാഹനങ്ങൾക്ക് യഥാസമയം മെയിന്റനൻസ് പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണം നടത്തിയതുവഴി ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇന്ധനക്ഷമത, ടയർ കെ.എം.പി.എൽ., ലൂബ്രിക്കൻസ് എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. പർച്ചേയ്സ് നടത്തുന്നതിൽ വരുത്തിയ മാറ്റങ്ങൾ, ഡീസൽ വിലയിലെ കിഴിവ് എന്നിവ മുഖാന്തരം പ്രതിമാസം 4.9 കോടിരൂപ ചെലവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ടിക്കറ്റിതര വരുമാനം 2017-18-ലെ പ്രതിമാസ ശരാശരി വരുമാനമായ 1.70 കോടിരൂപയിൽനിന്നും 3.14 കോടിരൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ നൂതന

സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം M/s. Abhibus മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റലൈസേഷന്റെ ഭാഗമായി യാത്രക്കാർക്ക് കൂടുതൽ സൗകര്യപ്രദമാകുംവിധം 26 റിസർവേഷൻ കൗണ്ടറുകളിൽ Point of Sale (POS) മെഷീനുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

സാമ്പത്തിക പ്രതിസന്ധിമൂലം പെൻഷൻ വിതരണം ചെയ്യാൻ സാധിക്കാതെ വന്നപ്പോൾ സർക്കാർ മുൻകയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ താൽക്കാലിക കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ വിതരണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളവും പെൻഷനും മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിനായി 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ 1000 കോടിരൂപവീതം കെ.എസ്.ആർ.ടി.സി.-ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ വിവിധ ഘട്ടങ്ങളിലായി ഗതാഗത വകുപ്പുമന്ത്രിതലത്തിലും കോർപ്പറേഷൻ മാനേജ്മെന്റ് തലത്തിലും ചർച്ചായോഗങ്ങൾ ചേരുകയും കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെടുത്തുന്നതിന് തൊഴിലാളി സംഘടനകളുടെ അഭിപ്രായങ്ങൾ ആരായുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. ഇന്ധനക്ഷമത ദേശീയ ശരാശരിയിൽ എത്തിച്ച് ക്രമേണ ഒരു ലിറ്ററിന് 4.5 കിലോ മീറ്റർ എന്ന നിലയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി ഡ്രൈവർമാർക്ക് പരിശീലനം നൽകുകയും തൽഫലമായി കെ.എസ്.ആർ.ടി.സി.-യുടെ ആകെ KMPL (കെ.എസ്.ആർ.ടി.സി.-കെ.യു.ആർ.ടി.സി.) 2018-ൽ ശരാശരി 4.12 ആയിരുന്നത് 2019-ൽ ശരാശരി 4.16 ആയി വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ഫ്ലീറ്റുകളുടെ ഉപയോഗം 84%-ൽനിന്നും 96%-ത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്കായി ശരാശരി ഓപ്പറേറ്റ് ചെയ്തു കൊണ്ടിരുന്ന പ്രതിദിന കിലോമീറ്റർ 16 ലക്ഷത്തിൽനിന്നും 18 ലക്ഷത്തിലേയ്ക്ക് ഉയർത്തി സർവ്വീസുകൾ നടത്തിയിരുന്നു. എന്നാൽ ആയതിന് ആനുപാതികമായ വരുമാന വർദ്ധനവുണ്ടായിട്ടില്ല. ആയതിനാൽ ഫ്ലീറ്റുകളുടെ എണ്ണം 5000-ൽ നിലനിർത്തിക്കൊണ്ട് 16 മുതൽ 16.5 ലക്ഷം വരെ ശരാശരി സർവ്വീസ് ഓപ്പറേറ്റ് ചെയ്യുന്നതിനും കാലാവധി പൂർത്തിയാക്കിയ ഫ്ലീറ്റുകൾ റോളിൽനിന്നും മാറ്റുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

(സി) കെ.എസ്.ആർ.ടി.സി. വാങ്ങുന്ന HSD-യുടെ നികുതി കുറവ് ചെയ്യുന്ന വിഷയം 2019-20-ലെ SDG പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച്, വരുമാനം കുറവുള്ള സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്നരീതിയിൽ പുന:ക്രമീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവവിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ് ' എന്ന പേരിൽ എ.സി. ബസ്സുകൾ ഉപയോഗിച്ച് ഒരു മണിക്കൂർ ഇടവേളകളിൽ സർവ്വീസുകൾ നടത്തിവരുന്നു. കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 6-5-2019 തീയതി മുതൽ ആരംഭിച്ചിട്ടുള്ളത്. അതോടൊപ്പം തൃശ്ശൂർ മുതൽ പാലക്കാട് വരെയും തൃശ്ശൂർ മുതൽ കോഴിക്കോട് വരെയും സൂപ്പർ ഫാസ്റ്റ് സർവ്വീസുകളിലെ സമയം ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം-കോട്ടയം, തിരുവനന്തപുരം-എറണാകുളം എന്നീ റൂട്ടുകളിൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുപയോഗിച്ചും 4-8-2019 മുതൽ ചെയിൻ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ രണ്ടാം ഘട്ടമായി 1-12-2019 മുതൽ കോട്ടയം മുതൽ തൃശ്ശൂർ വഴി കോഴിക്കോട് വരെയും എറണാകുളം മുതൽ തൃശ്ശൂർവഴി കോഴിക്കോട് വരെയും ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഉപയോഗിച്ച് ചെയിൻ സർവ്വീസുകൾ കൃത്യമായ ഇടവേളകളിൽ ക്രമീകരിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിലാണ് ടി സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. ടി പുന:ക്രമീകരണത്തിലൂടെ തിരുവനന്തപുരം മുതൽ കോഴിക്കോട് വരെ രണ്ട് പ്രധാന പാതകളിലൂടെയും സർവ്വീസുകൾ ഉറപ്പുവരുത്തുന്നതിനും കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

## തെങ്ങ് പുനരുദ്ധാരണ പദ്ധതി

21(*141) ശ്രീ. അനിൽ അക്കര :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പും നാളികേര വികസന ബോർഡും സംയുക്തമായി നടപ്പിലാക്കിയ തെങ്ങ് പുനരുദ്ധാരണ പദ്ധതി പ്രതീക്ഷിച്ച ഫലം കണ്ടില്ല എന്നത് വസ്തുതയാണോ;

(ബി) ഈ പദ്ധതിപ്രകാരം രോഗബാധിത തെങ്ങുകൾ വ്യാപകമായി മുറിച്ച് മാറ്റിയതിന് പകരം തെങ്ങിൻതൈകൾ സമയബന്ധിതമായി നട്ടുപിടിപ്പിക്കുവാൻ സാധിക്കാതെ വന്നത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ;

(സി) പദ്ധതിപ്രകാരം എത്ര രോഗബാധിത തെങ്ങുകൾ വെട്ടി നീക്കിയെന്നും പകരം എത്രയെണ്ണം വെച്ചുപിടിപ്പിച്ചുവെന്നുമുള്ള കണക്ക് ലഭ്യമാണോ; വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) അല്ല. സംസ്ഥാനത്തെ നാളികേര കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് കൃഷിവകുപ്പിന്റെയും നാളികേര വികസന ബോർഡിന്റെയും വിവിധ പദ്ധതികളിലൂടെ സാധിക്കുന്നുണ്ട്. പ്രസിദ്ധീകരിച്ച കണക്കുകൾപ്രകാരം ഉത്പാദനം 2015-16-ൽ 7429.39 ദശലക്ഷം നാളികേരമായിരുന്നത് 2018-19 വർഷം 7631.35 ദശലക്ഷം നാളികേരമായി വർദ്ധിച്ചിട്ടുണ്ട്. 2015-16 വർഷം ഉത്പാദനക്ഷമത ഹെക്ടറിന് 9641 നാളികേരമായിരുന്നത് 2018-19 വർഷം 10083 നാളികേരമായും വർദ്ധിച്ചിട്ടുണ്ട്.

(ബി) തെങ്ങിന്റെ രോഗവ്യാപനം തടയുന്നതിനുവേണ്ടിയാണ് നാളികേര വികസന ബോർഡ് പദ്ധതിപ്രകാരം പ്രായാധിക്യമുള്ളതും രോഗം ബാധിച്ച് ഉത്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചുമാറ്റുന്നത്. മുറിച്ചുമാറ്റിയ തെങ്ങുകൾക്കുപകരം ഗുണമേന്മയുള്ളതും രോഗപ്രതിരോധശേഷിയുള്ളതുമായ തെങ്ങിൻതൈകൾ ഒരു പരിധിവരെ സമയബന്ധിതമായി നട്ടുപിടിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെയും കേരള കാർഷിക സർവ്വകലാശാലയുടെയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം പോലുള്ള സ്ഥാപനങ്ങളുടെയും ഫാമുകളിൽ തെങ്ങിൻതൈകൾ ലഭ്യമാകുന്ന ജൂൺ-ജൂലൈ മാസം വരെ ചിലയിടങ്ങളിൽ കാലതാമസം വരുന്നുണ്ട്. തെങ്ങുകൾ നേരത്തെ മുറിച്ചാലും അടുത്തുവരുന്ന നടീൽ സീസണിൽ മാത്രമേ പകരം നടുന്നതിന് സാധിക്കുകയുള്ളൂ. അതിനാലാണ് കാലതാമസമുണ്ടാകുന്നത്.

(സി) നാളികേര വികസന ബോർഡ് പദ്ധതിപ്രകാരം 2016-17 മുതൽ നാളിതുവരെ 1,38,214 രോഗബാധിത തെങ്ങുകൾ മുറിച്ചുമാറ്റുകയും പകരം 1,87,728 തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തദ്ദേശസ്ഥാപനങ്ങളുടെ കാര്യക്ഷമത ഉയർത്താൻ നടപടി

22(*142) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം യഥാസമയം കാര്യക്ഷമമായി ചെലവഴിക്കുന്നതിന് എന്തെല്ലാം ക്രിയാത്മക നിർദ്ദേശങ്ങളാണ് ഈ സർക്കാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക ഭരണ നിർവ്വഹണത്തിലും വികസനാസൂത്രണത്തിലും കാര്യപ്രാപ്തി കൈവരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) വിവിധയിനം ഫണ്ടുകളുടെ വിനിയോഗം അർത്ഥവത്തും ഫലപ്രദവുമാക്കുന്നതിന് എന്തെല്ലാം മേൽനോട്ട സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും ഒരു വർഷം ലഭിക്കുന്നതിനും 2019-ലെ തെരഞ്ഞെടുപ്പ് പ്രമാണിച്ചും 2019-20 വാർഷിക പദ്ധതിക്ക് 2018 ഡിസംബർ 31-നുമുമ്പ് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. കൂടാതെ വിവിധ ഘട്ടങ്ങളിലായി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള ഉത്തരവുകളും ഉദ്യോഗസ്ഥതലത്തിൽ പരിശീലനങ്ങളും നൽകിയിരുന്നു. പ്രോജക്ടുകൾക്ക് യഥാസമയം അനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺ അദ്ധ്യക്ഷനായും ജില്ലാ കളക്ടർ സെക്രട്ടറിയായും ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറായും ജില്ലാതലത്തിൽ ഒരു നിരീക്ഷണ സമിതി പ്രവർത്തിക്കുന്നുണ്ട്. വെറ്റിംഗ് ഓഫീസർമാർ യഥാസമയം പ്രോജക്ടുകൾക്ക് അനുമതി നൽകുന്നുണ്ടോ എന്ന് ഈ സമിതി നിരീക്ഷിക്കുന്നു.

(ബി) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിൽ ആസൂത്രണ നടപടിക്രമങ്ങൾ ലളിതമാക്കി പദ്ധതി രൂപീകരണ മാർഗ്ഗരേഖ സമഗ്രമായി പരിഷ്കരിക്കുകയും കാലേകൂട്ടിത്തന്നെ ഉത്തരവുകളായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നഗര ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിന് പ്രത്യേക മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് ഇതുസംബന്ധിച്ച് ജനപ്രതിനിധി കൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകി. സാമ്പത്തിക വർഷം

ആരംഭിക്കുന്നതിനുമുമ്പുതന്നെ വികസന പദ്ധതികൾ തയ്യാറാക്കി 12 മാസവും നിർവ്വഹണത്തിന് ലഭിക്കുന്ന സമ്പ്രദായത്തിലേയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ 2018-19 മുതൽ മാറിയിട്ടുണ്ട്. കൂടാതെ വാർഷിക പദ്ധതി ബഡ്ജറ്റുമായി സംയോജിപ്പിക്കാനും പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് കൂടുതൽ സ്വാതന്ത്ര്യം നൽകുകയും ചെയ്തു. നൂതന പ്രോജക്ടുകൾക്ക് പ്രത്യേകം മാർഗ്ഗരേഖയും ജില്ലാ പദ്ധതികളും തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

ഇതോടൊപ്പം ജനറൽ, എസ്.സി.പി., ടി.എസ്.പി., എന്നീ മൂന്ന് മേഖലകളിലെ വിവിധ വികസന ഉപമേഖലകളിൽ നിശ്ചിത തുക വകയിരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വനിതാ-ശിശു, വികലാംഗർ, പാലിയേറ്റീവ് ഉപമേഖലകളിൽ നിശ്ചിത തുക വകയിരുത്തപ്പെടുന്നുണ്ടെന്ന് ഇതുമൂലം ഉറപ്പുവരുത്തുന്നു. കൂടാതെ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തന പുരോഗതി പ്രതിമാസം വിലയിരുത്തുന്ന യോഗങ്ങൾ നടത്താറുണ്ട്.

(സി) പദ്ധതി നിർവ്വഹണം സംബന്ധിച്ച് ജില്ലാ ആസൂത്രണ സമിതികളും മന്ത്രിതലത്തിലും വകുപ്പ് മേധാവികളും അവലോകനം ചെയ്യുന്നുണ്ട്. പഞ്ചായത്ത് ഡയറക്ടറേറ്റ്, ഡെപ്യൂട്ടി ഡയറക്ടറേറ്റ് തലത്തിലും പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് തലത്തിലുമുള്ള പ്ലാൻ മോണിറ്ററിംഗ് സെല്ലുകൾ പദ്ധതി ഫണ്ട് വിനിയോഗം അവലോകനം ചെയ്യുന്നുണ്ട്. തദ്ദേശസ്ഥാപനതലത്തിൽത്തന്നെ അതാത് വികസന മേഖലയ്ക്കായുള്ള വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നുണ്ട്. പദ്ധതികൾ പൂർത്തിയാകുന്നമുറയ്ക്ക് മോണിറ്ററിംഗ് സമിതിയുടെ ശിപാർശകൾ സഹിതമാണ് തുക അനുവദിക്കുന്നത്.

### ഗതാഗത നിയമലംഘനം കണ്ടെത്താൻ സ്പെഷ്യൽ സ്ക്വാഡ്

23(*143) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നിയമം ലംഘിക്കുന്നവരെ കണ്ടെത്തുന്നതിനും പിഴ ഈടാക്കുന്നതിനും സ്പെഷ്യൽ സ്ക്വാഡുകളെ നിയോഗിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്ക്വാഡുകൾ സമർപ്പിക്കേണ്ട റിപ്പോർട്ടുകളുടെ എണ്ണവും ഈടാക്കേണ്ട പിഴത്തുകയും എത്രയെന്ന് നിശ്ചയിച്ച് നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത നടപടികളിലൂടെ ഗതാഗത നിയമ ലംഘനം എത്രത്തോളം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഉണ്ട്. മോട്ടോർ വാഹന നിയമ ലംഘനങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ച് അപകടമരണങ്ങൾ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ ജില്ലകളിലും ഓരോ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ നിയമിക്കുകയും അവരുടെ കീഴിൽ 85 സ്ക്വാഡുകളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലർപ്രകാരം ഓരോ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥനും സമർപ്പിക്കേണ്ട ചെക്ക് റിപ്പോർട്ടുകളുടെ എണ്ണവും ഈടാക്കേണ്ട പിഴ തുകയും നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) അപകടങ്ങൾക്ക് കാരണമാകുന്ന പ്രധാന നിയമലംഘനങ്ങളായ അമിതവേഗത, അമിതഭാരം, അശ്രദ്ധമായും അലക്ഷ്യവുമായ ഡ്രൈവിംഗ്, മദ്യപിച്ച് വാഹനം ഓടിക്കുക, ഹെഡ്‌ലൈറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ഉപയോഗിക്കാതിരിക്കൽ, വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കൽ, റെഡ് ലൈറ്റ് ജമ്പിംഗ് എന്നീ കുറ്റകൃത്യങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി കഴിഞ്ഞ മൂന്ന് മാസങ്ങളിലായി മരണ നിരക്ക് കുറഞ്ഞിട്ടുണ്ട്.

## കേരള റിയൽ എസ്റ്റേറ്റ് നിയന്ത്രണ അതോറിറ്റി

24(*144) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര റിയൽ എസ്റ്റേറ്റ് റെഗുലേഷൻ ആൻഡ് ഡെവലപ്മെന്റ് ആക്ട് പ്രകാരമുള്ള കേരള റിയൽ എസ്റ്റേറ്റ് നിയന്ത്രണ അതോറിറ്റി പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) റിയൽ എസ്റ്റേറ്റ് നിയന്ത്രണ അതോറിറ്റിയുടെ പ്രവർത്തനം ഉപഭോക്താക്കൾക്ക് ഏതൊക്കെ തരത്തിൽ ഗുണകരമാകുമെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നിർമ്മാണത്തിലുള്ള പദ്ധതികളും പുതിയ റിയൽ എസ്റ്റേറ്റ് പദ്ധതികളും അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്നത് നിർബന്ധമാണോ; വ്യക്തമാക്കുമോ;

(ഡി) അതോറിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഉപഭോക്താക്കളെയും റിയൽ എസ്റ്റേറ്റ് പ്രമോട്ടർമാരെയും ബോധവല്ക്കരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. 9-10-2019-ലെ എസ്.ആർ.ഒ. നമ്പർ 724/2019 ആയി വിജ്ഞാപനം ചെയ്ത 5-10-2019-ലെ ജി.ഒ.(പി) നമ്പർ 65/2019/തസ്വഭവ, 9-10-2019-ലെ എസ്.ആർ.ഒ. നമ്പർ 726/2019 ആയി വിജ്ഞാപനം ചെയ്ത 5-10-2019-ലെ ജി.ഒ.(പി) നമ്പർ 66/2019/തസ്വഭവ എന്നീ ഉത്തരവുകൾപ്രകാരം സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുകയും അതോറിറ്റി നന്തൻകോട് സ്വരാജ് ഭവനിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2016-ലെ റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ & ഡെവലപ്മെന്റ്) ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി എല്ലാ റിയൽ എസ്റ്റേറ്റ് പ്രോജക്ടുകളും ഇത്തരം പ്രോജക്ടുകളുമായി ബന്ധപ്പെട്ട റിയൽ എസ്റ്റേറ്റ് ഏജന്റുമാരും റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതുണ്ട്.

2016-ലെ റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ & ഡെവലപ്മെന്റ്) ആക്ട് പ്രകാരം അതോറിറ്റി രൂപീകരിച്ച് ഒരുവർഷത്തിനകം ഒരു വെബ്പോർട്ടൽ വികസിപ്പിക്കേണ്ടതുണ്ട്. ആയത് വികസിപ്പിക്കുന്നമുറയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഏജന്റ്മാരുടെയും പ്രോജക്ടുകളുടെയും വിശദമായ വിവരങ്ങൾ പ്രസ്തുത വെബ്പോർട്ടലിലൂടെ ലഭ്യമാക്കുന്നതാണ്. പ്രസ്തുത വിവരങ്ങൾ മനസ്സിലാക്കി അനുയോജ്യതയും വിശ്വാസ്യതയും ഉപഭോക്താക്കൾക്കുതന്നെ പരിശോധിച്ച് അപ്പാർട്ട്മെന്റുകൾ/പ്ലോട്ടുകൾ/വില്ലകൾ എന്നിവ വാങ്ങുന്നത് സംബന്ധിച്ച് ഉചിത തീരുമാനം കൈക്കൊള്ളാവുന്നതാണ്.

പ്രസ്തുത റിയൽ എസ്റ്റേറ്റ് പ്രോജക്ടുമായോ ഏജന്റ്മാരുമായോ ബന്ധപ്പെട്ട് ഉപഭോക്താക്കൾക്കുള്ള പരാതി അതോറിറ്റിയിൽ നൽകാവുന്നതും ആക്ടിലെയും

ആക്ടിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലെയും വിവിധ ഉത്തരവുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി അതോറിറ്റി പരാതിയിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതും നടപ്പിലാക്കുന്നതുമാണ്. ഇത്തരത്തിൽ അതോറിറ്റിയുടെ പ്രവർത്തനം റിയൽ എസ്റ്റേറ്റ് മേഖലയിൽ സുതാര്യതയും വിശ്വാസ്യതയും ഉറപ്പാക്കുന്നതിനും സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിനും സഹായകരമാകുന്നതാണ്.

(സി) റിയൽ എസ്റ്റേറ്റ് പ്രോജക്ടുകൾ പരസ്യപ്പെടുത്തുന്നതിനോ, മാർക്കറ്റ് ചെയ്യുന്നതിനോ, ബുക്ക് ചെയ്യുന്നതിനോ, വിൽക്കുന്നതിനോ, വില്പനയ്ക്കായി വാഗ്ദാനം ചെയ്യുന്നതിനോ, വാങ്ങുന്നതിനായി വ്യക്തികളെ ക്ഷണിക്കുന്നതിനോ മുമ്പായി റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ പ്രസ്തുത പ്രോജക്ട് രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി ഔദ്യോഗികമായി നിലവിൽവന്ന 1-1-2020-നുമുമ്പുതന്നെ തുടർന്നു കൊണ്ടിരിക്കുന്നതും (ongoing) എന്നാൽ ഒക്യുപെൻസി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തതുമായ റിയൽ എസ്റ്റേറ്റ് പ്രോജക്ടുകളും മൂന്നുമാസത്തിനകം (31-3-2020-നുമുമ്പായി) അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി 500 ചതുരശ്ര മീറ്റർ അധികരിക്കാത്തതോ, അപ്പാർട്ട്മെന്റുകൾ 8 എണ്ണത്തിൽ അധികരിക്കാത്തതോ (എല്ലാ ഫേസുകളും ഉൾപ്പെടെ) ആയ റിയൽ എസ്റ്റേറ്റ് പ്രോജക്ടുകൾക്ക് രജിസ്ട്രേഷൻ ആവശ്യമില്ല.

(ഡി) അതോറിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഉപഭോക്താക്കളെയും റിയൽ എസ്റ്റേറ്റ് രംഗത്ത് പ്രവർത്തിക്കുന്നവരെയും ബോധവൽക്കരിക്കുന്നതിനായി വിവിധ ജില്ലകളിൽ (തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്) ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. അതോറിറ്റിയുടെ പ്രവർത്തനങ്ങളും അപേക്ഷകൾ സമർപ്പിക്കുന്നതും സംബന്ധിച്ച് ഒരു ലഘുലേഖ തയ്യാറാക്കിയിട്ടുള്ളതും അപേക്ഷകൾ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അപേക്ഷകർക്കുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനും വ്യക്തത വരുത്തുന്നതിനും അതോറിറ്റി ഉത്തരവുകളും പബ്ലിക് നോട്ടീസുകളും പുറപ്പെടുവിച്ചിട്ടുള്ളതും അവ അതോറിറ്റിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് എഫ്.എം. റേഡിയോ മുഖേന ബോധവൽക്കരണവും നടത്തിവരുന്നുണ്ട്.

## സർവകലാശാലകളുടെ പ്രവർത്തന മികവ് ഉയർത്തുവാൻ നടപടി

25(*145) ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളുടെ പ്രവർത്തന മികവ് ഉയർത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സേവനങ്ങളെല്ലാം സമയബന്ധിതമായും സുതാര്യമായും ലഭ്യമാക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്താനുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ;

(ബി) ബിരുദ, ബിരുദാനന്തര ബിരുദ ക്ലാസുകൾ ഏകീകൃത രീതിയിൽ ജൂൺ മാസത്തിൽത്തന്നെ ആരംഭിക്കാനും പരീക്ഷകൾ കൃത്യമായി നടത്തി യഥാസമയം ഫലം പ്രസിദ്ധീകരിക്കാനും ആവശ്യമായ നടപടിയെടുത്തിട്ടുണ്ടോ;

(സി) സർവ്വകലാശാലകളിൽ മതിയായ ജീവനക്കാരെ നിയമിക്കാൻ സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(ഡി) അന്താരാഷ്ട്ര തലത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളോട് കിടപിടിക്കുന്നതിന് സിലബസിൽ അടിക്കടി ആവശ്യമാകുന്ന പരിഷ്കരണം നടത്താൻ ഇടപെടൽ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) നിലവിൽ വിവിധ സർവ്വകലാശാലകളുടെ പല സേവനങ്ങളും ഓൺലൈനിൽ ലഭ്യമാണ്. കൂടുതൽ സേവനങ്ങൾ ഓൺലൈൻ മുഖാന്തരം നൽകുന്നതിന് സർവ്വകലാശാലകൾ നടപടി സ്വീകരിച്ചുവരുന്നു.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സർവ്വകലാശാലയിലെ അനദ്ധ്യാപക ജീവനക്കാരുടെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി.-യിൽ നിന്നുമുള്ള നിയമന ശിപാർശയുടെ മുറയ്ക്ക് നിയമനം നൽകിയും വരുന്നു.

(ഡി) കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി സർവ്വകലാശാലകളിൽ സിലബസ് പരിഷ്കരണം നടത്തിവരുന്നുണ്ട്. കരിക്കുലം ഫ്രെയിംവർക്കിൽ വൈജ്ഞാനിക രംഗത്തെ പുതിയ അറിവുകൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പാഠ്യപദ്ധതികൾ രൂപീകരിക്കാൻ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സർവ്വകലാശാലകൾക്ക് പരിശീലനം നൽകുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക ശേഷി വർദ്ധിപ്പിക്കുന്നതിന് പദ്ധതി

26(*146) ശ്രീ. എം. സി. കമറുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തികശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) ബസ് സ്റ്റേഷനുകളിലെ വ്യാപാരസമുച്ചയ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി വാണിജ്യപ്രാധാന്യമുള്ള തെരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുവരുന്നു. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നൽകി, പരസ്യ ലേലം/ടെണ്ടർ നടപടികളിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ ബസ് സ്റ്റേഷനുകളിലും കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള വസ്തുവിലും കാന്റീൻ സ്റ്റാളുകൾ, ശൗചാലയങ്ങൾ, ബസ്സിലെയും ബസ് സ്റ്റേഷനിലെയും പരസ്യങ്ങൾ, കൊറിയർ സംവിധാനം, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവയ്ക്കായി പ്രതിമാസ ലൈസൻസ് തുകയുടെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകി വരികയാണ്. 2017-18-ലെ പ്രതിമാസ ശരാശരി വരുമാനമായ 1.70 കോടിരൂപയിൽനിന്നും പ്രതിമാസം ശരാശരി വരുമാനം 3.14 കോടിരൂപയായി നിലവിൽ വർദ്ധിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധിമൂലം നിർമ്മാണം നടന്നുകൊണ്ടിരുന്ന വാണിജ്യ സമുച്ചയങ്ങളുടെ കരാറുകാർക്ക് ബിൽ തുക നൽകുവാൻ കഴിയാത്തതിനാൽ ടി പ്രവൃത്തികൾ നിർത്തിവച്ചിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ മറ്റ് ഡിപ്പോകളിൽ വ്യാപാരസമുച്ചയ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള തീരുമാനങ്ങളൊന്നും നിലവിൽ സ്വീകരിച്ചിട്ടില്ല.

## കാർഷികോൽപന്നങ്ങളുടെ മൂല്യവർധനവിലൂടെ കർഷകരക്ഷ

27(*147) ശ്രീ. ജെയിംസ് മാത്യു :

ശ്രീ. പി. കെ. ശശി :

ശ്രീ. സി. കെ. ഹരീന്ദ്രൻ :

ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉല്പാദന ചെലവിനനുസരിച്ച് കാർഷികോല്പന്നങ്ങളുടെ വില നിർണ്ണയിക്കുമെന്ന കേന്ദ്ര ഭരണാധികാരികളുടെ വാഗ്ദാനം പ്രാവർത്തികമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) അപ്രായോഗികതയും സാമ്പത്തിക ദുർബലസ്ഥിതിയും കാരണം കാർഷികോല്പന്നങ്ങൾ ഏറെക്കാലം പിടിച്ചുവയ്ക്കാനാകാത്തതിനാൽ, വൻകിട കമ്പനികൾ ഉൾപ്പെടെയുള്ള ഇടനില വ്യാപാരികളുടെ ചൂഷണത്തിന് വിധേയരാകുന്ന കർഷകരെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിന് അവരെ കാർഷിക സംരംഭകരാക്കുകയെന്ന ലക്ഷ്യത്തോടെ ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിലൂടെ കർഷകരക്ഷ എന്ന ലക്ഷ്യത്തോടെ ഈ സർക്കാർ അധികാരത്തിലെത്തിയ കാലം മുതൽ പ്രതിവർഷം നടത്തുന്ന 'വൈഗ' എത്രമാത്രം പ്രയോജനപ്രദമാകുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉൽപ്പാദന ചെലവിനനുസരിച്ച് കാർഷിക ഉൽപ്പന്നങ്ങളുടെ വില നിർണ്ണയിക്കുന്നതിന് കമ്മീഷൻ ഫോർ അഗ്രികൾച്ചറൽ കോസ്റ്റ് ആൻഡ് പ്രൈസസ് ശിപാർശ ചെയ്തിട്ടുള്ള നെല്ല്, കൊപ്ര എന്നീ കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവില നിലവിൽ കേരളത്തിൽ ലഭിച്ചുവരുന്നുണ്ട്.

(ബി) കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർധനവിനുമായി സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന ചെറുകിട, സൂക്ഷ്മതല, ഇടത്തരം സംരംഭങ്ങൾക്ക് ധനസഹായം താഴെപ്പറയും പ്രകാരം നൽകിവരുന്നു.

| ക്രമ നമ്പർ | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മതല സംരംഭം | 25 ലക്ഷംരൂപ വരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ ഒരു കോടി വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | ഒരു കോടി മുതൽ 56 കോടി വരെ | 30% പരമാവധി 50 ലക്ഷം |

മൂല്യവർധന പ്രോത്സാഹന പദ്ധതികളുടെ സബ്സിഡികൾ സംരംഭകരുടെ വായ്പാ അക്കൗണ്ടിലേയ്ക്ക് നൽകുന്നു. വ്യക്തിഗത, പങ്കാളിത്ത സ്വയം സഹായ സംഘങ്ങൾ, സംരംഭകർ, ഉത്പാദക സംഘങ്ങൾ എന്നിവർക്ക് സബ്സിഡിക്ക് അർഹതയുണ്ട്. കൂടാതെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സംരംഭം തുടങ്ങുന്നതിന് സംരംഭകർക്ക് വിവിധ പരിശീലന പരിപാടികൾ SFAC സംഘടിപ്പിക്കുന്നുണ്ട്.

2016-2017 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് കാർഷികോൽ പ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധന എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ യുവജനങ്ങളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും 'വൈഗ' എന്ന പേരിൽ അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും സംഘടിപ്പിക്കുന്നുണ്ട്.

കർഷകരുടെ വരുമാനം ഇരട്ടിക്കുന്നതിനുതകുന്നതരത്തിൽ സംസ്കരണത്തിനും മൂല്യവർധനവിനുമുതകുന്ന അർത്ഥവത്തായ ഒരു പദ്ധതി എന്ന നിലയിൽ സംസ്ഥാനത്ത് അഞ്ച് ആഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. നാളികേരം, പച്ചക്കറി, മാമ്പഴം, വാഴപ്പഴം, തേൻ എന്നീ വിള അധിഷ്ഠിത ആഗ്രോപാർക്കുകളാണ് ആദ്യഘട്ടത്തിൽ സ്ഥാപിക്കുന്നത്. സംസ്കരണം, മൂല്യവർദ്ധന, പാർക്കിംഗ്, ലേബലിംഗ് തുടങ്ങിയവയ്ക്കുള്ള ആധുനിക സാങ്കേതിക ഉപകരണങ്ങൾ, സാങ്കേതിക സഹായം ഉറപ്പുവരുത്തുന്നതിനുള്ള ചുറ്റുപാടുകൾ എന്നിവയെല്ലാം ടി പാർക്കുകളിൽ ലഭ്യമാകുന്ന രീതിയിലാണ് നിർമ്മിക്കുന്നത്. ടി പാർക്കുകൾ സ്ഥാപിതമാകുന്നതോടെ കാർഷിക മൂല്യവർദ്ധിത രംഗത്ത് വലിയ ഒരു മാറ്റം ഉണ്ടാക്കുവാനും കർഷകരുടെ വരുമാനം ഇരട്ടിയാക്കുവാനും സാധിക്കു മെന്നാണ് പ്രത്യാശിക്കുന്നത്.

(സി) 2016-17 സാമ്പത്തികവർഷം മുതൽ സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധന എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് 'വൈഗ' എന്ന പേരിൽ അന്താരാഷ്ട്ര ശിൽപ്പശാലയും പ്രദർശനവും നടത്തിവരുന്നുണ്ട്. കർഷകരിലും യുവാക്കളിലും കാർഷിക

സംരംഭകത്വം വളർത്തുന്നതിന് ഇത്തരം പരിപാടികൾ സഹായകരമാണ്. വൈഗയിൽനിന്നും പ്രാഥമിക അറിവുനേടി വരുന്ന ആളുകൾക്ക് പരിശീലനം നൽകുവാനും അഭിരുചിക്കനുസരിച്ചുള്ള സംരംഭക മേഖലകൾ കണ്ടുപിടിക്കുവാനും അർഹമായ സാമ്പത്തിക ആനുകൂല്യം വായ്പ അധിഷ്ഠിത സബ്സിഡിയായി നൽകുന്നതിന് കൺസോർഷ്യം മുഖേന പദ്ധതി നടപ്പാക്കുന്നുണ്ട്. ഇത്തരത്തിൽ 2016-17 സാമ്പത്തിക വർഷം 25 ലക്ഷംരൂപയും 2018-19-ൽ 113.17664 ലക്ഷംരൂപയും 2019-2020-ൽ 484.48703 ലക്ഷംരൂപയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സംരംഭങ്ങൾ തുടങ്ങുന്നതിന് SFAC മുഖേന സഹായം നൽകിയിട്ടുണ്ട്. 'വൈഗ' പരിപാടിയിൽ പങ്കെടുത്ത് അറിവും പ്രചോദനവും ഉൾക്കൊണ്ട് 30 പേർ ഇതിനകം സംരംഭകരായി മാറിയിട്ടുണ്ട്.

**അവിനാശി അപകടവും വാഹനങ്ങളുടെ അമിതവേഗത നിയന്ത്രണവും**

28(*148) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. വി. ജോയി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നുള്ള വിദഗ്ദ്ധ സംഘം അന്വേഷിച്ചതിൽനിന്നും അവിനാശി അപകടത്തിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ;

(ബി) ചരക്കു കടത്ത് (ലോജിസ്റ്റിക്സ്) രംഗത്തെ അമിത ലാഭേച്ഛ ഡ്രൈവർമാരെ സമ്മർദ്ദത്തിലാക്കുന്നതും ഉറക്കമൊഴിഞ്ഞ് രാത്രി മുഴുവൻ ഒറ്റക്ക് വാഹനമോടിക്കാൻ നിർബന്ധിതമാക്കുന്നതും തൊഴിൽ വൈദഗ്ദ്ധ്യം കുറഞ്ഞവർ വലിയ ഭാരവാഹനങ്ങളുടെ ഡ്രൈവർമാരാകാനിടയാകുന്നതും ഗൗരവത്തിലെടുത്ത് ഇതിന് അറുതി വരുത്തുവാൻ വേണ്ട ഇടപെടൽ നടത്തുമോ;

(സി) വാഹന സാന്ദ്രത കൂടിയ സംസ്ഥാനത്തെ ദേശീയ പാതകളിലും പൊതു നിരത്തുകളിലും വലിയ വാഹനങ്ങളും ആഡംബര വാഹനങ്ങളും ഭീതിയുണ്ടാക്കുന്ന തരത്തിൽ പായുന്നത് നിയന്ത്രിക്കാൻ കർശന നടപടിക്ക് നിർദ്ദേശം നൽകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഉണ്ട്. ഇടത്തോട്ടുള്ള വളവിൽ വലതു ട്രാക്കിലൂടെ പരമാവധി ഭാരത്തോടെയും ശരാശരി 63.5 കിലോമീറ്റർ വേഗതയിലും ഓടിച്ചുവന്ന കണ്ടെയ്നർ ലോറിയുടെ ഡ്രൈവർ പെട്ടെന്ന് മയങ്ങിപ്പോയതുമൂലമാണ് അപകടമുണ്ടായതെന്ന് കരുതുന്നു.

(ബി) ചരക്കുകടത്ത് രംഗത്തെ മത്സരവും ലാഭേച്ഛയും ലോഡുകൾ പെട്ടെന്ന് ലക്ഷ്യത്തിലെത്തിക്കാൻ ഡ്രൈവർമാർക്ക് പ്രേരണ നൽകുന്നു. എന്നാൽ വാഹനത്തിൽ രണ്ട് ഡ്രൈവർമാർ ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. നാഷണൽ പെർമിറ്റ് വാഹനങ്ങളിൽ രണ്ട് ഡ്രൈവർമാരും സ്ലീപിംഗ് ബർത്തും വേണമെന്ന നിബന്ധന 2018-ലെ അമന്റ്മെന്റ് പ്രകാരം കേന്ദ്രസർക്കാർ ഒഴിവാക്കിയിട്ടുണ്ട്. ഇത് പുനഃസ്ഥാപിക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഹെവി വാഹനങ്ങളിൽ ഡ്രൈവർക്ക് സഹായം ആവശ്യമാണെന്ന് കേരള മോട്ടോർ വാഹന ചട്ടം 368 കർശനമായി പാലിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലെ എൻഫോഴ്സ്മെന്റ് പ്രവർത്തികൾ ശക്തമാക്കിക്കൊണ്ട് തുടരുന്നതിനും മോട്ടോർ വാഹന-പോലീസ് വകുപ്പുകളിലേയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സംയുക്ത പരിശോധനായജ്ഞം 1-3-2020 മുതൽ മൂന്ന് മാസത്തേയ്ക്ക് നടത്തുന്നതിനും അവിനാശി അപകടത്തിന്റെ പശ്ചാത്തലത്തിൽ ചേർന്ന കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അടിയന്തര യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. പരിശോധനകൾക്ക് സംസ്ഥാന പോലീസ് മേധാവിയും ഗതാഗത കമ്മീഷണറും മുഖാന്തരം റോഡ് സുരക്ഷാ കമ്മീഷണർ മേൽനോട്ടം വഹിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രക്ക് ഡ്രൈവർമാർക്ക് നിരന്തരം വാഹനമോടിക്കുന്നതു മൂലമുള്ള ക്ഷീണം മാറുന്നതിനായി പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും വിശ്രമിച്ച് ക്ഷീണമകറ്റി യാത്ര തുടങ്ങുന്നതിനും Wayside Amenity Bay-കൾ ദേശീയപാതയിലും സംസ്ഥാനപാതയിലും ഏർപ്പെടുത്തുന്ന നടപടി ത്വരിതപ്പെടുത്തുവാൻ പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ കീഴിൽ ലേബർ കമ്മീഷണർ, ഗതാഗത കമ്മീഷണർ, റോഡ് സുരക്ഷാ കമ്മീഷണർ എന്നിവരെ ഉൾപ്പെടുത്തി ട്രക്ക് ഡ്രൈവർമാരുടെ പ്രവർത്തിസമയം ഉൾപ്പെടെയുള്ള വിഷയങ്ങൾ സംബന്ധിച്ച് മാർഗ്ഗരേഖ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പ് C-DAC-മായി സഹകരിച്ച് Smart Card-GPS മുഖാന്തരം ഡ്രൈവിംഗ് സമയത്ത് ട്രക്ക് ഡ്രൈവർമാരുടെ സ്വഭാവ പെരുമാറ്റങ്ങൾ മോണിറ്റർ ചെയ്യുന്നതിന് നടപടികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു.

(സി) വലിയ വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇന്റർസെപ്റ്റർ ഉപയോഗിച്ചുള്ള വാഹന പരിശോധന തുടരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലും പ്രധാന പാതകളിൽ പോലീസ്, മോട്ടോർവാഹന സംയുക്ത സ്ക്വാഡുകൾ 24 മണിക്കൂറും ഒരു നോഡൽ ഓഫീസറുടെ കീഴിൽ പട്രോളിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ മേൽനോട്ടം വഹിക്കുന്നതിന് റോഡ് സുരക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കുടുംബശ്രീ വഴി പ്ലാസ്റ്റിക് ബദൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണം

29(*149) ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ യൂണിറ്റുകളെ ഉപയോഗപ്പെടുത്തി പ്ലാസ്റ്റിക്കിന് പകരമുള്ള പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ നിർമ്മിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്ലാസ്റ്റിക്ക് കവറുകൾ നിരോധിച്ചതിനെത്തുടർന്ന് വിപണിക്കാവശ്യമായ വിവിധതരത്തിലുള്ള കവറുകൾ നിർമ്മിച്ചു നൽകുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് സാധിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) മത്സ്യമാർക്കറ്റുകളിൽ ഉപയോഗിക്കുന്നതിനായി പ്ലാസ്റ്റിക്കിന് സമാനമായ സൗകര്യങ്ങളോടുകൂടിയ ഏതെല്ലാം തരത്തിലുള്ള കവറുകളാണ് കൂടുതൽ പ്രായോഗികമെന്ന് കണ്ടെത്തിയിട്ടുള്ളത്; ആയതിന്റെ നിർമ്മാണം കുടംബശ്രീ യൂണിറ്റുകൾ നടത്തുന്നുണ്ടോ;

(ഡി) പാള, ഈറ, തുണി, വിവിധ മുള, ചണം, തൊണ്ട് തുടങ്ങിയവ ഉപയോഗപ്പെടുത്തി പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ നിർമ്മിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഇത്തരം പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങളെക്കുറിച്ച് ജനങ്ങൾക്ക് അവബോധം നൽകുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ എന്തൊക്കെ യെന്നറിയിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. ക്യാരി ബാഗുകൾ ഉൾപ്പെടെ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വിവിധതരം പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്കുപകരം പ്രകൃതിസൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് ബദൽ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് കുടുംബശ്രീ യൂണിറ്റുകൾ മുഖേന വിപണിയിലെത്തിച്ചുവരുന്നു. നിലവിൽ 1319 കുടുംബശ്രീ പ്രകൃതി സൗഹൃദ ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ കേരളത്തിലുടനീളം പ്രവർത്തിച്ചുവരുന്നു. പ്ലാസ്റ്റിക് നിരോധനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഉൽപ്പന്ന വൈവിധ്യങ്ങൾ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്ലാസ്റ്റിക് കവറുകൾക്കുപകരം തുണിസഞ്ചി, പേപ്പർ കവർ, ജ്യൂട്ട് ബാഗ് തുടങ്ങി വിവിധതരം ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുവാനും വിപണന സാധ്യത പ്രയോജനപ്പെടുത്തുവാനും കുടുംബശ്രീ യൂണിറ്റുകൾക്ക് സാധിക്കുന്നുണ്ട്.

(സി) മത്സ്യ മാർക്കറ്റുകളിൽ ഉപയോഗിക്കുന്നതിനായി പ്രധാനമായും കുടതുണികൊണ്ട് നിർമ്മിക്കുന്ന ക്യാരിബാഗുകളാണ് ഉപയോഗപ്പെടുത്തുന്നത്. ഇത്തരം ബാഗ് നിർമ്മിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾ നിലവിലുണ്ട്.

(ഡി) ഉണ്ട്. പാളപ്ലേറ്റുകൾ, പാള കണ്ടെയ്നറുകൾ, ഈറ്റ കൊണ്ടുള്ള വട്ടികൾ, കുട്ടകൾ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾ, മുള കൊണ്ടുള്ള കരകൗശല ഉൽപ്പന്നങ്ങൾ, ചണബാഗ്, ചണഫയൽ, തൊണ്ട്, ചകിരി എന്നിവ കൊണ്ടുള്ള പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങൾ എന്നിങ്ങനെ നൂറിലധികം പ്ലാസ്റ്റിക് ബദൽ ഉൽപ്പന്നങ്ങൾ കുടുംബശ്രീ യൂണിറ്റുകൾ വഴി വിപണിയിലെത്തിക്കുന്നുണ്ട്.

(ഇ) പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങൾ, പ്ലാസ്റ്റിക് ബദൽ ഉൽപ്പന്നങ്ങൾ എന്നിവയുടെ വിപണനത്തിനും ബോധവൽക്കരണത്തിനുമായി വിവിധ ജില്ലകളിലായി കുടുംബശ്രീ ഉത്പന്നങ്ങളുടെ പ്രദർശനം, പരിചയപ്പെടുത്തൽ, പ്ലാസ്റ്റിക് ഉപഭോഗത്തിനെതിരെ തെരുവുനാടകങ്ങൾ, ക്യാമ്പയിനുകൾ, കടകൾതോറും ഉത്പന്ന അവബോധ പ്രവർത്തനങ്ങൾ, ഉത്പന്ന പ്രദർശന മേളകൾ തുടങ്ങിയ പ്രചാരണ പരിപാടികൾ നടത്തിവരുന്നു. ഗ്രീൻ പ്രോട്ടോകോൾ രീതിയിൽ പരിപാടികൾ നടപ്പിലാക്കുന്നതുവഴി ഇതിനകംതന്നെ പൊതുജനങ്ങൾ പ്രകൃതിസൗഹൃദ ബദൽ ഉൽപ്പന്നങ്ങൾ പരിചയപ്പെട്ടിട്ടുണ്ട്.

## ജൈവകൃഷി പ്രോത്സാഹനം

30(*150) ശ്രീ. എം. വിൻസെന്റ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി പ്രോത്സാഹനത്തിലൂടെ ഉപഭോക്താക്കൾക്ക് സുരക്ഷിത ഭക്ഷണം ലഭ്യമാക്കുന്നതിനും കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ജൈവ ഉല്പന്നങ്ങൾക്ക് വിദേശ വിപണി നേടിയെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കേരള ഓർഗാനിക് ബ്രാന്റ് എന്ന പേരിൽ ഉപഭോക്താക്കൾക്ക് നൽകുന്ന പച്ചക്കറിയും പഴവും ഓർഗാനിക്കാണോ എന്ന് സർട്ടിഫൈ ചെയ്യുന്നതിനുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനത്തെ വിപണികളിൽ ഓർഗാനിക് എന്ന പേരിൽ പച്ചക്കറികൾ വൻവില ഈടാക്കി വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉപഭോക്താക്കളെ വഞ്ചിക്കുന്ന ഇത്തരക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ജൈവകൃഷി പ്രോത്സാഹനത്തിലൂടെ ഉപഭോക്താക്കൾക്ക് സുരക്ഷിത ഭക്ഷണം ലഭ്യമാക്കുന്നതിനും കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിനുമായി Good Agricultural Practices (ജി.എ.പി.) സർട്ടിഫിക്കേഷനോടുകൂടിയ തെരഞ്ഞെടുക്കപ്പെട്ട ജി.എ.പി. ക്ലസ്റ്ററുകളിൽനിന്നും ഉൽപ്പന്നങ്ങൾ ശേഖരിച്ച് തരംതിരിച്ച്, ഗ്രേഡ് ചെയ്ത് "സേഫ് റ്റു ഈറ്റ്-കേരള ഓർഗാനിക്" ലേബലോടുകൂടിയ പാക്കറ്റുകളിലാക്കി ഇക്കോഷോപ്പുകളിലൂടെ വിപണനം നടത്തുന്നു. ഇങ്ങനെ കർഷകരിൽനിന്നും ശേഖരിച്ച് ഇക്കോഷോപ്പുവഴി വിൽക്കുന്ന ഉൽപ്പന്നങ്ങൾക്ക് മുന്തിയ വില വിപണിയിൽ ലഭ്യമാകുന്നുണ്ട്. ഈ സംരംഭം കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണമില്ലാതെ നേരിട്ട് വിൽക്കുന്നതിന് സാധ്യമാക്കുന്നു.

കൂടാതെ വിപണികളിൽ ലഭ്യമാകുന്ന ഉൽപ്പന്നങ്ങൾ (ജി.എ.പി. ഉൾപ്പെടെ) സുരക്ഷിത ഭക്ഷണമാണെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വെള്ളായണി കാർഷിക കോളേജ് (തിരുവനന്തപുരം), ഹോർട്ടിക്കൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), ആർ.എ.ആർ.എസ്. മങ്കൊമ്പ് (ആലപ്പുഴ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബുകളിലെ ഉദ്യോഗസ്ഥർ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശം ടി ലാബിൽ പരിശോധിച്ച് പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും 3 മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നു. ഇപ്രകാരം പരിശോധിച്ച് പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ ജി.എ.പി. അവലംബിക്കുന്ന ക്ലസ്റ്ററുകളിൽനിന്നും ഇക്കോഷോപ്പുകളിൽനിന്നും ശേഖരിച്ച സാമ്പിളുകളിൽ കീടനാശിനി അവശിഷ്ട വിഷാംശം നിയന്ത്രിതപരിധിയിലും കുറവായിട്ടാണ് കണ്ടിട്ടുള്ളത്. ഈ ഉൽപ്പന്നങ്ങൾ "സേഫ് റ്റു ഈറ്റ് - കേരള ഓർഗാനിക് " എന്ന പേരിൽ ലേബൽ ചെയ്ത് പാക്കറ്റുകളിലാക്കി ഇക്കോഷോപ്പുകൾവഴിയും നേരിട്ടുള്ള വിപണി മുഖേനയും വിൽപ്പന നടത്തുന്നു.

നിലവിൽ ഒരു ഇക്കോഷോപ്പ് സജ്ജമാക്കുന്നതിന് 2 ലക്ഷംരൂപ വീതം ധനസഹായം നൽകുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പച്ചക്കറി സംഭരിച്ച് വിൽപ്പന നടത്തുന്നതിനുമുള്ള റിവോൾവിംഗ് ഫണ്ടിനായും ഈ തുക ചെലവഴിക്കുന്നു. ഇക്കോഷോപ്പുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി ഇതിനായി താൽപ്പര്യമുള്ള GAP ക്ലസ്റ്ററുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇത്തരത്തിൽ നാളിതുവരെ 249 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് 'ജൈവകൃഷിയും ഉത്തമ കൃഷി മുറകളും' പദ്ധതിക്കുകീഴിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മാർക്കറ്റ് ഡെവലപ്മെന്റ് പദ്ധതിയിൽ 213 ഇക്കോഷോപ്പുകളും വിള ആരോഗ്യ പരിപാലന പദ്ധതിയുടെ കീഴിൽ 46 ഇക്കോഷോപ്പുകളും സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമെ മുൻവർഷം സ്ഥാപിച്ച തെരഞ്ഞെടുത്ത ഇക്കോഷോപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടായി ഓരോ ലക്ഷംരൂപ വീതവും നൽകുന്നുണ്ട്.

"സേഫ് റ്റു ഈറ്റ് - കേരള ഓർഗാനിക് " ലേബലോടുകൂടിയ "സുരക്ഷിത പച്ചക്കറികൾ" പരിസ്ഥിതി സൗഹൃദമായ പാക്കറ്റുകളിലാണ് വിപണനം നടത്തുന്നത്. ഇത്തരം ഉൽപ്പന്നങ്ങൾ കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, മറ്റ് ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ നേരിട്ടുള്ള വിപണിവഴിയും വിപണനം നടത്തുന്നു.

(ബി) സംസ്ഥാന സർക്കാർ ആഭ്യന്തര വിപണിയിലൂടെ പൊതുജനങ്ങൾക്ക് സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിനാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. സംസ്ഥാനത്തെ ജൈവ ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി നേടിയെടുക്കുന്നതിന് നിലവിലുള്ള ജി.എ.പി. സർട്ടിഫിക്കേഷൻ കൊണ്ടുമാത്രം സാധ്യമല്ല. ഈ സർട്ടിഫിക്കേഷൻ നേടുന്നതിനായി അന്താരാഷ്ട്രതലത്തിൽ സർട്ടിഫിക്കേഷൻ നൽകുന്ന ഏജൻസികളുടെ Internal Control System (ICS സർട്ടിഫിക്കേഷൻ) ആവശ്യമാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതുകൂടി ലഭിച്ചാലേ സംസ്ഥാനത്തെ ജൈവ ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി പൂർണ്ണമായും നേടിയെടുക്കാനാവൂ.

എന്നാൽ 2017-ൽ നടന്ന 'അന്തർദേശീയ മേളയായ ഓർഗാനിക് വേൾഡ് കോൺഗ്രസ്സിൽ ' കേരളം സ്റ്റേറ്റ് പാർട്ട്ണർ ആയി പങ്കെടുക്കുകയും ഇതുവഴി സംസ്ഥാനത്തെ ജൈവ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുകയും അവയ്ക്ക് അന്തർദേശീയതലത്തിൽ ശ്രദ്ധനേടിയെടുക്കാനും കഴിഞ്ഞിട്ടുണ്ട്.

(സി) സംസ്ഥാനത്ത് എല്ലാ ജൈവ കർഷകർക്കും സഹായകരമായ രീതിയിൽ സൗജന്യമായി ലളിതമായ ഓർഗാനിക് സർട്ടിഫിക്കേഷൻ പ്രക്രിയയാണ് ജി.എ.പി. (Good Agricultural Practices) സർട്ടിഫിക്കേഷൻ. 25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററും കൃഷിഭവനിൽ രജിസ്റ്റർ ചെയ്യുകയും ഉത്തമ കൃഷിമുറകൾ അനുസരിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് വിളയുടെ വിവിധ

ഘട്ടങ്ങളിൽ വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ ജി.എ.പി. സർട്ടിഫിക്കേഷൻ നൽകുകയും ചെയ്യുന്നു. നിർദ്ദിഷ്ട ഇടവേളകളിൽ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ (എം) എന്നിവർ ഇവരുടെ കൃഷിയിടം സന്ദർശിക്കുകയും ഫീൽഡ് ഡയറി പരിശോധിക്കുകയും ഉത്തമ കൃഷിമുറകൾ പാലിച്ചാണ് കൃഷി ചെയ്യുന്നത് എന്ന് ഉറപ്പാക്കിയശേഷം കൃഷി അസിസ്റ്റന്റ് ഡയറക്ടർ (എം) ജി.എ.പി. സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. GAP സർട്ടിഫിക്കറ്റ് ലഭിച്ച ക്ലസ്റ്ററിൽ ഉൾപ്പെടുന്ന കർഷകരിൽനിന്നും ശേഖരിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ സേഫ് റ്റു ഈറ്റ്-കേരള ഓർഗാനിക് എന്ന ബ്രാൻഡിൽ ഇക്കോഷോപ്പുകൾ വഴി വിപണനം നടത്തുന്നു.

കൂടാതെ വെള്ളായണി കാർഷിക കോളേജ് (തിരുവനന്തപുരം), ഹോർട്ടിക്കൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), ആർ.എ.ആർ.എസ്. മങ്കൊമ്പ് (ആലപ്പുഴ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബുകളിലെ ഉദ്യോഗസ്ഥർ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശം പരിശോധിച്ച് പരിശോധനാഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും 3 മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നു. ഇപ്രകാരം പരിശോധിച്ച് പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ ജി.എ.പി. ക്ലസ്റ്ററുകളുടെ കൃഷിയിടങ്ങളിൽനിന്നും ഇക്കോഷോപ്പുകളിൽനിന്നും ശേഖരിച്ച സാമ്പിളുകളിൽ കീടനാശിനി അവശിഷ്ട വിഷാംശം അനുവദനീയമായ പരിധിയിലും കുറവായിട്ടാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ഡി) സംസ്ഥാനത്ത് വിപണിയിൽ ഓർഗാനിക് എന്ന പേരിൽ പച്ചക്കറി വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പ് ഇത്തരം പച്ചക്കറികൾ വിൽക്കുന്ന സ്ഥാപനങ്ങളിൽ സ്ഥിരമായി പരിശോധനകൾ നടത്തുന്നു. ഇത്തരം പരിശോധനകളിൽ ശേഖരിക്കുന്ന സാമ്പിളുകളിൽ ആരോഗ്യത്തിന് ഹാനികരമായ കീടനാശിനികൾ, കൃത്രിമ ചായങ്ങൾ എന്നിവ ലബോറട്ടറി പരിശോധനയിൽ കണ്ടെത്തുന്നപക്ഷം 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

കഴിഞ്ഞ രണ്ട് വർഷക്കാലമായി ജൈവ പച്ചക്കറികൾ വിൽക്കുന്ന 135 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുകയും ചെയ്തതിൽ ഒന്നിൽപോലും കീടനാശിനികളുടെ സാന്നിദ്ധ്യമോ കൃത്രിമ ചായങ്ങളോ കണ്ടെത്തിയിട്ടില്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഓരോ വിളയ്ക്കും പ്രത്യേക കാർഷിക മേഖലകൾ

31(1301) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വിളയുടെയും കൃഷിക്ക് ഏറ്റവും അനുയോജ്യവും ആ വിളയ്ക്ക് പരമാവധി ഉല്പാദനം സാധ്യമാകുന്ന കാലാവസ്ഥയുള്ളതുമായ മേഖലകളെ പ്രത്യേക കാർഷിക മേഖലകളായി തിരഞ്ഞെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിളകൾക്കാണ് പ്രത്യേക കാർഷിക മേഖല ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രത്യേക കാർഷിക മേഖലകളിൽ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങളുടെ വിപണനത്തിനും മൂല്യവർദ്ധനവിനും രോഗ-കീട നിയന്ത്രണത്തിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടത്തിവരുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്

(ബി) നെല്ല്, പച്ചക്കറി, വാഴ, തെങ്ങ്, പൂക്കൾ എന്നീ 5 വിളകൾക്കായി 14 പ്രത്യേക കാർഷിക മേഖലകൾക്ക് (Special Agricultural Zone) അംഗീകാരം നൽകിയിട്ടുണ്ട്.

നെല്ല് - കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട് (7 എണ്ണം)

പച്ചക്കറി - ദേവികുളം, കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ, നെന്മാറ (4 എണ്ണം)

വാഴ - തൃശ്ശൂർ (1 എണ്ണം)

പൂക്കൾ - വയനാട് (1 എണ്ണം)

തെങ്ങ് - കോഴിക്കോട് (1 എണ്ണം)

കൂടാതെ ആദിവാസി മേഖലയിലെ സമഗ്ര വികസനത്തിനായി ട്രൈബൽ അഗ്രികൾച്ചർ എന്ന പേരിൽ അട്ടപ്പാടി പ്രദേശത്ത് മില്ലറ്റ് വില്ലേജ് പദ്ധതിയും നടപ്പിലാക്കുന്നു.

കാലാവസ്ഥ വ്യതിയാനത്തിന്റെയും തുടരെയുണ്ടാകുന്ന വരൾച്ച, വെള്ളപ്പൊക്കം എന്നിവയുടെയും പശ്ചാത്തലത്തിൽ മണ്ണ്, കാലാവസ്ഥ എന്നിവയെ അടിസ്ഥാനപ്പെടുത്തി പുനർനിർണ്ണയിക്കുന്ന 5 കാർഷിക പാരിസ്ഥിതിക മേഖലകൾക്കും (Agro Ecological Zones) ഇതിൽപ്പെട്ട 23 കാർഷിക പാരിസ്ഥിതിക യൂണിറ്റുകൾക്കും (Agro Ecological Units) അനുയോജ്യമായ വിളക്രമം നിശ്ചയിച്ച് നടപ്പിലാക്കുവാനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്.

(സി) കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിന് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന പ്രോജക്ടധിഷ്ഠിത സഹായവും സാങ്കേതിക സഹായവും നൽകിവരുന്നു. ചെറുകിട ഇടത്തരം സംരംഭകർക്ക് വ്യവസായ വകുപ്പിൽ നടപ്പിലാക്കിവരുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള സഹായമാണ് ലഭ്യമാക്കുന്നത്. പരമാവധി ഒരു യൂണിറ്റിന് 50 ലക്ഷംരൂപ വരെ ധനസഹായം നൽകുന്നുണ്ട്. സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ അനുവദിച്ചശേഷമാണ് സബ്സിഡി നൽകുന്നത്. സ്വയം സഹായ സംഘങ്ങൾക്കും വ്യക്തിഗത യൂണിറ്റുകൾക്കും മൈക്രോലെവൽ സംരംഭങ്ങൾ തുടങ്ങുന്നതിനും സഹായം നൽകുന്നുണ്ട്. സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനവും എസ്.എഫ്.എ.സി. വഴി നൽകുന്നുണ്ട്.

സംസ്ഥാനത്ത് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും അതുവഴി സുസ്ഥിര വികസനം സാദ്ധ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. നാളികേരം, വാഴപ്പഴം, പച്ചക്കറി, തേൻ, മാമ്പഴം എന്നീ വിള അധിഷ്ഠിത അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനാണ് ആദ്യഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. ടി പാർക്കുകൾ പ്രവർത്തനസജ്ജമാക്കുന്നതോടെ കർഷകർക്കും/സംരംഭകർക്കും തങ്ങളുടെ ഉല്പന്നങ്ങൾക്ക് ഉയർന്നവില ലഭിക്കുന്നതിന് സഹായകമാകുന്നതാണ്.

കാർഷിക വിളകളുടെ മൂല്യവർദ്ധിത സാദ്ധ്യത മനസ്സിലാക്കുന്നതിനും കാർഷിക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ കഴിഞ്ഞ 4 വർഷമായി 'വൈഗ' എന്ന പേരിൽ അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും നടപ്പാക്കിവരുന്നുണ്ട്.

കാർഷിക ഉല്പന്നങ്ങളുടെ വിലത്തകർച്ച നേരിടുന്ന കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വിറ്റഴിക്കുന്നതിന് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 6 കാർഷിക മൊത്ത വ്യാപാര വിപണികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ടി വിപണികളിൽ ലേല സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. കൂടാതെ പച്ചക്കറി വികസന പദ്ധതിപ്രകാരം കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ ന്യായമായ വിലയ്ക്ക് ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് വിറ്റഴിക്കുന്നതിനുള്ള സംവിധാനം, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് മാർക്കറ്റുകൾ, എ ഗ്രേഡ് ക്ലസ്റ്റർ വിപണികൾ എന്നിവയിലൂടെ നടപ്പിലാക്കിവരുന്നു. വിപണി ശക്തിപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായി ആഴ്ച ചന്തകളും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ സർക്കാർ ഏജൻസിയായ വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതികൾ രൂപീകരിച്ച് വിപണന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നുണ്ട്. ടി വിപണികളിൽ ലേല സംവിധാനത്തിലൂടെയാണ് പഴം, പച്ചക്കറികൾ വിറ്റഴിച്ചുവരുന്നത്. കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് ഈ സംവിധാനങ്ങൾ സഹായകരമാകുന്നുണ്ട്. കൂടാതെ ഹോർട്ടികോർപ്പ്, ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് കർഷകരിൽനിന്നും കർഷക കൂട്ടായ്മകളിൽനിന്നും കാർഷിക മൊത്ത വ്യാപാര വിപണികളിൽനിന്നും കാർഷികോല്പന്നങ്ങൾ ന്യായവിലയ്ക്ക് സംഭരിച്ച് വിതരണം ചെയ്യുന്നുണ്ട്. കൂടാതെ 'കർഷക മിത്ര' എന്ന സംവിധാനത്തിലൂടെ കർഷകരുടെ വീടുകളിൽനിന്നും അധികമുള്ള കാർഷികോല്പന്നങ്ങൾ ശേഖരിച്ച് മറ്റ് വീടുകളിലും വിപണികളിലും വിറ്റഴിക്കുന്നുണ്ട്.

കൃഷി വകുപ്പുമുഖേന നടപ്പിലാക്കിവരുന്ന വിള ആരോഗ്യ പാരിപാലന പദ്ധതിപ്രകാരം കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനും കീടരോഗ നിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗ ബാധയെപ്പറ്റി മുൻകൂട്ടി അറിവ് നൽകുന്നതിനും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും കർഷകർക്ക് ശാസ്ത്രീയ നിർദ്ദേശങ്ങൾ നല്കുന്നതിനുമായി പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പഞ്ചായത്തുതലത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ, തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരായ പ്രതിരോധമാർഗ്ഗങ്ങൾ കാമ്പയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനും 20 ലക്ഷംരൂപ വകയിരുത്തിയിട്ടുണ്ട്. അവിചാരിത കാരണങ്ങളാൽ കീടരോഗബാധമൂലം വ്യാപകമായി കൃഷിനാശം സംഭവിച്ചാൽ അത്തരം സന്ദർഭങ്ങൾ നേരിടുന്നതിന് കീടരോഗബാധയുടെ തോത് കണക്കായി സസ്യ സംരക്ഷണ വസ്തുക്കൾ വാങ്ങുന്നതിനും സ്പ്രേയിംഗ് ചെലവുകൾ ധനസഹായം നൽകിവരുന്നു.

## അഗ്രോ സർവ്വീസ് സെന്ററുകൾ

32(1302) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിലവിൽ എത്ര ആഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് നിലവിൽ 97 അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നശേഷം പുതുതായി 33 അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിച്ചിട്ടുണ്ട്. (2016-17 മുതൽ 2018-19 വരെ). 2019-2020-ൽ 12 എണ്ണംകൂടി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കാർഷിക പാരിസ്ഥിതിക യൂണിറ്റുകളുടെ നിർണ്ണയം

33(1303) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബാബു :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചകൊണ്ടും അതിവർഷം കൊണ്ടും വിളകൾക്ക് വൻതോതിലുള്ള നാശനഷ്ടം സംഭവിക്കുന്നത് പതിവായതിനാലും മണ്ണിന്റെ പ്രത്യേകതകൊണ്ട് എല്ലായിടവും എല്ലാത്തരം കൃഷികൾക്കും അനുയോജ്യമല്ലാത്തതിനാലും കാർഷിക മേഖലകളെ വിവിധ കാർഷിക പാരിസ്ഥിതിക യൂണിറ്റുകളായി നിർണ്ണയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത്തരം ഓരോ കാർഷിക മേഖലകളിലും അനുയോജ്യമായ വിളകളും അവയ്ക്ക് അനുയോജ്യമായ സമയവും സംബന്ധിച്ച് കർഷകർക്ക് അറിവ് പകർന്ന് നൽകാൻ എന്ത് മാർഗ്ഗമാണ് ആലോചിക്കുന്നത്;

(സി) ഓരോ മേഖലയിലും അനുയോജ്യമായ വിളകൾ കൃഷിയിറക്കുന്നത് വിജയകരമാകുന്നതിന് അനിവാര്യമായി ഓരോ വിളയ്ക്കും കൃഷി ചെലവിനെ ആധാരമാക്കി ന്യായവില ഉറപ്പാക്കാൻ നടപടിയുണ്ടാകുമോ;

(ഡി) വയനാടൻ കാപ്പിക്ക് ആഗോള ബ്രാൻഡിംഗ് ഉദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാർഷിക മേഖലകളെ വിവിധ കാർഷിക പാരിസ്ഥിതിക യൂണിറ്റുകളായി നിർണ്ണയിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ഉള്ളടക്കം ചെയ്തിട്ടുണ്ട്.

(ബി) കർഷകരുടെ പരമ്പരാഗത അറിവും അനുഭവജ്ഞാനവും കേരള കാർഷിക സർവ്വകലാശാല, മറ്റ് കാർഷിക ഗവേഷണ സ്ഥാപനങ്ങൾ എന്നിവയിലെ ശാസ്ത്രജ്ഞരുടെ കണ്ടെത്തലുകളും സംയോജിപ്പിച്ചുകൊണ്ട്, കേരളത്തിന്റെ കാർഷിക മേഖലയെ അഞ്ച് കാർഷിക ആവാസ യൂണിറ്റുകളായി തിരിക്കുകയും അവ ഓരോന്നിനും അനുയോജ്യമായ വിളകളുടെയും കൃഷി രീതികളുടെയും വിശദമായ പഠനം കേരള കാർഷിക സർവ്വകലാശാല തയ്യാറാക്കിയിട്ടുണ്ട്. ഓരോ പ്രദേശത്തിനും അനുയോജ്യമായ വിളകളെ സംബന്ധിച്ചും കൃഷി രീതികളെ സംബന്ധിച്ചും കർഷകർക്ക് അറിവ് നൽകുന്നതിനായി കൃഷി വകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും വിജ്ഞാന വ്യാപന സംവിധാനം പ്രയോജനപ്പെടുത്തുന്നതാണ്. കൂടാതെ, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾവഴിയും സമൂഹ മാധ്യമങ്ങൾവഴിയും മറ്റ് പ്രസിദ്ധീകരണങ്ങൾ മുഖേനയും കാർഷിക അറിവുകൾ പകരുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

(സി) കർഷകർക്ക് ഉൽപ്പാദന ചെലവിനനുസൃതമായി ന്യായവില ഉറപ്പാക്കുക, വിപണി സംവിധാനം ശക്തിപ്പെടുത്തുക, സംസ്ഥാനത്തെ കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വിലസ്ഥിരതാ പദ്ധതി, വിപണി ശക്തിപ്പെടുത്തൽ പദ്ധതി, വിപണി ഇടപെടൽ പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

(ഡി) 2020-21 വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ കിൻഫ്രയുടെ അധീനതയിലുള്ള 100 ഏക്കർ സ്ഥലത്ത്, 150 കോടിരൂപയുടെ മെഗാഫുഡ് പാർക്ക് നിർമ്മാണം ആരംഭിക്കുന്നതിനും ആയതിൽ ബ്രാൻഡഡ് കാപ്പിയുടെയും പഴവർഗ്ഗങ്ങളുടെയും പൊതുസംസ്കരണ സംവിധാനങ്ങൾ ഒരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ 2020-21 വർഷത്തിൽ കൃഷി വകുപ്പുമുഖേന നടപ്പിലാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ നഴ്സറികളിലെ തുള്ളിനന ഉൾപ്പെടെ കാപ്പിയുടെ പ്രജനനത്തിനും പരിപാലനത്തിനുമായി 300 ലക്ഷംരൂപയും വയനാട് ജില്ലയിലെ കുരുമുളക് കൃഷിയുടേയും കാപ്പി കൃഷിയുടേയും സാങ്കേതികാധിഷ്ഠിത വികസനത്തിനായുള്ള പദ്ധതിക്ക് 1000 ലക്ഷംരൂപയും വകയിരുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കാർഷിക മേഖലയുടെ പുനഃസംഘടന**

34(1304) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയെ അഗ്രോ ഇക്കോളജിക്കൽ യൂണിറ്റായി പുനഃസംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) എങ്കിൽ അതിലൂടെ ലക്ഷ്യമിടുന്നത് എന്താണെന്ന് വ്യക്തമാക്കാമോ;

(സി) കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന കൃഷിരീതികൾ അവലംബിക്കുന്നതിനും വെള്ളപ്പൊക്കവും വരൾച്ചയും പ്രതിരോധിക്കുന്ന വിളകൾ വികസിപ്പിച്ച് ഉപയോഗിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) കാർഷിക മേഖലയുടെ സമഗ്രമായ വികസനത്തിനും പ്രളയത്തെ തുടർന്ന് മേഖലയുടെ കാർഷിക പുനർനിർമ്മാണത്തിനും വിളയടിസ്ഥാനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി കൃഷി വകുപ്പിന്റെ നിലവിലുള്ള ഭരണപരമായ അതിർത്തികൾക്കും ചട്ടക്കൂടുകൾക്കും മാറ്റം വരുത്താതെയും തദ്ദേശ സ്ഥാപനങ്ങളുടെ കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പിലെ നിലവിലുള്ള രീതികളും സംവിധാനങ്ങളും അതേപടി തുടർന്നുകൊണ്ടും തദ്ദേശ സ്ഥാപനങ്ങളും കൃഷി വകുപ്പും തമ്മിലുള്ള ഏകോപനം ദൃഢമാക്കിക്കൊണ്ടും കേരളത്തിലെ കാർഷിക മേഖലയെ 5 അഗ്രോ ഇക്കോളജിക്കൽ സോണുകളായും പ്രസ്തുത സോണുകളെ മണ്ണ്, കാലാവസ്ഥ, ഭൂപ്രകൃതി, കൃഷി സമ്പ്രദായം മുതലായവ അടിസ്ഥാനമാക്കി 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായും വിഭജിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

(സി) ഉണ്ട്. അതത് പ്രദേശങ്ങളുടെ കാലാവസ്ഥയ്ക്കും മണ്ണിനുമനുസരിച്ച് വിളകൾ തെരഞ്ഞെടുത്ത് വികസിപ്പിക്കുന്നതിനുവേണ്ടി നിലവിൽ പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനം, നാടൻ വിത്തിനങ്ങളുടെ ജൈവ വൈവിധ്യ സംരക്ഷണവും പ്രോത്സാഹനവും എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വരൾച്ചയെ പ്രതിരോധിക്കുന്ന വിളകൾ വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ കേരള കാർഷിക സർവ്വകലാശാല മുഖേന നടത്തിവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കാർഷിക മേഖലയുടെ തളർച്ചയ്ക്കുള്ള കാരണങ്ങൾ**

35(1305) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കാർഷിക മേഖലയുടെ തളർച്ചക്ക് കാരണമായി കണ്ടെത്തിയിട്ടുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാമാണ്;

(ബി) അവ പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ചുവന്ന നടപടികളും ആയതിലൂടെ കൈവരിക്കാൻ സാധിച്ച നേട്ടങ്ങളും വിശദമാക്കുമോ?

ഉത്തരം

(എ) ആഗോള സാമ്പത്തിക ക്രമത്തിന്റെ ഭാഗമായി കാർഷി കോത്പന്നങ്ങളുടെ ഇറക്കുമതിയും കയറ്റുമതിയിൽ വിദേശ രാജ്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും കേന്ദ്ര സർക്കാരിന്റെ പ്രതികൂലമായ സാമ്പത്തിക നയങ്ങൾ, കാലാവസ്ഥാ വ്യതിയാനം, 2017-2018, 2018-2019 കാലയളവിൽ ഉണ്ടായ വെള്ളപ്പൊക്കം, മറ്റ് പ്രകൃതി ദുരന്തങ്ങൾ എന്നിവ കാർഷിക മേഖലയ്ക്ക് വലിയ ആഘാതമാണ് സൃഷ്ടിച്ചിട്ടുള്ളത്. നാളികേരം, റബ്ബർ എന്നീ വിളകൾക്കുണ്ടായ വിലത്തകർച്ചയും ഉല്പാദന വളർച്ചാനിരക്കിലുണ്ടായ ഇടിവിന് കാരണമായിട്ടുണ്ട്.

(ബി) വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷി ഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റംവരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾക്ക് 22.19 കോടിരൂപയുടെ പദ്ധതി പാക്കേജിൽ അംഗീകാരം നൽകി. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉല്പാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം, മണ്ണിന്റെ ഫലഭൂയിഷ്ഠത എന്നിവ വർദ്ധിപ്പിക്കുന്നതിനുമായി 2018-19-ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽനിന്നും 43.62 കോടിരൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം നൽകി. ഇപ്രകാരം ആകെ 65.81 കോടിരൂപ പ്രളയാനന്തര പാക്കേജ് പദ്ധതികൾക്ക് അംഗീകാരം നൽകി.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽനിന്നും 93.39 കോടിരൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. ഇതിന്റെ ആദ്യ ഗഡുവായി 24.93 കോടിരൂപ കേന്ദ്ര വിഹിതമായും 16.62 കോടിരൂപ സംസ്ഥാന വിഹിതമായും ആകെ 41.55 കോടിരൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് ലഭ്യമാക്കിയിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷം പുനർജനി - പ്രളയാനന്തര കാർഷിക മേഖലയുടെ പുനഃസ്ഥാപനം എന്ന പേരിൽ പുതിയ പദ്ധതി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 224.00 ലക്ഷംരൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. 2018, 2019 വർഷങ്ങളിൽ സംഭവിച്ച പ്രളയത്തിന്റെ ഫലമായുണ്ടായ കേടുപാടുകൾ നികത്തുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. തൊഴിലവസരം സൃഷ്ടിക്കുന്നതിനും വരുമാനദായകവുമായ പ്രവർത്തനങ്ങൾ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു.

കേരള പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായുള്ള പദ്ധതിയിൽ 182.76 കോടിരൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

കാലാവസ്ഥ, മണ്ണ്, ഭൂപ്രകൃതി എന്നിവയെ അടിസ്ഥാനമാക്കി കേരളത്തിന്റെ കാർഷിക മേഖലയെ 5 കാർഷിക പാരിസ്ഥിതികമേഖലകളായും ഇവയെ 23 കാർഷിക പാരിസ്ഥിതിക യൂണിറ്റുകളായും വിഭജിച്ച്, 2020-21 സാമ്പത്തിക വർഷം മുതൽ വിളാധിഷ്ഠിത പദ്ധതികൾ കാർഷിക പാരിസ്ഥിതിക യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുവാനുദ്ദേശിക്കുന്നു.

കർഷക വിരുദ്ധ ഉടമ്പടികൾക്കെതിരെ സംസ്ഥാനം ശക്തമായ പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതിന്റെ ഫലമായി ആർ.സി.ഇ.പി. പോലുള്ള ഉടമ്പടികളിൽനിന്നും കേന്ദ്ര സർക്കാർ പിന്മാറിയിട്ടുണ്ട്.

## ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്ന ഉപഭോക്താക്കൾക്കുള്ള സഹായം

36(1306) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്ന ഉപഭോക്താക്കൾക്ക് കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നൽകിവരുന്ന സഹായ സഹകരണങ്ങൾ വിശദീകരിക്കുമോ;

(ബി) ഇതിനായി നൽകിവന്നിരുന്ന സബ്സിഡി വർദ്ധിപ്പിക്കാൻ തീരുമാനമായിട്ടുണ്ടോ; വർദ്ധനവ് പ്രകാരമുള്ള സബ്സിഡി നൽകിത്തുടങ്ങിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്ന ഉപഭോക്താക്കൾക്ക് കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ താഴെക്കൊടുത്തിരിക്കുന്ന പ്രകാരം ധനസഹായം നൽകിവരുന്നു.

| | IM3 പ്ലാന്റ് | 2-6 M3 പ്ലാന്റ് |
|---|---|---|
| കേന്ദ്ര ഗവൺമെന്റ് വിഹിതം | 7500 രൂപ/ പ്ലാന്റ് (ജനറൽ) | 12000 രൂപ/ പ്ലാന്റ് (ജനറൽ) |
| | 10000 രൂപ/ പ്ലാന്റ് (SC/ST) | 13000 രൂപ/ പ്ലാന്റ് (SC/ST) |
| സ്റ്റേറ്റ് വിഹിതം (2019-2020 വർഷം മുതൽ) | 8000 രൂപ/പ്ലാന്റ് (ജനറൽ) | 8000 രൂപ/പ്ലാന്റ് (ജനറൽ) |
| | 9000 രൂപ/ പ്ലാന്റ് (SC/ST) | 9000 രൂപ/ പ്ലാന്റ് (SC/ST) |

കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റുകളുടെ വിവരം താഴെ കൊടുക്കുന്നു.

| | ജനറൽ | SC/ST | ആകെ |
|---|---|---|---|
| 2016-2017 | 1112 | 24 | 1136 |
| 2017-2018 | 883 | 15 | 898 |
| 2018-2019 | 864 | 25 | 889 |

2019-20 വർഷത്തെ ടാർജറ്റ് 1100 എണ്ണത്തിൽ (1000 എണ്ണം ജനറലും 100 എണ്ണം SC/ST) 540 എണ്ണം പണി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 2019-20 വർഷം മുതൽ കേന്ദ്ര വിഹിതത്തിനുപുറമേ "അഡീഷണൽ അസിസ്റ്റന്റ്സ് - സ്റ്റേറ്റ് ഫണ്ട്" ഭാഗമായി താഴെപ്പറയും പ്രകാരമുള്ള തുക നൽകുന്നു.

SC വിഭാഗത്തിന് എല്ലാ പ്ലാന്റുകൾക്കും (1 $M^3$ - 23 $M^3$) 9000 രൂപയും ജനറൽ വിഭാഗത്തിന് 8000 രൂപയും 2019-20 മുതൽ നൽകുന്നതിന് തീരുമാനമായിട്ടുണ്ട്.

**പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

37(1307) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബാബു :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സംസ്ഥാനത്ത് പ്രതിവർഷം എത്ര മെട്രിക് ടൺ പച്ചക്കറി ആവശ്യമായി വരുമെന്നാണ് നാഷണൽ സാമ്പിൾ സർവ്വേ കണക്കുകൾ സൂചിപ്പിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) നിലവിൽ ആവശ്യകതയുടെ എത്ര ശതമാനം പച്ചക്കറിയാണ് സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറിയുല്പാദനം എത്ര മെട്രിക് ടൺ ആയിരുന്നുവെന്നും 2018-19 ആയപ്പോൾ അത് എത്ര മെട്രിക് ടൺ ആയി വർദ്ധിച്ചു എന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) കേരളത്തിനെ പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനായി നാഷണൽ സാമ്പിൾ സർവ്വേ കണക്കുകൾപ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. നിലവിൽ ആവശ്യകതയുടെ 60% മാത്രമാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പച്ചക്കറി വിസ്തൃതി 52830 ഹെക്ടറും ഉല്പാദനം 7.25 ലക്ഷം മെട്രിക് ടണ്ണും ആയിരുന്നു. 2017-18-ൽ സംസ്ഥാനത്ത് 69047 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽനിന്നും 10.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും സാധിച്ചു. 2018-19 സാമ്പത്തിക വർഷം 82166.55 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിൽനിന്നും 12.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. പച്ചക്കറി കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിച്ച് സംസ്ഥാനത്ത് ആവശ്യമായ പച്ചക്കറികൾ കഴിവതും ഇവിടെത്തന്നെ ഉല്പാദിപ്പിക്കുവാനുള്ള ശ്രമമാണ് സംസ്ഥാന സർക്കാർ നടത്തിവരുന്നത്.

**കൃഷിയിടങ്ങളിൽ യന്ത്രവൽക്കരണം**

38(1308) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഭൂവിനിയോഗക്രമത്തിലും വിളക്രമത്തിലും വന്ന മാറ്റം സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷയ്ക്കും പാരിസ്ഥിതിക സുസ്ഥിരതയ്ക്കും ഗുരുതരമായ ഭീഷണി ഉയർത്തുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതിയിലും ഒന്നിൽ കൂടുതൽ പ്രാവശ്യം കൃഷി ഇറക്കുന്ന സ്ഥലത്തിന്റെ വിസ്തൃതിയിലും കുറവ് ഉണ്ടാകുന്നതും കാർഷികേതര ആവശ്യങ്ങൾക്കുള്ള ഭൂവിനിയോഗം വർദ്ധിക്കുന്നതും ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ കൃഷിയിടങ്ങളിൽ വൻതോതിലുള്ള യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഇത്തരത്തിലുള്ള യന്ത്രവൽക്കരണം നടപ്പിലാക്കുമ്പോൾ എന്തൊക്കെ സഹായങ്ങളാണ് കർഷകർക്ക് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ ഭൂവിനിയോഗക്രമത്തിലും വിളക്രമത്തിലും വന്ന മാറ്റം സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്കും പാരിസ്ഥിതിക സുസ്ഥിരതയ്ക്കും ഭീഷണി ഉയർത്തിയിട്ടുണ്ട്. 2018-19-ലെ ഭൂവിനിയോഗ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ മൊത്തം വിസ്തൃതിയുടെ 38.86 ലക്ഷം ഹെക്ടറിൽ 66% വിളയിറക്കിയിട്ടുള്ള പ്രദേശമാണ്. ഇതിൽ യഥാർത്ഥ കൃഷിയുടെ വിസ്തൃതി 53 ശതമാനമാണ്. കാർഷികേതര ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂമി 12 ശതമാനവും വനഭൂമി 28 ശതമാനവുമാണ്. കൃഷിക്കനുയോജ്യമായ പാഴ്ഭൂമി, തരിശുഭൂമി യഥാക്രമം രണ്ടും ഒന്നും ശതമാനമാണ്.

2018-19-ൽ കേരളത്തിൽ ആകെ കൃഷി വിസ്തൃതിയുടെ 62.1% നാണ്യവിളകളും (കശുമാവ്, റബ്ബർ, കുരുമുളക്, തെങ്ങ്, ഏലം, തേയില, കാപ്പി) 10.15% ഭക്ഷ്യവിളകളും (നെല്ല്, കപ്പ, പയറുവർഗ്ഗങ്ങൾ) ആണ്. മൊത്തം കൃഷി വിസ്തൃതിയുടെ 27.7% റബ്ബർ, കാപ്പി, തേയില, ഏലം എന്നീ വിളകളാണ്. വിളകളിൽ ഏറ്റവും കൂടുതൽ കൃഷി വിസ്തൃതി തെങ്ങിനും (29.6%) തുടർന്ന് റബ്ബറിനുമാണ് (21.5%). നെൽകൃഷി വിസ്തൃതി 7.7 ശതമാനത്തോടെ മൂന്നാം സ്ഥാനത്താണ്. നെൽകൃഷി ഒഴികെയുള്ള ഭക്ഷ്യവിളകളുടെ ആകെ വിസ്തൃതി 2018-19 കാലയളവിൽ കുറയുകയാണ് ചെയ്തത്. നെൽകൃഷി വിസ്തൃതി 4.7% വർദ്ധനവ് രേഖപ്പെടുത്തി. തെങ്ങ്, കവുങ്ങ്, തേയില, വാഴ ഒഴികെയുള്ള മറ്റ് പ്രധാന വിളകളുടെ കൃഷി വിസ്തൃതി കുറയുന്ന പ്രവണതയാണ് കാണുന്നത്. 2017-18-നെ അപേക്ഷിച്ച് തെങ്ങ് കൃഷിയിൽ 0.06 ശതമാനവും തേയില കൃഷിയിൽ 20.8 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തുകയും റബ്ബറിന്റെയും കാപ്പിയുടെയും കൃഷി വിസ്തൃതി മാറ്റമില്ലാതെ തുടരുകയും ചെയ്തു.

(ബി) ഉണ്ട്. മൊത്തം കൃഷി വിസ്തൃതിയും ഒന്നിൽ കൂടുതൽ പ്രാവശ്യം കൃഷിയിറക്കിയ സ്ഥലത്തിന്റെ വിസ്തൃതിയും യഥാക്രമം 0.4 ശതമാനം, 3 ശതമാനം കുറഞ്ഞതായി കാണുന്നു. 2018-19 വർഷത്തിൽ കേരളത്തിലുണ്ടായ പ്രളയം ഈ കുറവിന് കാരണമാകാം. കാർഷികേതര ആവശ്യങ്ങൾക്കായുള്ള ഭൂവിനിയോഗം 3% വർദ്ധിച്ചു.

(സി) ഉണ്ട്.

(ഡി) കാർഷിക യന്ത്രോപകരണങ്ങൾ സബ്സിഡിയോടെ കർഷകർക്ക് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ പദ്ധതിപ്രകാരം ലഭ്യമാക്കുന്നുണ്ട്. കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം, കസ്റ്റം ഹയറിംഗ് സെന്ററുകൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം, കാർഷിക യന്ത്ര ബാങ്കുകൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം എന്നിവ ലഭ്യമാക്കുന്നു.

## ഔഷധ സസ്യങ്ങളുടെ ന്യായവിലയ്ക്ക് സംഭരണ കേന്ദ്രങ്ങൾ

39(1309) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേയ്ക്കായി ഔഷധ സസ്യങ്ങൾ സൗജന്യമായി വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) കർഷകർ ഉല്പാദിപ്പിക്കുന്ന ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾക്ക് ന്യായവില ലഭിക്കുന്നതിനായി ഔഷധിയുമായിച്ചേർന്ന് സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഔഷധ സസ്യകൃഷി വ്യാപിപ്പിക്കുന്നതിന് 2019-20 വാർഷിക പദ്ധതിയിൽ 100 ലക്ഷംരൂപ വകയിരുത്തിയിട്ടുണ്ട്. ഔഷധ കൃഷി വ്യാപനം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം ചേരുകയും കൃഷി വകുപ്പിന്റെ യോഗം ചേരുകയും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഔഷധ സസ്യകൃഷി വ്യാപകമാക്കുന്നതിനെക്കുറിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും കീഴിൽ ലഭ്യമായ സ്ഥലങ്ങളിലും സർക്കാർ ഫാമുകളിലും ഔഷധ സസ്യകൃഷി നടത്തുന്നതിനും സംസ്ഥാന വ്യാപകമായി ഔഷധ സസ്യകൃഷി നടപ്പിലാക്കുന്നതിന് ഒരു കർമ്മ പദ്ധതി രൂപീകരിക്കുന്നതിനും പ്രസ്തുത യോഗം തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. കർമ്മ പദ്ധതി രൂപീകരിക്കുന്നതിനും സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി അത് നടപ്പിലാക്കുന്നതിനും ആയുഷ്, കൃഷി വകുപ്പുകളുടെയും മറ്റ് ഏജൻസികളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി കൃഷി ഡയറക്ടർ ചെയർമാനായി

ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. പ്രസ്തുത കമ്മിറ്റി യോഗം ചേരുകയും ഓരോ വകുപ്പിനും നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ സംയോജിപ്പിച്ച് ഒരു കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ്, വനം വകുപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ കേരള, കൃഷി വകുപ്പ്, നാഷണൽ ആയുഷ് മിഷൻ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ എന്നീ സംവിധാനത്തിലെ ചുമതലപ്പെട്ടവർ യോഗം ചേർന്ന് അടുത്ത മന്ത്രിതല യോഗത്തിൽ സമർപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2019-20 വർഷത്തെ 100 ലക്ഷംരൂപയുടെ പദ്ധതി പരിഷ്കരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ കർഷകർക്കുള്ള പരിശീലന പരിപാടി, വീട്ടുവളപ്പിലെ ഔഷധ കൃഷി പ്രോത്സാഹിപ്പിക്കൽ, പ്രൈമറി പ്രോസസിംഗ് യൂണിറ്റിനുള്ള ധനസഹായം മുതലായ ഘടകങ്ങൾ ഉൾപ്പെടുന്നു. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള ദേശീയ ആയുഷ് മിഷന്റെ ഔഷധ സസ്യകൃഷി വ്യാപന പദ്ധതി 2015-16, 2016-17 വർഷങ്ങളിൽ നടപ്പിലാക്കിയിരുന്നു. ഔഷധ സസ്യങ്ങളുടെ വിള വിസ്തൃതി വ്യാപിപ്പിക്കുക, വിളവെടുപ്പാനന്തര പരിപാലനം മുതലായ ഘടകങ്ങൾക്കാണ് ധനസഹായം നൽകിയിരുന്നത്. 2017-18 മുതൽ സംസ്ഥാന ഔഷധ സസ്യബോർഡാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ബി) ഉണ്ട്. 10000 വീട്ടുവളപ്പുകളിൽ ഔഷധ സസ്യങ്ങളുടെ 700 രൂപ വിലയുള്ള കിറ്റ് 75% സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ 10 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന വാണിജ്യ കൃഷിക്ക് നടീൽ വസ്തുക്കൾ സൗജന്യമായി വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) കൃഷി ആരംഭിക്കുന്നതിനുമുമ്പുതന്നെ കർഷകർ ഉല്പാദിപ്പിക്കുന്ന ഔഷധ സസ്യങ്ങൾ ഉൾപ്പെടെ ഇൻഡസ്ട്രിക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ സംഭരിക്കുന്നതിന് ഔഷധിയുമായി ചേർന്ന് ഒരു MoU ഒപ്പിടുന്നതിനും ഡിമാന്റ് അനുസരിച്ചുള്ള ഔഷധസസ്യ ഇനങ്ങൾ കൃഷി ചെയ്യുന്നതിന് കർഷകർക്ക് നിർദ്ദേശം നൽകുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ പ്രൈമറി പ്രോസസിംഗ് യൂണിറ്റുകൾക്ക് 2 ലക്ഷംരൂപ നിരക്കിൽ ധനസഹായം നൽകുന്നതിനും ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നു. സെമി പ്രോസസ്ഡ് പദാർത്ഥങ്ങൾകൂടി ശേഖരിക്കുന്നതിനും ഔഷധിയുമായി കരാറിൽ ഏർപ്പെടുന്നതിനും ഉദ്ദേശിക്കുന്നു.

## അഗ്രോ ക്ലിനിക്കിന്റെ സേവനങ്ങൾ

40(1310) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ അഗ്രോ ക്ലിനിക്കിലൂടെ എന്തെല്ലാം സേവനങ്ങളാണ് കർഷകർക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തിലെ കൃഷിഭവനിൽ അഗ്രോ ക്ലിനിക് അനുവദിച്ചിട്ടുണ്ടോയെന്നറിയ്ക്കുമോ?

ഉത്തരം

(എ) കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കീടരോഗ നിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗബാധയെപ്പറ്റി മുൻകൂട്ടി അറിവ് നൽകുകയും നിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുകയുമാണ് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം.

സംസ്ഥാനത്ത് 2018-19 വരെ 252 കൃഷിഭവനുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ച് പ്രവർത്തനം തുടർന്നുവരുന്നു. ഈ സാമ്പത്തിക വർഷം 25 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾകൂടി പുതിയതായി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൃത്യമായ ഇടവേളകളിൽ കൃഷിയിടം സന്ദർശിക്കുന്ന പെസ്റ്റ് സ്കൗട്ടുകൾ, കീടരോഗബാധയുടെ തോത് ശാസ്ത്രീയമായി ശേഖരിച്ച് അതിന്റെ അടിസ്ഥാനത്തിൽ കീടരോഗബാധ സംബന്ധിച്ച മുന്നറിയിപ്പുകളും നിയന്ത്രണത്തിന് അനുവർത്തിക്കേണ്ട ശാസ്ത്രീയ മാർഗ്ഗങ്ങളും കർഷകർക്ക് നേരിട്ടും കൃഷിഭവൻ മുഖേനയും നൽകുന്നു. ഇന്റർനെറ്റ് ആസ്പദമാക്കിയുള്ള Crop Pest Surveillance System (CPSS) എന്ന സേവനം കർഷകർക്ക് ലഭ്യമാക്കുന്നു. കൂടാതെ കീടരോഗ നിർണ്ണയത്തിനുള്ള ഉപകരണങ്ങൾ, ശത്രു/മിത്രു കീടങ്ങളെ തിരിച്ചറിയാനുള്ള സ്പെസിമനുകൾ, കീടരോഗ ലക്ഷണങ്ങൾ സംബന്ധിച്ച പോസ്റ്ററുകൾ, ചാർട്ടുകൾ, ഫോട്ടോഗ്രാഫുകൾ എന്നിവയും കൃഷി സംബന്ധമായ വിവരങ്ങൾ അടങ്ങിയ പുസ്തകശേഖരണങ്ങളുടെ ലൈബ്രറിയും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ സ്ഥാപിക്കുന്നതിന് 5 ലക്ഷംരൂപയാണ് ഓരോ ക്ലിനിക്കിനും അനുവദിക്കുന്നത്. മണ്ണിന്റെ അമ്ലത്വ പരിശോധനയും സന്തുലിത വളപ്രയോഗം സംബന്ധിച്ച നിർദ്ദേശങ്ങളും നൽകുന്നുണ്ട്. കീടരോഗ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കർഷകർക്കാവശ്യമായ നിർദ്ദേശങ്ങളടങ്ങുന്ന പെസ്റ്റ് ബുള്ളറ്റിനും രണ്ടാഴ്ചയിലൊരിക്കൽ നൽകുന്നു. ഇതുവഴി ശത്രു/മിത്രു കീടങ്ങളെ

തിരിച്ചറിയാനും കീടബാധ അനുസരിച്ച് രാസകീടനാശിനികൾ പരമാവധി കുറച്ച് നിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കാനും കർഷകർക്ക് കഴിയുന്നു.

(ബി) ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ പനങ്ങാട് പഞ്ചായത്തിലും കൂരാച്ചുണ്ട് പഞ്ചായത്തിലും ഓരോ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു.

**കർഷകമിത്ര പദ്ധതി**

41(1311) ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് കാർഷിക ശൃംഖലയെ ശക്തിപ്പെടുത്തുന്നതിനായി കർഷകമിത്ര പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) കാർഷിക വിഭവങ്ങളുടെ ഉല്പാദന പ്രവർത്തനങ്ങളോടൊപ്പം അവയുടെ സംഭരണം, വിപണനം എന്നിവ നടത്തുന്നതിനും ഉപഭോക്താക്കൾക്ക് ന്യായമായ വിലയിൽ ഗുണമേന്മയേറിയ നാടൻ കാർഷികോല്പന്നങ്ങൾ ലഭ്യമാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കർഷകമിത്ര പദ്ധതി ഒരു പരീക്ഷണാടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ 2017-18-ൽ ആരംഭിക്കുകയുണ്ടായി. ജില്ലയിലെ ഓരോ പഞ്ചായത്തിലും ഓരോ കർഷകമിത്രയെ വീതം നിയോഗിച്ചിട്ടുണ്ട്. വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകൻ സ്വന്തമായി വിപണന മാർഗ്ഗങ്ങൾ കണ്ടെത്തുമ്പോൾ വീട്ടുവളപ്പിലെ കൃഷിയിൽനിന്നുള്ള മിച്ചോൽപ്പാദനത്തിന് വിപണി കണ്ടെത്തുന്നതിനാണ് കർഷകമിത്ര എന്ന നൂതനാശയം കൃഷി വകുപ്പ് നടപ്പിലാക്കുന്നത്. കർഷകമിത്രകൾ കാർഷികോത്പാദനങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കാർഷിക വിപണന ശൃംഖല ശക്തിപ്പെടുത്തി വരുന്നുണ്ട്.

(ബി) കർഷകമിത്രകൾ പ്രതിമാസം ആവർത്തന സന്ദർശനം ഉൾപ്പെടെ പരമാവധി 100 കർഷകരെ കാണുകയും കൃഷിയിടങ്ങളിലെ ഉല്പാദന പ്രവർത്തനങ്ങൾ നിരീക്ഷിച്ച് കൃഷിഭവനിൽ അറിയിക്കുകയും ചെയ്യുന്നുണ്ട്. വിളകളിലെ കീടരോഗ ലക്ഷണങ്ങളും കൃഷിഭവനിൽ റിപ്പോർട്ട് ചെയ്യുകയും യഥാസമയം കൃഷി ഓഫീസ് മുഖേന നിയന്ത്രണമാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് കർഷകരെ സഹായിക്കുകയും ചെയ്തുവരുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ കൃഷിയിടം സന്ദർശിക്കുന്നതിനാൽ ഉല്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവ ആസൂത്രണം ചെയ്യുന്നതിനും സാധിച്ചുവരുന്നുണ്ട്. വി.എഫ്.പി.സി.കെ. പ്രതിദിനം പ്രസിദ്ധീകരിക്കുന്ന വിലയുടെയും പ്രാദേശികമായ ആവശ്യവും അഭിരുചിയുടേയും അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി ഉല്പന്നങ്ങൾക്ക് പ്രതിദിന ന്യായവില നിശ്ചയിച്ച് നൽകിവരുന്നു. ഉല്പന്നങ്ങളുടെ വിലയുടെ 50% ഉല്പന്നം സംഭരിക്കുമ്പോൾത്തന്നെ നൽകിവരുന്നു. വിപണനത്തിനുശേഷം ബാക്കിത്തുകയും നൽകുന്നു. ഉപഭോക്താക്കളുമായി കർഷകമിത്രകൾ നേരിട്ട് ഇടപെടുന്നതിനാൽ ഉപഭോക്താക്കളുടെ ആവശ്യമറിഞ്ഞ് ഉല്പന്നങ്ങൾ എത്തിക്കുന്നതിനും കർഷക മിത്രകൾ സഹായിച്ചുവരുന്നുണ്ട്.

(സി) കർഷകമിത്രകളുടെ ഫലപ്രദമായ ഇടപെടൽ കാരണം വീട്ടുവളപ്പിലെ കാർഷിക വിളകളുടെ പരിപാലനത്തിലും ഉല്പാദനം വർദ്ധിപ്പിക്കുന്നതിലും കർഷകർ ശ്രദ്ധ പുലർത്തി വരുന്നുണ്ട്. കൃഷിഭവനുകളിലൂടെയുള്ള നടീൽ വസ്തുക്കൾ, ഒരു മുറം പച്ചക്കറി, ജീവനി എന്ന പദ്ധതികൾ കർഷകർക്ക് പ്രയോജനപ്രദമായി ഉപയോഗപ്പെടുത്തിവരുന്നു.

**സുഗന്ധവ്യഞ്ജന കൃഷി**

42(1312) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്ത് സുഗന്ധവ്യഞ്ജന കൃഷിയിൽ പുതുതായി എത്ര ഹെക്ടറിൽ അധികമായി കൃഷി ഉണ്ടായിട്ടുണ്ടെന്നും ഇതുമൂലം ഉല്പാദനത്തിൽ എത്ര ടണ്ണിന്റെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് സുഗന്ധവ്യഞ്ജന കൃഷി വർദ്ധിപ്പിക്കുന്നതിന് സുഗന്ധവിള വികസനം, വയനാട് പാക്കേജ് എന്നീ പദ്ധതികൾ നടപ്പിലാക്കിയെങ്കിലും 2018-2019-ലുണ്ടായ മഹാപ്രളയവും തുടർന്നുള്ള വരൾച്ചയും സുഗന്ധവിളകളുടെ കൃഷിയെയും ഉല്പാദനത്തെയും സാരമായി ബാധിക്കുകയും കൃഷി വിസ്തൃതിയും

ഉല്പാദനവും കുറയുകയും ചെയ്തു. 2016-2017, 2017-2018, 2018-2019 എന്നീ വർഷങ്ങളിലെ സുഗന്ധവിളകളുടെ (കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഏലം, ഗ്രാമ്പൂ, ജാതി എന്നിവയുടെ) കൃഷി വിസ്തൃതിയും ഉല്പാദനവും സംബന്ധിച്ച കണക്കുകൾ (എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയത്) അനുബന്ധമായി* ചേർക്കുന്നു.

## കാർഷികാവശ്യത്തിന് കുറഞ്ഞ നിരക്കിൽ വൈദ്യുതി കണക്ഷൻ

43(1313) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കാർക്ക് കാർഷികാവശ്യത്തിനുള്ള വൈദ്യുത കണക്ഷൻ ലഭിയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; ഇതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) കാർഷികാവശ്യത്തിന് കുറഞ്ഞ നിരക്കിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശം കൃഷി ഓഫീസർമാർ കർഷകർക്ക് നൽകാറില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ;

(സി) കാർഷികാവശ്യത്തിന് കിണർ കുഴിക്കുന്നതിനും മോട്ടോർ സ്ഥാപിക്കുന്നതിനും സഹായം നൽകിവരുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ആ പ്രദേശത്തെ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റുകൂടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

കാർഷിക കണക്ഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെപ്പറയും പ്രകാരമാണ്.

a) 30 സെന്റിൽ കുറയാതെ കൈവശഭൂമിയുള്ളവരും അതിൽ 75%-ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളതുമായ വ്യക്തികൾ.

b) 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ.

c) 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

31-8-1995-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 311/95/എ.ഡി. പ്രകാരം 1995-96 സാമ്പത്തിക വർഷം മുതൽ നെൽകൃഷിക്കും സ.ഉ. (എം.എസ്) നമ്പർ 235/98/എ.ഡി. തീയതി 31-10-1998 പ്രകാരം 2 ഹെക്ടർ വരെയുള്ള എല്ലാ കാർഷിക വിളകൾക്കും 1-4-1997 മുതൽ മുൻകാലപ്രാബല്യത്തോടെ അനുവദനീയമാണ്. നെൽകൃഷിക്ക് ഭൂവിസ്തൃതിയുടെ പരിധിയില്ലാതെയാണ് ആനുകൂല്യം നൽകിവരുന്നത്. 25-5-2015-ലെ സ.ഉ (ആർ.റ്റി) നമ്പർ 945/15/ എ.ഡി. പ്രകാരം 1 സെന്റ് മുതൽ 10 സെന്റ് വരെയുള്ള പോളി ഹൗസുകൾക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അർഹമായ അപേക്ഷകളിന്മേൽ സമയ ബന്ധിതമായി നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) യിലെ പെർ ഡ്രോപ്പ് മോർ ക്രോപ്പ്-അദർ ഇൻവെൻഷൻസ് എന്ന ഘടകത്തിൽ വൈദ്യുതി, ഡീസൽ പമ്പുസെറ്റുകൾക്ക് 50% നിരക്കിൽ പരമാവധി 15,000 രൂപ വരെ ധനസഹായം അനുവദിക്കുന്നുണ്ട്. സോളാർ പമ്പ് സെറ്റുകൾക്ക് 50% നിരക്കിൽ 50,000 രൂപ വരെ ധനസഹായം നൽകുന്നു. PMKSY പദ്ധതിപ്രകാരം സംസ്ഥാനത്ത് ഇതേവരെ 9798 പമ്പ് സെറ്റ് നൽകിയിട്ടുണ്ട്. കുഴൽക്കിണറുകളുടെ നിർമ്മാണത്തിന് പരമാവധി 25,000 രൂപയും കിണർ കുഴിക്കുന്നതിന് സമതല പ്രദേശങ്ങളിൽ വാല്യുവേഷൻ തുകയുടെ 50% നിരക്കിൽ 75,000 രൂപ വരെയും ഉയർന്ന പ്രദേശങ്ങളിൽ, വാല്യുവേഷൻ തുകയുടെ 50% നിരക്കിൽ 90,000 രൂപ വരെയും ധനസഹായം നൽകുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പമ്പ് സെറ്റുകൾക്കും കിണർ നിർമ്മാണത്തിനും സബ്സിഡി നൽകിവരുന്നുണ്ട്.

### നബാർഡിന്റെ ധനസഹായം

44(1314) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ നബാർഡിന്റെ ധനസഹായം ഏതൊക്കെ കാര്യങ്ങൾക്കാണ് നിലവിൽ ലഭിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) നബാർഡിൽനിന്നും ലഭിക്കുന്ന ധനസഹായം എത്ര ശതമാനം പലിശയ്ക്കാണ് കർഷകർക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അടുത്ത സാമ്പത്തിക വർഷം സംസ്ഥാനത്തെ കാർഷികാനുബന്ധ മേഖലയ്ക്കായി നബാർഡ് എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്ന് അറിയുമോ: എങ്കിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരുകൾക്കും സർക്കാർ ഉടമസ്ഥതയിലുള്ള ഏജൻസികൾ/സ്ഥാപനങ്ങൾ എന്നിവയ്ക്കും കൃഷിക്കും അനുബന്ധ ഘടകങ്ങൾക്കുമായി അടിസ്ഥാന സൗകര്യ വികസനത്തിനായി റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്.), ഫുഡ് പ്രോസസിംഗ് ഫണ്ട് (എഫ്.പി.എഫ്.), വെയർഹൗസ് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് (ഡബ്ല്യു.ഐ.എഫ്.), ഡയറി ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് (ഡി.ഐ.ഡി.എഫ്), ലോംഗ് ടേം ഇറിഗേഷൻ ഫണ്ട് (എൽ.ടി.ഐ.എഫ്), മൈക്രോ ഇറിഗേഷൻ ഫണ്ട് (എം.ഐ.എഫ്.), ഫിഷറീസ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് (എഫ്.ഐ.ഡി.എഫ്.), നബാർഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് അസിസ്റ്റൻസ് (എൻ.ഐ.ഡി.എ.) എന്നിങ്ങനെ വിവിധതരം വായ്പകൾ നബാർഡ് നൽകിവരുന്നു. കേരള സംസ്ഥാന സഹകരണ ബാങ്ക്, കേരള ഗ്രാമീൺ ബാങ്ക്, കേരള സംസ്ഥാന സഹകരണ അഗ്രിക്കൾച്ചറൽ ആൻഡ് റൂറൽ ഡെവലപ്മെന്റ് ബാങ്കുകൾ എന്നിവ മുഖേന ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള റീഫൈനാൻസ് സഹായങ്ങളും നബാർഡ് നൽകിവരുന്നു. സീസണൽ കൃഷിക്കായി ഹ്രസ്വകാല ധനസഹായവും കൃഷിക്കും അനുബന്ധ മേഖലയിലുമുള്ള നിക്ഷേപങ്ങൾക്കായി ദീർഘകാല സഹായവുമാണ് നൽകി വരുന്നത്.

(ബി) ബാങ്ക് വായ്പകളെക്കാൾ 1.5% കുറഞ്ഞ നിരക്കിൽ, അതായത് 3.90% വാർഷിക പലിശ നിരക്കിലാണ് നിലവിൽ നബാർഡ് അടിസ്ഥാന സൗകര്യ വികസന വായ്പകൾ കർഷകർക്ക് നൽകിവരുന്നത്. എന്നാൽ ലോംഗ് ടേം, റീഫിനാൻസ് ക്രോപ്പ് ലോണുകളുടെ പലിശ നിരക്ക് 7.75-11.15% ആണ്.

(സി) അടുത്ത സാമ്പത്തിക വർഷം സംസ്ഥാനത്തെ കാർഷികാനുബന്ധ മേഖലയ്ക്കായി നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിൽ മാത്രം 100 കോടിരൂപയാണ് നീക്കിവച്ചിട്ടുള്ളത്. 2020-21 വർഷത്തേയ്ക്കുള്ള മറ്റ് അടിസ്ഥാന സൗകര്യ വികസന ഫണ്ടുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ് അലോക്കേഷൻ നബാർഡ് ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല. എന്നാൽ കൃഷിയും അനുബന്ധ മേഖലകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി കേരള സംസ്ഥാനത്തിന് 2020-21 വർഷത്തേയ്ക്കുള്ള ക്രെഡിറ്റ് പ്രൊജക്ഷൻ 64,33,819 രൂപയാണെന്ന് നിജപ്പെടുത്തിയിട്ടുണ്ട്.

## 'ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം' പദ്ധതി

45(1315) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. യു. ജനീഷ് കുമാർ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ വിശദമാക്കാമോ;

(ബി) വിഷവിമുക്ത പച്ചക്കറി സംസ്ഥാനത്തൊട്ടാകെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം എന്ന പേരിൽ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ച് വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) ഏതെല്ലാം പച്ചക്കറി ഇനങ്ങളുടെ കൃഷിയാണ് ജീവനി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ-സി) പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് "ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" . വിഷരഹിതമായ പച്ചക്കറി സംസ്ഥാനത്താകെ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് 2020 ജനുവരി ഒന്നുമുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം "ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൃഷിവകുപ്പ്, ഭക്ഷ്യസുരക്ഷ വകുപ്പ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് ജീവനി പദ്ധതി യാഥാർത്ഥ്യമാകുന്നത്.

പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

"ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയിലൂടെ താഴെപ്പറയുന്ന 21 ഇന പരിപാടികളാണ് ആസൂത്രണം ചെയ്തുവരുന്നത്.

1. ഭൗമസൂചിക പദവി ലഭിച്ച വിത്ത് ഉൾപ്പെടെ 100 പരമ്പരാഗത പച്ചക്കറി വിത്തിനങ്ങൾ തെരഞ്ഞെടുത്ത് പ്രചരിപ്പിക്കുക.

2. എല്ലാ വീട്ടിലും കറിവേപ്പില, പപ്പായ, മുരിങ്ങ, പലതരം ചീരകൾ, വാഴ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

3. 2500 സ്കൂളുകളിൽ പച്ചക്കറി കൃഷി നടപ്പിലാക്കുക. അതോടൊപ്പം മറ്റ് പൊതു/സ്വകാര്യ സ്ഥാപനങ്ങളിലെ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും പച്ചക്കറി കൃഷി വ്യാപിപ്പിക്കുക.

4. ഗ്രാമ/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ 1000 ക്യാമ്പയിനുകൾ സംഘടിപ്പിക്കുക.

5. 'കൃഷി പാഠശാല' എന്ന പേരിൽ എല്ലാ കൃഷിഭവനുകളുംവഴി കർഷകർക്കുള്ള പരിശീലനവും ബോധവത്കരണവും സംഘടിപ്പിക്കുക. ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ബോധവൽക്കരണ ക്ലാസുകൾ, ആരോഗ്യ ക്യാമ്പുകൾ എന്നിവിടങ്ങളിൽ "ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയെ ക്കുറിച്ചുള്ള അവബോധം പൊതുജനങ്ങൾക്ക് നൽകുക.

6. ഗ്രാമ നഗര പ്രദേശങ്ങളിലെ വീട്ടുവളപ്പുകൾ/മട്ടുപ്പാവുകൾ എന്നിവിടങ്ങളിൽ 6 ലക്ഷത്തോളം ജൈവരീതിയിലുള്ള പോഷകത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുക.

7. 2 ലക്ഷത്തോളം കർഷകർ ഉൾപ്പെടുന്ന പ്രവർത്തന മികവുള്ള ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനങ്ങൾ നൽകുക. അതോടൊപ്പം നിലവിലുള്ള ക്ലസ്റ്ററുകൾ ഉൾപ്പെടെ 1200 ക്ലസ്റ്ററുകൾ വിപുലീകരിക്കുക.

8. നിലവിലുള്ള മഴമറകൾ വിപുലീകരിച്ച് ശക്തിപ്പെടുത്തുന്നതുൾപ്പെടെ 2000 മഴമറകൾക്ക് പ്രോത്സാഹനം നൽകുക.

9. 10000 സൂക്ഷ്മ ജലസേചനം യൂണിറ്റുകൾ സ്ഥാപിക്കുക (നിലവിലുള്ളത് ഉൾപ്പെടെ)

10. ആദിവാസി മേഖലയിൽ പരമ്പരാഗതമായി കൃഷി ചെയ്തുവരുന്ന പച്ചക്കറി വിളകളുടെ പ്രോത്സാഹനവും കൃഷി പരിപാലനമുറയുടെ ചിത്രീകരണവും.

11. ബ്ലോക്ക്തലത്തിൽ ദ്വൈവാര ഉൽപ്പാദനത്തിനായുള്ള ക്രോപ്പ് കലണ്ടർ തയ്യാറാക്കുക.

12. 25 ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷനു(എഫ്. പി. ഒ.) കൾക്കുള്ള പ്രോത്സാഹനം.

13. സാങ്കേതിക വൈദഗ്ദ്ധ്യമുള്ള 24x7 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററുകൾ എസ്.എഫ്.എ.സി.-യുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കൽ, പ്രത്യേക പോർട്ടൽ ഉരുതിരിച്ചെടുക്കൽ, ദ്വൈവാരിക പ്രസിദ്ധീകരണം, കൃഷി ഇൻഫോ, ഹ്രസ്വ വീഡിയോ (എഫ്. ഐ. ബി.), ന്യൂസ് ലെറ്റർ (വെജിറ്റബിൾ സെൽ), പ്രതിമാസ ടി.വി. ചാനൽ പരിപാടി എന്നിവ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെടുത്തി രൂപീകരിക്കുക.

14. 25 അഗ്രി സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെ 100-ഓളം കർഷകരുടെ നൂതന കണ്ടെത്തലുകൾ പ്രോത്സാഹിപ്പിക്കുക.

15. ആത്മ പദ്ധതിയുടെ നേതൃത്വത്തിൽ 200 ഫാം ഫീൽഡ് സ്കൂൾ പ്രോത്സാഹിപ്പിക്കുക.

16. 400 ബയോ ഫാർമസികളുടെ (നിലവിലുള്ളതുൾപ്പെടെ) അടിസ്ഥാനസൗകര്യം വികസിപ്പിച്ച കർഷകർക്കാവശ്യമായ ജൈവ ഉല്പാദനോപാധികൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക.

17. കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പച്ചക്കറികളിലെ പ്രതിമാസ കീടനാശിനി അവശിഷ്ട പരിശോധനാഫലം സർക്കാർ വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക.

18. നിലവിലുള്ള ബി.എൽ.എഫ്.ഒ. വിപണി, ക്ലസ്റ്റർ മാർക്കറ്റ്, ആഴ്ചചന്ത, ഇക്കോ ഷോപ്പ് ഉൾപ്പെടെയുള്ള 1000 മാർക്കറ്റുകളെ വിപുലീകരിക്കുക.

19. 50 മൂല്യവർദ്ധിത യൂണിറ്റുകളുടെ വികസനം.

20. പ്രാദേശിക ഗ്രാമീണ ഉത്സവങ്ങളുമായി ബന്ധപ്പെടുത്തി പച്ചക്കറി മേളകളും ചന്തകളും സംഘടിപ്പിക്കുക.

21. കർഷകരുടെ നാടൻ വിത്തുകൾ പരസ്പരം കൈമാറുന്ന വിത്ത് കൈമാറ്റ കൂട്ടായ്മകൾ സംഘടിപ്പിക്കുക.

കൂടാതെ ഈ പദ്ധതിയിൻകീഴിൽ കൃഷി പാഠശാല, ആരോഗ്യ വകുപ്പുമായി സംയോജിപ്പിച്ചുകൊണ്ടുള്ള ബോധവൽക്കരണം, നല്ല കാർഷിക മുറ അനുവദിച്ചിട്ടുള്ള പച്ചക്കറികളുടെ വിപണനം, പോഷകത്തോട്ടം, വിത്ത് കൈമാറ്റ കൂട്ടായ്മ, ജീവനി-പച്ചക്കറി ഗ്രാമം, ഹരിത ബ്ലോക്ക്, നഗരം - നാമകരണം, 1000 മാർക്കറ്റുകളുടെ വിപുലീകരണം, വിദ്യാലയങ്ങൾ, പൊതു/സ്വകാര്യസ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി, ഹരിത ഗ്രൂപ്പ് തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

(ഡി) കീടരോഗ പ്രതിരോധ ശേഷിയുള്ള നമ്മുടെ പരമ്പരാഗത പച്ചക്കറി ഇനങ്ങളും ബഹുവർഷ പച്ചക്കറി ഇനങ്ങൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി, തഴുതാമ, കുടങ്ങൽ, വാളരിപ്പയർ, ചെക്കർമാണിസ്, കോവൽ, ചതുരപ്പയർ, നാടൻ ഇനങ്ങളായ ആനക്കൊമ്പൻ വെണ്ട, നിത്യവഴുതന, പട്ടുചീര, നാടൻ വെള്ളരി, വേങ്ങേരി വഴുതന, അരിക്കൊഴിഞ്ഞി പയർ, അഞ്ചൽ പയർ, പുള്ളിപ്പയർ, വട്ടി വഴുതന, കോവൽ, ഇലചേമ്പ്, കഞ്ഞിക്കുഴിപ്പയർ, മണിത്തക്കാളി, മലപ്പൂണ്ട് വെളുത്തുള്ളി, ഓണക്കൂർ പാവൽ, ഏറ്റുമാനൂർ കോവൽ, പുതുപ്പാടി ലോക്കൽ പയർ, ചാവക്കാട് കുർക്ക, കോടാലി മുളക്, പൊട്ടുവെള്ളരി, ചെറുവള്ളി പാവൽ, എടയൂർ മുളക്, എടക്കര കൈയ്പ്പ, വേങ്ങേരി വഴുതന, കുഷ്മാണ്ഡം കുമ്പളം, വള്ളിച്ചീര, കാർകുന്തൽ പയർ, കുളത്തനാടൻ പയർ, വെള്ള ചൗചൗ, വള്ളിച്ചീര, ഇരിനാവ് വെള്ളരി, മുള്ളൻ കക്കിരി, പൊന്നൻ വെള്ളരി, കാഞ്ഞങ്ങാട് ലോക്കൽ പയർ, ആട്ടുകൊമ്പ് അമര മുതലായവ ജീവനി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം പദ്ധതി**

46(1316) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തതയോടൊപ്പം വിഷവിമുക്ത പച്ചക്കറിയുല്പാദനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ ഈ പദ്ധതിയുടെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തതയോടൊപ്പം വിഷവിമുക്ത പച്ചക്കറിയുല്പാദനം ലക്ഷ്യമിട്ട് 2020 ജനുവരി 1 മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം വിഷവിമുക്ത പച്ചക്കറി സംസ്ഥാനത്തൊട്ടാകെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി "ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കേരളത്തിലെ പച്ചക്കറിയുടെ ഉല്പാദനം 2016-17 വർഷത്തിൽ 7.25 ലക്ഷം മെട്രിക് ടൺ ഉണ്ടായിരുന്നത് 2018-19-ൽ 12.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. വർഷം മുഴുവനും സുരക്ഷിത പച്ചക്കറി വീട്ടുവളപ്പിൽത്തന്നെ ലഭിക്കുന്നതിനായും ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കുന്നതിനും വിഷവിമുക്തമായ പച്ചക്കറികൾ വീട്ടുവളപ്പിൽത്തന്നെ വർഷം മുഴുവൻ ഉല്പാദിപ്പിക്കുവാനും ജീവനി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതിനായി കീടരോഗ പ്രതിരോധ ശേഷിയുള്ള നമ്മുടെ പരമ്പരാഗത പച്ചക്കറി ഇനങ്ങളും ബഹുവർഷ പച്ചക്കറി ഇനങ്ങൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി, തഴുതാമ, കുടങ്ങൽ, വാളരിപ്പയർ, ചെക്കർമാണിസ്, കോവൽ, ചതുരപ്പയർ എന്നിവ വീട്ടുവളപ്പിൽ നട്ടുവളർത്തി വിളവെടുക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു.

<u>കൃഷി പാഠശാല</u>

കേരളത്തിലെ ജനതയ്ക്ക് സുരക്ഷിത പച്ചക്കറികളുടെ ഉപയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിലൂടെ ആരോഗ്യം കൈവരിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനുമായി ആവിഷ്കരിച്ചിരിക്കുന്ന പരിശീലന/ ബോധവല്ക്കരണ പരിപാടിയാണ് 'കൃഷി പാഠശാല'. നടീൽ മുതൽ വിളവെടുപ്പുവരെയുള്ള വിവിധ ഘട്ടങ്ങളിൽ ജൈവ പച്ചക്കറി കൃഷിക്ക് അനുവർത്തിക്കേണ്ട കൃഷിമുറകൾ കൃഷി പാഠശാലയിൽ പ്രതിപാദിക്കപ്പെടുന്നു.

<u>ആരോഗ്യ വകുപ്പുമായി സംയോജിച്ചുകൊണ്ടുള്ള ക്യാമ്പയിനുകൾ</u>

ആരോഗ്യത്തിനായി സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആരോഗ്യ വകുപ്പ്, ഡയറ്റീഷ്യൻ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, കുടുംബശ്രീ യൂണിറ്റ്, ഹരിത കേരള മിഷന്റെ ഉപഘടകമായ സുജലം സുഫലം, പ്രൈമറി ഹെൽത്ത് സെന്റർ, ആരോഗ്യക്യാമ്പുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ബോധവല്ക്കരണം നടത്തുന്നു. ഈ ബോധവല്ക്കരണ പരിപാടിയിൽ ഒരു വ്യക്തിക്ക് ശരാശരി എല്ലാ പോഷകങ്ങളും ലഭിക്കുവാനുള്ള ഭക്ഷണ ക്രമത്തെക്കുറിച്ച് (ഹെൽത്തി പ്ലേറ്റ്) അവബോധം നൽകുന്നു.

<u>വീട്ടുവളപ്പിലെ പച്ചക്കറി കൃഷി</u>

എല്ലാ വീട്ടുവളപ്പിലും വിഷരഹിത പച്ചക്കറി വർഷം മുഴുവൻ ലഭിക്കുന്നതിനായി കീടരോഗ പ്രതിരോധശേഷിയുള്ള പരമ്പരാഗത പച്ചക്കറി ഇനങ്ങൾ, ബഹുവർഷ പച്ചക്കറി ഇനങ്ങൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി മുതലായവ കൃഷി ചെയ്തുവരുന്നു. വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നു. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ, സസ്യസംരക്ഷണ ഉപാധികൾ എന്നിവ കർഷകർക്ക് നൽകുന്നു. കൂടാതെ മുൻവർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ് യൂണിറ്റുകളുടെ തുടർ കൃഷിക്കായുള്ള സാമ്പത്തിക സഹായവും നൽകിവരുന്നു.

<u>പോഷകത്തോട്ടം</u>

സുരക്ഷിതമായ പഴങ്ങളും പച്ചക്കറികളും നഗര/ഗ്രാമ പ്രദേശത്തെ വീട്ടുവളപ്പുകളിൽ കൃഷി ചെയ്യുക, ഇതോടൊപ്പം പ്രദർശനത്തോട്ടം എന്ന നിലയിൽ കേരളത്തിലെ എല്ലാ ജില്ല/ബ്ലോക്ക്/പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിലെ ജനപ്രതിനിധികളുടെ അംഗീകരിക്കപ്പെട്ടിട്ടുള്ള മാധ്യമ പ്രവർത്തകരുടെ വാസസ്ഥലത്തോ അവർക്ക് സ്വീകാര്യമായ മറ്റ് ഇടങ്ങളിലോ, ജൈവരീതിയിലുള്ള പോഷകപ്രദർശനത്തോട്ടം നടപ്പിലാക്കിവരുന്നു. ആയതിലേയ്ക്കായി കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി എന്നിവ കൃഷി ചെയ്യുന്നു.

<u>വിത്ത് കൈമാറ്റ കൂട്ടായ്മ</u>

കർഷകരുടെ കൈവശമുള്ള നാടൻ വിത്തുകൾ പരസ്പരം കൈമാറുന്നതിനായുള്ള വിത്ത് കൈമാറ്റ കൂട്ടായ്മകൾ സംഘടിപ്പിക്കുന്നതിലൂടെ പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ കൃഷി ആരംഭിച്ചിട്ടുണ്ട്.

<u>വിദ്യാലയങ്ങൾ, പൊതു/സ്വകാര്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പച്ചക്കറി കൃഷി</u>

വിദ്യാലയങ്ങൾ, പൊതു/സ്വകാര്യസ്ഥാപനങ്ങൾ (ജയിൽ വളപ്പുകൾ, പോലീസ് സ്റ്റേഷൻ, വി.എച്ച്.എസ്.സി/ഐ.ടി.ഐ. കോളേജുകൾ, അങ്കണവാടി, വയൽ വരമ്പ്) എന്നിവിടങ്ങളിലെ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും സുരക്ഷിത പച്ചക്കറി കൃഷി നടപ്പിലാക്കിവരുന്നു.

<u>ഉല്പാദനോപാധികളുടെ ലഭ്യത</u>

ഉല്പാദനോപാധികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഡിപ്പാർട്ട്മെന്റ് ഫാമുകൾ, 'എ' ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ, ബ്ലോക്ക് ലെവൽ നഴ്സറികൾ, ചെറിയ നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മ സേനകൾ എന്നിവ മുഖാന്തരം പച്ചക്കറി തൈകൾ ഉല്പാദിപ്പിക്കുകയും അത്തരത്തിൽ 2.5 ലക്ഷം വിത്തുപായ്ക്കറ്റുകളും 185 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്യുകയുണ്ടായി. മറ്റുല്പാദനോപാധികളായ ജൈവ വളങ്ങൾ, ചെറിയ കാർഷികോപകരണങ്ങൾ, ജൈവകീടനാശിനി തുടങ്ങിയവ ന്യായവിലയ്ക്ക് ഇക്കോ-ഷോപ്പ്, ഹരിത ഗ്രൂപ്പ്, അഗ്രോ സർവ്വീസ് സെന്റർ എന്നിവ മുഖാന്തരം കർഷകർക്ക് ലഭ്യമാക്കുന്നു.

(ബി) "ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, മാധ്യമ പ്രവർത്തകർ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, വീട്ടമ്മമാർ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ മുഖേന വിത്ത് പായ്ക്കറ്റുകൾ, പച്ചക്കറി തൈകൾ എന്നിവ നൽകി കൃഷി നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഘടകങ്ങൾ | എണ്ണം |
|---|---|---|
| 1 | വിത്ത് പായ്ക്കറ്റുകൾ | 30,000 |
| 2 | പച്ചക്കറി തൈകൾ | 7,93,685 |
| 3 | പോഷകത്തോട്ടം | 1,500 |
| 4 | ബഹുവർഷ വിളകൾ | 4,500 |
| 5 | മാതൃകാത്തോട്ടം | 622 |
| 6 | കൃഷി പാഠശാല | 106 |
| 7 | ക്യാമ്പയിൻ | 279 |
| 8 | ട്രെയിനിംഗ് | 102 |

## ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം

47(1317) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ജീവനി -നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം' പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്ന വിഷരഹിത പച്ചക്കറി മുഴുവനും ഹോർട്ടികോർപ്പിലൂടെ ശേഖരിച്ച് വിപണനം ചെയ്യുന്നതിന് കഴിയുന്നുണ്ടോ;എങ്കിൽ വിശദവിവരം നൽകാമോ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽനിന്നും മാരകമായ കീടനാശിനി ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ നിയന്ത്രിക്കുന്നതിന് തുടർനടപടി സ്വീകരിക്കുമോ;

(സി) നിലവിൽ കൃഷി വകുപ്പ് മുഖേന എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്നതെന്ന വിശദവിവരം നൽകാമോ?

ഉത്തരം

(എ) "ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സ്വന്തം ആവശ്യത്തിന് പരമാവധി ഉപയോഗിക്കുകയും അധികമായവ അതത് പഞ്ചായത്ത്/ബ്ലോക്ക്/ജില്ലാ തലത്തിലുള്ള ഇക്കോഷോപ്പ്, ബി.എൽ.എഫ്.ഒ. മാർക്കറ്റ്, ക്ലസ്റ്റർ മാർക്കറ്റുകൾ, ആഴ്ച ചന്തകൾ എന്നിവ വഴി ജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ പച്ചക്കറികളുടെ ഉല്പാദനത്തിനും വിപണനത്തിനും കർഷകരെ സഹായിക്കുന്നതിനായി ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ജീവനി മൊബൈൽ ആപ്പ് വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി &സി) അന്യസംസ്ഥാനങ്ങളിൽനിന്നും പ്രാദേശിക വിപണികളിൽ എത്തുന്ന പഴം, പച്ചക്കറി എന്നിവയിലെ വിഷാംശം കണ്ടെത്തുന്നതിനായി ഇവയുടെ സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധനാഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും മൂന്ന് മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. അതുവഴി മാരകമായ കീടനാശിനികളെ സംബന്ധിച്ച അവബോധം കർഷകർക്കും പൊതു ജനങ്ങൾക്കും നൽകുന്നതിന് ഒരു പരിധിവരെ സഹായമാവുകയും ചെയ്തിട്ടുണ്ട്. ഇത് സുരക്ഷിത പച്ചക്കറിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായമാകുകയും അന്യസംസ്ഥാനത്തുനിന്നും എത്തുന്ന പച്ചക്കറിയുടെ ഉപഭോഗം ഒരു പരിധിവരെ കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ള മറ്റ് ലബോറട്ടറികൾ വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിലും പടന്നക്കാട് കാർഷിക കോളേജിലും ആർ.എ.ആർ.എസ്. കുമരകത്തും പ്രവർത്തിക്കുന്നു.

**ജീവനി പദ്ധതി**

48(1318) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷരഹിതമായ പച്ചക്കറി സംസ്ഥാനമൊട്ടാകെ ലഭ്യമാകുന്ന രീതിയിൽ ജീവനി പദ്ധതിയെന്ന പേരിൽ പച്ചക്കറി കൃഷി വിപുലമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം നടപ്പിലാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ വിവരിക്കാമോ; പച്ചക്കറികൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് ഇതുവഴി ചെയ്യാനുദ്ദേശിക്കുന്നത്; വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. വിഷരഹിതമായ പച്ചക്കറി സംസ്ഥാനമൊട്ടാകെ ലഭ്യമാക്കുന്നതിന് "ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിഷരഹിതമായ പച്ചക്കറി സംസ്ഥാനത്താകെ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് 2020 ജനുവരി 1 മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസത്തിനുള്ള പദ്ധതി പ്രവർത്തനങ്ങളാണ് ഇതിലൂടെ വിഭാവന ചെയ്തിരിക്കുന്നത്. ഇതിലേയ്ക്കായി 2020 ജനവരി 1 മുതൽ ഈ പദ്ധതി നടപ്പിലാക്കാനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

വീട്ടുവളപ്പിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തു പായ്ക്കറ്റുകളും പച്ചക്കറി തൈകളും ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി വിതരണം ചെയ്യുന്നു.

വർഷം മുഴുവനും സുരക്ഷിത പച്ചക്കറി വീട്ടുവളപ്പിൽത്തന്നെ ലഭിക്കുന്നതിന് കീടരോഗ പ്രതിരോധ ശേഷിയുള്ള നമ്മുടെ പരമ്പരാഗത പച്ചക്കറി ഇനങ്ങളും ബഹുവർഷ പച്ചക്കറി ഇനങ്ങൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി, തഴുതാമ, കുടങ്ങൽ, വാളരിപ്പയർ, ചെക്കർമാണിസ്, കോവൽ, ചതുരപ്പയർ എന്നിവ വീട്ടുവളപ്പിൽത്തന്നെ കൃഷി ചെയ്യുവാൻ പ്രോത്സാഹിപ്പിച്ചു വരുന്നു.

ഈ പദ്ധതിയിലൂടെ താഴെപ്പറയുന്ന 21 ഇന പരിപാടികളാണ് ആസൂത്രണം ചെയ്തുവരുന്നത്.

1. ഭൗമസൂചിക പദവി ലഭിച്ച വിത്തുൾപ്പെടെ 100 പരമ്പരാഗത പച്ചക്കറി വിത്തിനങ്ങൾ തെരഞ്ഞെടുത്ത് പ്രചരിപ്പിക്കുക.

2. എല്ലാ വീട്ടിലും കറിവേപ്പില, പപ്പായ, മുരിങ്ങ, പലതരം ചീരകൾ, വാഴ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

3. 2500 സ്കൂളുകളിൽ പച്ചക്കറി കൃഷി നടപ്പിലാക്കുക. അതോടൊപ്പം മറ്റ് പൊതു/സ്വകാര്യ സ്ഥാപനങ്ങളിലെ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും പച്ചക്കറി കൃഷി വ്യാപിപ്പിക്കുക.

4. ഗ്രാമ/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ 1000 ക്യാമ്പയിനുകൾ സംഘടിപ്പിക്കുക.

5. 'കൃഷി പാഠശാല' എന്ന പേരിൽ എല്ലാ കൃഷിഭവനുകളുംവഴി പൊതുജനങ്ങൾക്കുൾപ്പെടെ പരിശീലനവും ബോധവല്ക്കരണവും സംഘടിപ്പിക്കുക. ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ബോധവല്ക്കരണ ക്ലാസ്സുകൾ, ആരോഗ്യ ക്യാമ്പുകൾ എന്നിവിടങ്ങളിൽ ഈ പദ്ധതിയെക്കുറിച്ചുള്ള അവബോധം പൊതു ജനങ്ങൾക്ക് നൽകുന്നതാണ്.

6. ഗ്രാമ നഗര പ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ/മട്ടുപ്പാവുകളിൽ 6 ലക്ഷത്തോളം ജൈവ രീതിയിലുള്ള പോഷകത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുക.

7. 2 ലക്ഷത്തോളം കർഷകർ ഉൾപ്പെടുന്ന പ്രവർത്തന മികവുള്ള ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനങ്ങൾ നൽകുക. അതോടൊപ്പം നിലവിലുള്ള ക്ലസ്റ്ററുകൾ ഉൾപ്പെടെ 1200 ക്ലസ്റ്ററുകൾ വിപുലീകരിക്കുകയും ചെയ്യുക.

8. നിലവിലുള്ള മഴമറകൾ വിപുലീകരിച്ച് ശക്തിപ്പെടുത്തുന്നതുൾപ്പെടെ 2000 മഴമറകൾക്ക് പ്രോത്സാഹനം നൽകുക.

9. 10000 സൂക്ഷ്മ ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുക. (നിലവിലുള്ളത് ഉൾപ്പെടെ).

10. ആദിവാസി മേഖലയിൽ പരമ്പരാഗതമായി കൃഷി ചെയ്തുവരുന്ന പച്ചക്കറി വിളകളുടെ പ്രോത്സാഹനവും കൃഷി പരിപാലനമുറയുടെ ചിത്രീകരണവും.

11. ബ്ലോക്ക്തലത്തിൽ ദ്വൈവാര ഉല്പാദനത്തിനായുള്ള ക്രോപ്പ് കലണ്ടർ തയ്യാറാക്കുക.

12. 25 ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷനു (എഫ്.പി.ഒ.) കൾക്കുള്ള പ്രോത്സാഹനം.

13. സാങ്കേതിക വൈദഗ്ദ്ധ്യമുള്ള 24x7 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററുകൾ എസ്.എഫ്.എ.സി.-യുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കൽ, പ്രത്യേക പോർട്ടൽ ഉരുതിരിച്ചെടുക്കൽ, ദ്വൈവാരിക പ്രസിദ്ധീകരണം, കൃഷി ഇൻഫോ, ഹ്രസ്വ വീഡിയോ (എഫ്. ഐ. ബി.), ന്യൂസ് ലെറ്റർ (വെജിറ്റബിൾ സെൽ), പ്രതിമാസ ടി.വി. ചാനൽ പരിപാടി എന്നിവ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെടുത്തി രൂപീകരിക്കുക.

14. 25 അഗ്രി സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെ 100-ഓളം കർഷകരുടെ നൂതന കണ്ടെത്തലുകൾ പ്രോത്സാഹിപ്പിക്കുക.

15. ആത്മ പദ്ധതിയുടെ നേതൃത്വത്തിൽ 200 ഫാം ഫീൽഡ് സ്കൂൾ പ്രോത്സാഹിപ്പിക്കുക.

16. 400 ബയോ ഫാർമസികളുടെ (നിലവിലുള്ളതുൾപ്പെടെ) അടിസ്ഥാന സൗകര്യം വികസിപ്പിച്ച് കർഷകർക്കാവശ്യമായ ജൈവ ഉല്പാദനോപാധികൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക.

17. കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പച്ചക്കറികളിലെ പ്രതിമാസ കീടനാശിനി അവശിഷ്ട പരിശോധനാഫലം സർക്കാർ വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക.

18. നിലവിലുള്ള ബി.എൽ.എഫ്.ഒ. വിപണി, ക്ലസ്റ്റർ മാർക്കറ്റ്, ആഴ്ചചന്ത, ഇക്കോ ഷോപ്പ് ഉൾപ്പെടെയുള്ള 1000 മാർക്കറ്റുകളെ വിപുലീകരിക്കുക.

19. 50 മൂല്യവർദ്ധിത യൂണിറ്റുകളുടെ വികസനം.

20. പ്രാദേശിക ഗ്രാമീണ ഉത്സവങ്ങളുമായി ബന്ധപ്പെടുത്തി പച്ചക്കറി മേളകളും ചന്തകളും സംഘടിപ്പിക്കുക.

21. കർഷകരുടെ നാടൻ വിത്തുകൾ പരസ്പരം കൈമാറുന്ന വിത്തുകൈമാറ്റ കൂട്ടായ്മകൾ സംഘടിപ്പിക്കുക.

പച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് നൽകിവരുന്ന സഹായങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

"ജീവനി" ഉൾപ്പെടെ പച്ചക്കറി കൃഷി വികസന പദ്ധതിയിലൂടെ വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം നടത്തിവരുന്നു. ഇതുവഴി ഓണത്തിന് സുരക്ഷിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കാൻ ഈ പദ്ധതി ഘടകം നടപ്പിലാക്കുന്നതിലൂടെ സാധ്യമാകുന്നു.

മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ കർഷകർക്ക് നൽകുന്നു. കൂടാതെ മുൻവർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ് യൂണിറ്റുകളുടെ തുടർ കൃഷിക്കായുള്ള സാമ്പത്തിക സഹായവും നൽകിവരുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2000 രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500 രൂപയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു. വീട്ടുവളപ്പിലെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാലിന്യ സംസ്കരണത്തിനായി ചെറുകിട മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണവും വീടുകളിലും ഫ്ലാറ്റുകളിലുമുള്ള മലിന ജലം സംസ്കരിച്ച് വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്.

ഓരോ വർഷവും തെരഞ്ഞെടുക്കപ്പെട്ട 2500 വിദ്യാലയങ്ങൾ, മറ്റുസ്ഥാപനങ്ങൾ എന്നിവവഴി പച്ചക്കറികൃഷി ചെയ്യുന്നതിനും ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പ്രോജക്കുടിസ്ഥാനത്തിൽ സർക്കാരിതര സ്ഥാപനങ്ങൾ, എൻ.ജി.ഒ.-കൾ എന്നിവവഴി പച്ചക്കറി കൃഷി ചെയ്യുന്നതിനും പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി, കുറഞ്ഞത് 15 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് കുറഞ്ഞത് 5 ഹെക്ടർ വരെയും പരമാവധി 7 ഹെക്ടർ വരെയും പച്ചക്കറി കൃഷി നടപ്പിലാക്കുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1.05 ലക്ഷംരൂപ വീതം ധനസഹായം നൽകിവരുന്നു. പമ്പ് സെറ്റും മറ്റ് അനുബന്ധ ഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് 50 ശതമാനം സബ്സിഡി നിരക്കിൽ 10000 രൂപ വരെയും സസ്യസംരക്ഷണ ഉപാധികൾ എന്നിവ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1500 രൂപ വരെയും സബ്സിഡി നൽകിവരുന്നു. തരിശുനില കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30,000 രൂപ നിരക്കിൽ ധനസഹായം, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് ഹെക്ടൊറൊന്നിന് 15,000 രൂപ നിരക്കിൽ ധനസഹായം എന്നിവയും നൽകിവരുന്നു.

പുതിയ 'എ' ഗ്രേഡ് ക്ലസ്റ്ററുകളുടെ രൂപീകരണത്തിനായി ക്ലസ്റ്ററൊന്നിന് 6.3 ലക്ഷംരൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന ബ്ലോക്കുതല ഫെഡറേറ്റഡ് സമിതിക്ക് 10 ലക്ഷംരൂപ വീതം ധനസഹായവും പുതുതായി രൂപീകരിക്കുന്ന ബ്ലോക്ക് ഫെഡറേറ്റഡ് സമിതിക്കും 10 ലക്ഷംരൂപ ധനസഹായം നൽകിവരുന്നു.

ഗുണമേന്മയുള്ള പച്ചക്കറിതൈകളുടെ ലഭ്യത ഉറപ്പാക്കുന്നതിലേയ്ക്കായി കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നഴ്സറി സ്ഥാപിക്കുന്നതിനും പഴയ ബ്ലോക്കുതല നഴ്സറികളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായി നഴ്സറി ഒന്നിന് 2 ലക്ഷംരൂപ നിരക്കിലും പുതിയ ബ്ലോക്ക്തല നഴ്സറികൾ സ്ഥാപിക്കുന്നതിലേയ്ക്കായി നഴ്സറി ഒന്നിന് 7 ലക്ഷംരൂപ നിരക്കിലും ധനസഹായം നൽകിവരുന്നു.

സൂക്ഷ്മജലസേചന വളപ്രയോഗ യൂണിറ്റ് സ്ഥാപിക്കുന്നതിന് 30,000 രൂപ ധനസഹായവും പച്ചക്കറി കൃഷിക്കായി വീടുകളിൽ തുള്ളിനന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 75% ധനസഹായവും (പരമാവധി 7500 രൂപവരെ) നൽകിവരുന്നു.

ഊർജ്ജരഹിത ശീതീകരണ യൂണിറ്റ് നിർമ്മിക്കുന്നതിനായി 15,000 രൂപ (ഒരു യൂണിറ്റ്) ധനസഹായം നൽകിവരുന്നു.

'എ' ഗ്രേഡ് ക്ലസ്റ്ററുകളുടെ ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'ബെസ്റ്റ് പെർഫോർമിംഗ് എ ഗ്രേഡ് ക്ലസ്റ്ററുകൾ'ക്ക് 5 ലക്ഷംരൂപ നിരക്കിൽ അധിക ധനസഹായം നൽകിവരുന്നു.

**നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം ക്യാമ്പയിൻ**

49(1319) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ കൃഷി നമ്മുടെ ആരോഗ്യമെന്ന പേരിൽ വിഷമില്ലാത്ത പച്ചക്കറികൾ ഉപയോഗിക്കുകയെന്ന സന്ദേശത്തോടുകൂടിയുള്ള ക്യാമ്പയിൻ സംഘടിപ്പിക്കുവാൻ കൃഷിവകുപ്പ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) വിഷരഹിത പച്ചക്കറി സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതിന് കർഷകർക്ക് എന്തൊക്കെ സഹായമാണ് നൽകുന്നത്;

(സി) ചെറുപ്പക്കാരെ കൂടുതലായി പച്ചക്കറി കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന് പുതിയ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) ക്യാൻസർ പോലുള്ള മാരകരോഗങ്ങൾ ബാധിക്കുന്നതിന് പ്രധാന കാരണം മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന വിഷലിപ്തമായ പച്ചക്കറിയാണെന്ന വസ്തുതയുടെ വെളിച്ചത്തിൽ ജനങ്ങളെ കൂടുതൽ ബോധവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. വിഷരഹിത പച്ചക്കറികൾ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത് ലക്ഷ്യമിട്ട് "ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

എല്ലാ വീട്ടുവളപ്പിലും വിഷരഹിത പച്ചക്കറി വർഷംമുഴുവൻ ലഭിക്കുന്നതിനായി കീടരോഗ പ്രതിരോധ ശേഷിയുള്ള പരമ്പരാഗത പച്ചക്കറി ഇനങ്ങൾ, ബഹുവർഷ പച്ചക്കറി ഇനങ്ങൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി മുതലായവ കൃഷി ചെയ്തുവരുന്നു. വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നു. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ, സസ്യസംരക്ഷണ ഉപാധികളും കർഷകർക്ക് നൽകുന്നു. കൂടാതെ മുൻവർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ് യൂണിറ്റുകളുടെ തുടർ കൃഷിക്കായുള്ള സാമ്പത്തിക സഹായവും നൽകിവരുന്നു.

സംസ്ഥാനത്തെ ജനതയ്ക്ക് സുരക്ഷിത പച്ചക്കറികളുടെ ഉപയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിലൂടെ ആരോഗ്യം കൈവരിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനുമായി പരിശീലന/ബോധവൽക്കരണ പരിപാടിയായ 'കൃഷി പാഠശാല' നടത്തുന്നു.

ആരോഗ്യത്തിനായി സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആരോഗ്യ വകുപ്പ്, ഡയറ്റീഷ്യൻ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, കുടുംബശ്രീ യൂണിറ്റ്, ഹരിത കേരള മിഷന്റെ ഉപഘടകമായ സുജലം സുഫലം, പ്രൈമറി ഹെൽത്ത് സെന്റർ, ആരോഗ്യ ക്യാമ്പുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ബോധവൽക്കരണം നടത്തുന്നു.

സുരക്ഷിതമായ പഴങ്ങളും പച്ചക്കറികളും നഗര/ഗ്രാമ പ്രദേശത്തെ വീട്ടുവളപ്പുകളിൽ കൃഷി ചെയ്യുക, ഇതോടൊപ്പം പ്രദർശനത്തോട്ടം എന്ന നിലയിൽ കേരളത്തിലെ എല്ലാ ജില്ല/ബ്ലോക്ക്/പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിലെ ജനപ്രതിനിധികളുടെയും അംഗീകരിക്കപ്പെട്ടിട്ടുള്ള മാധ്യമ പ്രവർത്തകരുടെ വാസസ്ഥലത്തോ അവർക്ക് സ്വീകാര്യമായ മറ്റ് ഇടങ്ങളിലോ, ജൈവ രീതിയിലുള്ള പോഷകപ്രദർശനത്തോട്ടം നടപ്പിലാക്കിവരുന്നു. ആയതിലേയ്ക്കായി തനതായ നാടൻ പച്ചക്കറികൾക്കൊപ്പം കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി എന്നിവ കൃഷി ചെയ്യുന്നു.

വിദ്യാലയങ്ങൾ, പൊതു/സ്വകാര്യസ്ഥാപനങ്ങൾ (ജയിൽ വളപ്പുകൾ, പോലീസ് സ്റ്റേഷൻ, വി.എച്ച്.എസ്.സി/ഐ.ടി.ഐ. കോളേജുകൾ, അങ്കണവാടി, വയൽ വരമ്പ്) എന്നിവിടങ്ങളിലെ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും സുരക്ഷിത പച്ചക്കറി കൃഷി നടപ്പിലാക്കിവരുന്നു.

(സി) ഉണ്ട്.

(ഡി) കാൻസർ പോലുള്ള മാരകരോഗങ്ങൾ ബാധിക്കുന്നതിന് പ്രധാന കാരണം മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന വിഷലിപ്തമായ പച്ചക്കറി യാണെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് "ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയിലൂടെ നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരള ജനതയ്ക്ക് സുരക്ഷിത പച്ചക്കറികളുടെ ഉപയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിലൂടെ ആരോഗ്യം കൈവരിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനുമായി പരിശീലന/ബോധവൽക്കരണ പരിപാടിയായ 'കൃഷി പാഠശാല' നടത്തുന്നു. നടീൽ മുതൽ വിളവെടുപ്പുവരെയുള്ള വിവിധ ഘട്ടങ്ങളിൽ ജൈവ പച്ചക്കറി കൃഷിക്ക് അനുവർത്തിക്കേണ്ട മുറകൾ ഈ കൃഷി പാഠശാലയിൽ പ്രതിപാദിക്കപ്പെടുന്നു.

ആരോഗ്യത്തിനായി സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആരോഗ്യ വകുപ്പ്, ഡയറ്റീഷ്യൻ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് പ്രൈമറി ഹെൽത്ത് സെന്റർ, ആരോഗ്യ ക്യാമ്പുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ബോധവൽക്കരണം നടത്തുന്നു. ഈ ബോധവൽക്കരണ പരിപാടിയിൽ ഒരു വ്യക്തിക്ക് ശരാശരി എല്ലാ പോഷകങ്ങളും ലഭിക്കുവാനുള്ള ഭക്ഷണ ക്രമത്തെക്കുറിച്ച് (ഹെൽത്തി പ്ലേറ്റ്) അവബോധം നൽകുന്നു. കൂടാതെ അന്യസംസ്ഥാനങ്ങളിൽനിന്നും പ്രാദേശിക ചന്തകളിൽ എത്തുന്ന പച്ചക്കറികളുടെ സാമ്പിൾ കേരള കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യു ലാബുകളിൽ പരിശോധിച്ച് പരിശോധനാഫലം, സർക്കാർ/കാർഷിക

സർവ്വകലാശാല വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നു. ഇത് കർഷകർക്കും പൊതുജനങ്ങൾക്കും അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികളിലെ വിഷാംശം സംബന്ധിച്ച കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിന് സഹായകരമായിട്ടുണ്ട്.

## ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി

50(1320) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പ് വളരെ വിജയപ്രദമായി നടപ്പിലാക്കിയ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി ഈ വർഷവും നടപ്പിലാക്കുന്നതിന് ഉദ്ദേശ്യമുണ്ടോയെന്ന് അറിയിക്കുമോ;

(ബി) മുൻവർഷങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിയതിലൂടെ ഓണക്കാലത്ത് പച്ചക്കറി ലഭ്യത ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട് എന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(സി) സ്കൂൾ കുട്ടികളെക്കൂടി ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി കൂടുതൽ ജനകീയമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽനിന്നുതന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ച് കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, 2017-18 വർഷം ആരംഭിച്ച് തുടർന്നും വിജയകരമായി നടപ്പിലാക്കി വരുന്ന ബൃഹത് പദ്ധതിയാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി'. പ്രസ്തുത പദ്ധതി ഈ വർഷവും നടപ്പിലാക്കുന്നുണ്ട്.

(ബി) ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിക്കായി വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് അഞ്ചിനം പച്ചക്കറി വിത്തുകൾ അടങ്ങിയ പായ്ക്കറ്റുകളും പച്ചക്കറി തൈകളും വിതരണം ചെയ്യുന്നു. കൂടാതെ മാധ്യമങ്ങൾ മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും പച്ചക്കറി വിത്തുപായ്ക്കറ്റുകൾ കർഷകർക്ക് വിതരണം ചെയ്തു. ഈ പദ്ധതിയിലൂടെ വിഷരഹിതമായ പച്ചക്കറികൾ വീട്ടുവളപ്പിൽത്തന്നെ ഉല്പാദിപ്പിക്കുകയും തദ്വാര പച്ചക്കറി ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഓണക്കാലത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ കൃഷിഭവന്റെ കീഴിൽ ഓണസമൃദ്ധി വിപണികളിലൂടെയും ഇക്കോഷോപ്പ്, ബി.എൽ.എഫ്.ഒ. മാർക്കറ്റ്, ആഴ്ചചന്ത, ക്ലസ്റ്റർ മാർക്കറ്റ് എന്നിവയിലൂടെ വിപണനം നടത്തി പച്ചക്കറി ലഭ്യത ഉറപ്പു വരുത്തുന്നു.

(സി&ഡി) 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതി സ്കൂൾ വിദ്യാർത്ഥികളെയും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കി കൊണ്ടാണ് നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

സംസ്ഥാനത്ത് സ്കൂളുകളിൽ പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 'സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി' എന്ന മുഖ്യഘടകത്തിൽ ഉൾപ്പെടുത്തി ഓരോ വർഷവും സംസ്ഥാനത്തെ തെരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പാക്കുന്നതിന് പ്രാധാന്യം നൽകുന്നുണ്ട്. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് ഒരു വിദ്യാലയത്തിന് 4,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. കൂടാതെ വിദ്യാർത്ഥി/വിദ്യാർത്ഥിനികളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും മറ്റ് കാർഷിക പ്രവർത്തനങ്ങൾക്കുമായി 1000 രൂപ പ്രവർത്തന ചെലവായും നൽകിവരുന്നു, 20-25 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ചേർന്നാണ് ക്ലബ്ബ് രൂപീകരിക്കുന്നത്. ജലസേചന സൗകര്യം ലഭ്യമാക്കുന്നതിന് പമ്പ്സെറ്റ്/കിണർ എന്നിവ സ്ഥാപിക്കുന്നതിന് 10,000 രൂപ നിരക്കിലും ധനസഹായം നൽകുന്നു. വിദ്യാർത്ഥികളുടെ വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് 10 രൂപ വില വരുന്ന 4 മുതൽ 5 ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകിറ്റുകൾ സൗജന്യമായി നൽകിവരുന്നു.

പച്ചക്കറി ഉല്പാദനത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ 65 ലക്ഷം കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് ഓണത്തിന് ഒരു മുറം പച്ചക്കറി നടപ്പിലാക്കുന്നത്. പദ്ധതിപ്രകാരം പച്ചക്കറി വിത്തുപാക്കറ്റുകൾ, തൈകൾ, ഗ്രോബാഗ് യൂണിറ്റുകൾ എന്നിവ നൽകിവരുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, റെസിഡൻസ് അസോസിയേഷനുകളിലെ അംഗങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരെ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഓണത്തിന് ഒരു മുറം പദ്ധതിയിൽ പച്ചക്കറി കൃഷിക്ക് ജൈവ കൃഷി രീതികൾക്ക് പ്രാധാന്യം നൽകുന്നതിലൂടെ ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറി ലഭ്യമാക്കുകയും അന്യസംസ്ഥാനങ്ങളിൽനിന്നുമുള്ള വിഷലിപ്തമായ പച്ചക്കറികളുടെ ഇറക്കുമതി തോത് കുറയ്ക്കുന്നതിനും സാധിക്കുന്നുണ്ട്.

## വിഷമയമായ പച്ചക്കറികളുടെ വില്പന

51(1321) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ലക്ഷം മെട്രിക് ടൺ പച്ചക്കറിയാണ് സംസ്ഥാനത്തിന്റെ വാർഷിക ആവശ്യകതയെന്നും നിലവിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത് എത്ര ലക്ഷം മെട്രിക് ടണ്ണാണെന്നും വിശദമാക്കാമോ;

(ബി) നാടൻ പച്ചക്കറിയെന്ന പേരിൽ തമിഴ്നാട്ടിൽനിന്നും കൊണ്ടുവരുന്ന വിഷമയമായ പച്ചക്കറികൾ കേരളത്തിൽ പല സ്ഥലത്തും വിൽക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് തടയുന്നതിന് സംസ്ഥാനത്തെ ഗ്രാമങ്ങളിലെ കാർഷിക വിപണികളിൽനിന്നും നേരിട്ട് പച്ചക്കറി എടുത്ത് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നാഷണൽ സാമ്പിൾ സർവ്വേ കണക്കുകൾപ്രകാരം സംസ്ഥാനത്ത് പച്ചക്കറിയുടെ ആവശ്യകത പ്രതിവർഷം 20 ലക്ഷം മെട്രിക് ടണ്ണാണ്. നിലവിൽ സംസ്ഥാനത്ത് 12.12 ലക്ഷം മെട്രിക് ടണ്ണാണ് ഉല്പാദിപ്പിക്കുന്നത്.

(ബി&സി) അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്ന വിഷമയമായ പച്ചക്കറികൾ നാടൻ പച്ചക്കറിയെന്ന പേരിൽ കേരളത്തിൽ പലയിടത്തും വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇവിടെ ഉപയോഗം ഒരു പരിധിവരെ തടയുന്നതിന് അന്യസംസ്ഥാനങ്ങളിൽനിന്നും എത്തുന്ന പച്ചക്കറികളുടെ സാമ്പിൾ കേരള കാർഷിക സർവ്വകലാശാലയുടെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകളിൽ പരിശോധിച്ച് ഫലം സർക്കാർ/കേരള കാർഷിക സർവ്വകലാശാലയുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിലൂടെ കർഷകർക്കും പൊതുജനങ്ങൾക്കും പച്ചക്കറികളിലെ വിഷാംശം സംബന്ധിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിന് സഹായകരമായിട്ടുണ്ട്. കേരളത്തിലെ കർഷകർ, കർഷക കൂട്ടായ്മകൾ, വി.എഫ്.പി.സി.കെ., സ്വാശ്രയ കർഷക വിപണികൾ, കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവയിലൂടെ ഹോർട്ടികോർപ്പ് ന്യായവില നൽകി പച്ചക്കറികൾ സംഭരിക്കുന്നതിലൂടെ കർഷകർക്ക് ന്യായവില ലഭിക്കുന്നതിനും ഫലപ്രദമായ വിപണി ഇടപെടലുകൾ നടത്തുന്നതിനും കൃഷി വകുപ്പിന് സാധിക്കുന്നുണ്ട്.

## പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

52(1322) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിഭവൻ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളും പ്രോത്സാഹനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി പച്ചക്കറി കൃഷി ഉൽപ്പാദനം വർദ്ധിപ്പിച്ചതായി വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കാൻ സർക്കാർ സമഗ്ര പച്ചക്കറി വികസനം എന്ന പദ്ധതി കൃഷിഭവൻ മുഖേന നടപ്പിലാക്കി വരുന്നു. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിക്കാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകിവരുന്നു.

സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഘടകങ്ങൾ താഴെകൊടുക്കുന്നു.

1. ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം.
2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും.
3. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
4. ജില്ലാ ക്ലസ്റ്റർ വികസനത്തിനുള്ള ധനസഹായം.
5. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനത്തിനുള്ള ധനസഹായം.
6. ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണവും ധനസഹായവും.
7. നഴ്സറികൾ സ്ഥാപിക്കൽ.
8. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം തുടങ്ങിയവ.
9. സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും.
10. പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം.

11. കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം.

12. മഴമറ നിർമ്മാണം.

കൂടാതെ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി കൃഷി വകുപ്പ് 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം നീണ്ടുനിൽക്കുന്ന "ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുവാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുവാനും ലക്ഷ്യമിടുന്നു. ഇതിനായി 21 ഇന പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിൽ 2019-20 വർഷം മൂന്നാംവിളയ്ക്ക് ഊന്നൽ നൽകി നടപ്പിലാക്കി വരുന്ന വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം, കൃഷി പാഠശാല, ആരോഗ്യ വകുപ്പുമായി സംയോജിച്ച് ബോധവൽക്കരണം, പോഷകത്തോട്ട നിർമ്മാണം, ഉല്പാദനോപാദികളുടെ ലഭ്യത, വിത്ത് കൈമാറ്റ കൂട്ടായ്മ, ജീവനി-പച്ചക്കറി ഗ്രാമം, ഹരിത ബ്ലോക്ക്, നഗരം - നാമകരണം, 1000 മാർക്കറ്റുകളുടെ വിപുലീകരണം, വിദ്യാലയങ്ങൾ പൊതു/ സ്വകാര്യ സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി, ഹരിത ഗ്രൂപ്പ് രൂപീകരണം എന്നിവ പദ്ധതി ഘടകങ്ങളാണ്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പച്ചക്കറി വിസ്തൃതി 52830 ഹെക്ടറും ഉല്പാദനം 7.25 ലക്ഷം മെട്രിക് ടണ്ണും ആയിരുന്നു. 2017-18-ൽ സംസ്ഥാനത്ത് 69047 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽനിന്നും 10.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും സാധിച്ചു. 2016-17 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2017-18-ൽ 16217 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഇതിലൂടെ 2.76 ലക്ഷം മെട്രിക് ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 82166.55 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിൽനിന്നും 12.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. 2017-18 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2018-19-ൽ 13120 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനം 2.11 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്.

2019-20 വർഷത്തിൽ പച്ചക്കറി കൃഷി 96000 ഹെക്ടർ ആയി വർദ്ധിപ്പിക്കുന്നതിനും ഉല്പാദനം 15.08 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

## പച്ചക്കറി കൃഷി മേഖലയിൽ സ്വയംപര്യാപ്തത

53(1323) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറികൃഷി മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് എന്തൊക്കെ ശ്രമങ്ങളാണ് നടത്തുന്നതെന്നും ആയതിന്റെ ഫലപ്രാപ്തി സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) നല്ല ഭക്ഷണം ഉറപ്പു വരുത്തുന്നതിനായി പുരയിടകൃഷിയുടെ ഭാഗമായുള്ള പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി നടപ്പാക്കുന്നുണ്ടോ;

(സി) മാർക്കറ്റ് ഡിമാന്റ് അനുസരിച്ച് പച്ചക്കറി ഉല്പാദനം ക്രമീകരിക്കുന്നതിന് പച്ചക്കറി ഉല്പാദന കലണ്ടർ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പച്ചക്കറികൃഷിക്കായി പ്രത്യേക കാർഷികമേഖലകൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ഇ) കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിഷരഹിത പച്ചക്കറി വില്പന നടത്തുന്നുണ്ടോ; ഉത്സവകാലങ്ങളിൽ വിഷരഹിത പച്ചക്കറി കൂടുതലായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. ആയതിന്റെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം.
2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും.
3. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി.
4. ജില്ലാ ക്ലസ്റ്റർ വികസനം.

5. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം.

6. ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം.

7. നഴ്സറികൾ സ്ഥാപിക്കൽ.

8. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം തുടങ്ങിയവ.

9. സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും.

10. പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം.

11. കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം.

12. മഴമറ നിർമ്മാണം.

കൂടാതെ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി "ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുവാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇതിനായി 21 ഇന പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിൽ 2019-20 വർഷം മൂന്നാംവിളയ്ക്ക് ഊന്നൽ നൽകി നടപ്പിലാക്കിവരുന്ന വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം, കൃഷി പാഠശാല, ആരോഗ്യ വകുപ്പുമായി സംയോജിച്ച് ബോധവൽക്കരണം, പോഷകത്തോട്ട നിർമ്മാണം, ഉല്പാദനോപാദികളുടെ ലഭ്യത, വിത്ത് കൈമാറ്റ കൂട്ടായ്മ, ജീവനി-പച്ചക്കറി ഗ്രാമം, ഹരിത ബ്ലോക്ക്, നഗരം - നാമകരണം, 1000 മാർക്കറ്റുകളുടെ വിപുലീകരണം, വിദ്യാലയങ്ങൾ പൊതു/സ്വകാര്യ സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി, ഹരിത ഗ്രൂപ്പ് രൂപീകരണം എന്നിവ പദ്ധതി ഘടകങ്ങളാണ്.

മേൽപ്പറഞ്ഞ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിയതുവഴി 2017-18-ൽ സംസ്ഥാനത്ത് 69047 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽനിന്നും 10.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും സാധിച്ചു. 2018-19 സാമ്പത്തിക വർഷം 82166.55 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിൽനിന്നും 12.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ പച്ചക്കറി കൃഷി 96000 ഹെക്ടർ ആയി വർദ്ധിപ്പിക്കുന്നതിനും ഉല്പാദനം 15.08 ലക്ഷം മെട്രിക് ടൺ ആയി ഉയർത്തുന്നതിനും ലക്ഷ്യമിട്ട് പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി&സി) ഉണ്ട്. പച്ചക്കറി ഉല്പാദന കലണ്ടർ ബ്ലോക്ക്തലത്തിൽ തയ്യാറാക്കുന്നതിനായി എല്ലാ ജില്ലകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ പഞ്ചായത്തിലും പച്ചക്കറി കൃഷിയുടെ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് ഓരോ സീസണിലും ഏതെല്ലാം സ്ഥലത്ത് ഏതെല്ലാം വിളകൾ എത്ര സ്ഥലത്ത് കൃഷി ചെയ്യുന്ന എന്ന വിവരങ്ങളും സംസ്ഥാനത്തെ പ്രധാനപ്പെട്ട ഉല്പാദന കേന്ദ്രങ്ങൾ സംബന്ധിച്ച വിവരശേഖരണവും ഉൾപ്പെടുത്തിയാണ് ക്രോപ്പ് കലണ്ടർ തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളത്. ക്രോപ്പ് കലണ്ടർ രൂപീകരിക്കുന്നതിലൂടെ ആ പ്രദേശത്തെ കാലാവസ്ഥയ്ക്കനുസരിച്ച് കൃഷി ചെയ്യാവുന്ന എല്ലാ പച്ചക്കറികളും ഉൾപ്പെടുത്തുകയും മുൻകൂട്ടി തീരുമാനിക്കുന്നതിനാൽ ഓരോ ഇനം പച്ചക്കറികളുടെ അമിതോല്പാദനം ഇല്ലാതാക്കുന്നതിനും സാധിക്കുന്നു.

(ഡി) പച്ചക്കറി കൃഷിക്കായി 4 പ്രത്യേക കാർഷികമേഖലകൾ ആരംഭിച്ചിട്ടുണ്ട്. കാന്തല്ലൂർ, വട്ടവട മേഖല ഉൾപ്പെടുന്ന ദേവികുളം (ഇടുക്കി ജില്ല), കഞ്ഞിക്കുഴി (ആലപ്പുഴ ജില്ല), പഴയന്നൂർ (തൃശ്ശൂർ ജില്ല), ചിറ്റൂർ-നെന്മാറ (പാലക്കാട് ജില്ല) എന്നിവയാണ് പച്ചക്കറി കൃഷിക്കായി തെരഞ്ഞെടുത്ത പ്രത്യേക കാർഷിക മേഖലകൾ.

(ഇ) കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നല്ല കാർഷികമുറകൾ പാലിച്ചുകൊണ്ട് സുരക്ഷിത പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി പച്ചക്കറി പദ്ധതിയിൻകീഴിലുള്ള ബ്ലോക്ക്തല ഫെഡറേറ്റഡ് ഓർഗനൈസേഷൻ, ഇക്കോഷോപ്പുകൾ, വിപണി മാർക്കറ്റുകൾ, ആഴ്ചചന്തകൾ, എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റ്, ഹരിത ഗ്രൂപ്പ് എന്നിവ മുഖാന്തരം കർഷകർ ഉല്പാദിപ്പിക്കുന്ന സുരക്ഷിത പച്ചക്കറികൾ ന്യായമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

ഉത്സവ സീസണുകളിൽ ആവശ്യമായ പച്ചക്കറികൾക്ക് ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതിനും അധിക ആവശ്യകത കണക്കിലെടുത്തും പച്ചക്കറി സുലഭമായി ലഭ്യമാക്കുവാനും ഉദ്ദേശിച്ച് കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, 2017-18 വർഷം ആരംഭിച്ച് തുടർന്നും വിജയകരമായി നടപ്പിലാക്കി വരുന്ന ബൃഹത് പദ്ധതിയാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി'. ഇതിനായി പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ നൽകിവരുന്നു.

പച്ചക്കറി ഉല്പാദനത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ 65 ലക്ഷം കുടുംബങ്ങളെ

ഉൾപ്പെടുത്തിക്കൊണ്ടാണ് ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി വിവിധ ഇനം (കുറഞ്ഞത് 4 മുതൽ 5 വരെ) പച്ചക്കറി വിത്തിനങ്ങൾ അടങ്ങിയ 65 ലക്ഷം വിത്ത് പാക്കറ്റുകളും 160 ലക്ഷം പച്ചക്കറി തൈകളും സൗജന്യമായി വിതരണം ചെയ്യുന്നു.

കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, റെസിഡന്റ് അസോസിയേഷനുകളിലെ അംഗങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരെ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ ഡിപ്പാർട്ട്മെന്റ് ഫാമുകൾ, അഗ്രോ സർവ്വീസ് സെന്റർ, വി.എഫ്.പി.സി.കെ., മറ്റ് അംഗീകൃത ഏജൻസികൾ എന്നിവ വഴിയാണ് കർഷകർക്ക് ഗുണമേന്മയുള്ള വിത്തുകളും പച്ചക്കറിതൈകളും സൗജന്യമായി ലഭ്യമാക്കുന്നത്. ഉത്സവ സീസണുകളിൽ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ പച്ചക്കറി ചന്തകൾ സജ്ജമാക്കുകയും ഇവയിലൂടെ കർഷകർ ഉല്പാദിപ്പിക്കുന്ന സുരക്ഷിത പച്ചക്കറികൾ പൊതുജനങ്ങൾക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കുകയും ചെയ്യുന്നു.

ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിലും നല്ല കാർഷികമുറകൾ പാലിച്ചുകൊണ്ടുള്ള പച്ചക്കറി കൃഷി രീതിയിലൂടെയും പി.ജി.എസ്. സർട്ടിഫിക്കേഷനോടുകൂടിയ കേന്ദ്ര പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിലൂടെയും ഉത്സവ സീസണുകൾ ഉൾപ്പെടെ സുരക്ഷിത പച്ചക്കറി ലഭ്യമാക്കുകയും അതുവഴി അന്യസംസ്ഥാനങ്ങളിൽനിന്നുമുള്ള പച്ചക്കറികളുടെ ഇറക്കുമതിയുടെ തോത് പരമാവധി കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

## കല്ലറ കേന്ദ്രമാക്കി ഹോർട്ടികോർപ്പിന്റെ പുതിയ വിപണനകേന്ദ്രം

54(1324) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ കേന്ദ്രമാക്കി ഹോർട്ടികോർപ്പിന്റെ പുതിയ വിപണനകേന്ദ്രം ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത സ്റ്റാൾ എന്നു മുതൽ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ കേന്ദ്രമാക്കി ഹോർട്ടികോർപ്പിന്റെ പുതിയ വിപണന കേന്ദ്രം ആരംഭിക്കുവാൻ ഹോർട്ടികോർപ്പ് തീരുമാനിച്ചിട്ടുണ്ട്.

(ബി &സി) പഞ്ചായത്തിൽനിന്നും ഉചിതമായ സ്ഥലം ലഭിക്കുന്നമുറയ്ക്ക് സ്റ്റാൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഹോർട്ടി കോർപ്പിന്റെ ലാഭ-നഷ്ടകണക്ക്**

55(1325) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടി കോർപ്പിന്റെ 2015-16-ലെ ലാഭ-നഷ്ട കണക്കിന്റെ വിശദാംശം നൽകുമോ;

(ബി) ഹോർട്ടി കോർപ്പിന്റെ 2018-19-ലെ ലാഭ-നഷ്ട കണക്ക് എത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2014-15 വരെയുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് മാത്രമാണ് പൂർത്തിയായിട്ടുള്ളത്. 2015-16-ലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് റിപ്പോർട്ട് ലഭ്യമായിട്ടില്ല. 2014-15 വർഷത്തെ വാർഷിക കണക്കുകൾ 2020 മാർച്ച് മാസത്തിൽ കൂടുന്ന വാർഷിക പൊതുയോഗത്തിന്റെ (AGM) പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ ഹോട്ടികോർപ്പ് സ്വീകരിച്ചുവരുന്നു.

(ബി) 2016-17 മുതൽ 2019-20 കാലയളവിൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാരെ സി & എ ജി നിയമിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് നടപടികൾ ആരംഭിച്ചിട്ടില്ല.

**ഹോർട്ടികോർപ്പിന് കീഴിലെ സ്റ്റാളുകളുടെ പ്രവർത്തനം**

56(1326) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ഹോർട്ടികോർപ്പിന് കീഴിൽ (ഏജൻസി മുഖാന്തരവും നേരിട്ടും) എത്ര സ്റ്റാളുകൾ ഉണ്ടായിരുന്നു;

(ബി) നിലവിൽ ഹോർട്ടികോർപ്പിന് കീഴിൽ എത്ര സ്റ്റാളുകൾ ഉണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോർട്ടി കോർപ്പിൽ എത്ര മാനേജിംഗ് ഡയറക്ടർമാരെ നിയമിച്ചു എന്നറിയിക്കാമോ;

(ഡി) ഹോർട്ടി കോർപ്പിൽ ദിനംപ്രതി സ്റ്റോക്കിൽ അധികമായി വരുന്ന പച്ചക്കറികൾ കേടാകുന്നതിലൂടെ എത്ര നഷ്ടമാണ് ഉണ്ടാകുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് ഹോർട്ടികോർപ്പിന് കീഴിൽ 89 ഓൺസ്റ്റാളുകളും പ്രവർത്തനക്ഷമമായ 200-ഓളം ലൈസൻസി സ്റ്റാളുകളും ഉണ്ടായിരുന്നു.

(ബി) നിലവിൽ ഹോർട്ടികോർപ്പിനുകീഴിൽ 100 ഓൺ സ്റ്റാളുകളും പ്രവർത്തനക്ഷമമായ 242-ഓളം ലൈസൻസി സ്റ്റാളുകളും പ്രവർത്തിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോർട്ടി കോർപ്പിൽ 3 മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുകയുണ്ടായി.

(ഡി) കേരളത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന പഴങ്ങളും പച്ചക്കറികളും അധിക ഉത്പാദന സീസണിലും ഹോർട്ടികോർപ്പ് ന്യായമായ വില നൽകി സംഭരിക്കാറുണ്ട്. ഇത്തരത്തിൽ അധികമായി സംഭരിക്കുന്ന പച്ചക്കറികൾ പരമാവധി വിറ്റഴിക്കാൻ ഹോർട്ടികോർപ്പ് ശ്രമിക്കാറുണ്ട്. ഇതിലൂടെ ഹോർട്ടികോർപ്പിന് നഷ്ടം ഉണ്ടാകാറുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ഇത്തരത്തിൽ അധികമായി സംഭരിച്ച 866.81 മെട്രിക് ടൺ പഴങ്ങളും പച്ചക്കറികളും കേടായി പോവുകയും അതുവഴി 25,13,749 കോടിരൂപയുടെ നഷ്ടം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

**കൈപ്പാട് നെൽകൃഷി**

57(1327) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പാട് നെൽകൃഷിയുടെ വിസ്തൃതി കൂട്ടുന്നതിന്റെ ഭാഗമായി കൈപ്പാട് നെൽകൃഷി ഭൂമിയിൽ വർഷങ്ങളായി കൃഷി ചെയ്യാത്തതിനാൽ കളയായി കടന്നുകയറിയ ചുള്ളിയും കണ്ടലും ഒഴിവാക്കി കൃഷിയോഗ്യമാക്കുമ്പോൾ വനം വകുപ്പിന്റെ ഇടപെടൽമൂലം പ്രസ്തുത സ്ഥലത്ത് കൃഷി ചെയ്യാൻ സാധിക്കാത്തത് കണക്കിലെടുത്ത് ഇത് പരിഹരിക്കാൻ കൃഷി വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം കൃഷി ചെയ്യാതെ കിടന്ന കൈപ്പാട് ഭാഗത്ത് എത്ര ഏക്കർ സ്ഥലത്ത് പുതുതായി കൃഷി ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്;

(സി) കൈപ്പാട് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിയുടെ സഹകരണത്തോടെ പുതുതായി എത്ര ഏക്കർ സ്ഥലത്ത് കൈപ്പാട് കൃഷിചെയ്യാനാണ് കൃഷി വകുപ്പ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കൈപ്പാട് നെൽകൃഷിയുടെ വിസ്തൃതി കൂട്ടുന്നതിന്റെ ഭാഗമായി കൈപ്പാട് നെൽകൃഷി ഭൂമിയിൽ വർഷങ്ങളായി കൃഷി ചെയ്യാത്തതിനാൽ കളയായി കടന്നുകയറിയ ചുള്ളിയും കണ്ടലും ഒഴിവാക്കി കൃഷിയോഗ്യമാക്കുമ്പോൾ വനം വകുപ്പിന്റെ ഇടപെടൽമൂലം പ്രസ്തുത സ്ഥലത്ത് കൃഷി ചെയ്യാൻ സാധിക്കാത്തത് പരിഹരിക്കുന്നതിന് 12-2-2020-ന് വിവിധ വകുപ്പുകളുടെ ഒരു യോഗം ചേരുകയും കാലാകാലങ്ങളായി നിലനിന്നിരുന്ന കണ്ടൽ നിലനിറുത്തുന്നതിനും കൃഷി ചെയ്യാതെ തരിശുകിടന്ന സ്ഥലങ്ങളിൽ കടന്നുകയറിയ കണ്ടലിനെ ബണ്ടുകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിനും അപ്രകാരം കണ്ടൽ പുനർവിന്യസിക്കുന്നതിനെതിരെ വനം വകുപ്പ് നടപടികൾ സ്വീകരിക്കുന്നതിൽനിന്നും പിന്മാറണമെന്നും തീരുമാനിക്കുകയും ചെയ്തു.

നെൽകൃഷിക്ക് ഭൂമി ഒരുക്കുന്നതിന്റെ ഭാഗമായി കണ്ടൽ മാറ്റുന്നതിനും കണ്ടൽ പുനർവിന്യാസം നടത്തുന്നതിനും മുന്നോടിയായി പരിശോധന നടത്തുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂർ, ഫിഷറീസ് അഡീഷണൽ ഡയറക്ടർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ, കണ്ണൂർ, പ്രോജക്ട് ഡയറക്ടർ, കൈപ്പാട് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി, എം.കെ.എഫ്.എസ്. പ്രസിഡന്റ്/സെക്രട്ടറി എന്നിവർ ഉൾപ്പെടെ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

(ബി) കണ്ണൂർ ജില്ലയിൽ 400 ഏക്കർ സ്ഥലത്തും കാസർഗോഡ് ജില്ലയിൽ 47.5 ഏക്കർ സ്ഥലത്തും കോഴിക്കോട് ജില്ലയിൽ 5 ഏക്കർ സ്ഥലത്തും പുതുതായി കൃഷി ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

(സി) കൈപ്പാട് ഏര്യ ഡെവലപ്മെന്റ് സൊസൈറ്റിയുടെ സഹകരണത്തോടെ 3000 ഏക്കർ സ്ഥലത്ത് കൈപ്പാട് കൃഷി ചെയ്യാനാണ് കൃഷി വകുപ്പ് ഉദ്ദേശിക്കുന്നത്. അതിനായി ചുള്ളിയും കണ്ടലും നീക്കം ചെയ്യുന്ന നടപടി ആരംഭിച്ചുകഴിഞ്ഞു. കൃഷി ചെയ്യുന്നതിനുള്ള വിത്തിനുള്ള നടപടി പ്രോജക്ട് ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ നെൽകൃഷി വികസനത്തിനായുള്ള പദ്ധതികൾ

58(1328) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിലെ നെൽകൃഷി വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ നെൽകൃഷി വികസനത്തിനായി സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്നു.

നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിപ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടറൊന്നിന് 5,500 രൂപയും സവിശേഷ നെല്ലിനങ്ങളായ ഞവര, രക്തശാലി, പൊക്കാളി, ബസ്മതി, ജീരകശാല, ഗന്ധകശാല തുടങ്ങിയവയുടെ വികസനത്തിന് ഹെക്ടറിന് 10,000 രൂപയും ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിന് 10,000 രൂപയും കരനെൽ കൃഷിക്ക് 13,600 രൂപയും ധനസഹായമായി നൽകുന്നു. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിന് ഒന്നാം വർഷം 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ധനസഹായം നൽകുന്നത്.

നെൽകർഷകർക്ക് ഉൽപ്പാദന ബോണസായി ഹെക്ടറിന് 1000 രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു.

നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്രസർക്കാർ സഹായത്തോടെ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, ആർ.കെ.വി.വൈ. എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിപ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9000 രൂപ ധനസഹായം നൽകുന്നു. ക്രോപ്പിംഗ് സിസ്റ്റം പ്രദർശനത്തോട്ടത്തിന്

ഹെക്ടറൊന്നിന് 15,000 രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിന് 10,000 രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2,000 രൂപയും റലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1000 രൂപയും നൽകുന്നു. സൂക്ഷ്മമൂലക വളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000 രൂപയും കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകുന്നു. മരുന്നി തളിക്കുന്നതിനുള്ള സ്പ്രേയറിന് 600 രൂപയും പവർ സ്പ്രേയറിന് 3000 രൂപയും വിന്നോവറിന് 10,000 രൂപയുമാണ് സബ്സിഡി നൽകുന്നത്. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സബ്സിഡി നൽകുന്നു.

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ 'Productivity Improvement of Paddy in Kerala' എന്ന ഘടകവും നടപ്പാക്കുന്നു. ഇതുപ്രകാരം കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും സൂക്ഷ്മമൂലക വളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും സംയോജിത കീടനിയന്ത്രണത്തിന് 500 രൂപയും യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1,500 രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 3,500 രൂപയുടെ ധനസഹായം നൽകും.

(ബി) നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിപ്രകാരം പാലക്കാട് ജില്ലയിൽ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

| വർഷം | തുക (രൂപ ലക്ഷത്തിൽ) |
|---|---|
| 2016-17 | 1187.75717 |
| 2017-18 | 1357.97043 |
| 2018-19 | 4050.90776 |
| 2019-20 | 2824.78785 |
| | (2019-20 വർഷത്തെ ബാക്കി തുക നൽകുന്നതിനുള്ള നടപി സ്വീകരിച്ച് വരുന്നു.) |

ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതിപ്രകാരം പാലക്കാട് ജില്ലയിൽ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

| വർഷം | തുക (രൂപ ലക്ഷത്തിൽ) |
|---|---|
| 2016-17 | തുക ലഭിച്ചിട്ടില്ല |
| 2017-18 | 41.023 |
| 2018-19 | തുക ലഭിച്ചിട്ടില്ല |
| 2019-20 | തുക ലഭ്യമായിട്ടില്ല |

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിപ്രകാരം പാലക്കാട് ജില്ലയിൽ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

| വർഷം | തുക (രൂപ ലക്ഷത്തിൽ) |
|---|---|
| 2016-17 | 1847.67390 |
| 2017-18 | തുക ലഭിച്ചിട്ടില്ല |
| 2018-19 | തുക ലഭിച്ചിട്ടില്ല |
| 2019-20 | 1520.563 അനുവദിച്ചത് ചെലവഴിച്ച് വരുന്നു |

ഉല്പാദന ബോണസ്സ് ഇനത്തിൽ പാലക്കാട് ജില്ലയിൽ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

| വർഷം | പഞ്ചായത്ത് | മുനിസിപ്പാലിറ്റി |
|---|---|---|
| 2016-17 | 5,80,85,000 രൂപ | 10,64,000 രൂപ |
| 2017-18 | 4,07,66,986 രൂപ | 10,00,000 രൂപ |
| 2018-19 | 3,66,86,617 രൂപ | 1,10,711 രൂപ |
| 2019-20 | 5,12,82,752 രൂപ | 8,86,000 രൂപ |

**ആലത്തൂർ മണ്ഡലത്തിൽ നെല്ലുൽപ്പാദനത്തിലുണ്ടായ വർദ്ധനവ്**

59(1329) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2019 വരെയുള്ള കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ നെൽകൃഷിയുടെ വിസ്തൃതിയിൽ ഉണ്ടായ വർദ്ധനവിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ കാലയളവിൽ നിയോജകമണ്ഡലത്തിൽ നെല്ലുൽപ്പാദനത്തിലുണ്ടായ വർദ്ധനവിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽപ്പെടുന്ന ഏഴ് കൃഷിഭവൻ പരിധിയിലെ നെൽകൃഷി വിസ്തൃതിയിലെയും ഉല്പാദനത്തിലെയും വർദ്ധനവ് സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു..

**നെൽകൃഷി വ്യാപനത്തിനായി പദ്ധതികൾ**

60(1330) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി വ്യാപനത്തിനായി നമ്മുടെ നെല്ല് നമ്മുടെ അന്നം എന്ന മുദ്രാവാക്യം മുൻനിർത്തി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്;

(ബി) നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള തരിശുനില കൃഷി ചെയ്യുന്ന പദ്ധതിക്ക് എത്രത്തോളം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) നെൽകൃഷിയിൽ നൂതന കൃഷിമുറകൾ പാലിക്കുന്നതിനായി കർഷകരെ സഹായിക്കുവാൻ എന്തെല്ലാം നടപടികൾ കൃഷിഭവൻ വഴി നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) 2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1) വരെയുള്ള ഒരു വർഷക്കാലമാണ് 'നമ്മുടെ നെല്ല് നമ്മുടെ അന്നം' എന്ന മുദ്രാവാക്യം മുൻനിർത്തി നെൽവർഷമായി ആചരിച്ചത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ഘടകങ്ങളായ സുസ്ഥിരകൃഷി വികസനം, വികസന ഏജൻസികൾക്കുള്ള ഫണ്ട്, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം, പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി, കരനെൽകൃഷി വികസനം, തരിശുനില കൃഷി, ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയാക്കുന്നതിനുള്ള പദ്ധതികൾ, ബ്ലോക്ക്തലത്തിൽ പദ്ധതി സംയോജനത്തിനും റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനും നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിനും മറ്റുമായി പദ്ധതിയധിഷ്ഠിത ധനസഹായം എന്നിവ നടപ്പിലാക്കി. നെൽ വർഷാചരണത്തിന്റെ ഭാഗമായി പദ്ധതിയധിഷ്ഠിതമായി 100 ഇന പരിപാടികളും നടപ്പിലാക്കിയിരുന്നു. നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും നെൽകൃഷിയും കായികവിനോദ മേഖലയും നെൽകൃഷിയും ആയുർവേദവും നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ 10 ഇനങ്ങൾക്ക് പ്രാമുഖ്യം നൽകി 2017-18 സാമ്പത്തിക വർഷവും നടപ്പിലാക്കിയിരുന്നു.

നടപ്പുവർഷം ഈ ഇനത്തിൽ പദ്ധതിയധിഷ്ഠിത ധനസഹായത്തിനുള്ള ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) നെൽകൃഷി വികസന പദ്ധതിയിൻകീഴിൽ ഏറ്റവും ശ്രദ്ധ ആകർഷിക്കുന്ന ഘടകമാണ് തരിശു നിലകൃഷി. 2016-17-ൽ 2782.3857 ഹെക്ടറും 2017-18-ൽ 5485.686 ഹെക്ടറും 2018-19-ൽ 3668.0064 ഹെക്ടർ തരിശുനിലവും പുതുതായി നെൽകൃഷി ചെയ്തു. നടപ്പു സാമ്പത്തിക വർഷം 3500 ഹെക്ടറോളം തരിശുനിലങ്ങളിൽ പുതുതായി നെൽകൃഷി ആരംഭിച്ചിട്ടുണ്ട്.

(സി) പദ്ധതിയധിഷ്ഠിതമായും വിജ്ഞാന വ്യാപനത്തിന്റെ ഭാഗമായും നെൽകൃഷിയിൽ നൂതന കൃഷിമുറകൾ പാലിക്കുന്നതിനായി കർഷകരെ സഹായിക്കുന്നതിൽ കൃഷിഭവൻതലത്തിൽ ഉദ്യോഗസ്ഥർ പ്രതിജ്ഞാബദ്ധരാണ്. നെൽകൃഷി വികസന പദ്ധതിക്കുപുറമേ ആത്മ, ലീഡ്സ്, വിള ആരോഗ്യ പരിപാലനം, പാഠം ഒന്ന് പാടത്തേയ്ക്ക്, രാഷ്ട്രീയ കൃഷി വികാസ് യോജന, സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ തുടങ്ങിയ നിരവധി പദ്ധതികളുടെ ഭാഗമായി നൂതന കൃഷിമുറകൾ സംബന്ധിച്ച നിർദ്ദേശങ്ങളും ഇടപെടലും നിരന്തരമായി കർഷകർക്ക് നൽകുന്നുണ്ട്.

**നെൽവയൽ ഉടമകൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി**

61(1331) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംരക്ഷിക്കുന്നതിന് നെൽവയലുകൾ വഹിക്കുന്ന പങ്ക് പരിഗണിച്ച് സംസ്ഥാനത്തെ എല്ലാ നെൽവയൽ ഉടമകൾക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിലൂടെ എത്ര കർഷകർക്ക് റോയൽറ്റി നൽകുവാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായുള്ള തുക ഈ വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കൃഷിഭവനുകൾ മുഖേന സംസ്ഥാനത്തെ കർഷകർക്ക് പരിശീലനം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര കർഷകരെയാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്;

(ഇ) കർഷകർക്കുള്ള പെൻഷൻ കർഷക ക്ഷേമനിധി ബോർഡുവഴി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) പരിസ്ഥിതി സംരക്ഷണത്തിൽ നെൽവയലുകളുടെ പ്രാധാന്യം കണക്കിലെടുത്ത് കൃഷി ചെയ്യുന്ന നെൽവയൽ ഉടമസ്ഥർക്ക് റോയൽറ്റി നൽകുന്നതിനായി തുടക്കമെന്ന നിലയിൽ 40 കോടിരൂപയാണ് 2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിൽ നീക്കിവച്ചിരിക്കുന്നത്. ഹെക്ടറിന് 2000 (രണ്ടായിരം)രൂപ നിരക്കിലാണ് റോയൽറ്റി നൽകുന്നത്. ഈ പദ്ധതിയിലൂടെ 2 ലക്ഷം ഹെക്ടർ നെൽവയലിന്റെ ഉടമസ്ഥർക്ക് റോയൽറ്റി നൽകുന്നതിന് സാധിക്കുന്നതാണ്.

(സി) ആവിഷ്കരിച്ചിട്ടുണ്ട്

(ഡി) കൃഷി പാഠശാല – 'ആഗ്രോ ഇക്കോളജിക്കൽ യൂണിറ്റ് (എ.ഇ.യു) അടിസ്ഥാനമാക്കിയുള്ള കൃഷി' എന്ന പുതിയ പദ്ധതി പ്രകാരം 2020-21-ൽ ഒരു ലക്ഷം കർഷകർക്കും യുവാക്കൾക്കും കൃഷിഭവനുകൾവഴി പരിശീലനം നൽകുവാനുദ്ദേശിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ വിജ്ഞാന

വ്യാപന വിഭാഗം, കൃഷി വിജ്ഞാന കേന്ദ്രം, ആത്മ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നത്.

(ഇ) കേരള നിയമസഭ പാസ്സാക്കിയ 2019-ലെ ആക്ട് നമ്പർ 26-ലെ 5 (ബി) വകുപ്പുപ്രകാരം കിസാൻ അഭിമാൻ പദ്ധതിയിൻകീഴിൽ പെൻഷൻ ലഭിച്ചിരുന്ന അറുപത് വയസ്സ് പൂർത്തിയാക്കിയ ചെറുകിട നാമമാത്ര കർഷകർക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കർഷക ക്ഷേമനിധി ബോർഡ് പ്രവർത്തനക്ഷമ മാകുന്നതോടെ ഇതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

## കരനെൽകൃഷി പ്രോത്സാഹിപ്പിക്കുവാനുള്ള പദ്ധതികൾ

62(1332) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര ഹെക്ടർ സ്ഥലത്ത് കരനെൽകൃഷി നടത്തുന്നുവെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കഴിഞ്ഞ നാല് വർഷങ്ങളിലായി നടപ്പിലാക്കിവരുന്ന സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13,600 രൂപ സബ്സിഡി നൽകിവരുന്നു. ഇതിനുപുറമേ, പദ്ധതിയധിഷ്ഠിതമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലും റസിഡന്റ്സ് അസ്സോസിയേഷനുകളിലും മത/സാംസ്കാരിക സ്ഥാപനങ്ങളിലും മറ്റും കൃഷി ചെയ്യുന്നതിനും 2017-18, 2018-19 വർഷങ്ങളിൽ സമഗ്ര നെൽകൃഷി വികസനം പദ്ധതിയിൽ വ്യവസ്ഥയുണ്ടായിരുന്നു.

തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ ജില്ലകളിലാണ് കരനെൽകൃഷിക്ക് കൂടുതൽ ശ്രദ്ധ ചെലുത്തിയത്. മറ്റ് ജില്ലകളിലും ഇത് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷം 2752.092 ഹെക്ടർ സ്ഥലത്ത് കരനെൽ കൃഷി ചെയ്യാൻ സാധിച്ചു. 2017-18-ൽ 2500 ഹെക്ടർ സ്ഥലത്ത് കരനെൽ കൃഷി ചെയ്യനുദ്ദേശിച്ചിരുന്ന സ്ഥാനത്ത് 2624.64106 ഹെക്ടർ കൃഷി ചെയ്തു. 2018-19

സാമ്പത്തിക വർഷം ഒന്നാം വിള കാലത്ത് നിലനിന്നിരുന്നത് പ്രതികൂലമായ കാലാവസ്ഥയായിരുന്നു. എന്നിട്ടും 4880.919 ഹെക്ടറിൽ കര നെല്ല് കൃഷി ചെയ്യാൻ സാധിച്ചു. നടപ്പു സാമ്പത്തിക വർഷം 2683.82 ഹെക്ടർ സ്ഥലത്ത് കരനെൽ കൃഷി നടപ്പാക്കുന്നതിന് 375 ലക്ഷംരൂപ വകയിരുത്തിയിട്ടുണ്ട്. നാളിതുവരെ 2399.76 ഹെക്ടർ സ്ഥലത്ത് കരനെൽ കൃഷി ചെയ്തുകഴിഞ്ഞു. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.

**നെൽകൃഷിയിലെ അധിക ഉല്പാദനം**

63(1333) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നെൽകൃഷിയിൽ എത്ര ഹെക്ടറിന്റെ അധിക ഉല്പാദനം ഉണ്ടായിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പൊക്കാളി, കൈപ്പാട് കൃഷിയിൽ എത്ര ഹെക്ടർ അധികം ഉല്പാദനം ഉണ്ടായിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷം 1,96,870 ഹെക്ടർ നെൽകൃഷിയുണ്ടായിരുന്നത് 2017-18-ൽ 2,20,449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ 35,000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നശിച്ചിട്ടും 2018-19 സാമ്പത്തിക വർഷം 2,02,907 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നിലനിറുത്താൻ സാധിച്ചിട്ടുണ്ട്. നടപ്പുവർഷവും ആഗസ്റ്റുമാസത്തിലുണ്ടായ പ്രളയവും നിലവിൽ വടക്കൻ ജില്ലകളിൽ അനുഭവപ്പെടുന്ന ഉണക്കും പ്രതികൂലമായ ഘടകങ്ങളാണെങ്കിലും 2,04,000 ഹെക്ടറിലെ നെൽകൃഷി പ്രതീക്ഷിക്കുന്നു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) പൊക്കാളി കൃഷിയുടെ വിസ്തൃതി തൃശ്ശൂർ, എറണാകുളം ജില്ലകളിൽ വർദ്ധിച്ചിട്ടുണ്ടെങ്കിലും ആലപ്പുഴ ജില്ലയിൽ കുറയുന്നതായിട്ടാണ് കാണുന്നത്. തൃശ്ശൂർ ജില്ലയിൽ 22 ഹെക്ടറും എറണാകുളം ജില്ലയിൽ 62 ഹെക്ടറും പൊക്കാളി കൃഷിയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ പൊക്കാളി കൃഷിയിൽ 43 ഹെക്ടറിന്റെ കുറവാണുണ്ടായിരിക്കുന്നത്. പരമ്പരാഗത നെല്ലിനങ്ങൾ ജൈവ രീതിയിൽ കൃഷി ചെയ്യുന്നതിനാൽ പരമാവധി ഉല്പാദനക്ഷമത ഹെക്ടറിന് 1750 കിലോ നെല്ല് മാത്രമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കണ്ണൂർ ജില്ലയിൽ 160 ഹെക്ടറും കോഴിക്കോട് ജില്ലയിൽ 2 ഹെക്ടറും കാസർഗോഡ് ജില്ലയിൽ 19 ഹെക്ടറും കൈപ്പാട് കൃഷി ചെയ്യുന്നുണ്ട്. പരമ്പരാഗത നെല്ലിനങ്ങൾ ജൈവരീതിയിൽ കൃഷി ചെയ്യുന്നതിനാൽ പരമാവധി ഉല്പാദന ക്ഷമത ഹെക്ടറിന് 1500 കിലോ നെല്ലുമാത്രമാണ്.

**നെൽകർഷകർക്ക് റോയൽറ്റി**

64(1334) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകർക്കായി റോയൽറ്റി നടപ്പിലാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നെല്ലിന്റെ സംഭരണ വില കാലതാമസമില്ലാതെ കർഷകർക്ക് ലഭ്യമാക്കാൻ സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(സി) നെല്ല് സംഭരണത്തിന് ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പരിസ്ഥിതി സംരക്ഷണത്തിൽ നെൽവയലുകളുടെ പ്രാധാന്യം കണക്കിലെടുത്ത് കൃഷി ചെയ്യുന്ന നെൽവയൽ ഉടമസ്ഥർക്ക് റോയൽറ്റി നൽകുന്നതിനായി തുടക്കമെന്ന നിലയിൽ 40 കോടിരൂപയാണ് 2020-21 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. ഹെക്ടറിന് 2,000 (രണ്ടായിരം)രൂപ നിരക്കിലാണ് റോയൽറ്റി നൽകുന്നത്. ഈ പദ്ധതിയിലൂടെ 2 ലക്ഷം ഹെക്ടർ നെൽവയലിന്റെ ഉടമസ്ഥർക്ക് റോയൽറ്റി നൽകുന്നതിന് സാധിക്കുന്നതാണ്.

(ബി) കർഷകരിൽനിന്നും സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ വില കാലതാമസം കൂടാതെ ലഭ്യമാകുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് പി.ആർ.എസ്. വായ്പാ പദ്ധതി. ഈ പദ്ധതിപ്രകാരം സപ്ലൈകോയുമായി 16 ബാങ്കുകൾ കരാറിൽ ഏർപ്പെടുകയും പി.ആർ.എസ്. തുക വായ്പയായി കർഷകർക്ക് നൽകിവരികയും ചെയ്യുന്നു. വായ്പയുടെ കാലാവധി പൂർത്തിയാകുന്നമുറയ്ക്ക് വായ്പാ തുക പലിശ സഹിതം സപ്ലൈകോ ബാങ്കിൽ അടച്ച് വായ്പാ ബാദ്ധ്യത തീർക്കുന്ന പദ്ധതിയാണിത്. 2019-20 സീസണിൽ 2.26 മെട്രിക് ടൺ നെല്ലാണ് നാളിതുവരെ കർഷകരിൽനിന്ന് സംഭരിച്ചിട്ടുള്ളത്. ആയതിന്റെ

തുകയായ 611.26 കോടിരൂപയിൽ 376.88 കോടിരൂപ പി.ആർ.എസ്. വായ്പയായും 1.37 കോടിരൂപ ഡയറക്ട് പേമെന്റായും സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള വിവിധ ബാങ്കുകളിലൂടെ കർഷകർക്ക് നൽകിക്കഴിഞ്ഞു. ബാക്കി തുകയായി ഇനി നൽകുവാനുള്ളത് 233 കോടിരൂപയാണ്. 2018-19 സീസണിൽ പി.ആർ.എസ്. വായ്പാ ഇനത്തിൽ കർഷകർക്ക് നൽകിയ തുകയായ 1712.83 കോടിരൂപയിൽ 375.87 കോടിരൂപ നാളിതുവരെ തിരിച്ചടവാക്കിയിട്ടുണ്ട്. കേന്ദ്ര ഫണ്ട് ലഭിക്കാനുള്ള കാലതാമസം നേരിട്ടതിനാൽ ബാക്കി തിരിച്ചടവ് തുകയും ആയതിന്റെ പലിശയും തിരിച്ചടയ്ക്കുവാനായി താമസം നേരിട്ടിട്ടുണ്ട്. എന്നിരുന്നാലും പി.ആർ.എസ്. വായ്പാ തുക കർഷകർക്ക് സമയബന്ധിതമായി നൽകി വരികയും ആയതിന്റെ തിരിച്ചടവ് തുക ബന്ധപ്പെട്ട ബാങ്കുകൾക്ക് വായ്പാ കാലാവധി കഴിഞ്ഞതിനാൽ പിഴ പലിശ സഹിതം തിരിച്ചടച്ച് കർഷകരുടെ സിബിൽ സ്കോറിനെ ബാധിക്കാതെ വരുന്നതിനുള്ള നടപടികൾ സപ്ലൈകോ സ്വീകരിച്ചിട്ടുണ്ട്.

(സി) നെല്ല് സംഭരണത്തിന് ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നിലവിൽ നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല. ഇപ്പോൾ സപ്ലൈകൊയുടെ നെല്ല് സംഭരണ വെബ്സൈറ്റിൽ കേന്ദ്ര ഗവൺമെന്റ് മാനദണ്ഡങ്ങൾ അനുസരിച്ച് കർഷകർ പാലിക്കേണ്ട നിർദ്ദേശങ്ങളും നിബന്ധനകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് പ്രകാരമാണ് നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കിവരുന്നത്.

## മലപ്പുറം ജില്ലയിൽ കേരഗ്രാമം പദ്ധതി

65(1335) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

(ബി) മലപ്പുറം ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

(സി) കേരകേരളം സമൃദ്ധകേരളം പദ്ധതി മലപ്പുറം ജില്ലയിൽ എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്; പ്രസ്തുത പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 236 കേരഗ്രാമങ്ങൾ 317 പഞ്ചായത്തുകളിലായി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| വർഷം | പഞ്ചായത്തുകൾ |
|---|---|
| 2014-15, 2015-16 | കാവനൂർ, മൂർക്കനാട്, കുറുവ, പുൽപ്പറ്റ |
| 2016-17 | ഊരകം, കണ്ണമംഗലം, വെട്ടം, പരപ്പനങ്ങാടി, നന്നമ്പ്ര |
| 2017-18 | വട്ടംകുളം, മാറഞ്ചേരി, ഏലംകുളം, എടയൂർ, മുന്നിയൂർ, കുഴിമണ്ണ |
| 2018-19 | പെരുവള്ളൂർ, എടവണ്ണ, താഴേക്കോട്, ഇരുമ്പിളിയം, വെളിയങ്ങോട്, തലക്കാട്, വണ്ടൂർ, എടപ്പാൾ, ചെറുകാവ്, പാണ്ടിക്കാട്, അങ്ങാടിപ്പുറം, ആനക്കയം, ചാലിയാർ, കരിളായി, തൃക്കലങ്ങോട്. |
| 2019-20 | ചീക്കോട്, നെടിയിരുപ്പ്, മൊറയൂർ, വള്ളിക്കുന്നം, പോരൂർ, തിരുവാടി, അമരംബലം, കുറ്റിപ്പുറം, മങ്കട, ഊർങ്ങാട്ടിരി, കീഴാറൂർ, തിരുനാവായ, മുതുവല്ലൂർ. |

(സി) 33 പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ചെറുകാവ്, കാവനൂർ, കുഴിമണ്ണ, എടവണ്ണ, ചാലിയാർ, കരുളായി, വണ്ടൂർ, പാണ്ടിക്കാട്, തൃക്കലങ്ങോട്, ഏലംകുളം, താഴേക്കോട്, മൂർക്കനാട്, കുറുവ, അങ്ങാടിപ്പുറം, പുൽപ്പറ്റ, ആനക്കയം, ഊരകം, കണ്ണമംഗലം, മുന്നിയൂർ, പെരുവള്ളൂർ, പരപ്പനങ്ങാടി, നന്നമ്പ്ര, വെട്ടം, തലക്കാട്, എടയൂർ, ഇരുമ്പിളിയം, വട്ടംകുളം, എടപ്പാൾ, മാറഞ്ചേരി, വെളിയംകോട്, ചീക്കോട്, നെടിയിരുപ്പ്, മൊറയൂർ എന്നീ പഞ്ചായത്തുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്.

**നാളികേര വികസന കൗൺസിൽ മുഖേനയുള്ള പദ്ധതികൾ**

66(1336) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂപീകരിച്ച നാളികേര വികസന കൗൺസിൽ മുഖേന നടപ്പിലാക്കിവരുന്നതും 2028 വരെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) ഇതിന്റെ ഫലമായി കർഷകർക്ക് എപ്രകാരമാണ് ആനുകൂല്യങ്ങൾ നേരിട്ട് എത്തിക്കുവാൻ കഴിയുക എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കേരകൃഷിയുടെ വിസ്തൃതി, നാളീകേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക, നാളികേരാധിഷ്ഠിതമായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വ്യവസായ സംരംഭങ്ങൾ വ്യാപിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി മിഷൻ മോഡ് മാതൃകയിൽ കൃഷി വകുപ്പുമന്ത്രി ചെയർമാനായി സംസ്ഥാനതല ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി, ജില്ലാതല കൗൺസിൽ ബ്ലോക്കുതല ഫെഡറേഷനുകൾ വാർഡുതല ക്ലസ്റ്ററുകൾ, പഞ്ചായത്തുതല കേരസമിതികൾ എന്ന ഘടനയിൽ നാളികേര വികസന കൗൺസിൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങുകൃഷി വ്യാപിപ്പിക്കുവാനും നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ ഉൽപ്പാദന ക്ഷമത ഇല്ലാത്തതും പ്രായംചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻതൈകൾ 3 ലക്ഷം ഹെക്ടർ സ്ഥലത്ത് നട്ടുപിടിപ്പിക്കുന്നതിനും തെങ്ങിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽനിന്നും 8500 മുതൽ 9000 വരെ നാളികേരമായി ഉയർത്തുവാനും ലക്ഷ്യമിടുന്നു.

നാളികേര വികസനവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് 6900 ലക്ഷംരൂപയുടെ പദ്ധതികളാണ് 2019-20 വർഷം നടപ്പാക്കി വരുന്നത്. ഇതിൽ പ്രധാനമാണ് കേരഗ്രാമം പദ്ധതി. നടപ്പുവർഷം 55 കേരഗ്രാമങ്ങളാണ് നടപ്പാക്കാൻ ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇതിനായി 4300 ലക്ഷംരൂപ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചുവരുന്നു. 250 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്ത് സംയോജിത കൃഷിരീതികൾ, കീട-രോഗ നിയന്ത്രണം, ഇടവിളകൃഷികൾ, ജലസേചന സൗകര്യമൊരുക്കൽ, പ്രായം ചെന്നതും ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക എന്നിവ കർഷക കൂട്ടായ്മയായ കേര സമിതികൾ രൂപീകരിച്ചുകൊണ്ട് നടത്തിവരുന്നു. മുൻവർഷം ആരംഭിച്ച 77 കേരഗ്രാമങ്ങൾക്കുള്ള രണ്ടാം വർഷ പദ്ധതി സഹായവും കേരകേരളം സമൃദ്ധ കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വാർഡുകളിലും അത്യുൽപ്പാദന ശേഷിയുള്ള 75 തെങ്ങിൻതൈ വീതം 50% വിലയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഈ വർഷം ആരംഭിച്ചിട്ടുണ്ട്. നടപ്പുവർഷം കേരഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുള്ള 300 പഞ്ചായത്തുകളും കേരഗ്രാമങ്ങൾ ഇല്ലാത്ത നിയോജകമണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളും ഉൾപ്പെടെ 500 പഞ്ചായത്തുകളിൽ തെങ്ങിൻതൈകൾ നട്ടുപിടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

വിവിധ ഏജൻസികൾ മുഖേന തെങ്ങിൻതൈകളുടെ ഉല്പാദനം വർദ്ധിപ്പിച്ച് വരുംവർഷങ്ങളിൽ പദ്ധതി സംസ്ഥാനമാകെ പൂർത്തിയാക്കുന്നതാണ്. തൃശ്ശൂർ-പൊന്നാനി മേഖലകളിലെ കോൾ നിലങ്ങളിലെ സർക്കാർ അധീനതയിലുള്ള ബണ്ടുകളിൽ തെങ്ങിൻതൈകൾ നട്ട് പരിപാലിപ്പിക്കുന്നതിനുള്ള നടപടികളും നടപ്പുവർഷം കൃഷിവകുപ്പ് സ്വീകരിച്ചുവരികയാണ്.

തെങ്ങിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നമായ നീര ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഈ സർക്കാരിന്റെ കാലത്ത് 8-ഓളം നാളികേര ഉല്പാദക കമ്പനികൾക്ക് കൃഷി വകുപ്പ് ധനസഹായം നൽകിയിട്ടുണ്ട്. നീര ഉല്പാദനവുമായി ബന്ധപ്പെട്ട് സാങ്കേതിക വിദ്യ, ചേരുവകൾ, ഗുണനിലവാരം എന്നിവയിൽ പൊതുമാനദണ്ഡം നിശ്ചയിക്കുന്നതിന് കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗുണനിലവാരം നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാര മാനദണ്ഡം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. നീരയെ ഒറ്റ ബ്രാൻഡായി വിപണിയിൽ എത്തിക്കാൻ ലോഗോ, പേര് എന്നിവയിൽ ധാരണയായിട്ടുണ്ട്.

കോഴിക്കോട് വേങ്ങേരിയിലെ നഗര കാർഷിക മൊത്ത വ്യാപാര വിപണന കേന്ദ്രത്തിൽ നാളികേരവും അനുബന്ധ ഉൽപ്പന്നങ്ങളും വിപണനം നടത്തുന്നതിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും കേരോൽപ്പന്നങ്ങളുടെ സംസ്കരണത്തിനും വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുംവേണ്ടി കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിൽ ഒരു അഗ്രോ പാർക്ക് സ്ഥാപിക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു. അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ നിയമിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും കർഷക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 2016 മുതൽ "വൈഗ" എന്ന അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചുവരുന്നുണ്ട്.

## കവുങ്ങ് കൃഷിയെ ദോഷകരമായി ബാധിക്കുന്ന ഘടകങ്ങൾ

67(1337) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന തോട്ടവിളയായിരുന്ന കവുങ്ങ് കൃഷിയുടെ വിസ്തൃതിയും അതോടൊപ്പം ഉല്പാദനവും കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കവുങ്ങ് കൃഷിയെ ദോഷകരമായി ബാധിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്നാണ് കൃഷിവകുപ്പ് കണ്ടെത്തിയിട്ടുള്ളത്;

(സി) കവുങ്ങ് കൃഷി സംരക്ഷണത്തിനും പരിപാലനത്തിനും ഉല്പാദന വർദ്ധനവിനുമായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കവുങ്ങു കൃഷിയുടെ ചെലവ് കുറയ്ക്കുന്നതിനും മെച്ചപ്പെട്ട കൃഷിരീതികൾ അവലംബിക്കുന്നതിനും എന്തെല്ലാം സഹായങ്ങളാണ് കൃഷിവകുപ്പ് കർഷകർക്ക് നൽകി വരുന്നത്; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) കവുങ്ങ് കൃഷി പ്രധാനമായും നടക്കുന്ന കാസർഗോഡ് ജില്ലയിൽ കവുങ്ങ് കൃഷിയുടെ വിസ്തൃതി കുറഞ്ഞിട്ടില്ല. എന്നാൽ ഉത്പാദനം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാലാവസ്ഥ വ്യതിയാനവും രോഗകീടബാധയുമാണ് കവുങ്ങ് കൃഷിയെ ദോഷകരമായി ബാധിക്കുന്ന ഘടകങ്ങൾ.

(സി &ഡി) കവുങ്ങ് കൃഷി നടക്കുന്ന കാസറഗോഡ് ജില്ലയിൽ 2019-20 വർഷത്തിൽ രോഗം ബാധിച്ച 45000 കവുങ്ങുകൾ മുറിച്ചുമാറ്റുകയും ഉല്പാദനക്ഷമത കൂടിയ 2 ലക്ഷം കവുങ്ങിൻതൈകൾ നടുകയും ചെയ്യുന്ന ആദ്യഘട്ട നടപടിയോടുകൂടി കവുങ്ങ് കൃഷി പാക്കേജ് നടപ്പിലാക്കിവരുന്നു.

കാസർഗോഡ് ജില്ലയിലെ വിവിധ കൃഷിഭവനുകളിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കവുങ്ങിന്റെ രോഗകീടബാധക്കെതിരെ മരുന്ന് തളിക്കുന്നതിനും ജൈവവളത്തിനും ആനുകൂല്യം നൽകിവരുന്നു. നടപ്പു സാമ്പത്തിക വർഷം അടയ്ക്കാ പാക്കേജ് എന്ന പദ്ധതിക്ക് 200 ലക്ഷംരൂപ 27-9-2019-ലെ സ.ഉ. (സാധാ)887/2019/കൃഷി നമ്പർ ഉത്തരവുപ്രകാരം അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

**കേരഗ്രാമം പദ്ധതി**

68(1338) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തെങ്ങ് മുഖ്യവിളയായുള്ള പഞ്ചായത്തുകളിൽ തുടർച്ചയായി 250 ഹെക്ടർ തെങ്ങുകൃഷിയുള്ള പ്രദേശങ്ങളെയാണ് കേരഗ്രാമം പദ്ധതിക്കായി പരിഗണിച്ചു വരുന്നത്. തെങ്ങിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും ഉയർത്തുന്നതിനായുള്ള വിള പരിപാലനം, മൂല്യവർദ്ധന സംരംഭങ്ങൾ, വിപണനം എന്നിവ സ്വീകരിക്കുന്ന പഞ്ചായത്തുകൾക്ക് മുൻഗണന നൽകുന്നുണ്ട്. സംസ്ഥാന വിഹിതത്തിനുപുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി വിഹിതവും എം.എൽ.എ. ഫണ്ടും തൻവർഷവും തുടർ വർഷങ്ങളിലും കേരഗ്രാമം പദ്ധതിക്കായി വിനിയോഗിക്കാൻ തയ്യാറാകുന്ന പഞ്ചായത്തുകൾ, തെങ്ങിലെ രോഗ-കീട ബാധകൾ കൂടുതലായുള്ള പ്രദേശങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്തുകൾ എന്നിവയ്ക്ക് മുൻഗണന നൽകിയാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി വരുന്നത്.

പദ്ധതി നടപ്പാക്കുന്ന പ്രദേശത്ത് പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, കൃഷി ഓഫീസർ എന്നിവർ എക്സ്-ഒഫിഷ്യോ അംഗങ്ങളായി പഞ്ചായത്തുതല കേര വികസന സമിതി രൂപീകരിച്ചാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. കേര കർഷകരെ ഉൾപ്പെടുത്തി പഞ്ചായത്തുതലത്തിൽ രൂപീകരിക്കുന്ന ക്ലസ്റ്ററുകൾക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും കൃഷി ഓഫീസർ കൺവീനറുമായിട്ടുള്ള ഒരു ടെക്നിക്കൽ റിസോഴ്സ് ഗ്രൂപ്പ് പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം തിരുവനന്തപുരം ജില്ലയിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകൾ ചുവടെ ചേർക്കുന്നു.

| വർഷം | പഞ്ചായത്ത് |
|---|---|
| 2016-17 | കഠിനംകുളം<br>കൊല്ലയിൽ |
| 2017-18 | ആര്യനാട്<br>കാട്ടാക്കട<br>അതിയന്നൂർ |
| 2018-19 | കരവാരം<br>ഉഴമലയ്ക്കൽ<br>തിരുവല്ലം |
| 2019-20 | നേമം<br>കല്ലറ<br>പോത്തൻകോട്<br>പെരിങ്ങമ്മല |

## തിക്കോടി തെങ്ങിൻതൈ വളർത്തു കേന്ദ്രത്തിലെ വികസന പ്രവർത്തനങ്ങൾ

69(1339) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തിക്കോടി തെങ്ങിൻതൈ വളർത്തുകേന്ദ്രത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയത്; വിശദമാക്കുമോ;

(ബി) പ്രസ്തുത തെങ്ങിൻതൈ വളർത്തുകേന്ദ്രത്തെ വികസിപ്പിക്കുന്നതിനായി ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങളോ പദ്ധതികളോ നടത്താൻ കൃഷി വകുപ്പ് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

## ഉത്തരം

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ തിക്കോടി തെങ്ങിൻതൈ വളർത്തുകേന്ദ്രത്തിൽ ഈ സർക്കാർ വന്നതിനുശേഷം നിരവധി ആയ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) നഴ്സറിയിൽ നിലവിൽ 78581 എണ്ണം വിത്തു തേങ്ങകൾ പാകിയതിൽനിന്നും 50,000-ലധികം ഗുണമേന്മയുള്ള തെങ്ങിൻതൈകൾ 2020 നടീൽ സീസണിൽ ലഭ്യമാക്കുന്നതിന് കഴിയും. കൂടാതെ 2020-ൽ പാകുന്നതിനായി 99000 വിത്തുതേങ്ങ സംഭരണ കേന്ദ്രങ്ങളിൽനിന്നും തിക്കോടി നഴ്സറിയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് നഴ്സറിയിലെ നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും അധിക സംവിധാനങ്ങൾ ഏർപ്പാടാക്കുന്നതിനുംവേണ്ടി കോക്കനട്ട് കൗൺസിൽ പദ്ധതിപ്രകാരം 20 ലക്ഷംരൂപ കോഴിക്കോട് ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്.

2020 ജൂൺ മാസത്തിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന പദ്ധതിയായ "ഒരു കോടി ഫലവൃക്ഷതൈകളുടെ വിതരണ" ത്തിന്റെ ഭാഗമായുള്ള നടീൽ വസ്തുക്കൾ തിക്കോടി തെങ്ങിൻതൈ വളർത്തുകേന്ദ്രത്തിലും ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## തെങ്ങുകളിലെ രോഗ നിയന്ത്രണം

70(1340) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങുകളിൽ പടർന്നു പിടിക്കുന്ന മണ്ഡരി രോഗവും തെങ്ങോലകളിൽ വ്യാപിക്കുന്ന വെള്ളീച്ചയും കാരണം നാളികേര ഉല്പാദനം ഗണ്യമായ തോതിൽ കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ രോഗങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് കൃഷി വകുപ്പ് വേണ്ട ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തെങ്ങുകളിൽ ബാധിക്കുന്ന രോഗങ്ങളെ നീക്കുന്നതിന് ആവശ്യമായ മരുന്നുകൾ കൃഷി ഓഫീസുകൾ വഴി വിതരണം ചെയ്യുന്നുണ്ടോ; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് കൃഷി വകുപ്പ് ഇടപെടലുകൾ നടത്തിയിട്ടുണ്ട്. 2019-2020 സാമ്പത്തിക വർഷം തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധമാർഗ്ഗങ്ങൾ കാമ്പയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 200 ലക്ഷംരൂപ വകയിരുത്തിയിട്ടുണ്ട്. കീടരോഗ സാന്നിദ്ധ്യത്തിന്റെ സ്ഥിതി വിവരക്കണക്കുകൾ അനുസരിച്ച് സ്ഥിരമായി കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ (hot spots) കേന്ദ്രീകരിച്ച് തെങ്ങുകൾക്ക് കാമ്പയിൻ അടിസ്ഥാനത്തിൽ സംയോജിത കീടനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഹെക്ടറിന് 17,500 രൂപ ധനസഹായം നൽകികൊണ്ട് 1084 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിലേയ്ക്കായി 189.7 ലക്ഷംരൂപ വകയിരുത്തിയിട്ടുണ്ട്. കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ കണ്ടുപിടിക്കുവാനും തെരഞ്ഞെടുക്കുവാനും പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നതിനും വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുന്നതിനുമായി, വർക്ക് ഷോപ്പ് ഒന്നിന് 10,000 രൂപ വീതം നൽകി ക്കൊണ്ട് 28 വർക്ക് ഷോപ്പുകൾക്കായി 2.8 ലക്ഷംരൂപ വകയിരുത്തിയിരിക്കുന്നു. മരുന്നുതളി ഉൾപ്പെടെയുള്ള കീടരോഗ നിയന്ത്രണമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത പ്ലാന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾക്ക് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന് ഒരു പരിശീലനത്തിന് 25,000 രൂപ വീതം നൽകിക്കൊണ്ട് 28 പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് 7 ലക്ഷംരൂപ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഓരോ പരിപാടിയുടെയും ഡോക്യുമെന്റേഷൻ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 50,000 രൂപയും പദ്ധതിയിൽ നീക്കി വച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ എല്ലാ പദ്ധതി ഘടകങ്ങളും സംസ്ഥാനത്തുടനീളം നടപ്പിലാക്കി വരുന്നു. കൂടാതെ രോഗകീടബാധ പൊട്ടിപുറപ്പെടുന്ന സാഹചര്യമുണ്ടായാൽ ആയതിന്റെ തോത് വിലയിരുത്തി നിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുന്നമുറയ്ക്ക് ധനസഹായവും നൽകിവരുന്നു. വെള്ളീച്ചയുടെ ആക്രമണം രൂക്ഷമായിട്ടുള്ള വടക്കൻ ജില്ലകൾ കേന്ദ്രീകരിച്ച് CDB-യുടെ ആഭിമുഖ്യത്തിൽ തെങ്ങുകളിലെ വെള്ളീച്ചയുടെ ആക്രമണം, തെങ്ങുകളുടെ പരിചരണം എന്നീ വിഷയം സംബന്ധിച്ച് ഒരു ഏകദിന ശില്പശാല കൃഷി വകുപ്പുദ്യോഗസ്ഥർക്കും കർഷകർക്കും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) തെങ്ങുകളെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ മരുന്നുകൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നില്ല. എന്നാൽ നാളികേര വികസന പദ്ധതിയായ കേരഗ്രാമം മുഖേന സംയോജിത കീട-രോഗ നിയന്ത്രണമാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് കർഷകർക്ക് സഹായം നൽകിവരുന്നുണ്ട്. അതിൻപ്രകാരം സസ്യസംരക്ഷണ പ്രവർത്തനങ്ങൾക്ക് തെങ്ങൊന്നിന് 10 രൂപയും ജീവാണുവളങ്ങൾ ഉപയോഗിക്കുന്നതിനും ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും തെങ്ങൊന്നിന് 75 രൂപയും ആനുകൂല്യമായി നൽകി വരുന്നു.

**കായ്ഫലമുള്ള തെങ്ങുകൾ നശിച്ചുപോകുന്നത് സംബന്ധിച്ച പഠനം**

71(1341) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ്, വർക്കല താലൂക്കുകളിൽ കായ്ഫലമുള്ള തെങ്ങുകൾ നശിച്ചുപോകുന്നതായി കർഷകരിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത താലൂക്കുകളിലെ കൃഷിഭവനുകൾക്ക് കീഴിലുള്ള കർഷകരുടെ രോഗം വന്ന എത്ര തെങ്ങുകൾ മുറിച്ചുമാറ്റുകയും എത്രരൂപ ആയതിന് നഷ്ടപരിഹാരം നൽകുകയും ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കായ്ഫലമുള്ള തെങ്ങുകൾ അതിവേഗം നശിച്ചുപോകുന്നതിന് കാരണമെന്താണെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ- സി) വർക്കല താലൂക്കിലെ നാവായിക്കുളം, മടവൂർ പള്ളിക്കൽ പഞ്ചായത്തുകളിൽ കായ്ഫലമുള്ള തെങ്ങുകൾ നശിച്ചുപോയതായി ചില ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| | | |
|---|---|---|
| മുറിച്ചു മാറ്റിയ തെങ്ങുകളുടെ എണ്ണം | - | 2429 |
| നഷ്ടപരിഹാരം നൽകിയത് | - | 24.29 ലക്ഷംരൂപ |

കൊമ്പൻചെല്ലിയുടെ ആക്രമണംമൂലമാണ് ചില തെങ്ങുകൾ നശിച്ചിട്ടുള്ള തെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

**കോതമംഗലം മണ്ഡലത്തിൽ അനുവദിച്ച റബ്ബർ വിലസ്ഥിരത ഫണ്ട്**

72(1342) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ ഉല്പാദക സംഘം വഴി കിലോക്ക് 150 രൂപ നിരക്കിലുള്ള വിലസ്ഥിരത ഫണ്ട് പ്രകാരം കോതമംഗലം മണ്ഡലത്തിൽ റബ്ബർ കർഷകർക്ക് എത്ര തുക കൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിലസ്ഥിരത ഫണ്ട് കോതമംഗലം മണ്ഡലത്തിൽ ഇനി എത്ര പേർക്ക് ലഭ്യമാക്കുവാനുണ്ടെന്ന് വിശദമാക്കാമോ;

(സി) കോതമംഗലം മണ്ഡലത്തിൽ ഇനിയും കൊടുക്കുവാനുള്ള ഫണ്ട് കർഷകർക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) വിലസ്ഥിരത ഫണ്ട് 150-ൽനിന്നും ഉയർത്തുന്ന കാര്യം സർക്കാർ പരിശോധിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം ജില്ലാടി സ്ഥാനത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

(സി) സംസ്ഥാനത്തിന്റെ തനത് റവന്യൂ വരുമാനത്തിൽ കുറവ് വന്നതും 2019 ഒക്ടോബറിനുശേഷമുള്ള ജി.എസ്.റ്റി. കോംപൻസേഷൻ പൂർണ്ണമായും ലഭിക്കാത്തതും നടപ്പുസാമ്പത്തിക വർഷം അവസാന പാദത്തിലെ കടമെടുക്കുന്നതിനുള്ള പരിധി കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയതും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നിലവിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കുടിശ്ശികയായിട്ടുള്ള സബ്സിഡി വിതരണത്തിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഡി) റബ്ബറിന്റെ താങ്ങുവില 200 രൂപയായി വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നൽകുന്ന താങ്ങുവിലയായ കിലോയ്ക്ക് 150 രൂപയ്ക്കുപുറമെ കേന്ദ്ര സഹായമായി 50 രൂപയോടുകൂടി 2020-21-ലെ കേന്ദ്ര ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ അനുകൂലമായ പ്രഖ്യാപനങ്ങളൊന്നും കേന്ദ്ര ബജറ്റിൽ ഉണ്ടായിട്ടില്ല.

## കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

73(1343) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വിഭാഗത്തിൽപ്പെട്ട കർഷകർക്ക് സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നൽകുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ, പെൻഷനുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കർഷകർക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത കാർഷികാനുകൂല്യങ്ങൾ കർഷകന് ലഭ്യമാക്കുന്നതിനുള്ള നിബന്ധനകളും നടപടിക്രമങ്ങളും വിശദമാക്കാമോ?

### ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശം ചുവടെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് |
|---|---|
| 1. | മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ<br>നഴ്സറി നിർമ്മാണം, ടിഷ്യു കൾച്ചർ തൈ ഉത്പാദനം, പച്ചക്കറി വിത്ത് ഉത്പാദനം, ഫലവർഗ്ഗ കൃഷി വ്യാപനം, പുഷ്പകൃഷി വ്യാപനം, സുഗന്ധ വിള വ്യാപനം, തോട്ട വിള വ്യാപനം, കൂൺ കൃഷി, ജലസംഭരണ പരിപാലന സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള നൂതന കൃഷി രീതികൾ, ജൈവ കൃഷി പ്രോത്സാഹനം, ജൈവവള ഉത്പാദനം, സംയോജിത കീട രോഗനിയന്ത്രണം, തോട്ടകൃഷി യന്ത്രവൽക്കരണം, കാർഷിക സംസ്കരണവും മൂല്യവർദ്ധനവും, വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയവയാണ് ഈ പദ്ധതിയിൽ ധനസഹായം നൽകാൻ വിഭാവനം ചെയ്തിരിക്കുന്നത്. കൃഷി പൂർത്തീകരിക്കുന്നതോടെ ഇത് സംബന്ധിച്ച വൗച്ചറുകൾ, ബില്ലുകൾ, ഫോട്ടോ, ആധാർ, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ കൃഷിഭവനിൽ നൽകുന്നതോടെ അർഹമായ ധനസഹായം അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടും. |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | |
|---|---|
| 2. | <u>രാഷ്ട്രീയ കൃഷി വികാസ് യോജന</u><br>കാർഷിക വികസനത്തിനായുള്ള പ്രോജക്ട് തയ്യാറാക്കി എസ്.എൽ.എസ്.സി. സമർപ്പിച്ച് അംഗീകാരം വാങ്ങി, പ്രോജക്ടിൽ പറയുന്ന മാനദണ്ഡങ്ങൾ പ്രകാരം പദ്ധതി നടപ്പാക്കുന്നു. |
| 3. | <u>സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ</u><br>കാർഷിക മേഖലയിൽ ആവശ്യമായ യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനും വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ധനസഹായം ലഭിക്കുന്നതിന് അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കേണ്ടതുണ്ട്. പദ്ധതി പ്രകാരമുള്ള ധനസഹായം യന്ത്രങ്ങളുടെ ഭൗതിക പരിശോധനയും ബില്ലുകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതോടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടും. |
| 4. | <u>നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ</u><br>പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ പമ്പ് സെറ്റ്, സ്പ്രേയർ, പൈപ്പ് ലൈൻ, കാർഷിക പ്രദർശനത്തോട്ടം എന്നിവയ്ക്കായി ധനസഹായം ലഭിക്കുന്നതിന് ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ് എന്നിവ സഹിതം കൃഷിഭവനിൽ അപേക്ഷ നൽകാം. അനുമതി ലഭിക്കുന്നതോടെ ബില്ലുകൾ, വൗച്ചറുകൾ എന്നിവ കൃഷിഭവനിൽ സമർപ്പിച്ച് ധനസഹായം അക്കൗണ്ടിലൂടെ കൈപ്പറ്റാം. |
| 5. | <u>സബ്മിഷൻ ഓൺ അഗ്രോ ഫോറസ്റ്ററി</u><br>കാർഷിക വനവൽക്കരണത്തിനാവശ്യമായ നഴ്സറി നിർമ്മാണത്തിന് ധനസഹായം ലഭിക്കുന്നതിന് കൃഷിഭവനിലോ ഗ്രാമപഞ്ചായത്ത് ഓഫീസിലോ അക്കൗണ്ട് രേഖകൾ നൽകാവുന്നതാണ്. |
| 6. | <u>സബ്മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ</u><br>ആത്മ പദ്ധതിയുടെ ഭാഗമായി വിവിധ പ്രദർശന തോട്ടങ്ങൾ ഒരുക്കുന്നതിനും കാർഷിക സങ്കേതങ്ങൾ അടിസ്ഥാനമാക്കിയുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമായി ഭൂമിയുടെ രേഖകൾ, ബാങ്ക് അക്കൗണ്ട് രേഖകൾ എന്നിവ സഹിതം കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കണം. |

| | |
|---|---|
| 7. | <u>നാളികേര വികസന ബോർഡ് പദ്ധതികൾ</u><br>നാളികേര വികസന ബോർഡ് പദ്ധതികൾ പ്രകാരം തെങ്ങു കൃഷി പുനരുജ്ജീവനം, പ്രദർശന തോട്ടം, തെങ്ങിന് ഇൻഷ്വറൻസ്, ജൈവവള ഉല്പാദന യൂണിറ്റ് എന്നീ ഘടകങ്ങൾക്കായി അപേക്ഷ കൃഷിഭവനിൽ സമർപ്പിച്ചു നിർമ്മാണം പൂർത്തീകരിച്ചു. ഇൻവോയ്സ് ബില്ലുകൾ കൃഷിഭവനിൽ സമർപ്പിച്ചാൽ ധനസഹായം അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതാണ്. |
| 8. | <u>പരമ്പരാഗത കൃഷി വികാസ് യോജന</u><br>കൃഷിഭവൻ മുഖേന ഒരു പ്രദേശത്തെ ഇരുപത് ഹെക്ടറിൽ കൃഷി ചെയ്യുന്ന കർഷകരെ ഒരു ക്ലസ്റ്റർ ആയി രജിസ്റ്റർ ചെയ്തു. ജൈവ കൃഷി പരിശീലനം, ജൈവ കൃഷി രീതികൾ അവലംബിക്കൽ, ജൈവ സർട്ടിഫിക്കേഷൻ എന്നിവ ഈ പദ്ധതി പ്രകാരം നടപ്പിലാക്കുന്നു. |
| 9. | <u>പ്രധാന മന്ത്രി കൃഷി സിഞ്ചായീ യോജന</u><br>2015-16 വർഷം തയ്യാറാക്കിയ ജില്ലാ ജലസേചന പ്ലാനിന്റെ അടിസ്ഥാനത്തിൽ പെർ ഡ്രോപ്പ് മോർ ക്രോപ് (മൈക്രോ ഇറിഗേഷൻ), പെർഡ്രോപ്പ് മോർ ക്രോപ് (അദർ ഇന്റർവെൻഷൻസ്) എന്നീ വിഭാഗത്തിലായി ജലസേചന പദ്ധതികൾ ഏറ്റെടുത്തു നടത്തുന്ന പരിപാടിയാണിത്. കൃഷി, ജലസേചനം, ഗ്രാമവികസനം എന്നീ വകുപ്പുകൾ മുഖേനയാണ് ഈ പദ്ധതികൾ നടപ്പാക്കുന്നത്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് പമ്പ്സെറ്റ്, കണിക ജലസേചനം, ജലസ്രോതസ്സ് നിർമ്മാണം എന്നിവയ്ക്ക് ധനസഹായം ലഭിക്കും. |
| 10. | <u>ദേശീയ ബയോഗ്യാസ് വികസന പദ്ധതി</u><br>കൃഷിഭവനിൽ അപേക്ഷ സമർപ്പിച്ച് ടേൺ കീ ഏജന്റ് മുഖാന്തരം യൂണിറ്റ് പണിത് സബ്സിഡി കൈപ്പറ്റാം. ബാങ്ക് അക്കൗണ്ട് രേഖകളും ഭൂമിയുടെ കൈവശ രേഖയും നിർബന്ധമാണ്. |
| 11. | <u>പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി</u><br>പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പ്രകാരം കർഷകർ കൈവശ ഭൂമിയുടെ രേഖകളും ആധാർ കാർഡും സഹിതം കൃഷിഭവനിൽ അപേക്ഷ സമർപ്പിച്ചാൽ, അർഹരായ കർഷകർക്ക് പ്രതിവർഷം 6000 രൂപ അവരുടെ അക്കൗണ്ടിലേയ്ക്ക് ലഭ്യമാക്കും. |

| | |
|---|---|
| 12. | <u>സോയിൽ ഹെൽത്ത് കാർഡ്</u><br>മണ്ണ് പരിശോധിച്ച് അതിന്റെ ഗുണങ്ങൾ രേഖപ്പെടുത്തിയ കാർഡ് കൃഷിഭവൻ മുഖേന ലഭ്യമാക്കുന്ന പരിപാടിയാണിത്. മണ്ണ് ശേഖരിച്ച് പരിശോധിച്ച് കാർഡ് ലഭ്യമാക്കുന്നത് വരെയുള്ള എല്ലാം സൗജന്യമാണ്. ആധാർ കാർഡ് നിർബന്ധമാണ്. പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രദർശന കൃഷിക്കുള്ള ആനുകൂല്യവും ലഭിക്കുന്നതാണ്. |
| 13. | <u>പ്രധാന മന്ത്രി ഫസൽ ബീമ യോജന</u><br>അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ചുകൊണ്ട് കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതമുപയോഗിച്ചുകൊണ്ടുള്ള ഒരു വിള ഇൻഷുറൻസ് പരിപാടിയാണിത്. കാർഷിക ലോണുമായി ബന്ധപ്പെടുത്തിയും അല്ലാതെയും പദ്ധതിയിൽ അംഗമാവാം. അപേക്ഷ ഓൺലൈനായി ബാങ്ക് അക്കൗണ്ട് രേഖയും കൈവശ ഭൂമി/പാട്ട ഭൂമി രേഖ, ആധാർ പകർപ്പ് സഹിതം സമർപ്പിക്കാം. പ്രീമിയം അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനിയിൽ ലഭിച്ചാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. |

ടി എല്ലാ പദ്ധതികളിലും കൃഷി ഓഫീസർ സ്ഥലപരിശോധന നടത്തിയാണ് ഗുണഭോക്താവിന്റെ അന്തിമമായ അർഹത നിശ്ചയിക്കുന്നത്. അപേക്ഷാ ഫോറത്തിന്റെ മാതൃക കൃഷിഭവനിൽനിന്നും ലഭിക്കും.

**കൃഷി നാശത്തിനുള്ള സഹായം**

74(1344) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും കാലവർഷംകൊണ്ടുള്ള പ്രളയക്കെടുതി, വേനൽ, ഉരുൾപൊട്ടലുകൾ തുടങ്ങിയവമൂലം കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം, കൃഷി നാശം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിലുണ്ടായ നഷ്ടം വിലയിരുത്തി എത്ര കേന്ദ്രസഹായം ഓരോ വർഷവും ആവശ്യപ്പെട്ടുവെന്നും ലഭ്യമായത് എത്രയെന്നും അറിയിക്കാമോ;

(സി) ഓരോ വിപത്തിലും ഉണ്ടായ കൃഷി നാശത്തിന് നഷ്ടപരിഹാരവും മറ്റു സഹായങ്ങളും ലഭ്യമാക്കാൻ എത്ര കർഷകർ അപേക്ഷിച്ചു എന്നും എത്ര പേർക്ക് സഹായം നൽകി എന്നും എത്ര തുക അതിനായി വിനയോഗിച്ചു എന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ കാലയളവിൽ 2016-ലെ വരൾച്ചയിൽ 875.3451 കോടിരൂപയുടെ നഷ്ടം സംഭവിച്ചു. 45398.86 ഹെക്ടർ കൃഷി ഭൂമി നശിക്കുകയും 179142 കർഷകരെ ബാധിക്കുകയും ചെയ്തു. 2017-18-ലെ തെക്ക് പടിഞ്ഞാറൻ, വടക്ക്-കിഴക്കൻ മൺസൂൺ കാലയളവിലും പ്രീമൺസൂൺ കാലയളവിലുമായി 74420 ഹെക്ടർ കൃഷി ഭൂമി നശിച്ചു. രണ്ട് സാമ്പത്തിക വർഷത്തിലും ലഭിച്ച പ്രാഥമിക വിവര റിപ്പോർട്ടുകൾപ്രകാരം 1256 കോടിരൂപയുടെ കൃഷിനാശം സംഭവിച്ചതായി കണക്കാക്കുന്നു. 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രകൃതിക്ഷോഭംമൂലം സംസ്ഥാനമൊട്ടാകെ കാർഷിക മേഖലയ്ക്ക് 19001.84 കോടിരൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. 2019-2020 സാമ്പത്തിക വർഷത്തിലെ വേനലിൽ 82 കോടിരൂപയുടെ നഷ്ടം എഫ്.ഐ.ആർ. പ്രകാരം കണക്കാക്കിയിട്ടുണ്ട്. 2562 ഹെക്ടർ കൃഷിഭൂമി നശിക്കുകയും 7780 കർഷകരെ ബാധിക്കുകയും ചെയ്തു. 2019-2020 സാമ്പത്തിക വർഷത്തിലെ വെള്ളപ്പൊക്കത്തിലും മഴക്കെടുതിയിലും 2-3-2020 വരെയുള്ള എഫ്.ഐ.ആർ. കണക്കുപ്രകാരം 349652 കർഷകരെ ബാധിക്കുകയും 100568.33 ഹെക്ടർ കൃഷിഭൂമി നശിക്കുകയും 2268.52 കോടിരൂപയുടെ നഷ്ടം സംഭവിക്കുകയും ചെയ്തു.

(ബി) പ്രളയനിവാരണത്തിനുള്ള പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൻകീഴിൽ ഹോർട്ടികൾച്ചർ മേഖലയുടെ പുനരുദ്ധാരണത്തിന് കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനായി 102.00 കോടിരൂപയുടെ പദ്ധതിയിൽ 93.395 കോടിരൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചു. ഇതിന്റെ ആദ്യ ഗഡുവായി 24.93 കോടിരൂപ കേന്ദ്ര വിഹിതമായും 16.62 കോടിരൂപ സംസ്ഥാന വിഹിതമായും ആകെ 41.55 കോടിരൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് ലഭ്യമാക്കിയിട്ടുണ്ട്.

കേരളത്തിലുണ്ടായ പ്രകൃതിക്ഷോഭങ്ങൾക്ക് 2016-2017-ൽ SDRF വിഹിതമായി 39.9629 കോടിരൂപയും 2018-2019 സാമ്പത്തിക വർഷത്തിൽ 115.988 കോടിരൂപയും 2019-2020 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 337.46410 ലക്ഷംരൂപയും ലഭിച്ചിട്ടുണ്ട്.

കൂടാതെ കേന്ദ്ര പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് എന്നീ പദ്ധതികൾ മുഖാന്തരം ലഭിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം* I ആയി ചേർത്തിരിക്കുന്നു.

(സി) വിശദാംശങ്ങൾ അനുബന്ധം* II ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പ്രളയത്തിൽ നെല്ലും നെൽവിത്തുകളും നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം

75(1345) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തിൽ നെല്ലും നെൽവിത്തുകളും നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ചാലക്കുടി കൃഷിഭവന് കീഴിലുള്ള ചാലക്കുടി ഐ.ക്യൂ.റോഡിലെ ചൂണ്ടാണി വീട്ടിൽ വിബിൻ സി.ബി.യുടെ നെല്ല് നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായുള്ള അപേക്ഷ പരിഗണിച്ച് അർഹമായ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷത്തിൽ ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ നെൽകൃഷി നഷ്ടപ്പെട്ട കർഷകർക്ക് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തരം സമയബന്ധിതമായി 5650.85 മെട്രിക് ടൺ നെൽവിത്ത് ലഭ്യമാക്കി. ആകെ 2260.338 ലക്ഷംരൂപയുള്ള നെൽവിത്ത് കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തു.

നെൽകൃഷി നശിച്ച 19771 കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 3268.93899 ലക്ഷംരൂപയും പ്രകൃതിക്ഷോഭം പദ്ധതി പ്രകാരം 71560 കർഷകർക്ക് 5050.10254 ലക്ഷംരൂപയും നൽകിയിട്ടുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 357 കർഷകർക്ക് 68.7178 ലക്ഷംരൂപയും പ്രകൃതിക്ഷോഭം പദ്ധതി പ്രകാരം 1576 കർഷകർക്ക് 13.18131 ലക്ഷംരൂപയും നൽകുവാൻ ബാക്കിയുണ്ട്. നഷ്ടപരിഹാരം നൽകുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ശ്രീ. വിബിൻ സി.ബി ഉൾപ്പെടെയുള്ള കർഷകരുടെ സംഭരിച്ചുവച്ചിരുന്ന 27580 കി.ഗ്രാം നെൽവിത്താണ് 2018-ലെ പ്രളയത്തിൽ നശിച്ചുപോയത്. നിലവിലുള്ള വ്യവസ്ഥ പ്രകാരം സംഭരിച്ചു വച്ചിരിക്കുന്ന നെല്ല് പ്രളയത്തിൽ നശിച്ചുപോയതിന് നഷ്ടപരിഹാരം നൽകുന്നതിന് നിർവ്വാഹമില്ലായെങ്കിലും ടി കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

## കാർഷികോല്പന്നങ്ങൾക്ക് ന്യായവില

76(1346) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷികോല്പന്നങ്ങൾക്ക് ഉല്പാദനച്ചെലവിന് ആനുപാതികമായി വില ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(ബി) കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) ഇതിലേയ്ക്കായി പുതിയ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) വില ലഭിക്കുന്നുണ്ട്. എന്നാൽ കയറ്റുമതി ചെയ്യുന്ന വിളകൾക്ക് നിലവിലുള്ള ആഗോള കരാറുകളുടെ അടിസ്ഥാനത്തിൽ പ്രതീക്ഷിക്കുന്ന വില ലഭിക്കുന്നില്ല എന്നത് വാസ്തവമാണ്. കർഷകരെ ദോഷകരമായി ബാധിക്കുന്ന ആഗോള കരാറുകളിൽനിന്നും കേന്ദ്ര സർക്കാർ പിൻവാങ്ങണം എന്നുതന്നെയാണ് സംസ്ഥാന സർക്കാരിന്റെ നയം.

(ബി) സംസ്ഥാനത്തെ കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി സർക്കാർ 'വിലസ്ഥിരതാ പദ്ധതി' നടപ്പാക്കുന്നുണ്ട്. സംസ്ഥാനത്തെ നെൽക്കർഷകരെ സഹായിക്കുന്നതിനായി സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരണം നടത്തുന്നുണ്ട്. കേന്ദ്ര സർക്കാർ നിശ്ചയിച്ച താങ്ങുവില കിലോയ്ക്ക് 18.15 രൂപയ്ക്ക് പുറമേ സംസ്ഥാനസർക്കാർ സ്റ്റേറ്റ് ഇൻസെന്റീവ് ബോണസായി നൽകുന്ന 8.80 രൂപയും ചേർത്ത് ആകെ 26.95 രൂപ സംഭരണ വിലയായി നെല്ലിന് കിലോയ്ക്ക് നൽകുന്നുണ്ട്.

കേരളത്തിലെ നാളികേരത്തിന്റെ വിലസ്ഥിരത ഉറപ്പാക്കുന്നതിന് സർക്കാർ പച്ചത്തേങ്ങ 'സംഭരണം' പുനരാരംഭിച്ചിട്ടുണ്ട്. കേരഫെഡിനേയും കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനേയും ആണ് നോഡൽ

ഏജൻസിയായി സംഭരണത്തിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. പച്ചത്തേങ്ങ കിലോയ്ക്ക് 27 രൂപ നിരക്കിലാണ് സംഭരിക്കുന്നത്. ഓരോ ദിവസത്തേയും 'എടുത്തപടി കൊപ്ര' യുടെ കോഴിക്കോട് കമ്പോള വിലയുടെ അടിസ്ഥാനത്തിൽ തേങ്ങയുടെ വില നിശ്ചയിക്കാൻ കേരഫെഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും റബ്ബർ കൃഷി ലാഭകരമാക്കുന്നതിനും കേരള സർക്കാർ റബ്ബർ വിലസ്ഥിരതാ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. 150 രൂപയാണ് റബ്ബറിന് താങ്ങുവിലയായി നൽകുന്നത്. റബ്ബർ ബോർഡ് റബ്ബറിന് കിലോയ്ക്ക് അതാതുദിവസം പ്രസിദ്ധീകരിക്കുന്ന വിലയും റബ്ബറിന്റെ താങ്ങുവിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ആയി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇലക്ട്രോണിക് ട്രാൻസ്ഫർ ആയി നൽകുന്നു.

കൂടാതെ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'വിപണി ശക്തിപ്പെടുത്തൽ പദ്ധതി' പ്രകാരം കേരളത്തിലൊട്ടാകെ 400 ആഴ്ചചന്തകൾ, 214 എക്കോഷോപ്പുകൾ, പച്ചക്കറി വികസന പദ്ധതിയുടെ കീഴിൽ ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ വിപണികൾ, ഓർഗാനിക് എക്കോഷോപ്പുകൾ എന്നിവ നടത്തിവരുന്നു.

കൂടാതെ ഹോർട്ടിക്കോർപ്പ്, പഴം-പച്ചക്കറികളുടെ സംഭരണ വിതരണത്തിലൂടെ വിലനിലവാരം നിയന്ത്രിക്കാൻ സ്വന്തം സ്റ്റാളുകളിലൂടെയും ഫ്രാഞ്ചൈസികളിലൂടെയും പച്ചക്കറി ന്യായവിലയ്ക്ക് വിതരണം ചെയ്തുവരുന്നു.

ഉത്സവ സീസണുകളിൽ പഴം-പച്ചക്കറികളുടെ വിലസ്ഥിരത ഉറപ്പാക്കുന്നതിന് സർക്കാർ 'വിപണി ഇടപെടൽ' പദ്ധതി നടപ്പാക്കുന്നു. കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ പഴം-പച്ചക്കറികൾ കർഷകരിൽനിന്നും സംഭരിച്ച് പൊതുവിപണികൾ നടത്തിവരുന്നു.

കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കാനും ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് പഴം-പച്ചക്കറി എന്നിവ ലഭിക്കുന്നതിനും കൃഷി വകുപ്പ്, കർഷകർക്ക് ന്യായവില നൽകിക്കൊണ്ട് പച്ചക്കറികൾ സംഭരിക്കുകയും വിപണിവിലയേക്കാൾ കുറച്ച് ഉപഭോക്താക്കൾക്ക് നൽകി വരികയും ചെയ്യുന്നു.

(സി) നിലവിൽ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതികളും കർഷകക്ഷേമത്തിനുതകുന്നതും കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ളതാണ്.

## സർക്കാരിന്റെ അധീനതയിലുള്ള കൃഷി ഫാമുകൾ

77(1347) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സർക്കാരിന്റെ അധീനതയിൽ എത്ര കൃഷി ഫാമുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ഫാമുകളിൽനിന്നും നടീൽ വസ്തുക്കളും ഭക്ഷ്യവസ്തുക്കളും വില്പന നടത്തിയ വകയിൽ പ്രതിവർഷം എത്ര ലക്ഷംരൂപയുടെ വരുമാനമുണ്ടായിട്ടുണ്ടെന്ന് ഫാം തിരിച്ച് വിവരം ലഭ്യമാക്കാമോ?

### ഉത്തരം

(എ) കേരളത്തിൽ സർക്കാരിന്റെ അധീനതയിൽ 63 ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 13 സ്പെഷ്യൽ ഫാമുകളും 9 ജില്ലാ ഫാമുകളും 33 സ്റ്റേറ്റ് സീഡ് ഫാമുകളും 8 തെങ്ങിൻതൈ ഉൽപ്പാദന കേന്ദ്രങ്ങളും ഉൾപ്പെടുന്നു.

(ബി) ഫാമുകളിലെ വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## പൊതുവിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടങ്ങൾ

78(1348) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടങ്ങൾ നിർമ്മിക്കുവാൻ കൃഷിവകുപ്പ് എന്തെല്ലാം സഹായങ്ങളാണ് അനുവദിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) ആയതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് പൊതു വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്രപച്ചക്കറി വികസന പദ്ധതിപ്രകാരം 'സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി' എന്ന മുഖ്യ ഘടകത്തിൽ ഉൾപ്പെടുത്തി ഓരോ വർഷവും സംസ്ഥാനത്തെ തെരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പാക്കുന്നതിന് പ്രാധാന്യം നൽകുന്നുണ്ട്. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് ഒരു വിദ്യാലയത്തിന് 4,000 രൂപ നിരക്കിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ധനസഹായം നൽകിവരുന്നു. കൂടാതെ വിദ്യാർത്ഥി/ വിദ്യാർത്ഥിനികളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും മറ്റ് കാർഷിക പ്രവർത്തനങ്ങൾക്കുമായി 1000 രൂപ പ്രവർത്തന ചെലവായും നൽകിവരുന്നു. 20-25 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ചേർന്നാണ് ക്ലബ്ബ് രൂപീകരിക്കുന്നത്. ജലസേചന സൗകര്യം ലഭ്യമാക്കുന്നതിന് പമ്പ്സെറ്റ്/കിണർ എന്നിവ സ്ഥാപിക്കുന്നതിന് 10,000 രൂപ നിരക്കിലും ധനസഹായം നൽകുന്നു.

(ബി) കൃഷിക്ക് അനുയോജ്യമായ കുറഞ്ഞത് 10 സെന്റ് സ്ഥലമെങ്കിലും ലഭ്യമായ സ്കൂളുകൾക്ക് മുൻഗണനയും എന്നാൽ സ്ഥല പരിമിതിയുള്ള സ്കൂളുകൾക്ക് ഗ്രോബാഗുകളിലും പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനുള്ള ധനസഹായം നൽകുന്നു.

## കൃഷി ഭൂമി തരിശിടുന്നതിനെതിരെയുള്ള നടപടി

79(1349) ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫലഭൂയിഷ്ഠമായ കൃഷിഭൂമി കൃഷിയിറക്കാതെ തരിശിടുകയോ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യുന്ന പ്രവണത വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃഷിഭൂമി തരിശിടുന്നത് തടയാനും ഫലഭൂയിഷ്ഠമായ ഭൂമി കൃഷി ആവശ്യത്തിന് തന്നെ ഉപയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(സി) ഫലഭൂയിഷ്ഠമായ ഭൂമി കൃഷി ചെയ്യാതെ തരിശിടുന്നത് കുറ്റകരമായി പ്രഖ്യാപിക്കുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ & ബി) ഇല്ല. കൃഷിഭൂമി തരിശു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അതിൽ കൃഷി ചെയ്യുവാൻ കർഷകനെ പ്രേരിപ്പിക്കുകയോ, പാട്ടത്തിന് ഏറ്റെടുത്ത് കൃഷി ചെയ്യാൻ സന്നദ്ധതയുള്ളവരെക്കൊണ്ട് അവിടെ കൃഷിയിറക്കിക്കുകയോ ചെയ്യാൻ കൃഷി ഉദ്യോഗസ്ഥർ പരമാവധി ശ്രദ്ധ ചെലുത്തുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും ഇക്കാര്യത്തൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## വിളനാശം പരിഹരിക്കുന്നതിന് സമഗ്ര ഇൻഷ്വറൻസ് പാക്കേജ്

80(1350) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് ക്രോപ്പ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്നുണ്ടാകുന്ന വിളനാശത്തിനുള്ള ഇൻഷ്വറൻസ് സംവിധാനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വിളനാശം പരിഹരിക്കുന്നതിനും കാലാവസ്ഥാ വ്യതിയാനംമൂലമുള്ള കൃഷി നാശം ഉണ്ടാകാതിരിക്കാനും സമഗ്രമായ ഒരു ഇൻഷ്വറൻസ് പാക്കേജ് സർക്കാർ മുൻകൈ എടുത്ത് സംസ്ഥാനത്ത് നടപ്പിൽ വരുത്തുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) കൃഷി വകുപ്പിന്റെ പ്രകൃതിക്ഷോഭം പദ്ധതി 2019-20 ജൂൺ 1-ാം തീയതി മുതൽ സ്മാർട്ട് സോഫ്റ്റ്‌വെയർ മുഖാന്തരമാണ് നടപ്പിലാക്കുന്നത്. പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകരുടെ അപേക്ഷകൾ ഓൺലൈൻ സംവിധാനമായ സ്മാർട്ട് വഴി കൃഷിഭവൻതലത്തിൽ രേഖപ്പെടുത്തി കൃഷി ആഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ (സി), പ്രിൻസിപ്പൽ കൃഷി ആഫീസർ എന്നിവർ മുഖാന്തരം കൃഷി ഡയറക്ടർ വരെ എത്തുന്നു. വിള നാശത്തിനുള്ള സംസ്ഥാന വിഹിതവും എസ്.ഡി.ആർ.എഫ്. തുകയും സ്മാർട്ട് സംവിധാനംവഴി കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്നതാണ്.

(ബി) കാലാവസ്ഥാ വ്യതിയാനത്തെ തുടർന്നുണ്ടാകുന്ന വിളനാശത്തിന് കേന്ദ്ര സർക്കാർ പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ ഒഴികെ മറ്റു ജില്ലകളിൽ ടി പദ്ധതി നടപ്പിലാക്കിവരുന്നു. ഖാരിഫ് സീസണിൽ നെല്ല്, വാഴ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഏലം, പൈനാപ്പിൾ, ജാതി, കമുക്, കരിമ്പ്, പടവലം, പാവൽ, വള്ളിപ്പയർ എന്നീ വിളകൾക്കും റാബി സീസണിൽ നെല്ല്, വാഴ, കശുമാവ്, പൈനാപ്പിൾ, മാവ്, കരിമ്പ്, ശീതകാല പച്ചക്കറികൾ (ഇടുക്കി), പാവൽ, പടവലം, വള്ളിപ്പയർ എന്നീ വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉണ്ട്.

(സി) നിലവിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പ്രധാനമന്ത്രി ഫസൽ ബീമ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നുണ്ട്.

## വിള ഇൻഷ്വറൻസ് പദ്ധതി

81(1351) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിള ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ നൽകുമോ;

(ബി) ഇതിന്റെ ഫലമായി നൽകിവരുന്ന നഷ്ടപരിഹാരത്തുകയുടെ വിശദാംശങ്ങൾ നൽകുമോ;

(സി) ബന്ധപ്പെട്ട കൃഷി ആഫീസിൽ അപേക്ഷ നൽകിയാൽ നിശ്ചിത ദിവസത്തിനകം ആനുകൂല്യം ലഭിക്കും എന്ന തരത്തിൽ ഒരു ഷെഡ്യൂൾ തയ്യാറാക്കുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിപ്രകാരം തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറു ധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുവരക്, കുതിരവാലി) എന്നീ വിളകൾക്ക് പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, വന്യ ജീവി ആക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടു തീ എന്നീ പ്രകൃതിക്ഷോഭങ്ങൾക്കാണ് പദ്ധതിപ്രകാരം സംരക്ഷണം നൽകുന്നത്. കോൾനിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്തെവിടേയും കീടരോഗ ബാധമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകളുടെ കൃഷി കൂടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി പ്രീമിയം തുക അടച്ച് കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ വ്യക്തിഗത അടിസ്ഥാനത്തിലോ ചേരാവുന്നതാണ്.

ടി പദ്ധതിക്കുപുറമേ കേന്ദ്ര പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമ യോജനയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കി വരുന്നു. പ്രധാനമന്ത്രി ഫസൽ ബീമ യോജന എന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കൊടുങ്കാറ്റ്, പേമാരി, ചുഴലിക്കാറ്റ്, അത്യുഷ്ണം, ഇടിമിന്നൽ, സ്വാഭാവികമായി ഉണ്ടാകുന്ന തീ പിടിത്തം മുതലായ പ്രകൃതിക്ഷോഭങ്ങൾ മൂലമോ, രോഗ കീടങ്ങളുടെ ആക്രമണം മൂലമോ പ്രഖ്യാപിത വിളകൾക്കുണ്ടാകുന്ന ഉല്പാദന നഷ്ടത്തിൽനിന്നും കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണവും സാമ്പത്തിക സഹായവും നൽകുന്നു.

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ വിളയെ ബാധിക്കുന്ന വിജ്ഞാപനം ചെയ്ത പ്രതികൂല സാഹചര്യങ്ങൾക്കെതിരെയാണ് പരിരക്ഷ നൽകുന്നത്. പദ്ധതി നടപ്പിലാക്കുന്ന ജില്ലകളിൽ കാലാവസ്ഥാ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന നടപ്പിലാക്കി വരുന്ന ഈ പദ്ധതിയിൽ ആലപ്പുഴ, പത്തനംതിട്ട ഒഴികെയുള്ള മറ്റ് ജില്ലകൾക്കാണ് ആനുകൂല്യം കിട്ടുന്നത്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) അത്യാഹിതം സംഭവിച്ച് 15 ദിവസത്തിനുള്ളിൽ കർഷകൻ നിർദ്ദിഷ്ട ഫോറത്തിൽ കൃഷിഭവനിൽ അപേക്ഷ നൽകുകയും 5 ദിവസത്തിനകം ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് നാശനഷ്ടം തിട്ടപ്പെടുത്തി അതിന്റെ പകർപ്പ് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകുകയും ചെയ്യുന്ന രീതി നിലവിലുണ്ട്.

## വിള ഇൻഷ്വറൻസ് പദ്ധതി

82(1352) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിള ഇൻഷ്വറൻസ് പദ്ധതിയിൽനിന്നും സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾ പിൻമാറിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്പനികൾ പിൻമാറിയതുമൂലം കർഷകർക്ക് ഉണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി സർക്കാർ നേരിട്ടും കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമ യോജനയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയും പൊതുമേഖലാ കമ്പനിയായ അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേനയുമാണ് നടപ്പിലാക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വർക്കല മണ്ഡലത്തിലെ വിള ഇൻഷ്വറൻസ് പദ്ധതി

83(1353) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നവരിൽ എത്ര പേർക്ക് ഇനിയും പോളിസി സർട്ടിഫിക്കറ്റ് നൽകാനുണ്ടെന്നും ഏത് വർഷം മുതലുള്ള അപേക്ഷകളിലാണ് പോളിസി സർട്ടിഫിക്കറ്റ് നൽകാനുള്ളതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ചേർന്നതിൽ ഇനി എത്ര പേർക്ക് നഷ്ടപരിഹാരം ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വർക്കല മണ്ഡലത്തിൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്ന എല്ലാ കർഷകർക്കും പോളിസി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

(ബി) വർക്കല മണ്ഡലത്തിൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്ന 18 കർഷകരുടെ നഷ്ടപരിഹാരം നൽകാനുണ്ട്.

## കാർഷികവിള ഇൻഷ്വറൻസ് ആനുകൂല്യം

84(1354) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷികവിള ഇൻഷ്വറൻസ് ആനുകൂല്യം യഥാസമയം കർഷകർക്ക് ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

ഈ സർക്കാർ വന്നതിനുശേഷം വിള ഇൻഷ്വറൻസ് ആനുകൂല്യം യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളം അഭിമുഖീകരിച്ച മഹാപ്രളയത്തിലുണ്ടായ വൻനാശനഷ്ടം കാർഷിക മേഖലയേയും സമ്പദ് വ്യവസ്ഥയേയും വളരെ പ്രതികൂലമായി ബാധിച്ചു. എന്നിരുന്നാലും 2018-19 പ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 51 കോടിരൂപ നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ 35.23 കോടിരൂപയും വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ തനത് റവന്യൂ വരുമാനത്തിൽ കുറവ് വന്നതും 2019 ഒക്ടോബറിനുശേഷമുള്ള ജി.എസ്.ടി. കോമ്പൻസേഷൻ പൂർണ്ണമായും ലഭിക്കാത്തതും നടപ്പുസാമ്പത്തികവർഷം അവസാനപാദത്തിലെ കടമെടുക്കുന്നതിനുള്ള പരിധി കേന്ദ്ര സർക്കാർ വെട്ടിച്ചുരുക്കിയതും സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നിലവിലെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് കുടിശ്ശികയായുള്ള സബ്സിഡി തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കർഷകരുടെ വായ്പ കിട്ടാക്കടമായി പ്രഖ്യാപിക്കുന്ന ബാങ്ക് നടപടി**

85(1355) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഭരിച്ച നെല്ലിന്റെ പണം നൽകാത്തത് കാരണം ബാങ്കുകൾ കർഷകർക്ക് വായ്പ നിർത്തി വച്ചിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പണം നൽകാൻ വൈകുന്നതിനാൽ കർഷകരെടുത്ത മറ്റുവായ്പകളും കിട്ടാക്കടമായി പ്രഖ്യാപിക്കുന്ന ബാങ്കുകളുടെ നടപടിയിൽ അടിയന്തരമായി ഇടപെട്ട് കർഷകരെ രക്ഷിക്കുമോ എന്നറിയിക്കാമോ;

(സി) കർഷകർക്ക് പുതിയ വായ്പകൾ ബാങ്കുകൾ നിർത്തി വച്ചിരിക്കുന്ന സാഹചര്യം ബാങ്കേഴ്സ് സമിതിയിൽ ഉന്നയിച്ച് പരിഹാരം കണ്ടെത്തുമോ;

(ഡി) നെല്ല് സംഭരണത്തിന് അനുവദിക്കുന്ന ബാങ്ക് വായ്പകളുടെ കാലാവധി ഒരു വർഷമായി ദീർഘിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചുവരുന്നു.

Paddy Receipt Scheme പ്രകാരം ബാങ്കുകൾ കർഷകർക്ക് നൽകിയിട്ടുള്ള വായ്പകൾ 2020 മാർച്ച് 31-നകം തിരിച്ചടയ്ക്കുമെന്ന്, 22-1-2020-ന് ഭക്ഷ്യ പൊതുവിതരണ, കൃഷി വകുപ്പുമന്ത്രിമാർ ബാങ്കേഴ്സ് സമിതി പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ തീരുമാനമാകുകയും പ്രസ്തുത തീരുമാനത്തിന്റെ വെളിച്ചത്തിൽ ബാങ്കുകൾ തുടർന്നും കർഷകർക്ക് വായ്പ നൽകി വരുന്നുണ്ട്.

(ബി) നെല്ലിന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങുവില ലഭിക്കാൻ വൈകുന്ന സാഹചര്യത്തിൽ സംഭരണ വില ബാങ്കുകൾ കർഷകർക്ക് പി.ആർ.എസ്. വായ്പയായി നൽകിയ തുക നിശ്ചിത സമയത്ത് അടയ്ക്കാൻ സംസ്ഥാന സർക്കാരിന് സാധിക്കാത്ത സാഹചര്യം ഉണ്ടാകുകയും വായ്പ നിഷ്ക്രിയ ആസ്തി (എൻ.പി.എ) ആകുകയും ചെയ്തു. ആയത് പരിഹരിക്കുന്നതിനായി 22-1-2020-ൽ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ബാങ്കുകളുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി വിളിച്ചുചേർത്ത മന്ത്രിതല യോഗത്തിൽ 2020 മാർച്ച് 31-ാം തീയതിക്കകം പി.ആർ.എസ്. കുടിശ്ശിക തിരിച്ചടയ്ക്കാമെന്ന് ഉറപ്പ് നൽകുകയും കാർഷിക വായ്പയ്ക്കുള്ള മൊറട്ടോറിയം 31-3-2020 വരെ നിലനിൽക്കുന്ന സാഹചര്യത്തിൽ റിസർവ് ബാങ്കിന്റെ അനുമതിക്ക് വിധേയമായി മൊറട്ടോറിയം കാലാവധി പി.ആർ.എസ്. വായ്പയ്ക്കുകൂടി ബാധകമാക്കാവുന്നതും എൻ.പി.എ.-യിൽനിന്ന് കർഷകരെ ഒഴിവാക്കി പി.ആർ.എസ്. സ്വീകരിക്കുവാനും തുടർ വായ്പ നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

(സി) 2020 മാർച്ച് 31-ാം തീയതിക്കകം പി.ആർ.എസ്. ലോൺ കുടിശ്ശിക തിരിച്ചടയ്ക്കുണമെന്ന് ഉറപ്പ് നൽകിയതിന്റെ പശ്ചാത്തലത്തിലും മൊറട്ടോറിയം 31-3-2020 വരെ നിലനിൽക്കുന്ന സാഹചര്യത്തിൽ റിസർവ് ബാങ്കിന്റെ അനുമതിക്ക് വിധേയമായി മൊറട്ടോറിയം കാലാവധി പി.ആർ.എസ്. വായ്പയ്ക്ക് കൂടി ബാധകമാക്കാവുന്നതാണെന്നും എൻ.പി.എ.-യിൽനിന്ന് കർഷകരെ ഒഴിവാക്കി പി.ആർ.എസ്. സ്വീകരിക്കുവാനും തുടർ വായ്പ നൽകുവാനും 22-1-2020-ന് ചേർന്ന മന്ത്രിതല യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

കർഷകർക്ക് തുടർന്നും പുതിയ വായ്പകൾ ബാങ്കുകൾ നൽകിവരുന്നുണ്ട്.

(ഡി) 21-12-2019-ലെ ജി.ഒ.(ആർ.ടി) 535/2019/എഫ്&സി.എസ് പ്രകാരം നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് പി.ആർ.എസ്. വായ്പ തുകയുടെ തിരിച്ചടവ് ഒരു വർഷമായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

ബാങ്കുകൾ സപ്ലൈകോയുമായി ഉണ്ടാക്കിയിട്ടുള്ള ഉടമ്പടിക്കരാർ പ്രകാരം നിലവിലുള്ള നെല്ലുസംഭരണത്തിനുള്ള വായ്പ കാലാവധി 6 മാസമാണ്.

നിലവിൽ ഒരു വർഷത്തേയ്ക്കാണ് നെല്ല് സംഭരണത്തിന് സംസ്ഥാന സഹകരണ ബാങ്ക് വായ്പ അനുവദിച്ചുവരുന്നത്.

## സ്വർണ്ണപ്പണയ കാർഷിക വായ്പ

86(1356) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഒക്ടോബർ ഒന്നിന ശേഷം എടുത്ത സ്വർണ്ണപ്പണയ കാർഷിക വായ്പയ്ക്ക് പലിശ ഇളവ് ലഭിക്കില്ലെന്ന അറിയിപ്പ് രണ്ടും മൂന്നും മാസങ്ങൾക്ക ശേഷമാണ് ബാങ്കുകൾ ഇടപാടുകാരെ അറിയിച്ചതെന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(ബി) വായ്പ എടുക്കുമ്പോൾ ഉണ്ടായിരുന്ന ഇളവ് അതിന ശേഷം ഒഴിവാക്കുന്നത് കർഷകരോട് കാണിക്കുന്ന കടുത്ത ക്രൂരതയാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) കർഷകരോട് കിസാൻ ക്രെഡിറ്റ് കാർഡിലേയ്ക്ക് (കെ.സി.സി) മാറാൻ ബാങ്കുകൾ നിർദ്ദേശിക്കുന്നുണ്ടെങ്കിലും ഉത്തരേന്ത്യൻ മാനദണ്ഡങ്ങളാണ് കെ.സി.സിയുടേത് എന്നതിനാൽ അത് കേരളീയ കർഷകർക്ക് പ്രയോഗികമല്ലെന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(ഡി) പരിമിതമായ ഭൂമിയിൽ കൃഷി ചെയ്യുന്നവരും മറ്റുള്ളവരുടെ ഭൂമിയിൽ പാട്ടകൃഷി നടത്തുന്നവരുമാണ് കേരളത്തിലെ മഹാഭൂരിപക്ഷം കർഷകരും എന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(ഇ) എങ്കിൽ കർഷകരെ കേന്ദ്രഗവൺമെന്റിന്റെയും ബാങ്കുകളുടെയും അയവില്ലാത്ത നിലപാടിൽനിന്നും രക്ഷിക്കാൻ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്നറിയിക്കുമോ?

### ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. സ്വർണ്ണപ്പണയ കാർഷിക വായ്പകളുടെ പലിശ സബ്സിഡിയെക്കുറിച്ചുള്ള അറിയിപ്പ് കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായ ഉടൻതന്നെ കൃഷി വകുപ്പിന്റെ നിർദ്ദേശപ്രകാരം പൊതുജന ശ്രദ്ധയ്ക്കായി സംസ്ഥാനതല ബാങ്കേഴ്സ് സമിതി പത്രപ്പരസ്യം നൽകിയിട്ടുണ്ട്.

റിസർവ് ബാങ്കിന്റെ 20-2-2020-ലെ നിർദ്ദേശ പ്രകാരം 31-3-2020 വരെ സ്വർണ്ണപ്പണയ കാർഷിക വായ്പയ്ക്ക് പലിശ സബ്സിഡി ലഭിക്കുന്നതാണ്.

(ബി) ഉണ്ട്. സ്വർണ്ണപ്പണയ കാർഷിക വായ്പ എടുത്തിട്ടുള്ള ഉപഭോക്താക്കൾ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി പ്രകാരം സ്വർണ്ണപ്പണയ കാർഷിക വായ്പ ബാങ്കുകളുടെ നിബന്ധനപ്രകാരം, കിസാൻ ക്രെഡിറ്റ് കാർഡ് മുഖേനയാക്കി

മാറ്റുന്നപക്ഷം തുടർന്നും പലിശ സബ്സിഡിക്ക് അർഹരാണ്. അർഹതയുള്ള കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡ് മുഖേന കാർഷിക വായ്പ തുടർന്നും ലഭിക്കുന്നതാണ്.

(സി) പരിശോധിച്ചിട്ടുണ്ട്. കൃഷി ചെയ്യുന്ന വിള, സ്ഥലത്തിന്റെ വിസ്തീർണ്ണം, കാർഷിക വിള വായ്പാതോതുകൾ, വിളവെടുപ്പിനുശേഷമുള്ള സംഭരണം, മറ്റു ചെലവുകൾ, കുടുംബത്തിന്റെ ഉപഭോഗ ആവശ്യം തുടങ്ങിയവയൊക്കെ കണക്കിലെടുത്താണ് വായ്പ തുക കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിൽ നിശ്ചയിക്കുന്നത്. ഓരോ വർഷത്തേയും കാർഷിക വിള വായ്പാതോതുകൾ ഓരോ ജില്ലയിലും രൂപീകരിച്ചിട്ടുള്ള ജില്ലാതല സാങ്കേതിക കമ്മിറ്റി (DLTC) നിശ്ചയിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കൃഷി ചെയ്യുന്ന വിളകളുടെ വായ്പാ തോതുകൾ സ്റ്റേറ്റ് ലെവൽ സാങ്കേതിക കമ്മിറ്റി (SLTC) നിശ്ചയിക്കും. പ്രധാനമായും ഇങ്ങനെ നിശ്ചയിച്ചിട്ടുള്ള scale of finance (വായ്പാതോതുകൾ) കൂടി കണക്കിലെടുത്താണ് കിസാൻ ക്രെഡിറ്റ് കാർഡ് വായ്പാ പദ്ധതി പ്രകാരം വായ്പാതുക നിശ്ചയിക്കുന്നത്.

(ഡി) കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിപ്രകാരം കൃഷിഭൂമി സ്വന്തമായിട്ടുള്ള കർഷകർക്കും പാട്ടകൃഷിക്കാർക്കും കൂട്ടുകൃഷിക്കാർക്കും വായ്പയ്ക്കുള്ള അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഇ) കാർഷിക ആവശ്യങ്ങൾക്കായി നൽകുന്ന സ്വർണ്ണപ്പണയ വായ്പ ബാങ്കുകൾ നിർത്തലാക്കിയിട്ടില്ല. ബാങ്കുകൾ എല്ലാംതന്നെ സ്വർണ്ണപ്പണയത്തിന്മേലുള്ള കാർഷിക വായ്പ ഇപ്പോഴും തുടരുന്നുണ്ട്. എന്നാൽ നിലവിൽ കേന്ദ്രസർക്കാർ നൽകിവരുന്ന പലിശ സബ്സിഡികൾ, 2020 ഏപ്രിൽ 1 മുതൽ കിസ്സാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിൽ വായ്പ എടുത്തിട്ടുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. സർണ്ണപ്പണയ കാർഷിക വായ്പ എടുത്തിട്ടുള്ള ഉപഭോക്താക്കൾ കിസ്സാൻ ക്രെഡിറ്റ് കാർഡ് പദ്ധതിപ്രകാരം അർഹരാണെങ്കിൽ സ്വർണ്ണപ്പണയ കാർഷിക വായ്പ, ബാങ്കുകളുടെ നിബന്ധനപ്രകാരം കിസ്സാൻ ക്രെഡിറ്റ് കാർഡ് മുഖേനയാക്കി മാറ്റുന്നപക്ഷം തുടർന്നും പലിശ സബ്സിഡിയ്ക്ക് അർഹരായിരിക്കും. ഇതിനായി ബാങ്ക് ശാഖകളെ സമീപിച്ച് 2020 മാർച്ച് 31-നകം കർഷകർ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം പലിശ സബ്സിഡികൾ ഇല്ലാതെ സ്വർണ്ണപ്പണയ കാർഷിക വായ്പ തുടരാവുന്നതാണ്.

ഇക്കാര്യം സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കാൻ കൃഷി വകുപ്പിന്റെ നിർദ്ദേശപ്രകാരം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതി പത്രപ്പരസ്യങ്ങൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ അർഹരായ എല്ലാ കർഷകർക്കും കിസാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കാനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നു. ഇതിനായി കൃഷിഭവൻതലത്തിൽ ക്യാമ്പയിനുകൾ നടത്തിയിട്ടുണ്ട്. അർഹരായ ചെറുകിട ഇടത്തരം കർഷകർക്ക് കൃഷി ആവശ്യത്തിനായി എടുക്കുന്ന സ്വർണ്ണപ്പണയ വായ്പയ്ക്ക് പലിശ സബ്സിഡി നൽകണമെന്ന് ബാങ്ക് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബാങ്ക് വായ്പകൾ സംബന്ധിച്ച പ്രശ്നങ്ങളിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ഇടപെടുകയും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ പ്രസ്തുത വിഷയങ്ങൾ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതി യോഗങ്ങളിൽ അവതരിപ്പിച്ച് ബാങ്ക് അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

സംസ്ഥാനത്തെ കർഷകരെ നെൽകൃഷിയിലേയ്ക്ക് തിരികെ കൊണ്ടു വരുന്നതിനും നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പി ക്കുന്നതിനുമാണ് നെൽകർഷകർക്ക് പലിശരഹിത വായ്പ നൽകി വരുന്നത്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായിട്ടുള്ളവർക്കാണ് വായ്പകൾ നൽകുന്നത്. സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിക്കായി പലിശരഹിത വായ്പ നൽകുന്നതോടൊപ്പം കർഷകരിൽനിന്നും ചെറിയൊരു തുക സ്വീകരിച്ച് ടി വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുകയും ചെയ്യുന്നുണ്ട്. സ്വന്തം ഫണ്ട് ഉപയോഗിച്ച പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നെൽകൃഷിക്കായി ധനസഹായം നൽകിവരുന്നുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശ പ്രകാരം കാർഷിക വായ്പകൾക്കുള്ള 2% പലിശയിളവ് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതും സഹകരണ സംഘങ്ങൾ സ്വന്തം ഫണ്ടിൽനിന്ന് പരമാവധി 7% പലിശ നിരക്കിൽ വിതരണം ചെയ്യുന്ന 3 ലക്ഷംരൂപവരെയുള്ള വായ്പകൾക്ക് 2% പലിശ ഇളവും ടി വായ്പകൾ കൃത്യമായി അടയ്ക്കുന്ന കർഷകർക്ക് 3% പലിശ ഇളവും നലകി വരുന്നു. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, ബാങ്കുകൾ മുഖേനയുള്ള കാർഷിക വായ്പാ വിതരണം, കാർഷിക ഉല്പാദനം വർദ്ധിപ്പിക്കൽ എന്നീ ഉദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി പഞ്ചായത്ത്, കൃഷി വകുപ്പ് എന്നിവരുമായി സഹകരിച്ച് പ്രവർത്തിച്ചുവരുന്നു. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹകരണ വകുപ്പിന്റെ പദ്ധതിയായ സുവർണ്ണ കേരളം പ്രകാരം വീടുകളിൽ അടുക്കളത്തോട്ട നിർമ്മാണം, മട്ടുപ്പാവ് കൃഷി, പോളി ഹൗസ് കൃഷി തുടങ്ങിയവ സഹകരണ സംഘങ്ങൾവഴി നടപ്പിലാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## നീതി ആയോഗിന്റെ തീരുമാനം സംബന്ധിച്ച നിലപാട്

87(1357) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളം കൂടുതൽ ഉപയോഗിക്കുന്ന വിളകൾക്ക് കൃഷി സബ്സിഡി നൽകില്ലെന്ന് നീതി ആയോഗ് തീരുമാനമെടുത്ത് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനം സംബന്ധിച്ച സംസ്ഥാന നിലപാട് നീതി ആയോഗിനെ അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നീതി ആയോഗ് ഇത്തരത്തിൽ ഒരു തീരുമാനമെടുത്തതായി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടില്ല.

(ബി) ബാധകമല്ല.

## കാർഷിക മേഖലയിലെ കേന്ദ്രസഹായം

88(1358) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ കേന്ദ്രസഹായം ലഭിക്കുന്നതിനായി കേന്ദ്രസർക്കാർ നിർദ്ദേശിച്ച നിയമങ്ങൾ പാസ്സാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ നിലപാട് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) കാർഷിക മേഖലയിൽ കേന്ദ്രസഹായം ലഭ്യമാക്കുന്നതിനായി കേന്ദ്രസർക്കാർ നിർദ്ദേശിച്ച നിയമങ്ങൾ പാസ്സാക്കണമെന്ന നിർദ്ദേശങ്ങൾ ഒന്നും തന്നെ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല.

എന്നാൽ കാർഷിക വ്യവസായമുള്ള കർഷകരുടെ ഐക്യത്തിനും കാർഷിക ഉത്പന്നങ്ങളുടെ മികച്ച വില നിശ്ചയം ഉറപ്പാക്കുന്നതിനും വിളവെടുപ്പ് നഷ്ടങ്ങൾ കുറയ്ക്കുന്നതിനും ഗ്രാമീണ മേഖലയിൽ തൊഴിൽ ലഭ്യത സൃഷ്ടിക്കുന്നതിനുമായി കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ Model Contract Farming Act 2018 അഥവാ State/UT Agricultural Produce and Livestock Contract Farming

(Promotion & Facilitation) Act, 2018 നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആവശ്യപ്പെട്ടിരുന്നതിന് കേരളത്തിൽ കൃഷി മേഖലയിലെ വികസനത്തിനായി കർഷകർ, കാർഷിക സംഘടനകൾ, പഞ്ചായത്തി രാജ് സ്ഥാപനങ്ങൾ, ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്നും Model Contract Farming Act, 2018 സംസ്ഥാനത്തിന് ദോഷകരമായിരിക്കുമെന്ന് വിലയിരുത്തപ്പെട്ടതിനാൽ കേരള സർക്കാർ നടപ്പിലാക്കേണ്ടതില്ല എന്നും തീരുമാനമെടുത്തിട്ടുള്ളതായി 7-9-2019-ലെ കത്ത് പ്രകാരം കേന്ദ്ര കൃഷി മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്.

Agricultural Produce and Livestock Marketing Promotion & Facilitation Act 2017-ഉം Model Agricultural Land leasing Act 2016-ഉം കേരളത്തിൽ, ഇവിടുത്തെ സാഹചര്യത്തിനനുസൃതമായി, നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## കണ്ണേങ്ങാത്ത് - കുമ്പള്ളി - കെ.എൽ.ഡി.സി. ബണ്ട് റോഡിന്റെ നിർമ്മാണം

89(T1359) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിട്ടുള്ള കണ്ണേങ്ങാത്ത് - കുമ്പള്ളി -കെ.എൽ.ഡി.സി. ബണ്ട് റോഡിന്റെ നിർമ്മാണത്തിനായി ധനാനുമതിയോ ഭരണാനുമതിയോ നൽകുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

കണ്ണേങ്ങാത്ത് - കുമ്പള്ളി - കെ.എൽ.ഡി.സി. ബണ്ട് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ കെ.എൽ.ഡി.സി. മുഖേന സമർപ്പിച്ചിട്ടില്ല. ടി ബണ്ട് റോഡിനായി 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റ് അനുബന്ധം II*-ൽ 300 ലക്ഷംരൂപ പൊതുമരാമത്ത് വകുപ്പിനാണ് വകയിരുത്തിയിട്ടുള്ളത്.

---

T മാറി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൃഷി വകുപ്പിലെ റേഷ്യോ പ്രൊമോഷൻ

90(1360) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പിൽ അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയിൽനിന്നും 1:1:1 എന്ന തോതിൽ റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിനും അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തിക അഗ്രികൾച്ചർ എക്സ്റ്റൻഷൻ ഓഫീസർ എന്ന് പുതുക്കി നാമകരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## കെ.വി.കനാൽ നവീകരണ പദ്ധതി

91(1361) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈക്കം നിയോജകമണ്ഡലത്തിലെ കൃഷി വികസനത്തിനായി കെ.വി കനാൽ നവീകരണ പദ്ധതി സർക്കാർ പരിഗണിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

വൈക്കം നിയോജകമണ്ഡലത്തിലെ കൃഷി വികസനത്തിനായി കെ.വി കനാലിന്റെ ഏകദേശം 2 കിലോമീറ്റർ നീളത്തിൽ ആഴം കൂട്ടുന്നതിന് 37.06 ലക്ഷംരൂപയുടെ 2 പ്രവൃത്തികൾക്ക് കോട്ടയം മൈനർ ഇറിഗേഷൻ വിഭാഗത്തിൽനിന്നുംനടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## മങ്കട തോട് നവീകരണം

92(1362) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ മങ്കട തോട് നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങൾ സർക്കാർ നടത്തിവരുന്നുണ്ട്; വിശദമാക്കുമോ;

(ബി) മങ്കട തോട് നവീകരിക്കുന്നതിന് കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ചെറുപുഴ തോട് സംരക്ഷണത്തിനായി ലഭിച്ച ഫണ്ടിൽനിന്നും പുതുച്ചിറ കടവിൽ ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) പുതുച്ചിറ ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) മങ്കട തോട് നവീകരണവുമായി ബന്ധപ്പെട്ട് ശ്രീ. ടി. എ. അഹമ്മദ് കബീർ, എം.എൽ.എ. നൽകിയ അപേക്ഷയിൽ കെ.എൽ.ഡി.സി.-ക്ക് നൽകിയ നിർദ്ദേശത്തിന്മേൽ പ്രോജക്ട് തയ്യാറാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) മങ്കട നിയോജകമണ്ഡലത്തിൽപ്പെട്ട ചെറുപുഴ തോടിന്റെ പുനരുദ്ധാരണത്തിനും അനുബന്ധ പ്രവൃത്തികൾക്കുമായി നബാർഡ് ആർ.ഐ.ഡി.എഫ്.-21-ൽ ഉൾപ്പെടുത്തി 10 കോടിരൂപയുടെ ഭരണാനുമതി ലഭ്യമായ പ്രവൃത്തിയിൽ ഉൾപ്പെട്ട പുതുച്ചിറ കടവിൽ ഒരു തടയണയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അതിനുശേഷം ഏകദേശം 500 മീറ്റർ താഴെയായി പുതിയ തടയണ നിർമ്മിക്കുന്നതിനുള്ള 99.98 ലക്ഷംരൂപയുടെ പ്രോജക്ടിന് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വയനാട് ജില്ലയിലെ കർഷകർക്ക് കടാശ്വാസം**

93(1363) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന വയനാട് ജില്ലയിലെ കർഷകർക്ക് ഏതെങ്കിലും തരത്തിലുള്ള കടാശ്വാസം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തരത്തിലുള്ള കടാശ്വാസം നൽകിയിട്ടുണ്ടെന്നും എത്രരൂപ ഈ ഇനത്തിൽ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിലെ എത്ര കർഷകർക്ക് കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കാർഷിക കടാശ്വാസ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള അവാർഡുകളുടെ അടിസ്ഥാനത്തിൽ വിവിധ സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തിട്ടുള്ള കർഷകർക്ക് കർഷക കടാശ്വാസം നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ വയനാട് ജില്ലയ്ക്ക് ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക |
|---|---|
| 1-4-2019 മുതൽ 29-2-2020 വരെ | 1,02,63,703 |
| 2018-2019 | 1,38,71,878 |
| 2017-2018 | 4,45,65,088 |
| 2016-2017 | 7,62,13,459 |

(സി) വയനാട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തിട്ടുള്ള 5175 കർഷകർക്ക് കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസം നൽകിയിട്ടുണ്ട്.

**വൈക്കം മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ**

94(1364) <u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈക്കം നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈക്കം നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പാറശ്ശാല മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന വിവിധ കാർഷിക പദ്ധതികൾ

95(1365) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യം വച്ച് പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കേരഗ്രാമം പദ്ധതിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് മണ്ഡലത്തിലെ കേര കർഷകർക്ക് ലഭിച്ചിട്ടുള്ളത്; ഈ ആനുകൂല്യങ്ങൾ ഓരോ പഞ്ചായത്തിലും എത്ര കർഷകർക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം നെൽകൃഷി മെച്ചപ്പെടുത്തുന്നതിനായി മണ്ഡലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) 2016-17 വർഷം കൊല്ലയിൽ, വെള്ളറട ഗ്രാമപഞ്ചായത്തു കളിലായിട്ടാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതിയിലൂടെ താഴെപ്പറയുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് നൽകുകയുണ്ടായി.

| | | | |
|---|---|---|---|
| 1 | തെങ്ങിൻതോപ്പ് സമഗ്ര പരിപാലനം | 426 ഹെക്ടർ | 106.57209 ലക്ഷം |
| 2 | ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ (പമ്പ് സെറ്റ്, കിണർ) | 35.095 ഹെക്ടർ | 8.77375 ലക്ഷം |
| 3 | തെങ്ങുകയറ്റ ഉപകരണങ്ങൾ | 120 എണ്ണം | 2.4 ലക്ഷം |
| 4 | ജൈവവള ഉൽപ്പാദന യൂണിറ്റ് | 8 എണ്ണം | 0.8 ലക്ഷം |
| 5 | തെങ്ങിൻതൈ നഴ്സറി | 1 എണ്ണം | 0.5 ലക്ഷം |
| 6 | കേര സമിതിക്ക് സഹായം | | 10 ലക്ഷം |
| 7 | മറ്റ് സഹായം (കൃഷിഭവൻ) | | 0.1 ലക്ഷം |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ആനുകൂല്യം ലഭിച്ച കർഷകരുടെ എണ്ണം</u>

1) വെള്ളറട പഞ്ചായത്ത് - 2955

2) കൊല്ലയിൽ പഞ്ചായത്ത് - 2865

(സി) പാറശ്ശാല നിയോജകമണ്ഡലത്തിലെ പരമാവധി സ്ഥലങ്ങളിൽ നെൽക്കൃഷി ചെയ്യുവാൻ തളിര് പദ്ധതിയിലൂടെ സാധിച്ചു. പരമാവധി സ്ഥലത്ത് കരനെൽക്കൃഷിയും ചെയ്തുവരുന്നു. പാറശ്ശാല ഗ്രാമപഞ്ചായത്തിൽ നെൽക്കൃഷി ചെയ്യുന്നതിനുള്ള ആനുകൂല്യമായി 77,250 രൂപ നൽകിയിട്ടുണ്ട്. കരനെൽക്കൃഷി ചെയ്യാനായി സൗജന്യമായി നെൽവിത്ത് നൽകിയതുൾപ്പെടെ 2,43,600 രൂപ നൽകിയിട്ടുണ്ട്. 0.68 ഹെക്ടർ തരിശ് ഭൂമി കൃഷി ചെയ്യുന്നതിന് 20,400 രൂപ നൽകിയിട്ടുണ്ട്. കൂടാതെ 25 വർഷമായി തരിശ് കിടന്ന കുരോട്ടുകോണം പാടശേഖരം ഒരുക്കി കൃഷി ചെയ്യുന്നതിന് 4,16,490 രൂപ നൽകി.

ആര്യങ്കോട് ബ്ലോക്കിൽപ്പെട്ട അമ്പൂരി, ആര്യങ്കോട്, കള്ളിക്കാട്, കൊല്ലയിൽ, കുന്നത്തുകാൽ, ഒറ്റശേഖരമംഗലം, പെരുങ്കടവിള, വെള്ളറട പഞ്ചായത്തുകളിൽ ഒന്നാംവിളയും രണ്ടാംവിളയുമായി 36.2 ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി വ്യാപിപ്പിച്ചു. ഹെക്ടറിന് 30,000 രൂപ നിരക്കിൽ 3.4 ഹെക്ടർ സ്ഥലത്ത് തരിശ് നിലത്തിൽ കൃഷി ചെയ്യുന്നു. 'പാഠം ഒന്ന് പാടത്തേയ്ക്ക് ' എന്ന പദ്ധതിപ്രകാരം സ്കൂൾ കുട്ടികളെ നെൽക്കൃഷിയിലേയ്ക്ക് ആകർഷിക്കുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തത്തിയൂർ പാടശേഖരത്ത് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയുംകൂടി സാന്നിദ്ധ്യത്തിൽ കൃഷി വകുപ്പ് നടത്തുകയുണ്ടായി. കൊല്ലയിൽ പഞ്ചായത്തിൽ മൂന്നാംവിള പയർ കൃഷി ചെയ്യുന്നതിനായി 14 ഹെക്ടർ സ്ഥലത്ത് പയർ വിത്തും ഉഴവുകൂലിയും നൽകുന്നു. കരനെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 24 ഹെക്ടർ സ്ഥലത്ത് കഴിഞ്ഞ നാലുവർഷക്കാലത്ത് ഹെക്ടറിന് 13,600 രൂപ നിരക്കിൽ സബ്സിഡി നൽകിവരുന്നു. പെരുങ്കടവിള പഞ്ചായത്തിൽ 35 വർഷമായി തരിശ് കിടന്ന 2 ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി പുനരാരംഭിച്ചു.

## ആലപ്പുഴ ജില്ല കൃഷിത്തോട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

96(1366) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ തഴക്കര പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ആലപ്പുഴ ജില്ല കൃഷിതോട്ടത്തിൽ 2016-2020 കാലയളവിൽ നടപ്പിലാക്കിയ പദ്ധതികളും അവയ്ക്കായി അനുവദിച്ച തുകയും മറ്റു വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം**

97(1367) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളങ്ങൾ കാർഷികാവശ്യങ്ങൾക്കായി ഉപയോഗയോഗ്യമാക്കുന്ന പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ ഏതെല്ലാം കുളങ്ങൾ നവീകരിക്കുവാനാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) തെരഞ്ഞെടുക്കപ്പെട്ട കുളങ്ങളുടെ നവീകരണ പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) ഇതിനായി അനുവദിച്ച തുകയുടെ വിശദാംശം നൽകാമോ?

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നബാർഡ് ധനസഹായ ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 20-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 11 കുളങ്ങളുടെ നവീകരണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു*.

(ബി) മേൽ വിവരിച്ച കുളങ്ങളിൽ 10 കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. കുഴൽമന്ദം പഞ്ചായത്തിലെ ഏർച്ചം കുളത്തിന്റെ ഉടമസ്ഥാവകാശമുള്ള ക്ഷേത്ര സമിതിക്ക് പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ താൽപ്പര്യമില്ലാത്തതിനാൽ പ്രസ്തുത കുളത്തിന്റെ നവീകരണം നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.

(സി) ആലത്തൂർ നിയോജകമണ്ഡലത്തിൽ കുളങ്ങളുടെ നവീകരണം നടപ്പിലാക്കുവാൻ അനുമതി ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ദേവികുളം നിയോജകമണ്ഡലത്തിലെ കർഷകർക്ക് നഷ്ടപരിഹാരം**

98(1368) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ കൃഷി നശിച്ച ദേവികുളം നിയോജകമണ്ഡലത്തിലെ കർഷകർക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എത്ര തുകയാണ് നിലവിൽ ദേവികുളം നിയോജകമണ്ഡലത്തിലെ ഓരോ കൃഷി ഓഫീസ് മുഖേനയും നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ദേവികുളം ബ്ലോക്ക് | |
| ഇടമലക്കുടി | 12,77,303 |
| ദേവികുളം | 7,66,800 |
| ചിന്നക്കനാൽ | 1,87,833 |
| കാന്തല്ലൂർ | 82,524 |
| മറയൂർ | 4,49,503 |
| മാങ്കുളം | 27,58,685 |
| വട്ടവട | 4,92,750 |
| അടിമാലി ബ്ലോക്ക് | |
| അടിമാലി | 51,11,501 |
| പള്ളിവാസൽ | 33,94,277 |
| വെള്ളത്തൂവൽ | 67,10,787 |
| ആകെ | 2,12,31,963 |

**കായംകുളം മണ്ഡലത്തിൽ കൃഷി വകുപ്പുവഴി നടപ്പാക്കിയ പദ്ധതികൾ**

99(1369) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ കൃഷിവകുപ്പ് വഴി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ, അനുവദിച്ച തുക, പ്രവൃത്തികളുടെ പുരോഗതി എന്നിവ വിശദമാക്കാമോ?

ഉത്തരം

കായംകുളം അസംബ്ലി മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ കൃഷിവകുപ്പ് വഴി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

1. ദേവികുളങ്ങര പഞ്ചായത്തിലെ ദേവികുളങ്ങര ക്ഷേത്രത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.

2. കണ്ടല്ലൂർ പഞ്ചായത്തിലെ കോട്ടയ്ക്കകത്ത് പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ.

3. കണ്ടല്ലൂർ പഞ്ചായത്തിലെ കണ്ടത്ത് വയൽ പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ.

4. ചെട്ടികുളങ്ങര പഞ്ചായത്തിലെ ചെന്നിട്ട ആല്യംമൂട്ടിൽ പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ.

5. ദേവികുളം ക്ഷേത്രക്കുളം പണി പൂർത്തീകരിച്ചു. ആകെ അടങ്കൽ തുക - 41.74 ലക്ഷംരൂപ - നൽകിയ തുക - 16.608 ലക്ഷംരൂപ

6. കോട്ടയ്ക്കകത്ത് പാടശേഖരം പണി പൂർത്തീകരിച്ചു.

7. കണ്ടത്ത് വയൽ പാടശേഖരം വഴി ആരംഭിച്ചിട്ടില്ല. അടങ്കൽ തുക - 13.15 ലക്ഷംരൂപ - പ്രവൃത്തി ആരംഭിക്കുന്നതിന് കോൺട്രാക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

8. ചെട്ടികുളങ്ങര പഞ്ചായത്തിലെ ചെന്നിട്ട ആല്യംമൂട്ടിൽ പാടശേഖരം - അടങ്കൽ തുക- 24.7 ലക്ഷംരൂപ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല - തുക ചെലവഴിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പീരുമേട് നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് പദ്ധതികൾ

100(1370) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പീരുമേട് നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പാക്കുവാൻ കഴിഞ്ഞിട്ടുള്ള പദ്ധതികളുടെ പേര്, വിനിയോഗിച്ച തുക, നേടാൻ കഴിഞ്ഞ പുരോഗതി എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പീരുമേട് നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പാക്കുവാൻ കഴിഞ്ഞിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

## പീരുമേട് നിയോജകമണ്ഡലത്തിൽ ജീവനി പദ്ധതി

101(1371) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ സംസ്ഥാന കൃഷിവകുപ്പിന്റെ ജീവനി പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആദിവാസി കോളനികളാണ് പ്രസ്തുത പദ്ധതിയുടെ ഭാഗമായ പരമ്പരാഗത പച്ചക്കറിവിളകളുടെ കൃഷി പ്രോത്സാഹന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്; അവിടെ നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഈ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി പച്ചക്കറി കൃഷി ചെയ്യുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്കൂളുകൾ, പൊതു/സ്വകാര്യ സ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമെന്ന വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പീരുമേട് ബ്ലോക്കിൽ ജീവനി പദ്ധതിയുടെ ഭാഗമായി 107550 പച്ചക്കറിത്തൈകളും 2310 പച്ചക്കറി കിറ്റുകളും വിതരണം നടത്തി. 105 ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളുടെ വീടുകളിലും 20 മാധ്യമപ്രവർത്തകരുടെ വീടുകളിലും ജീവനി പദ്ധതിയുടെ ഭാഗമായി പച്ചക്കറിക്കൃഷി ആരംഭിച്ചു. പീരുമേട് ബ്ലോക്കിലെ 6 പഞ്ചായത്തുകളിലായി പരമ്പരാഗത പച്ചക്കറി ഇനങ്ങളായ നിത്യവഴുതന, വാളരിപ്പയർ, ഇടവിളയായി കൃഷി ചെയ്യുന്ന തടപ്പയർ എന്നിവയുടെ കൃഷി 4 ഹെക്ടർ സ്ഥലത്തേയ്ക്ക് വിസ്തൃതി വ്യാപനം നടത്തി. ചിരസ്ഥായി പച്ചക്കറി 5 ഇനങ്ങൾ അടങ്ങിയ 800 കിറ്റുകൾ വിതരണം നടത്തി. കൂടാതെ പീരുമേട് ബ്ലോക്കിന്റെ പ്രത്യേക പച്ചക്കറി പ്രോത്സാഹന പദ്ധതിയായി 'എല്ലാ വീട്ടിലും ഒരു കോവൽ' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2500-ലധികം കുടുംബങ്ങളിൽ കോവൽ നടീൽ വസ്തുക്കൾ വിതരണം നടത്തി. 7500 കുടുംബങ്ങളിൽ കോവൽനടീൽ വസ്തുനടത്തുന്നതിന് ലക്ഷ്യമിടുന്നു. പീരുമേട് ബ്ലോക്കിന്റെ വിവിധ വാർഡുകളിലായി 102 കൃഷി പാഠശാലകളും നടത്തിയിട്ടുണ്ട്.

(ബി) ജീവനി പദ്ധതിയിലെ വിവിധ പരിപാടികൾ കുമളി പഞ്ചായത്തിലെ മന്നാക്കുടി, പളളിക്കുടി ഊരുകളിലും പെരുവന്താനം പഞ്ചായത്തിലെ മൂഴിക്കൽ എസ്.റ്റി. കോളനിയിലും വണ്ടിപ്പെരിയാൽ പഞ്ചായത്തിലെ വഞ്ചിവയൽ എസ്.റ്റി. കോളനിയിലും നടപ്പിലാക്കിയിട്ടുണ്ട്. പരമ്പരാഗത വിത്തിനങ്ങളുടെ പ്രോത്സാഹനത്തിനായി മൂഴിക്കൽ എസ്.റ്റി. കോളനിയിൽ വാളരിപ്പയർ, നിത്യവഴുതന, തടപ്പയർ എന്നീ ഇനങ്ങളുടെ കൃഷി വ്യാപനം നടത്തി.

(സി)

| ക്രമ നമ്പർ | പഞ്ചായത്ത് | സ്കൂൾ |
|---|---|---|
| 1 | കുമളി | GVHSS കുമളി |
| | | MAIHS മുരിക്കടി |
| | | MAILPS മുരിക്കടി |
| 2 | വണ്ടിപ്പെരിയാർ | GLPS വണ്ടിപ്പെരിയാർ |
| | | GUPS വണ്ടിപ്പെരിയാർ |
| | | GLPS ഗ്രാമ്പി |
| | | ST MATHEWS LPS വാളാർഡി |
| | | GLPS പള്ളീക്കുന്ന് |

| | | |
|---|---|---|
| 3 | പീരുമേട് | CPMGHS പീരുമേട് |
| 4 | ഏലപ്പാറ | GHS ചെമ്മണ്ണ് |
| | | പഞ്ചായത്ത് എൽ.പി.എസ്. ഹെലിബേറിയ |
| 5 | പെരുവന്താനം | ST MARYS LPS കണങ്കവയൽ |
| | | ST MARYS HS തെക്കേമല |
| | | DEPAUL പെരുവന്താനം |
| | | ST JOSEPH HSS പെരുവന്താനം |
| 6 | കൊക്കയാർ | SMGUPS മേലോരം |

പ്രോജക്ടധിഷ്ഠിത പച്ചക്കറി കൃഷി

| ക്രമ നമ്പർ | പഞ്ചായത്ത് | സ്കൂൾ/കോളേജ് |
|---|---|---|
| 1 | വണ്ടിപ്പെരിയാർ | ST JOSEPH PUBLIC SCHOOL വണ്ടിപ്പെരിയാർ |
| 2 | പെരുവന്താനം | ST GEORGE LPS ചെറുവള്ളികുളം |
| | | ST ANTONYS COLLEGE പെരുവന്താനം |

**മുണ്ടേരി, മുട്ടിക്കടവ് കൃഷിത്തോട്ടങ്ങളിൽ ഫാം ടൂറിസം പദ്ധതി**

102(1372) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യയിലെ തന്നെ വലിപ്പത്തിൽ രണ്ടാം സ്ഥാനമുള്ള മുണ്ടേരി കൃഷി ഫാം, മുട്ടിക്കടവ് ജില്ലാ വിത്തുകൃഷിത്തോട്ടം എന്നിവിടങ്ങളിൽ ടൂറിസം വകുപ്പുമായി ചേർന്ന് ഫാം ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) അന്തർ സംസ്ഥാന പാതയായ സി.എൻ.ജി.റോഡിനോട് ചേർന്ന മുട്ടിക്കടവ് ജില്ലാ വിത്ത് കൃഷിത്തോട്ടത്തിൽ മുതിർന്നവർക്കും കുട്ടികൾക്കും വിനോദത്തിനും വിശ്രമത്തിനുമായി ലഘു ഭക്ഷണ ശാലയോടുകൂടിയ കാർഷിക സൗഹൃദപാർക്ക് ആരംഭിക്കുന്ന കാര്യത്തിൽ അഭിപ്രായം അറിയിക്കാമോ;

(സി) കൃഷി വകുപ്പിന് വരുമാനം ലഭിക്കുന്ന വിധത്തിൽ ഇത്തരം ഒരു പദ്ധതി തയ്യാറാക്കുന്നതിന് മലപ്പുറം ജില്ല ടൂറിസം പ്രമോഷൻ കൗൺസിലിന് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ദേശീയ/സംസ്ഥാന പാതയോരത്ത് ശുചിമുറികൾ സ്ഥാപിക്കുന്ന പദ്ധതിക്കായി മുട്ടിക്കടവ് ജില്ലാ വിത്തു കൃഷിത്തോട്ടത്തിന്റെ സ്ഥലം ലഭ്യമാക്കാമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മുണ്ടേരി വിത്ത് കൃഷിത്തോട്ടങ്ങളിൽ പ്രളയാനന്തരമുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മുണ്ടേരി വിത്ത് കൃഷിത്തോട്ടത്തിൽ പശു, എരുമ, മത്സ്യം, താറാവ്, മുയൽ, കൂൺ കൃഷി, തേനീച്ച വളർത്തൽ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടും ഏറുമാടങ്ങൾ, മുളങ്കുടിലുകൾ, വെർട്ടിക്കൽ ഗാർഡൻ, പൂന്തോട്ടങ്ങൾ, ലാന്റ് സ്കേപ്പിംഗ് എന്നിവ ചെയ്തുകൊണ്ടും ഫാം ടൂറിസം നടപ്പിലാക്കുന്നതിനുള്ള കരട് പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

മുട്ടിക്കടവ് (ചുങ്കത്തറ) ജില്ലാ കൃഷിത്തോട്ടത്തിൽ ഫാം ടൂറിസം നടപ്പാക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

(ബി&സി) മലപ്പുറം ജില്ലാ പഞ്ചായത്തിന് കീഴിൽവരുന്ന വാർഷിക പദ്ധതി 2018-2019, 2019-2020, 2020-2021 പ്രകാരം ചുങ്കത്തറ (മുട്ടിക്കടവ്) ജില്ലാ കൃഷിത്തോട്ടത്തിൽ ലഘുഭക്ഷണശാല, വിൽപ്പനശാല, വാഹന പാർക്കിംഗ്, ശുചിമുറി എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസർ ജില്ലാ പഞ്ചായത്തിൽ സമർപ്പിച്ചിരുന്നു. ജില്ലാപഞ്ചായത്തിൽ ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണം കഴിഞ്ഞ മൂന്ന് വർഷമായി പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ല.

(ഡി) മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2018-2019, 2019-2020, 2020-2021 സാമ്പത്തിക വർഷ പദ്ധതിപ്രകാരം ശുചിമുറികൾക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ലഭ്യതക്കുറവുമൂലം കഴിഞ്ഞ മൂന്നുവർഷമായി പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ല.

## ആലത്തൂർ നിയമസഭാ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

103(1373) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ്-25 ന് കീഴിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആലത്തൂർ നിയമസഭാ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തിയുടെ വിശദവിവരവും അനുവദിച്ച തുകയും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആർ.ഐ.ഡി.എഫ്-25-നുകീഴിൽ ആലത്തൂർ സൗകര്യ വികസന പ്രവൃത്തികൾക്കായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 10 കോടിരൂപയുടെ പ്രോജക്റ്റ് സമർപ്പിച്ചിരുന്നുവെങ്കിലും ആയതിന് സെക്ടറൽ അലോക്കേഷന്റെ പരിമിതിമൂലം ഭരണാനുമതി നൽകിയിട്ടില്ല.

## പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന് കുളം നിർമ്മിക്കുന്നതിനുള്ള പദ്ധതി

104(1374) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ മികച്ച കാർഷിക ഗവേഷണ കേന്ദ്രമായ പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന് വേനൽക്കാലത്ത് ജലസേചനം നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തത് ഗവേഷണത്തെ സാരമായി ബാധിക്കുന്നു എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എൽ.ഡി.ബി.-യുടെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത ഗവേഷണ കേന്ദ്രത്തിന് ഒരു വലിയ ജലാശയം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) പട്ടാമ്പി പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ ലഭ്യമായ സൗകര്യങ്ങൾ ക്രമാനുഗതമായി വികസിപ്പിച്ചുകൊണ്ടാണ് ഇപ്പോൾ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്. കേന്ദ്രത്തിന്റെ വികസനത്തിനായുള്ള മാസ്റ്റർ പ്ലാനിൽ

ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ആർ.കെ.വി.വൈ-യ്ക്ക് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി (കുളം നിർമ്മിച്ച് പമ്പ് സെറ്റ് വയ്ക്കാൻ) 152 ലക്ഷംരൂപയുടെ പദ്ധതിയും പരിഗണനയിലാണ്.

## പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ

105(1375) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തിൽ കൃഷിവകുപ്പ് മുഖേന പാലക്കാട് ജില്ലയിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2020-2021 വർഷത്തിൽ കൃഷി വകുപ്പ് മുഖേന അഗളി, ഷൊർണ്ണൂർ, കുഴൽമന്ദം എന്നിവിടങ്ങളിലാണ് പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

1) അഗളി - റീബിൽഡ് കേരള പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ "അട്ടപ്പാടി സമഗ്ര സുസ്ഥിര കാർഷിക പദ്ധതി" (Comprehensive and sustainable agriculture Development Project for Attappady) എന്ന പേരിൽ 7.99 കോടിരൂപയുടെ ഒരു പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി അട്ടപ്പാടിയിലെ 192 പട്ടികവർഗ്ഗ ഊരുകളുടെ കാർഷിക മേഖലയിലെ ഉന്നമനത്തെ ലക്ഷ്യമിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. അട്ടപ്പാടി മേഖല 2 പ്രത്യേക അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. പൂർണ്ണമായും ജൈവകൃഷി രീതികളിലൂടെ കൃഷി ചെയ്ത് അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെയും അവിടത്തെ കാർഷിക മേഖലയുടെയും സുസ്ഥിര വികസനവും ഈ മേഖലയുടെ പരിസ്ഥിതി സന്തുലനവും നിലനിർത്താനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ജൈവകൃഷി രീതികളിലൂടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെയും കാർഷിക വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായാണ് ഈ പദ്ധതി.

- ചെറുധാന്യങ്ങൾ, എണ്ണക്കുരു, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്ന വിസ്തീർണ്ണം വർദ്ധിപ്പിക്കുക, ഏകദേശം 2000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി മുറകൾ പ്രയോഗിച്ച് സുസ്ഥിരമായ കാർഷികോൽപ്പാദനം നടത്തുക എന്നിവയാണ് പദ്ധതികളുടെ ഘടകങ്ങൾ.

- കൃഷി ചെയ്യുമ്പോഴുള്ള വന്യമൃഗശല്യം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. വന്യമൃഗശല്യം ചെറുക്കാൻ ഒരു നൂതന പദ്ധതിയായ തേനീച്ചവേലികൾ ചെയ്യാൻ ഉദ്ദേശിക്കുന്നു. കാട്ടാനശല്യം ഒഴിവാക്കുന്നതിന് തേനീച്ച വേലികൾ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഇവയിൽനിന്നും ലഭിക്കുന്ന തേൻ കർഷകർക്ക് മറ്റൊരു വരുമാന മാർഗ്ഗവുമാണ്.

- പൂർണ്ണമായും ജൈവ രീതിയിൽ കൃഷി ചെയ്യുന്നതിനുവേണ്ടി ജൈവകൃഷിക്ക് സഹായമാകുന്ന ജൈവകീടനാശിനികളും ജീവാണു വളങ്ങളും നൽകുവാൻ ഉദ്ദേശിക്കുന്നു.

- ഇത്തരത്തിൽ കൃഷി ചെയ്തുവരുന്ന വിളകൾക്ക് സംഭരണം ഉറപ്പാക്കുവാനും വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

- അട്ടപ്പാടിയിലെ തനത് വിത്തുകൾ സംരക്ഷിക്കുന്നതിനുവേണ്ടി സീഡ് ബാങ്ക് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. 20 ഊരുകളിലായാണ് ഈ പദ്ധതി നടത്തുവാൻ ഉദ്ദേശിക്കുന്നത്. സീഡ് ബാങ്കുകളിലൂടെ ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയുടെ വിത്തുകൾ ശേഖരിച്ച് വയ്ക്കുന്നതാണ്.

- കാർഷിക ഉൽപ്പന്നങ്ങളുടെ പ്രത്യേകിച്ച് ചെറുധാന്യങ്ങളുടെ മൂല്യവർദ്ധനവിന് വേണ്ടിയുള്ള സഹായം നൽകുക. ജൈവരീതിയിൽ കൃഷി ചെയ്യുന്നതിനാൽ ഇവയുടെ ഉൽപ്പാദനം കുറവായിരിക്കും. ആയതുകൊണ്ട് മൂല്യവർദ്ധനവിലൂടെ അട്ടപ്പാടിയിലെ കർഷകർക്ക് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനാകും.

- ഓർഗാനിക് സർട്ടിഫിക്കേഷനും ഭൗമസൂചിക പട്ടം ലഭിക്കുന്നതിനുവേണ്ടിയുള്ള സഹായം നൽകുക – ഓർഗാനിക് സർട്ടിഫിക്കേഷനുള്ള നടപടികൾ 40 ഊരുകളിൽ ആരംഭിച്ചിട്ടുണ്ട്. അവയ്ക്ക് സി1 സർട്ടിഫിക്കേഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 30 ഊരുകളിൽ ഓർഗാനിക് സർട്ടിഫിക്കേഷനുള്ള നടപടികൾ ആരംഭിക്കുവാനുള്ള സഹായം നൽകുന്നതാണ്. അട്ടപ്പാടിയിലെ തനത് വിളകളായ ആറ്റുകൊമ്പ് അവര, അട്ടപ്പാടി തുവര എന്നിവയ്ക്ക് ഭൗമസൂചിക പട്ടം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെ അട്ടപ്പാടി കടുക്, പൊരി, ചീര എന്നിവയ്ക്കും ഈ പട്ടം ലഭിക്കുവാനുള്ള നടപടി ആരംഭിക്കുന്നതാണ്.

കൂടാതെ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിനായി അനുവദിച്ചിട്ടുള്ള പദ്ധതിയായ കേരളത്തിലെ വിപണി ശൃംഖലയുടെ ശാക്തീകരണം എന്ന പദ്ധതിയും പാലക്കാട് ജില്ലയ്ക്ക് പ്രയോജനപ്പെടുന്നതാണ്.

2) ഷൊർണ്ണൂർ - പദ്ധതിയുടെരൂപരേഖ ലഭിച്ച് വരുന്നതേയുള്ളൂ. പച്ചക്കറിക്കായിട്ടുള്ള ജീവനി പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

3) കുഴൽമന്ദം -

| ക്രമ നമ്പർ | പദ്ധതി | 2020-2021 |
|---|---|---|
| 1 | സമഗ്ര നെൽക്യഷി വികസനം | 73832400 |
| 2 | സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം | 100000 |
| 3 | ഓണ സമൃദ്ധി | 420000 |
| 4 | മണ്ണ് ആരോഗ്യ പദ്ധതി | 5331350 |
| 5 | വിള ആരോഗ്യ പരിപാലനം | 597013 |
| 6 | ജൈവകൃഷി | 79000 |
| 7 | കൃഷി വിജ്ഞാന വ്യാപന ശാക്തീകരണം | 1430290 |
| 8 | വകുപ്പ് ലാബുകളുടെ നവീകരണം | 31805 |
| 9 | കാർഷിക സേവന കേന്ദ്രവും സേവനം നൽകലും | 250335 |
| 10 | പച്ചക്കറി വികസന പദ്ധതി | 2434850 |
| 11 | ഔഷധ കൃഷി | 40000 |
| 12 | ബയോഗ്യാസ് | 24000 |
| 13 | പരമ്പരാഗത കൃഷി വികാസ് യോജന | 3415809 |
| 14 | എൻ.എം.എസ്.എ. | 150000 |
| 15 | ആർ.കെ.വി.വൈ. കാർഷിക കർമ്മസേന | 3000 |
| 16 | പ്രകൃതിക്ഷോഭം | 250000 |
| 17 | വിള ഇൻഷ്വറൻസ് | 30350000 |
| 18 | സൗജന്യ വൈദ്യുതി | 5000000 |
| 19 | എൻ.എഫ്.എസ്.എം. | 3500000 |
| 20 | സ്റ്റേർ ഹോർട്ടിക്കൾച്ചർ മിഷൻ | 2400000 |
| 21 | ആർ.കെ.വി.വൈ. നെൽക്യഷി | 21690000 |

(ബി) 1) അഗളി - റീബിൽഡ് കേരള പദ്ധതിപ്രകാരം പാലക്കാട് ജില്ലയിൽ "അട്ടപ്പാടി സമഗ്ര സുസ്ഥിര കാർഷിക പദ്ധതി" (Comprehensive and sustainable agriculture Development Project for Attappady) എന്ന പേരിൽ 7.99 കോടിരൂപയുടെ ഒരു പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

2) ഷൊർണ്ണൂർ - പദ്ധതിയുടെരൂപരേഖയായി വരുന്നതേയുള്ളൂ.

3) കുഴൽമന്ദത്തിനായി 151329852 രൂപ നീക്കിവച്ചിട്ടുണ്ട്.

**ആലത്തൂർ നിയോജകമണ്ഡലത്തിൽ ഹരിത കേരളം പദ്ധതികൾ**

106(1376) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ആലത്തൂർ നിയോജക മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി പുതിയ പദ്ധതികൾ പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ആലത്തൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ താഴെ ചേർക്കുന്നു.

ആലത്തൂർ ബ്ലോക്ക്

1. ഒരു ബ്ലോക്ക് പഞ്ചായത്തിൽ ഒരു പഞ്ചായത്ത് തരിശ്ശുരഹിത ഗ്രാമമാക്കുന്നതിന് ആലത്തൂർ, എരിമയൂർ, കിഴക്കഞ്ചേരി എന്നീ പഞ്ചായത്തുകളിലെ ഓരോ വാർഡുവീതം തെരഞ്ഞെടുത്തു.
2. ആലത്തൂർ, എരിമയൂർ, കിഴക്കഞ്ചേരി എന്നീ പഞ്ചായത്തുകളിൽ 1875 പച്ചക്കറിത്തൈകൾവീതം വിതരണം ചെയ്തു.
3. സ്കൂളുകളിൽ പച്ചക്കറികൃഷിക്കായി ആലത്തൂരിൽ രണ്ടും എരിമയൂരിൽ രണ്ടും കിഴക്കഞ്ചേരിയിൽ മൂന്നും സ്കൂളുകൾവീതം തെരഞ്ഞെടുത്തു.
4. പാഠം ഒന്ന് പാടത്തേയ്ക്ക് എന്ന പദ്ധതിയിലൂടെ കുട്ടികളിൽ കൃഷിയെക്കുറിച്ചുള്ള അവബോധം സൃഷ്ടിച്ചു.

5. കിഴക്കഞ്ചേരി പഞ്ചായത്തിൽ 15 ഹെക്ടർ സ്ഥലത്ത് ഗ്രൂപ്പ് അടിസ്ഥാനത്തിൽ പച്ചക്കറിക്കൃഷി ചെയ്തു.
6. എരിമയൂർ പഞ്ചായത്തിൽ 2 മഴമറ ഉണ്ടാക്കി.
7. എല്ലാ പഞ്ചായത്തിലും പച്ചക്കറിക്കൃഷിയെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടി നടത്തി.
8. ആലത്തൂർ പഞ്ചായത്തിൽ 2 ഹെക്ടർ സ്ഥലത്തും കിഴക്കഞ്ചേരി പഞ്ചായത്തിൽ 2 ഹെക്ടർ സ്ഥലത്തും എരിമയൂരിൽ 1 ഹെക്ടർ സ്ഥലത്തും തരിശ് നെൽക്കൃഷി ചെയ്തു.

നെന്മാറ ബ്ലോക്ക്

മേലാർകോട്, വണ്ടാഴി പഞ്ചായത്തുകളിൽ 2.4 ഹെക്ടർ തരിശുനിലങ്ങളിൽ നെൽക്കൃഷിയും 1 ഹെക്ടർ പച്ചക്കറിക്കൃഷിയും ചെയ്തിട്ടുണ്ട്. കൂടാതെ 15730 കിറ്റ് പച്ചക്കറി വിത്തും 36800 പച്ചക്കറിത്തൈകളും വിതരണം ചെയ്തു.

മേലാർകോട് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി 50,000 പച്ചക്കറിത്തൈകൾ, 67 യൂണിറ്റ് ഗ്രോബാഗുകൾ, 15,000 ടിഷ്യുകൾച്ചർ വാഴ എന്നിവയും വിതരണം ചെയ്തിട്ടുണ്ട്.

കുഴൽമന്ദം ബ്ലോക്ക്

1) പരിസ്ഥിതി സൗഹൃദ നെൽക്കൃഷി നടത്തുന്നു.
2) തരിശുഭൂമിയിൽ പച്ചക്കറി/പാട്ടക്കൃഷി നടത്തുന്നു.
3) പച്ചക്കറിത്തൈകൾ - 10,070 പച്ചക്കറിത്തൈകൾ വിതരണം ചെയ്തു.
4) ബയോബിൻ - 10 എണ്ണം സ്ഥാപിച്ചു.
5) 3300 കുരുമുളക് വള്ളി വിതരണം ചെയ്തു.
6) ജനകീയാസൂത്രണ പദ്ധതി പ്രകാരം കുടുംബശ്രീ യൂണിറ്റുകൾക്ക് 1,20,000 പച്ചക്കറിത്തൈകൾ വിതരണം ചെയ്തു.
7) ജൈവനിയന്ത്രണോപാധി 100 കിലോഗ്രാം നൽകി ആർ.കെ.വി.വൈ. പദ്ധതിപ്രകാരം 50 ഏക്കർ വരുന്ന 3 ഗ്രൂപ്പുകളെ തെരഞ്ഞെടുത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നു.

(ബി) ആലത്തൂർ ബ്ലോക്ക്

(1) വിവിധ പഞ്ചായത്തുകളിൽ കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കുന്നതാണ്.

(2) പരിസ്ഥിതി സൗഹൃദ കൃഷി രണ്ടാംവിളയിൽ നടത്തുന്നു.

നെന്മാറ ബ്ലോക്ക്

വണ്ടാഴി മേലാർകോട് പഞ്ചായത്തുകളിൽ ഓരോ വാർഡുകളിൽ ഹരിത വാർഡുകളാക്കുവാൻ ഉദ്ദേശിക്കുന്നു. (എല്ലാ വീടുകളിലും പച്ചക്കറിക്കൃഷിയും മാലിന്യ സംസ്കരണ യൂണിറ്റുകളും സ്ഥാപിച്ച്.)

കുഴൽമന്ദം ബ്ലോക്ക്

പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൂടുതൽ തരിശ്ശുനിലങ്ങൾ കൃഷി യോഗ്യമാക്കാനും പച്ചക്കറിക്കൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാനും അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനം വിത്തുകളുപയോഗിച്ച് കൃഷി ചെയ്യുന്നതിനുംവേണ്ട പദ്ധതികൾക്ക് രൂപം കൊടുക്കുവാനും ഉദ്ദേശിക്കുന്നു. കൂടാതെ തേങ്കുറിശ്ശി പഞ്ചായത്തിനെ പച്ചക്കറി സ്വയംപര്യാപ്ത പഞ്ചായത്തായി മാറ്റുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 3 ബയോബിൻ സ്ഥാപിക്കുവാനും ഒരു വാം (VAM) പ്രൊഡക്ഷൻ യൂണിറ്റും 0.70 ഹെക്ടർ തരിശ്ശുനില പച്ചക്കറിക്കൃഷിയും 0.70 ഹെക്ടർ പറമ്പുകൃഷിയും നിറപദ്ധതിയുടെ ഭാഗമായി 500 ഏക്കർ രണ്ടാംവിള സംയോജിത പരിസ്ഥിതി സൗഹാർദ്ദ കൃഷിയും ആർ.കെ.വി.വൈ. പദ്ധതിയുടെ തുടർപ്രവർത്തനങ്ങളും നടപ്പിലാക്കുവാൻ പോകുന്നു.

**കാട്ടാക്കട മണ്ഡലത്തിലെ കുളങ്ങളുടെയും തോടുകളുടെയും നവീകരണം**

107(1377) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ കുളങ്ങളുടെയും തോടുകളുടെയും നവീകരണത്തിനായി കെ.എൽ.ഡി.സി. തയ്യാറാക്കി സമർപ്പിച്ച പദ്ധതിയുടെ (PA1/291/2019/Agri) നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ആയത് സംബന്ധിച്ച് അഗ്രിക്കൾച്ചർ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; തുടർനടപടി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ, വിളപ്പിൽ, മലയിൻകീഴ് എന്നീ പഞ്ചായത്തുകളിൽ പ്രളയംമൂലം നാശം സംഭവിച്ച കുളങ്ങളുടെയും തോടുകളുടെയും നവീകരണത്തിനായി 460 ലക്ഷംരൂപയുടെ പദ്ധതി തയ്യാറാക്കി കെ.എൽ.ഡി.സി. സമർപ്പിച്ചിരുന്നു. പദ്ധതി ആർ.കെ.ഐ. ഗൈഡ്‌ലൈൻ പ്രകാരം പുനഃസമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

## അട്ടപ്പാടി സമഗ്ര സുസ്ഥിര കാർഷിക പദ്ധതി

108(1378) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് നടപ്പിലാക്കുന്ന അട്ടപ്പാടി സമഗ്ര സുസ്ഥിര കാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ചുള്ള വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. അട്ടപ്പാടിയിലെ 192 പട്ടികവർഗ്ഗ ഊരുകളുടെ കാർഷിക മേഖലയിലെ ഉന്നമനത്തെ ലക്ഷ്യമിട്ടാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അട്ടപ്പാടി മേഖല രണ്ട് പ്രത്യേക അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. പൂർണ്ണമായും ജൈവകൃഷി രീതികൾ അവലംബിച്ച് അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെയും അവിടത്തെ കാർഷിക മേഖലയുടെയും സുസ്ഥിര വികസനവും ഈ മേഖലയുടെ പരിസ്ഥിതി സന്തുലനവും നിലനിർത്താനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ജൈവകൃഷി രീതികളിലൂടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെയും കാർഷിക വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായാണ് ഈ പദ്ധതി.

താഴെപ്പറയുന്ന ഘടകങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്:

- ചെറുധാന്യങ്ങൾ, എണ്ണക്കുരു, പച്ചക്കറി എന്നിവയുടെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കുക:- ഏകദേശം 2,000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി മുറകൾ പ്രയോഗിച്ച് സുസ്ഥിരമായ കാർഷികോൽപ്പാദനമാണ് ഇതുവഴി ഉദ്ദേശിക്കുന്നത്.

• കൃഷി ചെയ്യുമ്പോഴുള്ള വന്യമൃഗശല്യം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക:- വനമേഖലയിൽ കൃഷി ചെയ്യുമ്പോഴുള്ള വന്യമൃഗശല്യം ചെറുക്കാൻ ഒരു നൂതന പദ്ധതിയായ തേനീച്ച വേലികൾ ചെയ്യാനുദ്ദേശിക്കുന്നു. കാട്ടാനശല്യം ഒഴിവാക്കുന്നതിന് തേനീച്ച വേലികൾ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഇവയിൽനിന്നും ലഭിക്കുന്ന തേൻ കർഷകർക്ക് മറ്റൊരു വരുമാന മാർഗ്ഗവുമാണ്.

• പൂർണ്ണമായും ജൈവരീതിയിൽ കൃഷി ചെയ്യുന്നതിനുവേണ്ടി ജൈവകൃഷിക്ക് സഹായകമാകുന്ന ജൈവകീടനാശിനികളും ജീവാണു വളങ്ങളും നൽകുക.

• ഇത്തരത്തിൽ കൃഷി ചെയ്തുവരുന്ന വിളകൾക്ക് സംഭരണം ഉറപ്പാക്കുവാനും വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

• അട്ടപ്പാടിയിലെ തനത് വിത്തുകൾ സംരക്ഷിക്കുന്നതിനുവേണ്ടി സീഡ് ബാങ്ക് നിർമ്മിക്കുക.

• കാർഷിക ഉൽപ്പന്നങ്ങളുടെ, പ്രത്യേകിച്ച് ചെറുധാന്യങ്ങളുടെ മൂല്യവർദ്ധനവിന് വേണ്ടിയുമുള്ള സഹായം നൽകുക.

• ഓർഗാനിക് സർട്ടിഫിക്കേഷനും ഭൗമസൂചിക പട്ടം ലഭിക്കുന്നതിനും വേണ്ടിയുള്ള സഹായം നൽകുക.

(ബി) പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിക്കായി വിശദമായ പദ്ധതിരേഖ ആർ.കെ.ഐ. ഉന്നതാധികാര സമിതി (HLEC)-യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പ് അട്ടപ്പാടി വില്ലേജ് സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ നടപ്പാക്കുന്നതാണ്.

## നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ സഹസ്ര സരോവർ പദ്ധതി

109(1379) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹസ്ര സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

സഹസ്ര സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ പ്രവൃത്തികളൊന്നും കെ.എൽ.ഡി.സി. മുഖാന്തരം നടപ്പാക്കിയിട്ടില്ല.

നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കരകുളം, വെമ്പായം എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന ചിറത്തലയ്ക്കൽ കുളം, കൊഞ്ചിറ മുടിപ്പുരക്കുളം എന്നിവയുടെ നവീകരണത്തിനായുള്ള എസ്റ്റിമേറ്റ് കെ.എൽ.ഡി.സി. തയ്യാറാക്കി വരുന്നുണ്ട്. ആയത് 2020-21 വർഷത്തെ ആർ.ഐ.ഡി.എഫ്/ആർ.കെ.വി.വൈ. സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ തുമ്പോട് ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി 2020-21-ലെ പ്ലാൻ സ്കീമിലോ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിലോ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## ചാത്തനല്ലൂർ പൂപ്പലം പാടശേഖരങ്ങൾ സംരക്ഷിക്കുന്നതിന് പദ്ധതി

110(1380) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ അങ്ങാടിപ്പുറം പഞ്ചായത്തിലെ ചാത്തനല്ലൂർ പൂപ്പലം പാടശ്ശേഖരങ്ങൾ സംരക്ഷിക്കുന്നതിന് സംരക്ഷണ ഭിത്തി അടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ചെറുപുഴയിലേയ്ക്ക് ഒഴുകിയെത്തുന്ന തോടിന്റെ സംരക്ഷണ ഭിത്തി പുതുക്കി പണിയുന്നതിന് നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) മങ്കട നിയോജകമണ്ഡലത്തിലെ അങ്ങാടിപ്പുറം പഞ്ചായത്തിൽ വരുന്ന ചെറുപുഴതോട് വികസനവും പാർശ്വ സംരക്ഷണവും എന്ന പ്രവൃത്തിക്കായി 8.55 കോടിരൂപയുടെ എസ്റ്റിമേറ്റ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) തയ്യാറാക്കിയിട്ടുണ്ട്. പൂപ്പലം പാടശേഖര തോടിന്റെയും ചാത്തനല്ലൂർ പാടശേഖര തോടിന്റെയും സംരക്ഷണ ഭിത്തി (2800 മീറ്റർ നീളം) നിർമ്മാണമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയത് ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പ്രളയ ധനസഹായം

111(1381) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018, 2019 വർഷങ്ങളിൽ ഉണ്ടായിട്ടുള്ള പ്രളയത്തിലും കാലവർഷക്കെടുതികളിലും പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ കർഷകരിൽ

എത്ര പേർക്ക് എത്രരൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് എത്രരൂപയുടെ ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇനി എത്രരൂപയുടെ ധനസഹായം നൽകാൻ ബാക്കിയുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ധനസഹായത്തിനു പുറമെ കൃഷി പുനരാരംഭിക്കുന്നതിന് മറ്റെന്തെല്ലാം തരത്തിലുള്ള സഹായം ഈ മണ്ഡലത്തിൽ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) എല്ലാ കർഷകർക്കും അർഹമായ എല്ലാ സഹായവും അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2018 വർഷം 1262 കർഷകർക്ക് 2,39,49,343 രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. ഇതിൽ 1062 കർഷകർക്ക് 2,20,99,442 രൂപ ധനസഹായം നൽകിയിട്ടുണ്ട്. വെട്ടൂർ, ഏലകുളം പഞ്ചായത്തുകളിൽ 200 കർഷകർക്ക് 18,49,901 രൂപ വിതരണം ചെയ്യാൻ ബാക്കിയുണ്ട്. 2019-ൽ 612 കർഷകർക്ക് 1,78,15,710 രൂപയുടെ നാശനഷ്ടമുണ്ടായി. പ്രസ്തുത തുക കർഷകർക്ക് നൽകുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ധനസഹായത്തിന് പുറമെ കൃഷി പുനരാരംഭിക്കുന്നതിന് പുനർജനി പദ്ധതിവഴി കർഷകർക്ക് കുമ്മായം, പച്ചക്കറിത്തൈകൾ, വിത്തുകൾ, വാഴക്കന്നുകൾ, മൺവെട്ടികൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

(സി) ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് മുഴുവൻ കർഷകർക്കും അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതാണ്.

**കുര്യാപ്പിള്ളി തോട് വാട്ടർഷെഡ് പദ്ധതി**

112(1382) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കുര്യാപ്പിള്ളി തോട് വാട്ടർഷെഡ് സ്കീമിന്റെ കോർപ്പസ് ഫണ്ട് ഇനത്തിൽ 2000 മുതൽ കോലഞ്ചേരി എസ്.ബി.ഐ.-യിൽ നിക്ഷേപിച്ചിരിക്കുന്ന മുപ്പത്തിമൂന്ന് ലക്ഷത്തിലധികം വരുന്ന തുക ഈ പദ്ധതിയുടെ ഭാഗമായ മഴവന്നൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 15-ലെ നെടുചിറ കെട്ടി സംരക്ഷിക്കുന്നതിനായി വിനിയോഗിക്കാൻ നടപടി സ്വീകരിക്കു മോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്ര സംബന്ധിച്ച് കോലഞ്ചേരി മണ്ണ് സംരക്ഷണ ഓഫീസ് തയ്യാറാക്കി സമർപ്പിച്ച പദ്ധതി നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ യെന്ന് അറിയിക്കാമോ;

(സി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) എറണാകുളം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ നെടുംചിറ കെട്ടി സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**റോഡ് പുറമ്പോക്കിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ**

113(1383) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് പുറമ്പോക്ക് ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ കയ്യേറ്റങ്ങൾ അളന്ന് തിട്ടപ്പെടുത്തി ഒഴിപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടർ 2018 മേയ് മാസം ഉത്തരവായിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എത്ര ഹെക്ടർ ഭൂമി വീണ്ടെടുത്തു;

(സി) പുറമ്പോക്ക് സംബന്ധിച്ച രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കുന്നതിന് നിലവിൽ ആർക്കാണ് ചുമതല നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലുമുള്ള പുറമ്പോക്ക് സ്ഥലങ്ങളുടെയും ആസ്തികളുടെയും സംരക്ഷണവും പൊതുസുരക്ഷയും സംബന്ധിച്ച് 8-11-2018-ലെ സി2-15471/18 നമ്പരായി പഞ്ചായത്ത് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 1) തിരുവനന്തപുരം - ഭൂമി വീണ്ടെടുത്തിട്ടില്ല.

2) കൊല്ലം - ആദിച്ചനെല്ലൂർ, നീണ്ടകര ഗ്രാമപഞ്ചായത്തുകളുടെ 0.0584 ഹെക്ടർ ഭൂമി കയ്യേറ്റം ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഭൂമി തിരിച്ചുപിടിക്കുന്നതിന് ബഹുമാനപ്പെട്ട കോടതിയിൽ കേസ് നിലവിലുണ്ട്.

3) പത്തനംതിട്ട - 0.00753 ഹെക്ടർ ഭൂമി വീണ്ടെടുത്തിട്ടുണ്ട്.

4) ആലപ്പുഴ - 8.0685 ഹെക്ടർ ഭൂമി വീണ്ടെടുത്തിട്ടുണ്ട്.

5) കോട്ടയം - ഏലിക്കുളം ഗ്രാമപഞ്ചായത്ത് 0.0364 ഹെക്ടർ, മണർക്കാട് ഗ്രാമപഞ്ചായത്ത് 0.0367 ഹെക്ടർ, തലപ്പലം ഗ്രാമപഞ്ചായത്ത് 0.032 ഹെക്ടർ ഭൂമി വീണ്ടെടുത്തിട്ടുണ്ട്.

6) ഇടുക്കി - ഭൂമി വീണ്ടെടുത്തിട്ടില്ല.

7) എറണാകുളം - 0.0428 ഹെക്ടർ ഭൂമി വീണ്ടെടുത്തിട്ടുണ്ട്.

8) തൃശ്ശൂർ - 7.250 ഹെക്ടർ ഭൂമി വീണ്ടെടുത്തിട്ടുണ്ട്.

9) പാലക്കാട് - ഭൂമി വീണ്ടെടുത്തിട്ടില്ല.

10) മലപ്പുറം - ഭൂമി വീണ്ടെടുത്തിട്ടില്ല.

11) കോഴിക്കോട് - പുറമ്പോക്ക് കയ്യേറ്റങ്ങൾ അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

12) വയനാട് - പുറമ്പോക്ക് വിവരങ്ങൾ വില്ലേജ് ഓഫീസിൽനിന്നും ശേഖരിച്ച് അവ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

13) കണ്ണൂർ - ഭൂമി വീണ്ടെടുത്തിട്ടില്ല.

14) കാസർകോട് - പടന്ന ഗ്രാമപഞ്ചായത്തിൽ 0.14 ഏക്കർ ഭൂമി വീണ്ടെടുത്തിട്ടുണ്ട്.

(സി) പഞ്ചായത്തിലെ പുറമ്പോക്ക് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കേണ്ട ചുമതല അതാത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും നഗരസഭാ പരിധിയിലുള്ള പുറമ്പോക്ക് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കേണ്ട ചുമതല അതാത് നഗരസഭാ സെക്രട്ടറിമാർക്കുമാണ്.

## തദ്ദേശസ്വയംഭരണ-ഗ്രാമവികസന വകുപ്പുകളുടെ സംയോജനം

114(1384) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ-ഗ്രാമവികസന വകുപ്പുകളുടെ സംയോജനം നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലെ വിവിധ വകുപ്പുകൾ സംയോജിപ്പിച്ച് പൊതുസർവ്വീസ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച കരട് സ്പെഷ്യൽ റൂൾസിന്മേൽ, 2018 നവംബർ 8, 9 തീയതികളിൽ ബന്ധപ്പെട്ട എല്ലാ വിഭാഗം സർവ്വീസ് സംഘടനകളുമായി സർക്കാർ ചർച്ച നടത്തുകയുണ്ടായി. സർവ്വീസ് സംഘടനകളുമായുള്ള ചർച്ചയിൽ ഉന്നയിച്ച നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും പരിശോധന നടത്തി ആവശ്യമായവ ഉൾക്കൊള്ളിച്ച് സ്റ്റേറ്റ് സർവ്വീസിന്റെ കരട് ചട്ടങ്ങൾ ഭേദഗതി വരുത്തുകയുണ്ടായി. കരട് ചട്ടങ്ങളിന്മേൽ വകുപ്പ് മേധാവികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിശോധിക്കുന്നതിനായി 20-9-2019-ലെ സ.ഉ.(സാധാ) നമ്പർ 2036/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശസ്വയംഭരണ-ഗ്രാമീൺ) - ചെയർപേഴ്സൺ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചെയർമാൻ - മെമ്പർ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ- കൺവീനർ എന്നിവരടങ്ങുന്ന മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി, ഭേദഗതി വരുത്തിയ കരട് വിശേഷാൽ ചട്ടങ്ങളിന്മേൽ കില ഡയറക്ടറുമായും പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പ് മേധാവികളുമായും 2019 ഒക്ടോബർ 17, 18 തീയതികളിൽ ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റി മുമ്പാകെ വകുപ്പ് മേധാവികൾ ഉന്നയിച്ച നിർദ്ദേശങ്ങളിന്മേലുള്ള കമ്മിറ്റിയുടെ അഭിപ്രായം/ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്.

## ലേബർ കോൺട്രാക്ട് സംഘങ്ങൾക്ക് പി.ഡബ്ല്യു.ഡി. ലൈസൻസ്

115(1385) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സംസ്ഥാന സഹകരണ വകുപ്പ് പുറപ്പെടുവിച്ച (1) G.O.(MS) No.135/97/Co-op. Dated 13-11-1997. (2) G.O.(MS)No.153/2011/Co-op. Dated 31-10-2011. (3) G.O.(MS)No.84/2014/Co-op. Dated 26-6-2014. (4)സ.ഉ.(കൈ)നമ്പർ 224/2015/സ.ഹ. തീയതി 17-4-2015. (5)സ.ഉ.(കൈ)നമ്പർ28/16/ സ.ഹ. തീയതി 2-5-2016. (6) സ.ഉ.(കൈ)നമ്പർ31/16/സ.ഹ.തീയതി.29-6-2016 - കേരള സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് - സ.ഉ. (സാധാ)നം.2780/2017/ത.സ്വ.ഭ.വ. തീയതി 11-06-2017, സ.ഉ.(സാധാ)നം.

3630/2017/ത.സ്വ.ഭ.വ.തീയതി.10-11-2017 - എന്നീ ഉത്തരവുകൾക്ക് പുറമേ ലേബർ കോൺട്രാക്ട് സംഘങ്ങൾക്ക് എൽ.എസ്.ജി.ഡി. പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് പി.ഡബ്ല്യൂ.ഡി. ലൈസൻസ് കൂടി വേണമെന്ന് പറയുന്നതിനെപ്പറ്റി അറിയാമോ; അത്തരത്തിൽ ഒരു ലൈസൻസ് ആവശ്യമുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

തദ്ദേശസ്വയംഭരണ വകുപ്പിലെ പ്രവൃത്തികൾക്കായി ഒരു മാന്വൽ നിലവിലില്ലാത്തതിനാൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള ടെണ്ടർ നടപടിക്രമങ്ങളാണ് തദ്ദേശസ്വയംഭരണ വകുപ്പിലും പാലിക്കപ്പെടുന്നത്. ആയതിനാൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ അനുസരിച്ച് ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസിലെ വ്യവസ്ഥകൾ പ്രകാരം പി.ഡബ്ല്യു.ഡി. ലൈസൻസ് ആവശ്യമുള്ളതിനാൽ എൽ.എസ്.ജി.ഡി. പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ആയതുകൂടി സമർപ്പിക്കേണ്ടതുണ്ട്.

## തദ്ദേശ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയുടെ പങ്കാളിത്തം

116(1386) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയുടെ പങ്കാളിത്തം തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ മാർഗ്ഗനിർദ്ദേശം തയ്യാറാക്കിയിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികളുടെ സേവനം എങ്ങനെ പ്രയോജനപ്പെടുത്താമെന്നാണ് തീരുമാനിച്ചിട്ടുള്ളത്; പ്രസ്തുത കാലയളവിൽ വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയുടെ പങ്കാളിത്തം തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാനായി 23-12-2019 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 2933/2019 ത.സ്വ.ഭ.വ. നമ്പർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുപ്രകാരം കേരളത്തിലെ സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകളിലുള്ള കോളേജുകളിൽ നിന്ന് എഞ്ചിനീയറിംഗ് ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾ പൂർത്തിയാക്കിയവർക്ക്, അവർക്ക് ഇഷ്ടമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലോ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളിലോ ഒരു വർഷം ഇന്റേൺഷിപ്പ് നൽകുന്നതിനും അതുവഴി

പ്രായോഗികമായ നൈപുണ്യ വികസനവും നൽകുന്നതിനും എഞ്ചിനീയറിംഗ് കോളേജുകളിലെ വിവിധ വകുപ്പുകളുടെയും അവയുടെ അദ്ധ്യാപകരുടെയും കൺസൾട്ടൻസി സേവനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പ്രോജക്ടുകൾക്കായി പ്രയോജനപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്.

ഇന്റേൺഷിപ്പിനായി വിവിധ സ്ഥാപനങ്ങളിൽ തെരഞ്ഞെടുക്കുന്നവരുടെ സേവനം എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെ സംബന്ധിച്ച് കൃത്യമായ പ്ലാനും പ്രോജക്ടുകളും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കണമെന്ന നിർദ്ദേശം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന വകുപ്പ് തലവൻമാർ മുഖേന അവരുടെ കീഴിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ സ്വാശ്രയ കോളേജുകളടക്കം എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കുതകുന്ന എഞ്ചിനീയറിംഗ് സ്റ്റാർട്ട് അപ് യൂണിറ്റുകൾ ക്യാമ്പസ്സിൽ ആരംഭിക്കേണ്ടതാണെന്നും സർക്കാരിന്റെ സ്റ്റാർട്ട് അപ് മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എഞ്ചിനീയറിംഗ് സ്റ്റാർട്ട് അപ്പുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വേണ്ട പ്രോത്സാഹനങ്ങൾ കൊടുക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

എഞ്ചിനീയറിംഗ് ബിരുദ കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് പ്രതിമാസം 10,000 രൂപയും ബിരുദാനന്തര ബിരുദ കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് പ്രതിമാസം 15,000 രൂപയും ഇന്റേൺഷിപ്പിന് സ്റ്റൈപ്പന്റ് നൽകാനുള്ള വ്യവസ്ഥയുണ്ട്.

### അഗതിരഹിത കേരളം പദ്ധതി

117(1387) ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗതിരഹിത കേരളം പദ്ധതി നടപ്പിലായത് എന്ന് മുതലാണ് എന്ന് അറിയിക്കാമോ; വിശദമാക്കാമോ;

(ബി) മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ടി പദ്ധതിക്ക് അംഗീകാരം നേടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2017 ഒക്ടോബറിലാണ് അഗതി രഹിത കേരളം പദ്ധതി ആരംഭിച്ചത്.

(ബി) നിലവിലുള്ള 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, 1033 ജനറൽ പദ്ധതികളാണുള്ളത്. ഇതിൽ 1030 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അംഗീകാരത്തോടെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ തിരുവല്ല നഗരസഭ, തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നഗരസഭ, ആലപ്പുഴ ജില്ലയിലെ മുതുകുളം പഞ്ചായത്ത് എന്നിവ ഇതുവരെ അഗതിരഹിത കേരളം പദ്ധതിയുടെ പ്രൊപ്പോസൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ല. 170 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടികവർഗ്ഗ പ്രത്യേക അഗതിരഹിത കേരളം പദ്ധതി നിലവിലുണ്ട്. ഈ 170 പദ്ധതികളും അംഗീകാരം നേടി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(സി) അഗതിരഹിത കേരളം പദ്ധതി ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് പൂർണ്ണമായും ക്ലേശഘടകങ്ങളുടെ (Indicators) അടിസ്ഥാനത്തിലാണ്. 9 ക്ലേശഘടകങ്ങളിൽ (Indicators) 7 എണ്ണവും അധിക ക്ലേശഘടകങ്ങളിൽ (Special Indicators) ഒരെണ്ണവും ബാധകമാക്കിയാണ് പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ക്ലേശഘടകങ്ങൾ, അധിക ക്ലേശഘടകങ്ങൾ എന്നീ സൂചകങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പ്രളയബാധിത പ്രദേശങ്ങളിൽ നടത്തുന്ന പ്രവൃത്തികൾ**

118(1388) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയ ബാധിത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എന്തെല്ലാം പ്രവൃത്തികൾ നടത്തിവരുന്നുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി എത്ര തുക സർക്കാർ ഇതുവരെ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രളയബാധിത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രളയത്തിൽ തകർന്ന റോഡ്/റോഡിതര ആസ്തികളുടെ പുനർനിർമ്മാണ/പുനരുദ്ധാരണ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രവർത്തനങ്ങൾ, കൃഷിഭൂമിയുടെ വീണ്ടെടുക്കൽ എന്നിവ നടത്തിവരുന്നുണ്ട്. പ്രളയത്തിൽ തകർന്നതും തദ്ദേശസ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടാത്തതുമായ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് മുഖ്യമന്ത്രിയുടെ 'തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി' നടപ്പിലാക്കിവരുന്നുണ്ട്.

പ്രളയക്കെടുതിയെത്തുടർന്നുള്ള പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രളയബാധിത പ്രദേശങ്ങളിൽ വീടും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിലും വരുമാനവും ഉറപ്പുവരുത്താൻ കഴിയുംവിധമുള്ള ചുവടെപ്പറയുന്ന ഘടകങ്ങളിൽപ്പെട്ട പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

1) ഗ്രാമീണ റോഡുകൾ അറ്റകുറ്റപ്പണികൾ ചെയ്ത് പുനഃസ്ഥാപിക്കൽ

2) കലുങ്കുകൾ പുനഃസ്ഥാപിക്കൽ

3) പൊതുകിണറുകളുടെ പുനരുദ്ധാരണം

4) ഗള്ളിപ്ലഗ്ഗിങ്, ഗാബിയോൺ, ബ്രഷ് വുഡ് ചെക്ക് ഡാം, തടയണകൾ, വി.സി.ബി. തുടങ്ങിയ ആസ്തികളുടെ പുനർനിർമ്മാണം, അറ്റകുറ്റപ്പണികൾ

5) പുഴ/തോട്/കനാലുകളുടെ പുനരുദ്ധാരണവും പാർശ്വഭിത്തി പുനഃസ്ഥാപനം/ബലപ്പെടുത്തലും

6) പൊതുകുളങ്ങളുടെ പുനർനിർമ്മാണം

7) ജലസേചന കനാലുകളുടെ പുനർനിർമ്മാണം, അറ്റകുറ്റപ്പണികൾ

8) പൊതുശൗചാലയങ്ങളുടെ നിർമ്മാണം

9) വെള്ളപ്പൊക്കംമൂലം ഉപയോഗശൂന്യമായ സ്കൂൾ കക്കൂസുകളുടെ പുനഃസ്ഥാപനം

10) കമ്പോസ്റ്റ് സംവിധാനങ്ങളുടെ പുനഃസ്ഥാപനം

11) കോണ്ടൂർ ബണ്ടുകൾ/കോണ്ടൂർ ട്രഞ്ചുകൾ തുടങ്ങിയവയുടെ പുനഃസ്ഥാപനം

12) വെള്ളക്കെട്ട് ഒഴിവാക്കാനുള്ള ഓവുചാലുകളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും

13) IAY/PMAY/ സംസ്ഥാന പദ്ധതികളിൽ നിർമ്മിച്ച വീടുകളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും

14) പ്രളയം, ഉരുൾപൊട്ടൽ എന്നിവമൂലം തകർന്ന ഭൂപ്രദേശങ്ങളുടെ പുനഃസ്ഥാപനം

15) കോണ്ടൂർ ബണ്ടുകൾ/മൺകയ്യാലകൾ തുടങ്ങിയവയുടെ പുനഃസ്ഥാപനം

16) നിരപ്പാക്കൽ/തട്ടുതിരിക്കൽ അടക്കമുള്ള വിവിധ ഭൂവികസന പ്രവർത്തനങ്ങൾ, ഭൂമി കൃഷിക്ക് ഉപയുക്തമാക്കലും

17) തടയണകളുടെ നിർമ്മാണവും പുന:സ്ഥാപനവും

18) ജലസേചന കിണറുകളുടെ നിർമ്മാണം

പ്രളയ ദുരിതാശ്വാസ ക്യാമ്പുകളിലും പ്രളയാനന്തര വീടുകളിലെ ശുചീകരണത്തിനും ഫിനോയിൽ, ബ്ലീച്ചിംഗ് പൗഡർ തുടങ്ങിയ അണുനാശിനികളും ബയോടോയ്‌ലറ്റുകൾ ഉൾപ്പെടെ മറ്റ് ശുചീകരണ സാധനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവ മുഖേന ശുചിത്വ മിഷൻ വിതരണം ചെയ്യുകയും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്തിരുന്നു.

പ്രളയബാധിത പ്രദേശങ്ങളിൽ ഉൾപ്പെട്ട കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി സിക്ക് എം.ഇ. റിവൈവൽ ഫണ്ട് നൽകുന്നതിന് തീരുമാനിച്ചു.

പ്രളയാനന്തര നവകേരള നിർമ്മാണത്തിന്റെ ഭാഗമായി എറൈസ് പദ്ധതിവഴി 13,500 പേർക്ക് വൈദഗ്ധ്യ പരിശീലനം ലഭ്യമാക്കുകയും 216 മൾട്ടിടാസ്ക് ടീമുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

പ്രളയബാധിത പ്രദേശങ്ങളിലെ കൃഷി സംഘങ്ങൾക്ക് കൃഷി പുനരുജ്ജീവിപ്പിക്കുന്നതിന് 5000 രൂപയുടെ വീതം ഇൻപുട്ട് നൽകിയിട്ടുണ്ട്. 14000 കൃഷി സംഘങ്ങൾക്ക് ഇതുവഴി ഗുണം ലഭിക്കും. കൂടാതെ പ്രളയത്തിൽ നഷ്ടം സംഭവിച്ച കൃഷി സംഘങ്ങൾക്ക് കാർഷിക പ്രവർത്തനങ്ങൾ നടത്താൻ വേണ്ട തുകയുടെ 60% ഗ്രാന്റായി നൽകാനുള്ള നടപടികൾ പുരോഗമിക്കുന്നു.

പ്രളയ പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള സ്പെഷ്യൽ ലൈവ്‌ലിഹുഡ് പദ്ധതിയിലൂടെ ആട്ടുഗ്രാമം, ക്ഷീരസാഗരം തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നാളിതുവരെ 79,00,000 രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രളയത്തിൽ തകർന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളുടെ പുനരുദ്ധാരണത്തിനായി RKI പദ്ധതിയിൽ ഉൾപ്പെടുത്തി 15-11-2019-ലെ സ.ഉ.(കൈ) നമ്പർ 485/2019/ത.സ്വ.ഭ.വ. പ്രകാരം 266.30 കോടിരൂപ അനുവദിച്ചിട്ടുണ്ട്. 9-01-2020-ലെ സ.ഉ.(കൈ) നമ്പർ13/2020/ ത.സ്വ.ഭ.വ. പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി (CMDRF)-ൽനിന്നും 961.264 കോടിരൂപ അനുവദിച്ചിട്ടുണ്ട്. പ്രളയ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീക്ക് 75 കോടിരൂപയുടെ സ്പെഷ്യൽ ലൈവ്‌ലിഹുഡ് പ്രോജക്ട് അംഗീകരിച്ചിട്ടുണ്ട്. സിക്ക് എം.ഇ. റിവൈവൽ ഫണ്ടായി 2 കോടിരൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

## അനുമതിയില്ലാതെ സ്ഥാപിച്ചിട്ടുള്ള ഹോർഡിംഗുകളും ബാനറുകളും ബോർഡുകളും

119(1389) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ ഹോർഡിംഗുകൾ, ബാനർ, ബോർഡുകൾ എന്നിവ സ്ഥാപിക്കരുതെന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സംസ്ഥാനത്ത് ഉടനീളം ഇവ സ്ഥാപിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച് കേരള ഹൈക്കോടതി എന്തെങ്കിലും പുതിയ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ ഹോർഡിംഗുകൾ, ബാനർ, ബോർഡുകൾ എന്നിവ സ്ഥാപിക്കരുതെന്ന് നിർദ്ദേശിച്ചുകൊണ്ടും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടും 7-3-2018-ലും 6-10-2018-ലും 20-7-2019-ലും ആർ.സി.2/41/2018/ത.സ്വ.ഭ.വ. നമ്പർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിന്മേൽ 26-10-2018-ലെ സ.ഉ.

(സാധാ) നമ്പർ 2733/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവും 21-1-2019-ലെ സ.ഉ. (സാധാ) നമ്പർ113/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവും 2-3-2019-ലെ സ.ഉ. (സാധാ) നമ്പർ 504/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഹോർഡിംഗുകൾ, ബാനർ, ബോർഡുകൾ തുടങ്ങിയവ സമയബന്ധിതമായി നീക്കം ചെയ്യുകയും കുറ്റക്കാർക്കെതിരെ പിഴ ഈടാക്കുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ ഊർജ്ജിതമായി തുടരുന്നു.

(സി&ഡി) ഉണ്ട്. WP(C) 22750, 25784 & 42574/2018 എന്നീ ഹർജികളിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 26-2-2020-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തൊട്ടാകെ സ്ഥാപിച്ചിട്ടുള്ള അനധികൃത ബോർഡുകൾ/ബാനറുകൾ/ഹോർഡിംഗുകൾ/കൊടികൾ തുടങ്ങിയവ 10 ദിവസത്തിനകം നീക്കം ചെയ്യണമെന്നും കുറ്റക്കാർക്കെതിരെ പഞ്ചായത്ത് രാജ്/മുനിസിപ്പൽ ചട്ടങ്ങൾ പ്രകാരമുള്ള പിഴ കൂടാതെ 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരവും പിഴ ഈടാക്കുവാൻ ആർ.സി.2/41/2018/ ത.സ്വ.ഭ.വ. തീയതി 2-3-2020 കത്ത് പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ ജീവനക്കാർക്ക് നിയമനം**

120(1390) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ വോട്ടർ പട്ടിക തയ്യാറാക്കൽ, വാർഡ് വിഭജനം തുടങ്ങിയ കാര്യങ്ങൾക്ക് പുതിയ ജീവനക്കാരെ സ്ഥിര/താത്കാലികാടിസ്ഥാനത്തിൽ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പഞ്ചായത്തുകളിൽ നൽകുന്ന പരാതികളിന്മേൽ സ്വീകരിക്കുന്ന തുടർനടപടികൾ പരാതിക്കാരന് ലഭിക്കുന്ന തരത്തിൽ എസ്.എം.എസ്./ടച്ച് സ്ക്രീൻ സിസ്റ്റം നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. നിലവിൽ 12 നഗരസഭകളിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഇല്ല.

## കേരള ചിക്കൻ പദ്ധതിയുടെ പാരന്റ് സ്റ്റോക്ക് ഫാം

121(1391) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മിഷൻ നടപ്പിലാക്കി വരുന്ന കേരള ചിക്കൻ പദ്ധതിയുടെ പാരന്റ് സ്റ്റോക്ക് ഫാം നടപ്പിലാക്കുന്നത് സർക്കാർ വക സ്ഥലത്താണോ സ്വകാര്യ ഭൂമിയിലാണോഎന്ന് വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ ഭൂമിയിലാണെങ്കിൽ അത് എവിടെയാണെന്നും, എന്ത് വ്യവസ്ഥ പ്രകാരമാണ് ഇത് അനുവദിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഭൂമിയുടെ ഡെപ്പോസിറ്റ് തുക, പ്രതിമാസ തറവാടക എന്നിവ എത്രയാണ്;

(ഡി) ഏത് ബ്രീഡാണ് ഇവിടെ വളർത്തുവാൻ ഉദ്ദേശിക്കുന്നത്; ബ്രീഡ് തെരഞ്ഞെടുക്കുന്നതിന് വേണ്ടി വെറ്ററിനറി വകുപ്പോ/കോളേജോ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സ്വകാര്യ ഭൂമിയിലാണ് കുടുംബശ്രീ മിഷൻ നടപ്പിലാക്കിവരുന്ന കേരള ചിക്കൻ പദ്ധതിയുടെ പാരന്റ് സ്റ്റോക്ക് ഫാം നടപ്പിലാക്കുന്നത്.

(ബി) കഠിനംകുളം വില്ലേജിലെ ബ്ലോക്ക് നമ്പർ 32-ൽ സർവ്വേ നമ്പർ 68/11-ലെ 4.5 ഏക്കർ ഭൂമി അതിന്റെ ഉടമസ്ഥരുമായുള്ള 2019 മെയ് 22-ലെ കരാർ പ്രകാരം കുടുംബശ്രീ ബ്രോയലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് 5 വർഷത്തേയ്ക്ക് ലീസിന് എടുക്കുകയാണ് ചെയ്തത്.

(സി) ഡെപ്പോസിറ്റ് 10 ലക്ഷംരൂപ; പ്രതിമാസ തറവാടക 1.5 ലക്ഷംരൂപ.

(ഡി) പാരന്റ് സ്റ്റോക്കായി ബഹുരാഷ്ട്ര കമ്പനിയായ AVIAGEN-ന്റെ റോസ് 308 AP എന്ന ബ്രീഡിനെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഡോ ഗിരീഷ് വർമ്മ

(ഡീൻ, ഏവിയൻ സയൻസ് കോളേജ്, പാലക്കാട്), ഡോ. ജയശ്രീ. ജെ. (ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്), ഡോ. രാജു. ജി. (അസോസിയേറ്റ് പ്രൊഫസർ, സി.ഇ.റ്റി. സ്കൂൾ ഓഫ് മാനേജ്മെന്റ്, തിരുവനന്തപുരം), മാനേജിംഗ് ഡയറക്ടർ, കെ.ബി.എഫ്.പി.സി.എൽ., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ.ബി.എഫ്.പി.സി.എൽ. എന്നിവർ ഉൾപ്പെട്ട അഞ്ചംഗ കമ്മിറ്റിയാണ് പ്രസ്തുത ബ്രീഡിനെ തെരഞ്ഞെടുത്തത്. ഇതുസംബന്ധിച്ച് വെറ്ററിനറി വകുപ്പോ/കോളേജോ റിപ്പോർട്ട് നൽകിയിട്ടില്ല.

**ജിഡ ഫണ്ട്**

122(T*1392) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറക്കൽ സർക്കാർ ആശുപത്രിയിൽ ജിഡ ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) നിർമ്മാണ പ്രവൃത്തിക്കുവേണ്ടിയുള്ള ടെണ്ടർ ഓപ്പൺ ചെയ്ത് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ആയതിന് അനുമതി ലഭിച്ച് എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുമെന്ന് പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് വിഭാഗം അറിയിച്ചിട്ടുണ്ട്.

(ബി) 7-3-2019-ൽ.

(സി) ഉണ്ട്. 4-2-2020 തീയതിയിൽ ടെണ്ടർ ക്ലോസ് ചെയ്യുകയും 7-2-2020 തീയതിയിൽ ടെണ്ടറുകൾ ഓപ്പൺ ചെയ്യുകയും 19-2-2020 തീയതിയിൽ പി.ക്യൂ. അനുമതിക്കായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതായി പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് വിഭാഗം അറിയിച്ചിട്ടുണ്ട്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കേരള ചിക്കൻ പദ്ധതി

123(T*1393) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ചിക്കൻ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതി ഏതുവരെയായി എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സർക്കാരിന്റെ ഇടപെടലിലൂടെ ഗുണമേന്മയുള്ള കോഴിയിറച്ചി ഉപഭോക്താക്കൾക്ക് ലഭ്യമാക്കാൻ കുടുംബശ്രീയുമായി കൈകോർത്ത് വിഭാവനം ചെയ്ത് ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് കേരള ചിക്കൻ. ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങൾ, മരുന്ന്, തീറ്റ എന്നിവ ഇറച്ചിക്കോഴി കർഷകർക്ക് നൽകി 40 ദിവസം പ്രായമാകുമ്പോൾ തിരിച്ചെടുത്ത് വിപണിയിൽ വിൽക്കുന്ന പദ്ധതിയാണിത്. ഇറച്ചിക്കോഴി സംസ്കരിച്ച് വിപണനം ചെയ്യുന്നതിനായി തിരുവനന്തപുരം കഠിനംകുളത്ത് കുടുംബശ്രീ സ്ഥാപിക്കുന്ന പൗൾട്രി പ്ലാന്റിൽ ബ്രീഡർ ഫാം, ഹാച്ചറി, അബറ്റോയർ, ഡ്രൈറെന്ററിംഗ് പ്ലാന്റ്, കോൾഡ് സ്റ്റോറേജ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) കേരള ചിക്കൻ പദ്ധതി ആദ്യഘട്ടത്തിൽ കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെപ്കോ) മായി ചേർന്ന് തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം ജില്ലകളിൽ 53 ഫാമുകളിൽ കേരള ചിക്കന്റെ ഇന്റഗ്രേഷൻ നടത്തി. രണ്ടാം ഘട്ടത്തിൽ പ്രതിദിനം 1500 കോഴികളെ ഏറ്റെടുക്കുന്നതിനായി മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (എം.പി.ഐ.)യുമായി കരാറിൽ ഒപ്പുവച്ചു. മൂന്നാംഘട്ടത്തിൽ കർഷകർക്ക് ഇന്റഗ്രേഷൻ ഫീസ് (വളർത്തുകൂലി) നൽകുന്ന രീതിയിൽ കേരള ചിക്കൻ വിഭാവനം ചെയ്തു. ഇതിന്റെ ഭാഗമായി 898 കർഷകരെ കണ്ടെത്തുകയും ഇതിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഫാമുകളിൽ ആദ്യഘട്ട ഇന്റഗ്രേഷൻ ആരംഭിക്കുകയും ചെയ്തു. കേരള ചിക്കന്റെ ആദ്യഘട്ട ഇന്റഗ്രേഷൻ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകളിൽ 2019 ജൂൺ 11-നാണ് ആരംഭിച്ചത്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) ആദ്യഘട്ട ഇന്റഗ്രേഷനിൽ 38 കർഷകർക്ക് 103 ലക്ഷം കോഴികളെ നൽകി.

ബി) രണ്ടാംഘട്ട ഇന്റഗ്രേഷനിൽ 56 കർഷകർക്ക് 161 ലക്ഷം കോഴികളെ നൽകി.

സി) മൂന്നാംഘട്ട ഇന്റഗ്രേഷനിൽ 56 കർഷകർക്ക് 152 ലക്ഷം കോഴികളെ നൽകി.

നിലവിൽ കേരള ചിക്കൻ പദ്ധതിയുടെ നാലാമത്തെ ഇന്റഗ്രേഷൻ ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ 33 കോഴി കർഷകരെ ഉൾപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നത്. ഇവർ 45 ദിവസംകൊണ്ട് വളർത്തി വലുതാക്കിയ കോഴികളെ കേരള ചിക്കന്റെ ഔട്ട്‌ലെറ്റുകൾവഴി വിൽക്കുന്നതാണ്. കേരള ചിക്കന്റെ വിപണനം വിപുലീകരിക്കുന്നതിന് കേരളത്തിലുടനീളം ഔട്ട്‌ലെറ്റുകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം കഠിനംകുളത്തെ പൗൾട്രി പ്രോസസിംഗ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 2020-21 സാമ്പത്തിക വർഷത്തിൽ 200 ഔട്ട്‌ലെറ്റുകൾ മുഖേന കേരള ചിക്കൻ മാർക്കറ്റിൽ ലഭ്യമാകുന്നതാണ്.

## മഹാകവി ജി സ്മാരകം

124(1394) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18-7-2017-ലെ റവന്യൂവകുപ്പിന്റെ 233/2017/റവ. നമ്പർ ഉത്തരവ് പ്രകാരം കണയന്നൂർ താലൂക്കിൽ സർവ്വേ നമ്പർ 2681ൽ പെട്ട റവന്യൂ പുറമ്പോക്കായ 25 സെന്റ് സ്ഥലം മഹാകവി ജി സ്മാരകത്തിനായി അനുവദിച്ചിട്ടും പ്രസ്തുത ഭൂമിയിൽ സ്മാരകം നിർമ്മിക്കുന്നതിൽ കൊച്ചി നഗരസഭ കാലതാമസം വരുത്തുന്നതിന് കാരണം വിശദമാക്കാമോ;

(ബി) സ്മാരകത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മഹാകവി ജി സ്മാരകത്തിനായി അനുവദിച്ചുകിട്ടിയ സ്ഥലം കാടുപിടിച്ച് കിടന്നതിനാൽ ടി സ്ഥലം ലോക്കേറ്റ് ചെയ്യാൻ കാലതാമസം നേരിട്ടു. 20-2-2020-ൽ ടി സ്ഥലം അതിർത്തി തിരിച്ച് ലഭിച്ചിട്ടുള്ളതാണ്. 2020-2021 വർഷത്തെ പദ്ധതിയിൽ ജി സ്മാരക നിർമ്മാണത്തിനുള്ള തുക കൊച്ചി നഗരസഭ വകയിരുത്തുന്നതാണെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ടി സ്ഥലത്തേയ്ക്കുള്ള വഴിയുടെ സ്കെച്ച് കിട്ടുന്നതിലേയ്ക്ക് കണയന്നൂർ തഹസിൽദാർക്ക് അപേക്ഷ നൽകിയിരിക്കുകയാണ്.

## തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം

125(1395) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷം തദ്ദേശ സ്ഥാപനങ്ങൾക്കായി വകയിരുത്തിയ പദ്ധതി വിഹിതം എത്ര; നാളിതുവരെ ചെലവാക്കിയ തുക എത്ര; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) പദ്ധതി വിഹിതം ചെലവാക്കുന്നതിൽ വീഴ്ച വരുത്തിയ തദ്ദേശ സ്ഥാപനങ്ങൾ ഏതെല്ലാം; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പദ്ധതി വിഹിതമായി ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്കു പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ എന്നിവയ്ക്ക് അനുവദിച്ച തുകയും ചെലവാക്കിയ തുകയും എത്ര എന്ന വ്യക്തമാക്കുമോ;

(ഡി) ചെലവാക്കാത്ത തുക എങ്ങനെ വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2019-20 വർഷം ഗ്രാമ/ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയ്ക്കായി വകയിരുത്തിയ പദ്ധതി വിഹിതം, നാളിതുവരെ ചെലവാക്കിയ തുക എന്നിവ ജില്ല തിരിച്ച് അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) പദ്ധതി വിഹിതം ചെലവാക്കുന്നതിൽ ഏതെങ്കിലും തദ്ദേശ സ്ഥാപനം പ്രത്യേകമായി വീഴ്ച വരുത്തിയതായി വിലയിരുത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പദ്ധതി വിഹിതമായി അനുവദിച്ച തുകയും ചെലവാക്കിയ തുകയും (തുക കോടിയിൽ) ചുവടെ ചേർക്കുന്നു.

| | ബഡ്ജറ്റ് തുക | ചെലവ് തുക |
|---|---|---|
| ജില്ലാ പഞ്ചായത്തുകൾ | 934.77 | 333.79 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 934.9249 | 477.176 |
| കോർപ്പറേഷനുകൾ | 789.9938 | 270.8939 |

(ഡി) ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള മുഴുവൻ തുകയും വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിലെ കാര്യക്ഷമത**

126(1396) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം എന്നിവയിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ടോ;

(ബി) ഇവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിൽ ആസൂത്രണ നടപടിക്രമങ്ങൾ ലളിതമാക്കി പദ്ധതി രൂപീകരണ മാർഗ്ഗരേഖ സമഗ്രമായി പരിഷ്കരിക്കുകയും കാലേകൂട്ടിത്തന്നെ ഉത്തരവുകളായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നഗരഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിന് പ്രത്യേക മാർഗ്ഗരേഖ നൽകുകയും ചെയ്തു. തുടർന്ന് ഇതുസംബന്ധിച്ച് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകി. സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ വികസന പദ്ധതികൾ തയ്യാറാക്കി 12 മാസവും നിർവ്വഹണത്തിന് ലഭിക്കുന്ന സമ്പ്രദായത്തിലേയ്ക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2018-19 മുതൽതന്നെ മാറിയിട്ടുണ്ട്. കൂടാതെ വാർഷിക പദ്ധതി ബഡ്ജറ്റുമായി സംയോജിപ്പിക്കാനും പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് കൂടുതൽ സ്വാതന്ത്ര്യം നൽകുകയും ചെയ്തിട്ടുണ്ട്. നൂതന പ്രോജക്ടുകൾക്ക് പ്രത്യേക മാർഗ്ഗരേഖയും ജില്ലാ പദ്ധതികളും തയ്യാറാക്കുകയുണ്ടായി. കൂടാതെ വിവിധ ഘട്ടങ്ങളിലായി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള ഉത്തരവുകളും ഉദ്യോഗസ്ഥതലത്തിൽ പരിശീലനങ്ങളും നൽകിയിട്ടുണ്ട്.

ഇതോടൊപ്പം ഡയറക്ടറേറ്റ് തലത്തിൽ പ്ലാൻ മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. അതോടൊപ്പം സർക്കാർതലത്തിൽ ജില്ലാതല അവലോകന യോഗങ്ങൾ നടന്നുവരുന്നുണ്ട്. 10-7-2019-ലെ ഡിഎ 1/221/2019/ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം നിർവ്വഹണ കലണ്ടർ കൃത്യമായും പാലിക്കുന്നതിനും നിർമ്മാണ പ്രവൃത്തികളുടെ പാർട്ട് ബില്ലുകൾ നൽകുന്നതിനും ഡെപ്പോസിറ്റ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നേരത്തെ വാങ്ങി പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്വകാര്യ കരാറുകൾക്ക് ലൈസൻസുകൾ

127(1397) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർമ്മാണ മേഖലയിൽ വിവിധ പ്രവൃത്തികളുടെ കരാറുകൾ ഏറ്റെടുത്ത് നടത്തുന്ന സ്വകാര്യ കരാറുകാർക്ക് ലൈസൻസുകൾ നൽകുന്നത് പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആയതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

1994-ലെ കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ ലൈസൻസ് നിയമങ്ങളിൽ നിലവിലെ വ്യവസ്ഥകൾപ്രകാരം നിർമ്മാണ മേഖലയിൽ വിവിധ പ്രവൃത്തികളുടെ കരാറുകൾ ഏറ്റെടുത്ത് നടത്തുന്ന സ്വകാര്യ കരാറുകാർക്ക് ലൈസൻസുകൾ നൽകുന്നതിന് വ്യവസ്ഥയില്ല. എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ പൊതുമരാമത്ത് റിവൈസ്ഡ് എഡിഷൻ 2012 സെക്ഷൻ 1990 പ്രകാരമുള്ള നിബന്ധനകൾ പാലിക്കപ്പെടുന്നവർക്ക് നിർമ്മാണ മേഖലയിൽ വിവിധ പ്രവൃത്തികളുടെ കരാറുകൾ ഏറ്റെടുത്ത് നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പിൽനിന്നും ലൈസൻസ് നൽകുന്നതാണ്.

## പാണ്ടനാട് പഞ്ചായത്തിലെ പൊതുശ്മശാനം

128(1398) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നതും എസ്റ്റിമേറ്റ് തയ്യാറാക്കി ചീഫ് എഞ്ചിനീയർ പരിശോധിച്ച് സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതുമായ

ചെങ്ങന്നൂർ-പാണ്ടനാട് പഞ്ചായത്തിലെ പൊതുശ്മശാനം നിർമ്മാണ പദ്ധതിക്ക് അനുമതി ലഭിക്കുവാൻ വരുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുവേണ്ടി അനുമതി വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ചെങ്ങന്നൂർ-പാണ്ടനാട് പഞ്ചായത്തിലെ പൊതുശ്മശാനം നിർമ്മാണ പദ്ധതി സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## വിശപ്പുരഹിത കേരളം പദ്ധതി

129(T*1399) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 25 രൂപയ്ക്ക് ഊണ് നൽകുന്ന എത്ര ഭക്ഷണ ശാലകൾ ആരംഭിക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്; ഈ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) വിശപ്പുരഹിത കേരളം പദ്ധതിയിൽ ആരംഭിക്കുന്ന ഭക്ഷണശാലകളിൽ 10% സൗജന്യ ഭക്ഷണം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഏതെല്ലാം തരത്തിലുള്ള ധനസഹായമാണ് ലഭ്യമാക്കുക; വിശദമാക്കാമോ?

ഉത്തരം

(എ) വിശപ്പുരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 25 രൂപയ്ക്ക് ഊണ് നൽകുന്ന 1000 ഭക്ഷണശാലകൾ ആരംഭിക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(ബി&സി) വിശപ്പുരഹിത കേരളം പദ്ധതിയിൽ ആരംഭിക്കുന്ന ഭക്ഷണശാലകളിൽ 10 ശതമാനം ഊണെങ്കിലും സ്പോൺസർമാർവഴി സൗജന്യമായി നൽകുന്നതിന് തയ്യാറുള്ള സ്ഥാപനങ്ങൾക്ക് ഗുണഭോക്താക്കളുടെ എണ്ണം തിട്ടപ്പെടുത്തി റേഷൻ വിലയ്ക്ക് അരിയും സഹായ വിലയ്ക്ക് പലവ്യഞ്ജനങ്ങളും വിവിധ സപ്ലൈകോവഴി ലഭ്യമാക്കുന്നതാണെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കിവരുന്നു.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ പദ്ധതി**

130(1400) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീമതി യു. പ്രതിഭ :
ശ്രീ. എം. നൗഷാദ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്തുകളുടെയും ഗ്രാമസഭകളുടെയും കാര്യശേഷി വികസനത്തിനും വിവിധ പദ്ധതി പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതെല്ലാം ജില്ലകളിലാണ് പ്ലാനിംഗ് ആന്റ് റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതെന്ന് അറിയിയ്ക്കാമോ;

(സി) ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ആർ.ജി.എസ്.എ.-യിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളുടെയും ഗ്രാമസഭകളുടെയും ശാക്തീകരണത്തിനായി പഞ്ചായത്ത് വകുപ്പ് മുഖേന രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ആലപ്പുഴ, ഇടുക്കി, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലാണ് ഡിസ്ട്രിക്ട് പ്ലാനിംഗ് ആന്റ് റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലയിൽ ഡിസ്ട്രിക്ട് പ്ലാനിംഗ് ആന്റ് റിസോഴ്സ് സെന്റർ നിർമ്മിക്കുന്നതിന് ജില്ലാ കളക്ടർ വിട്ടുനൽകിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് പോലീസ് വകുപ്പിൽനിന്നും തടസ്സമുണ്ടായിട്ടുള്ളതിനാൽ ഇതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

(സി) ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുമായി രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ പദ്ധതിയിൽ

ഉൾപ്പെടുത്തി എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ISO അംഗീകാരം ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ ഇടമലക്കുടി, തലവടി എന്നീ ഗ്രാമപഞ്ചായത്തുകൾ ഒഴികെ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും ISO അംഗീകാരം നേടിയിട്ടുണ്ട്. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ്, ഓഫീസ് മാനേജ്മെന്റ്, ഗ്രാമപഞ്ചായത്ത് മുഖേന നൽകുന്ന സേവനങ്ങൾ എന്നിവ സംബന്ധിച്ച് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിവിധ കാര്യശേഷി വികസന/പരിശീലന പരിപാടികൾ കില മുഖേന രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

## ചെങ്ങന്നൂർ മാർക്കറ്റ് നവീകരണ പദ്ധതി

131(1401) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നതും ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതുമായ ചെങ്ങന്നൂർ മാർക്കറ്റ് നവീകരണ പദ്ധതിക്ക് അനുമതി ലഭിക്കുവാൻ വരുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് അനുമതി വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

## ലൈഫ് ഭവന പദ്ധതി വയനാട് ജില്ലയിൽ

132(1402) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ വയനാട് ജില്ലയിൽ ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എത്ര വീടുകൾ നിർമ്മിച്ചു എന്ന് വിശദമാക്കാമോ; പഞ്ചായത്ത്/മുൻസിപ്പാലിറ്റി തരം തിരിച്ച് വിവരം നൽകാമോ;

(ബി) ലൈഫ് ഭവന പദ്ധതിക്കായി ഈ സർക്കാർ അധികാരമേറ്റശേഷം എത്ര തുകയാണ് വയനാട് ജില്ലയിൽ നൽകിയതെന്ന് വിശദമാക്കാമോ; ആയതിന്റെ കണക്ക് പഞ്ചായത്ത്/മുൻസിപ്പാലിറ്റി തരം തിരിച്ച് നൽകാമോ?

<u>ഉത്തരം</u>

(എ) ലൈഫ് ഭവന പദ്ധതിയിൽ വയനാട് ജില്ലയിൽ ഈ സർക്കാർ അധികാരത്തിലെത്തിയശേഷം 13572 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. പഞ്ചായത്ത്/മുനിസിപ്പാലിറ്റി തരംതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) ലൈഫ് ഭവന പദ്ധതിക്കായി ഈ സർക്കാർ അധികാരമേറ്റശേഷം വയനാട് ജില്ലയിൽ നൽകിയ തുക പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് ശേഖരിച്ചുവരുന്നു.

**ലൈഫ് പദ്ധതി**

133(T*1403) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 2020 ജനുവരി 31 വരെ എത്ര വീടുകൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്; ജില്ലതിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) നിലവിൽ നിർമ്മാണത്തിലിരിക്കുന്ന വീടുകളുടെ എണ്ണമെത്ര; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(സി) 2021 മാർച്ച് 31-ന് മുൻപ് പൂർത്തീകരിക്കാനുദ്ദേശിക്കുന്ന വീടുകളുടെ എണ്ണമെത്ര; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

<u>ഉത്തരം</u>

(എ) ലൈഫ് പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 2020 ജനുവരി 31 വരെ 1,91,956 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) നിലവിൽ 50,176 വീടുകൾ നിർമ്മാണത്തിലാണ്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-2 ആയി ചേർക്കുന്നു.*

(സി) 2021 മാർച്ച് 31-ന് മുമ്പ് 23,271 വീടുകൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-3 ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ലൈഫ് പദ്ധതി

134(1404) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി മുഖേന നാളിതുവരെയായി എത്ര ഭവനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ ഭൂമിയില്ലാത്ത എത്ര ആളുകൾക്ക് ഭൂമി വാങ്ങി വീട് നിർമ്മിച്ചു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിൽ എത്ര വീടുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ലൈഫ് പദ്ധതിയുടെ ഭാഗമായി കേരളത്തിൽ നാളിതുവരെ 215527 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഭൂരഹിത ഭവനരഹിതരായ 145 ഗുണഭോക്താക്കൾക്ക് വസ്തു വാങ്ങി നൽകിയിട്ടുണ്ട്. ഇവർക്ക് വീട് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ലൈഫ് പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടത്തിലുൾപ്പെടുത്തി എറണാകുളം ജില്ലയിൽ നിലവിൽ 15695 വീടുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ നാളിതുവരെ 12877 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

## ലൈഫ് മിഷൻ മുഖേന ബഹുനില പാർപ്പിട സമുച്ചയം

135(1405) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ മുഖേന ഭൂ-ഭവന രഹിതർക്ക് ബഹുനില പാർപ്പിട സമുച്ചയം നിർമ്മിച്ചു നൽകുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) ഈ പദ്ധതിയുടെ കീഴിൽ എത്ര പാർപ്പിട സമുച്ചയങ്ങളാണ് നിർമ്മിക്കുന്നത്;

(സി) ഇതിന് പ്രീഫാബ് സാങ്കേതിക വിദ്യയാണോ ഉപയോഗിക്കുന്നത്; ഈ പദ്ധതിയുടെ കൺസൾട്ടൻസി ഏത് സ്ഥാപനത്തിനാണ് നൽകിയിട്ടുള്ളത്;

(ഡി) ഇവർക്ക് കൺസൾട്ടൻസി ഫീ ഇനത്തിൽ എന്ത് തുകയാണ് നൽകേണ്ടത്; ഇതിനകം എന്ത് തുക നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസമായ മൂന്നാംഘട്ടത്തിലാണ് ബഹുനില പാർപ്പിട സമുച്ചയം നിർമ്മിച്ചുനൽകുന്നത്.

(ബി) നിലവിൽ 85 പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) പ്രീഫാബ് സാങ്കേതിക വിദ്യയാണ് ഉപയോഗിക്കുന്നത്. ഈ പദ്ധതിയുടെ കൺസൾട്ടൻസിയായി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെയും സി.ആർ. നാരായണറാവു, കൺസൾട്ടന്റ് പ്രൈവറ്റ് ലിമിറ്റഡിനെയുമാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ഡി) തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് വർക്കിന്റെ എസ്റ്റിമേറ്റ് അഥവാ ബിൽ തുകയിൽ ഏതാണോ കുറവുള്ളത് ടി തുകയുടെ 4.5% തുകയും സി.ആർ. നാരായണറാവു, കൺസൾട്ടന്റിന് വർക്കിന്റെ എസ്റ്റിമേറ്റ് അഥവാ ബിൽ തുകയിൽ ഏതാണോ കുറവുള്ളത് ടി തുകയുടെ 1.74% തുകയുമാണ് കൺസൾട്ടൻസി ഇനത്തിൽ നൽകേണ്ടത്. ഇതിൽ ഇതിനോടൊപ്പം 31,45,942 രൂപ (മുപ്പത്തിയൊന്ന് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി തൊള്ളായിരത്തി നാൽപ്പത്തിരണ്ടുരൂപ മാത്രം) നൽകിയിട്ടുണ്ട്.

**ലൈഫ് മിഷൻ പദ്ധതി**

136(1406) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആവിഷ്ക്കരിച്ച ലൈഫ് മിഷൻ പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ച് നൽകിയെന്നും എത്ര തുക ഇതിനായി ചെലവഴിച്ചെന്നുമുള്ള വിശദാംശം ജില്ലതിരിച്ച് ലഭ്യമാക്കുമോ;

(ബി) ലൈഫ് മിഷൻ പദ്ധതി പ്രകാരം എത്ര ഫ്ലാറ്റുകളാണ് നിർമ്മാണം പൂർത്തീകരിച്ചതെന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഏറനാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച വീടുകൾ എത്രയാണെന്ന് അറിയിക്കാമോ;

(ഡി) പുതുതായി എത്ര അപേക്ഷകൾ ലഭിച്ചു; അവയിൽ എത്രയെണ്ണത്തിന് അനുമതി നൽകി; വ്യക്തമാക്കുമോ;

(ഇ) ഏറനാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതിക്കായി തദ്ദേശസ്വയം സ്ഥാപനങ്ങൾക്ക് നാളിതുവരെ എത്ര തുക അനുവദിച്ചുവെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതിയിൽ നാളിതുവരെ മിഷൻ മുഖേന 191956 വീടുകളും പട്ടികജാതി വകുപ്പുമുഖേന 18874 വീടുകളും പട്ടികവർഗ്ഗ വകുപ്പുമുഖേന 972 വീടുകളും ഫിഷറീസ് വകുപ്പുമുഖേന 3725 വീടുകളും ഉൾപ്പെടെ ആകെ 2,15,527 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി ചെലവഴിച്ച തുകയുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) ലൈഫ് മിഷൻ പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ 217 അപ്പാർട്ടുമെന്റുകൾ അടങ്ങിയ ഒരു ഭവന സമുച്ചയവും എറണാകുളം ജില്ലയിലെ അങ്കമാലി മുനിസിപ്പാലിറ്റിയിൽ 12 അപ്പാർട്ടുമെന്റുകൾ അടങ്ങിയ ഒരു ഭവന സമുച്ചയവും കൂടാതെ കോഴിക്കോട് ജില്ലയിൽ കോഴിക്കോട് കോർപ്പറേഷന്റെ നേതൃത്വത്തിൽ പി.പി.പി. മാതൃകയിൽ 140 അപ്പാർട്ടുമെന്റുകൾ അടങ്ങിയ ഒരു ഭവന സമുച്ചയത്തിന്റെ നിർമ്മാണവുമാണ് പൂർത്തീകരിച്ചിട്ടുള്ളത്.

(സി) ഏറനാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച വീടുകളുടെ വിവരം അനുബന്ധം-1 ആയി ചേർക്കുന്നു*.

(ഡി) പുതുതായി അപേക്ഷകൾ ക്ഷണിച്ചിട്ടില്ല.

(ഇ) ഏറനാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദവിവരം അനുബന്ധം-2 ആയി ചേർക്കുന്നു*.

## ലൈഫ് പദ്ധതി തിരുവനന്തപുരം ജില്ലയിൽ

137(1407) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടും സ്ഥലവും നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ഇത്തരത്തിൽ എത്ര കുടുംബങ്ങൾക്ക് വീടും സ്ഥലവും അനുവദിച്ചു എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിപ്രകാരം ഒന്നും രണ്ടും ഘട്ടങ്ങളിലായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 4774 കുടുംബങ്ങൾക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 875 കുടുംബങ്ങൾക്കുമാണ് ഇതുവരെ വീട് അനുവദിച്ചിട്ടുള്ളത്. കൂടാതെ ജില്ലയിൽ ലൈഫ് മൂന്നാംഘട്ടത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 2797 ഗുണഭോക്താക്കളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 113 ഗുണഭോക്താക്കളും രേഖാപരിശോധനയിലൂടെ ഭൂമിക്കും വീടിനും അർഹത നേടിയിട്ടുണ്ട്. ആനുകൂല്യം നൽകുവാനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിപ്രകാരം ഒന്നും രണ്ടും ഘട്ടങ്ങളിലായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 245 കുടുംബങ്ങൾക്കാണ് ഇതുവരെ വീട് അനുവദിച്ചിട്ടുള്ളത്. കൂടാതെ ലൈഫ് മൂന്നാംഘട്ടത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 272 ഗുണഭോക്താക്കളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 11 ഗുണഭോക്താക്കളും രേഖാപരിശോധനയിലൂടെ ഭൂമിക്കും വീടിനും അർഹത നേടിയിട്ടുണ്ട്. ആനുകൂല്യം നൽകുവാനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീടുകൾ

138(1408) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതി പ്രകാരം എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) ലൈഫ് മിഷൻ പദ്ധതി പ്രകാരം ഇനി പൂർത്തീകരിക്കാനുള്ള വീടുകൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്;

(സി) പ്രസ്തുത പദ്ധതിയിൻ കീഴിൽ വീടുകൾ റിപ്പയർ ചെയ്യുന്നതിനുള്ള പ്രത്യേക പദ്ധതി തയ്യാറാക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതിയിൽ നാളിതുവരെ മിഷൻ മുഖേന 191956 വീടുകളും പട്ടികജാതി വകുപ്പ് മുഖേന 18874 വീടുകളും പട്ടികവർഗ്ഗ വകുപ്പ് മുഖേന 972 വീടുകളും ഫിഷറീസ് വകുപ്പ് മുഖേന 3725 വീടുകളും ഉൾപ്പെടെ ആകെ 2,15,527 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ലൈഫ് മിഷൻ പദ്ധതിപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട് ഭവന നിർമ്മാണം തുടങ്ങിയ ഗുണഭോക്താക്കളുടെ വീടുകൾ 2020 മേയ് 31-നകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) നിലവിൽ പ്രത്യേക പദ്ധതികളൊന്നുംതന്നെ തയ്യാറാക്കിയിട്ടില്ല.

**മണലൂർ മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി**

139(1409) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നും രണ്ടും ഘട്ടങ്ങളിലായി ആകെ എത്ര വീടുകളാണ് നിർമ്മിക്കുന്നതെന്നും , അവയിൽ എത്ര എണ്ണം ഇതുവരെ പൂർത്തീകരിച്ചുവെന്നുമുള്ള വിശദാംശങ്ങൾ പഞ്ചായത്ത്/ നഗരസഭ തിരിച്ച് നൽകാമോ?

ഉത്തരം

മണലൂർ മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നും രണ്ടും ഘട്ടങ്ങളിലായി ഇതുവരെ പൂർത്തീകരിച്ച വീടുകളുടെ വിവരം പഞ്ചായത്ത്/ നഗരസഭ തിരിച്ച് അനുബന്ധമായി ചേർക്കുന്നു*.

**വർക്കല മണ്ഡലത്തിൽ ലൈഫ് പദ്ധതി**

140(1410) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വർക്കല നിയോജക മണ്ഡലത്തിൽ എത്ര വീടുകൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അർഹതപ്പെട്ടവർ എന്ന് കണ്ടെത്തിയ എത്ര പേർക്ക് വീട് അനുവദിക്കുവാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അർഹതപ്പെട്ടവർക്ക് വീട് അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിലും രണ്ടാംഘട്ടത്തിലുമായി 816 വീടുകൾ വർക്കല നിയോജക മണ്ഡലത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ലൈഫ് പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ അർഹതയുണ്ടെന്ന് കണ്ടെത്തിയ 54 പേർ കരാർ വയ്ക്കാൻ അവശേഷിക്കുന്നു.

(സി) അർഹതപ്പെട്ടവർക്ക് വീട് അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## ദേവികുളം മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി

141(1411) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി പ്രകാരം ദേവികുളം നിയോജകമണ്ഡലത്തിൽ എത്ര വീടുകൾ അനുവദിച്ചു എന്നതിന്റെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇവയിൽ പണി പൂർത്തിയാക്കിയ വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; പൂർത്തിയാക്കാത്തവയുടെ നിർമ്മാണം വൈകാൻ ഉണ്ടായ കാരണം വ്യക്തമാക്കാമോ;

(സി) ലൈഫ് മിഷനിലൂടെ വസ്തുവും വീടും ഇല്ലാത്തവർക്ക് വസ്തു വാങ്ങി വീട് വച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ദേവികുളം മണ്ഡലത്തിലെ കണക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

### ഉത്തരം

(എ) ലൈഫ് മിഷൻ പദ്ധതിപ്രകാരം ദേവികുളം നിയോജകമണ്ഡലത്തിൽ അനുവദിച്ച വീടുകളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) പണി പൂർത്തിയാക്കിയ വീടുകളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം-2 ആയി ചേർക്കുന്നു.* ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനവുമായി എഗ്രിമെന്റ് വയ്ക്കുന്നതിലുണ്ടായ കാലതാമസം, സാധന സാമഗ്രികളുടെ ലഭ്യതക്കുറവ്, ഗുണഭോക്താക്കൾ വീട് നിർമ്മാണത്തിന് ഏൽപ്പിച്ച ചെറുകിട കരാറുകാരായ മേസ്തിരിമാർ വളരെയധികം വീടുകൾ ഒന്നിച്ച് കരാറെടുത്ത് പണിതപ്പോൾ പൂർത്തിയാക്കാൻ കാലതാമസം നേരിട്ടതുമായിരുന്നു പൂർത്തിയാക്കാത്ത വീടുകളുടെ നിർമ്മാണം വൈകാനുണ്ടായ കാരണങ്ങൾ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഭൂരഹിത ഭവനരഹിതരായിട്ടുള്ള ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്നതിന് 26-9-2019-ലെ ഡി.ബി.1/304-ാം സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം വസ്തു വാങ്ങുന്ന ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിനുള്ള ധനസഹായവും ലൈഫ് മിഷൻ മുഖേന നൽകുന്നതാണ്. ദേവികുളം മണ്ഡലത്തിലുള്ള പഞ്ചായത്തുകളിലെ ഭൂരഹിത ഭവനരഹിതരായിട്ടുള്ള ഗുണഭോക്താക്കൾ ആരുംതന്നെ ഭവനനിർമ്മാണത്തിനായി ഭൂമി വാങ്ങിയിട്ടില്ല.

## വൈപ്പിൻ മണ്ഡലത്തിലെ ലൈഫ് പദ്ധതി

142(1412) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും എത്ര പേർക്ക് സ്ഥലവും വീടും നൽകി എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ&ബി) ലൈഫ് ഭവന പദ്ധതിയിൽ വീടും സ്ഥലവും നൽകുന്നത് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയാണ്. ഇപ്പോൾ രണ്ടാംഘട്ടമാണ് നടന്നുകൊണ്ടിരിക്കുന്നത്. മൂന്നാംഘട്ടത്തിലെ ഗുണഭോക്താക്കളുടെ മുൻഗണനാ ക്രമത്തിലുള്ള അന്തിമ ലിസ്റ്റ് തയ്യാറാക്കുന്ന നടപടി നടന്നുകൊണ്ടിരിക്കുകയാണ്.

## പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട്

143(1413) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018-ൽ ഉണ്ടായ പ്രളയത്തെ തുടർന്ന് വീട് നഷ്ടപ്പെട്ടവർക്ക് വീടുവച്ച് നൽകുന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്ര പേർക്ക് വീട് നൽകി എന്നറിയിക്കാമോ;

(ബി) വ്യക്തികളും സന്നദ്ധ സംഘടനകളും ഇവർക്കായി വീടുവച്ച് നൽകിയിരുന്നോ; എങ്കിൽ എത്ര പേർക്ക് എന്നറിയിക്കാമോ;

(സി) പത്ത് വീടുകളിൽ കൂടുതൽ നിർമ്മിച്ച് നൽകിയ വ്യക്തികളുടെയും സന്നദ്ധ സംഘടനകളുടെയും പേരുവിവരങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ആവാസ് പ്ലസ് ഗുണഭോക്താക്കൾക്കുള്ള ഭവന പദ്ധതി

144(1414) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.എ.വൈ.(ജി) പദ്ധതിയുടെ ഭാഗമായി ആവാസ് പ്ലസ് വഴി രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) കേന്ദ്രാനുമതി ലഭിയ്ക്കാത്ത സാഹചര്യത്തിൽ, ആവാസ് പ്ലസ് ഗുണഭോക്താക്കൾക്ക് വീട് നൽകുന്നതിന് സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഗുണഭോക്താക്കൾക്ക് കൂടെ വീട് നിർമ്മിച്ച് നൽകുന്നതിനായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാർ പ്രത്യേക അനുമതി നൽകുമോ?

ഉത്തരം

(എ) പി.എം.എ.വൈ.(ജി) പദ്ധതിയുടെ ഭാഗമായി ആവാസ് പ്ലസ് വഴി രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നിലവിൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പി.എം.എ.വൈ.(ജി) പദ്ധതിയുടെ ഭാഗമായി ആവാസ് പ്ലസ് വഴി രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകാനുമതി നൽകുന്നതിനായി നിലവിൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

## പരിസ്ഥിതി മലിനീകരണ നിയന്ത്രണ ബോർഡ്

145(1415) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി മലിനീകരണ നിയന്ത്രണ ബോർഡ് സംസ്ഥാനത്ത് ഏതെല്ലാം നഗരസഭകൾക്ക് പിഴ ഈടാക്കുവാൻ കത്ത് നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര നഗരസഭകൾ പിഴ ഒടുക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പിഴ ഈടാക്കുവാൻ നോട്ടീസ് നൽകിയ നഗരസഭകൾ മറുപടി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) തിരുവനന്തപുരം നഗരസഭയ്ക്ക് അത്തരത്തിൽ നോട്ടീസ് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) തിരുവനന്തപുരം നഗരസഭ പരിസ്ഥിതി മലിനീകരണ നിയന്ത്രണ ബോർഡിന് നൽകിയ മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തൃശ്ശൂർ നഗരസഭയ്ക്ക് 4.56 കോടിയുടെ എൻവയോൺമെന്റൽ കോമ്പൻസേഷൻ ഒടുക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും തിരുവനന്തപുരം കോർപ്പറേഷന് 14.59 കോടിരൂപയും കൊച്ചി കോർപ്പറേഷന് 1.122 കോടിരൂപയും എൻവയോൺമെന്റൽ കോമ്പൻസേഷനായി അടയ്ക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിരുന്നു.

(ബി) ഒരു നഗരസഭയും പിഴ ഒടുക്കിയിട്ടില്ല.

(സി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ നോട്ടീസിന് തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ കോർപ്പറേഷനുകൾ നൽകിയ മറുപടി അനുബന്ധമായി 1,2 & 3 ആയി ചേർത്തിട്ടുണ്ട്*.

(ഡി) ഉണ്ട്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവിനനുസൃതമായി 25-9-2019-ലെ PCB/HO/Rules/SWM-TVMCORPN/2018 നമ്പർ നോട്ടീസ് പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം കോർപ്പറേഷന് 14.59 കോടിരൂപ എൻവയോൺമെന്റൽ കോമ്പൻസേഷനായി അടയ്ക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്.

(ഇ) അനുബന്ധം-3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.*

## തിരുവനന്തപുരം നഗരസഭയിലെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ

146(1416) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ കീഴിലുള്ള പ്രദേശങ്ങളിൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതായി എഞ്ചിനീയറിംഗ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കെട്ടിടങ്ങളാണ് അനധികൃതമായി നിർമ്മിച്ചതായി കണ്ടെത്തിയിട്ടുള്ളത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പാർക്കിംഗ് സ്ഥലം മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പ്രവണത വ്യാപാര സ്ഥാപനങ്ങളിൽ വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ ;

(സി) അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെയും പാർക്കിംഗ് സ്ഥലം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവർക്കെതിരെയും എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചത്?

ഉത്തരം

(എ) കണ്ടെത്തിയിട്ടുണ്ട്. ആകെ 826 കെട്ടിടങ്ങളാണ് അനധികൃത നിർമ്മാണമായി കണ്ടെത്തിയിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) അനധികൃത നിർമ്മാണങ്ങളുടെ ലിസ്റ്റ് എല്ലാ മാസവും ശേഖരിക്കുകയും നോട്ടീസ് നൽകി നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ട്രാഫിക് അഡ്വൈസറി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം നഗരസഭ ടൗൺ പ്ലാനിംഗ് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ, ഹെൽത്ത് വിഭാഗം ജീവനക്കാർ, പോലീസ് വിഭാഗത്തിൽ നിന്നുള്ള പ്രതിനിധികൾ എന്നിവർ സംയുക്ത പരിശോധന നടത്തി പാർക്കിംഗ് സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വ്യാപാര സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും നിയമാനുസൃതമായ മറ്റ് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## പുതിയ മുനിസിപ്പാലിറ്റികളിലെ ജീവനക്കാരുടെ എണ്ണം

147(1417) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച മുൻസിപ്പാലിറ്റികളിൽ ജീവനക്കാരുടെ എണ്ണം കുറവായതിനാൽ ജനങ്ങൾക്ക് ശരിയായ സേവനം യഥാസമയം ലഭിക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ജീവനക്കാരുടെ എണ്ണം മറ്റ് മുൻസിപ്പാലിറ്റികളുടേതിന് തുല്യമായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആന്തൂർ ഒഴികെ പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിൽ 5-8-2016-ലെ സ.ഉ. (കൈ) നമ്പർ 109/2016/തസ്വഭവ.

ഉത്തരവ് പ്രകാരം 47 വീതം തസ്തികകളും ആന്തൂർ നഗരസഭയിൽ 21-7-2016-ലെ സ.ഉ.(കൈ) നമ്പർ 85/2016/തസ്വഭവ. ഉത്തരവ് പ്രകാരം 48 തസ്തികകളും സൃഷ്ടിച്ചിരുന്നു.

(ബി) ശിപാർശകൾ നഗരകാര്യ ഡയറക്ടറേറ്റിൽ പരിശോധിച്ചുവരുന്നു.

## മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

148(1418) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര പഞ്ചായത്ത് വാർഡുകളിൽ മഹാത്മാഗാന്ധി ദേശീയതൊഴിലുറപ്പ് പദ്ധതിയുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിലേയ്ക്കായി എത്ര പേരുടെ സേവനമാണ് വിനിയോഗിച്ചതെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് ഡയറക്ടറെ കാലാവധി പൂർത്തിയാകും മുൻപേ മാറ്റിയിട്ടുണ്ടോ; എങ്കിൽ ഇതിന് കാരണം വ്യക്തമാക്കാമോ ?

### ഉത്തരം

(എ&ബി) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റിംഗ് വാർഡുതലത്തിൽ നടത്തിവരുന്നു. 30-11-2019 വരെ 2610 ഗ്രാമപഞ്ചായത്ത് വാർഡുകളിൽ പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്. ഇതിലേയ്ക്കായി 2215 റിസോഴ്സ് പേഴ്സൺമാരുടെ സേവനം വിനിയോഗിച്ചിട്ടുണ്ട്.

(സി) 'കില'-യിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽനിന്നും അന്യത്ര സേവന വ്യവസ്ഥയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവന്നിരുന്ന ഡോ. എബി ജോർജ്ജിന്റെ സേവനം 28-11-2019-ലെ കില/2016/101/1030 നമ്പർ കത്തിലൂടെ 'കില' ഡയറക്ടർ തിരികെ ആവശ്യപ്പെട്ട സാഹചര്യത്തിലാണ് സൊസൈറ്റിയുടെ ഗവേണിംഗ് ബോഡിയുമായി ആലോചിച്ച് 27-2-2020-ലെ സ.ഉ. (സാധാ) നമ്പർ 495/2020/തസ്വഭവ. പ്രകാരം ടിയാന്റെ അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃസ്ഥാപനത്തിലെ തസ്തികയിലേയ്ക്ക് വിടുതൽ നൽകിയത്.

## പാറശ്ശാല മണ്ഡലത്തിലെ വാർഷിക പദ്ധതി

149(1419) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയോജകമണ്ഡലത്തിലെ ബ്ലോക്ക് പഞ്ചായത്ത് ഉൾപ്പെടെയുള്ള വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഈ സാമ്പത്തിക വർഷത്തിലെ നാളിതുവരെയുള്ള വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി സംബന്ധിച്ച വിശദാംശം തരംതിരിച്ച് ലഭ്യമാക്കാമോ;

(ബി) വാർഷിക പദ്ധതികളുടെ പ്രവർത്തനം വേഗത്തിലാക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഗ്രാമ-ബ്ലോക്ക്-ജില്ല പഞ്ചായത്തുകളിൽ ആസൂത്രണ സമിതി വർഷത്തിൽ എത്ര തവണ കൂടിയിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(ഡി) ആസൂത്രണ സമിതി യോഗം ചേരേണ്ടതിന്റെ നിബന്ധനകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും ഈ സാമ്പത്തിക വർഷത്തിലെ 2-3-2020 വരെയുള്ള പദ്ധതി നിർവ്വഹണ പുരോഗതി ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | പദ്ധതി പുരോഗതി |
|---|---|
| കള്ളിക്കാട് | 66.97% |
| പെരുങ്കടവിള | 60.65% |
| കൊല്ലയിൽ | 58.30% |
| അമ്പൂരി | 57.57% |
| കുന്നത്തുകാൽ | 56.27% |
| ആര്യങ്കോട് | 52.30% |
| വെള്ളറട | 51.30% |
| പാറശ്ശാല | 47.73% |
| ഒറ്റശേഖരമംഗലം | 44.29% |
| ബ്ലോക്ക് പഞ്ചായത്ത് | പദ്ധതി പുരോഗതി |
| പാറശ്ശാല | 60.52% |
| പെരുങ്കടവിള | 58.43% |

(ബി) പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും ഒരു വർഷം ലഭിക്കുന്നതിനായും 2019-ലെ തെരഞ്ഞെടുപ്പ് പ്രമാണിച്ചും 2019-20 വാർഷിക പദ്ധതിക്ക് 2018 ഡിസംബർ 31-ന മുമ്പ് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. പഞ്ചായത്ത് ഡയറക്ടറേറ്റ് തലത്തിൽ പ്ലാൻ മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്തുവരുന്നു. ഗ്രാമവികസന കമ്മീഷണറുടെ നേതൃത്വത്തിൽ വീഡിയോ കോൺഫറൻസുകൾ മുഖേന പുരോഗതി അവലോകനം നടത്തുകയും ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും അവലോകന യോഗങ്ങൾ കൂടുകയും ചെയ്യുന്നു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാതല അവലോകന യോഗങ്ങൾ നടത്തിയിരുന്നു.

(സി) ഇല്ല.

(ഡി) തദ്ദേശഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൗത്യം. തദ്ദേശ സ്ഥാപനത്തിന്റെ പ്രസിഡന്റ് അദ്ധ്യക്ഷനായ സമിതിയുടെ കൺവീനർ തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിയാണ്.

## വൈക്കം-വെച്ചൂർ റോഡിന് വശങ്ങളിൽ കെട്ടിട നിർമ്മാണ നിയന്ത്രണം

150(1420) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈക്കം-വെച്ചൂർ റോഡ് വീതി കൂട്ടുന്നതിനുള്ള നടപടികൾ നടന്നു വരുന്ന ഘട്ടത്തിൽ തലയാഴം, വെച്ചൂർ പഞ്ചായത്തുകളിൽ വൈക്കം-വെച്ചൂർ റോഡിന് ഇരുവശവും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പഞ്ചായത്തുകൾ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. വൈക്കം-വെച്ചൂർ റോഡ് വീതി കൂട്ടുന്നതിനുവേണ്ടി അളന്ന് തിട്ടപ്പെടുത്തി മാർക്ക് ചെയ്തതിനുശേഷം ലഭ്യമായ കെട്ടിട നിർമ്മാണാനുമതി അപേക്ഷകളിന്മേൽ ടി അളവിൽനിന്നും മൂന്ന് മീറ്റർ ദൂരപരിധി ഉറപ്പുവരുത്തി നിലവിൽ നിർമ്മാണാനുമതി തലയാഴം പഞ്ചായത്ത് നൽകിവരുന്നു.

## സ്നേഹിത കോളിംഗ് ബെൽ പദ്ധതി

151(1421) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുരക്ഷിതമല്ലാത്ത സാഹചര്യങ്ങളിൽ ഒറ്റപ്പെട്ട് കഴിയുന്ന എത്ര പേരെയാണ് സ്നേഹിത കോളിംഗ് ബെൽ പദ്ധതിയിലൂടെ കണ്ടെത്തിയിട്ടുള്ളത്; ഇവരുടെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ ഫണ്ട് ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേരളത്തിലെ 14 ജില്ലകളിൽനിന്നായി 62,645 പേരെ "സ്നേഹിത കോളിംഗ് ബെൽ" പദ്ധതിയുടെ പിന്തുണ സ്വീകർത്താക്കളായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഉണ്ട്. ടി പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷത്തിൽ 1,24,87,287 രൂപയും 2019-2020 സാമ്പത്തിക വർഷത്തിൽ 4,91,745 രൂപയും ഉൾപ്പെടെ നാളിതുവരെ ആകെ 1,29,79,032 രൂപ ചെലവഴിച്ചിട്ടുണ്ട്.

## കുടുംബശ്രീ ശാക്തീകരണ നടപടികൾ

152(1422) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുടുംബശ്രീയുടെ ശാക്തീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

### ഉത്തരം

ഈ സർക്കാർ അധികാരത്തിൽവന്നശേഷം കുടുംബശ്രീയുടെ ശാക്തീകരണത്തിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റിലേഷൻഷിപ്പ് കേരള പദ്ധതി

153(1423) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രത്യേക അയൽകൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിനായി റിലേഷൻഷിപ്പ് കേരള എന്ന പേരിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെയും വയോജനങ്ങളുടെയും ട്രാൻസ്ജൻഡേഴ്സിന്റെയും അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കുടുംബശ്രീ അംഗങ്ങളെ പരിശീലിപ്പിക്കുന്നതിനായി കുടുംബശ്രീ സ്കൂൾ എന്ന അനൗപചാരിക വിദ്യാഭ്യാസ പരിപാടി നടത്തുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) അർഹരായ മുഴുവൻ ആളുകളെയും അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനും അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ) പൊതുധാരാ അയൽക്കൂട്ടങ്ങൾക്കൊപ്പം ശാരീരിക മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങൾ, ട്രാൻസ്ജെൻഡർ ജനവിഭാഗങ്ങൾ, വയോജനങ്ങൾ എന്നിവരുടെ പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിന് റിലേഷൻഷിപ്പ് കേരള പദ്ധതിക്ക് കുടുംബശ്രീ തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്ത് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ 3352 അയൽക്കൂട്ടങ്ങളും (32,860 അംഗങ്ങൾ), 48 ട്രാൻസ്ജെൻഡർ അയൽക്കൂട്ടങ്ങളും (556 അംഗങ്ങൾ), 23,858 വയോജന അയൽക്കൂട്ടങ്ങളും (2,83,615 അംഗങ്ങൾ) രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

(സി) കുടുംബശ്രീയുടെ ചരിത്രത്തിലാദ്യമായി 2,77,175 അയൽക്കൂട്ടങ്ങളിലെയും 4,306,976 അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് "കുടുംബശ്രീ സ്കൂൾ" എന്ന പേരിൽ അനൗപചാരിക വിദ്യാഭ്യാസ പരിപാടി രണ്ടുഘട്ടങ്ങളിലായി 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കി. ഒന്നും രണ്ടും ഘട്ടങ്ങളിലായി നടന്ന അയൽക്കൂട്ട യോഗങ്ങളിൽ 2 മണിക്കൂർ വീതമുള്ള ക്ലാസ്സുകൾ സംഘടിപ്പിച്ചുകൊണ്ട് ആറാഴ്ചകൊണ്ട് 6 വിഷയങ്ങളിൽ പരിശീലനം പൂർത്തീകരിച്ചു. കുടുംബശ്രീ ഒന്നാംഘട്ടത്തിൽ കുടുംബശ്രീ സംഘടന, കുടുംബശ്രീ

പദ്ധതികൾ, സ്ത്രീ ശാക്തീകരണവും തുല്യനീതിയും, ആരോഗ്യം-ശുചിത്വം, ലഹരിവിമുക്ത പ്രചരണം-കുടുംബശ്രീ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ, അഴിമതിമുക്ത സമൂഹം-കുടുംബശ്രീ കർത്തവ്യങ്ങൾ എന്നീ പാഠഭാഗങ്ങൾ ഉണ്ടായിരുന്നു. രണ്ടാംഘട്ടത്തിൽ കുടുംബശ്രീ അയൽക്കൂട്ടം, കുടുംബശ്രീ പദ്ധതികൾ, കണക്കെഴുത്ത് അയൽക്കൂട്ടത്തിൽ, ധനമാനേജ്മെന്റ് കുടുംബത്തിലും അയൽക്കൂട്ടത്തിലും, ഉപജീവന വികസനം സൂക്ഷ്മ സംരംഭങ്ങളിലൂടെ, ദുരന്തനിവാരണ പ്രവർത്തനങ്ങൾ അയൽക്കൂട്ടത്തിൽ എന്നീ പാഠഭാഗങ്ങൾ ഉണ്ടായിരുന്നു.

(ഡി) അർഹരായ മുഴുവൻ ആളുകളെയും അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനും അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## അയൽക്കൂട്ടങ്ങളും കുടുംബശ്രീയുടെ ബഡ്ജറ്റ് വിഹിതവും

154(1424) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അയൽകൂട്ടങ്ങൾ ഉണ്ടെന്നും ഇതിൽ എത്ര അംഗങ്ങളുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) 2020-21 വർഷത്തിൽ കുടുംബശ്രീയുടെ ബജറ്റ് വിഹിതം എത്രയെന്നും മുൻവർഷത്തെ അപേക്ഷിച്ച് ഇതിൽ എത്ര ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്താകെ 2,99,297 അയൽക്കൂട്ടങ്ങളിലായി 44,91,834 അംഗങ്ങളുണ്ട്.

(ബി) 2019-2020, 2020-2021 വർഷങ്ങളിൽ കുടുംബശ്രീക്ക് ലഭിച്ച ബഡ്ജറ്റ് വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്ലാൻ ഫണ്ട് | പ്രത്യേക ഉപജീവന ഫണ്ട് |
|---|---|---|
| 2019-2020 | 183.25 കോടിരൂപ | 75 കോടിരൂപ |
| 2020-2021 | 200 കോടിരൂപ | 50 കോടിരൂപ |
| വർദ്ധനവ് %-ൽ | 9.14 | വർദ്ധനവില്ല |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിവാഹ രജിസ്ട്രേഷൻ

155(1425) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രായപൂർത്തിയാകാതെ നടന്ന എല്ലാ വിവാഹങ്ങളും പ്രായപൂർത്തിയായി രണ്ടു വർഷത്തിനകം പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യാമോ; അതിനുള്ള നടപടി ക്രമങ്ങൾ വിശദീകരിക്കാമോ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ ഇറക്കിയ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) വിവാഹം അസാധുവാക്കുന്നതിനുള്ള അപേക്ഷ കോൺട്രാക്റ്റിംഗ് പാർട്ടിയിലെ ഒരാൾ ജില്ലാ കോടതിയിൽ സമർപ്പിക്കാത്ത പക്ഷം രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് നിയമമുണ്ടായിട്ടും പഞ്ചായത്ത് സെക്രട്ടറിമാർ ഇത്തരം അപേക്ഷകളിൽ രജിസ്റ്റർ ചെയ്യാത്ത കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

### ഉത്തരം

(എ) പ്രായപൂർത്തിയാകാതെ നടന്ന എല്ലാ വിവാഹങ്ങളും കക്ഷികൾ പ്രായപൂർത്തിയായി രണ്ടുവർഷത്തിനകം വിവാഹം അസാധുവാക്കുന്നതിനുള്ള അപേക്ഷ ജില്ലാ കോടതിയിൽ സമർപ്പിക്കാത്തപക്ഷം, കോടതിയിൽനിന്നുള്ള സാക്ഷ്യപത്രം ലഭിക്കുന്നമുറയ്ക്ക് സാധാരണ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്ന ക്രമപ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്. കോടതിയിൽ ഹർജി ഫയൽ ചെയ്യേണ്ടത് വിവാഹ സമയത്ത് പ്രായപൂർത്തിയാകാത്ത വ്യക്തി ആയതിനാൽ പ്രസ്തുത വ്യക്തിയുടെ "ഹർജി ഫയൽ ചെയ്യപ്പെട്ടിട്ടില്ല" എന്ന സത്യവാങ്മൂലം ആധികാരികമായി സ്വീകരിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 10-5-2017-ലെ ബി1/15346/17 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

കൂടാതെ 27-6-2013 വരെ നടന്ന എല്ലാ വിവാഹങ്ങളും പ്രായപരിധി പരിഗണിക്കാതെ രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് 27-6-2013-ലെ 41832/ആർ.സി 3/2013/തസ്വഭവ. നമ്പർ പ്രകാരവും സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(ബി) 27-6-2013-ലെ 41832/ആർ.സി3/2013/തസ്വഭവ. നമ്പർ സർക്കുലറിന്റെ പകർപ്പ് അനുബന്ധം-1* ആയും പഞ്ചായത്ത് ഡയറക്ടറുടെ 10-5-2017-ലെ ബി1/15346/17 നമ്പർ സർക്കുലറിന്റെ പകർപ്പ് അനുബന്ധം-2* ആയും ചേർത്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഖര മാലിന്യ നിർമ്മാർജ്ജനത്തിൽ വീഴ്ചവരുത്തിയ കോർപ്പറേഷനുകൾക്കെതിരെ സ്വീകരിച്ച നടപടി

156(1426) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986-ലെ കേന്ദ്ര പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഖര മാലിന്യ നിർമ്മാർജ്ജനത്തിൽ വീഴ്ചവരുത്തിയ കോർപ്പറേഷനുകൾക്കെതിരെ മലിനീകരണ നിയന്ത്രണ ബോർഡ് നടപടി സ്വീകരിച്ചിരുന്നോയെന്ന് അറിയിക്കുമോ;

(ബി) ഏതൊക്കെ കോർപ്പറേഷനുകൾക്കെതിരെയാണ് നടപടി സ്വീകരിച്ചതെന്നും ഓരോ കോർപ്പറേഷനും ഏർപ്പെടുത്തിയ പിഴത്തുക എത്രയെന്നും വിശദീകരിക്കുമോ;

(സി) പിഴ ചുമത്തിയത് ദേശീയ ഹരിത ട്രൈബ്യൂണലിന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടായിരുന്നോ; സംസ്ഥാനത്ത് ഏതെങ്കിലും കോർപ്പറേഷൻ പിഴ തുക ഇതിനകം അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തൃശ്ശൂർ നഗരസഭയ്ക്ക് 4.56 കോടിരൂപയുടെ എൻവയോൺമെന്റൽ കോമ്പൻസേഷൻ ഒടുക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം കോർപ്പറേഷന് 14.59 കോടിരൂപയും കൊച്ചി കോർപ്പറേഷന് 1.122 കോടിരൂപയും എൻവയോൺമെന്റൽ കോമ്പൻസേഷനായി അടയ്ക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) മലിനീകരണ നിയന്ത്രണ ബോർഡ് പിഴ ഒടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയത് ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവിന് അനുസൃതമായിട്ടായിരുന്നു. പിഴത്തുക കോർപ്പറേഷനുകൾ അടച്ചിട്ടില്ല. ബോർഡ് നൽകിയ ഉത്തരവിനെതിരെ തൃശ്ശൂർ കോർപ്പറേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും ദേശീയ ഹരിത ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ പോകുന്നതിനോ അല്ലെങ്കിൽ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഒറിജിനൽ ആപ്ലിക്കേഷനിൽ കക്ഷിചേരുകയോ ചെയ്യുന്നതിനോ അല്ലെങ്കിൽ രണ്ടും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാനോ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിടുകയും ചെയ്തിരുന്നു. ഹൈക്കോടതി വിധിക്കെതിരെ തൃശ്ശൂർ കോർപ്പറേഷൻ ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ അപ്പീൽ പോകുകയും അപ്പീൽ

തീർപ്പാകുന്നമുറയ്ക്ക് മലിനീകരണ നിയന്ത്രണ ബോർഡിന് എൻവയോൺമെന്റൽ കോമ്പൻസേഷൻ നൽകുന്നതിനുള്ള ഒരു ബോണ്ട് എക്സിക്യൂട്ട് ചെയ്യുന്നതിനുള്ള ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ നടപടി ക്കെതിരെ തിരുവനന്തപുരം കോർപ്പറേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും ബോർഡിന്റെ നടപടിയിന്മേൽ സ്റ്റേ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

## രാജീവ് നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സിലെ മാലിന്യ സംസ്കരണം

157(1427) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ താമസിക്കുന്ന സംസ്ഥാനത്തെ ഏറ്റവും വലിയ ഫ്ലാറ്റ് സമുച്ചയമായ രാജീവ് നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സിലെ മാലിന്യം നീക്കം ചെയ്യുന്നത് നിലവിൽ എപ്രകാരമാണെന്ന് വിശദമാക്കുമോ;

(ബി) ഇവിടെ പല ദിവസങ്ങളിലും പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റും കത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡെങ്കി, ചിക്കൻപോക്സ് മുതലായ സാംക്രമിക രോഗങ്ങൾ താമസക്കാരിൽ റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ ഇവിടെ പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റും കത്തിക്കുന്നത് കർശനമായി തടയുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ഉറവിട മാലിന്യ സംസ്കരണ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ടി ഫ്ലാറ്റിലെ മാലിന്യങ്ങൾ നഗരസഭയുടെ അംഗീകൃത ഏജൻസിയായ V care എന്ന ഏജൻസിക്ക് കൈമാറി വരുന്ന രീതിയാണ് നിലവിലുള്ളത്. കൂടാതെ ജൈവ മാലിന്യ സംസ്കരണത്തിന് 2 പോർട്ടബിൾ എയ്റോബിക് ബിൻ യൂണിറ്റുകൾ ഈ ഫ്ലാറ്റ് പരിസരത്ത് സ്ഥാപിച്ച് ജൈവമാലിന്യ പരിപാലനം നഗരസഭ നടത്തിവരുന്നു.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. യാതൊരുവിധ മാലിന്യങ്ങളും കത്തിക്കാൻ പാടില്ലായെന്ന് വിവിധ മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തിയിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യം കത്തിക്കുന്നത് തടയുന്നതിന് ബോധവൽക്കരണം ഉൾപ്പെടെയുള്ള നടപടികൾ നടന്നുവരുന്നുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ സംവിധാനം**

158(1428) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി അനുയോജ്യമായ സ്ഥലം വാങ്ങി മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് പ്ലാൻ ഫണ്ടിൽ ആവശ്യമായ തുക വകയിരുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) അനുയോജ്യമായ സ്ഥലം ലഭ്യതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംസ്കരണ സംവിധാനത്തിന് ആവശ്യമായ തുക അടിയന്തരമായി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണത്തിനായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.

- എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ആവശ്യമെങ്കിൽ കമ്മ്യൂണിറ്റി തലത്തിലും പരമാവധി സ്വന്തം നിലയിൽ കമ്പോസ്റ്റിങ്ങ്, ബയോമെതനേഷൻ (ബയോഗ്യാസ് പ്ലാന്റ്) രീതികളിലൂടെ ജൈവമാലിന്യം സംസ്കരിക്കുക.

- സ്ഥലപരിമിതിയുള്ള വീടുകളിലെ ജൈവമാലിന്യം കമ്മ്യൂണിറ്റിതല കമ്പോസ്റ്റിങ്ങ് നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏറ്റെടുക്കുക.

- സ്ഥാപനങ്ങൾ, മാർക്കറ്റ്, കമ്മ്യൂണിറ്റി എന്നീ തലങ്ങളിൽ തുമ്പൂർമൂഴി കമ്പോസ്റ്റിങ്ങ്, ബയോഗ്യാസ് പ്ലാന്റ് എന്നീ പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കുക.

- നിലവിലുള്ള പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും നവീകരണ പ്രവർത്തനങ്ങളും ഏറ്റെടുക്കുക.

- വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും വൃത്തിയാക്കി തരം തിരിക്കപ്പെട്ട അജൈവമാലിന്യം ശേഖരിച്ച് പുന:ചംക്രമണം ചെയ്യുന്നതിനായി പൊതുവായ അജൈവമാലിന്യ പരിപാലന സൗകര്യങ്ങളായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക, അജൈവമാലിന്യ പുന:ചംക്രമണ പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി വാങ്ങുക.

- മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ അനുബന്ധ സൗകര്യങ്ങളായ ബെയിലിംഗ് മെഷീൻ, ഷ്രെഡിംഗ് മെഷീൻ, ഡി-ഡസ്റ്റിംഗ് മെഷീൻ, വാഷിംഗ് സൗകര്യം, മലിനജലം ട്രീറ്റ് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ ആവശ്യാനുസരണം ഏർപ്പെടുത്തുക.

- ഗ്യാസ് ക്രിമറ്റോറിയം, അറവുശാല, പാക്കേജ്ഡ് സീവേജ്/സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കുക.

- ജൈവമാലിന്യ സംസ്കരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന അംഗീകൃത ഇനോകുലങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുക.

- റീജിയണൽ സാനിട്ടറി ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം വാങ്ങലും അവ സ്ഥാപിക്കലും.

- റീസൈക്ലിംഗ് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് റീസൈക്ലിംഗ് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം വ്യവസായ എസ്റ്റേറ്റുകളിൽ ഒരുക്കുക. കൂടാതെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ (Waste-to-Energy Plants) സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 2019-20-ലെ പഞ്ചായത്തുകളുടേയും നഗരസഭകളുടേയും പദ്ധതി രൂപീകരണ മാർഗ്ഗരേഖപ്രകാരം പഞ്ചായത്തുകളും നഗരസഭകളും തങ്ങളുടെ പൊതുവിഹിത ഫണ്ടിൽനിന്നും യഥാക്രമം 10%, 15% എന്ന നിരക്കിൽ മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് മുൻഗണന നൽകി ഫണ്ട് നീക്കിവയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്ലാൻഫണ്ട് ഉപയോഗിച്ച് സ്ഥലം വാങ്ങുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് പ്രോജക്ട് തയ്യാറാക്കാവുന്നതാണ്.

(സി) സ്ഥലലഭ്യതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്ന മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പ്രോജക്ടുകൾ തയ്യാറാക്കി ശുചിത്വ വിഹിതം ഉൾപ്പെടുത്തി ഡി.പി.സി. അംഗീകാരത്തോടുകൂടി സമർപ്പിക്കുന്നമുറയ്ക്ക് ശുചിത്വമിഷൻ മുഖേനയുള്ള സംസ്ഥാനാവിഷ്കൃത ഫണ്ടും കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷന്റെ മാലിന്യ പരിപാലന ഘടകം ഫണ്ടും ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാകും.

## മലിനീകരണ നിയന്ത്രണ ബോർഡ് നഗരസഭകൾക്ക് ചുമത്തിയ പിഴ

159(1429) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണത്തിൽ വരുത്തിയ വീഴ്ചകൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം ഉൾപ്പെടെയുള്ള നഗരസഭകൾക്ക് പിഴ ചുമത്തിയിരുന്നോയെന്ന് അറിയിക്കാമോ;

(ബി) ഇപ്രകാരം പിഴ ചുമത്തുന്ന കാര്യം മലിനീകരണ നിയന്ത്രണ ബോർഡ് തദ്ദേശഭരണ വകുപ്പിനെ രേഖാമൂലം അറിയിച്ചിരുന്നോ;

(സി) മലിനീകരണ നിയന്ത്രണ ബോർഡിന്റെ നടപടിയിൽ വകുപ്പ് പിഴവോ അതൃപ്തിയോ രേഖപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മലിനീകരണ നിയന്ത്രണ ബോർഡിന് എന്തൊക്കെ പിഴവ് ഉണ്ടായി എന്നാണ് വകുപ്പ് വിലയിരുത്തുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തൃശ്ശൂർ നഗരസഭയ്ക്ക് 4.56 കോടിയുടെ Environmental Compensation ഒടുക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും തിരുവനന്തപുരം കോർപ്പറേഷന് 14.59 കോടിരൂപയും കൊച്ചി കോർപ്പറേഷന് 1.122 കോടിരൂപയും Environmental Compensation ആയി അടയ്ക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിരുന്നു.

(ബി&സി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ നോട്ടീസിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## അറവുശാലകളിലെ മാലിന്യങ്ങളുടെ സംസ്കരണം

160(1430) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറവുശാലകളിലെ മാലിന്യങ്ങൾ റോഡരികിലും മറ്റ് പൊതുസ്ഥലങ്ങളിലും നിക്ഷേപിക്കുന്നവർക്കെതിരെ എന്തെല്ലാം ശിക്ഷാ നടപടികളാണ് സ്വീകരിക്കുവാൻ സാധിക്കുന്നതെന്നും മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള എന്തെല്ലാം മാർഗ്ഗങ്ങളാണ് നിലവിൽ സ്വീകരിച്ചുവരുന്നതെന്നും വിശദമാക്കാമോ;

(ബി) മാലിന്യങ്ങൾ നിക്ഷേപിക്കുന്ന വ്യക്തികളെ ശിക്ഷിക്കുവാനുള്ള നിയമമുണ്ടെങ്കിലും ഇത്തരം പ്രവർത്തനങ്ങൾ നിർബാധം തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വ്യക്തികൾക്ക് പരമാവധി ശിക്ഷ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കേണ്ടത് കടയുടമയുടെ ഉത്തര വാദിത്തമാക്കിക്കൊണ്ട് പ്രസ്തുത കുറ്റകൃത്യങ്ങൾ നടത്തുന്ന കടയുടമയുടെ ലൈസൻസ് റദ്ദാക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അറവുശാലകളിൽ നിന്നുൾപ്പെടെയുള്ള മാലിന്യങ്ങൾ റോഡരികിലും മറ്റ് പൊതുസ്ഥലങ്ങളിലും നിക്ഷേപിക്കുന്നവർക്കെതിരെ 1994-ലെ പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 219 പ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 340, 334 വകുപ്പുകൾ പ്രകാരവും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്. പൊതു സ്ഥലങ്ങളിലോ വഴിയോരങ്ങളിലോ, തെരുവിനോട് ചേർന്ന ഒഴിഞ്ഞ സ്ഥലത്തോ മാലിന്യം നിക്ഷേപിക്കുന്നവരിൽ നിന്നോ നിക്ഷേപിക്കാൻ കാരണമാകുന്നവരിൽനിന്നോ അപ്പോൾത്തന്നെ 500 രൂപയിൽ കുറയാതെയും 2000 രൂപയിൽ കൂടാതെയുമുള്ള പിഴ ഈടാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിക്കോ പ്രത്യേകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ പഞ്ചായത്തീരാജ് ആക്ട് 219(റ്റി) വകുപ്പ് പ്രകാരം അധികാരമുണ്ട്. പ്രസ്തുത പിഴ 15 ദിവസത്തിനുള്ളിൽ ഒടുക്കാതിരുന്നാൽ അവർക്കെതിരെ പ്രോസിക്യൂഷൻ നടപടി എടുക്കുന്നതിന് സെക്രട്ടറിമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് നിക്ഷിപ്തമായ പൊതുജല മാർഗ്ഗത്തിലോ, ജലാശയത്തിലോ ചവറോ മാലിന്യമോ വിസർജ്യ വസ്തുക്കളോ നിക്ഷേപിക്കുന്നവരിൽനിന്ന് 10,000 രൂപയിൽ കുറയാതെയും 25,000 രൂപവരെ ആകാവുന്നതുമായ തുക പിഴയായും 6 മാസത്തിൽ കുറയാതെ ഒരു വർഷംവരെ ആകാവുന്നതുമായ കാലത്തേയ്ക്കുള്ള തടവുശിക്ഷയടക്കം നൽകുന്നതിന് കേരള പഞ്ചായത്തീരാജ് നിയമത്തിലെ 219(എസ്) വകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കുറ്റം ജാമ്യമില്ലാ കുറ്റമായിട്ടാണ് പരിഗണിക്കുക. ആരെങ്കിലും ടി ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചവറോ ഖരമാലിന്യങ്ങളോ, മൃഗാവശിഷ്ടമോ കൊണ്ടിടുകയോ വലിച്ചെറിയുകയോ ചെയ്യുന്നതായാൽ അയാൾ മേൽപ്പറഞ്ഞ വകുപ്പുകളുടെ പരിധിയിൽ ഉൾപ്പെടുന്നില്ലായെങ്കിൽ കുറ്റസ്ഥാപനത്തിന്മേൽ 500 രൂപയിൽ കുറയാത്തതും 2000 രൂപ വരെയാകാവുന്നതുമായ പിഴ ശിക്ഷയ്ക്ക് കേരള പഞ്ചായത്തീരാജ് നിയമത്തിലെ 219(റ്റി) വകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പൊതുസ്ഥലങ്ങളിലോ വഴിയോരങ്ങളിലോ തെരുവിനോട് ചേർന്ന ഒഴിഞ്ഞ സ്ഥലത്തോ മാലിന്യം നിക്ഷേപിക്കുന്നവരിൽനിന്നോ നിക്ഷേപിക്കാൻ കാരണമാകുന്നവരിൽ നിന്നോ ഏതൊരാളും, കുറ്റ സ്ഥാപനത്തിന്മേൽ, ആറ് മാസത്തിൽ കുറയാതെയും ഒരു വർഷം വരെ ആകാവുന്നതുമായ കാലത്തേയ്ക്കുള്ള തടവോ, പതിനായിരംരൂപയിൽ കുറയാതെയും അമ്പതിനായിരംരൂപ വരെ ആകാവുന്നതുമായ പിഴയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടാവുന്ന താണെന്ന് കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 334(എ) 3(1) പ്രകാരം വ്യവസ്ഥ ചെയ്യുന്നു. വ്യവസ്ഥ ലംഘിച്ച് ശിക്ഷിക്കപ്പെട്ട ഏതൊരാളും വ്യവസ്ഥയുടെ ലംഘനം തുടരുന്ന ഓരോ ദിവസത്തേയ്ക്കും ആയിരംരൂപയിൽ കുറയാതെയുള്ള പിഴയ്ക്ക് ശിക്ഷിക്കപ്പെടേണ്ടതാണെന്ന് പ്രസ്തുത ആക്ടിൽ 334(എ) (4)(3) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 340(2) പ്രകാരം ചവറോ മാലിന്യമോ അവശിഷ്ടങ്ങളോ ഇടുന്നതിനുവേണ്ടി ഉദ്ദേശിക്കപ്പെടാത്ത ഒരു പൊതു സ്ഥലത്ത് ആരെങ്കിലും അവ ഇടുകയോ, അതിന് ചുമതലപ്പെടുത്തുകയോ ചെയ്യുന്നതായി, സെക്രട്ടറിക്കോ, അദ്ദേഹം ഇതിലേയ്ക്കായി പ്രത്യേകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ബോദ്ധ്യപ്പെടുന്നപക്ഷം അപ്രകാരം ചെയ്യുന്ന ആൾക്കെതിരെ തൽസമയംതന്നെ 250 രൂപയിൽ കവിയാത്ത തുക പിഴ ശിക്ഷയായി ചുമത്തേണ്ടതും അപ്രകാരം ചുമത്തിയ പിഴ തുക 15 ദിവസത്തിനകം മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കേണ്ടതും അപ്രകാരം അടയ്ക്കാത്തപക്ഷം അയാളുടെ മേൽ സെക്രട്ടറി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. 340 (എ) വകുപ്പുപ്രകാരമുള്ള ഒരു കുറ്റകൃത്യം ചെയ്യുന്നതിനുള്ള ഉദ്ദേശ്യത്തോടെയോ ഒരുക്കത്തോടെയോ മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ പൊതു സ്ഥലത്തിലൂടെയോ പൊതു നിരത്തിലൂടെയോ കടത്തിക്കൊണ്ട് പോകുന്നതോ, അഥവാ അപ്രകാരം നിക്ഷേപിക്കുന്നതിന് ഉപയോഗിച്ചതിനുശേഷം തിരികെ പോകുന്നതോ ആണെന്ന് ന്യായമായി സംശയിക്കാൻ കാരണമുള്ള ഒരു വാഹനത്തെ സെക്രട്ടറിക്കോ ഈ ആവശ്യത്തിലേയ്ക്കായി സെക്രട്ടറി അധികാരപ്പെടുത്തിയ മുനിസിപ്പാലിറ്റിയിലെ ഒരു ഉദ്യോഗസ്ഥനോ, സബ് ഇൻസ്പെക്ടറുടെ പദവിയിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ പിടിച്ചെടുക്കേണ്ടതും നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചശേഷം, അധികാരികതയുള്ള സബ്ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കേണ്ടതാകുന്നു. അപ്രകാരം പിടിച്ചെടുക്കപ്പെട്ട ഒരു വാഹനം, നിർണ്ണയിക്കപ്പെട്ട പ്രകാരം അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചശേഷം അതതു സംഗതിപോലെ, വിട്ടുകൊടുക്കാവുന്നതോ കണ്ടുകെട്ടാവുന്നതോ ആകുന്നു. വാഹനം കണ്ടുകെട്ടുന്ന സംഗതിയിൽ അത് ലേലം ചെയ്യുകയും തുക മുനിസിപ്പൽ ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുകയും ചെയ്യേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ സാധ്യമായ സ്ഥലങ്ങളിൽ ആധുനിക അറവുശാലകൾ സ്ഥാപിക്കുവാനും അതിനോടനുബന്ധമായി ബയോഗ്യാസ് പ്ലാന്റുകൾ, എഫ്ളുവെന്റ് സംസ്കരണ സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തി മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കടകൾ ഉത്പാദിപ്പിക്കുന്ന മാലിന്യങ്ങൾ ഒരു കേന്ദ്രീകൃത സംവിധാനത്തിലൂടെ റെൻഡറിംഗ് എന്ന സാങ്കേതിക വിദ്യയിലൂടെ മത്സ്യതീറ്റയായോ നായ്ക്കളുടെയോ, പൂച്ചകളുടെയോ തീറ്റയായോ മാറ്റി എടുക്കുന്നതിന് പി.പി.പി. മോഡലിൽ പ്ലാന്റുകൾ സ്ഥാപിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) മാലിന്യനിക്ഷേപം നിർബാധം തുടരുന്നില്ല. ഇത്തരം പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

(സി) മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ഉറവിട മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ സജ്ജീകരിച്ച് പ്രവർത്തനക്ഷമമാക്കാത്ത സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് അറിയിപ്പ് കൂടാതെ റദ്ദാക്കുന്നതിന് കേരള മുനിസിപ്പാലിറ്റി/പഞ്ചായത്ത് രാജ് ആക്ട് 1994 അനുസരിച്ചുള്ള നടപടികൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണെന്ന് 22-7-2017-ലെ സ.ഉ. (സാധാ) നമ്പർ 2511/2017/തസ്വഭവ. നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. പുതുതായി ഡി &ഒ ലൈസൻസിന് അപേക്ഷിക്കുന്ന സ്ഥാപനങ്ങൾ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് അനുയോജ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കി മാത്രമേ അവർക്ക് ഡി & ഒ ലൈസൻസ് ഇനിമേലിൽ നൽകാവൂ എന്ന് ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ചിക്കൻ സ്റ്റാളുകൾ, അറവുശാലകൾ എന്നിവിടങ്ങളിലെല്ലാം മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ നിന്നുള്ള ജൈവ-അജൈവ മാലിന്യങ്ങൾ പൊതുനിരത്തുകളിലും ജലാശയങ്ങളിലും നിക്ഷേപിക്കപ്പെടുന്നില്ലെന്നും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതും ഇത് ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. മേൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ സ്വീകരിച്ചുവരുന്നുണ്ട്.

## മണലൂർ മണ്ഡലത്തിൽ ഹരിതകേരളം പദ്ധതി

161(1431) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ പഞ്ചായത്ത്/നഗരസഭ തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയാണെന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതി പ്രകാരം നിലവിൽ പുരോഗമിച്ച് കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ജലസ്രോതസ്സുകളുടെ സംരക്ഷണം

162(1432) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ തോടുകളും വൃത്തിയാക്കുന്നതിനുള്ള ജനകീയ പ്രസ്ഥാനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഹരിത കേരള മിഷന്റെ ആഭിമുഖ്യത്തിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇവ വിജയപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ?

ഉത്തരം

(എ) നദികളുടെ കൈവഴികളുടേയും നീർച്ചാലുകളുടെ ശൃംഖലകളും ശുദ്ധീകരിച്ച് ചെളിയും മാലിന്യങ്ങളും നീക്കി നീരൊഴുക്ക് നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കുളങ്ങളും തോടുകളും നദികളും നീർച്ചാലുകളും ശുചിയാക്കി നമ്മുടെ പൊതുസ്വത്തായി സംരക്ഷിക്കുന്ന വിധത്തിലുള്ള അവബോധം ജനങ്ങളിലുണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്.

ഗ്രാമത്തിലെ ചെറിയ കുളങ്ങൾ, തോടുകൾ, കായൽ ഭാഗങ്ങൾ, നദി എന്നിവ എല്ലാ സാമൂഹ്യസന്നദ്ധ സംഘടനകളെയും പങ്കെടുപ്പിച്ചുകൊണ്ട് അനുയോജ്യമായ എല്ലാ യന്ത്രങ്ങളും ഉപയോഗിച്ച് ശുചിയാക്കൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

" ഇനി ഞാൻ ഒഴുകട്ടേ," " പുഴ നടത്തം" എന്നീപേരുകളിൽ ക്യാമ്പയിനുകൾ എല്ലാ വിഭാഗം ജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് വിജയകരമായി നടപ്പിലാക്കിവരുന്നു.

(ബി) പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് തൊഴിലുറപ്പ് പദ്ധതി ഇപ്പോൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നുണ്ട്.

(സി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മിഷൻയോഗ തീരുമാനങ്ങളെത്തുടർന്ന് ജലസംരക്ഷണ കർമ്മസമിതി യോഗം ചേർന്ന് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഓരോ നീർച്ചാലുവീതമെങ്കിലും ജനകീയമായി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തി. പുനരുജീവന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമ്പോൾ യന്ത്ര സഹായം ആവശ്യമുള്ളിടങ്ങളിൽ അനിവാര്യമായ പണം വിനിയോഗിക്കുന്നതിനാവശ്യമായ ഉത്തരവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കി. തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത ഇക്കാര്യത്തിൽ പരമാവധി ഉപയോഗിച്ചിട്ടുണ്ട്. ജലജന്യരോഗങ്ങൾ തടയുന്നതിനും നീരൊഴുക്ക് സുഗമമാക്കി വെള്ളപ്പൊക്ക സാധ്യത ലഘൂകരിക്കുന്നതിനും നീർച്ചാൽ പുനരുജ്ജീവന പ്രവർത്തനങ്ങൾ ഫലപ്രദമാക്കിയിട്ടുണ്ട്.

## ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ പൊതു ശുചിമുറികൾ

163(1433) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ തദ്ദേശസ്ഥാപനങ്ങൾ മുഖേന 24000 പൊതുശുചിമുറികൾ നിർമ്മിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

### ഉത്തരം

പൊതുശുചിമുറികളുടെ അഭാവംമൂലം സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കേരളത്തിൽ അങ്ങോളമിങ്ങോളം ദേശീയ സംസ്ഥാന പാതയോരങ്ങളിൽ 12000 ജോഡി

പൊതു ശുചിമുറികൾ നിർമ്മിക്കുന്ന പദ്ധതി സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് 20-2-2020-ലെ സ.ഉ. (കൈ) നമ്പർ 39/2020/ത.സ്വ.ഭ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സഹകരിക്കാൻ തയ്യാറുള്ള ഏജൻസികളെ പങ്കെടുപ്പിച്ചുകൊണ്ട് പൊതുശുചിമുറികൾ നിർമ്മിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള ഭൂമി വിനിയോഗം ചെയ്തുകൊണ്ട് പൊതു ശുചിമുറികൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന വൃത്തിയുള്ള ശുചിമുറികളും സാധ്യതയുള്ള സ്ഥലങ്ങളിൽ അത്യാവശ്യസാധനങ്ങൾ വിൽക്കുന്ന ബങ്കുകളും ലഘുഭക്ഷണശാലകളും തുടങ്ങുവാനാണ് ലക്ഷ്യമിടുന്നത്. പൊതു ശുചിമുറികളുടെ നിർമ്മാണച്ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. നിർമ്മാണങ്ങളുടെ മേൽനോട്ടവും സമയബന്ധിത പൂർത്തീകരണവും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമായിരിക്കും. പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. ദേശീയപാത, സംസ്ഥാനപാത എന്നിവയ്ക്കരികിൽ മൂന്ന് സെന്റ് സർക്കാർ ഭൂമി പൊതു ശുചിമുറികൾ സ്ഥാപിക്കുന്നതിനായി അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്.
2. വില്ലേജ് ഓഫീസർ ഭൂമിയുടെ ഉടമസ്ഥത കണ്ടെത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കേണ്ടതാണ്. ഇതിന് ആവശ്യമായ നടപടി അതത് ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്.
3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിയും വില്ലേജ് ഓഫീസറും സംയുക്തമായി ഭൂമി അടയാളപ്പെടുത്തുകയും ഇക്കാര്യം ജില്ലാതലത്തിലുള്ള പ്രസ്തുത വകുപ്പ് മേധാവിയെ അറിയിക്കുകയും ചെയ്യേണ്ടതാണ്.
4. തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ ഇക്കാര്യത്തിലുള്ള നിർദ്ദേശം ജില്ലാതല വകുപ്പ് മേധാവിക്ക് സ്വീകാര്യമല്ലെങ്കിൽ ആയത് ജില്ലാകളക്ടറുടെ തീരുമാനത്തിന് വിടേണ്ടതാണ്.
5. ഇക്കാര്യത്തിൽ ജില്ലാ കളക്ടറുടെ തീരുമാനം അന്തിമമായിരിക്കും.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

## വാമനപുരം മണ്ഡലത്തിൽ ശുചിത്വമിഷൻ പദ്ധതികൾ

164(1434) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശുചിത്വ മിഷൻ വാമനപുരം നിയോജകമണ്ഡല പരിധിയിൽ പ്രാവർത്തികമാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും പഞ്ചായത്തടിസ്ഥാനത്തിലുള്ള പുരോഗതി റിപ്പോർട്ട് നൽകാമോ;

(സി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ചെലവഴിച്ച തുകയും അറിയിക്കാമോ?

ഉത്തരം

(എ)

- വാമനപുരം- പരപ്പാറ എസ്.കെ.വി. യു.പി. സ്കൂളിൽ ടോയ്‌ലറ്റ്, വാമനപുരം ഗവൺമെന്റ് യു.പി. സ്കൂളിൽ ടോയ്‌ലറ്റ്.
- പാങ്ങോട്- പാങ്ങോട് എൽ.പി. സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മാണം, പുളിക്കര അങ്കണവാടിക്ക് ടോയ്‌ലറ്റ് നിർമ്മാണം.
- ആനാട്- കളക്ടേഴ്സ് @ സ്കൂൾ
- പനവൂർ - വ്യക്തിഗത ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ
- പുല്ലമ്പാറ - വിവിധ സ്കൂളുകളിൽ ഷീ ടോയ്‌ലറ്റ് നിർമ്മാണം, സ്കൂളുകളിൽ മിനി എം.സി.എഫ്.
- നന്ദിയോട് - ഒ.ഡി.എഫ്. കക്കൂസ് നിർമ്മാണം, സെപ്റ്റിക് ടാങ്ക് അറ്റകുറ്റപ്പണി, ഒ.ഡി.എഫ്. കക്കൂസ് നിർമ്മാണം ഫേസ്-2

(ബി-സി) അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.*

## ചാലിയാർ പുഴയിലെ മാലിന്യം

165(1435) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം ചാലിയാർ പുഴയിൽ അടിഞ്ഞ് കൂടിയ മണലും മാലിന്യവും നീക്കം ചെയ്യുന്നതിന് നിലമ്പൂർ നിയോജക മണ്ഡലത്തിലെ പോത്തുകൽ, ചുങ്കത്തറ, നിലമ്പൂർ മുനിസിപ്പാലിറ്റി എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മേൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ എത്ര ക്യൂബിക് മീറ്റർ മാലിന്യങ്ങളാണ് അടുത്ത മഴക്കാലത്തിന് മുമ്പ് നീക്കം ചെയ്യേണ്ടതെന്ന് അറിയിക്കാമോ;

(സി) മണലും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ നിർവ്വഹിക്കേണ്ട ഉദ്യോഗസ്ഥർ ആരെന്ന് അറിയിക്കാമോ;വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ചുങ്കത്തറ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് സെക്രട്ടറി കൺവീനർ ആയും വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, ഇറിഗേഷൻ പ്രതിനിധി എന്നിവർ അംഗങ്ങളായുമുള്ള പഞ്ചായത്ത്തല സമിതി രൂപീകരിച്ച് സെക്രട്ടറിയുടെ ചേംബറിൽ യോഗം ചേരുകയും ചാലിയാർ പുഴയിൽ പ്രളയാവശിഷ്ടങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു. 2-3-2020-ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം പോത്തുകല്ല് ഗ്രാമപഞ്ചായത്ത് ചാലിയാർ പുഴയിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലമ്പൂർ നഗരസഭാ പരിധിയിൽ പ്രളയത്തോടനുബന്ധിച്ച് ചാലിയാർ പുഴയിൽ മണലോ മാലിന്യങ്ങളോ അടിഞ്ഞു കൂടിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) ചുങ്കത്തറ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 17340 ക്യുബിക് മീറ്റർ മാലിന്യം നീക്കം ചെയ്യേണ്ടതുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ ആയത് തിട്ടപ്പെടുത്തിയിട്ടില്ല.

(സി) അതത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി.

**പൊതുശുചിമുറികളുടെ അഭാവം**

166(1436) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുശുചിമുറികളുടെ അഭാവംമൂലം സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിനായുള്ള ഭൂമി എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) സംസ്ഥാനത്ത് നിലവിലുള്ള പൊതുശുചിമുറികൾ വേണ്ട വിധത്തിൽ ശുചീകരിക്കാത്തതിനാലും കാലാകാലം ആവശ്യമായ നവീകരണം നടത്താത്തതിനാലും അവ അതിവേഗം ഉപയോഗശൂന്യമാകുന്നു എന്ന വസ്തുത പരിഗണിച്ച് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതി പ്രകാരം നിർമ്മിക്കുന്നവ ശരിയായ രീതിയിൽ പരിപാലിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പുവരുത്തുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) പൊതുശുചിമുറികളുടെ അഭാവംമൂലം സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കേരളത്തിൽ അങ്ങോളമിങ്ങോളം ദേശീയ സംസ്ഥാന പാതയോരങ്ങളിൽ 12000 ജോഡി പൊതു ശുചിമുറികൾ നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് 20-2-2020-ലെ സ.ഉ. (കൈ) നം.39/2020/ത.സ്വ.ഭ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സഹകരിക്കാൻ തയ്യാറുള്ള ഏജൻസികളെ പങ്കെടുപ്പിച്ചുകൊണ്ട് പൊതു ശുചിമുറികൾ നിർമ്മിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള ഭൂമി വിനിയോഗം ചെയ്തുകൊണ്ട് പൊതുശുചിമുറികൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന വൃത്തിയുള്ള ശുചിമുറികളും സാധ്യതയുള്ള സ്ഥലങ്ങളിൽ അത്യാവശ്യസാധനങ്ങൾ വിൽക്കുന്ന ബങ്കുകളും ലഘുഭക്ഷണശാലകളും തുടങ്ങുവാനാണ് ലക്ഷ്യമിടുന്നത്. പൊതുശുചിമുറികളുടെ നിർമ്മാണച്ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. നിർമ്മാണങ്ങളുടെ മേൽനോട്ടവും സമയബന്ധിത പൂർത്തീകരണവും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമായിരിക്കും. പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. ദേശീയപാത, സംസ്ഥാനപാത എന്നിവയ്ക്കരികിൽ മൂന്ന് സെന്റ് സർക്കാർഭൂമി പൊതു ശുചിമുറികൾ സ്ഥാപിക്കുന്നതിനായി അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്.
2. വില്ലേജ് ഓഫീസർ ഭൂമിയുടെ ഉടമസ്ഥത കണ്ടെത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കേണ്ടതാണ്. ഇതിന് ആവശ്യമായ നടപടി അതത് ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിയും വില്ലേജ് ഓഫീസറും സംയുക്തമായി ഭൂമി അടയാളപ്പെടുത്തുകയും ഇക്കാര്യം ജില്ലാതലത്തിലുള്ള പ്രസ്തുത വകുപ്പ് മേധാവിയെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

4. തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ ഇക്കാര്യത്തിലുള്ള നിർദ്ദേശം ജില്ലാതല വകുപ്പ് മേധാവിക്ക് സ്വീകാര്യമല്ലെങ്കിൽ ആയത് ജില്ലാകളക്ടറുടെ തീരുമാനത്തിന് വിടേണ്ടതാണ്.

5. ഇക്കാര്യത്തിൽ ജില്ലാ കളക്ടറുടെ തീരുമാനം അന്തിമമായിരിക്കും.

(സി) പൊതുശുചിമുറികളുടെ നിർമ്മാണചെലവും മേൽനോട്ടവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. പ്രസ്തുത ശുചിമുറികൾ ശരിയായ രീതിയിൽ പരിപാലിക്കുന്നതിനുള്ള നടപടികൾ കുടുംബശ്രീ പോലെയുള്ള ഏജൻസികൾ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്നതാണ്.

## തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ പ്ലാസ്റ്റിക് നിരോധനം

167(1437) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ച ശേഷം തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ എത്ര പ്ലാസ്റ്റിക് നിയമലംഘന കേസ്സുകൾ റിപ്പോർട്ട് ചെയ്തുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഇനത്തിൽ എത്ര തുക പിഴയായി ഈടാക്കിയെന്നും എത്ര പേർക്കെതിരെ നിയമനടപടി സ്വീകരിച്ചുവെന്നും വിശദീകരിക്കുമോ;

(സി) പ്ലാസ്റ്റിക് നിരോധനം ഫലപ്രദമാക്കുന്നതിനായി തൃശ്ശൂർ കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

### ഉത്തരം

(എ&ബി) ഏഴ് കേസ്സുകൾ റിപ്പോർട്ട് ചെയ്തിരുന്നു. ഈ ഇനത്തിൽ 20,000 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. 5 പേർക്ക് നോട്ടീസ് നൽകി പിഴ ചുമത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മറ്റ് നിയമ നടപടി സ്വീകരിച്ചിട്ടില്ല.

(സി) തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ എല്ലാതരം പ്ലാസ്റ്റിക് ക്യാരി ബാഗുകളും ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകളും നിരോധിക്കുന്നതിനായുള്ള

31-8-2019-ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം, കോർപ്പറേഷൻ തലത്തിൽ പ്ലാസ്റ്റിക് നിരോധന കമ്മിറ്റി രൂപീകരിച്ചു. ഇതിനോടനുബന്ധിച്ച് വ്യാപാരി വ്യവസായി സംഘടന, ഹോട്ടൽ റസ്റ്റോറന്റ് അസോസിയേഷൻ രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, കുടുംബശ്രീ, സി.ഡി.എസ്. ഹാളുകളുടെ ഉടമസ്ഥർ കാറ്ററിംഗ് യൂണിറ്റ് ഹോസ്പിറ്റൽ പ്രതിനിധികൾ പ്രമുഖ ട്രേഡ് യൂണിയൻ പ്രതിനിധികൾ എന്നിവരുടെ യോഗം വിളിച്ചുചേർത്തു. പ്ലാസ്റ്റിക് നിരോധനം, മാലിന്യ സംസ്കരണം എന്നിവ സംബന്ധിച്ച ക്വിസ് മത്സരങ്ങൾ, കോർപ്പറേഷൻ വാഹനങ്ങളിൽ പ്ലാസ്റ്റിക് നിരോധനം സംബന്ധിച്ച ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്നിവ നടത്തി. പൊതുജനങ്ങൾക്കും വ്യാപാരികൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി. സ്കൂളുകളിൽ ഇതിനോടനുബന്ധിച്ചുള്ള ബോധവൽക്കരണ നടപടികൾ സ്വീകരിച്ചുവരുന്നു. തണൽ, കോസ്റ്റ് ഫോർഡ്, പ്രകൃതി കൂട്ടായി എന്നീ സംഘടനകളെക്കൂടി ഉൾപ്പെടുത്തി സ്കൂളുകളിൽ പ്രചരണം നടത്തുന്നതിനായി ബോധവൽക്കരണ ക്ലാസ്സ് എടുക്കുന്നവർക്ക് ഒരു ദിവസത്തിന് 500/-രൂപ റിഫ്രഷ്മെന്റ് ചാർജ്ജ് ഇനത്തിൽ നൽകുന്നതിനും ഫ്ളാഷ് മോബ് നടത്തുന്ന കോളേജ് വിദ്യാർത്ഥികൾക്ക് റിഫ്രഷ്മെന്റ് ചാർജ്ജ് നൽകുന്നതിനും ബദൽ സംവിധാനങ്ങൾ പ്രദർശിപ്പിക്കുന്നതിന് 5-ാം സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസ് മുൻവശം, നടുവിലാൽ ഫുഡ് കോർട്ടിന് മുൻവശം, ശക്തൻ കോർപ്പറേഷൻ വക ഹോട്ടലിനു മുൻവശം, പോസ്റ്റ് ഓഫീസ് നിന്നിരുന്ന സ്ഥലം എന്നിവിടങ്ങളിൽ ഷെഡ് കെട്ടുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് നിരോധന നിയമ ലംഘനം പരിശോധിക്കുന്നതിനായി 4 സ്ക്വാഡുകൾ രൂപീകരിച്ചിട്ടുള്ളതാണ്.

**പാൽകവർ സംഭരിക്കാൻ ക്ലീൻ കേരള കമ്പനി**

168(1438) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന് നിരോധനം വന്നതോടുകൂടി ഉപയോഗിച്ച പാൽകവർ സംഭരിക്കുവാൻ മിൽമയുമായി ക്ലീൻ കേരള കമ്പനി എന്തെങ്കിലും ധാരണയിൽ എത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഉപയോഗിച്ച പ്ലാസ്റ്റിക് കുപ്പി തിരിച്ചെടുക്കുന്നതിന് ബിവറേജസ് കോർപ്പറേഷൻ, ജല അതോറിറ്റി എന്നിവരുമായി കമ്പനി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; അതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന് നിരോധനം വന്നതിന്റെ അടിസ്ഥാനത്തിൽ എക്സ്റ്റൻഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാൽ കവറുകൾ ശേഖരിക്കുന്നതിന് ക്ലീൻ കേരള കമ്പനി മിൽമയുമായി ധാരണയായിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കണ്ണൂർ എന്നീ ജില്ലകളിലാണ് പ്രാഥമികമായി ഇത് നടപ്പിലാക്കുന്നത്. ഈ ജില്ലകളിൽ പാൽ കവറുകൾ ശേഖരിക്കുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഹരിത കർമ്മസേനകൾ മുഖാന്തരമാണ് പാൽകവറുകൾ ശേഖരിക്കുന്നത്. കൂടാതെ കൃത്യമായ ശേഖരണത്തിന് ആവശ്യമായ മറ്റ് ശേഖരണ മാർഗ്ഗങ്ങളും നടത്തുന്നതാണ്.

(ബി) ഉപയോഗിച്ച പ്ലാസ്റ്റിക് കുപ്പി, ഗ്ലാസ്സ് ബോട്ടിൽ, ക്യാനുകൾ എന്നിവ ശേഖരിക്കുന്നതിനായി സംസ്ഥാന ബിവറേജസ് കോർപ്പറേഷനുമായി ക്ലീൻ കേരള കമ്പനി ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. സംസ്ഥാനത്തെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പിലാക്കുന്നത്. ശേഖരണ പ്രക്രിയ ആരംഭിക്കുകയും ശേഖരിച്ചവ തരംതിരിച്ച് പുനഃചംക്രമണത്തിനായും സംസ്കരണത്തിനായും നൽകുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു.

**പ്ലാസ്റ്റിക് നിരോധനം**

169(1439) ശ്രീ. എം. വിൻസെന്റ് :
ശ്രീ. ടി. ജെ. വിനോദ് :
ശ്രീമതി ഷാനിമോൾ ഉസ്മാൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒറ്റതവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന് ഏർപ്പെടുത്തിയ നിരോധനം പൂർണ്ണ തോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുജനങ്ങൾ കൈവശം വയ്ക്കുന്ന പ്ലാസ്റ്റിക് ക്യാരിബാഗുകൾക്കും പ്ലാസ്റ്റിക് കുപ്പികൾക്കും പിഴ ഈടാക്കേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ നിർമ്മിക്കുന്നവർക്കും വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്കും എതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) പ്ലാസ്റ്റിക് നിരോധനം നിലവിൽ വന്നപ്പോൾ നിർമ്മാതാക്കളുടെ കൈവശമുള്ള സ്റ്റോക്ക് സംസ്കരിക്കുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത നിരോധനം നിലവിൽ വരുന്നതിന് മുൻപ് സ്റ്റോക്ക് ചെയ്യപ്പെട്ട ഉല്പന്നങ്ങളുടെ പേരിൽ വ്യാപാരികൾ പ്രോസിക്യൂഷൻ നടപടി നേരിടുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 1-1-2020 മുതൽ ഒറ്റത്തവണ ഉപഭോഗ പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമ്മാണം, സൂക്ഷിക്കൽ, വിൽപ്പന, കൊണ്ടുപോകൽ എന്നിവ പൂർണ്ണമായും നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതും നിരോധനം പൂർണ്ണമായും നടപ്പിലാക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരികയുമാണ്.

(ബി) 1-1-2020 മുതൽ ഒറ്റത്തവണ ഉപഭോഗ പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമ്മാണം, സൂക്ഷിക്കൽ, വിൽപ്പന, കൊണ്ടുപോകൽ എന്നിവയാണ് നിരോധിച്ചിട്ടുള്ളത്, ഉപഭോഗം നിരോധിച്ചിട്ടില്ലാത്തതുമാണ്.

(സി) നിയമ ലംഘനം ബോധ്യപ്പെടുന്നപക്ഷം നിർമ്മാതാക്കൾ, മൊത്ത വിതരണക്കാർ, ചെറുകിട വിൽപ്പനക്കാർ, കടക്കാർ, വിൽക്കുന്നവർ എന്നിവർക്കെതിരെ 10,000 രൂപയും രണ്ടാമതുള്ള നിർദ്ദേശ ലംഘനത്തിന് 25,000 രൂപയും അതിനുശേഷം തുടർന്നുള്ള നിർദ്ദേശ ലംഘനത്തിന് 50,000 രൂപയും പിഴ ചുമത്തുന്നതും തുടർന്ന് സ്ഥാപനത്തിന്റെ/നിർമ്മാണ പ്രവർത്തനാനുമതി റദ്ദാക്കുന്നതുമാണ്. മലിനീകരണ നിയന്ത്രണ ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള സ്ക്വാഡ് സ്ഥാപനങ്ങളിൽ പരിശോധന നടത്തിവരികയും നിരോധിക്കപ്പെട്ട വസ്തുക്കൾ പിടിച്ചെടുത്ത് നോട്ടീസും പിഴയും ചുമത്തിയതായുള്ള മഹസർ നൽകുകയും ചെയ്തുവരുന്നു.

(ഡി&ഇ) 1-1-2020 മുതൽ ഒറ്റത്തവണ ഉപഭോഗ പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമ്മാണം, സൂക്ഷിക്കൽ, വിൽപ്പന, കൊണ്ടുപോകൽ എന്നിവയാണ് നിരോധിച്ചിട്ടുള്ളത്. കൈവശമുള്ള സ്റ്റോക്ക് റിപ്പോർട്ട് ചെയ്യുന്നമുറയ്ക്ക് ആയത് മലിനീകരണ നിയന്ത്രണ ബോർഡ്, ജില്ലാ വ്യവസായ കേന്ദ്രം, തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ എണ്ണി തിട്ടപ്പെടുത്തി ടി

സ്റ്റോക്ക് നിയമപ്രകാരം നിർമ്മാർജ്ജനം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 1-1-2020 മുതലുള്ള നിരോധനത്തിനുശേഷം പുതിയ സ്റ്റോക്ക് സംഭരിക്കാനോ വിൽപ്പന നടത്താനോ പാടുള്ളതല്ല. നിയമ ലംഘകർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു.

**അനധികൃത ബോർഡുകളുടെയും ഫ്ലക്സുകളുടെയും നിരോധനം**

170(1440) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിൽ അനധികൃത ബോർഡുകളും ഫ്ലക്സുകളും സ്ഥാപിക്കുന്നതിൽ നിരോധനം ഏർപ്പെടുത്തി ബഹു.ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) പൊതുസ്ഥലങ്ങളിൽ അനധികൃത ബോർഡുകളും ഫ്ലക്സുകളും ഹോർഡിംഗുകളും സ്ഥാപിക്കുന്നതിൽ നിരോധനം ഏർപ്പെടുത്തി ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. പൊതു നിരത്തുകളിൽ അനധികൃതമായി സ്ഥാപിച്ച ഫ്ലക്സ്, പരസ്യബോർഡുകൾ, കൊടികൾ, തോരണങ്ങൾ എന്നിവ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി WP(C) 22750, 25784, 42574/2018 എന്നീ ഹർജികളിന്മേൽ ഇതുവരെ പുറപ്പെടുവിച്ച പതിനാറോളം ഉത്തരവുകളുടേയും സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ അനധികൃത ബോർഡുകളും ഫ്ലക്സുകളും ഹോർഡിംഗുകളും ബാനറുകളും കൊടിതോരണങ്ങളും നീക്കം ചെയ്യുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും വ്യക്തവും കർശനവുമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അനധികൃതമായി സ്ഥാപിച്ച പരസ്യബോർഡുകളും ഫ്ലക്സുകളും ഹോർഡിംഗുകളും ബാനറുകളും കൊടിതോരണങ്ങളും ഉൾപ്പെടെയുള്ളവ സമയബന്ധിതമായി നീക്കം ചെയ്തുവരുന്നു. കുറ്റക്കാർക്കെതിരെ പിഴ ഈടാക്കുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. WP(C) 22750, 25784, 42574/2018 എന്നീ ഹർജികളിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 26-2-2020-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തൊട്ടാകെ സ്ഥാപിച്ചിട്ടുള്ള

അനധികൃത ബോർഡുകളും/ഫ്ളക്സുകളും/ഹോർഡിംഗുകളും/ബാനറുകളും/ കൊടികൾ തുടങ്ങിയവ 10 ദിവസത്തിനകം നീക്കം ചെയ്യണമെന്നും കുറ്റക്കാർക്കെതിരെ പഞ്ചായത്തീരാജ്/മുനിസിപ്പൽ ചട്ടങ്ങൾ പ്രകാരമുള്ള പിഴ കൂടാതെ 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരവും പിഴ ഈടാക്കുവാൻ ആർ.സി.2/41/2018/തസ്വഭവ. തീയതി 2-3-2020 കത്ത് പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## പ്രകൃതിദുരന്തങ്ങൾ നേരിടാൻ തദ്ദേശസ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനുള്ള നടപടികൾ

171(1441) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനും അതിജീവിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) നടപടി സ്വീകരിച്ചുവരുന്നുണ്ട്. 2020-21-ലെ വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനൊപ്പംതന്നെ തദ്ദേശഭരണ സ്ഥാപന തലത്തിൽ ദുരന്ത മാനേജ്മെന്റ് പ്ലാനുകൾകൂടി തയ്യാറാക്കണമെന്ന് 4-12-2019-ലെ സ.ഉ.(കൈ) നമ്പർ 156/2019/തസ്വഭവ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ്, ദുരന്ത മാനേജ്മെന്റ് എന്നീ മേഖലകളിൽ ജനകീയ പങ്കാളിത്തവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ ഇടപെടലും ഉറപ്പാക്കി, പ്രാദേശിക ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത്, തദ്ദേശ സ്ഥാപനതലത്തിൽ തയ്യാറാക്കുന്ന ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ലോക്കൽ റിസോഴ്സ് ഗ്രൂപ്പും (LRG), അടിയന്തര പ്രതികരണ ടീമും (ERT) രൂപീകരിച്ചുവരുന്നു. ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്നതിനായി കില മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 5 ഘട്ട പരിശീലനം നൽകിയിട്ടുണ്ട്. 2020-21 വാർഷിക പദ്ധതി രൂപീകരണ ഗ്രാമസഭയിൽ ദുരന്ത നിവാരണം പ്രത്യേകമായി ചർച്ച ചെയ്യണമെന്നും ദുരന്ത നിവാരണ പദ്ധതി ചർച്ച ചെയ്യുന്നതിനായി പ്രത്യേക വികസന സെമിനാർ ചേരേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

## വയനാട് ജില്ലയിലെ ഗ്രാമീണ റോഡ് നവീകരണം

172(1442) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി ഈ സർക്കാർ എത്ര തുകയാണ് വയനാട് ജില്ലയിൽ അനുവദിച്ചത്; ആയതിന്റെ കണക്ക് പഞ്ചായത്ത്/മുൻസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) വയനാട് ജില്ലയിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ 87.11 കി.മീ. റോഡുകൾ G.O.(Ms) No. 25/2019/PE & EA dated 13-8-2019 പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 64.81 കി.മീ. റോഡുകൾക്ക് DPR പ്രകാരം 58.40 കോടിരൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

ശേഷിക്കുന്ന റോഡുകളുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നു. സംസ്ഥാനത്തെ കഴിഞ്ഞ വർഷങ്ങളിലുണ്ടായ കനത്ത മഴയിലും പ്രളയത്തിലും തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി, തദ്ദേശസ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. ഇതോടൊപ്പം ആർ.കെ.ഐ.യിൽ ഉൾപ്പെടാത്തതും പുനർ നിർമ്മിക്കേണ്ടതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 961.264 കോടിരൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്.

ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ ഗ്രാമീണ റോഡുകളുടെ അന്തിമ പട്ടിക തയ്യാറാക്കി വരുന്നു.

## മണലൂർ മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

173(T1443) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ നവീകരിക്കാൻ ഉദ്ദേശിക്കുന്ന ഗ്രാമീണ റോഡുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പട്ടിക ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ തകർന്ന സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന റോഡുകളുടെ നവീകരണത്തിനുള്ള മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിക്കായി 9-1-2020-ലെ സ.ഉ.(കൈ) നമ്പർ 13/2020/തസ്വഭവ. പ്രകാരം സി.എം.ഡി.ആർ.എഫ്.-ൽനിന്നും ആകെ 961.264 കോടിരൂപ അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് പട്ടിക തയ്യാറാക്കിവരുന്നു.

**പീരുമേട് നിയോജകമണ്ഡലത്തിൽ തകർന്ന റോഡുകളുടേയും പാലങ്ങളുടേയും പുനരുദ്ധാരണം**

174(1444) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ കാലവർഷക്കെടുതികളിൽ തകർന്ന ഗ്രാമീണ റോഡുകളും, പാലങ്ങളും പുനരുദ്ധരിക്കുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ശിപാർശ ചെയ്യപ്പെട്ടിട്ടുള്ള മണ്ഡലത്തിലെ റോഡുകളുടെയും പാലങ്ങളുടെയും പേരുവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) പീരുമേട് നിയോജകമണ്ഡലത്തിലെ അമ്പലപ്പാറ-കടപ്ലാക്കൽ റോഡ്, ഫാക്ടറിപ്പടി-കരിഞ്ചുരുത്തി റോഡ്, കുറുപ്പുസ്വാമികോവിൽ - മാമച്ചൻപടി റോഡ്, സൂര്യകാന്തിക്കവല-പഴയ പോസ്റ്റ്ഓഫീസ് റോഡ് എന്നിവയുടെ പുനരുദ്ധാരണ പദ്ധതിക്ക് റീബിൽഡ് കേരള ഉന്നതാധികാര സമിതി അംഗീകാരം നൽകിയിട്ടുണ്ട്. ഇതുകൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിക്കായി 961.264 കോടിരൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡുകളുടേയും പാലങ്ങളുടേയും പുനരുദ്ധാരണ പ്രവർത്തനമാണ് നടത്തേണ്ടതെന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം

175(1445) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ തകർന്ന് ഗതാഗതയോഗ്യമല്ലാതായ ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മേലൂർ ഗ്രാമപഞ്ചായത്തിലെ വെട്ടുകടവ്-കാലടി കപ്പേള റോഡ്, കൊരട്ടി ഗ്രാമപഞ്ചായത്തിലെ പാലമുറി-പാലപ്പിള്ളി റോഡ് എന്നിവ ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 2018-ലെ പ്രളയത്തിൽ തകർന്ന് ഗതാഗതയോഗ്യമല്ലാതായ ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മേലൂർ ഗ്രാമപഞ്ചായത്തിലെ വെട്ടുകടവ്-കാലടി കപ്പേള റോഡ്, കൊരട്ടി ഗ്രാമപഞ്ചായത്തിലെ പാലമുറി-പാലപ്പിള്ളി റോഡ് എന്നിവയുടെ പുനരുദ്ധാരണം നടത്തുന്നതിനായി തൃശ്ശൂർ ജില്ലയിൽനിന്നും സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്മേലുള്ള പരിശോധനകൾ നടന്നുവരുന്നു.

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ അറ്റകുറ്റപ്പണി നടത്താത്ത ഗ്രാമീണ റോഡുകൾ

176(1446) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ അറ്റകുറ്റപ്പണികൾ തീരെ നടത്താത്തതായ എത്ര ഗ്രാമീണ റോഡുകൾ ഉണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ കണക്ക് വ്യക്തമാക്കാമോ;

(ബി) അത്തരം റോഡുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനായി എത്രരൂപയാണ് നീക്കിവയ്ക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

## മാവേലിക്കര മണ്ഡലത്തിലെ റോഡ് പുനരുദ്ധാരണ പദ്ധതി

177(1447) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതികൾ വിശദമാക്കാമോ?

ഉത്തരം

പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് അന്തിമ പട്ടിക തയ്യാറാക്കി വരുന്നു.

**കാരൂർചിറ-അഞ്ചലങ്ങാടി റോഡിന്റെ പുനർ നിർമ്മാണം**

178(1448) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് മുഖേന തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പുനർനിർമ്മാണത്തിന് 2019-20 സാമ്പത്തിക വർഷം ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ അനുവദിച്ച കാരൂർചിറ-അഞ്ചലങ്ങാടി റോഡിന്റെ പുനഃനിർമ്മാണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനാവശ്യമായ ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ആസൂത്രണ സാമ്പത്തിക കാര്യ (ആർ.കെ.ഐ) വകുപ്പിന്റെ 13-8-2019-ലെ സ.ഉ.(കൈ) നമ്പർ 25/2019/ആ.സാ.വ. പ്രകാരം കാരൂർചിറ-അഞ്ചലങ്ങാടി റോഡിന്റെ പുനർനിർമ്മാണ പദ്ധതിക്ക് അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത റോഡ് റീബിൽഡ് കേരളയുടെ Phase-1-ൽ ഉൾപ്പെട്ടിട്ടുള്ളതും സർവ്വേ പൂർത്തീകരിച്ചിട്ടുള്ളതും DPR തയ്യാറാക്കി വരുന്നതുമാണ്.

**പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം**

179(1449) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനർനിർമ്മിതിക്കായി 1000 കോടിരൂപ വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത തുക ഉപയോഗിച്ച് ഏതെല്ലാം ജില്ലകളിൽ എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിനായി റോഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിക്കായി ആകെ 961.264 കോടിരൂപയാണ് അനുവദിച്ച് ഉത്തരവായിട്ടുള്ളത്.

(ബി) ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് അന്തിമ പട്ടിക തയ്യാറാക്കിവരുന്നു.

(സി) സാങ്കേതിക പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രളയാനന്തരം തകർന്ന തദ്ദേശറോഡുകളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി**

180(1450) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടി സ.ഉ.(ആർ.റ്റി) നമ്പർ 216/2017/ത.സ്വ.ഭ.വ തീയതി 3-11-2017 പ്രകാരം പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. പദ്ധതിയുടെ കീഴിൽ ഓവർസിയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്കും ജനപ്രതിനിധികൾക്കും കിലയുടെ സഹായത്തോടെ പരിശീലന പരിപാടികൾ നടത്തുകയും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. സ.ഉ.(ആർ.റ്റി) നമ്പർ 54/2019/ത.സ്വ.ഭ.വ തീയതി 25-5-2019 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ ഭേദഗതി ചെയ്ത് ക്ഷീരകർഷകർക്ക് പദ്ധതിയിൽ തൊഴിൽ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചു. ആരോഗ്യ ജാഗ്രതയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, നഗരസഭകളിലെ ശുചീകരണ പ്രവർത്തനങ്ങൾ, കേന്ദ്ര-സംസ്ഥാന ഭവന നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയും പദ്ധതിപ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കി വരികയാണ്.

ഹരിതകേരളം മിഷനുമായി സംയോജിപ്പിച്ച് എല്ലാ നഗരങ്ങളിലും കുറഞ്ഞത് ഒരു പച്ചത്തുരുത്ത് എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുടെ ജില്ലാതല, മേഖലാതല, സംസ്ഥാനതല അവലോകനങ്ങൾ സമയബന്ധിതമായി നടത്താൻ നടപടി സ്വീകരിച്ചു. മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെ ഫലമായി 2016-17 സാമ്പത്തികവർഷം പദ്ധതിക്കുകീഴിൽ മൂന്ന് ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച സ്ഥാനത്ത്, നടപ്പ് സാമ്പത്തിക വർഷം ജനുവരി മാസം വരെ ഇരുപത് ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

**പി.എം.ജി.എസ്.വൈ. പദ്ധതിയിൽ റോഡുകൾക്ക് കേന്ദ്രാനുമതി**

181(1451) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ സംസ്ഥാനത്തിന് എത്ര കിലോമീറ്റർ റോഡുകൾക്ക് കേന്ദ്രം അനുമതി നൽകിയെന്ന് അറിയിക്കുമോ;

(ബി) 2016 ഏപ്രിൽ ഒന്നിന് ശേഷം ഇതിനോടകം പി.എം.ജി.എസ്.വൈ.-യിൽ സംസ്ഥാനത്തിന് എത്ര കിലോമീറ്റർ റോഡുകൾക്ക് അനുവാദം ലഭിച്ചുവെന്നും എത്ര കിലോമീറ്റർ റോഡുകൾ ടെണ്ടർ വിളിച്ച് പണി ആരംഭിച്ചുവെന്നും അറിയിക്കുമോ;

(സി) എം.പി.-മാരുടെ ആദർശ് സംസദ് യോജന പദ്ധതിയിൽ എത്ര കിലോമിറ്റർ റോഡിനാണ് പി.എം.ജി.എസ്.വൈ.യിൽ അനുമതി ലഭിച്ചത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2019-20 -ൽ പ്രഖ്യാപിച്ച പി.എം.ജി.എസ്.വൈ III -ൽ കേരളത്തിന് 1425 കിലോമീറ്റർ റോഡ് അനുവദിച്ചു.

(ബി) 2016 ഏപ്രിൽ ഒന്നിനുശേഷം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ 707.349 കി.മീ. ദൈർഘ്യം വരുന്ന 187 റോഡുകളാണ് ടെണ്ടർ ചെയ്ത് പണി ആരംഭിച്ചിട്ടുള്ളത്.

(സി) സൻസദ് ആദർശ് ഗ്രാമങ്ങളിൽ 118.451 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾ നിർമ്മിക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്.

**വികസന പരിശീലന കേന്ദ്രങ്ങൾ**

182(1452) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ പിന്തുണയോടെ പ്രവർത്തിച്ചുവരുന്ന വികസന പരിശീലന കേന്ദ്രങ്ങൾ നിർത്തലാക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങൾക്ക് കേന്ദ്രസർക്കാരിൽനിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര സഹായം പ്രയോജനപ്പെടുത്തി കൂടുതൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കേന്ദ്ര സർക്കാരിൽനിന്നും Recurring Grant, Non Recurring Grant എന്നീ ധനസഹായങ്ങളാണ് ലഭ്യമാകുന്നത്.

(സി) കൂടുതൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കെട്ടിടങ്ങളുടെ ആഡംബര നികുതി**

183(1453) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് കെട്ടിടങ്ങൾക്ക് ഈടാക്കുന്ന പുതുക്കിയ വാർഷിക ആഡംബര നികുതി വിസ്തീർണ്ണം അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി നൽകാമോ;

(ബി) ഈ പുതുക്കിയ നിരക്കുകൾ ഏതെല്ലാം തീയതി മുതലാണ് പ്രാബല്യത്തിൽ വരുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) റവന്യൂ വകുപ്പ് താമസ കെട്ടിടങ്ങൾക്ക് ഈടാക്കി വരുന്ന പുതുക്കിയ വാർഷിക ആഡംബര നികുതി സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

SHEDULE II

(see section 5A)

TABLE

Rate of Luxury Tax

| Sl.No. | Plinth Area Limit | Rate (Rs.) |
|---|---|---|
| 1 | Not exceeding 278.7 Square Metres | Nil |
| 2 | Above 278.7 Square Metres but not exceeding 464.50 Squre Metres | 4000 |
| 3 | Above 464.50 Square Metres but not exceeding 696.75 Square Metres | 6000 |
| 4 | Above 696.75 Square Metres but not exceeding 929 Square Metres | 8000 |
| 5 | Exceeding 929 Square Metres | 10000 |

(ബി) പുതുക്കിയ ആഡംബര നികുതി നിരക്കുകൾ 1-4-2019 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

**കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് കാലാവധി**

184(1454) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് കാലാവധി നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി കെട്ടിട നിർമ്മാണത്തിന് അപേക്ഷ സമർപ്പിക്കുന്ന പൊതുജനങ്ങൾ ഇടനിലക്കാരെ ആശ്രയിക്കുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നതിനാൽ പ്രസ്തുത ആവശ്യത്തിനായി പൊതുജനങ്ങൾ നേരിട്ട് ഓഫീസിൽ എത്തിയാൽ ഉദ്യോഗസ്ഥരിൽ നിന്ന് അവർക്ക് മാന്യമായ പെരുമാറ്റം ലഭിക്കാതെയും, ഇല്ലാത്ത നിയമത്തിന്റെ പേരിൽ ഭയപ്പെടുത്തുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകുന്ന സാഹചര്യത്തിൽ ആയതിന് പരിഹാരം കണ്ടെത്തുമോ;

(സി) സംസ്ഥാനത്ത് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുമ്പോൾ website കിട്ടാതെവരുന്നതായും മാന്വൽ ആയി സമർപ്പിക്കുന്നതിനേക്കാൾ കാലതാമസവും ചെലവും കൂടുന്നതായുമുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലെ നിയമങ്ങൾ പ്രകാരം 30 ദിവസത്തിനകം സെക്രട്ടറി പെർമിറ്റിനുള്ള അപേക്ഷയിൽ തീരുമാനം കൈക്കൊള്ളണം. അല്ലാത്തപക്ഷം അപേക്ഷകന് ഭരണസമിതി മുൻപാകെ അപേക്ഷ നൽകാവുന്നതും ഭരണസമിതി ഒരു മാസത്തിനകം തീരുമാനമെടുക്കേണ്ടതുമാണ്. അല്ലാത്തപക്ഷം അനുവാദം നൽകപ്പെട്ടതായി കരുതി അപേക്ഷകന് പണി ആരംഭിക്കാവുന്നതാണ്.

(ബി & സി) കെട്ടിട നിർമ്മാണ അപേക്ഷകൾ എവിടെനിന്നും ഓൺ ലൈൻ ആയി സമർപ്പിക്കുന്നതിനും പരിശോധിക്കുന്നതിനും അനുമതി നൽകുന്നതിനും സഹായിക്കുന്ന സോഫ്റ്റ്‌വെയറുകളാണ് IBPMS, സങ്കേതം, സുവേഗ എന്നിവ. പേപ്പർ വർക്കും പ്രോസ്സസ് ചെയ്യുന്നതിനുള്ള സമയവും കുറച്ചുകൊണ്ട് ലൈസൻസികളുടേയും ഉദ്യോഗസ്ഥരുടേയും സമയം ലാഭിക്കുന്നതിന് സഹായിക്കുകയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിശോധിക്കുന്നതിനുള്ള സങ്കീർണ്ണമായ പ്രക്രിയ automate ചെയ്യുകയും ചെയ്യുന്നു. ചട്ടങ്ങൾ ഒരുപോലെ വ്യാഖ്യാനിക്കപ്പെടുന്നതിലൂടെ അപ്രൂവൽ പ്രക്രിയയിൽ ഏകത്വം കൈവരിക്കുകയും അപേക്ഷകളുടെ പരിശോധനയും പെർമിറ്റ് നൽകലും ഓൺലൈൻവഴി ആയതിനാൽ അംഗീകാരപ്രക്രിയയിൽ ബന്ധപ്പെട്ട എല്ലാ പങ്കാളികളും ഒരേ Platform-ൽ വരികയും ചെയ്യുന്നു. ഇപ്രകാരം മാനുഷിക ഇടപെടലുകൾ കുറഞ്ഞതുകാരണം എല്ലാതലത്തിലും അഴിമതി കുറയ്ക്കുവാൻ സാധിക്കുന്നു. അഴിമതിരഹിതമായി കെട്ടിട നിർമ്മാണ അപേക്ഷകൾ കൈകാര്യം ചെയ്യുവാൻ സാധിക്കുന്നതിലൂടെ പൊതുജനങ്ങൾക്ക് നേട്ടമുണ്ടാകുന്നു.

## കേരള സ്റ്റേറ്റ് റിയൽ എസ്റ്റേറ്റ് അതോറിറ്റി

185(1455) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റിയൽ എസ്റ്റേറ്റ് അതോറിറ്റിയിൽ നാളിതുവരെ രജിസ്ട്രേഷനു വേണ്ടി എത്ര അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്; എത്ര പേർക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) നിലവിൽ നിർമ്മാണത്തിലിരിക്കുന്ന എത്ര വില്ലകൾ/ഫ്ലാറ്റുകൾ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) രജിസ്ട്രേഷൻ വകയിൽ നാളിതുവരെ എത്ര തുക അതോറിറ്റിയിൽ ലഭിച്ചിട്ടുണ്ട്;

(ഡി) രജിസ്റ്റർ ചെയ്യാത്ത എത്ര പേർക്ക് അതോറിറ്റി നോട്ടീസ് നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഇ) ഫ്ലാറ്റ്/വില്ല നിർമ്മാതാക്കൾക്കെതിരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര പരാതികൾ തീർപ്പാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ 29-2-2020 വരെ 108 റിയൽ എസ്റ്റേറ്റ് പ്രോജക്ടുകളുടെയും 35 റിയൽ എസ്റ്റേറ്റ് ഏജന്റുമാരുടേയും രജിസ്ട്രേഷനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 30 പ്രോജക്ടുകൾക്കും 33 ഏജന്റുമാർക്കും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

(ബി) അതോറിറ്റി ഔദ്യോഗികമായി നിലവിൽ വന്ന 1-1-2020-നുമുൻപ് തന്നെ തുടർന്നുകൊണ്ടിരുന്നതായ (ongoing) 30 റിയൽ എസ്റ്റേറ്റ് പ്രോജക്ടുകൾ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) റിയൽ എസ്റ്റേറ്റ് പ്രോജക്ടുകളുടെ രജിസ്ട്രേഷൻ വകയിൽ 29-2-2020 വരെ 3,07,81,984.49 രൂപയും റിയൽ എസ്റ്റേറ്റ് ഏജന്റുമാരുടെ രജിസ്ട്രേഷൻ വകയിൽ 17,50,000 രൂപയും അതോറിറ്റിയിൽ ലഭിച്ചിട്ടുണ്ട്.

(ഡി) നോട്ടീസ് നൽകിയിട്ടില്ല. നിലവിൽ നടന്നുവരുന്ന പ്രോജക്ടുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തീയതി 31-3-2020 ആണ്.

(ഇ) അതോറിറ്റി മുൻപാകെ 29-2-2020 തീയതി വരെ രജിസ്റ്റർ ചെയ്തിട്ടുള്ള പരാതികൾ 126 എണ്ണവും ആയതിൽ തീർപ്പാക്കിയവ 8 എണ്ണവുമാണ്. അഡ്ജ്യൂഡിക്കേറ്റിംഗ് ഓഫീസർ മുൻപാകെ 29-2-2020 തീയതി വരെ രജിസ്റ്റർ ചെയ്തിട്ടുള്ള പരാതികൾ 36 എണ്ണമാണ്. ആയവ തീർപ്പാക്കിയിട്ടില്ല.

## കെട്ടിട നിർമ്മാണാനുമതി നൽകുന്നതിലെ കാലതാമസം

186(1456) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകേണ്ട കെട്ടിട നിർമ്മാണ അനുമതി/ഒക്യുപെൻസി സർട്ടിഫിക്കറ്റുകൾ നൽകുന്നതിൽ കാലതാമസം വരുന്നുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ-സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകേണ്ട കെട്ടിട നിർമ്മാണ അനുമതി/ഒക്യുപെൻസി സർട്ടിഫിക്കറ്റുകൾ നൽകുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കെട്ടിട നിർമ്മാണ പെർമിറ്റിന് കിണർ റീചാർജിംഗും മഴവെള്ള സംഭരണിയും

187(1457) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കെട്ടിട നിർമ്മാണ പെർമിറ്റിന് കിണർ റീചാർജിംഗും, മഴവെള്ള സംഭരണിയും നിർബന്ധമാക്കിയിട്ടുണ്ടോ; ആയത് നടപ്പിലാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2019-ലെ കേരള മുനിസിപ്പാലിറ്റി/പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റിന് കിണർ റീചാർജിംഗും മഴവെള്ള സംഭരണിയും നിർബന്ധമാക്കിയിട്ടുണ്ട്. ഇവ കൂടി ഉൾപ്പെടുത്തി സമർപ്പിക്കുന്ന അപേക്ഷകൾക്ക് മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മാണാനുമതി നൽകുകയുള്ളൂ. അപായകരമായ വിനിയോഗഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളും കുടിലുകളും ഒഴികെയുള്ള മറ്റു വിനിയോഗ ഗണത്തിലുള്ള എല്ലാ പുതിയ കെട്ടിടങ്ങളുടേയും അവിഭാജ്യഘടകമായി മേൽക്കൂര മുകളിലെ മഴവെള്ള ശേഖരണത്തിലൂടെ പ്രവർത്തനക്ഷമതയുള്ള മഴവെള്ള സംഭരണി സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്നും ആയതിൽ മേൽക്കൂരയുടെ ഓവുചാൽ, താഴേയ്ക്കുള്ള പൈപ്പും ആദ്യത്തെ ഫ്ലഷ് പൈപ്പ് ക്രമീകരണവും അരിക്കാനുള്ള യൂണിറ്റ് വെള്ളം എടുക്കുന്നതിനും വെള്ളം നിറഞ്ഞൊഴുകുന്നതിനുള്ള സംവിധാനങ്ങളോടുകൂടിയ സംഭരണി എന്നിവ ഉൾപ്പെട്ടിരിക്കേണ്ടതാണെന്നും പരാമർശിച്ചിട്ടുണ്ട്.

## കെട്ടിട നിർമ്മാണാനുമതിക്കായി ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ

188(1458) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വന്നു കഴിഞ്ഞാൽ കെട്ടിട നിർമ്മാണ അനുമതിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏത് സോഫ്റ്റ്‌വെയറാണ് ഉപയോഗിക്കാൻ തീരുമാനിച്ചിരിക്കുന്നത്; ആയതിനുവേണ്ടി വരുന്ന ചെലവ് എത്രയാണ് ;

(ബി) പ്രസ്തുത സോഫ്റ്റ്‌വെയർ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പോരായ്മ സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ചട്ടങ്ങൾ നിലവിൽ വരുമ്പോൾ മൂന്ന് സെന്റ് ഭൂമി മാത്രം കൈവശമുള്ളവർ കെട്ടിട നിർമ്മാണത്തിന് അപേക്ഷിക്കുമ്പോൾ ഉണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

### ഉത്തരം

(എ) തിരുവനന്തപുരം, തൃശ്ശൂർ, കൊല്ലം, കണ്ണൂർ, ആലപ്പുഴ, ഗുരുവായൂർ, പാലക്കാട്, വർക്കല എന്നീ നഗരസഭകളിൽ ഉപയോഗിച്ചുവരുന്ന ഐ.ബി.പി.എം.എസ്. എന്ന സോഫ്റ്റ്‌വെയർ കോഴിക്കോട്, കൊച്ചി നഗരസഭകൾ ഒഴികെ കേരളത്തിലെ മുഴുവൻ നഗരസഭകളിലേയ്ക്കും വ്യാപിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണ്. ഇത് നടപ്പിലാക്കുന്നതിന് 3,25,01,635 രൂപ ആകെ ചെലവ് കണക്കാക്കിയിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ ഉപയോഗിച്ചിരിക്കുന്ന സങ്കേതം സോഫ്റ്റ്‌വെയർ തന്നെയാണ് ഇപ്പോഴും ഉപയോഗിക്കുന്നത്.

(ബി) നടത്തിയിട്ടുണ്ട്. ഐ.ബി.പി.എം.എസ്. നടത്തിപ്പ് വിലയിരുത്തുന്നതിന് കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ ചേർന്നു വരുന്നുണ്ട്. ഇത്തരം യോഗങ്ങളിൽ സോഫ്റ്റ്‌വെയറിലെ പോരായ്മകൾ അവലോകനം ചെയ്യുകയും അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(സി) പഴയ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനേക്കാൾ കൂടുതൽ ഇളവുകൾ പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം മൂന്ന് സെന്റ് ഭൂമിയിൽ താഴെ കൈവശമുള്ളവർക്ക് ലഭ്യമാണ്.

## കെട്ടിട നിർമ്മാണ അനുമതി

189(1459) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിടനിർമ്മാണ അനുമതിക്കായി അപേക്ഷ നൽകിയാൽ എത്ര ദിവസങ്ങൾക്കകം ഇക്കാര്യത്തിൽ തീരുമാനമെടുക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ബി) നിശ്ചിത ദിവസങ്ങൾക്കകം തീരുമാനമെടുത്ത് കക്ഷിയെ അറിയിക്കാത്തപക്ഷം അനുമതി ലഭിച്ചതായി കണക്കാക്കി പ്രവൃത്തി ആരംഭിക്കാൻ വ്യവസ്ഥയുണ്ടോ; ആയതിന് എന്തെങ്കിലും നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിടനിർമ്മാണ അനുമതിക്കായി അപേക്ഷ നൽകിയാൽ 30 ദിവസങ്ങൾക്കകം ഇക്കാര്യത്തിൽ തീരുമാനമെടുക്കണമെന്നാണ് 2019-ലെ കേരള മുനിസിപ്പാലറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിലെ ചട്ടം 12 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ബി) 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിലെ ചട്ടം 14 പ്രകാരം അപേക്ഷ ലഭിച്ച് 30 ദിവസങ്ങൾക്കുള്ളിൽ സെക്രട്ടറി ഒരു കെട്ടിട നിർമ്മാണ സൈറ്റ് അംഗീകരിക്കാതിരിക്കുകയോ, നിരസിക്കാതിരിക്കുകയോ അല്ലെങ്കിൽ നിർമ്മാണ നിർവ്വഹണത്തിന് അനുമതി നൽകാതിരിക്കുകയോ അത് നിരസിക്കാതിരിക്കുകയോ ചെയ്താൽ അപേക്ഷകന്റെ ലിഖിതമായ അഭ്യർത്ഥനയിൽ കൗൺസിലിന് അത്തരം അംഗീകാരം നൽകണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ ബാധ്യതയുണ്ടായിരിക്കുന്നതാണ്. ഇത്തരത്തിലുള്ള ലിഖിതാഭ്യർത്ഥന ലഭിച്ചതുമുതൽ ഒരു മാസത്തിനുള്ളിൽ അപ്രകാരമുള്ള അംഗീകാരമോ അനുവാദമോ നൽകണമോ വേണ്ടയോയെന്ന് കൗൺസിൽ തീരുമാനിച്ചിട്ടില്ല എങ്കിൽ അങ്ങനെയുള്ള അധികാരം/അനുമതി നൽകിയതായി കണക്കാക്കാവുന്നതും അപേക്ഷകന് ആക്റ്റിന്റേയോ ചട്ടങ്ങളുടേയോ അതിന്റെ കീഴിൽ സൃഷ്ടിച്ചിട്ടുള്ള ബൈലോകളുടേയോ യാതൊരു വ്യവസ്ഥകളെയും

ലംഘിക്കാത്ത തരത്തിൽ നിർമ്മാണം ആരംഭിക്കാവുന്നതുമാണ്. നിർമ്മാണം ആരംഭിക്കുന്ന തീയതി വ്യക്തമാക്കിക്കൊണ്ട് അപേക്ഷകന്റെ ഒരു കത്ത് സമർപ്പിക്കേണ്ടതും ടി കത്തിന്റെ പകർപ്പിൽ സെക്രട്ടറി സ്റ്റാമ്പും തീയതിയും ഉപയോഗിച്ച് കത്ത് അന്നേദിവസം സ്വീകരിച്ചതായി അറിയിപ്പ് നൽകേണ്ടതും ആയതും യഥാർത്ഥ അപേക്ഷ സ്വീകരിച്ച അറിയിപ്പും ചേർത്ത് കല്പിത അനുമതിയായി കണക്കാക്കാവുന്നതുമാണ്.

## ഇടക്കൊച്ചി വില്ലേജിലെ മധുരകമ്പനി പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ

190(1460) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്നും 2 കോടി 78 ലക്ഷംരൂപയും എം.പി ഫണ്ടിൽനിന്നും 80 ലക്ഷംരൂപയും വകയിരുത്തിയിട്ടുള്ള ഇടക്കൊച്ചി വില്ലേജിലെ പഷ്ണിത്തോടിന് കുറുകെ പണിയുന്ന മധുരകമ്പനി പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിലെ കാലതാമസത്തിനു കാരണം വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച 2 കോടി 78 ലക്ഷംരൂപയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ ഇതിന് കാരണം വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച് സ്ഥലമെടുപ്പ് നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) എം.പി ഫണ്ടിൽനിന്നും അപ്രോച്ച് റോഡിനായി 80 ലക്ഷംരൂപ വകയിരുത്തിയിട്ടും ഭരണാനുമതി ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് കൊച്ചി കോർപ്പറേഷൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമായാലുടൻ ടെണ്ടർ നടപടികൾ കോർപ്പറേഷൻ സ്വീകരിക്കുന്നതാണ്. കൂടാതെ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ശ്രീ. എളമരം കരീം, എം.പി.-യുടെ MPLADS പദ്ധതിയിൽനിന്നും 80,00,000 രൂപ അനുവദിക്കുന്നതിനായി

എസ്റ്റിമേറ്റും മറ്റ് അനുബന്ധ രേഖകളും ജില്ലാ കളക്ടർക്ക് കോർപ്പറേഷൻ സമർപ്പിച്ചിരുന്നു. ആയത് പ്രകാരം ജില്ലാ പ്ലാനിംഗ് ഓഫീസിൽനിന്നും സൈറ്റ് പരിശോധിക്കുകയും നിർദ്ദിഷ്ട പ്രദേശത്ത് CRZ നിയമങ്ങൾ പ്രകാരം നിർമ്മാണം നടത്തുന്നതിന് തടസ്സം ഇല്ലായെന്ന ബന്ധപ്പെട്ട വകുപ്പിന്റെ സാക്ഷ്യപത്രവും അനുബന്ധരേഖകളും സമർപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. തുടർന്ന് 30-11-2019-ലെ കത്ത് പ്രകാരം കൊച്ചി കോർപ്പറേഷൻ CRZ ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി കേരള തീരദേശ പരിപാലന മാനേജ്മെന്റ് അതോറിറ്റി മുൻപാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കേരള തീരദേശ പരിപാലന മാനേജ്മെന്റ് അതോറിറ്റിയുടെ 7-2-2020-ലെ 2580/A1/2019/KCZMA നമ്പർ കത്ത് പ്രകാരം (1) Form1 Authenticated by the municipal secretary (2) Budget Estimate (3) Scrutiny Fee based on budget estimate (4) CRZ status report (5) NOC from Pollution Control Board എന്നീ രേഖകൾകൂടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ടി രേഖകൾ അടിയന്തരമായി ലഭ്യമാക്കി CRZ clearance ലഭ്യമാക്കുന്നതിനുള്ള സത്വര നടപടി കൊച്ചി കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്.

23-9-2019-ലെ REV-B2/168/2019REV നമ്പർ സർക്കുലർ പ്രകാരം ഇടക്കൊച്ചി വില്ലേജ് സർവ്വെ 420/1,5-ൽപ്പെട്ട ശ്രീ. അഗസ്റ്റിൻ അറക്കപ്പറമ്പിൽ, ശ്രീ. അബൂബക്കർ ചുള്ളിക്കൽ എന്നിവരുടെ സ്ഥലം കണ്ണങ്ങാട്ട് മധുരകമ്പനി പാലത്തിനുവേണ്ടി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട്, ഏറ്റെടുക്കുന്ന സ്ഥലങ്ങളുടെ വില നിർണ്ണയ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി കൊച്ചി തഹസിൽദാർക്ക് കോർപ്പറേഷൻ കത്ത് നൽകിയിട്ടുണ്ട്. തുടർനടപടി കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

## പാവറട്ടി ഗ്രാമപഞ്ചായത്ത് ഓഫീസിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒഴിവ്

191(1461) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്ത് ഓഫീസിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒഴിവ് നിലവിലുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ പ്രസ്തുത ഒഴിവ് നികത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പാവറട്ടി ഗ്രാമപഞ്ചായത്ത് ഓഫീസിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തിക നിലവിൽ ഒഴിഞ്ഞു കിടക്കുകയാണ്.

(ബി) തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ കേരള പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികൾ അവശേഷിക്കുന്നില്ലെന്ന് പി.എസ്.സി.-യിൽനിന്നും അറിയിപ്പ് ലഭ്യമായതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ പഞ്ചായത്ത് സെക്രട്ടറിമാർ**

192(1462) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇപ്പോൾ ജോലി ചെയ്യുന്ന പഞ്ചായത്ത് സെക്രട്ടറിമാർ എപ്പോഴാണ് ചാർജ് എടുത്തതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർഗോഡ് ജില്ലയിൽ ജോലി ചെയ്ത പഞ്ചായത്ത് സെക്രട്ടറിമാരുടെ പേര് വിവരം പഞ്ചായത്ത് തിരിച്ച് നൽകാമോ;

(സി) ഇപ്പോൾ കാസർഗോഡ് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് സെക്രട്ടറി സ്ഥാനം ഒഴിഞ്ഞുകിടക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അനുബന്ധം -1 ആയി ഉള്ളടക്കം ചെയ്യുന്നു.*

(ബി) അനുബന്ധം -2 ആയി ഉള്ളടക്കം ചെയ്യുന്നു.*

(സി) ഉദുമ ഗ്രാമപഞ്ചായത്തിൽ 31-1-2020 തീയതി മുതലും കുമ്പള ഗ്രാമപഞ്ചായത്തിൽ 29-2-2020 തീയതിമുതലും സെക്രട്ടറി സ്ഥാനം ഒഴിഞ്ഞു കിടക്കുന്നു. സെക്രട്ടറിമാരുടെ സെലക്ട് ലിസ്റ്റ് നിലവിൽ ഇല്ലാതിരുന്നതിനാലാണ് നിയമനം നടത്താൻ സാധിക്കാതെ വന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജലവിതരണ ടാങ്കറുകൾക്ക് രജിസ്ട്രേഷൻ

193(1463) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിനും മറ്റ് വ്യാവസായിക നിർമ്മാണ ആവശ്യത്തിനുമായി ജലവിതരണം നടത്തുന്ന ടാങ്കറുകൾ രജിസ്റ്റർ ചെയ്യണമെന്ന നിബന്ധന തിരുവനന്തപുരം കോർപ്പറേഷൻ കൊണ്ടുവന്നിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ടാങ്കറുകൾ വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് കോർപ്പറേഷന് എന്തെങ്കിലും സംവിധാനമുണ്ടോ;

(സി) പ്രസ്തുത ലൈസൻസ് എടുക്കാത്ത വാഹനങ്ങൾക്ക് പിഴ ചുമത്തുവാൻ വ്യവസ്ഥയുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പിൾ ശേഖരിച്ച് വാട്ടർ അതോറിറ്റിയിൽ പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) നഗരസഭാ കൗൺസിൽ പാസ്സാക്കിയ ബൈലോയിലെ 7(12), 7(13) ഖണ്ഡികകളിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച വ്യവസ്ഥയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ലൈസൻസ് വ്യവസ്ഥകൾ ലംഘിക്കുന്നപക്ഷം ലൈസൻസ് റദ്ദ് ചെയ്യുന്നതോടൊപ്പം ലൈസൻസ് വ്യവസ്ഥ ലംഘനത്തിന് 10,000 രൂപ പിഴയായി നിശ്ചയിക്കുന്നു.

2. ലൈസൻസില്ലാത്ത ജലശേഖരണ വാഹനം നഗരസഭാ പരിധിക്കുള്ളിൽ ജലം ശേഖരിക്കുകയോ വിതരണം ചെയ്യാൻ ശ്രമിക്കുകയോ ചെയ്താൽ ടി വാഹനം പിടിച്ചെടുത്ത് നിയമ നടപടികൾ സ്വീകരിക്കുകയും കുറഞ്ഞത് 25,000 രൂപമുതൽ പരമാവധി 50,000 രൂപ വരെ പിഴ ഈടാക്കുകയും ചെയ്യും.

## അർബൻ സർവ്വീസ് ഡെലിവറി പ്രോജക്ട്

194(1464) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകൾ നേരിടുന്ന മാലിന്യ സംസ്കരണ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സീവേജ്, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അർബൻ സർവ്വീസ് ഡെലിവറി പ്രോജക്ട് എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് ലോകബാങ്കിന്റെ സഹായം ലഭ്യമാണോ; വിശദാംശം നൽകുമോ; ഇതിന്റെ പലിശ നിരക്കും തിരിച്ചടവ് കാലാവധിയും വ്യക്തമാക്കുമോ;

(സി) നഗരസഭകൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതിവിഹിതത്തിന് പുറമെയാണോ ലോകബാങ്ക് വായ്പ അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യത്തിൽ നഗരസ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകളെ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിക്കണമെന്ന് ലോക ബാങ്കിനോട് അഭ്യർത്ഥിച്ചിട്ടുണ്ടോ; അതിന്മേലുള്ള പ്രതികരണം എന്താണ്; വിശദാംശം നൽകാമോ?

### ഉത്തരം

(എ) നഗരസഭകൾ നേരിടുന്ന മാലിന്യ സംസ്കരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മാലിന്യ സംസ്കരണ രംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ബന്ധപ്പെട്ട ആസ്തികളുടെ തുടർ പരിപാലനം ഉറപ്പാക്കുന്നതിനും കേരള അർബൻ സർവ്വീസ് ഡെലിവറി പ്രോജക്ട് എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്ക് 300 മില്യൺ ഡോളറിന്റെ ലോക ബാങ്ക് സഹായം ലഭ്യമാണ്. 2% പലിശ നിരക്കിൽ 25 വർഷമാണ് തിരിച്ചടവ് കാലാവധി.

(സി) നഗരസഭകൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി വിഹിതത്തിനുപുറമേ ലോകബാങ്ക് സഹായം അനുവദിക്കുന്നതിന് 23-1-2020-ലെ സ.ഉ.(കൈ) നമ്പർ 20/2020/തസ്വഭവ ഉത്തരവുപ്രകാരം തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ഡി) നിലവിൽ കേരളത്തിലെ 87 നഗരസഭകൾക്ക് ലോക ബാങ്ക് സഹായം നൽകുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ലോകബാങ്കിന്റെ നിർദ്ദേശപ്രകാരമാണ് നഗരങ്ങളെ മാത്രം ഉൾക്കൊള്ളിച്ചിട്ടുള്ളത്. നഗര സ്വഭാവമുള്ള ഗ്രാമ പഞ്ചായത്തുകളെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിക്കണ മെന്ന് രേഖാമൂലം ലോകബാങ്കിനോട് അഭ്യർത്ഥിച്ചിട്ടില്ല.

## തൃശ്ശൂർ കോർപ്പറേഷനെതിരെ ഹൈക്കോടതിയിൽ നിലവിലുള്ള കേസുകൾ

195(1465) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കോർപ്പറേഷനെതിരെ കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സുകളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) കോർപ്പറേഷനെതിരെയുള്ള കേസ്സുകളിൽ ഏതൊക്കെ വകുപ്പുകളാണ് ചുമത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സുകളിൽ കോർപ്പറേഷനുവേണ്ടി ഹാജരാകുന്ന അഭിഭാഷകരുടെ പേരുവിവരവും ഫീസിനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും വർഷം തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തൃശ്ശൂർ കോർപ്പറേഷനെതിരെ കേരള ഹൈക്കോടതിയിൽ 565 കേസ്സുകൾ നിലവിലുണ്ട്. കേസ്സുകളുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) സിവിൽ & ക്രിമിനൽ നടപടിക്രമമനുസരിച്ചുള്ള കേസ്സുകളാണ് നിലവിലുള്ളത്.

(സി)

| വർഷം | അഡ്വക്കേറ്റ് | അനുവദിച്ച തുക |
|---|---|---|
| 2015 | M/s സതേൺ ലാ ചേമ്പേഴ്സ് | 859000 |
| 2016 | M/s സതേൺ ലാ ചേമ്പേഴ്സ് | 1347500 |
| 2017 | അഡ്വ. സന്തോഷ് പി. പൊതുവാൾ | 1154000 |
| 2018 | അഡ്വ. സന്തോഷ് പി. പൊതുവാൾ | 1574500 |
| 2019 | അഡ്വ. സന്തോഷ് പി. പൊതുവാൾ | 180000 |

## തിരുവനന്തപുരം കോർപ്പറേഷനിലെ ശുചീകരണ തൊഴിലാളി നിയമനം

196(1466) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 8 മാസത്തിനുള്ളിൽ തിരുവനന്തപുരം കോർപ്പറേഷനിൽ ശുചീകരണ തൊഴിലാളികളായി എത്ര പേരെ നിയമിച്ചിട്ടുണ്ട്; ഈ നിയമനങ്ങൾ കരാർ അടിസ്ഥാനത്തിൽ ആണോ എംപ്ലോയ്മെന്റ് വഴിയാണോ നടത്തിയത്എന്നറിയിക്കാമോ;

(ബി) വാർഡുകളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ശുചീകരണ തൊഴിലാളികളെ നിയമിക്കുവാൻ അധികാരം ഉണ്ടോ; ഇല്ലെങ്കിൽ ഇവരെ താൽകാലികാടിസ്ഥാനത്തിൽ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരാണ് നിയമിച്ചത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ 8 മാസത്തിനുള്ളിൽ തിരുവനന്തപുരം കോർപ്പറേഷനിൽ ശുചീകരണ തൊഴിലാളികളായി ആകെ 128 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിരം നിയമനം നൽകിയിട്ടുണ്ട്.

(ബി) വാർഡുകളിൽ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ശുചീകരണ തൊഴിലാളികളെ നിയമിക്കാൻ അധികാരം ഇല്ല. 22-4-1982 തീയതിയിലെ സ.ഉ.(എം.എസ്)നം.14/1982/എൽ.ബി.ആർ. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭാ സെക്രട്ടറിയാണ് നിയമിക്കുന്നത്.

## കായംകുളം നഗരസഭയിലെ ഹൈമാസ്റ്റ് ലൈറ്റുകൾ

197(1467) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നഗരസഭയിൽ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഹൈമാസ്റ്റ് ലൈറ്റുകളിലെ സോഡിയം വേപ്പർ ലാമ്പുകളിൽ പലതും നിലവിൽ പ്രവൃത്തിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കേടുപാടുകൾ പരിഹരിച്ച് പ്രസ്തുത ലൈറ്റുകൾ പ്രകാശിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹൈമാസ്റ്റ് ലൈറ്റുകളിലെ കേടുപാടുകൾ പരിഹരിക്കുന്നതിന് 2019-20 വാർഷിക പദ്ധതിയിൽ ഹൈമാസ്റ്റ് ലൈറ്റ്-അറ്റകുറ്റപ്പണി എന്ന പ്രോജക്ട് നം.164 ആയി ഉൾപ്പെടുത്തി 5,00,000 രൂപയുടെ പ്രവൃത്തിക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് കൗൺസിൽ അംഗീകരിക്കുന്നമുറയ്ക്ക് ഹൈമാസ്റ്റ് ലൈറ്റുകളിലെ സോഡിയം വേപ്പർ ലാമ്പുകൾ മാറ്റി പകരം എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതാണ്.

**പെരുമ്പടപ്പ് ബസ് സ്റ്റാന്റ്, മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

198(1468) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ പെരുമ്പടപ്പ് ബസ് സ്റ്റാന്റും മിനി സിവിൽ സ്റ്റേഷനും നിർമ്മിക്കുന്നതിനായി 12-2-2019-ൽ മന്ത്രി വിളിച്ചു ചേർത്ത യോഗതീരുമാനപ്രകാരം ആർ.സി.1/23/2019 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പെരുമ്പടപ്പ് ബസ് സ്റ്റാന്റും മിനി സിവിൽ സ്റ്റേഷനും നിർമ്മിക്കുന്നതിനായി സ്വകാര്യവ്യക്തി സ്ഥലം വിട്ടുനൽകുന്നതിന് പകരമായി ടിയാൻ 2008-ൽ സർക്കാർ അനുമതി കൂടാതെ മൂന്നേക്കർ നെൽവയൽ നികത്തി നൽകിയത് സാധൂകരിക്കുന്ന കാര്യത്തിൽവേണ്ട റവന്യൂ റിക്കാർഡുകളും വിജിലൻസ് കേസ്സുമായി ബന്ധപ്പെട്ട വിശദവിവരങ്ങളും റവന്യൂ, നിയമ വകുപ്പുകളുമായി കൂടിയാലോചിച്ച് നിയമസാധുത പരിശോധിച്ച് നടപടി സ്വീകരിക്കാൻ 12-2-2019-ൽ നടത്തിയ യോഗത്തിൽ തീരുമാനമെടുത്തിരുന്നു. അതുപ്രകാരം കൊച്ചി കോർപ്പറേഷന്റെ കൈവശമുള്ള രേഖകളുടെ പകർപ്പുകൾ നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ഈ രേഖകൾ പരിശോധിച്ച് വ്യക്തമായ ശിപാർശയോടുകൂടി വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് 6-11-2019-ലെ ആർ.സി1/23/2019/തസ്വഭവ. നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

## മരട് ഫ്ളാറ്റ് നിർമ്മാണത്തിൽ സമഗ്ര അന്വേഷണം

199(1469) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരടിലെ അനധികൃത ഫ്ലാറ്റുകൾ പൊളിക്കുന്നതിനുള്ള സുപ്രീംകോടതി വിധി ചരിത്രവിധിയാണെന്ന് വിലയിരുത്തുന്നുണ്ടോ;

(ബി) നിയമ ലംഘനത്തിന് മടിയില്ലാത്ത നിർമ്മാണ മാഫിയകളും അതിന് സഹായിക്കുന്ന ഉദ്യോഗസ്ഥ/രാഷ്ട്രീയ കൂട്ടുകെട്ടുമാണ് മരടിലെ നിയമ ലംഘനങ്ങൾക്ക് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) മരട് ഫ്ലാറ്റ് നിർമ്മാണത്തിന് പിന്നിൽ വൻ സാമ്പത്തിക ഇടപാടുകളും അഴിമതിയും നടന്നതായുള്ള ആക്ഷേപത്തിന്മേൽ സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മരടിൽ പൊളിച്ച ഫ്ലാറ്റുകളുടെ അവശിഷ്ടങ്ങൾ നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്തേയ്ക്ക് മാറ്റാതെ മറ്റ് സ്ഥലങ്ങളിൽ കൊണ്ടുപോയി സ്ഥലം നികത്തുന്നതിന് ഉപയോഗിക്കുന്നതായുള്ള ദൃശ്യമാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) നിയമം/ചട്ടലംഘനം നടത്തി പണിയുന്ന കെട്ടിടങ്ങൾക്കെതിരെയുള്ള താക്കീതായി കണക്കാക്കുന്നു.

(ബി&സി) ഇതുസംബന്ധിച്ച് ക്രൈംബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

(ഡി) മരടിലെ പൊളിച്ചു മാറ്റിയ കെട്ടിടാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് കരാർ ഏറ്റെടുത്ത കമ്പനി ടി അവശിഷ്ടങ്ങൾ സൂക്ഷിക്കുന്നതിനുവേണ്ടി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ച് അനുമതി നൽകിയിട്ടുള്ളതാണ്. ടി കെട്ടിടാവശിഷ്ടങ്ങൾ നിയമാനുസൃതം ശേഖരിച്ച് വയ്ക്കുകയും ആവശ്യാനുസൃതം പുനരുപയോഗിക്കുകയുമാണ് കമ്പനി ചെയ്യുന്നത്. കൂടാതെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച പ്രതിദിന റിപ്പോർട്ടുകൾ മരട് നഗരസഭ വാങ്ങുന്നുണ്ട്. ആയത് പ്രതിവാര റിപ്പോർട്ടാക്കി State Level Monitoring Committee-യ്ക്ക് അയയ്ക്കുന്നുണ്ട്. നഗരസഭയുടെ ടെക്നിക്കൽ കമ്മിറ്റിയുടെ നിയന്ത്രണത്തിലും പരിശോധനയിലുമാണ് ടി കെട്ടിടാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നത്.

## മണലൂർ മണ്ഡലത്തിലെ പ്രവൃത്തികൾ

200(1470) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ ആസ്തി വികസന പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന മണലൂർ മണ്ഡലത്തിൽ നിർവ്വഹിക്കേണ്ട പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഇവയിൽ ഓരോ പ്രവൃത്തിയുടെയും പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) മണലൂർ മണ്ഡലത്തിൽ 2017-18, 2018-19 വർഷങ്ങളിൽ ആസ്തി വികസന പദ്ധതിപ്രകാരം നിർവ്വഹണം നടത്തേണ്ട പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

## മരട് ഫ്ലാറ്റുകളുടെ നിർമ്മാണത്തിനുള്ള അനുമതി

201(1471) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരട് ഫ്ലാറ്റുകൾക്ക് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് അനുമതി നൽകിയ കാലത്തെ മരട് പഞ്ചായത്ത് പ്രസിഡന്റിനെ ചോദ്യം ചെയ്യുന്നതിനുവേണ്ടി ക്രൈംബ്രാഞ്ചോ ആഭ്യന്തര വകുപ്പോ തദ്ദേശസ്വയംഭരണ വകുപ്പിനോട് അനുമതി തേടിയിട്ടുണ്ടോ;

(ബി) തദ്ദേശ സ്വയംഭരണ വകുപ്പ് അനുമതി നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; അനുമതിക്കുവേണ്ടിയുള്ള ക്രൈംബ്രാഞ്ചിന്റെ കത്തിൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

ഉത്തരം

(എ&ബി) മരട് ഫ്ലാറ്റുകൾക്ക് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് അനുമതി നൽകിയ കാലത്തെ മരട് പഞ്ചായത്ത് പ്രസിഡന്റിനെ ചോദ്യം ചെയ്യുന്നതിനുവേണ്ടി ക്രൈംബ്രാഞ്ച് അനുമതി തേടിയിട്ടില്ല. എന്നാൽ പഞ്ചായത്ത് പ്രസിഡന്റിനെ പ്രതി ചേർത്ത് അന്വേഷണം നടത്തുന്നതിന് ക്രൈംബ്രാഞ്ച് സർക്കാരിനോട് അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിനുമേൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ നിയമോപദേശം തേടിയിട്ടുണ്ടെങ്കിലും അത് ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വോട്ട് രേഖപ്പെടുത്തുന്നതിന് പ്രവാസികൾക്കായി ക്രമീകരണങ്ങൾ**

202(1472) ശ്രീ. ടി. വി. ഇബ്രാഹിം :

ശ്രീ. കെ. എം. ഷാജി :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിന് പ്രവാസികൾക്കായി എന്തെങ്കിലും ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) തദ്ദേശ തെരഞ്ഞെടുപ്പിൽ ടി സംവിധാനം നടപ്പാക്കുന്നതിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ പ്രവാസികൾക്ക് അവരുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള താമസസ്ഥലം സ്ഥിതി ചെയ്യുന്ന വാർഡിലെ പോളിംഗ് സ്റ്റേഷനിൽ നേരിട്ട് ഹാജരായി വോട്ട് ചെയ്യുന്നതിന് പ്രത്യേക വോട്ടർപട്ടിക തയ്യാറാക്കാൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇല്ല.

**കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അപാകത പുന:പരിശോധിക്കാൻ നടപടി**

203(1473) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത ആശയക്കുഴപ്പം സൃഷ്ടിച്ച കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അപാകത പുനഃപരിശോധിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം വ്യവസ്ഥകളാണ് പുതിയ ചട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നത് എന്നറിയിക്കാമോ; ചട്ടങ്ങളിലെ അപ്രായോഗികത ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സോഫ്റ്റ്‌വെയർ പരിഷ്കരണ നടപടികൾ വിശദീകരിക്കാമോ;

(ഡി) പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും റോഡുകൾ സംബന്ധിച്ച വിജ്ഞാപനം ഇറക്കിയിട്ടില്ലാത്തതിനാലും പ്ലോട്ടുകൾക്ക് ഗുണം കിട്ടാത്തതായി മാറിയതിനാലും റോഡുകളിൽ നിന്ന് രണ്ടര മീറ്റർമാറി വീടുവയ്ക്കാമെന്ന വ്യവസ്ഥയ്ക്ക് വ്യക്തത വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) കെട്ടിടത്തിന്റെ ഉയരം കൂടുന്തോറും കെട്ടിടത്തിനു ചുറ്റും തുറസ്സായ സ്ഥലം വേണമെന്ന വ്യവസ്ഥ കേരളത്തെ സംബന്ധിച്ച് അപ്രായോഗികമായതിനാൽ ഈ വ്യവസ്ഥ സംബന്ധിച്ച് പുനർചിന്തനം നടത്തുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനാണ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഭേദഗതി ചെയ്തത്. മാത്രമല്ല, കെട്ടിട നിർമ്മാണ അപേക്ഷകളുടെ പരിശോധന കൂടുതൽ ലളിതമാക്കുന്നതിനും അഴിമതിരഹിതമാക്കുന്നതിനും ഓൺലൈൻ പ്രോസസ്സിംഗ് സുഗമമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള വ്യവസ്ഥകളാണ് പുതിയ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളത്.

(ബി) ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ സംബന്ധിച്ച വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.* പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അപ്രായോഗികത ഒന്നും തന്നെയില്ല. ചട്ടങ്ങളിൽ കൂടുതൽ വ്യക്തത വരുത്താനും കെട്ടിട നിർമ്മാണ അപേക്ഷകളുടെ പരിശോധന കൂടുതൽ ലളിതമാക്കുന്നതിനും ഓൺലൈൻ പ്രോസസ്സിംഗ് സുഗമമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള വ്യവസ്ഥകളാണ് പുതിയ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളത്.

(സി) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളെ അടിസ്ഥാനമാക്കി വികസിപ്പിച്ച IBPMS സോഫ്റ്റ്‌വെയർ 8 അർബൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്. പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽവന്ന സാഹചര്യത്തിൽ IBPMS സോഫ്റ്റ്‌വെയറിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ആയതിന്റെ ജോലി പുരോഗമിച്ചുവരുന്നു. പുതിയ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന സാഹചര്യത്തിൽ ആയതുകൂടി ഉൾപ്പെടുത്തിയശേഷം IBPMS സോഫ്റ്റ്‌വെയർ തദ്ദേശസ്ഥാപനങ്ങളിൽ നിലവിൽ വരുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) റോഡുകൾ വിജ്ഞാപനം ചെയ്യേണ്ടത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. പഴയ കെട്ടിട നിർമ്മാണ ചട്ടങ്ങൾപ്രകാരം ഏത് റോഡിൽ നിന്നായാലും റോഡിൽനിന്ന് കുറഞ്ഞത് 3 മീറ്റർ മാറിവേണമായിരുന്നു കെട്ടിടം നിർമ്മിക്കേണ്ടത്. എന്നാൽ പുതിയ ചട്ടങ്ങളിൽ 6 മീറ്ററിൽ താഴെ വീതിയുള്ള നോട്ടിഫൈ ചെയ്യാത്ത റോഡുകളോട് ചേർന്നിരിക്കുന്ന ഏക കുടുംബവാസ ഗൃഹങ്ങൾ 2 മീറ്റർ മാറി നിർമ്മിക്കാവുന്നതാണെന്നതരത്തിൽ വ്യവസ്ഥ ലഘൂകരിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നതും ഇപ്പോൾ നിലവിലുള്ളതുമായ എല്ലാ കെട്ടിട നിർമ്മാണച്ചട്ടങ്ങളിലും ഉൾപ്പെട്ട ഒരു വ്യവസ്ഥയാണ് കെട്ടിടത്തിന്റെ ഉയരം കൂടുന്നതനുസരിച്ച് ഓപ്പൺ സ്പേസ് & സെറ്റ്ബാക്ക് നൽകണമെന്നുള്ളത്. ഇത് ഹൈറൈസ് കെട്ടിടങ്ങൾക്ക് കൂടുതൽ സുരക്ഷ, വെളിച്ചം, വായു സഞ്ചാരം എന്നിവ നൽകാൻ സഹായിക്കുന്നു. അത്യാഹിത ഘട്ടങ്ങളിൽ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും ആളുകളെ ഒഴിപ്പിക്കുന്നത് സുഗമമാക്കുന്നതിനും കൂടുതൽ ഓപ്പൺ സ്പേസ് ഗ്രൗണ്ടിൽ ലഭ്യമാക്കുന്നതുകൊണ്ട് സാധ്യമാകും. ആയതിനാൽ നിലവിലെ വ്യവസ്ഥയിൽ ഇളവ് നൽകുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## മരടിൽ തീരദേശ പരിപാലന നിയമം ലംഘിച്ചതിനെതിരെ നിയമ നടപടി

204(1474) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരടിൽ തീരദേശ പരിപാലന നിയമം ലംഘിച്ച് ഫ്ലാറ്റുകൾ നിർമ്മിച്ച കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) മരട് പഞ്ചായത്ത് ആയിരിക്കെ ഏത് രാഷ്ട്രീയകക്ഷിയുടെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ് ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയതെന്ന് അറിയിക്കാമോ;

(സി) അന്നത്തെ പഞ്ചായത്ത് പ്രസിഡന്റിനെ പ്രതിചേർക്കുവാൻ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ നിയമോപദേശം തേടിയിട്ടുണ്ടോ; എങ്കിൽ ലഭിച്ച നിയമോപദേശം എന്താണ്;

(ഡി) ഫ്ലാറ്റ് നിർമ്മാണത്തിന് അനുമതി നൽകിയ അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള ഭരണസമിതിക്കെതിരെ നിയമനടപടി സ്വീകരിക്കാതെ അവരെ രക്ഷിക്കുവാൻ ശ്രമിക്കുന്നത് രാഷ്ട്രീയ പരിഗണനയുടെ പേരിലാണ് എന്ന ആക്ഷേപം ശരിയാണോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച് ക്രൈംബ്രാഞ്ച് 3 കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. നിലവിൽ ഈ കേസ്സുകൾ അന്വേഷണാവസ്ഥയിലുമാണ്.

(ബി) കെട്ടിട നിർമ്മാണ ചട്ടപ്രകാരം ഭരണസമിതിയുടെ അനുവാദം കെട്ടിട നിർമ്മാണ അനുമതിക്ക് ആവശ്യമില്ല.

(സി) ഉണ്ട്. നിയമോപദേശം ലഭിച്ചിട്ടില്ല.

(ഡി) ഇതുസംബന്ധിച്ച് ക്രൈംബ്രാഞ്ച് 3 കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്.

## തദ്ദേശഭരണ സ്ഥാപനങ്ങളിൽ വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള തീരുമാനം

205(1475) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിൽ വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ;

(ബി) ഈ തീരുമാനം മൂലം ത്രിതല പഞ്ചായത്തീരാജ് സ്ഥാപനങ്ങളിൽ എത്ര വാർഡുകളാണ് അധികമായി രൂപീകൃതമാകുന്നത് എന്നറിയിക്കാമോ;

(സി) വാർഡുകളുടെ പുനർവിഭജനം നടത്തുമ്പോൾ ഉണ്ടാകുന്ന പരാതികൾ കേട്ട് തീർപ്പ് കല്പിക്കുവാൻ ഡീലിമിറ്റേഷൻ കമ്മീഷന് ജില്ലകൾ തോറും യോഗം ചേരുന്നതിന് കൂടുതൽ സമയം ആവശ്യമായി വരുന്ന സാഹചര്യത്തിൽ, സമയബന്ധിതമായി ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുവാൻ സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) 110 ഗ്രാമപഞ്ചായത്തുകൾ വിഭജിക്കണമെന്ന നിർദ്ദേശം നേരത്തെ തദ്ദേശഭരണ വകുപ്പ് മുന്നോട്ട് വച്ചിരുന്നോ എന്നറിയിക്കാമോ;

(ഇ) പ്രസ്തുത നിർദ്ദേശം ധനകാര്യ വകുപ്പ് നിരാകരിച്ചിരുന്നോ; എങ്കിൽ അതിനുള്ള കാരണം എന്തായിരുന്നു എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിൽ വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. നിലവിൽ 2001-ലെ കാനേഷുമാരി അനുസരിച്ചുള്ള ജനസംഖ്യയ്ക്ക് ആനുപാതികമായിട്ടാണ് 1118 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ നിജപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ചട്ടങ്ങൾ പ്രകാരം ഏറ്റവും അവസാനം നടന്ന കാനേഷുമാരി പ്രകാരമാണ് വാർഡുകളുടെ എണ്ണം നിജപ്പെടുത്തേണ്ടത്. അതിൻപ്രകാരം 2011-ൽ നടന്ന കാനേഷുമാരിയുടെ അടിസ്ഥാനത്തിൽ വാർഡുകളുടെ എണ്ണം പുനർനിർണയം നടത്താൻ സർക്കാർ തീരുമാനിച്ചു.

(ബി) ഈ തീരുമാനംമൂലം ഗ്രാമ പഞ്ചായത്തുകളിൽ 1379 വാർഡുകൾ പുതിയതായി രൂപീകരിക്കപ്പെടുന്നു. എന്നാൽ നിലനിന്നിരുന്ന വാർഡുകളിൽ 3 എണ്ണം കുറവ് വരുന്നു. നിലവിലുള്ള ആകെ വാർഡുകളുടെ എണ്ണം 15962-ൽനിന്നും 17338 ആയി മാറുന്നു. ബ്ലോക്ക് പഞ്ചായത്തുകളിൽ 187, ജില്ലാ പഞ്ചായത്തുകളിൽ 15 എന്നിങ്ങനെ ഡിവിഷനുകൾ പുതിയതായി രൂപീകരി ക്കപ്പെടുന്നു. മുനിസിപ്പാലിറ്റികളിൽ 128, മുനിസിപ്പൽ കോർപ്പറേഷനുകളിൽ 7 എന്നിങ്ങനെ വാർഡുകൾ പുതിയതായി രൂപീകരിക്കപ്പെടുന്നു. ഇപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആകെ 1716 വാർഡ്/ഡിവിഷനുകൾ വർദ്ധിക്കുന്നു. ഗ്രാമ പഞ്ചായത്തുകളിൽ 3 വാർഡുകൾ കുറയുന്നതിനാൽ വ്യത്യാസം 1713 ആയിരിക്കും.

(സി) സംസ്ഥാനത്ത് മട്ടന്നൂർ നഗരസഭ ഒഴികെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് അവയുടെ നിലവിലെ കാലാവധി അവസാനിക്കുന്ന 11-11-2020-നുമുൻപ് പൊതു തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികളാണ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സ്വീകരിച്ചുവരുന്നത്. ഇതിലേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ഡിലിമിറ്റേഷൻ കമ്മീഷനാണ് സ്വീകരിച്ചുവരുന്നത്. അതുകൊണ്ടുതന്നെ സമയബന്ധിതമായി ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുവാൻ സാധിക്കുമെന്നാണ് കരുതുന്നത്.

(ഡി) സംസ്ഥാനത്ത് നിലവിലുള്ള വലിയ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് രൂപീകരിക്കാൻ കഴിയുന്ന പുതിയ ഗ്രാമപഞ്ചായത്തുകളുടേയും അതിർത്തി പുനർ നിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടേയും സാധ്യത പട്ടിക, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നത് സർക്കാർ പരിഗണിച്ചിരുന്നു. എന്നാൽ സാമ്പത്തിക ബാധ്യത ഉൾപ്പെടെയുള്ള വിവിധ കാരണങ്ങൾ പരിഗണിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയാണുണ്ടായത്.

(ഇ) ഈ നിർദ്ദേശം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് നൽകിയിരുന്നില്ല.

## പ്രവാസികൾക്ക് പ്രോക്സി വോട്ട്

206(1476) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോളിംഗ് സ്റ്റേഷനുകളിൽ നേരിട്ടെത്തി വോട്ട് ചെയ്യണമെന്ന കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ഭേദഗതി വരുത്തി പ്രവാസികൾക്ക് പ്രോക്സി വോട്ട് അനുവദിക്കണമെന്ന നിർദ്ദേശം 2019 ജൂൺ 1 -ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിരുന്നോ;

(ബി) പ്രതിരോധ മേഖലയിലുള്ളവർക്ക് ദേശീയ തലത്തിൽ പ്രോക്സി വോട്ട് അനുവദിച്ചതിന്റെ ചുവടുപിടിച്ചാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിന് നിർദ്ദേശം സമർപ്പിച്ചതെന്ന റിപ്പോർട്ടുകൾ പരിശോധിക്കുക ഉണ്ടായോ;

(സി) ആക്റ്റിൽ ഭേദഗതി വരുത്തി നിയമം പാസാക്കിയിരുന്നെങ്കിൽ പ്രോക്സി വോട്ട് നടപ്പാക്കുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളത്തിന് മാറാമായിരുന്നില്ലേ;

(ഡി) അടുത്തു വരാൻ പോകുന്ന തദ്ദേശ തെരഞ്ഞെടുപ്പിൽ പ്രോക്സി വോട്ട് നടപ്പാക്കാനുള്ള സാധ്യത ഉണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽനിന്ന് ഇത്തരമൊരു നിർദ്ദേശം ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

(ബി-ഡി) പ്രോക്സി വോട്ടിംഗ് അനുവദിക്കുന്നതിനുമുമ്പായി വോട്ടർ പട്ടിക തയ്യാറാക്കൽ, വോട്ടർമാരുടെ ഐഡന്റിറ്റി, തെരഞ്ഞെടുപ്പിന്റെ രഹസ്യ സ്വഭാവം എന്നിവ സംബന്ധിച്ച് വ്യക്തമായ മാർഗ്ഗരേഖകൾ ആവശ്യമായിട്ടുണ്ട്. കൂടാതെ voting-ന്റെ സുതാര്യത ഉറപ്പുവരുത്തുന്നതിനായും നിഷ്പക്ഷമായ രീതിയിൽ വോട്ടുകൾ രേഖപ്പെടുത്തുന്നതിനും വിവിധതലത്തിൽ ചർച്ചകൾ നടത്തേണ്ടതുണ്ട്. ആയതിനാൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശം പരിശോധിച്ചുവരികയാണ്.

## വെഞ്ഞാറമൂട്ടിൽ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിന് സ്ഥലം

207(1477) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ വെഞ്ഞാറമൂട്ടിൽ പി.ഡബ്ല്യു.ഡി. റസ്റ്റ്ഹൗസ് സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള

18.0186 സെന്റ് ഭൂമി കൈമാറുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നിരാക്ഷേപ സാക്ഷ്യപത്രം (എൻ.ഒ.സി.) നൽകുന്നതിനുള്ള ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) നിരാക്ഷേപ സാക്ഷ്യപത്രം എന്നത്തേയ്ക്ക് നൽകാൻ കഴിയും എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) വാമനപുരം നിയോജകമണ്ഡലത്തിലെ വെഞ്ഞാറമൂട്ടിൽ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള 18.0186 സെന്റ് ഭൂമി കൈമാറുന്നതിന് ഗ്രാമവികസന കമ്മീഷണർ സമർപ്പിച്ച അപേക്ഷ ബി.ടി.ആർ.-ൽ ടി ഭൂമി സർക്കാർ ഭൂമിയായതിനാൽ തുടർനടപടിക്കായി ഫയൽ നമ്പർ ആർ.സി.1/24/2019/ ത.സ്വ.ഭ.വ പ്രകാരം റവന്യൂ വകുപ്പിന് നൽകിയിരുന്നു.

റവന്യൂ വകുപ്പ് തുടർനടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ടി ഭൂമി തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്വയാർജ്ജിത ഭൂമി അല്ലാത്തതിനാൽ സർക്കാർ വിജ്ഞാപനം വഴി റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കിയാലേ ഭൂമി കൈമാറ്റം സാധ്യമാകൂ എന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ടി ഭൂമി റവന്യൂ വകുപ്പിൽ പുനർനിഷിപ്തമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകുന്നതിനുള്ള നടപടി ആർ.സി.1/213/2019/ത.സ്വ.ഭ.വ എന്ന ഫയലിൽ സ്വീകരിച്ചുവരുന്നു.

## വി.ഇ.ഒ.-മാരുടെ പ്രീ സർവ്വീസ് പരിശീലനം

208(1478) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തിക സംബന്ധിച്ചുള്ള 1967-ലെ സ്പെഷ്യൽ റൂളിന്റെയും 1977, 2008 വർഷങ്ങളിലെ ഭേദഗതികളുടെയും പകർപ്പ് നൽകാമോ;

(ബി) 1967-ലെ സ്പെഷ്യൽ റൂൾ പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഗ്രാമസേവകൻ) മാരുടെ പ്രീ സർവ്വീസ് പരിശീലനകാലം പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവയ്ക്ക് പരിഗണിച്ചിരുന്നോ; വിശദാംശങ്ങൾ നൽകാമോ;

(സി) 1977 ലെയും 2008 ലെയും സ്പെഷ്യൽ റൂൾ ഭേദഗതികൾ വഴി പ്രീ സർവ്വീസ് പരിശീലനകാലം പ്രൊബേഷനും ഇൻക്രിമെന്റിനും പരിഗണിക്കുന്ന കാര്യത്തിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രീ സർവ്വീസ് പരിശീലനകാലം ഇൻക്രിമെന്റ് ഉൾപ്പെടെയുള്ള സർവ്വീസ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കാൻ പാടില്ല എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) പ്രീ സർവ്വീസ് പരിശീലനകാലം പ്രൊബേഷനും ഇൻക്രിമെന്റിനും പരിഗണിക്കുന്ന കാര്യത്തിൽ, സ്പെഷ്യൽ റൂളിന് വിരുദ്ധമായി വി.ഇ.ഒ.മാർക്ക് ആനുകൂല്യം നിഷേധിച്ച നടപടി തിരുത്തുമോ; എങ്കിൽ പ്രസ്തുത ആനുകൂല്യം പുനഃസ്ഥാപിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഇല്ല. 1967-ലെ സ്പെഷ്യൽ റൂൾ പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ-സർവ്വീസ് പരിശീലനകാലം പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവയ്ക്ക് പരിഗണിക്കുവാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) 1977-ലെ സ്പെഷ്യൽ റൂൾ ഭേദഗതിയിൽ പ്രീസർവ്വീസ് പരിശീലനകാലം പ്രൊബേഷന് കണക്കാക്കുകയില്ലന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2008-ലെ സ്പെഷ്യൽ റൂളിൽ സീനിയോറിറ്റി സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനാണ് ഭേദഗതി വരുത്തിയിട്ടുള്ളത്.

(ഡി) ഉണ്ട്. ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായിരുന്ന ശ്രീ. ജെ. ഗോഡ്‌വിൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No. 17569/2004 നമ്പർ കേസ്സിന്റെ 14-12-2007-ലെ വിധിന്യായം നടപ്പിലാക്കിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച 25-10-2008-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 3771/2008/തസ്വഭവ നമ്പർ ഉത്തരവിൽ പ്രീസർവ്വീസ് ട്രെയിനിംഗ് കാലയളവ് യാതൊരു സർവ്വീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുകയില്ലെന്ന് ഉത്തരവായിട്ടുണ്ട്. ഗ്രാമവികസന വകുപ്പിൽനിന്നും ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായി വിരമിച്ച ശ്രീ. അശോക് കുമാർ. ഇ, ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. നമ്പർ 1919/16-ലെ 17-8-2016-ലെ അന്തിമ ഉത്തരവ് നടപ്പാക്കിക്കൊണ്ട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സർക്കാർ പുറപ്പെടുവിച്ച 11-5-2017-ലെ സ.ഉ.(സാധാ) നമ്പർ 1541/2017/തസ്വഭവ നമ്പർ ഉത്തരവിൽ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പരിശീലനകാലം പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കണമെന്ന ആവശ്യം നിരസിച്ചിട്ടുള്ളതാണ്.

(ഇ) പ്രീസർവ്വീസ് പരിശീലനകാലം 'സർവ്വീസ്' അല്ല. പ്രീസർവ്വീസ് പരിശീലനം പൂർത്തിയാക്കി, സർവ്വീസിൽ പ്രവേശിച്ചതിനുശേഷം മാത്രമേ ജീവനക്കാരന്റെ സേവനകാലം ആരംഭിക്കുന്നുള്ളൂ. അതിനാൽ പ്രീസർവ്വീസ് കാലംകൂടി പരിഗണിച്ച് തെറ്റായി നൽകിയ ആനുകൂല്യങ്ങൾ തിരിച്ചു പിടിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. നിലവിലെ സ്പെഷ്യൽ റൂളിന് വിരുദ്ധമായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് യാതൊരു ആനുകൂല്യങ്ങളും നിഷേധിച്ചിട്ടില്ല. ടി വിഷയത്തിൽ ചട്ടപ്രകാരം മാത്രമാണ് സർക്കാർ തീരുമാനമെടുത്തിട്ടുള്ളത്.

## വി.ഇ.ഒ.-മാരുടെ പരിശീലന കാലാവധി

209(1479) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നിലവിലെ പ്രീസർവ്വീസ് പരിശീലനം ഇൻ സർവ്വീസ് ആയി ഉത്തരവായിട്ടുണ്ടോ;

(ബി) മുൻകാലങ്ങളിലെ വി.ഇ.ഒ.മാരുടെ പ്രീസർവ്വീസ് കാലയളവും ഇൻസർവ്വീസ് ആയി പരിഗണിച്ച് പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾക്കായി പരിഗണിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) വി.ഇ.ഒ.മാരിൽ പ്രീസർവ്വീസ് പരിശീലന കാലാവധി സർവ്വീസായി പരിഗണിക്കാത്തവർ, പരിശീലന പരിപാടി സർവ്വീസ് ആയി പരിഗണിക്കുന്നവർ എന്നിങ്ങനെ രണ്ടുതരം ജീവനക്കാർ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 28-9-2016-ലെ ജി.ഒ.(എം.എസ്)137/16/തസ്വഭവ. ഉത്തരവ് പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ആറ് മാസത്തെ പ്രീസർവ്വീസ് പരിശീലനം മൂന്ന് മാസത്തെ ഇൻസർവ്വീസ് പരിശീലനമായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ബി) നിലവിൽ പരിഗണനയിലില്ല.

(സി) 28-9-2016-ലെ ജി.ഒ.(എം.എസ്)137/16/തസ്വഭവ. ഉത്തരവ് പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ആറ് മാസത്തെ പ്രീസർവ്വീസ് പരിശീലനം മൂന്ന് മാസത്തെ ഇൻസർവ്വീസ് പരിശീലനമാക്കി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ടി ഉത്തരവിന് 25-5-2016 മുതൽ പ്രാബല്യമുണ്ട്. ടി തീയതിക്കുമുൻപ് സർവ്വീസിൽ പ്രവേശിച്ചവർ ആറ് മാസത്തെ പ്രീസർവ്വീസ് പരിശീലനം പൂർത്തിയാക്കേണ്ടതുണ്ട്. ഈ നിബന്ധന ഒഴിവാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## ഡി.ആർ.ഡി.എ-കളിലെ ജീവനക്കാരുടെ പുനർവിന്യാസം

210(1480) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ആർ.ഡി.എ.-കളിലെ ജീവനക്കാരെ പുനർവിന്യസിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ ജീവനക്കാരെ ഏത് രീതിയിൽ ഏതെല്ലാം ഓഫീസുകളിലേയ്ക്കാണ് പുനർവിന്യസിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഡി.ആർ.ഡി.എ.കളിലെ ജീവനക്കാരുടെ കുടിശ്ശികയായ ശമ്പളം എന്നത്തേക്ക് വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ജീവനക്കാരെ സാമാജികരുടെ ആസ്തി വികസന ഫണ്ടുകൾ പ്രകാരമുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്ന എ.ഡി.സി. ഓഫീസുകളിൽ പുനർവിന്യസിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) ജീവനക്കാരെ പുനർവിന്യസിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ. അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ബി) നിലവിലുള്ള ശമ്പളക്കുടിശ്ശിക അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പുനർവിന്യാസ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നതേയുള്ളൂ. സാധ്യമായ ഓഫീസുകളിൽ ജീവനക്കാരെ പുനർവിന്യസിക്കുന്നതാണ്.

## ഇരിങ്ങാലക്കുട മണ്ഡലത്തിൽ പൊരുന്നചിറ നവീകരണം

211(1481) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ആളൂർ ഗ്രാമപഞ്ചായത്തിലെ പൊരുന്നചിറ നവീകരണത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ആളൂർ ഗ്രാമപഞ്ചായത്തിലെ 20, 21 വാർഡുകളിലായി സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സായ പൊരുന്നച്ചിറയിൽ വാട്ടർ അതോറിറ്റിയുടെ സ്കീം വഴി ചെറിയൊരു പ്രദേശത്ത് വെള്ളം ലഭ്യമാക്കി വരുന്നുണ്ട്. പ്രസ്തുത സ്കീമിന്റെ ഭാഗമായി ഫിൽറ്ററിംഗ് മീഡിയയുടെ നവീകരണത്തിനും അനുബന്ധമായി ചെളി കയറുന്നത് തടയുന്നതിനുമായി 18,61,080 രൂപയുടെ പ്രോജക്ട് രൂപീകരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. പൊരുന്നചിറയിൽ കാലങ്ങളായി അടിഞ്ഞുകൂടിയിട്ടുള്ള ചെളിനീക്കി ഇടിഞ്ഞ ഭാഗങ്ങൾ കെട്ടി സംരക്ഷിച്ച് ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിലൂടെ നിലവിലുള്ള സ്കീമിനുപുറമെ സമഗ്രമായൊരു കുടിവെള്ള പദ്ധതി ആരംഭിച്ച് 20, 21 വാർഡുകളിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരമുണ്ടാക്കുന്നതിലേയ്ക്കായി ഗ്രാമപഞ്ചായത്ത് 2 കോടിരൂപ ചെലവ് വരുന്ന ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്ക് സർക്കാർ ധനസഹായം ലഭ്യമാക്കണമെന്ന ആവശ്യം തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പിൽ പരിശോധിച്ചുവരുന്നു.

### ഗ്രാമവികസന വകുപ്പിന്റെ വികസന പരിശീലന കേന്ദ്രം

212(1482) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ ഒരു വികസന പരിശീലന കേന്ദ്രം പെരുമ്പാവൂരിൽ ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; അതിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സ്വയം സഹായ സംഘങ്ങൾക്കും പ്രയോജനപ്പെടുന്ന പ്രസ്തുത പരിശീലനകേന്ദ്രം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഗ്രാമവികസന വകുപ്പിന്റെ ഒരു വികസന പരിശീലന കേന്ദ്രം പെരുമ്പാവൂരിൽ ആരംഭിക്കുന്നതിന് ഗ്രാമവികസന വകുപ്പിൽനിന്നോ കിലയിൽ നിന്നോ ഫോർമൽ പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിൽ ഗ്രാമവികസന വകുപ്പിന്റെ ഒരു വികസന പരിശീലന കേന്ദ്രം അനുവദിക്കുന്നതിനുവേണ്ടിയുള്ള കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ റിപ്പോർട്ടിനായി കില ഡയറക്ടർക്ക് അയച്ചിരുന്നു. സ്ഥാപനം തുടങ്ങുവാൻ ഉദ്ദേശിച്ച സ്ഥലത്തിന്റെ വിശദാംശങ്ങൾ ഒന്നുംതന്നെ പ്രസ്തുത അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്ഥലത്തിന്റെ വിശദാംശങ്ങൾ

ലഭ്യമാക്കുന്നതിന് കിലയിൽനിന്നും 24-11-2018-ന് കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് കത്ത് നൽകിയിട്ടുണ്ട്. സ്ഥലത്തിന്റെ വിശദാംശങ്ങളും പെരുമ്പാവൂരിൽ വികസന പരിശീലന കേന്ദ്രം തുടങ്ങേണ്ടതിന്റെ അനിവാര്യത സംബന്ധിച്ച കില ഡയറക്ടറുടെ റിപ്പോർട്ടും അടങ്ങുന്ന പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന

213(1483) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ എത്ര റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചു എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ കാലയളവിൽ പ്രസ്തുത ബ്ലോക്കുകളിൽ പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന പ്രകാരം ആരംഭിച്ച നിർമ്മാണ പ്രവൃത്തികൾ മുടങ്ങി കിടപ്പുണ്ടെങ്കിൽ അതിന്റെ കാരണവും പ്രവൃത്തികളുടെ വിശദാംശവും നൽകുമോ?

### ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര ബ്ലോക്കിൽ 5 പ്രവൃത്തിയും വെട്ടിക്കവല ബ്ലോക്കിൽ രണ്ട് പ്രവൃത്തിയും നിർമ്മാണം പൂർത്തീകരിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കൊട്ടാരക്കര ബ്ലോക്ക് | |
|---|---|
| 1 | ഇരമ്പനങ്ങാട്-തുണ്ടിൽകോളനി റോഡ് |
| 2 | നാൽക്കവല-മീയണ്ണൂർ-കോളമത്ത് റോഡ് |
| 3 | മുള്ളമ്പാറ-കുടവട്ടൂർ റോഡ് |
| 4 | ചീരങ്കാവ്-കൊച്ചാഞ്ഞിലിമൂട് ബദാം ജംഗ്ഷൻ റോഡ് |
| 5 | മരങ്ങാട്-കുരിശിൻമൂട്-ചെങ്കുളം-അങ്കണവാട് റോഡ് |

| | |
|---|---|
| വെട്ടിക്കവല ബ്ലോക്ക് | |
| 1 | കടുവാപ്പാറ-അഞ്ചനാംകുഴി റോഡ് |
| 2 | പാങ്ങോട്-തെക്കുംചേരി റോഡ് |

(ബി) ഈ കാലയളവിൽ പ്രസ്തുത ബ്ലോക്കുകളിൽ പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജനപ്രകാരം ആരംഭിച്ച നിർമ്മാണ പ്രവൃത്തികൾ ഒന്നുംതന്നെ മുടങ്ങിക്കിടപ്പില്ല.

## ഫയർ സ്റ്റേഷന് പുതിയ ആസ്ഥാനം പണിയാൻ ഭൂമി

214(1484) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭയിൽ താൽക്കാലിക കെട്ടിടത്തിൽ സ്ഥിതിചെയ്യുന്ന ഫയർസ്റ്റേഷന് പുതിയ ആസ്ഥാനം പണിയാൻ നഗരസഭാ ഭൂമി വിട്ടുനൽകുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ടി.പി.6593/08 നമ്പർ 17-7-2019 തീയതിയിൽ നഗരസഭയിൽ നിന്ന് അയച്ച ഫയൽ നഗരകാര്യ ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഫയലിൻമേൽ എന്തെല്ലാം തുടർ നടപടികളാണ് നഗരകാര്യ ഡയറക്ട്റേറ്റ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) നടപടികൾ സ്വീകരിക്കാൻ കാലതാമസം വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) നഗരസഭവക സ്ഥലം കൈമാറുന്നതിന് സർക്കാർ അനുമതിക്കായി ലഭ്യമാക്കിയ അപേക്ഷയിന്മേൽ അധിക വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് കൊയിലാണ്ടി നഗരസഭയ്ക്ക് 24-2-2020-ലെ ജി3-15891/2019 നം. പ്രകാരം നഗരകാര്യ ഡയറക്ടർ കത്ത് നൽകിയിട്ടുള്ളതാണ്.

(സി) സ്ഥലം കൈമാറുന്നത് സംബന്ധിച്ച് സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് ആവശ്യമായ എല്ലാ രേഖകളും കൊയിലാണ്ടി നഗരസഭയിൽനിന്നും ലഭ്യമാക്കിയിട്ടില്ലാത്തതാണ്.

## കിലയിലെ സ്ഥിരനിയമനം

215(1485) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കിലയിലും മറ്റ് അനുബന്ധ സ്ഥാപനങ്ങളിലും എത്ര സ്ഥിര നിയമനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ കാലയളവിൽ സ്ഥിര നിയമനം നടത്തുവാൻ വേണ്ടി കില ഡയറക്ടർ സർക്കാരിലേക്ക് പ്രൊപ്പോസൽ അയച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കിലയിലെ സ്ഥിരനിയമനം പി.എസ്.സി.ക്ക് വിടാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിലയിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നടപ്പിൽ വരുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ) മൂന്ന്

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) ഇതുസംബന്ധിച്ച് പുതിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കില ഡയറക്ടർക്ക് 18-7-2018-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോളേജുകളിലെ അക്കാദമിക നിലവാരം

216(1486) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് അറിയിക്കാമോ;

(ബി) ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) വിദ്യാർത്ഥികളുടെ മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് എല്ലാ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും 'ജീവനി' കൗൺസിലിംഗ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് ക്യാമ്പസ്സിൽ പ്രവർത്തിക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ (ORICE-Online Resoucse Initiatives of Collegiate Education) മുഖേന ദേശീയ/അന്തർദേശീയ തലത്തിൽ പ്രഗത്ഭരായ അക്കാഡമീഷ്യ ന്മാരെ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ വകുപ്പുമായോ, സ്ഥാപനങ്ങളുമായോ ബന്ധപ്പെട്ട് അവരുടെ അറിവും അനുഭവജ്ഞാനവും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും ഒരേ സമയം എത്തിക്കുന്നതിനു വേണ്ടി ആവിഷ്കരിച്ച ഓൺലൈൻ പ്ലാറ്റ്ഫോം ആണ് ഒറൈസ്. വീഡിയോ കോൺഫറൻസിംഗ് സൗകര്യമുള്ള കോളേജുകളിൽ ടുവേ കമ്മ്യൂണിക്കേഷനിലൂടെയും മറ്റ്

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലൈവ് സ്ട്രീമിംഗ് മുഖാന്തരവും വിദ്യാർത്ഥികൾക്ക് പ്രയോജനകരമാംവിധം Beyond Syllabi, മലയാള സാഹിത്യയാത്ര Winglish മുതലായ പഠന പരമ്പരകളിൽ ഓൺലൈൻ ക്ലാസ്സുകൾ നടന്നുവരുന്നുണ്ട്.

2. ബിരുദതലത്തിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാസമ്പന്നരെ ഉപയോഗിച്ചുകൊണ്ട് സമയബന്ധിതമായി ക്ലാസ്സുകൾ നൽകുന്നതിനും സർവ്വകലാശാല പരീക്ഷയ്ക്ക് തയ്യാറാക്കുക എന്നീ പ്രവർത്തനങ്ങൾക്കായി 63 സർക്കാർ കോളേജുകളിലും 151 എയ്ഡഡ് കോളേജുകളിലും Scholar Support Programme നടന്നുവരുന്നുണ്ട്.

3. പഠനത്തിൽ പ്രഗത്ഭരായ വിദ്യാർത്ഥികൾക്ക് വിവിധ രീതിയിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, അവർക്ക് വഴികാട്ടിയായി പ്രവർത്തിക്കുന്ന ഉപദേഷ്ടാക്കളെ നിയമിക്കുക എന്നീ പരിപാടികൾക്കായി പഠിതാവിനോടൊപ്പം (Walk With Scholar) എന്ന പദ്ധതി 63 സർക്കാർ കോളേജുകളിലും 151 എയ്ഡഡ് കോളേജുകളിലും നടന്നുവരുന്നു.

4. കേരളത്തിലെ കോളേജുകളിലെ യുവാക്കളായ അദ്ധ്യാപകരുടെ ഒരു സംഘത്തെ കണ്ടെത്തി അവരിലെ പ്രത്യേകവാസനകൾ വികസിപ്പിച്ചെടുക്കുകവഴി അദ്ധ്യയന രംഗത്തെ കണ്ടെത്തലുകളിലൂടെയും ഗവേഷണങ്ങളിലൂടെയും സമന്വയം ത്വരിതപ്പെടുത്തുന്നതിനു വേണ്ടി FLAIR (Fostering Linkages For Academic Innovation And Research) പദ്ധതി നടത്തിവരുന്നു.

5. കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ കോളേജുകളിൽ BSNL-ന്റെ സിംഗിൾ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് മുഖാന്തരം അതിവേഗ സ്റ്റേബിൾ ഇന്റർനെറ്റ് സേവനം പ്രദാനം ചെയ്യുന്നു. ഒരു ഇന്റർനെറ്റ് ഹബ്ബിൽനിന്നും ക്യാമ്പസ്സ് മുഴുവനും ഒപ്റ്റിക്കൽ ഫൈബർ കേബിളിലൂടെ ഇന്റർനെറ്റ് കണക്ഷൻ നൽകുന്നത് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഒരുപോലെ പ്രയോജനം ചെയ്യുന്നു. ഇ-ലേണിംഗ് പോലുള്ള അത്യാധുനിക സംവിധാനങ്ങൾ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുന്നതിനും അദ്ധ്യാപകർക്ക് ഓൺലൈൻ ക്ലാസ്സ് എടുക്കുന്നതിനും പ്രസ്തുത സാങ്കേതികവിദ്യയിലൂടെ സാധിക്കുന്നു.

6. രാജ്യത്തെ മികച്ച ഫാക്കൽറ്റിയിലൂടെയും സ്ഥാപനത്തിന്റെയും സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി അക്കാദമിക് തലത്തിൽ ഉന്നതനിലവാരം പുലർത്തുന്ന M.Phil/P.hd/PG വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന സ്ഥാപനങ്ങൾക്കുപുറമേ ഹ്രസ്വകാല പഠനങ്ങൾ നടത്തുന്നതിനും പ്രോജക്ടുകൾ ചെയ്യുന്നതിനും അവരുടെ കോഴ്സിന്റെ ഭാഗമായി ഇന്റേൺഷിപ്പ് രാജ്യത്തെ പ്രമുഖരായ ശാസ്ത്രജ്ഞരും സാമൂഹ്യശാസ്ത്രജ്ഞരും ആയി ചേർന്ന് ചെയ്യാനും ആസ്പർ സ്കോളർഷിപ്പ് എന്ന പദ്ധതി മുഖേന സ്കോളർഷിപ്പുകൾ നൽകിവരുന്നുണ്ട്.

7. യുവജനങ്ങളിൽ സാമൂഹ്യപ്രശ്നങ്ങളെ കുറിച്ചറിയാനും മനസ്സിലാക്കാനുമുള്ള ആഗ്രഹം വളർത്തിയെടുക്കുന്നതിനും സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ അറിവ് വർദ്ധിപ്പിക്കുന്നതിന് സ്കോളർഷിപ്പുകൾ നൽകിവരുന്നുണ്ട്.

8. സാഹിത്യത്തിൽ അഭിരുചിയും കഴിവും തെളിയിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുക, സാഹിത്യത്തിൽ ഉന്നതവിദ്യാഭ്യാസം നടത്താൻ അവസരം ഒരുക്കുക എന്നതിന് സാഹിത്യത്തിലെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കാനുള്ള സ്കോളർഷിപ്പുകൾ നൽകിവരുന്നുണ്ട്.

9. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച പ്രതിഭകൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കുകയും ഈ മേഖലയിൽ ഉന്നത വിദ്യാഭ്യാസം നേടാൻ അവസരം ഒരുക്കുന്നതിനായി സംഗീതം, കല, പെർഫോംമിഗ് ആർട്സ് എന്നീ മേഖലകളിൽ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പുകൾ നൽകിവരുന്നുണ്ട്.

10. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, വികലാംഗ വിദ്യാർത്ഥി കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം, ജില്ലാ മെരിറ്റ് സ്കോളർഷിപ്പ്, അഹിന്ദി സംസ്ഥാനങ്ങളിൽ ഹിന്ദി പ്രചരിപ്പിക്കുന്നതിനുള്ള സ്കോളർഷിപ്പ്, ഉന്നതവിദ്യാഭ്യാസം സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ആന്റ് റിസർച്ച് തിരുവനന്തപുരം, റെക്കറിംഗ് ഗ്രാന്റ്സ് ഇൻ എയിഡ്, പോസ്റ്റ് മെട്രിക്, പോസ്റ്റ് ഇന്റർമീഡിയറ്റും ബിരുദാനന്തര പഠനങ്ങൾക്കുള്ള ദേശീയ സ്കോളർഷിപ്പ് തുടങ്ങിയ പദ്ധതികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ നടന്നുവരുന്നുണ്ട്.

11. ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിനായി ഗവേഷണ സ്ഥാപനങ്ങളേയും ഉന്നത വിദ്യാഭ്യാസ പീഠങ്ങളേയും മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 10 ആർട്സ് ആന്റ് സയൻസ് കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആയി തെരഞ്ഞെടുത്ത് പ്രസ്തുത കോളേജുകളിലെ ലാബ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

12. വിദ്യാർത്ഥികളുടെയും ഫാക്കൽറ്റിമാരുടേയും വ്യക്തിഗത ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, റിഫ്രഷർ കോഴ്സുകൾ എന്നിവ നടത്തുന്നതിന് അക്കാദമിക്/ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി നടത്തിവരുന്നു.

13. കേരളത്തിലെ സർക്കാർ കോളേജുകളിലെ ലൈബ്രറികളുടെയും ലബോറട്ടറികളുടേയും സമഗ്ര വികസനത്തിനായി ഈ വകുപ്പിനു കീഴിൽ ലൈബ്രറി ലബോറട്ടറി വികസനം എന്ന പദ്ധതിയും നടത്തിവരുന്നു. പ്രസ്തുത പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം Development of Libraries, Laboratories and furniture in Govt. College 2202-03-103-76 ശീർഷകത്തിൽ 725 ലക്ഷംരൂപ വകയിരുത്തുകയും ആയത് കോളേജുകൾക്ക് അനുവദിക്കുകയും ചെയ്തു.

(ബി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് കോളേജുകളിലും സർവ്വകലാശാല ഡിപ്പാർട്ടുമെന്റുകളിലും ബിരുദ, ബിരുദാനന്തര തലത്തിൽ നോൺ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കായി 2009-മുതൽ നടപ്പിലാക്കിയതാണ് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി. ഈ പദ്ധതി പ്രകാരം ഓരോ അക്കാദമിക വർഷവും ബിരുദ പഠനത്തിന് 3000 സ്കോളർഷിപ്പുകളും ബിരുദാനന്തര ബിരുദ പഠനത്തിന് 1200 സ്കോളർഷിപ്പുകളും നൽകി വരുന്നു.

(സി) ആധുനിക ലോകത്തിൽ വിദ്യാർത്ഥികളിലുണ്ടാകുന്ന മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും അവർക്ക് ജീവിത പ്രശ്നങ്ങൾ നേരിടുന്നതിന് യഥാസമയം മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമായി ഉന്നത വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ജീവനി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിലവിൽ കേരളത്തിലെ 67 സർക്കാർ കോളേജുകളിൽ ജീവനി-വെൽബീയിംഗ് സെന്ററുകൾ

സ്ഥാപിക്കുകയും വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നൽകുന്നതിനായി മേൽപ്പറഞ്ഞ കോളേജുകളിൽ സൈക്കോളജി ബിരുദ/ബിരുദാനന്തര ഉദ്യോഗാർത്ഥികളെ ജീവനി അപ്രന്റീസുമാരായും താൽക്കാലികമായും നിയോഗിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ വിദ്യാർത്ഥികളുടെ മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുന്നുണ്ട്.

**ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം**

217(1487) ശ്രീ. എം. സ്വരാജ് :
ശ്രീ. വി. ജോയി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഉന്നതവിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണവും സാമൂഹ്യ വൽക്കരണവും ലക്ഷ്യമാക്കി 'പ്രബുദ്ധത' എന്ന പേരിൽ സോഷ്യോ-അക്കാദമിക് പ്രോഗ്രാം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഇതിനെ ആസ്പദമാക്കി എന്തെല്ലാം ഗവേഷണ പരിപാടികളാണ് വിവിധ സർവ്വകലാശാലകളിൽ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെചേർക്കുന്നു.

- സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും പ്രവേശന നടപടികൾ ഏകീകരിച്ചിട്ടുണ്ട്.

- യു.ജി.സി. നിർദ്ദേശപ്രകാരം ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജുവേറ്റ് ആർട്ടിബ്യൂട്ടുകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണം.

- ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേയുടെ ഭാഗമായി ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം നടത്തിവരുന്നു.

• ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 407.52 കോടിരൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

• 2019-20 സാമ്പത്തിക വർഷം കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ 60 കോടിരൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

• സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ലൈബ്രറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 7.25 കോടിരൂപ അനുവദിച്ചിട്ടുണ്ട്.

• പുതിയ കാലഘട്ടത്തിനനുസൃതമായി കോഴ്സുകളുടെ ആധുനികവൽക്കരണം നടപ്പിലാക്കിവരുന്നു.

• സാങ്കേതിക സർവ്വകലാശാല കരിക്കുലം കാലാനുസൃതമായി പരിഷ്കരിച്ചു കഴിഞ്ഞു.

• സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ അക്കാദമിക് അന്തരീക്ഷം മികവുറ്റതാക്കാൻ 1050 ലക്ഷംരൂപയ്ക്ക് സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്.

• നൈപുണ്യവികസനം, ഗവേഷണ സഹായം എന്നിവയ്ക്കായി 2019-20 സാമ്പത്തികവർഷം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് 135 ലക്ഷംരൂപ അനുവദിച്ചിട്ടുണ്ട്.

• കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ ലൈവ് സ്ട്രീമിംഗിനും ഓൺലൈൻ ക്ലാസ്സുകൾക്കുമായി മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ (ORICE-Online Resourse Initiatives of Collegiate Education) സ്ഥാപിച്ചിട്ടുണ്ട്.

• വിദ്യാർത്ഥികൾക്കുണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ യഥാസമയം നൽകുന്നതിനായി 2019-20 സാമ്പത്തിക വർഷം "Jeevani-College Mental Awareness Programme" എന്ന പദ്ധതി 67 ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ നടപ്പിലാക്കി.

• റൂസ ഒന്നാംഘട്ട പദ്ധതിപ്രകാരം 6 സർവ്വകലാശാലകളിൽ 20 കോടിരൂപ വീതവും രണ്ടാംഘട്ടത്തിന്റെ ഭാഗമായി രണ്ട് സർവ്വകലാശാലകൾക്ക് 50 കോടിരൂപ വീതവും അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുണ്ട്.

- സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകളിൽ AICTE അക്രെഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

- അന്തർദേശീയ, ദേശീയ ഇ-ജേർണലുകൾ ലഭ്യമാക്കിയും ഡിജിറ്റൽ/ഇ-ലൈബ്രറികൾ സ്ഥാപിച്ചും അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

- ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നിവയിൽ പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ലൈബ്രറി പുസ്തകങ്ങളും ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങളും മെഷീനറികളും ഫർണിച്ചറുകളും വാങ്ങിയിട്ടുണ്ട്.

- കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റീയൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൻ ഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിംഗ് ലാബ്, തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് ആന്റ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്റർ, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, എനർജി ആന്റ് എൻവയോൺമെന്റ് എന്നിവയും സ്ഥാപിച്ചിട്ടുണ്ട്.

- എഞ്ചിനീയറിംഗ് കോളേജുകളിൽ സ്വകാര്യ മേഖലയുടെ (BOSH, Mercedus Benz തുടങ്ങിയവരുടെ) പങ്കാളിത്തത്തോടെ ആധുനിക സാങ്കേതികവിദ്യയിൽ പരിശീലന പരിപാടികളും നടത്തിവരുന്നു.

- CET-SAT എന്ന ഉപഗ്രഹ വിക്ഷേപണത്തിന്റെ പ്രാഥമിക പ്രവൃത്തികൾ പുരോഗമിക്കുന്നു.

- എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രോഡക്ട് ഡിസൈൻ ഡെവലപ്മെന്റ് സെന്ററും ഹൈ പെർഫോമൻസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും സ്ഥാപിച്ചു.

- സർവ്വകലാശാലകൾ വിവിധ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

- നൂതന ബോധന രീതികൾ, MOOC കോഴ്സുകൾ എന്നിവ നടത്തിവരുന്നു.

(ബി) ഉണ്ട്.

(സി) പ്രബുദ്ധത പദ്ധതിയുടെ ഭാഗമായി കേരള സർവ്വകലാശാലയുടെ ജിയോളജി പഠന വിഭാഗം കരകുളം പഞ്ചായത്തിലെ ഭൂഗർഭ ജലവിഭവത്തെക്കുറിച്ചുള്ള പഠനം നടത്തിവരുന്നു.

**ഫൈൻ ആർട്സ് കോളേജുകൾ**

218(1488) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് ഫൈൻ ആർട്സ് കോളേജുകൾ പ്രവർത്തിക്കുന്നതെന്നും അവ ഏതൊക്കെയെന്നും ഏതൊക്കെ നിയോജകമണ്ഡലത്തിലാണ് അവ പ്രവർത്തിക്കുന്നതെന്നും അറിയിക്കാമോ;

(ബി) കലാഭിരുചിയും നൈപുണ്യവുമുള്ള ഒട്ടനവധി വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ ആസ്ഥാനമാക്കി സർക്കാർ ഫൈൻ ആർട്സ് കോളേജ് സ്ഥാപിക്കുന്നതിന് അഞ്ചേക്കർ ഭൂമി സൗജന്യമായി നൽകിയാൽ കോളേജ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ഫൈൻ ആർട്സ് കോളേജുകളിൽ പരമ്പരാഗത കോഴ്സുകൾക്ക് പുറമെ ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന പുത്തൻ തലമുറ കോഴ്സുകൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന മൂന്ന് ഫൈൻ ആർട്സ് കോളേജുകളുടെ വിവരങ്ങൾ ചുവടെചേർക്കുന്നു

1. ഫൈൻ ആർട്സ് കോളേജ്, തിരുവനന്തപുരം, തിരുവനന്തപുരം ജില്ല, തിരുവനന്തപുരം നിയോജകമണ്ഡലം.
2. രാജാരവിവർമ്മ ഫൈൻ ആർട്സ് കോളേജ്, മാവേലിക്കര, ആലപ്പുഴ ജില്ല, മാവേലിക്കര നിയോജകമണ്ഡലം.
3. ഫൈൻ ആർട്സ് കോളേജ്, തൃശ്ശൂർ, തൃശ്ശൂർ ജില്ല, തൃശ്ശൂർ നിയോജകമണ്ഡലം.

(ബി) ഇതുസംബന്ധിച്ച് പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഫൈൻ ആർട്സ് കോളേജുകളിൽ ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന അപ്ലൈഡ് ആർട്സ് (പ്രായോഗിക കല) എന്ന കോഴ്സ് നിലവിലുണ്ട്. പുത്തൻ തലമുറ കോഴ്സുകൾ ആവിഷ്കരിക്കുന്നതിന് പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിക്കുന്നാണ്.

## എയ്ഡഡ് കോളേജുകളിൽ പിന്നോക്കവിഭാഗത്തിലെ കുട്ടികൾക്ക് നൽകുന്ന ഫീസിളവ്

219(1489) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് കോളേജുകളിൽ കമ്മ്യൂണിറ്റി ക്വാട്ടയിലും മാനേജ്മെന്റ് ക്വാട്ടയിലും പ്രവേശനം നേടിയ വരുമാനം കുറഞ്ഞ പിന്നാക്കവിഭാഗത്തിലെ കുട്ടികൾക്ക് കെ.പി.സി.ആർ. പ്രകാരം ഫീസിളവ് നൽകിയിരുന്നോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ ഇത്തരത്തിൽ പ്രവേശനം നേടിയ കുട്ടികൾക്ക് ഫീസിളവ് നൽകേണ്ട എന്ന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പിന്നാക്കവിഭാഗത്തിൽപ്പെട്ട ഒരു ലക്ഷംരൂപയിൽ താഴെ വരുമാനമുള്ള കുട്ടികൾക്ക് നൽകിയിരുന്ന ഫീസിളവ് പിൻവലിക്കാനുണ്ടായ കാരണമെന്താണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത കുട്ടികൾക്ക് ലഭിച്ചിരുന്ന ഫീസിളവ് അടിയന്തരമായി പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) ഇല്ല. സ.(അച്ചടി)നം. 208/1966/Edn തീയതി 2-5-1966 പ്രകാരം സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ എയ്ഡഡ് കോഴ്സുകളിൽ മെരിറ്റിലും റിസർവേഷനിലും പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് മാത്രമാണ് കെ.പി.സി.ആർ. വിദ്യാഭ്യാസാനുകൂല്യം നൽകിവരുന്നത്. എയ്ഡഡ്

കോളേജുകളിൽ കമ്മ്യൂണിറ്റി ക്വാട്ടയിലും മാനേജ്മെന്റ് ക്വാട്ടയിലും പ്രവേശനം നേടിയ വരുമാനം കുറഞ്ഞ പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് കെ.പി.സി.ആർ. പ്രകാരം ഫീസിളവ് അനുവദിച്ച് വരുന്നില്ല.

(ബി) മാനേജ്മെന്റ്/കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം നേടിയ എസ്.ഇ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം സംബന്ധിച്ച് നിലവിലുള്ള സ്ഥിതി തുടർന്നുവരുന്നു.

(സി&ഡി) പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഒരു ലക്ഷംരൂപയിൽ താഴെ വരുമാനമുള്ള സർക്കാർ/സർക്കാർ അംഗീകൃത എയ്ഡഡ് സ്ഥാപനങ്ങളിലെ എയ്ഡഡ് കോഴ്സുകളിൽ മെരിറ്റിലും റിസർവേഷനിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കെ.പി.സി.ആർ. ആനുകൂല്യം നൽകിവരുന്നുണ്ട്, ആയത് പിൻവലിച്ചിട്ടില്ല.

## ഇന്റേണൽ അസസ്മെന്റിന് മിനിമം മാർക്ക്

220(1490) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികൾ പരീക്ഷയ്ക്ക് മികച്ച മാർക്കുവാങ്ങിയാലും ഇന്റേണലിന് മിനിമം മാർക്കിൽ ഒരു മാർക്ക് കുറഞ്ഞാൽ തോല്ക്കുന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) അദ്ധ്യാപകർ പല കാരണങ്ങളാൽ ഇന്റേണലിന് മാർക്കു നല്കാതെ വിദ്യർത്ഥികളെ തോല്പിക്കുന്ന പ്രവണത ഒഴിവാക്കാനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) എഞ്ചിനീയറിംഗ്, നിയമം, മെഡിക്കൽ വിദ്യാഭ്യാസരംഗം ഉൾപ്പെടെയുള്ള മേഖലകളിൽ നടമാടുന്ന ഈ ദുഷ്പ്രവണത ഒഴിവാക്കാൻ ഇന്റേണൽ അസസ്സ്മെന്റിന് മിനിമം മാർക്ക് വേണമെന്ന നിബന്ധന ഒഴിവാക്കാനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിദ്യാർത്ഥികൾക്ക് ഇന്റേണൽ മാർക്ക് കുറയുന്നതുമൂലം പരീക്ഷകളിൽ പരാജയപ്പെടുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന പരാതികൾ പരിഹരിക്കുവാൻ

സർവ്വകലാശാലയിൽ ബോർഡ് ഓഫ് അഡ്ജ്യൂഡിക്കേഷൻ ഓഫ് സ്റ്റുഡന്റ്സ് ഗ്രീവൻസസ് (BASG) എന്ന സമിതി നിലവിലുണ്ട്. കൂടാതെ സർവ്വകലാശാല വൈസ് ചാൻസലറുടെ ഓഫീസിന്റെ മേൽനോട്ടത്തിൽ ഒരു സ്റ്റുഡന്റ്സ് ഗ്രീവൻസസ് പോർട്ടലും പ്രവർത്തിക്കുന്നുണ്ട്. ഇതിന് ഒരു മുഴുവൻ സമയ നോഡൽ ഓഫീസറെയും നിയോഗിച്ചിട്ടുണ്ട്. ലഭിക്കുന്ന പരാതികൾ ടി സമിതികളിൽ സമർപ്പിച്ച് ഇന്റേണൽ അസസ്സ്മെന്റിനെ സംബന്ധിച്ച തീർപ്പ് കൽപ്പിക്കുന്നു.

(ബി) ഇത്തരം പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി കോളേജ് തലത്തിൽ പരാതി പരിഹാര സമിതികളും സർവ്വകലാശാല തലത്തിൽ അപ്പലേറ്റ് ഫോറവും പ്രവർത്തിക്കുന്നുണ്ട്. പരാതി പരിഹാര സെൽ മുഖാന്തരം വിദ്യാർത്ഥികളുടെ ജനാധിപത്യപരമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ പരമാവധി ശ്രമിക്കുന്നുണ്ട്.

(സി) എഞ്ചിനീയറിംഗ്, നിയമം മുതലായ കോഴ്സുകൾക്ക് കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കുസാറ്റ് എന്നീ സർവ്വകലാശാലകളിൽ ഇന്റേണലിന് മിനിമം മാർക്ക് നിബന്ധനയില്ല. എ.പി.ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ബി.ടെക്കിന്റെ പുതുക്കിയ റെഗുലേഷൻ പ്രകാരം ഇന്റേണൽ അസസ്സ്മെന്റിന് മിനിമം മാർക്ക് നിബന്ധന ഒഴിവാക്കിയിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയിൽ ബിരുദ കോഴ്സുകളുടെ പുതുക്കിയ റെഗുലേഷൻ പ്രകാരം ഇന്റേണൽ അസസ്മെന്റിന് മിനിമം മാർക്ക് വേണമെന്ന നിബന്ധനയില്ല.

## ജേണലുകൾ ആരംഭിക്കാനുള്ള നടപടി

221(1491) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എല്ലാ വിഷയങ്ങളിലും റഫറൻസ് ജേണലുകൾ പ്രസിദ്ധീകരിക്കുവാൻ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

റഫറൻസ് ജേണലുകൾ സർക്കാർ പ്രസിദ്ധീകരിച്ചിട്ടില്ല.

## കോളേജുകളിലെ അധ്യയന സമയം

222(1492) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിലെ അദ്ധ്യയന സമയം രാവിലെ 8 മണി മുതൽ 1 മണി വരെ ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളുമായി ചർച്ച നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്ന് അറിയിക്കുമോ;

(സി) അദ്ധ്യയന സമയത്തിൽ മാറ്റം വരുത്തുമ്പോൾ പൊതുഗതാഗത സൗകര്യങ്ങളുടെ സമയക്രമത്തിൽ അതനുസരിച്ച് മാറ്റം വരുത്തുവാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) അദ്ധ്യയന സമയം മാറ്റുന്നത് സംബന്ധിച്ച് സർക്കാർതലത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

## കോളേജുകളുടെ ഗ്രേഡ് നിർണ്ണയം

223(1493) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള എയ്ഡഡ് കോളേജ് മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ (കെ.എ.സി.എം.എസ്.എ.) 29-2-2016-ലെ ജി.ഒ.(എം.എസ്.) നമ്പർ 60/2016/ എച്.ഇ.ഡി.എൻ. ഉത്തരവിലെ അനോമലി പരിശോധിക്കണമെന്ന് കാണിച്ച് നൽകിയ നിവേദനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലെ ജോലിഭാരം പരിശോധിച്ചിട്ടാണോ 1-9-2019-ലെ 308/2019 നമ്പർ എന്ന ഉത്തരവ് ഇറക്കിയത്; ജോലിഭാരം പരിശോധിച്ച ഏജൻസി ആരാണ്; വ്യക്തമാക്കുമോ;

(സി) അഞ്ച് കോഴ്സുകൾ ഉള്ള കോളേജുകളും ട്രെയിനിംഗ് കോളേജുകളും 'ഡി' ഗ്രേഡിലായിരുന്നു എന്നത് മാറ്റി യാതൊരു പഠനവും നടത്താതെ 1-9-2019-ലെ ഉത്തരവിൽ 'ഇ' ഗ്രേഡാക്കി മാറ്റിയത് എന്തിനാണെന്ന് വ്യക്തമാക്കുമോ;

(ഡി) 'ഡി' ഗ്രേഡ് കോളേജുകൾക്ക് 2016-ലെ ഉത്തരവിൽ ഉണ്ടായിരുന്ന രണ്ട് ലൈബ്രറി അസിസ്റ്റന്റ് തസ്തിക 2019-ലെ ഉത്തരവിൽ ഒരു തസ്തികയാക്കിയത് പരിശോധിക്കുമോ;

(ഇ) സെമസ്റ്റർ സമ്പ്രദായം വന്നതോടെ കോളേജുകളുടെ ജോലി ഭാരം കൂടിയകാര്യം പരിശോധിക്കുമോ; ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(എഫ്) കോളേജുകളുടെ ഗ്രേഡിൽ മാറ്റം വരുത്തിയെങ്കിലും ജോലിഭാരം കുറവ് വരാത്ത സാഹചര്യത്തിൽ ജീവനക്കാർക്ക് അർഹതപ്പെട്ട ഹെഡ് അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട് എന്നീ തസ്തികകൾ ഇല്ലാതായ കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ;

(ജി) ഉന്നതവിദ്യാഭ്യാസ വകുപ്പിലെ ഇത് സംബന്ധിച്ച് ഇറക്കിയ ഉത്തരവായ 308/2019-ന്റെ നോട്ട് ഫയൽ കോപ്പി ലഭ്യമാക്കുമോ; ഏതെങ്കിലും സർക്കാർ ഏജൻസി വഴി പഠനം നടത്തി മാത്രം കോളേജുകളുടെ ഗ്രേഡ് നിർണ്ണയം പൂർത്തിയാക്കുമോ;വിശദമാക്കുമോ?

ഉത്തരം

(എ) കേരള എയ്ഡഡ് കോളേജ് മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ (കെ.എ.സി.എം.എസ്.എ) സമർപ്പിച്ച നിവേദനം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി&സി) ജി.ഒ.(എം.എസ്)നം.60/2016/ഉവിവ. ഉത്തരവിന് വിധേയമായി സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുമ്പോൾ ഉണ്ടായ അനോമലികൾ പരിഹരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ സെക്രട്ടറി അദ്ധ്യക്ഷയായും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, സംഘടനാ പ്രതിനിധി ശ്രീ. എൻ. സത്യാനന്ദൻ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ടി കമ്മിറ്റിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 1-9-2019-ലെ ജി.ഒ. (എം.എസ്) നമ്പർ 308/2019/ഉവിവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി-എഫ്) ഇപ്പോൾ പരിഗണനയിലില്ല.

(ജി) 1-9-2019-ലെ ജി.ഒ. (എം.എസ്) നം. 308/2019/ഉവിവ നമ്പർ ഉത്തരവിനാധാരമായ നോട്ട് ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* എയ്ഡഡ് കോളേജിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിഷയത്തിൽ പുതിയ പഠനം സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും പരിഗണനയിലില്ല.

## വിദ്യാർത്ഥി നേതാക്കൾക്കായി സംഘടിപ്പിച്ച വിദേശ പരിശീലന പരിപാടി

224(1494) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിലെയും കോളേജുകളിലെയും വിദ്യാർത്ഥി നേതാക്കൾക്കായി വിദേശ പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് രാജ്യത്താണ് സംഘടിപ്പിച്ചതെന്നും എത്ര വിദ്യാർത്ഥികളെയാണ് പരിശീലനത്തിനയച്ചതെന്നും അതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഇതിനായുള്ള ഫണ്ട് എപ്രകാരമാണ് കണ്ടെത്തിയതെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) യു.കെ.യിലെ കാർഡിഫ് സർവ്വകലാശാലയിലാണ് പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്. രണ്ട് ഘട്ടങ്ങളിലായി നടക്കുന്ന പരിശീലന പരിപാടിയിൽ ആകെ 59 വിദ്യാർത്ഥികളാണ് പങ്കെടുക്കുന്നത്. പരിശീലനം പൂർത്തീകരിച്ചതിനുശേഷമേ ചെലവാകുന്ന തുക സംബന്ധിച്ച് വ്യക്തത വരികയുള്ളൂ.

(സി) പ്രസ്തുത പരിശീലന പരിപാടിക്കായുള്ള ചെലവുകൾ പ്ലാൻ ഫണ്ടിൽനിന്ന് വഹിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പഠനത്തോടൊപ്പം ജോലി ചെയ്യത്തക്ക രീതിയിലുള്ള അദ്ധ്യയന സമയം

225(1495) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിലേതുപോലെ സംസ്ഥാനത്ത് വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് പഠനത്തോടൊപ്പം ജോലി ചെയ്ത് പഠനാവശ്യങ്ങൾക്കായും മറ്റും പണം കണ്ടെത്തുന്നതിനായി അവസരം നൽകുവാനുള്ള ഈ സർക്കാരിന്റെ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി കോളേജ് അദ്ധ്യയനം എട്ടു മണി മുതൽ ഒരുമണി വരെയാക്കാനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ;

(സി) വിദേശ സർവ്വകലാശാലകളിൽ രാവിലേയും രാത്രിയിലും പഠന സൗകര്യമുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവ സംബന്ധിച്ച് ഒരു പഠനം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ എന്തു തുടർനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പഠനത്തോടൊപ്പം തൊഴിൽ എന്നത് സർക്കാരിന്റെ ഒരു നയമായി പ്രഖ്യാപിച്ച് തൊഴിലും നൈപുണ്യവും വകുപ്പിൽനിന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അന്തിമ തീരുമാനമായിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ നയപരമായ തീരുമാനം ആവശ്യമാണ്.

## വിദ്യാർത്ഥികളുടെ മാനസിക പിരിമുറുക്കം

226(1496) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനും പഠന വൈകല്യത്തിന്റെ പ്രധാന കാരണങ്ങൾ കണ്ടെത്തുന്നതിനും ലഹരി വസ്തുക്കളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനും വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

വിദ്യാർത്ഥികളിലുണ്ടാവുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും അവർക്ക് ജീവിത പ്രശ്നങ്ങൾ നേരിടുന്നതിന് യഥാസമയം മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമായി ഉന്നത വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ജീവനി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 67 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ ജീവനി വെൽ ബീയിംഗ് സെന്ററുകൾ ആരംഭിക്കുകയും വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ യഥാസമയം കണ്ടെത്തി കൗൺസിലിംഗ് നൽകുന്നതിനായി സൈക്കോളജി ബിരുദ/ബിരുദാനന്തര ഉദ്യോഗാർത്ഥികളെ ജീവനി അപ്രന്റീസുമാരായി താൽക്കാലികമായി നിയോഗിക്കുകയും ചെയ്തിട്ടുമുണ്ട്. ഇതിലൂടെ വിദ്യാർത്ഥികളുടെ മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്.

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് അധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തി സമയബന്ധിതമായി ക്ലാസുകൾ നൽകുന്നതിനും അവരെ സർവ്വകലാശാല പരീക്ഷയ്ക്ക് തയ്യാറാക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് സ്റ്റുഡന്റ് സപ്പോർട്ട് പ്രോഗ്രാം. പ്രസ്തുത പദ്ധതി നിലവിൽ കേരളത്തിലെ 63 സർക്കാർ കോളേജുകളിലും 151 എയ്ഡഡ് കോളേജുകളിലും നടത്തിവരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലെ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനായും പഠന വൈകല്യമുള്ളവർക്ക് ആയതിന് പരിഹാരമുണ്ടാക്കുന്നതിനും ആവശ്യമായ കൗൺസിലിംഗ് നൽകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. വകുപ്പിനുകീഴിലെ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും മറ്റ് ഡോക്ടർമാരുടെയും സേവനം ഇതിനായി ലഭ്യമാക്കിയിട്ടുണ്ട്.

വിദ്യാർത്ഥികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം നിരുത്സാഹ പ്പെടുത്തുന്നതിന് കോളേജുകളിൽ ലഹരിവിരുദ്ധ ക്യാമ്പുകളും സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും എക്സൈസ് വകുപ്പുമായി ചേർന്ന് നടത്തുന്നുണ്ട്.

എല്ലാ എഞ്ചിനീയറിംഗ്/പോളിടെക്നിക് കോളേജുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകൾ മുഖേന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തിവരികയും കോളേജുകളിൽ NSS (നാഷണൽ സർവ്വീസ് സ്കീം), എൻ.സി.സി. തുടങ്ങിയവയുടെ സഹകരണത്തോടെ കേരള സംസ്ഥാന ലഹരി വർജ്ജന മിഷന്റെ ആഭിമുഖ്യത്തിൽ 'വിമുക്തി' പദ്ധതിയും നടപ്പിലാക്കിവരുന്നു. കൂടാതെ വിദ്യാർത്ഥികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും HRD സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്.

യുവാക്കളിൽ ലഹരിവിരുദ്ധ സന്ദേശം എത്തിക്കുന്നതിനായി മഹാത്മാഗാന്ധി സർവ്വകലാശാലയുടെ നേതൃത്വത്തിൽ 'ദി ട്രിപ്പ്' എന്ന പേരിൽ ഒരു ഫീച്ചർ ഫിലം നിർമ്മിച്ച് പ്രദർശനം നടത്തിവരുന്നു.

കേരള സർവ്വകലാശാലയിൽ എല്ലാ പഠന വകുപ്പുകളിലും സർവ്വകലാശാല ഹെൽത്ത് സെന്ററിന്റെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ ക്ലാസ്സുകൾ നടത്തുന്നു. വിദ്യാർത്ഥികളുടെ മാനസിക പിരിമുറുക്കം ലഘൂകരിക്കുന്നതിന് ക്ലിനിക്കൽ സൈക്കോളജിസ്റ്റിനെ ഉപയോഗിച്ച് പഠന വകുപ്പുകളിലും ഹോസ്റ്റലുകളിലും ക്ലാസ്സുകൾ നടത്തുന്നുണ്ട്. എൻ.എസ്.എസ്. എക്സൈസ് വകുപ്പുമായി ചേർന്ന് ലഹരിവിമുക്ത ക്യാമ്പയിന്റെ ഭാഗമായി സ്കിറ്റ്, സ്ക്രീൻ പ്ലേ മത്സരം, ലഘുചലച്ചിത്ര മത്സരം എന്നിവ നടത്തുകയും ചെയ്യുന്നു.

മറ്റ് സർവ്വകലാശാല കാമ്പസ്സുകളിലും സമാനമായ പരിപാടികൾ നടത്തപ്പെടുന്നുണ്ട്.

## നിയമ വിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരണം

227(1497) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിയമ പഠനത്തിന്റെ പുരോഗതിക്കായി നിയമസർവ്വകലാശാല രൂപീകരിക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നിയമ പഠനത്തിന് വേണ്ടി നിയമവിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഈ വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

## പുതുതായി ആരംഭിച്ച സർക്കാർ കോളേജുകളും തസ്തികകളും

228(1498) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് പുതിയ സർക്കാർ കോളേജുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പുതിയ കോളേജുകൾ ആരംഭിക്കുന്നതിനായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

1. സർക്കാർ കോളേജ്, വൈപ്പിൻ
2. സർക്കാർ ആർട്സ് & സയൻസ് കോളേജ്, കിനാലൂർ, കരിന്തളം, കാസർഗോഡ്.
3. സർക്കാർ ആർട്സ് & സയൻസ് കോളേജ്, തോലന്നൂർ, തരൂർ, പാലക്കാട്.
4. സർക്കാർ ആർട്സ് & സയൻസ് കോളേജ്, ശാന്തൻപാറ, പൂപ്പാറ, ഇടുക്കി

(ബി) 1. <u>സർക്കാർ ആർട്സ് & സയൻസ് കോളേജ്, കിനാലൂർ, കരിന്തളം, കാസർഗോഡ്</u>

1. പ്രിൻസിപ്പാൾ - 1
2. അസിസ്റ്റന്റ് പ്രൊഫസർ - 3
3. ജൂനിയർ സൂപ്രണ്ട് - 1
4. ക്ലാർക്ക് - 1
5. അറ്റൻഡർ - 1
6. നൈറ്റ് വാച്ച്മാൻ - 1 (കരാർ അടിസ്ഥാനത്തിൽ)
7. കാഷ്വൽ സ്വീപ്പർ - 1
8. സാനിട്ടേഷൻ വർക്കർ - 1

2. <u>സർക്കാർ ആർട്സ് & സയൻസ് കോളേജ്, തോലന്നൂർ, തരൂർ, പാലക്കാട്</u>

1. പ്രിൻസിപ്പാൾ - 1
2. അസിസ്റ്റന്റ് പ്രൊഫസർ - 3
3. ജൂനിയർ സൂപ്രണ്ട് - 1
4. ക്ലാർക്ക് - 1
5. അറ്റൻഡർ - 1

6. നൈറ്റ് വാച്ച്മാൻ - 1
7. കാഷ്വൽ സ്വീപ്പർ - 1
8. കാഷ്വൽ സാനിട്ടേഷൻ വർക്കർ - 1

3. സർക്കാർ ആർട്സ് & സയൻസ് കോളേജ്, ശാന്തൻപാറ, പൂപ്പാറ, ഇടുക്കി

1. പ്രിൻസിപ്പാൾ - 1
2. അസിസ്റ്റന്റ് പ്രൊഫസർ - 3
3. സീനിയർ സൂപ്രണ്ട് - 1
4. ഹെഡ് അക്കൗണ്ടന്റ് - 1
5. ക്ലാർക്ക് - 1

4. സർക്കാർ കോളേജ്, വൈപ്പിൻ

1. അസിസ്റ്റന്റ് പ്രൊഫസർ - 4
2. സീനിയർ സൂപ്രണ്ട് - 1
3. ഹെഡ് അക്കൗണ്ടന്റ് - 1
4. ക്ലാർക്ക് - 2
5. ലൈബ്രേറിയൻ ഗ്രേഡ് IV - 1

## മലയാളം ലക്ചറർ നിയമനം

229(1499) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നടപ്പ് അക്കാദമിക വർഷം മലയാളം ലക്ചറർ തസ്തികയിൽ എത്ര ഒഴിവുകളുണ്ട്; ഇതിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) മലയാളം ലക്ചറർ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും ഈ തസ്തികയിലേയ്ക്ക് പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുവാൻ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നടപ്പ് അക്കാദമിക വർഷം മലയാളം ലക്ചറർ തസ്തികയിൽ നിലവിൽ ഒരു ഒഴിവാണുള്ളത്. ടി ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനായി വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 26 മലയാളം അധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ 38 പേർക്ക് (1 എൻ.ജെ.ഡി. ഉൾപ്പെടെ) നിയമനം നൽകിയിട്ടുണ്ട്. വിവിധ സർക്കാർ കോളേജുകളിൽ മലയാളം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

## എയ്ഡഡ് കോളേജുകളിലെ ആശ്രിത നിയമനം

230(1500) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ ആശ്രിത നിയമനം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇതു സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകൾ പ്രവർത്തിക്കുന്നത് സർക്കാരും മാനേജ്മെന്റുകളും തമ്മിൽ നിലവിലുള്ള ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാകയാൽ ആശ്രിത നിയമനം സംബന്ധിച്ച കാര്യത്തിൽ കേരള പ്രൈവറ്റ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ പ്രതിഷേധം രേഖപ്പെടുത്തിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ അവരുമായി ചർച്ച നടത്തി ആശ്രിതനിയമനം സംബന്ധിച്ച് ഉണ്ടായിട്ടുള്ള തർക്കം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ എയ്ഡഡ് കോളേജുകളിലും എയ്ഡഡ് പോളിടെക്നിക് കോളേജുകളിലും എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലും

സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്കായി ആശ്രിത നിയമനം നൽകുന്നതിനായുള്ള മാർഗ്ഗരേഖ സ.ഉ.(പി) നമ്പർ 10/2020/ഉ.വി.വ. തീയതി 17-2-2020 പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(സി & ഡി) എയ്ഡഡ് കോളേജുകളിൽ ആശ്രിത നിയമന പദ്ധതി നടപ്പാക്കുന്നതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെയും ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെയും സമർപ്പിച്ചിരുന്ന കേസ്സുകൾ തീർപ്പാക്കിയിട്ടുള്ളതിന്റെ വെളിച്ചത്തിലാണ് മാർഗ്ഗരേഖ അംഗീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. എന്നാൽ മാർഗ്ഗരേഖ പുറപ്പെടുവിച്ചശേഷം ഈ വിഷയത്തിൽ മാനേജ്മെന്റുകളുടെ ഒരു പ്രതിഷേധവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സിംഗിൾ ഫാക്കൽറ്റി സെക്കന്റ് ലാംഗ്വേജ് തസ്തികകൾ

231(1501) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളിൽ ആഴ്ചയിൽ മിനിമം പതിനാറ് മണിക്കൂർ ജോലിഭാരമാണ് ലക്ചറർ തസ്തികയിൽ നിയമനത്തിന് മാനദണ്ഡമെങ്കിലും പുതിയതായി ആരംഭിച്ച മിക്ക കോളേജുകളിലും കോഴ്സുകളുടെ എണ്ണം കുറവായതിനാൽ സിംഗിൾ ഫാക്കൽറ്റി സെക്കന്റ് ലാംഗ്വേജ് തസ്തികകൾ സൃഷ്ടിക്കുന്നതിന് ആഴ്ചയിൽ പതിനാറ് മണിക്കൂർ ജോലി എന്ന നിബന്ധനയിൽ ഇളവു നൽകുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) അദ്ധ്യാപക പ്രതിസന്ധി കാരണം ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ച് വർഷങ്ങളായി വിദ്യാർത്ഥികളെ പഠിപ്പിക്കേണ്ടി വരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലെ കോളേജുകളിൽ നിലവിൽ അദ്ധ്യാപക പ്രതിസന്ധി ഇല്ല. സ്ഥിരാധ്യാപക തസ്തികകളിൽ പി.എസ്.സി. മുഖാന്തരം മാത്രമേ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ സാധിക്കുകയുള്ളൂ. സ്ഥിരാധ്യാപകരുടെ അഭാവത്തിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ച് കോളേജിലെ പ്രവർത്തനങ്ങൾ സുഗമമായി നടത്തിവരുന്നു.

## ഗവൺമെന്റ് കോളേജുകളിലെ ബൈട്രാൻസ്ഫർ നിയമനം

232(1502) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് കോളേജുകളിൽ ഒഴിവുള്ള തസ്തികകളിലേയ്ക്ക് ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരിൽനിന്ന് ബൈട്രാൻസ്ഫർ നിയമനത്തിന് വ്യവസ്ഥയുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവസാനമായി ഏത് വിഷയത്തിൽ ആരെയാണ് ഇത്തരത്തിൽ നിയമിച്ചതെന്ന് അറിയിക്കാമോ;

(സി) വ്യവസ്ഥയുണ്ടായിട്ടും, ഒഴിവുകൾ ഉണ്ടായിട്ടും ഇത്തരം തസ്തികകളിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനം നടന്നിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) ഗവൺമെന്റ് ട്രെയിനിംഗ് കോളേജുകളിലേക്ക് ബൈട്രാൻസ്ഫർ നിയമനത്തിന് അർഹത നേടിയ ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകരുടെ പട്ടിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകാമോ?

### ഉത്തരം

(എ) ഉണ്ട്. ഗവൺമെന്റ് ട്രെയിനിംഗ് കോളേജുകളിലെ വിവിധ അദ്ധ്യാപക തസ്തികകളിൽ ബൈട്രാൻസ്ഫർ നിയമനത്തിന് വ്യവസ്ഥയുണ്ട്.

(ബി & സി) ഗവൺമെന്റ് ട്രെയിനിംഗ് കോളേജുകളിൽ എഡ്യൂക്കേഷണൽ സൈക്കോളജി വിഭാഗത്തിൽ ശ്രീമതി ആശാ കൃഷ്ണനെയാണ് നിയമിച്ചത്.

(ഡി) ഗവൺമെന്റ് ട്രെയിനിംഗ് കോളേജുകളിലെ ലക്ചറർ ഇൻ നാച്വറൽ സയൻസ്, ലക്ചറർ ഇൻ ഫിസിക്കൽ സയൻസ്, ലക്ചറർ ഇൻ എഡ്യൂക്കേഷണൽ സൈക്കോളജി എന്നീ തസ്തികകളുടെ റാങ്ക് പട്ടിക യഥാക്രമം 31-01-2018, 16-08-2018, 24-10-2018 മുതൽ പ്രാബല്യത്തിലുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സൈക്കോളജി ലക്ചററുടെ ശമ്പളം നൽകുവാൻ നടപടി

233(1503) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ D1/177/2017/HEdn. നമ്പർ ഫയൽ നടപടികളുടെ അടിസ്ഥാനത്തിൽ മന്നാനിയ ആർട്ട്സ് ആന്റ് സയൻസ് കോളേജിൽ രണ്ടര വർഷത്തോളം സൈക്കോളജി ലക്ചറർ ആയി ജോലി ചെയ്തിരുന്ന അദ്ധ്യാപികയുടെ ശമ്പളം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് ഉന്നതവിദ്യാഭ്യാസ ഡയറക്ടറുടേയും ധനകാര്യ വകുപ്പിന്റേയും നിയമ വകുപ്പിന്റേയും അഭിപ്രായം ആരാഞ്ഞതിന് ശേഷവും തീരുമാനം എടുക്കുന്നതിൽ കാലതാമസം ഉണ്ടാകുവാൻ കാരണമെന്ത്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) മന്നാനിയ ആർട്സ് ആന്റ് സയൻസ് കോളേജിൽ സൈക്കോളജി ലക്ചറർ ആയി ജോലി ചെയ്തിരുന്ന അദ്ധ്യാപികയുടെ ശമ്പളം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## അസിസ്റ്റന്റ് പ്രൊഫസർമാരുടെ ഒഴിവുകൾ

234(1504) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര അസിസ്റ്റന്റ് പ്രൊഫസർമാരുടെ ഒഴിവുകളുണ്ട് എന്നതിന്റെ വിഷയം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ നിലവിലുള്ള അസിസ്റ്റന്റ് പ്രൊഫസർമാരുടെ ഒഴിവുകൾ വിഷയം തിരിച്ച് അനുബന്ധമായി ഉൾപ്പെടുത്തുന്നു. *

(ബി) എല്ലാ ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോളേജുകളിൽ സൃഷ്ടിച്ച അദ്ധ്യാപക തസ്തികകൾ

235(1505) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ, എയ്ഡഡ് കോളേജുകളിൽ എത്ര അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) കോളേജുകളിൽ പുതുതായി തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) കോളേജുകളിൽ നൂതനമായ കോഴ്സുകൾ തുടങ്ങുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ കോളേജുകളിൽ 225 അദ്ധ്യാപക തസ്തികകളും എയ്ഡഡ് കോളേജുകളിൽ 30 അദ്ധ്യാപക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(ബി) 2018-ൽ കോളേജ് വിദ്യാഭ്യാസ മേഖല ഡെപ്യൂട്ടി ഡയറക്ടർമാരും അതാത് യൂണിവേഴ്സിറ്റികളും ചേർന്ന് നടത്തിയ വർക്ക് ലോഡ് അദാലത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ എയ്ഡഡ് കോളേജുകളിലും അർഹതപ്പെട്ട അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ടുള്ള കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

സർക്കാർ കോളേജുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ശാന്തൻപാറ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, തൃശ്ശൂർ എസ്.ആർ.വി., ഗവൺമെന്റ് മ്യൂസിക് കോളേജ് എന്നിവിടങ്ങളിൽ പുതുതായി അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് കോളേജുകളിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കോളേജുകളിൽ നൂതനമായ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കാൻ കോളേജ് വിദ്യാഭ്യാസ വകുപ്പിൽനിന്നും പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസലുകൾ ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## 2016-ലെ യു.ജി.സി. മാനദണ്ഡപ്രകാരമുള്ള പുതുക്കിയ ശമ്പളം

236(1506) <u>ശ്രീ. എം. ഉമ്മർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകരുടെ 2016-ലെ യു.ജി.സി. മാനദണ്ഡപ്രകാരമുള്ള പുതുക്കിയ ശമ്പളം എന്ന് മുതൽ നൽകാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പുതുക്കിയ ശമ്പളം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ C3/272/2019 നമ്പർ ഫയലിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) 2019 ഏപ്രിൽ മുതൽ പുതുക്കിയ ശമ്പളം നൽകുന്നതിന് ധനവകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ;

(ഇ) പുതുക്കിയ ശമ്പളം നൽകുന്നതുമായി ബന്ധപ്പെട്ട് ഉന്നതവിദ്യാഭ്യാസ വകുപ്പ് 2017-നു ശേഷം പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-ലെ യു.ജി.സി. മാനദണ്ഡപ്രകാരമുള്ള പുതുക്കിയ ശമ്പളം 1-6-2019 മുതൽ നൽകുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് മേഖലകളിലെ അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണം സ്പാർക്ക് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ശമ്പള പരിഷ്കരണത്തിന്റെ തുടർ നടപടികൾ അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയത്തിൽ നടന്നുവരുന്നു.

(സി) ഉന്നത വിദ്യാഭ്യാസ (സി) വകുപ്പിന്റെ C3/272/2019-HEDN നമ്പർ ഫയലിൽ സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു.

സർക്കാർ പുറപ്പെടുവിച്ച ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1-7-2019 മുതൽ യു.ജി.സി. സ്കീമിലെ പുതുക്കിയ ശമ്പളം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവെന്നും എന്നാൽ 01-04-2019 മുതൽ 30-6-2019 വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്ന കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്നുമാവശ്യപ്പെട്ടുകൊണ്ട് കേരള സർവ്വകലാശാല 28-10-2019-ൽ സർക്കാരിലേയ്ക്ക് കത്ത് നൽകിയിരുന്നു. അതിന്റെ

അടിസ്ഥാനത്തിൽ 1-6-2019-നുമുമ്പുള്ള ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക നൽകുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടില്ലാത്തതിനാൽ 1-6-2019 മുതൽ പുതുക്കിയ ശമ്പളം നൽകിയാൽ മതിയെന്ന് സർക്കാർ, കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേയും കേരള സർവ്വകലാശാല, എം.ജി. സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃതം സർവ്വകലാശാല, മലയാളം സർവ്വകലാശാല, കേരള കാർഷിക സർവ്വകലാശാല, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി എന്നിവയുടെ രജിസ്ട്രാർമാരെയും നാല് സർക്കാർ നിയമ കോളേജുകളിലെ പ്രിൻസിപ്പൽമാരെയും അറിയിച്ചിരുന്നു. കൂടാതെ യു.ജി.സി. റെഗുലേഷൻസിന് അനുസൃതമായി ഭേദഗതി വരുത്തിയ സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾ ലഭ്യമായില്ലെങ്കിൽ കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭ്യമാകുന്നതിന് തടസ്സമാകുമെന്നും അത് ശമ്പള കുടിശ്ശിക വിതരണത്തെ ബാധിക്കുമെന്നും അറിയിച്ചിരുന്നു.

പ്രസ്തുത കത്തിന് തിരുവനന്തപുരം സർക്കാർ ലോ കോളേജ് പ്രിൻസിപ്പൽ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല രജിസ്ട്രാർ, കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃതം സർവ്വകലാശാല രജിസ്ട്രാർ എന്നിവർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചുവരുന്നു.

(ഡി) ഇല്ല. ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണം 1-1-2016 പ്രാബല്യത്തിൽ നടപ്പിലാക്കുവാനും 2019 ജൂൺ മുതൽ പുതുക്കിയ ശമ്പളം നൽകുന്നതിനുമാണ് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുള്ളത്.

(ഇ) പുതുക്കിയ ശമ്പളം നൽകുന്നതുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ ചുവടെ സൂചിപ്പിക്കുന്നവയാണ്.

1. 29-6-2019 ലെ G.O(P) No. 18/2019/HEDN

2. 30-9-2019 ലെ G.O(P) No. 29/2019/HEDN

3. 25-1-2020 ലെ G.O(Ms) No. 54/2020/HEDN

പ്രസ്തുത ഉത്തരവുകൾ കൂടാതെ 2018-ലെ യു.ജി.സി. റെഗുലേഷൻസിലെ വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് 29-09-2019 ലെ G.O(P) No. 28/2019/ HEDN നമ്പർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിലെ നിർമ്മാണ പ്രവൃത്തികൾ

237(1507) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മങ്കട ഗവൺമെന്റ് ആർട്സ്& സയൻസ് കോളേജിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) അനുവദിച്ച എം.എൽ.എ. ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ;

(സി) കരാർ ഉടമ്പടി പ്രകാരം മുഴുവൻ നിർമ്മാണ പ്രവൃത്തികളും കിഡ്കോ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) എം.എൽ.എ. ഫണ്ടിന് പുറമേ കോളേജിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് അധിക ഫണ്ട് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തുക ഏതൊക്കെ ഇനത്തിൽ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

### ഉത്തരം

(എ) പുതിയ കോളേജ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) കോളേജ് നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ടിൽനിന്ന് 4,48,96,764 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ അഞ്ച് പാർട്ട് ബില്ലുകളിലായി 3,76,89,435 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

(സി) കോളേജ് നിർമ്മാണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ കരാർ ഉടമ്പടി പ്രകാരമുള്ള മുഴുവൻ നിർമ്മാണ പ്രവൃത്തികളും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്ന് പദ്ധതി നിർവ്വഹണ ഏജൻസിയായ KITCO അറിയിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. കരാറിൽ ഉൾപ്പെട്ടതും എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം പമ്പ് റൂം, ഫിനിഷിംഗ് വർക്ക്, ജനലുകളുടെ ബാക്കിയുള്ള അലുമിനിയം ഫാബ്രിക്കേഷൻ വർക്ക്, ഡക്ട് റൂം വർക്ക്, ഒന്നാം നിലയുടെ ഇലക്ട്രിക്കൽ വർക്ക് എന്നിവ പൂർത്തിയാക്കാൻ കഴിയില്ല എന്ന് KITCO അറിയിച്ചിട്ടുണ്ട്.

(ഡി) ഇനി പൂർത്തിയാക്കാനുള്ള പ്രവൃത്തികൾക്കായി 1.75 കോടിരൂപയുടെ എസ്റ്റിമേറ്റ് KITCO ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. MLA ഫണ്ടിനുപുറമെ കോളേജിന്റെ നടത്തിപ്പിനായി താൽക്കാലിക കെട്ടിടം നിർമ്മിക്കുന്നതിനായി 14.17 ലക്ഷംരൂപ 2202-03-103-75CIUP പ്ലാനിൽനിന്നും അനുവദിച്ചിരുന്നു. കോളേജിന്റെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കോതമംഗലം മണ്ഡലത്തിൽ പുതിയ സർക്കാർ കോളേജ്

238(1508) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിൽ പുതിയ സർക്കാർ കോളേജ് ആരംഭിക്കുന്ന വിഷയം സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഇത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(സി) കോളേജ് ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത സർക്കാർ കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) കോളേജ് ആരംഭിക്കുന്നതിനായി ജലസേചന വകുപ്പിന്റേതായി കുട്ടമ്പുഴ പഞ്ചായത്തിലെ ഞായപ്പള്ളി വാർഡിലുള്ള സ്ഥലത്തുനിന്നും 5 ഏക്കർ സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് വാട്ടർ റിസോഴ്സ് വകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ട്.

(ഡി) കോളേജ് ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## പട്ടാമ്പി സംസ്കൃത കോളേജിലെ സയൻസ് ബ്ലോക്ക് നിർമ്മാണം

239(1509) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി സംസ്കൃത കോളേജിലെ സയൻസ് ബ്ലോക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും തീയതി സഹിതം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പട്ടാമ്പി ഗവൺമെന്റ് സംസ്കൃത കോളേജിലെ സയൻസ് ബ്ലോക്ക് നിർമ്മാണത്തിനായി 30.30 കോടിരൂപയുടെ ഭരണാനുമതി 21-6-2012-ലെ ജി.ഒ (ആർ.റ്റി) നം. 1226/2012/ഉ.വി.വ പ്രകാരവും ടെക്നിക്കൽ അനുമതി 11-3-2015-ലെ ജി.ഒ (ആർ.റ്റി) നം. 383/2015/PWD പ്രകാരവും നൽകുകയുണ്ടായി. പ്രസ്തുത നിർമ്മാണ പ്രവൃത്തി 24-1-2017-ൽ ആരംഭിക്കുകയും 30-6-2019-ൽ പൂർത്തിയാക്കുകയും ചെയ്തു. ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികൾക്കും അധിക പ്രവൃത്തികൾക്കുമായി 300 ലക്ഷംരൂപയുടെ ഭരണാനുമതി 16-7-2019-ലെ ജി.ഒ (ആർ.റ്റി) നമ്പർ 1203/2019/ഉ.വി.വ. പ്രകാരവും ടെക്നിക്കൽ അനുമതി 6-9-2019-ലെ ജി.ഒ (ആർ.റ്റി) നമ്പർ 2138/2019/PWD പ്രകാരവും നൽകുകയും ടി പ്രവൃത്തികൾ 14-11-2019-ൽ ആരംഭിച്ച് 13-2-2020-ൽ പൂർത്തിയാക്കുകയും ചെയ്തു. കെട്ടിടത്തിന്റെ ഇലക്ട്രിക് ജോലികൾക്കുള്ള 256 ലക്ഷംരൂപയുടെ ഭരണാനുമതി 3-9-2018-ലെ ജി.ഒ (ആർ.റ്റി) നം. 1624/2018/ഉ.വി.വ പ്രകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. 2020 മാർച്ച് അവസാനത്തോടെ പൂർത്തിയാക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

## മാനന്തവാടി ഗവൺമെന്റ് കോളേജിൽ പുതിയ ബിരുദ കോഴ്സുകൾ

240(1510) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ഗവഃ കോളേജിൽ പുതിയ ബിരുദ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(ബി) നിലവിലുള്ള ബി.എസ്.സി. ഇലക്ട്രോണിക്സ് വിഭാഗത്തിലെ അധ്യാപകരെയും ലാബ് സംവിധാനവും ഉപയോഗിച്ച് സാമ്പത്തിക ബാധ്യതകളില്ലാതെ മാനന്തവാടി ഗവഃ കോളേജിൽ ബി.എസ്.സി. ഫിസിക്സ് കോഴ്സ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) പുതുതായി ബിരുദ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) ബി.എസ്.സി. ഫിസിക്സ് കോഴ്സ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) കോളേജിന്റെ ഭൗതിക സാഹചര്യവും കോഴ്സിന്റെ ആവശ്യവും സാമ്പത്തിക ബാധ്യതയും മറ്റും പരിഗണിച്ചാണ് കോഴ്സുകൾ അനുവദിക്കുന്നത്.

## ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിലെ കെട്ടിട നിർമ്മാണം

241(1511) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിച്ചിട്ടും ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന്റെ എസ്.പി.വി. ആയി ചുമതല നിർവ്വഹിക്കുന്ന ഏജൻസി ഏതാണെന്ന് അറിയിക്കാമോ;

(സി) കോളേജ് കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കിറ്റ്കോ.

(സി) ടി കോളേജിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യുന്നതിനായി കൈറ്റ് ടെണ്ടർ നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ എസ്.പി.വി. മാറ്റിയ സാഹചര്യത്തിൽ കൈറ്റ് നൽകിയ ടെണ്ടർ നടപടികൾ പിൻവലിച്ച് നൽകണമെന്ന് കിറ്റ്കോ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ക്രമീകരണങ്ങൾ പുരോഗമിക്കുന്നു. ടി നടപടി പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ ഉടനടി തുടങ്ങുന്നതാണ്.

## അട്ടപ്പാടി രാജീവ്ഗാന്ധി മെമ്മോറിയൽ കോളേജിൽ പി.ജി. കോഴ്സുകൾ

242(1512) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി രാജീവ്ഗാന്ധി മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് കോളേജിൽ പി.ജി കോഴ്സുകൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം കോഴ്സുകൾ അനുവദിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇത് സംബന്ധിച്ചുള്ള തുടർനടപടികൾ എന്തായി എന്നതിന്റെയും വിശദവിവരം നൽകുമോ;

(ബി) അട്ടപ്പാടി കോളേജിൽ നിലവിലുള്ള കോഴ്സുകൾക്ക് ആവശ്യമായ അധ്യാപക തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) അട്ടപ്പാടി രാജീവ് ഗാന്ധി മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് കോളേജിൽ എം.എ. മലയാളം, എം.എ. ഹിസ്റ്ററി, എം.കോം (ഫിനാൻസ്) എന്നീ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതുൾപ്പെടെയുള്ള സമാഹൃത പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) അട്ടപ്പാടി രാജീവ് ഗാന്ധി മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് കോളേജിൽ മലയാളം വിഭാഗത്തിൽ ഒരു പുതിയ അദ്ധ്യാപക തസ്തികയും പബ്ലിക് അഡ്മിനിസ്ട്രേഷൻ വിഭാഗത്തിൽ 4 പുതിയ അദ്ധ്യാപക തസ്തികകളും സൃഷ്ടിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

## കോളേജുകളുടെ പശ്ചാത്തല സൗകര്യങ്ങൾ

243(1513) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ;

(ബി) കിഫ്ബിയിലൂടെ എത്ര കോളേജുകൾക്ക് പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(സി) കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ;

(ഡി) ഈ കോളേജിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; ഇതിലേയ്ക്കായി എസ്.പി.വി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ആർട്സ് & സയൻസ് കോളേജുകളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് 16-6-2017-ലെ സർക്കാർ ഉത്തരവ് നമ്പർ G.O(MS) No. 1131/2017/HEDN പ്രകാരം 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്ക് 8.5 കോടിരൂപ വീതവും 5 പൈതൃക കോളേജുകൾക്ക് 30 കോടിരൂപ വീതവും 12 പുതിയ കോളേജുകൾക്ക് 10 കോടിരൂപ വീതവും പ്രഖ്യാപിച്ചിരുന്നു. ഇതിനായി കോളേജുകളുടെ മാസ്റ്റർ പ്ലാൻ/ ഡി.പി.ആർ. തയ്യാറാക്കാൻ കിറ്റ്കോ - ടെക്നിക്കൽ ടീം എന്നിവരെ സർക്കാർതലത്തിൽ നിയമിച്ചിരുന്നു. കിറ്റ്കോ - ടെക്നിക്കൽ ടീം എന്നിവർ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കോളേജ്തലത്തിൽ അംഗീകരിച്ച് കൈറ്റ്/കിറ്റ്കോ മുഖാന്തരം സർക്കാരിലേയ്ക്ക് സമർപ്പിച്ച്, ആയത് സർക്കാർതലത്തിൽ പരിശോധിച്ച് സർക്കാർ കിഫ്ബിയിലേയ്ക്ക് അപ്ലോഡ് ചെയ്യുന്നതിനുള്ള ഭരണാനുമതി കിറ്റ്കോയ്ക്ക് നൽകുകയും ആയതുപ്രകാരം അപ്ലോഡ് ചെയ്ത മാസ്റ്റർപ്ലാൻ/ ഡി.പി.ആർ. കിഫ്ബി അവലോകനം നടത്തി 36 കോളേജുകൾക്ക് 260.77 കോടിരൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷം കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലെ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി "Infrastructure Upgradation, Development & Maintenance of Govt Colleges 4202-01-203-72" (ക്യാപിറ്റൽ) ശീർഷകത്തിൽ 30 കോടിരൂപയും "Quality Enhancement & Accreditation 4202-01-203-71" (ക്യാപിറ്റൽ) ശീർഷകത്തിൽ 10 കോടിരൂപയും "Infrastructure Upgradation, Development & Maintenance of Govt. Colleges 2202-02-103-50" (റവന്യൂ) ശീർഷകത്തിൽ 20 കോടിരൂപയും

അനുവദിച്ചിട്ടുണ്ട്. സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ ലൈബ്രറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി "Development of Libraries, Laboratories & Furniture 2202-02-103-76" (റവന്യൂ) ശീർഷകത്തിൽ 7.25 കോടിരൂപയും അനുവദിച്ചിട്ടുണ്ട്. 2202-03-103-70 ASSET MAINTENANCE FUND ശീർഷകത്തിൽ 16,81,70,000 രൂപ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിലെ നിലവിലുള്ള asset-ന്റെ മെയിന്റനൻസിനും അനുവദിച്ചിട്ടുണ്ട്. മേൽ പദ്ധതികളിലൂടെ സർക്കാർ കോളേജുകളുടെ അക്കാദമികവും ഭൗതികവുമായ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ ഊർജ്ജിതമായി നടന്നുവരുന്നു.

(ബി) G.O.(MS) No. 1131/2017/HEDN തീയതി 16-6-2017 ഉത്തരവുപ്രകാരം 48 സർക്കാർ കോളേജുകൾക്കായി 425 കോടിരൂപയുടെയും 5 പൈതൃക കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ 150 കോടിരൂപയുടെയും G.O(MS) No. 285/2017/HEDN തീയതി 13-11-2017 ഉത്തരവുപ്രകാരം പുതിയ 12 ആർട്സ് & സയൻസ് കോളേജുകൾക്ക് 120 കോടിരൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പത്തിരിപ്പാല സർക്കാർ ആർട്സ് & സയൻസ് കോളേജ് നിർമ്മാണം കിഫ്ബി വർക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കോളേജിലെ എസ്.പി.വി. ആയി ചുമതലപ്പെടുത്തിയിട്ടുള്ള കിറ്റ്കോ പ്രസ്തുത കോളേജിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. നിലവിൽ പ്രസ്തുത കോളേജിന്റെ ഡി.പി.ആർ. കിഫ്ബി അപ്രൈസൽ ടീമിന്റെ പരിഗണനയിലാണ്. G.O(Rt) No. 310/2020/HEDN തീയതി 20-2-2020 ഉത്തരവുപ്രകാരം പ്രസ്തുത കോളേജിന് 11,69,47,653 രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി. ആയി കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ-ന് കിഫ്ബി അംഗീകാരം ലഭിക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

**കാഞ്ഞിരംകുളം ഗവൺമെന്റ് കോളേജിന് ഭൂമി**

244(1514) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു കോളേജ് പ്രവർത്തിയ്ക്കുന്നതിന് ആവശ്യമായ അഞ്ച് ഏക്കർ ഭൂമി ഇല്ലാത്തതിനാൽ അഫിലിയേഷൻ തന്നെ റദ്ദാകുമെന്ന അവസ്ഥയിൽ നിൽക്കുന്ന

കാഞ്ഞിരംകുളം ഗവ: കോളേജിന് മതിയായ ഭൂമി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഭൂമി ഏറ്റെടുക്കാനുള്ള പണം അനുവദിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

സർവ്വകലാശാല ചട്ടവും യു.ജി.സി. നിബന്ധനകൾ പ്രകാരവും ഒരു ആർട്സ് & സയൻസ് കോളേജ് പ്രവർത്തിക്കുന്നതിന് അഞ്ച് ഏക്കർ സ്ഥലം ആവശ്യമാണ്. നിലവിൽ ഈ കോളേജിന് ശ്രീ. കുഞ്ഞികൃഷ്ണൻ നാടാർ എന്ന വ്യക്തി സംഭാവന ചെയ്ത 1.65 ഏക്കർ സ്ഥലം മാത്രമാണുള്ളത്. 1982 മുതൽ കോളേജ് പ്രവർത്തിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനായി കോളേജ്തല ലാൻഡ് പർച്ചേസ് കമ്മിറ്റി നടത്തിയ സ്ഥലം പരിശോധനയുടെ അടിസ്ഥാനത്തിൽ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**വയനാട് ജില്ലയിലെ കോളേജുകളിൽ ആരംഭിച്ച പുതിയ കോഴ്സുകൾ**

245(1515) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിലെ ഏതെല്ലാം കോളേജുകളിൽ ഏതെല്ലാം പുതിയ കോഴ്സുകൾ ആരംഭിച്ചു; വിശദമാക്കാമോ;

(ബി) അടുത്ത അദ്ധ്യയന വർഷം ഏതെല്ലാം കോളേജുകളിൽ ഏതെല്ലാം പുതിയ കോഴ്സുകൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 1. ഗവൺമെന്റ് കോളേജ്, മാനന്തവാടി

(a) എം.എ. ഇംഗ്ലീഷ്

(b) എം.എ. ഡെവലപ്മെന്റ് ഇക്കണോമിക്സ്

2. NMSM കോളേജ്, കൽപ്പറ്റ

(a) എം.എ. ഇക്കണോമിക്സ്

(b) മാസ്റ്റർ ഓഫ് കമ്മ്യൂണിക്കേഷൻ & ജേർണലിസം

(ബി) പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച വരുന്നു.

## അദ്ധ്യയന സമയം മാറ്റാൻ നടപടി

246(1516) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിലെ അദ്ധ്യയന സമയം രാവിലെ 8.00 മണി മുതൽ ഉച്ചയ്ക്ക് ശേഷം 1.00 മണിവരെ ആക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) വിദേശ രാജ്യങ്ങളിലെ പോലെ പഠനത്തോടൊപ്പം ജോലി ചെയ്ത് പണം സമ്പാദിക്കുന്നതിന് വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നതിന്റെ ഭാഗമായിട്ടാണോ ഈ സമയമാറ്റം പരിഗണിക്കുന്നത് എന്നറിയിക്കാമോ;

(സി) ഇക്കാര്യത്തിൽ അഭിപ്രായ ഐക്യം ഉണ്ടാക്കുന്നതിന് അദ്ധ്യാപക, വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുമായും മാനേജ്മെന്റ് പ്രതിനിധികളുമായും ചർച്ച നടത്തി അടുത്ത അദ്ധ്യയന വർഷം മുതൽ ഇത് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കാമോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ - സി) അദ്ധ്യയന സമയം മാറ്റുന്നതിന് സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല.

## ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറുടെ ആനുകൂല്യങ്ങൾ

247(1517) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിൽ മലയാളം വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായി നിയമിക്കപ്പെട്ട ഡോ.റീന എ.എം. 2015 ജൂലൈ മുതൽ അടിസ്ഥാന ശമ്പളം മാത്രം ലഭിച്ചാണ് ജോലി ചെയ്തുവരുന്നതെന്ന വിഷയം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഹൈക്കോടതിയുടെ 28-11-2019-ലെ 21431/2015 വിധിയിൽ ഇവരുൾപ്പെടെയുള്ളവർക്ക് ഒരു മാസത്തിനകം മുഴുവൻ ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്ന് സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഈ വിധിക്കെതിരെ സർക്കാർ അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിധി നടപ്പിലാക്കുന്നതിന് കാലതാമസം വരാനിടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) കോടതി വിധി സമയബന്ധിതമായി നടപ്പിൽ വരുത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ;

(ഇ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഡി2/529/2019 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) പ്രസ്തുത കോടതി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടില്ല. ടി കേസ്സിൽ ഉൾപ്പെട്ട പരാതിക്കാർക്ക് നിയമനം ലഭിച്ച തസ്തികയുടെ സാധുതയും ജോലിഭാരവും പരിശോധിച്ചുവരുന്നു.

(ഡി&ഇ) ടി കേസ് കൈകാര്യം ചെയ്യുന്ന ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പിന്റെ ഡി2/529/2019 നമ്പർ ഫയലിൽ ടി അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച വിവരങ്ങൾ, ജോലിഭാരം, തസ്തിക എന്നിവ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ/കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ-ൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. ടി അദ്ധ്യാപകർക്ക് ശമ്പളം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട കോടതിവിധി നിലവിലെ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി നടപ്പാക്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## സർക്കാർ കോളേജുകളിലെ പുതിയ കോഴ്സുകൾ

248(1518) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇന്നുവരെ വിവിധ സർക്കാർ കോളേജുകളിലായി എത്ര പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) അനുവദിച്ച പുതിയ കോഴ്സുകളുടെ പട്ടിക, കോളേജിന്റെ പേര്, അനുവദിച്ച കോഴ്സിന്റെ പേര്, വർഷം എന്നീ ക്രമത്തിൽ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

| | | | |
|---|---|---|---|
| (എ) | പി.ജി. കോഴ്സുകൾ | - | 33 |
| | യു.ജി. കോഴ്സുകൾ | - | 25 |
| | എം.ഫിൽ കോഴ്സുകൾ | - | 3 |

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചാലക്കുടിയിൽ പ്ലാനറ്റോറിയം, റീജണൽ സയൻസ് സെന്റർ എന്നിവയുടെ നിർമ്മാണം

249(1519) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ നിർമ്മാണം നടക്കുന്ന പ്ലാനറ്റോറിയം, റീജണൽ സയൻസ് സെന്റർ എന്നിവയുടെ നിർമ്മാണം ഏതു ഘട്ടത്തിലാണ് എന്നും എന്തെല്ലാം പ്രവൃത്തികളാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളത് എന്നും അറിയിക്കാമോ;

(ബി) ഇനിയും എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങളിൽ ഒരുക്കുന്നതിന് ബാക്കി നിൽക്കുന്നത് എന്നും ഇവ എന്നേക്ക് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കാം എന്നും വ്യക്തമാക്കാമോ;

(സി) സമയബന്ധിതമായി റീജണൽ സയൻസ് സെന്ററിന്റേയും, പ്ലാനറ്റോറിയത്തിന്റേയും നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ചാലക്കുടി റീജണൽ സയൻസ് സെന്ററിലെ മെയിൻ ബിൽഡിംഗ്, ഗ്യാലറി റൂം, ഗേറ്റ്, സെക്യൂരിറ്റി റൂം, ഇലക്ട്രിക്കൽ റൂം, സയൻസ് പാർക്ക് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണ നടപടി പുരോഗമിച്ചുവരുന്നു.

(ബി&സി) പ്ലാനറ്റോറിയത്തിനായി ഇറക്കുമതി ചെയ്തിട്ടുള്ള ഡോം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 2020 ജൂലൈ മാസത്തോടുകൂടിതന്നെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി ആസ്ഥാനം

250(1520) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴും ശൈശവാവസ്ഥയിലുള്ള കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിക്ക്

ഒരു ആസ്ഥാനം നിർമ്മിക്കുന്നതിലേയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ;

(ബി) ഇതിന്റെ നിർമ്മാണപ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) കെ.ടി.യു.-വിനെ ഇന്ത്യയിലെ ഏറ്റവും മികച്ച സർവ്വകലാശാലയാക്കി മാറ്റുന്നതിനും കോഴ്സുകളുടെ വിപുലീകരണത്തിനും ആധുനികവൽക്കരണത്തിനും നടപടികൾ സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഡോ. എ. പി. ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ ആസ്ഥാനം നിർമ്മിക്കുന്നതിന് കാട്ടാക്കട താലൂക്കിൽ വിളപ്പിൽ വില്ലേജിൽ 42.13.66 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാൻ റവന്യൂ വകുപ്പിന്റെ 3-7-2019-ലെ സ.ഉ.(സാധാ) നം. 1757/19/RD പ്രകാരം ഉത്തരവായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട പ്രാരംഭ ചെലവുകൾക്കായി അൻപത് ലക്ഷംരൂപ തഹസീൽദാരുടെ പേരിൽ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് വിശദമായ സ്കെച്ച് ജില്ലാ ഭരണകൂടത്തിന് ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ട നടപടികൾ സർവ്വകലാശാല കൈക്കൊണ്ടിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കുകയും സമയബന്ധിതമായി വസ്തു ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(ബി) ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിച്ചാൽ ഉടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഇന്ത്യയിലെ പ്രശസ്തമായ ദേശീയ സ്ഥാപനങ്ങളുടെ മാതൃകയിൽ ബിരുദ ബിരുദാനന്തര പഠനങ്ങൾക്കും ഗവേഷണത്തിനും പ്രാധാന്യം നൽകിക്കൊണ്ട് രാജ്യത്തിലെ ഏറ്റവും ശ്രദ്ധേയമായ സാങ്കേതിക ശാസ്ത്ര ഗവേഷണ കേന്ദ്രമായി സാങ്കേതിക സർവ്വകലാശാലയെ മാറ്റുക എന്നതാണ് ലക്ഷ്യം.

**സാങ്കേതിക സർവ്വകലാശാലയിലെ മാർക്ക് ദാന വിവാദം**

251(1521) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയിലെ മാർക്ക്ദാന വിവാദത്തിൽ യൂണിവേഴ്സിറ്റി ചാൻസലർ തെളിവെടുപ്പ് നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത തെളിവെടുപ്പിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ് എന്നറിയാമോ; എങ്കിൽ വിവരിക്കാമോ;

(സി) സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ പരീക്ഷ നടത്തിപ്പ്, നിയമനങ്ങൾ, പുനർമൂല്യനിർണ്ണയം തുടങ്ങിയവ സംബന്ധിച്ച് ഉയർന്ന് വന്നിട്ടുള്ള വിവാദങ്ങൾ ഉന്നതവിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനം നേടിയിട്ടുള്ള മേന്മയെ പിന്നോട്ട് അടിക്കുവാൻ സാഹചര്യമൊരുക്കി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വകുപ്പ് മന്ത്രിയും ഓഫീസും സ്വയംഭരണ സ്ഥാപനങ്ങളായ യൂണിവേഴ്സിറ്റികളുടെ ഭരണത്തിൽ ഇടപെട്ട് നിർദ്ദേശങ്ങൾ നൽകിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം ഇടപെടൽ നിയമവിധേയമാണോ എന്ന് വിശദമാക്കുമോ;

(ഇ) സ്വയംഭരണ സ്ഥാപനങ്ങളായ യൂണിവേഴ്സിറ്റികളുടെ ദൈനംദിന ഭരണത്തിൽ പോലും പ്രോ ചാൻസലർ ഇടപെടുന്ന സ്ഥിതിവിശേഷം അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) സാങ്കേതിക സർവ്വകലാശാലയിൽ മാർക്ക് ദാനം നടത്തിയിട്ടില്ല.

(ബി) ബാധകമല്ല.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇടപെടാറില്ല.

**പ്രൊഫഷണൽ കോളേജ് പ്രവേശനത്തിന് സാമ്പത്തിക സംവരണം**

252(1522) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ്, മെഡിക്കൽ ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോളേജ് പ്രവേശനത്തിന് മുന്നാക്കക്കാരിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംവരണം എപ്രകാരം നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി നിലവിലുള്ള സീറ്റുകളിൽ വർദ്ധനവ് വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) എം.ബി.ബി.എസ്., ബി.എ.എം.എസ്., ബി.എച്ച്.എം.എസ് കോഴ്സുകളിൽ കഴിഞ്ഞ അദ്ധ്യയന വർഷം മുന്നോക്കക്കാരിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സീറ്റ് സംവരണം അനുവദിച്ചിരുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) ഈ വർഷം എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്കക്കാർക്കായി സീറ്റ് സംവരണം അനുവദിക്കാൻ തീരുമാനമായിട്ടുണ്ട്.

(ബി) മുന്നോക്കക്കാരിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വർക്കായി 10% സീറ്റ് സംവരണം നൽകാനാണ് തീരുമാനം.

(സി) എം.ബി.ബി.എസ്., ബി.എ.എം.എസ്., ബി.എച്ച്.എം.എസ് കോഴ്സുകൾക്ക് താഴെപ്പറയും വിധം സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്.

MBBS - 155 (ഏഴ് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലായി)

BAMS - 23

BHMS - 20

എഞ്ചിനീയറിംഗ് കോഴ്സുകളിലെ മുന്നോക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായി സീറ്റ് വർദ്ധനവ് സംബന്ധിച്ച്, വിശദമായ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**പ്രൊഫഷണൽ കോഴ്സുകളിലെ വിദ്യാർത്ഥികളുടെ തൊഴിൽശേഷി**

253(1523) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. സജി ചെറിയാൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിശേഷിച്ച് സാങ്കേതികവിദ്യാധിഷ്ഠിത കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികളുടെ തൊഴിൽശേഷി വർദ്ധിപ്പിക്കുന്നതിന് നടത്തി വരുന്ന ഇടപെടലുകൾ അറിയിക്കാമോ; അധ്യയന നിലവാര വർദ്ധനവിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സിലബസ് കാലാനുസൃതമായി നവീകരിക്കുന്നതിനും തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനും ആവശ്യമായ ഇടപെടൽ നടത്തുമോ;

(സി) ഇന്റേൺഷിപ്പ് പാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യവസായ സ്ഥാപനങ്ങളുമായി ചേർന്നാണോ ഇന്റേൺഷിപ്പ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയ്ക്ക് കീഴിൽ എഞ്ചിനീയറിംഗ് പഠിക്കുന്ന വിദ്യാർത്ഥികളുടെ തൊഴിൽശേഷി വർദ്ധിപ്പിക്കുന്നതിന് വ്യവസായ സ്ഥാപനങ്ങളുമായി ചേർന്നുള്ള ഇന്റേൺഷിപ്പുകളും അനുബന്ധ ഓൺലൈൻ കോഴ്സുകളും അധ്യയന പാഠ്യപദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം നൈപുണ്യ വികസനം ഉറപ്പുവരുത്തുന്ന കോഴ്സുകളും പരിശീലനവും ഉൾപ്പെടുന്ന ബി.ടെക് മൈനർ, ബി.വോക് തുടങ്ങിയ കോഴ്സുകളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ അധ്യയന നിലവാരം ഉറപ്പുവരുത്താനും വർദ്ധിപ്പിക്കുവാനും അക്കാദമിക് ഓഡിറ്റിംഗ് കൃത്യതയോടെ നടത്തുന്നുണ്ട്. ഈ അക്കാദമിക് ഓഡിറ്റിംഗ് രേഖപ്പെടുത്തുന്ന ന്യൂനതകൾ പരിഹരിക്കുവാൻ ബന്ധപ്പെട്ട കോളേജുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ എഞ്ചിനീയറിംഗ് ബിരുദ പാഠ്യപദ്ധതിയുടെ ഉള്ളടക്കവും ഘടനയും സമ്പൂർണ്ണമായി നവീകരിച്ചിട്ടുണ്ട്. എ.ഐ.സി.ടി.ഇ. നിർദ്ദേശ പ്രകാരം നാലുവർഷം ദൈർഘ്യമുള്ള 25 ബി.ടെക് കോഴ്സുകളുടെയും മൊത്തം ക്രെഡിറ്റുകൾ 182-ൽനിന്നും 162 ആയി കുറച്ചിട്ടുണ്ട്.

ഇന്ത്യൻ ഭരണഘടന, തൊഴിൽ നൈതികത, വ്യാവസായിക സുരക്ഷ, സുസ്ഥിര വികസനം, ദുരന്ത നിവാരണം എന്നിവയിലുൾപ്പെടെ വൈവിധ്യമാർന്ന അഞ്ച് വിഷയങ്ങൾ എല്ലാ എഞ്ചിനീയറിംഗ് ശാഖകളിലും നിർബന്ധമായും വിദ്യാർത്ഥികൾ വിജയിക്കേണ്ട നോൺ ക്രെഡിറ്റ് കോഴ്സുകൾ ആക്കിയിട്ടുണ്ട്.

ഒരു പ്രത്യേക എഞ്ചിനീയറിംഗ് ശാഖയിലെ ആഴത്തിലുള്ള വിജ്ഞാനം ലക്ഷ്യമാക്കി ആരംഭിച്ച ബി.ടെക് ഓണേഴ്സ് ഡിഗ്രിക്കുള്ള വ്യവസ്ഥകൾ ഉദാരമാക്കിയിട്ടുണ്ട്.

വിവിധ എഞ്ചിനീയറിംഗ് മേഖലകളിൽ ഉന്നത പഠന ഗവേഷണ സാധ്യതകളും അഭിരുചികളും സൃഷ്ടിക്കുവാൻ കഴിയുന്ന വിധത്തിലാണ് ബി.ടെക് ഓണേഴ്സ് വിഷയങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്.

സാങ്കേതിക ശാസ്ത്ര രംഗത്തെ വിജ്ഞാന വൈവിധ്യങ്ങൾ ഉൾക്കൊള്ളുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന ബി.ടെക് മൈനർ ബിരുദവും ആരംഭിക്കും.

(സി) ഉണ്ട്. പ്രസ്തുത ഇന്റേൺഷിപ്പുകൾ വ്യവസായ സ്ഥാപനങ്ങളുമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും ഗവേഷണ കേന്ദ്രങ്ങളുമായും ഐ.ഐ.ടി., എൻ.ഐ.ടി. പോലെ ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളുമായും ചേർന്ന് ഇന്റേൺഷിപ്പ് നടപ്പിലാക്കനുള്ള സാഹചര്യം വിദ്യാർത്ഥികൾക്ക് ഒരുക്കിയിട്ടുണ്ട്.

## എഞ്ചിനീയറിംഗ് കോളേജുകളിൽ അക്കാദമിക ഓഡിറ്റ്

254(1524) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിങ് കോളേജുകളുടെ നിലവാരം വിലയിരുത്തുന്നതിനായി അക്കാദമിക ഓഡിറ്റ് നടത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ എത്ര കോളേജുകളിലാണ് അക്കാദമിക ഓഡിറ്റ് നടത്താൻ തീരുമാനിച്ചതെന്നും എന്തൊക്കെ ഘടകങ്ങൾ പരിശോധിച്ചാണ് നിലവാരം വിലയിരുത്തുന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 142 എഞ്ചിനീയറിംഗ് കോളേജുകളുടെ അക്കാദമിക് ഓഡിറ്റിംഗ് നടത്തിവരുന്നു. എ.ഐ.സി.ടി.ഇ. മാനദണ്ഡങ്ങൾ അനുസരിച്ച് വിവിധ വിഷയങ്ങളിലുള്ള അദ്ധ്യാപക ലഭ്യത, അദ്ധ്യാപക യോഗ്യതകൾ, യൂണിവേഴ്സിറ്റി കലണ്ടർ പ്രകാരമുള്ള അദ്ധ്യയന ദിവസങ്ങളുടെ ലഭ്യത, അക്രെഡിറ്റേഷൻ, ഇന്റേണൽ പരീക്ഷകളുടെ നടത്തിപ്പും സുതാര്യതയും, വിദ്യാർത്ഥികളുടെ പാഠ്യേതര പ്രവർത്തനങ്ങൾ, പരീക്ഷണശാലയുടെ നവീകരണവും ഉപയോഗവും, ലൈബ്രറി ഇന്റർനെറ്റ് സംവിധാനങ്ങൾ, കോളേജിന്റെ അക്കാദമികവും ഭരണപരവുമായ നേതൃത്വം, പഠന അന്തരീക്ഷം, അച്ചടക്കം, പരാതി പരിഹാര സംവിധാനങ്ങൾ, വിദ്യാർത്ഥി കേന്ദ്രീകൃത നവീന പാഠ്യ രീതികൾ, ഓൺലൈൻ കോഴ്സുകളിലെ വിദ്യാർത്ഥി പങ്കാളിത്തം, വിദ്യാർത്ഥികളുമായുള്ള അഭിമുഖം, പ്ലേസ്മെന്റ് തുടങ്ങി ഇരുപതോളം ഘടകങ്ങളാണ് പ്രധാനമായും വിലയിരുത്തപ്പെടുക.

**കോളേജുകളിലെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട പരാതി പരിഹാര കമ്മിറ്റി**

255(1525) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവ. എഞ്ചിനീയറിംഗ് കോളേജുകളിലെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട പരാതി പരിഹാരകമ്മിറ്റി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കമ്മറ്റിയിലെ അംഗങ്ങൾ, കാലാവധി എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ കമ്മിറ്റി ചേർന്നുകൊണ്ട് നിലവിലെ പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത നടപടിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനും എ.ഐ.സി.ടി.ഇ., ടെക്നിക്കൽ എഡ്യൂക്കേഷൻ സ്പെഷ്യൽ റൂൾസ് എന്നിവയ്ക്ക് അനുസൃതമായി സെലക്ഷൻ പ്രക്രിയ നടത്തുന്നതിലേയ്ക്കുമായി 27-7-2019 തീയതിയിലെ G.O.(Rt) No. 1313/2019/Hedn നമ്പർ ഉത്തരവുപ്രകാരം മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. അംഗങ്ങളുടെ വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

1. ഡോ. രാജൻ വർഗ്ഗീസ്, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ, തിരുവനന്തപുരം - ചെയർമാൻ.

2. ഡോ. പി. എസ്. ചന്ദ്രമോഹനൻ നായർ (പ്രിൻസിപ്പാൾ (റിട്ട.) സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺഹിൽ, തിരുവനന്തപുരം) - മെമ്പർ

3. അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ് - മെമ്പർ.

നടപടിക്രമങ്ങൾ പാലിച്ച് 3 മാസത്തിനകം സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും പ്രസ്തുത കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിരുന്നു.

ടി കമ്മിറ്റിയിൽനിന്ന് ഒഴിവാക്കണമെന്നുള്ള ഡോ. പി. എസ്. ചന്ദ്രമോഹനൻ നായരുടെ അപേക്ഷ പരിഗണിച്ച് 4-3-2019 തീയതിയിലെ G.O(Rt) No. 375/2020/Hedn നമ്പർ ഉത്തരവ് പ്രകാരം ഡോ. പി. എസ്. ചന്ദ്രമോഹനൻ നായർക്ക് പകരം ഡോ. പി. സുരേഷ്, ഡയറക്ടർ, ഐ.എച്ച്.ആർ.ഡി.-യെ ഉൾപ്പെടുത്തി കമ്മിറ്റിയിൽ മാറ്റം വരുത്തിയിട്ടുണ്ട്.

(സി&ഡി) ടി കമ്മിറ്റിയുടെ പ്രവർത്തനം ഡോ. രമേഷ് ബാബു ഫയൽ ചെയ്ത OA 1646/2019 ഹർജിയിലെ 14-10-2019-ലെ ഇടക്കാല ഉത്തരവുപ്രകാരം ബഹുമാനപ്പെട്ട കോടതി സ്റ്റേ ചെയ്തിരിക്കുന്നു.

## എഞ്ചിനീയറിംഗ് കോളേജുകളിലെ മധ്യവേനലവധിയിലെ മാറ്റം

256(1526) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ മധ്യവേനലവധി മേയ്-ജൂൺ മാസങ്ങളിലേയ്ക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഏപ്രിൽ, മേയ് മാസങ്ങളിൽ മധ്യവേനലവധി ആയിരിക്കെ സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ ഇത്തരം ഒരു മാറ്റം വരുത്തിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ജീവനക്കാരുടെ ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) 26-7-2019-ലെ സ.ഉ.(സാധാ) നമ്പർ 1303/2019/ഉ.വി.വ. പ്രകാരം സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ മധ്യവേനലവധി, 2020 വർഷം മുതൽ കേരള സാങ്കേതിക സർവ്വകലാശാലയുടെ അക്കാദമിക് കലണ്ടറിന് അനുസൃതമായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നിശ്ചയിച്ച് പ്രഖ്യാപിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ കേരള സാങ്കേതിക സർവ്വകലാശാലയുടെ 2019-20-ലെ അക്കാദമിക് കലണ്ടർ പ്രകാരം റെഗുലർ ക്ലാസ്സുകൾ 2020 ഏപ്രിൽ 28 വരെ നടത്തിവരുന്നുണ്ട്. തുടർന്ന് സർവ്വകലാശാല പരീക്ഷകൾ ആരംഭിച്ച് 2020 ജൂൺ മാസത്തിൽ അവസാനിക്കുകയും 2020 ജൂലൈ 20 മുതൽ സെമസ്റ്റർ ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്യുന്നു. കൂടാതെ, എഞ്ചിനീയറിംഗ് - മെഡിക്കൽ (KEAM) എൻട്രൻസ് ഫലത്തിന്റെ അടിസ്ഥാനത്തിലുള്ള അഡ്മിഷൻ നടപടികൾ ജൂലൈ ആദ്യം വരെ നീണ്ടുനിൽക്കുന്നതിനാൽ എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽറ്റികളുടെ സേവനം ആയതിന് അത്യന്താപേക്ഷിതവുമാണ്. മേൽ വസ്തുതകൾ പരിഗണിച്ച് സാങ്കേതിക സർവ്വലാശാലയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ മധ്യവേനലവധി മേയ്-ജൂൺ മാസങ്ങളിലായി പുനഃക്രമീകരിക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും സർക്കാരിലേയ്ക്ക് ശിപാർശ നൽകിയതിന്റെ അടിസ്ഥാനത്തിലാണ് 27-1-2020-ലെ സ.ഉ.(സാധാ) നമ്പർ 139/2020/ഉ.വി.വ. പ്രകാരം സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ 2019-20 അദ്ധ്യയന വർഷം മധ്യവേനലവധി മെയ് 1 മുതൽ ജൂൺ 30 വരെ ആക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയത്.

(സി) ഇല്ല. ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തണമെന്ന് അപേക്ഷിച്ച് സർക്കാരിൽ ലഭ്യമായ അപേക്ഷ പരിശോധിച്ചുവരികയാണ്.

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം

257(1527) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനയ്ക്ക് അനുസൃതമായി പരിചയവും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും ഉള്ള അദ്ധ്യാപകരെ ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ ഇത് എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) അടിസ്ഥാന വിഷയങ്ങളിൽ പ്രാവീണ്യം ആർജ്ജിക്കുവാൻ കഴിയാതെ പാതിവഴിയിൽ എഞ്ചിനീയറിംഗ് പഠനം ഉപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ എത്ര വിദ്യാർത്ഥികൾ പഠനം പാതിവഴിയിൽ ഉപേക്ഷിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇല്ല. 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ പഠനം പാതിവഴിയിൽ ഉപേക്ഷിച്ച വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർത്തിരിക്കും പ്രകാരമാണ്.

| ബി. ടെക് പഠനം ഉപേക്ഷിച്ച വിദ്യാർത്ഥികളുടെ വിവരം | | | | |
|---|---|---|---|---|
| അധ്യയന വർഷം | എൻറോൾ ചെയ്തവർ | അഡ്മിഷൻ റദ്ദ് ചെയ്തവർ | അഡ്മിഷൻ റദ്ദ് ചെയ്യാൻ അപേക്ഷിച്ചിട്ടുള്ളവർ | ആകെ |
| 2016-17 | 32870 | 3549 | 135 | 3684 |
| 2017-18 | 28805 | 2510 | 46 | 2556 |
| 2018-19 | 25299 | 1456 | 10 | 1466 |

## എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനത്തിൽ പ്ലസ് ടുവിന്റെ മാർക്കിൽ ഇളവ്

258(1528) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യതയായ പ്ലസ് ടുവിന്റെ മാർക്കിൽ ഇളവ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ യോഗ്യതാ മാർക്കിൽ എന്ത് ഇളവാണ് അനുവദിക്കുന്നത്;

(ബി) ഇപ്രകാരം ഇളവ് അനുവദിക്കുവാനുള്ള പ്രത്യേക സാഹചര്യം എന്തായിരുന്നു;

(സി) കഴിഞ്ഞ വർഷം എഞ്ചിനീയറിംഗ് കോളേജ് പ്രവേശനത്തിന് മാനേജ്മെന്റ് സീറ്റുകളിൽ അമ്പത് ശതമാനം മാർക്ക് നിബന്ധനയിൽ ഇളവ് നൽകിയിരുന്നോ;

(ഡി) പ്ലസ് ടു മാർക്കിൽ ഇളവ് നൽകുന്നത് എഞ്ചിനീയറിംഗ് വിദ്യാഭ്യാസ നിലവാരത്തെ കാര്യമായി ബാധിക്കുവാൻ സാധ്യതയില്ലേ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനത്തിനുള്ള അടിസ്ഥാനയോഗ്യത, 2020-21 വർഷത്തെ പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിനായുള്ള റീ-വാംപ് കമ്മിറ്റി തീരുമാനപ്രകാരം അതാത് കേന്ദ്ര കൗൺസിലുകളുടേതിന് സമാനമാക്കി ഏകീകരിക്കുവാൻ തീരുമാനിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് AICTE മാനദണ്ഡപ്രകാരമുള്ള അടിസ്ഥാന യോഗ്യതയും മെഡിക്കൽ കോഴ്സുകൾക്ക് NEET ബാധകമാക്കിയ അടിസ്ഥാന യോഗ്യതയുമാണ് തീരുമാനിച്ചിട്ടുള്ളത്. പ്ലസ് ടു മാർക്ക് 50 ശതമാനമെന്നത് 45 ശതമാനമാക്കിയാണ് ഇളവ് അനുവദിക്കുന്നത്.

(ബി) പ്രവേശന മാനദണ്ഡം ദേശീയതലത്തിലുള്ളതുപോലെ ഏകീകരിക്കുന്നതിനുവേണ്ടി 2020-21 വർഷത്തെ പ്രൊഫഷണൽ കോഴ്സുകൾക്കായുള്ള റീ-വാംപ് കമ്മിറ്റിയാണ് അടിസ്ഥാനയോഗ്യത അതാത് സെൻട്രൽ കൗൺസിലുകളുടേതിന് സമാനമാക്കി മാറ്റാൻ തീരുമാനിച്ചത്.

(സി) 2019-20 വർഷം എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിൽ കണക്ക്, ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങൾക്ക് മൂന്നിനും കൂടി 45% മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് യോഗ്യതയുണ്ടായിരുന്നു.

(ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സി-ആപ്റ്റിലെ നിയമനം

259(1529) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സി-ആപ്റ്റിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടപ്പാക്കിയ പുതിയ പദ്ധതികളും പ്രവൃത്തികളും എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഈ സ്ഥാപനത്തിൽ ആകെ എത്ര ജീവനക്കാരാണുള്ളത്; തസ്തിക തിരിച്ച് വിവരം നൽകുമോ;

(സി) ഏതെങ്കിലും തസ്തിക ഒഴിഞ്ഞു കിടക്കുകയാണെങ്കിൽ ഏത് തസ്തികയെന്നും എത്ര ഒഴിവുകൾ ഉണ്ടെന്നും അറിയിക്കുമോ;

(ഡി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമനം നടത്തുവാൻ എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ തടസ്സം എന്തെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സി-ആപ്റ്റിന്റെ വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചുവടെപ്പറയുന്ന വികസന പദ്ധതികളും പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്.

പ്രോഗ്രാമബിൾ കട്ടിംഗ് മെഷീൻ, ഫുള്ളി ഓട്ടോമാറ്റിക് കട്ടിംഗ് മെഷീൻ, സി.റ്റി.പി. (കമ്പ്യൂട്ടർ ടു പ്ലേറ്റ്), വയർ സ്റ്റിച്ചിംഗ് മെഷീൻ എന്നിവ പുതിയതായി ലഭ്യമാക്കിയിട്ടുണ്ട്. ആയതിലൂടെ സെന്ററിന് മൾട്ടി കളർ പ്രിന്റിംഗ് ജോലികൾ സമയബന്ധിതമായി അച്ചടിച്ച് നൽകുവാൻ സാധിക്കുന്നു.

പുതുതായി അനുവദിച്ച ഫോർകളർ വെബ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ, ഗാതറിംഗ് മെഷീൻ, ത്രിനൈഫ് ട്രിമ്മർ, സിക്സ് ക്ലാമ്പ് ഓട്ടോമാറ്റിക് ബൈന്റിംഗ്

മെഷീൻ, ഫോൾഡിംഗ് മെഷീൻ എന്നിവ ഉപയുക്തമാക്കി പ്ലസ് വൺ, പ്ലസ് ടു പാഠപുസ്തക അച്ചടിയും മറ്റു പ്രവൃത്തികളും അതിവേഗം പൂർത്തിയാക്കാൻ സാധിക്കുന്നു.

സി-ആപ്റ്റിൽ വൈദ്യുതി കണക്ഷൻ ഹൈടെൻഷൻ ആക്കി മാറ്റുന്നതിന് ട്രാൻസ്ഫോർമർ സ്ഥാപിച്ചത് ഉൾപ്പെടെ 51 ലക്ഷംരൂപയുടെ ഇലക്ട്രിക്കൽ ജോലികൾ നടപ്പിലാക്കുകയും സ്ഥാപനത്തിലേയ്ക്കായി 6 ടൺ ശേഷിയുള്ള ഭാരത് ബെൻസ് ലോറി വാങ്ങുകയും മാലിന്യ സംസ്കരണത്തിനുള്ള ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

കൂടാതെ, ഇ-ഇൻഫ്രാസ്ട്രക്ച്ചറിന്റെ ഭാഗമായി ജി.പി.എസ്. സിസ്റ്റം, ബുള്ളറ്റ് ക്യാമറ, കമ്പ്യൂട്ടറുകൾ, ഫ്രാങ്കിംഗ് മെഷീൻ തുടങ്ങിയവയും സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ, തിരുവനന്തപുരം, വട്ടിയൂർക്കാവിലുള്ള ഹെഡ് ഓഫീസ് കോംപ്ലക്സിൽ 11889 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പുതിയ കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുകയും കൂടാതെ 200 ലക്ഷംരൂപ ചെലവഴിച്ച് 4286 ചതുരശ്ര അടി വിസ്തീർണ്ണമുള്ള മറ്റൊരു കെട്ടിടത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലുമാണ്.

(ബി) നിലവിൽ 616 ജീവനക്കാരാണ് ഈ സ്ഥാപനത്തിലുള്ളത്. തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി &ഡി) സി-ആപ്റ്റിൽ സ്റ്റാഫ് പാറ്റേൺ, പ്രൊമോഷൻ പോളിസി എന്നിവ നടപ്പിലാക്കുന്നതിനായി രൂപീകരിച്ച മൂന്നംഗ കമ്മീഷൻ ഇതുസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് അംഗീകരിച്ച് നടപ്പിലാക്കുന്നമുറയ്ക്ക് മാത്രമേ തസ്തികകളിലുള്ള ഒഴിവുകൾ കണക്കാക്കുവാനും ആയത് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും സാധിക്കുകയുള്ളൂ.

**സി-ആപ്റ്റിന്റെ അടിസ്ഥാന സൗകര്യ വികസനം**

260(1530) ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പിൻകീഴിൽ വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സി-ആപ്റ്റിന്റെ ഭാവിവികസനത്തിന് ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സി-ആപ്റ്റിന്റെ നിലവിലുള്ള അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) സി-ആപ്റ്റിനെ വൈവിദ്ധ്യവത്കരിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും സഹായകമായ നിലയിൽ സബ് സെന്ററുകൾ തുടങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സി-ആപ്റ്റിന്റെ ഭാവി വികസനത്തിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ലോട്ടറി ടിക്കറ്റുകളുടെ പ്രിന്റിംഗ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ലോട്ടറി വകുപ്പിൽനിന്നും അനുവദിച്ചിട്ടുള്ള ലോൺ അടിസ്ഥാനത്തിലുള്ള 20 കോടിരൂപയുടെ ധനസഹായം ഉപയോഗപ്പെടുത്തി ഒരു ഫോർ കളർ വെബ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീനും ഓൺലൈൻ നമ്പറിംഗ് സിസ്റ്റവും വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ, സി-ആപ്റ്റ് ഹെഡ് ഓഫീസ് കോംപ്ലക്സിന്റെ വികസനത്തിന്റെ ഭാഗമായി ലിഫ്റ്റ് സംവിധാനത്തോടുകൂടിയുള്ള രണ്ടുനില കെട്ടിടത്തിന്റെ നിർമ്മാണവും പുരോഗമിച്ചുവരുന്നു. ഇതിനുപുറമേ ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനായി ഒരു ഫോർ കളർ ഷീറ്റ്ഫെഡ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ സ്ഥാപിക്കുന്നതിനും ഹെഡ് ഓഫീസ് കോംപ്ലക്സിൽ വനിതകൾക്കായി ഒരു ബൈൻഡറി യൂണിറ്റ് സ്ഥാപിക്കുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി മൾട്ടി മീഡിയ ട്രെയിനിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുമായി 300 ലക്ഷംരൂപ അനുവദിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരത്തെ ട്രെയിനിംഗ് സെന്റർ ഉൾപ്പെടെ 9 ഉപകേന്ദ്രങ്ങളാണ് സി-ആപ്റ്റിനുകീഴിൽ നിലവിൽ പ്രവർത്തിച്ചുവരുന്നത്. ഉപകേന്ദ്രങ്ങളെല്ലാംതന്നെ ഭീമമായ നഷ്ടത്തിലും സാമ്പത്തിക ബാധ്യതയിലുമാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നതിനാൽ പുതിയ ഉപകേന്ദ്രങ്ങൾ തുടങ്ങുന്നത് പരിഗണനയിലില്ല. ആയതിനാൽ, നിലവിലുള്ള ഉപകേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിവരുന്നു.

## ഓപ്പൺ സർവ്വകലാശാല

261(1531) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത അദ്ധ്യയന വർഷം മുതൽ ഓപ്പൺ സർവ്വകലാശാല ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്ന് അറിയിക്കാമോ;

(സി) ഈ റിപ്പോർട്ട് ഉന്നതവിദ്യാഭ്യാസ വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ അവരുടെ ശിപാർശ എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനം നേരിടുന്ന അതീവഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ഓപ്പൺ സർവ്വകലാശാലയുടെ രൂപീകരണത്തിന് പ്രതിബന്ധമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ഓപ്പൺ സർവ്വകലാശാലയുടെ സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഉണ്ട്; 4-9-2019.

(സി) റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

(ഡി) സർവ്വകലാശാല രൂപീകരണവുമായി ബന്ധപ്പെട്ട സാമ്പത്തിക ബാധ്യത സംബന്ധിച്ച് സർക്കാർ ഇതുവരെ പരിശോധിച്ചിട്ടില്ല.

## ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് നടപടി

262(1532) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിച്ചാലും നിലവിലെ പ്രൈവറ്റ് രജിസ്ട്രേഷൻ മുഖാന്തരം ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാഭ്യാസം നേടുന്ന രീതി നിലനിർത്തുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**വിദ്യാർത്ഥി നേതാക്കൾക്ക് പരിശീലന പരിപാടി**

263(1533) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ വിദ്യാർത്ഥി നേതാക്കൾക്ക് സംസ്ഥാനത്തിനകത്തോ ഇന്ത്യക്കകത്തോ എന്തെങ്കിലും തരത്തിലുള്ള പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ ആരുടെ ആഭിമുഖ്യത്തിലാണ് പരിശീലന പരിപാടി സംഘടിപ്പിച്ചതെന്നും എത്ര ദിവസത്തെ പരിശീലന പരിപാടിയാണ് സംഘടിപ്പിച്ചതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഇല്ല.

**സർവ്വകലാശാല ചട്ടങ്ങളുടെ പരിഷ്കരണം**

264(1534) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നിലവിലുള്ള ചട്ടങ്ങൾ പതിറ്റാണ്ടുകൾക്ക് മുമ്പ് രൂപീകരിച്ചിട്ടുള്ളവയായതിനാൽ പുതിയ കോളേജുകൾ ആരംഭിക്കുന്നതിലേക്ക് അവയിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള സ്ഥലത്തിന്റെ അളവ് സംബന്ധിച്ച വിവരങ്ങൾ പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പരിഷ്കരണങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ സർവ്വകലാശാലകൾ നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) സ്ഥലത്തിന്റെ അളവ് സംബന്ധിച്ച യു.ജി.സി. മാനദണ്ഡങ്ങൾ പ്രകാരമാണ് സർവ്വകലാശാലകൾ നടപടി സ്വീകരിക്കുന്നത്. യു.ജി.സി. റെഗുലേഷൻ പ്രകാരം വിവിധ സർവ്വകലാശാലകൾ അവയുടെ സ്റ്റാറ്റ്യൂട്ടുകളിൽ ഭേദഗതി വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## സർവ്വകലാശാല ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും

265(1535) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. വി. കെ. പ്രശാന്ത് :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വകലാശാല ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ച് വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഗുണകരമായ രീതിയിൽ ചട്ടങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ പരസ്പരം അംഗീകരിക്കണമെന്നും ദേശീയ പ്രാധാന്യമുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, യു.ജി.സി. അംഗീകാരമുള്ള സർവ്വകലാശാലകൾ എന്നിവ നൽകുന്ന ബിരുദങ്ങൾ സംസ്ഥാനത്തെ തൊഴിൽ ദാതാക്കളും സർവ്വകലാശാലകളും അംഗീകരിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇതു സംബന്ധിച്ച് വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കുമുള്ള പരാതികൾ പരിഹരിക്കുന്നതിന് ഉന്നതാധികാര സമിതിയെ നിയമിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ബിരുദങ്ങളുടെയും അക്കാദമിക് പ്രോഗ്രാമുകളുടെയും തുല്യത, അംഗീകാരം തുടങ്ങിയ വിഷയങ്ങളിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുന്നോട്ടുവച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. G.O.(Ms) No. 272/2018/HEDN dated 13-11-2018. ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ബിരുദങ്ങളുടെയും അക്കാദമിക് പ്രോഗ്രാമുകളുടെയും തുല്യതയും അംഗീകാരവും സംബന്ധിച്ചുള്ള പരാതികൾക്കും പ്രശ്നങ്ങൾക്കും തീർപ്പ് കല്പിക്കാനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ അദ്ധ്യക്ഷനായും സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലെയും വൈസ് ചാൻസലർമാർ അംഗങ്ങളും കൗൺസിൽ മെമ്പർ സെക്രട്ടറി കൺവീനറുമായി സംസ്ഥാനതല അക്കാദമിക് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

## കോളേജുകളുടെയും സർവ്വകലാശാലകളുടെയും പശ്ചാത്തല സൗകര്യ വികസനം

266(1536) <u>ശ്രീ. ആർ. രാജേഷ്</u> :

<u>ശ്രീ. കെ. ഡി. പ്രസേനൻ</u> :

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :

<u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജുകളുടെയും സർവ്വകലാശാലകളുടെയും പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സർവ്വകലാശാലകൾ പരീക്ഷകളും ഫലപ്രഖ്യാപനവും യഥാസമയത്തും ഏകീകൃതമായും നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഇതിനായി നൂതന സാങ്കേതികവിദ്യയുടെ എന്തെല്ലാം സാധ്യതകളാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമത കൈവരിക്കുന്നതിനും അക്കാദമിക സ്ഥാപനങ്ങളുടെ പുനർനവീകരണത്തിനും കോളേജുകളിൽ അക്കാദമിക സ്വയംഭരണം കൊണ്ടുവരുന്നതിനുമായി സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാന സൗകര്യ/പശ്ചാത്തല സൗകര്യ വികസനങ്ങൾക്കായി റൂസ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

- റൂസ 1-ാം ഘട്ടത്തിന്റെ ഭാഗമായി കേരളത്തിലെ ആറ് യൂണിവേഴ്സിറ്റികൾക്ക് ഘടകം 3 പ്രകാരം 20 കോടിരൂപ വീതവും ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾക്ക് ഘടകം 7 പ്രകാരം 2 കോടിരൂപ വീതവും അടിസ്ഥാന സൗകര്യ വികസനത്തിനായി സാമ്പത്തിക സഹായം അനുവദിക്കുകയുണ്ടായി.
- റൂസ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഘടകം 9 പ്രകാരം കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 113 കോളേജുകൾക്ക്
  2 കോടിരൂപ വീതം ഫണ്ട് നൽകുന്ന പദ്ധതിയും സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളെ വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിലൂടെ ബന്ധിപ്പിക്കുന്ന പദ്ധതിയും തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ് കോളേജുകളിൽ 'സ്ത്രീസൗഹൃദ കേന്ദ്രങ്ങൾ' ആരംഭിക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

സർക്കാർ ആർട്സ് & സയൻസ് കോളേജുകളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്ക് 8.5 കോടിരൂപ വീതവും 5 പൈതൃക കോളേജുകൾക്ക് 30 കോടിരൂപ വീതവും 12 പുതിയ കോളേജുകൾക്ക് 10 കോടിരൂപ വീതവും പ്രഖ്യാപിച്ചിരുന്നു. ആയതുപ്രകാരം 36 കോളേജുകൾക്ക് 260.77 കോടിരൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷം കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലെ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി "Infrastructure Upgradation, Development & Maintenance of Govt. Colleges 4202-01-203-72” (ക്യാപിറ്റൽ) ശീർഷകത്തിൽ 30 കോടിരൂപയും "Quality Enhancement & Accreditation 4202-01-203-71” (ക്യാപിറ്റൽ) ശീർഷകത്തിൽ 10 കോടിരൂപയും "Infrastructure Upgradation, Development & Maintenance of Govt. Colleges 2202-02-103-50” (റവന്യൂ) ശീർഷകത്തിൽ 20 കോടിരൂപയും അനുവദിച്ചിട്ടുണ്ട്. സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ ലൈബ്രറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി "Development of Libraries, Laboratories & Furniture 2202-03-103-76” (റവന്യൂ) ശീർഷകത്തിൽ 7.25 കോടിരൂപയും അനുവദിച്ചിട്ടുണ്ട്. 2202-03-103-70 ASSET MAINTENANCE FUND ശീർഷകത്തിൽ 16,81,70,000 രൂപ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിലെ നിലവിലുള്ള asset-ന്റെ maintenance-നും അനുവദിച്ചിട്ടുണ്ട്. മേൽ പദ്ധതികളിലൂടെ സർക്കാർ കോളേജുകളുടെ

അക്കാദമികവും ഭൗതികവുമായ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ ഊർജ്ജിതമായി നടന്നുവരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

സർവ്വകലാശാലകളിലും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള വിവിധ പദ്ധതികൾ നടന്നുവരുന്നുണ്ട്.

(ബി) പരീക്ഷാ നടത്തിപ്പ് സുഗമമാക്കുന്നതിനും റിസൾട്ട് വേഗത്തിൽ പ്രസിദ്ധീകരിക്കുന്നതിനുമായി സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ വൈസ് ചാൻസലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി.-മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾക്കനുസൃതമായി സർവ്വകലാശാലകൾ പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും യഥാസമയം നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്.

(സി) ഇതിനായി ഇ-ഗവേണൻസ് പദ്ധതി, മൊബൈൽ ആപ്പ്, വീഡിയോ കോൺഫറൻസിംഗ്, E-Platforms for Teaching and Learning (Joomla, G-Suite with people Classrooms, Mooc, online courses, E-contents) തുടങ്ങിയവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

വിവിധ സർവ്വകലാശാലകളിലെ പരീക്ഷകളുടെ രജിസ്ട്രേഷൻ, അപേക്ഷകൾ സമർപ്പിക്കൽ, ഫീസ് ഒടുക്കൽ, തുടങ്ങിയവ ഓൺലൈനായി നടത്തുന്നുണ്ട്. മൈഗ്രേഷൻ സർട്ടിഫിക്കറ്റ്, ഡിഗ്രി സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ ഓൺലൈനിൽ ലഭ്യമാക്കുന്നുണ്ട്. കൂടാതെ വ്യക്തിഗത ലോഗിൻ വിവരം ഉപയോഗിച്ച് വിദ്യാർത്ഥികൾക്ക് റിസൾട്ടുകൾ കാണുവാനും മാർക്ക് ലിസ്റ്റുകൾ ഡൗൺലോഡ് ചെയ്യുവാനുള്ള സൗകര്യം, പരീക്ഷ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്. മുഖേന അറിയിക്കുക, പരീക്ഷകളുടെ ചോദ്യപേപ്പറുകൾ ഓൺലൈനായി കോളേജുകളിൽ എത്തിക്കുക തുടങ്ങിയ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്.

മാർക്കുകൾ കമ്പ്യൂട്ടറൈസ്ഡ് ആയി ടാബുലേറ്റ് ചെയ്യുകയും ഇന്റേണൽ മാർക്കുകൾ ഓൺലൈനായി സർവ്വകലാശാല പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്യുകയും ചെയ്യുന്നുണ്ട്. പുനർമൂല്യ നിർണ്ണയത്തിനായി പ്രത്യേക പോർട്ടൽ സജ്ജീകരിക്കുകയും ടി റിസൾറ്റുകൾ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുകയും

ചെയ്യുന്നു. സെമസ്റ്റർ മാർക്ക് ലിസ്റ്റുകൾ പരീക്ഷാഫലത്തോടൊപ്പം ഓൺലൈനായി ലഭ്യമാക്കുകയും ചെയ്തുവരുന്നുണ്ട്. ഉത്തരക്കടലാസുകളുടെ സൂക്ഷിപ്പിനും തിരിച്ചെടുക്കലിനുമായി ഓട്ടോമാറ്റിക് സ്റ്റോറേജ് & റിട്രീവൽ സിസ്റ്റം നടപ്പിലാക്കാൻ കാലിക്കറ്റ് സർവ്വകലാശാലയിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമത കൈവരിക്കുന്നതിന്റെ ഭാഗമായി യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള നിലവാരങ്ങൾ ഉൾക്കൊള്ളുന്നതിന് യു.ജി.സി. റെഗുലേഷൻസ് 2010 അനുസൃതമായി കേരള സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. നിലവിലുള്ള സ്വയംഭരണ കോളേജുകൾക്കുപുറമേ പുതിയ കോളേജുകൾക്ക് സ്വയംഭരണം നൽകുന്നത് സംബന്ധിച്ച സർവ്വകലാശാല നിയമം (മൂന്നാം ഭേദഗതി) ആക്ട് 2014 ഭേദഗതി ചെയ്തതിനുശേഷം തീരുമാനമെടുക്കാവുന്നതാണെന്ന് 1-6-2019-ലെ ഓട്ടോണമി അപ്രൂവൽ കമ്മിറ്റി യോഗം തീരുമാനമെടുത്തിട്ടുണ്ട്.

**കേരള സർവ്വകലാശാലയിൽ മാർക്ക് കൂട്ടി നൽകിയ സംഭവം**

267(1538) ശ്രീമതി ഷാനിമോൾ ഉസ്മാൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ വ്യാജ പാസ് വേഡ് ഉപയോഗിച്ച് ബി.എസ്.സി. ഡിഗ്രി യുടെ പതിനാറ് പരീക്ഷകളിലെ മാർക്ക് കൂട്ടി നൽകി വിദ്യാർത്ഥികളെ വിജയിപ്പിച്ചത് സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) ഇപ്രകാരം അധികം മാർക്ക് ലഭിച്ച വിദ്യാർത്ഥികളെ പ്രോ-വൈസ് ചാൻസലർ അദ്ധ്യക്ഷനായ കമ്മിറ്റി സർവ്വകലാശാല ആസ്ഥാനത്ത് വിളിച്ചുവരുത്തി മോഡറേഷനിലൂടെ നൽകിയ അധിക മാർക്ക് റദ്ദാക്കുവാൻ അനുവാദം തേടിയിട്ടുണ്ടോ;

(സി) കേരള സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിലെ ഏത് വകുപ്പ് പ്രകാരമാണ് ഇപ്രകാരം വിദ്യാർത്ഥികളുടെ അനുവാദം തേടിയത്; വിശദമാക്കാമോ;

(ഡി) അധിക മാർക്ക് മോഡറേഷനിലൂടെ ലഭിച്ച വിദ്യാർത്ഥികളിൽ എത്ര പേർക്ക് ഇതിനകം ഡിഗ്രി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത ഡിഗ്രി സർട്ടിഫിക്കറ്റുകൾ പിൻവലിക്കുന്നതിന് സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിരുന്നോ; വിശദവിവരം നൽകാമോ?

ഉത്തരം

(എ) സർവ്വകലാശാലതലത്തിലുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ട്. ക്രൈംബ്രാഞ്ച് അന്വേഷണം നടന്നുവരുന്നു.

(ബി&സി) വിദ്യാർത്ഥികളുടെ അനുമതി തേടുവാൻ നിയമം നിഷ്കർഷിക്കുന്നില്ല. കേരള സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്, 1977, ചാപ്റ്റർ 31-ലെ ചട്ടങ്ങൾ പ്രകാരമാണ് ഒരിക്കൽ നൽകിയ യോഗ്യത/സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടികൾ കൈക്കൊണ്ടുവരുന്നത്.

(ഡി) 4 (നാല്).

(ഇ) ഉണ്ട്. നടപടികൾ സ്വീകരിച്ചുവരുന്നു.

## കാലിക്കറ്റ് സർവ്വകലാശാല പഠന വകുപ്പുകളിൽ നിലവിലുള്ള അദ്ധ്യാപക ഒഴിവുകൾ

268(1539) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലിക്കറ്റ് സർവ്വകലാശാല പഠന വകുപ്പുകളിൽ നിലവിൽ എത്ര അധ്യാപക തസ്തികളിൽ ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ;

(ബി) C1A II/C1/156687/2019/Admn. Dtd 31-12-2019 (അസിസ്റ്റൻറ് പ്രൊഫസർ), C1A II-C1/162156/2019/Admn. Dtd 31-12-2019 (അസോസിയേറ്റ് പ്രൊഫസർ), C1A II- C1/104750/2019/Admn. Dtd 31-12-2019 (പ്രൊഫസർ) എന്നീ വിജ്ഞാപനങ്ങളിൽ പ്രതിപാദിക്കുന്ന ഒഴിവുകൾ (ഡേറ്റ് ഓഫ് ഒക്കറൻസ് ഓഫ് വേക്കൻസി) ഏത് തീയതി മുതലാണ് നിലവിൽ വന്നതെന്ന് അറിയിക്കാമോ ;

(സി) മേൽ വിജ്ഞാപനത്തിൽ പറയാത്ത സ്ഥിരം അധ്യാപക ഒഴിവുകൾ (ലീവ് വേക്കൻസി അല്ലാത്തവ) കലിക്കറ്റ് സർവ്വകലാശാലാ പഠന വകുപ്പുകളിൽ നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് അറിയിക്കാമോ; ഇത്തരം ഒഴിവുകൾ മേൽ വിജ്ഞാപനത്തിൽ ഉൾപ്പെടുത്താതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 116 അദ്ധ്യാപക തസ്തികകളിൽ ഒഴിവുണ്ട്.

(ബി) ഒഴിവുകൾ നിലവിൽ വന്ന തീയതികൾ തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

(സി) Director (School of distance education) - 1

Director (Academic Staff College) - 1

Director (School of Drama) - 1

Deputy Director (Department of Physical Education)-1

Assistant Director (School of Drama) - 2

ഈ ഒഴിവുകൾ വിജ്ഞാപനത്തിൽ ഉൾപ്പെടുത്താൻ സിൻഡിക്കേറ്റ് തീരുമാനം വരേണ്ടതുണ്ട്.

## കാലിക്കറ്റ് സർവ്വകലാശാലയിലെ നിയമനം

269(1540) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ വൈസ് ചാൻസലറുടെ ചാർജ് ഇപ്പോൾ ആർക്കാണുള്ളതെന്ന് വ്യക്തമാക്കാമോ; വൈസ് ചാൻസലർ നിയമനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കാലിക്കറ്റ് സർവകലാശാലയിൽ കോൺട്രാക്റ്റ് വ്യവസ്ഥയിലും ദിവസവേതനാടിസ്ഥാനത്തിലും ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്താറുള്ളത്; ഇത്തരത്തിൽ നടത്തുന്ന നിയമനങ്ങളുടെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കോൺട്രാക്റ്റ് വ്യവസ്ഥയിലും ദിവസവേതനാടിസ്ഥാനത്തിലും നിയമനം നടത്തുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം നടത്തണമെന്ന് വ്യവസ്ഥയുണ്ടോ; ഈ വ്യവസ്ഥ പാലിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

## ഉത്തരം

(എ) തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാലാ വൈസ് ചാൻസലർ, ഡോ. വി. അനിൽകുമാറാണ് കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസിലറുടെ ചാർജ്ജ് 2019 നവംബർ 20 മുതൽ നിർവ്വഹിക്കുന്നത്.

കാലിക്കറ്റ് സർവ്വകലാശാലയിലെ പുതിയ വൈസ് ചാൻസലറെ തെരഞ്ഞെടുക്കാനുള്ള സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചെങ്കിലും നിർദ്ദിഷ്ട സമയത്തിനുള്ളിൽ നിയമന ശിപാർശ സമർപ്പിക്കാൻ കമ്മിറ്റിക്ക് സാധിച്ചില്ല. പിന്നീട് രൂപീകരിച്ച കമ്മിറ്റി വൈസ് ചാൻസലർ നിയമനത്തിനുള്ള തുടർനടപടികൾ എടുത്തുവരുന്നു.

(ബി) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പ്രോഗ്രാമർ, സിസ്റ്റം അനലിസ്റ്റ്, ടെക്നീഷ്യൻ (ഡാറ്റ സെന്റർ), ടെക്നീഷ്യൻ (നെറ്റ്‌വർക്ക്), ഡി.റ്റി.പി. ഓപ്പറേറ്റർ കം ലേഔട്ട് ഡിസൈനർ, ജൂനിയർ എഞ്ചിനീയർ, വർക്ക്ഷോപ്പ് അസിസ്റ്റന്റ്, ടെക്നീഷ്യൻ (യൂസിക്), പബ്ലിക് അഡ്രസ് സിസ്റ്റം ഓപ്പറേറ്റർ, നഴ്സിംഗ് അസിസ്റ്റന്റ്, പ്ലാന്റേഷൻ അസിസ്റ്റന്റ്, ഹെർബേറിയം ക്യൂറേറ്റർ, ടെക്നീഷ്യൻ (ലൈറ്റിംഗ്, സ്കൂൾ ഓഫ് ഡ്രാമ & ഫൈൻ ആർട്സ്), ഓവർസീയർ, ഇലക്ട്രിസിറ്റി വർക്കർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഡ്രൈവർ, സെക്യൂരിറ്റി ഓഫീസർ, അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ, മെഡിക്കൽ ഓഫീസർ, കോച്ച്, ലെയ്സൺ ഓഫീസർ, സ്വിമ്മിങ് ട്രെയ്നർ, റൂം ബോയ് കം ബിയറെർ, സെക്യൂരിറ്റി ഗാർഡ്, കാലിക്കറ്റ് സർവ്വകലാശാല പഠന വകുപ്പുകളിൽ അസിസ്റ്റന്റ് പ്രൊഫസർ, മ്യൂസിക് കോ-ഓർഡിനേറ്റർ എന്നീ തസ്തികകളിൽ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ട്. പ്രൊഫഷണൽ അസിസ്റ്റന്റ്, ലബോറട്ടറി അസിസ്റ്റന്റ്, മേട്രൺ, സ്വീപ്പർ കം സ്കവൻജർ, പാർട്ട് ടൈം സ്വീപ്പർ, ഗാർഡനർ, ഗ്രൗണ്ട്സ് മെൻ, പമ്പ് ഓപ്പറേറ്റർ, ലാബ് അറ്റൻഡർ, സ്കിൽഡ് വർക്കർ, കൗണ്ടർ, പ്ലേറ്റ് മേക്കർ, ഹെർബേറിയം വർക്കർ, പ്യൂൺ എന്നീ തസ്തികകളിലാണ് ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത്.

കാലിക്കറ്റ് സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ്, കെ.എസ്.& എസ്.എസ്.ആർ. എന്നിവയിലെ വ്യവസ്ഥകൾ, ഗവൺമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, യു.ജി.സി. യോഗ്യതാ മാനദണ്ഡങ്ങൾ എന്നിവയ്ക്ക് വിധേയമായി ഇറക്കുന്ന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. മലപ്പുറം/കോഴിക്കോട് ജില്ലാ സൈനിക വെൽഫെയർ ഓഫീസ് മുഖേന നൽകുന്ന ലിസ്റ്റിൽനിന്നുമാണ് എക്സ് സർവ്വീസ് മെൻ സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ നിയമനം നടത്തുന്നത്.

(സി) കോൺട്രാക്ട് വ്യവസ്ഥയിലും ദിവസവേതനാടിസ്ഥാനത്തിലും നിയമനം നടത്തുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി നിയമനം നടത്തണമെന്ന് വ്യവസ്ഥയുണ്ട്.

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1977, അദ്ധ്യായം IV, പാർട്ട് II, സ്റ്റാറ്റ്യൂട്ട് (11) പ്രകാരം സ്ഥിരനിയമനം നടക്കാൻ വൈകുന്ന സാഹചര്യത്തിൽ നിയമനാധികാരിക്ക് താത്ക്കാലിക നിയമനം നടത്താവുന്നതാണ്. ഇത്തരം നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആശ്രയിക്കുന്നത് നിയമനങ്ങൾക്ക് കാലതാമസമുണ്ടാകാൻ കാരണമാവുകയും സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് തടസം നേരിടുകയും പരീക്ഷാ നടത്തിപ്പ്, പരീക്ഷകളുടെ മൂല്യനിർണ്ണയം, ഫല പ്രഖ്യാപനം തുടങ്ങി സർവ്വകലാശാലയുടെ സമയബന്ധിതമായ സേവനങ്ങൾ വൈകുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നതിനാലാണ് കോൺട്രാക്ട് വ്യവസ്ഥയിലും ദിവസവേതനാടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി അല്ലാതെ നേരിട്ട് നിയമനം നടത്തുന്നത്.

കൂടാതെ, കാലിക്കറ്റ് സർവ്വകലാശാല പഠന വകുപ്പുകളിലെ അദ്ധ്യാപക നിയമനാധികാരം സർവ്വകലാശാല സിൻഡിക്കേറ്റിൽ നിക്ഷിപ്തമാണ്. യു.ജി.സി. നിഷ്കർഷിക്കുന്ന അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതാ വ്യവസ്ഥകൾ, സംവരണം സംബന്ധിച്ച 1958-ലെ കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ അതത് കാലങ്ങളിൽ നിലവിലുള്ള ചട്ടങ്ങൾ തുടങ്ങിയവയ്ക്ക് വിധേയമായി വർഷംതോറും പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലാണ് ടി നിയമനങ്ങൾ നടത്തുന്നത്.

## കുന്ദമംഗലത്ത് അസാപ്പ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക്

270(1543) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കൈവശത്തിലുള്ള ഒരു ഏക്കർ സ്ഥലത്ത് അസാപ്പ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) C4/98/2019-HE ഫയലിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കുന്ദമംഗലത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കൈവശമുള്ള ഒരേക്കർ സ്ഥലത്ത് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ അസാപ്പ്-ന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

**ഹജ്ജ് തീർത്ഥാടനം**

271(1544) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹജ്ജ് തീർത്ഥാടകർക്കായി സർക്കാർ നൽകി വരുന്ന സേവനങ്ങൾ വിശദീകരിക്കുമോ;

(ബി) ഹജ്ജ് തീർത്ഥാടന സഹായ കേന്ദ്രങ്ങൾ ഇപ്പോൾ സംസ്ഥാനത്ത് എവിടെയൊക്കെയാണ് പ്രവർത്തിച്ചു വരുന്നതെന്നറിയിക്കുമോ;

(സി) ഹജ്ജ് തീർത്ഥാടകർക്കായി കൂടുതൽ സഹായകേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഹജ്ജ് അപേക്ഷ സമർപ്പണം മുതൽ ഹജ്ജ് പുറപ്പെടുന്നതുവരെ എല്ലാവിധ സാങ്കേതിക സഹായങ്ങളും സർക്കാർ ഭാഗത്തുനിന്നും നൽകുന്നുണ്ട്. ഹജ്ജ് അപേക്ഷകൾ ഓൺലൈൻവഴി ചെയ്യുന്നതിന് സർക്കാരിന്റെ കീഴിലുള്ള അക്ഷയ കേന്ദ്രങ്ങൾ മികച്ച പിന്തുണയാണ് നൽകിവരുന്നത്. ഹജ്ജ് യാത്ര പുറപ്പെടുന്നതിനുമുമ്പായി ഹാജിമാർക്ക് മൂന്ന് ഘട്ടങ്ങളിലായി പരിശീലനങ്ങൾ നൽകുന്നതിന് സർക്കാർ സംവിധാനങ്ങളിലുള്ള ഓഡിറ്റോറിയങ്ങളും കോൺഫറൻസ് ഹാളുകളും സൗജന്യമായും കുറഞ്ഞ നിരക്കിലും നൽകാറുണ്ട്. കേരള സംസ്ഥാന ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും ഹജ്ജ് തീർത്ഥാടകർക്ക് ഓറൽ പോളിവാക്സിനേഷനും പ്രതിരോധ കുത്തിവയ്പും ആരോഗ്യ പരിപാലനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെയും വിദഗ്ദ്ധ ഡോക്ടർമാരുടെയും നിർദ്ദേശങ്ങളും ഹജ്ജ് തീർത്ഥാടകർക്ക് നൽകുന്നുണ്ട്. ഹജ്ജ് തീർത്ഥാടകർ യാത്ര പുറപ്പെടുന്ന വേളയിൽ ഹജ്ജ് ക്യാമ്പിലെ മുഴുവൻ

സേവനങ്ങളും സംസ്ഥാന സർക്കാർ ഒരുക്കുന്നുണ്ട്. ക്യാമ്പിന്റെ സുഗമമായ പ്രവർത്തനത്തിനും വിവിധ വകുപ്പുകളുമായി ഏകോപനം നടത്തുന്നതിനും ക്യാമ്പിലെ ഹജ്ജ് സെല്ലിലേയ്ക്കാവശ്യമായ സർക്കാർ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നുണ്ട്. കൂടാതെ ഹജ്ജ് യാത്രാ വേളയിൽ ഹാജിമാരെ സൗദി അറേബ്യയിൽ സഹായിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ മുസ്ലീം സമുദായത്തിലെ ജീവനക്കാരെ ഹജ്ജ് വാളന്റിയർമാരായി തെരഞ്ഞെടുത്ത് അയയ്ക്കുന്നു. സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി സർക്കാർ ഗ്രാന്റ് ഇൻ എയ്ഡും അനുവദിക്കാറുണ്ട്.

(ബി) 2020 ഹജ്ജിന്റെ അപേക്ഷ സമർപ്പണത്തിന് ഹാജിമാരെ സഹായിക്കുന്നതിനുവേണ്ടി സംസ്ഥാന ഹജ്ജ് കമ്മിറ്റി താഴെപ്പറയുന്ന സ്ഥലങ്ങളിൽ താൽക്കാലിക ഹജ്ജ് അപേക്ഷ സമർപ്പണ ഓൺലൈൻ കേന്ദ്രം 10-10-2019 മുതൽ 17-12-2019 വരെയായി വിവിധ സമയക്രമങ്ങളിൽ പ്രവർത്തിച്ചിരുന്നു. മേൽ കേന്ദ്രങ്ങളിൽ സൗജന്യമായി ഹജ്ജ് അപേക്ഷ നൽകുന്നതിന് അവസരം ഒരുക്കിയിരുന്നു.

| നം. | ജില്ല | പ്രദേശങ്ങൾ |
|---|---|---|
| 1 | കോഴിക്കോട് | കുറ്റ്യാടി, വടകര, കുന്ദമംഗലം, കൊടുവള്ളി, മാവൂർ, ഉള്ളേര്യരി |
| 2 | മലപ്പുറം | തിരൂർ, കൊണ്ടോട്ടി, മഞ്ചേരി, മലപ്പുറം |
| 3 | എറണാകുളം | പെരുമ്പാവൂർ, ആലുവ |
| 4 | കണ്ണൂർ | തലശ്ശേരി |

കൂടാതെ ഹജ്ജിന് അവസരം ലഭിച്ച ഹാജിമാരുടെ പാസ്പോർട്ടും അനുബന്ധ രേഖകളും സ്വീകരിക്കുന്നതിന് ഈ വർഷം പ്രത്യേക താൽക്കാലിക സ്വീകരണ കേന്ദ്രം ഹജ്ജ് കമ്മിറ്റി ഓഫീസ് ജീവനക്കാരുടെ നേതൃത്വത്തിൽ ജനുവരി 29, 30 ദിവസങ്ങളിൽ എറണാകുളത്തും 30, 31 തീയതികളിൽ കണ്ണൂരും പ്രവർത്തിച്ചിരുന്നു. അതോടൊപ്പം ജനുവരി 16 മുതൽ ഫെബ്രുവരി 25 വരെ കരിപ്പൂരിലെ ഹജ്ജ് ഹൗസിലും പാസ്പോർട്ട് സ്വീകരണ കേന്ദ്രം പ്രവർത്തിച്ചിരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ന്യൂനപക്ഷ യുവാക്കൾക്ക് പി.എസ്.സി./യു.പി.എസ്.സി. പരീക്ഷകൾക്ക് കോച്ചിംഗ്

272(1545) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ അഭ്യസ്തവിദ്യരായ ന്യൂനപക്ഷ യുവാക്കൾക്ക് പി.എസ്.സി./യു.പി.എസ്.സി. പരീക്ഷകൾക്ക് കോച്ചിംഗ് നൽകുന്ന എത്ര സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട് എന്നറിയിക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര കോച്ചിംഗ് സെന്ററുകൾ/സബ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നും മുൻ സർക്കാരിന്റെ കാലത്തുള്ള ഏതെങ്കിലും സെന്ററുകൾ നിർത്തലാക്കിയിട്ടുണ്ടോ എന്നും വിശദമാക്കാമോ;

(സി) നിലവിൽ ഓരോ സെന്ററിലും എത്ര വിദ്യാർത്ഥികളും ജീവനക്കാരും ഉണ്ടെന്നും, ഓരോ സെന്ററിനും വേണ്ടി വരുന്ന പ്രതിമാസ ചെലവിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സെന്ററുകളിൽ പഠിച്ച് പി.എസ്.സി./യു.പി.എസ്.സി. പരീക്ഷകളിൽ വിജയം നേടി സർക്കാർ സർവ്വീസിൽ പ്രവേശിച്ചവരുടെ എണ്ണം ലഭ്യമാക്കുമോ;

(ഇ) ഈ കോച്ചിംഗ് സെന്ററുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്തും മുൻസർക്കാരിന്റെ കാലത്തും അനുവദിച്ച തുക വർഷം തിരിച്ച് ലഭ്യമാക്കുമോ?

### ഉത്തരം

(എ) നിലവിൽ 23 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളും 28 ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് 8 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളും 12 ഉപകേന്ദ്രങ്ങളും അനുവദിച്ചിട്ടുണ്ട്. പൂവച്ചൽ (തിരുവനന്തപുരം), കാഞ്ഞിരമറ്റം (എറണാകുളം) എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഉപകേന്ദ്രങ്ങൾ നിർത്തലാക്കിയിട്ടുണ്ട്.

(സി) ഓരോ പരിശീലന കേന്ദ്രത്തിന്റെയും പ്രതിമാസ ചെലവ് ക്ലാസുകളുടെ എണ്ണം അനുസരിച്ച് വ്യത്യസ്തമാണ്. ഏകദേശ ചെലവ്, കുട്ടികളുടെ എണ്ണം എന്നിവ അനുബന്ധം-1 ആയി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ വിവിധ പരിശീലന കേന്ദ്രങ്ങളിൽ പഠിച്ച് സർക്കാർ സർവ്വീസിൽ 1493 പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

(ഇ) കോച്ചിംഗ് സെന്ററുകളുടെ നടത്തിപ്പിനായി ഈ സർക്കാരിന്റെ കാലത്തും മുൻ സർക്കാരിന്റെ കാലത്തും അനുവദിച്ച തുക സംബന്ധിച്ച വിവരം അനുബന്ധം 2 ആയി ചേർക്കുന്നു. *

## ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ

273(1546) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമർത്ഥരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി, നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സ് സ്കോളർഷിപ്പ് പദ്ധതി, ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള മൂന്ന് വർഷ ഡിപ്ലോമ കോഴ്സിനുള്ള സ്കോളർഷിപ്പ് പദ്ധതി എന്നിവ പ്രകാരം ഈ സർക്കാരിന്റെ കാലത്ത് ആകെ എത്ര തുക വീതം ഓരോ വർഷവും അനുവദിച്ചിട്ടുണ്ട്; ഇതിൽ എത്ര തുക വീതം ഓരോ വർഷവും ചെലവഴിച്ചിട്ടുണ്ട്; ചെലവഴിക്കാത്ത തുക എത്രയാണ്; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പ്രോത്സാഹനത്തിനായി ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും പദ്ധതികൾ പുതിയതായി ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) സമർത്ഥരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, നഴ്സിംഗ്, പാരാമെഡിക്കൽ സ്കോളർഷിപ്പ്, മൂന്ന് വർഷ ഡിപ്ലോമ കോഴ്സിനുള്ള സ്കോളർഷിപ്പ് എന്നീ പദ്ധതികൾക്ക് അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. ഡോ. എ. പി. ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ്:

സർക്കാർ/എയ്ഡഡ്, സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഡോ. എ. പി. ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് നൽകിവരുന്നത്. പ്രതിവർഷം 6000 രൂപയാണ് സ്കോളർഷിപ്പ് തുക.

2. മദർ തെരേസ സ്കോളർഷിപ്പ്:

നഴ്സിംഗ് ഡിപ്ലോമ/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 15000 രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

3. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്

എസ്.എസ്.എൽ.സി./പ്ലസ്ടു/വി.എച്ച്.എസ്.ഇ. തുടങ്ങിയ കോഴ്സുകളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് 10,000 രൂപയാണ് സ്കോളർഷിപ്പ്. ബിരുദത്തിന് എല്ലാ വിഷയങ്ങൾക്കും 80%-നമുകളിലും ബിരുദാനന്തര ബിരുദത്തിന് എല്ലാ വിഷയങ്ങൾക്കും 75%-നമുകളിലും മാർക്ക് നേടുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് തുടർപഠന സഹായത്തിനുള്ള സ്കോളർഷിപ്പ് 15000 രൂപയാണ്. സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചവർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.

## കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി

274(1547) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ആക്ട് പ്രകാരം കേരളത്തിൽ പ്രവർത്തിക്കുന്ന മദ്രസ്സകളുടെ എണ്ണം എത്ര; മദ്രസ്സാദ്ധ്യാപകരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) മദ്രസ്സാദ്ധ്യാപകർക്ക് ഒരു മാസം ശമ്പള ഇനത്തിലും പെൻഷൻ ഇനത്തിലും എത്രരൂപ വീതം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്; ആകെ ഒരു മാസം എത്രരൂപയുടെ ചെലവ് വരുമെന്നറിയിക്കുമോ;

(സി) ക്ഷേമനിധിയിലേയ്ക്ക് സർക്കാരിന്റെ വാർഷിക സംഭാവന/ഗ്രാന്റ് എത്രരൂപയാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ആക്ട് പ്രകാരം 2020 ഫെബ്രുവരി വരെ 22,740 മദ്രസ്സാദ്ധ്യാപകർക്ക് അംഗത്വം നൽകിയിട്ടുണ്ട്. കേരളത്തിലെ മദ്രസ്സാദ്ധ്യാപകരുടെയും മദ്രസ്സകളുടെയും ആകെ വിവരം ലഭ്യമല്ല.

(ബി) മദ്രസ്സാദ്ധ്യാപകർക്ക് ശമ്പളം നിശ്ചയിക്കുന്നതും നൽകുന്നതും സർക്കാരല്ല. ബന്ധപ്പെട്ട മദ്രസ്സാ മാനേജ്മെന്റ് കമ്മിറ്റികളാണ്.

(സി) സർക്കാർ ഗ്രാന്റ് നൽകിയിട്ടില്ല.

## മദ്രസ്സാ ഗ്രാന്റ്

275(1548) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മദ്രസ്സാ ഗ്രാന്റ് ഇനത്തിൽ ഓരോ വർഷവും സംസ്ഥാന സർക്കാർ വകയിരുത്തിയ തുകയും കേന്ദ്രസർക്കാർ ലഭ്യമാക്കിയ തുകയും എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഓരോ വർഷവും എത്ര തുക വീതമാണ് ചെലവഴിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഫണ്ട് ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളിൽ വീഴ്ച വരുത്തിയത് കാരണം ഗ്രാന്റ് നഷ്ടപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മദ്രസ്സ ഗ്രാന്റിനത്തിൽ (SPQM) ഓരോ വർഷവും ടോക്കൺ പ്രൊവിഷനായി ഒരു ലക്ഷംരൂപ വകയിരുത്താറുണ്ട്. എന്നാൽ പ്രസ്തുത ഗ്രാന്റിനത്തിൽ 2013-14-നുശേഷം കേന്ദ്ര സർക്കാർ ഫണ്ട് ഒന്നുംതന്നെ അനുവദിച്ചിട്ടില്ല.

(ബി) ടോക്കൺ പ്രൊവിഷനായി വച്ചിട്ടുള്ള തുക ഒന്നുംതന്നെ ചെലവഴിച്ചിട്ടില്ല.

(സി) പൂർണ്ണമായും കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.പി.ക്യൂ.എം. (മദ്രസ വിദ്യാഭ്യാസം ആധുനികവത്ക്കരണം) വഴി 2010-11, 2013-14 വർഷങ്ങളിലാണ് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചത്. വ്യവസ്ഥകളിൽ വീഴ്ച വരുത്തിയത് കാരണം ഗ്രാന്റ് നഷ്ടപ്പെട്ടിട്ടില്ല.

## ന്യൂനപക്ഷ ക്ഷേമ വകുപ്പിലെ നിയമനങ്ങൾ

276(1549) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ആകെ എത്ര സ്ഥിരം ജീവനക്കാരുണ്ടെന്ന് വെളിപ്പെടുത്താമോ; ഇവർ ഏതെല്ലാം തസ്തികകളിലാണ് ജോലി ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഡയറക്ടർ തസ്തികയിൽ സ്ഥിരം ജീവനക്കാരനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ക്ലർക്ക്-1, പി.ടി.എസ്.-2 എന്നിങ്ങനെ 3 സ്ഥിരം ജീവനക്കാരാണുള്ളത്.

(ബി) സ്പെഷ്യൽ റൂൾ രൂപീകരണവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളനുസരിച്ച് വകുപ്പിന്റെ പ്രൊപ്പോസൽ സർവ്വീസ് സംഘടനകളുമായി 16-3-2020-ന് ചർച്ചയ്ക്ക് വച്ചിരിക്കുകയാണ്.

(സി) സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്ന മുറയ്ക്ക് ഡയറക്ടർ തസ്തികയിൽ സ്ഥിരം ജീവനക്കാരനെ നിയമിക്കാവുന്നതാണ്.

## ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

277(1550) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള ആനുകൂല്യങ്ങളിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) വർദ്ധനവുണ്ടായിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് ന്യൂനപക്ഷ മതവിഭാഗങ്ങൾക്ക് നടപ്പിലാക്കി വന്നിരുന്ന പദ്ധതികൾക്കുപുറമേ ഈ സർക്കാർ അധികാരത്തിൽവന്നശേഷം പുതിയ 3 സ്കോളർഷിപ്പ് (പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്, എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ് ) സ്കീമുകൾ, ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മുസ്ലീം യുവതീയുവാക്കൾക്ക് വിവാഹപൂർവ്വ കൗൺസിലിംഗ് കോഴ്സുകൾ, മദ്രസാ ക്ഷേമനിധി അംഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം എന്നിങ്ങനെ വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നു. കൂടാതെ, വകുപ്പ് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതി കേരളത്തിലെ പത്തനംതിട്ട, തൃശ്ശൂർ ഒഴികെയുള്ള ജില്ലകളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ട്.

(ബി) ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ന്യൂനപക്ഷ യുവജനങ്ങൾക്കായുള്ള പരിശീലന കേന്ദ്രങ്ങൾ

278(1551) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ യുവജനങ്ങൾക്കായുള്ള പരിശീലന കേന്ദ്രങ്ങളുടെ (സി.സി.എം.വൈ) പ്രവർത്തനരീതി വിശദീകരിക്കാമോ;

(ബി) സർക്കാർ ജോലികൾക്കുൾപ്പെടെയുള്ള വിവിധ മത്സര പരീക്ഷകൾക്ക് ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട യുവജനങ്ങളെ തയ്യാറെടുപ്പിക്കുന്നതിനു പ്രസ്തുത കേന്ദ്രങ്ങൾ വഴി വിദഗ്ദ്ധ പരിശീലനം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ന്യൂനപക്ഷങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളിൽ ഇത്തരം കേന്ദ്രങ്ങൾ കൂടുതലായി ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിന് കീഴിൽ നിലവിൽ 23 പരിശീലന കേന്ദ്രങ്ങളും 28 പരിശീലന ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത പരിശീലന കേന്ദ്രങ്ങളിൽ പി.എസ്.സി., യു.പി.എസ്.സി. പരീക്ഷകളിലേയ്ക്കുള്ള പരിശീലനമാണ് നൽകുന്നത്. എല്ലാ വർഷവും ജനുവരി മാസത്തിലും ജൂലൈ മാസത്തിലും പുതിയ ബാച്ച് പ്രവർത്തനം ആരംഭിക്കുന്നു. 6 മാസമാണ് കോഴ്സിന്റെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാലാവധി. എസ്.എസ്.എൽ.സി. അടിസ്ഥാന യോഗ്യതയുള്ള പരീക്ഷയ്ക്കുള്ള റെഗുലർ ബാച്ചും ഹോളിഡേ ബാച്ചും ഡിഗ്രി അടിസ്ഥാന യോഗ്യതയുള്ള പരീക്ഷകൾക്കുള്ള റെഗുലർ ബാച്ചുമാണ് പരിശീലന കേന്ദ്രങ്ങളിൽ നടത്തപ്പെടുന്നത്. കോഴ്സ് കഴിഞ്ഞുപോയവർക്ക് കമ്പയിൻഡ് സ്റ്റഡിക്കുള്ള അവസരവും നൽകുന്നുണ്ട്. കൂടാതെ പ്രീമാരിറ്റൽ കൗൺസിലിംഗ്, കരിയർ ഗൈഡൻസ് ക്ലാസുകൾ എന്നിവയും യുവജന പരിശീലന കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്.

(ബി) സർക്കാർ ജോലിക്കൾപ്പെടെയുള്ള വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനായുള്ള പരിശീലനം ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം വഴി നൽകുന്നുണ്ട്. ഫിസിക്കൽ ടെസ്റ്റ് വേണ്ടിവരുന്ന പരീക്ഷകൾക്ക് ഫിസിക്കൽ ട്രെയിനിംഗും നൽകുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖാന്തരം പുതിയ പദ്ധതികൾ

279(1552) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖാന്തരം എന്തെല്ലാം പുതിയ പദ്ധതികൾ ആണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഇതിനായി എത്രരൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധം-1 ആയി ചേർക്കുന്നു.*

## മദ്രസാദ്ധ്യാപകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ

280(1553) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ വഴി മദ്രസാദ്ധ്യാപകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ വിശദീകരിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മദ്രസാദ്ധ്യാപകർക്കുള്ള ഭവന വായ്പാ പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ഇതുവരെ ലഭിച്ചു; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) എത്ര അപേക്ഷകളിൽ വായ്പ അനുവദിച്ചു; ബാക്കി എന്നത്തേക്ക് അനുവദിക്കുമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മദ്രസാദ്ധ്യാപകർക്ക് പലിശരഹിത ഭവന പദ്ധതിയിൽ ഒരു അപേക്ഷകന് 2,50,000 രൂപ വായ്പ നൽകുന്നുണ്ട്.

(ബി) മദ്രസാദ്ധ്യാപകർക്കുള്ള ഭവന വായ്പാ പദ്ധതി പ്രകാരം ഈ വർഷം ആകെ 211 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. *

(സി) യോഗ്യമായ അപേക്ഷകളിൽ വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

## ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള പദ്ധതി

281(1554) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിധവകൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട എത്ര വിധവകൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ട്; ഇതിനായി എത്രരൂപ ചെലവഴിച്ചിട്ടുണ്ട്; ഇതിന്റെ വിശദവിവരം നൽകാമോ ?

ഉത്തരം

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ ലൈഫ് മുഖേനയാണ് നടപ്പാക്കുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടാതെ, മുൻ വർഷങ്ങളിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ളതും പൂർത്തിയാകാത്തതുമായ ഭവനങ്ങൾക്കാണ് ഇപ്പോൾ വകുപ്പ് മുഖേന ധനസഹായം അനുവദിക്കുന്നത്.

(ബി) അനുബന്ധമായി ചേർക്കുന്നു. *

## ഇന്റർനാഷണൽ ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ

282(1555) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ മലപ്പുറത്ത് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശം നല്കുമോ; നിലവിൽ പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഇതിന്റെ നടത്തിപ്പ് ചുമതല ആർക്കാണ്; ഇതുവഴി സംസ്ഥാനത്തിന് ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

### ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്. ഷാർജ ഭരണാധികാരി കേരളം സന്ദർശിച്ചതിന്റെ ഭാഗമായി നടന്ന ചർച്ചയിൽ ഷാർജയിലെ അധികാരികളുമായി യോജിച്ച് അവിടുത്തെ നിയമവ്യവസ്ഥയ്ക്കനുസൃതമായി അന്തർദേശീയ നിലവാരത്തിൽ കേരളത്തിൽ ഒരു ഇന്റർനാഷണൽ ഡ്രൈവിംഗ് & കോച്ചിംഗ് സെന്റർ ആരംഭിക്കുന്നതിന് ധാരണയായിട്ടുണ്ട്. G.O. (Rt) No. 24/2020/Tran dated 21-1-2020 പ്രകാരം ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിംഗ് & കോച്ചിംഗ് സെന്റർ മലപ്പുറത്ത് ആരംഭിക്കുന്നതിനുവേണ്ട ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വളരെ കുറഞ്ഞ ചെലവിൽ അന്തർദേശീയ നിലവാരത്തിൽ ഡ്രൈവിംഗ് പരിശീലനം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിക്കാവശ്യമായ തുക പുനർവിനിയോഗം വഴി ലഭ്യമാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സ്ഥലം ലഭ്യമായിട്ടില്ല. മലപ്പുറം ജില്ലയിലെ വേങ്ങര എന്ന സ്ഥലത്തെ ഇൻകലിന്റെ ഉടമസ്ഥതയിലുള്ള 30 ഏക്കർ സ്ഥലം 30 വർഷത്തേയ്ക്ക് ലീസ് തുക ഇക്വിറ്റി ഷെയർ വ്യവസ്ഥയിൽ ഷാർജ മോഡൽ ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ നിർമ്മിക്കുവാൻ ലഭ്യമാക്കുന്ന വിഷയം പരിഗണനയിലാണ്. പദ്ധതിയുടെ നടത്തിപ്പ് ചുമതല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് ആന്റ് റിസർച്ച് (IDTR), എടപ്പാൾ എന്ന സ്ഥാപനത്തിനാണ്. കേരളത്തിൽനിന്നും ഗൾഫ് രാജ്യങ്ങൾ, അമേരിക്ക, ഓസ്ട്രേലിയ തുടങ്ങിയ നിരവധി വിദേശ രാജ്യങ്ങളിൽ പോകുന്ന മലയാളികൾക്ക് അന്തർദേശീയ നിലവാരമുള്ള ഡ്രൈവിംഗ് ലൈസൻസ് ലഭ്യമാക്കുക എന്നത് വലിയൊരു കടമ്പയാണ്. പ്രസ്തുത ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ കേരളത്തിൽ ആരംഭിക്കുകവഴി വേഗത്തിൽ ലെഫ്റ്റ് ഹാൻഡ് ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗ് പരിശീലനം എന്നിവ ലഭ്യമാക്കുവാൻ സഹായകമാകുമെന്ന് കരുതുന്നു.

## സംസ്ഥാനത്ത് പുതുതായി ആർ.ടി. ഓഫീസുകൾ

283(1556) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആർ.ടി. ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഒട്ടേറെ വാഹനങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്ന പൂഞ്ഞാർ മണ്ഡലത്തിൽ ഈരാറ്റുപേട്ട കേന്ദ്രമാക്കി പുതിയ ആർ.ടി. ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം (പരവൂർ അല്ലെങ്കിൽ ചാത്തന്നൂർ), മഞ്ചേശ്വരം, നാദാപുരം, മുക്കം, പിറവം, വൈപ്പിൻ, എറണാകുളം ഠൗൺ, കോട്ടയ്ക്കൽ, കുന്ദംകുളം, ഇരിങ്ങാലക്കുട എന്നിവിടങ്ങളിൽ പുതിയ ആർ.ടി./സബ് ആർ.ടി. ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള ഗതാഗത കമ്മീഷണറുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ശ്രീ. പി. സി. ജോർജ്, എം.എൽ.എ. (പൂഞ്ഞാർ) നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഈരാറ്റുപേട്ട ആസ്ഥാനമാക്കി സബ് ആർ.ടി. ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഗതാഗത കമ്മീഷണറിൽനിന്നും ലഭിക്കുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## റോഡ് സേഫ്റ്റി അതോറിറ്റി സ്വീകരിച്ച നടപടികൾ

284(1557) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സേഫ്റ്റി അതോറിറ്റിയുടെ നേതൃത്വത്തിൽ റോഡ് സേഫ്റ്റിക്കായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചു വരുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ റോഡ് സേഫ്റ്റി ഫണ്ടിൽ നിലവിൽ എത്ര തുക നീക്കിയിരുപ്പുണ്ട്; ഈ സർക്കാർ നിലവിൽ വന്നതുമുതൽ 31-3-2019-വരെയുള്ള കാലയളവിലെ പ്രസ്തുത ഇനത്തിലുള്ള തുകയുടെ കണക്ക് ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ച് എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കി; വിശദാംശം നൽകാമോ?

### ഉത്തരം

(എ) റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ റോഡ് സുരക്ഷയ്ക്കായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. സേഫ് കേരള പദ്ധതി

കേരളത്തിലെ റോഡുകളെ അപകടവിമുക്തമാക്കുന്നതിനായി 24 മണിക്കൂറും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള 'സേഫ് കേരള പദ്ധതി'.

2. ശബരിമല സേഫ് സോൺ

ഉത്സവകാലത്ത് ശബരിമല അപകട വിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ചു നടപ്പിലാക്കുന്ന 'ശബരിമല സേഫ് സോൺ പദ്ധതി'.

3. ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ

കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ് - പൊതുമരാമത്ത് - മോട്ടോർ വാഹന വകുപ്പുകളുടെയും സഹായത്തോടെ പരിശോധന നടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുകയും തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

4. മാതൃകാ സുരക്ഷാ വീഥി

സുരക്ഷിത യാത്ര ഉറപ്പ് വരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് സുരക്ഷാ ഇടനാഴികൾ സൃഷ്ടിക്കുന്ന പദ്ധതിയാണിത്. ഇതിലാദ്യത്തേതാണ് ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ – കഴക്കൂട്ടം മാതൃകാ സുരക്ഷാവീഥി. ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതിനായി പരിഗണനയിലുള്ള ചില പദ്ധതികൾ താഴെപ്പറയുന്നു.

1. തൃശ്ശൂർ – കുന്നംകുളം റോഡ് (24 കി. മീ.)
2. എറണാകുളം ഇ-യാത്ര പദ്ധതി (വൈപ്പിൻ – മുനമ്പം)
3. കൊട്ടിയം - കുണ്ടറ (17 കി. മീ.)
4. മെഡിക്കൽ കോളേജ് - പേട്ട, തിരുവനന്തപുരം
5. വെള്ളയമ്പലം - തമ്പാനൂർ, തിരുവനന്തപുരം
6. പാവങ്ങാട് - കോരപ്പുഴ, കോഴിക്കോട് (5.5 കി. മീ.)

5. ബോധവൽക്കരണ പരിപാടികൾ

റോഡ് സുരക്ഷാ വാരാചരണം, എഫ്.എം. ഓൾ ഇന്ത്യ റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ബോധവൽക്കരണ ക്ലാസ്സുകൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസുകൾ, അച്ചടി - ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡുസുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തിവരുന്നു.

6. റോഡ് സുരക്ഷാ വാരാചരണം

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ/പരിശീലന പരിപാടികൾ, കാഴ്ച കുറയ്ക്കുന്നതരത്തിലുള്ള റോഡിനരികിലെ വൃക്ഷശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന സംഗതികൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷംതോറും നടത്തിവരുന്നു. ഈ വർഷത്തെ വാരാചരണം 2020 ജനുവരി 11 മുതൽ 17 വരെ ആയിരുന്നു.

7. സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധ പരിപാടി

കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിനും റോഡ് സുരക്ഷാവാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പ് 2019 ജൂൺ 10 മുതൽ 14 വരെ സംഘടിപ്പിച്ചു. സ്കൂൾ വാഹനങ്ങളുടെ സുരക്ഷ, സ്കൂൾ വാഹനങ്ങളുടെ സുരക്ഷിത യാത്ര ഉറപ്പാക്കൽ എന്നിവയ്ക്കാണ് മുൻഗണന നൽകിയിരിക്കുന്നത്. അദ്ധ്യാപകർ, പി.റ്റി.എ., സ്കൂൾ ജീവനക്കാർ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ് നൽകുകയുണ്ടായി. കൂടാതെ സ്കൂൾ അസംബ്ലിയിൽ റോഡ് സുരക്ഷാ സന്ദേശങ്ങൾ വായിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കേരള റോഡ് സുരക്ഷാ അതോറിറ്റി SCERT-യുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ അവബോധം നൽകുന്നതിനായി റോഡ് സുരക്ഷിത യാത്ര എന്ന കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലാ റോഡ് സുരക്ഷാ അതോറിറ്റിക്കായി 2015-16 വർഷത്തെ ബജറ്റ് വിഹിതമായി 10 ലക്ഷംരൂപ 21-1-2016-ൽ അനുവദിക്കുകയും 6-5-2017-ൽ തുക കൈമാറുകയും ചെയ്തു. ടി തുകയിൽ നിന്ന് 50,450 രൂപ ചെലവഴിച്ചതായുള്ള പാലക്കാട് ജില്ലാ കളക്ടറുടെ 3-12-2019-ലെ റിപ്പോർട്ട് പ്രകാരം 9,49,550 രൂപ നീക്കിയിരിപ്പ് കണക്കാക്കാവുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കാൻ അനുമതി നൽകിയ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

## അമിതവേഗതയും അശ്രദ്ധമായ ഡ്രൈവിംഗും നിയന്ത്രിക്കുന്നതിന് നടപടി

285(1559) <u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. കെ. ജെ. മാക്സി</u> :
<u>ശ്രീ. പി. ഉണ്ണി</u> :
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിരത്തുകളിൽ നാൾക്കുനാൾ വാഹനാപകടങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അമിത വേഗതയും അശ്രദ്ധമായ ഡ്രൈവിംഗും വാഹനാപകടങ്ങളുടെ മുഖ്യ കാരണങ്ങളാകുന്നതിനാൽ ഇവ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ;

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനും റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) റോഡ് സുരക്ഷ സംബന്ധിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിനായി നടത്തിവരുന്ന പരിശീലന പരിപാടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാലാവസ്ഥ, റോഡുകളുടെ പരിമിതികൾ, വാഹനങ്ങളുടെ തകരാറുകൾ, വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എന്നിവയെല്ലാം അപകടങ്ങൾക്ക് കാരണമാകുന്നുവെങ്കിലും മോട്ടോർ വാഹന നിയമ ലംഘനങ്ങളാണ് റോഡപകടങ്ങളുടെ ഏറ്റവും പ്രധാന കാരണം.

(ബി) അമിത വേഗതയും അശ്രദ്ധമായ ഡ്രൈവിംഗും വാഹനാപകടങ്ങളുടെ പ്രധാന കാരണങ്ങളാണ്. ഇത്തരം നിയമലംഘനങ്ങൾ കണ്ടുപിടിക്കപ്പെട്ടാൽ പിഴ ഈടാക്കുന്നതോടൊപ്പം ഡ്രൈവറുടെ ലൈസൻസ് താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ഇത് നിയമലംഘനങ്ങൾ കുറയ്ക്കുന്നതിന് സഹായകരമാകുന്നു.

(സി) റോഡ് സുരക്ഷ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പിൽ 85 പുതിയ സ്ക്വാഡുകൾ കൂടി രൂപീകരിച്ചിട്ടുണ്ട്. സേഫ് കേരള എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി എല്ലാ ജില്ലയിലും കൺട്രോൾ റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കൺട്രോൾ റൂമുകൾ നവീകരിക്കുന്നതിനും ആധുനിക സംവിധാനങ്ങളോടുകൂടി സജ്ജീകരിക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു. ഇതിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി അത്യന്താധുനിക സംവിധാനങ്ങളോടുകൂടിയ 17 ഇന്റർസെപ്റ്റർ വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

വാഹനാപകടങ്ങൾ ഗണ്യമായി കുറയ്ക്കുന്നതിനായി ഒരു വർഷം നീണ്ടുനിൽക്കുന്ന ബോധവൽക്കരണ പരിപാടികൾ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ കേന്ദ്രീകരിച്ച് നടത്തിവരുന്നു. വിവിധ മാധ്യമ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രചരണ പരിപാടികൾ വർഷം ഉടനീളം

നടത്തിവരുന്നു. മലയാള മനോരമയുമായി ചേർന്ന്, കേരള ബ്ലാസ്റ്റേഴ്സിനോടൊപ്പം ഒരു വർഷം നീണ്ടുനിൽക്കുന്ന റോഡ് സുരക്ഷാ പ്രചരണ പരിപാടി മുഖ്യമായും യുവാക്കളെ ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്. ഏഷ്യാനെറ്റുമായും മാതൃഭൂമിയുമായും ചേർന്ന് ഇത്തരം പ്രചരണ പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു.

ആകാശവാണി, എഫ്.എം. സ്റ്റേഷനുകൾ വഴിയും കേരളത്തിലെ എല്ലാ സ്വകാര്യ എഫ്.എം. സ്റ്റേഷനുകൾ വഴിയും റോഡ് സുരക്ഷാ പരിപാടികളും പരസ്യങ്ങളും സന്ദേശങ്ങളും സംപ്രേഷണം ചെയ്തുവരുന്നു.

സ്കൂളുകളിൽ റോഡ് സുരക്ഷാ വാരാചരണം നടത്തി, റോഡ് സുരക്ഷാ ക്ലബ്ബുകൾ പുനരുജ്ജീവിപ്പിക്കാൻ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിൽ എല്ലാ ക്ലാസ് മുറികളിലും റോഡ് സുരക്ഷാ പോസ്റ്ററുകൾ പ്രദർശിപ്പിക്കുവാനും സ്കൂൾ വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ റോഡ് സുരക്ഷ ഉൾപ്പെടുത്തുവാനും ഉദ്ദേശിക്കുന്നു.

ഇതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് പരിശീലനം നൽകുവാൻ തീരുമാനിക്കുകയും അവർക്കുള്ള കൈപ്പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പാഠ്യപദ്ധതിയിൽ റോഡ് സുരക്ഷ ഉൾക്കൊള്ളിക്കുന്നതിന് SCERT-യുമായി സഹകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

പോലീസ് - മോട്ടോർ വാഹന വകുപ്പുകളിൽ നിന്നുള്ള എൻഫോഴ്സ്മെന്റ് കാര്യക്ഷമമാക്കുന്നതിന് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നിർദ്ദേശത്തിന്മേൽ കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് അനുവദിക്കുന്നുണ്ട്. അമിത വേഗതയും മറ്റ് ഗതാഗത നിയമലംഘനങ്ങളുൾപ്പെടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടു വരുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ പോലീസ് - മോട്ടോർ വാഹന വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, അവിനാശി ബസ് അപകടം പോലുള്ള ദുരന്തങ്ങൾ ഇനിയും ആവർത്തിക്കാതിരിക്കുന്നതിനായി ദേശീയപാതയിലും സംസ്ഥാന പാതയിലും എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അമിത വേഗത, വാഹനമോടിക്കവേയുള്ള മൊബൈൽ ഫോൺ ഉപയോഗം, ചരക്കുവാഹനങ്ങളിലെ അമിതഭാരം കയറ്റൽ തുടങ്ങിയ ഗതാഗത കുറ്റകൃത്യങ്ങളിലുൾപ്പെട്ട ഡ്രൈവർമാരുടെ ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടികൾ മോട്ടോർ വാഹന, പോലീസ് വകുപ്പുകൾ സ്വീകരിച്ചുവരുന്നു.

(ഡി) റോഡ് സുരക്ഷാ വാരാചരണം, എഫ്.എം., ഓൾ ഇന്ത്യ റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/

ബോധവൽക്കരണ ക്ലാസുകൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസ്സുകൾ, അച്ചടി - ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡു സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തിവരുന്നു. കൂടാതെ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിനും റോഡ് 'സുരക്ഷാവാരം' കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ 2019 ജൂൺ 10 മുതൽ 14 വരെ നടത്തിയതിൽ സ്കൂൾ വാഹനങ്ങളുടെ സുരക്ഷ, സ്കൂൾ വാഹനങ്ങളുടെ സുരക്ഷിത യാത്ര ഉറപ്പാക്കൽ എന്നിവയ്ക്ക് മുൻഗണന നൽകുകയുണ്ടായി. അദ്ധ്യാപകർ, പി.റ്റി.എ., സ്കൂൾ ജീവനക്കാർ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ് നൽകുവാൻ ഉദ്ദേശിക്കുന്നു. അതുപോലെതന്നെ സ്കൂൾ അസംബ്ലിയിൽ റോഡ് സുരക്ഷാ സന്ദേശങ്ങൾ വായിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കേരള റോഡ് സുരക്ഷാ അതോറിറ്റി SCERT-യുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ അവബോധം നൽകുന്നതിനായി അദ്ധ്യാപകർക്ക് 'റോഡ് സുരക്ഷിത യാത്ര' എന്ന കൈപ്പുസ്തകം തയ്യാറാക്കി പ്രകാശനം നിർവ്വഹിച്ചിട്ടുണ്ട്. കുട്ടികളുടെ പാഠ്യപദ്ധതിയിൽ ഇത് ഒരു വിഷയമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## റോഡ് സേഫ്റ്റി അതോറിറ്റി നടത്തിയ പ്രവർത്തനങ്ങൾ

286(1560) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മെയിൻ സെൻട്രൽ റോഡിൽ സുരക്ഷാ പദ്ധതികൾക്കായി റോഡ് സേഫ്റ്റി അതോറിറ്റി നടത്തിയ പ്രവൃത്തികളുടെയും ആയതിന് ചെലവായ തുകയുടെയും വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി മെയിൻ സെൻട്രൽ റോഡിൽ വാഹന അപകട നിരക്ക് കുറയ്ക്കാൻ സാധിച്ചിട്ടുണ്ടോ എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ മെയിൻ സെൻട്രൽ റോഡിൽ സുരക്ഷാ പദ്ധതികൾക്കായി റോഡ് സുരക്ഷാ അതോറിറ്റി നടത്തിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക്ക് ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 22.5 കോടിരൂപയുടെ പദ്ധതിക്ക് 20-1-2016-ൽ കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ മെയിൻ സെൻട്രൽ റോഡിലെ പ്രദേശങ്ങളും ഉൾപ്പെടുന്നു. ഇതിനായി രണ്ട് ഗഡുക്കളായി 6 കോടിരൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്.

2. വെമ്പായം പോത്തൻകോട് മാർക്കറ്റ് റോഡിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുന്നതിനായി 42,77,321 രൂപ പോലീസിന് അനുവദിച്ചിട്ടുണ്ട്.

3. മണ്ണന്തല-തൈക്കാട് റോഡിൽ ക്രാഷ് ബാരിക്കേഡ്സ്, റോഡ് സുരക്ഷാ ബോർഡുകൾ സ്ഥാപിക്കുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ തിരുവനന്തപുരത്തിന് 32,50,000 രൂപ അനുവദിച്ചിട്ടുണ്ട്.

4. സംസ്ഥാന വ്യാപകമായുള്ള സിഗ്നൽ ലൈറ്റുകളുടെ പരിപാലനത്തിനായി പോലീസ് വകുപ്പിന് 4,78,01,309 രൂപ 13-03-2018-ൽ അനുവദിച്ച പദ്ധതിയും മെയിൻ സെൻട്രൽ റോഡിൽ ഉൾപ്പെടുന്നു. ആദ്യ ഗഡുവായി 1 കോടിരൂപ കൈമാറുകയും ചെയ്തിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**വാഹന പരിശോധനയ്ക്ക് ഇ-വാഹനങ്ങൾ**

287(1561) <u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. പി. ജെ. ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന പരിശോധനയ്ക്ക് ഇ-വാഹനങ്ങൾ ഉപയോഗിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായുള്ള സേഫ് കേരളാ സ്ക്വാഡിന്റെ പ്രവർത്തനം വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് വൈദ്യുത വാഹന നയം സർക്കാർ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇ-വാഹനങ്ങൾക്ക് വേണ്ട മതിയായ ചാർജിങ് സെന്ററുകൾ സംസ്ഥാനത്ത് സ്ഥാപിക്കുന്ന നടപടികൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച 'സേഫ് കേരള' എന്ന പദ്ധതിയുടെ ജില്ലാ ഓഫീസുകളുടെ ഉപയോഗത്തിനായി ഇ-വാഹനങ്ങൾ ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ തൽക്കാലം ഇവ വാഹന പരിശോധനയ്ക്ക് ഉപയോഗിക്കില്ല.

(ബി) സേഫ് കേരള പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലയിലും ഓരോ എൻഫോഴ്സ്മെന്റ് ട്രാൻസ്പോർട്ട് ഓഫീസർമാരെ നിയമിക്കുകയും അവരുടെ കീഴിൽ ആകെ 85 സ്ക്വാഡുകളെ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ക്വാഡുകളിലായി 85 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെയും 255 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെയും നിയമിച്ചിട്ടുണ്ട്. ഈ സ്ക്വാഡുകൾ 8 മണിക്കൂർ ദൈർഘ്യമുള്ള 3 ഷിഫ്റ്റുകളിലായി 24 മണിക്കൂറും പ്രവർത്തിക്കുന്നു. ഈ ഓഫീസുകൾക്കായി 14 ജില്ലകളിലും കെട്ടിടങ്ങളും കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ വാഹനങ്ങൾ വെറ്റ് ലീസ് വ്യവസ്ഥയിൽ ഏറ്റെടുക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു. 2019-ൽ ഈ സ്ക്വാഡുകൾ 2,76,584 മോട്ടോർ വാഹന നിയമ ലംഘന കേസുകൾ (ചെക്ക് റിപ്പോർട്ട്) രജിസ്റ്റർ ചെയ്യുകയും 33,80,72,125 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ഡി) ഇക്കാര്യത്തിൽ കെ.എസ്.ഇ.ബി.യുമായി ധാരണയിലെത്തിയിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ പ്രാഥമിക നടപടിയെന്ന നിലയിൽ ഒരു ചാർജ്ജിംഗ് സ്റ്റേഷൻ സജ്ജമാക്കിയിട്ടുണ്ട്. കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

**നിത്യേന ഉണ്ടാകുന്ന വാഹനാപകടം**

288(1562) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും കൊടിയ വിപത്തുകളിലൊന്നാണ് നിത്യേന ഉണ്ടാകുന്ന വാഹനാപകടങ്ങളും അതിൽ മരണപ്പെടുന്നവരുടെയും ഗുരുതരമായി പരിക്കേൽക്കുന്നവരുടെയും എണ്ണത്തിലുണ്ടാകുന്ന ക്രമാതീതമായ വർദ്ധനവെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം 2019-ൽ സംസ്ഥാനത്തുണ്ടായ വാഹനാപകടങ്ങളുടെ എണ്ണം, അതിൽ മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും എണ്ണം എന്നിവ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) മോട്ടോർ വാഹന നിയമം കേന്ദ്ര സർക്കാർ ഭേദഗതി വരുത്തി പിഴ വർദ്ധിപ്പിച്ചതിന് പിന്നാലെ അത് കർശനമായി നടപ്പാക്കിയ സംസ്ഥാനമാണ് തമിഴ്നാട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കാരണത്താൽ കഴിഞ്ഞ വർഷം തമിഴ്നാട്ടിൽ റോഡപകടങ്ങളിൽ മുപ്പത്തി രണ്ട് ശതമാനത്തിന്റെ കുറവുണ്ടായെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; അറിയിക്കാമോ;

(ഇ) അതേ സമയം കേരളത്തിൽ ഏകപക്ഷീയമായി പിഴ കുറയ്ക്കുകയും വാഹന പരിശോധനയുടെ എണ്ണത്തിൽ കുറവു വരുത്തുകയും ഉണ്ടായോ; വ്യക്തമാക്കാമോ;

(എഫ്) എങ്കിൽ റോഡ് സുരക്ഷയിൽ തമിഴ്നാട് നൽകുന്ന സുരക്ഷാപാഠങ്ങൾ ഉൾക്കൊള്ളുന്നതിനും പഠന വിധേയമാക്കുന്നതിനും സർക്കാർ ആലോചിക്കുന്നുണ്ടോ;വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മോട്ടോർ വാഹന നിയമങ്ങളുടെ ലംഘനമാണ് വാഹനാപകടങ്ങൾക്കും തൻമൂലമുണ്ടാകുന്ന മരണങ്ങൾക്കും പ്രധാന കാരണമാകുന്നത്. ഇത് തടയുന്നതിന് ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഫലമായി കഴിഞ്ഞ മൂന്ന് മാസത്തെ മരണസംഖ്യ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

| മാസം | മരണസംഖ്യ | മുൻ വർഷം ഇതേ മാസത്തെ മരണസംഖ്യ |
|---|---|---|
| 2019 നവംബർ | 330 | 352 |
| 2019 ഡിസംബർ | 360 | 436 |
| 2020 ജനുവരി | 387 | 459 |

(ബി) വാഹനാപകടങ്ങളുടെ എണ്ണം - 41111

മരണപ്പെട്ടവരുടെ എണ്ണം - 4440

പരിക്കേറ്റവരുടെ എണ്ണം - 46055

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പരിശോധിച്ചിട്ടില്ല.

(ഇ) മോട്ടോർ വാഹന വകുപ്പ് പരിശോധനയുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടില്ല.

(എഫ്) പരിശോധിക്കുന്നതാണ്.

## പാറശ്ശാല മണ്ഡലത്തിൽ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ

289(1563) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ എത്ര പ്രവൃത്തികൾ നടത്തിയിട്ടുണ്ട്; അവ ഏതെല്ലാമെന്നും എത്ര തുക വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പാറശ്ശാല നിയോജകമണ്ഡലത്തിൽനിന്നും പുതുതായി പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പോലീസ് വകുപ്പിൽ നൽകിയ തുക

1. കരമന-കളിയിക്കാവിള റോഡിൽ ട്രാഫിക്ക് സിഗ്നൽ സ്ഥാപിക്കുന്നതിനുവേണ്ടി 8-9-2016-ൽ 63,81,145 രൂപ.
2. പള്ളിപ്പുറം സി.ആർ.പി.എഫ്.-ൽ ട്രാഫിക്ക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി 23-9-2016-ൽ 12,11,680 രൂപ.
3. പോത്തൻകോട്, വെമ്പായം, പഴകുറ്റി, നെടുമങ്ങാട് റോഡിൽ ട്രാഫിക്ക് സിഗ്നൽ സ്ഥാപിക്കുന്നതിനുവേണ്ടി 1-3-2017-ൽ 42,77,321 രൂപ.

4. പൂജപ്പുര ജംഗ്ഷനിൽ സിഗ്നലുകൾ സ്ഥാപിക്കുന്നതിനും ബയോടെക്നോളജി ജംഗ്ഷനിൽ വാണിംഗ് ബ്ലിങ്കറുകൾ സ്ഥാപിക്കുന്നതിനും
13-4-2017-ൽ 13,92,087 രൂപ.

5. പാറ്റൂർ ഐ ഹോസ്പിറ്റൽ ജംഗ്ഷനിൽ Cautionary Signal System സ്ഥാപിക്കുന്നതിനായി 22-1-2019-ൽ 50,000 രൂപ.

<u>പൊതുമരാമത്ത് വകുപ്പിന് നൽകിയ തുക</u>

കരമന - പ്രാവച്ചമ്പലം റോഡ് അപകടവിമുക്തമാക്കുന്നതിനുവേണ്ടി 1-3-2017-ൽ 25,00,000/-രൂപ.

<u>ആരോഗ്യ വകുപ്പിന് നൽകിയ തുക</u>

29.08.2017-ൽ 38,88,051/-രൂപ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ട്രോമകെയർ സ്ഥാപിക്കുന്നതിനുവേണ്ടി.

<u>ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ</u>

വട്ടപ്പാറ, ചിറ്റാഴ, അമ്പലനഗർ, പള്ളിവിള, കണക്കോട് എന്നിവിടങ്ങളിൽ റോഡ് സേഫ്റ്റി ബാരിയേഴ്സ്, ബോർഡുകൾ എന്നിവ സ്ഥാപിക്കുന്നതിനായി 15-11-2018-ൽ 32,50,000 രൂപ.

തിരുവനന്തപുരം സിറ്റി പോലീസിനുവേണ്ടി ട്രാഫിക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമായി 3,97,200 രൂപ തിരുവനന്തപുരം ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന് കൈമാറിയിട്ടുണ്ട്.

(ബി & സി) പാറശ്ശാല നിയോജകമണ്ഡലത്തിൽ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളുടെ പ്രൊപ്പോസലുകൾ ഒന്നും സമർപ്പിച്ചിട്ടില്ല. ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ മുഖേനയോ വകുപ്പ് അദ്ധ്യക്ഷന്മാർ മുഖേനയോ പദ്ധതി നിർദ്ദേശങ്ങൾ ലഭിക്കുന്നമുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**സംസ്ഥാനത്തെ റോഡപകടങ്ങൾ**

290(1564) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റ് സംസ്ഥാനങ്ങളേക്കാൾ റോഡപകട നിരക്ക് കേരളത്തിൽ കൂടുതലാണോ; എങ്കിൽ വിശദമാക്കാമോ;

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ഡി) 2019 ജനുവരി 1 മുതൽ ഡിസംബർ 31 വരെ റോഡപകടങ്ങളിൽ മരിച്ചവരുടെ എണ്ണം ജില്ലതിരിച്ച് വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത കാലയളവിൽ ഇരുചക്ര വാഹനാപകടങ്ങളിൽ മരിച്ചവരുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) റോഡപകടങ്ങൾ ക്രമാതീതമായി വർദ്ധിക്കുന്നില്ലായെന്ന് 2019-ലെ SCRB ഡാറ്റാ പരിശോധിക്കുമ്പോൾ ബോദ്ധ്യപ്പെടുന്നുണ്ട്. 2019-ലെ ചെറുതും വലുതുമായ റോഡപകടങ്ങളുടെ കണക്കെടുക്കുമ്പോൾ മുൻ വർഷത്തേതിൽനിന്നും വർദ്ധനനിരക്ക് ഏതാണ്ട് പകുതിയായി കുറഞ്ഞതായി കാണാവുന്നതാണ്.

(ബി) ഇന്ത്യയിൽ ആകമാനമുള്ള റോഡപകടങ്ങൾ കണക്കിലെടുക്കുമ്പോൾ, അപകട വർദ്ധന നിരക്കിൽ മറ്റ് സംസ്ഥാനങ്ങളെ പരിഗണിച്ചാൽ കേരളം പതിനാറാം സ്ഥാനത്താണ്.

(സി) റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ റോഡ് സുരക്ഷയ്ക്കായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1) <u>സേഫ് കേരള പദ്ധതി</u>

കേരളത്തിലെ റോഡുകളെ അപകടവിമുക്തമാക്കുന്നതിനായി 24 മണിക്കൂറും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള സേഫ് കേരള എന്ന പേരിൽ മോട്ടോർ വാഹന വകുപ്പ് 85 പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ സ്ക്വാഡുകൾ കേരളത്തിലെ പ്രധാന റോഡുകളിലും അപകട സാധ്യതയുള്ള മേഖലകളിലും 8 മണിക്കൂർ വീതമുള്ള 3 ഷിഫ്റ്റുകളിലായി എല്ലാ ദിവസവും പട്രോളിംഗ് നടത്തിവരുന്നു. നിയമലംഘനങ്ങൾക്കെതിരെ ലൈസൻസ് റദ്ദുചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു.

2) <u>ശബരിമല സേഫ് സോൺ</u>

ഉത്സവകാലത്തെ ശബരിമല അപകടവിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതി.

3) ബ്ലാക്ക് സ്പോട്ട് പരിഹാരനടപടികൾ

കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്-പൊതുമരാമത്ത്-മോട്ടോർ വാഹന വകുപ്പുകളുടെയും സഹായത്തോടെ പരിശോധന നടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

4) മാതൃകാ സുരക്ഷാ വീഥി

സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് സുരക്ഷാ ഇടനാഴികൾ സൃഷ്ടിക്കുന്ന പദ്ധതിയാണിത്. ഇതിലാദ്യത്തേതാണ് ലോകബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ-കഴക്കൂട്ടം മാതൃകാ സുരക്ഷാവീഥി. ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതിനായി പരിഗണനയിലുള്ള ചില പദ്ധതികൾ താഴെപ്പറയുന്നു.

1. തൃശ്ശൂർ-കുന്നംകുളം റോഡ് (24 കി.മീ.)
2. എറണാകുളത്തെ ഇ-യാത്ര പദ്ധതി (വൈപ്പിൻ-മുനമ്പം)
3. കൊട്ടിയം-കുണ്ടറ (17 കി.മീ.)
4. മെഡിക്കൽ കോളേജ് -പേട്ട, തിരുവനന്തപുരം
5. വെള്ളയമ്പലം - തമ്പാനൂർ, തിരുവനന്തപുരം
6. പാവങ്ങാട്-കോരപ്പുഴ, കോഴിക്കോട് (5.5 കി.മീ.)

5) ബോധവൽക്കരണ പരിപാടികൾ

റോഡ് സുരക്ഷാ വാരാചരണം, എഫ്.എം. ഓൾ ഇന്ത്യാ റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ബോധവൽക്കരണ ക്ലാസ്സുകൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസ്സുകൾ, അച്ചടി-ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡു സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തിവരുന്നു.

6) റോഡ് സുരക്ഷാ വാരാചരണം

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ/പരിശീലന പരിപാടികൾ, കാഴ്ചകുറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന സംഗതികൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷംതോറും നടത്തിവരുന്നു. ഈ വർഷത്തെ വാരാചരണം 2020 ജനുവരി 11 മുതൽ 17 വരെ ആയിരുന്നു.

7) സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധ പരിപാടി

കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിനും റോഡ് സുരക്ഷാവാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പ് 2019 ജൂൺ 10 മുതൽ 14 വരെ സംഘടിപ്പിച്ചു. സ്കൂൾ വാഹനങ്ങളുടെ സുരക്ഷ, സ്കൂൾ വാഹനങ്ങളുടെ സുരക്ഷിത യാത്ര ഉറപ്പാക്കൽ എന്നിവയ്ക്കാണ് മുൻഗണന നൽകിയിരിക്കുന്നത്. അദ്ധ്യാപകർ, പി.റ്റി.എ., സ്കൂൾ ജീവനക്കാർ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ് നൽകുകയുണ്ടായി. കൂടാതെ സ്കൂൾ അസംബ്ലിയിൽ റോഡ് സുരക്ഷാ സന്ദേശങ്ങൾ വായിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കേരള റോഡ് സുരക്ഷാ അതോറിറ്റി SCERT-യുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ അവബോധം നൽകുന്നതിനായി റോഡ് സുരക്ഷിത യാത്ര എന്ന കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.

(ഡി) 2019 ജനുവരി 1 മുതൽ ഡിസംബർ 31 വരെ റോഡപകടങ്ങളിൽ മരണപ്പെട്ട എണ്ണം ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | 2019-ൽ മരണപ്പെട്ടവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 547 |
| കൊല്ലം | 440 |
| പത്തനംതിട്ട | 170 |
| ആലപ്പുഴ | 409 |
| കോട്ടയം | 281 |
| എറണാകുളം | 492 |
| ഇടുക്കി | 106 |

| | |
|---|---|
| തൃശ്ശൂർ | 413 |
| പാലക്കാട് | 397 |
| മലപ്പുറം | 364 |
| കോഴിക്കോട് | 381 |
| വയനാട് | 78 |
| കണ്ണൂർ | 243 |
| കാസർഗോഡ് | 119 |

(ഇ) പ്രസ്തുത കാലയളവിൽ ഇരുചക്ര വാഹനാപകടങ്ങളിൽ മരണപ്പെട്ട എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | 2019-ൽ മരണപ്പെട്ടവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 403 |
| കൊല്ലം | 333 |
| പത്തനംതിട്ട | 110 |
| ആലപ്പുഴ | 283 |
| കോട്ടയം | 181 |
| എറണാകുളം | 339 |
| ഇടുക്കി | 51 |
| തൃശ്ശൂർ | 281 |
| പാലക്കാട് | 282 |
| മലപ്പുറം | 248 |
| കോഴിക്കോട് | 277 |
| വയനാട് | 47 |
| കണ്ണൂർ | 172 |
| കാസർഗോഡ് | 82 |

## റോഡപകടങ്ങൾ കുറയ്ക്കാൻ നടപടി

291(1565) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2017, 2018, 2019 എന്നീ വർഷങ്ങളിൽ റോഡപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(ബി) റോഡപകടങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നതിന് പ്രധാന കാരണം മോട്ടോർ വാഹന നിയമങ്ങളുടെയും ട്രാഫിക് നിയമങ്ങളുടെയും ലംഘനമാണെന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഹെൽമറ്റ് നിർബന്ധമാക്കിയതിനുശേഷം ടൂവീലർ അപകടങ്ങൾ മൂലമുള്ള പരിക്കുകളും മരണങ്ങളും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

### ഉത്തരം

(എ)

| വർഷം | പരിക്കേറ്റവരുടെ എണ്ണം | മരണപ്പെട്ടവർ |
|---|---|---|
| 2017 | 42671 | 4131 |
| 2018 | 45458 | 4303 |
| 2019 | 46055 | 4440 |

(ബി) മോട്ടോർ വാഹന വകുപ്പ് നിയമലംഘനങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. മദ്യപിച്ച് വാഹനമോടിക്കുക, അമിത വേഗത, അമിത ഭാരം കയറ്റി വാഹനം ഓടിക്കുക, മൊബൈൽ ഫോൺ ഉപയോഗം, Red light jumping എന്നീ കുറ്റങ്ങൾക്കെതിരെ ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു. 2019-ൽ 28020 ലൈസൻസുകൾ സസ്പെന്റ് ചെയ്യുകയും 276584 കേസ്സുകൾ (check reports) രജിസ്റ്റർ ചെയ്യുകയും 33,80,72,125 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ നിർബന്ധമാക്കുകയും ആയത് സംബന്ധിച്ച് ബോധവൽക്കരണ പരിപാടികളും വാഹന പരിശോധനകളും ആരംഭിച്ചതോടുകൂടി കഴിഞ്ഞ 3 മാസത്തെ അപകട/മരണ നിരക്ക് കുറഞ്ഞിട്ടുണ്ട്.

| മാസം | മരണസംഖ്യ | മുൻ വർഷം ഇതേ മാസത്തെ മരണസംഖ്യ |
|---|---|---|
| 2019 നവംബർ | 330 | 352 |
| 2019 ഡിസംബർ | 360 | 436 |
| 2020 ജനവരി | 387 | 459 |

## സ്വകാര്യ ആഡംബര ബസ്സുകളുടെമേലുള്ള നിയന്ത്രണം

292(1566) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ആഡംബര ബസ്സുകൾ പെർമിറ്റില്ലാതെ ഓടിക്കുവാൻ കഴിയുന്ന വിധത്തിൽ കേന്ദ്ര മോട്ടോർ വാഹന നിയമം ഭേദഗതി ചെയ്യുവാനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്രസർക്കാരിന്റെ പ്രസ്തുത നീക്കം കെ.എസ്.ആർ.ടി.സി.യെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) അന്തർസംസ്ഥാന പാതയിൽ സ്വകാര്യ ആഡംബര ബസ്സുകൾക്ക് പെർമിറ്റ് ആവശ്യമില്ലായെന്ന് വന്നാൽ അവയുടെ മേൽ സംസ്ഥാന സർക്കാരിന് നിലവിലുള്ള നിയന്ത്രണം നഷ്ടമാകുന്ന സാഹചര്യം ഉണ്ടാകുമോ;

(ഡി) കേന്ദ്രനീക്കത്തിനെതിരെ സംസ്ഥാന സർക്കാരിന്റെ പ്രതികരണം രേഖാമൂലം അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള കേന്ദ്രത്തിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം 7-1-2020 തീയതിയിൽ RT-16011/10/2019-T നമ്പരായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം എ.സി. ഡീലക്സ് ശ്രേണിയിലുള്ള 22 സീറ്റുകൾക്ക് മുകളിലുള്ള ബസുകൾക്ക് മോട്ടോർ വാഹന നിയമത്തിലെ 66(1) വകുപ്പ് പ്രകാരമുള്ള വ്യവസ്ഥകൾ ഒഴിവാക്കണമെന്ന നിർദ്ദേശം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 7-1-2020 തീയതിയിലെ RT-16011/10/2019-T നമ്പരായി പ്രാഥമിക വിജ്ഞാപനം എ.സി., ഡീലക്സ് ബസ്സുകൾക്ക് നിലവിലുള്ള പെർമിറ്റ് വ്യവസ്ഥകൾ ഒഴിവാക്കി

നൽകുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കുകയാണെങ്കിൽ ആയത് കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള രാജ്യത്തിലെ എല്ലാ എസ്.റ്റി.യു.-കളുടെയും നിലനിൽപ്പിനെ വലിയ അർത്ഥത്തിൽ പ്രതിസന്ധിയിലാക്കും. പുതിയ നിർദ്ദേശം നടപ്പിലാക്കിയാൽ കൂടുതൽ കൂടുതൽ സ്വകാര്യ കോൺട്രാക്ട് ക്യാരേജുകൾ സർവ്വീസ് നടത്തുന്നതിന് എത്തിച്ചേരുന്നതും ഇത് കെ.എസ്.ആർ.ടി.സി.-യുടെ പൂർണ്ണ തകർച്ചയ്ക്ക് വഴിവയ്ക്കുമെന്നുള്ളതുമാണ്. കൂടാതെ, ഏത് കോൺട്രാക്ട് ക്യാരേജുകൾക്കും എവിടേയ്ക്കും ആവശ്യാനുസരണം ഇഷ്ടമുള്ള തുക ഈടാക്കി യാതൊരുവിധ നിയന്ത്രണങ്ങളും ഇല്ലാതെതന്നെ സർവ്വീസ് നടത്താവുന്ന സാഹചര്യം വന്നുചേരും. ടി നിർദ്ദേശം നടപ്പിലാക്കിയാൽ നിലവിൽ രാത്രികാലത്ത് അനധികൃതമായി നടത്തുന്ന ദീർഘദൂര സർവ്വീസുകൾ/അന്തർസംസ്ഥാന സർവ്വീസുകൾ കേരളത്തിലെ എല്ലാ പ്രധാന സ്ഥലങ്ങളിലും വ്യാപകമായി നടത്തുകയും ടി സർവ്വീസുകളെ നിയമപരമായി തടയുവാൻ കഴിയാത്ത സാഹചര്യം ഉടലെടുക്കുകയും ചെയ്യും. യാത്രക്കാരുടെ സുരക്ഷിതത്വം ഇത്തരം സർവ്വീസുകളിൽ ഉറപ്പുവരുത്തുന്നതിന് കഴിയുകയില്ല.

(സി) ഇത്തരം വാഹനങ്ങൾ കേരളത്തിനകത്തോ കേരളത്തിന് പുറത്തേയ്ക്കോ സർവ്വീസ് നടത്തുമ്പോൾ സർക്കാരിന് യാതൊരുവിധ നിയന്ത്രണങ്ങളും ഏർപ്പെടുത്താൻ സാധിക്കുകയില്ല. ഇപ്പോൾ യാത്രക്കാർക്ക് നേരെയുണ്ടാകുന്ന അക്രമങ്ങളിൽ പെർമിറ്റ് വ്യവസ്ഥകൾ അടിസ്ഥാനപ്പെടുത്തിയാണ് മോട്ടോർ വാഹന വകുപ്പ് നടപടി സ്വീകരിക്കുന്നത്. പെർമിറ്റ് വ്യവസ്ഥകളില്ലാതാകുമ്പോൾ സർക്കാരിന് ഇത്തരം സർവ്വീസുകളിന്മേലുള്ള നിയന്ത്രണം ഇല്ലാതാകുന്നു. ഇതോടൊപ്പംതന്നെ ബസ് ചാർജ് എന്ന ടിക്കറ്റ് നിയന്ത്രണം സർക്കാരിന് ഇല്ലാതെയാകും. ഉയർന്ന സൗകര്യമുള്ള ഇത്തരം ബസ്സുകളിൽ അമിത ചാർജ് ഈടാക്കാൻ ഇടയാകുന്നതുമൂലം സാധാരണക്കാരായ യാത്രക്കാർക്ക് ഇത്തരം സർവ്വീസുകൾ അപ്രാപ്യമാകും.

(ഡി) പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നത് സംബന്ധിച്ച സംസ്ഥാന സർക്കാരിനുള്ള എതിർപ്പുകൾ അറിയിക്കുന്നതിന് മുന്നോടിയായി വിവിധ ട്രേഡ് യൂണിയനുകളുമായും കെ.എസ്.ആർ.ടി.സി., മോട്ടോർ വാഹന ഉദ്യോഗസ്ഥരുമായും ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി 22-1-2020-ന് ചർച്ച നടത്തിയിട്ടുള്ളതും വിശദാംശങ്ങൾ ക്രോഡീകരിച്ച് സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്. കേന്ദ്ര സർക്കാരിൽനിന്നും പ്രതികരണം ഒന്നും ലഭിച്ചിട്ടില്ല.

## കെ.എസ്.ആർ.ടി.സി.-യിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

293(1567) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ വരുമാന വർദ്ധനവിനും കാര്യക്ഷമമായ പ്രവർത്തനത്തിനും ഉതകുന്ന രീതിയിൽ നടപ്പാക്കിയ പുനരുദ്ധാരണ നടപടികൾ ഫലപ്രാപ്തിയിൽ എത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചും ജീവനക്കാരെ ശാസ്ത്രീയമായി വിന്യസിച്ചും ജോലിസമയം വർദ്ധിപ്പിച്ചും നടത്തിയ ക്രമീകരണങ്ങൾ ഫലപ്രദമായിരുന്നോയെന്ന് അറിയിക്കാമോ;

(സി) വർക്ക്ഷോപ്പുകളുടെ പ്രവർത്തനം, ടയർ റീട്രെഡിംഗ്,എഞ്ചിൻ റീ കണ്ടീഷനിംഗ്, വാഹന ഉപയോഗ നിരക്ക് എന്നീ മേഖലകളിൽ നടപ്പാക്കിയ പരിഷ്കാരങ്ങളുടെ നേട്ടങ്ങൾ വിവരിക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ ഇന്ധന ഉപയോഗക്ഷമത (കെ.എം.പി.എൽ) ദേശീയ ശരാശരിക്കൊപ്പം എത്തിക്കുന്നതിന് സ്വീകരിച്ച നടപടികളും ആയതിന്റെ ഫലമായി ഉണ്ടായ പുരോഗതിയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) കെ.എസ്.ആർ.ടി.സി.-യിൽ ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനേജ്മെന്റ് വിദഗ്ദ്ധനായ പ്രൊഫ. സുശീൽ ഖന്നയെ കൺസൾട്ടന്റ് ആയി നിയമിക്കുകയും ടിയാൻ നടത്തിയ സമഗ്രപഠനത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ പുന:ക്രമീകരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വായ്പാ പുനഃസംഘടനയുടെ ഫലമായി വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം ഗണ്യമായ തുക ലഭിക്കുവാൻ

കഴിഞ്ഞിട്ടുണ്ട്. മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി പ്രൊഫഷണലുകളെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കോർപ്പറേഷനെ സ്വയംപര്യാപ്തമായ 3 മേഖലകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവന സമയം 7 മണിക്കൂറിൽനിന്നും 8 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്. കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രാവീണ്യം തെളിയിച്ചവരെ ഓപ്പൺ മാർക്കറ്റിൽനിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ജി.പി.എസ്., വി.റ്റി.എസ്., ഓൺലൈൻ റിസർവ്വേഷൻ, പി.ഐ.എസ്., ഇൻവെന്ററി മോഡ്യൂൾ, എച്ച്.ആർ. മോഡ്യൂൾ, ഇ.ആർ.പി. (Accounting software) എന്നിവയെല്ലാം കൂടി ക്രോഡീകരിക്കുന്നതിനും സമർത്ഥമായ ഗതാഗത സംവിധാനം കൊണ്ടുവരുന്നതിനും വിശദമായ ഒരു DPR കെ.എസ്.ആർ.ടി.സി. സ്വന്തം നിലയിൽതന്നെ തയ്യാറാക്കി ടെൻഡർ വിളിച്ചിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യിൽ സർവ്വീസ് ഓപ്പറേഷൻസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് റൂട്ട് റാഷണലൈസേഷൻ, ഷെഡ്യൂൾ ക്രോണോളജി തുടങ്ങിയവ തയ്യാറാക്കുന്നതിലേയ്ക്കായി നിലവിലെ ഇ.റ്റി.എം., ഓൺലൈൻ ട്രാക്കിംഗ് ഡാറ്റാ ബെയ്സ് മുതലായവ ഉപയോഗിച്ച് ഡാറ്റാ അനലൈറ്റിക്സ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വരുമാനം കുറവുള്ള സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോർപ്പറേഷന് വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സമാന്തര സർവ്വീസുകൾ നിയന്ത്രിച്ചുവഴി കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.

പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനും പുതിയ വർക്ക് നോംസ് തയ്യാറാക്കുന്നതിനുമായി സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ തയ്യാറാക്കിയ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നത് പുരോഗതിയിലാണ്. ബസ് നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർക്ക്ഷോപ്പുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ജോലിസമയം ക്രമീകരിച്ചിട്ടുണ്ട്. ഇന്ധനക്ഷമത, ടയർ കെ.എം.പി.എൽ., ലൂബ്രിക്കന്റ്സ് എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. പർച്ചേസ് നടത്തുന്നതിൽ വരുത്തിയ മാറ്റങ്ങൾ, ഡീസൽ വിലയിലെ കിഴിവ് എന്നിവ മുഖാന്തരം പ്രതിമാസം 4.0 കോടിരൂപ ചെലവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ടിക്കറ്റിതര വരുമാനം 2017-18-ലെ പ്രതിമാസം ശരാശരി വരുമാനമായ 1.70 കോടിരൂപയിൽനിന്നും 3.14 കോടിരൂപയായി വർദ്ധിച്ചിട്ടുണ്ട്. ടിക്കറ്റുകൾ മുൻകൂർ

ബുക്ക് ചെയ്യുന്നതിന് പരിഷ്ക്കരിച്ചതും കൂടുതൽ നൂതന സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവ്വേഷൻ സംവിധാനം M/s. Abhibus മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റലൈസേഷന്റെ ഭാഗമായി യാത്രക്കാർക്ക് കൂടുതൽ സൗകര്യപ്രദമാകും വിധം 26 റിസർവ്വേഷൻ കൗണ്ടറുകളിൽ Point of Sale (POS) മെഷീനുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

സാമ്പത്തിക പ്രതിസന്ധിമൂലം പെൻഷൻ വിതരണം ചെയ്യാൻ സാധിക്കാതെ വന്നപ്പോൾ സർക്കാർ മുൻകയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ താൽക്കാലിക കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ വിതരണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളവും പെൻഷനും മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിനായി 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ 1000 കോടിരൂപ വീതം കെ.എസ്.ആർ.ടി.സി.-ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച്, വരുമാനം കുറവുള്ള സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്ക്കരിച്ച് ജീവനക്കാരുടെ മാനവവിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനായി തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം തൃശ്ശൂർ-പാലക്കാട്, തൃശ്ശൂർ-കോഴിക്കോട്, തിരുവനന്തപുരം-കോട്ടയം, തിരുവനന്തപുരം-എറണാകുളം, കോട്ടയം-തൃശ്ശൂർ-കോഴിക്കോട്, എറണാകുളം-തൃശ്ശൂർ-കോഴിക്കോട് എന്നീ റൂട്ടുകളിലും സർവ്വീസ് ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. ജീവനക്കാർ കുറവുള്ള യൂണിറ്റുകളിൽ മറ്റ് യൂണിറ്റുകളിൽനിന്നും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ കണ്ടക്ടർ, ഡ്രൈവർ തസ്തികയിലെ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ഈ നടപടിക്രമംകൊണ്ട് ഷെഡ്യൂൾ ക്യാൻസലേഷൻ ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്.

കോർപ്പറേഷനിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലി സമയം 8 മണിക്കൂറായി പുനഃക്രമീകരിക്കുകയും ജീവനക്കാരെ ശാസ്ത്രീയമായി

വിന്യസിക്കുകയും ഡ്യൂട്ടി പാറ്റേൺ പരിഷ്കരണം നടപ്പിൽ വരുത്തുകയും ചെയ്തു. സർവ്വീസ് ഓപ്പറേഷൻ, ഡിപ്പോ നിർമ്മാണ പ്രവർത്തനം എന്നിവയുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന ചില വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ച പ്രവൃത്തി ദിവസമാക്കുകയും ചെയ്തു. ജനറൽ കൺട്രോളിംഗ് ഇൻസ്പെക്ടർ, ഹെഡ് വെഹിക്കിൾ സൂപ്പർവൈസർ എന്നിവരുടെ ഡ്യൂട്ടി സമയം പുന:ക്രമീകരിച്ചിട്ടുണ്ട്. ടി പ്രവർത്തനങ്ങളുടെ ഫലമായി എല്ലാ വിഭാഗം ജീവനക്കാരുടെയും സേവനം കൂടുതലായി പ്രയോജനപ്പെടുത്തുവാനും കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനും പുതിയ വർക്ക് നോംസ് തയ്യാറാക്കുന്നതിനുമായി സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരമുള്ള ശിപാർശകൾ നടപ്പിലാക്കുന്നത് പുരോഗതിയിലാണ്. ഡിപ്പോ വർക്ക്ഷോപ്പുകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി പരിമിതമായ അളവിൽ ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ജോലി സമയം ക്രമീകരിച്ച് വാഹനങ്ങൾക്ക് യഥാസമയം മെയിന്റനൻസ് പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണം നടത്തുകയും ആയത് ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

ടയർ, ലൂബ്രിക്കന്റുകൾ, DEF, Volvo Spare Parts-കൾ എന്നിവ ടെൻഡറിലൂടെ വാങ്ങുന്നത് ക്രമീകരിച്ചതിലൂടെയും സ്പെയർ പാർട്സുകൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കിയതിലൂടെയും പ്രതിമാസം 3 കോടിരൂപയും ഡീസൽ വിലയിൽ കിഴിവ് വർദ്ധിപ്പിക്കുക വഴി പ്രതിമാസം 1.87 കോടിരൂപയും ചെലവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം പ്രതിമാസം ഏതാണ്ട് 4.9 കോടിരൂപ ചെലവിൽ കുറവ് വന്നിട്ടുണ്ട്.

(ഡി) ഇന്ധനക്ഷമത വർദ്ധനയ്ക്കും ടയർ മൈലേജ് വർദ്ധനയ്ക്കും ഓയിൽ ചെലവ് കുറയ്ക്കുന്നതിനുമായി 3 അസിസ്റ്റന്റ് വർക്സ് മാനേജർമാരെ പ്രത്യേകമായി മൂന്ന് മേഖലകളിലും നിയോഗിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇന്ധനക്ഷമത ദേശീയ ശരാശരിയിലെത്തിച്ച് ക്രമേണ ഒരു ലിറ്ററിന് 4.5 കിലോമീറ്റർ എന്ന നിലയിൽ കൊണ്ടുവരണം എന്ന ശിപാർശ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 4.3 എന്ന ടാർഗറ്റ് ലക്ഷ്യത്തിനായി വിവിധ പ്രവർത്തനങ്ങൾ നടത്തുകയും തൽഫലമായി കെ.എസ്.ആർ.ടി.സി.-യുടെ ആകെ കെ.എം.പി.എൽ. (കെ.എസ്.ആർ.ടി.സി. + കെ.യു.ആർ.ടി.സി.) 2018-ൽ 4.12 ആയിരുന്നതിൽ നിന്ന് 2019-ൽ 4.16 ആയി വർദ്ധിച്ചിട്ടുണ്ട്.

(ഇ) പ്രൊഫഷണലുകളുടെ സേവനം കോർപ്പറേഷന്റെ മാനേജ്മെന്റിൽ കൊണ്ടുവരിക, സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം, ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയേക്കാൾ കുറയ്ക്കുക, വിവിധ നിയമന ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിലൂടെ വിദ്യാസമ്പന്നരുടെ സേവനം കോർപ്പറേഷനിൽ ലഭ്യമാക്കുക എന്നിവയാണ് പ്രാഥമികമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ. കെ.എസ്.ആർ.ടി.സി.-യിൽ സർവ്വീസ് ഓപ്പറേഷൻസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് റൂട്ട് റാഷണലൈസേഷൻ, ഷെഡ്യൂൾ ക്രോണോളജി തുടങ്ങിയവ തയ്യാറാക്കുന്നതിലേയ്ക്കായി നിലവിലെ ഇ.റ്റി.എം., ഓൺലൈൻ ട്രാക്കിംഗ് ഡാറ്റാ ബേസ് മുതലായവ ഉപയോഗിച്ച് ഡാറ്റാ അനലൈറ്റിക്സ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇത് ഉപയോഗിച്ച് ഡൈനാമിക് റിപ്പോർട്ടിംഗ്, പ്രിഡിക്റ്റീവ് അനാലിസിസ് തുടങ്ങിയവ ചെയ്യാവുന്നതാണ്. റിപ്പോർട്ടിലെ മേഖല/ഡിപ്പോ അനുസരിച്ച് Web based integrated dash board ഉണ്ടായിരിക്കുന്നതാണ്. വിവിധ തരത്തിലുള്ള പെർഫോമൻസ് റിപ്പോർട്ടുകൾ ചാർട്ടുകളായി ഓരോ മേഖല/ഡിപ്പോ/ഷെഡ്യൂൾ എന്നിവയുടെ താരതമ്യം സാധ്യവുമാണ്. Vehicle efficiency report, Revenue Report, Boarding and Alighting analysis, Conductor efficiency on different route, ticket type analysis മുതലായവ ഇതിന്റെ ഭാഗമാണ്. കൂടാതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോൺ ആപ് ഉപയോഗിച്ചും ഇവയെല്ലാം പരിശോധിക്കാവുന്നതാണ്.

പുതിയ ഇ.ടി.എം.-കൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്. കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജി.പി.എസ്., വി.റ്റി.എസ്., ഓൺലൈൻ റിസർവ്വേഷൻ, പി.ഐ.എസ്., ഇൻവെന്ററി മോഡ്യൂൾ, എച്ച്.ആർ. മോഡ്യൂൾ, ഇ.ആർ.പി. (Accounting software) എന്നിവയെല്ലാം കൂടി ക്രോഡീകരിക്കുന്നതിനും സമർത്ഥമായ ഗതാഗത സംവിധാനം കൊണ്ടുവരുന്നതിനും വിശദമായ ഒരു DPR കെ.എസ്.ആർ.ടി.സി. സ്വന്തമായി തയ്യാറാക്കി ടെൻഡർ വിളിച്ചിരിക്കുകയാണ്.

വർക്ക്ഷോപ്പുകളുടെയും ഡിപ്പോ ഗ്യാരേജുകളുടെയും സമ്പൂർണ്ണമായ ആധുനികവത്കരണവും നവീകരണവും ഇനി നടപ്പിലാക്കുവാനുണ്ട്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് ഇക്കാര്യങ്ങൾ പരിഗണിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി. സ്റ്റോർ ഇൻവെന്ററി കാര്യക്ഷമമാക്കി ഡെഡ് സ്റ്റോക്ക് കുറയ്ക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ടയർ, ലൂബ്രിക്കന്റുകൾ മുതലായവയുടെ വാങ്ങൽ പ്രക്രിയയിൽ മത്സരം വർദ്ധിപ്പിച്ച് ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി. വാങ്ങിയ ഡീസൽ കണക്കിൽപ്പെടാത്ത സംഭവം**

294(1568) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ നിന്ന് കെ.എസ്.ആർ.ടി.സി. വാങ്ങിയ ഡീസൽ കണക്കിൽപ്പെട്ടിട്ടില്ലെന്ന ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ട് ശരിയാണോയെന്ന് വ്യക്തമാക്കാമോ;

(ബി) എത്രരൂപയുടെ എത്ര ടാങ്കർ ഡീസൽ ഏത് ഡിപ്പോയ്ക്കാണ് കൈമാറിയതെന്നും ഇതിന് തെളിവില്ലാത്തത് എന്തുകൊണ്ടാണെന്നും വെളിപ്പെടുത്താമോ;

(സി) കെ.എസ്.ആർ.ടി.സി.യുടെ ഡീസൽ വിതരണ സംവിധാനത്തിൽ ഗുരുതരമായ ക്രമക്കേടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എണ്ണക്കമ്പനികളിൽ നിന്ന് ഡിപ്പോകളിലേക്കെത്തുന്ന ഡീസൽ സ്വീകരിക്കുന്നതിലും വിതരണം ചെയ്യുന്നതിലും കൃത്യമായ കണക്കുകൾ സൂക്ഷിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) കെ.എസ്.ആർ.ടി.സി. പിന്തുടരുന്ന അക്കൗണ്ടിംഗ് സംവിധാനം ഏത് തരത്തിലുള്ളതാണെന്നും ഇത് കാലഹരണപ്പെട്ടതാണെങ്കിൽ ബദൽ സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ - ഡി) 2011-12 മുതലുള്ള final Accounts-ൽ Internal Control System-ൽ fuel accounts അനുരഞ്ജനം നടത്താത്തതിനെക്കുറിച്ചും, കൃത്യമായി book of accounts maintain ചെയ്യാത്തതിനെക്കുറിച്ചും A.G. Comment-ലെ Annexure -1-ൽ പ്രതിപാദിച്ചിട്ടുണ്ട്.

2014-15 അക്കൗണ്ടിൽ Internal Control System-ൽ Annexure-1-ൽ para 5-ൽ പ്രതിപാദിച്ചിരിക്കുന്നത് ചുവടെ ചേർക്കുന്നു. The purchase section (controller of purchase) has not reconciled the fuel purchase transaction details received from various depots with the invoice details extracted from the portal of Indian Oil Corporation. In 182 case, the purchase section has no confirmation from the depots whether the fuel costing Rs.14.46 crores has been received by the Units or not.

ആയതുപ്രകാരമാണ് 182 ടാങ്കർ ഡീസലിന്റെ ക്രമക്കേടുണ്ട് എന്ന വാർത്ത വന്നിരുന്നത്. കണക്കുകളിലെ പാകപ്പിഴ കാരണമാണ് ഈ വ്യത്യാസം എ.ജി. ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

2015-16 മുതലുള്ള accounts finalization നടത്തിയിട്ടില്ലാതിരുന്നതിനാൽ യൂണിറ്റിൽനിന്നുവരുന്ന accounts-കൾ കൃത്യമായി ചെക്ക് ചെയ്യാൻ സാധിച്ചിട്ടില്ല. കൃത്യമായ ഒരു റിപ്പോർട്ടും ഫിനാൻസ് വിഭാഗത്തിൽ ലഭ്യമല്ല എന്ന സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമിച്ച GM (Finance & Administration)-ന്റെ നേതൃത്വത്തിൽ 2018 ഒക്ടോബർ മാസത്തിൽ tally ERP9 system introduce ചെയ്ത് available records-ന്റെയും ബാങ്ക് സ്റ്റേറ്റ്മെന്റുകളുടെയും അടിസ്ഥാനത്തിൽ ട്രാൻസാക്ഷൻ എന്റർ ചെയ്യുകയും 2015-16 finalization നടത്തിയ റിപ്പോർട്ട് ബോർഡിന്റെ അംഗീകാരത്തോടുകൂടി എ.ജി.-യുടെ ഓഡിറ്റിനുവേണ്ടി സമർപ്പിച്ചിട്ടുള്ളതുമാണ്.

2016-17 മുതൽ 2018-19 വരെയുള്ള financial year അക്കൗണ്ടുകൾ പൂർത്തിയാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ജനുവരി 2019 മുതൽ fuel reconciliation അതാത് ദിവസത്തെ തൊട്ടടുത്ത ദിവസത്തിൽത്തന്നെ നടത്തി വരികയാണ്. ആയതിനാൽ 2019 ജനുവരി മുതൽ നാളിതുവരെ fuel accounts chief office-ൽ ചെയ്തുവരുന്നുണ്ട്. 2014-15 സാമ്പത്തിക വർഷത്തെ കണക്കിന്റെ അടിസ്ഥാനത്തിൽ വന്ന fuel-ന്റെ തിരിമറി സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് OAD Party-യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

(ഇ) കെ.എസ്.ആർ.ടി.സി. മാന്വൽ പ്രകാരമുള്ള double entry accounting സംവിധാനമാണ് കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിലാക്കിവരുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ അക്കൗണ്ടിംഗ് സംവിധാനം എങ്ങനെ നടപ്പിലാക്കണമെന്ന് Accounts Manual-ൽ കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. Accounts Manual പ്രകാരം സെക്ഷനുകൾ കൃത്യമായി books of accounts പരിപാലിക്കപ്പെടാത്തതിനാലാണ് കണക്കുകളിൽ പിഴവുണ്ടാകുന്നത്. കൂടാതെ വർഷങ്ങളായി അക്കൗണ്ട്സ് പെന്റിംഗാണ്. 2014-15-ലെ അക്കൗണ്ട്സ് പ്രിപ്പയർ ചെയ്തത് 31-10-2018-ലാണ്. 2015-16-ലെ കണക്ക് ഇപ്പോഴാണ് പ്രിപ്പയർ ചെയ്തത്. അതത് വർഷം യൂണിറ്റുകളും CO-യും കൃത്യമായി അനുരഞ്ജന പ്രക്രിയ നടത്തി കണക്കുകൾ ഫൈനലൈസ് ചെയ്തെങ്കിൽ മാത്രമേ ഈ രീതിയിലുള്ള പിഴവുകൾ ഒഴിവാക്കുന്നതിന് സാധിക്കുകയുള്ളൂ.

2015-16 മുതലുള്ള അക്കൗണ്ട്സ് പെന്റിംഗായതിനാൽ സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമിച്ച GM (Finance & Administration)-ന്റെ നേതൃത്വത്തിൽ tally ERP9 system introduce ചെയ്ത് available records അനുസരിച്ച് എന്റർ ചെയ്യുകയും 2015-16 ഫൈനലൈസേഷൻ നടത്തിയ റിപ്പോർട്ട് ബോർഡിന്റെ അംഗീകാരം ലഭിക്കുകയും AG's Audit-നുവേണ്ടി സമർപ്പിച്ചിട്ടുള്ളതുമാണ്.

2016-17 മുതൽ 18-19 വരെയുള്ള financial year account-കൾ ചീഫ് ഓഫീസിലെ Accounts Tally ERP9 വഴി Real time basis-ൽ നടത്തിവരികയാണ്. ഈ സംവിധാനം മറ്റുള്ള യൂണിറ്റുകളിലും നടപ്പിലാക്കുന്നത് ഗുണകരമാണ്. ആയത് total computerization-ന്റെ ഭാഗമായി നടപ്പിൽ വരുത്തുന്നതാണ്.

**കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി**

295(1569) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കെ.എസ്.ആർ.ടി.സി.-ക്ക് എത്ര ബസുകളാണ് ഉള്ളതെന്നറിയിക്കുമോ;

(ബി) പ്രസ്തുത ബസുകൾ ഉപയോഗിച്ച് ദിനംപ്രതി ശരാശരി എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ സ്ഥിരം ഡ്രൈവർമാർ എത്രപേരുണ്ട്; ശേഷിക്കുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ ശേഷിക്കുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തത് കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി മൂലമാണോയെന്നറിയിക്കുമോ?

ഉത്തരം

(എ) 28-2-2020-ലെ കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് (കെ.യു.ആർ.ടി.സി. ഉൾപ്പെടെ) ആകെ 6209 ബസ്സുകളാണ് ഉള്ളത്.

(ബി) 2020 ഫെബ്രുവരി മാസത്തെ കണക്കുപ്രകാരം ശരാശരി 4454 ഷെഡ്യൂളുകൾ പ്രതിദിനം ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്.

(സി&ഡി) കെ.എസ്.ആർ.ടി.സി.-യിൽ 01/2020-ലെ കണക്കനുസരിച്ച് 10717 സ്ഥിരം ഡ്രൈവർമാരുണ്ട്. സാമ്പത്തിക പ്രതിസന്ധിയിലായ കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന് സമഗ്ര പഠനം നടത്താൻ സർക്കാർ നിയോഗിച്ച പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ ശിപാർശ പ്രകാരം കെ.എസ്.ആർ.ടി.സി.-യിലെ ബസ്-ജീവനക്കാർ അനുപാതം ദേശീയ ശരാശരിയേക്കാൾ കുറയ്ക്കേണ്ടത് അനിവാര്യമാണ്. ആയതിൻപ്രകാരം കേഡർ സ്ട്രെങ്ത് ക്രമപ്പെടുത്തുന്നതിനുള്ള നടപടികളും വർക്ക് സ്റ്റഡിയും നടന്നുവരികയാണ്. ആയതിനുശേഷം മാത്രമേ ഡ്രൈവർ തസ്തികയിലെ സ്ട്രെങ്ത് നിർണ്ണയിക്കുവാനും ഒഴിവുകൾ ഉണ്ടോയെന്ന് കണക്കാക്കാനും നിർവ്വാഹമുള്ളൂ.

## കെ.എസ്.ആർ.ടി.സി.-യുടെ നൂറ്റിഎൺപത്തി രണ്ട് ടാങ്കർ ഡീസൽ കാണാതായ സംഭവം

296(1570) <u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽനിന്നും കെ.എസ്.ആർ.ടി.സി. വാങ്ങിയ നൂറ്റി എൺപത്തി രണ്ട് ടാങ്കർ ഡീസൽ കാണാതായതായി ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയോ; വിശദമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. പിൻതുടരുന്ന അശാസ്ത്രീയ അക്കൗണ്ടിംഗ് സമ്പ്രദായം മൂലമാണോ കണക്കിൽ ഇത്ര വലിയ പിശക് ഉണ്ടായതെന്ന് വിലയിരുത്തുന്നുണ്ടോ; കാണാതായ ഡീസലിന് എന്ത് വില വരുമെന്ന് അറിയിക്കാമോ;

(സി) സാമ്പത്തിക പ്രതിസന്ധിയിൽ ഉഴലുന്ന കെ.എസ്.ആർ.ടി.സി.-യിൽനിന്നും ഇത്രയധികം ഡീസൽ വിതരണം ചെയ്തതിന് കണക്കില്ലായെന്നത് ഗുരുതര വീഴ്ചയായതിനാൽ സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2011-12 മുതലുള്ള final Accounts-ൽ Internal Control System-ൽ fuel accounts അനുരഞ്ജനം നടത്താത്തിനെക്കുറിച്ചും കൃത്യമായി book of accounts maintain ചെയ്യാത്തതിനെക്കുറിച്ചും A.G. Comment-ലെ Annexure -1-ൽ പ്രതിപാദിച്ചിട്ടുണ്ട്.

2014-15 Account-ൽ Internal Control System-ൽ Annexure-1-ൽ para 5-ൽ പ്രതിപാദിച്ചിരിക്കുന്നത് ചുവടെ ചേർക്കുന്നു. The purchase section (controller of purchase) has not reconciled the fuel purchase transaction details received from various depots with the invoice details extracted from the portal of Indian Oil Corporation. In 182 case, the purchase section has no confirmation from the depots whether the fuel costing Rs.14.46 crores has been received by the Units or not.

ആയതുപ്രകാരമാണ് 182 ടാങ്കർ ഡീസലിന്റെ ക്രമക്കേടുണ്ട് എന്ന വാർത്ത വന്നിരിക്കുന്നത്. കണക്കുകളിലെ പാകപ്പിഴ കാരണമാണ് ഈ വ്യത്യാസം എ.ജി. ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

2015-16 മുതലുള്ള accounts finalization നടത്തിയിട്ടില്ലാതിരുന്നതിനാൽ യൂണിറ്റിൽനിന്നുവരുന്ന അക്കൗണ്ട്സ് കൃത്യമായി ചെക്ക് ചെയ്യാൻ സാധിച്ചിട്ടില്ല. കൃത്യമായ ഒരു റിപ്പോർട്ടും ഫിനാൻസ് വിഭാഗത്തിൽ ലഭ്യമല്ല എന്ന സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമിച്ച GM (Finance & Administration)-ന്റെ നേതൃത്വത്തിൽ 2018 ഒക്ടോബർ മാസത്തിൽ tally ERP9 system introduce ചെയ്ത് available records-ന്റെയും Bank Statement-കളുടെയും അടിസ്ഥാനത്തിൽ transaction enter ചെയ്യുകയും 2015-16 finalization നടത്തിയ റിപ്പോർട്ട് ബോർഡിന്റെ അംഗീകാരത്തോടുകൂടി എ.ജി.-യുടെ ഓഡിറ്റിനുവേണ്ടി സമർപ്പിച്ചിട്ടുള്ളതുമാണ്.

2016-17 മുതൽ 18-19 വരെയുള്ള financial year accounts-കൾ പൂർത്തിയാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ജനുവരി 2019 മുതൽ fuel reconciliation അതാത് ദിവസത്തെ തൊട്ടടുത്ത ദിവസത്തിൽത്തന്നെ നടത്തി വരികയാണ്. ആയതിനാൽ 2019 ജനുവരി മുതൽ നാളിതുവരെ fuel accounts ചീഫ് ഓഫീസിൽ ചെയ്തുവരുന്നുണ്ട്. 2014-15 സാമ്പത്തിക വർഷത്തെ കണക്കിന്റെ അടിസ്ഥാനത്തിൽ വന്ന fuel-ന്റെ തിരിമറി സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് OAD Party-യെ (കോർപ്പറേഷന്റെ Outside Audit Department) ചുമതലപ്പെടുത്തിയിരിക്കുകയാണ്.

കൂടാതെ, 29-2-2020-ൽ കോർപ്പറേഷന്റെ ആഭ്യന്തര വിജിലൻസ് വിഭാഗത്തിന് ഇതുസംബന്ധിച്ച് അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ അക്കൗണ്ടിംഗ് സംവിധാനം എങ്ങനെ നടപ്പിലാക്കണമെന്ന് Accounts Manual-ൽ കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. Accounts Manual പ്രകാരം സെക്ഷനുകൾ കൃത്യമായി books of accounts പരിപാലിക്കപ്പെടാത്തതിനാലാണ് കണക്കുകളിൽ പിഴവുണ്ടാകുന്നത്. കൂടാതെ വർഷങ്ങളായി അക്കൗണ്ട്സ് പെന്റിംഗാണ്. 2014-15-ലെ അക്കൗണ്ട്സ് പ്രിപ്പെയർ ചെയ്തത് 31-10-2018-ലാണ്. 2015-16-ലെ കണക്ക് ഇപ്പോഴാണ് പ്രിപ്പയർ ചെയ്തത്. അതത് വർഷം യൂണിറ്റുകളും CO-യും കൃത്യമായി അനുരഞ്ജന പ്രക്രിയ നടത്തി കണക്കുകൾ ഫൈനലൈസ് ചെയ്തെങ്കിൽ മാത്രമേ ഈ രീതിയിലുള്ള പിഴവുകൾ ഒഴിവാക്കുന്നതിന് സാധിക്കുകയുള്ളൂ.

Accounts സംവിധാനം file വഴി Manually ചെയ്തു കൊണ്ടുവരുന്നതിനെ നിലവിൽ Tally ERP9 സംവിധാനത്തിലൂടെ enter ചെയ്തുവരുന്നതിനാൽ double accounts system ഇപ്പോൾ കൃത്യമായി പരിപാലിക്കപ്പെടുന്നുണ്ട്.

(സി) ഇതിന്റെ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് Outside Audit Department-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ, 29-2-2020-ൽ കോർപ്പറേഷന്റെ ആഭ്യന്തര വിജിലൻസ് വിഭാഗത്തിന് ഇതുസംബന്ധിച്ച് അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധീകരണം

297(1571) <u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുനരുദ്ധീകരിക്കുന്നതിന് പരിഹാരം നിർദ്ദേശിക്കുവാൻ നിയുക്തനായ സുശീൽ ഖന്ന പ്രസ്തുത സ്ഥാപനത്തെ കടക്കെണിയിൽനിന്നും കരകയറ്റുവാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങളിൽ ഏതെല്ലാം ഇതിനകം കെ.എസ്.ആർ.ടി.സി. നടപ്പിലാക്കിയെന്നും അത് മൂലം കെ.എസ്.ആർ.ടി.സി.യുടെ കടബാധ്യതയിൽ എന്ത് കുറവാണ് ഉണ്ടായതെന്നും വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. ബസ്സ് ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയായ 5.5 ലേക്ക് എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഡി) വിവര സാങ്കേതികവിദ്യ പൂർണ്ണമായി ഉപയോഗപ്പെടുത്തി ഇൻവെന്ററി മാനേജ്മെന്റിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവരുവാനാണ് ഇതിനകം സാധിച്ചതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രൊഫ. സുശീൽ ഖന്നയുടെ പഠന റിപ്പോർട്ടിൽ കോർപ്പറേഷന്റെ ഭരണം, സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ പുന:ക്രമീകരണ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

റിപ്പോർട്ടിലെ പ്രസക്ത നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

കോർപ്പറേഷന്റെ മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവന്ന് നവീകരിക്കണം. പ്രൊഫഷണലുകൾ അടങ്ങുന്ന ഭരണ സമിതി രൂപീകരിക്കണം. കോർപ്പറേഷനെ സ്വയംപര്യാപ്തമായ 3 മേഖലകളാക്കി രൂപീകരിക്കണം. ഓപ്പറേറ്റിംഗ്/മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി ക്രമപ്പെടുത്തണം. കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കണം. കെ.എസ്.ആർ.ടി.സി.-യുടെ റൂട്ടുകൾ പുന:ക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കണം. ബസ് ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ കൂടുതലായതിനാൽ ആയത് 5.5 എന്ന ദേശീയ ശരാശരിയേക്കാൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കൂടിയ പലിശനിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലാവധിയിലും ഉള്ള വായ്പകൾ കുറഞ്ഞ പലിശനിരക്കിലും ദീർഘകാല തിരിച്ചടവ് കാലാവധിയിലും ഉള്ള വായ്പകളായി ക്രമപ്പെടുത്തണം. പൊതുജനസേവനത്തിന്റെ ഭാഗമായി കോർപ്പറേഷന് ഉണ്ടാകുന്ന ബാധ്യതകൾ നേരിടുന്നതിന് സർക്കാർ ധനസഹായം നൽകണം. കെ.എസ്.ആർ.ടി.സി.-യിലെ സ്റ്റോർ ഇൻവെന്ററി കാര്യക്ഷമമാക്കി അതുവഴി ചെലവ് ചുരുക്കണം.

(ബി) കോർപ്പറേഷന്റെ മാനേജ്മെന്റ് പ്രൊഫഷണലൈസ് ചെയ്യുന്നതിനായി കരാർ അടിസ്ഥാനത്തിൽ പ്രൊഫഷണലുകളെ നിയമിച്ചു. ഭരണസമിതിയിൽ

കൂടുതൽ പ്രൊഫഷണലുകളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കോർപ്പറേഷനെ മൂന്ന് മേഖലകളാക്കി രൂപീകരിച്ചു. എക്സിക്യൂട്ടീവ് ഡയറക്ടർ റാങ്കിലുള്ള മൂന്ന് പേരെ പ്രസ്തുത മേഖലകളുടെ മേഖലാ അധികാരിയായി നിയമിക്കുകയും ചെയ്തു. കെ.എസ്.ആർ.ടി.സി.-യിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജി.പി.എസ്., വി.റ്റി.എസ്., ഓൺലൈൻ റിസർവ്വേഷൻ, പി.ഐ.എസ്., ഇൻവെന്ററി മോഡ്യൂൾ, എച്ച്.ആർ. മോഡ്യൂൾ, ഇ.ആർ.പി. (Accounting software) എന്നിവയെല്ലാം കൂടി ക്രോഡീകരിക്കുന്നതിനും സമർത്ഥമായ ഗതാഗത സംവിധാനം കൊണ്ടുവരുന്നതിനും വിശദമായ ഒരു DPR കെ.എസ്.ആർ.ടി.സി. സ്വന്തമായി തയ്യാറാക്കി ടെൻഡർ വിളിച്ചിരിക്കുകയാണ്. ഇൻവെന്ററി കാര്യക്ഷമമാക്കുന്നതിനും ഡെഡ് സ്റ്റോക്ക് കുറയ്ക്കുന്നതിനുമുള്ള നിർദ്ദേശം പ്രായോഗികമാക്കി. പർച്ചേസ് നടത്തുന്നതിൽ വരുത്തിയ മാറ്റങ്ങൾ, ഡീസൽ വിലയിലെ കിഴിവ് എന്നിവ മുഖാന്തരം പ്രതിമാസം 4.9 കോടിരൂപ ചെലവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 1000 കോടിരൂപയിൽനിന്ന് വിവിധ ഓയിൽ കമ്പനികൾക്കും എസ്.ബി.ഐ. ക്യാമ്പസിനും അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് ഫീ ഇനത്തിലും നൽകുവാനുണ്ടായിരുന്ന കുടിശ്ശിക തുക നൽകുന്നതിലേയ്ക്കായി 19 കോടിരൂപ അനുവദിച്ച് നൽകിയതിനാൽ ഈ ഇനങ്ങളിലുണ്ടായിരുന്ന കടബാദ്ധ്യതകളിൽ 19 കോടിരൂപയുടെ കുറവുണ്ടായിട്ടുണ്ട്.

സാമ്പത്തിക പുന:ക്രമീകരണത്തിന്റെ ഭാഗമായി, കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം മുഖേന കുറഞ്ഞ പലിശ നിരക്കിലും ദീർഘകാല തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പയാക്കി മാറ്റി. ഇപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് ദീർഘകാല വായ്പയായി, 9.2 ശതമാനം പലിശ നിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3100 കോടിരൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുകകൊണ്ട് നിലവിലുണ്ടായിരുന്ന വായ്പാ കടങ്ങൾ അടച്ചുതീർക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം ഗണ്യമായ തുക ലാഭിക്കുവാൻ കഴിഞ്ഞു.

ടി നടപടികൾമൂലം വരുമാനം മെച്ചപ്പെടുകയും ചെലവ് കുറയുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-ക്ക് കൂടുതൽ കടബാദ്ധ്യത ഉണ്ടാകാതിരിക്കാൻ ടി നടപടികൾ സഹായകരമായിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയായ 5.5 ആയി കുറയ്ക്കുന്നതിന്റെ ഭാഗമായി വിവിധ നടപടികൾ സ്വീകരിച്ചുവെങ്കിലും 5.5 എന്നതിലേയ്ക്ക് എത്താൻ സാധിച്ചിട്ടില്ല. എന്നാൽ പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം നിയമനങ്ങളും താൽക്കാലികമായി നിർത്തിവയ്ക്കുന്നതിന് നിശ്ചയിക്കുകയും ടി വിവരം പി.എസ്.സി.-യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ ഡ്യൂട്ടി സമയം പരിഷ്കരിച്ചും കമ്പ്യൂട്ടർവത്കരണം വഴിയും ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വരുമാനം കുറഞ്ഞ സർവ്വീസുകൾ ചുരുക്കി ജീവനക്കാരുടെ ലഭ്യത കൂട്ടുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തി വരുന്നുമുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഇൻവെന്ററി മോഡ്യൂൾ ഉൾപ്പെടുത്തി വിശദമായ ഒരു DPR കെ.എസ്.ആർ.ടി.സി. സ്വന്തമായി തയ്യാറാക്കി ടെൻഡർ വിളിച്ചിരിക്കുകയാണ്. ആയത് നടപ്പിലാക്കുമ്പോൾ ഇൻവെന്ററി സംവിധാനം പ്രാവർത്തികമാകുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവർമാരുടെ കുറവ്

298(1572) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരുടെ കുറവുമൂലം പ്രതിദിനം ശരാശരി എത്ര സർവ്വീസുകളാണ് റദ്ദാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ സർവ്വീസുകൾ റദ്ദാക്കുന്നതുമൂലം പ്രതിദിനം എത്ര നഷ്ടം ഉണ്ടാകുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവർമാരുടെ കുറവുമൂലം താൽക്കാലികമായി സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ട്. എന്നാൽ ഡ്രൈവർമാർ കൂടുതലുള്ള യൂണിറ്റുകളിൽനിന്നും കുറവുള്ള യൂണിറ്റുകളിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മാറ്റി നിയമിച്ച് സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സ്ഥിരമായി ഷെഡ്യൂളുകൾ റദ്ദ് ചെയ്യുന്നില്ല. ജീവനക്കാർ ലഭ്യമാകുമ്പോൾ യൂണിറ്റിൽനിന്നും സർവ്വീസുകൾ അയയ്ക്കാറുണ്ട്.

**ഡീസൽ കാണാതായ സംഭവം**

299(1573) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ നിന്ന് കെ.എസ്.ആർ.ടി.സി. വാങ്ങിയ ഡീസൽ കാണാതായി എന്ന ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കണ്ടെത്തലിനെക്കുറിച്ച് വിശദമായ അന്വേഷണത്തിന് തയ്യാറാകുമോ;

(ബി) പ്രസ്തുത കണ്ടെത്തലിൽ ആകെ എത്രരൂപയ്ക്കുള്ള എത്ര ലിറ്റർ ഡീസൽ കാണാതായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഡീസൽ സ്വീകരിക്കുന്നതിലും വിതരണത്തിലും ക്രമക്കേട് നടന്നുവെന്ന പ്രസ്തുത കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോർപ്പറേഷനിലെ Outside Audit Department (OAD)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, 29-2-2020-ൽ കോർപ്പറേഷന്റെ ആഭ്യന്തര വിജിലൻസ് വിഭാഗത്തിന് അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) 2011-12 മുതലുള്ള final Accounts-ൽ Internal Control System-ൽ fuel accounts അനുരഞ്ജനം നടത്താത്തിനെക്കുറിച്ചും കൃത്യമായി book of accounts maintain ചെയ്യാത്തതിനെക്കുറിച്ചും A.G. Comment-ലെ Annexure -1-ൽ പ്രതിപാദിച്ചിട്ടുണ്ട്.

2014-15 Account-ൽ Internal Control System-ൽ Annexure-1-ൽ para 5-ൽ പ്രതിപാദിച്ചിരിക്കുന്നത് ചുവടെ ചേർക്കുന്നു.

The purchase section (controller of purchase) has not reconciled the fuel purchase transaction details received from various depots with the invoice details extracted from the portal of Indian Oil Corporation. In 182 case, the purchase section has no confirmation from the depots whether the fuel costing Rs.14.46 crores has been received by the Units or not.

ആയത് പ്രകാരമാണ് 182 ടാങ്കർ ഡീസലിന്റെ ക്രമക്കേട് ഉണ്ട് എന്ന വാർത്ത വന്നിരിക്കുന്നത്. കണക്കുകളിലെ പാകപ്പിഴ കാരണമാണ് ഈ വ്യത്യാസം എ.ജി. ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

2015-16 മുതലുള്ള accounts finalization നടത്തിയിട്ടില്ലാതിരുന്നതിനാൽ യൂണിറ്റിൽനിന്നുവരുന്ന accounts-ൽ കൃത്യമായി ചെക്ക് ചെയ്യാൻ സാധിച്ചിട്ടില്ല. കൃത്യമായ ഒരു റിപ്പോർട്ടും ഫിനാൻസ് വിഭാഗത്തിൽ ലഭ്യമല്ല എന്ന സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമിച്ച GM (Finance & Administration)-ന്റെ നേതൃത്വത്തിൽ 2018 October മാസത്തിൽ tally ERP9 system introduce ചെയ്ത് available records-ന്റെയും Bank Statement-കളുടെയും അടിസ്ഥാനത്തിൽ transaction enter ചെയ്യുകയും 2015-16 finalization നടത്തിയ റിപ്പോർട്ട് Board-ന്റെ അംഗീകാരത്തോടുകൂടി AGs Audit-ന് വേണ്ടി സമർപ്പിച്ചിട്ടുള്ളതുമാണ്.

2016-17 മുതൽ 18-19 വരെയുള്ള financial year accounts-കൾ പൂർത്തിയാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ജനുവരി 2019 മുതൽ fuel reconciliation അതാത് ദിവസത്തെ തൊട്ടടുത്ത ദിവസത്തിൽത്തന്നെ നടത്തി വരികയാണ്. ആയതിനാൽ 2019 ജനുവരി മുതൽ നാളിതുവരെ fuel accounts chief office-ൽ ചെയ്തുവരുന്നുണ്ട്. 2014-15 സാമ്പത്തിക വർഷത്തെ കണക്കിന്റെ അടിസ്ഥാനത്തിൽ വന്ന fuel-ന്റെ തിരിമറി സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് OAD-യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

(സി) വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് OAD-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, 29-2-2020-ൽ കോർപ്പറേഷന്റെ ആഭ്യന്തര വിജിലൻസ് വിഭാഗത്തിന് അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

**സമാന്തര സർവ്വീസുകൾക്കെതിരെ സ്വീകരിച്ച നടപടി**

300(1574) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. റൂട്ടുകൾ സംരക്ഷിക്കുന്നതിനായി സമാന്തര സർവ്വീസുകൾക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം കവരുന്ന നിയമവിരുദ്ധ സമാന്തര സർവ്വീസുകളെ പിടികൂടി നിയമനടപടി സ്വീകരിക്കുന്നതിലേയ്ക്കായി കെ.എസ്.ആർ.ടി.സി.-യും മോട്ടോർ

വാഹന വകുപ്പും കേരള പോലീസും സംയുക്തമായി ചേർന്ന് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഈ സ്ക്വാഡ് കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

1. തിരുവനന്തപുരം

തിരുവനന്തപുരം, കഴക്കൂട്ടം, നെയ്യാറ്റിൻകര, കാട്ടാക്കട, പാറശ്ശാല എന്നീ ആർ.റ്റി.ഒ. ഓഫീസുകളിൽനിന്നും തിരുവനന്തപുരം ആർ.റ്റി.ഒ. എൻഫോഴ്സ്മെന്റിൽനിന്നും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ പരിശോധനയ്ക്കായി നിയോഗിച്ചിട്ടുണ്ട്. അനധികൃതമായി സമാന്തര സർവ്വീസ് നടത്തിയതിന് 397 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

2. കൊല്ലം

അനധികൃതമായി സമാന്തര സർവ്വീസ് നടത്തിയതിന് 69 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

3. പത്തനംതിട്ട

അനധികൃതമായി സമാന്തര സർവ്വീസ് നടത്തിയതിന് 51 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

4. ആലപ്പുഴ

അനധികൃതമായി സമാന്തര സർവ്വീസ് നടത്തിയതിന് 19 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. അമ്പലപ്പുഴ-തോട്ടപ്പള്ളി നാഷണൽ ഹൈവേയിൽ സമാന്തര സർവ്വീസ് നടത്തുന്ന ഓട്ടോറിക്ഷകൾക്കെതിരെ ചെക്ക് റിപ്പോർട്ട് തയ്യാറാക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

5. കോട്ടയം

കോട്ടയം ബസ് സ്റ്റേഷന് മുമ്പിൽ എല്ലാ ദിവസവും വൈകിട്ട് ഒരു കോൺട്രാക്ട് ക്യാരേജ് യാത്രക്കാരെ കയറ്റിക്കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി വിവരം കെ.എസ്.ആർ.ടി.സി. കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ അറിയിച്ചിരുന്നു. തുടർന്ന് ടി വാഹനം സർവ്വീസ് നടത്തുന്നതായി കാണുന്നില്ല.

ഒരു സ്വകാര്യ ബസ് കോട്ടയം-എറണാകുളം റൂട്ടിൽ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചിട്ടുള്ള റൂട്ടിൽ അനധികൃതമായി കടന്ന് സമാന്തര സർവ്വീസുകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി വിവരം കെ.എസ്.ആർ.ടി.സി. മോട്ടോർ വാഹന വകുപ്പിനെ അറിയിച്ചിരുന്നു. തുടർന്ന് ടി വാഹനം സർവ്വീസ് നടത്തുന്നതായി കാണുന്നില്ല.

6. ഇടുക്കി

ഏലപ്പാറ-വാഗമൺ റൂട്ടിലും ഇുക്കുപാലം-നെടുങ്കണ്ടം റൂട്ടിലും സമാന്തര ജീപ്പ് സർവ്വീസുകൾ നടത്തുന്ന വിവരം കെ.എസ്.ആർ.ടി.സി. മോട്ടോർ വാഹന വകുപ്പിന്റെയും പോലീസിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കുട്ടിക്കാനം മുതൽ കുമിളി വരെ ഓട്ടോറിക്ഷ, ജീപ്പ് മുതലായവ സർവ്വീസ് നടത്തുന്നതിനെതിരെ കെ.എസ്.ആർ.ടി.സി. മോട്ടോർ വാഹന വകുപ്പിലും പോലീസിലും ജില്ലാ കളക്ടർക്കും പരാതി നൽകിയിട്ടുണ്ട്. തേനി-മൂന്നാർ റൂട്ടിൽ സമാന്തര സർവ്വീസുകൾ നടത്തുന്ന വിവരം കെ.എസ്.ആർ.ടി.സി. മോട്ടോർ വാഹന വകുപ്പിന്റെയും പോലീസിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

7. എറണാകുളം

പെരുമ്പാവൂർ ഡിപ്പോയുടെ പരിധിയിൽ ഓട്ടോറിക്ഷകൾ അനധികൃതമായി സർവ്വീസ് നടത്തുന്ന വിവരം കെ.എസ്.ആർ.ടി.സി. മോട്ടോർ വാഹന വകുപ്പിന്റെയും പോലീസിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് കേസ്സെടുക്കുകയും 1186 കേസ്സുകളിൽനിന്നും 59,30,000 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

8. തൃശ്ശൂർ

സമാന്തര സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

9. പാലക്കാട്

സമാന്തര സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

10 .മലപ്പുറം

സമാന്തര സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

11. കോഴിക്കോട്

കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനായി അന്തർസംസ്ഥാന വാഹനങ്ങൾക്കെതിരെ നടത്തിയ പരിശോധനയിൽ 3 വാഹനങ്ങൾക്കെതിരെയും ജില്ലയിൽ 18 വാഹനങ്ങൾക്കെതിരെയും ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്.

12. വയനാട്

വാഹന പരിശോധനയിൽ 62 കേസ്സുകളിലായി 2,09,900 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

13. കണ്ണൂർ

കെ.എസ്.ആർ.ടി.സി. റൂട്ടുകളിലെ സമാന്തര സർവ്വീസുകളുടെ കടന്നു കയറ്റത്തിനെതിരെ ബന്ധപ്പെട്ട അധികാരികൾക്ക് കെ.എസ്.ആർ.ടി.സി. രേഖാമൂലം പരാതി നൽകിയിട്ടുണ്ട്.

14. കാസർഗോഡ്

കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ.ടി.സി. ആർ.ടി.ഒ.-ക്ക് 9 പരാതികൾ നൽകി പരിഹാരം കണ്ടിട്ടുണ്ട്.

**ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ യാത്രാസൗജന്യം**

301(1575) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ യാത്രാ സൗജന്യം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ യാത്രാ സൗജന്യം ലഭിക്കുന്നതിന് നൽകുന്ന എഡൈന്റിറ്റി കാർഡ് നൽകുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ആരാണ്; ഈ കാർഡിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ കാലാവധി പ്രസ്തുത കാർഡിൽ രേഖപ്പെടുത്തിയിട്ടുണ്ടോ;

(ബി) കാലാവധി രേഖപ്പെടുത്താത്ത കാർഡുകൾ പുതുക്കി വാങ്ങണമെന്ന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; പുതുക്കാനെത്തുന്ന ഭിന്നശേഷിക്കാരോട് ഫൈൻ അടയ്ക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിഷ്കർഷിക്കുന്നവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയം പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രാസൗജന്യം ലഭ്യമാക്കുന്നുണ്ട്. യാത്രാ സൗജന്യം ലഭിക്കുന്നതിന് നൽകുന്ന ഐഡന്റിറ്റി കാർഡ് നൽകുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ മാനേജിംഗ് ഡയറക്ടറാണ്. ടി കാർഡിന് കാലാവധി നിശ്ചയിച്ചിട്ടുണ്ട്. കാലാവധി പ്രസ്തുത കാർഡിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) കാലാവധി രേഖപ്പെടുത്താത്ത കാർഡുകൾ പുതുക്കി നൽകണമെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കാലാവധി രേഖപ്പെടുത്താത്ത ആജീവനാന്ത കാർഡുകൾ (യാത്രാപാസുകൾ) കൈപ്പറ്റിയവർക്ക് സമയബന്ധിതമായി 5 വർഷകാലത്തേയ്ക്ക് നൽകിയിരുന്ന പാസ് പുതുക്കി നൽകാൻ നടപടി സ്വീകരിക്കുവാൻ യൂണിറ്റ് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിൻപ്രകാരം നിശ്ചിത തീയതിക്കുള്ളിൽ പാസ് പുതുക്കി വാങ്ങുന്നവരിൽനിന്ന് 5 വർഷ കാലാവധി പൂർത്തീകരിക്കുന്ന തീയതി മുതലുള്ള പിഴ ഈടാക്കി നിലവിലെ നിയമങ്ങൾക്കനുസൃതമായി പാസ് പുതുക്കി നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## ഇലക്ട്രിക് ബസ്

302(1576) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ലീസ് വ്യവസ്ഥയിൽ ഇലക്ട്രിക് ബസ്സ് സർവ്വീസുകൾ നടത്തുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഏത് കമ്പനിയിൽ നിന്നുമാണ് ഇലക്ട്രിക് ബസ്സുകൾ വാടകയ്ക്ക് എടുത്തതെന്ന് വ്യക്തമാക്കുമോ;

(സി) ഒരു ബസ്സിന് വാടക ഇനത്തിൽ പ്രതിവർഷം എത്രരൂപയാണ് കെ.എസ്.ആർ.ടി.സി. പ്രസ്തുത കമ്പനിക്ക് നൽകേണ്ടതെന്നറിയിക്കുമോ;

(ഡി) നിലവിൽ എത്ര ബസ്സുകളാണ് ഇപ്രകാരം ലീസിനെടുത്തിട്ടുള്ളത്; എത്ര വർഷമാണ് ലീസ് കാലാവധിയെന്ന് വിശദമാക്കുമോ;

(ഇ) പ്രസ്തുത ബസ്സ് സർവ്വീസ് ലാഭകരമാണോ; അല്ലെങ്കിൽ ഇതിനകം അത് മൂലമുണ്ടായിട്ടുള്ള നഷ്ടം എത്രയാണെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) ഫെബ്രുവരി മാസത്തെ കണക്കനുസരിച്ച് പ്രതിദിനം 8 ഇലക്ട്രിക് ബസ് (തിരുവനന്തപുരം സിറ്റി -4, തേവര - 4 വീതം) ഓപ്പറേറ്റ് ചെയ്യുന്നു.

(ബി) M/s. Mahavoyage LLP-ൽനിന്നുമാണ് ഇലക്ട്രിക് ബസ്സുകൾ വാടകയ്ക്ക് എടുത്തിരിക്കുന്നത്.

(സി) ഇലക്ട്രിക് ബസ്സുകൾക്ക് 400 കി.മീറ്ററും അതിലധികവും ഓടിക്കുകയാണെങ്കിൽ പ്രതി കിലോമീറ്ററിന് 43.20 രൂപ നിരക്കിലാണ് വാടക

നൽകേണ്ടത്. തിരുവനന്തപുരം, എറണാകുളം സർവ്വീസ് നടത്തുന്നതിന് ഒരു ബസിന് പ്രതിദിനം (ഓടിയ കി.മീറ്റർ x പ്രതി കി.മീറ്റർ വാടക) 440 x 43.20 = 19,008 രൂപ. അപ്രകാരം ഒരു വർഷം 350 ദിവസം സർവ്വീസ് നടത്തുന്നതിനായി കണക്കാക്കിയാൽ 350 x 19008 = 66,52,800 രൂപ വാടകയിനത്തിൽ നൽകേണ്ടിവരും.

(ഡി) പത്ത് (10) ഇലക്ട്രിക് ബസ്സുകൾ പത്തുവർഷ കാലാവധിക്കാണ് ലീസിന് എടുത്തിട്ടുള്ളത്.

(ഇ) ഇലക്ട്രിക് ബസ് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തികമായി ലാഭമല്ല. പ്രതിദിനം ബസ് ഒന്നിന് ശരാശരി 7146 രൂപ ബാധ്യതയിലാണ് ഓപ്പറേറ്റ് ചെയ്തുവരുന്നത്.

## ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി

303(1577) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തികശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) ബസ് സ്റ്റേഷനുകളിലെ വ്യാപാര സമുച്ചയ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി വാണിജ്യ പ്രാധാന്യമുള്ള തെരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുവരുന്നു. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നൽകി, പരസ്യ ലേലം/ടെൻഡർ നടപടിയിലൂടെ കോർപ്പറേഷന്റെ ബസ് സ്റ്റേഷനുകളിലും കോർപ്പറേഷന്റെ അധീനതയിലുള്ള വസ്തുവിലും കാന്റീൻ, സ്റ്റാളുകൾ, ശൗചാലയങ്ങൾ, ബസിലെയും ബസ് സ്റ്റേഷനിലെയും പരസ്യങ്ങൾ, കൊറിയർ സംവിധാനം, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവയ്ക്കായി പ്രതിമാസ ലൈസൻസ് തുകയുടെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകി കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തികശേഷി വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കുന്നുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധിമൂലം നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന വാണിജ്യ സമുച്ചയങ്ങളുടെ കരാറുകാർക്ക് ബിൽ തുക നൽകുവാൻ കഴിഞ്ഞതിനാൽ ടി പ്രവൃത്തികൾ നിർത്തിവച്ചിരിക്കുകയാണ്. നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ മറ്റ് ഡിപ്പോകളിൽ വ്യാപാര സമുച്ചയ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള തീരുമാനങ്ങൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

## ബാംഗ്ലൂരിലേയ്ക്ക് കേരളത്തിൽനിന്നും സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകളുടെ എണ്ണം

304(1578) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രികാല സമയത്ത് വയനാട് ജില്ല വഴി ബാംഗ്ലൂരിലേക്ക് കേരളത്തിൽനിന്നും സർവീസ് നടത്തുന്ന സ്വകാര്യ ബസുകളുടെ എണ്ണം സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ;

(ബി) ഇതേ റൂട്ടിൽ രാത്രികാലസമയത്ത് സർവീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസുകളുടെ എണ്ണം ലഭ്യമാക്കാമോ;

(സി) കേരളത്തിൽനിന്നും ബാംഗ്ലൂരിലേയ്ക്ക് രാത്രി സമയത്ത് മാനന്തവാടി വഴി കൂടുതൽ ബസുകൾ ഓടിക്കുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) വയനാട് ജില്ലയുടെ കാട്ടിക്കുളം ചെക്ക് പോസ്റ്റ് വഴി 22 ഓൾ ഇൻഡ്യാ കോൺട്രാക്ട് ക്യാരേജുകൾ ബാംഗ്ലൂരിലേയ്ക്ക് സർവ്വീസ് നടത്തുന്നുണ്ട്. എന്നാൽ മുത്തങ്ങ മോട്ടോർ വെഹിക്കിൾ ചെക്ക്പോസ്റ്റ് വഴി സർവ്വീസുകൾ ഒന്നും തന്നെ നടത്തുന്നില്ല.

(ബി) ഇതേ റൂട്ടിൽ രാത്രികാലസമയത്ത് കെ.എസ്.ആർ.ടി.സി. 22 ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നു.

(സി) അന്തർ സംസ്ഥാന കരാർ വ്യവസ്ഥകൾ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. ബാംഗ്ലൂരിലേയ്ക്കും അയൽ സംസ്ഥാനങ്ങളിലെ വിവിധ ഭാഗങ്ങളിലേയ്ക്കും സർവ്വീസ് നടത്തിവരുന്നത്. പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരം മാനന്തവാടി വഴി കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ മാനന്തവാടി വഴി ബാംഗ്ലൂരിലേയ്ക്ക് കൂടുതൽ അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ നിർവ്വാഹമില്ല.

## ബസ്സപകടത്തിൽ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് സഹായം

305(1579) ശ്രീ. ടി. ജെ. വിനോദ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവിനാശി ബസ്സപകടത്തിൽ മരണമടഞ്ഞ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ആശ്രിതർക്ക് എന്തൊക്കെ സഹായങ്ങളാണ് കെ.എസ്.ആർ.ടി.സി. പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരമുള്ള അപകടങ്ങളിൽപ്പെടുന്നവർക്ക് കെ.എസ്.ആർ.ടി.സി. ടിക്കറ്റിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള സെസ്സുകളിൽനിന്നും സഹായം നൽകുന്നതിന് സാധിക്കുമോയെന്ന് വെളിപ്പെടുത്താമോ;

(സി) കെ.എസ്.ആർ.ടി.സി. പ്രഖ്യാപിച്ച തുക ജീവനക്കാരുടെ ആശ്രിതർക്ക് അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിഗത അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാ ടിക്കറ്റിന്മേലുള്ള സെസ്സ്) ആക്ട് V പ്രകാരം കെ.എസ്.ആർ.ടി.സി. ബസ്സിലെ യാത്രാവേളയിലുണ്ടാകുന്ന അപകടങ്ങൾക്ക് സമൂഹ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുവേണ്ടി യാത്രക്കാരിൽനിന്നും യാത്രാ ടിക്കറ്റിന്മേൽ സെസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്. 2019-20 കാലയളവിൽ ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനിയുമായാണ് ടി ആക്ട് പ്രകാരമുള്ള കരാറിൽ കെ.എസ്.ആർ.ടി.സി. ഏർപ്പെട്ടിരിക്കുന്നത്. കെ.എസ്.ആർ.ടി.സി. ബസ് അപകടത്തിൽ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ടി ഇൻഷ്വറൻസ് പ്രകാരം 10 ലക്ഷംരൂപ ലഭിക്കുന്നതിന് അർഹതയുണ്ട്. 20-2-2020-ലുണ്ടായ അവിനാശി ബസ് അപകടത്തിൽ മരണമടഞ്ഞ ജീവനക്കാരായിരുന്ന വി.ഡി. ഗിരീഷ്, ബൈജു. വി.ആർ. എന്നിവരുടെ ആശ്രിതർക്ക് അർഹതപ്പെട്ട ഇൻഷ്വറൻസ് തുക ആവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി., ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനിക്ക് കത്ത് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 10 ലക്ഷംരൂപ വീതം 24-2-2020-ൽ ഇൻഷ്വറൻസ് കമ്പനി കെ.എസ്.ആർ.ടി.സി.-യുടെ

അക്കൗണ്ടിൽ നിക്ഷേപിക്കുകയും ടി തുക ചെക്ക് മുഖാന്തരം സെൻട്രൽ സോൺ മേഖലാ ഓഫീസർ മുഖേന ആശ്രിതർക്ക് കൈമാറുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിലെ സ്ഥിരം ജീവനക്കാർ, കേരള സർക്കാരിന്റെ Group Personnel Accident Insurance-ൽ അംഗങ്ങളാണ്. അപകട മരണത്തിന് ടി സ്കീമിലൂടെ 10 ലക്ഷംരൂപ ആശ്രിതർക്ക് ലഭിക്കുന്നതാണ്. കൂടാതെ, കോർപ്പറേഷൻ SBI General Insurance-മായി ചേർന്ന് എല്ലാ ജീവനക്കാർക്കും നടപ്പാക്കിയിരിക്കുന്ന അപകടമരണ ഇൻഷ്വറൻസിലൂടെ ജീവനക്കാരുടെ ആശ്രിതർക്ക് 500 രൂപ പ്രീമിയം നിരക്കിൽ 10 ലക്ഷംരൂപയും 1000 രൂപ പ്രീമിയം നിരക്കിൽ 20 ലക്ഷംരൂപയും ലഭിക്കുന്നതാണ്.

ടി അപകടത്തിൽ മരണപ്പെട്ട ഡ്രൈവർ-കം-കണ്ടക്ടർമാരായ വി.ഡി. ഗിരീഷ്, വി.ആർ. ബൈജു എന്നിവർ സർക്കാരിന്റെ GPAI സ്കീമിലും SBI General Insurance സ്കീമിലും (പ്രീമിയം നിരക്ക് 500 രൂപ) അംഗങ്ങളായിരുന്നു. ആയതിനാൽ ടി ജീവനക്കാരുടെ ആശ്രിതർക്ക് ടി രണ്ട് ഇൻഷ്വറൻസ് സ്കീമിലെയും ക്ലെയിം തുകയായ 20 ലക്ഷംരൂപ വീതം (10 ലക്ഷം + 10 ലക്ഷം) ലഭിക്കുന്നതാണ്.

പ്രസ്തുത അപകടത്തിൽപ്പെട്ട KL-15-A-282-ാം നമ്പർ വോൾവോ ബസിന് നാഷണൽ ഇൻഷ്വറൻസ് കമ്പനിയിൽ പോളിസി നമ്പർ 570203311910000977-ാം നമ്പരായി സാധുവായ തേർഡ് പാർട്ടി ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടായിരുന്നതാണ്. ടി അപകടത്തിൽ മരണപ്പെട്ട ജീവനക്കാരായ ബൈജു വി.ആർ., വി. ഡി. ഗിരീഷ് എന്നിവരുടെ ആശ്രിതർക്ക് ടി പോളിസിയുടെ പരിരക്ഷ ലഭിക്കുന്നതാണ്. മരണപ്പെട്ട ടി ജീവനക്കാരുടെ ആശ്രിതർക്ക് 1988-ലെ മോട്ടോർ വാഹന നിയമപ്രകാരമോ, 1923-ലെ എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് പ്രകാരമോ നഷ്ടപരിഹാരം ലഭിക്കുന്നതിന് മേൽ വിവരിച്ച തേർഡ് പാർട്ടി ഇൻഷ്വറൻസ് പരിരക്ഷ പ്രകാരം അർഹതയുള്ളതാണ്.

ടി ജീവനക്കാരുടെ ആശ്രിതർക്ക് കേരള സർക്കാരിന്റെ Group Personnel Accident Insurance, SBI General Insurance-ന്റെ അപകടമരണ ഇൻഷ്വറൻസ് എന്നിവ അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

SBI General Insurance-ന്റെ അപകടമരണ ഇൻഷ്വറൻസ് ക്ലെയിം ബാങ്കിൽനിന്നും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി ഇൻഷ്വറൻസ് ക്ലെയിമുകൾ ലഭിക്കുന്നതിനായി F.I.R., പോസ്റ്റ്മോർട്ടം റിപ്പോർട്ട്, മരണ സർട്ടിഫിക്കറ്റ് എന്നിവ ആവശ്യമാണ്. ആയത് ലഭിക്കുന്നമുറയ്ക്ക് അപേക്ഷ ഇൻഷ്വറൻസ് കമ്പനിക്ക് അയയ്ക്കുന്നതാണ്.

ടി ജീവനക്കാരുടെ ആശ്രിതർക്ക് അർഹതപ്പെട്ട DCRG, STPF, ഫാമിലി പെൻഷൻ എന്നിവ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്നമുറയ്ക്ക് കോർപ്പറേഷൻ അനുവദിച്ച് നൽകുന്നതാണ്.

കൂടാതെ അപകടത്തിൽ മരണമടഞ്ഞ യാത്രക്കാർക്കും പരിക്ക് പറ്റിയവർക്കും സഹായം നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. യാത്രക്കാർക്ക് സർക്കാർ സഹായം നൽകാൻ തീരുമാനിക്കുന്നപക്ഷം മരണമടഞ്ഞ ജീവനക്കാർക്കും സഹായം നൽകുന്ന കാര്യവും പരിഗണിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ഡ്രൈവർ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകാൻ നടപടി

306(1580) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകളിൽ എത്ര താല്ക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും വെളിപ്പെടുത്താമോ;

(ബി) കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ നിലവിലുള്ള ഒഴിവുകളിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) നിലവിൽ കെ.എസ്.ആർ.ടി.സി. അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ, കൊൽക്കത്ത, ഐ.ഐ.എം. റിട്ടയേർഡ് പ്രൊഫസർ സുശീൽ ഖന്നയെ ചുമതലപ്പെടുത്തിയിരുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യിൽ ബസ് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയിൽ എത്തിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. ആയതിലേയ്ക്ക് കേഡർ സ്ട്രെങ്ത് ക്രമപ്പെടുത്തുന്നതിനുള്ള നടപടികളും വർക്ക് സ്റ്റഡിയും നടന്നുവരികയാണ്. ആയതിനുശേഷം മാത്രമേ ഡ്രൈവർ തസ്തികയിലെ സ്ട്രെങ്ത് നിർണ്ണയിക്കാനും ഒഴിവുകൾ ഉണ്ടോയെന്ന് നിർണ്ണയിക്കാനും നിർവ്വാഹമുള്ളൂ. സ്ഥിരം ഡ്രൈവർമാർ അവധി എടുക്കുന്ന സാഹചര്യങ്ങളിലും മറ്റ് അടിയന്തര സാഹചര്യങ്ങളിലും ഷെഡ്യൂൾ കാൻസലേഷൻ ഒഴിവാക്കുന്നതിനുവേണ്ടി ഡ്രൈവർമാർ കൂടുതലുള്ള ഡിപ്പോയിൽനിന്നും കുറവുള്ള ഡിപ്പോയിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ വിന്യസിച്ച് സർവ്വീസുകൾ നടത്തുന്നുണ്ട്.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുമതിയോടു കൂടി ശബരിമല സർവ്വീസ് നടത്തിപ്പിന്റെ പ്രത്യേക സാഹചര്യത്തിൽ പി.എസ്.സി.-യിലെ കാലഹരണപ്പെട്ട ലിസ്റ്റിൽ ഉൾപ്പെട്ട ഡ്രൈവർമാരെ നിയോഗിച്ചിട്ടുണ്ടായിരുന്നു.

(ബി) കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല.

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ വിവിധ വായ്പാ തിരിച്ചടവ്**

307(1581) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. ടി. വി. ഇബ്രാഹിം :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ വിവിധ വായ്പാ തിരിച്ചടവിനായി ശമ്പളത്തിൽനിന്നും പിടിക്കുന്ന തുക അടയ്ക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) പ്രസ്തുത തുക കെ.എസ്.ആർ.ടി.സി.-യുടെ മറ്റേതെങ്കിലും ആവശ്യത്തിന് വകമാറ്റിയിട്ടുണ്ടോ;

(സി) ജീവനക്കാരിൽനിന്നും പിടിക്കുന്ന തുക വകമാറ്റുന്നത് കുറ്റകരമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുന്നത് കോർപ്പറേഷൻ സ്വന്തം വരുമാനത്തിൽനിന്ന് ലഭിക്കുന്ന തുകയും പ്രതിമാസ സർക്കാർ വായ്പാ ധനസഹായവും കൊണ്ടാണ്. കെ.എസ്.ആർ.ടി.സി.-യുടെ നടപ്പു സാമ്പത്തികവർഷത്തെ ആദ്യ പകുതിയുടെ കണക്കനുസരിച്ച് പ്രതിദിന ശരാശരി വരുമാനം 6.30 കോടിരൂപയും പ്രതിദിന ശരാശരി പ്രവർത്തന ചെലവ് 5.20 കോടിരൂപയുമാണ്. ബാക്കിവരുന്ന ശരാശരി 1.10 കോടിരൂപ മാത്രമാണ് കോർപ്പറേഷന്റെ കൈവശം ശമ്പളം നൽകുന്നതിന് ശേഷിക്കുന്നത്. ഒരു മാസം ശമ്പളവും വേതനവും നൽകുവാൻ ശരാശരി 84 കോടിരൂപ ആവശ്യമാണ്. എന്നാൽ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ശരാശരി 35 കോടിരൂപ മാത്രമാണ് ശമ്പളത്തിനായി വരുമാനത്തിൽനിന്ന് കോർപ്പറേഷന് സ്വരൂപിക്കാൻ കഴിയുന്നത്. പ്രതിമാസം സർക്കാർ വായ്പാ ധനസഹായമായ

20 കോടിരൂപയും ചേർത്ത് മാസാന്ത്യം വെറും 55 കോടിരൂപ മാത്രമേ കോർപ്പറേഷന്റെ പക്കൽ ഉണ്ടാവുകയുള്ളൂ. ആയതിനാൽ നെറ്റ് ശമ്പളവും വേതനവുമാണ് നൽകിവരുന്നത്. അതിന് ശരാശരി 73 കോടിരൂപ ആവശ്യമാണ്. ആയതിനാൽ തൊട്ടടുത്ത മാസം 15 മുതൽ 25 ദിവസം വരെയുള്ള പ്രതിദിന വരുമാനത്തിൽനിന്ന് ചെലവ് കഴിച്ച് ബാക്കിവരുന്ന തുകകൂടി ചേർത്താണ് കഴിഞ്ഞ കുറെ മാസങ്ങളായി ശമ്പളവും വേതനവും നൽകി വരുന്നത്.

ശമ്പളവും വേതനവും നൽകിക്കഴിഞ്ഞാൽ കോർപ്പറേഷന്റെ കയ്യിൽ ഫണ്ടൊന്നും അവശേഷിക്കില്ല. ഇക്കാരണത്താൽ മൊത്ത ശമ്പളത്തിൽനിന്നും റിക്കവറി നടത്തിയ ഡിപ്പാർട്ട്മെന്റൽ റിക്കവറി, നോൺ ഡിപ്പാർട്ട്മെന്റൽ റിക്കവറി എന്നിവയുടെ തുക അതാത് അക്കൗണ്ടിൽ നിക്ഷേപിക്കാൻ കോർപ്പറേഷന്റെ കയ്യിൽ ലിക്വിഡ് cash ആയി ഫണ്ടൊന്നും ഉണ്ടാവുകയില്ല. ആയതിനാൽ ജീവനക്കാരുടെ ശമ്പളത്തിൽനിന്ന് വിവിധ വായ്പാ ഇനത്തിൽ തിരിച്ചടവിനായി റിക്കവറി നടത്തുന്ന തുക യഥാസമയം അടയ്ക്കുവാൻ കഴിയാറില്ല. 2020 ജനുവരി വരെയുള്ള കണക്കനുസരിച്ച് 34.46 കോടിരൂപ എൽ.ഐ.സി. ഉൾപ്പെടെയുള്ള വിവിധ ധനകാര്യ സ്ഥാപനങ്ങളിലും സഹകരണ സ്ഥാപനങ്ങളിലും എൻ.ഡി.ആർ. ഇനത്തിൽ ഒടുക്കുവാനുണ്ട്. നിലവിൽ ശമ്പള വിതരണംപോലും സർക്കാർ സഹായത്താൽ നടത്തുന്ന ഈ സാമ്പത്തിക സ്ഥിതിയിൽ ടി ഭീമമായ തുക ഒരുമിച്ച് അടച്ച് തീർക്കുവാൻ സാധിക്കുന്നില്ല. എന്നാലും കോർപ്പറേഷന്റെ വരുമാനത്തിൽനിന്ന് മറ്റ് ചെലവുകൾ മാറ്റിവച്ച് തുക ശേഖരിച്ച് 2018 നവംബർ, ഡിസംബർ 2019 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിലെ എൻ.ഡി.ആർ. തുകകൾ പൂർണ്ണമായും അടച്ച് തീർത്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മുൻകാലങ്ങൾ മുതൽ കുടിശ്ശികയായി വന്നിട്ടുള്ള തുകകൾ അടച്ച് തീർക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി

308(1582) ശ്രീ. പി. ടി. തോമസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുശീൽ ഖന്ന റിപ്പോർട്ട് നടപ്പിലാക്കിയതോടുകൂടി ജീവിതം വഴിമുട്ടിയെന്ന് ആരോപിച്ച് കെ.എസ്.ആർ.ടി.സി. ജീവനക്കാർ മനുഷ്യാവകാശ കമ്മീഷനിൽ പരാതി നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അശാസ്ത്രീയവും നിയമവിരുദ്ധവുമായ ഡ്യൂട്ടി പരിഷ്കരണം, അമിത ജോലിഭാരം, വിശ്രമമില്ലാതെയുള്ള ഡ്യൂട്ടി എന്നിവ കാരണം ജീവനക്കാർ മാരക രോഗങ്ങൾക്ക് അടിമകളായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ജീവനക്കാർക്ക് വൃത്തിയുള്ള വിശ്രമസ്ഥലങ്ങളോ ശുചിമുറികളോ ആരോഗ്യ പരിപാലന സംവിധാനങ്ങളോ ഇല്ലായെന്നത് വസ്തുതയാണോയെന്ന് വിശദമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി. ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം ഇടപെടലാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് കണ്ടക്ടേഴ്സ് ആന്റ് എംപ്ലോയീസ് ഓർഗനൈസേഷൻ (KSTCO) എന്ന സംഘടനയുടെ വർക്കിംഗ് പ്രസിഡന്റ് ശ്രീ. എൻ. ഗോപകുമാർ, ബഹുമാനപ്പെട്ട കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതിയിൽ ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്.

(സി) വസ്തുതയല്ല.

(ഡി) ജീവനക്കാർക്ക് ആവശ്യമായ വിശ്രമ സ്ഥലങ്ങളും ശുചിമുറികളും നിർമ്മിച്ചു നൽകിയിട്ടുണ്ട്. ജീവനക്കാരുടെ ആവശ്യാനുസരണം വാർഷിക പദ്ധതിയിലും ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിലും ഉൾപ്പെടുത്തി കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി.-യിലെ പി.എസ്.സി. നിയമനങ്ങൾ**

309(1583) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.യിൽ എത്രപേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയിട്ടുണ്ട്; തസ്തിക തിരിച്ചുള്ള വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം 20-2-2020 വരെ എത്രപേർക്ക് കെ.എസ്.ആർ.ടി.സി.-യിൽ പി.എസ്.സി. വഴി നിയമനം ലഭിച്ചിട്ടുണ്ട്; തസ്തിക തിരിച്ചുള്ള വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-യിൽ 18,464 പേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയിട്ടുണ്ട്. തസ്തിക തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

ഗാർഡ് - 255

അസിസ്റ്റന്റ് സ്റ്റോർ കീപ്പർ - 48

പ്യൂൺ - 92

സ്റ്റോർ ഇഷ്യൂവർ - 70

ജൂനിയർ അടിസ്റ്റന്റ് - 669

ടൈപ്പിസ്റ്റ് - 4

മെക്കാനിക്ക് 2408

ഡ്രൈവർ - 5618

കണ്ടക്ടർ - 9300

കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ പി.എസ്.സി. മുഖേന രണ്ട് പേർക്ക് നിയമനം നൽകിയിട്ടുണ്ട്. വെൽഫെയർ ഓഫീസർ തസ്തികയിൽ 3 പേർക്ക് by transfer മുഖേനയും നിയമനം നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം പി.എസ്.സി. വഴി 20-2-2020 വരെ 5037 പേർക്ക് കെ.എസ്.ആർ.ടി.സി.-യിൽ നിയമനം ലഭിച്ചിട്ടുണ്ട്.

തസ്തിക തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

ഡ്രൈവർ - 358

കണ്ടക്ടർ - 4242

അസിസ്റ്റന്റ് സ്റ്റോർ കീപ്പർ - 19

പ്യൂൺ - 18

ജൂനിയർ അസിസ്റ്റന്റ് - 388

ടൈപ്പിസ്റ്റ് - 10

ബ്ലാക്ക് സ്മിത്ത് - 2

അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ ഒരാൾക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയിട്ടുണ്ട്.

കൂടാതെ By transfer മുഖേന അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിൽ 4 പേർക്കും അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിൽ 8 പേർക്കും നിയമനം നൽകിയിട്ടുണ്ട്.

**ശ്രീ. പി. ജെ. ജോർജിന്റെ പി.എഫ്. തുക**

310(1584) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. മൂവാറ്റുപുഴ ഡിപ്പോയിൽനിന്നും വിരമിച്ച കണ്ടക്ടർ ശ്രീ. പി.ജെ. ജോർജിന്റെ പ്രൊവിഡന്റ് ഫണ്ട് തുക ലഭിക്കുന്നതിലേയ്ക്ക് കെ.എസ്.ആർ.ടി.സി.ക്ക് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും നാളിതുവരെ പ്രസ്തുത തുക നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇദ്ദേഹത്തിന് പ്രസ്തുത പി.എഫ്. തുക ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ശ്രീ. പി. ജെ. ജോർജിന്റെ പി.എഫ്. തുക എന്നത്തേക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മൂവാറ്റുപുഴ ഡിപ്പോയിൽനിന്നും 30-11-2011-ൽ റിട്ടയർ ചെയ്ത കണ്ടക്ടർ ശ്രീ. പി. ജെ. ജോർജ് ഏഴ് (7) വർഷം കഴിഞ്ഞാണ് പി.എഫ്. ക്ലോഷർ അപേക്ഷ (18-10-2019) ലഭ്യമാക്കിയത്. ആയതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി ടിയാന്റെ PF Closure തുകയായ 62,156 രൂപ RGTS വഴി (ചെക്ക് നമ്പർ 110042 തീയതി 15-2-2020-ൽ) അക്കൗണ്ടിൽ credit ചെയ്തിട്ടുണ്ട്.

**ശാരീരിക വൈകല്യമുള്ള ജീവനക്കാരെ ഒഴിവാക്കാൻ നടപടി**

311(1585) <u>ശ്രീ. എം. സി. കമറുദ്ദീൻ</u> :
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> :
<u>ശ്രീ. സി.മമ്മൂട്ടി</u> :
<u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ ശാരീരിക വൈകല്യമുള്ള ജീവനക്കാരെ ഒഴിവാക്കാൻ ആലോചനയുണ്ടോ;

(ബി) ഇവരെ ഒഴിവാക്കുന്നതിന്റെ ഭാഗമായി നിർബന്ധ വി.ആർ.എസ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വി. ആർ. എസ്-നുപകരം തസ്തികമാറ്റം അനുവദിക്കുന്ന കാര്യം പരിശോധിക്കാമോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.-യിലെ ശാരീരിക വൈകല്യമുള്ള ജീവനക്കാരെ ഒഴിവാക്കാൻ ആലോചനയില്ല.

അതീവ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കെ.എസ്.ആർ.ടി.സി.-ക്ക് കൂടുതൽ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതാണെങ്കിലും ജോലിയിലിരിക്കെ ശാരീരിക ബുദ്ധിമുട്ടുകൾമൂലം തുടർന്നും അതേ ജോലി ചെയ്യുവാൻ കഴിയാത്തവരുടെ നിയമപരമായ അവകാശങ്ങൾക്ക് ശാശ്വത പരിഹാരം കാണേണ്ടതിന്റെ ആവശ്യകത 31-1-2020-ൽ ചേർന്ന 403-ാമത് ഭരണസമിതി വിശദമായി ചർച്ച ചെയ്യുകയും ശാരീരിക വൈകല്യമുള്ള ജീവനക്കാർക്ക് സ്വയം വിരമിക്കൽ/ ഇൻവാലിഡ് പെൻഷൻ പോലുള്ള പദ്ധതി തയ്യാറാക്കുവാൻ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അപ്രകാരം നടപടികൾ സ്വീകരിക്കുമ്പോൾ കരുതേണ്ട നിയമ സാധുതകൾ, സാമ്പത്തിക ലഭ്യത മുതലായവ പരിശോധിച്ച് നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ശാരീരിക വൈകല്യമുള്ള ജീവനക്കാർ തസ്തികമാറ്റത്തിനായി അപേക്ഷ സമർപ്പിക്കുന്നത് ടി ആളുകൾ അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന വൈകല്യത്തിന്റെ നിജസ്ഥിതി ബോധ്യപ്പെടുത്തുന്നതിലേയ്ക്കായി ബന്ധപ്പെട്ട മെഡിക്കൽ ബോർഡിന് അപേക്ഷയും അനുബന്ധ രേഖകളും അയച്ചുകൊടുക്കുകയും അവിടെനിന്നും ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റിയും ഒഴിവുംകൂടി പരിഗണിച്ച് മാത്രമേ തസ്തിക മാറ്റം അനുവദിക്കാറുള്ളൂ. നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കൂടുതൽ ജീവനക്കാർക്ക് തസ്തിക മാറ്റം നൽകുന്നത് കോർപ്പറേഷന് കൂടുതൽ സാമ്പത്തിക ബാധ്യത വരുത്തുന്നതാണ്. സാമ്പത്തിക പരാധീനത നിമിത്തം ചില അപേക്ഷകൾ തീർപ്പാക്കാതെ പരിഗണനയിലുമാണ്.

**വനിതാ കണ്ടക്ടർമാരുടെ നിയമനം**

312(1586) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഡിസംബറിലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവിൻപ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ നിയമിതരായിട്ടുള്ള വനിതകൾ ഉൾപ്പെടെയുള്ള കണ്ടക്ടർമാർക്ക് വിദൂര ജില്ലകളിലാണ് നിയമനം ലഭിച്ചിട്ടുള്ളത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ സൂചിപ്പിച്ച കണ്ടക്ടർമാരുടെ സേവനം മെച്ചപ്പെടുത്തുന്നതിനായി അവരുടെ സമീപ ജില്ലകളിലെ ഒഴിവുകളിലേയ്ക്ക് മാറ്റി നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വനിതാ കണ്ടക്ടർമാരുടെ ജീവിതം ദുരിതപൂർണ്ണമാകാതിരിക്കാൻ വിദൂര ജില്ലകളിൽ ജോലി ചെയ്യുന്ന വനിതാ കണ്ടക്ടർമാരെ സ്വന്തം ജില്ലകളിലേക്കോ ഒഴിവുള്ള സമീപ ജില്ലകളിലേക്കോ മാറ്റി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018 ഡിസംബറിൽ കെ.എസ്.ആർ.ടി.സി.-യിൽ റിസർവ് കണ്ടക്ടറായി നിയമിതരായിട്ടുള്ളവർക്ക് ഒഴിവുള്ള ജില്ലകളിലാണ് നിയമനം നൽകിയിട്ടുള്ളത്.

(ബി) സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇൻകുമ്പൻസി പൂർത്തിയാക്കുന്നമുറയ്ക്ക് റിസർവ് കണ്ടക്ടർ തസ്തികയിൽ നിയമനം ലഭിച്ച വനിതാ കണ്ടക്ടർ ഉൾപ്പെടെയുള്ളവർക്ക് അവരുടെ അപേക്ഷ പരിഗണിച്ച് നിയമാനുസൃതമായി സ്ഥലംമാറ്റം നൽകുന്നതാണ്.

## ദീർഘദൂര സർവ്വീസുകൾ നടത്തുന്നതിലുള്ള ബുദ്ധിമുട്ടുകൾ

313(1587) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ദീർഘദൂര സൂപ്പർക്ലാസ് ബസുകളുടെ കാലപരിധി കഴിഞ്ഞതുമൂലം ദീർഘദൂര സർവ്വീസുകൾ നടത്തുന്നതിൽ കെ.എസ്.ആർ.ടി.സി.ക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇപ്രകാരം എത്ര ബസുകളാണ് കാലപരിധി കഴിഞ്ഞതിനാൽ നിരത്തിലിറക്കാൻ കഴിയാത്തതെന്ന് അറിയിക്കുമോ;

(സി) ഈ പ്രതിസന്ധി മറികടക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് എന്നീ ശ്രേണിയിലുള്ള ബസ്സുകളുടെ കാലപരിധി 7 വർഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ കാലപരിധി കഴിഞ്ഞതുമൂലം ദീർഘദൂര സർവ്വീസുകൾ റദ്ദ് ചെയ്യുന്നില്ല.

(ബി) നിലവിലെ സർവ്വീസ് നടത്തുന്ന 6 സൂപ്പർ ഫാസ്റ്റ് ബസ്സുകൾ, 114 ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ എന്നിവ 7 വർഷക്കാലാവധി പൂർത്തിയാകുന്നുണ്ട്. കാലാവധി പൂർത്തിയായവ ഓർഡിനറി ബസ്സുകളായി മാറ്റം ചെയ്തു സർവ്വീസ് നടത്തിവരുന്നു.

(സി) കിഫ്ബിയിൽനിന്നും വായ്പ ലഭ്യമാക്കി പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

**വിദ്യാർത്ഥികൾക്കുള്ള യാത്രാ സൗജന്യം**

314(1588) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ തരത്തിലുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകളിലാണ് സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) യാത്രാ സൗജന്യം അനുവദിച്ച തരം ബസ്സുകൾ ദുർലഭമായതിനാൽ പലപ്പോഴും വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എല്ലാ തരം കെ.എസ്.ആർ.ടി.സി. ബസ്സുകളിലും വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ടൗൺ ടു ടൗൺ ഒഴികെയുള്ള കെ.എസ്.ആർ.ടി.സി.-യുടെ ഓർഡിനറി ബസ്സുകളിലാണ് വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിച്ചിട്ടുള്ളത്.

(ബി) അധ്യയന വർഷം തുടങ്ങുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡോക്കിലുള്ള ബസ്സുകൾ അറ്റകുറ്റപ്പണികൾ തീർത്ത് കൂടുതൽ ബസ്സുകൾ സർവ്വീസിന് യോഗ്യമാക്കുന്നതിനും വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള യാത്രക്കാരെ കൃത്യസമയത്ത് ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ടൗൺ ടു ടൗൺ ഒഴികെയുള്ള എല്ലാ ഓർഡിനറി സർവ്വീസുകളിലും നിലവിൽ വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിക്കുന്നുണ്ട്. പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് തികച്ചും സൗജന്യമായാണ് യാത്ര അനുവദിക്കുന്നത്. നിലവിലെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സാമൂഹ്യ പ്രതിബദ്ധത കണക്കിലെടുത്താണ് കെ.എസ്.ആർ.ടി.സി. വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നത്. മേൽ സാഹചര്യത്തിൽ കൂടുതൽ യാത്രാ സൗജന്യങ്ങൾ അനുവദിക്കുന്നത് കെ.എസ്.ആർ.ടി.സി.-ക്ക് താങ്ങാവുന്നതിനും അപ്പുറമാണ്. ആയതിനാൽ എല്ലാത്തരം കെ.എസ്.ആർ.ടി.സി. ബസ്സുകളിലും വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിക്കുന്നകാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കുവാൻ നടപടി**

315(1589) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത്നിന്നും രാത്രി കണ്ണൂരിൽ എത്തിച്ചേരുന്ന ജനശതാബ്ദി എക്സ്പ്രസ് ട്രെയിനിലെ യാത്രക്കാർക്ക് ഉപകാരപ്രദമായി കണ്ണപുരം, പഴയങ്ങാടി, പയ്യന്നൂർ, കാഞ്ഞങ്ങാട് ഭാഗത്തേയ്ക്ക് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസ് നിലവിൽ നിർത്തലാക്കിയിരിക്കുകയാണോ;

(ബി) എങ്കിൽ പ്രസ്തുത പ്രദേശത്തേയ്ക്കുള്ള ജനങ്ങളുടെ രാത്രി സമയത്തെ യാത്രാ ബുദ്ധിമുട്ട് പരിഗണിച്ച് പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) കണ്ണൂരിൽ രാത്രികാലത്ത് എത്തിച്ചേരുന്ന ജനശതാബ്ദി ട്രെയിനിന്റെ സമയത്തിനനുസരിച്ച് കെ.എസ്.ആർ.ടി.സി., കണ്ണപുരം, പഴയങ്ങാടി, പയ്യന്നൂർ, കാഞ്ഞങ്ങാട് ഭാഗത്തേയ്ക്ക് നടത്തിവരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകളിൽ യാത്രക്കാരുടെ എണ്ണം വളരെയധികം കുറവായതിനാലും കോർപ്പറേഷൻ അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സാഹചര്യമായതിനാലും താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിയുള്ള നിലവിലെ സാഹചര്യത്തിൽ മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്താത്ത സർവ്വീസുകൾ പുനരാരംഭിക്കുവാൻ നിർവ്വാഹമില്ല.

## വൈക്കം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിലെ ജീർണ്ണിച്ച കെട്ടിടത്തിന്റെ പൊളിച്ചുമാറ്റൽ

316(1590) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

വൈക്കം കെ.എസ്.ആർ.ടി.സി ബസ് ഡിപ്പോയിലെ പുതിയതായി പണികഴിപ്പിച്ചിട്ടുള്ള പാർക്കിംഗ് ഷെഡിനുമുന്നിലുള്ള ജീർണ്ണിച്ച കെട്ടിടം പൊളിച്ചുമാറ്റുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

വൈക്കം ഡിപ്പോയിൽ പുതിയതായി പണി കഴിപ്പിച്ചിട്ടുള്ള പാർക്കിംഗ് ഷെഡ്ഡിനു മുന്നിലുള്ള ജീർണ്ണിച്ച കാന്റീൻ കെട്ടിടം പൊളിക്കുന്നതിന് 19-2-2020-ൽ യൂണിറ്റധികാരിക്ക് അനുമതി നൽകിയതനുസരിച്ച് അത് പൊളിച്ചുനീക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ട്.

## കോട്ടയം കെ.എസ്.ആർ.ടി.സി. ഡിപ്പോ

317(1591) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ബസ് ടെർമിനൽ -കം- ഷോപ്പിംഗ് കോംപ്ലക്സിന്റെ ഭാഗമായുള്ള ടെർമിനൽ ബ്ലോക്ക്, കണക്ഷൻ ബ്ലോക്ക് പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി പലിശരഹിത നിക്ഷേപം ലഭ്യമാക്കുവാൻ സർക്കാർ ഇതേവരെ എന്തു നടപടി സ്വീകരിച്ചെന്നറിയിക്കുമോ;

(സി) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പണി പൂർത്തിയാക്കി ഗ്യാരേജ് എന്ന് പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോട്ടയം ഡിപ്പോയിൽ നിർമ്മിക്കാനുദ്ദേശിച്ചിരുന്ന 30.78 കോടിരൂപയുടെ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ ഭാഗമായ ബസ് ടെർമിനൽ ബ്ലോക്കിന്റെയും കണക്ഷൻ ബ്ലോക്കിന്റെയും സിവിൽ വർക്കിനുവേണ്ടി 19.5 കോടിരൂപയുടെ പ്രവൃത്തിക്ക് ഇ-ടെൻഡർ ക്ഷണിക്കുകയും ശ്രീ. അബ്ദുൽ വാഹീദ്, ഇ.ജെ. കൺസ്ട്രക്ഷൻ എസ്റ്റിമേറ്റ് തുകയേക്കാൾ 8 ശതമാനം കൂടുതൽ തുകയ്ക്ക് കരാർ ഏറ്റെടുക്കുകയും 12-3-2015-ൽ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിരുന്നു.

ബസ് ടെർമിനലിന്റെ നിർമ്മാണത്തിനായി സൈറ്റിൽനിന്നും മണ്ണ് നീക്കം ചെയ്തുതീർക്കുന്നതിനുള്ള കാലതാമസവും സൈറ്റിൽ നിന്നിരുന്ന കെട്ടിടം പൊളിച്ചുനീക്കി സൈറ്റ് കൈമാറാത്തതുമൂലവും നിലവിലെ റേറ്റിൽ പ്രവൃത്തി ചെയ്യുവാൻ കഴിയുകയില്ലെന്ന് കരാറുകാരൻ 23-9-2016-ൽ അറിയിച്ചതുകാരണം പ്രോജക്ടുകളുമായി മുന്നോട്ടുപോകുവാൻ കഴിഞ്ഞില്ല. കെ.എസ്.ആർ.ടി.സി.-യുടെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിമൂലം മറ്റ് സ്ഥലങ്ങളിൽ നടന്നുകൊണ്ടിരുന്ന ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം നിലച്ചതിനാൽ പ്രതീക്ഷിച്ചിരുന്ന പലിശരഹിത നിക്ഷേപം അവിടെനിന്നും ലഭിച്ചിരുന്നില്ല. കോട്ടയത്തെ പ്രോജക്ടിന്റെ പണി തുടങ്ങാതെ പലിശരഹിത നിക്ഷേപം ലഭിക്കാൻ സാധ്യതയില്ലാത്തതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നിർദ്ദേശാനുസരണവും ടി പ്രോജക്ട് KIIFB-യിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി കാരണം വിവിധ ഡിപ്പോകളിൽ നടന്നുകൊണ്ടിരുന്ന ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം മുടങ്ങിക്കിടക്കുകയാണ്. അതിനാൽ കോട്ടയത്തെ പ്രോജക്ടിന്റെ നിർമ്മാണം ആരംഭിക്കാതെ പ്രതീക്ഷിക്കുന്ന പലിശ രഹിത നിക്ഷേപം ലഭിക്കാൻ സാധ്യതയില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മിച്ച ഗ്യാരേജിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിവരികയാണ്.

## മലബാർ മേഖലയിൽ കെ.എസ്.ആർ.ടി.സി.-യുടെ സേവനം

318(1592) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ സേവനം മലബാർ മേഖലയിൽ വേണ്ടത്ര ലഭിക്കുന്നില്ല എന്ന ആക്ഷേപം സർക്കാർതലത്തിൽ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മുൻസർക്കാരിന്റെ കാലയളവിൽ മലപ്പുറം ജില്ലയിൽ ആകെ എത്ര സർവ്വീസുകളാണ് കെ.എസ്.ആർ.ടി.സി. ദിവസേന നടത്തിയിരുന്നത്; മണ്ഡലം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലയിൽ എത്ര സർവ്വീസുകളാണ് നിർത്തലാക്കിയത്; വിശദമാക്കാമോ; സർവ്വീസുകൾ ഏറ്റവും ആവശ്യമുള്ള ഈ മേഖലയിൽ ഇവ നിർത്തലാക്കിയതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ഡി) മഞ്ചേരി മെഡിക്കൽ കോളേജിൽ എത്തുന്ന രോഗികൾക്ക് കെ.എസ്.ആർ.ടി.സി. യാത്രാ സംവിധാനം പര്യാപ്തമല്ലെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) എങ്കിൽ മഞ്ചേരി കേന്ദ്രമാക്കി ഒരു ബസ് ഓപ്പറേറ്റിംഗ് സംവിധാനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പരിശോധിക്കുന്നതാണ്.

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ മലപ്പുറം ജില്ലയിൽ ആകെ 197 സർവ്വീസുകൾ നടത്തിയിരുന്നു. മണ്ഡലം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മലപ്പുറം | - 66 |
| പെരിന്തൽമണ്ണ | - 52 |
| പൊന്നാനി | - 40 |
| നിലമ്പൂർ | -39 |

(സി) യാത്രക്കാരുടെ കുറവും കെ.എസ്.ആർ.ടി.സി.-ക്ക് വരുമാന നഷ്ടവും കാരണം 59 സർവ്വീസുകൾ മലപ്പുറം ജില്ലയിൽ ആകെ നിർത്തലാക്കിയിട്ടുണ്ട്.

(ഡി) പരിശോധിച്ചിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജുമായി ബന്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തിവരുന്നുണ്ട്. എന്നാൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യം സംബന്ധിച്ച് സാധ്യതാപഠനം നടത്തി യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുമെങ്കിൽ പരിശോധിക്കുന്നതാണ്.

(ഇ) 21-12-2012-ൽ പ്രവർത്തനം ആരംഭിച്ച മഞ്ചേരി ഐ.ജി.ബി.റ്റി. ബസ് സ്റ്റാൻഡിലെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് 3-9-2017-ലാണ് നിർത്തലാക്കിയത്. തിരൂർ-മഞ്ചേരി റൂട്ടിലുള്ള 12-ൽ 9 ഷെഡ്യൂളുകളിലായി 24 ട്രിപ്പുകൾ മാത്രമാണ് പ്രസ്തുത സ്റ്റാൻഡിലൂടെ പ്രതിദിനം സർവ്വീസ് നടത്തിവന്നിരുന്നത്. നിലവിൽ ടി സർവ്വീസുകൾക്കുപുറമെ വഴിക്കടവ്-കോഴിക്കോട് ചെയിൻ സർവ്വീസിലെ കോഴിക്കോട് ഭാഗത്തേയ്ക്കുള്ള 11 ഷെഡ്യൂളുകളും ടി ബസ് സ്റ്റാൻഡിലൂടെ കടന്നുപോകുന്നുണ്ട്. മഞ്ചേരി നഗരത്തിൽ മറ്റ് ബസ് സ്റ്റാൻഡുകൾ നിലവിലുണ്ട്. (ഐ.ജി.ബി.റ്റി., പഴയ സ്റ്റാൻഡ്, സീതി ഹാജി). കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ സർവ്വീസ് ഓപ്പറേഷനു വേണ്ടി ഒരു പുതിയ ഓഫീസ് സ്ഥാപിക്കുന്നതിന് തൽക്കാലം നിർവ്വാഹമില്ല.

## കായംകുളം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ ചുറ്റുമതിൽ പുനർ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ

319(1593) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കെ.എസ്.ആർ.ടി.സി ബസ്സ് ഡിപ്പോയുടെ ചുറ്റുമതിൽ പകുതി തകർന്ന് കിടക്കുന്നതും, ബാക്കിയുള്ള ഭാഗം കാലപ്പഴക്കത്താൽ തകർന്ന് വീഴാറായിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ചുറ്റുമതിൽ പൊളിച്ച് പുനർ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധിമൂലം തനത് ഫണ്ടിൽ ഉൾപ്പെടുത്തി പണി ചെയ്യുന്നതിന് കഴിയാത്ത സാഹചര്യത്തിൽ ടി പ്രവൃത്തി 2020-21 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് ചുറ്റുമതിൽ പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ മോഡേൺ ബസ് ടെർമിനൽ നിർമ്മാണം

320(1594) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ മോഡേൺ ബസ് ടെർമിനൽ നിർമ്മിക്കുന്നതിനുവേണ്ടി 2018-19 വർഷത്തെ ആസ്തി വികസന ഫണ്ടിൽനിന്നും 1.875 കോടിരൂപ അനുവദിച്ച് ഭരണാനുമതി ലഭ്യമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭ്യമായതിനുശേഷം സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ വേഗത്തിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പിനെക്കൊണ്ട് ചെയ്യിപ്പിക്കുന്നതിനാണ് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ആന്റണി ജോൺ ആവശ്യപ്പെട്ടിരുന്നത്. അപ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലത്ത് പ്രവൃത്തി ചെയ്യുന്നതിനായി 4-9-2019-ന് NOC നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് എറണാകുളം ജില്ലാ കളക്ടർ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(സി) ടെൻഡർ നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് പൊതുമരാമത്ത് വകുപ്പാണ്. ടി പ്രവൃത്തിക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽനിന്നും കത്ത് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## പട്ടാമ്പി മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

321(1595) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ നിന്ന് സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ റദ്ദാക്കിയ ബസ്സ് സർവ്വീസുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പ്രധാനപ്പെട്ട ബസ്സ് സർവ്വീസുകളെങ്കിലും പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 7.00 മണി പാലക്കാട്-കുറ്റിപ്പുറം സർവ്വീസ് താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. നിലവിൽ വളരെയധികം സാമ്പത്തിക ബുദ്ധിമുട്ടിലാണ്. തീർത്തും ലാഭകരമല്ലാത്ത ഷെഡ്യൂളുകളാണ് കെ.എസ്.ആർ.ടി.സി. നിർത്തലാക്കിയിട്ടുള്ളത്. സാധ്യതാപഠനം നടത്തി കോർപ്പറേഷനും യാത്രക്കാർക്കും ഗുണകരമാകുമെങ്കിൽ പ്രസ്തുത സർവ്വീസ് പുനഃസ്ഥാപിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

## മണ്ണുത്തി ബൈപ്പാസ് വഴി പാലക്കാട് ഭാഗത്തേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

322(1596) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ ഭാഗത്ത്നിന്നും മണ്ണുത്തി ബൈപാസ് വഴി പാലക്കാട് ഭാഗത്തേക്ക് കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) പൊതുജനങ്ങൾക്ക് സമയലാഭവും കെ.എസ്.ആർ.ടി.സി.-ക്ക് ലാഭകരവുമായതിനാൽ പെരുമ്പാവൂർ ഭാഗത്ത്നിന്നും മണ്ണുത്തി ബൈപാസ് വഴി പാലക്കാട് ഭാഗത്തേയ്ക്ക് രാവിലെയും പാലക്കാട്ട്നിന്നും പെരുമ്പാവൂരിലേക്ക് വൈകുന്നേരവും കെ.എസ്.ആർ.ടി.സി. ബസ്സ് സർവീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ലഭ്യമായിട്ടില്ല.

(ബി) പെരുമ്പാവൂർ ഭാഗത്തുനിന്നും മണ്ണുത്തി ഭാഗത്തേയ്ക്ക് പുതിയ സർവ്വീസ് ആരംഭിക്കണമെന്ന പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് സാധ്യതാപഠനം നടത്തി യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ സർവ്വീസുകൾ/ ട്രിപ്പുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

323(1597) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിലെ വിവിധ ഡിപ്പോകളിൽ നിന്ന് കെ.എസ്.ആർ.ടി.സി. ഏതെല്ലാം പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഇനി ഏതെല്ലാം പുതിയ സർവ്വീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വിശദമാക്കാമോ;

(ബി) പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിനും ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെടുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിലെ വിവിധ ഡിപ്പോകളിൽനിന്നും ആരംഭിച്ച സർവ്വീസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | 07.20 മാനന്തവാടി - പടിഞ്ഞാറെത്തറ |
| 2 | 06.50 മാനന്തവാടി - തിരുനെല്ലി |
| 3 | 19.00 മാനന്തവാടി - തിരുവനന്തപുരം |
| 4 | 22.30 മാനന്തവാടി - പത്തനംതിട്ട |
| 5 | 15.40 മാനന്തവാടി - ഭീമനടി |
| 6 | 07.40 മാനന്തവാടി - കോയമ്പത്തൂർ |
| 7 | 04.35 മാനന്തവാടി - കോഴിക്കോട് |
| 8 | 06.15 മാനന്തവാടി - കോഴിക്കോട് |
| 9 | 08.40 മാനന്തവാടി - കോഴിക്കോട് |
| 10 | 05.45 മാനന്തവാടി - കോഴിക്കോട് |
| 11 | 10.00 മാനന്തവാടി - കോഴിക്കോട് |
| 12 | 06.20 മാനന്തവാടി WIMS ആശുപത്രി |
| 13 | 14.20 മാനന്തവാടി - ചീക്കാട് |
| 14 | 21.30 സുൽത്താൻബത്തേരി - കോയമ്പത്തൂർ |

| | |
|---|---|
| 15 | 19.45 സുൽത്താൻബത്തേരി - തിരുവനന്തപുരം |
| 16 | 22.00 സുൽത്താൻബത്തേരി - തിരുവനന്തപുരം |
| 17 | 21.30 സുൽത്താൻബത്തേരി - പുനലൂർ |
| 18 | 20.00 സുൽത്താൻബത്തേരി - കുമിളി |
| 19 | 06.05 സുൽത്താൻബത്തേരി - പിറവം |
| 20 | 23.00 സുൽത്താൻബത്തേരി - തൊടുപുഴ |
| 21 | 13.15 സുൽത്താൻബത്തേരി - പൂവാർ |
| 22 | 10.30 സുൽത്താൻബത്തേരി - എറണാകുളം |
| 23 | 07.10 കൽപ്പറ്റ – കാഞ്ഞങ്ങാട് |
| 24 | 08.30 കൽപ്പറ്റ – കോട്ടത്തറ |
| 25 | 13.30 കൽപ്പറ്റ – സേട്ടുക്കുന്ന് |
| 26 | 05.15 കൽപ്പറ്റ – തലശ്ശേരി |
| 27 | 06.15 കൽപ്പറ്റ – ലക്കിടി |
| 28 | 07.15 കൽപ്പറ്റ – സുൽത്താൻബത്തേരി |
| 29 | 07.30 കൽപ്പറ്റ – സുൽത്താൻബത്തേരി |

സാധ്യതാ പഠനത്തിനുശേഷം കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

(ബി) പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് ജനങ്ങളെ ആകർഷിക്കുന്നതിന് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടിപാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ സർവ്വീസുകൾ ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. കർണ്ണാടക സംസ്ഥാനവു മായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസ്സുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ തരത്തിലുള്ള ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ്' എന്ന പേരിൽ എ.സി. ബസ്സുകൾ ഉപയോഗിച്ച് തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട്, കോഴിക്കോട്-കാസർഗോഡ് എന്നീ റൂട്ടുകളിൽ ഓരോ മണിക്കൂർ ഇടവേളകളിലും സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. ടി എയർ കണ്ടീഷൻസ് സർവ്വീസുകൾ കൃത്യനിഷ്ഠ പുലർത്തുന്നതിനാലും കാര്യക്ഷമമായി നടത്തുവാൻ കഴിഞ്ഞതിനാലും കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തിവരുവന്നുണ്ട്. ഇതിൽ 5 ബസ്സുകൾ ശബരിമല മഹോത്സവത്തോടനുബന്ധിച്ച് നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസ്

നടത്തുന്നതിനായി ഉപയോഗിച്ചിരുന്നു. പരിസ്ഥിതി സൗഹാർദ്ദവും ശബ്ദരഹിതവുമായ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ജനകീയമാക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ നൂതന സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവ്വേഷൻ സംവിധാനം M/s. Abhibus മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മാത്രവുമല്ല, നിലവിൽ 557 സർവ്വീസുകളിൽ ഓൺലൈൻ റിസർവ്വേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഡിജിറ്റലൈസേഷന്റെ ഭാഗമായി 26 റിസർവ്വേഷൻ കൗണ്ടറുകളിൽ Point of Sale (POS) മെഷീനുകളും ഏർപ്പെടുത്തിയിട്ടുണ്ട്. 2013-ൽ വാങ്ങിയ ഇ.ടി.എം.-കൾ പ്രവർത്തനരഹിതമായിക്കൊണ്ടിരിക്കുന്നതിനാൽ പല ഡിപ്പോകളിലും ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുപകരം മാന്വൽ റാക്കുകളാണ് ഉപയോഗിച്ചുവരുന്നത്. ആയതിനാൽ പുതിയ ഇ.ടി.എം. വാങ്ങുന്നതിന് ടെൻഡർ ക്ഷണിക്കുകയും നടപടികൾ അവസാന ഘട്ടത്തിലുമാണ്.

ഇ.ടി.എം. ഉപയോഗിക്കുന്നതുവഴി കണ്ടക്ടർ വിഭാഗത്തിന്റെ ജോലി ഭാരം കുറയുകയും ടിക്കറ്റ് വിതരണം കൂടുതൽ സുഗമമായി നടക്കുന്നതുമൂലം വരുമാന ചോർച്ച തടയുകയും വരുമാന വർദ്ധനവ് ഉണ്ടാകുകയും ചെയ്യുന്നതാണ്.

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സ്ഥിതിഗതി കൃത്യമായി അറിയുന്നതിന് ബസ്സുകളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിക്കേണ്ടതുണ്ട്.

എല്ലാ കെ.എസ്.ആർ.ടി.സി. ബസ്സുകളിലും ജി.പി.എസ്. സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന AIS 140 മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ ജി.പി.എസ്. വാങ്ങി ഘടിപ്പിക്കുന്നതിനായി ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

## പാലക്കാട് ജില്ലയിലെ കെ.എസ്.ആർ.ടി.സി. ബസ് റൂട്ടുകൾ

324(1598) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ പുതിയതായി എത്ര കെ.എസ്.ആർ.ടി.സി. ബസ് റൂട്ടുകൾ അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പാലക്കാട്-പെരിന്തൽമണ്ണ റൂട്ടിൽ കെ.എസ്.ആർ.ടി.സി. നിലവിൽ എത്ര ബസ് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) പാലക്കാട്-ശ്രീകൃഷ്ണപുരം-പെരിന്തൽമണ്ണ റൂട്ടിൽ കൂടുതൽ കെ.എസ്.ആർ.ടി.സി. ബസുകൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഗണിച്ച് കൂടുതൽ ബസുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 5 സർവ്വീസുകൾ.

1. പാലക്കാട്-ഊട്ടി (1)

2. പാലക്കാട്-കോഴിക്കോട് (4)

(ബി) 21 എണ്ണം.

1. പെരിന്തൽമണ്ണ – പാലക്കാട് - കോഴിക്കോട് (9)
2. പാലക്കാട് - കോഴിക്കോട് (6)
3. പാലക്കാട് - മൊദകര (1)
4. പാലക്കാട് -കോഴിക്കോട് - കോയമ്പത്തൂർ (2)
5. പാലക്കാട് - വഴിക്കടവ് (1)
6. പാലക്കാട് - കോഴിക്കോട് (2)

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യാത്രക്കാർക്കും കോർപ്പറേഷനും ഗുണകര മാകുന്നപക്ഷം ആയത് സംബന്ധിച്ച് പഠനം നടത്തിയതിനുശേഷം പ്രസ്തുത റൂട്ടിൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**റദ്ദുചെയ്ത സർവ്വീസുകൾ പുനരാരംഭിക്കുവാൻ നടപടി**

325(1599) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതി നിർദ്ദേശാനുസരണം കെ.എസ്.ആർ.ടി.സി.യിൽ താല്ക്കാലിക ജീവനക്കാരെ മാറ്റി നിർത്തിയതുമൂലം സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പാറശാല, നെയ്യാറ്റിൻകര, വെള്ളറട, കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഇത്തരത്തിൽ സർവ്വീസുകൾ റദ്ദ് ചെയ്യേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സർവ്വീസുകളാണ് റദ്ദ് ചെയ്യേണ്ടി വന്നിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇത്തരത്തിൽ റദ്ദ് ചെയ്തിട്ടുള്ള സർവ്വീസുകൾ പുനരാരംഭിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എത്ര സർവ്വീസുകൾ പുനരാരംഭിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) റദ്ദ് ചെയ്തിട്ടുള്ള മറ്റ് സർവ്വീസുകൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവർമാരുടെ കുറവുമൂലം താൽക്കാലികമായി സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ട്. എന്നാൽ ഡ്രൈവർമാർ കൂടുതലുള്ള യൂണിറ്റുകളിൽനിന്നും കുറവുള്ള യൂണിറ്റുകളിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മാറ്റി നിയമിച്ച് സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) വിവിധ ഡിപ്പോകളിൽനിന്നും ഇത്തരത്തിൽ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുള്ള സർവ്വീസുകളിൽ ചിലത് പുനഃസ്ഥാപിച്ചിട്ടുണ്ട്. കൂടാതെ യാത്രക്കാർ കൂടുതലുള്ളതും കോർപ്പറേഷന് വരുമാനം ലഭിക്കുന്നതുമായ എല്ലാ പ്രധാന ട്രിപ്പുകളും മറ്റ് സർവ്വീസുകളിൽ ഉൾക്കൊള്ളിച്ചുകൊണ്ട് ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്.

(ഡി) യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ കൂടുതൽ ട്രിപ്പുകൾ പുനഃക്രമീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ചെങ്ങന്നൂർ-പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസുകൾ**

326(1600) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ചെങ്ങന്നൂർ-പത്തനംതിട്ട ചെയിൻ സർവ്വീസുകൾ പുലർച്ചെ നാലുമുതൽ രാത്രി ഒൻപതുമണിവരെ ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ നിന്ന് ലഭ്യമാക്കുന്നുണ്ടോ;

(ബി) എങ്കിൽ നിലവിൽ ഇപ്രകാരം എത്ര സർവ്വീസുകളാണ് ഉള്ളതെന്ന് അറിയിക്കുമോ;

(സി) രാത്രികാല തീവണ്ടികളിൽ എത്തുന്നവർക്കും പുലർച്ചെയുള്ള വണ്ടികളിൽ യാത്ര ആരംഭിക്കുന്ന കിഴക്കൻ മേഖലയിലെ യാത്രക്കാർക്കും പ്രയോജനകരമാകുന്ന ചെയിൻ സർവ്വീസുകൾ തുടരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ) നിലവിൽ ചെങ്ങന്നൂർ-പത്തനംതിട്ട ചെയിൻ സർവ്വീസുകൾ പുലർച്ചെ 4.30 മണി മുതൽ രാത്രി 8.10 മണി വരെ ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ബി)

1. 20.00 പത്തനംതിട്ട – ചെങ്ങന്നൂർ
2. 10.00 പത്തനംതിട്ട – ചെങ്ങന്നൂർ
3. 12.50 പത്തനംതിട്ട – ചെങ്ങന്നൂർ
4. 16.00 പത്തനംതിട്ട – ചെങ്ങന്നൂർ
5. 19.00 പത്തനംതിട്ട – ചെങ്ങന്നൂർ
6. 19.50 പത്തനംതിട്ട – ചെങ്ങന്നൂർ
7. 08.00 ചെങ്ങന്നൂർ - പത്തനംതിട്ട
8. 06.15 ചെങ്ങന്നൂർ - പത്തനംതിട്ട
9. 06.30 ചെങ്ങന്നൂർ - പത്തനംതിട്ട
10. 08.45 ചെങ്ങന്നൂർ - പത്തനംതിട്ട
11. 07.00 ചെങ്ങന്നൂർ - പത്തനംതിട്ട

(സി) യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന സാഹചര്യമാണെങ്കിൽ കൂടുതൽ ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. നിലമ്പൂർ

327(1601) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നിലമ്പൂർ ബസ് സ്റ്റേഷനിലെ വാണിജ്യ സമുച്ചയത്തിലെ ഷോപ്പുകൾ ഒറ്റയൂണിറ്റായി പരിഗണിച്ച് പാട്ടക്കരാർ വ്യവസ്ഥയിൽ അനുവദിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ലേലം /ടെണ്ടർ തീയതിക്കകം ഏതെങ്കിലും വ്യക്തികളോ, സംരംഭകരോ കമ്പനികളോ കൺസോർഷ്യമോ ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെ പേരിലാണ് ടെണ്ടർ ഉറപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) എത്ര വർഷത്തേക്കാണ് ഷോപ്പിംഗ് കോംപ്ലക്സ് പാട്ടത്തിന് നൽകിയതെന്നും എന്നു മുതലാണ് ഇത് പ്രവർത്തന സജ്ജമാക്കേണ്ടതെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 7-2-2020 തീയതിയായി ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ടെൻഡർ ഉറപ്പിച്ച് നൽകിയിട്ടില്ല. 3 ടെൻഡർ ലഭിച്ചിട്ടുണ്ട്.

1. കെ.എൽ. സഞ്ജയൻ, ചുങ്കത്തറ, മലപ്പുറം
2. നിലമ്പൂർ, മെർക്കന്റയിൽ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്
3. ഹോമി ചാരിറ്റബിൾ ട്രസ്റ്റ്, മലപ്പുറം

ഏറ്റവും ഉയർന്ന തിരികെ നൽകപ്പെടാത്ത തുകയായി (Rs.1,05,00,000) വാഗ്ദാനം ചെയ്തിരിക്കുന്നത് - ഹോമി ചാരിറ്റബിൾ ട്രസ്റ്റ്, മലപ്പുറം.

(സി) അനുവദിച്ചിട്ടില്ല. ദർഘാസ് വ്യവസ്ഥപ്രകാരം കാലാവധി 15 വർഷവും അലോട്ട്മെന്റ് നൽകിയശേഷം 30 ദിവസത്തിനകവും തുക പൂർണ്ണമായും ഒടുക്കേണ്ടതും അനുവദിച്ചുകൊണ്ടുള്ള സ്ഥിരീകരണ ഉത്തരവ് നൽകുന്നതും ലൈസൻസി കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

## ശ്രീ. വൈജു പി.എസ്.-ന് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് വേഗത്തിൽ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ

328(1602) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ഓഫീസ് അറ്റൻഡന്റായി ജോലിചെയ്തു വരുന്ന വൈജു. പി. എസ്-ന് ഹൃദയവാൽവ് മാറ്റി വച്ചതുമായി ബന്ധപ്പെട്ട് ചെലവായ 3,54,610 രൂപയിൽ 1,76,622 രൂപ അനുവദിച്ച് ഉത്തരവായിട്ടും നാളിതുവരെ തുക ലഭ്യമാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്തുകൊണ്ടാണ് പ്രസ്തുത തുക ലഭ്യമാക്കാൻ വൈകുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ബഹു. ഹൈക്കോടതിയുടെ WPC No.15390/2019 നമ്പർ കേസിൽ ഇദ്ദേഹത്തിന് തുക ലഭ്യമാക്കണമെന്നുള്ള 19-6-2019-ലെ ഇടക്കാല ഉത്തരവ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉത്തരവിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ;

(ഡി) ശ്രീ. വൈജു. പി.എസ്-ന് പ്രസ്തുത മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് വേഗത്തിൽ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. വളരെയധികം സാമ്പത്തിക പ്രതിസന്ധി യിലായതിനാൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് 2016 മുതൽ കുടിശ്ശികയാണ്.

(സി) ശ്രീ. വൈജു പി.എസ്.-ന് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ലഭിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WPC No.15390/2019-ലെ 19-6-2016 തീയതിയിലെ ഇടക്കാല ഉത്തരവും 9-8-2019 തീയതിയിലെ വിധിന്യായവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് സാവകാശം വേണമെന്ന് ബഹുമാനപ്പെട്ട കോടതിയെ ധരിപ്പിച്ചിട്ടുണ്ട്.

(ഡി) സാമ്പത്തിക സ്ഥിതി മെച്ചമാകുന്നമുറയ്ക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുക നൽകുന്നതാണ്.

## മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം

329(1603) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ എൽ.എ.സി.-എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി എം.എൽ.എ. ഫണ്ട് അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഓഫീസ് ഉൾപ്പെടെയുള്ള കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച ഒരു കോടിരൂപ വിനിയോഗിച്ച് മാവേലിക്കര ഡിപ്പോയിൽ ബസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. 1-6-2016-ൽ ബിൽഡിംഗ് പെർമിറ്റിന് ആവശ്യമായ രേഖകളെല്ലാം ഉൾപ്പെടുത്തി ബിൽഡിംഗ് പെർമിറ്റിനായി അപേക്ഷ മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ചിരുന്നു.

നിർമ്മാണ പ്രവൃത്തികൾ ഉടൻ തുടങ്ങുവാനും ബിൽഡിംഗ് പെർമിറ്റ് ഉടൻ തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം എന്നും ശ്രീ. ആർ. രാജേഷ്, എം.എൽ.എ. നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ 21-6-2016-ൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള പ്രരംഭ നടപടികൾ ആരംഭിച്ചു. പ്രവൃത്തി നടന്നുവരവെ മുനിസിപ്പാലിറ്റിയിൽനിന്നും സ്റ്റോപ്പ് മെമ്മോ ലഭിച്ചതിനെത്തുടർന്ന് 1-7-2016 മുതൽ നിർമ്മാണ പ്രവർത്തനം നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടായി. പിന്നീട് പെർമിറ്റ് അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി. കത്ത് സമർപ്പിക്കുകയും ബഹുമാനപ്പെട്ട മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവനുസരിച്ച് ജില്ലാ കളക്ടർ ഈ പ്രശ്നത്തിൽ ഇടപെടലുകൾ നടത്തുകയും ചെയ്തെങ്കിലും മുനിസിപ്പാലിറ്റി നാളിതുവരെ പെർമിറ്റ് അനുവദിച്ച് നൽകിയിട്ടില്ല. തുടർന്ന് കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് അവിടെ ചെയ്ത പ്രവൃത്തികളുടെ കരാർ തുക നൽകി കരാറുകാരനെ ടി പ്രവൃത്തിയിൽനിന്നും ഒഴിവാക്കുന്നതിന് കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ട്.

## ചെല്ലഞ്ചിപ്പാലം വഴി കെ.എസ്.ആർ.ടി.സി. സർവ്വീസ്

330(1604) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ, നന്ദിയോട്, പുല്ലമ്പാറ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചെല്ലഞ്ചിപ്പാലം പൂർത്തിയായി ആറ് മാസങ്ങൾ പിന്നിട്ടിട്ടും അതുവഴി കെ.എസ്.ആർ.ടി.സി സർവ്വീസ് ആരംഭിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമായ പ്രസ്തുത റൂട്ടിൽ കെ.എസ്.ആർ.ടി.സി സേവനം നടത്താൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെല്ലഞ്ചിപ്പാലത്തിന്റെ പണി പൂർത്തിയായി ട്ടുണ്ടെങ്കിലും പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിൽ ഏകദേശം 350 മീറ്റർ ഭാഗത്ത് മെറ്റൽ ഇടാത്ത സ്ഥിതിയായതിനാലും അപ്രോച്ച് റോഡിന്റെ പണി പൂർത്തിയായിട്ടില്ലാത്തതിനാലും കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിച്ചിട്ടില്ല.

(ബി) റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാകുന്നമുറയ്ക്കും അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാകുന്നമുറയ്ക്കും പ്രസ്തുത റൂട്ടിൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

### പാലക്കാട് ആർ.ടി.ഒ. ചെക്ക് പോസ്റ്റിൽ നിരീക്ഷണ ക്യാമറകൾ

331(1605) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ആർ.ടി.ഒ.ചെക്ക് പോസ്റ്റിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടോ;

(ബി) വിജിലൻസ് ഉദ്യോഗസ്ഥർ പരിശോധന നടത്തുന്ന വിവരം മുൻകൂട്ടി അറിയുന്നതിനാണ് നിരീക്ഷണ ക്യാമറ സ്ഥാപിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏത് ഏജൻസിയെ കൊണ്ടാണ് നിരീക്ഷണ ക്യാമറ സ്ഥാപിച്ചതെന്നും അതിനായി എന്ത് തുക ചെലവഴിച്ചെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പരീക്ഷണാടിസ്ഥാനത്തിൽ സൈബർ സോണിക് സൊല്യൂഷൻ, പാലക്കാട് മുഖേന ക്യാമറകൾ സ്ഥാപിച്ചിരുന്നു. ഈ സംവിധാനം ഇപ്പോൾ നിലവിലില്ല. ഇതിനായി വകുപ്പിൽനിന്നും തുക ഒന്നുംതന്നെ ചെലവഴിച്ചിട്ടില്ല.

### സ്വകാര്യ വാഹനങ്ങളുടെ മോട്ടോർവാഹന നിയമ ലംഘനം

332(1606) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസ്റ്റ് ബസ്സുകളുൾപ്പെടെയുള്ള സ്വകാര്യ വാഹനങ്ങളുടെ മത്സരയോട്ടവും ഒപ്പം ഇവയുടെ മുൻവശത്തും, പുറകുവശത്തും, മറ്റുവശങ്ങളിലുമായി മോട്ടോർ വാഹന നിയമമോ ചട്ടങ്ങളോ പാലിക്കാതെയുള്ള പരസ്യങ്ങളും സീനറികളും ഒട്ടിച്ചുള്ള യാത്ര കോടതി വിധിപ്രസ്താവനകളിലൂടെ നിയവിരുദ്ധ പ്രക്രിയയായി വിലയിരുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) അതുപോലെ മോട്ടോർവാഹന നിയമപ്രകാരം വാഹന നമ്പർ രാത്രിയിലും വ്യക്തമായി കാണണമെന്നിരിക്കെ ക്യാമറക്കണ്ണുകളെയും പരിശോധകരെയും കബളിപ്പിക്കാനായി നമ്പർ പ്ലേറ്റിന് സമീപത്ത് എൽ.ഇ.ഡി. ലൈറ്റുകൾ പ്രകാശിപ്പിച്ച് പരിശോധനകളിൽപ്പെടാതെ പോകുന്ന പ്രക്രിയ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത കോടതി വിധികൾക്കുശേഷം സംസ്ഥാനത്താകമാനം ഗതാഗത വകുപ്പ് എത്ര വാഹനങ്ങളുടെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു എന്നും, കോടതിവിധി നടപ്പാക്കാനായി സമയബന്ധിതമായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട ഹൈക്കോടതി WP(C)24417/2019 നമ്പർ കേസ്സിലെ 5-9-2019-ലെ ഉത്തരവുപ്രകാരം കോൺട്രാക്ട് ക്യാരേജുകളിൽ മറ്റ വാഹനങ്ങളിലെ ഡ്രൈവർമാരുടെയും റോഡ് ഉപയോക്താക്കളുടെയും ശ്രദ്ധതിരിക്കുന്ന തരത്തിലുള്ള പരസ്യങ്ങളും ചിത്രങ്ങളും പ്രദർശിപ്പിക്കുന്നതിനെതിരെയും അമിതമായി ശബ്ദ പ്രകാശ സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനെതിരെയും നടപടികൾ എടുക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം നിയമലംഘനങ്ങൾ ക്കെതിരെ കർശന നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) വാഹനങ്ങളുടെ പുറംവശങ്ങളിൽ അനധികൃത ലൈറ്റുകൾ ഘടിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെതിരെ മോട്ടോർ വാഹന വകുപ്പ് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഇത്തരം നിയമലംഘനങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് 'ഓപ്പറേഷൻ തണ്ടർ' എന്ന പേരിൽ പ്രത്യേക വാഹന പരിശോധന നടത്തുകയും വാഹനങ്ങളിൽനിന്ന് അനധികൃത പരസ്യ, ശബ്ദ, പ്രകാശ സംവിധാനങ്ങൾ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ 14,602 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 5,13,94,000 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ കോൺട്രാക്ട് കാര്യേജ് വാഹനങ്ങളുടെയും നിറം 1-3-2020 മുതൽ ഏകീകരിക്കുന്നതിന് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്.

## മോട്ടോർ വാഹന വകുപ്പ് പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി

333(1607) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോട്ടോർ വെഹിക്കിൾ വകുപ്പിൽ വിവിധ ആവശ്യങ്ങൾക്കായി ഓൺലൈൻ അപേക്ഷ നൽകുകയും പിന്നീട് പ്രിന്റ് എടുത്ത് ഓഫീസിൽ ക്യൂ നിൽക്കുകയും ചെയ്യേണ്ട സാഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് ഇടനിലക്കാരുടെ ഇടപെടലിനും അഴിമതിക്കും ഇടയാക്കു മെന്നതിനാൽ മോട്ടോർ വാഹന വകുപ്പ് പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ)

I) സാരഥി

1) പുതിയ ഡ്രൈവിംഗ് ലൈസൻസ്

2) ഡ്രൈവിംഗ് ലൈസൻസ് പുതുക്കൽ

3) ക്ലാസ് കൂട്ടിച്ചേർക്കൽ

4) ഡ്യൂപ്ലിക്കേറ്റ് ലൈസൻസ്

5) ലൈസൻസ് പർട്ടിക്കുലേഴ്സ്

II) വാഹൻ

1) താൽക്കാലിക രജിസ്ട്രേഷൻ

2) പുതിയ രജിസ്ട്രേഷൻ

3) നികുതി ഒടുക്കൽ

4) പുതിയ പെർമിറ്റ്, പുതുക്കൽ

5) ഉടമസ്ഥാവകാശം മാറ്റൽ

6) ഓൾ ഇന്ത്യാ ടൂറിസ്റ്റ് സർവ്വീസ്

7) ഫിനാൻസ് രേഖപ്പെടുത്തൽ/വിടുതൽ

മേൽപ്പറഞ്ഞവ വകുപ്പ് നൽകുന്ന ഏതാനും സേവനങ്ങളാണ്. ഇതിൽ I(5), II(1), II(3), II(4) എന്നീ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനിൽ ലഭ്യമാണ്. ഇവർക്ക് ഫീസ് അടച്ചതിനുശേഷം നേരിട്ടുതന്നെ ഓൺലൈൻ സേവനങ്ങൾ പൂർണ്ണമായി ലഭ്യമാകും. ഓഫീസിൽ വരേണ്ട യാതൊരു ആവശ്യവും ഇല്ല.

എന്നാൽ, പുതിയ ലൈസൻസിനും ക്ലാസ് കൂട്ടിച്ചേർക്കുന്നതിനും ലേണേഴ്സ് ടെസ്റ്റിനും അപേക്ഷകൾ ഓഫീസിൽ ഹാജരാക്കണം. ഇതുപോലെ, പുതിയ വാഹനം രജിസ്റ്റർ ചെയ്യുന്നതിനും നിലവിൽ വാഹന പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ഡ്രൈവിംഗ് ലൈസൻസ് പുതുക്കുമ്പോൾ, പഴയ ലൈസൻസ് സറണ്ടർ ചെയ്യേണ്ടതുണ്ട്. ആയതിനാൽ അപേക്ഷകൾ ലൈസൻസിനൊപ്പം ഓഫീസിൽ എത്തിക്കേണ്ടതുണ്ട്. എന്നിരുന്നാലും, വാഹൻ സാരഥി പൂർണ്ണമാകുന്നതോടെയും, കേന്ദ്രീകൃത പ്രിന്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടിയും, ഇതിൽനിന്നും പല സർവ്വീസുകളും പൂർണ്ണമായും ഓൺലൈനാകുന്നതാണ്.

(ബി) ഓൺലൈൻ സംവിധാനമായി പരിവാഹൻ എല്ലാ ഓഫീസിലും നടപ്പിൽവരുത്തി, വാഹനങ്ങളുടെ ഡാറ്റ പഴയ സോഫ്റ്റ്‌വെയറിൽനിന്നും വാഹനിലേയ്ക്ക് മാറ്റുന്നതിന്റെ അവസാനഘട്ടത്തിലാണ്. ഡ്രൈവിംഗ് ലൈസൻസിന്റെ ഡാറ്റ മൂന്ന് ജില്ലകളിൽ മാറ്റപ്പെട്ടുകഴിഞ്ഞു. അടുത്ത 5-6 മാസങ്ങൾക്കുള്ളിൽ ഇത് പൂർണ്ണമാകുന്നതാണ്.

## മലപ്പുറത്ത് ഇൻകെൽ ഭൂമിയിൽ സ്ഥലം ഏറ്റെടുക്കുന്ന നടപടി

334(1608) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് കീഴിൽ ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്കും വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനും സ്ഥാപിക്കുന്നതിന് ഇൻകെൽ എഡ്യു സിറ്റിയുടെ കൈവശമുള്ള ഭൂമിയിൽനിന്നും സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തുവാൻ കർശന നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ വേങ്ങര എന്ന സ്ഥലത്തെ ഇൻകെലിന്റെ ഉടമസ്ഥതയിലുള്ള 30 ഏക്കർ സ്ഥലം 30 വർഷത്തേയ്ക്ക് ലീസ് തുക ഇക്വിറ്റി ഷെയർ വ്യവസ്ഥയിൽ ഷാർജ മോഡൽ ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ നിർമ്മിക്കുവാൻ ലഭ്യമാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാക്കുവാനായി ഇൻകെലിന് കത്ത് നൽകിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ തുക ധനപുനർവിനിയോഗം വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മോട്ടോർ വാഹന വകുപ്പിൽ തിരുവനന്തപുരം ജില്ലയിലെ ഒഴിവുകൾ

335(1609) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ്/വാച്ച്മാൻ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒഴിവുകൾ നിലവിലുണ്ടെങ്കിൽ ആയവ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 3 ഒഴിവുകൾ നിലവിലുണ്ട്. വാച്ച്മാൻ തസ്തികയിൽ ഒഴിവുകൾ ഇല്ല.

(ബി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**വർക്കലയിൽ അനുവദിച്ച സബ് ആർ.ടി. ഓഫീസ്**

336(1610) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കലയിൽ അനുവദിച്ച സബ് ആർ. ടി. ഓഫീസ് എന്നുമുതൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നത് സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ?

ഉത്തരം

വർക്കലയിൽ അനുവദിച്ച സബ് ആർ.ടി. ഓഫീസിന്റെ പ്രവർത്തനം കഴിയുന്നതുംവേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ടെൻഡർ നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ആയത് ലഭ്യമായാൽ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**കൊട്ടാരക്കരയിൽ റൂറൽ ആർ.ടി. എൻഫോഴ്സ്മെന്റ് ഓഫീസ്**

337(1611) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ റൂറൽ ആർ.ടി എൻഫോഴ്സ്മെന്റ് ഓഫീസ് അനുവദിച്ചത് എന്നാണെന്നറിയിക്കുമോ;

(ബി) പ്രസ്തുത ഓഫീസിന് സ്ഥിരം സംവിധാനം സജ്ജമാക്കാൻ സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത ഓഫീസ് പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുമ്പോൾ ലഭ്യമാവുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

## ഉത്തരം

(എ) 13-12-2018 തീയതിയിലെ സ.ഉ.(കൈ) നമ്പർ 70/2018/ഗതാഗതം പ്രകാരം കൊട്ടാരക്കരയിൽ റൂറൽ ആർ.ടി. എൻഫോഴ്സ്മെന്റ് ഓഫീസ് അനുവദിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ കൊല്ലം ജില്ല ഉൾപ്പെടെയുള്ള എല്ലാ എൻഫോഴ്സ്മെന്റ് ഓഫീസുകൾക്കും ആവശ്യമായ ഓഫീസ് കെട്ടിടം കണ്ടെത്തുകയും താൽക്കാലികമായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഓഫീസുകൾ ആധുനിക ഉപകരണങ്ങളുൾപ്പെടെ നവീകരിക്കുന്നതിനായി KELTRON ശിപാർശ ചെയ്ത രണ്ട് മോഡലുകളിൽ (CAPX, BOOT) BOOT Model ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഈ സംവിധാനംവഴി ജില്ലയിലുള്ള നിയമലംഘനങ്ങൾ കുറയ്ക്കുന്നതിനും നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സാധിക്കും.

## ഇന്റർനാഷണൽ ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ

338(1612) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. ടി. വി. ഇബ്രാഹിം :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾ ഓടിക്കുന്നതിന് ലോകനിലവാരമുള്ള ലൈസൻസ് നൽകാൻ അധികാരമുള്ള ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ മലപ്പുറത്ത് ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഇതിന്റെ നടത്തിപ്പ് ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതുകൊണ്ട് സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാം; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഷാർജ ഭരണാധികാരി കേരളം സന്ദർശിച്ചതിന്റെ ഭാഗമായി നടന്ന ചർച്ചയിൽ ഷാർജയിലെ അധികാരികളുമായി യോജിച്ച് അവിടത്തെ നിയമ വ്യവസ്ഥയ്ക്കനുസൃതമായി അന്തർദേശീയ നിലവാരത്തിൽ കേരളത്തിൽ ഒരു ഇന്റർനാഷണൽ ഡ്രൈവർ കോച്ചിംഗ് സെന്റർ ആരംഭിക്കുന്നതിന് ധാരണയായിട്ടുണ്ട്. G.O.(Rt)No.24/2020/Tran. Dated 21-1-2020 പ്രകാരം ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിംഗ് കോച്ചിംഗ് സെന്റർ മലപ്പുറത്ത് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ ഭാഗമായി 19-2-2020-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല യോഗം ചേർന്നിരുന്നു.

(ബി) സ്ഥലം ലഭ്യമായിട്ടില്ല. മലപ്പുറം ജില്ലയിലെ വേങ്ങര എന്ന സ്ഥലത്തെ ഇൻകെലിന്റെ ഉടമസ്ഥതയിലുള്ള 30 ഏക്കർ സ്ഥലം 30 വർഷത്തേയ്ക്ക് ലീസ് തുക ഇക്വിറ്റി ഷെയർ വ്യവസ്ഥയിൽ ഷാർജ മോഡൽ ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ നിർമ്മിക്കുവാൻ ലഭ്യമാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. പദ്ധതിയുടെ നടത്തിപ്പ് ചുമതല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് ആന്റ് റിസർച്ച് (ഐ.ഡി.റ്റി.ആർ.) എന്ന സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനത്തിനാണ്.

(സി) കേരളത്തിൽനിന്നും ഗൾഫ് രാജ്യങ്ങൾ, അമേരിക്ക, ആസ്ട്രേലിയ തുടങ്ങിയ നിരവധി വിദേശ രാജ്യങ്ങളിൽ പോകുന്ന മലയാളികൾക്ക് അന്തർദേശീയ നിലവാരമുള്ള ഡ്രൈവിംഗ് ലൈസൻസ് ലഭ്യമാക്കുക എന്നത് വലിയൊരു കടമ്പയാണ്. പ്രസ്തുത ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ കേരളത്തിൽ ആരംഭിക്കുകവഴി വേഗത്തിൽ ലെഫ്റ്റ് ഹാൻഡ് ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗ് പരിശീലനം എന്നിവ ലഭ്യമാക്കുവാൻ സാധിക്കും.

(നക്ഷത്രചിഹ്നമിടാത്ത 1537, 1541, 1542, 1558 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

# അനുബന്ധം II
# 10-3-2020-ലെ ചോദ്യോത്തരങ്ങൾ

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റേഷൻ ഭക്ഷ്യധാന്യങ്ങളിൽ തിരിമറി

1(*151) ശ്രീ. റോജി എം. ജോൺ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലെ ഒരു വിഭാഗം ഉദ്യോഗസ്ഥരും വാതിൽപടി കരാർ എടുക്കുന്നവരും ചേർന്ന് റേഷൻ ഭക്ഷ്യധാന്യങ്ങളിൽ തിരിമറി നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഭക്ഷ്യഭദ്രതാ ഗോഡൗണുകളിൽ വൻതോതിൽ സ്റ്റോക്ക് കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ടോയെന്നും ഏതൊക്കെ ജില്ലകളിലെ ഗോഡൗണുകളിലാണ് സ്റ്റോക്ക് കുറവ് കണ്ടെത്തിയതെന്നുമുള്ള വിശദാംശം നൽകുമോ;

(സി) സ്റ്റോക്ക് കുറവായതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) തിരുവനന്തപുരം ജില്ലയിലെ മേനംകുളം, കോട്ടയം ജില്ലയിലെ ഒറവയ്ക്കൽ എന്നീ NFSA ഗോഡൗണുകളിലെ ഓഫീസർ ഇൻ ചാർജ്ജും കടത്തു കരാറുകാരനും ചേർന്ന് റേഷൻ ഭക്ഷ്യധാന്യങ്ങളിൽ തിരിമറി നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) NFSA ഗോഡൗണുകളിലെ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്കിൽ കുറവ് കണ്ടെത്തിയത് സംബന്ധിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലെ പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഭക്ഷ്യ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൊതുവിതരണ വകുപ്പിലെ താലൂക്ക് സപ്ലൈ ഓഫീസർ തസ്തികയിലുള്ള 8 ജീവനക്കാർ, അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ തസ്തികയിലുള്ള 3 ജീവനക്കാർ, റേഷനിംഗ് ഇൻസ്പെക്ടർ തസ്തികയിലുള്ള 16 ജീവനക്കാർ എന്നിങ്ങനെ 27 ജീവനക്കാർക്കെതിരെയും സീനിയർ അസിസ്റ്റന്റ് I തസ്തികയിലുള്ള 2 ജീവനക്കാർ, സീനിയർ അസിസ്റ്റന്റ് II തസ്തികയിലുള്ള 2 ജീവനക്കാർ, ജൂനിയർ അസിസ്റ്റന്റ് തസ്തികയിലുള്ള 6 ജീവനക്കാർ, അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലെ 3 ജീവനക്കാർ എന്നിങ്ങനെ സപ്ലൈകോയിലെ 11 ജീവനക്കാർക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്.

## പൊതുജനങ്ങൾക്ക് കാര്യക്ഷമമായ സർക്കാർ സേവനം

2(*152) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് സർക്കാർ സേവനം അടിയന്തരമായും കാര്യക്ഷമമായും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം ഏതെല്ലാം വകുപ്പുകളിൽ ബാധകമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) വിവിധ സർക്കാർ ഓഫീസുകൾ കേന്ദ്രീകരിച്ച് ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അദാലത്തുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പൊതുജനങ്ങളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിനും അവർക്ക് അർഹമായ സഹായം വേഗത്തിലും കുറ്റമറ്റനിലയ്ക്കും ലഭ്യമാക്കുന്നതിനും ആധുനിക സാങ്കേതികവിദ്യാ സഹായത്തോടെ കമ്പ്യൂട്ടർ-ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനങ്ങളൊരുക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. തപാലിൽ ലഭിക്കുന്ന അപേക്ഷകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും പരാതികളും അപേക്ഷകളുമായി തലസ്ഥാനത്തേയ്ക്കോ ജില്ലാ ആസ്ഥാനത്തേയ്ക്കോ വരാതെതന്നെ വില്ലേജ്, താലൂക്ക് ഓഫീസുകളിലും കളക്ടറേറ്റുകളിലും അക്ഷയ കേന്ദ്രങ്ങളിലും എം.എൽ.എ.-മാരുടെയും മന്ത്രിമാരുടെയും ഓഫീസുകളിലും

ആവശ്യമുള്ളവർക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലേയ്ക്കും ദുരിതാശ്വാസ നിധിയിലേയ്ക്കും ലഭിക്കുന്ന അപേക്ഷകളുടെ പരിശോധനയും നടപടികളും ഫണ്ട് വിതരണവും പൂർണ്ണമായും ഡിജിറ്റൽരൂപത്തിലാണ് കൈകാര്യം ചെയ്യുന്നത്. അപേക്ഷകളും പരാതികളും തീർപ്പാക്കുന്നതിന് ശരാശരി വേണ്ടിവരുന്ന സമയം 2016-ൽ 898 ദിവസമായിരുന്നത് 16 ദിവസമായി കുറച്ചുകൊണ്ടുവരാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് 2016-ൽ ശരാശരി 157 ദിവസം വേണ്ടിയിരുന്നപ്പോൾ ഇന്ന് പൊതുവിൽ 14 ദിവസവും ധനസഹായ അഭ്യർത്ഥനകൾക്ക് 100 മണിക്കൂറുമായി കുറച്ചുകൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്.

മേൽപ്പറഞ്ഞവിധം പൊതുജനങ്ങളുടെ പരാതികൾക്കും ദുരിതാശ്വാസ അഭ്യർത്ഥനകൾക്കും കാലതാമസമില്ലാതെ പരിഹാരം കാണുന്നതിനുപരിയായി മുഖ്യമന്ത്രിക്ക് ലഭിച്ച പരാതികളുടെ പൊതുസ്വഭാവം പരിശോധിച്ച് പല കാര്യങ്ങളിലും പൊതുവായ തീരുമാനങ്ങളെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 'ലൈഫ് ' ഭവനനിർമ്മാണ മാർഗ്ഗനിർദ്ദേശങ്ങളുടെ രൂപീകരണം, വിദ്യാഭ്യാസ വായ്പാ തിരിച്ചടവിനായുള്ള സഹായ പദ്ധതി കൂടുതൽ ജനോപകാരപ്രദമാക്കുക, ഹൗസിംഗ് ബോർഡ് തുടങ്ങിയ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽനിന്ന് വായ്പയെടുത്തവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, അംഗപരിമിതർക്കായുള്ള തസ്തികകളിലേയ്ക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്, വനിതാ ഡ്രൈവർമാരെ നിയമിക്കുന്നതിനുള്ള തീരുമാനം, വിധവകൾക്ക് പി.എസ്.സി. അപേക്ഷകൾക്കുള്ള പ്രായപരിധി ഉയർത്തിയത് തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്.

ഇന്റർനെറ്റ് ലഭ്യത പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 1997 വൈഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. കെഫോൺ പദ്ധതി പൂർത്തിയാകുന്നതോടെ ഏറ്റവും താഴെത്തട്ടിൽവരെ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാനാകും. സർക്കാരിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായുള്ള അപേക്ഷകൾ നൽകുന്നതിനും പൊതുജനങ്ങൾക്ക് ഇത് കൂടുതൽ സഹായകരമാണ്. സർക്കാരിന്റെ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് കൂടുതൽ മൊബൈൽ ആപ്പുകൾ ഏർപ്പെടുത്തുന്നതാണ്. വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ മൊബൈൽ ഫോണിലൂടെ ലഭ്യമാക്കുന്നതിന് 'എം-കേരള' മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആനുകൂല്യം പെൻഷണറുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനും മസ്റ്ററിംഗിലുണ്ടായിരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി വീട്ടിലെത്തി മസ്റ്ററിംഗ് ചെയ്യുന്നതിനും സൗകര്യമൊരുക്കിയിട്ടുണ്ട്. വിവിധ വകുപ്പുകൾവഴി സർക്കാർ നൽകുന്ന ധനസഹായ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ക്രോഡീകരിച്ച് പുസ്തകരൂപത്തിലും വെബ്സൈറ്റിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) 121 വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്. (പട്ടിക അനുബന്ധമായി ചേർക്കുന്നു.)*

(സി) സെക്രട്ടേറിയറ്റിലും മറ്റ് വകുപ്പ് മേധാവികളുടെ ഓഫീസുകളിലുമുള്ള പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിനായി 1-8-2019 മുതൽ 31-10-2019 വരെ ഫയൽ തീർപ്പാക്കൽ തീവ്രയത്നപരിപാടി നടപ്പാക്കുകയും എല്ലാ ഓഫീസുകളിലും അദാലത്തുകളും അവലോകന യോഗങ്ങളും നടത്തി പരമാവധി ഫയലുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന കാലപ്പഴക്കമുള്ള ഫയലുകളുടെ കണക്കെടുപ്പ് നടത്തി സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇതുകൂടാതെ, പൊതുജനങ്ങളിൽനിന്ന് പരാതികൾ സ്വീകരിച്ച് മാസത്തിലെ മൂന്നാമത്തെ ശനിയാഴ്ച ജില്ലയിലെ ഒരു താലൂക്കിൽ ജില്ലാതല ഉദ്യോഗസ്ഥരെക്കൂടി പങ്കെടുപ്പിച്ച് അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അദാലത്തുകളിൽ മന്ത്രിമാരും പങ്കെടുക്കുന്നതാണ്.

CRZ/നെൽവയൽ സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് ലൈഫ് മിഷൻ ഗുണഭോക്താക്കൾ നേരിട്ട പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പ്രത്യേക അദാലത്തുകൾ നടത്തിയിരുന്നു. സമാനമായ അദാലത്തുകൾ തുടരുന്നതിനും അതിലൂടെ നെൽവയൽ പരിവർത്തനം ചെയ്യൽ/ഡാറ്റാബാങ്ക് വിവരം തിരുത്തൽ തുടങ്ങിയ കാര്യങ്ങളിലുള്ള എല്ലാ പരാതികളും മാർച്ചിൽ പരിഹരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## വിമാന കമ്പനിയും വിമാനത്താവളങ്ങളും സ്വകാര്യവൽക്കരിക്കുന്ന കേന്ദ്ര സർക്കാർ നയം

3(*153) ശ്രീ. വി. കെ. പ്രശാന്ത് :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള വിമാന കമ്പനിയും വിമാനത്താവളങ്ങളും സ്വകാര്യവൽക്കരിക്കുന്ന കേന്ദ്ര സർക്കാർ നയം പ്രവാസികൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വിമാനയാത്രക്കാരെ പ്രതികൂലമായി ബാധിക്കുന്നതിനാൽ ഇത്തരം നടപടികളിൽനിന്നും പിന്തിരിയാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനം ഏറ്റെടുത്ത് എയർപോർട്ട് അതോറിറ്റിക്ക് സൗജന്യമായി നൽകിയ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പ് അദാനിക്ക് കൈമാറാതെ സംസ്ഥാന സർക്കാരിന് ലഭ്യമാക്കുന്നതിന് കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ കമ്പനി രൂപീകരിച്ച് സംസ്ഥാന സർക്കാർ നടത്തുന്ന ശ്രമങ്ങളോടുള്ള കേന്ദ്ര സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തുള്ള മറ്റ് വിമാനത്താവളങ്ങളുടെ വികസനത്തിനായും ആഭ്യന്തര-വിദേശ സർവീസുകൾ വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനം നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) വ്യോമയാന മേഖലയിലെ തന്ത്രപ്രധാന സ്ഥാപനമായ എയർ ഇന്ത്യയുടെ മുഴുവൻ ഓഹരികളും കോടികൾ വിലമതിക്കുന്ന ആസ്തിയും സ്വകാര്യവൽക്കരിക്കാനുള്ള നീക്കങ്ങളാണ് കേന്ദ്ര സർക്കാർ നടത്തുന്നത്. തിരുവനന്തപുരം ഉൾപ്പെടെ രാജ്യത്തെ വിവിധ വിമാനത്താവളങ്ങളും സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ള നടപടികൾ കേന്ദ്രം ത്വരിതപ്പെടുത്തിയിരിക്കുകയാണ്. തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവൽക്കരിക്കാനുള്ള നീക്കം ചെറുക്കുന്നതിന്റെ ഭാഗമായി വിമാനത്താവളം ഏറ്റെടുക്കുന്നതിനുള്ള നിയമപരമായ ഇടപെടലുകൾ ഉൾപ്പെടെ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

വിമാനത്താവളത്തിന്റെ നടത്തിപ്പ് സ്വകാര്യ ഏജൻസികൾക്ക് കൈമാറാനുള്ള നടപടിക്രമങ്ങളിൽനിന്നും പിന്തിരിയണമെന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോടും ബഹുമാനപ്പെട്ട കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രിയോടും അഭ്യർത്ഥിച്ചിരുന്നു. കേന്ദ്രത്തിനും സംസ്ഥാന സർക്കാരിനും സ്വീകാര്യമായ വ്യവസ്ഥകളോടെ വിമാനത്താവള നടത്തിപ്പ് സംസ്ഥാന സർക്കാരിന് കൈമാറണമെന്നാണ് സംസ്ഥാനത്തിന്റെ നിലപാട്. പൊതുമേഖലയെ വിറ്റു തുലയ്ക്കുന്ന നയങ്ങൾ തിരുത്തുന്നതിന് പൊതുഇടപെടലുകൾ ഉയർന്നുവരേണ്ടതുണ്ട്.

(ബി) 635 ഏക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം വിമാനത്താവളത്തിന്റെ ഭൂമിയിൽ അധികവും തിരുവിതാംകൂർ മഹാരാജാവും സംസ്ഥാന സർക്കാരും നൽകിയതാണ്. ബാക്കി സംസ്ഥാന സർക്കാർ സൗജന്യമായി ഏറ്റെടുത്ത് നൽകിയിട്ടുള്ളതാണ്. ഈ പശ്ചാത്തലത്തിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ് സ്വകാര്യവൽക്കരിക്കുവാനുള്ള കേന്ദ്ര നീക്കത്തെ പ്രതിരോധിക്കുവാൻ ഫലപ്രദമായ എല്ലാ നടപടികളും സ്വീകരിച്ചിരുന്നു. സംസ്ഥാന സർക്കാർ കൈമാറിയ ഭൂമിവിലയ്ക്ക് തത്തുല്യമായ ഓഹരി തിരുവനന്തപുരം വിമാനത്താവള കമ്പനിയിൽ നിലനിർത്തി സ്വകാര്യവൽക്കരണം ചെറുക്കുന്നതിനാണ് സർക്കാർ ശ്രമിച്ചത്. ഇതിന്റെ ഭാഗമായി KSIDC-യുടെ നേതൃത്വത്തിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (TIAL) എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും മത്സരാധിഷ്ഠിത ലേലത്തിൽ പങ്കെടുക്കുകയും ചെയ്തു. അതോടൊപ്പം പ്രത്യേക കമ്പനിക്ക് വിമാനത്താവള നടത്തിപ്പിന്റെ ചുമതല നൽകുന്നതിനുള്ള അടിയന്തര ഇടപെടൽ നടത്തണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തും അയച്ചിരുന്നു. കൂടാതെ തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പിന് അദാനി ഗ്രൂപ്പ് ലേലത്തിൽ ക്വാട്ട് ചെയ്ത തുകയ്ക്കുതന്നെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (റ്റിയാൽ) ഏറ്റെടുക്കുന്നതിനുള്ള സന്നദ്ധത ചീഫ് സെക്രട്ടറി കേന്ദ്ര വ്യോമയാന സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. ഇതിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽനിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(സി) സംസ്ഥാനത്തെ ഇതര വിമാനത്താവളങ്ങളുടെ വികസനത്തിനും പ്രത്യേക ഊന്നൽ നൽകിവരുന്നു. കണ്ണൂർ വിമാനത്താവളത്തിൽ ഹജ്ജ് എമ്പാർക്കേഷൻ സൗകര്യം ഏർപ്പെടുത്തണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിനും കാർ പാർക്കിംഗ് സൗകര്യങ്ങൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കലിനും നടപടി സ്വീകരിച്ചുവരുന്നു. ആഭ്യന്തര-അന്താരാഷ്ട്ര വിമാന സർവ്വീസുകൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വിവിധ എയർലൈനുകളുടെ സി.ഇ.ഒ.-മാരുമായി 2019 ജനുവരിയിലും ആഗസ്റ്റിലും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 4 വിമാനത്താവളങ്ങളിൽനിന്നും അധിക വിമാന സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടികൾ എയർലൈനുകൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ നിന്നുമുള്ള ആഭ്യന്തര/വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക്

നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന KGST-യിൽ സംസ്ഥാനം കുറവ് വരുത്തിയിട്ടുണ്ട്. അവധിക്കാലത്തും ഉത്സവകാലങ്ങളിലും എയർ ഇന്ത്യ ഉൾപ്പെടെയുള്ള വിമാന കമ്പനികൾ നടത്തുന്ന ചൂഷണം അവസാനിപ്പിക്കുന്നതിന് കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ വിമാനയാത്രാക്കൂലിയിൽ വൻവർദ്ധന വരുത്തുന്നത് പതിവായ സാഹചര്യത്തിൽ ഇത്തരം വർദ്ധനവ് തടയാൻ സ്ഥിരം സംവിധാനം വേണമെന്ന ആവശ്യവും സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്.

## കേന്ദ്ര സർക്കാരിൽനിന്നുള്ള ഭക്ഷ്യധാന്യ വിഹിതം

4(*154) ശ്രീ. ഒ. ആർ. കേളു :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. യു. ജനീഷ് കുമാർ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായിരുന്ന സാർവത്രിക പൊതുവിതരണ സംവിധാനത്തിന്റെ അനിവാര്യത കണക്കിലെടുത്ത് ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിക്കണമെന്ന സംസ്ഥാനത്തിന്റെ ആവർത്തിച്ചുള്ള അഭ്യർത്ഥന തള്ളിയ കേന്ദ്രസർക്കാർ, എഫ്.സി.ഐ.യുടെ കരുതൽ ശേഖരത്തിൽ ആവശ്യത്തിലധികം ഭക്ഷ്യധാന്യമുണ്ടെന്ന പേരിൽ അവ ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം വഴി വിറ്റഴിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്രസർക്കാർ എന്ത് വിലയ്ക്കാണ് മുൻഗണനാ ലിസ്റ്റിലുള്ളവർക്കും അല്ലാത്തവർക്കുമുള്ള ഭക്ഷ്യധാന്യങ്ങൾ നൽകുന്നത്; എഫ്.സി.ഐ.യിൽ നിന്ന് നിശ്ചിത സമയത്ത് സ്റ്റോക്ക് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ;

(സി) ദേശീയ ഭക്ഷ്യഭദ്രത നിയമം നടപ്പിലാക്കുന്നതിന്റെ ചെലവ് കേന്ദ്രസർക്കാർ വഹിക്കുന്നുണ്ടോ; എങ്കിൽ എത്ര തുക കേന്ദ്രസർക്കാരിൽനിന്നും ലഭ്യമായിട്ടുണ്ട്; സംസ്ഥാനത്ത് ഗുണനിലവാരമുള്ള ഭക്ഷ്യധാന്യം നിശ്ചിത അളവിൽ വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം നിരാകരിച്ചതും എഫ്.സി.ഐ.-യുടെ സ്റ്റോക്കിൽനിന്ന് ഓപ്പൺ മാർക്കറ്റ്

സെയിൽസ് സ്കീംവഴി ഭക്ഷ്യധാന്യങ്ങൾ വിറ്റഴിക്കുന്നതും തമ്മിൽ ബന്ധമില്ല. അരിയുടെയും ഗോതമ്പിന്റെയും അധിക നീക്കിയിരിപ്പായി വരുന്ന ഭക്ഷ്യധാന്യങ്ങളാണ് എഫ്.സി.ഐ. ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം മുഖേന വിറ്റഴിക്കുന്നത്. ഇത് കാലാകാലങ്ങളായി നടന്നുവരുന്ന പ്രക്രിയയാണ്. പൊതുവിതരണ സംവിധാനം മുഖേനയും മറ്റ് വെൽഫെയർ സ്കീം മുഖേനയുമുള്ള ഭക്ഷ്യധാന്യ വിതരണത്തെ ഒ.എം.എസ്.എസ്. മുഖേനയുള്ള വിതരണം ബാധിക്കുന്നില്ലെന്ന് എഫ്.സി.ഐ. ജനറൽ മാനേജർമാർ ഉറപ്പുവരുത്തേണ്ടതാണെന്നും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്.

(ബി) എ.എ.വൈ. ഉൾപ്പെടെയുള്ള മുൻഗണനാ വിഭാഗത്തിന് അരി കിലോഗ്രാമിന് 3 രൂപയ്ക്കും ഗോതമ്പ് കിലോഗ്രാമിന് 2 രൂപയ്ക്കുമാണ് കേന്ദ്ര സർക്കാർ നൽകിവരുന്നത്. മുൻഗണനാ വിഭാഗത്തിനുള്ള ഭക്ഷ്യധാന്യത്തിന് ഉപരിയായി ലഭിക്കുന്ന ടൈഡ് ഓവർ വിഹിതത്തിലെ അരി കിലോഗ്രാമിന് 8.30 രൂപയ്ക്കും ഗോതമ്പ് കിലോഗ്രാമിന് 6.10 രൂപയ്ക്കും ലഭിച്ചുവരുന്നു. എഫ്.സി.ഐ.-യിൽനിന്ന് നിശ്ചിത സമയത്ത് സ്റ്റോക്ക് ലഭിക്കാത്ത സാഹചര്യം ചില സമയത്ത് ഉണ്ടാകാറുണ്ട്. തൊഴിലാളി പ്രശ്നങ്ങൾമൂലവും എഫ്.സി.ഐ. ഡിപ്പോകളിൽ ആവശ്യത്തിന് സ്റ്റോക്ക് ലഭ്യമല്ലാതെ വരുന്ന അവസരങ്ങളിലും ഭക്ഷ്യധാന്യങ്ങളുടെ വിട്ടെടുപ്പ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാനാകാത്ത സാഹചര്യമുണ്ടായിട്ടുണ്ട്.

(സി) മുൻഗണനാ വിഭാഗത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണത്തിന് ചെലവാകുന്ന കടത്തുകൂലി, കയറ്റിറക്ക് കൂലി ഇനങ്ങളിലും റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ ഇനത്തിലും ചെലവാകുന്ന തുകയുടെ ഒരു വിഹിതം കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്നുണ്ട്. 2016 നവംബർ മുതൽ 2019 മാർച്ച് വരെയുള്ള കാലയളവിൽ ക്ലെയിം ചെയ്ത 164.4 കോടിരൂപയിൽ 134.57 കോടിരൂപ ഈയിനത്തിൽ ഇതുവരെ ലഭ്യമായിട്ടുണ്ട്. എഫ്.സി.ഐ.-യിൽനിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നതിന് മുമ്പായി താലൂക്ക് സപ്ലൈ ഓഫീസർ, എൻ.എഫ്.എസ്.എ. ക്വാളിറ്റി കൺട്രോളർ, സപ്ലൈകോ അസിസ്റ്റന്റ് മാനേജർ, എഫ്.സി.ഐ. ക്വാളിറ്റി കൺട്രോളർ എന്നിവർ ചേർന്ന് പരിശോധിച്ച് മാർക്ക് ചെയ്യുന്ന സ്റ്റോക്കുകളിൽനിന്നുമാണ് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലേയ്ക്ക് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നത്. എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽനിന്നും വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരവും സി.എം.ആർ. മില്ലുകളിൽനിന്നും വിട്ടെടുക്കുന്ന മട്ടയരിയുടെ ഗുണനിലവാരവും സപ്ലൈകോ ക്വാളിറ്റി കൺട്രോളർ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

പൊതുവിതരണ രംഗത്ത് കാതലായ മാറ്റങ്ങൾക്ക് വഴിതെളിച്ചുകൊണ്ട് ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. ആയതിൻപ്രകാരം എഫ്.സി.ഐ./സി.എം.ആർ. മില്ലുകളിൽനിന്നും വിട്ടെടുക്കുന്ന റേഷൻ ഭക്ഷ്യധാന്യങ്ങൾ എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ സംഭരിച്ച് എസ്.സി.എം.എസ്., ഡി.എം.എസ്. എന്നീ സോഫ്റ്റ്‌വെയറുകളിൽ അക്കൗണ്ട് ചെയ്ത് ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർ മുഖേന ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ/സിറ്റി റേഷനിംഗ് ഓഫീസർ നൽകുന്ന അതോറിറ്റി ലിസ്റ്റ് പ്രകാരമുള്ള അളവിൽ റേഷൻ സാധനങ്ങൾ അതത് റേഷൻ കടകളുടെ വാതിൽപ്പടിയിൽ എത്തിച്ച് റേഷൻകട ലൈസൻസിയെ തൂക്കം ബോധ്യപ്പെടുത്തി ബിൽ, തൂക്കചീട്ട് സഹിതം ഏൽപ്പിച്ചുകൊടുക്കുന്നു. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തൽസമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കുവാൻ സാധിക്കും. കൂടാതെ കാർഡുടമകൾക്ക് അവരുടെ പ്രതിമാസ വിഹിതം സംബന്ധിക്കുന്ന അറിയിപ്പുകൾ എസ്.എം.എസ്. അലേർട്ടായി നൽകിവരികയും ചെയ്യുന്നു. കൂടാതെ പൊതുവിതരണ സംവിധാനത്തിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിന് വകുപ്പിലെ ഉദ്യോഗസ്ഥർ നിരന്തരം പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1996-ലെ കേരള റേഷനിംഗ് ഓർഡർ പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## സ്ത്രീശാക്തീകരണ പദ്ധതികൾ

5(*155) ശ്രീ. ഡി. കെ. മുരളി :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീമതി യു. പ്രതിഭ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൺകുട്ടികൾക്കിടയിലുള്ള വിദ്യാഭ്യാസപരമായ മുന്നേറ്റം സാമൂഹ്യ തുല്യതയിൽ പ്രതിഫലിച്ചിട്ടില്ലാത്തതുകൊണ്ട് വനിത-ശിശു വികസന വകുപ്പ് ഇതിനായി നടത്തിവരുന്ന വനിതാ ശാക്തീകരണ പരിപാടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) സ്ത്രീ വിവേചനത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ നടപടിയെടുത്തുവരുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി വൺസ്റ്റോപ്പ് സെന്റർ രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ കാര്യക്ഷമതയെക്കുറിച്ച് അറിയിക്കാമോ;

(ഡി) സാമ്പത്തിക അടിത്തറയില്ലാത്ത ഒറ്റപ്പെട്ട സ്ത്രീകളുടെ സംരക്ഷണത്തിനായി പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) പെൺകുട്ടികൾക്കിടയിലുള്ള വിദ്യാഭ്യാസപരമായ മുന്നേറ്റം സാമൂഹ്യ തുല്യതയിൽ പ്രതിഫലിപ്പിക്കുന്നതുമായി ബന്ധപ്പെട്ടാണ് ഈ സർക്കാർ സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത-ശിശുവികസന വകുപ്പ് രൂപീകരിച്ചത്. വകുപ്പുമുഖേന വിവിധ ശാക്തീകരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. സധൈര്യം മുന്നോട്ട് ക്യാമ്പയിൻ, In service Training, ജെൻഡർ ആഡിറ്റ്, പ്രിവൻഷൻ ക്യാമ്പയിൻ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനൊത്ത തൊഴിൽ മേഖലകളിൽ തൊഴിൽ നേടിയെടുക്കുന്നതിലൂടെ അവർക്ക് സാമൂഹ്യ തുല്യത ഉറപ്പാക്കുകയെന്ന ഉദ്ദേശ്യം മുൻനിർത്തി വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് REACH (റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാഡമി ഫോർ കരിയർ ഹൈറ്റ്സ്). നിലവിൽ തിരുവനന്തപുരത്തും കണ്ണൂരിലുമാണ് റീച്ച് പ്രവർത്തിച്ചുവരുന്നത്. പ്ലസ് ടു പാസ്സായ പെൺകുട്ടികൾക്കായി റീച്ച് സർട്ടിഫിക്കേഷൻ കോഴ്സിൽ പരിശീലനം നൽകുകയും കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. ഇതിനുപുറമേ വനിതകൾക്ക് സ്വയം സംരംഭക വായ്പകളും വനിതാ വികസന കോർപ്പറേഷൻ നൽകിവരുന്നു. പ്രതിവർഷം ഇത്തരത്തിൽ 130 കോടിരൂപയോളം വായ്പ നൽകിവരുന്നു.

(ബി) സ്ത്രീകളോടുള്ള വിവേചനത്തിനെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ വകുപ്പുമുഖേന നടത്തിവരുന്നുണ്ട്. മുകളിൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ കൂടാതെ സ്ത്രീകൾക്കെതിരെ നടക്കുന്ന ലിംഗാധിഷ്ഠിത അതിക്രമങ്ങൾ ചെറുക്കുന്നതിനും തടയുന്നതിനുംവേണ്ടി ട്രെയിനിംഗുകൾ, സെമിനാറുകൾ, പ്രതിരോധ ക്യാമ്പയിനുകൾ, രാത്രി നടത്തം മുതലായവ സംഘടിപ്പിക്കുകയും വിവര സാങ്കേതിക മാർഗ്ഗങ്ങളിലൂടെ പരസ്യം നൽകുകയും പോസ്റ്ററുകൾ, ലഘുലേഖകൾ മുതലായവ അച്ചടിച്ച് വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. സ്ത്രീകളോടുള്ള വിവേചനപരമായ പെരുമാറ്റത്തെ തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പോലീസ് സേനയിലെ ഉദ്യോഗസ്ഥർക്ക് തികച്ചും ശാസ്ത്രീയമായ രീതിയിൽ ജെൻഡർ ബോധവൽക്കരണ ക്ലാസ്സുകൾ വനിതാ

വികസന കോർപ്പറേഷൻ "ബോധ്യം" എന്ന പേരിൽ നടപ്പിലാക്കിവരുന്നു. കൂടാതെ കേരളത്തിലെ 52 കോളേജുകളിൽ വിമൻ സെൽ മുഖേന സ്ത്രീ വിവേചനത്തിനെതിരെ ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവയും സംഘടിപ്പിച്ചുവരുന്നു.

(സി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ സ്വകാര്യ/പൊതു ഇടങ്ങളിലും കുടുംബത്തിലും സമൂഹത്തിലും ജോലി സ്ഥലത്തും വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ കൗൺസിലിംഗ്, വൈദ്യ സഹായം, പോലീസിന്റെ സഹായം, നിയമസഹായം, സുരക്ഷിത ഹ്രസ്വ അഭയം, വീഡിയോ കോൺഫറൻസിംഗ് എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തി ആവർത്തിച്ച് ഇരയാക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനും വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനമാണ് "സഖി" വൺ സ്റ്റോപ് സെന്റർ. കേരളത്തിൽ 14 ജില്ലകളിലും വൺ സ്റ്റോപ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ 100% ധനസഹായത്തോടെ വനിത-ശിശുവികസന വകുപ്പിലെ സ്റ്റേറ്റ് നിർഭയ സെൽ നോഡൽ ഏജൻസിയായി അതാത് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ടാസ്ക് ഫോഴ്സ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് സ്കീം നടപ്പിലാക്കുന്നത്. ഈ കമ്മിറ്റി മുഖേന സെന്ററുകളുടെ കാര്യക്ഷമത പരിശോധിച്ചുവരുന്നുണ്ട്.

(ഡി) സാമ്പത്തിക അടിത്തറയില്ലാത്ത ഒറ്റപ്പെട്ട സ്ത്രീകളുടെ സംരക്ഷണത്തിനായി അഭയകിരണം എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. അഭയ സ്ഥാനമില്ലാത്ത വിധവകളെ സംരക്ഷിക്കുന്ന ബന്ധുവിന് പ്രതിമാസം 1000 രൂപ ധനസഹായമായി അനുവദിക്കുന്നു.

**സമഗ്ര ട്രോമാകെയർ പദ്ധതി**

6(*156) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ട്രോമാകെയർ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മെഡിക്കൽ കോളേജ്/ജനറൽ/ജില്ല /താലൂക്ക് ആശുപത്രികളിലെ അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വാഹനാപകടങ്ങളിൽപ്പെടുന്നവരെ അടിയന്തരമായി ആശുപത്രിയിലെത്തിച്ച് ചികിത്സ ലഭ്യമാക്കുന്നതിനായി സൗജന്യ ആംബുലൻസ് ശൃംഖലയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) ലോകോത്തര നിലവാരത്തിലുള്ള ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിനായി അപക്സ് ട്രെയിനിംഗ് സിമുലേഷൻ സെന്റർ രൂപീകരിക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനം നിലവിൽ വരുന്നതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ അറിയിക്കുമോ; സ്ഥാപനത്തിലെ പരിശീലനത്തിന്റെ ഭാഗമായുള്ള ട്രെയിംനിംഗ് മൊഡ്യൂൾ ഏതൊക്കെ രീതിയിലാണ് ക്രമീകരിക്കുന്നത് എന്നറിയിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ജനറൽ/ജില്ല/താലൂക്ക് ആശുപത്രികളിലെ അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

സംസ്ഥാനത്തെ ജനറൽ/ജില്ല/താലൂക്ക് ആശുപത്രികളിലെ അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "അടിയന്തര വൈദ്യ ശുശ്രൂഷ ശക്തിപ്പെടുത്തൽ" എന്ന പദ്ധതി വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കി വരുന്നു. 2019-2020 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 2210-01-110-13 എന്ന ശീർഷകത്തിൽ 1300 ലക്ഷംരൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. സംസ്ഥാനത്തെ വിവിധ ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിലെ ട്രോമാകെയർ യൂണിറ്റുകളിലേയ്ക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനാണ് ഈ തുക വിനിയോഗിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 2.5 കോടിരൂപയും 2017-18-ൽ 11.35 കോടിരൂപയും 2018-19-ൽ 4.85 കോടിരൂപയും ഭരണാനുമതി നൽകിയിരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 10 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. എമർജൻസി മെഡിക്കൽ കെയറിന്റെ ഭാഗമായി മെഡിക്കൽ ചികിത്സയ്ക്കും ട്രോമാ സംബന്ധമായ ചികിത്സയ്ക്കും വളരെയേറെ പ്രാധാന്യം നൽകിവരുന്നു. അത്യാഹിത വിഭാഗങ്ങളിൽ എല്ലാവിധ അടിയന്തര ചികിത്സയും ലഭ്യമാണ്. നാഷണൽ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ (എൻ.എ.ടി.പി.എ.സി.) ഘട്ടംഘട്ടമായി നടത്തിയ സർവ്വേയിൽ തിരിച്ചറിഞ്ഞിട്ടുള്ള ബ്ലാക്ക് സ്പോട്ടുകളുടെ സമീപത്തുള്ള തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ ട്രോമ/അത്യാഹിതം എന്നീ അടിയന്തര ചികിത്സാരീതി നടപ്പിലാക്കിവരുന്നു. ദേശീയപാതയുടെ അരികിലുള്ള സർക്കാർ സ്ഥാപനങ്ങളിൽ

ട്രോമാകെയർ സൗകര്യം ഏർപ്പെടുത്തിവരുന്നു. 52 സ്ഥാപനങ്ങളിൽ ട്രോമാകെയർ സൗകര്യം ലഭ്യമാക്കുവാൻ തെരഞ്ഞെടുത്തിട്ടുണ്ട്. ജില്ലാ ആശുപത്രി പാലക്കാട്, ജില്ലാ ആശുപത്രി കണ്ണൂർ, ജനറൽ ആശുപത്രി എറണാകുളം എന്നീ സ്ഥാപനങ്ങളിൽ ആവശ്യമായ സൗകര്യം നിലവിൽ ലഭ്യമാണ്.

<u>ലെവൽ നാല് ട്രോമാകെയർ</u> -

ട്രോമാകെയർ ചികിത്സയ്ക്ക് പൂർണ്ണമായി സജ്ജമാക്കിയ ആംബുലൻസുകൾ മുഖേനയാണ് ലെവൽ നാല് കെയർ നൽകുന്നത്. ഇതിന് Trained Emergency Technician-ന്റെ സഹായം നൽകുന്നുണ്ട്.

<u>ലെവൽ മൂന്ന് ട്രോമാകെയർ</u> -

ദേശീയപാതയോട് ചേർന്നുള്ള 52 സ്ഥാപനങ്ങളിൽ ട്രോമാകെയർ സൗകര്യം ഏർപ്പെടുത്തിവരുന്നു. (വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*) ഇതിൽ ജില്ലാ ആശുപത്രി കണ്ണൂർ, ജില്ലാ ആശുപത്രി, പാലക്കാട് എന്നീ സ്ഥാപനങ്ങളിൽ ലെവൽ-3 ട്രോമാകെയർ നിലവിൽ വന്നിട്ടുണ്ട്.

<u>ലെവൽ രണ്ട് ട്രോമാകെയർ</u> -

അതീവ ഗുരുതരാവസ്ഥയിൽ വരുന്ന ട്രോമാ രോഗികൾക്ക് എമർജൻസി ഫിസിഷ്യൻ, സർജൻ, ഓർത്തോപീഡിക്സ്, അനസ്തേഷ്യസ്റ്റ് എന്നിവരുടെ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. On call basis-ൽ ന്യൂറോ സർജനേയും ഏർപ്പെടുത്തേണ്ടതുണ്ട്. ഇപ്പോൾ എറണാകുളം ജനറൽ ആശുപത്രിയിൽ ഈ സൗകര്യം ലഭ്യമാണ്.

<u>ലെവൽ ഒന്ന് ട്രോമാകെയർ</u> -

അത്യാധുനിക ചികിത്സ മെഡിക്കൽ കോളേജ് ആശുപത്രികളിൽ മാത്രം നൽകിവരുന്നു. ലെവൽ-1 ട്രോമാകെയർ സൗകര്യം ഏർപ്പെടുത്തുന്നതിന് താഴെപ്പറയുന്ന സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്.

1) Trauma Care facilities (levels 1, 2, 3 & 4)
2) Network of basic life support Ambulances
3) Training of Doctors, Staff Nurses and Attenders.
4) Implementing triage system in all institutions

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പരിശീലന പരിപാടി

എല്ലാ വർഷവും ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ്, അറ്റൻഡർമാർ എന്നിവർക്ക് പരിശീലനം നൽകിവരുന്നു. 2014-15-ൽ AIIMS-ൽ 16 ഡോക്ടർമാർക്കും 15 നഴ്സിംഗ് വിഭാഗക്കാർക്കും 2015-16-ൽ സംസ്ഥാനതലത്തിൽ 302 ഡോക്ടർമാർക്കും 260 നഴ്സിംഗ് വിഭാഗക്കാർക്കും ജില്ലാതലത്തിൽ 129 ഡോക്ടർമാർക്കും 39 നഴ്സിംഗ് വിഭാഗക്കാർക്കും ട്രോമാ സ്റ്റെബിലൈസേഷൻ വിഷയമാക്കി 16 ഡോക്ടർമാർക്കും 15 നഴ്സിംഗ് വിഭാഗക്കാർക്കും പരിശീലനം നൽകുകയുണ്ടായി. 2016-17 കാലയളവിൽ ജില്ലാതലത്തിൽ 30 ഡോക്ടർമാർക്കും 55 നഴ്സിംഗ് വിഭാഗക്കാർക്കും പരിശീലനം നൽകിയിട്ടുണ്ട്. 2017-18 കാലയളവിൽ ജില്ലാതലത്തിൽ 28 ഡോക്ടർമാർക്കും 28 നഴ്സിംഗ് വിഭാഗക്കാർക്കും AIIMS-ൽവച്ച് 11 ഡോക്ടർമാർക്കും 120 നഴ്സിംഗ് വിഭാഗക്കാർക്കും 274 ഡ്രൈവർമാർക്കും പരിശീലനം നൽകുകയുണ്ടായി. 2019-20 പ്ലാൻ ഫണ്ട് ട്രോമാകെയർ പരിശീലനം നൽകുന്നതിനായി 90 ഡോക്ടർമാർക്കും 90 സ്റ്റാഫ് നഴ്സുമാർക്കും 90 അറ്റൻഡർ/നഴ്സിംഗ് അസിസ്റ്റന്റുമാർക്കും പരിശീലനം നൽകുകയുണ്ടായി. തുടർട്രെയിനിംഗുകളും നൽകിവരുന്നു.

National Burns & Traums Project 2016 എന്ന പദ്ധതിയിലുൾപ്പെടുത്തി എറണാകുളം, ജില്ലാ ആശുപത്രി കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യം വികസിപ്പിച്ചിട്ടുണ്ട്. കേരളാ റോഡ് സേഫ്റ്റി അതോറിറ്റി മുഖേന 14 സ്ഥാപനങ്ങളിൽ മൈനർ വർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 2.53 കോടിരൂപ അനുവദിച്ചതിൽ ആംബുലൻസുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ആർദ്രം മിഷൻ മുഖേന 97 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരെ വിവിധ കാഷ്വാലിറ്റികളിൽ നിയമിച്ചു. ഇതിൽ 49 തസ്തികകൾ ലെവൽ 2, ലെവൽ 3 ട്രോമാകെയർ സൗകര്യത്തിനായി സൃഷ്ടിച്ചിട്ടുള്ളതാണ്. കൂടാതെ 8 ഓർത്തോപീഡിക്സ്, 8 അനസ്തേഷ്യസ്റ്റ്, 3 സർജൻസ്, 7 റേഡിയോളജിസ്റ്റ് എന്നീ സ്പെഷ്യലിസ്റ്റ് തസ്തികകൾ ട്രൊമാകെയറിനുവേണ്ടി തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ സൃഷ്ടിച്ചിട്ടുണ്ട്.

ട്രയേജ് സിസ്റ്റം

എല്ലാ ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ട്രയേജ് സിസ്റ്റം നടപ്പിലാക്കിവരുന്നു.

മെഡിക്കൽ കോളേജ് ആശുപത്രികളിലെ അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

ട്രോമാകെയർ-നാഷണൽ ഹൈവേസ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിനെ ലെവൽ 1 ട്രോമാകെയർ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ട കേന്ദ്രവിഹിതമായി 504 ലക്ഷം രൂപ കേന്ദ്രവിഹിതവും സംസ്ഥാന വിഹിതമായി 336 ലക്ഷംരൂപയും നൽകുകയുണ്ടായി. ടി പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനു വേണ്ടിയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിനെ ലെവൽ 2 ട്രോമാകെയർ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ട കേന്ദ്രവിഹിതമായി 367.5 ലക്ഷംരൂപ കേന്ദ്രവിഹിതവും സംസ്ഥാന വിഹിതമായി 71 ലക്ഷംരൂപയും നൽകുകയുണ്ടായി. ടി മെഡിക്കൽ കോളേജിൽ ട്രോമാകെയർ സംവിധാനം സംബന്ധിച്ചുള്ള ജോലികൾ പൂർത്തീകരിച്ചുവരുന്നു. ഉപകരണങ്ങൾ വാങ്ങുന്നത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ട്രൊമാകെയർ പദ്ധതിയുടെ ഭാഗമായി കേന്ദ്രവിഹിതമായി 4.5 കോടിരൂപയും സംസ്ഥാന വിഹിതമായി 3 കോടിരൂപയും ചേർത്ത് ആകെ 7.5 കോടിരൂപ നൽകിയിട്ടുണ്ട്. ഇതിൽ 2.5 കോടിരൂപ പൊതുമരാമത്ത് വകുപ്പിന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി നൽകുകയും 5 കോടിരൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സമഗ്ര ട്രോമാകെയർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അത്യാഹിത വിഭാഗത്തിൽ എമർജൻസി മെഡിസിൻ ഡിപ്പാർട്ടുമെന്റ് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപക അനദ്ധ്യാപക മേഖലയിൽ 106 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എമർജൻസി ഐ.സി.യു.-വിന്റെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അത്യാഹിത വിഭാഗത്തിലായി സാധന സാമഗ്രികളുടെ 90% വാങ്ങിച്ചുകഴിഞ്ഞു. സിവിൽ ജോലികളുടെ പൂർത്തീകരണം അന്തിമഘട്ടത്തിലാണ്. പാരിപ്പള്ളി (കൊല്ലം) മെഡിക്കൽ കോളേജിൽ മികച്ച ട്രോമാകെയർ സംവിധാനം ഒരുക്കുന്നതിനായി 5 കോടിരൂപ അനുവദിക്കുകയും ആയതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ സമഗ്ര ട്രോമാകെയർ പദ്ധതി 2018 ആഗസ്റ്റ് 1-ന് പ്രവർത്തനമാരംഭിച്ചു. അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ 17 തസ്തികകൾ സൃഷ്ടിച്ചു. ഇതുകൂടാതെ 20 സെക്യൂരിറ്റി ജീവനക്കാരെ പുതുതായി നിയമിച്ചുകൊണ്ട് രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും അനിയന്ത്രിതമായ പ്രവേശനം തടയാൻ സാധിച്ചു. രോഗികളെ ഷിഫ്റ്റ് ചെയ്യുന്നതിന് ട്രോളികളുടെ എണ്ണം 50 ആക്കി ഷിഫ്റ്റിംഗ് സ്റ്റാഫ് കുടുംബശ്രീക്കാരെ അധികമായി നിയമിച്ചു. ട്രയാജ് സിസ്റ്റം നിലവിൽ വന്നു. റെഡ്, യെല്ലോ, ഗ്രീൻ സോൺസ് എന്നിങ്ങനെ രോഗത്തിന്റെ കാഠിന്യമനുസരിച്ച് തരംതിരിച്ചാണ് രോഗികളെ ഓരോ ഏരിയയിലേയ്ക്കും കൺസൾട്ടേഷനുവേണ്ടി വിടുന്നത്. സ്പെഷ്യാലിറ്റികളായ ഒഫ്ത്താൽമോളജി, ഒ.എം.എഫ്.എസ്., ഇ.എൻ.റ്റി എന്നീ ഡിപ്പാർട്ടുമെന്റുകൾ അത്യാഹിത വിഭാഗത്തിനകത്ത് തന്നെയുണ്ട്. റെഡ് സോണിൽ ആധുനിക സൗകര്യങ്ങളായ Fast Machine, 2 Ventillators, 2 BIPOP Machine എന്നിവയുടെ സൗകര്യമുണ്ട്. ട്രയാജിൽ വിറ്റൽ മോണിറ്റർ ചെയ്യാനുള്ള പുതിയ 2 മെഷീനുകൾ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ആക്സിഡന്റായി വരുന്ന രോഗികൾക്ക് സി.റ്റി. സ്കാൻ, എക്സ്റേ, അൾട്രാസൗണ്ട് സ്കാൻ എന്നീ സംവിധാനങ്ങൾ അത്യാഹിത വിഭാഗത്തിനകത്ത് ഒരുക്കി. ലാബ് ഫെസിലിറ്റീസായ Trop ABG എന്നിവ നിലവിലുണ്ട്. ഫാർമസിയിൽ പുതിയ ഓക്സിജൻ പ്ലാന്റ് പ്രവർത്തനസജ്ജമാണ്. ക്ലീനിംഗ് നിലവാരം ഉയർത്തുന്നതിലേയ്ക്കായി പുതിയ മെഷീനുകൾ ഉപയോഗിക്കുന്നു. ഇൻഫെക്ഷൻ കൺട്രോളിന്റെ ഭാഗമായി Link Nurse ആക്ടീവായി വർക്ക് ചെയ്യുന്നു. കാർഡിയോളജി കൺസൾട്ടേഷനുവേണ്ടി രോഗികളെ വളരെ വേഗത്തിൽ എത്തിക്കുന്നതിനുവേണ്ടി Buggy Car-കൾ ഉപയോഗിച്ചുവരുന്നു.

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ ട്രോമാകെയർ നിർമ്മാണം പൂർത്തീകരിച്ച ഘട്ടത്തിലാണ്. ഇതിനാവശ്യമായ ഉപകരണങ്ങളെല്ലാംതന്നെ മുൻകൂറായി സജ്ജീകരിച്ചിട്ടുണ്ട്. " Commencement of Emergency and Critical Care Department" എന്ന പദ്ധതി തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിന് 65 ലക്ഷംരൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 35 ലക്ഷംരൂപയുടെ പുതിയ ഉപകരണങ്ങളും സജ്ജമാക്കിയിട്ടുണ്ട്.

(ബി) വാഹനാപകടങ്ങളിൽപ്പെടുന്നവരെ അടിയന്തരമായി ആശുപത്രിയിലെത്തിച്ച് ചികിത്സ ലഭ്യമാക്കുന്നതിനായി സൗജന്യ ആംബുലൻസ് ശൃംഖലയായ കനിവ് 108 എന്ന പദ്ധതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 2019 സെപ്റ്റംബർ 17-ന് തിരുവനന്തപുരത്തുവച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. റോഡപകടങ്ങളിൽ പൊലിഞ്ഞുപോകുന്ന വിലപ്പെട്ട ജീവനുകൾ പരമാവധി രക്ഷിക്കുകയെന്ന സദുദ്ദേശ്യത്തോടെയാണ് സമഗ്ര ട്രോമാകെയർ സംവിധാനത്തിന്റെ ഭാഗമായി കനിവ് 108 എന്നുള്ള ആംബുലൻസ് സേവന ശൃംഖല സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിരിക്കുന്നത്. സംസ്ഥാനത്തെ വിവിധ റോഡുകളിൽ റോഡപകടങ്ങൾ ഏറ്റവും കൂടുതൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന 315 ബ്ലാക്ക് സ്പോട്ടുകൾ കേന്ദ്രീകരിച്ച് ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ അപകടസ്ഥലത്തേയ്ക്ക് ആംബുലൻസിന്റെ സേവനം എത്തിക്കുവാൻ പറ്റുന്ന തരത്തിൽ 315 ആംബുലൻസുകളാണ് കേരളമൊട്ടാകെ വിന്യസിച്ചിരിക്കുന്നത്. കഴിഞ്ഞ 10 വർഷത്തെ റോഡപകടങ്ങളെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ വിശകലനം ചെയ്ത് അപകടങ്ങൾ ഏറ്റവും കൂടുതൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള രാവിലെ 8 മണി മുതൽ രാത്രി 8 വരെയുള്ള സമയം നിരത്തിൽ 315 ആംബുലൻസുകളുടെയും സേവനം ലഭ്യമാക്കുന്ന തരത്തിൽ 2 ഗണങ്ങളായാണ് (24 മണിക്കൂർ സേവനം ചെയ്യുന്നവ - 150 ആംബുലൻസുകൾ, അപകടങ്ങൾ ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ 12 മണിക്കൂർ സേവനം ചെയ്യുന്നവ - 165 ആംബുലൻസുകൾ) പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. റോഡപകടങ്ങൾക്ക് പുറമെ ഗർഭിണികളുടെ അടിയന്തര ആരോഗ്യ പ്രശ്നങ്ങൾ, ഹൃദ്രോഗം, പക്ഷാഘാതം തുടങ്ങിയ വൈദ്യശാസ്ത്രപരമായ അത്യാഹിതങ്ങൾ, അപ്രതീക്ഷിതമായി വന്നുചേരുന്ന പ്രകൃതിദുരന്തങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് അടിയന്തര വൈദ്യസഹായം ലഭ്യമാക്കുന്നതിനും ടി ആംബുലൻസ് ശൃംഖലയുടെ പ്രവർത്തനം പരമാവധി പ്രയോജനപ്പെടുത്തുന്നു.

പ്രസ്തുത വാഹനങ്ങൾ എല്ലാംതന്നെ ജി.പി.എസ്. സംവിധാനം ഘടിപ്പിച്ചവയാണ്. തിരുവനന്തപുരം ടെക്നോപാർക്കിലുള്ള കേന്ദ്രീകൃത കോൾ സെന്റർ മുഖേനയാണ് ആംബുലൻസുകളെ നിയന്ത്രിക്കുന്നത്. പരിശീലനം ലഭിച്ച എമർജൻസി റെസ്പോൺസ് ഓഫീസർമാർ ഈ സേവനം ആവശ്യപ്പെടുന്ന വ്യക്തിയിൽനിന്ന് സ്ഥലവും അപകടത്തിന്റെ വിശദാംശവും മനസ്സിലാക്കി ജി.പി.എസ്. സംവിധാനത്തിന്റെ സഹായത്തോടുകൂടി ഏറ്റവും അടുത്തുള്ള ആംബുലൻസിനെ ആവശ്യക്കാരന്റെ അടുത്തെത്തിച്ച് ആംബുലൻസിലെ

എമർജൻസി മെഡിക്കൽ ടെക്നീഷ്യന്റെ പരിശോധനകൾക്കുശേഷംവേണ്ട ചികിത്സ ലഭ്യമാകുന്ന ആശുപത്രി തെരഞ്ഞെടുത്ത് എത്രയും പെട്ടെന്ന് എത്തിക്കുക എന്നുള്ളതാണ് അടിസ്ഥാനപരമായി ഈ സർവ്വീസുകൊണ്ടുദ്ദേശിക്കുന്നത്. പ്രസ്തുത വാഹനങ്ങൾ വിന്യസിച്ചിരിക്കുന്ന ആശുപത്രികളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

(സി&ഡി) തിരുവനന്തപുരം ജനറൽ ആശുപത്രി വളപ്പിൽ നിർമ്മാണം പൂർത്തിയായ കെട്ടിടത്തിലെ, രണ്ട് നിലകൾ 'Apex Simulation Training Centre for Emergency and Trauma Care' എന്ന സ്ഥാപനം തുടങ്ങുന്നതിനായി മാറ്റിവയ്ക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ടാറ്റാ ഫൗണ്ടേഷൻ, CIHS എന്നിവയുമായുള്ള സഹകരണത്തോടെ ആരംഭിക്കുന്ന സ്ഥാപനം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഒരു ട്രെയിനിംഗ് സെന്ററായാണ് പ്രവർത്തിക്കുക. പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു നോഡൽ ഓഫീസറെ സർക്കാർ നിയമിച്ചിട്ടുണ്ട്. തടസ്സം കൂടാതെയുള്ള ജലവിതരണ സംവിധാനം ഏർപ്പെടുത്തുന്നതിനായുള്ള പ്രവൃത്തികൾ കൺസൾട്ടന്റായ ബി.എസ്.എൻ.എൽ. മുഖാന്തരം പുരോഗമിച്ചുവരുന്നു. ടി സിമുലേഷൻ സെന്ററിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് 2020-21 വർഷത്തെ ബഡ്ജറ്റിൽ 12 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ നഴ്സിംഗ് ജീവനക്കാർക്കുള്ള മാനികിൻ ഉപയോഗിച്ചുള്ള ബേസിക് പരിശീലനം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ കോൺഫറൻസ് ഹാളിൽവച്ച് ആരംഭിച്ചു. ഡോക്ടർമാർക്കുള്ള സിമുലേഷൻ സെന്റർ ഉപയോഗിച്ചുള്ള പരിശീലനം പുതിയ കെട്ടിടത്തിന്റെ പൂർത്തീകരണത്തിനുശേഷം ആരംഭിക്കുന്നതാണ്. പ്രസ്തുത പരിശീലന കേന്ദ്രം നാഷണൽ/ഇന്റർനാഷണൽ സ്റ്റാൻഡേർഡ്സിൽ സജ്ജീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ ഡോക്ടർമാർക്കുള്ള അഡ്വാൻസ്ഡും ബേസിക്കും നഴ്സമാർക്കുള്ള മൊഡ്യൂളുകൾ, നഴ്സിംഗ് അസിസ്റ്റന്റ് ഉൾപ്പെടെയുള്ള മറ്റ് ജീവനക്കാർക്കുള്ള ട്രെയിനിംഗ് മൊഡ്യൂളുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. 9000 ജീവനക്കാരെയാണ് ആദ്യ രണ്ടുവർഷത്തിനുള്ളിൽ ആദ്യത്തെ പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനുശേഷം വകുപ്പിന്റെതന്നെ പരിശീലകരെ കണ്ടെത്തുകയും അവരിലൂടെ തുടർന്നുള്ള പരിശീലനം മെഡിക്കൽ സ്റ്റുഡന്റ്സ് ഉൾപ്പെടെയുള്ള സമൂഹത്തിന് നൽകുന്നതിന് സാധ്യമാകും. ഇതോടുകൂടി ട്രോമാകെയറിനുവേണ്ടി കേന്ദ്രീകൃത പരിശീലന പദ്ധതി നിലവിൽ വരുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചെറുകിട തുറമുഖങ്ങളുടെ വികസനം

7(*157) ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. മുകേഷ് :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡിലെ വാഹന സാന്ദ്രതയും റെയിൽവേ വഴിയുള്ള ചരക്ക് കടത്തലിന്റെ പരിമിതിയും കണക്കിലെടുത്ത് തീരക്കടലിലൂടെയുള്ള കപ്പൽ ഗതാഗതത്തിന് വലിയതോതിൽ വികസന പ്രവർത്തനങ്ങൾ നടത്തുകയും കൈകാര്യച്ചെലവിൽ ഇളവു പ്രഖ്യാപിക്കുകയും ചെയ്തിട്ടും ചെറുകിട തുറമുഖങ്ങൾ വഴിയുള്ള ചരക്ക് ഗതാഗതം വർദ്ധിപ്പിക്കാനാകാതെ നാമമാത്രമായി തുടരുന്നതിന്റെ കാരണങ്ങൾ അവലോകനം ചെയ്തിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ കാലയളവിൽ ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) 2018-ൽ നിലവിൽ വന്ന മാരിടൈം ബോർഡ് വഴി നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) സംസ്ഥാനത്തെ അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ 4 ചെറുകിട തുറമുഖങ്ങളിൽ തീരദേശ ചരക്ക് ഗതാഗതത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ തുറമുഖങ്ങളിൽ നിന്ന് റിട്ടേൺ കാർഗോ ലഭിക്കാത്തതിനാലും കൈകാര്യ ചെലവ് കൂടുതലായതിനാലും തുറമുഖങ്ങൾവഴിയുള്ള ചരക്ക് ഗതാഗതം ലാഭകരമല്ലാത്ത സ്ഥിതിയിലാണ്. പ്രാവീണ്യമുള്ള തൊഴിലാളികളുടെ അഭാവവും കൈകാര്യ ചെലവ് കൂടാൻ കാരണമായിട്ടുണ്ട്. ഇത് പരിഗണിച്ച് സർക്കാർ തീരദേശ കപ്പൽ ഗതാഗതത്തിന് 2018 മാർച്ച് 31 വരെ ഒരു ടണ്ണിന് ഒരുരൂപ എന്ന നിരക്കിലും 2019 മാർച്ച് 31 വരെ ടണ്ണിന് 3/-രൂപ നിരക്കിലും ഇൻസെന്റീവ് നൽകിയിരുന്നു. ടി സ്കീം കൂടുതൽ ആകർഷകമാക്കുന്നതിനായി റോഡിലൂടെയുള്ള ചരക്കുകൂലിയുടെ 50% ഇൻസെന്റീവായി നിശ്ചയിച്ച് 18-02-2020-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്നുമാസത്തിനുള്ളിൽ ഈ ഉത്തരവിന്റെ പ്രായോഗികത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള മാരിടൈം ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കുവാനും വെസ്സലുകളുടെ turn around time പരമാവധി കുറയ്ക്കാനുമുതകുന്ന ഒരു standard operating procedure തയ്യാറാക്കാനും മാരിടൈം ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ 4 തുറമുഖങ്ങളിൽ തീരദേശ ചരക്ക് ഗതാഗതത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ തുറമുഖങ്ങളിൽ റീച്ച് സ്റ്റാക്കർ, ക്രെയിനുകൾ, ടഗ്ഗുകൾ, വെയിംഗ് മെഷീനുകൾ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഒരു പുതിയ തുറമുഖം നിർമ്മിക്കുന്നതിന് Azhikkal Port Limited എന്ന കമ്പനി രൂപീകരിച്ച് ഡി.പി.ആർ. തയ്യാറാക്കിവരികയാണ്.

കൊല്ലം തുറമുഖത്ത് കണ്ടെയ്നർ -കം- പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. ബേപ്പൂരിൽ 175 മീറ്റർ ആർ.സി.സി. വാർഫ് നിർമ്മിക്കുന്നതിനുള്ള പ്രാഥമിക റിപ്പോർട്ട് ഐ.ഐ.ടി. ചെന്നൈ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴയിൽ മുസരീസ് പ്രോജക്ടിന്റെ ഭാഗമായി പൈതൃക മ്യൂസിയം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ആവശ്യമായ ഡ്രാഫ്റ്റ് നിലനിർത്തുന്നതിന് ഡ്രഡ്ജിംഗ് നടത്താൻ മാരിടൈം ബോർഡിന് അനുമതി നൽകിയിട്ടുണ്ട്. ഇങ്ങനെ 4 പ്രധാന തുറമുഖങ്ങളിൽ തീരദേശ കപ്പൽ ഗതാഗതം ശക്തിപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ വികസനവും നടത്തിപ്പും കേരള മാരിടൈം ബോർഡിൽ നിക്ഷിപ്തമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ഈ തുറമുഖങ്ങളുടെ വികസനത്തിനാവശ്യമായ തുക സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ വകയിരുത്തുകയും ചെയ്തുവരുന്നു. സംസ്ഥാനത്തെ പ്രധാന ചെറുകിട തുറമുഖങ്ങളിൽ തീരദേശ ചരക്ക് ഗതാഗതത്തിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ ഏർപ്പെടുത്തുന്നുണ്ട്. ഇതുകൂടാതെ അഴീക്കൽ തുറമുഖത്ത് ഒരു മണൽ ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ മാരിടൈം ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ ഭൂമി ഉപയോഗപ്പെടുത്തി തുറമുഖ വികസനം/ടൂറിസം/തുറമുഖാധിഷ്ഠിത വ്യവസായ വികസനം തുടങ്ങിയ മേഖലകളിൽ സ്വന്തമായോ PPP വ്യവസ്ഥയിലോ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കാൻ കേരള മാരിടൈം ബോർഡിനോട് നിർദ്ദേശിച്ചിട്ടുണ്ട്. തീരദേശ ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു standard operating procedure തയ്യാറാക്കി കപ്പൽ വഴിയുള്ള ചരക്കുനീക്കം ആദായകരമാക്കാനും നിലവിലുള്ള ഇൻസെന്റീവ് സ്കീം പരിഷ്കരിച്ച് ആകർഷകമാക്കാനുമുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാനും മാരിടൈം ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## റീബിൽഡ് കേരള ഇനിഷ്യേറ്റീവിനായി കൺസൾട്ടൻസി

8(*158) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എം. സി. കമറുദ്ദീൻ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ സാങ്കേതിക വിദഗ്ധരില്ലാത്തതിനാൽ കൺസൾട്ടൻസിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കൺസൾട്ടൻസിയിൽനിന്നും എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നതെന്ന് അറിയിക്കാമോ;

(സി) റീ ബിൽഡ് കേരളക്കായി ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ് തുക കണ്ടെത്താൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) റീബിൽഡ് കേരളയിൽ വിവിധ മേഖലകളിൽ പരിജ്ഞാനമുള്ള വിദഗ്ധരായ കൺസൾട്ടന്റ്സിനെ ആർ.കെ.ഐ.-യുടെ പ്രോജക്ട് മാനേജ്മെന്റ് സപ്പോർട്ട് സർവ്വീസ് (PMSS) ആയി നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

റീബിൽഡ് കേരള പ്രോജക്ട് മാനേജ്മെന്റ് സപ്പോർട്ട് സർവ്വീസ് (PMSS) ആർ.കെ.ഐ. ഫണ്ട് ചെയ്യുന്ന പ്രോജക്ടുകളുടെ ഇൻവെസ്റ്റ്മെന്റ് പ്ലാനിംഗ്, വിവിധ വകുപ്പുകളിൽ റീബിൽഡ് പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കുന്ന മേഖലകളുമായി ബന്ധപ്പെട്ട നയരൂപീകരണ പ്രക്രിയയ്ക്ക് ആവശ്യമായ വിവരശേഖരണവും പരിശീലനവും ശേഷിവർദ്ധിപ്പിക്കലും സാങ്കേതികമായ അവലോകനം, പദ്ധതികളുടെ നിരീക്ഷണവും മൂല്യനിർണ്ണയവും, പുരോഗതി വിലയിരുത്തൽ, ആശയവിനിമയം, പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ തുടങ്ങിയ വിവിധ മേഖലകളിലുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് ഉപയോഗിക്കുന്നത്. PMSS-നെ തെരഞ്ഞെടുക്കുന്നതിനായുള്ള സാങ്കേതിക സാമ്പത്തിക സൂചകങ്ങൾ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ പൂർത്തിയാക്കി PMSS ആയി തെരഞ്ഞെടുക്കുന്ന സ്ഥാപനവുമായി കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

(സി) പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടുകൾ താഴെപ്പറയുന്ന വിവിധ സ്രോതസ്സുകളിൽനിന്ന് പ്രത്യേകമായി സമാഹരിക്കുന്നതിനായാണ് സർക്കാർ ലക്ഷ്യമിടുന്നത്.

- സംസ്ഥാന ബഡ്ജറ്റ് - ബഹുവിധ ഏജൻസികൾ (ലോകബാങ്ക്, എ.ഡി.ബി. മുതലായവ ഉൾപ്പെടെ) JICA, KfW മുതലായ ഏജൻസികൾ
- കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കീഴിൽ കൂടുതൽ വകയിരുത്തൽ
- കേന്ദ്ര ഗവൺമെന്റ് പദ്ധതികളുടെ കീഴിൽ ഫ്ലെക്സി ഫണ്ടിന്റെ വിന്യാസം
- ക്രൗഡ് ഫണ്ടിംഗ്
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിവഴി സമാഹരണം
- NIDA വഴി നബാർഡ് ഫണ്ടിംഗ്
- ഹഡ്കോയും മറ്റ് വായ്പകളും
- ഡയസ്പോറ ബോണ്ടുപോലുള്ള ബഡ്ജറ്റ് ഇതര ധനസമാഹരണ മാർഗ്ഗങ്ങൾ

**ക്രമസമാധാന പാലനം**

9(*159) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ദാസൻ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തി ക്രമസമാധാനപാലനത്തിൽ കാര്യക്ഷമമായ പ്രവർത്തനം നടത്തിയതിനെത്തുടർന്ന് ഓരോ വർഷവും ഐ.പി.സി. കേസുകൾ ക്രമാനുഗതമായി കുറഞ്ഞ് കേസുകളുടെ എണ്ണത്തിൽ മൂന്നിലൊരു ഭാഗം കുറവു വരുത്താൻ സാധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കർശന നിരീക്ഷണമില്ലെന്ന തോന്നൽ, ഇതര സംസ്ഥാന തൊഴിലാളികളിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് കടന്നുകളയാനുള്ള പ്രവണത വർദ്ധിപ്പിക്കുമെന്നത് പരിഗണിച്ച് ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പോലീസിന്റെ അംഗബലം വർദ്ധിപ്പിക്കുന്നതിനും ക്രമസമാധാന പാലനത്തിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ക്രമസമാധാന രംഗത്ത് മികച്ച പ്രവർത്തനങ്ങളാണ് ആഭ്യന്തര വകുപ്പ് കാഴ്ചവച്ചിരിക്കുന്നത്. തൽഫലമായി ഓരോ വർഷവും ഐ.പി.സി. കേസ്സുകളുടെ എണ്ണത്തിൽ ക്രമാനുഗതമായ കുറവ് രേഖപ്പെടുത്തിയതായി കാണുവാൻ കഴിയും. കഴിഞ്ഞ നാലുവർഷത്തെ ഐ.പി.സി. കേസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | കേസ്സുകളുടെ എണ്ണം |
|---|---|
| 2016 | 260097 |
| 2017 | 235846 |
| 2018 | 186958 |
| 2019 | 176017 |

(ബി) തൊഴിലിനായി എത്തുന്ന അതിഥി തൊഴിലാളികളുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും വ്യക്തിഗത വിവരങ്ങളും തൊഴിലുടമയുടെ വിവരങ്ങളും നിലവിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥരെ ബീറ്റ് ഡ്യൂട്ടിക്കായി നിയോഗിച്ച് ഇവരുടെ താമസ സ്ഥലത്തും തൊഴിലിടങ്ങളിലും ശക്തമായ നിരീക്ഷണവും പരിശോധനകളും നടത്തി വരുന്നുണ്ട്. കൂടാതെ വിവരങ്ങൾ ശേഖരിക്കുന്നതിനായി e-Rekha എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസിന്റെ അംഗബലം ഘട്ടംഘട്ടമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാളിതുവരെ 3967 സ്ഥിരം തസ്തികകളും 240 താൽക്കാലിക തസ്തികകളും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. പോലീസ് സേനയിലെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 24-02-2020 വരെയുള്ള കണക്കനുസരിച്ച് പോലീസ് കോൺസ്റ്റബിൾമാരുടെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നുള്ള 2252 പേർ ഉൾപ്പെടെ ആകെ 2330 പേരുടെ പരിശീലനം

സംസ്ഥാനത്ത് നടന്നുവരുന്നു. ക്രമസമാധാന പാലനത്തിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർമാരെ നിയമിക്കുകയും സ്റ്റേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും ശാസ്ത്രീയ കുറ്റാന്വേഷണ രീതികൾ അവലംബിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ വ്യവസായ സംരക്ഷണസേനയിൽ രണ്ടുഘട്ടങ്ങളിലായി 2000 തസ്തികകൾ സൃഷ്ടിച്ച് നേരിട്ടുള്ള നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റീബിൽഡ് കേരള ഇനിഷ്യേറ്റീവ് സ്വീകരിച്ചുവരുന്ന സമീപനം

10(*160) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സജി ചെറിയാൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങൾക്ക് തകർക്കാനാകാത്ത കേരളം കെട്ടിപ്പടുക്കുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് സ്വീകരിച്ചുവരുന്ന നയസമീപനം അറിയിക്കാമോ;

(ബി) ആർ.കെ.ഐ.യുടെ നയസമീപനം പൊതുജനവികാരം ഉൾക്കൊണ്ടു കൊണ്ട് സമ്പുഷ്ടീകരിക്കുന്നതിന് പരിപാടിയുണ്ടോ; ഇതിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) ലക്ഷ്യപ്രാപ്തിക്കാവശ്യമായ ധനസമാഹരണത്തിനും പദ്ധതികളുടെ കാര്യക്ഷമവും സമയബന്ധിതവുമായ നിർവ്വഹണത്തിനും ആവിഷ്കരിച്ചിട്ടുള്ള മാർഗ്ഗം വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, പ്രകൃതിദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതികവിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക എന്നിങ്ങനെ വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്.

കേരള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരു മാർഗ്ഗരേഖയായി കേരള പുനർനിർമ്മാണ വികസന പദ്ധതി (Rebuild Kerala Development Programme, RKDP)രൂപപ്പെടുത്തിയിട്ടുണ്ട്. RKDP-യിൽ ഉൾപ്പെടുത്തിയിട്ടുള്ള മേഖലകളായ ഭൂവിനിയോഗം, സംയോജിത ജലവിഭവ പരിപാലനം, ജീവനോപാധി, ഗതാഗതം, മത്സ്യബന്ധനം, വനം, ജലവിതരണം, മൃഗസംരക്ഷണവും ക്ഷീരവികസനവും, നഗരവികസനം, റോഡുകളും പാലങ്ങളും, കൃഷി തുടങ്ങിയ മേഖലകളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുവേണ്ടി സെക്ടറൽ മീറ്റിംഗുകൾ നടത്തുകയും അഭിപ്രായം സ്വരൂപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 'നമ്മൾ നമുക്കായി' എന്ന പേരിൽ ആർ.കെ.ഐ.-യുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന ജനകീയ ക്യാമ്പയിൻ സമൂഹത്തിലെ സമസ്ത മേഖലകളിലെയും ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നു. ആർ.കെ.ഐ.-യുടെ കീഴിൽ, അതിജീവനക്ഷമത ഉറപ്പാക്കുന്ന തിലേയ്ക്കാവശ്യമായ നയസമീപനങ്ങളും തിരുത്തലുകളും കണ്ടെത്തുന്നതിനുള്ള ജനപങ്കാളിത്തത്തോടെയുള്ള വിപുലമായ ക്യാമ്പയിൻ, എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രാദേശികവും സമൂഹാധിഷ്ഠിതവുമായ ദുരന്തപ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ എന്നിവയാണ് 'നമ്മൾ നമുക്കായി' ക്യാമ്പയിന്റെ രണ്ട് ഘടകങ്ങൾ. പ്രത്യേക ഗ്രാമസഭകൾ ചേർന്ന് പൊതുജനങ്ങളിൽനിന്നും വിദഗ്ധരിൽനിന്നും സ്വീകരിക്കുന്ന നിർദ്ദേശങ്ങൾ നവകേരള സൃഷ്ടിക്കായി ഉപയോഗപ്പെടുത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി വിദഗ്ധാഭിപ്രായങ്ങൾ സ്വരൂപിക്കുന്ന സെമിനാറുകളും നടത്തുന്നുണ്ട്.

(സി) നടപടിക്രമങ്ങൾ ലഘൂകരിച്ചും കാര്യക്ഷമത ഉറപ്പാക്കിയും കേരള പുനർനിർമ്മാണം സാധ്യമാക്കുക എന്നതിനാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഊന്നൽ നൽകുന്നത്. വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കുവാനാകുന്ന ഏജൻസികളുടെയും വിദഗ്ധരായ കൺസൾട്ടന്റുകളുടെയും സേവനം ഇതിനായി ഉപയോഗപ്പെടുത്തുന്നു. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും 9-11-2018, 23-5-2019 തീയതികളിലെ സർക്കാർ ഉത്തരവനുസരിച്ച് ഒരു ത്രിതല അഡ്മിനിസ്ട്രേറ്റീവ് സംവിധാനവും സമഗ്രമായ വികസന നയരേഖയും യഥാക്രമം സാധ്യമാക്കിയിട്ടുണ്ട്. നടപ്പാക്കുന്ന പദ്ധതികളിന്മേലുള്ള ഉന്നതാധികാര സമിതിയുടെ കാലാകാലങ്ങളിലുള്ള കൃത്യമായ വിലയിരുത്തലുകളും ഉപദേശക സമിതിയുടെ നിർദ്ദേശങ്ങളും നിർവ്വഹണ സമിതിയുടെയും ആർ.കെ.ഐ.-യുടെയും സമയോചിതമായ ഇടപെടലുകളും

പുനർനിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സമയബന്ധിതവുമാക്കാൻ സഹായിക്കുന്നു. സംസ്ഥാന ബഡ്ജറ്റ്- ബഹുവിധ ഏജൻസികൾ, എ.ഡി.ബി., JICA, KfW മുതലായ ഏജൻസികൾ എന്നിവയിൽനിന്നും പുനർനിർമ്മാണ പദ്ധതികൾക്കായി ധനസമാഹരണം നടത്താനുള്ള ശ്രമമാണ് നടത്തിവരുന്നത്. കൂടാതെ ഡയസ്പോറ ബോണ്ട് പോലുള്ള ബഡ്ജറ്റ് ഇതര ധനസമാഹരണവും പരിഗണനയിലാണ്.

## പൊതുവിതരണ വകുപ്പിലെ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം

11(*161) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. കെ. രാജൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിൽ നിലവിലുള്ള വകുപ്പുതല വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം വിശദീകരിക്കുമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പൊതുവിതരണ വകുപ്പിൽ വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(സി) പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ റേഷൻ കടകൾക്കെതിരെയും ഉദ്യോഗസ്ഥർക്കെതിരെയും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ കാലയളവിൽ സപ്ലൈകോയിലെ വിജിലൻസ് വിഭാഗം കണ്ടെത്തിയ ക്രമക്കേടുകൾ വിശദമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) സിവിൽ സപ്ലൈസ് വകുപ്പിൽ സംസ്ഥാനതലത്തിൽ ഡെപ്യൂട്ടി കൺട്രോളർ തസ്തികയിലുള്ള ഒരു വിജിലൻസ് ഓഫീസറും ഒരു താലൂക്ക് സപ്ലൈ ഓഫീസറും റേഷനിംഗ് ഇൻസ്പെക്ടർമാരും അടങ്ങുന്ന ഒരു വിംഗ് പ്രവർത്തിക്കുന്നു. ടി വിജിലൻസ് വിംഗ് സർക്കാരിൽനിന്നും സിവിൽ സപ്ലൈസ് കമ്മീഷണർ, സിവിൽ സപ്ലൈസ് ഡയറക്ടർ എന്നിവരിൽനിന്നും വകുപ്പിലെ ജീവനക്കാർക്കെതിരെ ലഭ്യമാകുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് ബന്ധപ്പെട്ട മേലധികാരികൾക്ക് നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ, ഭക്ഷ്യധാന്യങ്ങളുടെ പൂഴ്ത്തിവയ്പ്, കരിഞ്ചന്ത

തുടങ്ങിയവ തടയുന്നതിന് റെയ്ഡുകളും പരിശോധനകളും നടത്തിവരുന്നു. ഉത്സവകാലങ്ങളിൽ പൊതുവിപണിയിൽ കൃത്രിമമായി വിലക്കയറ്റം സൃഷ്ടിക്കുന്നത് തടയുന്നതിനുവേണ്ടി വിജിലൻസ് സ്ക്വാഡുകൾ പരിശോധനകൾ നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. റേഷൻകടകളിലും സപ്ലൈകോ ഇന്റർമീഡിയറി ഗോഡൗണുകളിലും പരിശോധനകൾ നടത്തുകയും ആയത് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. സർക്കാർ നിർദ്ദേശപ്രകാരമുള്ള പ്രത്യേക പരിശോധനകളും വിജിലൻസ് വിഭാഗം നടത്തിവരുന്നുണ്ട്.

ഇ-പോസ് മെഷീൻ മുഖേനയുള്ള റേഷൻ വിതരണത്തിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിനായി മാസംതോറും എല്ലാ താലൂക്കുകളിലെയും തെരഞ്ഞെടുക്കപ്പെടുന്ന ഒരു റേഷൻകടയിലെ കാർഡുടമകളെ നേരിൽക്കണ്ട് മൊഴി രേഖപ്പെടുത്തി, ഇ-പോസ് മെഷീനിലെ വിവരങ്ങളുമായി ഒത്തുനോക്കി താലൂക്ക് സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ ഫീൽഡ് പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തുന്ന റേഷൻ കടകൾക്കെതിരെ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഭ്യമായ പരാതികളുടെ അടിസ്ഥാനത്തിലും മിന്നൽ പരിശോധന നടത്തിയതിലൂടെയും വിവിധതരം ക്രമക്കേടുകൾ റേഷൻകട ലൈസൻസികൾ ചെയ്തുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധനാ വേളയിൽ സ്റ്റോക്കിൽ കാണപ്പെടുന്ന കൂടുതൽ/കുറവ്, അർഹതപ്പെട്ട റേഷൻ വിഹിതം കാർഡുടമകൾക്ക് നൽകാതിരിക്കൽ, കാർഡുടമകളോട് ലൈസൻസികളുടെ മോശമായ പെരുമാറ്റം, നിശ്ചിത പ്രവർത്തന സമയങ്ങളിൽ റേഷൻകട തുറന്ന് പ്രവർത്തിപ്പിക്കാതിരിക്കൽ, നിശ്ചിത മാതൃകയിലുള്ള ബോർഡുകൾ പ്രദർശിപ്പിക്കാതിരിക്കൽ, കട വൃത്തിയായി സൂക്ഷിക്കാതിരിക്കൽ തുടങ്ങിയ ക്രമക്കേടുകളാണ് ഇത്തരത്തിൽ കണ്ടെത്തിയിട്ടുള്ളത്. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. യഥാസമയം ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുന്നതിൽ വീഴ്ച വരുത്തിയത് കാരണം റേഷൻകട ലൈസൻസികൾ സ്റ്റോക്കിൽ ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്.

(സി) 352 റേഷൻ കടകൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 312 റേഷൻ കടകളുടെ ലൈസൻസികളിൽനിന്ന് പിഴത്തുക ഈടാക്കുകയും 40 റേഷൻ കടകളുടെ ലൈസൻസ് താൽക്കാലികമായി റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.

പൊന്നാനി താലൂക്കിലെ അണ്ടത്തോട് സർവ്വീസ് സഹകരണ ബാങ്ക് നടത്തിയിരുന്ന മൊത്ത വ്യാപാര ഡിപ്പോ നം. 16-ലെ ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലുള്ള ഒരു സ്ക്വാഡ് രൂപീകരിക്കുകയും വിശദമായ പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് 3 ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്യുകയും 11 ജീവനക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുകയുമുണ്ടായി. തിരുവനന്തപുരം സൗത്ത് സിറ്റി റേഷനിംഗ് ഓഫീസിലെ മാനേജരായിരുന്ന ശ്രീ. വാസുദേവൻ നമ്പൂതിരിക്കെതിരെ ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തിയതിൻപ്രകാരം ടിയാനെ സ്ഥലംമാറ്റി അച്ചടക്ക നടപടി സ്വീകരിക്കുകയും കാഞ്ഞിരപ്പള്ളി താലൂക്ക് സപ്ലൈ ഓഫീസറായിരുന്ന ശ്രീ. സാബു കെ. വർഗ്ഗീസിനെതിരെ ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തിയതിൻപ്രകാരം ടിയാനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു. ദേവികുളം താലൂക്ക് സപ്ലൈ ഓഫീസിലെ ജീവനക്കാർക്കെതിരെ ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തുകയും ടി താലൂക്കിലെ കുറ്റക്കാരായി കണ്ടെത്തിയ ജീവനക്കാരെ സ്ഥലംമാറ്റുകയും ചെയ്തു. തൃശ്ശൂർ താലൂക്കിലെ റേഷനിംഗ് ഇൻസ്പെക്ടറായ ശ്രീ. സതീഷ്കുമാറിനെതിരെ ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, സർക്കാർ സിവിൽ സപ്ലൈസ് കമ്മീഷണർ/സിവിൽ സപ്ലൈസ് ഡയറക്ടർ എന്നിവരിൽനിന്നും ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ കാലയളവിൽ സപ്ലൈകോ വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*)

## നോർക്ക റൂട്ട്സ് നടത്തുന്ന പ്രവർത്തനങ്ങൾ

12(*162) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ ലഭ്യമായ തൊഴിൽ സാധ്യത സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് വിവരം നൽകുന്നതിനും റിക്രൂട്ട്മെന്റ് വിപുലീകരിക്കുന്നതിനും നോർക്ക റൂട്ട്സ് വഴി ചെയ്യുന്ന കാര്യങ്ങൾ അറിയിക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തൊഴിലന്വേഷകരുടെ നൈപുണ്യശേഷി വികസനത്തിനും അവർ സ്വദേശത്തും വിദേശത്തുമുള്ള റിക്രൂട്ട്മെന്റ് ഏജൻസികളുടെയും വിദേശ തൊഴിൽദാതാക്കളുടെയും തട്ടിപ്പിനിരയാകാതിരിക്കാനും വിദേശ രാജ്യങ്ങളിലെ അവരുടെ സുരക്ഷിതത്വത്തിനും വേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) നോർക്ക വഴി പ്രവാസികൾക്കായി ഈ സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) വിദേശ രാജ്യങ്ങളിൽ ലഭ്യമായ തൊഴിൽ സാധ്യത സംബന്ധിച്ച് നോർക്കയുടെ ഗ്ലോബൽ കോൺടാക്ട് സെന്റർ, പത്രമാധ്യമങ്ങൾ, സമൂഹ മാധ്യമങ്ങൾ, നോർക്കയുടെ ഔദ്യോഗിക വെബ്സൈറ്റ് (www.norkaroots.org) എന്നിവ വഴി വിവരങ്ങൾ നൽകിവരുന്നു. വിദേശ രാജ്യങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് വിപുലീകരിക്കുന്നതിന്റെ ഭാഗമായി ജി.സി.സി. രാജ്യങ്ങളിലെ പൊതു, സ്വകാര്യ മേഖലയിലെ തൊഴിൽദാതാക്കളുമായി നോർക്ക റൂട്ട്സ് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സൗദി അറേബ്യയിലെ ആരോഗ്യ മന്ത്രാലയം, കുവൈറ്റിലെ നാഷണൽ ഗാർഡ്സ്, യു.എ.ഇ., ഖത്തർ, സൗദി അറേബ്യ, കുവൈറ്റ്, ഒമാൻ എന്നിവിടങ്ങളിലെ വിവിധ ആശുപത്രികൾ എന്നിവിടങ്ങളിലേയ്ക്ക് റിക്രൂട്ട്മെന്റ് നടത്തിവരുന്നു. 2019 മുതൽ സൗദി അറേബ്യയിലേയ്ക്ക് എക്സ്പ്രസ്സ് റിക്രൂട്ട്മെന്റ് വഴി നഴ്സുമാർക്ക് തുടർച്ചയായി നിയമനം നൽകിവരുന്നു.

(ബി) മാറുന്ന തൊഴിൽ സാധ്യതകൾ കണക്കിലെടുത്ത് കേരളത്തിലെ യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം ഇന്ത്യയ്ക്കകത്തും വിദേശത്തുമുള്ള തൊഴിൽ വിപണിയിലെ ആവശ്യാർത്ഥം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ നോർക്ക വകുപ്പ് നടപ്പാക്കിവരുന്ന തുടർപദ്ധതിയാണ് സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം ആന്റ് റീഇന്റഗ്രേഷൻ പ്രോഗ്രാം (Skill Upgradation Programme and Reintegration Programme). നിശ്ചിത സാങ്കേതിക യോഗ്യതയുള്ളവർക്ക് വിദേശത്ത്, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നേടാൻ സഹായകമാകുന്ന രീതിയിൽ സാങ്കേതികവിദ്യ പകർന്ന് കൊടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) നോർക്ക (നോർക്ക-റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്, പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ) വഴി പ്രവാസികൾക്കായി നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിരുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുട്ടികളിലെ വൈകല്യങ്ങൾ കണ്ടെത്തുന്നതിന് നടപടി

13(*163) ശ്രീ. കെ. കുഞ്ഞിരാമൻ :

പ്രൊഫ. കെ. യു. അരുണൻ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിലെ വൈകല്യങ്ങളും വളർച്ചാമുരടിപ്പും പ്രാരംഭ പരിശോധനയിൽത്തന്നെ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പതിനാല് ജില്ലകളിലും ഇത്തരം കേന്ദ്രങ്ങൾ തുടങ്ങുന്നതിനായി സ്ഥലം ലഭ്യമായിട്ടുണ്ടോയെന്നും ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) പട്ടികജാതി, പട്ടികവർഗ്ഗ മേഖലകളിലും തീരദേശ മേഖലകളിലും ഇത്തരം സെന്ററുകൾ ആരംഭിക്കുന്നതിന് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്. വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി സംസ്ഥാന സർക്കാർ ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയുടെ സംയുക്ത പദ്ധതിയായി എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) 14 ജില്ലകളിലും ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് ആരോഗ്യ വകുപ്പ് സ്ഥലം അനുവദിച്ചിട്ടുണ്ട്. പ്ലാനും എസ്റ്റിമേറ്റും

തയ്യാറാക്കി സാങ്കേതിക അനുമതിയോടെ സമർപ്പിച്ച തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ 9 ജില്ലകളിലെ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ നിർമ്മാണത്തിനായി 2725 ലക്ഷംരൂപ ബന്ധപ്പെട്ട പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഡെപ്പോസിറ്റായി നൽകിയിട്ടുണ്ട്. ഇതിൽ കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഇവ 2020-ൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളായി പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇടുക്കി, കാസർഗോഡ് ജില്ലകളിലെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കി പ്രസ്തുത ശീർഷകത്തിന്റെ ഡി.ഡി.ഒ. ആയ പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗത്തിന് നിർമ്മാണം ആരംഭിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമായ പത്തനംതിട്ട, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിൽ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്ന നടപടികൾ അവസാന ഘട്ടത്തിലാണ്. പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം, കോട്ടയം എന്നീ ജില്ലകളിൽ അനുവദിച്ച സ്ഥലം സൗകര്യപ്രദമല്ലാത്തതിനാൽ പുതിയ സ്ഥലം കണ്ടെത്തുന്ന നടപടികൾ പൂർത്തിയായിവരുന്നു. നിലവിലുള്ള പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ കൂടാതെ സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) പട്ടികജാതി-പട്ടികവർഗ്ഗ മേഖല, തീരദേശ മേഖല തുടങ്ങിയ പ്രത്യേക മേഖലകളിൽ വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും ഏർളി ഇന്റർവെൻഷൻ കം ഡിസെബിലിറ്റി മാനേജ്മെന്റ് യൂണിറ്റുകൾ ആരംഭിക്കുകയെന്നത് അനുയാത്ര പദ്ധതിയുടെ ഭാഗമാണ്. അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഒരു പ്രത്യേക ഡിസെബിലിറ്റി മാനേജ്മെന്റ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. കൂടാതെ മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഇത്തരമൊരു ഡിസെബിലിറ്റി മാനേജ്മെന്റ് യൂണിറ്റ് ആരംഭിക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമായി ചർച്ചകൾ നടന്നുവരുന്നു.

## അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിയന്ത്രിക്കുന്നതിന് നടപടി

14(*164) ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുൽ ഹമീദ് പി. :
ഡോ. എം. കെ. മുനീർ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് നിയന്ത്രിക്കുന്നതിന് നിയമ നിർമ്മാണം നടത്തുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ഇക്കാര്യത്തിൽ സംസ്ഥാന നിയമ പരിഷ്കാര കമ്മീഷൻ സമർപ്പിച്ചിട്ടുള്ള നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലുണ്ട്.

## അന്ധവിശ്വാസങ്ങൾക്കെതിരെ നിയമനിർമ്മാണം

15(*165) ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, ദുർമന്ത്രവാദം തുടങ്ങിയ സാമൂഹ്യവിരുദ്ധ പ്രവണതകൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇത്തരം പ്രവണതകൾക്ക് എതിരെ നിയമനിർമ്മാണം നടത്താൻ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഇത്തരം പ്രവണതകൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇക്കാര്യത്തിൽ സംസ്ഥാന നിയമ പരിഷ്കാര കമ്മീഷൻ സമർപ്പിച്ചിട്ടുള്ള നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലുണ്ട്.

## വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനം

16(*166) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) തുറമുഖവുമായി ബന്ധപ്പെട്ട വൈദ്യുതി, റോഡ്, ശുദ്ധജലവിതരണ സംവിധാനം എന്നിവയുടെ നിർമ്മാണ പുരോഗതി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ട്രെയിൻ ഗതാഗതവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും ഇത് എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തേയ്ക്കുള്ള റെയിൽപ്പാത നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. റെയിൽ കണക്ടിവിറ്റിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് അംഗീകാരത്തിനായി ദക്ഷിണ റെയിൽവേയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. ആയതിന് അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ എത്ര ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ.

(ബി) വൈദ്യുതി: തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വൈദ്യുതി ലൈനുകൾ പൂവാർ 33 കെ.വി. സബ്സ്റ്റേഷനിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. തുറമുഖം പ്രവർത്തനക്ഷമമാകുമ്പോൾ ആവശ്യംവരുന്ന വൈദ്യുതി കാട്ടാക്കട-ബാലരാമപുരം 220 കെ.വി. വൈദ്യുതി ലൈനിൽനിന്നും ലഭ്യമാക്കുന്നതാണ്. ഇതിന്റെ പണി പുരോഗമിച്ചുവരുന്നു.

റോഡ്: തുറമുഖത്തെ ദേശീയപാത 66-മായി ബന്ധിപ്പിക്കുന്ന നാലുവരിപ്പാതയുടെ നിർമ്മാണ ചുമതല സ്വകാര്യപങ്കാളിയായ അദാനി കമ്പനിക്കാണ്. റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമിയേറ്റെടുത്ത് സ്വകാര്യ പങ്കാളിക്ക് കൈമാറിയിട്ടുണ്ട്. തുറമുഖ പാതയും ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന ജംഗ്ഷന്റെ ഡിസൈന് എൻ.എച്ച്.എ.ഐ.-യുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

ജലവിതരണം: 3.3 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ശുദ്ധജല വിതരണ പദ്ധതി ഇതിനോടകം പ്രവർത്തനമാരംഭിച്ചു. ടി പദ്ധതിയിൽനിന്നും തദ്ദേശവാസികൾക്ക് സംസ്ഥാന ജല അതോറിറ്റിയുടെ (KWA) നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തി കുടിവെള്ള വിതരണം നടത്തുന്നുണ്ട്.

(സി) വിഴിഞ്ഞം തുറമുഖത്തെ തിരുവനന്തപുരം-നാഗർകോവിൽ റെയിൽപ്പാതയുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭപാത നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് ഈ രംഗത്തെ വിദഗ്ദ്ധരായ കൊങ്കൺ റെയിൽ കോർപ്പറേഷനെ EPC കോൺട്രാക്ടറായി നിശ്ചയിച്ച് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അവർ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് (DPR) അനുസരിച്ച് 10.77 കി.മീ. ദൈർഘ്യമുള്ള വിഴിഞ്ഞം-ബാലരാമപുരം റെയിൽപ്പാതയിൽ 9 കി.മീ. ഭൂഗർഭപാതയാണ്. കൊങ്കൺ റെയിൽ കോർപ്പറേഷൻ തയ്യാറാക്കിയ ഡി.പി.ആർ. ദക്ഷിണ റെയിൽവേയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം ലഭിക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും. ഡി.പി.ആർ. പ്രകാരം 42 മാസമാണ് പദ്ധതി പൂർത്തിയാക്കാൻ നിശ്ചയിച്ചിട്ടുള്ള കാലാവധി.

## നെല്ല് സംഭരണ പദ്ധതി

17(*167) ശ്രീ. കെ. രാജൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ നെല്ല് സംഭരണ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) നെല്ല് സംഭരണ പദ്ധതിയിൽ കേന്ദ്ര സർക്കാർ വിഹിതം യഥാസമയം ലഭിക്കാതെ വന്നതുമൂലം എന്തെങ്കിലും പ്രതിസന്ധി നേരിടുന്നുണ്ടോയെന്ന് അറിയിക്കുമോ;

(സി) പദ്ധതിയിൽ പങ്കാളികളായ സ്വകാര്യ മില്ലുകൾ വിട്ടുനിന്നതുമൂലം സംഭരണത്തിന് തടസ്സം ഉണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) ഇതിനായി സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള സ്വകാര്യ മില്ലുകളുടെ സേവനം തേടാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) 2019-20 സീസണിലെ നെല്ല് സംഭരണ പദ്ധതി സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| ആകെ സംഭരിച്ച നെല്ലിന്റെ അളവ് | 2.2 ലക്ഷം മെട്രിക് ടൺ (2019-20 വർഷത്തെ ഒന്നാം സംഭരണ സീസണിന്റെ ഭാഗമായി- 2019 ഒക്ടോബർ മുതൽ (3-3-2020 വരെ). കൂടാതെ 2018-19 വർഷത്തെ രണ്ടാം സംഭരണ സീസണിന്റെ ഭാഗമായി ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ 3.21 ലക്ഷം മെട്രിക് ടൺ നെല്ലും സംഭരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഇതുവരെ 5.41 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. |
| നെല്ലിന്റെ ആകെ തുക | 611.26 കോടിരൂപ (2019-20 ഒന്നാം സീസണിൽ) |
| കർഷകരുടെ എണ്ണം | 75822 |
| പി.ആർ.എസ്. വായ്പായിനത്തിൽ നൽകിയ തുക | 376.88 കോടിരൂപ |
| ഡയറക്ട് പേയ്മെന്റായി നൽകിയ തുക | 1.37 കോടിരൂപ |
| വായ്പായിനത്തിലും ഡയറക്ട് പേയ്മെന്റ് ഇനത്തിലും ആകെ നൽകിയ തുക | 378.25 കോടിരൂപ |

(ബി) യഥാസമയം കേന്ദ്ര സർക്കാർ വിഹിതം ലഭിക്കാത്തത് ബാങ്കുകളിലേയ്ക്കുള്ള ലോൺ തിരിച്ചടവിനെ ബാധിക്കുന്നുണ്ട്. എന്നാൽ കർഷകരുടെ നെല്ലിന് പി.ആർ.എസ്. നൽകുന്നതിനും ബാങ്ക് ലോൺ മുഖേന നെല്ലിന്റെ വില ലഭ്യമാക്കുന്നതിനും തടസ്സമില്ല.

(സി) 2019-20 സീസൺ ആരംഭത്തിൽ സപ്ലൈകോയും മില്ലുകളും തമ്മിലുള്ള എഗ്രിമെന്റിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്നാവശ്യപ്പെട്ട് മില്ലുടമകളുടെ സംഘടന നെല്ല് സംഭരണത്തിൽനിന്നും കുറച്ച് ദിവസങ്ങളിലേയ്ക്ക് വിട്ടുനിന്നിരുന്നു. എന്നാൽ സംഘടനയിൽ അംഗങ്ങളല്ലാത്ത മില്ലുകളുടെയും സഹകരണ മേഖലയിലെ മില്ലുകളുടെയും സഹകരണത്തോടെ നെല്ല് സംഭരണം തടസ്സം കൂടാതെ നടത്തിയിട്ടുണ്ട്.

(ഡി) സ്വകാര്യ മില്ലുകൾ വിട്ടുനിൽക്കുന്നപക്ഷം സംസ്ഥാനത്തിന് പുറത്തുനിന്നുള്ള മില്ലുകളെ സംഭരണത്തിൽ പങ്കെടുപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## പി.എസ്.സി. കോച്ചിംഗ് സ്ഥാപനങ്ങളുമായി സഹകരിക്കുന്ന സർക്കാർ ജീവനക്കാർ

18(*168) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് പി.എസ്.സി. കോച്ചിംഗ് ക്ലാസ്സ് നടത്തുന്നവരിൽ ഭൂരിപക്ഷവും സർക്കാർ ജീവനക്കാരോ അവരുടെ ബിനാമികളോ ആണെന്ന ആക്ഷേപം ഗൗരവതരമല്ലേയെന്ന് അറിയിക്കാമോ;

(ബി) മികച്ച റാങ്കുകൾക്കുവേണ്ടി പി.എസ്.സി കോച്ചിംഗ് സ്ഥാപനങ്ങൾ തമ്മിൽ നടക്കുന്ന കിടമത്സരം കാരണം പി.എസ്.സി. ചോദ്യപേപ്പർ ചോർത്തുവാനുള്ള സാഹചര്യം പോലും ഉണ്ടായതായി വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) പി.എസ്.സി. പരീക്ഷയുടെ ഗൈഡുകൾ തയ്യാറാക്കുന്നത് സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ളവരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പി.എസ്.സി. റാങ്കുകാർ കോച്ചിംഗ് സെന്റർ പരസ്യത്തിൽ മോഡൽ ആകുന്നത് തടയുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഇത്തരം കോച്ചിംഗ് സെന്ററുകളുമായി പ്രത്യക്ഷമായോ പരോക്ഷമായോ സഹകരിക്കുന്ന സർക്കാർ ജീവനക്കാർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) അതീവ ഗൗരവതരമാണ്. ഇതുസംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് 2-ൽ വി.ഇ. 1/2020/എസ്.ഐ.യു.2 എന്ന നമ്പരായി ഒരു വിജിലൻസ് അന്വേഷണം നടത്തിവരുന്നു.

(ബി) ചോദ്യപേപ്പർ ചോരുന്ന സാഹചര്യമുണ്ടായിട്ടില്ല.

(സി) വിജിലൻസ് അന്വേഷണത്തിൽ ഇതിനകം ഒരു സർക്കാർ ജീവനക്കാരന്റെ പങ്ക് കണ്ടെത്തിയിട്ടുണ്ട്.

(ഡി) സർക്കാരിന്റെ പരിഗണനയിൽ വരേണ്ട വിഷയമല്ല.

(ഇ) ഈ വിഷയവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന അന്വേഷണം പൂർത്തിയായാൽ മാത്രമേ ഈ വിഷയം സംബന്ധിച്ച് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

## ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനം

19(*169) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടത്തിയ ശ്രമങ്ങൾ വിശദമാക്കാമോ;

(ബി) ഇതിനായി ഏതൊക്കെ ഫണ്ടുകൾ ഉപയോഗപ്പെടുത്തണമെന്നത് സംബന്ധിച്ച മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) മെഡിക്കൽ കോളേജുകളിൽ മാത്രം ലഭ്യമായിരുന്ന കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ജില്ലാ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) കാൻസർ സെന്ററുകളിൽ മാത്രം ലഭ്യമായിരുന്ന കാൻസർ ചികിത്സാ സൗകര്യങ്ങൾ മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെ നടപ്പാക്കിയെന്ന് അറിയിക്കാമോ;

(ഇ) മാതൃ-ശിശു മരണനിരക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, മെറ്റേണിറ്റി യൂണിറ്റുകൾ എന്നിവ ശക്തി പ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ആരോഗ്യ സംവിധാനങ്ങളെ രോഗീസൗഹൃദവും ജനസൗഹൃദവുമാക്കി ക്കൊണ്ട് ആധുനികവൽക്കരിക്കാനും ജനങ്ങളുടെ ചികിത്സാ ചെലവ് കുറയ്ക്കുവാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങളാണ് ചെയ്തുവരുന്നത്.

1. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നു.
2. ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ അടക്കമുള്ള സർക്കാർ ആശുപത്രികളുടെ ഒ.പി. വിഭാഗം ഘട്ടംഘട്ടമായി രോഗീസൗഹൃദമാക്കുന്നു. ഇതിനായി 51.8184 കോടിരൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.
3. ജില്ലാതല ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ അടക്കം വികസിപ്പിച്ച് സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളോടെ ആധുനികവൽക്കരിക്കുന്നു. താലൂക്കുതല ആശുപത്രികൾ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ നിശ്ചിത മാനദണ്ഡത്തോടെ വികസിപ്പിക്കുന്നു.
4. ആരോഗ്യ സ്ഥാപനങ്ങളിൽ ചികിത്സാ മാർഗ്ഗരേഖ അടിസ്ഥാനമാക്കി ചികിത്സാ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാനായി നടത്തിയ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ

- ഒന്നാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റാൻ തെരഞ്ഞെടുക്കപ്പെട്ട 170 കേന്ദ്രങ്ങൾക്ക് സംസ്ഥാന പ്ലാൻ ഫണ്ട് വഴി 23 കോടിരൂപ ലഭ്യമാക്കുകയുണ്ടായി. അടിസ്ഥാന സൗകര്യങ്ങളുടെ കുറവുമൂലം പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ ആവശ്യമായവ ഒഴികെ 162 കേന്ദ്രങ്ങൾ ഇതിനകം നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി പ്രളയബാധിതമായ 2 എണ്ണം ഒഴികെ മറ്റുള്ളവ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരുന്നു.

- രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്ത 504 കേന്ദ്രങ്ങളിൽ 107 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം ഇതിനകം പൂർത്തിയായിട്ടുണ്ട്. മറ്റ് 200 കേന്ദ്രങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളായി നടന്നുവരുന്നു. പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ ആവശ്യമുള്ള 33 കേന്ദ്രങ്ങൾ ഒഴികെ മറ്റുള്ളവയുടെ 'Detailed Project Report' (DPR) തയ്യാറാക്കൽ, ഭരണാനുമതി നൽകൽ, ടെണ്ടറിംഗ് തുടങ്ങിയ വിവിധ ഘട്ടങ്ങളിലാണ്.

- സംസ്ഥാനത്തെ മൂന്നാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള 200 കേന്ദ്രങ്ങളുടെ അനുമതി എൻ.എച്ച്.എം. വഴി ലഭ്യമായിട്ടുണ്ട്.

ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കൽ

ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കാൻ തെരഞ്ഞെടുത്ത 8 ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ സൗകര്യങ്ങൾ വികസിപ്പിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

ജില്ലാതല ആശുപത്രികൾ രോഗീസൗഹൃദമാക്കാനായി തെരഞ്ഞെടുത്തതിൽ കൊല്ലം, തിരൂർ ജില്ലാ ആശുപത്രികളും കൽപ്പറ്റ ജനറൽ ആശുപത്രിയും പണി പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് 6 ആശുപത്രികളിൽ 90 ശതമാനത്തിന് മുകളിൽ പണി പൂർത്തീകരിച്ചിട്ടുണ്ട്. (ജനറൽ ആശുപത്രികൾ-പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കാസർഗോഡ്, ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്). 4 ആശുപത്രികളിൽ 65 ശതമാനം മുതൽ 90 ശതമാനത്തിനിടയ്ക്ക് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. (തലശ്ശേരി, മാനന്തവാടി, പാലക്കാട്, തിരുവനന്തപുരം)

ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട്, നബാർഡ്, ദേശീയ ആരോഗ്യ മിഷൻ, എം.പി/എം.എൽ.എ. ആസ്തി വികസന ഫണ്ട്, തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് തുടങ്ങിയവ വഴി മാസ്റ്റർ പ്ലാൻ ഊന്നൽ കൊടുത്തുകൊണ്ടുള്ള അടിസ്ഥാന വികസന പ്രവർത്തനങ്ങളാണ് വിവിധ സർക്കാർ

ആശുപത്രികളിൽ നടപ്പിലാക്കിവരുന്നത്. കണ്ണൂർ, എറണാകുളം ആശുപത്രികളിൽ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കൽ മാസ്റ്റർ പ്ലാൻ പ്രവൃത്തികളുടെ ഭാഗമായിട്ടാണ് നടന്നുവരുന്നത്.

താലൂക്കുതല ആശുപത്രികളുടെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്നതിന് 8 ആശുപത്രികളിലായി 10.44 കോടിരൂപയ്ക്ക് ഭരണാനുമതി നൽകിയതിൽ, മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ താലൂക്ക് ആശുപത്രികളായ ചേർത്തലയും ഫറോക്ക് ഒഴികെയുള്ള മറ്റിടങ്ങളിൽ പല ഘട്ടങ്ങളിലായി നിർമ്മാണം പുരോഗമിച്ചുവരുന്നു. റാന്നിയിൽ ടെക്നിക്കൽ സാങ്ഷന്റെ നടപടികൾ നടന്നുവരുന്നു.

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങളും ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്ന പ്രവർത്തനങ്ങളും പ്രധാനമായി ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ട്, എൻ.എച്ച്.എം. ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.പി./എം.എൽ.എ. ഫണ്ട്, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് (CSR fund) തുടങ്ങിയവ വഴിയാണ് ചെയ്തുവരുന്നത്. ജില്ലാ/താലൂക്കുതല ആശുപത്രികളുടെ വികസന പ്രവർത്തനങ്ങൾക്ക് ഒരു മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കി KIIFB Fund, നബാർഡ് തുടങ്ങിയവയും പ്ലാൻ ഫണ്ട് അടക്കമുള്ള മറ്റ് ഫണ്ടുകളും ഏകോപിപ്പിച്ച് നടപ്പിലാക്കിവരുന്നു. മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ആരോഗ്യ വകുപ്പിന്റെ കീഴിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ജില്ല/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനായി 2017-18-ൽ 20 കോടിരൂപയും 2018-19-ൽ 5 കോടിരൂപയും 2019-2020-ൽ 20 കോടിരൂപയും ഭരണാനുമതി നൽകിയിരുന്നു. 2020-21-ൽ 20.96 കോടിരൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ ജില്ല/ജനറൽ ആശുപത്രികളിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിനായി 2016-17-ൽ 11 കോടിരൂപയും 2017-18-ൽ 12 കോടിരൂപയും 2018-19-ൽ 13 കോടിരൂപയും 2019-2020-ൽ 3 കോടിരൂപയും ഭരണാനുമതി നൽകിയിരുന്നു. 2020-21-ൽ ഒരു കോടിരൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി 2016-17-ൽ 3.6 കോടിരൂപയും 2017-18-ൽ 10.8 കോടിരൂപയും 2018-19-ൽ 12 കോടിരൂപയും 2019-2020-ൽ 5 കോടിരൂപയും ഭരണാനുമതി നൽകി. 2020-21-ൽ 5 കോടിരൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, യൂറോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന ആശുപത്രികളിൽ പ്രസ്തുത വിഭാഗം തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.

1. ജനറൽ ആശുപത്രി - തിരുവനന്തപുരം

   Consultant Nephrology – 1

   Consultant Neurology – 1

   Consultant Urology – 1

2. ജില്ലാ ആശുപത്രി - പാലക്കാട്

   Chief Consultant Cardiology – 1

   Consultant Cardiology – 1

   Consultant Nephrology – 1

   Consultant Neurology – 1

3. ജനറൽ ആശുപത്രി - എറണാകുളം

   Consultant Cardiology – 2

   Consultant Nephrology – 1

   Consultant Neurology – 1

4. ജില്ലാ ആശുപത്രി - കൊല്ലം

   Consultant Urology – 1

5. ജനറൽ ആശുപത്രി - തലശ്ശേരി

   Consultant Urology – 1

മെഡിക്കൽ കോളേജ് ആശുപത്രികളിൽമാത്രം ലഭ്യമായിരുന്ന കാത്ത് ലാബ് ചികിത്സാ സൗകര്യം ജില്ലാ/ജനറൽ ആശുപത്രികളിൽ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ കൊല്ലം ജില്ലാ ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ കാത്ത് ലാബിന്റെ പ്രവർത്തനമാരംഭിച്ചു. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി, തൃശ്ശൂർ ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി എന്നിവയിൽ കാത്ത് ലാബ് സൗകര്യം ഒരുക്കുന്നതിനുള്ള

പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. ആലപ്പുഴ ജനറൽ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി എന്നീ ആശുപത്രികളിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. അതുപോലെ 44 സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് ചികിത്സാ സേവനം ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നു. ഇതിൽ 36 ആശുപത്രികളിൽ ടി സേവനം ആരംഭിച്ചിട്ടുണ്ട്. 5 ആശുപത്രികളിൽ ഡയാലിസിസ് ചികിത്സാ കേന്ദ്രങ്ങൾ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 3 ആശുപത്രികളിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ഡി) കാൻസർ സെന്ററുകളിൽമാത്രം ലഭിച്ചിരുന്ന റേഡിയേഷൻ ചികിത്സ, സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 50 കോടിരൂപ മുതൽമുടക്കി തൃശ്ശൂർ, കോട്ടയം, തിരുവനന്തപുരം എന്നീ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ കാൻസർ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന ലിനാക് മെഷീൻ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. അടുത്ത രണ്ടുമാസ കാലയളവിനുള്ളിൽ റേഡിയേഷൻ ചികിത്സ ഈ ആശുപത്രികളിൽനിന്നും ലഭ്യമാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. സമഗ്ര കാൻസർ ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന്റെ ഭാഗമായി സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ഓങ്കോ പതോളജി വിഭാഗങ്ങൾ ആരംഭിക്കുന്നതിന് 105 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

CT Simulator കോഴിക്കോട്, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ പ്രവർത്തനക്ഷമമാണ്. തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ CT Simulator സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജിൽ 3000 സ്ക്വയർ ഫീറ്റിൽ പുതിയതായി ത്രിതീയ കാൻസർ കെയർ സെന്റർ സ്ഥാപിച്ച് ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, റേഡിയോതെറാപ്പി വിഭാഗങ്ങളെ ഒരു സമുച്ചയത്തിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഇ) മാതൃ-ശിശു മരണനിരക്ക് കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, മെറ്റേണിറ്റി യൂണിറ്റുകൾ എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പുതിയ എം.സി.എച്ച്. ബ്ലോക്കുകൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, മെറ്റേണിറ്റി യൂണിറ്റുകൾ, ലേബർ റൂമുകളെ ലക്ഷ്യനിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പ്രവൃത്തികൾ, എസ്.എൻ.സി.യു, എൻ.ബി.എസ്.യു, എച്ച്.ഡി.യു. എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ എൻ.എച്ച്.എം. മുഖേന നടപ്പിലാക്കിവരുന്നു. ആയതിന്റെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

മാതൃ-ശിശു മരണനിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി സുസ്ഥിര വികസന ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിവരുന്ന വിവിധ പദ്ധതികളോടൊപ്പം പ്രത്യേകമായി ലക്ഷ്യ സാക്ഷ്യപ്പെടുത്തലിനായി പ്രസവ മുറി, ശസ്ത്രക്രിയ മുറി, എച്ച്.ഡി.യു, ഐ.സി.യു. എന്നിവ പുനരുദ്ധീകരണം ചെയ്യുന്നതിനായി മെഡിക്കൽ കോളേജുകൾക്ക് പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിലൂടെ അടിസ്ഥാന സൗകര്യങ്ങളും നടപടിക്രമങ്ങളിലെ മാറ്റവുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. എൻ.എച്ച്.എം. മുഖാന്തരം നവജാത ശിശുപരിചരണ യൂണിറ്റുകൾക്കുള്ള ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി 2018-19-ൽ എസ്.എ.റ്റി, മെഡിക്കൽ കോളേജ് ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഒബ്സ്റ്റട്രിക്, ഹൈബ്രിഡ് ഐ.സി.യു. സ്ഥാപിക്കുന്നതിനാവശ്യമായ അത്യാധുനിക മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി കെ.എം.എസ്.സി.എൽ.-ന് നൽകിയിട്ടുണ്ട്. ഉപകരണങ്ങളുടെ ഇൻസ്റ്റലേഷൻ നടന്നുവരുന്നു. മാതൃ-ശിശുമരണ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി 2019-20-ൽ കൊല്ലം മെഡിക്കൽ കോളേജിൽ ഒബ്സ്റ്റട്രിക് എച്ച്.ഡി.യു. സ്ഥാപിക്കുന്നതിനാവശ്യമായ അത്യാധുനിക മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി കെ.എം.എസ്.സി.എൽ.-ന് നൽകിയിട്ടുണ്ട്. ഉപകരണങ്ങളുടെ ഇൻസ്റ്റലേഷൻ നടന്നുവരുന്നു.

കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ പുതിയതായി മാതൃ-ശിശു ആശുപത്രി പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനത്തെ താലൂക്കുതല ആശുപത്രികളിൽ മെറ്റേണിറ്റി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു.

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിലേയ്ക്കായി 2017-18-ൽ 17.85 കോടിരൂപയും 2018-19-ൽ 18.2 കോടിരൂപയും 2019-2020-ൽ 18.2 കോടിരൂപയും ഭരണാനുമതി നൽകുകയും ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2020-21-ൽ ഈ പദ്ധതിക്കായി 13 കോടിരൂപ വകയിരുത്തിയിട്ടുണ്ട്.

താലൂക്ക് ആശുപത്രികളിൽ മെറ്റേണിറ്റി യൂണിറ്റുകൾ സ്ഥാപിക്കുക എന്ന പദ്ധതിക്കായി 2017-18-ൽ 7 കോടിരൂപയും 2018-19-ൽ 8 കോടിരൂപയും 2019-2020-ൽ 8 കോടിരൂപയും ഭരണാനുമതി നൽകി. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2020-21-ൽ 2 കോടിരൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

## വിദ്യാർത്ഥി രാഷ്ട്രീയം സംബന്ധിച്ച കേരള ഹൈക്കോടതി വിധി

20(*170) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലും കോളേജുകളിലും വിദ്യാർത്ഥി സംഘടനകളുടെ യോഗങ്ങൾ, സമരം, ധർണ്ണ, പ്രകടനം, ഘെരാവോ എന്നിവ നിരോധിച്ചുകൊണ്ട് കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുണ്ടോ;

(ബി) രാജ്യത്ത് നിലനിൽക്കുന്ന സ്ഥിതിവിശേഷം കണക്കിലെടുക്കുമ്പോൾ ഈ കോടതി വിധി വിദ്യാർത്ഥികളുടെ മൗലികാവകാശം സംരക്ഷിക്കുന്നതിന് സഹായകമാണെന്ന് വിലയിരുത്തുന്നുണ്ടോ;

(സി) സംസ്ഥാനത്ത് വിദ്യാർത്ഥി രാഷ്ട്രീയം അനുവദിച്ചുകൊണ്ട് നിയമനിർമ്മാണം നടത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിരുന്നോ; എങ്കിൽ ഹൈക്കോടതി വിധി പ്രസ്തുത നടപടികളെ എപ്രകാരം ബാധിക്കും എന്നറിയിക്കാമോ;

(ഡി) സമൂഹത്തെ ബാധിക്കുന്ന വിഷയങ്ങളിൽ ശബ്ദമുയർത്തുവാനും പ്രതിഷേധിക്കുവാനുമുള്ള വിദ്യാർത്ഥികളുടെ അവകാശത്തെ പ്രസ്തുത കോടതി വിധി ഇല്ലാതാക്കുമെന്നതിനാൽ ഇതിനെതിരെ അപ്പീൽ നൽകുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ അടക്കമുള്ള കലാലയങ്ങളിൽ വിദ്യാർത്ഥി യൂണിയനുകൾ രൂപീകരിക്കുന്നതിനും അവയ്ക്ക് വിദ്യാർത്ഥികളുടെ നീതിപൂർവ്വമായ താൽപ്പര്യങ്ങളും അക്കാദമികമായ ആവശ്യങ്ങളും സംരക്ഷിക്കുന്നതിനുള്ള പ്രവർത്തന സ്വാതന്ത്ര്യം നൽകുവാൻ ഉദ്ദേശിച്ചുള്ള ഒരു ബിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ഡി) നിയമ ഉപദേശം തേടുന്നതാണ്.

**റേഷൻ സംബന്ധിച്ച അപേക്ഷകൾക്ക് ഓൺലൈൻ സംവിധാനം**

21(*171) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഓഫ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം നടപ്പാക്കുമ്പോൾ കേരളത്തിന്റെ ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവുണ്ടാകുമോ എന്നറിയിക്കാമോ;

(ബി) സർക്കാർ ഉടമസ്ഥതയിൽ ഇടനില ഗോഡൗണുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ എന്നറിയിക്കാമോ;

(സി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ;

(ഡി) റേഷൻ സംബന്ധിച്ച അപേക്ഷകളെല്ലാം ഓൺലൈൻ സംവിധാനത്തിലൂടെയാണോ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ഏതൊക്കെ അപേക്ഷകളാണ് ഓൺലൈൻ സംവിധാനത്തിലൂടെ സ്വീകരിക്കുന്നത് എന്നറിയിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഇല്ല. ഇപ്പോഴത്തെ സാഹചര്യത്തിൽ ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവുണ്ടാകില്ല. കേരളത്തിൽനിന്ന് അന്യസംസ്ഥാനങ്ങളിൽ പോകുന്നവരേക്കാൾ അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽവന്ന് റേഷൻ വാങ്ങുന്നവരുടെ എണ്ണം കൂടുതലാണെങ്കിലും അധിക വിഹിതം അനുവദിക്കുന്നതിനാൽ ഭക്ഷ്യധാന്യ വിഹിതം കുറയാൻ സാധ്യത കാണുന്നില്ല.

(ബി) നിലവിൽ അർദ്ധ സർക്കാർ സ്ഥാപനമായ SWC, കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള CWC എന്നിവ NFSA ഗോഡൗണുകളായെടുത്ത് പ്രവർത്തിക്കുന്നുണ്ട്. ആയതിന് മുൻഗണന നൽകിവരുന്നു. ഇവ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ സപ്ലൈകോയും സ്വകാര്യ വ്യക്തികളുമായിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ 13 ഗോഡൗണുകളുടെ നിർമ്മാണം പൂർത്തിയായിവരുന്നു. 3.9 കോടിരൂപ അടങ്കൽ തുകയ്ക്ക് തിരുവനന്തപുരത്ത് വലിയതുറയിലും 5.56 കോടിരൂപ അടങ്കൽ തുകയ്ക്ക്

കൊല്ലത്തും 6.43 കോടിരൂപ അടങ്കൽ തുകയ്ക്ക് തിരുവല്ലയിൽ രണ്ട് ഗോഡൗണുകളുടെയും നിർമ്മാണം പുരോഗമിക്കുന്നു. കൊച്ചിയിൽ 6 കോടിരൂപ അടങ്കൽ തുകയുള്ള ഗോഡൗൺ നിർമ്മാണത്തിന് M/s. HITES-നെ കൺസൾട്ടന്റായി നിയമിക്കുകയും ടെണ്ടറിനുള്ള പ്രാരംഭ നടപടികൾ നടന്നുവരികയും ചെയ്യുന്നു.

(സി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്ന സംവിധാനം ആരംഭിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ ഒഴികെ റേഷൻ കാർഡ് ലഭിക്കുന്നതിനും റേഷൻ കാർഡ് സംബന്ധവുമായ മറ്റെല്ലാ അപേക്ഷകളും ഓൺലൈനായാണ് സ്വീകരിച്ചുവരുന്നത്.

(ഇ) പുതിയ റേഷൻ കാർഡിനും നിലവിലെ റേഷൻ കാർഡ് മറ്റൊരു താലൂക്കിലേയ്ക്ക് മാറ്റുന്നതിനും കാർഡിന്റെ ഉടമസ്ഥത മാറ്റുന്നതിനും റേഷൻ കാർഡ് സറണ്ടർ ചെയ്യുന്നതിനും ഡ്യൂപ്ലിക്കേറ്റ് റേഷൻ കാർഡിനും അഡ്രസ് മാറ്റുന്നതിനും റേഷൻകട മാറ്റുന്നതിനും എൽ.പി.ജി. വിവരങ്ങൾ തിരുത്തുന്നതിനും ജനനത്തീയതി, ബന്ധം തുടങ്ങിയ വിവരങ്ങൾ തിരുത്തുന്നതിനും ഒന്നോ അതിലധികമോ അംഗങ്ങളെ മറ്റൊരു താലൂക്കിലേയ്ക്ക് മാറ്റുന്നതിനും ഒന്നോ അതിലധികമോ അംഗങ്ങളെ നിലവിലുള്ള കാർഡിൽ ഉൾപ്പെടുത്തുന്നതിനും ഒന്നോ അതിലധികമോ അംഗങ്ങളെ നിലവിലുള്ള കാർഡിൽനിന്ന് ഒഴിവാക്കുന്നതിനും തൊഴിൽ മാറ്റുന്നതിനും പേര് തിരുത്തുന്നതിനും എൻ.ആർ.കെ. സ്റ്റാറ്റസ് തിരുത്തുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈൻ സംവിധാനത്തിലൂടെ സ്വീകരിക്കുന്നു.

## പൗരത്വ ഭേദഗതി ബില്ലിനെതിരെ നടക്കുന്ന സമരങ്ങൾ

22(*172) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യവ്യാപകമായി പൗരത്വ ഭേദഗതി ബില്ലിനെതിരെ നടക്കുന്ന സമരങ്ങളിൽ കേന്ദ്ര ഭരണാനുകൂലികൾ നുഴഞ്ഞുകയറി വൻതോതിൽ അക്രമവും കൊലപാതകങ്ങളും നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പൗരത്വ ഭേദഗതി ബില്ലിനെതിരെ നടന്ന സമരങ്ങളിൽ അക്രമകാരികൾ സമരക്കാരിൽ നിന്നുള്ളവർ ആണെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഈ നിലപാട്, ഇതരസംസ്ഥാനങ്ങളിൽ അധികാരത്തിന്റെ മറവിൽ തങ്ങളുടെ നീതി നടപ്പാക്കുന്ന സംഘപരിവാർ ശക്തികൾക്ക് സംസ്ഥാനത്ത് അനുകൂല സാഹചര്യം സൃഷ്ടിക്കുമെന്ന ആക്ഷേപം അതീവ ഗൗരവമായി കാണുമോ;

(സി) ഈ സമരത്തിന്റെ പേരിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി എടുത്തിട്ടുള്ള കേസുകളിൽ ഭൂരിഭാഗവും ഏത് വകുപ്പ് ചുമത്തിയാണ് എടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങളിൽ രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ അക്രമവും ജീവഹാനികളും നടന്നതായുള്ള മാധ്യമ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്ന പ്രകടനങ്ങളിൽ അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സമരത്തിന്റെ പേരിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ നിയമലംഘനങ്ങളിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 143, 147, 148, 149, 153, 283 എന്നീ വകുപ്പുകൾ പ്രകാരവും PDPP Act (Prevention of Damage to Private Property Act), Kerala Prevention of Damage to Private Property and payment of Compensation Act, കേരള പോലീസ് ആക്ട്, Kerala Public Ways Act (Restriction) of Assemblies and Procession എന്നിവയിലെ വിവിധ വകുപ്പുകൾ ചുമത്തിയാണ് ഭൂരിഭാഗം കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുള്ളത്.

**ശ്രുതിതരംഗം പദ്ധതി**

23(*173) ശ്രീമതി യു. പ്രതിഭ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. ബാബു :
ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഞ്ച് വയസ്സിൽ താഴെയുള്ള ശ്രവണ വൈകല്യമുള്ള കുട്ടികൾക്കായി ശ്രുതിതരംഗം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവി ശക്തിയും ഓഡിറ്ററി വെർബൽ റീഹാബിലിറ്റേഷനിലൂടെ സംസാരശേഷിയും വീണ്ടെടുക്കുന്നതിന് ഒരു കുട്ടിക്ക് എത്ര തുകയാണ് ഈ പദ്ധതി പ്രകാരം അനുവദിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഏതെല്ലാം വകുപ്പുകൾ ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്.

(ബി) ഒരു കുട്ടിക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്നതിനായി 3,79,240 രൂപയും രണ്ടുവർഷം നീണ്ടുനിൽക്കുന്ന ആഡിറ്ററി വെർബർ ഹെബിലിറ്റേഷനായി 50,000 രൂപയും ചേർത്ത് ആകെ 4,29,240 രൂപയാണ് ചെലവുവരുന്നത്.

(സി) സാമൂഹ്യനീതി വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായിട്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്.

**തടവുകാരുടെ സ്വഭാവ പരിവർത്തനവും പുനരധിവാസവും**

24(*174) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളിലെ തടവുകാരുടെ സ്വഭാവപരിവർത്തനവും പുനരധിവാസവും ലക്ഷ്യമാക്കി ഈ സർക്കാർ നടപ്പിലാക്കി വരുന്ന കർമ്മപദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) അന്തേവാസികളിൽ കുറ്റവാസന ഇല്ലാതാക്കി അവരിൽ മാനുഷികമൂല്യങ്ങൾ വളർത്തിയെടുക്കാൻ പര്യാപ്തമായ സമീപനരീതികൾ ജയിലുകളിൽ അവലംബിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്;

(സി) തടവുകാർക്ക് വിദ്യാഭ്യാസത്തിനും വായനയ്ക്കും വിനോദത്തിനും ആവശ്യമായ എന്തെല്ലാം സൗകര്യങ്ങളാണ് ജയിലുകളിൽ ഒരുക്കിയിട്ടുള്ളത്;

(ഡി) തടവുകാർക്ക് കുടുംബ, സാമൂഹ്യബന്ധങ്ങൾ നിലനിർത്തുന്നതിനും അടിയന്തര സന്ദർഭങ്ങളിൽ കുടുംബാംഗങ്ങളുമായി ബന്ധപ്പെടുന്നതിനും എന്തെല്ലാം ക്രമീകരണങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) അന്തേവാസികളുടെ സ്വഭാവ പരിവർത്തനവും പുനരധിവാസവും ലക്ഷ്യംവച്ച് ജയിൽ മോചിതരാകുമ്പോൾ വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് ജീവസന്ധാരണത്തിനുള്ള മാർഗ്ഗം കണ്ടെത്തുവാനും സമൂഹത്തിലെ ഉത്തമ പൗരന്മാരായി ജീവിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനുംവേണ്ടി എല്ലാ വർഷവും തടവുകാരുടെ ക്ഷേമം പദ്ധതിയിൽ വിവിധ തൊഴിൽ പരിശീലന പരിപാടികൾക്കുപുറമേ കൗൺസിലിംഗ് പരിപാടികൾ, കലാകായിക വിനോദങ്ങൾ, വിവിധ സാംസ്കാരിക പരിപാടികൾ എന്നിവയും സംഘടിപ്പിക്കാറുണ്ട്. ജയിലുകളിൽ ടെലിവിഷൻ, ന്യൂസ് പേപ്പറുകൾ, പ്രൊജക്റ്ററുകൾ, ലൈബ്രറി എന്നീ സംവിധാനങ്ങൾ ലഭ്യമാണ്.

(ബി) തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗവൺമെന്റ് അംഗീകൃത ഏജൻസികൾ മുഖേന വിവിധ തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. പരിശീലന പരിപാടികൾ ജയിൽമോചിതരായ അന്തേവാസികൾക്ക് വരുമാനം ലഭിക്കുന്നതിനും അതുവഴി സമൂഹത്തിൽ മാന്യമായ ജീവിതം നയിക്കുന്നതിനും സഹായകരമാകുന്നു. പരിശീലന പരിപാടികൾക്കു പുറമെ സാന്മാർഗ്ഗീക ബോധനം, കൗൺസിലിംഗ് സെഷനുകൾ, സാക്ഷരതാ ക്ലാസ്സുകൾ, ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ, തുല്യതാ ക്ലാസ്സുകൾ, കമ്പ്യൂട്ടർ ക്ലാസ്സുകൾ, ലൈബ്രറി, ടെലിവിഷൻ, എഫ്.എം. റേഡിയോ, വർഷംതോറുമുള്ള ജയിൽക്ഷേമ ദിനാഘോഷ പരിപാടികൾ എന്നിവയും മാനുഷിക മൂല്യങ്ങളെ പരിപോഷിപ്പിക്കുന്നതിന് പര്യാപ്തമാണ്. ജയിൽ വകുപ്പിന്റെ പൊതുജന ശ്രദ്ധ പിടിച്ചുപറ്റിയ ഫ്രീഡം ഫുഡ് ഫാക്ടറിയെന്ന പദ്ധതി പൊതുസമൂഹത്തിന്റെ സേവനാർത്ഥം തടവുകാരുടെ മാനുഷിക വിഭവശേഷി ഉപയോഗിക്കുന്നതിലൂടെ സമൂഹത്തിന് തങ്ങളാൽ സാധിക്കുന്ന സേവനം ഉറപ്പുവരുത്തുന്ന അന്തേവാസികളുടെ മനോഭാവം വളർത്താൻ സാധിച്ചിട്ടുണ്ട്.

(സി) അന്തേവാസികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി സാക്ഷരതാ ക്ലാസ്സുകളും ഉയർന്ന വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളും സഹായങ്ങളും ജയിലുകളിൽ നൽകിവരുന്നു. ജയിൽ ജീവിതത്തിന്റെ മാനസിക സമ്മർദ്ദങ്ങൾ ഒഴിവാക്കുന്നതിന് വിനോദ കായിക പ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങളും എല്ലാ ജയിലുകളിലും ലൈബ്രറികളും ഏർപ്പെടുത്തിവരുന്നു. വർത്തമാനപത്രങ്ങൾ, ആധുനിക മാസികകൾ, ടെലിവിഷനുകൾ, എഫ്.എം.

റേഡിയോ എന്നിവയും ജയിലുകളിൽ ലഭ്യമാണ്. ജയിലുകളിൽ കായികോപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുകയും യോഗ, പി.ടി. മുതലായ വ്യായാമമുറകളിൽ ഏർപ്പെടുവാൻ സൗകര്യമൊരുക്കുകയും ചെയ്തിട്ടുണ്ട്. തടവുകാരുടെ വിനോദത്തിനായി എല്ലാവർഷവും ജയിൽക്ഷേമ ദിനാഘോഷം സംഘടിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ജയിൽ അന്തേവാസികളുടെ കലാകായിക മത്സരങ്ങളും കലാ സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കാറുണ്ട്.

(ഡി) ശിക്ഷാ തടവുകാർക്ക് അവരുടെ കുടുംബവും സമൂഹവുമായി നല്ല ബന്ധം നിലനിർത്തുന്നതിന് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് വിവിധ തരത്തിലുള്ള അവധികൾ നൽകിവരുന്നുണ്ട്. അടിയന്തര സന്ദർഭങ്ങളിൽ കുടുംബാംഗങ്ങളുമായി ബന്ധപ്പെടുന്നതിന് അടിയന്തര അവധികൾ അനുവദിക്കാറുണ്ട്. അതുപോലെ ജയിലിലെ നല്ല സ്വഭാവത്തിന് ഏൽപ്പിക്കുന്ന ജോലി കൃത്യമായി നിർവ്വഹിക്കുന്നതിന് ശിക്ഷാ ഇളവും നിയമാനുസരണം നൽകിവരുന്നുണ്ട്. അന്തേവാസികൾക്ക് കുടുംബാംഗങ്ങളും ബന്ധുക്കളുമായി ആശയവിനിമയം നടത്തുന്നതിന് കത്ത്, ടെലിഫോൺ സൗകര്യങ്ങൾ, നിയമാനുസൃതമായ കൂടിക്കാഴ്ചകൾ എന്നിവ അനുവദനീയമാണ്.

**തുറമുഖങ്ങളുടെ വികസനം**

25(*175) ശ്രീ. വി. ആർ. സുനിൽ കുമാർ :

ശ്രീ. സി. ദിവാകരൻ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖങ്ങളുടെ വികസനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) തുറമുഖങ്ങൾ വഴിയുള്ള ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ;

(സി) തുറമുഖ വികസനം കാര്യക്ഷമമാക്കുന്നതിനായി രൂപീകരിച്ച മാരിടൈം ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കണ്ണൂർ അഴീക്കൽ പോർട്ടിന്റെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) സംസ്ഥാനത്തെ അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ 4 തുറമുഖങ്ങളിൽ തീരദേശ ചരക്ക് ഗതാഗതത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ തുറമുഖങ്ങളിൽ റീച്ച് സ്റ്റാക്കർ, ക്രെയിനുകൾ, ടഗ്ഗുകൾ, വെയിംഗ് മെഷീനുകൾ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഒരു പുതിയ തുറമുഖം നിർമ്മിക്കുന്നതിന് Azhikkal Port Limited എന്ന കമ്പനി രൂപീകരിച്ച് ഡി.പി.ആർ. തയ്യാറാക്കിവരികയാണ്.

കൊല്ലം തുറമുഖത്ത് കണ്ടെയ്നർ-കം-പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. ബേപ്പൂരിൽ 175 മീറ്റർ ആർ.സി.സി. വാർഫ് നിർമ്മിക്കുന്നതിനുള്ള പ്രാഥമിക റിപ്പോർട്ട് ഐ.ഐ.ടി. ചെന്നൈ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴയിൽ മുസരീസ് പ്രോജക്ടിന്റെ ഭാഗമായി പൈതൃക മ്യൂസിയം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ആവശ്യമായ ഡ്രാഫ്റ്റ് നിലനിർത്തുന്നതിന് ഡ്രഡ്ജിംഗ് നടത്താൻ മാരിടൈം ബോർഡിന് അനുമതി നൽകിയിട്ടുണ്ട്. ഇങ്ങനെ 4 പ്രധാന തുറമുഖങ്ങളിൽ തീരദേശ കപ്പൽ ഗതാഗതം ശക്തിപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം തുടങ്ങിയ 4 ചെറുകിട തുറമുഖങ്ങളിൽ തീരദേശ ചരക്ക് ഗതാഗതത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 2018 മാർച്ച് 31 വരെ ഒരു ടണ്ണിന് ഒരുരൂപ എന്ന നിരക്കിലും 2019 മാർച്ച് 31 വരെ ടണ്ണിന് 3 രൂപ നിരക്കിലും ഇൻസെന്റീവ് നൽകിയിരുന്നു. ടി സ്കീം കൂടുതൽ ആകർഷകമാക്കുന്നതിനായി റോഡിലൂടെയുള്ള ചരക്കുകൂലിയുടെ 50% ഇൻസെന്റീവായി നിശ്ചയിച്ച് 18-02-2020-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുറമുഖങ്ങളുടെ പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കുവാനും വെസ്സലുകളുടെ turn around time പരമാവധി കുറയ്ക്കാനുതകുന്ന ഒരു standard operating procedure തയ്യാറാക്കാനും മാരിടൈം ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ വികസനവും നടത്തിപ്പും കേരള മാരിടൈം ബോർഡിൽ നിക്ഷിപ്തമാക്കി സർക്കാർ ഉത്തരവ്

പുറപ്പെടുവിക്കുകയും ഈ തുറമുഖങ്ങളുടെ വികസനത്തിനാവശ്യമായ തുക സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ വകയിരുത്തുകയും ചെയ്തുവരുന്നു. സംസ്ഥാനത്തെ പ്രധാന ചെറുകിട തുറമുഖങ്ങളിൽ തീരദേശ ചരക്ക് ഗതാഗതത്തിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ ഏർപ്പെടുത്തുന്നുണ്ട്. ഇതുകൂടാതെ അഴീക്കൽ തുറമുഖത്ത് ഒരു മണൽ ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ മാരിടൈം ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ ഭൂമി ഉപയോഗപ്പെടുത്തി തുറമുഖ വികസനം/ടൂറിസം/തുറമുഖാധിഷ്ഠിത വ്യവസായ വികസനം തുടങ്ങിയ മേഖലകളിൽ സ്വന്തമായോ PPP വ്യവസ്ഥയിലോ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കാൻ കേരള മാരിടൈം ബോർഡിനോട് നിർദ്ദേശിച്ചിട്ടുണ്ട്. തീരദേശ ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു standard operating procedure തയ്യാറാക്കി കപ്പൽ വഴിയുള്ള ചരക്കുനീക്കം ആദായകരമാക്കാനും നിലവിലുള്ള ഇൻസെന്റീവ് സ്കീം പരിഷ്കരിച്ച് ആകർഷകമാക്കാനുമുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാനും മാരിടൈം ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഒരു പുതിയ തുറമുഖം നിർമ്മിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി Azhikkal Port Limited എന്ന കമ്പനി രൂപീകരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് M/s Howe Engineering Projects India Pvt. Ltd. എന്ന കമ്പനിയെ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. അവർ സമർപ്പിച്ച പ്രാഥമിക റിപ്പോർട്ട് (feasibility report) സർക്കാർ അംഗീകരിക്കുകയും geo-technical studies നടത്തുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ പഠനങ്ങൾ നടന്നുവരുന്നു.

## ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം

26(*176) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്നോ; ഈ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം സ്ഥാപിക്കുന്ന ക്യാമറ വഴി കണ്ടെത്തുന്ന ട്രാഫിക് നിയമലംഘനങ്ങളുടെ പിഴയിൽ എത്ര ശതമാനം വീതം സർക്കാരിനും ക്യാമറ സ്ഥാപിക്കുന്ന കമ്പനിക്കും ലഭിക്കുമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ടെണ്ടറിൽ ഏതൊക്കെ കമ്പനികളാണ് പങ്കെടുത്തത്; അവർ ഓരോരുത്തരും നൽകിയ ഓഫർ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ മറവിൽ സ്വകാര്യ കമ്പനികൾക്ക് ലാഭം കൊയ്യുന്നതിനുള്ള സംവിധാനമായി ഇത് മാറുമെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഇതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ റദ്ദാക്കി പുതിയ രാജ്യാന്തര ടെണ്ടർ വിളിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ടെണ്ടർ വ്യവസ്ഥയിൽ എന്തെങ്കിലും മാറ്റം എ.ഡി.ജി.പി. ടോമിൻ തച്ചങ്കരി അദ്ധ്യക്ഷനായ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ മാറ്റങ്ങളെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം എന്ന പദ്ധതി നടപ്പിലാക്കാൻ 5-10-2018 തീയതിയിൽ GO(MS) 155/2018/ആഭ്യന്തരം നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് ഗതാഗത നിയന്ത്രണത്തിനും എൻഫോഴ്സ്മെന്റിനും വലിയ തോതിലുള്ള മനുഷ്യ വിഭവശേഷി ഉപയോഗിക്കേണ്ടതായി വരുന്നുണ്ടെങ്കിലും വാഹനപ്പെരുപ്പം കണക്കാക്കിയാൽ ഇത് അപര്യാപ്തമാണ്. ആയതിനാൽ ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ ഗതാഗത നിയന്ത്രണവും എൻഫോഴ്സ്മെന്റും നടപ്പിലാക്കേണ്ടത് സംസ്ഥാനത്തെ വാഹന യാത്രക്കാരുടെയും പൊതുജനങ്ങളുടെയും സുരക്ഷിതത്വത്തിന് അനിവാര്യമാണ്.

(ബി&സി) ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം എന്ന പദ്ധതി നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാരിനോ പോലീസ് വകുപ്പിനോ യാതൊരുവിധ ചെലവും ബാധ്യതയും ഉണ്ടാകുന്നില്ല. ഈ പദ്ധതിയുടെ installation, maintenance, operation തുടങ്ങിയവയുടെ മുഴുവൻ ചെലവുകളും കരാർ നേടുന്ന കമ്പനിയാണ് വഹിക്കേണ്ടത്.

പ്രസ്തുത ടെണ്ടറിൽ കെൽട്രോൺ, സിഡ്കോ IT & TC ഡിവിഷൻ എന്നീ രണ്ട് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ ബിഡ് സമർപ്പിച്ചിരുന്നു. എന്നാൽ ടെണ്ടർ നടപടികൾ പരിഷ്കരിക്കണമെന്നും ഈ പദ്ധതി റീ-ടെണ്ടർ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമുള്ള സാങ്കേതിക സമിതി ചെയർമാന്റെ ശിപാർശപ്രകാരം പ്രസ്തുത പദ്ധതി റീ-ടെണ്ടർ ചെയ്യുവാനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പിഴത്തുകയുടെ വിഹിതം പങ്കുവയ്ക്കുന്ന കാര്യത്തിൽ ആ ഘട്ടത്തിൽ മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

(ഡി) ഇത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം എന്ന പദ്ധതിക്ക് പുതിയ ടെണ്ടറുകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(എഫ്) ഉണ്ട്. ടെണ്ടർ നടപടികൾ പരിഷ്കരിക്കണമെന്നും പദ്ധതി റീ-ടെണ്ടർ ചെയ്യണമെന്നുമാണ് സാങ്കേതിക സമിതി ചെയർമാന്റെ ശിപാർശ. അതുപ്രകാരം പ്രസ്തുത പദ്ധതിയുടെ റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**പോലീസ് വകുപ്പിൽ കാലാനുസൃതമായ മാറ്റങ്ങൾ**

27(*177) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. ദാസൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാനപാലന രംഗത്ത് നേരിടുന്ന വെല്ലുവിളികൾ കുറ്റമറ്റ രീതിയിൽ പരിഹരിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനും പോലീസ് വകുപ്പിൽ കാലാനുസൃതമായ എന്തെല്ലാം മാറ്റങ്ങളാണ് ഈ സർക്കാർ വരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ക്രമസമാധാന പരിപാലനത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി എന്തെല്ലാം സാമൂഹിക ഇടപെടലുകളാണ് പോലീസ് വകുപ്പ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള ദുർബല ജനവിഭാഗങ്ങൾക്ക് പോലീസിന്റെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനും കുറ്റമറ്റ ക്രമസമാധാനപാലനത്തിനുമായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രധാനപ്പെട്ടവ ചുവടെപ്പറയുന്നു.

- ക്രമസമാധാനപാലനവും കേസ്സന്വേഷണവും മികവുറ്റതാക്കുന്നതിനു വേണ്ടി ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്.

- നേരിട്ടെടുക്കാവുന്ന കുറ്റകൃത്യങ്ങളെ സംബന്ധിച്ച് ഏതെങ്കിലും വ്യക്തി കുറ്റകൃത്യം നടന്ന പോലീസ് സ്റ്റേഷന്റെ അധികാര പരിധിക്ക് പുറത്ത് പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിച്ചാൽ അധികാര പരിധി നോക്കാതെ ഏതൊരു പോലീസ് സ്റ്റേഷനിലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

- CCTNS പദ്ധതി വ്യാപകമാക്കുന്നതിന് ആവശ്യമായ കമ്പ്യൂട്ടറുകളും ലാപ്ടോപ്പുകളും വാങ്ങി നൽകിയിട്ടുണ്ട്.

- ശാസ്ത്രീയ കുറ്റാന്വേഷണം ശാക്തീകരിക്കുന്നതിനായി സയന്റിഫിക് ഉപകരണങ്ങളായ DNA Sequencer, Advanced equipment for document examination, Digital Zoom Static Microscope, FTIR Spectrometer, Refractometer, PCR Machine, Ultra low temperature freezer, Refrigerated centrifuge തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബിലേയ്ക്ക് ലഭ്യമാക്കുകയുണ്ടായി.

- കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നീ ജില്ലകളിൽ സൈബർ പോലിസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.

- കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും ക്രമസമാധാനം നിലനിർത്തു ന്നതിനും മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും Trace my trip, Nearest/Jurisdictional Police Station, SOS-Panic message, Chat Bot for Public Service, Offence reporting, Citizen services, Traffic guru തുടങ്ങിയ ആപ്ലിക്കേഷൻസ് നടപ്പിലാക്കിയിട്ടുള്ളതും ആയവ ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

- ജീവഹാനി കൂടാതെ സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും നിർവീര്യമാക്കുന്നതിനുമുള്ള ഉപകരണങ്ങൾ, സ്യൂട്ടുകൾ, നിരീക്ഷണ ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ട്.

• തീരദേശ സുരക്ഷയും LWE/മാവോയിസ്റ്റ് ബാധിത പ്രദേശങ്ങളിൽ സുരക്ഷയുടെ ഭാഗമായി നൂതന സാങ്കേതികവിദ്യയിലുള്ള സാറ്റലൈറ്റ് ഫോണുകൾ വാങ്ങി നൽകിയിട്ടുണ്ട്.

• " Cyber Crime Prevention Against Women and Children (CCPWC) Project" സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ്. ഇതിന്റെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പോലീസ് ഓഫീസർമാർ, പബ്ലിക് പ്രോസിക്യൂട്ടർമാർ, ജുഡീഷ്യൽ ഓഫീസർമാർ എന്നിവർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

• നിലവിലെ അനലോഗ് ഉപകരണങ്ങൾക്ക് പകരം അത്യാധുനിക രീതിയിലുള്ള ഡിജിറ്റൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ ആവിഷ്കരിക്കാനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

• ശബരിമല തീർത്ഥാടനം കൂടുതൽ സുഗമമാക്കുന്നതിന് "Virtual Q" നടപ്പിലാക്കിയിട്ടുണ്ട്. ആയത് കൂടുതൽ മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ക്രമസമാധാന പരിപാലനത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി പോലീസ് വകുപ്പ് നടത്തിവരുന്ന സാമൂഹ്യ ഇടപെടലുകളുടെ ഭാഗമായി ജനമൈത്രി സുരക്ഷാ പദ്ധതി പ്രകാരം ബീറ്റ് ഓഫീസർമാർ അവരവരുടെ ബീറ്റ് മേഖലകളിൽ ജനങ്ങളുമായി ചേർന്ന് പ്രവർത്തിച്ചുവരുന്നു. റസിഡൻസ് അസോസിയേഷനുകളുമായി ചേർന്ന് അവരുടെ പങ്കാളിത്തത്തോടെ ജനസുരക്ഷയ്ക്കായി വിവിധ സ്ഥലങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചുവരുന്നുണ്ട്. ജനങ്ങളുമായി ചേർന്നുള്ള ഇത്തരം പ്രവർത്തനങ്ങൾ മുഖേന കുറ്റവാളികളെക്കുറിച്ചും മറ്റും രഹസ്യ വിവരങ്ങളും ജനങ്ങളിൽനിന്നും ലഭ്യമായി വരുന്നുണ്ട്. തീരദേശ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി തീരനിവാസികളെയും മത്സ്യത്തൊഴിലാളികളെയും ഉൾപ്പെടുത്തി കടലോര ജാഗ്രതാ സമിതികൾ രൂപീകരിക്കുകയും കൃത്യമായ ഇടവേളകളിൽ മീറ്റിംഗ് കൂടി തീരസുരക്ഷയെ സംബന്ധിച്ചുള്ള വിഷയങ്ങൾ ജാഗ്രതയോടെ കൈകാര്യം ചെയ്യുന്നതിനെ സംബന്ധിച്ച് ജനങ്ങൾക്ക് അവബോധം നൽകുകയും അസ്വാഭാവികമായി എന്തെങ്കിലും തീരദേശത്ത് ശ്രദ്ധയിൽപ്പെട്ടാൽ പോലീസിനെ അറിയിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. എസ്.പി.സി. പ്രോജക്ട് ജനമൈത്രി പദ്ധതി, ഫ്രണ്ട്

ഓഫ് പോലീസ് പദ്ധതി തുടങ്ങിയ നൂതന പദ്ധതികൾ കൂടുതൽ വ്യാപകമാക്കി സാമൂഹിക ഇടപെടലുകൾ നടപ്പിലാക്കിവരികയാണ്. കേരള പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനുകളായ രക്ഷ, സിറ്റിസൺ സേഫ്റ്റി, ഡയൽ-എ-കോപ്, ഇ-ഗ്രന്ഥ, സൈബർ ഗൈഡ്, Know your Jurisdiction, THUNA തുടങ്ങിയവ വികസിപ്പിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പോലീസിന്റെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ലഭ്യമാക്കുന്നതിന് പോലീസ് വകുപ്പിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1) എസ്.സി/എസ്.റ്റി. വിഭാഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.സി.ആർ.ബി., ഡിവൈ.എസ്.പി. മാരെ/അസിസ്റ്റന്റ് കമ്മീഷണർമാരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്.

2) എസ്.സി/എസ്.റ്റി. വിഭാഗക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും ആയത് പരിഹരിക്കുന്നതിനുമായി എല്ലാ ജില്ലകളിലും മൂന്നുമാസത്തിലൊരിക്കൽ അതത് ജില്ലാ പോലീസ് മേധാവിമാരുടെ അദ്ധ്യക്ഷതയിൽ എസ്.സി/എസ്.റ്റി. മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗുകൾ നടത്തിവരുന്നു. വിവിധ എസ്.സി/എസ്.റ്റി. സംഘടനകളുടെ പ്രതിനിധികളും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കുന്നു.

3) ജില്ലാതലത്തിൽ നടക്കുന്നതുപോലെ സബ്ഡിവിഷൻ തലത്തിലും മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗുകൾ നടത്തിവരുന്നു. സബ്ഡിവിഷണൽ പോലീസ് ഓഫീസറാണ് പ്രസ്തുത മീറ്റിംഗിൽ അദ്ധ്യക്ഷത വഹിക്കുന്നത്.

4) എസ്.സി/എസ്.റ്റി. വിഭാഗക്കാരുടെ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനത്ത് മൂന്ന് സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് അവ സ്ഥിതി ചെയ്യുന്നത്.

5) എസ്.സി/എസ്.റ്റി. കേസ്സുകൾ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിനായി സംസ്ഥാനത്ത് 4 സ്പെഷ്യൽ കോടതികൾ പ്രവർത്തിച്ചുവരുന്നു. മലപ്പുറം, പാലക്കാട്, കൊല്ലം, വയനാട് എന്നീ ജില്ലകളിലാണ് അവ സ്ഥിതി ചെയ്യുന്നത്.

6) എസ്.സി/എസ്.റ്റി. വിഭാഗക്കാരുടെ അവകാശങ്ങളെപ്പറ്റിയും നിയമ പരിരക്ഷയെപ്പറ്റിയും അവരെ ബോധവൽക്കരിക്കുന്നതിനായി, എസ്.സി/എസ്.റ്റി. വിഭാഗക്കാർ കൂടുതൽ അധിവസിക്കുന്ന പ്രദേശങ്ങളിൽ സെമിനാറുകളും ക്ലാസ്സുകളും നടത്തിവരുന്നുണ്ട്.

7) എസ്.സി/എസ്.റ്റി. വിഭാഗക്കാരുടെ പരാതികൾ കൈകാര്യം ചെയ്യുന്നതിനായി പോലീസ് ആസ്ഥാനത്ത് 'ഒരു സ്പെഷ്യൽ പ്രൊട്ടക്ഷൻ സെൽ' പ്രവർത്തിച്ചുവരുന്നുണ്ട്.

**വയോ അമൃതം പദ്ധതി**

28(*178) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. സജി ചെറിയാൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന വൃദ്ധജനങ്ങൾക്കായി വയോ അമൃതം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) വയോജനങ്ങൾക്കായുള്ള കൗൺസിലിംഗും സാന്ത്വന പരിചരണവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് അടിയന്തര സാഹചര്യങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്. സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള 16 ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാരുടെ സമഗ്ര ആരോഗ്യ സംരക്ഷണത്തിനായി ഭാരതീയ ചികിത്സാ വകുപ്പ് മുഖേന വയോ അമൃതം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വൃദ്ധസദനങ്ങളിലെ താമസക്കാരെ പരിശോധിച്ച് അവരുടെ ആരോഗ്യ നിലവാരവും രോഗാവസ്ഥയും കണ്ടെത്തി എല്ലാ രോഗങ്ങൾക്കും ആവശ്യമായ

ചികിത്സ നൽകുകയും രോഗാവസ്ഥകൾക്കനുസരിച്ച് മരുന്നും ആവശ്യം വേണ്ടുന്ന ക്രിയാക്രമങ്ങളും നൽകി അവരെ പരിപാലിക്കുന്നു.

(സി) ഉണ്ട്. രോഗാവസ്ഥകൾക്കനുസരിച്ചുള്ള കൗൺസിലിംഗ്, ഫിസിയോ തെറാപ്പി, യോഗ എന്നിവ നൽകി അവരുടെ സമഗ്രമായ ആരോഗ്യം സംരക്ഷിക്കുന്നു.

(ഡി) വയോ അമൃതം പദ്ധതിയിലൂടെ ഓരോ വൃദ്ധസദനത്തിലും ഒരു ആയുർവേദ മെഡിക്കൽ ഓഫീസർ, ഒരു അറ്റൻഡർ എന്നിവരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ച് സേവനം നൽകുന്നു. കൂടാതെ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻവഴി രണ്ടാഴ്ചയിലൊരിക്കൽ മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് എന്നീ ടീമെത്തി പരിശോധിച്ച് മരുന്ന് നൽകുന്നു. കൂടാതെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന കരാർ വ്യവസ്ഥയിൽ സ്റ്റാഫ് നഴ്സിന്റെ സേവനം വൃദ്ധസദനങ്ങളിൽ ഒരുക്കിയിട്ടുണ്ട്. അടിയന്തര ചികിത്സ ആവശ്യമായ സാഹചര്യങ്ങളിൽ ആശുപത്രി ചികിത്സയ്ക്കുള്ള ക്രമീകരണങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

**തീരദേശ കപ്പൽ ഗതാഗത പദ്ധതി**

29(*179) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ടി. ജെ. വിനോദ് :
ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി സംസ്ഥാന തീരത്തെ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുമെന്ന പ്രഖ്യാപനം നടത്തിയിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത പ്രഖ്യാപനം ഇതിനകം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിക്കായി ഏതൊക്കെ സ്ഥലങ്ങളെ ബന്ധിപ്പിച്ച് യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുമെന്നാണ് തീരുമാനിച്ചിരുന്നത്; അതിനായി എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത സ്ഥലങ്ങളിൽ ഇതിനകം നടപ്പിലാക്കിയത്; വിശദാംശം നൽകുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ-സി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് അതിവേഗ യാത്രാകപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിലെ തുറമുഖങ്ങളിൽ/വാർഫുകളിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് പ്രസ്തുത സർവ്വീസ് ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഇതിനുവേണ്ടി ഒരു സ്വകാര്യ പങ്കാളി കപ്പൽ വാങ്ങുകകയും ആവശ്യമായ രജിസ്ട്രേഷൻ അനുമതികൾ പൂർത്തിയാക്കുന്നതിനു വേണ്ടി കാത്തിരിക്കുകയുമാണ്.

## എൻ.ഐ.എ. ഏറ്റെടുത്ത യു.എ.പി.എ. കേസ്സുകൾ

30(*180) ശ്രീ. എം. സി. കമറുദ്ദീൻ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യു.എ.പി.എ. പ്രകാരം രജിസ്റ്റർ ചെയ്ത് എൻ.ഐ.എ ഏറ്റെടുത്ത ഏതെങ്കിലും കേസ്സ് സംസ്ഥാന പോലീസിന്റെ അന്വേഷണ നടപടികൾക്കായി ഏൽപ്പിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോ; വിശദാംശം നൽകുമോ;

(ബി) കേന്ദ്രത്തിൽനിന്നും അനുകൂലമായ തീരുമാനം ഉണ്ടാകുന്നതിന് സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) കോഴിക്കോട് പന്തീരങ്കാവ് പോലീസ് സ്റ്റേഷനിൽ യു.എ.പി.എ. സെക്ഷൻ 20, 38, 39 പ്രകാരം രജിസ്റ്റർ ചെയ്ത ക്രൈം നം. 507/2019 എന്ന കേസ് സംസ്ഥാന പോലീസ് കാര്യക്ഷമമായി അന്വേഷിച്ചുവരവെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം എൻ.ഐ.എ. ഏറ്റെടുത്തിരുന്നു. പ്രസ്തുത കേസ്സിന്റെ അന്വേഷണം എൻ.ഐ.എ.-യിൽനിന്നും തിരികെ കേരള പോലീസിന് കൈമാറി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് മുഖ്യമന്ത്രി കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിക്ക് കത്ത് നൽകിയിരുന്നു (അനുബന്ധം-1)*. പ്രസ്തുത കത്ത് ലഭിച്ചതായി കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ തീരുമാനം അറിയിച്ചിട്ടില്ല (അനുബന്ധം-2)*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആദ്യ നൈറ്റ് ലൈഫ് നഗരമായുള്ള തിരുവനന്തപുരത്തിന്റെ മാറ്റം

31(1613) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരജീവിതം കൂടുതൽ ആസ്വാദ്യകരമാക്കുന്നതിന് സംസ്ഥാനത്തെ ആദ്യ നൈറ്റ് ലൈഫ് നഗരമായി തിരുവനന്തപുരത്തെ മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി തിരുവനന്തരപുരം നഗരത്തിൽ 24 മണിക്കൂർ സജീവമാകുന്ന കച്ചവട സ്ഥാപനങ്ങൾ ഏതൊക്കെ പ്രദേശങ്ങളിൽ ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പാക്കി മെച്ചപ്പെട്ട രീതിയിൽ ഇത് നടപ്പാക്കുന്നതിന് എന്തൊക്കെ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഏതൊക്കെ വകുപ്പുകളുടെ ഏകോപനം ഇതിന് ആവശ്യമുണ്ട് എന്നറിയിക്കാമോ;

(ഡി) സംസ്ഥാനത്തെ മറ്റ് നഗരങ്ങളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ നഗരങ്ങളിൽ രാത്രികാലങ്ങളിലും സജീവമായ നിരത്തുകളും കച്ചവടസ്ഥാപനങ്ങളും പ്രവർത്തിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ തുടക്കമെന്ന നിലയിൽ തിരുവനന്തപുരം നഗരത്തിൽ 24 മണിക്കൂറും സജീവമാകുന്ന സുരക്ഷിതമായ നിരത്തുകളും തുറന്നുപ്രവർത്തിക്കുന്ന വ്യാപാര വാണിജ്യ സ്ഥാപനങ്ങളും കോർപ്പറേഷൻ നിശ്ചയിക്കുന്ന പ്രത്യേക പ്രദേശങ്ങളിൽ പ്രയോഗത്തിൽ വരുത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇത്തരം പ്രദേശങ്ങൾ തിരുവനന്തപുരം നഗരത്തിൽ കണ്ടെത്തുന്നതിനുള്ള നടപടികൾ കോർപ്പറേഷൻതലത്തിൽ സ്വീകരിച്ചു വരുന്നതേയുള്ളൂ.

(സി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ടൂറിസം, പോലീസ്, തദ്ദേശസ്വയംഭരണം, തൊഴിൽ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സ്ഥിരം സമിതി രൂപീകരിച്ച്

സുരക്ഷിതമായും മെച്ചപ്പെട്ട രീതിയിലും പ്രസ്തുത പദ്ധതി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതാണ്. ഇപ്രകാരം സ്ഥിരം സമിതി രൂപീകരിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

(ഡി) ഉണ്ട്. മറ്റ് പ്രധാനപ്പെട്ട നഗരങ്ങളിലും പ്രസ്തുത പദ്ധതി 2020 ഏപ്രിലിൽത്തന്നെ പ്രയോഗത്തിൽ വരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**വികസന ക്ഷേമപ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുക**

32(1614) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വികസന ക്ഷേമ പ്രവർത്തനങ്ങൾക്കായി ഓരോ ജില്ലകൾക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വിശദമാക്കാമോ; ആലപ്പുഴ ജില്ലയിൽ ഉൾപ്പെട്ട ഓരോ മണ്ഡലങ്ങൾക്കും ഇത്തരത്തിൽ അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വിശദമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

**വൻകിട പദ്ധതികൾ**

33(1615) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉദ്ഘാടനം ചെയ്തതും എന്നാൽ മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതുമായ വൻകിട പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച് ഉദ്ഘാടനം ചെയ്ത വൻകിട പദ്ധതികൾ ഏതെല്ലാമാണ്; ഇനിയും ഉദ്ഘാടനം ചെയ്യാത്തതും പുരോഗമിച്ചു കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച വൻകിട പദ്ധതികൾക്കായി ആകെ എത്ര തുക ഇതിനോടകം വിനിയോഗിച്ചിട്ടുണ്ട്; ഇനി എത്ര തുക ഇതിനായി മാറ്റിവച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തിക പിന്നോക്കാവസ്ഥയുള്ളവർക്ക് സംവരണം

34(1616) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ.ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തിക പിന്നോക്കാവസ്ഥ ഉള്ളവർക്ക് പത്ത് ശതമാനം സംവരണം നൽകുന്നതിന് ശശിധരൻ നായർ കമ്മീഷൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ഉത്തരവിൽ അപേക്ഷകന്റെ കുടുംബം എന്ന നിർവ്വചനത്തിൽ ആരെയൊക്കെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയിക്കുമോ;

(സി) പത്ത് ശതമാനം സാമ്പത്തിക സംവരണം എന്നുമുതൽ നടപ്പാക്കും എന്ന് സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നുമുതൽ നടപ്പാക്കും എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) റിട്ട. ജില്ലാ ജഡ്ജി ശ്രീ. കെ. ശശിധരൻ നായർ കമ്മീഷൻ നിശ്ചയിച്ച മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സാമ്പത്തിക സംവരണത്തിന് അർഹരായ 'കുടുംബം' എന്ന നിർവചനത്തിൽ അപേക്ഷകൻ/അപേക്ഷക, മാതാപിതാക്കൾ, 18 വയസ്സിൽ താഴെ പ്രായമുള്ള സഹോദരൻ/സഹോദരി, അപേക്ഷകൻ/അപേക്ഷകയുടെ പങ്കാളി, 18 വയസ്സിൽ താഴെയുള്ള കുട്ടികൾ എന്നിവർ ഉൾപ്പെടുന്നു. കുട്ടികൾ എന്നതിൽ ദത്തെടുത്ത കുട്ടികളും ഉൾപ്പെടുന്നു.

(സി) പത്ത് ശതമാനം സാമ്പത്തിക സംവരണത്തിന് 3-1-2020 മുതൽ പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മുന്നാക്ക വിഭാഗങ്ങൾക്കുള്ള സാമ്പത്തിക സംവരണം

35(1617) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം നൽകുന്നതിനുള്ള ഭരണഘടനാ ഭേദഗതി നിയമം കേന്ദ്ര സർക്കാർ പാസ്സാക്കി ഒരു വർഷം കഴിഞ്ഞിട്ടും സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കാമോ;

(ബി) സാമ്പത്തിക പിന്നോക്കാവസ്ഥയിൽ ഉള്ളവർക്ക് പത്ത് ശതമാനം സംവരണം നൽകുന്നതിന്റെ മാനദണ്ഡം നിശ്ചയിച്ച് ശ്രീ ശശിധരൻ നായർ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) അപേക്ഷകന്റെ കുടുംബത്തിന്റെ വരുമാനവും ഭൂവിസ്തൃതിയും കണക്കാക്കുന്നതിന് കുടുംബം എന്ന നിർവ്വചനം സംബന്ധിച്ച് കമ്മീഷൻ നൽകിയ ശിപാർശ എന്തായിരുന്നുവെന്ന് അറിയിക്കാമോ;

(ഡി) സർക്കാർ ഇതിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ഇപ്രകാരം ഒരു മാറ്റം വരുത്തിയത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10 ശതമാനം സംവരണം സംസ്ഥാനത്ത് നടപ്പാക്കി ഉത്തരവായിട്ടുണ്ട്.

(ബി) റിട്ട. ജില്ലാ ജഡ്ജി ശ്രീ. കെ. ശശിധരൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) സാമ്പത്തിക സംവരണത്തിന് അർഹരായ 'കുടുംബം' എന്ന നിർവചനത്തിൽ അപേക്ഷകൻ/അപേക്ഷക, മാതാപിതാക്കൾ, 18 വയസ്സിൽ താഴെ പ്രായമുള്ള സഹോദരൻ/സഹോദരി, അപേക്ഷകൻ/അപേക്ഷകയുടെ പങ്കാളി, 18 വയസ്സിൽ താഴെയുള്ള കുട്ടികൾ എന്നിവർ ഉൾപ്പെടുന്നു.

(ഡി&ഇ) 'ഭൂമി' എന്നതിൽ കുടുംബത്തിന്റെ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഭൂസ്വത്ത് എന്നാക്കി വ്യക്തത വരുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സുസ്ഥിരവികസന ലക്ഷ്യം 2030-ന്റെ ഭാഗമായുള്ള സാമ്പത്തിക സർവ്വേ

36(1618) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐക്യരാഷ്ട്രസഭയുടെ സുസ്ഥിരവികസന ലക്ഷ്യം 2030 ന്റെ ഭാഗമായുള്ള സാമ്പത്തിക സർവ്വേ ദേശീയ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) വിവര ശേഖരണത്തിന് എത്തുന്ന ഉദ്യോഗസ്ഥരെ ജനങ്ങൾ സംശയത്തോടെ കാണുന്നതും ആക്രമിക്കുവാൻ മുതിരുന്നതുമായ സംഭവങ്ങൾ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇക്കാര്യത്തിലുള്ള ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനും സർവ്വേ നടപടികൾ തടസ്സം കൂടാതെ നടത്തുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഐക്യരാഷ്ട്രസഭയുടെ സുസ്ഥിരവികസന ലക്ഷ്യം 2030-ന്റെ വിവരശേഖരണത്തോടനുബന്ധിച്ച് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് മൾട്ടിപ്പിൾ ഇൻഡിക്കേറ്റേഴ്സ് സർവ്വെ 78-ാം സാമൂഹ്യ സാമ്പത്തിക സർവ്വെയോടൊപ്പം (NSS 78th round) സംസ്ഥാനത്ത് നടത്തിവരുന്നുണ്ട്. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിനോടൊപ്പം ഇതേ സർവ്വെ സ്റ്റേറ്റ് സാമ്പിളായി സംസ്ഥാനത്ത് ചെയ്തുവരുന്നു.

(ബി) വകുപ്പിലെ ഫീൽഡുതല ഉദ്യോഗസ്ഥർ വിവരശേഖരണം നടത്തുമ്പോൾ ജനങ്ങൾ സംശയത്തോടെ കാണുന്നതും ആക്രമിക്കുവാൻ മുതിരുന്നതുമായ സംഭവങ്ങൾ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് തുടങ്ങിയ ജില്ലകളിൽനിന്നും ജില്ലാ മേധാവികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) വകുപ്പിലെ പ്രധാന പദ്ധതികളായ ഇ.ആർ.എ.എസ്., വിലശേഖരണം, ദേശീയ സാമ്പിൾ സർവ്വെ തുടങ്ങിയവയ്ക്ക് പൊതുജനങ്ങളിൽനിന്നും നേരിട്ട് വിവരശേഖരണം നടത്തേണ്ട സാഹചര്യത്തിൽ പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരളത്തിലെ എല്ലാ പ്രമുഖ പത്രങ്ങളിലും പത്രക്കുറിപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ എല്ലാ പഞ്ചായത്തുകളിലും തദ്ദേശസ്വയംഭരണ പ്രതിനിധികൾ പങ്കെടുക്കുന്ന

മീറ്റിംഗുകളിൽ ഇതൊരു അജണ്ടയായി ഉൾപ്പെടുത്തുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാമൂഹ്യ-സാമ്പത്തിക സർവ്വെയെക്കുറിച്ചുള്ള വ്യക്തമായ വിവരങ്ങൾ പൊതുജനങ്ങളിലെത്തിക്കുന്നതിന് സർവ്വെയുടെ വിവരശേഖരണത്തിനായി വീടുകളിൽ സന്ദർശനം നടത്തുന്ന ഫീൽഡ് ഉദ്യോഗസ്ഥർക്ക് ലഘുലേഖയും തയ്യാറാക്കി നൽകിവരുന്നു.

## പൊതുജന പരാതി പരിഹാരത്തിനുള്ള അദാലത്തുകൾ

37(1619) ശ്രീ. എം. സ്വരാജ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. പി. കെ. ശശി :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പുതുതായി പ്രഖ്യാപിച്ചിട്ടുള്ള കർമ്മപരിപാടിയിൽ പൊതുജന പരാതി പരിഹാരത്തിന് താലൂക്ക് തലത്തിൽ അദാലത്ത് നടത്തി മുഴുവൻ പരാതികളും ഈ വർഷം തീർക്കാൻ ലക്ഷ്യമിടുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) താരതമ്യേന കാര്യക്ഷമത കൂടിയതും അഴിമതി കുറഞ്ഞതുമായ സംസ്ഥാന സിവിൽ സർവീസ് പൗരസമൂഹത്തോട് കൂടുതൽ ഉത്തരവാദിത്തമുള്ളതും വികസനക്ഷേമ പരിപാടികൾ കൂടുതൽ കാര്യക്ഷമതയോടെ നടപ്പിലാക്കാൻ പ്രാപ്തിയുള്ളതുമാക്കിത്തീർക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ അറിയിക്കാമോ;

(സി) സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പ് കല്പിക്കാനായി നടത്തിയ ഫയൽ തീർപ്പാക്കൽ യജ്ഞം പൂർത്തിയായിട്ടുണ്ടോ;

(ഡി) ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിത സേവനങ്ങൾ സാധാരണക്കാരായ പൊതുജനങ്ങൾക്ക് കൂടി അനായാസം കൈകാര്യം ചെയ്യാവുന്ന രീതിയിൽ ഉപഭോക്തൃ സൗഹൃദമാക്കിത്തീർക്കാൻ നടപടി യെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കമോ?

ഉത്തരം

(എ) പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും തീർപ്പ് കൽപ്പിക്കാതെ ബാക്കിനിൽക്കുന്ന പ്രശ്നങ്ങളുടെ നല്ലൊരു ഭാഗത്തിന് പരിഹാരം കണ്ടെത്തുന്നതിനും ജില്ലാ ഭരണകൂടത്തെ പൊതുജനങ്ങളുമായി കൂടുതൽ

അടുപ്പിക്കുന്നതിനുമായി എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ചകളിൽ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ താലൂക്കുതല അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് 22-2-2020-ലെ സ.ഉ.(കൈ) നം.70/2020 റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത താലൂക്കുതല അദാലത്തുകളിലൂടെ തീർപ്പുകൽപ്പിക്കാൻ ബാക്കി നിൽക്കുന്ന പരാതികളുടെ നല്ലൊരു ഭാഗത്തിനും പരിഹാരം കണ്ടെത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി)

1. ഡ്യൂട്ടിയിലുള്ള സർക്കാർ ജീവനക്കാരെ തിരിച്ചറിയുന്നതിനുവേണ്ടി എല്ലാ ജീവനക്കാർക്കും നിർബന്ധമായും തിരിച്ചറിയൽ കാർഡ് ധരിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് സർക്കുലർ നം.7318/AR13(2)/16/P&ARD dated 18-6-2016 പുറപ്പെടുവിച്ചിട്ടുണ്ട്.

2. പൊതുജനങ്ങളുടെ ആവശ്യങ്ങൾക്ക് മാന്യമായ പരിഗണനയും പൊതുജനങ്ങളോട് മാന്യമായ പെരുമാറ്റവും ഉറപ്പാക്കുന്നതിനും കൂടാതെ വിവിധ ആവശ്യങ്ങൾക്കായി വരുന്ന മുതിർന്ന പൗരന്മാർക്ക് ക്യൂവിൽ നിൽക്കാതെ പ്രത്യേക പരിഗണന നൽകുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളടങ്ങിയ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ നമ്പർ 7995/എ.ആർ.13(2)/15/ ഉഭപവ. തീയതി, 24-6-2015, 353/എ.ആർ.13(2)/17/ഉഭപവ. തീയതി, 27-11-2017)

3. സർക്കാർ ഓഫീസുകളിൽനിന്നും അയയ്ക്കുന്ന കത്തുകളിൽ ഓഫീസ് നിൽക്കുന്ന സ്ഥലപ്പേര്, പിൻകോഡ്, ഫോൺ നം., സാക്ഷ്യപ്പെടുത്തിയ/ പുറപ്പെടുവിച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ ഒപ്പിനും തസ്തികയ്ക്കും താഴെ ഇ-മെയിൽ ഐഡിയും ഫോൺ നമ്പരും രേഖപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കുലർ നമ്പർ 7289/എ.ആർ.13(2)/16/ഉഭപവ. തീയതി, 22-2-2018-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

4. സർക്കാർ ഓഫീസുകളിൽ ജീവനക്കാർ തങ്ങളുടെ കുട്ടികളെ പ്രവൃത്തിസമയം ഒപ്പം ഇരുത്തി വിലപ്പെട്ട സമയം പാഴാക്കുന്നത് തടയുന്നതിനുള്ള കർശന നിർദ്ദേശം സംബന്ധിച്ച് നമ്പർ 112/എ.ആർ.13(2)/18/ഉഭപവ. തീയതി 18-5-2018-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

5. സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ/പരാതികൾ എന്നിവയ്ക്ക് കൈപ്പറ്റ് രസീത് നൽകിക്കൊണ്ട് അവ സമയബന്ധിതമായി തീർപ്പാക്കണമെന്ന നിർദ്ദേശങ്ങളടങ്ങിയ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾ പരിഗണിക്കുന്നതും പരിഹരിക്കുന്നതും സംബന്ധിച്ച്

കേന്ദ്ര സർക്കാർ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ സർക്കുലർ നം.203/എ.ആർ. 13(2)/16/ഉഭപവ. തീയതി, 8-11-2018-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

6. സി.എം.ഒ. പോർട്ടൽവഴി ലഭിക്കുന്ന പരാതികൾ/നിവേദനങ്ങൾ ഫീൽഡ് ഓഫീസുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് സി.എം.ഒ. പോർട്ടലിലൂടെ കൈമാറി റിപ്പോർട്ട് ശേഖരിക്കാൻ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ സെക്ഷൻ ഓഫീസർമാരെ അധികാരപ്പെടുത്തിക്കൊണ്ട് 22-2-2019-ൽ 43/എ.ആർ. 13(2)/2019/ഉഭപവ. നമ്പർ പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് സർക്കാർ തീർപ്പാക്കുന്നതിനുള്ള കാലതാമസം കുറയ്ക്കുന്നു.

7. ഓരോ വകുപ്പിലും അതത് വകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളിലും കാലാനുസൃതമായി ഭേദഗതി ചെയ്യപ്പെട്ട നിയമങ്ങൾ/ചട്ടങ്ങൾ എന്നിവയ്ക്കനുസൃതമായി വിവിധ ആവശ്യങ്ങൾക്കുള്ള അപേക്ഷാഫോറങ്ങൾ ലളിതമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് വകുപ്പദ്ധ്യക്ഷന്മാർക്ക് നിർദ്ദേശം നൽകിക്കൊണ്ട് 13-12-2019-ൽ 425/എ.ആർ.13(2)/2019/ഉഭപവ. നമ്പർ പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ വിഷയങ്ങളിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ അച്ചടക്കലംഘനമായി കാണുകയും അത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം കർശന നടപടികൾ കൈക്കൊള്ളുന്നതിന് വകുപ്പ് മേധാവികൾക്ക് എല്ലാ സർക്കുലറുകളിലും നിർദ്ദേശം നൽകിയിട്ടുണ്ട്.

സിവിൽ സർവ്വീസ് ജനപക്ഷവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന സർക്കാർ നയം നടപ്പിലാക്കുകയും ഇതുവരെ മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടില്ലാത്ത എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും ഇനിരൂപവൽക്കരിക്കപ്പെടുന്ന എല്ലാ വകുപ്പുകളിലും സർക്കാർ/അർദ്ധസർക്കാർ/ സ്വയംഭരണ/പൊതുമേഖല/സഹകരണ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴും കന്നടയും ഔദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണഭാഷ ഭരിക്കപ്പെടുന്ന ജനങ്ങളുടെ ഭാഷ തന്നെയാകുന്നത് ഭരണസുതാര്യത ഉറപ്പുവരുത്തുനനതിനും അറിയുവാനുള്ള പൗരന്റെ മൗലികാവകാശത്തെ സംരക്ഷിക്കുന്നതിനും സിവിൽ സർവ്വീസ് അഴിമതിരഹിതമാക്കുന്നതിനും ഭരണരംഗത്ത് ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സഹായകരമായിട്ടുണ്ട്.

(സി) സെക്രട്ടേറിയറ്റിലും വകുപ്പ് മേധാവികളുടെ ഓഫീസുകളിലും

കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുക എന്ന ലക്ഷ്യത്തോടെ 2019 ഓഗസ്റ്റ് 1 മുതൽ ഒക്ടോബർ 31 വരെയുള്ള മൂന്ന് മാസക്കാലം ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി സംഘടിപ്പിച്ചിരുന്നു. അതിന്റെ ഭാഗമായി അദാലത്തുകളും അവലോകന യോഗങ്ങളും നടത്തി 48.5 ശതമാനം ഫയലുകളും തീർപ്പാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന ഫയലുകൾ മേൽപ്പറഞ്ഞ രീതിയിലൂടെ തീർപ്പാക്കുന്നതിനായി അടിയന്തര നടപടികൾ കൈക്കൊള്ളണമെന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പൊതുജനങ്ങൾക്ക് സർക്കാർ സേവനം അടിയന്തരമായും കാര്യക്ഷമമായും ലഭ്യമാക്കുന്നതിന് ഇ-ഡിസ്ട്രിക്ട്, സർക്കാർ കോൾ സെന്റർ, സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ, മൊബൈൽ ഗവേണൻസ്, പബ്ലിക് വൈ-ഫൈ (കെ-ഫൈ), ഇ-ഓഫീസ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇ-ഡിസ്ട്രിക്ട്

ജില്ലാതലത്തിലുള്ള സർക്കാർ സേവനങ്ങൾ വളരെ ലളിതമായി ഓൺലൈൻവഴി പൊതുജനങ്ങൾക്ക് എത്തിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 25 റവന്യൂ സർട്ടിഫിക്കറ്റുകൾ, 500-ൽപരം പണം ഒടുക്കൽ സേവനങ്ങൾ മുതലായവ ഈ പദ്ധതി മുഖേന നൽകിവരുന്നു.

സർക്കാർ കോൾ സെന്ററുകൾ

വിവിധ സർക്കാർ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന സംശയങ്ങൾക്ക് ടെലിഫോൺ മുഖേന പരിഹാരം നൽകുക എന്ന ലക്ഷ്യത്തോടെയാണ് തിരുവനന്തപുരം ജനസേവന കേന്ദ്രത്തോട് ചേർന്ന് കോൾ സെന്റർ പ്രവർത്തിച്ചുവരുന്നത്. നിലവിൽ പ്രസ്തുത സേവനങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമാണ്. ഇപ്പോൾ 64 പ്രമുഖ വകുപ്പുകൾ കോൾ സെന്ററുമായി ചേർന്ന് പ്രവർത്തിക്കുന്നു.

സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ

നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി എല്ലാ സർക്കാർ സേവനങ്ങളും പൊതുജനങ്ങൾക്കായി ഒരു പോർട്ടലിലൂടെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് എസ്.എസ്.ഡി.ജി. പ്രസ്തുത പദ്ധതിയുടെ നവീകരിച്ച പോർട്ടൽ വഴി 50-ലധികം സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

മൊബൈൽ ഗവേണൻസ്

മൊബൈൽ ഗവേണൻസ് പദ്ധതിയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ സമയബന്ധിതവും അനായാസവുമായി ഒരു മൊബൈൽ ഫോണിലൂടെ ഏത് സമയത്തും ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി എം-കേരളം മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

പബ്ലിക് വൈ-ഫൈ (കെ-ഫൈ)

ഇന്റർനെറ്റ് അധിഷ്ഠിത സർക്കാർ സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും ആയാസരഹിതവുമായി ജനങ്ങളിലേയ്ക്കെത്തിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പദ്ധതിയാണ് പബ്ലിക് വൈ-ഫൈ പദ്ധതി. ബി.എസ്.എൻ.എൽ. മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം 2000 ഹോട്ട് സ്പോട്ടുകൾക്ക് അനുമതി നൽകുകയും അവയിൽ 1997 എണ്ണം സ്ഥാപിച്ച് സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ഇ-ഓഫീസ്

ഫയൽ നീക്കവും ഫയലിലെ നടപടിക്രമങ്ങളും വേഗത്തിലാക്കു ന്നതിനായി സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾ, 14 കളക്ടറേറ്റ്/ആർ.ഡി.ഒ. ഓഫീസുകൾ, 3 താലൂക്കുകൾ, ഇടുക്കി, വയനാട് ജില്ലകളിലെ വില്ലേജ് ഓഫീസുകൾ, 65 ഡയറക്ടറേറ്റുകൾ/കമ്മീഷണറേറ്റുകൾ/മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## സെക്രട്ടേറിയറ്റിൽ ബയന്റർ സീനിയർ ഗ്രേഡ് തസ്തിക

38(1620) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെയും ഗവ. പ്രസ്സിലെയും ബയന്റർ തസ്തികയുടെ ശമ്പള സ്കെയിലുകൾ തമ്മിൽ വലിയ അന്തരം നിലവിലുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ബയന്റർ സീനിയർ ഗ്രേഡ്, ജൂനിയർ ഫോർമാൻ എന്നീ തസ്തികകൾ സെക്രട്ടേറിയറ്റിൽ അനുവദിച്ച് ഗവ. പ്രസ്സിലേതിന് സമാനമായ രീതിയിൽ റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഗവൺമെന്റ് പ്രസ്സിലെ ബയന്റർ ഗ്രേഡ്-I തസ്തികയ്ക്ക് 25200-54000 രൂപയും ബയന്റർ ഗ്രേഡ്-II തസ്തികയ്ക്ക് 19000-43600 രൂപയും സെക്രട്ടേറിയറ്റിലെ ബയന്റർ ഗ്രേഡ്-I തസ്തികയ്ക്ക് 20000-45800-ഉം ബയന്റർ ഗ്രേഡ് - II തസ്തികയ്ക്ക് 19000-43600 ശമ്പള സ്കെയിലുമാണ് അനുവദിച്ചിരിക്കുന്നത്.

(ബി) നിലവിൽ പരിഗണനയിലില്ല.

**സർക്കാർ ഉദ്യോഗസ്ഥർക്ക് ഗ്രാമസഭകളിൽ പങ്കെടുക്കുവാൻ അവധി**

39(1621) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർക്ക് സ്വന്തം താമസസ്ഥലത്തുള്ള ഗ്രാമസഭകളിൽ പങ്കെടുക്കുവാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ ഗ്രാമസഭ നടക്കുന്ന ദിവസം പ്രവൃത്തി ദിവസമാണെങ്കിൽ സ്പെഷ്യൽ കാഷ്വൽ ലീവ് നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാമസഭ നടക്കുന്ന ദിവസം പ്രവൃത്തി ദിവസമാണെങ്കിൽ സ്പെഷ്യൽ കാഷ്വൽ ലീവ് നൽകുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പൊതുഭരണ സെക്രട്ടേറിയറ്റിലെ അംഗീകൃത സർവ്വീസ് സംഘടനകൾ**

40(1622) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ സെക്രട്ടേറിയറ്റിലെ അംഗീകൃത സർവ്വീസ് സംഘടനകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) അംഗീകാരം ലഭിച്ചിട്ടുള്ള സർവ്വീസ് സംഘടനകളുടെ ബൈലോയുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുള്ള അംഗീകൃത സർവ്വീസ് സംഘടനകളുടെ ലിസ്റ്റിൽ പൊതുഭരണ സെക്രട്ടേറിയറ്റിലെ താഴെപ്പറയുന്ന സർവ്വീസ് സംഘടനകൾ ഉൾപ്പെട്ടിട്ടുണ്ട്.

1. കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ
2. കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് ലാസ്റ്റ് ഗ്രേഡ് ഓഫീസേഴ്സ് അസോസിയേഷൻ, തിരുവനന്തപുരം
3. കേരള സെക്രട്ടേറിയറ്റ് നോൺ-ഗസറ്റഡ് ഓഫീസേഴസ് അസോസിയേഷൻ, തിരുവനന്തപുരം
4. കേരള സെക്രട്ടേറിയറ്റ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്സ് അസോസിയേഷൻ, തിരുവനന്തപുരം
5. കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ
6. കേരള സെക്രട്ടേറിയറ്റ് ക്ലറിക്കൽ അസിസ്റ്റന്റ്സ് ആന്റ് അറ്റൻഡേഴ്സ് അസോസിയേഷൻ

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**സർക്കാർ ഓഫീസുകളിലെ ഹാജർ നില**

41(1623) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലെ ഹാജർ നില ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) സർക്കാർ ഓഫീസുകളിലെ ഹാജർ നില ഉറപ്പുവരുത്തുന്നതിനായി സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റെല്ലാ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ലിഫ്റ്റുകളിലെ ഡ്യൂട്ടി സമയം

42(1624) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ എത്ര ലിഫ്റ്റുകളാണ് നിലവിലുള്ളതെന്നും ലിഫ്റ്റ് ഓപ്പറേറ്റർമാരുടെയും ലിഫ്റ്റ് സൂപ്പർവൈസർമാരുടെയും എണ്ണം എത്ര വീതമാണെന്നും തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ലിഫ്റ്റ് ഓപ്പറേറ്റർമാരുടെയും സൂപ്പർവൈസർമാരുടെയും ഡ്യൂട്ടി സമയം വ്യക്തമാക്കാമോ;

(സി) ലിഫ്റ്റ് സൂപ്പർവൈസർമാർ പഞ്ചുചെയ്ത ശേഷം ഓഫീസ് സമയം സ്വകാര്യ ആവശ്യങ്ങൾക്കായി പുറത്ത് പോകുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സെക്രട്ടേറിയറ്റിലെ മുഖ്യമന്ത്രിയുടെ ഓഫീസ് സ്ഥിതി ചെയ്യുന്ന അഞ്ചാം നമ്പർ ലിഫ്റ്റിൽ വനിതാ ലിഫ്റ്റ് ഓപ്പറേറ്റർമാരെ ഡ്യൂട്ടിക്ക് നിയോഗിക്കുന്നതിൽ വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) അവധി ദിവസം ഒഴികെയുള്ള പ്രവൃത്തി ദിവസങ്ങളിൽ മുഖ്യമന്ത്രി സഞ്ചരിക്കുന്ന ലിഫ്റ്റിൽ വനിതാ ലിഫ്റ്റ് ഓപ്പറേറ്റർമാരെ ഡ്യൂട്ടിക്ക് നിയോഗിക്കാൻ പാടില്ല എന്ന നിർദ്ദേശം ലിഫ്റ്റ് സൂപ്പർവൈസർമാർക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ആരാണ് നൽകിയത് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റ് പ്രധാന കെട്ടിടം, അനക്സ് -I, അനക്സ് - II എന്നിവിടങ്ങളിലായി ആകെ 19 ലിഫ്റ്റുകളുണ്ട്. ലിഫ്റ്റ് ഓപ്പറേറ്റർമാരുടെയും ലിഫ്റ്റ് സൂപ്പർവൈസർമാരുടെയും എണ്ണം ചുവടെ ചേർക്കുന്നു.

ലിഫ്റ്റ് ഓപ്പറേറ്റർമാർ - 34 (വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന 3 പേർ ഉൾപ്പെടെ)

ലിഫ്റ്റ് സൂപ്പർവൈസർമാർ - 03

(ബി) ഷിഫ്റ്റ് അടിസ്ഥാനത്തിലാണ് ഡ്യൂട്ടി ക്രമീകരിച്ചിരിക്കുന്നത്. സമയക്രമം ചുവടെ ചേർക്കുന്നു.

ലിഫ്റ്റ് ഓപ്പറേറ്റർ

| | | |
|---|---|---|
| ഷിഫ്റ്റ് | (a) - | 08.00 A.M. to 01.00 P.M. |
| | (b) - | 09.00 A.M. to 02.00 P.M. |
| | (c) - | 09.30 A.M. to 05.30 P.M. |
| | (d) - | 01.00 P.M. to 06.00 P.M. |
| | (e) - | 02.00 A.M. to 07.00 P.M. |
| | (f) - | 06.00 A.M. to 11.00 P.M. |

ലിഫ്റ്റ് സൂപ്പർവൈസർ

| | | |
|---|---|---|
| ഷിഫ്റ്റ് | (a) - | 08.00 A.M. to 01.00 P.M. |
| | (b) - | 10.00 A.M. to 05.00 P.M. |
| | (c) - | 01.00 P.M. to 07.00 P.M. |

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വിലക്ക് ഏർപ്പെടുത്തിയിട്ടില്ല.

(ഇ) നിർദ്ദേശം നൽകിയിട്ടില്ല.

## സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ നടത്തുന്ന പരീക്ഷാ പലിശീലന കേന്ദ്രങ്ങൾ

43(1625) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ പി.എസ്.സി. പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ നടത്തുന്നതായുള്ള പരാതിയിൽ അന്വേഷണം നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ അന്വേഷണത്തിന്റെ ഭാഗമായി ഏതെല്ലാം ഉദ്യോഗസ്ഥരെ ചോദ്യം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥർ പി.എസ്.സി. ക്ലാസ്സുകൾ എടുക്കുന്നുണ്ടെന്നാണ് വ്യക്തമായിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥർ പരിശീലനകേന്ദ്രങ്ങളിൽ ക്ലാസ്സ് എടുക്കാൻ എത്തിയതിന് തെളിവുകൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ പി.എസ്.സി. പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ നടത്തുന്നുണ്ട് എന്ന പരാതിയിന്മേൽ വി.ഇ. 1/2020/എസ്.ഐ.യു.2 നമ്പരായി ഒരു വിജിലൻസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

(ബി) അന്വേഷണത്തിന്റെ ഭാഗമായി ചോദ്യം ചെയ്ത ഉദ്യോഗസ്ഥരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. ഗവൺമെന്റ് സെക്രട്ടേറിയറ്റ് ജീവനക്കാരനും കേരള മുന്നാക്ക സമുദായ കോർപ്പറേഷൻ ജനറൽ മാനേജരുമായ ശ്രീ. രഞ്ജൻ രാജ് ആർ.പി.

2. ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ സീനിയർ അസിസ്റ്റന്റ് ശ്രീ. ഷിബു കെ. നായർ

3. വെഞ്ഞാറമൂട് ഫയർ സ്റ്റേഷനിൽ ജോലി നോക്കിവരുന്ന ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ ഡ്രൈവർ 2701 ശ്രീ. സുമേഷ് ജി. കെ.

4. നിയമസഭ ഹോസ്റ്റൽ എസ്റ്റാബ്ലിഷ്മെന്റ് അമിനിറ്റി അസിസ്റ്റന്റ് ശ്രീ. രാജേന്ദ്ര പ്രസാദ്

5. കെ.എസ്.എഫ്.ഇ. ബാലരാമപുരം ബ്രാഞ്ചിലെ ജൂനിയർ അസിസ്റ്റന്റ് ശ്രീ. ജഗദീഷ് കുമാർ

6. അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് ശ്രീ. സുധി.

7. തിരുവനന്തപുരം എം.എ.സി.റ്റി.-യിൽ ലോവർ ഡിവിഷൻ ക്ലാർക്കായ ശ്രീമതി വന്ദന ജെ.എസ്.

(സി) തിരുവനന്തപുരം നഗരത്തിൽ പ്രവർത്തിക്കുന്ന ലക്ഷ്യ, വീറ്റോ എന്നീ സ്ഥാപനങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥർ ക്ലാസ്സുകൾ എടുക്കുന്നതായി

പ്രാഥമികമായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് കൂടുതൽ അന്വേഷണം നടന്നുവരുന്നു.

(ഡി) കേരളാ മുന്നാക്ക സമുദായ കോർപ്പറേഷൻ ജനറൽ മാനേജരും ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ജീവനക്കാരനുമായ ശ്രീ. രഞ്ജൻ രാജ് ആർ.പി.-ക്ക് സർക്കാർ ഉത്തരവ് (സാധാ) നം. 8677/2014/പൊ.ഭ.വ. തീയതി 12-11-2014 പ്രകാരം കേരള സർക്കാരിന്റെ 1960-ലെ സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റ ചട്ട നിയമത്തിലെ 48, 62, 63 എന്നീ റൂളുകൾ പ്രകാരം ഔദ്യോഗിക ചുമതലയ്ക്ക് വീഴ്ച വരുത്താതെയും യാതൊരു പ്രതിഫലവും കൈപ്പറ്റാതെയും മത്സര പരീക്ഷകൾക്കുവേണ്ടി സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിക്കുന്നതിനും പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ എഴുതുന്നതിനും അനുമതി ലഭിച്ചിട്ടുള്ളതായും ടിയാൻ വീറ്റോ എന്ന സ്ഥാപനത്തിൽ സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്.

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ സീനിയർ അസിസ്റ്റന്റ് ശ്രീ. ഷിബു കെ. നായർക്ക് 25-7-2014 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 5916/2014/ജി.എ.ഡി. പ്രകാരം 25-7-2014 മുതൽ 24-7-2016 വരെയും 22-7-2016 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം.4713/2016/ ജി.എ.ഡി. പ്രകാരം 25-7-2016 മുതൽ 24-7-2018 വരെയും 9-7-2018 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം.4519/2018/ജി.എ.ഡി. പ്രകാരം 25-7-2018 മുതൽ 24-7-2020 വരെയും ഇന്ത്യയ്ക്കകത്ത് മെച്ചപ്പെട്ട ജോലി നോക്കുന്നതിന് കെ.എസ്.ആർ. ഭാഗം I Appendix XII A പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിട്ടുള്ളതായും ലക്ഷ്യ എന്ന സ്ഥാപനത്തിൽ പി.എസ്.സി. പരീക്ഷാ പരിശീലന ക്ലാസ് കൈകാര്യം ചെയ്യുന്നതായും അറിവായിട്ടുണ്ട്. ഉത്തരവുകൾ റദ്ദാക്കുന്നകാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ

44(1626) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകളിന്മേൽ അടിയന്തര തീർപ്പുണ്ടാക്കാനും അപേക്ഷകർക്ക് യഥാസമയം തീർപ്പ് ലഭ്യമാക്കാനുമായി ഈ സർക്കാർ അദാലത്തുകൾ ഉൾപ്പെടെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ; ആയതു വഴി എത്ര ഫയലുകൾ തീർപ്പാക്കാൻ കഴിഞ്ഞു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ കണ്ടെത്തി യഥാസമയം അവ തീർപ്പാക്കാനും അവകാശനിഷേധമുണ്ടെങ്കിൽ അപേക്ഷകന് മറ്റ് മാർഗ്ഗങ്ങൾ സ്വീകരിക്കാനും വേണ്ടി സെക്രട്ടേറിയറ്റിൽ ഓരോ മൂന്നു മാസത്തിലും ഫയലുകളിൽമേലുള്ള (കാലതാസമുള്ളവയിന്മേൽ) അദാലത്തുകൾ നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി സെക്രട്ടേറിയറ്റിലും വകുപ്പുമേധാവികളുടെ ഓഫീസുകളിലും 2019 ആഗസ്റ്റ് 1 മുതൽ ഒക്ടോബർ 31 വരെ 'ഫയൽ തീർപ്പാക്കൽ തീവ്രയത്നപരിപാടി' നടപ്പാക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി അദാലത്തുകളും അവലോകനയോഗങ്ങളും നടത്തി സെക്രട്ടേറിയറ്റിൽ 97,929 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. 2019 ജൂലൈ 31 വരെ തീർപ്പാക്കാനുണ്ടായിരുന്ന ഫയലുകളുടെ 48.5 ശതമാനം ഫയലുകളും ഫയൽ തീർപ്പാക്കൽ തീവ്രയത്നത്തിലൂടെ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീരുമാനമെടുക്കുവാൻ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ വ്യവസ്ഥകളും വിവിധ സർക്കാർ നിർദ്ദേശങ്ങളും നിലവിലുണ്ട്. മൂന്ന് മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കിവയ്ക്കാനും പഞ്ചദിനചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇനിയും തീർപ്പാക്കാൻ ശേഷിക്കുന്ന കാലപ്പഴക്കമുള്ള ഫയലുകളുടെ കണക്കെടുപ്പ് നടത്തി അദാലത്തുൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ലോക കേരളസഭയിൽ ഭക്ഷണത്തിനായി ചെലവഴിച്ച തുക**

45(1629) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ വിശപ്പുകാരണം കുട്ടികൾ മണ്ണു തിന്ന് വിശപ്പടക്കിയതായുള്ള വാർത്ത റിപ്പോർട്ട് ചെയ്യപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭരണസിരാകേന്ദ്രത്തിനടുത്ത് പട്ടിണിയിലും ദാരിദ്ര്യത്തിലും സമൂഹ മനഃസാക്ഷിയെ ഞെട്ടിച്ച തരത്തിലുള്ള സംഭവം ഉണ്ടായത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വിശപ്പ് മാറ്റാൻ ഒരു നേരത്തെ ഭക്ഷണം ലഭിക്കാത്ത കുട്ടികൾ ഉള്ളതായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോഴും ലോക കേരളസഭയുടെ സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികൾക്ക് ഭക്ഷണത്തിന് വൻതുക ചെലവഴിച്ചതായുള്ള ആക്ഷേപം സർക്കാരിനെതിരെ പൊതുസമൂഹത്തിൽ അവമതി സൃഷ്ടിക്കുന്നതിന് ഇടയാക്കിയിട്ടുണ്ടെന്ന് കരുതുന്നുണ്ടോ;

(സി) ലോകകേരളസഭയിൽ പ്രതിനിധികളുടെയും മറ്റുള്ളവരുടെയും ഭക്ഷണത്തിനായി മാത്രം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും എത്ര പേർക്കാണ് പ്രസ്തുത തുക ചെലവഴിക്കേണ്ടിവന്നതെന്നുമുള്ള കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം കൈതമുക്കിൽ റെയിൽവേ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബത്തിലെ കുട്ടികൾ വിശപ്പടക്കാൻ മണ്ണ് തിന്നുവെന്ന വാർത്ത തെറ്റാണെന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റിയും കേരള സംസ്ഥാന ബാലാവകാശ കമ്മീഷനും നടത്തിയ വിശദമായ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(ബി) ആക്ഷേപം വാസ്തവവിരുദ്ധമായതുകൊണ്ട് സർക്കാരിനെതിരെ പൊതുസമൂഹത്തിൽ അവമതി സൃഷ്ടിക്കുമെന്ന് കരുതുന്നില്ല.

(സി) രണ്ടാം ലോക കേരള സഭയുമായി ബന്ധപ്പെട്ട് പ്രതിനിധികൾക്കായി ഒരുക്കിയ ഭക്ഷണത്തിന് തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ ഉദ്യോഗസ്ഥർ, സപ്പോർട്ടിംഗ് സ്റ്റാഫ്, സെക്യൂരിറ്റി തുടങ്ങിയവർക്കായി ആകെ 4,10,000 രൂപ ചെലവഴിച്ചു.

**ഇടുക്കി ജില്ലയിൽ റീബിൽഡ് കേരള പദ്ധതി**

46(1630) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള പദ്ധതിയിൽ ഇടുക്കി ജില്ലയിൽ ഏതൊക്കെ പ്രവൃത്തികളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ നിയോജകമണ്ഡലം തിരിച്ച് ലഭ്യമാക്കാമോ;

(ബി) റീ ബിൽഡ് കേരളയിലെ പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) റീബിൽഡ് കേരള പദ്ധതിയിൽ നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ഫിഷറീസ് വകുപ്പ്, ഗതാഗത വകുപ്പ്, ജലവിഭവ വകുപ്പ്, പരിസ്ഥിതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ്, വിവരസാങ്കേതിക വകുപ്പ് തുടങ്ങിയ വകുപ്പുകളുടേതായി 2151 കോടിരൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 1134 കോടിരൂപ ചെലവ് വരുന്ന പദ്ധതികൾക്ക് ഇതുവരെ ഭരണാനുമതി നൽകിയിട്ടുണ്ട്.

അംഗീകരിക്കപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികളിൽ ഇടുക്കി ജില്ലയിലെ തൊടുപുഴ നിയോജകമണ്ഡലത്തിലെ നെയ്യാശേരി-തോക്കുമ്പൻസാഡിൽ (28.5 KM) റോഡും ഉടുമ്പൻചോല, ദേവികുളം മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന ചെമ്മണ്ണാർ ഗാപ് റോഡും (20 KM) ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

അംഗീകരിക്കപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിന്റെ റോഡുകളിൽ ഇടുക്കി ജില്ലയിലെ വിവിധ നിയോജകമണ്ഡലങ്ങളിൽ നിന്നായി 144.84 കി.മീ. ദൈർഘ്യം വരുന്ന വിവിധ റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തികളുടെ നിയോജകമണ്ഡലം തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റീബിൽഡ് കേരള പദ്ധതി

47(1631) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയാനന്തര പുനരധിവാസവുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ നാളിതുവരെ ലഭിച്ച വിവിധ വായ്പകൾ ഏതെല്ലാമാണെന്നും, അവ ആകെ എത്ര തുകയാണെന്നും, എന്നാണ് അത് ലഭിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് എന്തെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് എന്നറിക്കാമോ; ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; ഇനിയും എത്ര പദ്ധതികൾ പൂർത്തീകരിക്കുവാനുണ്ട്; വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ നവീകരിക്കുന്നതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; ഏതെല്ലാം ജില്ലകളിൽ എത്ര കിലോമീറ്റർ റോഡുകൾ നവീകരിക്കുന്നതിനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) പ്രളയാനന്തര പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് വികസന നയവായ്പയുടെ ആദ്യ ഗഡുവായി ലോകബാങ്കിൽനിന്ന് 1779.58 കോടിരൂപ ലഭ്യമായിട്ടുണ്ട്. 2019 ഓഗസ്റ്റ് മാസത്തിലാണ് പ്രസ്തുത വായ്പ തുക ലഭിച്ചത്. വികസന നയവായ്പയുടെ രണ്ടാം ഗഡു ലഭ്യമാക്കുന്നതിനുള്ള നടപടികളും ജർമ്മൻ ബാങ്കായ കെ.എഫ്.ഡബ്ല്യു.-വിൽനിന്ന് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

(ബി) റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ ചുവടെപ്പറയുന്ന പദ്ധതികളാണ് നിലവിൽ ഭരണാനുമതി നൽകിയിട്ടുള്ളത്.

- തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ പത്തനംതിട്ട, വയനാട്, ഇടുക്കി എന്നീ മൂന്ന് ജില്ലകളിലായി മനിമം 5.5 മീ. വീതിയുള്ള 218.29 കിലോമീറ്റർ റോഡുകളുടെ പുനർനിർമ്മാണത്തിന് 266.3 കോടിരൂപ.
- കൃഷി വകുപ്പിന്റെ ആകെ 141.85 കോടിരൂപയുടെ 7 പദ്ധതികളും 0.4 കോടിരൂപയുടെ പഠനവും

- കുടുംബശ്രീയുടെ ആകെ 250 കോടിരൂപയുടെ ഒൻപത് പദ്ധതികൾ
- വനം വകുപ്പിന്റെ ആകെ 130.40 കോടിരൂപയുടെ മൂന്ന് പദ്ധതികളും മൂന്ന് പഠനങ്ങളും
- ജൈവവൈവിധ്യ ബോർഡിന്റെ 5 കോടിരൂപയുടെ പദ്ധതികൾ
- മണ്ണുസംരക്ഷണ വകുപ്പിന്റെ 23.01 കോടിരൂപയുടെ രണ്ട് പദ്ധതികൾ
- മത്സ്യബന്ധന വകുപ്പിന്റെ കൂട് മത്സ്യകൃഷിക്കുള്ള 3.2 കോടിരൂപയുടെ പദ്ധതി
- മത്സ്യബന്ധന വകുപ്പിന്റെ കീഴിലുള്ള Kerala Aqua Venture International Ltd. (KAVIL) എന്ന സ്ഥാപനത്തിന്റെ ആകെ 2.62 കോടിരൂപയുടെ 4 പദ്ധതികൾ
- വിവര സാങ്കേതിക വകുപ്പിന്റെ 4.24 കോടിരൂപ (മാപ്പത്തോൺ പദ്ധതി)
- ഖരമാലിന്യ സംസ്കരണത്തിനായി കുറ്റിപ്പുറത്ത് ലാൻഡ് ഡെവലപ്മെന്റിനും സംരക്ഷണ ഭിത്തിക്കുമായി ക്ലീൻ കേരള കമ്പനിക്ക് 0.64 കോടിരൂപ
- ജലവിഭവ വകുപ്പിനുകീഴിൽ, നദീതട സംരക്ഷണ, പരിപാലന അതോറിറ്റിയുടെ പ്രാരംഭ ചെലവുകൾ, റൂം ഫോർ റിവർ പദ്ധതിയുടെരൂപരേഖ തയ്യാറാക്കൽ, കേരള വാട്ടർ റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റം എന്നീ പദ്ധതികൾക്കായി 16.3 കോടിരൂപ, പ്രളയത്തിൽ തകർന്ന ഡാമുകൾ, കനാലുകൾ, റെഗുലേറ്ററുകൾ തുടങ്ങിയവയുടെ പുനരുദ്ധാരണത്തിനും വിവിധ ജലവിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനുമായി 285.99 കോടിരൂപയുടെ വിവിധ പദ്ധതികൾ.

(ആകെ ഏകദേശം 1134 കോടിരൂപയുടെ പദ്ധതികൾക്ക് നിലവിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.)

ഇവ അതാത് വകുപ്പുകളുടെ നേതൃത്വത്തിൽ നിർവ്വഹണഘട്ടത്തിലേയ്ക്ക് കടക്കുന്നതേയുള്ളൂ.

(സി) 13-8-2019-ലെ സ.ഉ.(കൈ) നമ്പർ 25/2019/ആസാവ. ഉത്തരവ് പ്രകാരം, തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള വിവിധ റോഡുകളുടെ പുനർനിർമ്മാണത്തിനുള്ള 488 കോടിരൂപയുടെ പദ്ധതിക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി. അതിൽ പത്തനംതിട്ട, വയനാട്, ഇടുക്കി എന്നീ മൂന്ന് ജില്ലകളിലായി മിനിമം 5.5 മീ. വീതിയുള്ള 218.29 കിലോമീറ്റർ ഗ്രാമീണ

റോഡുകളുടെ പുനർനിർമ്മാണത്തിന് 266.3 കോടിരൂപയുടെ പദ്ധതിക്ക് 15-11-2019-ലെ സ.ഉ.(സാധാ) നമ്പർ 485/2019/ആസാവ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

പത്തനംതിട്ട - 56.02 കിലോമീറ്റർ, വയനാട് - 64.81 കിലോമീറ്റർ, ഇടുക്കി - 97.46 കിലോമീറ്റർ എന്നിങ്ങനെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ആലത്തൂർ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ**

48(1632) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് ഏതെല്ലാം പ്രൊപ്പോസലുകളാണ് ആലത്തൂർ നിയോജകമണ്ഡലത്തിൽ നിന്ന് ലഭ്യമായതെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ ഏതെല്ലാം പദ്ധതികളാണ് അംഗീകരിച്ചതെന്നും ഓരോ പ്രവൃത്തിയുടേയും നിലവിലെ അവസ്ഥ എന്താണെന്നുമുള്ള വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ&ബി) റീബിൽഡ് കേരള പദ്ധതിയിൽ നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ഫിഷറീസ് വകുപ്പ്, ഗതാഗത വകുപ്പ്, ജലവിഭവ വകുപ്പ്, പരിസ്ഥിതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ്, വിവരസാങ്കേതിക വകുപ്പ് തുടങ്ങിയ വകുപ്പുകളുടേതായി 2151 കോടിരൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽ 1134 കോടിരൂപ ചെലവ് വരുന്ന പദ്ധതികൾക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

## ജിഡ ഫണ്ട് വിനിയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

49(1634) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന കോതാട്-ചേന്നൂർ പാലത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) മുളവുകാട് മൂന്നാംഘട്ടത്തിലുൾപ്പെട്ട റോഡുവികസന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ഡി) എത്ര സ്വകാര്യ വ്യക്തികളുടെ ഭൂമിയാണ് ഏറ്റെടുക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പ്രദേശത്തെ യൂട്ടിലിറ്റി ഷിഫ്റ്റിങ്ങ് പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഇവ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(എഫ്) റോഡ് നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോതാട്-ചേന്നൂർ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിനുവേണ്ടി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

(ബി) ഡിസൈൻ ലഭിക്കുന്നമുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കി സ്ഥലം ഏറ്റെടുക്കുന്നതും പിന്നീട് സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതുമാണ്.

(സി) മുളവുകാട് റോഡ് പദ്ധതിയുടെ മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള സ്ഥലമെടുപ്പ് ഭാഗികമായി പൂർത്തീകരിച്ചിട്ടുള്ളതും തുടർനടപടികളിലുമാണ്. 77 പേരുടെ ഭൂമി രജിസ്ട്രേഷൻ നടത്തുവാനുണ്ട്. എൻക്രോച്ച്മെന്റ് ഉള്ള ഭൂമി ഏറ്റെടുക്കുന്ന നടപടികളും പൂർത്തീകരിക്കേണ്ടതുണ്ട്.

(ഡി) 76 സ്വകാര്യ വ്യക്തികളുടെ ഭൂമിയാണ് ഏറ്റെടുക്കാനുള്ളത്.

(ഇ) യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവൃത്തി ഏജൻസികൾ/വകുപ്പുകൾ ആരംഭിച്ചിട്ടുണ്ട്. താമസംവിനാ പൂർത്തിയാക്കുന്നതാണ്.

(എഫ്) നിർദ്ദിഷ്ട സ്ഥലമെടുപ്പും യൂട്ടിലിറ്റി ഷിഫ്റ്റിങ്ങും സംബന്ധിച്ച നടപടികളും എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ടെൻഡർ നടപടികളും പൂർത്തിയാക്കിയതിനുശേഷം റോഡ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**കുന്ദമംഗലത്തെ സ്കൂൾ ഓഫ് മാത്തമാറ്റിക്സ്**

50(1635) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള കുന്ദമംഗലത്തെ സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ പുതുതായി ഏതെല്ലാം കോഴ്സുകൾ ആരംഭിക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ക്ലാസ്സുകൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ പ്രസ്തുത സ്ഥാപനത്തിൽ ഒരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ 52-ാം എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായി സംയോജിപ്പിച്ച് ഇന്റഗ്രേറ്റഡ് എം.എസ്.സി.-പി.എച്ച്.ഡി. കോഴ്സ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ ക്ലാസ്സുകൾ നടത്താനുള്ള പരിമിതമായ സൗകര്യങ്ങളുണ്ട്. എന്നാൽ കോഴ്സ് കാര്യക്ഷമമായി നടത്തുന്നതിനായി smart classroom, computer എന്നീ 3 സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. അതോടൊപ്പം വിദ്യാർത്ഥികളുടെ എണ്ണം കൂടുന്നതനുസരിച്ച് അവർക്കാവശ്യമായ ഹോസ്റ്റൽ സൗകര്യങ്ങളും ഒരുക്കേണ്ടതുണ്ട്.

**കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ രൂപീകരിച്ചതിന്റെ ലക്ഷ്യങ്ങൾ**

51(1636) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ രൂപീകരിച്ചതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ;

(ബി) ഈ സ്വതന്ത്ര ശാസ്ത്ര സ്ഥാപനത്തിന്റെ ഭരണഘടനാ പ്രകാരമുള്ള അധികാരികൾ ആരൊക്കെയാണ്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങളിൽ സർക്കാരിന് ഇടപെട്ട് നിർദ്ദേശങ്ങൾ നൽകുവാൻ സാധിക്കില്ലെന്ന് ഹൈക്കോടതിയും സുപ്രീം കോടതിയും വ്യക്തമാക്കിയിട്ടുണ്ടോ; അറിയിക്കാമോ;

(ഡി) കോടതി വിധി ഉണ്ടായിട്ടും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങളിൽ സർക്കാർ ഇടപെട്ട് നിർദ്ദേശങ്ങൾ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ശരിയായ നടപടിയാണോയെന്ന് പരിശോധിക്കുമോ; വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കോടതി വിധി സംബന്ധമായ കാര്യങ്ങളിൽ ശാസ്ത്ര സാങ്കേതിക വകുപ്പ് സംസ്ഥാന നിയമ വകുപ്പിന്റെ അഭിപ്രായം തേടിയിരുന്നോ; എങ്കിൽ അഭിപ്രായം എന്തായിരുന്നുവെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 6-11-2002-ലെ സർക്കാർ ഉത്തരവ് (പി) നം.76/2002/സ്റ്റെഡ് പ്രകാരം രൂപീകൃതമായ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ലക്ഷ്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) മുഖ്യമന്ത്രി പ്രസിഡന്റായ സ്റ്റേറ്റ് കൗൺസിൽ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റി, മെമ്പർ സെക്രട്ടറി

(സി - ഇ) വിവരം ശേഖരിച്ചുവരുന്നു.

**കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ**

52(1637) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് 2016-17, 2017-18, 2018-19, 2019-2020 സാമ്പത്തിക വർഷങ്ങളിൽ പ്ലാൻ ഫണ്ടിൽ എത്ര തുകയാണ് ഓരോ വിഭാഗത്തിലുമായി വകയിരുത്തിയത്; വിശദമാക്കാമോ;

(ബി) ഓരോ സാമ്പത്തിക വർഷവും ഓരോ വിഭാഗത്തിലുമായി എത്ര തുകയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ; 2019-2020 സാമ്പത്തിക

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വർഷത്തിൽ എത്ര തുകയാണ് ഓരോ വിഭാഗത്തിലുമായി ഇതുവരെ നൽകിയതെന്നും എന്നാണ് നൽകിയതെന്നും വ്യക്തമാക്കാമോ; ഫണ്ട് നൽകിയില്ലെങ്കിൽ ആയതിന്റെ കാരണം വിശദീകരിക്കാമോ;

(സി) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഗവേഷക വിദ്യാർത്ഥികളുടെ ഫെല്ലോഷിപ്പ് നൽകുന്നത് തടസ്സപ്പെട്ട വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; തടസ്സപ്പെട്ട ഫെല്ലോഷിപ്പ് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) മുൻകാലങ്ങളിലെ ശാസ്ത്ര ഗവേഷണ പ്രചരണത്തിനായി നടപ്പിലാക്കിയ എത്ര പദ്ധതികൾക്കാണ് പണം നല്കാൻ ബാക്കിയുള്ളത്; ഇതിനായി എത്ര തുകയാണ് വിവിധ സ്ഥാപനങ്ങൾക്ക് നല്കുവാനുള്ളത്; വിശദമാക്കാമോ;

(ഇ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സ്ഥാപനങ്ങളിലെ ഗവേഷണ പദ്ധതികൾ ഫണ്ട് ലഭിക്കാത്തതിനാൽ മുടങ്ങിയിരിക്കുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഫണ്ട് ലഭ്യമല്ലാത്തതിനാൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ഏതെല്ലാം ശാസ്ത്ര പദ്ധതികളാണ് നിർത്തിവെച്ചിരിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് 2016-17, 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിരുന്ന തുകകളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) ഓരോ സാമ്പത്തിക വർഷവും ഓരോ വിഭാഗത്തിലുമായി അനുവദിച്ച തുകയും 2019-2020 സാമ്പത്തിക വർഷത്തിൽ ഓരോ വിഭാഗത്തിലുമായി അനുവദിച്ച തുകയും അനുവദിച്ച തീയതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.* 2019-20 സാമ്പത്തിക വർഷത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(സി) ഗവേഷക വിദ്യാർത്ഥികളുടെ ഫെല്ലോഷിപ്പ് നൽകുന്നത് തടസ്സപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനെത്തുടർന്ന് "കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പദ്ധതികളും പരിപാടികളും" എന്ന പദ്ധതിയുടെ ഘടകങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കണമെന്നും ആയതിന്റെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അടിസ്ഥാനത്തിൽ റിലീസ് ചെയ്ത തുക വിനിയോഗിക്കണമെന്നും വ്യവസ്ഥയോടുകൂടി, 3425-60-200-71(03)-36-പ്ലാൻ എന്ന ശീർഷകത്തിൽനിന്നും ഒന്നാം ഗഡുവായി 5 കോടിരൂപ 14-10-2019-ലെ സർക്കാർ ഉത്തരാവ് (സാധാ) നം.48/2019/ശാ.സാ.വ. പ്രകാരം അനുവദിക്കുകയുണ്ടായി.

(ഡി &ഇ) വിവരം ശേഖരിച്ചുവരുന്നു.

## വൈറോളജി ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണവും പ്രവർത്തനവും

53(1638) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന പകർച്ചവ്യാധികളുടെ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ വൈറോളജി ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണവും പ്രവർത്തനവും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധയിനം വൈറസുകളുടെ പരിശോധനയും ഗവേഷണത്തിനുള്ള സൗകര്യവും പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;

(സി) ഇപ്പോൾ സംസ്ഥാനത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഈ സ്ഥാപനത്തിൽ പൂനെയിലുള്ള ലാബിൽ ലഭ്യമാകുന്നതിനേക്കാൾ മികച്ച പരിശോധന ലഭ്യമാകുമോ എന്ന് വ്യക്തമാക്കാമോ; ഏത് വകുപ്പിന്റെ കീഴിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുക എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ഫേസ് 1A ബിൽഡിംഗിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. യോഗ്യതയുള്ള പരിചയ സമ്പന്നരായ ശാസ്ത്രജ്ഞന്മാരെ നിയമിച്ചും അവശ്യ ഉപകരണങ്ങൾ ക്രമീകരിച്ചും ഈ സ്ഥാപനം പ്രവർത്തനസജ്ജമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വൈറസുകളുടെ ജനുസ്, വൈറസുകളുടെ ജനിതകഘടന, വൈറസ് വാഹികളായിട്ടുള്ള കൊതുകുകൾ, അവയുടെ സംക്രമണരീതികൾ, അവയെ നശിപ്പിക്കുവാനോ പ്രജനനം തടയുവാനോ ഉള്ള പ്രക്രിയകൾ എന്നിവ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ഗവേഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വൈറസ് വാഹികളായിട്ടുള്ള മറ്റ് ജന്തുക്കളും അവയുടെ സംക്രമണരീതികളും മറ്റും പ്രത്യേകപഠന നിരീക്ഷണ വിഷയമായിരിക്കും. കൂടാതെ, വൈറസ് നിർണ്ണയ കിറ്റുകളും വൈറസ് വാക്സിൻ വികസിപ്പിക്കുവാനുള്ള ഗവേഷണങ്ങളും നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ തയ്യാറാക്കിവരുന്നു.

(സി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി രാജ്യാന്തര നിലവാരത്തിലുള്ള ഒരു വൈറസ് ഗവേഷണ/രോഗനിർണ്ണയ സ്ഥാപനമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ സ്ഥാപനം ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലാണ്.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി

54(1639) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി) ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ എല്ലാ വിധ വൈറസ് രോഗ നിർണ്ണയത്തിനും, ഗവേഷണത്തിനും സാധ്യമാണോ?

ഉത്തരം

(എ) സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള വൈറസ് ഗവേഷണത്തിനായി തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി എന്ന സ്ഥാപനം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായ പ്രീ-ഫാബ് ബിൽഡിംഗിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. യോഗ്യരായ ശാസ്ത്രജ്ഞന്മാരെ നിയമിച്ചും അവശ്യ ഉപകരണങ്ങൾ സമാഹരിച്ചും ഈ സ്ഥാപനം പ്രവർത്തന സജ്ജമാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വൈറസുകളുടെ ജനുസ് നിർണ്ണയം, വൈറസുകളുടെ ജനിതകഘടന, വൈറസ് വാഹികളായിട്ടുള്ള കൊതുകുകൾ, അവയുടെ പ്രജനനം, സംക്രമണം, ഉന്മൂലനം എന്നിവ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ഗവേഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വൈറസ് വാഹികളായിട്ടുള്ള മറ്റ് ജന്തുക്കളും അവയിലൂടെയുള്ള വൈറസ് സംക്രമണ രീതികളും മറ്റും പ്രത്യേകപഠന നിരീക്ഷണ വിഷയമായിരിക്കും. കൂടാതെ, വൈറസ് നിർണ്ണയ കിറ്റുകൾ, വൈറസ് വാക്സിൻ എന്നിവ വികസിപ്പിക്കുവാനുള്ള ഗവേഷണങ്ങളും നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ തയ്യാറാക്കിവരുന്നു.

**എസ്.ഇ.ഐ.എ.എ.-യിൽ പാരിസ്ഥിതിക അനുമതി നൽകുന്ന നടപടി**

55(1640) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക അനുമതി നൽകുന്നതിന് വേണ്ടി കേരള സർക്കാരിന് കീഴിൽ പ്രവർത്തിച്ച് വരുന്ന എസ്.ഇ.ഐ.എ.എ.എന്ന സ്ഥാപനത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നത്തിന്റെയും അനുമതി നൽകുന്നതിന്റെയും നടപടിക്രമം വിശദമാക്കാമോ;

(ബി) നിലവിൽ അപേക്ഷകൾ നൽകിയിട്ട് പൂർണ്ണമായും നടപടികൾ സ്വീകരിച്ചവ എത്രയുണ്ട് എന്ന് അറിയിക്കാമോ; ജില്ലാതലത്തിലുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(സി) അനുമതി ഇനിയും ലഭിക്കാത്ത അപേക്ഷകരുടെ വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; അനുമതി നൽകാത്തതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നമുറയ്ക്ക് സ്റ്റേറ്റ് എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുകയും തുടർന്ന് അപേക്ഷകനെ പ്രസന്റേഷന് വിളിക്കുകയും ചെയ്യുന്നു. തുടർന്ന് സ്റ്റേറ്റ് എക്സ്പെർട്ട് അപ്രൈസൽ സബ് കമ്മിറ്റി ക്വാറി തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് വിശദമായ സ്ഥലപരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ട് സ്റ്റേറ്റ് എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റി വീണ്ടും പരിശോധിക്കുകയും അഭിപ്രായം സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയെ അറിയിക്കുകയും ചെയ്യുന്നു. 2006-ലെ എൺവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് നോട്ടിഫിക്കേഷനിലെയും കേന്ദ്ര പരിസ്ഥിതി മന്ത്രാലയം (MoEF & CC) പുറപ്പെടുവിച്ചിട്ടുള്ള വിവിധ ഓഫീസ് മെമ്മോറാണ്ടങ്ങളുടെയും സ്റ്റേറ്റ് എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് അപേക്ഷകളിന്മേൽ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (SEIAA) തീരുമാനം എടുക്കുന്നത്.

(ബി) 892. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) അനുമതി ലഭിക്കാത്ത അപേക്ഷകരുടെ വിശദാംശങ്ങൾ അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു.* സംസ്ഥാനത്തെ 14 ജില്ലകളിലെയും പാരിസ്ഥിതികാനുമതിക്കുള്ള അപേക്ഷകളാണ് SEIAA പരിശോധിക്കുന്നത്. പാരിസ്ഥിതികാനുമതിക്കായി സമർപ്പിച്ച അപേക്ഷകളിന്മേൽ ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ച് പരിശോധന നടത്തി തീരുമാനമെടുക്കുന്നതിനുള്ള കാലതാമസമാണ് ഇക്കാര്യത്തിലുണ്ടായിട്ടുള്ളത്.

## കണ്ണൂർ ജില്ലയിലെ ഇക്കോഗ്രീൻ ബാഗ്സ് കമ്പനി

56(1641) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പിണറായി പഞ്ചായത്തിൽ ഇക്കോഗ്രീൻ ബാഗ്സ് എന്ന കമ്പനിയുടെ ഉടമ ഷംനാസ് പോലീസിന് നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) മണ്ണിൽ അലിയുന്ന ക്യാരിബാഗുകൾ ഉപയോഗിക്കാമെന്ന് പരിസ്ഥിതി വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ; ഈ ഉത്തരവ് ഇപ്പോൾ നിലവിൽ ഉണ്ടോ; ഉത്തരവ് പിൻവലിച്ചിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഉത്തരവ് പിൻവലിച്ചിട്ടില്ലെങ്കിൽ പ്രവാസിയായ ഷംനാസിന്റെ ഇക്കോ ഗ്രീൻ ബാഗ്സ് എന്ന കമ്പനി അടച്ചു പൂട്ടാനും അവിടെ ഉല്പാദിപ്പിക്കുന്ന ക്യാരിബാഗുകൾ ഉപയോഗിക്കുവാൻ പാടില്ല എന്നും അധികാരികൾ നിർദ്ദേശം നൽകിയതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) മണ്ണിൽ അലിയുന്നതും അലിയാത്തതുമായ ക്യാരിബാഗുകൾ തമ്മിൽ വേർതിരിച്ച് അറിയുവാൻ സാധിക്കുന്നില്ല എന്ന കാരണത്താൽ ബാങ്ക് ലോണെടുത്തും വായ്പ വാങ്ങിയും തുടങ്ങിയ കമ്പനി അടച്ചുപൂട്ടാൻ ഉത്തരവ് നൽകിയിട്ടുണ്ടോയെന്നറിയിക്കുമോ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി) മണ്ണിൽ അലിയുന്ന ക്യാരിബാഗുകൾ ഉപയോഗിക്കാമെന്ന് പരിസ്ഥിതി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി & ഡി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തീരദേശ പരിപാലന നിയമം ലംഘിച്ച് പണിത കെട്ടിടങ്ങളുടെ വിശദാംശം

57(1642) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് പണിത കെട്ടിടങ്ങളെ സംബന്ധിച്ച വിശദാംശം സുപ്രീംകോടതിയുടെ നിർദ്ദേശ പ്രകാരം നൽകിയിട്ടുണ്ടോ;

(ബി) എത്ര കെട്ടിടങ്ങളാണ് നിലവിൽ നിയമം ലംഘിച്ച് പണിതതായി കണ്ടെത്തിയിട്ടുള്ളത്;

(സി) 2011-ലെ തീരദേശ പരിപാലന സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിലാണോ പ്രസ്തുത പട്ടിക തയ്യാറാക്കിയത് എന്നറിയിക്കാമോ;

(ഡി) പ്രസ്തുത നിയമത്തിൽ 2019-ൽ വരുത്തിയ ഇളവിന്റെ അടിസ്ഥാനത്തിൽ പുതിയ തീരദേശ പ്ലാനും, ഭൂപടവും തയ്യാറാക്കി കേന്ദ്ര അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് കേന്ദ്ര ഏജൻസിയായ ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തെയാണോ ആശ്രയിക്കുന്നത് എന്നറിയിക്കാമോ;

(എഫ്) ഇവരെ മാത്രം ആശ്രയിക്കുന്നത് കാലതാമസം ഉണ്ടാക്കുമെന്നതിനാൽ മറ്റ് ഏതെങ്കിലും ഏജൻസികളുടെ സഹായം കൂടി ഇക്കാര്യത്തിൽ തേടുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ MA 1808-1809/2019 in C.A. No.4784-4785/2019 കേസ്സിലെ 23-9-2019-ലെ ഉത്തരവിൻപ്രകാരം തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുവാനായി 16-10-2019-ലെ G.O.(Rt) No. 98/2017/Envt. പ്രകാരവും 17-10-2019-ലെ G.O.(Rt) No. 101/2019/Envt. പ്രകാരവും ജില്ലാ കളക്ടർ ചെയർമാനായി 10 തീരദേശ ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) തീരദേശ ജില്ലാ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ സമർപ്പിച്ച റിപ്പോർട്ട് കേരള തീരദേശ പരിപാലന അതോറിറ്റി പരിശോധിച്ചുവരുന്നു.

(സി) 28-2-2019-ന് മുമ്പ് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് 2011-ലെ CRZ വിജ്ഞാപനത്തിലെ വ്യവസ്ഥകളും 1996-ലെ തീരദേശ പരിപാലന പ്ലാനും 28-2-2019-നുശേഷം നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് 2011-ലെ CRZ വിജ്ഞാപനത്തിലെ വ്യവസ്ഥകളും 2011-ലെ തീരദേശ പരിപാലന പ്ലാനും ആയിരിക്കും ബാധകമാവുക.

(ഡി-എഫ്) 2019-ലെ തീരദേശ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-8-2019-ലെ സ.ഉ. (സാധാ) നമ്പർ 80/19/പരി നമ്പർ ഉത്തരവുപ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ (NCESS) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയായിട്ടില്ല. അടിയന്തരമായി പുതിയ പ്ലാൻ തയ്യാറാക്കി അനുമതിക്ക് സമർപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

### കേന്ദ്ര സർക്കാർ വിജ്ഞാപനം അനുസരിച്ചുള്ള തീരദേശ പ്ലാൻ

58(1644) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എം. നൗഷാദ് :

ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ചില കേസുകളിൽ കോടതി സ്വീകരിക്കുന്ന കർശന നിലപാടിന്റെ പശ്ചാത്തലത്തിൽ റാംസർ പട്ടികയിൽപ്പെട്ട വേമ്പനാട്ട് കായൽ ചതുപ്പിൽ സർക്കാർ ഭൂമി കയ്യേറി തീരദേശപരിപാലന നിയമം ലംഘിച്ചുകൊണ്ട് നിർമ്മിച്ച കാപ്പിക്കോ റിസോർട്ട് പൊളിക്കണമെന്ന കോടതിയുത്തരവ് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ടോ;

(ബി) തീരദേശ ജില്ലകളിലെ കളക്ടർമാർ തീരത്ത് നിന്നു നൂറു മീറ്ററിനുള്ളിലുള്ള കെട്ടിടങ്ങളുടെ കണക്കെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്ന് പറയുന്നത് വർഷങ്ങളായി തീരത്ത് വസിക്കുന്നവർക്കിടയിൽ വ്യാപകമായ ആശങ്ക സൃഷ്ടിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ദൂര പരിധിയിൽ കുറവ് വരുത്തിക്കൊണ്ട് 2019 ജനുവരിയിൽ കേന്ദ്രസർക്കാർ പുറത്തിറക്കിയ വിജ്ഞാപനം അനുസരിച്ചുള്ള തീരദേശ പ്ലാൻ തയ്യാറാക്കി കേന്ദ്രസർക്കാരിൽനിന്നും അംഗീകാരം വാങ്ങുന്നതിന് നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 2019-ലെ തീരദേശ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-8-2019-ലെ സ.ഉ. (സാധാ) നമ്പർ 80/19/പരി നമ്പർ ഉത്തരവുപ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ (NCESS) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയായിട്ടില്ല. അടിയന്തരമായി പുതിയ പ്ലാൻ തയ്യാറാക്കി അനുമതിക്ക് സമർപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

## കെ.എ.എസ്. പരീക്ഷയുടെ നടത്തിപ്പ്

59(1645) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷയുടെ പ്രിലിമിനറി പരീക്ഷ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് പി.എസ്.സി.ക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കാസർകോഡ് സിവിൽ പോലീസ് ഓഫീസർ പരീക്ഷയിൽ നടത്തിയ രീതിയിലുള്ള തിരിമറി കെ.എ.എസ് പരീക്ഷയിലും നടത്താതിരിക്കുവാൻ കൈക്കൊണ്ട മുൻകരുതലുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) പി.എസ്.സി. പരീക്ഷകൾ കുറ്റമറ്റതും പഴുതടച്ച രീതിയിലും നടത്തുന്നതിനും അതിന്റെ വിശ്വാസ്യത നിലനിർത്തുന്നതിനും നിലവിലുള്ള സംവിധാനം പര്യാപ്തമാണോ; എങ്കിൽ ഇത് കൂടുതൽ പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) കെ.എ.എസ് പ്രിലിമിനറി പരീക്ഷയുടെ ആറ് ചോദ്യങ്ങൾ, 2001- ലെ പാക്കിസ്ഥാൻ സിവിൽ സർവ്വീസ് പരീക്ഷയുടെ ചോദ്യങ്ങൾ അതേപടി പകർത്തിയതാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; അത് എപ്രകാരം സംഭവിച്ചുവെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പ്രാഥമിക പരീക്ഷ കുറ്റമറ്റ രീതിയിൽ നടത്തുവാൻ സാധിച്ചിട്ടുണ്ട്.

(ബി & സി) പി.എസ്.സി. പരീക്ഷാ നടത്തിപ്പിൽ കാതലായ മാറ്റങ്ങൾ വരുത്തുകയും കൂടുതൽ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന്റെ ഭാഗമായി മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുകയും പരീക്ഷാ കേന്ദ്രത്തിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കുന്നത് കർശനമായി നിരോധിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കെ.എ.എസ്. പ്രാഥമിക പരീക്ഷയിലെ ചോദ്യങ്ങളും ഉത്തരങ്ങളും സംബന്ധിച്ച് ഉദ്യോഗാർത്ഥികൾ സമർപ്പിച്ച പരാതികൾ കമ്മീഷൻ വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് പരിശോധിച്ചുവരികയാണ്. ചോദ്യങ്ങൾ പകർത്തിയതാണെന്ന പരാതികൾ നിലവിൽ ലഭിച്ചിട്ടില്ല. ചോദ്യങ്ങളുടെ ന്യൂനതകൾ സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികളിൽ കമ്മീഷൻ കൈക്കൊള്ളുന്ന തീരുമാനങ്ങൾക്കനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## കെ.എ.എസ്. പരീക്ഷ സംബന്ധിച്ച ആക്ഷേപങ്ങൾ

60(1646) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്. പരീക്ഷ സംബന്ധിച്ച് പി.എസ്.സി.-യുടെ പേരിൽ ചില ആരോപണങ്ങളുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഇവയില്ലാതാക്കാൻ സർക്കാരും പി.എസ്.സി.-യും നടത്തുന്ന തുടർപ്രവർത്തനങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരീക്ഷയുമായി ബന്ധപ്പെട്ട് ആരോപണവിധേയമായ പി.എസ്.സി. പരീക്ഷ പരിശീലനകേന്ദ്രങ്ങൾ, അവരുടെ വാട്സ്അപ് ഗ്രൂപ്പുകൾ, പ്രസ്തുത പരിശീലന കേന്ദ്രങ്ങൾക്ക് പി.എസ്.സി.യുമായുള്ള ബന്ധം, ആയതുവഴി ചോദ്യക്കടലാസുണ്ടാക്കുന്നവരുമായുള്ള ബന്ധം എന്നിങ്ങനെ പി.എസ്.സി.-യുടെ പേരിൽ ഇത്തരം തട്ടിപ്പുകളുണ്ടെങ്കിൽ കുറ്റക്കാരെ കണ്ടെത്തുന്നതിനും മാതൃകാപരമായ ശിക്ഷ ഉറപ്പു വരുത്തുന്നതിനുമായി ഈ സർക്കാർ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) പി.എസ്.സി.-യുടെ വിശ്വാസ്യത ഉറപ്പിക്കാനും കെ.എ.എസ്. പോലുള്ള പരീക്ഷയിലെ ആരോപണങ്ങൾ പരിശോധിച്ച് കർശന നടപടികൾക്കുമായി ഈ സർക്കാർ എന്തെല്ലാം ചെയ്യുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) പൊതുഭരണ സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറിയും ഇപ്പോൾ കേരള സ്റ്റേറ്റ് വെൽഫെയർ കോർപ്പറേഷൻ ഫോർ ഫോർവേഡ് കമ്മ്യൂണിറ്റീസ് ജനറൽ മാനേജരായി ജോലി ചെയ്യുന്ന ശ്രീ. രഞ്ജൻ രാജ് സ്വകാര്യ കോച്ചിംഗ്

സെന്ററുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുവെന്നത് സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയിൽനിന്നും ലഭിച്ച പരാതിയിന്മേൽ പൊതുഭരണ (ബി) വകുപ്പിന്റെ SPL-B2/35/2020/GAD നമ്പർ ഫയലിൽ അദ്ദേഹത്തിൽനിന്ന് വിശദീകരണം ആവശ്യപ്പെടുകയും തുടർന്ന് വിജിലൻസ് വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

19-12-2013 മുതൽ ഇന്ത്യയ്ക്കകത്ത് കൂടുതൽ മെച്ചപ്പെട്ട ജോലി നോക്കുന്നതിനായി കെ.എസ്.ആർ. ഭാഗം I, അപ്പൻഡിക്സ് XII A പ്രകാരം ശൂന്യവേതനാവധി എടുത്തിട്ടുള്ള പൊതുഭരണ വകുപ്പിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ആയ ശ്രീ. ഷിബു കെ. നായർ, പി.എസ്.സി. പരീക്ഷ പരിശീലന കേന്ദ്രങ്ങൾ നടത്തുന്നുവെന്ന ആരോപണം സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയിൽനിന്ന് ലഭിച്ച കുറിപ്പിന്റെ അടിസ്ഥാനത്തിൽ, പൊതുഭരണ (സർവ്വീസസ്-എ) വകുപ്പിന്റെ എസ്.എ.4/50/2020-പൊഭവ. നമ്പർ ഫയൽ വിജിലൻസ് വകുപ്പിന് കൈമാറിയിട്ടുണ്ട്.

## പി.എസ്.സി. പരീക്ഷാ കേന്ദ്രങ്ങളുടെ മറവിൽ ചൂഷണം

61(1647) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷാ പരിശീലന കേന്ദ്രങ്ങളുടെ മറവിൽ നടക്കുന്ന ഉദ്യോഗാർത്ഥി ചൂഷണം അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(ബി) ഇത്തരം പരീക്ഷാ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് കർശന മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ &ബി) ഈ വിഷയം വിജിലൻസ് അന്വേഷിച്ചുവരുന്നു.

## പി.എസ്.സി. വഴി നിയമനം ലഭിച്ചവരുടെ എണ്ണം

62(1648) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാർ പി.എസ്.സി. മുഖാന്തരം എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്നും നിലവിലുള്ള സർക്കാർ പി.എസ്.സി. മുഖാന്തരം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

മുൻ സർക്കാരും നിലവിലുള്ള സർക്കാരും പി.എസ്.സി. മുഖാന്തരം നടത്തിയ നിയമനങ്ങളുടെ തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ മൂവായിരത്തിലധികം പേജുകൾ ഉള്ളതിനാൽ സി.ഡി.രൂപത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പി.എസ്.സി. മുഖാന്തരം നടത്തിയ നിയമനങ്ങൾ

63(1649) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പി.എസ്.സി മുഖാന്തരം സംസ്ഥാനത്ത് നടത്തിയ നിയമനങ്ങളുടെ വിശദവിവരം വകുപ്പുകൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന-ജില്ലാതല നിയമനങ്ങളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(സി) ജില്ലാതലത്തിൽ നടന്ന നിയമനങ്ങൾ വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരമേറ്റശേഷം പി.എസ്.സി. മുഖാന്തരം സംസ്ഥാനത്ത് നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ 1400-ൽ അധികം പേജുകൾ വരുന്നതിനാൽ സി.ഡി.രൂപത്തിൽ അനുബന്ധമായി ചേർക്കുന്നു.*

## പി.എസ്.സി. മുഖാന്തരമുള്ള നിയമന നടപടി

64(1650) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾക്ക് പി.എസ്.സി. അഡ്വൈസ് അയയ്ക്കുന്നതിൽ കാലതാമസം വരുത്തുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം വേഗത്തിലാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(ബി) വിവിധ വകുപ്പുകളിലെ തസ്തികകൾ പുനർ വിന്യാസം നടത്തുന്നതു സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിൽ ഏതെല്ലാം തസ്തികകളിലേക്കുള്ള പുനർവിന്യാസമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇത് പി.എസ്.സി.യിൽ നിന്നുള്ള നിയമനങ്ങളെ എത്രത്തോളം ബാധിക്കുന്നു എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ആശ്രിത നിയമനത്തിനായി ഒഴിവുകളുടെ അഞ്ച് ശതമാനം നീക്കി വയ്ക്കണമെന്ന വ്യവസ്ഥ മിക്ക വകുപ്പുകളും ലംഘിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം വകുപ്പുകൾക്കെതിരെ നിയമ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.എസ്.സി. മുഖേനയുള്ള നിയമന ശിപാർശയ്ക്കായി വിവിധ വകുപ്പുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ റാങ്ക് പട്ടിക നിലവിലുള്ള സാഹചര്യത്തിൽ സാങ്കേതികമോ കോടതി നടപടികൾ മൂലമുള്ളതോ ആയ തടസ്സങ്ങൾ ഇല്ലാത്തപക്ഷം നടപടിക്രമങ്ങൾ പാലിക്കുന്നതിനുള്ള സ്വാഭാവിക സമയക്രമം പാലിച്ച് കഴിയുന്നത്ര വേഗത്തിൽ പി.എസ്.സി. നിയമന ശിപാർശ നൽകിവരുന്നു.

(ബി) ഇല്ല.

(സി) ഒഴിവുകൾ നീക്കിവയ്ക്കണമെന്ന് വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് പി.എസ്.സി. വഴി നികത്തപ്പെടേണ്ട ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുതപരിശോധന നടത്തി റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യിക്കുവാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## പി.എസ്.സി. നിയമനത്തിനുള്ള കുറഞ്ഞ പ്രായപരിധി

65(1651) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിവിധ തസ്തികകളിൽ പൊതുനിയമനത്തിന് വിജ്ഞാപനം പ്രസിദ്ധീകരിക്കുമ്പോൾ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത നേടേണ്ടത് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയുടെ അടിസ്ഥാനത്തിലാണോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ പ്രായപരിധി യോഗ്യതയുടെ ഗണത്തിൽ ഉൾപ്പെടുമോയെന്ന് വ്യക്തമാക്കുമോ;

(സി) ആർ. ചന്ദന എന്ന ഉദ്യോഗാർത്ഥി ഫയൽ ചെയ്ത OP(KAT) No.22 OF 2020 കേസിൽ 22-1-2020 ന് കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായ പ്രകാരം ഉദ്യോഗാർത്ഥികളുടെ കുറഞ്ഞ പ്രായം കണക്കാക്കുന്നതിന് വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന വർഷം ജനുവരി ഒന്ന് അടിസ്ഥാനമാക്കുന്നതോടൊപ്പം ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാനതീയതിയും മാനദണ്ഡമാക്കി പ്രായപരിധി വ്യവസ്ഥ ഭേദഗതി ചെയ്ത് അടിയന്തര ഉത്തരവ് പുറപ്പെടുവിക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) അതെ.

(ബി) അപേക്ഷ സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഒരു മാനദണ്ഡമാണ് പ്രായപരിധി.

(സി) പരിശോധിച്ചുവരുന്നു.

## പി.എസ്.സി.-ക്ക് വിട്ട തസ്തികകളിൽ നിയമനം നടത്താൻ കഴിയാത്ത സാഹചര്യം

66(1652) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> :
<u>ശ്രീ. പി. കെ.ബഷീർ</u> :
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കാത്തതിനാലും ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്താത്തതിനാലും പി.എസ്.സി.-ക്ക് വിട്ട ചില തസ്തികകളിൽ നിയമനങ്ങൾ നടത്താൻ കഴിയാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ചട്ടങ്ങൾ രൂപീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. വിശേഷാൽ ചട്ടങ്ങൾ അടിയന്തരമായി രൂപീകരിക്കുവാൻ എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ചട്ടങ്ങൾ രൂപീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന വകുപ്പ് മേധാവികൾ/ സ്ഥാപന മേധാവികൾ, ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഭരണ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഭാഷാ ന്യൂനപക്ഷങ്ങൾക്കായുള്ള സ്കൂളുകളിൽ പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ

67(1653) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭാഷാ ന്യൂനപക്ഷങ്ങൾക്കായുള്ള സ്കൂളുകളിൽ പി.എസ്.സി. മുഖേന അദ്ധ്യാപക നിയമനങ്ങൾ നടത്തുമ്പോൾ പ്രസ്തുത നിയമനങ്ങൾ ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽനിന്നും മാത്രമായി നിജപ്പെടുത്തുന്നതിന് നിലവിലുള്ള ഏതൊക്കെ ചട്ടങ്ങളിലാണ് മാറ്റം വരുത്തേണ്ടതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഭാഗത്തിൽപ്പെട്ടവരുടെ ഭാഷ കൈകാര്യം ചെയ്യാനാകാത്തവർ ഭാഷാ ന്യൂനപക്ഷങ്ങൾക്കായുള്ള സ്കൂളുകളിൽ നിയമനം നേടുന്നത് തടയാൻ നിലവിലുള്ള ചട്ടങ്ങളിൽ വ്യവസ്ഥയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പി.എസ്.സി നിയമനത്തിൽ നിലനിൽക്കുന്ന ഈ അനൗചിത്യം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് നമ്പർ (അച്ചടി)166/2016/പൊ.വി.വ. തീയതി 30-9-2016 പ്രകാരം ഭാഷാ ന്യൂനപക്ഷ തസ്തികകളിലെ ഉദ്യോഗാർത്ഥികളുടെ യോഗ്യത പുനഃനിർണ്ണയിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) തമിഴ്/കന്നഡ മീഡിയം സ്കൂളുകളിൽ HSA (core subjects) തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നവർക്ക് ഭാഷാ പരിജ്ഞാനം ഉറപ്പാക്കുന്നതിനുള്ള

വ്യവസ്ഥകൾ ഉൾപ്പെടുത്തി G.O.(P) No.166/2016/G.Edn. തീയതി 30-9-2016 ഉത്തരവ് പുറപ്പെടുവിക്കുകയും ടി വ്യവസ്ഥകൾ ഉൾപ്പെടുത്തി വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 30-9-2016-ലെ G.O.(P) No.166/2016/G.Edn. പ്രകാരം ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ്. ഡിഗ്രിക്കൊപ്പം ഒന്നാം ഭാഷയോ രണ്ടാം ഭാഷയോ തമിഴ്/കന്നഡ പഠിച്ച് എസ്.എസ്.എൽ.സി. പാസായവർക്കോ, തമിഴ്/കന്നഡ ഭാഷയിൽ ബിരുദം/ബിരുദാനന്തര ബിരുദം നേടിയവർക്കോ മാത്രമേ ടി തസ്തികയിൽ പി.എസ്.സി. നിയമിക്കുന്നതിന് പരിഗണിക്കുകയുള്ളൂ.

മേൽ സാഹചര്യത്തിൽ പുതുക്കിയ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഹൈസ്കൂൾ ടീച്ചർമാരുടെ നിയമനം നടപ്പിലാക്കിവരുമ്പോൾ ഇത്തരം പ്രശ്നങ്ങൾ ഭാവിയിൽ ഉണ്ടാകുവാൻ ഇടയില്ല എന്നും നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും ഭാഷാപ്രാവീണ്യമില്ലാത്ത അദ്ധ്യാപകരോ, തമിഴ്/കന്നഡ നോയിങ് മറ്റ് തസ്തികകളിൽ ബന്ധപ്പെട്ട ഭാഷ അറിയാത്ത ഉദ്യോഗാർത്ഥികളോ ആണ് നിയമിതരാകുന്നതെങ്കിൽ ടി അദ്ധ്യാപകരെ/ഉദ്യോഗസ്ഥരെ കണ്ടെത്തി അവർക്ക് കന്നഡ/തമിഴ് ഭാഷ പ്രാവീണ്യം ആർജ്ജിക്കുന്നതിനുള്ള ട്രെയിനിംഗ് നൽകി അവരെ കന്നഡ/തമിഴ് ഭാഷയിൽ അദ്ധ്യാപനം നടത്തുവാൻ/ജോലി ചെയ്യുവാൻ പ്രാപ്തരാക്കുവാൻവേണ്ട നടപടി സ്വീകരിച്ചുവരികയാണ്.

## ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത നടപടി

68(1654) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം എല്ലാ വകുപ്പുകളിലും ദ്രുതപരിശോധന നടത്തി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) 2019-ൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഇപ്രകാരം നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജീവനക്കാർ വിരമിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സി.-യെ അറിയിക്കണമെന്ന് എല്ലാ വകുപ്പുമേധാവികൾക്കും കർശന നിർദ്ദേശം നൽകി വരുന്നുണ്ടെങ്കിലും ചില സർക്കാർ ഓഫീസുകളിൽ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത്തരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലേയ്ക്കായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും പ്രധാന ആഫീസുകളിലും ഡയറക്ടറേറ്റുകളിലും അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ പരിശോധന നടത്തുകയും ടി കാലയളവിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി & സി) വിവിധ വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ട വകുപ്പുമേധാവികൾക്ക് കാലാകാലം നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി

69(1655) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉൾപ്പെടെയുള്ള സേനകളുടെ തസ്തികകളിൽ നിയമിക്കപ്പെടുന്നതിന് പി.എസ്.സി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഒരു വർഷമായി നിജപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ ഏതെല്ലാം വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗസ്ഥർക്കായുള്ള റാങ്ക് ലിസ്റ്റ് കാലാവധിയാണ് ഒരു വർഷമായി ചുരുക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഇത്തരമൊരു തീരുമാനമെടുക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളെ ഈ തീരുമാനം പ്രയാസപ്പെടുത്തുന്നതായ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ ഒരു പുനരാലോചനക്ക് തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ട്രെയിനിംഗ് കോഴ്സിനുശേഷം നിയമനം നൽകുന്ന തസ്തികകളുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിജപ്പെടുത്തിയിട്ടുണ്ട്.

## സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ്

70(1657) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 653/2017 സിവിൽ പോലീസ് ഓഫീസർ (വുമൺ പോലീസ് കോൺസ്റ്റബിൾ) നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) നിലവിൽ ഈ തസ്തികയിലെ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) കായിക ക്ഷമതാപരീക്ഷ, ഒറ്റത്തവണ പ്രമാണ പരിശോധന എന്നിവ പൂർത്തിയായിട്ടുണ്ട്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

(സി) 364 (മുന്നൂറ്റി അറുപത്തി നാല്) ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## മൂന്നാം ഗ്രേഡ് ഓവർസിയർ/ട്രേസർ തസ്തികയിലെ നിയമനം

71(1658) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാം ഗ്രേഡ് ഓവർസീയർ/ട്രേസർ (പൊതുമരാമത്ത്/ ജലസേചനം) തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഏതെങ്കിലും കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കേസിന്റെ നമ്പർ ഉൾപ്പെടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലെ നിയമനത്തിനായി എത്ര ഒഴിവുകൾ നാളിതുവരെ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇവയിൽ എത്ര എൻ.ജെ.ഡി ഒഴിവുകളുണ്ടെന്നും അവയുടെ പൊതുവിഭാഗം, സംവരണവിഭാഗം എന്നിങ്ങനെ തിരിച്ചുള്ള വിവരവും ലഭ്യമാക്കാമോ?

ഉത്തരം

(എ) മൂന്നാം ഗ്രേഡ് ഓവർസിയർ/ട്രേസർ (പൊതുമരാമത്ത് വകുപ്പ്/ ജലസേചനം) തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ആകെ ഒൻപത് കേസ്സുകൾ നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പൊതുമരാമത്ത് വകുപ്പ്

(i) ഒ.എ. നമ്പർ 2157/18- ശ്രീ. ഷിജിത്ത് പി.കെ. ഫയൽ ചെയ്തത്

(ii) ഒ.എ. നമ്പർ 1689/18- ശ്രീമതി സുജാത പി.കെ. ഫയൽ ചെയ്തത്

(iii) ഒ.എ. നമ്പർ 705/19- ശ്രീമതി പുഷ്പലീല എം.ജി. ഫയൽ ചെയ്തത്

ജലസേചന വകുപ്പ്

(iv) ഒ.എ. നമ്പർ 1927/2018 -ശ്രീ. ശ്രീകാന്ത് എസ്. മുതൽപേർ ഫയൽ ചെയ്തത്

(v) ഒ.എ.(ഇ.കെ.എം.) നമ്പർ 1891/2018 ശ്രീ. റോബി ഫ്രാൻസിസ് മുതൽ പേർ ഫയൽ ചെയ്തത്

(vi) ഒ.എ. നമ്പർ 1897/2018- ശ്രീ. സന്തോഷ് വി.റ്റി. മുതൽ പേർ ഫയൽ ചെയ്തത്

(vii) ഒ.എ. നമ്പർ 1889/2018- ശ്രീമതി ശ്രീല എസ്.എ. മുതൽ പേർ ഫയൽ ചെയ്തത്

(viii) ഒ.എ.(ഇ.കെ.എം.) നമ്പർ 2120/2018- ശ്രീ. ഹരിദാസ് പി.എസ്. മുതൽ പേർ ഫയൽ ചെയ്തത്

(ix) ഒ.എ. നമ്പർ 2265/2018- ശ്രീമതി വിനിത ഒ.വി. ഫയൽ ചെയ്തത്

(ബി) പ്രസ്തുത തസ്തികയിലെ നിയമനത്തിനായി നാളിതുവരെ പൊതുമരാമത്ത് വകുപ്പിൽനിന്നും 1980 ഒഴിവുകളും ജലസേചന വകുപ്പിൽനിന്നും 21 ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ പൊതുമരാമത്ത് വകുപ്പിൽ ഉണ്ടായിരുന്ന 505 എൻ.ജെ.ഡി. ഒഴിവുകളിൽ 230 ഒഴിവുകൾ പൊതുവിഭാഗത്തിലും 275 ഒഴിവുകൾ സംവരണ വിഭാഗത്തിലും ഉള്ളവയാണ്. ജലസേചന വകുപ്പിലുണ്ടായിരുന്ന 17 എൻ.ജെ.ഡി. ഒഴിവുകളിൽ 15 ഒഴിവുകൾ പൊതുവിഭാഗത്തിലും 2 ഒഴിവുകൾ സംവരണ വിഭാഗത്തിലും ഉള്ളവയാണ്.

## സിവിൽ പോലീസ് ഓഫീസർമാരുടെ നിയമനം

72(1659) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ പി.എസ്.സി. നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ എത്രയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽനിന്നും ബൈ ട്രാൻസ്ഫർ വഴിയാണ് നിയമനം നടത്തുന്നത്. ഇത്തരത്തിൽ ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ തസ്തികയിലുണ്ടാകുന്ന ഒഴിവുകളാണ് നിയമനത്തിനായി കേരള പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത്. അത്തരത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിന്റെ ബറ്റാലിയൻ തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| യൂണിറ്റ് | റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം |
|---|---|
| എം.എസ്.പി. | 626 |
| എസ്.എ.പി. | 867 |
| കെ.എ.പി.1 | 396 |
| കെ.എ.പി.2 | 756 |
| കെ.എ.പി.3 | 581 |
| കെ.എ.പി.4 | 462 |
| കെ.എ.പി.5 | 268 |

(ബി) റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ കെ.എ.പി. ഒന്നാം ബറ്റാലിയനിൽ 67 നിയമന ശിപാർശകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. കെ.എ.പി.5-ാം ബറ്റാലിയനിലേയ്ക്ക് നിയമന ശിപാർശകൾ ഒന്നും ലഭിച്ചിട്ടില്ല. നിയമന നടപടിക്രമങ്ങൾ പൂർത്തിയാക്കിയവയിൽ പരിശീലനം ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാന പോലീസ് സേനയിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽനിന്നും ബൈ ട്രാൻസ്ഫർ നിയമനമാണ് നടത്തുന്നത്. സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് മേൽ പ്രകാരം നേരിട്ടുള്ള നിയമനം നടത്തുന്നില്ല.

## സിവിൽ എക്സൈസ് ഓഫീസർ റാങ്ക് ലിസ്റ്റ്

73(1660) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ എക്സൈസ് ഓഫീസർ (പുരുഷൻമാർ) റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് രണ്ട് വർഷമായിട്ടും ആവശ്യമായ നിയമനങ്ങൾ നടന്നിട്ടില്ലെന്ന വസ്തുത സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടും ജീവനക്കാരുടെ അപര്യാപ്തതമൂലം പ്രയാസപ്പെടുന്ന എക്സൈസ് വകുപ്പിൽ നിയമനങ്ങൾ നടത്താത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും പ്രസ്തുത ഓഫീസർമാരെ നിയമിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി & സി) എക്സൈസ് വകുപ്പിലുണ്ടാകുന്ന ഒഴിവുകൾ എല്ലാംതന്നെ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും റാങ്ക് ലിസ്റ്റിൽനിന്നും യഥാസമയം നിയമനം നടത്തിവരികയും ചെയ്യുന്നു.

## ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ

74(1661) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് ജില്ല, വകുപ്പ് തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തവ എത്ര എന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഏതൊക്കെ ജില്ലകളിലാണ് റാങ്ക് ലിസ്റ്റ് നിലവിലുള്ളതെന്നും അതിൽ എത്രപേർക്ക് ഇതുവരെ നിയമനം നൽകി എന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി&സി) വിവിധ ജില്ലകളിൽനിന്നും ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് തസ്തികയിലേയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത നിലവിലുള്ള ഒഴിവുകളുടെ എണ്ണം, നിയമന ശിപാർശയുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു.

| ജില്ല | ഒഴിവുകളുടെ എണ്ണം | നിയമന ശിപാർശ നൽകിയ ഉദ്യോഗാർത്ഥികളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 85 | 383 |
| കൊല്ലം | 11 | 292 |
| ആലപ്പുഴ | 11 | 218 |
| പത്തനംതിട്ട | 17 | 176 |
| കോട്ടയം | - | 185 |
| എറണാകുളം | 33 | 347 |
| ഇടുക്കി | 5 | 206 |
| തൃശ്ശൂർ | 19 | 320 |
| പാലക്കാട് | 17 | 315 |
| മലപ്പുറം | 18 | 364 |
| കോഴിക്കോട് | 12 | 395 |
| വയനാട് | 6 | 138 |
| കണ്ണൂർ | 12 | 265 |
| കാസർഗോഡ് | 18 | 191 |

## മലപ്പുറം ജില്ലയിലെ എൽ.ഡി.സി. നിയമന ശിപാർശ

75(1662) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എൽ.ഡി.സി (ലോവർ ഡിവിഷൻ ക്ലാർക്ക്) തസ്തികയിലേയ്ക്ക് പി.എസ്.സി. വഴി 2016 ജനുവരി മുതൽ നൽകിയ നിയമന ശിപാർശകൾ എത്രയെന്ന് അറിയിക്കാമോ;

(ബി) വിദ്യാഭ്യാസം, ആരോഗ്യം, പോലീസ്, വി.എച്ച്.എസ്.ഇ., ഹയർസെക്കണ്ടറി തുടങ്ങിയ വകുപ്പുകളിൽ 2016 ജനുവരി മുതൽ എത്ര എൽ.ഡി.സി. ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തതെന്ന് അറിയിക്കാമോ;

(സി വിവിധ ജില്ലകളിൽ 2016 ജനുവരി മുതൽ പി.എസ്.സി. ശിപാർശ ചെയ്ത എൽ.ഡി.സി.-മാരുടെ എണ്ണം ലഭ്യമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിൽ എൽ.ഡി.സി.മാരുടെ നിയമന ശിപാർശ മറ്റ് ജില്ലകളെ അപേക്ഷിച്ച് കുറവാണെന്ന ആക്ഷേപം പരിശോധിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 1575 (ആയിരത്തി അഞ്ഞൂറ്റി എഴുപത്തി അഞ്ച്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി)

| വകുപ്പ് | ഒഴിവുകളുടെ എണ്ണം |
|---|---|
| വിദ്യാഭ്യാസം | 105 |
| ആരോഗ്യം | 93 |
| പോലീസ് | 14 |
| വി.എച്ച്.എസ്.ഇ. | 5 |
| ഹയർ സെക്കണ്ടറി | 10 |

(സി)

| ജില്ല | നിയമന ശിപാർശകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 1837 |
| കൊല്ലം | 1063 |
| ആലപ്പുഴ | 944 |
| പത്തനംതിട്ട | 739 |
| കോട്ടയം | 1045 |
| എറണാകുളം | 1387 |
| ഇടുക്കി | 855 |
| തൃശ്ശൂർ | 1430 |
| പാലക്കാട് | 1260 |
| മലപ്പുറം | 1575 |
| കോഴിക്കോട് | 1428 |
| വയനാട് | 488 |
| കണ്ണൂർ | 1206 |
| കാസർഗോഡ് | 462 |

(ഡി) തിരുവനന്തപുരം ജില്ല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ നിയമന ശിപാർശ നൽകിയിട്ടുള്ളത് മലപ്പുറം ജില്ലയിലാണ്. അതിനാൽ ആക്ഷേപത്തിന് പ്രസക്തിയില്ല.

## ബിവറേജസ് കോർപ്പറേഷനിലെ എൽ.ഡി. ക്ലാർക്ക് തസ്തികയുടെ റാങ്ക് ലിസ്റ്റ്

76(1663) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

22-2-2016-ൽ ബിവറേജസ് കോർപ്പറേഷനിലെ എൽ.ഡി ക്ലർക്ക് തസ്തികയിലേക്ക് പി.എസ്.സി. നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് ഇതിനകം നിയമനം നൽകിയെന്ന് അറിയിക്കാമോ?

ഉത്തരം

റാങ്ക് ലിസ്റ്റ് 3-6-2019-ന് നിലവിൽ വന്നു. 313 (മുന്നൂറ്റി പതിമൂന്ന്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുണ്ട്.

## അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേയ്ക്കുളള പി.എസ്.സി. റാങ്ക് ലിസ്റ്റ്

77(1664) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽനിന്നും എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് എന്നത്തേയ്ക്ക് നിയമന ഉത്തരവ് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ 24-10-2019 ലെ അപ്പോയ്മെന്റ് ചാർട്ടിൽ ക്രമനമ്പർ പതിനാറ് ആയി ഒ.ബി.സി. സംവരണത്തിന് ഒരൊഴിവ് മാറ്റി വച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ ഒരൊഴിവ് ഒഴിച്ചിടാനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയിൽ നിയമന ഉത്തരവ് നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും ഒ.ബി.സി. വിഭാഗത്തിൽ നിയമനം തടസ്സപ്പെടുത്തുന്നതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ; മതിയായ രേഖകളില്ലാതെ ഒ.ബി.സി. വിഭാഗത്തിൽ ആരെങ്കിലും പ്രസ്തുത റാങ്ക് ലിസ്റ്റിൽ കടന്ന് കൂടിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) ഈ തസ്തികയിലേയ്ക്കുള്ള നിയമന നടപടികൾ എന്നത്തേയ്ക്ക് പുനഃരാരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 27 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്.

(സി-ഇ) അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയുടെ റാങ്ക് പട്ടികയിൽനിന്നും നിയമന ശിപാർശയ്ക്കായി 24-10-2019-ന് അംഗീകരിച്ച റൊട്ടേഷനിൽ ഉൾപ്പെട്ട OBC വിഭാഗത്തിന്റെ ഒരൊഴിവ് മാറ്റിവച്ചിരുന്നു. പി.എസ്.സി. നടത്തിയ പരീക്ഷയ്ക്ക് ഹാജരാക്കിയ തിരിച്ചറിയൽ പത്രികയിൽ കൃത്രിമം കാണിച്ചു എന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എല്ലാ തെരഞ്ഞെടുപ്പുകളിലും പങ്കെടുക്കുന്നതിൽനിന്നും അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയുടെ റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥിയെ സ്ഥിരമായി വിലക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉദ്യോഗാർത്ഥിയെ വിലക്ക് നിലവിൽ വരുന്നതിനുമുമ്പ് നടന്ന തെരഞ്ഞെടുപ്പിൽ അയോഗ്യരാക്കുകയോ റാങ്ക് പട്ടികയിൽനിന്ന് നീക്കം ചെയ്യുകയോ ചെയ്യേണ്ടതില്ലെന്ന് ഉത്തരവായിട്ടുണ്ട്.

(എഫ്) പി.എസ്.സി.-യിൽനിന്ന് നിയമന ശിപാർശ ലഭ്യമായാൽ ഉടൻതന്നെ നിയമന നടപടികൾ ആരംഭിക്കുന്നതാണ്.

## കാറ്റഗറി നമ്പർ 613/2012-ന്റെ റാങ്ക് ലിസ്റ്റ് കാലാവധി

78(1665) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേൾവിക്കുറവുള്ളവർക്കായി സർക്കാർ/കമ്പനി/കോർപ്പറേഷൻ/ ബോർഡ് എന്നിവിടങ്ങളിൽ അസിസ്റ്റന്റ്/ക്ലർക്ക് തസ്തികയിൽ എൻ.സി.എ വിജ്ഞാപനപ്രകാരം (കാറ്റഗറി നമ്പർ 613/2012) 2017-ൽ നിലവിൽ വന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപായി പുതിയ വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 58 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) റാങ്ക് പട്ടികയുടെ കാലാവധി 7-2-2020-ന് അവസാനിച്ചു.

(സി) റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) പരിഗണനയിലില്ല.

## ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് -III തസ്തികയുടെ ഉത്തര സൂചിക

79(1666) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി 20-11-2019-ന് നടത്തിയ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-III തസ്തികയിലേയ്ക്ക് (കാറ്റഗറി നമ്പർ -085/2018) നടത്തിയ പരീക്ഷയുടെ ഫൈനൽ ആൻസർ കീ പ്രസിദ്ധീകരിച്ചതിന് ശേഷം ഫൈനൽ ആൻസർ കീ (റിവൈസ്ഡ്) പ്രസിദ്ധീകരിക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരീക്ഷയുടെ ഫൈനൽ ആൻസർ കീ, ഫൈനൽ ആൻസർ കീ (റിവൈസ്ഡ്) എന്നിവ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ച പി.എസ്.സി യുടെ ഓഫീസ് ഏതാണെന്നും ആയതിന്റെ ഫയൽ നമ്പറുകളും ലഭ്യമാക്കാമോ; പ്രസ്തുത ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് III തസ്തികയിലേയ്ക്ക് പ്രസിദ്ധീകരിച്ച അന്തിമ ഉത്തരസൂചികയെ സംബന്ധിച്ച് ഒരു കൂട്ടം ഉദ്യോഗാർത്ഥികൾ പരാതി സമർപ്പിച്ചതിനെത്തുടർന്ന് ആയത് കമ്മീഷൻ പരിശോധിക്കുകയും തുടർന്ന് ടി വിഷയത്തിൽ ബന്ധപ്പെട്ട വിഷയ വിദഗ്ദ്ധർ ലഭ്യമാക്കിയ opinion/Remarks-ന്റെ അടിസ്ഥാനത്തിലാണ് ടി തസ്തികയുടെ പുതുക്കിയ അന്തിമ ഉത്തര സൂചിക കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ചത്.

(ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽനിന്നാണ് അന്തിമ ഉത്തരസൂചിക തയ്യാറാക്കുന്നത് സംബന്ധിച്ച നടപടികൾ കൈക്കൊള്ളുന്നത്. രഹസ്യ സ്വഭാവമുള്ള വിഷയമായതിനാൽ മറ്റ് വിവരം ലഭ്യമാക്കുവാൻ നിർവ്വാഹമില്ല എന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

## എസ്.സി./എസ്.ടി. സ്പെഷ്യൽ റിക്രൂട്ട്മെന്റ്

80(1667) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി/എസ്.ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം ലഭിച്ച തസ്തികയിൽനിന്നും ആരെങ്കിലും ജോലി രാജി വയ്ക്കുകയോ ഏതെങ്കിലും വിധത്തിൽ ജോലിയിൽനിന്നും പിരിഞ്ഞ് പോകുകയോ ചെയ്താൽ എസ്.സി/എസ്.ടി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് റാങ്ക് ലിസ്റ്റ് നിലനിൽക്കുന്നിടത്തോളം പ്രസ്തുത വേക്കൻസി സ്പെഷ്യൽ ആയി തന്നെ പി.എസ്.സി.-യെ അറിയിക്കണം എന്ന G.O. (MS)268/92/GAD dated 15-7-1992 പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര വകുപ്പിൽ ഇത്തരത്തിൽ നിയമനം നടന്നുവെന്ന് തസ്തിക തിരിച്ചും വകുപ്പ് തിരിച്ചും അറിയിക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം തസ്തികകളിൽ നിയമനം നടത്തിയിട്ടില്ല എന്നും ഈ തസ്തികകൾ ഇപ്പോഴും ഒഴിഞ്ഞ് കിടക്കുകയാണോ എന്നും വ്യക്തമാക്കാമോ;

(സി) ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിൽ അസിസ്റ്റന്റ് മറൈൻ തസ്തികയിൽ ഇത്തരത്തിൽ വേക്കൻസി യഥാസമയം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാത്തത് കാരണം ശ്രീ. സനീഷ് എന്ന വ്യക്തിക്ക് അവസരം നഷ്ടമായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഉദ്യോഗസ്ഥരുടെ അനാസ്ഥ കാരണം ഒരു ഉദ്യോഗാർത്ഥിക്ക് ജോലി നഷ്ടമായതിന് എന്ത് പരിഹാര നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) പ്രസ്തുത വിഷയം പരിശോധിച്ച് ബന്ധപ്പെട്ടവർക്കെതിരെ ഉചിതമായ അച്ചടക്കനടപടി സ്വീകരിക്കുവാൻ ഭരണ വകുപ്പായ മത്സ്യബന്ധനവും തുറമുഖവും വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## എസ്.സി./എസ്.ടി. വിഭാഗക്കാർക്കായി തസ്തികകൾ

81(1669) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം എത്ര തസ്തികകൾ എസ്.സി./എസ്.റ്റി. വിഭാഗക്കാർക്കായി മാത്രം റിസർവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വകുപ്പ്, തസ്തിക തിരിച്ച് ഉത്തരവുകളുടെ പകർപ്പ് സഹിതം ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ റിസർവ് ചെയ്ത തസ്തികകളിൽ എത്ര എണ്ണത്തിൽ നിയമനം നടന്നുവെന്ന് വകുപ്പ്, തസ്തിക തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം 107 ഗസറ്റഡ് തസ്തികകളും 1508 നോൺ ഗസറ്റഡ് തസ്തികകളും 67 ലാസ്റ്റ് ഗ്രേഡ് തസ്തികകളും എസ്.സി./എസ്.ടി. വിഭാഗക്കാർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമനം നടത്തുന്നതിനായി സംവരണം ചെയ്യുകയുണ്ടായി. ആയതിന്റെ വിശദാംശങ്ങളും ഉത്തരവുകളും അനുബന്ധം I, II ആയി ചേർത്തിട്ടുണ്ട്.*

(ബി) വിവരം ശേഖരിച്ചുവരുന്നു.

## സർക്കാർ സർവ്വീസിൽ എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ പ്രാതിനിധ്യം

82(1670) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി. / എസ്.ടി. ഉദ്യോഗാർത്ഥികളുടെ നിയമനം സംബന്ധിച്ച 1978-ലെ G.O.(MS) 594/78/Fin/dt.29-7-1978 എന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ കാലയളവിൽ എത്ര തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടെന്ന് വകുപ്പും തസ്തികയും തിരിച്ച് വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കി എസ്.സി/എസ്.ടി വിഭാഗങ്ങളുടെ പ്രാതിനിധ്യം സർക്കാർ സർവ്വീസിൽ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉത്തരവിൽ പറയുന്ന പ്രകാരം നടപടി സ്വീകരിക്കാത്ത വകുപ്പ് മേധാവികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് 6-11-2019-ൽ ഇസിബി1/69/2019/ പൊഭവ. നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ്

83(1671) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഏതെല്ലാം തസ്തികകളാണ് പുതിയതായി ഉൾപ്പെടുത്തിയത്; വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) പുതിയതായി ഉൾപ്പെടുത്തിയ തസ്തികകൾക്ക് ശമ്പള സ്കെയിൽ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തസ്തിക തിരിച്ച് ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സെക്രട്ടേറിയറ്റ് സർവ്വീസിലെ പാർട്ട് ടൈം ഫുൾ ടൈം ജീവനക്കാർക്ക് ഏതെല്ലാം തസ്തികകളിൽ ബൈ ട്രാൻസ്ഫർ മുഖേനയുള്ള നിയമനത്തിന് അർഹതയുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) 3-2-2016-ലെ ജി.ഒ.(പി) നമ്പർ 8/2016/പൊഭവ നമ്പർ സർക്കാർ ഉത്തരവ് (എസ്.ആർ.ഒ. നമ്പർ 107/2016 വിജ്ഞാപനം) പ്രകാരം ചുവടെ പറയുന്ന തസ്തികകളിൽ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. മോട്ടോർ സൈക്കിൾ ഓർഡർലി

2. ക്ലറിക്കൽ അസിസ്റ്റന്റ്

3. ബൈൻഡർ
4. ലിഫ്റ്റ് ഓപ്പറേറ്റർ
5. ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ
6. അറ്റൻഡർ
7. നോട്ടം
8. ഓഫീസ് അറ്റൻഡന്റ്

(ബി) ജി.ഒ.(പി) നം.8/2016/പൊഭവ നമ്പർ സർക്കാർ ഉത്തരവിന്റെ (എസ്.ആർ.ഒ. നമ്പർ 107/2016 വിജ്ഞാപനം) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) തസ്തികകളുടെ ശമ്പള സ്കെയിൽ സംബന്ധിച്ച വിവരം ചുവടെ നൽകുന്നു.

1. മോട്ടോർ സൈക്കിൾ ഓർഡർലി (20000-45800)
2. ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II (19000-43600)
   ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I (20000-45800)
3. ബൈൻഡർ ഗ്രേഡ് II (19000-43600)
   ബൈൻഡർ ഗ്രേഡ് I (20000-45800)
4. ലിഫ്റ്റ് ഓപ്പറേറ്റർ (18000-41500)
5. ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ (18000-41500)
6. അറ്റൻഡർ (17500-39500)
   അറ്റൻഡർ ഹയർ ഗ്രേഡ് (18000-41500)
7. നോട്ടം (17500-39500)
8. ഓഫീസ് അറ്റൻഡന്റ് (16500-35700)

(ഡി) സെക്രട്ടേറിയറ്റിലെ ഫുൾടൈം ജീവനക്കാർക്ക് കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന ബൈൻഡർ, ലിഫ്റ്റ് ഓപ്പറേറ്റർ, ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ തസ്തികകളിലേയ്ക്ക് തസ്തികമാറ്റം ലഭിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള യോഗ്യത ആർജ്ജിക്കുന്നപക്ഷം തസ്തികമാറ്റം വഴി നിയമനത്തിന് അപേക്ഷിക്കാൻ സാധിക്കും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ആശ്രിത നിയമന അപേക്ഷയിൽ സ്വീകരിച്ച നടപടി**

84(1672) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ ജോലി ചെയ്യവെ 27-2-2008-ൽ മരണമടഞ്ഞ ജെയിംസ് എം.എസ്.(CPO K. 6382)-ന്റെ ആശ്രിതനായ ജെറിൻ ജെയിംസിന് ആശ്രിത നിയമന വ്യവസ്ഥയിൽ നിയമനം നൽകുന്നത് സംബന്ധിച്ചുള്ള അപേക്ഷയിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ശ്രീ.ജെറിൻ ജെയിംസിന്റെ അപേക്ഷ ഇപ്പോൾ ആരുടെ പക്കലാണ്; ഈ ഫയൽ സർക്കാരിലേക്ക് എത്തിയിട്ടുണ്ടോ എന്നറിയിക്കാമോ; എങ്കിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഫയൽ നമ്പരും ആയതിന്റെ കമ്പ്യൂട്ടർ നമ്പർ/റസീപ്റ്റ് നമ്പർ ലഭ്യമാക്കാമോ?

ഉത്തരം

(എ& ബി) സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം മരണസമയത്ത് മൈനറായിട്ടുള്ള ആശ്രിതന്, 18 വയസ് പൂർത്തിയായി മൂന്ന് വർഷത്തിനകമാണ് ആശ്രിതനിയമന അപേക്ഷ സമർപ്പിക്കുവാനുള്ള സമയപരിധി അനുവദിച്ചിരിക്കുന്നത്. പോലീസ് വകുപ്പിൽ ജോലി ചെയ്യവേ 27-2-2008-ൽ മരണമടഞ്ഞ ജെയിംസ് എം.എസ്. (CPO K 6382)-ന്റെ മകനും 7-3-1999 ജനനതീയതിയുമായിട്ടുള്ള ശ്രീ. ജെറിൻ ജെയിംസ് സമർപ്പിച്ച ആശ്രിതനിയമന അപേക്ഷ 4313026 എന്ന റസീപ്റ്റ് നമ്പരിൽ 6-3-2020 തീയതിയിൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

**ആശ്രിത നിയമനത്തിനായുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി**

85(1673) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമന പ്രകാരം ജോലിയ്ക്ക് അപേക്ഷിച്ചിട്ടും ഇതുവരെയും ജോലി ലഭിക്കാത്ത എത്ര പേരുണ്ടെന്നും അവർക്ക് ജോലി നൽകുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പേർക്ക് ആശ്രിത നിയമനം നൽകി; പൊതു ഭരണ സി.ഇ. സെല്ലിലെ സീനിയോറിറ്റി പട്ടികയിലുള്ളവർക്ക് കാലതാമസം കൂടാതെ ജോലി നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(സി) ആശ്രിത നിയമനത്തിനായി ലഭിക്കുന്ന അപേക്ഷ തീർപ്പ് കല്പിക്കുന്നതിന് കാലതാമസം നേരിടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ- സി) വിവരം ശേഖരിച്ചുവരുന്നു.

**ഐ.ടി. മേഖല വിപുലീകരിക്കുന്നതിന് പദ്ധതി**

86(1674) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ശാസ്ത്ര സാങ്കേതിക ഗവേഷണ വികസന സ്ഥാപനങ്ങളെയും, സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി. മിഷനെയും സമാന സ്ഥാപനങ്ങളെയും, ഐ.ടി. മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റിതര സ്ഥാപനങ്ങളെയും കൂട്ടിയിണക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എല്ലാ ജില്ലകളിലും ഇവയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വിവിധ ശാസ്ത്ര സാങ്കേതിക ഗവേഷണ വികസന സ്ഥാപനങ്ങളെയും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ശാസ്ത്രജ്ഞരെയും ഇന്നവേറ്റർമാരെയും വിദ്യാർത്ഥികളെയും സ്റ്റാർട്ടപ്പുകളെയും തമ്മിൽ ബന്ധിപ്പിച്ച് ഗവേഷണങ്ങളിലൂടെ വികസിപ്പിക്കുന്ന സാങ്കേതിക വിദ്യകളെ വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കാൻ സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള വിവിധ സ്ഥാപനങ്ങളെയും വ്യക്തികളെയും ബന്ധിപ്പിക്കുന്നതിനുള്ള ഒരു പ്ലാറ്റ്ഫോം, റിസർച്ച് ഇന്നവേഷൻ നെറ്റ്‌വർക്ക് കേരള (RINK), C-DAC-മായി ബന്ധപ്പെട്ട് വികസിപ്പിച്ചിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളെയും വ്യക്തികളെയും ഇതിലൂടെ ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) പദ്ധതി സംസ്ഥാനതലത്തിലാണ് നടപ്പാക്കുന്നത്.

## കെ-ഫോൺ പദ്ധതി

87(1675) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി സി. കെ. ആശ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യും കെ.എസ്.ഐ.റ്റി.ഐ.എൽ.ഉം ചേർന്ന് കമ്പനിയുണ്ടാക്കി വീടുകൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും ഫൈബർ നെറ്റ് വർക്ക് മുഖേന അതിവേഗ ബ്രോഡ് ബാന്റ് കണക്ടിവിറ്റി ലഭ്യമാക്കുന്ന കെ-ഫോൺ (കേരള ഫൈബർ ഓപ്റ്റിക് നെറ്റ് വർക്ക്) പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളെ ഒരേ നെറ്റ് വർക്കിൽ കൊണ്ടുവരുന്നതിനുള്ള കെ.എസ്.ഡബ്ല്യു.എ.എൻ.(കേരള സ്റ്റേറ്റ് വൈഡ് ഏര്യാ നെറ്റ് വർക്ക്)ന്റെ പുരോഗതി വിശദീകരിക്കുമോ; ഈ പദ്ധതി മുഖേനയുള്ള നേട്ടങ്ങൾ അറിയിക്കുമോ;

(സി) പൊതുജനത്തിന് നിശ്ചിത ഇടങ്ങളിൽ സൗജന്യ വൈഫൈ സൗകര്യം ലഭ്യമാക്കുന്നത് ഏതൊക്കെ രീതിയിൽ പ്രയോജനകരമാകും എന്നത് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കെ-ഫോൺ പദ്ധതി പ്രാവർത്തികമാകുന്നതുവഴി ഡിജിറ്റൽ ഭരണ സംവിധാനത്തിലൂടെ സർക്കാർ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമായി ലഭ്യമാക്കുന്നതിന് സാധിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ (കെ.എസ്.ഇ.ബി.) വൈദ്യുതി തൂണുകളെ ഉപയോഗപ്പെടുത്തി വീടുകൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും ഫൈബർ നെറ്റ്‌വർക്ക് മുഖേന അതിവേഗ ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ ഉദ്ദേശിക്കുന്ന കേരള ഫൈബർ ഓപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി കെ.എസ്.ഇ.ബി.-യും കെ.എസ്.ഐ.റ്റി. ഐ.എൽ.-ഉം സംസ്ഥാന സർക്കാരും ചേർന്ന് 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് ലിമിറ്റഡ്' എന്ന പേരിൽ ഒരു ജോയിന്റ് വെൻച്വർ കമ്പനി രൂപീകരിക്കുകയും പ്രസ്തുത കമ്പനിയെ സഹായിക്കുന്നതിന് പ്രൈസ് വാട്ടർഹൗസ് കൂപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് (M/s Pricewaterhouse Coopers Pvt. Ltd.) എന്ന കമ്പനിയെ പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായി നിയോഗിക്കുകയും

ചെയ്തിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിനെ തെരഞ്ഞെടുത്തിട്ടുമുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്റർ (NOC) സജ്ജമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ എറണാകുളം ജില്ലയിലെ ഇൻഫോപാർക്കിലും ഡിസാസ്റ്റർ റിക്കവറി സെന്ററിന്റെ പ്രവർത്തനങ്ങൾ തിരുവനന്തപുരത്തും പുരോഗമിച്ചുവരുന്നു.

പ്രാരംഭഘട്ടമായി പരുത്തിപ്പാറ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ മുതൽ ടെക്നോപാർക്ക് സ്റ്റേറ്റ് ഡാറ്റാ സെന്റർ വരെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നത് പൂർത്തീകരിച്ചിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ സംസ്ഥാന സർക്കാർ ഓഫീസുകളിലേയ്ക്കുള്ള കണക്ടിവിറ്റിക്കുവേണ്ടി ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നത് പുരോഗമിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ 14 ജില്ലകളിലെ എൺപതോളം കെ.എസ്.ഇ.ബി. സബ് സ്റ്റേഷനുകളിൽ ഐ.ടി. ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായുള്ള പ്രീഫാബ് ഷെൽട്ടറുകളുടെ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

(ബി) സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളെ ഒരേ നെറ്റ്‌വർക്കിൽ കൊണ്ടുവരുന്നതിനുള്ള കേരള സ്റ്റേറ്റ് വൈഡ് ഏര്യാ നെറ്റ്‌വർക്ക് (കെ.എസ്.ഡബ്ല്യു.എ.എൻ.) പദ്ധതി പ്രകാരം നിലവിൽ 3600-ഓളം സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് നെറ്റ്‌വർക്ക് കണക്ടിവിറ്റി നൽകുവാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഡാറ്റാ സെന്ററുകളെ 14 ജില്ലാ ആസ്ഥാനങ്ങളുമായും 152 ബ്ലോക്ക്, 63 മിനി സിവിൽ സ്റ്റേഷൻ ആസ്ഥാനങ്ങളുമായും ബന്ധിപ്പിക്കുന്നത് കെ.എസ്.ഡബ്ല്യു.എ.എൻ.-ലൂടെയാണ്. ഇൻട്രാനെറ്റ് ശൃംഖല ആയതിനാൽ വേഗതയുള്ളതും സുരക്ഷിതവുമായ കണക്ടിവിറ്റി നൽകാൻ സാധിക്കുന്നു. വിവിധ സർക്കാർ വകുപ്പുകൾ അവയുടെ വെബ് അധിഷ്ഠിത സേവനങ്ങൾ ഈ നെറ്റ്‌വർക്ക് ഉപയോഗപ്പെടുത്തിയാണ് നൽകുന്നത്.

(സി) സംസ്ഥാന സർക്കാർ നടപ്പാക്കുന്ന സൗജന്യ വൈ-ഫൈ പദ്ധതിയായ 'കെ-ഫൈ' യിലൂടെ 2000 ഹോട്ട് സ്പോട്ടുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. വിവരസാങ്കേതിക വിദ്യയുടെ ഗുണഫലങ്ങളും വിവിധ ഇന്റർനെറ്റ് അധിഷ്ഠിത സർക്കാർ സേവനങ്ങളും വിവരങ്ങളും അനുബന്ധകാര്യങ്ങളും തികച്ചും സുതാര്യവും അനായാസവുമായി ജനങ്ങൾക്ക് ലഭ്യമാക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പൊതുജനങ്ങൾക്ക് ദിവസേന 1 GB സൗജന്യ ഇന്റർനെറ്റ് സേവനം വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ മുഖേന ലഭ്യമാകുന്നതാണ്. സർക്കാരിന്റെ

വിവിധ ഓൺലൈൻ സേവനങ്ങൾ, മൊബൈൽ ആപ്ലിക്കേഷനുകൾ എന്നിവ ഈ ഹോട്ട്സ്പോട്ടുകൾ മുഖേന ലഭ്യമാകുന്നു.

(ഡി) സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ശക്തവും കാര്യക്ഷമവും ആക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കെ-ഫോൺ. സുശക്തമായ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സംസ്ഥാനത്താകെ സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. സംസ്ഥാനത്തെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 20 ലക്ഷത്തോളം കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ലഭ്യമാക്കുന്നതിനുപുറമെ മുപ്പതിനായിരത്തോളം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും ഇടതടവില്ലാതെ ഇന്റർനെറ്റ് സേവനം നൽകുന്നതിനും ഈ പദ്ധതി സഹായകരമാകുന്നതാണ്. സർക്കാരിന്റെ വിവിധ ഓൺലൈൻ സേവനങ്ങളായ (ഇ-സേവനങ്ങൾ) ഇ-ഹെൽത്ത്, ഇ-എഡ്യൂക്കേഷൻ തുടങ്ങിയവയ്ക്ക് കൂടുതൽ ബാൻഡ്‌വിഡ്ത്ത് നൽകി കാര്യക്ഷമത വർദ്ധിപ്പിക്കാൻ കെ-ഫോൺ പദ്ധതി സഹായകരമാകുന്നതാണ്.

**അക്ഷയ കേന്ദ്രങ്ങൾ അമിത ഫീസ് ഈടാക്കുന്നത് തടയുന്നതിന് നടപടി**

88(1676) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില അക്ഷയ കേന്ദ്രങ്ങൾ അമിത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ അക്ഷയ കേന്ദ്രങ്ങളിലെ സേവനങ്ങൾക്കുള്ള ഏകീകൃത നിരക്കുകൾ നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) അമിത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നടപടികൾ എടുക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. അക്ഷയ കേന്ദ്രങ്ങളിലൂടെ നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജുകൾ സ.ഉ.(അച്ചടി) നമ്പർ 3/2018/വിസവ., തീയതി 9-5-2018 പ്രകാരം ഏകീകരിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകിത്തുടങ്ങിയ റേഷൻ കാർഡ് സംബന്ധമായ സേവനങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജ് സ.ഉ.(കൈ) നമ്പർ 21/2018/വിസവ. തീയതി 20-8-2018, സ.ഉ.(എം.എസ്.) നമ്പർ 9/2020/വിസവ. തീയതി 24-2-2020 എന്നീ ഉത്തരവുകൾ പ്രകാരവും നിശ്ചയിച്ചു നൽകിയിട്ടുണ്ട്.

(സി) അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനും അന്വേഷിച്ച് ശിക്ഷാനടപടികളുൾപ്പെടെ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർ, അക്ഷയ ഡയറക്ടർ, സർക്കാർ തലങ്ങളിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്.

## ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം

89(1677) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിലെ പരീക്ഷാ ഫീസ് സ്വീകരിയ്ക്കുന്നതിൽനിന്നും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളെ വിലക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം അറിയിക്കുമോ;

(ബി) സർവ്വകലാശാലാ വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായിരുന്ന പ്രസ്തുത സൗകര്യം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് തീരുമാനപ്രകാരം സർവ്വകലാശാലയിലെ വിവിധ സേവനങ്ങൾക്കായുള്ള ഫീസ് അടയ്ക്കുന്നത് 10-8-2019 മുതൽ സർവ്വകലാശാല കമ്പ്യൂട്ടർ സെന്റർ/ഓൺലൈൻ പേയ്മെന്റ് സംവിധാനം മുഖേനയോ ബാങ്ക് വഴിയോ മാത്രമാക്കി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള സർവ്വകലാശാല ഫീസുകൾ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ മുഖേന സ്വീകരിക്കുന്നത് നിർത്തിവച്ചിരിക്കുകയാണ്.

(ബി) കേരള സർവ്വകലാശാലയിലെ വിവിധ സേവനങ്ങൾക്കായുള്ള ഫീസ് സ്വീകരിക്കുന്നതിന് ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളെയും കേരള സർവ്വകലാശാലയെയും സമന്വയിപ്പിച്ചുകൊണ്ടുള്ള പുതിയ സോഫ്റ്റ്‌വെയർ രൂപകല്പന ചെയ്തിട്ടുണ്ട്. ആയത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) ഉണ്ട്. ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എല്ലാ ഫ്രണ്ട്സ് കേന്ദ്രങ്ങളിലും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജോലി ക്രമീകരണ വ്യവസ്ഥയിൽ വിവിധ വകുപ്പുകളിൽനിന്നും ജീവനക്കാരെ ലഭിക്കുന്നതിലുള്ള കുറവ് പരിഹരിക്കുന്നതിനായി വിരമിച്ച സർക്കാർ ജീവനക്കാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾവഴി സേവനം നൽകുന്ന വകുപ്പുകളുടെ വെബ് സർവ്വീസ് ലഭ്യമാകാതെ വരുന്ന ഘട്ടങ്ങളിൽ അതാത് വകുപ്പുകളുമായി ബന്ധപ്പെട്ട് എത്രയുംവേഗം പരിഹരിക്കുന്നതിനുള്ള സംവിധാനവും സജ്ജമാക്കിയിട്ടുണ്ട്.

(ഡി) നിലവിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾവഴി വിവിധ വകുപ്പുകളുടെ 16 ഇനം സേവനങ്ങളാണ് നൽകിവരുന്നത്. മോട്ടോർ വെൽഫെയർ ഫണ്ട് ബോർഡിന്റെ അംശദായം ഉൾപ്പെടെയുള്ള പുതിയ സേവനങ്ങൾ ഫ്രണ്ട്സ് മുഖാന്തരം ശേഖരിക്കാനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് വിവിധ ക്ഷേമനിധി ബോർഡുകളുടെ അംശദായങ്ങൾ ഫ്രണ്ട്സ് കേന്ദ്രങ്ങൾവഴി സ്വീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ പുതിയ മാതൃകയിലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി ഇപ്പോൾ നൽകിവരുന്ന സേവനങ്ങൾക്കുപുറമെ ഇ-ഡിസ്ട്രിക്ട്, മറ്റ് വിവിധ വകുപ്പുകളുടെ സേവനങ്ങൾ തുടങ്ങിയവകൂടി ഉൾപ്പെടുത്തി ഫ്രണ്ട്സ് കേന്ദ്രങ്ങളെ ജില്ലയിലെ ഐ.ടി. ഹെൽപിംഗ് ഹബ് ആയി മാറ്റുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നുണ്ട്.

**ആലത്തൂർ താലൂക്കിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ**

90(1678) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിലെ എത്ര കേന്ദ്രങ്ങളിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ആലത്തൂർ താലൂക്കിലെ ആയക്കാട്, മണപ്പാടം വില്ലേജ് ഓഫീസിന് സമീപം, ചൂലനൂർ, കളപ്പെട്ടി, പന്നിയങ്കര, തെക്കുമുറി എന്നീ ആറ് ലൊക്കേഷനുകളിലാണ് പുതിയ അക്ഷയ കേന്ദ്രങ്ങൾക്കുള്ള അപേക്ഷ ലഭിച്ചിട്ടുള്ളത്.

(ബി) അപേക്ഷകളിന്മേലുള്ള സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. സംരംഭക തെരഞ്ഞെടുപ്പിനുള്ള ഓൺലൈൻ പരീക്ഷയ്ക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഐ.റ്റി. മേഖലയിലെ വികസനം

91(1679) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.റ്റി. മേഖലയിൽ മാത്രമായി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തൊക്കെ കാര്യങ്ങൾ ആണ് നടപ്പാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എല്ലാ ജില്ലയിലും ഐ.റ്റി. പാർക്കുകൾ സ്ഥാപിക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനം എത്ര ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ബാക്കിയുള്ള ജില്ലകളിൽ ഐ.റ്റി. പാർക്കുകൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗവൺമെന്റ് ഐ.ടി. പാർക്കുകളിലെ 296 കമ്പനികളിലായി പുതിയതായി ഏകദേശം 22,710 പ്രത്യക്ഷമായും അതിന്റെ മൂന്നിരട്ടി പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഐ.ടി. മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പാർക്കുകളിൽ പശ്ചാത്തല സൗകര്യ വികസനങ്ങളും നിലവിലുള്ള സൗകര്യങ്ങളുടെ വിപുലീകരണവും നടപ്പിലാക്കിവരുന്നു.

തിരുവനന്തപുരം ടെക്നോസിറ്റിയിലെ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിന്റെ ഭാഗമായി 11 KV/31 KV കേബിളുകൾ, RMU വൈദ്യുതി സംവിധാനം എന്നിവയുൾപ്പെടെ നടപ്പിലാക്കിവരുന്നു. വൈദ്യുതി-ജല സംവിധാനത്തിനുള്ള പ്രവർത്തനങ്ങളുടെ ഏകദേശം 70 ശതമാനം ഇതിനോടകം പൂർത്തിയായിട്ടുണ്ട്. ടെക്നോസിറ്റിയിൽ കിഫ്ബി ഫണ്ടിംഗോടുകൂടി കെ.എസ്.ഐ.ടി.ഐ.എൽ. നിർമ്മിക്കുന്ന 2 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിലുള്ള ഐ.ടി. കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ പൂർത്തിയാക്കി ഐ.ടി. സംരംഭങ്ങൾ ആരംഭിക്കും. ഒന്നാം ഘട്ടത്തിൽ ബ്രിഗേഡ് ഗ്രൂപ്പ്, കാർണിവൽ എന്നീ കമ്പനികൾ മൂന്നാം ഘട്ടത്തിൽ ടോറസ് ഗ്രൂപ്പിന്റെ ഐ.ടി./നോൺ ഐ.ടി. വ്യവസായ സംരംഭങ്ങൾ, VSSC-യുടെ സ്പെയ്സ് സയൻസ് പാർക്ക്, ബ്രിഗേഡ് ഗ്രൂപ്പിന്റെ വേൾഡ് ട്രേഡ് സെന്റർ, നിസ്സാൻ ഡിജിറ്റൽ എന്നിവ വരുംവർഷങ്ങളിൽ ആരംഭിക്കുന്ന പുതിയ പദ്ധതികളാണ്.

കൊച്ചി ഇൻഫോപാർക്കിൽ കേരള ഐ.ടി. വ്യവസായ വ്യാപനത്തിന്റെ ഭാഗമായി നേരിട്ടും ഉപസംരംഭകരായ നിക്ഷേപകരുടെയും സഹകരണത്തോടുകൂടി ഇതിനോടകം 80 ലക്ഷം ചതുരശ്ര അടി ഐ.ടി. സ്പെയ്സുകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഡാറ്റാ ബാങ്ക് രംഗത്ത് പ്രവർത്തിക്കുന്ന പൈ ഡാറ്റാ സെന്റർ എന്ന കമ്പനി ഇൻഫോപാർക്കിൽ ഇതിനോടകം നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടിട്ടുണ്ട്. ഇതുകൂടാതെ ചേർത്തല ഇൻഫോ പാർക്കിൽ ഡാറ്റ ബാങ്ക് കമ്പനിയായ റാക്ക് ബാങ്ക് നിക്ഷേപം നടത്താനുള്ള പ്രാരംഭ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

കോഴിക്കോട് സൈബർ പാർക്കിന്റെ 2.88 ലക്ഷം ചതുരശ്ര അടിയുള്ള ആദ്യ ഐ.ടി. ബിൽഡിംഗിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സൈബർ പാർക്കിൽ 12300 ചതുരശ്ര സ്പേസ് മൊബൈൽ ഇൻകുബേഷനുവേണ്ടി നൽകിയിട്ടുണ്ട്.

(സി & ഡി) ആലപ്പുഴ, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയുണ്ടായി. എന്നാൽ ഐ.ടി. മേഖലയിൽ പൊതുവേ നഗര കേന്ദ്രീകൃത സ്വഭാവം നിലനിൽക്കുന്ന പ്രവണതയാണുള്ളത്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഐ.ടി. പാർക്ക് ആരംഭിച്ച് വിജയകരമായി മുന്നോട്ടുപോകുന്നതിന് പരിമിതികളുണ്ട്. ഐ.ടി. പാർക്കുകളുടെ വികസനം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സാമീപ്യം, പ്രദേശത്തെ വളരെ ഉയർന്ന ജീവിത നിലവാരത്തിന് തക്കവിധമുള്ള സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾ എന്നിവ പോലുള്ള ഉപരിഘടകങ്ങളേയും ആശ്രയിച്ചാണിരിക്കുന്നത്. ഇത്തരം സ്ഥലങ്ങളിൽ ഐ.ടി. പാർക്ക് ആരംഭിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിന് പരിമിതികളുണ്ട്.

## റീബിൽഡ് കേരള പദ്ധതിയിലെ കോതമംഗലം മണ്ഡലത്തിലെ പ്രവൃത്തികൾ

92(1680) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര നവകേരള നിർമ്മിതിക്കായി രൂപീകരിച്ചിട്ടുള്ള റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിൽ എന്തെങ്കിലും പ്രവൃത്തികൾ നടന്നു വരുന്നുണ്ടോ;

(ബി) എങ്കിൽ ഓരോ പ്രവൃത്തിയും ഏതാണെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണെന്നും അറിയിക്കാമോ;

(സി) മണ്ഡലത്തിൽ റീ ബിൽഡ് കേരളയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) റീബിൽഡ് കേരള പദ്ധതിയിൽ നിയോജകമണ്ഡലാടി സ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ഫിഷറീസ് വകുപ്പ്, ഗതാഗത വകുപ്പ്, ജലവിഭവ വകുപ്പ്, പരിസ്ഥിതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ്, വിവരസാങ്കേതിക വകുപ്പ് തുടങ്ങിയ വകുപ്പുകളുടേതായി 2151 കോടിരൂപ ചെലവുവരുന്ന വിവിധ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽ 1134 കോടിരൂപ ചെലവ് വരുന്ന പദ്ധതികൾക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

ഇത്തരത്തിൽ അംഗീകരിക്കപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിന്റെ റോഡുകളിൽ കോതമംഗലം മണ്ഡലത്തിലെ മണികണ്ഠച്ചാൽ-വെള്ളാരംകുത്ത് റോഡ് ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള പുനഃസൃഷ്ടിക്കുള്ള വിദേശധനസഹായം ലഭ്യമാക്കൽ**

93(1681) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം ദുരിതത്തിലാഴ്ത്തിയ കേരളത്തെ പുനഃസൃഷ്ടിക്കാൻ ഏതൊക്കെ വിദേശ രാജ്യങ്ങളിൽനിന്നും സഹായം ലഭിച്ചു എന്നറിയിക്കാമോ;

(ബി) വിദേശഫണ്ട് സ്വീകരിക്കുന്നതിന് എന്തൊക്കെ തടസ്സങ്ങളാണ് നേരിടുന്നത് എന്നറിയിക്കാമോ;

(സി) പ്രളയം തകർത്ത കേരളത്തിന്റെ പുനഃസൃഷ്ടിക്ക് കൂടുതൽ വിദേശ സഹായം ലഭ്യമാക്കുന്നതിനും നവകേരള നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഏതെങ്കിലും വിദേശ രാജ്യത്തുനിന്ന് കേരളത്തിലെ പ്രളയവുമായി ബന്ധപ്പെട്ട സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല. അതേസമയം, ലോക ബാങ്കിൽനിന്ന് വികസന നയവായ്പ ലഭിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽനിന്ന് സഹായം സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്.

(സി) ലോകബാങ്കിൽനിന്ന് വികസന നയവായ്പയുടെ ആദ്യഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി) രൂപ ലഭിച്ചിട്ടുണ്ട്. പ്രസ്തുത വായ്പയുടെ രണ്ടാം ഗഡുവും ജർമ്മൻ ബാങ്കായ കെ.എഫ്.ഡബ്ല്യു.-വിൽനിന്നുള്ള വായ്പയും സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഇത്തരത്തിൽ മുന്നൂറ്റി അമ്പതോളം മില്ല്യൺ ഡോളർ സഹായം ലഭിക്കുമെന്നാണ് കരുതുന്നത്.

കേരള പുനർനിർമ്മാണത്തിന് കൂടുതൽ സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ അന്താരാഷ്ട്ര, ദേശീയ തലങ്ങളിലുള്ള വിവിധ ഏജൻസികളെ പങ്കെടുപ്പിച്ചുകൊണ്ട് വികസന കോൺക്ലേവ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് 2019 ജൂലൈയിൽ സംഘടിപ്പിച്ചു. കോൺക്ലേവിൽ വച്ച് കേരളത്തെ വികസന പങ്കാളിയായി ലോകബാങ്ക് പ്രഖ്യാപിക്കുകയുണ്ടായി. പുനർനിർമ്മാണ പരിപാടി കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കുന്നതിനായി 'നമ്മൾ നമുക്കായി' എന്ന വിപുലമായ ജനസമ്പർക്ക പരിപാടി നടപ്പിലാക്കിവരുന്നു.

കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് പല നടപടിക്രമങ്ങളും ലളിതമാക്കിയിട്ടുണ്ട്. പദ്ധതികൾ റീബിൽഡ് കേരളയുടെ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ ശിപാർശയോടെ നേരിട്ട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര സമിതിയിൽ അവതരിപ്പിക്കുകയും സമിതി ശിപാർശ ചെയ്യുന്നവയ്ക്ക് മന്ത്രിസഭയുടെ അംഗീകാരത്തോടെ ഭരണാനുമതി നൽകുകയുമാണ് ചെയ്യുന്നത്. മിക്കവാറും എല്ലാമാസവും ഉന്നതാധികാര സമിതി ചേരുന്നതിനാൽ കാലവിളംബം കൂടാതെ പദ്ധതികൾ അംഗീകരിക്കുന്നതിന് സാധിക്കുന്നു.

പദ്ധതികൾക്ക് ഭരണാനുമതി നൽകുന്ന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി മന്ത്രിസഭായോഗം തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതും ഉന്നതാധികാര സമിതിയുടെ പരിശോധനയ്ക്ക് വിധേയമായിട്ടുള്ളതുമായ വിവിധ വകുപ്പുകളുടെ പദ്ധതി നിർദ്ദേശങ്ങളിൽ, സാങ്കേതിക അനുമതി ആവശ്യമില്ലാത്തതോ 10 കോടിരൂപയിൽ താഴെ മാത്രം ചെലവ് വരുന്നതോ ആയ പദ്ധതി നിർദ്ദേശങ്ങൾക്ക് ഭരണാനുമതി നൽകുന്നതിന് വകുപ്പ് സെക്രട്ടറിമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുന്നുണ്ട്. മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഉപദേശകസമിതിയുടെ യോഗങ്ങൾക്കുപുറമേ മുഖ്യമന്ത്രി പ്രത്യേക വിലയിരുത്തൽ യോഗങ്ങളും നടത്താറുണ്ട്. ആർ.കെ.ഐ. ഏറ്റെടുക്കുന്ന പ്രധാന പദ്ധതികൾ സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സെക്രട്ടറിതല യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## പ്രളയ ദുരിതാശ്വാസം വകമാറ്റി ചെലവഴിക്കൽ

94(1682) <u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരിതാശ്വാസം വകമാറ്റി ചെലവഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ഉയർന്നു വന്നിട്ടുള്ള വ്യാപക പരാതികൾ അന്വേഷിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) എറണാകുളം ജില്ലാ കളക്ടേറ്റിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ യൂസർനെയിമും പാസ്സ് വേഡും ഉപയോഗിച്ച് തുക വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച വിഷയം അന്വേഷിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കുറ്റക്കാർക്കെതിരെ എന്ത് അച്ചടക്ക നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പ്രളയ ദുരിതാശ്വാസം ഇനിയും ലഭിക്കാത്ത അർഹരായവർക്ക് ധനസഹായം എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പ്രളയ ധനസഹായം അർഹമല്ലാത്തവർക്ക് നൽകിയതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിൽ അന്വേഷണം നടന്നുവരുന്നു.

(ബി) തുക വകമാറ്റി ചെലവഴിച്ചതുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് തൃക്കാക്കരയുടേയും ക്രൈംബ്രാഞ്ചിന്റേയും നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നു. ഇതുമായി ബന്ധപ്പെട്ട് ആരോപണം നേരിടുന്ന സെക്ഷൻ ക്ലാർക്കിനെ സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) പ്രളയ ദുരിതാശ്വാസം അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രളയദുരിതാശ്വാസ വിതരണം പുരോഗമിച്ചുവരുന്നു.

**നവകേരള കർമ്മ പദ്ധതിയുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളം**

95(1683) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ഹരിത കേരള മിഷൻ, ആർദ്രം മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ് മിഷൻ എന്നിവയിൽ ഓരോന്നിലും നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്; അവരിൽ കരാർ/താല്ക്കാലിക നിയമനത്തിൽ ജോലി ചെയ്യുന്നവർ എത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ഓരോ മിഷനിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം/ഓണറേറിയം ഇനത്തിൽ 31-1-2020 വരെ എന്ത് തുക ചെലവഴിച്ചു;

(സി) ഹരിത മിഷൻ ഉപാദ്ധ്യക്ഷക്ക് ശമ്പളയിനത്തിലും മറ്റിനത്തിലും ഇതിനകം എന്ത് തുക ചെവഴിച്ചു;

(ഡി) നവകേരള കർമ്മ പദ്ധതി കോ-ഓർഡിനേറ്റർക്ക് ശമ്പളയിനത്തിലും മറ്റിനത്തിലും ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ഹരിതകേരളം മിഷൻ, ആർദ്രം മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ് മിഷൻ എന്നിവയിൽ ഓരോന്നിലും കരാർ/താൽക്കാലിക അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

<u>ഹരിതകേരളം മിഷൻ</u>

ആകെ ജീവനക്കാർ - 34

കരാർ/താൽക്കാലിക ജീവനക്കാർ - 9

<u>ആർദ്രം മിഷൻ</u>

കരാർ ജീവനക്കാർ - 1

<u>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മിഷൻ</u>

ആകെ ജീവനക്കാർ - 24 പേർ

ദിവസവേതന ജീവനക്കാർ - 4

കാഷ്വൽ സ്വീപ്പർ - 1

<u>ലൈഫ് മിഷൻ</u>

ആകെ ജീവനക്കാർ - 49

കരാർ ജീവനക്കാർ - 20

താൽക്കാലിക/ദിവസവേതന ജീവനക്കാർ - 11

(ബി) 31-1-2020 വരെ ഓരോ മിഷനിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം/ഓണറേറിയം ഇനത്തിൽ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു:

ഹരിതകേരള മിഷൻ - 7,35,02,583 രൂപ

ആർദ്രം മിഷൻ - 28,80,000 രൂപ

പൊതുവിദ്യാഭ്യാസ യജ്ഞം - 2,99,72,026 രൂപ

ലൈഫ് മിഷൻ - 4,64,94,023 രൂപ

(സി) 40,40,488 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) 23,04,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

## റീബിൽഡ് കേരള വഴിയുള്ള മൂവാറ്റുപുഴ മണ്ഡലത്തിലെ പ്രവൃത്തികൾ

96(1684) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്നും അറിയിക്കാമോ?

ഉത്തരം

(എ&ബി) റീബിൽഡ് കേരള പദ്ധതിയിൽ നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ഫിഷറീസ് വകുപ്പ്, ഗതാഗത വകുപ്പ്, ജലവിഭവ വകുപ്പ്, പരിസ്ഥിതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ്, വിവരസാങ്കേതിക വകുപ്പ് തുടങ്ങിയ വകുപ്പുകളുടേതായി 2151 കോടിരൂപ ചെലവുവരുന്ന വിവിധ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽ 1134 കോടിരൂപ ചെലവ് വരുന്ന പദ്ധതികൾക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

അംഗീകരിക്കപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികളിൽ മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ കക്കടശ്ശേരി-കാളിയാർ റോഡും (20.6 KM) മൂവാറ്റുപുഴ-തേനി റോഡും (15.75 KM) ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

കൂടാതെ അംഗീകരിക്കപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിന്റെ റോഡുകളിൽ ആനിക്കാട്-പ്രാവിടാക്കുന്ന് റോഡ്, കടവൂർ-പരീതപ്പാറ റോഡ്, ചക്കമ്മൻ-കബറിങ്കൽ മസ്ജിദ് റോഡ് എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായുള്ള കൊല്ലം ജില്ലയിലെ പ്രവൃത്തികൾ

97(T*1685) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി കൊല്ലം ജില്ലയിൽപ്പെടുന്ന ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ;

(സി) പ്രവൃത്തികളുടെ നിർവ്വഹണച്ചുമതല നൽകിയിരിക്കുന്നത് ആർക്കാണ് എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) റീബിൽഡ് കേരള പദ്ധതിയിൽ ജില്ലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ഫിഷറീസ് വകുപ്പ്, ഗതാഗത വകുപ്പ്, ജലവിഭവ വകുപ്പ്, പരിസ്ഥിതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ്, വിവരസാങ്കേതിക വകുപ്പ് തുടങ്ങിയ വകുപ്പുകളുടേതായി 1865 കോടിരൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇവയിൽ 1134 കോടിരൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(സി) വിവിധ വകുപ്പുകൾ മുന്നോട്ടുവയ്ക്കുന്ന പദ്ധതികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.) പരിശോധിച്ച് ഏറ്റെടുക്കുന്നത്. ആർ.കെ.ഐ.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

അംഗീകരിക്കുന്ന പദ്ധതികളുടെ നിർവ്വഹണ ചുമതല അതാത് വകുപ്പുകൾക്ക് തന്നെയാണ്. പദ്ധതികളുടെ പരിശോധനയും വിലയിരുത്തലും ആർ.കെ.ഐ. നിർവ്വഹിക്കും.

**റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ കൺസൾട്ടൻസി സേവനം**

98(1686) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇൻഷ്യേറ്റീവിൽ സാങ്കേതിക വിദഗ്ദ്ധരില്ലാത്ത തിനാൽ കൺസൽട്ടൻസിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) കൺസൽട്ടൻസിയിൽനിന്നും എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നതെന്നറിയിക്കാമോ;

(സി) റീ ബിൽഡ് കേരളയ്ക്ക് ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ് തുക കണ്ടെത്താൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ & ബി) റീ ബിൽഡ് കേരളയിൽ വിവിധ മേഖലകളിൽ പരിജ്ഞാനമുള്ള വിദഗ്ദ്ധരായ കൺസൾട്ടൻസിനെ ആർ.കെ.ഐ.-യുടെ പ്രോജക്ട് മാനേജ്മെന്റ് സപ്പോർട്ട് സർവ്വീസ് (PMSS) ആയി നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സുതാര്യമായ ബിഡിംങ് നടപടിക്രമത്തിലൂടെ KPMG എന്ന കൺസൾട്ടിംഗ് സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. KPMG-യുമായി കോൺട്രാക്ടിലേർപ്പെടുന്ന നടപടികൾ അവസാനഘട്ടത്തിലാണ്.

റീ ബിൽഡ് കേരള പ്രോജക്ട് മാനേജ്മെന്റ് സപ്പോർട്ട് സർവ്വീസ് (PMSS) ആർ.കെ.ഐ. ഫണ്ട് ചെയ്യുന്ന പ്രോജക്ടുകളുടെ ഇൻവെസ്റ്റ്മെന്റ് പ്ലാനിംഗ്, ഓരോ മേഖലകളുമായി ബന്ധപ്പെട്ട നയരൂപീകരണം, പരിശീലനവും ശേഷി വർദ്ധിപ്പിക്കലും, സാങ്കേതികമായ അവലോകനം, പദ്ധതികളുടെ നിരീക്ഷണവും മൂല്യനിർണ്ണയവും, പുരോഗതി വിലയിരുത്തൽ, ആശയവിനിമയം, സങ്കട പരിഹാര മാർഗങ്ങൾ തുടങ്ങിയ വിവിധ മേഖലകളിലുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് ഉപയോഗിക്കുന്നത്.

(സി) പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടുകൾ താഴെപ്പറയുന്ന വിവിധ സ്രോതസ്സുകളിൽനിന്ന് പ്രത്യേകമായി സമാഹരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

- സംസ്ഥാന ബജറ്റ് - ബഹുവിധ ഏജൻസികൾ (ലോകബാങ്ക്, എ.ഡി.ബി മുതലായവ ഉൾപ്പെടെ), JICA, KfW മുതലായ ഏജൻസികൾ.
- കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക കീഴിൽ കൂടുതൽ വകയിരുത്തൽ.
- കേന്ദ്ര ഗവൺമെന്റ് പദ്ധതികളുടെ കീഴിൽ ഫ്ലെക്സി ഫണ്ടിന്റെ വിന്യാസം.

ക്രൗഡ് ഫണ്ടിംഗ്

- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി സമാഹരണം
- NIDA വഴി നബാർഡ് ഫണ്ടിംഗ്
- ഹഡ്കോയും മറ്റു വായ്പകളും
- ഡയസ്പോറ ബോണ്ടുപോലുള്ള ബജറ്റ് ഇതര ധനസമാഹരണ മാർഗങ്ങൾ.

**സംസ്ഥാനത്തിന്റെ പുനർ നിർമ്മിതിക്കായുള്ള കൺസൾട്ടൻസി**

99(1687) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പുനർ നിർമ്മിതിക്കായുള്ള കൺസൾട്ടൻസി 2018 ൽ കെ.പി.എം.ജി. കമ്പനിക്ക് നൽകിയിരുന്നോ;

(ബി) പ്രസ്തുത കമ്പനിയെ പിന്നീട് ഒഴിവാക്കുവാൻ തീരുമാനിച്ചിരുന്നോ; അതിനുള്ള കാരണമെന്തായിരുന്നു;

(സി) പ്രസ്തുത കമ്പനിയെ വീണ്ടും കൺസൾട്ടന്റായി നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് അവരെ നിയമിച്ചത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-സി) 2018-ലെ പ്രളയത്തിനുശേഷം KPMG INDIA സി.ഇ.ഒ. കേരള പുനർനിർമ്മാണത്തിന് താല്പര്യം പ്രകടിപ്പിച്ച് സർക്കാരിനെ സമീപിക്കുകയും ടി സ്ഥാപനത്തിന്റെ മുൻകാലങ്ങളിലെ വിവിധ മേഖലകളിലെ പ്രവൃത്തിപരിചയവും കണക്കിലെടുത്ത് 5-9-2018-ലെ സർക്കാർ ഉത്തരവ് പ്രകാരം 'KPMG ഇന്ത്യ'-യെ കേരള സർക്കാരിന്റെ 'പാർട്ണർ കൺസൾട്ടന്റ്' ആയി നിയമിക്കുകയും ചെയ്തു.

5-3-2019-ലെ ആർ.കെ.ഐ. ഉന്നതാധികാര സമിതി യോഗം റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന് വിവിധ മേഖലകളിൽ പരിജ്ഞാനമുള്ള വിദഗ്ദ്ധരായ കൺസൾട്ടൻസിന്റെ സേവനം ലഭ്യമാക്കുന്നതിന് ഒരു പ്രോജക്ട് മാനേജ്മെന്റ് സപ്പോർട്ട് സർവ്വീസ് (PMSS) ടീമിനെ സുതാര്യമായ ബിഡിംഗ് മുഖേന തെരഞ്ഞെടുക്കാൻ ആർ.കെ.ഐ. സി.ഇ.ഒ-യെ ചുമതലപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ സുതാര്യമായ ബിഡിംഗ് നടപടിക്രമത്തിലൂടെ KPMG എന്ന കൺസൾട്ടിംഗ് സ്ഥാപനത്തെ PMSS-നുവേണ്ടി തെരഞ്ഞെടുത്തിട്ടുണ്ട്. KPMG-യുമായി കോൺട്രാക്ടിലേർപ്പെടുന്ന നടപടികൾ അവസാന ഘട്ടത്തിലാണ്.

റീ ബിൽഡ് കേരള പ്രോജക്ട് മാനേജ്മെന്റ് സപ്പോർട്ട് സർവ്വീസ് (PMSS) ആർ.കെ.ഐ. ഫണ്ട് ചെയ്യുന്ന പ്രോജക്ടുകളുടെ ഇൻവെസ്റ്റ്മെന്റ് പ്ലാനിംഗ്, ഓരോ മേഖലകളുമായി ബന്ധപ്പെട്ട നയരൂപീകരണം, പരിശീലനവും ശേഷി വർദ്ധിപ്പിക്കലും, സാങ്കേതികമായ അവലോകനം, പദ്ധതികളുടെ നിരീക്ഷണവും മൂല്യനിർണ്ണയവും, പുരോഗതി വിലയിരുത്തൽ, ആശയവിനിമയം, സങ്കട പരിഹാര മാർഗങ്ങൾ തുടങ്ങിയ വിവിധ മേഖലകളിലുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് ഉപയോഗിക്കുന്നത്.

## ഉരുൾപൊട്ടലിനെ തുടർന്ന് നാശം സംഭവിച്ച പ്രദേശങ്ങളുടെ പുനർനിർമ്മാണവും നാശനഷ്ടങ്ങൾ സംഭവിച്ചവർക്കുള്ള സഹായധനവിതരണവും

100(1688) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ വെള്ളപ്പൊക്കത്തിലും, ഉരുൾപൊട്ടലിലും നാശനഷ്ടങ്ങൾ സംഭവിച്ചവർക്കുള്ള സഹായധനം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എത്ര തുകയുടെ സഹായമാണ് കേന്ദ്രസർക്കാരിനോട് സംസ്ഥാനം ആവശ്യപ്പെട്ടതെന്നും കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ടെങ്കിൽ അത് എത്രയാണെന്നും അറിയിക്കാമോ;

(സി) മലപ്പുറത്തെ കവളപ്പാറയും, വയനാട്ടിലെ പുത്തുമലയും ഉൾപ്പെടെ വലിയ ഉരുൾപ്പൊട്ടലിനെ തുടർന്ന് സർവ്വനാശം സംഭവിച്ച പ്രദേശങ്ങളുടെ പുനർനിർമ്മാണത്തിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രളയബാധിത കുടുംബങ്ങൾക്ക് സർക്കാർ 10,000 രൂപ അടിയന്തര സഹായമായി അനുവദിച്ചിട്ടുണ്ട്. പ്രളയത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരമുള്ള 4 ലക്ഷംരൂപയും അനുവദിക്കുന്നുണ്ട്. പ്രളയത്തിൽ പൂർണ്ണമായും തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിനായി 4 ലക്ഷംരൂപ അനുവദിക്കുന്നു. ഭാഗികമായി തകർന്ന വീടുകളുടെ നാശനഷ്ടത്തിന്റെ തോതനുസരിച്ച് (15% മുതൽ 75% വരെ 5 കാറ്റഗറി ആയി തിരിച്ച്) ആശ്വാസധനസഹായം നൽകിവരുന്നു. 2019-ലെ പ്രളയത്തിനു ശേഷം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെയും ഭൂഗർഭ ജല വകുപ്പിലെയും ജിയോളജിസ്റ്റുകളുടെയും മണ്ണ് സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും സംഘം പഠനം നടത്തുകയും ഈ പഠനങ്ങളിലൂടെ വാസയോഗ്യമല്ല എന്ന് കണ്ടെത്തിയ പ്രദേശങ്ങളിലെ വീടുകളിലുള്ളവർക്ക് സുരക്ഷിതമായ സ്ഥലങ്ങളിലേയ്ക്ക് മാറി താമസിക്കാൻ 6 ലക്ഷംരൂപ വരെ ഭൂമി വാങ്ങുന്നതിനും 4 ലക്ഷംരൂപ വരെ വീട് വയ്ക്കുന്നതിനുംവേണ്ടി ധനസഹായം നൽകിവരുന്നു. കാർഷിക, മത്സ്യബന്ധന, മൃഗസംരക്ഷണ മേഖലയിലുള്ള നാശനഷ്ടത്തിനും സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരമുള്ള ധനസഹായം അനുവദിക്കുന്നു. ധനസഹായ വിതരണം പുരോഗമിച്ചുവരികയാണ്.

(ബി) 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് 2101.88 കോടിരൂപയുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായെങ്കിലും അടിയന്തര സഹായം അനുവദിച്ചിട്ടില്ല.

(സി) നിലമ്പൂർ താലൂക്കിലെ കവളപ്പാറയിൽ 2019-ലെ പ്രളയത്തെ തുടർന്നുണ്ടായ ഉരുൾപൊട്ടലിൽ കാണാതായ 48 പേരുടെ മൃതശരീരങ്ങൾ രക്ഷാപ്രവർത്തനങ്ങൾക്കിടയിൽ കണ്ടെത്തുകയും 11 പേരുടെ മൃതശരീരങ്ങൾ കണ്ടെത്താൻ സാധിക്കാത്തതിനാൽ അവരെയും മരണപ്പെട്ടതായി കണക്കാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. അപ്രകാരം 59 പേർ മരണപ്പെട്ടതായി കണക്കാക്കുകയും ആയതിൽ 55 പേരുടെ ആശ്രിതർക്ക് 4 ലക്ഷംരൂപ നിരക്കിൽ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 4 പേരുടെ അനന്തരവകാശികൾ ആവശ്യമായ രേഖകൾ സമർപ്പിക്കുന്നമുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്. 2019-ലെ പ്രളയത്തെ തുടർന്നുണ്ടായ ഉരുൾപൊട്ടലിൽ മലപ്പുറം ജില്ലയിൽ കവളപ്പാറയിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരിൽ 33 പേർക്ക് പ്രമുഖ വ്യവസായി ശ്രീ. എം. എ.യൂസഫലി വീട് വച്ച് നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ഈ വീടുകളുടെ ഗുണഭോക്താക്കൾക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്ന് ആദ്യ

ഗഡുവായ 95,100 രൂപ വീതം വിതരണം ചെയ്യുന്നതിനായി ആകെ 31,38,300 രൂപയും ഭൂമി വാങ്ങുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1.98 കോടിരൂപയും മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ കവളപ്പാറയിലെ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് സ്ഥലം വാങ്ങി വീടുവച്ച് നൽകുന്നതിനുള്ള കെയർഹോം പദ്ധതിക്കായി ഭൂമി വാങ്ങുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

പുത്തുമല ഉരുൾപൊട്ടലിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരിൽ സ്വന്തമായി ഭൂമി കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്പോൺസർഷിപ്പോടുകൂടി ഭവന സമുച്ചയം നിർമ്മിച്ചുനൽകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

**ദുരിതാശ്വാസ നിധിയിൽനിന്നും അനർഹർക്ക് തുക കൈമാറിയത്**

101(1689) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പ്രളയദുരിതാശ്വാസ നിധിയിൽനിന്നും പ്രളയ ബാധിതനല്ലാത്ത ഭരണകക്ഷിയിലെ ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രാദേശിക നേതാവിന്റെ അക്കൗണ്ടിലേയ്ക്ക് 10.54 ലക്ഷംരൂപ കൈമാറിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഇപ്രകാരം അനർഹർക്ക് തുക കൈമാറിയത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) 2018-ൽ പ്രളയദുരിതാശ്വാസ ഫണ്ട് തിരിമറി നടത്തിയ കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്; എത്ര ഉദ്യോഗസ്ഥർക്കെതിരെ ഇതിനകം നടപടി സ്വീകരിച്ചു; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (CMDRF)നിന്നും എറണാകുളം കളക്ടറേറ്റിലെ പ്രളയ ദുരിതാശ്വാസ വിതരണത്തിൽ ക്ലാർക്കായ വിഷ്ണുപ്രസാദ് 10,54,000 രൂപയുടെ ക്രമക്കേട് നടത്തിയെന്ന ഡെപ്യൂട്ടി കളക്ടർ ജനറൽ ആന്റ് അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ 25-2-2020 തീയതി IPC 403, 409, 420, 120 (b)

വകുപ്പുകൾപ്രകാരവും അഴിമതി നിരോധന നിയമത്തിലെ 13(1)(a) വകുപ്പ് പ്രകാരവും ക്രൈം 83/2020 നമ്പരായി തൃക്കാക്കര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി. തുടർന്ന് കൊച്ചി സിറ്റി C ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള പ്രത്യേക ടീം കേസ്സിന്റെ അന്വേഷണം ഏറ്റെടുത്ത് നടത്തിവരികയാണ്.

കേസിലെ ഒന്നാം പ്രതിയായ വിഷ്ണുപ്രസാദിനെ മാർച്ച് 3-ാം തീയതിയും രണ്ട്, ആറ്, ഏഴ് പ്രതികളായ മഹേഷ്, നിതിൻ, ഷിന്റു മാർട്ടിൻ എന്നിവരെ 4-3-2020-നും അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

(സി) എറണാകുളം കളക്ടറേറ്റിലെ വിഷ്ണുപ്രസാദ് എന്ന സെക്ഷൻ ക്ലാർക്കിനെ ഇതുമായി ബന്ധപ്പെട്ട് സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

**പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ നവീകരണം**

102(1690) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി ഒരു സ്പെഷ്യൽ പാക്കേജിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പാക്കേജിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് എത്രരൂപ നൽകിയിട്ടുണ്ട് എന്നത് നിയോജകമണ്ഡലാടി സ്ഥാനത്തിൽ വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ മങ്കട നിയോജകമണ്ഡലത്തിലെ എത്ര റോഡുകൾ നവീകരിക്കുന്നതിന് വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ തകർന്ന സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന റോഡുകളുടെ നവീകരണത്തിനുള്ള മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കായി 9-1-2020-ലെ സ.ഉ.(കൈ) നമ്പർ 13/2020/തസ്വഭവ. പ്രകാരം സി.എം.ഡി. ആർ.എഫ്.-ൽനിന്നും ആകെ 961.264 കോടിരൂപ അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

(ബി & സി) പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള അന്തിമപട്ടിക തയ്യാറാക്കി വരുന്നു.

## മുഖ്യമന്ത്രിയുടെ റോഡ് പുനരുദ്ധാരണ പദ്ധതി

103(1691) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാദേശിക റോഡുകളുടെ പുനരുദ്ധാരണത്തിനായി മുഖ്യമന്ത്രിയുടെ റോഡ് പുനരുദ്ധാരണ പദ്ധതി എന്ന ഒരു പാക്കേജ് പ്രഖ്യാപിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഈയിനത്തിൽ തുക ചെലവഴിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈയിനത്തിൽ ആകെ വകയിരുത്തിയ തുകയും ഓരോ ജില്ലയിലും തെരഞ്ഞെടുത്ത പ്രവൃത്തികളും ഏതൊക്കെ; ഇവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(സി) ഇപ്രകാരമുള്ള റോഡുകളെ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; ഇതിന് നിയോഗിച്ചത് ആരെയൊക്കെയാണ്; വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ തകർന്ന സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന റോഡുകളുടെ നവീകരണത്തിനുള്ള മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കായി 9-1-2020-ലെ സ.ഉ.(കൈ) നമ്പർ 13/2020/തസ്വഭവ. പ്രകാരം സി.എം.ഡി.ആർ.എഫ്.-ൽനിന്നും ആകെ 961.264 കോടിരൂപ അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള അന്തിമപട്ടിക തയ്യാറാക്കി വരുന്നു.

(സി) സാങ്കേതിക പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രളയാനന്തരം തകർന്ന തദ്ദേശ റോഡുകളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## പ്രകൃതി ദുരന്തങ്ങൾ നേരിടാൻ സാമൂഹ്യസന്നദ്ധസേനയുടെ രൂപീകരണം

104(1692) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ആവശ്യമായ സഹായം എത്തിക്കുന്നതിനായി സാമൂഹ്യസന്നദ്ധസേന രൂപീകരിക്കുവാൻ ആലോചനയുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) പ്രകൃതി ദുരന്തങ്ങളിൽ സഹായിക്കുന്നതിനുപരിയായി ഏതൊരു പ്രാദേശിക പ്രതിസന്ധിയിലും സഹായത്തിനുണ്ടാകുന്നതരത്തിൽ സാമൂഹ്യ സന്നദ്ധസേന രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽത്തന്നെ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി മാസ്റ്റർ ട്രെയിനർമാരെ കണ്ടെത്തുകയും കൂടാതെ 4-3-2020-ന് ഇതുസംബന്ധിച്ച് ആദ്യ സ്റ്റിയറിംഗ് കമ്മിറ്റി യോഗം ചേർന്ന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ മതിൽ പുനർനിർമ്മാണം

105(1693) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2018-ലെ പ്രളയത്തിൽ ചെങ്ങൽ തോട്ടിലെ വെള്ളം കയറി തകർന്ന കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ മതിൽ ഇപ്പോൾ കൂടുതൽ ബലവത്തായി പുനർനിർമ്മാണം നടത്തിവരുമ്പോൾ കാഞ്ഞൂർ, ശ്രീമൂലനഗരം, ചെങ്ങമനാട്, നെടുമ്പാശ്ശേരി എന്നീ പഞ്ചായത്തു പ്രദേശങ്ങളിലെ ജനങ്ങളുടെ സുരക്ഷയ്ക്കായി എന്തെല്ലാം മുൻകരുതൽ നടപടികളാണ് സിയാലും സർക്കാരും സ്വീകരിച്ചിട്ടുള്ളതെന്നും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

കാഞ്ഞൂർ, ശ്രീമൂലനഗരം, ചെങ്ങമനാട്, നെടുമ്പാശ്ശേരി എന്നീ പഞ്ചായത്ത് പ്രദേശങ്ങളിലെ ജനങ്ങളുടെ സുരക്ഷയ്ക്കായി വിമാനത്താവളത്തിന്റെ തെക്കേ

അതിരിലുള്ള ഡൈവേർഷൻ കനാലിന്റെ പുനരുജ്ജീവന പ്രവർത്തനം, ചെത്തിക്കോട്, എ.പി. വർക്കി റോഡ്, കുഴിപ്പള്ളം എന്നിവിടങ്ങളിൽ ചെങ്കൽ തോടിന് കുറുകെയുള്ള പാലങ്ങളുടെ നിർമ്മാണം എന്നിവ പുരോഗമിക്കുന്നു. ചെങ്കൽ തോടിലുള്ള റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു.

## തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവൽക്കരിക്കുന്നതിനുള്ള തീരുമാനം

106(1695) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവൽക്കരിക്കുന്നതിനുള്ള അന്തിമ തീരുമാനം വൈകുന്ന സാഹചര്യത്തിൽ വിമാനത്താവള വികസനം പ്രതിസന്ധിയിലായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മൂന്നാമത്തെ ടെർമിനൽ നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; എത്ര ഏക്കർ സ്ഥലം ഇനിയും ഏറ്റെടുക്കേണ്ടതുണ്ട്; വിശദമാക്കാമോ;

(സി) ഈ വിമാനത്താവളത്തിൽനിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന പല അന്താരാഷ്ട്ര വിമാന സർവ്വീസുകളും നിർത്തലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) പല വിമാനകമ്പനികളും തിരുവനന്തപുരത്ത്നിന്നും നടത്തുന്നതിന്റെ പകുതി നിരക്കിൽ കൊച്ചിയിൽനിന്നും ആഭ്യന്തര സർവ്വീസുകൾ നടത്തുന്നതിനാൽ വിമാനത്താവള വികസനം വഴിമുട്ടി നിൽക്കുന്ന സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ മൂന്നാമത്തെ ടെർമിനൽ നിർമ്മാണത്തിനായി 18.53 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത്. ഇതിലേയ്ക്കായുള്ള ഭരണാനുമതി നൽകുകയും പൊന്നുംവില നടപടിയുടെ 19(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) വിമാന കമ്പനികളുടെ സി.ഇ.ഒ.-മാരുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും അധിക ആഭ്യന്തര-അന്താരാഷ്ട്ര വിമാന സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടികൾ എയർലൈനുകൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം-ഡൽഹി-

തിരുവനന്തപുരം, മുംബൈ-തിരുവനന്തപുരം-മുംബൈ, ചെന്നൈ-തിരുവനന്തപുരം-ചെന്നൈ, തിരുവനന്തപുരം-മാലി-തിരുവനന്തപുരം, ഡൽഹി-തിരുവനന്തപുരം-ഡൽഹി തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് വിവിധ എയർലൈനുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്തുനിന്നുള്ള ആഭ്യന്തര/വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി വിമാനടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന KGST-യിൽ കുറവ് വരുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## തിരുവനന്തപുരം വിമാനത്താവളത്തിന്റെ സ്വകാര്യവൽക്കരണം

107(1696) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവൽക്കരിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാർ നിലപാട് വ്യക്തമാക്കിയിട്ടുണ്ടോ;

(ബി) കേന്ദ്രസർക്കാർ തീരുമാനത്തിനെതിരെ സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇതുസംബന്ധിച്ച് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽനിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ബി) അദാനി എന്റർപ്രൈസസിന് അവാർഡ് നൽകുന്നതിനെതിരെ കേരള സർക്കാരും കെ.എസ്.ഐ.ഡി.സി.-യും കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളുകയുണ്ടായി. ഇതിനെതിരായി സംസ്ഥാനം ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിക്കുകയും അനുകൂല ഉത്തരവ് സമ്പാദിക്കുകയുമുണ്ടായി. ഇതുപ്രകാരം സംസ്ഥാനവും മറ്റ് കക്ഷികളും തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പ് അദാനി ഗ്രൂപ്പിന് നൽകുന്നതിനെതിരായി ഫയൽ ചെയ്ത റിട്ട് ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതിതന്നെ പരിഗണിക്കണമെന്ന് ഉത്തരവായിട്ടുണ്ട്.

## സെമി ഹൈസ്പീഡ് ട്രെയിൻ

108(1697) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള സെമി ഹൈസ്പീഡ് ട്രെയിൻ പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനവും പുരോഗതിയും വിശദമാക്കാമോ;

(ബി) ഈ പദ്ധതി ഏതു വർഷത്തിൽ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത റെയിൽ നിലവിലുള്ള റെയിൽപ്പാതയുടെ ഓരത്തു കൂടിയാണോ നിർമ്മിക്കാൻ വിഭാവനം ചെയ്തിരിക്കുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ. ദൂരത്തിൽ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ടപ്പാതയ്ക്ക് സമാന്തരമായി മണിക്കൂറിൽ ശരാശരി 180 മുതൽ 200 കിലോമീറ്റർവരെ വേഗത്തിൽ ട്രെയിനുകൾ സഞ്ചരിക്കുന്നതിനായുള്ള മൂന്നും നാലും പാതകൾ/ ഗ്രീൻ ഫീൽഡ് കോറിഡോറാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതുപ്രകാരം തിരുവനന്തപുരത്തുനിന്നും ഒന്നര മണിക്കൂറിനുള്ളിൽ എറണാകുളത്തും നാലുമണിക്കൂറിനുള്ളിൽ കാസർഗോഡും എത്തിച്ചേരുവാൻ സാധിക്കും. റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനുശേഷം മാത്രം വാല്യൂ ക്യാപ്ച്ചറിംഗ്, ധനസമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും സംസ്ഥാനം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്. സോയിൽ സർവ്വേ, ലീഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്. 11 ജില്ലകളിൽക്കൂടി കടന്നുപോകുന്ന ഈ പാതയ്ക്ക് 10 സ്റ്റേഷനുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. വിശദമായ പദ്ധതി റിപ്പോർട്ട് (DPR) 2020 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഈ പദ്ധതി നടപ്പു സാമ്പത്തികവർഷംതന്നെ ആരംഭിച്ച് 5 വർഷത്തിനകം പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

(സി) 222 കി.മീ. ദൈർഘ്യമുള്ള കാസർഗോഡ് മുതൽ തിരൂർ വരെയുള്ള പാത നിലവിലുള്ള റെയിൽ പാതയ്ക്ക് സമാന്തരമായിട്ടാണ് കടന്നുപോകുന്നത്.

എന്നാൽ തിരൂർ മുതൽ തിരുവനന്തപുരം വരെയുള്ള 310 കി.മീ. പാത നിലവിലുള്ള റെയിൽപാതയ്ക്ക് സമാന്തരമായി നിർമ്മിക്കുമ്പോൾ 269 സ്ഥലങ്ങളിൽ വളവുകൾ നിവർത്തേണ്ടുന്ന സാഹചര്യമുണ്ടാകുന്നു. ഇതിൽ കൊടുംവളവുകളുള്ള 63 സ്ഥലങ്ങളിൽ നിലവിലുള്ള റെയിൽപാതയ്ക്കും നിർദ്ദിഷ്ട പാതയ്ക്കും ഇടയിലുള്ള ഭൂമി അകപ്പെട്ട് പോകുകയും (entrap) ചെയ്യുന്നു. കൂടാതെ നിലവിലുള്ള റെയിൽവേ ലൈനിന് സമാന്തരമായി വിന്യസിക്കുമ്പോൾ ജനസാന്ദ്രത കൂടിയ മേഖലകളിൽക്കൂടി കടന്നുപോകുന്ന സ്ഥിതിവിശേഷമാണുള്ളത്. 45 ROB/RUB-യും നിലവിലുള്ള 54 സ്റ്റേഷൻ/ യാർഡ് എന്നിവ പരിഷ്കരിക്കുക/ പുനർനിർമ്മിക്കേണ്ടതായുംവരും. ആയതിനാൽ തിരൂർ മുതൽ തിരുവനന്തപുരം വരെയുള്ള പാത നിർമ്മാണ യോഗ്യവും ജനവാസവും കുറഞ്ഞതുമായ മേഖലകളിലൂടെയാണ് കടന്നുപോകുന്നത്.

## സർക്കാരിന്റെ വാർഷികാഘോഷങ്ങളോടനുബന്ധിച്ച് സോഷ്യൽ മീഡിയ വഴി പ്രചരണം

109(1698) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഒന്നാം വാർഷികം, രണ്ടാം വാർഷികം, ആയിരം ദിവസം എന്നിവയോട് അനുബന്ധിച്ച് സോഷ്യൽ മീഡിയ വഴി പ്രചരണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസി വഴിയാണ് പ്രസ്തുത പ്രചരണം നടത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രചരണത്തിന് എന്ത് തുക ഓരോ തവണയും പ്രസ്തുത ഏജൻസിക്ക് നൽകിയെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് മാത്രമാണ് സോഷ്യൽ മീഡിയവഴി പ്രചരണം നടത്തിയിട്ടുള്ളത്. ഗ്ലോബൽ ഇനോവേറ്റീവ് ടെക്നോളജീസ്, മൈത്രി അഡ്വർട്ടൈസിംഗ് വർക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾവഴിയാണ് പ്രചരണം നടത്തിയത്.

(ബി) സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് പ്രചരണം നടത്തിയവകയിൽ ഗ്ലോബൽ ഇനോവേറ്റീവ് ടെക്നോളജീസിന് 28,44,750 രൂപയും മൈത്രി അഡ്വർട്ടൈസിംഗ് വർക്സ് പ്രൈവറ്റ് ലിമിറ്റഡിന് 85,000 രൂപയും നൽകിയിട്ടുണ്ട്. ഇതിൽ വാർഷിക ആഘോഷത്തോടൊപ്പം നടത്തിയ മെട്രോയുടെ ഉദ്ഘാടനത്തിനുള്ള പ്രചാരണവും ഉൾപ്പെടുന്നുണ്ട്.

**ഒഡെപെക്-ന്റെ ബ്രാഞ്ച് ആഫീസ് ചെങ്ങന്നൂരിൽ ആരംഭിക്കാൻ നടപടി**

110(1699) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആതുര സേവനം ഉൾപ്പെടെയുള്ള തൊഴിൽ മേഖലകളിൽ വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടിപ്പോയിട്ടുള്ളവർ കൂടുതലും മദ്ധ്യ തിരുവിതാംകൂറിൽ നിന്നാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രവാസികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും സംബന്ധിച്ച് 'ഒഡെപെക്' (ODEPEC) തിരുവനന്തപുരം ആഫീസുമായി ബന്ധപ്പെടേണ്ടി വരുന്ന സാഹചര്യം പരിഗണിച്ച് 'ഒഡെപെക്-ന്റെ ഒരു ബ്രാഞ്ച് ആഫീസ് ചെങ്ങന്നൂരിൽ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഒഡെപെക്-ന്റെ സേവനങ്ങൾ www.odepc.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ മുഖേന ലഭ്യമാണ്. ഒഡെപെക്-ന്റെ ഒരു ബ്രാഞ്ച് ആഫീസ് ചെങ്ങന്നൂരിൽ അനുവദിക്കുന്ന കാര്യം തത്കാലം പരിഗണനയിലില്ല.

**പ്രവാസി ക്ഷേമനിധി**

111(1700) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പ്രവാസി ക്ഷേമനിധിയെ സംബന്ധിച്ച വിശദവിവരങ്ങൾ നല്കാമോ;

(ബി) കോതമംഗലം മണ്ഡലത്തിൽനിന്നും എത്ര ആളുകൾ പ്രവാസി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ടെന്നും എത്ര പേർക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിച്ചുവരുന്നുണ്ട് എന്നും വ്യക്തമാക്കാമോ;

(സി) നിലവിൽ അറുപത് വയസ്സുകഴിഞ്ഞ ആളുകൾക്ക് പ്രവാസി ക്ഷേമനിധിയിൽ ചേരുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) തൊഴിൽ നഷ്ടപ്പെട്ടും രോഗബാധിതരായും നാട്ടിൽ തിരിച്ചെത്തുന്ന അറുപത് വയസ്സുകഴിഞ്ഞ പ്രവാസികൾക്കായി ഒറ്റത്തവണ തുക അടച്ച് പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ പ്രവാസികൾക്കുവേണ്ടി പെൻഷനും മറ്റ് ക്ഷേമ പുനരധിവാസ പദ്ധതികളും നടപ്പിലാക്കുവാൻ ഉദ്ദേശിച്ച് കേരള സർക്കാർ പാസ്സാക്കിയ 'പ്രവാസി കേരളീയ ആക്ട് 2008' പ്രകാരം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് 12-1-2009-ൽ നിലവിൽ വരികയും 12-3-2009 മുതൽ പ്രവർത്തനം തുടങ്ങുകയും ചെയ്തു.

നിലവിൽ വിദേശത്ത് ജോലി ചെയ്തുവരുന്നവർക്കും രണ്ടു വർഷത്തിൽ കുറയാത്ത കാലയളവിൽ വിദേശത്ത് ജോലിയെടുത്ത് നാട്ടിൽ തിരിച്ചെത്തിയ മുൻ പ്രവാസികൾക്കും കേരളത്തിന് പുറത്ത് ഇന്ത്യയ്ക്കകത്ത് കുറഞ്ഞത് 6 മാസമായി ജോലി സംബന്ധമായി താമസിച്ചുവരുന്ന 18 വയസ്സ് മുതൽ 60 വയസ്സ് വരെ പ്രായമുള്ള പ്രവാസി കേരളീയർക്കും ഈ പദ്ധതിയിൽ അംഗത്വമെടുക്കാവുന്നതാണ്. 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്ന ക്ഷേമ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

പെൻഷൻ: അറുപത് വയസ്സ് പൂർത്തിയായതും അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ ഓരോ അംഗത്തിനും കാറ്റഗറി വ്യത്യാസമില്ലാതെ പ്രതിമാസം 2000 രൂപ മിനിമം പെൻഷൻ നൽകിവരുന്നു. പരമാവധി പെൻഷൻ 4000 രൂപയാണ്.

കുടുംബ പെൻഷൻ: ഒരു അംഗം പെൻഷന് അർഹത നേടിയതിന് ശേഷം മരണമടയുന്നപക്ഷം അർഹതപ്പെട്ട പ്രതിമാസ പ്രായാധിക്യ പെൻഷൻ തുകയുടെ അൻപത് ശതമാനം നിയമാനുസൃത അവകാശിക്ക് പ്രതിമാസം കുടുംബപെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

അവശതാ പെൻഷൻ: പ്രവാസി ക്ഷേമനിധിയിൽ മൂന്ന് വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതും തൊഴിൽ ചെയ്യുന്നതിന് സ്ഥായിയായ ശാരീരിക അവശതമൂലം പ്രാപ്തിക്കുറവ് അനുഭവിക്കുന്നതുമായ അംഗങ്ങൾക്ക് മിനിമം പെൻഷൻ തുകയുടെ 40%-ന് തുല്യമായ തുക പ്രതിമാസ അവശതാ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

മരണാനന്തര ധനസഹായം: പ്രവാസി ക്ഷേമനിധിയിൽ അംഗമായിരിക്കെ അസുഖംമൂലമോ അപകടംമൂലമോ മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് 50,000/-രൂപയും വിദേശത്തുനിന്നും തിരിച്ചുവന്ന പ്രവാസി കേരളീയരായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് 30,000 രൂപയും പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിന്റെ ആശ്രിതർക്ക് 25,000 രൂപയും ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

ചികിത്സാസഹായം: ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടെ ചികിത്സയ്ക്കായി ഒരംഗത്തിന് കാറ്റഗറി വ്യത്യാസമില്ലാതെ അംഗത്വ കാലയളവിൽ 50,000 രൂപ ചികിത്സാ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

വിവാഹ ധനസഹായം: കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചുവരുന്ന അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും വനിതാ അംഗങ്ങളുടെയും വിവാഹ ചെലവിനായി 10,000 രൂപ ഒരംഗത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

പ്രസവാനുകൂല്യം: തുടർച്ചയായി രണ്ട് വർഷക്കാലം അംശദായം അടച്ചിട്ടുള്ള ഒരു വനിതാ അംഗത്തിന് പ്രസവാനുകൂല്യമായി 3,000 രൂപയും ഗർഭം അലസൽ സംഭവിച്ചവർക്ക് 2,000 രൂപയും ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ഒരംഗത്തിന് രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

വിദ്യാഭ്യാസ ആനുകൂല്യം: രണ്ട് വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി പരമാവധി 4,000 രൂപ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

ഇതുകൂടാതെ പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനത്തിനായി ഉപയോഗപ്പെടുത്തുന്നതിനുള്ള ദീർഘകാല നിക്ഷേപ പദ്ധതി എന്ന നിലയിൽ 2019-ൽ പ്രവാസി ഡിവിഡന്റ് പദ്ധതികൂടി ആരംഭിച്ചിട്ടുണ്ട്. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസി കേരളീയർക്കും അവരുടെ ജീവിത പങ്കാളികൾക്കും ഈ പദ്ധതിയിലൂടെ അവരുടെ ജീവിതാവസാനം വരെ സുസ്ഥിരമായ മാസവരുമാനം ഉറപ്പാക്കുന്നു.

(ബി) പ്രവാസി ക്ഷേമനിധി അംഗത്വത്തെ സംബന്ധിച്ചുള്ള നിയോജക മണ്ഡല അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമല്ല. അംഗങ്ങളുടെ ജില്ല, താലൂക്ക് തിരിച്ചുള്ള വിവരങ്ങളാണ് ക്രോഡീകരിച്ചിട്ടുള്ളത്.

(സി&ഡി) 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രവാസി ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള പ്രായപരിധി 18 വയസ്സിനും 60 വയസ്സിനും മദ്ധ്യേയാണ്. ആയതിനാൽ 60 വയസ്സ് കഴിഞ്ഞവർക്ക് പ്രവാസി ക്ഷേമനിധിയിൽ അംഗമാകാൻ കഴിയില്ല.

## പ്രവാസി പുനരധിവാസ പദ്ധതി

112(1701) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മടങ്ങി വരുന്ന പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതി പ്രകാരം 2017-18, 2018-19, 2019-20 വർഷങ്ങളിൽ എത്ര പ്രവാസികൾക്ക് ബാങ്കുകൾ മുഖേന സാമ്പത്തിക ആനുകൂല്യം നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ബി) മേൽസൂചിപ്പിച്ച ഓരോ സാമ്പത്തികവർഷവും ഇതിലേക്കായി മാർജിൻമണിയായും പലിശ സബ്സിഡിയായും നോർക്ക എത്രരൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി വിപുലീകരിക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

### ഉത്തരം

(എ) പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതിപ്രകാരം 2017-18, 2018-19, 2019-20 വർഷങ്ങളിൽ സാമ്പത്തിക ആനുകൂല്യം നൽകിയ പ്രവാസികളുടെ എണ്ണം സംബന്ധിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

| സാമ്പത്തിക വർഷം | ഗുണഭോക്താക്കൾ |
|---|---|
| 2017-18 | 413 |
| 2018-19 | 791 |
| 2019-20 ജനുവരി 31 വരെ | 956 |
| ആകെ | 2160 |

2019-20 ജനുവരി 31 വരെ ആകെ 956 പേർക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തരം വായ്പ അനുവദിച്ചിട്ടുണ്ട്. അതിൽ 526 പേർക്കുള്ള സബ്സിഡി വിതരണം ചെയ്തുകഴിഞ്ഞു. ശേഷിക്കുന്ന 430 പേർക്കുള്ള സബ്സിഡി തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വായ്പാ പദ്ധതിയുടെ മാർജിൻമണി നിശ്ചയിക്കുന്നത് അതത് ധനകാര്യ സ്ഥാപനങ്ങളിലെ നിലവിലുള്ള നിരക്കുകൾക്കനുസരിച്ചാണ്. മൂലധന

സബ്സിഡിയും പലിശ സബ്സിഡിയുമാണ് നോർക്ക അനുവദിച്ചു നൽകുന്നത്.

| സാമ്പത്തിക വർഷം | അനുവദിച്ച സബ്സിഡി തുക |
|---|---|
| 2017-18 | 44,00,000 രൂപ |
| 2018-19 | 2,23,96,916 രൂപ |
| 2019-20 | 1,33,52,581 രൂപ |
| ആകെ | 4,01,49,497 രൂപ |

(സി) പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ പരിശീലനം, ബോധവത്കരണം, സെമിനാറുകൾ, ബാങ്കിലേയ്ക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് എന്നിവ നോർക്ക-റൂട്ട്സ്, കേരള സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖാന്തരം എല്ലാ ജില്ലകളിലും എല്ലാ മാസവും നൽകി വരുന്നുണ്ട്. പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി നിലവിൽ 16 ധനകാര്യ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവച്ച് വായ്പാ ലഭ്യത വിപുലപ്പെടുത്തിയിട്ടുണ്ട്.

ഇവയ്ക്കുപുറമേ അനായാസ രീതിയിൽ ഒറ്റ ദിവസംകൊണ്ട് അപേക്ഷകർക്ക് ലോൺ ലഭ്യമാകുന്ന ക്യാമ്പ് മോഡൽ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷം ഇതുവരെ 7 ഫീൽഡ് ക്യാമ്പ് നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഈ പദ്ധതി കൂടുതൽ വിപുലവും ഊർജിതവുമാക്കി പദ്ധതിയുടെ ഗുണഫലം കൂടുതൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നുണ്ട്. 2020-21 സാമ്പത്തിക വർഷം പ്രസ്തുത സ്കീമിൽ കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും കേരള ബാങ്കിനെക്കൂടി ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

ഇതുകൂടാതെ പദ്ധതി ചെലവിന്റെ പരിധി 20 ലക്ഷത്തിൽനിന്നും 30 ലക്ഷമാക്കി ഉയർത്തിയിട്ടുണ്ട്. എന്നാൽ മൂലധന സബ്സിഡി പരമാവധി 3 ലക്ഷമായി നിജപ്പെടുത്തിയിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ ലോക കേരള കേന്ദ്രത്തിന്റെ നിർമ്മാണം**

113(1702) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ലോക കേരള കേന്ദ്രത്തിന് സ്ഥലം ഏറ്റെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് ലോക കേരള കേന്ദ്രവുമായി ബന്ധപ്പെട്ട് നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. നടപടികൾക്കായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവുകൾ**

114(1703) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവുകൾക്കായി 2018-19, 2019-20 വർഷങ്ങളിൽ എത്ര കോടിരൂപ വീതമാണ് ബഡ്ജറ്റിൽ വകയിരുത്തിയതെന്നും ഇതിൽ എത്ര കോടി ചെലവഴിച്ചുവെന്നും വെളിപ്പെടുത്താമോ;

(ബി) ഈ കാലയളവിൽ ഏതെല്ലാം രാജ്യങ്ങളിൽനിന്നും എത്ര മൃതദേഹങ്ങളാണ് നാട്ടിൽ എത്തിക്കാൻ സഹായിച്ചതെന്നും ഇവ ഓരോന്നിനും എത്രരൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം വിമാനത്താവളങ്ങളിൽ പ്രവാസികൾക്കായി ആംബുലൻസ് സർവ്വീസ് ഇതിനോടകം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഇതിന് എത്രരൂപ ചെലവായെന്നും വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നത് ഉൾപ്പെടെയുള്ള നോർക്ക-റിപ്പാട്രിയേഷൻ പദ്ധതിയുടെ ചെലവുകൾക്കായി 2018-19 വർഷം 2 കോടിരൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. പ്രസ്തുത സാമ്പത്തിക വർഷം (2018-19) മൃതദേഹം നാട്ടിലെത്തിക്കുന്നതിലേയ്ക്കായി അപേക്ഷകൾ ഒന്നുംതന്നെ ലഭിച്ചിരുന്നില്ല. 2019-20 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 72 ലക്ഷംരൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിലേയ്ക്കായി 18.68 ലക്ഷംരൂപ ചെലവായിട്ടുണ്ട്.

(ബി) ഈ പദ്ധതി നിലവിൽ വന്നശേഷം അർഹരായ 13 പേർ സഹായം ആവശ്യപ്പെടുകയും അവർക്ക് സഹായം നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) കേരളത്തിലെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ വിമാനത്താവളങ്ങൾക്കുപുറമെ കേരളത്തിന്റെ തൊട്ടടുത്തുള്ള മംഗലാപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിൽ കൂടി നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി നിലവിൽ വന്നശേഷം 2018-19 വർഷം 15.91 ലക്ഷംരൂപയും 2019-20 വർഷം ഇതുവരെ 26.15 ലക്ഷംരൂപയും ചെലവായിട്ടുണ്ട്.

## നോർക്ക റൂട്ട്സ് വഴിയുള്ള സാന്ത്വന സഹായ പദ്ധതികൾ

115(1704) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക റൂട്ട്സ് വഴി നടപ്പാക്കുന്ന സാന്ത്വന സഹായ പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) തിരികെയെത്തിയ പ്രവാസി കേരളീയർക്കുവേണ്ടി നോർക്ക റൂട്ട്സ് നടപ്പാക്കുന്ന ദുരിതാശ്വാസ സഹായനിധിയാണ് സാന്ത്വന. ഈ പദ്ധതി പ്രകാരം മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി ഒരു ലക്ഷംരൂപ വരെയും വിദേശത്തുനിന്നും തിരികെയെത്തിയ പ്രവാസികളിൽ രോഗങ്ങളാൽ ദുരിതമനുഭവിക്കുന്നവർക്കും കുടുംബാംഗങ്ങൾക്കും ചികിത്സാ ധനസഹായമായി 50,000 രൂപ വരെയും സാമ്പത്തികമായി പിന്നോക്കമായിട്ടുള്ള തിരികെയെത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി 15,000 രൂപ വരെയും പ്രവാസികളായ കേരളീയർക്കും അവരുടെ ആശ്രിതർക്കും അംഗവൈകല്യ പരിഹാരത്തിനായി കൃത്രിമകാൽ, ഊന്നുവടി, വീൽചെയർ മുതലായവ വാങ്ങുന്നതിന് പരമാവധി 10,000 രൂപയും ധനസഹായം നൽകിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി)

- അപേക്ഷകന്റെ വാർഷിക കുടുംബവരുമാനം ഒരു ലക്ഷംരൂപയിൽ അധികമാകുവാൻ പാടില്ല.
- കുറഞ്ഞത് രണ്ടു വർഷം പ്രവാസി ആയിരിക്കണം.
- വിദേശത്ത് ജോലി ചെയ്ത കാലയളവ് അല്ലെങ്കിൽ പത്ത് വർഷം (ഇതിൽ ഏതാണോ കുറവ്) ആ സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കണം.
- അപേക്ഷകൻ അപേക്ഷ സമർപ്പിക്കുമ്പോഴും സഹായം സ്വീകരിക്കുമ്പോഴും ജോലി ഉണ്ടാകാൻ പാടില്ല.

**ലോക കേരളസഭയുടെ നേട്ടങ്ങൾ**

116(1705) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകത്തെ എല്ലാ മലയാളികളെയും സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന്റെ ഭാഗമാക്കാനായി ആരംഭിച്ച ഒന്നാം ലോക കേരള സഭ വഴി നേടിയെടുത്ത പ്രധാന നേട്ടങ്ങൾ എന്തെല്ലാമാണെന്നും രണ്ടാം ലോക കേരള സഭ വഴി നടന്നു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഒന്നും രണ്ടും ലോക കേരള സഭകളിൽ എത്ര രാജ്യങ്ങളിൽനിന്നും എത്ര പ്രതിനിധികൾ പങ്കെടുത്തു; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രവാസികളുടെ പ്രശ്നങ്ങൾ ഉൾക്കൊള്ളാനും സംസ്ഥാന ആവശ്യങ്ങൾ അവരെ ധരിപ്പിക്കാനും അവരുമായി ആശയവിനിമയം നടത്തി പ്രസ്തുത ആവശ്യങ്ങളിന്മേൽ തുടർനടപടികൾക്കുമായി നാളിതുവരെ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിന്റെ വികസനത്തിനും പ്രവാസികളായ മലയാളികളുടെ ക്ഷേമത്തിനുംവേണ്ടി, ഒന്നാം ലോക കേരളസഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് രൂപീകരിച്ച വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകളിന്മേൽ തെരഞ്ഞെടുക്കപ്പെട്ട 10 എണ്ണത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

1. എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി പ്രവാസി മലയാളികളിൽനിന്നും 74% ഓഹരി മൂലധന നിക്ഷേപം സമാഹരിച്ചുകൊണ്ടും 26% ഓഹരി മൂലധനം സർക്കാർ നിക്ഷേപിച്ചുകൊണ്ടും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപീകരിച്ചു.

2 എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി അപ്പാർട്ട്മെന്റുകൾ, ടൗൺഷിപ്പ് പ്രോജക്ടുകൾ, കോംപ്ലക്സുകൾ, വൃദ്ധസദനങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അനുബന്ധ കമ്പനിയായി എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി തുടങ്ങാൻ തീരുമാനിച്ചു.

3. പ്രവാസി സഹകരണ സംഘം തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തനപരിധിയുള്ള ഒരു സഹകരണസംഘം കേരള സംസ്ഥാന പ്രവാസിക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

4. വനിത എൻ.ആർ.കെ. സെൽ വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവത്കരണം നടത്തുന്നതിനും വനിതാ കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു.

5. എയർപോർട്ടുകളിൽ migration facilitation centre പാസ്പോർട്ട് ഓഫീസുകളിൽ Pre-embarkment Orientation centres മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും സാംസ്കാരിക സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെ ക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവത്കരണം നടത്താനും പാസ്പോർട്ട് ഓഫീസ്, എയർപോർട്ട് എന്നിവിടങ്ങളിൽ വിദേശകാര്യ മന്ത്രാലയവും സിവിൽ ഏവിയേഷൻ മന്ത്രാലയവുമായി സഹകരിച്ച് ഒരു അഡൈ്വസറി സെൽ രൂപീകരിക്കാനുള്ള ശിപാർശകൾ കേന്ദ്ര സർക്കാരിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

6. നൈപുണ്യ വികസനത്തിനായുള്ള ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം

7. അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം കുടിയേറ്റ കേന്ദ്രത്തിന് രൂപം കൊടുക്കുകയും Centre for Development Studies-ൽ അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

8. പ്രവാസി ആനുകാലിക പ്രസിദ്ധീകരണം പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം 'ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു.

രണ്ടാം ലോക കേരള സഭയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ചുവരുന്നു.

(ബി) ഒന്നാം ലോക കേരള സഭയിൽ 32 രാജ്യങ്ങളിൽനിന്നും 159 അംഗങ്ങളും 39 പ്രത്യേക ക്ഷണിതാക്കളും പങ്കെടുത്തു. 2020 ജനുവരിയിൽ തിരുവനന്തപുരത്ത് നടന്ന രണ്ടാം ലോക കേരളസഭയിൽ 41 രാജ്യങ്ങളിൽനിന്നും 147 അംഗങ്ങളും 103 പ്രത്യേക ക്ഷണിതാക്കളും പങ്കെടുത്തു.

(സി) പ്രവാസികളുടെ പ്രശ്നങ്ങൾ ഉൾക്കൊള്ളാനും സംസ്ഥാന ആവശ്യങ്ങൾ അവരെ ധരിപ്പിക്കാനും അവരുമായി ആശയ വിനിമയം നടത്തി പ്രസ്തുത ആവശ്യങ്ങളിന്മേൽ തുടർ നടപടികൾക്കുമായി പ്രവാസികൾക്കായി രൂപീകരിച്ച ഒരു പൊതു വേദിയാണ് ലോക കേരള സഭ. ഒന്നാം ലോക കേരള സഭയുടെ ഭാഗമായി ഉരുത്തിരിഞ്ഞ ശിപാർശകളിൽ നടപ്പിലാക്കാൻ കഴിയുന്നവ പ്രാവർത്തികമാക്കിയിട്ടുണ്ട്. 2020 ജനുവരിയിൽ നടന്ന രണ്ടാം ലോക കേരള സഭയിൽ പ്രവാസികളുടെ ഉന്നമനവും സംസ്ഥാനത്തിന്റെ ക്ഷേമവും മുന്നിൽ കണ്ടുകൊണ്ട് ധാരാളം നിർദ്ദേശങ്ങൾ ഉയർന്നുവന്നിരുന്നു. ഈ നിർദ്ദേശങ്ങൾ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചുവരുന്നു.

**ലോക കേരള സഭയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

117(1706) ശ്രീ. സി. ദിവാകരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം ലോക കേരള സഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് രൂപീകരിച്ച സ്റ്റാന്റിംഗ് കമ്മിറ്റികൾ സമർപ്പിച്ച പ്രധാന ശിപാർശകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; ഇതിന്മേൽ സ്വീകരിച്ച തുടർനടപടികളെന്തെന്ന് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് കമ്പനി എന്ന നിക്ഷേപ കമ്പനി സ്ഥാപിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ അറിയിക്കുമോ;

(സി) എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഏതൊക്കെ തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് പ്രസ്തുത കമ്പനി മുഖേന നടത്തുന്നത് എന്നറിയിക്കുമോ;

(ഡി) വനിതാ കുടിയേറ്റക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നോർക്കാ റൂട്ട്സിൽ വനിതാ സെൽ ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) എയർപോർട്ടുകളിൽ ഇമിഗ്രേഷൻ ഫെസിലിറ്റേഷൻ സെന്റർ (Immigration Facilitation Centre), പാസ്പോർട്ട് ഓഫീസുകളിൽ പ്രീ-എംബാർക്കെമന്റ് ഓറിയന്റേഷൻ സെന്റർ (Pre-embarkment Orientation Centre) എന്നിവ രൂപീകരിക്കണമെന്ന ശിപാർശ കേന്ദ്ര സർക്കാരിന് നല്കിയിട്ടുണ്ടോ; അവ രൂപീകരിക്കുന്നതിന്റെ ഉദ്ദേശലക്ഷ്യങ്ങളെന്തെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിന്റെ വികസനത്തിനും പ്രവാസികളായ മലയാളികളുടെ ക്ഷേമത്തിനും വേണ്ടി, ഒന്നാം ലോക കേരളസഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് രൂപീകരിച്ച വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകളിന്മേൽ തെരഞ്ഞെടുക്കപ്പെട്ട 10 എണ്ണത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

1. <u>എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി</u> പ്രവാസി മലയാളികളിൽനിന്നും 74% ഓഹരി മൂലധന നിക്ഷേപം സമാഹരിച്ചുകൊണ്ടും 26% ഓഹരി മൂലധനം സർക്കാർ നിക്ഷേപിച്ചുകൊണ്ടും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപീകരിച്ചു.

2 <u>എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി</u> അപ്പാർട്ട്മെന്റുകൾ, ടൗൺഷിപ്പ് പ്രോജക്ടുകൾ, കോംപ്ലക്സുകൾ, വൃദ്ധസദനങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അനുബന്ധ കമ്പനിയായി എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി തുടങ്ങാൻ തീരുമാനിച്ചു.

3. <u>പ്രവാസി സഹകരണ സംഘം</u> തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തനപരിധിയുള്ള ഒരു സഹകരണസംഘം കേരള സംസ്ഥാന പ്രവാസിക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

4. <u>വനിത എൻ.ആർ.കെ. സെൽ</u> വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവത്കരണം നടത്തുന്നതിനും വനിതാ കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു.

5. <u>എയർപോർട്ടുകളിൽ migration facilitation centre പാസ്പോർട്ട് ഓഫീസുകളിൽ Pre-embarkment Orientation centres</u> മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും സാംസ്കാരിക സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവത്കരണം നടത്താനും പാസ്പോർട്ട് ഓഫീസ്, എയർപോർട്ട് എന്നിവിടങ്ങളിൽ വിദേശകാര്യ മന്ത്രാലയവും സിവിൽ ഏവിയേഷൻ മന്ത്രാലയവുമായി സഹകരിച്ച് ഒരു അഡ്വൈസറി സെൽ രൂപീകരിക്കാനുള്ള ശിപാർശകൾ കേന്ദ്ര സർക്കാരിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

6. <u>നൈപുണ്യ വികസനത്തിനായുള്ള ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം</u>

7. <u>അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം</u> കുടിയേറ്റ കേന്ദ്രത്തിന് രൂപം കൊടുക്കുകയും Centre for Development Studies-ൽ അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

8. <u>പ്രവാസി ആനുകാലിക പ്രസിദ്ധീകരണം</u> പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം 'ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു.

(ബി) കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനിരൂപവത്ക്കരിച്ചു. അതിൽ സർക്കാർ 26% ഓഹരിയും പ്രവാസി നിക്ഷേപകർ 74% ഓഹരിയും വഹിക്കും. വിവിധ മേഖലകളിൽ നിക്ഷേപം നടത്തുന്നതിലേയ്ക്കായി പ്രസ്തുത കമ്പനി specific SPVs രൂപീകരിച്ച്, ടൂറിസം, തുറമുഖം, എയർപോർട്ട്, എൻ.ആർ.ഐ. ടൗൺഷിപ്പ്, പൊതുമേഖലാ സ്ഥാപനങ്ങൾ, നിർമ്മാണം, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ്, മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിലാണ് നിക്ഷേപത്തിനായി കമ്പനി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

(സി) എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അനുബന്ധ കമ്പനിയായി എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി തുടങ്ങാൻ തീരുമാനമായിട്ടുണ്ട്. കമ്പനിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ഡി) വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവത്കരണം

നടത്തുന്നതിനും വനിതാ കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാസെൽ രൂപീകരിക്കുകയും ഒരു നോഡൽ ഓഫീസറെ നിയമിക്കുകയും ചെയ്തു. ഗാർഹിക തൊഴിൽ മേഖലയിൽ കുടിയേറ്റം നടത്തുന്ന വനിതകൾക്കായി കൂടുതൽ നിയമാനുസൃതമായ മാർഗ്ഗങ്ങളിലൂടെ നോർക്ക റൂട്ട്സ് സൗജന്യ റിക്രൂട്ട്മെന്റ് നൽകുന്നതിനോടൊപ്പം കാര്യക്ഷമമായ രീതിയിൽ വനിതകൾക്ക് സൗജന്യമായി ബോധവത്കരണവും നടത്തിവരുന്നു.

(ഇ) ഇതുസംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും സാംസ്കാരിക സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവത്കരണം നടത്തുന്നതിനും ഒരു അഡ്വൈസറി സെല്ലായി പ്രവർത്തിക്കാനാണ് ഉദ്ദേശിക്കുന്നത്.

**ഒന്നാം ലോക കേരള സഭ**

118(T*1707) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം ലോക കേരള സഭയുടെ നടത്തിപ്പിന് 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒന്നാം ലോക കേരള സഭയുടെ ചെലവുകൾ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗിന് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഓഡിറ്റിംഗ് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഒന്നാം ലോക കേരള സഭയുടെ നടത്തിപ്പിന് 2018-19 സാമ്പത്തിക വർഷത്തിൽ 10 കോടിരൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ആയതിൽനിന്നും പ്രളയദുരന്തവുമായി ബന്ധപ്പെട്ട് ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി 5 കോടിരൂപ പ്ലാൻ കട്ട് വരുത്തിയിരുന്നു. ബാക്കിയുള്ള അഞ്ച് കോടിരൂപയിൽനിന്നും 2,48,14,659 രൂപ (രണ്ട് കോടി നാൽപത്തിയെട്ട് ലക്ഷത്തി പതിനാലായിരത്തി അറുന്നൂറ്റി അൻപത്തിയൊമ്പതുരൂപ മാത്രം) ഒന്നാം ലോക കേരള സഭയുടെ സംഘാടനത്തിനായി അനുവദിച്ചിട്ടുണ്ട്.

(ബി) ഒന്നാം ലോക കേരള സഭയുടെ ചെലവുകൾ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് പ്രത്യേക പരാമർശങ്ങളോ അഭിപ്രായങ്ങളോ രേഖപ്പെടുത്തിയിട്ടില്ല.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**രണ്ടാം ലോക കേരള സഭയുടെ ഭക്ഷണ ഇനത്തിലുള്ള ചെലവ്**

119(T*1708) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

രണ്ടാം ലോക കേരള സഭയിൽ പങ്കെടുത്ത പ്രതിനിധികളുടെ ഭക്ഷണ ഇനത്തിൽ ഒരു പ്രതിനിധിക്ക് ഒരു ദിവസത്തെ ചെലവ് എത്രരൂപയായി എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

രണ്ടാം ലോക കേരള സഭയുമായി ബന്ധപ്പെട്ട് പ്രതിനിധികൾക്കായി ഒരുക്കിയ ഭക്ഷണത്തിന് തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**സിംസ് പദ്ധതിയുടെ കരാറിന്റെ പ്രീക്വാളിഫിക്കേഷൻ വ്യവസ്ഥകൾ**

120(T*1710) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസും കെൽട്രോണും സംയുക്തമായി നടത്തുന്ന സിംസ് പദ്ധതിയുടെ കരാറിന്റെ ടെൻഡർ നടപടികളുടെ പ്രീക്വാളിഫിക്കേഷൻ വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു;

(ബി) ടെൻഡർ നടപടികളിൽ പങ്കെടുത്ത കമ്പനികളുടെ വിശദാംശങ്ങളും ഗാലക്സോൺ എന്ന കമ്പനിയെ തെരഞ്ഞെടുക്കാനുള്ള കാരണവും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പങ്കെടുക്കുന്ന സ്ഥാപനത്തിന് ഇന്ത്യയിൽ രജിസ്ട്രേഷനും ജി.എസ്.ടി. രജിസ്ട്രേഷനും ഉണ്ടായിരിക്കണം. പങ്കെടുക്കുന്ന സ്ഥാപനത്തിനെയോ അവരുടെ ഉല്പന്നങ്ങളെയോ ഏതെങ്കിലും സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാകരുത്. പങ്കെടുക്കുന്ന സ്ഥാപനത്തിനോ അവരുടെ പങ്കാളിക്കോ ചുരുങ്ങിയപക്ഷം ഇന്ത്യയിൽ ഒരു സംസ്ഥാനത്തോ അല്ലെങ്കിൽ ഏതെങ്കിലും രാജ്യത്തോ ചുരുങ്ങിയത് മൂന്നുവർഷം സിംസിന്റെ ഇംപ്ലിമെന്റേഷൻ, ഓപ്പറേഷൻ, മെയിന്റനൻസ് തുടങ്ങിയവ നടപ്പിലാക്കിയതിന്റെ പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഗാലക്സോൺ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്, മീഡിയാട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ടെണ്ടറിൽ പങ്കെടുത്തത്. ഗാലക്സോൺ സ്ഥാപനം lowest bidder ആയിരുന്നതിനാലാണ് തെരഞ്ഞെടുത്തത്.

## സിംസ് പദ്ധതിയിൽ കെൽട്രോണിന്റെ പങ്കാളിത്തം

121(T*1711) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ സിംസ് എന്ന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിൽ കെൽട്രോണിന്റെ പങ്കാളിത്തം എന്തെല്ലാമാണെന്നതിന്റെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് പരിചയ സമ്പന്നതയും യോഗ്യതയുമുള്ള കമ്പനികളിൽ നിന്ന് കെൽട്രോൺ താല്പര്യപത്രം ക്ഷണിച്ചിരുന്നുവോ; എങ്കിൽ ഇതിനായി എത്ര കമ്പനികൾ അപേക്ഷ നൽകിയിരുന്നു; പ്രസ്തുത കമ്പനികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സിംസ് പദ്ധതി നടത്തിപ്പിന് ഗാലക്സോൺ എന്ന കമ്പനിക്ക് കരാർ നൽകുവാനുണ്ടായ മാനദണ്ഡം എന്താണ്; ടെൻഡറിൽ പങ്കെടുത്ത മറ്റ് കമ്പനികളെക്കാൾ ഗാലക്സോൺ കമ്പനിക്കുള്ള അധിക യോഗ്യതയും പരിചയ സമ്പന്നതയും സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ;

(ഡി) ഗാലക്സോൺ കമ്പനി കെൽട്രോണിൽ സമർപ്പിച്ചിട്ടുള്ള രേഖകളിൽ ഇതിന്റെ ഡയറക്ടേഴ്സ് ഉൾപ്പെടെയുള്ളവരുടെ വിവരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) 2017-ൽ ആരംഭിച്ച ഗാലക്സോൺ കമ്പനി സമാനരീതിയിലുള്ള പ്രോജക്ടുകൾ ചെയ്ത പരിചയ സമ്പന്നതയും അനുഭവജ്ഞാനവും സംബന്ധിച്ച് കെൽട്രോൺ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദ വിവരം നൽകുമോ;

(എഫ്) കെൽട്രോണും ഗാലക്സോൺ കമ്പനിയും തമ്മിൽ സിംസ് പദ്ധതി സംബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ള കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ജി) സിംസ് പദ്ധതി കരാർ ഗാലക്സോൺ കമ്പനിക്ക് നൽകിയതിനെതിരെ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതിയുടെ വിശദാംശം ലഭ്യമാക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ഓവറോൾ പ്രോജക്ട് മാനേജ്മെന്റ്, ജനറൽ മാർക്കറ്റിംഗ് ആക്ടിവിറ്റീസ്, ഉപഭോക്താക്കളുമായിട്ടുള്ള ടെക്നിക്കൽ ഡിസ്കഷനുകളും പ്രോജക്ട് ഫൈനലൈസേഷനും ചെയ്യൽ, ഉപഭോക്താവിന്റെ സ്ഥാപനത്തിൽ പദ്ധതിക്കായി ഇന്റർഫേസിംഗ് യൂണിറ്റും സെൻസറുകളും സ്ഥാപിക്കുന്നതിന്റെ മേൽനോട്ടം, സിംസ് കൺട്രോൾ റൂമുമായി ഇന്റർഫേസിംഗും അതിന്റെ ടെസ്റ്റിംഗിന്റെയും മേൽനോട്ടം, ഉപഭോക്താക്കളും സർക്കാരും ടെക്നോളജി പാർട്ണറുമായി ചേർന്ന് എല്ലാ സാമ്പത്തിക ഇടപാടുകളും നടത്തുക, ടെക്നോളജി പാർട്ണറുമായി ചേർന്ന് സിംസ് സെൻട്രൽ സെർവർ റൂമിന്റെ ടെക്നിക്കൽ സപ്പോർട്ട്, പോലീസ് ഉദ്യോഗസ്ഥർക്കും ഉപഭോക്താക്കൾക്കും കാലാകാലങ്ങളിലുള്ള ടെക്നിക്കൽ ട്രെയിനിംഗ് നൽകുക, ഉപഭോക്താക്കളുമായിട്ടുള്ള വാറണ്ടി കണ്ടീഷൻസ് OEM പരിപാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ചുമതല.

(ബി) ഓപ്പൺ ടെൻഡർ ക്ഷണിച്ചിരുന്നു. അതിൽ 2 കമ്പനികൾ പങ്കെടുത്തിരുന്നു. ഗാലക്സോൺ, ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്, വഴുതക്കാട്, മീഡിയാട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡ്, പാപ്പനംകോട്, തിരുവനന്തപുരം.

(സി) Lower bidder ആയിരുന്നതിനാലാണ് തെരഞ്ഞെടുത്തത്.

(ഡി) ഉണ്ട്. 3 ഡയറക്ടർ അംഗങ്ങളുണ്ട്. അവരുടെ പേരുവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. Abdul Rasheed Packeer Mohamed
2. Bernard Raj Kurisappan Lawrence
3. Lizy Nunez

(ഇ) പരിശോധന നടത്തിയിട്ടുണ്ട്. ഗാലക്സോൺ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ 50% ഓഹരി പങ്കാളിത്തമുള്ളത് വോസ്റ്റോക് കമ്പനിയാണ്. വോസ്റ്റോക് കമ്പനി ദുബായ് പോലീസിനുവേണ്ടി സമാനമായ പദ്ധതി വിജയകരമായി നടപ്പിലാക്കിയതിന്റെ സാക്ഷ്യപത്രം ഇ-ടെൻഡർ സമയത്ത് ഗാലക്സോൺ സമർപ്പിച്ചിരുന്നു. വോസ്റ്റോക്കിന്റെയും ഗാലക്സോണിന്റെയും പ്രവർത്തി പരിചയം മൊത്തത്തിൽ പരിഗണിച്ചാണ് ഗാലക്സോൺ കമ്പനിയെ തെരഞ്ഞെടുത്തത്.

(എഫ്) കെൽട്രോണും ഗാലക്സോൺ കമ്പനിയും തമ്മിലുള്ള കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ജി) പരാതിയൊന്നും ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദേശസുരക്ഷയെ ബാധിക്കുന്ന കാര്യങ്ങൾ

122(1712) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസുരക്ഷയെത്തന്നെ ബാധിക്കുന്ന കാര്യങ്ങൾ സംസ്ഥാനത്ത് അടിക്കടി ഉണ്ടായിട്ടും സർക്കാർ ഇക്കാര്യത്തിൽ ഗൗരവതരമായ ഇടപെടൽ നടത്തുന്നില്ലയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കളിയിക്കാവിളയിൽ എസ്.ഐയെ വെടിവെച്ച് കൊന്നവർ ഒരു തീവ്രവാദി സംഘടനയുമായി ബന്ധമുള്ളവരെന്ന കണ്ടെത്തലും കുളത്തൂപ്പുഴയിൽ പാക്കിസ്ഥാൻ നിർമ്മിതവും ചൈനീസ് നിർമ്മിതവുമായ വെടിയുണ്ടകൾ കണ്ടെടുത്ത സംഭവവും പോലീസിന്റെ പക്കൽനിന്നും ആയുധങ്ങളും വെടിയുണ്ടകളും നഷ്ടപ്പെട്ടുവെന്ന റിപ്പോർട്ടുകളും ജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള ഭീതിയും ഉത്കണ്ഠയും ശമിപ്പിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(സി) സംസ്ഥാനം തീവ്രവാദികളുടെയും ദേശവിരുദ്ധ ശക്തികളുടെയും താവളമാകുന്നത് തടയുന്നതിന് നിതാന്ത ജാഗ്രത പുലർത്തുന്നതിനും കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും ശക്തമായ ഇടപെടലുകൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) ദേശസുരക്ഷയെ ബാധിക്കുന്ന സംഭവങ്ങൾ ഉണ്ടാകുന്ന അവസരത്തിൽ സംസ്ഥാന പോലീസ് കർശനമായ ഇടപെടൽ നടത്തിവരുന്നുണ്ട്.

(ബി) തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ ആയുധങ്ങളുടെയും പ്രവർത്തനക്ഷമമായ കാർട്രിഡ്ജുകളുടെയും സ്റ്റോക്കിൽ കുറവ് കണ്ടതിനെക്കുറിച്ചും "2015 സെപ്റ്റംബറിൽ രൂപീകൃതമായ ഒരു അന്വേഷണ ബോർഡിന്റെ അലംഭാവത്തോടെയുള്ള അന്വേഷണവും സെൽഫ് ലോഡിംഗ് റൈഫിളുകൾക്കുള്ള വെടിയുണ്ടകൾ നേരത്തെ കുറവുവന്ന വിവരം മൂടിവയ്ക്കാനുള്ള ശ്രമവും" സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2013-2018 കാലയളവിലെ റിപ്പോർട്ടിൽ പരാമർശമുണ്ട്. ഇത് സംബന്ധിച്ച് ക്രൈം നമ്പർ 399/CB/Tvpm/R/2019 പ്രകാരം ക്രൈംബ്രാഞ്ചിലെ പ്രത്യേക സംഘം അന്വേഷണം നടത്തിവരുന്നു. മറ്റ് രണ്ട് സംഭവങ്ങളിലും അന്വേഷണം കാര്യക്ഷമമായി നടന്നുവരുന്നു.

(സി) സംസ്ഥാനത്ത് തീവ്രവാദികളെയും ദേശവിരുദ്ധ പ്രവർത്തനങ്ങൾ ചെയ്യുന്നവരെയും നേരിടുന്നതിനുവേണ്ടി ആന്റി ടെററിസ്റ്റ് സ്ക്വാഡ്, തീവ്രവാദ കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിലേയ്ക്കായി തീവ്രവാദ വിരുദ്ധ പോലീസ് സ്റ്റേഷൻ എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രാജ്യത്തിന്റെ അഖണ്ഡതയ്ക്ക് ഭീഷണി ഉയർത്തുന്ന തീവ്രവാദ സംഘടനകളെ നേരിടുന്നതിൽ സംസ്ഥാന പോലീസ് സ്തുത്യർഹമായ നേട്ടമാണ് കൈവരിച്ചിട്ടുള്ളത്.

## കോടതികളിൽ പരാജയപ്പെടുന്ന കേസുകൾ

123(1713) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് രജിസ്റ്റർ ചെയ്യുന്ന വിവിധ കേസുകൾ കോടതികളിൽ എത്തുമ്പോൾ തള്ളിപ്പോകുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) 2016 ജനുവരി മുതൽ 2019 ഡിസംബർ വരെ എത്ര കേസുകൾ ഇത്തരത്തിൽ വിവിധ കോടതികളിൽ തള്ളിപ്പോയിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) കേസുകൾ രജിസ്റ്റർ ചെയ്യുമ്പോഴുണ്ടാകുന്ന താല്പര്യം ഉദ്യോഗസ്ഥർക്ക് പിന്നീട് ഇല്ലെന്ന കാര്യം പരിശോധിക്കുമോ;

(ഡി) 2016 ജനുവരി മുതൽ 2019 ഡിസംബർ വരെ ഇത്തരത്തിൽ തള്ളിപ്പോയ കേസുകൾ രജിസ്റ്റർ ചെയ്ത ഉദ്യോഗസ്ഥരുടെ പേരുവിവരം ലഭ്യമാക്കുമോ;

(ഇ) ഈ ഉദ്യോഗസ്ഥരുടെ പേരിൽ ഉയർന്ന ഉദ്യോഗസ്ഥർ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) സംസ്ഥാന പോലീസ് സേനയിൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നതിൽ ജാഗ്രത കാണിക്കാത്ത നിരവധി ഓഫീസർമാർ ഉണ്ടെന്ന കാര്യം പരിശോധിക്കുമോ; ഇവരുടെ വിവരം ആഭ്യന്തര വകുപ്പിന്റെ കൈവശം ഉണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

## സി & എ.ജി റിപ്പോർട്ടിന്മേൽ ജുഡീഷ്യൽ അന്വേഷണം

124(1714) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭയിൽ കഴിഞ്ഞ ഇരുപത് വർഷങ്ങളിൽ സമർപ്പിച്ച സി.&എ.ജി. റിപ്പോർട്ടുകളിൻമേൽ സർക്കാർ എപ്പോഴെങ്കിലും ജുഡീഷ്യൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് വർഷത്തെ റിപ്പോർട്ടിലാണ് അന്വേഷണം നടത്തിയതെന്നും ഏത് വിഷയത്തിലാണ് അന്വേഷണം നടത്തിയതെന്നതിന്റെയും വിശദവിവരം നൽകുമോ;

(ബി) 2020 ഫെബ്രുവരിയിൽ നിയമസഭയിൽ സമർപ്പിച്ച സി.&എ.ജി. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള പോലീസ് വകുപ്പിലെ അഴിമതിയെ സംബന്ധിച്ച് മുൻ സി.&എ.ജി. റിപ്പോർട്ടുകളിന്മേൽ ചെയ്തതുപോലെ ജുഡീഷ്യൽ അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 31-3-2016-ന് അവസാനിച്ച സാമ്പത്തിക വർഷത്തേയ്ക്കുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 4-ാം നമ്പർ റിപ്പോർട്ടിന്മേൽ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കൺസഷൻ കരാറുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിച്ചിട്ടുള്ള ക്രമപരമല്ലാത്ത കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് മന്ത്രിസഭയുടെ 31-5-2017-ലെ തീരുമാനപ്രകാരം റിട്ട. ഹൈക്കോടതി ജഡ്ജി ശ്രീ. സി. എൻ. രാമചന്ദ്രൻ നായരുടെ നേതൃത്വത്തിൽ ഒരു ജുഡീഷ്യൽ കമ്മീഷനെ നിയമിച്ചിരുന്നു.

(ബി) പരിഗണനയിലില്ല.

## പോലീസ് വാഹനപരിശോധനയുടെ ഭാഗമായി പിടിച്ചെടുത്ത ഫൈൻ

125(1715) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന പരിശോധനയുടെ പേരിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്രരൂപ ഫൈൻ ഇനത്തിൽ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പോലീസ് ഡിപ്പാർട്ട്മെന്റ് വാഹനപരിശോധനയുടെ ഭാഗമായി ഫൈൻ പിരിച്ചെടുക്കുന്നതിനായി ഓരോ പോലീസ് ഓഫീസർമാർക്കും ടാർജറ്റ് നിശ്ചയിച്ച് നൽകുന്നതായ വാർത്തകൾക്ക് അടിസ്ഥാനമുണ്ടോ; നിസ്സാര നിയമ

ലംഘനങ്ങൾക്കുപോലും വലിയ തുക ഈടാക്കുന്നതായ പരാതി പരിശോധിക്കുവാൻ തയ്യാറാകുമോ;

(സി) ഫൈൻ ഇനത്തിൽ ലഭിച്ച തുക ഏതെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചു എന്നും എത്ര തുക വീതമെന്നും അറിയിക്കാമോ?

ഉത്തരം

(എ – സി) വിവരം ശേഖരിച്ചുവരുന്നു.

**എക്സ്റേ സ്കാനറുകൾ ഘടിപ്പിച്ച വാഹനങ്ങൾ**

126(1716) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ എക്സ്റേ സ്കാനറുകൾ ഘടിപ്പിച്ചിട്ടുള്ള രണ്ട് വാഹനങ്ങൾ വാങ്ങിയതിൽ ക്രമക്കേടുണ്ടെന്ന് സി&എ.ജി. കണ്ടെത്തിയിട്ടുണ്ടോ;

(ബി) മുൻ സർക്കാർ നടത്തിയ ടെൻഡർ നടപടികളിൽ മതിയായ യോഗ്യത ഇല്ലാത്തതിനാൽ മാറ്റി നിർത്തിയ കമ്പനിയിൽ (എസിൽ റാപിസ്കാൻ)നിന്നും കെൽട്രോൺ എക്സ്റേ സ്കാനുകൾ വാങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) പോലീസ് വകുപ്പ് സ്റ്റോഴ്സ് പർച്ചേസ് മാനവലിലെ വകുപ്പുകളും കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ച് സുതാര്യമായ സംഭരണ നടപടിക്രമങ്ങൾ അവലംബിക്കുന്നു എന്ന് കേരള സർക്കാർ ഉറപ്പുവരുത്തണം എന്ന് സി.&എ.ജി. ശിപാർശ ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പർച്ചേയ്സുകൾക്കും സേവന കരാറുകൾക്കും പ്രത്യേകം മാനദണ്ഡങ്ങളും ചട്ടങ്ങളും രൂപീകരിക്കേണ്ട വിഷയം പരിഗണിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു ജുഡീഷ്യൽ കമ്മീഷനെ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ECIL Rapiscan Ltd.-ന് യോഗ്യത ഇല്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സി.&എ.ജി.-യുടെ റിപ്പോർട്ട് നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്. അതോടൊപ്പം സി.&എ.ജി.-യുടെ നിരീക്ഷണം കണക്കിലെടുത്ത് ചുവടെ ചേർക്കുന്ന തീരുമാനം സർക്കാർ എടുത്തിട്ടുണ്ട്.

സർക്കാർ വകുപ്പുകളിൽ പർച്ചേയ്സുകൾ നടത്താനും സേവന കരാർ ഉറപ്പിക്കാനും ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡേഴ്സ് (ടി.എസ്.പി.)-ന്റെ സേവനം ഉപയോഗിക്കാറുണ്ട്. ഇത് പൊതുമേഖല സഹകരണ സ്ഥാപനങ്ങൾ മുഖേനയാണ് നടത്തിവരുന്നത്. ടോട്ടൽ സൊല്യൂഷൻസ് പ്രൊവൈഡേഴ്സ് വഴി നടത്തുന്ന കരാറുകളിലും പർച്ചേയ്സുകളിലും ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്നു എന്ന കാര്യം പരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

**വെടിയുണ്ടയും തോക്കും കാണാതായ സംഭവം**

127(1717) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിൽ വെടിയുണ്ടയും തോക്കും കാണാതായ സംഭവം സംബന്ധിച്ച ക്രൈംബ്രാഞ്ച് അന്വേഷണം ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) ഇത് സംബന്ധിച്ച് തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ക്യാമ്പിൽ നടത്തിയ പരിശോധനയിൽ വ്യാജ വെടിയുണ്ടകളും കാലിക്കേസുകളും കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് കേരള ഹൈക്കോടതി എന്തെങ്കിലും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കേസിൽ ഒരു മന്ത്രിയുടെ ഗൺമാനെ പ്രതി ചേർത്തിട്ടുണ്ടോ; അദ്ദേഹത്തെ ഇതേവരെ ചോദ്യം ചെയ്യാത്തത് എന്തുകൊണ്ടാണ് എന്ന് വെളിപ്പെടുത്താമോ;

(ഡി) വെടിയുണ്ട കാണാതായത് സംബന്ധിച്ച് സി.ആന്റ് എ.ജി. ആഡിറ്റ് ക്വറിയിൽ പരാമർശിച്ചപ്പോൾ സംസ്ഥാന പോലീസ് മേധാവി എച്ച്4/178579/പി.എച്ച്.ക്യൂ. ഫയലിൽ ഉത്തരവ് നൽകിയിട്ടും, അന്വേഷണം മന്ദഗതിയിൽ ആയത് ഏത് സാഹചര്യത്തിലാണ്;

(ഇ) രാജ്യത്തിന്റെ സുരക്ഷയെ ബാധിക്കുന്ന ഇത്തരം കേസുകളിൽ സത്വര അന്വേഷണം നടത്തുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) അന്വേഷണം കാര്യക്ഷമമായി നടന്നുവരുന്നു.

(ബി) വ്യാജ വെടിയുണ്ടകൾ കണ്ടെത്തിയിട്ടില്ല. കാലി കേയ്സുകൾ കണ്ടെത്തിയിട്ടുണ്ട്.

(സി) നിലവിൽ ബഹുമാനപ്പെട്ട ഹൈക്കോടതി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടില്ല. ഗൺമാനെ എഫ്.ഐ.ആർ. പ്രതിപ്പട്ടികയിൽ ചേർത്തിട്ടുള്ളതും ചോദ്യം ചെയ്തിട്ടുള്ളതുമാണ്.

(ഡി) ഇക്കാര്യത്തിലുള്ള അന്വേഷണം മന്ദഗതിയിലായിട്ടില്ല.

(ഇ) അന്വേഷണം ത്വരിതഗതിയിൽ നടന്നുവരുന്നു. പ്രതികളുടെ പങ്ക് വെളിവാകുന്നമുറയ്ക്ക് അനുയോജ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**വെടിയുണ്ടകൾ കാണാതായത് സംബന്ധിച്ച്**

128(1718) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എ.പി. ക്യാമ്പിൽ പോലീസിന്റെ വെടിയുണ്ട കാണാതായ കേസ്സിൽ ഇതുവരെ എത്ര അറസ്റ്റ് നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ബറ്റാലിയനുകളിൽ നിന്ന് എത്ര വെടിയുണ്ടകൾ നഷ്ടമായെന്നാണ് സി.എ.ജി. റിപ്പോർട്ടിൽ പറയുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പോലീസ് വെടിയുണ്ടകളുടെ കണക്കെടുത്തിട്ടുണ്ടോ എന്നും പ്രസ്തുത കണക്കെടുപ്പിൽ കാണുന്ന നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) വെടിയുണ്ടകൾ കാണാതായത് സംബന്ധിച്ച് ആഭ്യന്തര പ്രിൻസിപ്പൽ സെക്രട്ടറി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ പറയുന്നതെന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഒരാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) 2018 മാർച്ചിൽ അവസാനിച്ച വർഷത്തേത് സംബന്ധിച്ച സി.എ.ജി. റിപ്പോർട്ടിൽ പ്രവർത്തനക്ഷമമായ കാർട്രിഡ്ജിലെ കുറവ് 12061 എന്നാണ് നിരീക്ഷിച്ചിട്ടുള്ളത്.

(സി) തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ ആയുധങ്ങളുടെയും പ്രവർത്തനക്ഷമമായ കാർട്രിഡ്ജുകളുടെയും സ്റ്റോക്കിൽ കുറവ് കണ്ടതിനെക്കുറിച്ചും "2015 സെപ്റ്റംബറിൽ രൂപീകൃതമായ ഒരു അന്വേഷണ ബോർഡിന്റെ അലംഭാവത്തോടെയുള്ള അന്വേഷണവും സെൽഫ് ലോഡിംഗ് റൈഫിളുകൾക്കുള്ള വെടിയുണ്ടകൾ നേരത്തേ കുറവുവന്ന വിവരം മൂടിവയ്ക്കാനുള്ള ശ്രമവും" സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2013-2018 കാലയളവിലെ റിപ്പോർട്ടിൽ പരാമർശമുണ്ട്. 1-1-1996 മുതൽ 1-3-2020 വരെ തിരുവനന്തപുരം എസ്.എ.പി.-ക്ക് ലഭിച്ചിട്ടുള്ള INSAS തോക്കുകളിൽ ഉപയോഗിക്കുന്ന 5.56 mm, AK 47 തോക്കുകളിൽ ഉപയോഗിക്കുന്ന 7.62 mm A7, SLR തോക്കുകളിൽ ഉപയോഗിക്കുന്ന 7.62 mm M80 എന്നീ വെടിയുണ്ടകളുടെ കണക്ക് എസ്.എ.പി. കമാണ്ടന്റ് ഹാജരാക്കിയ പട്ടിക പ്രകാരം 2-3-2020-ൽ ക്രൈംബ്രാഞ്ച് Physical Verification നടത്തിയിട്ടുണ്ട്. രജിസ്റ്ററുകളുമായി ഒത്തുനോക്കി ഇതിന്റെ കൃത്യത പരിശോധിക്കേണ്ടതുണ്ട്. നഷ്ടം വിലയിരുത്തിയിട്ടില്ല.

(ഡി) ഇതുസംബന്ധിച്ച ക്രൈം നമ്പർ 399/CB/Tvpm/R/19 പ്രകാരം ക്രൈംബ്രാഞ്ചിലെ പ്രത്യേക സംഘമാണ് അന്വേഷണം നടത്തിവരുന്നത്.

## എസ്.ഐ.എസ്.എഫ്.-ലേത് ഉൾപ്പെടെയുള്ള ഒഴിവുകളിലെ നിയമനം

129(1719) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര തസ്തികകളാണ് സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് (എസ്.ഐ.എസ്.എഫ്.)-ന് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ നിയമനങ്ങൾ നിലവിലുള്ള പോലീസ് ലിസ്റ്റിൽ നിന്നാണോ നികത്താൻ ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) 2021 ഡിസംബർ 31 വരെ ഏഴ് ബറ്റാലിയനുകളിലുള്ള പ്രതീക്ഷിത ഒഴിവുകൾ നിലവിലുള്ള പോലീസ് റാങ്ക് ലിസ്റ്റിൽനിന്നും നികത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ ബറ്റാലിയനിലേക്കും എത്ര ഒഴിവുകളാണ് ഈ തീയതിയ്ക്കകം പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇന്റഗ്രേറ്റഡ് പർപ്പസ് ട്രെയിനിംഗ് വേക്കൻസി ഏഴ് ബറ്റാലിയനുകളിലും നിലവിലുള്ള പോലീസ് റാങ്ക് ലിസ്റ്റിൽ ഉള്ളവർക്ക് എത്ര വീതം നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഏഴ് ബറ്റാലിയനുകളിലും നിലവിൽ എത്ര ഒഴിവുകൾ വീതം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ വീതം റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എസ്.ഐ.എസ്.എഫ്.-ൽ നിലവിലുള്ള തസ്തികകൾക്കുപുറമെ 9-1-2020 തീയതിയിലെ സ.ഉ (കൈ) നമ്പർ 7/2020/ആഭ്യ. പ്രകാരം രണ്ട് ഘട്ടങ്ങളായി 2000 പോലീസ് സേനാംഗങ്ങളുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) നേരിട്ടുള്ള നിയമനമാണ് ഇക്കാര്യത്തിലുമുണ്ടാകുക. ഇതിനായി നിയോഗിച്ചിട്ടുള്ള സമിതിയുടെ ശിപാർശപ്രകാരം ഉചിതമായ തീരുമാനം എടുക്കും.

(സി-ഇ) വിവരം ശേഖരിച്ചുവരുന്നു.

## ചീഫ് കെമിക്കൽ എക്സാമിനേഴ്സ് ലാബിലെ തെറ്റായ പരിശോധനാ റിപ്പോർട്ട്

130(1720) ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ചീഫ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ നിന്നും വ്യാജമദ്യ കേസ്സുകളിലെ സാമ്പിൾ പരിശോധിച്ച് തെറ്റായ പരിശോധനാ റിപ്പോർട്ട് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം കോടതികളെ കബളിപ്പിച്ച ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിജിലൻസ് അന്വേഷണം പുരോഗമിക്കുന്നു. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(സി) കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിനുകീഴിലുള്ള ലബോറട്ടറികളിലെ പരിശോധനാ മുറികൾ ഉൾപ്പെടെ എല്ലായിടവും 24 മണിക്കൂർ ക്യാമറ നിരീക്ഷണത്തിലാക്കി. രാസപരിശോധന സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ സംവിധാനമായ 'ലബോറട്ടറി മാനേജ്മെന്റ് സിസ്റ്റം' കാര്യക്ഷമമായി അത്യാധുനിക സുരക്ഷാ സംവിധാനങ്ങളോടെ നടപ്പിലാക്കി. രാസ പരിശോധനാ സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും സോഫ്റ്റ്‌വെയർ മുഖേന ആക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

## സിംസ് പദ്ധതി

131(T*1721) ശ്രീ. അനൂപ് ജേക്കബ് :
ശ്രീമതി ഷാനിമോൾ ഉസ്മാൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസും കെൽട്രോണും സംയുക്തമായി നടത്തുന്ന 'സിംസ്' (സി.ഐ.എം.എസ്) പദ്ധതിയുടെ കരാർ ലഭ്യമായ ഗാലക്സോൺ എന്ന സ്വകാര്യ കമ്പനിക്ക് വിദേശ രാജ്യങ്ങളിൽ ഉണ്ടെന്നു പറയുന്ന പ്രവൃത്തിപരിചയം വ്യാജമാണോ എന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(ബി) സിംസ് പദ്ധതിയിൽ അംഗമാകുന്ന കമ്പനികളോ വ്യക്തികളോ കെൽട്രോണിൽനിന്നും ഉപകരണങ്ങൾ വാങ്ങണം എന്ന് നിഷ്കർഷിക്കുന്നുണ്ടോ;

(സി) പ്രസ്തുത ഉപകരണങ്ങൾ കെൽട്രോൺ ഏത് കമ്പനിയിൽ നിന്നാണ് ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ അംഗമാകുന്നവരിൽനിന്നും യൂസർ ഫീ ഈടാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

### ഉത്തരം

(എ) ഗാലക്സോൺ ഇന്റർനാഷണൽ എന്ന സ്വകാര്യ കമ്പനിയിൽ 50 ശതമാനം ഓഹരി പങ്കാളിത്തമുള്ള വോസ്റ്റോകിന് വിദേശരാജ്യങ്ങളിൽ സമാന പദ്ധതിയിൽ പ്രവൃത്തി പരിചയമുണ്ടെന്ന ദുബായ് പോലീസിന്റെ സാക്ഷ്യപത്രം ടി കമ്പനി സമർപ്പിച്ചിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) സിംസ് ഇന്റർഫേസിംഗ് യൂണിറ്റുകളും അനുബന്ധ സെൻസറുകളും സിംസ് പദ്ധതിയുടെ ഭാഗമാണ്. മറ്റുപകരണങ്ങളായ ക്യാമറയും അനുബന്ധ സാമഗ്രികളും ഉപഭോക്താവ് കെൽട്രോണിൽനിന്നുംതന്നെ വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടില്ല.

(സി) ഇന്റർഫേസിംഗ് യൂണിറ്റുകൾ ഗാലക്സോൺ ഇന്റർനാഷണലിൽ നിന്നുമാണ് വാങ്ങുന്നത്.

(ഡി) നിലവിൽ സേവനത്തിന്റെ മോണിറ്ററിംഗ് ചാർജിനത്തിൽ വ്യക്തികൾക്ക് പ്രതിമാസം 500 രൂപയും സ്ഥാപനങ്ങൾക്ക് പ്രതിമാസം 700 രൂപയും എന്ന നിരക്കിലാണ് ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്നത്.

**സിംസ് പദ്ധതി**

132(1722) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. ടി. ജെ. വിനോദ്</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ സിംസ് പദ്ധതി ബൂട്ട് മാതൃകയിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച ടെൻഡർ വ്യവസ്ഥയിൽ ടെൻഡറിൽ പങ്കെടുക്കുന്നവർക്ക് മൂന്ന് വർഷത്തെ പ്രവർത്തന പരിചയവും ഇന്ത്യയിലോ വിദേശത്തോ ഇത് നടപ്പിലാക്കിയതിന്റെ പരിചയവും നിഷ്കർഷിച്ചിരുന്നോ;

(സി) സിംസ് പദ്ധതി അനുവദിച്ച് നൽകിയ ഗാലക്സോൺ ഇന്റർ നാഷണൽ കമ്പനിക്ക് മേൽപറഞ്ഞ യോഗ്യതയുണ്ടോ;

(ഡി) 2017 ജൂലൈ 10-ന് മാത്രം രജിസ്റ്റർ ചെയ്ത പ്രസ്തുത കമ്പനിക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും ഇളവ് നൽകിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഇ) ഗാലക്സോൺ കമ്പനിയുടെ രണ്ട് ഡയറക്ടർമാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) സിംസ് പദ്ധതി ബൂട്ട് മാതൃകയിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) ടെണ്ടറിൽ പങ്കെടുക്കുന്നവർക്കോ അവരുടെ അസോസിയേറ്റ് കമ്പനിക്കോ ഇന്ത്യയിലോ വിദേശത്തോ ഇത് നടപ്പിലാക്കിയതിന്റെ പരിചയവും മൂന്ന് വർഷത്തെ പ്രവർത്തന പരിചയവും നിഷ്കർഷിച്ചിട്ടുണ്ടായിരുന്നു.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) ടെണ്ടറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളോ അവരുടെ ഉൽപ്പന്നങ്ങളോ കരിമ്പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല എന്നതാണ് ടെണ്ടറിൽ തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡം. ഇ-ടെണ്ടർ നടപടിയുടെ ഭാഗമായി കമ്പനി ബ്ലാക്ക് ലിസ്റ്റ് ചെയ്തിട്ടില്ലെന്ന സാക്ഷ്യപത്രം കമ്പനിതന്നെ നൽകിയിട്ടുള്ളതാണ്.

## ഹൈവേ പോലീസ് സംവിധാനം

133(1723) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതകൾ കുരുതിക്കളമാകുമ്പോൾ അവിടെ ഗതാഗത സുരക്ഷിതത്വം ഒരുക്കേണ്ട ഹൈവേ പോലീസിന്റെ പരിശോധന വെറും വഴിപാടായി മാറുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) നിലവിൽ എത്ര ഹൈവേ പോലീസ് യൂണിറ്റുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വണ്ടി ഇടവഴിയിൽ ഒതുക്കി പോലീസ് ഉദ്യോഗസ്ഥർ ഉറങ്ങുന്നതായും യാത്രക്കാരെ ഭീഷണിപ്പെടുത്തി പണം വാങ്ങുന്നതായും വിജിലൻസിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ ഹൈവേകളിൽ പരിശോധന കർശനമാക്കി നിയമലംഘകരെ കണ്ടെത്തുന്നതിനും ഹൈവേ പോലീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) ആക്ഷേപം വസ്തുതാപരമല്ല. ദേശീയപാതകളിൽ ഹൈവേ പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. ഹൈവേ പോലീസിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അപകട സാധ്യതയുള്ള മേഖലകളിൽ കൃത്യമായി വാഹനപരിശോധന നടത്തേണ്ട സ്ഥലവും സമയവും നിശ്ചയിച്ച് നൽകുകയും വാഹനപരിശോധന നടത്തുന്നുണ്ടെന്ന് ഉറപ്പാക്കിയും വരുന്നു. വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി അമിത വേഗതയിലും അശ്രദ്ധമായും മദ്യപിച്ചും വാഹനമോടിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ച് വരുന്നതിനോടൊപ്പം ഹൈവേ പോലീസിന്റെ സഹായം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ഉടനടി സഹായം നൽകിയും കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട്. കഴിഞ്ഞ 3 വർഷത്തെ ഹൈവേ പോലീസിന്റെ വാഹനപരിശോധന സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | ഹൈവേ പോലീസിന്റെ വാഹന പരിശോധന സംബന്ധിച്ച കണക്കുകൾ | |
|---|---|---|
| | എടുത്ത പെറ്റി കേസ്സുകളുടെ എണ്ണം | രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം |
| 2017 | 964591 | 3713 |
| 2018 | 791189 | 4513 |
| 2019 | 650281 | 5393 |

(ബി) നിലവിൽ 53 ഹൈവേ പോലീസ് യൂണിറ്റുകളാണ് സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നത്.

(സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ആലപ്പുഴ – ഓച്ചിറ റൂട്ടിൽ പ്രവർത്തനം നടത്തിവരുന്ന ഹൈവേ പട്രോൾ വാഹനത്തിൽ (KILO-33) 9-3-2019-ന് രാത്രി 2.30 മണിയോടുകൂടി വിജിലൻസ് സംഘം നടത്തിയ പരിശോധനയിൽ വാഹനത്തിന്റെ സമീപത്തുനിന്നും കിട്ടിയതായ 2500 രൂപ അടങ്ങിയ ഒരു സിഗരറ്റ് പാക്കറ്റിനെക്കുറിച്ചുള്ള അന്വേഷണ നടപടികളുടെ ഭാഗമായി ടി ഹൈവേ പോലീസ് വാഹനത്തിൽ തത്സമയം ഡ്യൂട്ടിയിലുണ്ടായിരുന്ന മൂന്ന് ഉദ്യോഗസ്ഥരെ ഇടുക്കി ജില്ലയിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ പരിശോധനകൾ നടത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ഹൈവേകളിൽ പരിശോധന കർശനമാക്കി നിയമ ലംഘകരെ കണ്ടെത്തുകയും ഹൈവേ പോലീസ് സംവിധാനം കാര്യക്ഷമമാക്കി കർശന നടപടികളും സ്വീകരിച്ചുവരുന്നു.

## പോലീസ് പരിശീലനത്തിൽ പരിഷ്കാരങ്ങൾ

134(1726) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് പരിശീലനത്തിൽ പരിഷ്കാരങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എഫ്.ഐ.ആർ തയ്യാറാക്കുന്നതിൽ പോലീസുകാർക്ക് വേണ്ട പരിശീലനം നൽകുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) സിവിൽ പോലീസ് ഓഫീസർ റിക്രൂട്ട്മെന്റിന്റെ ഫിസിക്കൽ ടെസ്റ്റിൽ കാലോചിതമായ മാറ്റങ്ങൾ പി.എസ്.സി യുമായി ചർച്ച ചെയ്ത് നടപ്പിലാക്കാൻ തയ്യാറാകുമോ;

(ഡി) പോലീസ് സേനയിലെ സ്ത്രീ പ്രാതിനിധ്യം ഉയർത്തുന്നതിനും പോലീസുകാരുടെ പരിശീലനം പോലീസ് അക്കാദമിയിൽ മാത്രം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) നിലവിൽ പോലീസ് സേനാംഗങ്ങൾക്ക് മെച്ചപ്പെട്ട പരിശീലനം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ഏകീകൃതമായ പരിശീലനം സേനാംഗങ്ങൾക്ക് ലഭ്യമാക്കാൻവേണ്ടി ഇന്റഗ്രേറ്റഡ് പോലീസ് റിക്രൂട്ട് ട്രെയിനിംഗ് സെന്റർ തൃശ്ശൂരിൽ ആരംഭിച്ചിട്ടുണ്ട്.

2. ഭീകര വിരുദ്ധ പ്രവർത്തനങ്ങളിൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി കൗണ്ടർ ടെററിസം ആന്റ് കൗണ്ടർ ഇൻസർജൻസി ട്രെയിനിംഗ് സ്കൂൾ, പാണ്ടിക്കാട് ആരംഭിച്ചിട്ടുണ്ട്.

3. കേരള പോലീസ് അക്കാഡമിയിൽ അടിസ്ഥാന പരിശീലനം തേടുന്ന എല്ലാ പരിശീലനാർത്ഥികൾക്കും എഫ്.ഐ.ആർ. തയ്യാറാക്കുന്നതിന് സി.സി.റ്റി.എൻ.എസ്. പരിശീലനം നൽകിവരുന്നു.

4. പോലീസ് കോൺസ്റ്റബിൾമാരുടെ 2 ട്രെയിനിംഗ് സ്കൂൾ ആരംഭിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

5. ഇന്റലിജൻസ് ട്രെയിനിംഗ് സ്കൂൾ, ഹൈ ആൾറ്റിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

6. പോലീസ് സേനാംഗങ്ങളുടെ യോഗപരിശീലനത്തിനായി ഒരു യോഗാ ട്രെയിനറെ കരാർ അടിസ്ഥാനത്തിൽ പോലീസ് അക്കാദമിയിൽ നിയമിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

മേൽ പ്രതിപാദിച്ച പരിശീലന പരിപാടികൾ കൂടാതെ പോലീസ് പരിശീലനത്തിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുന്നത് സംബന്ധിച്ച് സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) കേരള പോലീസ് അക്കാഡമിയിൽ അടിസ്ഥാന പരിശീലനം തേടുന്ന എല്ലാ പരിശീലനാർത്ഥികൾക്കും എഫ്.ഐ.ആർ. തയ്യാറാക്കുന്നതിന് സി.സി.റ്റി.എൻ.എസ്. പരിശീലനം നൽകിവരുന്നു.

(സി) നിലവിൽ പരിഗണനയിലില്ല.

(ഡി) സംസ്ഥാന പോലീസ് സേനയിലെ സ്ത്രീ പ്രാതിനിധ്യം ഉയർത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. വനിതാ പോലീസിന്റെ അംഗസംഖ്യ ഘട്ടംഘട്ടമായി 15 ശതമാനമായി ഉയർത്തുന്നതിന്റെ ഭാഗമായി സ.ഉ.(കൈ) നമ്പർ 15/2017/ആഭ്യ. തീയതി 30-1-2017 പ്രകാരം ഒരു വനിതാ പോലീസ് ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്.

2. സ.ഉ.(കൈ) നമ്പർ 175/2019/ആഭ്യ. തീയതി 5-11-2019 പ്രകാരം പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നിവിടങ്ങളിലായി 4 വനിതാ പോലീസ് സ്റ്റേഷനുകൾക്ക് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

3. കൂടുതൽ വനിതാ പ്രാതിനിധ്യവുമായി കെ.എ.പി. 6-ാം ബറ്റാലിയൻ രൂപീകരിക്കുന്നത് സംബന്ധിച്ച ശിപാർശ പരിശോധിച്ചുവരുന്നു.

4. പോലീസ് പരിശീലനം ഏകീകരിക്കുന്നതിനായി ഇന്റഗ്രേറ്റഡ് പോലീസ് റിക്രൂട്ട് ട്രെയിനിംഗ് സെന്റർ ആരംഭിച്ചു.

## മെറ്റൽ ഡിറ്റക്ടറുകൾ വാങ്ങിയ നടപടി

135(1727) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി പോലീസ് ഡിപ്പാർട്ട്മെന്റ് മെറ്റൽ ഡിറ്റക്ടറുകൾ വാങ്ങിയതിൽ അഴിമതി നടന്നതായ മാധ്യമ

വാർത്തകളുടെ നിജസ്ഥിതി പുറത്തുകൊണ്ടുവരുവാൻ പോലീസ് ഡിപ്പാർട്ട്മെന്റിന് പുറത്തുള്ള ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ സർക്കാർ തയ്യാറാകുമോ;

(ബി) വിവിധ സുരക്ഷാ ഉപകരണങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് ടെക്നിക്കൽ കമ്മിറ്റിയുടെ അഭിപ്രായങ്ങൾ അവഗണിച്ചുകൊണ്ട് കെൽട്രോണിനെ ഇടനിലക്കാരാക്കുവാൻ കാരണമെന്തെന്ന് അറിയിക്കുമോ;

(സി) സുരക്ഷാ ഉപകരണങ്ങളുടെ വാങ്ങലുമായി ബന്ധപ്പെട്ട് ഏതെല്ലാം സ്ഥാപനങ്ങൾ ക്വട്ടേഷൻ നൽകിയിരുന്നു എന്നും ഓരോരുത്തരും ക്വാട്ട് ചെയ്ത തുക എത്ര എന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) സുരക്ഷാ ഉപകരണങ്ങൾ വാങ്ങിയതിൽ അഴിമതി നടന്നതായി സർക്കാർ ഇതുവരെ വിലയിരുത്തിയിട്ടില്ല. പൊതുമേഖലാ സ്ഥാപനമെന്ന നിലയിലും സർക്കാർ അംഗീകൃത ടി.എസ്.പി എന്ന നിലയിലും ശബരിമലയിൽ ഉപയോഗത്തിലുണ്ടായിരുന്ന പല ഉപകരണങ്ങളുടെയും വിതരണ/പരിപാലന സ്ഥാപനമെന്ന നിലയിലുള്ള പ്രവർത്തന പരിചയവും കണക്കിലെടുത്താണ് കെൽട്രോണിനെ പോലീസ് വകുപ്പ് പരിഗണിച്ചത്. ടി.എസ്.പി രീതിയിലുള്ള പർച്ചേയ്സുകളും സേവന കരാറുകളും സംബന്ധിച്ച് വിശദമായ പരിശോധന നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സെക്രട്ടറിതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കെൽട്രോൺ, സിഡ്കോ എന്നീ സ്ഥാപനങ്ങൾ ടി.എസ്.പി. ആയി പ്രവർത്തിച്ചിട്ടുള്ള കരാറുകൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സി ആന്റ് എ. ജി. റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട കാലയളവിലെ വാങ്ങലിന് കെൽട്രോണിന്റെ പ്രൊപ്പോസൽ മാത്രമേ ലഭിച്ചിരുന്നുള്ളൂ.

## പോലീസ് ക്യാന്റീനുകളിൽ സർക്കാർ ജീവനക്കാർക്ക് സാധനങ്ങൾ വാങ്ങുന്നതിന് അനുമതി

136(1728) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പോലീസ് ക്യാന്റീനുകളിൽ പോലീസിതര സർക്കാർ ജീവനക്കാർക്ക് കൂടി സാധനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

ഇല്ല.

**പോലീസിൽ സന്ദേശം കൈമാറുന്നതിനുള്ള സംവിധാനം**

137(1729) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിൽ അതിവേഗം സന്ദേശം കൈമാറുന്നതിനുള്ള കമ്മ്യൂണിക്കേഷൻ ബാക്ക് ബോൺ സിസ്റ്റം നിലവിലുണ്ടോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര സി.ഒ.ബി. യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്; പ്രസ്തുത യൂണിറ്റുകൾക്കായി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ലക്ഷംരൂപയുടേതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സി.ഒ.ബി. നിർത്തലാക്കി പോലീസിന്റെ കമ്പ്യൂട്ടർ അധിഷ്ഠിത ഐ.എ.പി.എസ്.-ലൂടെ സന്ദേശങ്ങൾ നൽകുവാൻ തീരുമാനം ആയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലുണ്ട്.

(ബി) സംസ്ഥാനത്ത് 36 CoB Nodes പ്രവർത്തിച്ചു വരുന്നുണ്ട്. ഇവയുടെ നവീകരണത്തിനായി 39 കമ്പ്യൂട്ടറുകൾ, 32 ഫോട്ടോകോപ്പിയർ A3 എൻട്രി ലെവലും 7 ഫോട്ടോകോപ്പിയർ A3 മീഡിയം ലെവലും 39 യു.പി.എസും കഴിഞ്ഞ വർഷം വാങ്ങിയിട്ടുണ്ട്. ആയതിന് 42,97,050/-രൂപ ചെലവായിട്ടുണ്ട്.

(സി) ഘട്ടംഘട്ടമായി സി.ഒ.ബി.-യിൽനിന്നും iAPS സംവിധാനത്തിലേയ്ക്ക് മാറുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലൂടെ ടെലി കമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ ജോലിഭാരം ലഘൂകരിക്കുവാൻ സാധിക്കും. ഇതിനുപുറമേ CoB യുമായി ബന്ധപ്പെട്ട് നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഉപകരണങ്ങൾ പോലീസിന്റെതന്നെ മറ്റ് സംവിധാനങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

**റോബോട്ടിക് മൊബൈൽ എക്സ്പ്ലോസീവ് കട്ടർ വെഹിക്കിൾ**

138(1730) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും നിർവ്വീര്യമാക്കുന്നതിനും റോബോട്ടിക് മൊബൈൽ എക്സ്പ്ലോസീവ് കട്ടർ വെഹിക്കിൾ എന്ന ഉപകരണം പോലീസ് വാങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ ഏത് സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയതെന്നും എന്ത് വിലയ്ക്കാണ് വാങ്ങിയതെന്നും വ്യക്തമാക്കാമോ;

(സി) ടെണ്ടർ നടപടികളിലൂടെയാണോ ഇത് വാങ്ങിയത്; അല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വാങ്ങിയിട്ടുണ്ട്.

(ബി) കെൽട്രോണാണ് പ്രസ്തുത ഉപകരണം ലഭ്യമാക്കിയത്. 138.65 ലക്ഷംരൂപയാണ് വില.

(സി) അതെ.

**ഗാലക്സോൺ കമ്പനിയുടെ യോഗ്യത**

139(T*1731) ശ്രീ. അനിൽ അക്കര :
ശ്രീ. ടി. ജെ. വിനോദ് :
ശ്രീമതി ഷാനിമോൾ ഉസ്മാൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസും കെൽട്രോണും സംയുക്തമായി നടത്തുന്ന 'സിംസ്' പദ്ധതിയുടെ ടെൻഡർ ലഭിച്ച ഗാലക്സോൺ കമ്പനിയുടെ ഒരു ഡയറക്ടറെ 31-10-2021 വരെയും മറ്റൊരു ഡയറക്ടറെ 31-10-2022 വരെയും കേന്ദ്ര കമ്പനികാര്യ മന്ത്രാലയം അയോഗ്യരാക്കിയിട്ടുള്ള സാഹചര്യത്തിൽ കമ്പനി നിയമം 2013 പ്രകാരം ഈ കമ്പനിക്ക് നിയമസാധുതയുണ്ടോയെന്ന് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ബി) ജൂലൈ 2017-ൽ രൂപീകരിച്ച ഗാലക്സോൺ എന്ന സ്വകാര്യ കമ്പനിക്ക് ഈ മേഖലയിൽ മൂന്ന് വർഷം പ്രവൃത്തി പരിചയമുണ്ട് എന്ന് കെൽട്രോൺ ഉറപ്പ് വരുത്തിയതെങ്ങിനെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. ടെണ്ടറിൽ പങ്കെടുക്കുന്ന സ്ഥാപനത്തെയോ അവരുടെ ഉൽപ്പന്നങ്ങളെയോ കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ടോ എന്നതാണ് ടെണ്ടറിൽ തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡം.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഗാലക്സോൺ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ 50% ഓഹരികൾ വഹിക്കുന്നത് വോസ്റ്റോക് കമ്പനിയാണ്. വോസ്റ്റോക് കമ്പനി ദുബായ് പോലീസിനുവേണ്ടി സമാനമായ പദ്ധതി വിജയകരമായി നടപ്പിലാക്കിയതിന്റെ സാക്ഷ്യപത്രം ഇ-ടെൻഡർ സമയത്ത് ഗാലക്സോൺ സമർപ്പിച്ചിരുന്നു. രണ്ട് കമ്പനികളുടെയും പ്രവർത്തിപരിചയം മൊത്തത്തിൽ പരിഗണിച്ചാണ് ഗാലക്സോൺ കമ്പനിയെ തെരഞ്ഞെടുത്തത്.

## സ്റ്റോർ പർച്ചേസ് മാനുവൽ പാലിക്കാതെ ഉപകരണങ്ങൾ വാങ്ങിയ നടപടി

140(1732) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റോർ പർച്ചേസ് മാനുവൽ പാലിക്കാതെ വിലപിടിപ്പുള്ള ഉപകരണങ്ങൾ വാങ്ങിയശേഷം സർക്കാരിൽ സമ്മർദ്ദം ചെലുത്തി നടപടികൾ ക്രമപ്പെടുത്തി വാങ്ങുന്ന പോലീസിലെ ഉന്നതരുടെ നീക്കം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സ്പെക്ട്രം അനലൈസർ വാങ്ങാൻ സർക്കാർ നിർദ്ദേശിച്ച കമ്പനിയെ മാറ്റി പകരം സ്വന്തം നിലയിൽ ബംഗലുരുവിലെ ഒരു സ്വകാര്യ കമ്പനിയുമായി ഡി.ജി.പി. കരാർ ഉറപ്പിച്ച സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(സി) സ്റ്റോർ പർച്ചേസ് മാനുവൽ പാലിക്കാതെ നടത്തിയ ഈ ഇടപാടിൽ ചട്ടലംഘനം ബോധ്യപ്പെട്ടെങ്കിലും സമ്മർദത്തിന് വഴങ്ങി പ്രസ്തുത നടപടി സർക്കാർ ക്രമവൽക്കരിക്കുകയും മേലിൽ ഇതാവർത്തിക്കരുതെന്ന് താക്കീത് നൽകുകയും ഉണ്ടായോ;

(ഡി) എന്നാൽ 2018-ൽ നടന്ന ഒരു കോടിയിലേറെ വിലയുള്ള ബുള്ളറ്റ് പ്രൂഫ് വാഹനം വാങ്ങുന്ന ഇടപാടിലും ഇതേ ചട്ടലംഘനം ആവർത്തിക്കുകയും പിന്നീട് അത് ക്രമവൽക്കരിക്കുകയുമുണ്ടായോ;

(ഇ) സ്റ്റോർ പർച്ചേസ് മാനുവലും കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങളും അവഗണിച്ചുകൊണ്ടുള്ള ഇത്തരം ചട്ടലംഘനങ്ങൾക്ക് സർക്കാർ പിന്തുണയുണ്ടെന്നുള്ള ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ;

(എഫ്) ഇക്കാര്യം സർക്കാരിനു പുറത്തുള്ള ഒരു ഉന്നത ഏജൻസിയെ കൊണ്ട് പരിശോധിക്കുന്ന കാര്യം പരിഗണിക്കുമോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്.

(സി) സ്റ്റോർ പർച്ചേസ് മാനവൽ പാലിക്കേണ്ടതാണെന്ന നിർദ്ദേശ ത്തോടെയാണ് പ്രസ്തുത വാങ്ങൽ നടപടി സാധൂകരിച്ചിട്ടുള്ളത്.

(ഡി&ഇ) ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ ഉപയോഗിക്കേണ്ടി വരുന്നത് അതീവ സുരക്ഷ ആവശ്യമുള്ള ഓപ്പറേഷണൽ പർപ്പസ് ഡ്യൂട്ടികൾക്കാണ്. ആയതിനാൽ ടി വാഹനങ്ങളുടെ സുരക്ഷാപരമായ രഹസ്യങ്ങൾ വെളിവാക്കപ്പെടുന്നത് പ്രസ്തുത വാഹനം ഉപയോഗിക്കേണ്ടി വരുന്ന ഓപ്പറേഷണൽ പർപ്പസ് ഡ്യൂട്ടികളുടെ സുരക്ഷയ്ക്ക് അഭികാമ്യമല്ല. ഈ സാഹചര്യം പരിഗണിച്ചാണ് സർക്കാർ പ്രസ്തുത നടപടി സാധൂകരിച്ചിട്ടുള്ളത്. ഇപ്രകാരം സിംഗിൾ ടെണ്ടർവഴി ബുള്ളറ്റ് പ്രൂഫ് വാഹനം വാങ്ങുന്ന കീഴ്വഴക്കവുമുണ്ട്.

(എഫ്) പോലീസിന്റെ പർച്ചേസുകൾ ഏറെയും മറ്റു വകുപ്പുകളുടെ പർച്ചേസുകളിൽനിന്നും സുരക്ഷാ കാരണങ്ങളാലും മറ്റും വ്യത്യസ്തത പുലർത്തുന്ന താകയാൽ അതിനായി പ്രത്യേക മാനദണ്ഡങ്ങളും ചട്ടങ്ങളും നിർദ്ദേശി ക്കേണ്ടതുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതിനും ശിപാർശ സമർപ്പിക്കുന്ന തിനുമായി ഒരു ജുഡീഷ്യൽ കമ്മീഷനെ ഇതിനകം നിയോഗിച്ചിട്ടുണ്ട്.

## പോലീസിന്റെ ആവശ്യത്തിലേയ്ക്കായി ഹെലികോപ്റ്റർ

141(1733) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസിന്റെ ആവശ്യത്തിലേയ്ക്കായി ഹെലികോപ്റ്റർ വാടകക്ക് എടുത്തിട്ടുണ്ടോ; എങ്കിൽ ഏത് കമ്പനിയിൽ നിന്നാണെന്നും അതിന്റെ കരാർ വ്യവസ്ഥകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഹെലികോപ്റ്ററിന് പ്രതിമാസം വാടക ഇനത്തിൽ എത്ര തുക നൽകണം എന്നും ഇതിനകം എത്ര തുക പ്രസ്തുത കമ്പനിക്ക് നൽകി എന്നും അറിയിക്കാമോ;

(സി) ഹെലികോപ്റ്റർ ഇതിനകം ഏതൊക്കെ ആവശ്യങ്ങൾക്കാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന പോലീസ് വകുപ്പിന്റെ വിവിധ കൃത്യനിർവ്വഹണ ആവശ്യങ്ങൾക്കായി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പവൻ ഹാൻസ് ലിമിറ്റഡിൽനിന്നും ഹെലികോപ്റ്റർ wet lease വ്യവസ്ഥയിൽ എടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കരാർ വ്യവസ്ഥ പ്രകാരം ഒരു

മാസക്കാലയളവിൽ പരമാവധി 20 മണിക്കൂർ ഹെലികോപ്റ്റർ ഉപയോഗിക്കുന്നതിലേയ്ക്കായി നിശ്ചിത തുകയായ 1,44,60,000 രൂപ പവൻ ഹാൻസ് ലിമിറ്റഡിന് നൽകേണ്ടതുണ്ട്. ഇതിൽ അധികരിച്ച് ഉപയോഗിക്കുന്ന ഓരോ മണിക്കൂറിനും 67,926 രൂപ നൽകേണ്ടതുണ്ട്. പ്രസ്തുത കമ്പനിക്ക് വാടകയിനത്തിൽ നാളിതുവരെ യാതൊരു തുകയും നൽകിയിട്ടില്ല. ഒരു വർഷക്കാലയളവിലേയ്ക്കാണ് നിലവിലെ കരാർ ഒപ്പുവച്ചിട്ടുള്ളത്.

(സി) ഹെലികോപ്ടറിന്റെ ഉപയോഗം ഇതുവരെ ആരംഭിച്ചിട്ടില്ല.

## കേരള പോലീസ് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ

142(1734) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് മിനിസ്റ്റീരിയൽ വിഭാഗത്തിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് അർഹതപ്പെട്ട പത്ത് ശതമാനം പ്രൊമോഷൻ ലഭ്യമാകുന്നതിൽ കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ബി) എന്ന് മുതൽ ഇത്തരം ജീവനക്കാർക്ക് പ്രൊമോഷൻ നൽകാനാകും; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പോലീസ് വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ ജില്ലാതല സംയോജിത സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ എൽ.ഡി. ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് തസ്തികമാറ്റ നിയമനം നൽകുന്നതിനെതിരെ സമർപ്പിക്കപ്പെട്ട OA2257/17-ന്റെ അന്തിമവിധി വരുന്നതു വരെ തസ്തികമാറ്റ നിയമനങ്ങൾ നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തസ്തികമാറ്റ നിയമനങ്ങൾ അനന്തമായി നീണ്ടു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് തസ്തികമാറ്റ നിയമനം നിലവിൽ കോടതികളിലും ട്രൈബ്യൂണലുകളിലും നിലവിലുള്ള കേസ്സുകളുടെ ഇടക്കാല/അന്തിമവിധിക്ക് വിധേയമായിരിക്കും എന്ന വ്യവസ്ഥയിൽ പോലീസ് വകുപ്പിൽ തസ്തികമാറ്റ നിയമനം നടത്തുന്നതിന് സർക്കാർ അനുവാദം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഒഴിവുള്ള എൽ.ഡി ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ 30-1-2020 തീയതിയിലെ DGO 189/2020/PHQ പ്രകാരം താത്കാലിക നിയമനം നൽകിയിട്ടുണ്ട്.

## കേരള സിവിൽ പോലീസ് കേഡർ

143(1735) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സിവിൽ പോലീസ് കേഡറിൽ ക്ലോസ്ഡ് എ.ആറിൽ നിന്നുള്ള ആർ.ഐ.,എ.സി.,ഡി.സി. തസ്തികകളിലെ ഒഴിവുകളും പ്രൊമോഷൻ തസ്തികയിലെ ഒഴിവുകളും നികത്തുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസങ്ങളോ കോടതി വ്യവഹാരമോ ഉണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) ആർ.ഐ.,എ.സി.,ഡി.സി. തസ്തികകൾ കേരള സിവിൽ പോലീസ് കേഡറിൽ ലയിപ്പിക്കുന്നതിന് തീരുമാനമായിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) 10-2-2010 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ (പി) നമ്പർ 268/2010/ആഭ്യന്തരം പ്രകാരം കേരള ആംഡ് റിസർവ്വും ലോക്കൽ പോലീസും സംയോജിപ്പിച്ചിട്ടുണ്ട്. ടി സർക്കാർ ഉത്തരവിൽ കേരള ആംഡ് റിസർവ്വിൽ തുടരുന്ന ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ EDP അനുസരിച്ച് അനുവദിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 12-7-2018 തീയതിയിലെ ഡി.ജി.ഒ നമ്പർ 1064/2018, ഡി.ജി.ഒ നമ്പർ 1074/2018 ഉത്തരവുകൾ പ്രകാരം പുറത്തിറക്കിയ EDP ലിസ്റ്റ് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 12-7-2018 തീയതിയിലെ O.A No. 2125/2018, O.A No. 2326/2018 കേസ്സുകളിലെ ഉത്തരവ് പ്രകാരം റദ്ദു ചെയ്യുകയുണ്ടായി.

ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 12-7-2018 തീയതിയിലെ O.A No. 2125/2018, O.A No. 2326/2018 കേസ്സുകളിലെ വിധിക്കെതിരായി സർക്കാരും ഡിപ്പാർട്ട്മെന്റും ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ OP (KAT) 359/19, 405/19 നമ്പർ കേസ്സുകൾ ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി 5/9/2019 തീയതിയിലെ OP (KAT) 359/19 നമ്പർ ഉത്തരവ് പ്രകാരം status quo നിലനിർത്താൻ ഉത്തരവ് ആകുകയും ടി സ്റ്റേ ഉത്തരവ് പലപ്പോഴായി നീട്ടുകയും അവസാനമായി 17-1-2020 തീയതിയിലെ OP (KAT) 405/19 നമ്പർ ഉത്തരവുപ്രകാരം വീണ്ടും മൂന്നുമാസത്തേയ്ക്കുകൂടി നീട്ടുകയും ചെയ്തിട്ടുണ്ട്. ടി കേസ്സുകളിലെ അന്തിമവിധി വന്നിട്ടില്ല.

(ബി) ഇല്ല.

## പോലീസ് സേനയിൽ പതിനഞ്ച് ശതമാനം വനിതാ പ്രാതിനിധ്യം

144(1736) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ പതിനഞ്ച് ശതമാനം വനിതാ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിനായുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇതുവഴി എല്ലാ വനിതാ പോലീസ് സ്റ്റേഷനുകളിലും മതിയായ വനിതാ പോലീസുകാരുടെ പ്രാതിനിധ്യം ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാന പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം ഘട്ടംഘട്ടമായി ഉയർത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. വനിതാ പോലീസിന്റെ 400 (380 പി.സി + 20 ഹവിൽദാർ) തസ്തിക അനുവദിച്ചുകൊണ്ട് സ.ഉ.(കൈ) നമ്പർ 15/2017/ആഭ്യ തീയതി 30-1-2017 പ്രകാരം ഒരു വനിതാ പോലീസ് ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്.

2. സ.ഉ.(കൈ) നമ്പർ 175/2017/ആഭ്യ. തീയതി 15-11-2019 പ്രകാരം നിലവിൽ വനിതാ പോലീസ് സ്റ്റേഷനുകളില്ലാത്ത പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ റവന്യൂ ജില്ലകളിൽ നാല് വനിതാ പോലീസ് സ്റ്റേഷനുകൾ ജില്ലാ ആസ്ഥാനത്തുതന്നെ ആരംഭിക്കുന്നതിനും ടി സ്റ്റേഷനുകളിൽ ഓരോന്നിനും 19 തസ്തികകൾ വീതം ആകെ 76 (4X19) തസ്തികകൾ അനുവദിച്ചുകൊണ്ടും ടി തസ്തികകളിൽ 20 തസ്തികകൾ പുതിയതായി സൃഷ്ടിച്ചും 56 തസ്തികകൾ പുനർവിന്യസിച്ചുകൊണ്ടും തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

## തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ സിവിൽ പോലീസ് ഓഫീസർ ഒഴിവുകൾ

145(1737) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ എത്ര ഒഴിവ് നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ;

(സി) തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ 1-1-2020 മുതൽ 30-6-2020 വരെ വിരമിക്കൽ മൂലം സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിൽ 199-ഉം (റൂറൽ-52, സിറ്റി-147) പാലക്കാട് ജില്ലയിൽ 8-ഉം സിവിൽ പോലീസ് ഓഫീസർ തസ്തികകളിൽ ഒഴിവുണ്ട്.

(ബി) ജില്ലയിലുണ്ടാകുന്ന ഒഴിവുകൾ നേരിട്ട് കേരള പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാറില്ല. ജില്ലയിലെ ഒഴിവുകൾക്ക് അനുബന്ധമായി ബന്ധപ്പെട്ട ബറ്റാലിയനുകളിൽനിന്നും ബൈ-ട്രാൻസ്ഫർ നിയമനംവഴി ഒഴിവുകൾ നികത്തപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബറ്റാലിയനിൽ ഒഴിവുണ്ടായാൽ അവ കേരള പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതുമാണ്.

| | | | |
|---|---|---|---|
| (സി) | തൃശ്ശൂർ സിറ്റി | - | 22 |
| | തൃശ്ശൂർ റൂറൽ | - | 01 |
| | പാലക്കാട് | - | 0 |

## കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ ടെക്നിക്കൽ അസിസ്റ്റന്റ് നിയമനം

146(1738) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലും കൊച്ചി, കോഴിക്കോട് റീജിയണൽ ലാബുകളിലും താത്കാലിക അടിസ്ഥാനത്തിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ; നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ടെക്നിക്കൽ അസിസ്റ്റന്റുമാരെ തെരഞ്ഞെടുത്തത് എന്ത് അടിസ്ഥാനത്തിലാണ്; യോഗ്യത, തെരഞ്ഞെടുപ്പ് രീതി എന്നിവ വിശദമാക്കാമോ;

(സി) തെരഞ്ഞെടുപ്പിനുള്ള അറിയിപ്പുകൾ ഏതൊക്കെ പത്രമാധ്യമങ്ങളിൽ നൽകിയിരുന്നു എന്ന് വിശദമാക്കാമോ; കൂടാതെ മറ്റേതെങ്കിലും രീതിയിൽ അറിയിപ്പ് നൽകിയിരുന്നോ;

(ഡി) കെമിക്കൽ എക്സാമിനേഴ്സ് ലാബിലും റീജിയണൽ ലാബിലും ഏതു തരം പരിശോധനകളാണ് നടക്കുന്നതെന്ന് അറിയിക്കുമോ; ടി ലാബുകളിൽ പരിശോധനാ ഫലം ലഭ്യമാക്കാനുള്ള എത്ര കേസുകൾ നിലവിൽ ഉണ്ട്; ഇവയുടെ എണ്ണം ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത ലാബുകളിൽ നടത്തിയ താത്കാലിക നിയമനത്തിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തിരുവനന്തപുരത്ത് 11, എറണാകുളത്ത് 13, കോഴിക്കോട് 6 എന്നിങ്ങനെ ആകെ 30 ടെക്നിക്കൽ അസിസ്റ്റന്റുമാരെ 180 ദിവസത്തെ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. നിയമന ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1, 2 ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്. *

(ബി) കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ സ്പെഷ്യൽ റൂൾ അടിസ്ഥാനമാക്കിയുള്ള യോഗ്യതയ്ക്ക് (Bsc Chemistry with atleast 50% marks from a recognised University) പുറമേ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലോ സമാന ലബോറട്ടറികളിലോ കുറഞ്ഞത് മൂന്ന് മാസത്തിൽ കുറയാത്ത മുൻപരിചയമാണ് ടെക്നിക്കൽ അസിസ്റ്റന്റുമാരെ തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള യോഗ്യതയായി നിശ്ചയിച്ച് അനലിസ്റ്റുകളെ നിയമിച്ചത്.

(സി) പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ മുഖേന തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ മലയാളത്തിലെ പ്രധാന പത്രങ്ങളിലും ഓൺലൈൻ മാധ്യമങ്ങളിലും അറിയിപ്പ് നൽകിയിരുന്നു.

(ഡി) സംസ്ഥാനത്തെ വിവിധ കോടതികൾ, കൂടാതെ പോലീസ്, എക്സൈസ്, വനം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ വിവിധ കേസ്സുകളിലായി ശേഖരിക്കുന്ന തൊണ്ടിമുതലുകൾ, സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, മറ്റ് സർക്കാർ ആശുപത്രികൾ എന്നിവിടങ്ങളിൽനിന്നും പോസ്റ്റ്മോർട്ടത്തിനുശേഷം അയയ്ക്കുന്ന ആന്തരിക അവയവങ്ങൾ ഉൾപ്പെടെയുള്ളവയുടെ രാസപരിശോധനയാണ് തിരുവനന്തപുരം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലും എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികളിലും നടക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2020 ജനുവരി മാസത്തെ കണക്കനുസരിച്ച് 3 ലബോറട്ടറികളിലുമായി ആകെ 42,280 കേസ്സുകളിലായി 1,17,550 സാമ്പിളുകൾ പരിശോധനയ്ക്ക് കെട്ടിക്കിടക്കുന്നുണ്ട്. ഇതിന്റെ ഇനം തിരിച്ചുള്ള കണക്ക് അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. *

(ഇ) കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ പരിശോധനയ്ക്കായി കെട്ടിക്കിടക്കുന്ന സാമ്പിളുകളുടെ എണ്ണം പരമാവധി കുറയ്ക്കുക എന്ന ഉദ്ദേശ്യത്തിന് പരിഗണന നൽകിയാണ് 'ബി' പിരിവിൽ പ്രതിപാദിച്ചിരിക്കുന്ന യോഗ്യതകളുടെ അടിസ്ഥാനത്തിൽ 30 ടെക്നിക്കൽ അസിസ്റ്റന്റുമാരെ (ഹിന്ദു (OBC) -12, ക്രിസ്ത്യൻ നാടാർ -1, പൊതുവിഭാഗം - 4, ഹിന്ദു (SC) - 7, മുസ്ലീം (OBC) - 6) താൽക്കാലികമായി നിയമിച്ചത്.

## കെ.എ.പി 4-ാം ബറ്റാലിയനിൽ സിവിൽ പോലീസ് ഓഫീസർ ഒഴിവുകൾ

147(1739) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.പി. 4-ാം ബറ്റാലിയനിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ നിലവിൽ 2020 ജനുവരി 31 വരെ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേരെയാണ് നിയമിച്ചിട്ടുള്ളത്;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോഴാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കെ.എ.പി. 4-ാം ബറ്റാലിയനിൽ 2021 ഡിസംബർ വരെ ഉണ്ടാകാവുന്ന പോലീസ് കോൺസ്റ്റബിളിന്റെ ഒഴിവുകൾ കണക്കാക്കി ആകെ 462 ഒഴിവുകൾ കേരളാ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള റാങ്ക് പട്ടികയിൽനിന്നും 462 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) റാങ്ക് ലിസ്റ്റ് നിലവിൽവന്ന തീയതി മുതൽ ഒരു വർഷമാണ് കാലാവധി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എ.പി. ബറ്റാലിയൻ 5-ലെ സിവിൽ പോലീസ് ഓഫീസർ ഒഴിവുകൾ

148(1740) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആംഡ് പോലീസ് ബറ്റാലിയൻ-5 ൽ സിവിൽ പോലീസ് ഓഫീസറുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടും യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന് കാരണമെന്താണ്; ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും ഏതെങ്കിലും തരത്തിലുള്ള വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ;

(സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതുമൂലം ഉദ്യോഗാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ;

(ഡി) ഈ ബറ്റാലിയനിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ 31-12-2020 വരെ പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയാണ്; ഒഴിവുകൾ ഉണ്ടാകുന്ന തീയതി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) കെ.എ.പി. 5-ാം ബറ്റാലിയനിൽ സിവിൽ പോലീസ് ഓഫീസർ തസ്തിക നിലവിലില്ല. എന്നാൽ ആംഡ് പോലീസ് ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ റിക്രൂട്ട്മെന്റ് സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2021 ഡിസംബർ 31 വരെ വിരമിക്കൽ/ഡെപ്യൂട്ടേഷൻ/പ്രൊമോഷൻ എന്നിവമൂലം ഉണ്ടാകാനിടയുള്ള ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി സർക്കാരിൽനിന്നും തുടർ അനുമതി ലഭിക്കേണ്ടുന്ന 1200 temporary training തസ്തികകൾക്കും instrucational staff തസ്തികകൾക്കും ആനുപാതികമായി റിക്രൂട്ട് ചെയ്യുന്നതിന് യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ട്. മുൻ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരും നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരുമായ ഉദ്യോഗാർത്ഥികൾ തമ്മിൽ നിലവിലെ ഒഴിവുകളിൽ അവകാശവാദം ഉന്നയിച്ച് കേസ് ഫയൽ

ചെയ്തിട്ടുള്ളതിനാൽ ഈ വിഷയം ഇപ്പോൾ ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്. കെ.എ.പി. 5-ാം ബറ്റാലിയനിൽ പൊതുവിഭാഗത്തിൽ 268 ഒഴിവുകൾ കേരള പി.എസ്.സി.-യുടെ ഇടുക്കി ജില്ലാ ഓഫീസിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി&സി) ഒഴിവുകളുണ്ടാകുന്നമുറയ്ക്ക് കാലതാമസം കൂടാതെ അവ കേരള പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു.

(ഡി) 31-12-2021 വരെ പ്രൊമോഷൻ, റിട്ടയർമെന്റ് എന്നിവ വഴിയുണ്ടാകുന്ന ഒഴിവുകൾ കണക്കാക്കിയാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

## എയ്ഡഡ് സ്കൂളുകളിൽ എസ്.പി.സി.

149(1741) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര എയ്ഡഡ് സ്കൂളുകളിൽ എസ്.പി.സി. പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) എസ്.പി.സി.-യുടെ പ്രവർത്തനങ്ങൾക്കായി എയ്ഡഡ് സ്കൂളുകൾക്ക് എന്തെങ്കിലും സാമ്പത്തിക സഹായങ്ങൾ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എസ്.പി.സി. പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകൾക്ക് സാമ്പത്തിക സഹായം നൽകുന്ന എന്തെങ്കിലും തീരുമാനങ്ങൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരളത്തിൽ 268 എയ്ഡഡ് സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) 2014 വരെ എസ്.പി.സി. പദ്ധതി അനുവദിച്ച 153 എയ്ഡഡ് സ്കൂളുകൾക്ക്, സർക്കാർ സ്കൂളുകൾക്ക് അനുവദിക്കുന്നതുപോലെ സർക്കാർ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി എല്ലാ വർഷവും പദ്ധതി നടത്തിപ്പിനായുള്ള തുക അനുവദിച്ചു വന്നിരുന്നു. 2014-15 കാലയളവിൽ പദ്ധതി ആരംഭിച്ച എയ്ഡഡ് സ്കൂളുകൾ സ്വന്തം നിലയിൽ പദ്ധതി നടപ്പിലാക്കുവാൻ സന്നദ്ധത അറിയിച്ച പ്രകാരമാണ് പ്രസ്തുത സ്കൂളുകളിൽ യൂണിറ്റ് അനുവദിച്ചിട്ടുള്ളത്.

## സംസ്ഥാനത്തുനിന്നും കാണാതായ സ്ത്രീകളും കുട്ടികളും

150(1743) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2018 വരെയുള്ള കാലയളവിൽ ഓരോ വർഷവും സംസ്ഥാനത്ത്നിന്നും കാണാതായ സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണം എത്രയാണെന്ന് അറിയിക്കുമോ;

(ബി) ഇക്കാര്യത്തിൽ പ്രസ്തുത കാലയളവിൽ ദേശീയതലത്തിൽ സംസ്ഥാനത്തിന്റെ സ്ഥാനം എത്രയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2016 മുതൽ 2018 വരെയുള്ള കാലയളവിൽ ഓരോ വർഷവും സംസ്ഥാനത്തുനിന്നും കാണാതായ സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | കാണാതായ കുട്ടികളുടെ എണ്ണം | കാണാതായ സ്ത്രീകളുടെ എണ്ണം |
|---|---|---|
| 2016 | 1582 | 4581 |
| 2017 | 1774 | 5891 |
| 2018 | 2066 | 7454 |

(ബി) നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ പ്രസിദ്ധീകരണമായ ക്രൈം ഇൻ ഇന്ത്യ പ്രകാരം പ്രസ്തുത കാലയളവിൽ സ്ത്രീകളേയും കുട്ടികളേയും കാണാതായതിൽ ദേശീയതലത്തിൽ സംസ്ഥാനത്തിന്റെ സ്ഥാനം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികൾ കാണാതായതിൽ കേരളത്തിന്റെ സ്ഥാനം | സ്ത്രീകൾ കാണാതായതിൽ കേരളത്തിന്റെ സ്ഥാനം |
|---|---|---|
| 2016 | 14 | 12 |
| 2017 | 14 | 10 |
| 2018 | 12 | 11 |

**പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ കൊലപാതകം**

151(1744) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് 25-ന് ശേഷം സംസ്ഥാനത്ത് പട്ടികജാതി പട്ടിക വിഭാഗത്തിൽപ്പെട്ട എത്ര പേർ കൊല്ലപ്പെട്ടു; അതിൽ സ്ത്രീകളെത്ര എന്നറിയിക്കാമോ;

(ബി) പ്രസ്തുത കൊലപാതക കേസ്സുകളിലെ എത്ര പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2016 മേയ് 25-നുശേഷം സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 96 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. അതിൽ 21 സ്ത്രീകളുണ്ട്.

(ബി) പ്രസ്തുത കൊലപാതക കേസ്സുകളിലെ 2 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്.

**പോലീസുദ്യോഗസ്ഥരുടെ ബൈക്കുകളിൽനിന്നും മോഷണം**

152(1745) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിന് മുന്നിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുദ്യോഗസ്ഥരുടെ ബൈക്കുകളിൽനിന്നും പെട്രോളും ഹെൽമറ്റും മോഷണം പോയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ് എന്നും കുറ്റവാളികൾ ആരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്നും അറിയിക്കാമോ?

ഉത്തരം

(എ) ഇക്കാര്യത്തിന് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 235/2020 U/s 379, 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) കേസ്സന്വേഷണം പ്രാരംഭഘട്ടത്തിലാണ്. കുറ്റവാളികളെ കണ്ടെത്തിയിട്ടില്ല.

## ലഹരി മരുന്ന് വ്യാപനം

153(1746) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പലതരം ലഹരി മരുന്ന് വ്യാപനം നടത്തുന്ന ക്രിമിനൽ പശ്ചാത്തലമുള്ളവർ സംസ്ഥാനത്ത് ചില സ്ഥലങ്ങളിൽ സ്കൂളുകളുടെ സമീപങ്ങളിൽ വിദ്യാർത്ഥികളെ വഴിതെറ്റിക്കുന്ന പ്രവണത ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള എത്ര കേസുകളാണ് ഈ വർഷം ചാർജ്ജുചെയ്തിട്ടുള്ളത്;

(സി) ചെങ്ങന്നൂർ മണ്ഡലത്തിൽ എത്ര കേസുകൾ രേഖപ്പെടുത്തിയിട്ടുണ്ട്;

(ഡി) ഇവ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള കർശനനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വർഷം പോലീസ് വകുപ്പ് 29-2-2020 വരെ 140 കേസ്സുകളും എക്സൈസ് വകുപ്പ് 165 കേസ്സുകളും ചാർജ് ചെയ്തിട്ടുണ്ട്.

(സി) ചെങ്ങന്നൂർ മണ്ഡലത്തിൽ 2019-ൽ ഇത്തരത്തിലുള്ള 6 കേസ്സുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം ഇത്തരത്തിലുള്ള കേസ്സുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) സ്കൂൾ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിൽപ്പന തടയുന്നതിനായി സ്റ്റുഡന്റ് പോലീസ് കേഡറ്റ്, വിമുക്തി, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതികൾ, Students Protection Group എന്നിവയുടെ സഹായത്തോടുകൂടി വിവരശേഖരണം നടത്തിയും പി.റ്റി.എ., റസിഡൻസ് അസോസിയേഷൻ, സ്കൂളുകൾക്ക് സമീപമുള്ള വിശ്വസ്തരായ ഡ്രൈവർമാർ, വ്യാപാര സ്ഥാപനക്കാർ എന്നിവരുടെ സഹായത്തോടുകൂടി വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതും ജനമൈത്രി പോലീസ്, ഡാൻസാഫ് (DANSAF) എന്നിവരെ ഉപയോഗിച്ച് രഹസ്യ വിവരങ്ങൾ ശേഖരിച്ചും നിരന്തര റെയ്ഡുകളും സ്പെഷ്യൽ ഡ്രൈവുകളും പോലീസ് വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

ഇവ കൂടാതെ എക്സൈസ് വകുപ്പ് സ്കൂളുകളിലും പരിസരങ്ങളിലും കർശന നിരീക്ഷണം നടത്തുകയും സംശയാസ്പദമായ രീതിയിൽ കാണുന്ന വിദ്യാർത്ഥികളെയും വ്യക്തികളെയും കുറിച്ച് അന്വേഷണം നടത്തുകയും പി.റ്റി.എ., മറ്റ് സന്നദ്ധ സംഘടനകളുമായി ചേർന്ന് ശക്തമായ നടപടികൾ

സ്വീകരിച്ചുവരുന്നതോടൊപ്പം സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും ടി ക്ലബ്ബുകൾ മുഖാന്തരം സ്കൂൾ പരിസരങ്ങളിൽ ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്നവരെ കണ്ടെത്തി കേസ്സെടുത്ത് വരികയും ചെയ്യുന്നു. കൂടാതെ ലഹരി വിരുദ്ധ അവബോധത്തിനായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് വിവിധതരം ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷിതാക്കളും കുട്ടികളുമായി ചേർന്ന് സ്കൂൾ പരിസരത്ത് ഭവന സന്ദർശനം നടത്തുകയും എക്സൈസ് ഷാഡോ സംവിധാനത്തെയും എക്സൈസ് സ്പെഷ്യൽ സ്ക്വാഡിനെയും ഇന്റലിജൻസ് വിഭാഗത്തെയും ഉപയോഗിച്ച് സ്കൂൾ പരിസരത്ത് ക്രിമിനൽ പശ്ചാത്തലമുള്ളവർ വിദ്യാർത്ഥികളെ വഴിതെറ്റിക്കുന്ന പ്രവണത തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് അനുബന്ധ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു.

## സ്വാമി സന്ദീപാനന്ദഗിരിയുടെ ആശ്രമത്തിലെ വാഹനങ്ങൾ തീവച്ച കേസ്

154(1747) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാമി സന്ദീപാനന്ദഗിരിയുടെ ആശ്രമത്തിലെ വാഹനങ്ങൾ തീവെച്ച് നശിപ്പിച്ച കേസിലെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസിൽ എത്ര പ്രതികളുണ്ട്; അതിൽ എത്ര പേരെ ഇതിനകം അറസ്റ്റ് ചെയ്തു; അവർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിലോ സംഘടനയിലോ അംഗങ്ങളായിരുന്നോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) സ്വാമി സന്ദീപാനന്ദഗിരിയുടെ ആശ്രമത്തിലെ വാഹനങ്ങൾ തീവച്ച് നശിപ്പിച്ചതുമായി ബന്ധപ്പെട്ട് പൂജപ്പുര പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 1876/2018 കേസ് ക്രൈം ബ്രാഞ്ച് ഏറ്റെടുത്ത് ക്രൈം നമ്പർ 479/CB/CU-I/TVPM/2019 ആയി റീ നമ്പർ ചെയ്ത് 3-10-2019 മുതൽ തിരുവനന്തപുരം ക്രൈംബ്രാഞ്ച് സെൻട്രൽ യൂണിറ്റ് I-ൽ അന്വേഷണം നടത്തിവരുന്നു.

(ബി) പ്രസ്തുത കേസ്സിലേയ്ക്ക് നിലവിൽ ആരെയും പ്രതി ചേർക്കുകയോ അറസ്റ്റ് ചെയ്യുകയോ ചെയ്തിട്ടില്ല.

## തൊഴിലാളി സംഘടനകൾ നടത്തുന്ന മൗലികാവകാശ ലംഘനം

155(1748) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലെടുത്ത് ജീവിക്കുവാനുള്ള അവകാശം രാജ്യത്ത് ഓരോ പൗരനും ഭരണഘടന ഉറപ്പ് നൽകുമ്പോൾ തങ്ങൾ നിശ്ചയിക്കുന്നതു പോലെ മാത്രമേ ആളുകൾ പണി ചെയ്യാവൂ എന്ന് തൊഴിലാളി സംഘടനകൾ ഭീഷണിപ്പെടുത്തുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് എലത്തുരിലെ ഓട്ടോ ഡ്രൈവറായ രാജേഷ് എന്ന യുവാവിന് തൊഴിൽ എടുത്ത് ജീവിക്കുവാനുള്ള മൗലികാവകാശം നിഷേധിക്കുകയും മറ്റ് മാർഗങ്ങളില്ലാതെ അയാൾ ആത്മഹത്യ ചെയ്തതുമായ സംഭവം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിലുള്ള അന്വേഷണം ഏത് ഘട്ടത്തിലാണ്; ഏതെങ്കിലും തൊഴിലാളി സംഘടനയുടെ ഭീഷണിയാണോ ഈ യുവാവിനെ ആത്മഹത്യയിലേക്ക് നയിച്ചത്; ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) വിഷയം ഗൗരവമായി പരിഗണിച്ചിട്ടുണ്ട്.

കോഴിക്കോട് ഏലത്തുർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 703/2019 U/s 143, 147, 341, 323, 506, 307, 306 r/w 149 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് പ്രതികൾക്കെതിരെ അന്വേഷണം നടന്നുവരുന്നു. കേസ്സിൽ ഇതുവരെ 7 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ്സിന്റെ ഇതുവരെയുള്ള അന്വേഷണത്തിൽ രാജേഷ് എന്ന യുവാവ്, തൊഴിലെടുത്ത് ജീവിക്കാനുള്ള മൗലികാവകാശം നിഷേധിച്ചതിന്റെ കാരണത്താലോ ഏതെങ്കിലും തൊഴിലാളി സംഘടനയുടെ ഭീഷണിയാലോ ആത്മഹത്യ ചെയ്തതാണെന്ന് ഇതുവരെ വെളിവായിട്ടില്ല. ഇതുസംബന്ധിച്ച കേസ്സിന്റെ അന്വേഷണം പൂർത്തീകരിച്ചിട്ടില്ല.

## അന്ധവിശ്വാസങ്ങളുടെ പേരിലുള്ള ചികിത്സാ പീഡനകേസുകൾ

156(1749) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ധവിശ്വാസങ്ങളുടെ പേരിൽ സംസ്ഥാനത്ത് നടക്കുന്ന വിവിധതരം ചികിത്സാ പീഡനങ്ങളും മരണങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് അവസാനിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഈ വിഭാഗത്തിൽപ്പെടുന്ന എത്ര കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇത്തരം സംഭവങ്ങളിൽ കുറ്റക്കാർക്കെതിരെ നിയമാനുസൃതം കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ജനമൈത്രി പോലീസ് സംവിധാനം മുഖേന ബോധവത്കരണം നൽകിയും സ്പെഷ്യൽ ബ്രാഞ്ച് പോലീസുദ്യോഗസ്ഥർ നിരീക്ഷണങ്ങൾ നടത്തിയും ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുവേണ്ട ശക്തമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 11 കേസ്സുകൾ ജില്ലാടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | കേസുകളുടെ എണ്ണം |
|---|---|---|
| 1 | കൊല്ലം സിറ്റി | 1 |
| 2 | മലപ്പുറം | 4 |
| 3 | കോഴിക്കോട് സിറ്റി | 1 |
| 4 | കോഴിക്കോട് റൂറൽ | 5 |
| | ആകെ | 11 |

**കസ്റ്റഡി മരണങ്ങൾ**

157(1750) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കസ്റ്റഡിയിൽ സൂക്ഷിയ്ക്കുന്ന എല്ലാ വ്യക്തികളോടും വളരെ മാന്യമായി മാത്രമേ പെരുമാറുവാൻ പാടുള്ളൂവെന്ന നിർദ്ദേശവും അവബോധവും പോലീസിന് നൽകുന്നുണ്ടോ;

(ബി) ഇപ്രകാരം അവബോധം നൽകിയിട്ടും കസ്റ്റഡി മരണങ്ങൾ ആവർത്തിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം ഇതിനകം എത്ര പേർ പോലീസ് കസ്റ്റഡിയിലും എക്സൈസ് കസ്റ്റഡിയിലും ജൂഡീഷ്യൽ കസ്റ്റഡിയിലും കൊല്ലപ്പെടുകയുണ്ടായി എന്ന് അറിയിക്കാമോ;

(ഡി) ജൂഡീഷ്യൽ കസ്റ്റഡി മരണം സംബന്ധിച്ച് അന്വേഷിക്കുന്നതിനായി നിലവിൽ എത്ര ജൂഡീഷ്യൽ അന്വേഷണ കമ്മീഷനുകൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതൊക്കെ എന്നും ഓരോ കമ്മീഷനും ഇതുവരെ എന്ത് തുക ചെലവായി എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## ഗുരുതരമായ കുറ്റകൃത്യം ചെയ്യുന്ന പോലീസുകാരെ പിരിച്ചുവിടാനുള്ള നടപടി

158(1751) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്റ്റഡി മർദ്ദനം ഉൾപ്പെടെ ഗുരുതരമായ കുറ്റകൃത്യം ചെയ്യുന്ന പോലീസുകാരെ പിരിച്ചുവിടാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഏതെല്ലാം ഗുരുതരമായ കേസ്സിലെ പ്രതികളായ പോലീസുകാർക്കെതിരായാണ് പിരിച്ചുവിടൽ നടപടിയെടുക്കാൻ പോലീസ് മേധാവി ആഭ്യന്തരവകുപ്പിന് ശിപാർശ നൽകിയിരിക്കുന്നത് എന്നറിയിക്കാമോ;

(സി) പ്രസ്തുത ശിപാർശ ആഭ്യന്തര വകുപ്പ് അംഗീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) കസ്റ്റഡി മരണം, രാജ്യദ്രോഹം, രാജ്യസുരക്ഷയെ ബാധിക്കുന്ന കുറ്റം, അഴിമതി, മുതിർന്ന പൗരന്മാർ, കുട്ടികൾ, സ്ത്രീകൾ എന്നിവർക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവയിൽ പ്രതികളായ പോലീസുദ്യോഗസ്ഥരെ സർവ്വീസിൽനിന്നും പിരിച്ചുവിടുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കെ.പി.ഡി.ഐ.പി. & എ ചട്ടങ്ങൾ, കേരള പോലീസ് ആക്ടിലെ അച്ചടക്കനടപടി സംബന്ധിച്ച വ്യവസ്ഥകൾ എന്നിവയുടെ ഭേദഗതി സംബന്ധിച്ച പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണ്.

## ക്രിമിനൽ കേസ്സുകളിൽ പ്രതികളായ പോലീസ് ഉദ്യോഗസ്ഥർ

159(1752) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ ക്രിമിനൽ കേസുകളിൽ പ്രതിയായ എത്ര പേരുണ്ട്; അവരുടെ റാങ്ക് തിരിച്ചുള്ള പട്ടിക നൽകുമോ;

(ബി) 24-4-2018-ലെ ഡി6/56574/പി.എച്ച്.ക്യൂ. ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റി ഇത്തരം കേസുകൾ റിവ്യൂ ചെയ്തിട്ടുണ്ടോ; പ്രസ്തുത കമ്മിറ്റിയുടെ തീരുമാനം എന്താണ്;

(സി) ക്രിമിനൽ കേസുകളിൽ പ്രതികളായ എത്ര ഉദ്യോഗസ്ഥർ നിലവിൽ സർവ്വീസിൽ തുടരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയിൽ ക്രിമിനൽ കേസ്സുകളിൽ പ്രതികളായ 723 പേരുണ്ട്. അവരുടെ റാങ്ക് തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| Wing | DySP/ DC/AC | CI/RI/ API | SI/RSI/ APSI | ASI/RASI/ APASI | SCPO/ HDR | CPO/ PC |
|---|---|---|---|---|---|---|
| General Executive | 4 | 12 | 36 | 33 | 54 | 287 |
| Armed Reserve | 0 | 1 | 5 | 9 | 54 | 128 |
| Armed Battalion | 3 | 0 | 11 | 4 | 35 | 47 |
| Total | 7 | 13 | 52 | 46 | 143 | 462 |

(ബി) പ്രസ്തുത കമ്മിറ്റി ക്രിമിനൽ കേസ്സുകളിൽ പ്രതികളായി ഗുരുതരമായ ആരോപണങ്ങൾ നേരിടുന്നവരായിട്ടുള്ള പോലീസുദ്യോഗസ്ഥരുടെ ഒരു പട്ടിക സമർപ്പിച്ചിട്ടുണ്ട്.

(സി) 654 പേർ.

## ഹൈവേ പട്രോളിംഗ്

160(1753) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈവേ പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഹൈവേ പട്രോളിംഗിനായി നിലവിൽ എത്ര യൂണിറ്റുകളാണ് ഉള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഹൈവേ പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഹൈവേ പോലീസ് വാഹനങ്ങളിൽ ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്തുന്നതിന് ആൾക്കോമീറ്റർ, സ്പീഡ് റഡാർ തുടങ്ങിയ ഉപകരണങ്ങളും വാഹനാപകട സ്ഥലത്ത് മികച്ച സേവനം ലഭ്യമാക്കുന്നതിനായി ഫസ്റ്റ് എയ്ഡ് ബോക്സ്, സ്ട്രെച്ചർ, ടോർച്ച്, റോപ്പ് തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. അതാത് റേഞ്ച് ഡി.ഐ.ജി.-മാർ ട്രാഫിക് എസ്.പി.മാർ, ജില്ലാ പോലീസ് മേധാവിമാർ തുടങ്ങിയ ഉദ്യോഗസ്ഥർ ഹൈവേ പോലീസ് വാഹനങ്ങൾ നേരിട്ട് പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. അവശ്യ സന്ദർഭങ്ങളിൽ ഹൈവേ പോലീസിന്റെ സേവനം വേഗത്തിൽ ലഭ്യമാക്കുന്നതിനായി പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹൈവേ അലർട്ട് സെൽ, ഹൈവേ പോലീസിന്റെ പ്രവർത്തനം ഏകോപിപ്പിച്ചുവരുന്നു. 9846100100 എന്ന ഹൈവേ അലർട്ട് നമ്പറിൽ കേരളത്തിൽ എവിടെയും ബന്ധപ്പെട്ട ഹൈവേ പോലീസിന്റെ സേവനം താമസം കൂടാതെ ലഭ്യമാണ്.

(ബി) രണ്ട് മേഖലകളിലായി (ഉത്തര മേഖല - 26 ഉം ദക്ഷിണ മേഖല - 27 ഉം) കേരളത്തിലെ ദേശീയ പാതയിലും സംസ്ഥാനപാതകളിലുമായി 53 ഹൈവേ പോലീസ് വാഹനങ്ങൾ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു.

## ഡിജിറ്റൽ ഗതാഗത മേൽനോട്ട പദ്ധതി

161(1754) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് വിവിധ സ്ഥലങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചുകൊണ്ടുള്ള ഡിജിറ്റൽ ഗതാഗത മേൽനോട്ട പദ്ധതി (ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം) നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനെക്കുറിച്ച് വിശദീകരിക്കുമോ;

(ബി) ഇതിനായി കമ്പനികളിൽ നിന്ന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ; ഇത് നടപ്പിലാക്കുന്നതിനായി കമ്പനികളുമായി സർക്കാർ ഏർപ്പെടുന്ന കരാറിന്റെ വ്യവസ്ഥകൾ എന്തൊക്കെ; മുമ്പ് നിശ്ചയിച്ചിരുന്നതിൽനിന്നും കരാർ വ്യവസ്ഥകൾ ഏതെങ്കിലും പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം എന്ന പദ്ധതി നടപ്പിലാക്കാൻ 5-10-2018 തീയതിയിൽ G.O.(MS) 155/2018/ ആഭ്യന്തരം നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് ഗതാഗത നിയന്ത്രണത്തിനും എൻഫോഴ്സ്മെന്റിനും വലിയ തോതിലുള്ള മനുഷ്യവിഭവശേഷി ഉപയോഗിക്കേണ്ടതായി വരുന്നുണ്ടെങ്കിലും വാഹനപ്പെരുപ്പം കണക്കാക്കിയാൽ ഇത് അപര്യാപ്തമാണ്. ആയതിനാൽ ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഗതാഗത നിയന്ത്രണവും എൻഫോഴ്സ്മെന്റും നടപ്പിലാക്കേണ്ടത് സംസ്ഥാനത്തെ വാഹന യാത്രക്കാരുടെയും പൊതുജനങ്ങളുടെയും സുരക്ഷിതത്വത്തിന് അനിവാര്യമാണ്.

(ബി) ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക്ക് എൻഫോഴ്സ്മെന്റ് സിസ്റ്റം എന്ന പദ്ധതി നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാരിനോ പോലീസ് വകുപ്പിനോ യാതൊരുവിധ ചെലവും ബാധ്യതയും ഉണ്ടാകുന്നില്ല. ഈ പദ്ധതിയുടെ installation, maintenance, operation തുടങ്ങിയവയുടെ മുഴുവൻ ചെലവുകളും കരാർ നേടുന്ന കമ്പനിയാണ് വഹിക്കേണ്ടത്.

പ്രസ്തുത ടെണ്ടറിൽ കെൽട്രോൺ, സിഡ്കോ IT & TC ഡിവിഷൻ എന്നീ രണ്ട് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ ബിഡ് സമർപ്പിച്ചിരുന്നു. എന്നാൽ ടെണ്ടർ നടപടികൾ പരിഷ്കരിക്കണമെന്നും ഈ പദ്ധതി റീ-ടെണ്ടർ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമുള്ള സാങ്കേതിക സമിതി ചെയർമാന്റെ ശിപാർശപ്രകാരം പ്രസ്തുത പദ്ധതി റീ ടെണ്ടർ ചെയ്യുവാനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പിഴത്തുകയുടെ വിഹിതം പങ്കുവയ്ക്കുന്ന കാര്യത്തിൽ ആ ഘട്ടത്തിൽ മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

**വാഹനാപകടങ്ങൾ കുറയ്ക്കുവാൻ നടപടി**

162(1755) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനാപകടങ്ങളുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുമ്പോഴും സർക്കാർ അത് കുറയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നില്ല എന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ;

(ബി) സീറ്റ് ബെൽറ്റും ഹെൽമറ്റും നിർബന്ധമാക്കിയിട്ടും സംസ്ഥാനത്ത് ഉണ്ടാകുന്ന വാഹനാപകടങ്ങൾ മൂലമുള്ള മരണസംഖ്യയിൽ കുറവ് ഉണ്ടായിട്ടില്ലായെന്നത് വസ്തുതയല്ലേയെന്നറിയിയ്ക്കാമോ ;

(സി) കർശന നടപടികളിലൂടെ മാത്രമേ ഗതാഗത ചട്ടലംഘനങ്ങളും അതു വഴി അപകടങ്ങളും കുറയ്ക്കുവാനാകൂ എന്നിരിക്കെ ഇക്കാര്യത്തിൽ കർശന നിലപാട് സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(ഡി) അവിനാശിയിലുണ്ടായ വാഹനാപകടത്തിൽ 19 മലയാളികളുടെ ജീവൻ നഷ്ടപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്തെ നിരത്തുകൾ സുരക്ഷിതമാക്കുന്നതിനും നിയമലംഘകർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) വാഹനാപകടങ്ങളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനുവേണ്ടി വാഹന പരിശോധന നടത്തിയും ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ കർശനമായ നിയമ നടപടി സ്വീകരിച്ചും ജനമൈത്രി പോലീസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, മോട്ടോർ വാഹന വകുപ്പ് എന്നിവരുടെ സഹകരണത്തോടെ പൊതുജനങ്ങൾക്ക് ബോധവത്കരണ ക്ലാസ്സുകളും നടത്തിവരുന്നു. റോഡപകടങ്ങൾ തടയുന്നതിനായി പ്രധാന റോഡുകൾ കേന്ദ്രീകരിച്ച് ഹൈവേ പട്രോളിംഗ് ശക്തമാക്കിയും റഡാർ ഇന്റർസെപ്റ്റർ എന്നിവ ഉപയോഗിച്ച് വാഹന പരിശോധന ഊർജ്ജിതമാക്കിയും മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെയും അമിത വേഗത്തിലും അപകടകരമായും ലൈസൻസ് ഇല്ലാതെയും ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ഉപയോഗിക്കാതെയും വാഹനമോടിക്കുന്നവർക്കെതിരെ തുടർച്ചയായുള്ള നിയമലംഘനത്തിന് ലൈസൻസ് കാൻസൽ ചെയ്യുന്നതിനുവേണ്ടി ബന്ധപ്പെട്ട ആർ.റ്റി.ഒ.-മാർക്ക് റിപ്പോർട്ട് ചെയ്തു വരുന്നതുമാണ്. മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് സംയുക്ത വാഹന പരിശോധന നടത്തിയും അപകട മേഖലകൾ കേന്ദ്രീകരിച്ച് മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. അതിൽ ഇത്തരത്തിലൊരാക്ഷേപം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വസ്തുതയല്ല. സീറ്റ് ബെൽറ്റും ഹെൽമറ്റും നിർബന്ധമാക്കിയതിന് ശേഷം സംസ്ഥാനത്തുണ്ടാകുന്ന വാഹനാപകടങ്ങൾമൂലമുള്ള മരണസംഖ്യയിൽ കുറവുണ്ടായിട്ടുണ്ട്. ആയത് സംബന്ധിച്ച രണ്ടു വർഷത്തിലെ മൂന്ന് മാസത്തെ

താരതമ്യ കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | ഹെൽമറ്റ് ധരിക്കാത്തതു മൂലം ഉണ്ടായ മരണം | സീറ്റ് ബെൽറ്റ് ധരിക്കാത്തതു മൂലം ഉണ്ടായ മരണം |
|---|---|---|
| 1-12-2018 മുതൽ 28-2-2019 വരെ | 279 | 268 |
| 1-12-2019 മുതൽ 28-2-2020 വരെ | 177 | 163 |

(സി) ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ നിലവിലുള്ള നിയമങ്ങൾക്ക് അനുസൃതമായ രീതിയിലുള്ള കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ നിരത്തുകൾ സുരക്ഷിതമാക്കുന്നതിനും നിയമലംഘകർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും സംസ്ഥാന പോലീസ് മേധാവിയുടെ 20-2-2020 തീയതിയിലെ S2(a)/34409/2018 നമ്പർ ഉത്തരവുപ്രകാരം എല്ലാ പോലീസുദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഫേസ്ബുക്കിലെ വ്യാജ ബിസിനസ് അക്കൗണ്ട് വഴി തട്ടിപ്പ്**

163(1756) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫേസ് ബുക്കിൽ വ്യാജ ബിസിനസ് അക്കൗണ്ടുകൾ തുടങ്ങി നിലവാരമില്ലാത്ത തുണികൾ ഓൺലൈൻ വഴി അയച്ചുകൊടുത്ത് തട്ടിപ്പ് നടത്തുന്ന സംഘങ്ങളെ സംബന്ധിച്ച് പോലീസിന് കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് പറയാമോ; ഈ പരാതികളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഫ്രഞ്ച് സ്റ്റൈൽ, ഫാഷൻ ബസാർ ഡീൽ, ഫാഷൻ ആൻഡ് സ്റ്റൈൽ, ദേശി ഫാഷൻസ്, ദി ലക്കിമെൻസ്, ഓഫർ ഓൺ കോൾ, സ്റ്റൈലിഷ് ഫാഷൻ, ഷർട്ട്സ് കളക്ഷൻ, റിപ്പ്ലെ ട്രെൻഡ് തുടങ്ങി നിരവധി പേരുകളിൽ വ്യാജ ഫേസ് ബുക്ക് വ്യാപാര അക്കൗണ്ടുകൾ തുടങ്ങി കേരളത്തിലെ ജനങ്ങളെ സാമ്പത്തികമായി തട്ടിപ്പ് നടത്തുന്ന സംഘങ്ങൾക്കെതിരെ കേരള പോലീസിലെ സൈബർ സെൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ഇത്തരം വ്യാജ ബിസിനസ് അക്കൗണ്ടുകൾ ഫേസ് ബുക്കിൽ നിന്ന് നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇത്തരം തട്ടിപ്പ് നടത്തുന്ന സംഘങ്ങൾക്കെതിരെ സൈബർ നിയമപ്രകാരമുള്ള നിയമ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) പോലീസിന് പരാതികളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

(ബി) സൈബർ സെല്ലിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ നിലവിൽ സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) പരാതി ലഭിച്ചാൽ സൈബർ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സൈബർ പോലീസ് സ്റ്റേഷനുകൾ**

164(1757) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര വകുപ്പിന്റെ ആധുനികവത്കരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ പുതുതായി സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(സി) പുതുതായി എവിടെയെല്ലാമാണ് സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ശാസ്ത്രീയ കുറ്റാന്വേഷണം ശാക്തീകരിക്കുന്നതിനായി ഫോറൻസിക് സയൻസ് ലാബുകളിലേയ്ക്ക് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നീ ജില്ലകളിൽ സൈബർ പോലീസ്

സ്റ്റേഷനുകൾ ആരംഭിച്ചു. കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും ക്രമസമാധാനം നിലനിർത്തുന്നതിനും മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പു വരുത്തുന്നതിനുമാവശ്യമായ ആപ്ലിക്കേഷനുകൾ നടപ്പിലാക്കി, ജീവഹാനി കൂടാതെ സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും നിർവീര്യമാക്കുന്നതിനുമുള്ള ഉപകരണങ്ങൾ, സ്യൂട്ടുകൾ, നിരീക്ഷണ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കി, CCPWC പദ്ധതിയുടെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചു. അനലോഗ് ടെലി ഉപകരണങ്ങൾക്കുപകരം അത്യാധുനിക രീതിയിലുള്ള ഡിജിറ്റൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റം തൃശ്ശൂർ ജില്ലയിൽ ആവിഷ്കരിക്കാനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

അഗ്നിരക്ഷാ വകുപ്പിന്റെ ആധുനികവത്കരണത്തിനും നവീകരണത്തിനുമായി 2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിലായി ആകെ അനുവദിച്ച 214.12 കോടിരൂപ വിനിയോഗിച്ച് വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കി.

ജയിലുകളുടെ ആധുനികവത്കരണത്തിനായി അനുവദിച്ച 32.965 കോടിരൂപ (മുപ്പത്തി രണ്ട് കോടി തൊണ്ണൂറ്റി ആറ് ലക്ഷത്തി അൻപതിനായിരംരൂപ മാത്രം) ഉപയോഗിച്ച് 2 ജയിലുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീ കരിക്കുകയും 3 ജയിലുകളുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയുമാണ്. 2 സെൻട്രൽ ജയിലുകളിൽ പവർ ലോൺട്രികൾ സ്ഥാപിക്കുകയും കണ്ണൂർ സെൻട്രൽ ജയിലിൽ അതിനായുള്ള പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. 3 സെൻട്രൽ ജയിലുകളിൽ ശുദ്ധജല ലഭ്യതയ്ക്കായി RO/UV പ്ലാന്റുകൾ സ്ഥാപിച്ചു. 3 സെൻട്രൽ ജയിലുകളിലും മാനസിക രോഗികളായ തടവുകാരെ പാർപ്പിക്കുന്നതിനായുള്ള ബ്ലോക്കിന്റെ നിർമ്മാണത്തിനായി തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ ജയിലുകളെയും 372 കോടതികളെയും വീഡിയോ കോൺഫറൻസിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ ജയിലുകളിലും ലീഗൽ എയ്ഡ് സെല്ലുകൾ, കൗൺസലിംഗ്, ക്ഷേമ പരിപാടികൾ, കമ്പ്യൂട്ടർ ക്ലാസ്സുകൾ, സാക്ഷരതാ ക്ലാസ്സുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

ആധുനികവത്കരണത്തിന്റെ ഭാഗമായി എറണാകുളം റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ ഡിസ്റ്റിലറി ഡിവിഷൻ അനുവദിച്ചു. മൂന്ന് ലബോറട്ടറികളും NABL അക്രെഡിറ്റേഷൻ നേടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു. കൂടാതെ രാസപരിശോധനാ നടപടികൾ കാര്യക്ഷമമാക്കുന്നതിനാവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകുകയും വകുപ്പിനുകീഴിലുള്ള ലബോറട്ടറികൾ ആധുനിക സുരക്ഷാ

സംവിധാനത്തിനുകീഴിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുകയും ലബോറട്ടറികളുടെ പ്രവർത്തനം സുഗമവും സുതാര്യവുമാക്കുന്നതിന് ആധുനിക സാങ്കേതിക മികവോടെ ലബോറട്ടറി മാനേജ്മെന്റ് സിസ്റ്റം എന്ന പ്രവർത്തന സോഫ്റ്റ് വെയർ നവീകരിക്കുകയും ചെയ്തു.

(ബി) കൊച്ചി, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധനയിലാണ്.

## സമൂഹമാധ്യമങ്ങൾ വഴിയുള്ള അസത്യ പ്രചരണം

165(1758) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമൂഹമാദ്ധ്യമങ്ങൾ വഴിയും മറ്റ് പലവിധ മാർഗ്ഗങ്ങളിലൂടെയുമുള്ള അസത്യ പ്രചരണങ്ങൾ കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരം ദുഷ്പ്രചരണക്കാരായവരെ കണ്ടെത്തി കർശന നടപടികൾ സ്വീകരിക്കുവാനും ഒപ്പം ജാമ്യമില്ലാവകുപ്പുകൾ ഉൾപ്പെടെ ചുമത്തി കേസെടുക്കാനുമുള്ള നടപടികൾ സ്വീകരിയ്ക്കുമോ;

(സി) പൊതുസമൂഹത്തിന് മുമ്പിൽ നടമാടുന്ന പ്രസ്തുത ദുഷ്പ്രവണത ഇല്ലാതാക്കാനായി മറ്റ് എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ കാലയളവിൽ നാളിതുവരെ എത്ര പേരെ അറസ്റ്റ് ചെയ്തു; അവർ ആരെല്ലാം; അവർക്കെതിരെ നിയമപരമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ – ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## പുതിയ പോലീസ് സ്റ്റേഷനുകൾ

1661759) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുവാനാണ് തീരുമാനം എടുത്തത്; അതിൽ ഇതിനകം എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചു; അവ എവിടെയെല്ലാമാണ്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച പുതിയ പോലീസ് സ്റ്റേഷനുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

കൂടാതെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ചതും എന്നാൽ തസ്തിക അനുവദിക്കാതിരുന്നതുമായ എടത്തല (എറണാകുളം റൂറൽ), ചെറുപുഴ (കണ്ണൂർ), മലയാലപ്പുഴ (പത്തനംതിട്ട), മുട്ടം (ഇടുക്കി), തങ്കമണി (ഇടുക്കി) എന്നീ 5 പോലീസ് സ്റ്റേഷനുകളിൽ 49 പുതിയ തസ്തികകൾ അനുവദിച്ചും 141 തസ്തിക പുനർവിന്യാസം വഴിയും ആകെ 174 തസ്തികകൾ അനുവദിച്ച് പ്രവർത്തനക്ഷമമാക്കിയിരുന്നു.

**പോലീസ് സ്റ്റേഷൻ വളപ്പിൽ സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങൾ**

167(1760) <u>ശ്രീ. വി. ടി. ബൽറാം</u> :

<u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല പോലീസ് സ്റ്റേഷനുകളിലും കേസുകളിൽ പിടിക്കപ്പെടുന്ന വാഹനങ്ങൾ സ്റ്റേഷൻ വളപ്പിൽ സൂക്ഷിച്ചിരിക്കുന്നത് സ്റ്റേഷനുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇത്തരം വാഹനങ്ങൾ സ്റ്റേഷന് സമീപത്തെ റോഡിന്റെ ഇരുവശവും സൂക്ഷിക്കുന്നത് യാത്രക്കാർക്ക് ബുദ്ധിമുണ്ടാക്കുകയും അതുമൂലം അപകടങ്ങൾ വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അവ സമയബന്ധിതമായി നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പിടിച്ചെടുത്ത വാഹനങ്ങൾ ത്വരിതഗതിയിൽ തീർപ്പാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 11-9-2018-ലെ സ.ഉ (പി) നം. 60/2018/ ആഭ്യന്തരം നമ്പർ ഉത്തരവുപ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് നടപടി സ്വീകരിച്ചു വരുന്നത്.

**ജനസൗഹൃദ പോലീസ് സ്റ്റേഷനുകൾ**

168(1761) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദപരമാക്കി അവയെ ജനസേവന കേന്ദ്രങ്ങൾ എന്ന സ്ഥിതിയിലേക്ക് മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പൊതുജനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ജനപ്രതിനിധികൾ എന്നിവരുടെ സഹകരണത്തോടെ ജനമൈത്രി പോലീസ് സംവിധാനം ശാക്തീകരിച്ച് ക്രമസമാധാനം ഉറപ്പാക്കാൻ പരിപാടിയുണ്ടോ;

(സി) കുറ്റകൃത്യങ്ങൾ തടയുന്നതിന് പോലീസിൽ നടത്തിവരുന്ന ആധുനികീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദപരമാക്കി അവയെ ജനസേവന കേന്ദ്രങ്ങൾ എന്ന സ്ഥിതിയിലേയ്ക്ക് മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിച്ച് കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിച്ച് കാര്യക്ഷമമാക്കി പോലീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

2. എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസ് സംവിധാനം ശക്തിപ്പെടുത്തുകയും സ്ത്രീ സുരക്ഷ മുൻനിർത്തി പിങ്ക് പട്രോൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

3. പിടിച്ചുപറി, ഗുണ്ട ആക്രമണം, കുട്ടികൾക്കുനേരെയുള്ള ആക്രമണം എന്നിവ തടയുന്നതിന് പോലീസ് പട്രോളിംഗ് സംവിധാനം രാത്രികാലങ്ങളിലടക്കം ശക്തിപ്പെടുത്തിയിട്ടുണ്ട്.

4. മിക്ക ജില്ലകളിലും കോസ്റ്റൽ പോലീസ് സ്റ്റേഷൻ രൂപീകരിച്ചും ശിശുസൗഹൃദ പോലീസ് രൂപീകരിച്ചും കുട്ടികളോടുള്ള അതിക്രമങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്.

5. പ്രധാനപ്പെട്ട സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. പോലീസ് സ്റ്റേഷനുകളും പോലീസ് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ച് പൊതുജനങ്ങൾക്ക് ഇന്റർനെറ്റുവഴിയുള്ള സേവനങ്ങൾ ലഭ്യമാകുന്നതിന്റെ ഭാഗമായി CCTNS, GIS, CLUES, THUNA, RAPID, TRACK THE MISSING CHILD എന്നീ പോർട്ടലുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

7. സൈബർ ഡോം, സൈബർ സെൽ എന്നിവ സ്ഥാപിച്ചതിലൂടെ സൈബർ കുറ്റകൃത്യങ്ങൾ വേഗത്തിൽ അന്വേഷിക്കുന്നതിന് സാധിക്കുന്നു.

8. കേസന്വേഷണം ശാസ്ത്രീയവും മികവുറ്റതാക്കുന്നതിനും പോലീസ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ പരിശീലന ക്ലാസ്സുകൾ നടത്തിവരുന്നു.

(ബി) ജനമൈത്രി സുരക്ഷാ പദ്ധതി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. ജനമൈത്രി സുരക്ഷാ പദ്ധതി ഏറ്റവും പ്രാധാന്യം കൊടുക്കുന്ന വിഷയങ്ങളിലൊന്നാണ് സ്ത്രീ സുരക്ഷ. സ്ത്രീ സുരക്ഷ ലക്ഷ്യമിട്ട് സ്ത്രീകൾക്കായി സ്വയം പ്രതിരോധ പരിശീലന പരിപാടി നടത്തിവരുന്നു. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമത്തിനെതിരെ സ്വയം പ്രതിരോധ പരിശീലന പരിപാടി, തെരഞ്ഞെടുക്കപ്പെട്ട വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് നൽകുകയും അവർ റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, വിദ്യാലയങ്ങൾ, ക്യാമ്പസുകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്കും മറ്റ് സ്ത്രീകൾക്കും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഫലമായി കേരളത്തിലെ 60% സ്ത്രീകൾക്കും പരിശീലനം നൽകാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള സൈബർ അതിക്രമങ്ങൾ പ്രതിരോധിക്കാൻ വിദ്യാലയങ്ങളിൽ ടച്ച് സ്ക്രീൻ കിയോസ്കുകൾ

എത്തിച്ച് ബോധവത്കരണം നടത്തുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും ജാഗ്രതാ നിർദ്ദേശങ്ങൾ അടങ്ങിയ കൈപ്പുസ്തകം റസിഡൻസ് അസോസിയേഷനുകളുടെ പിന്തുണയോടെ വിതരണം ചെയ്തുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസിൽ നടത്തിവരുന്ന ആധുനീകരണ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

## സ്വന്തമായി കെട്ടിടങ്ങളില്ലാത്ത പോലീസ് സ്റ്റേഷനുകൾ

169(1762) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത എത്ര പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പോലീസ് ക്വാർട്ടേഴ്സുകൾ ഇല്ലാത്ത എത്ര സ്റ്റേഷനുകൾ ഉണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത 79 പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പോലീസ് ക്വാർട്ടേഴ്സുകൾ ഇല്ലാത്ത 254 പോലീസ് സ്റ്റേഷനുകളുണ്ട്.

## ചിതറ പോലീസ് സ്റ്റേഷൻ

170(1763) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിതറ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചിതറ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(സി) ചിതറ പോലീസ് സ്റ്റേഷൻ എന്ന് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ചിതറ പോലീസ് സ്റ്റേഷനാവശ്യമുള്ള തസ്തികകൾ പുനർവിന്യാസം വഴി കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാഗമൺ, മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി

171(1764) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് നിയോജകമണ്ഡലത്തിലെ വാഗമൺ,മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതിയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

വാഗമൺ പോലീസ് സ്റ്റേഷനുവേണ്ടി വാഗമൺ വില്ലേജിൽ സർവ്വേ നം. 1027-ൽ ഉൾപ്പെട്ട 0.2028 ഹെക്ടർ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി അക്രെഡിറ്റഡ് ഏജൻസിയായ സിൽക്കിന്റെ 315 ലക്ഷംരൂപയുടെ ഒരു പ്രൊപ്പോസൽ പോലീസ് മേധാവി ലഭ്യമാക്കിയത് പരിശോധിക്കുകയും ഈ സാമ്പത്തികവർഷം അധികഫണ്ട് വകയിരുത്തി ഭരണാനുമതി നൽകാൻ കഴിയില്ലായെന്നും സർക്കാർ അറിയിച്ചിരിക്കുന്നു.

ഇടുക്കി ജില്ലാ കളക്ടറുടെ ഉത്തരവുപ്രകാരം, പീരുമേട് താലൂക്കിൽ മഞ്ചുമല വില്ലേജിൽ സർവ്വേ നമ്പർ 182/Pt-ൽ ഉൾപ്പെട്ടുവരുന്ന 20.23 ഹെക്ടർ ആർ (50 സെന്റ്) വസ്തു മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷന് അനുവദിച്ചിട്ടുള്ളതും പ്രസ്തുത വസ്തു അളന്നു തിരിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാൻ സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

## പൊൻമുടി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

172(1765) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പൊന്മുടി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്ന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പൊൻമുടി പോലീസ് സ്റ്റേഷന്റെ നിർമ്മാണത്തിന് സർക്കാർ പ്ലാൻ സ്കീം 2018-19-ൽ ഉൾപ്പെടുത്തി 140 ലക്ഷംരൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി വിഹിതത്തിൽനിന്നും 2018-19, 2019-20 വർഷങ്ങളിലായി ആകെ 65.8 ലക്ഷംരൂപ ടി നിർമ്മാണത്തിനായി തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിക്ക് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം 23-1-2019-ൽ ആരംഭിക്കുകയും ആയതിന്റെ ഒന്നാം നിലയിലെ കോൺക്രീറ്റ് നടക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണം താമസംവിനാ പൂർത്തിയാക്കുന്നതാണ്.

**ബാലരാമപുരത്ത് പുതിയ പോലീസ് സ്റ്റേഷൻ**

173(1766) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലരാമപുരത്ത് പുതിയ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;പഞ്ചായത്ത് വക സ്ഥലം കൈമാറിയിട്ടുണ്ടോ;

(ബി) സ്റ്റേഷൻ നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ബാലരാമപുരം പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് ബാലരാമപുരം പഞ്ചായത്ത് വക സർവ്വേ നമ്പർ 240/15-ൽ 20 സെന്റ് ഭൂമി കണ്ടെത്തിയിട്ടുണ്ട്.

(ബി) കണ്ടെത്തിയ ഭൂമി പോലീസ് വകുപ്പിന് കൈമാറ്റം ചെയ്തശേഷം, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**കരുനാഗപ്പളി പോലീസ് സ്റ്റേഷനിലെ ജീവനക്കാർ**

174(1767) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിലെ വിവിധ വിഭാഗം ജീവനക്കാരുടെ പട്ടിക ലഭ്യമാക്കുമോ; നിലവിലെ സ്റ്റാഫ് സ്ട്രെങ്ത് എത്രയാണെന്നും ഒഴിവുള്ള തസ്തികകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) നിലവിൽ ഒഴിവുള്ള തസ്തികയിലേയ്ക്ക് അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സ്റ്റേഷൻ പരിധിയിലെ ക്രമസമാധാന പ്രശ്നങ്ങളുള്ള പ്രദേശങ്ങളിൽ സായുധ പോലീസ് ബറ്റാലിയനുകളിൽ നിന്ന് കൂടുതൽ പോലീസുകാരെ നിയമിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിലെ വിവിധ വിഭാഗം ജീവനക്കാരുടെയും നിലവിലെ അംഗസംഖ്യയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| Category | Sanctioned strength | Existing strength | vacancy |
|---|---|---|---|
| പോലീസ് ഇൻസ്പെക്ടർ | 1 | 1 | 0 |
| സബ് ഇൻസ്പെക്ടർ | 7 | 7 | 0 |
| വനിതാ സബ് ഇൻസ്പെക്ടർ (നേരിട്ടുള്ള നിയമനം) | 1 | 0 | 1 |
| എ.എസ്.ഐ | 3 | 1 | 2 |
| എസ്.സി.പി.ഒ | 18 | 17 | 1 |
| സി.പി.ഒ. | 29 | 28 | 1 |
| ഡബ്ല്യൂ.എസ്.സി.പി.ഒ (closed cadre) | 2 | 0 | 2 |
| ഡബ്ല്യൂ.സി.പി.ഒ | 9 | 10 | 1 (excess) |
| പി.റ്റി.എസ്. | 1 | 1 | 0 |

(ബി) നിലവിലുള്ള സി.പി.ഒ. തസ്തികയിലെ ഒഴിവിലേയ്ക്ക് ഒരു വനിതാ സി.പി.ഒ.-യെ അധികമായി നിയമിച്ചിട്ടുണ്ട്. മറ്റൊഴിവുകൾ സ്ഥാനക്കയറ്റം, സ്ഥലമാറ്റം എന്നിവ മുഖാന്തരം നികത്തുന്നതാണ്.

(സി) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ ക്രമസമാധാന പ്രശ്നങ്ങൾ എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ സായുധ സേനാ ബറ്റാലിയനിൽനിന്നും കൂടുതൽ പോലീസ് സേനാംഗങ്ങളെ നിയോഗിക്കാറുണ്ട്.

## പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനം

175(1768) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമ്പാനൂർ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന്റെ കരാർ ആദ്യം പോലീസ് ഹൗസിങ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചിരുന്നോ;

(ബി) എങ്കിൽ പിന്നീട് ഈ പ്രവൃത്തി അവരിൽ നിന്ന് എടുത്തുമാറ്റി ഹാബിറ്റാറ്റ് എന്ന സ്വകാര്യ കമ്പനിക്ക് ഒരു കോടിയിലേറെ ഉയർന്ന തുകയ്ക്ക് കൈമാറുകയുണ്ടായോ; എങ്കിൽ മൊത്തം എത്ര കോടിരൂപയ്ക്കാണ് ഈ കരാർ അവർക്ക് മറിച്ച് നൽകിയത്; ഇതുകൂടാതെ പോലീസിന്റെ ഏതൊക്കെ നിർമ്മാണ പ്രവൃത്തികളാണ് പ്രസ്തുത കമ്പനി നേരത്തേ നിർവ്വഹിച്ചിട്ടുള്ളത്;

(സി) ഇപ്പോൾ ഈ കമ്പനി പോലീസിന്റെ ഏതൊക്കെ നിർമ്മാണ പ്രവൃത്തികളാണ് നടത്തുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ഡി) തൊണ്ണൂറ്റി ഒന്ന് ജീവനക്കാരുള്ള പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഗുണനിലവാരവും വേഗതയും ഇല്ലെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ ഇതിനെ നവീകരിക്കുന്നതോ അല്ലെങ്കിൽ പ്രവർത്തനം അവസാനിപ്പിക്കുന്നതോ ആയ കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഏൽപ്പിച്ചിരുന്നു.

(ബി) ടിഡിയുടെ കൈവശം തിരുവനന്തപുരം തൈക്കാട് വില്ലേജിൽ ഉണ്ടായിരുന്ന 16.2 സെന്റ് സ്ഥലവും അതിലുണ്ടായിരുന്ന 'വിശ്രം സങ്കേത്' എന്ന കെട്ടിടവും ഉൾപ്പെടെ തമ്പാനൂർ പോലീസ് സ്റ്റേഷൻ, കേരള പോലീസ്

ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (കെ.പി.എച്ച്.സി.സി.) ആസ്ഥാന മന്ദിരം എന്നിവ നിർമ്മിക്കുന്നതിനായി ഒരു കോടിരൂപ ചെലവിൽ വാങ്ങുന്നതിന് കെ.പി.എച്ച്.സി.സി.-ക്ക് അനുമതി നൽകിയിരുന്നു. ഇതിൻപ്രകാരം കെ.പി.എച്ച്.സി.സി. പണം കൈമാറുകയും വസ്തു രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഈ സമയത്ത് ടിഡയ്ക്ക് ഭൂമിയിൽ അവകാശമില്ലെന്ന് മനസ്സിലാക്കുകയും എന്നാൽ മറ്റൊരു ഉത്തരവിലൂടെ ഇവിടെ തമ്പാനൂർ പോലീസ് സ്റ്റേഷൻ കെട്ടിടം പണിയുന്നതിനുള്ള അനുമതി സർക്കാർ നൽകുകയും ചെയ്തു.

സംസ്ഥാന പോലീസ് മേധാവിയുടെ 30-12-2016, 6-1-2017 എന്നീ തീയതികളിലെ H7/185740/2016/PHQ ഉത്തരവ് പ്രകാരം 183.50 ലക്ഷംരൂപ ചെലവിൽ തമ്പാനൂർ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കാൻ കെ.പി.എച്ച്.സി.സി. ഏൽപ്പിച്ചിരുന്നു. 2014-ലെ Schedule of Rate (SoR) പ്രകാരം തമ്പാനൂർ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി കേരള പോലീസ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (കെ.പി.എച്ച്.സി.സി.) തയ്യാറാക്കിയ പ്രൊപ്പോസൽ പോലീസ് വകുപ്പ് അംഗീകരിച്ച് നൽകിയിട്ടുള്ളതാണ്. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിനാൽ, പ്രസ്തുത നിർമ്മാണം കേരള സർക്കാരിന്റെ മറ്റൊരു അക്രെഡിറ്റഡ് ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് 2016-ലെ SoR പ്രകാരം തയ്യാറാക്കിയ 250.45 ലക്ഷംരൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 24-4-2018-ലെ H11/65395/2017/PHQ നമ്പർ വർക്ക് ഓർഡർ പ്രകാരം നിർമ്മാണ ചുമതല ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് നൽകിയിട്ടുള്ളതും അവർ ടി നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി&ഇ) ഇല്ല. കെ.പി.എച്ച്.സി.സി.-യുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മരട് പഞ്ചായത്ത് മുൻ പ്രസിഡന്റിനെ ചോദ്യം ചെയ്യുന്നതിന് അനുമതി**

176(1769) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരട് ഫ്ലാറ്റ് നിർമ്മാണത്തിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് അന്നത്തെ മരട് പഞ്ചായത്ത് പ്രസിഡന്റിനെ ചോദ്യം ചെയ്യുന്നതിന് അനുമതി തേടി ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് ക്രൈം ബ്രാഞ്ച് സെൻട്രൽ യൂണിറ്റ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എറണാകുളം, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് ക്രൈംബ്രാഞ്ചിന് നൽകിയ കത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ;

(ബി) D13/18815/CB/19 നമ്പർ ആയി 6-12-2019-ന് ഡയറക്ടർ ഓഫ് ക്രൈംബ്രാഞ്ച് സർക്കാരിലേക്ക് നൽകിയ കത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) M3/272/2019/Home തീയതി 20-1-2020 നമ്പർ പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ നൽകിയ കത്തിന് മറുപടി ലഭിച്ചുവോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മരട് ഫ്ലാറ്റുകൾക്ക് അനുമതി നൽകിയതുമായി ബന്ധപ്പെട്ട്, അനുമതി നൽകിയ കാലത്തെ മരട് പഞ്ചായത്ത് പ്രസിഡന്റിനെ ചോദ്യം ചെയ്യുന്നതിന് അനുമതിതേടി അപേക്ഷ നൽകിയിട്ടില്ല. എന്നാൽ പ്രസ്തുത പഞ്ചായത്ത് പ്രസിഡന്റിനെ പ്രതി ചേർത്ത് അന്വേഷണം നടത്തുന്നതിന് അനുമതിതേടി സർക്കാരിലേയ്ക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനോട് നിയമോപദേശം തേടിയിരിക്കുകയാണ്.

(സി) ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന് നൽകിയ കത്തിന് മറുപടി ലഭ്യമായിട്ടില്ല.

## മരട് ഫ്ലാറ്റ് അനുമതിയുമായി ബന്ധപ്പെട്ട ക്രൈംബ്രാഞ്ച് അന്വേഷണം

177(1770) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരട് ഫ്ലാറ്റിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് അന്നത്തെ മരട് പഞ്ചായത്തിലെ ഏതൊക്കെ പഞ്ചായത്ത് അംഗങ്ങളെയാണ് ക്രൈംബ്രാഞ്ച് ചോദ്യം ചെയ്തത് എന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ഉദ്യോഗസ്ഥൻമാരെ ചോദ്യം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇവരെ ചോദ്യം ചെയ്യുന്നതിന് ക്രൈംബ്രാഞ്ച് സർക്കാരിനോട് അനുമതി തേടിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഏതൊക്കെ ചാർജ്ജുകളാണ് പ്രതികളായി ചേർക്കപ്പെട്ടവരുടെ പേരിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)

1. അജിത നന്ദകുമാർ
2. ദേവരാജൻ
3. ഫസീല റഷീദ്
4. ഫാത്തിമ ഷെറീഫ്
5. ജോൺസൺ
6. ലിസി ജോൺ
7. എം.സി. ഹംസ
8. പി.കെ. രാജു
9. ലീന ബാബു
10. പി.ഡി. രാജേഷ്
11. പരമേശ്വരൻ
12. സുജാത ശിശുപാലൻ
13. വിജയൻ
14. സുഷൻ
15. വത്സാജോൺ
16. വിജയകുമാർ
17. ആൻഡ്രൂസ്
18. ജിൻസൺ പീറ്റർ
19. മോളി ജെയിംസ്
20. സി.ഇ. വിജയൻ
21. ഭാസ്കരൻ

(ബി)

1. അരുൺ ശേഖർ, സീനിയർ ക്ലാർക്ക്
2. സലിംകുമാർ, കണ്ടിജന്റ് വർക്ക്
3. മുഹമ്മദ് ആരിഫ്ഖാൻ, സെക്രട്ടറി ഇൻ ചാർജ്ജ്
4. പി.പി. ജൂഡി, സൂപ്രണ്ട് മരട് പഞ്ചായത്ത്
5. ശാലിനി സാം, റവന്യൂ ഇൻസ്പെക്ടർ
6. ഡോക്ടർ കാലിരസൻ, എൻവയോൺമെന്റ് എഞ്ചിനീയർ
7. പ്രസന്നകുമാർ, കോസ്റ്റൽ സോൺ അതോറിറ്റി, ജോയിന്റ് സെക്രട്ടറി
8. കെ.ആർ. സജീവൻ, മരട് വില്ലേജ് ഓഫീസർ
9. രാജേഷ് കുമാർ, സെക്കന്റ് ഗ്രേഡ് ഓഫീസർ മരട് പഞ്ചായത്ത്
10. പ്രകാശൻ എ.എം., അസിസ്റ്റന്റ് ടൗൺ പ്ലാനർ
11. ശ്രീവർദ്ധനകുമാർ എം.ജി., വാല്യുവേഷൻ അസിസ്റ്റന്റ് സ്പെഷ്യൽതഹസീൽദാർ.
12. പി.സി. രാജു, ഡെപ്യൂട്ടി തഹസീൽദാർ, (ജൂനിയർ സൂപ്രണ്ട് കണയന്നൂർ താലൂക്ക്)
13. കരൺ എം.ഡി. ,ഫോർമർ എൽ.ഡി.സി., മരട് പഞ്ചായത്ത്
14. വിജേഷ്, ഫോർമർ എൽ.ഡി.സി. , മരട് പഞ്ചായത്ത്
15. സുരേഷ് കുമാർ, ഫോർമർ സെക്ഷൻ ടൗൺ പ്ലാനർ
16. മധുസൂദനൻ, ഫീൽഡ് അസിസ്റ്റന്റ്, മരട് പഞ്ചായത്ത്.
17. സതീഷ് കുമാർ, സ്പെഷ്യൽ വില്ലേജ് ഓഫീസർ
18. ബിന്ദു സി, ഫസ്റ്റ് ഗ്രേഡ് സർവ്വേയർ
19. അനിൽകുമാർ ജി., യു.ഡി.സി., മരട് പഞ്ചായത്ത്
20. പി.ജെ. ആന്റണി, ഫോർമർ സെക്രട്ടറി, മരട്,
21. സി.പി. ജീവൻ മെമ്പർ, KCZMA
22. കെ.സി. മാലതി, എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

23. പി.വി. ബാബു, ഫസ്റ്റ് ഗ്രേഡ് സർവ്വേയർ

24. മോഹൻദാസ്, എക്സ് ക്ലാർക്ക് മരട് പഞ്ചായത്ത്

25. അജിത. ബി., എക്സ്. യു.ഡി.സി., മരട് പഞ്ചായത്ത്

26. ഐസക് ജോർജ്ജ്, എക്സ് യു.ഡി.സി.

27. ശ്രീകുമാർ എസ്., എക്സ് അഡീഷണൽ ടൗൺ പ്ലാനർ

28. ഗിരീഷ് എസ്.എൻ., എക്സ് എൽ.ഡി.സി.

(സി) ഇവരെ ചോദ്യം ചെയ്യുന്നതിന് സർക്കാരിനോട് അനുമതി തേടിയിട്ടില്ല.

(ഡി) പ്രതികളായി ചേർക്കപ്പെട്ടവരുടെ പേരിൽ IPC, Prevention of Corruption Act എന്നിവ പ്രകാരമാണ് ചാർജ്ജ് ചെയ്തിട്ടുള്ളത്.

## കൊല്ലം ജില്ലയിലെ റൂറൽ പോലീസിന്റെ നിരീക്ഷണ ക്യാമറകൾ

178(1771) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷാ സംവിധാനങ്ങൾക്കായി കൊല്ലം റൂറൽ പോലീസ് ജില്ലയിലെ അതിർത്തികളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം സംവിധാനങ്ങൾ അടങ്ങിയ ക്യാമറകളാണ് സ്ഥാപിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) സുരക്ഷാ സംവിധാനങ്ങളുടെ ഭാഗമായി കൊല്ലം റൂറൽ പോലീസ് ജില്ലാ അതിർത്തികളിലെ 5 സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഗ്ലോബൽ ഷട്ടർ ടെക്നോളജി ANPR (Automatic number-plate recognition) സംവിധാനത്തോടുകൂടിയുള്ള ക്യാമറകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതിലൂടെ പകലും രാത്രിയിലും കൊല്ലം റൂറൽ പോലീസ് ജില്ലാ അതിർത്തിവഴി കടന്നുപോകുന്ന എല്ലാ വാഹനങ്ങളുടേയും ദൃശ്യങ്ങൾ ഈ ക്യാമറകളിൽ പകർത്തുന്നതും വാഹനങ്ങളുടെ തരം തിരിച്ചുള്ള വിവരങ്ങൾ ടി ക്യാമറകളിൽ ശേഖരിക്കാൻ സാധിക്കുന്നതുമാണ്. ഇതുമൂലം ഹിറ്റ് & റൺ, മോഷണം, പിടിച്ചുപറി തുടങ്ങിയ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾ അതിവേഗം കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുന്നതിനും 240 കിലോമീറ്റർ വേഗതയിൽ പോകുന്ന വാഹനങ്ങളെ വരെ തിരിച്ചറിയാൻ സാധിക്കുന്നതുമാണ്.

## പോലീസ് ഡ്രൈവറെ മർദ്ദിച്ചുവെന്ന പരാതി

179(1772) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.ജി.പി. സുദേഷ് കുമാറിന്റെ മകൾ എസ്.എ.പി. ബറ്റാലിയനിലെ ഡ്രൈവർ ഗവാസ്കറെ മർദ്ദിച്ചുവെന്ന പരാതിയിന്മേലുള്ള അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ആരാണ് പ്രസ്തുത അന്വേഷണം നടത്തുന്നതെന്നറിയിക്കാമോ;

(സി) പരാതിക്ക് ആസ്പദമായ സംഭവം നടന്നിട്ട് രണ്ട് വർഷം കഴിഞ്ഞിട്ടും ഇക്കാര്യത്തിലുള്ള അന്വേഷണം പൂർത്തിയാക്കുന്നതിന് സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) എ.ഡി.ജി.പി. ശ്രീ. സുദേഷ് കുമാറിന്റെ മകൾ, തിരുവനന്തപുരം എസ്.എ.പി. ബറ്റാലിയനിലെ ഡ്രൈവർ ഗവാസ്കറെ മർദ്ദിച്ചുവെന്നുള്ള പരാതിയിന്മേൽ തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 645/2018 u/s 294(B), 332, 324 IPC കേസ് ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും ക്രൈം നമ്പർ 166/CB/TVPM/2018 പ്രകാരം അന്വേഷണം നടത്തിവരുന്നതും കേസ്സിന്റെ അന്വേഷണം അന്തിമ ഘട്ടത്തിലുമാണ്.

(ബി) ആലപ്പുഴ ക്രൈം ബ്രാഞ്ച് പോലീസ് സൂപ്രണ്ട് ശ്രീ. പ്രശാന്തൻ കാണിയാണ് അന്വേഷണം നടത്തിവരുന്നത്.

(സി) പഴുതടച്ചുള്ള സാഹചര്യ തെളിവുകളും ശാസ്ത്രീയ തെളിവുകളും ശേഖരിച്ച് അന്വേഷണം പൂർത്തിയാക്കിയും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനിൽനിന്നും വിദഗ്ദ്ധ ഉപദേശം ലഭിച്ചതിനുശേഷവും അന്തിമ റിപ്പോർട്ട് കോടതിയിൽ താമസംവിനാ സമർപ്പിക്കുന്നതാണ്.

(ഡി) നിർദ്ദേശം നൽകിയിട്ടില്ല.

**ജോർജ് ഇന്റർനാഷണൽ കമ്പനിയുടെ ജോലി തട്ടിപ്പ്**

180(1774) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം പനമ്പള്ളി നഗറിലെ ജോർജ് ഇൻറർനാഷണൽ എന്ന കമ്പനി ജോലി വാഗ്ദാനം നൽകി കോടികൾ തട്ടിയെടുത്തു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്പനിക്കെതിരെ കേസ്സ് എടുത്തിട്ടുണ്ടോ; ഏത് സ്റ്റേഷനിലാണ് കേസ്സ്എടുത്തിരിക്കുന്നതെന്നും തുടർ നടപടികൾ ഏതുവരെയായി എന്നും അറിയിക്കാമോ;

(ബി) എത്ര പേർക്കാണ് ജോലി വാഗ്ദാനം നൽകി തട്ടിപ്പ് നടത്തിയത് എന്നറിയിക്കാമോ;

(സി) സംഭവവുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് എന്നും ഈ സ്ഥാപനം ഇപ്പോഴും തുറന്ന പ്രവർത്തിക്കുന്നുണ്ടോ എന്നും അറിയിക്കാമോ;

(ഡി) ഇനി തട്ടിപ്പ് നടത്താതിരിക്കാൻ സ്ഥാപനം അടച്ചുപൂട്ടിക്കുന്നതിനും തട്ടിപ്പിന് ഇരയായവർക്ക് നഷ്ടപരിഹാരം വാങ്ങിക്കൊടുക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ എറണാകുളം ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം. 1558/19 u/s406, 420IPC പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ് അന്വേഷണാവസ്ഥയിലാണ്.

(ബി) 284 പേർക്ക് ജോലി വാഗ്ദാനം നൽകി തട്ടിപ്പ് നടത്തിയതായാണ് അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളത്.

(സി-ഡി) സംഭവവുമായി ബന്ധപ്പെട്ട് രണ്ട് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം ഈ സ്ഥാപനം ഇപ്പോഴും തുറന്ന് പ്രവർത്തിക്കുന്നുണ്ട്. തട്ടിപ്പിനിരയായവരുടെ നഷ്ടപരിഹാരം സംബന്ധിച്ച് കോടതി തീരുമാനം ആകേണ്ടതുണ്ട്. ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടന്നുവരികയാണ്.

## താനൂരിൽ പോലീസ് കൺട്രോൾ റൂം

181(1775) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ താനൂരിന് അനുവദിച്ച പോലീസ് കൺട്രോൾ റൂം താനൂരിൽത്തന്നെ ആരംഭിക്കണം എന്ന് ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദാംശം നൽകാമോ;

(ബി) സുരക്ഷയും താനൂരിലെ സംഘർഷ സാധ്യതയും കണക്കിലെടുത്ത് താനൂരിന് അനുവദിച്ച പോലീസ് കൺട്രോൾ റൂമിന്റെ നിലവിലെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(സി) താനൂർ ഒരു പ്രശ്നബാധിത മേഖലയാണെന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത്,ഹൈക്കോടതി നിർദ്ദേശപ്രകാരം പോലീസ് കൺട്രോൾ റൂം താനൂരിൽ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവ് ലഭിച്ചിട്ടുണ്ട്. ഉത്തരവ് കൈപ്പറ്റി രണ്ട് മാസത്തിനകം താനൂർ സർക്കിൾ ഓഫീസിന്റെ റിപ്പയർ വർക്ക് പൂർത്തീകരിച്ച് താനൂർ കൺട്രോൾ റൂമിന്റെ പ്രവർത്തനം ആരംഭിക്കണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 13-1-2020-ന് ഉത്തരവായിട്ടുണ്ട്.

(ബി&സി) താനൂർ കൺട്രോൾ റൂമിനാവശ്യമായ കെട്ടിടം ലഭ്യമാകാത്തതിനാൽ കൺട്രോൾ റൂം പ്രവർത്തനമാരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ പുതുതായി നിർമ്മിച്ച Tirur Modern Public Response Facilitating Centre (Contol Room)-ൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായതിനാൽ താനൂർ കൺട്രോൾ റൂമിന് അനുവദിച്ച അംഗബലം താൽക്കാലികമായി തിരൂർ കൺട്രോൾ റൂമിലേയ്ക്ക് മാറ്റുകയും അവിടെ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. തിരൂരിന്റെ സമീപ പ്രദേശമായ താനൂരിൽ കൺട്രോൾറൂം വാഹനങ്ങളുടെ പട്രോളിംഗും സേവനവും ലഭ്യമാക്കുന്നുണ്ട്. താനൂർ കൺട്രോൾ റൂമിനായി താനൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലെ പഴയ സർക്കിൾ ഓഫീസ് കെട്ടിടം നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ടി കെട്ടിട നവീകരണം പൂർത്തിയാകുന്നമുറയ്ക്ക് തിരൂർ കൺട്രോൾ റൂമിലേയ്ക്ക് മാറ്റപ്പെട്ട താനൂർ കൺട്രോൾ റൂമിന്റെ അംഗബലം തിരികെ കൊണ്ടുവന്ന് താനൂർ കൺട്രോൾ റൂമിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## പന്തല്ലൂർ വയർലെസ് റിപ്പീറ്റർ സ്റ്റേഷൻ

182(1777) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പോലീസിന്റെ വാർത്താവിനിമയ കേന്ദ്രമായ പന്തല്ലൂർ വയർലെസ് റിപ്പീറ്റർ സ്റ്റേഷനിൽ ഡ്യൂട്ടി എടുക്കുന്ന പോലീസുദ്യോഗസ്ഥർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഭക്ഷണം പാചകം ചെയ്യുന്നതിനും മറ്റും ആഴ്ചയിൽ ഒരിക്കൽ മാത്രം വെള്ളമെത്തിക്കുന്നതിന് പകരം സ്ഥിരമായി വെള്ളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) 1974-ൽ സ്ഥാപിതമായ റിപ്പീറ്റർ സ്റ്റേഷനിൽ ഇതുവരെ ടോയ്‌ലെറ്റ് സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ;

(ഡി) നിലവിൽ റിപ്പീറ്റർ സ്റ്റേഷൻ പ്രവർത്തിക്കുന്ന താൽക്കാലിക ഷെഡിൽ മിന്നൽ രക്ഷാചാലകം ഇല്ലാത്തത് കൊണ്ടും ഇടക്കിടെ പാമ്പുകൾ കയറുന്നത് മൂലവും ജീവനക്കാരുടെ ജീവന് ഭീഷണി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മിന്നൽ രക്ഷാചാലകം ഉൾപ്പെടെയുള്ള സുരക്ഷിതമായ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ-ഡി) പരിമിതികളും ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പന്തല്ലൂർ മലയിൽ സ്വകാര്യ ഭൂമിയിൽ സ്ഥിതിചെയ്യുന്ന വയർലെസ് റിപ്പീറ്റർ സ്റ്റേഷൻ സ്വന്തമായി കെട്ടിടം പണിയുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകളുള്ളതിനാൽ നാഷണൽ ഗെയിംസിനായി വാങ്ങിയതിൽനിന്നും ഒരു പ്രീ ഫാബ്രിക്കേറ്റഡ് ബിൽഡിംഗ് പന്തല്ലൂർ റിപ്പീറ്റർ സ്റ്റേഷനിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊപ്പോസൽ ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കണ്ണാശുപത്രിയിൽ സെക്യൂരിറ്റി ഉദ്യോഗസ്ഥനെ തല്ലിച്ചതച്ച സംഭവം

183(1778) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-1-2020-ന് തലസ്ഥാനത്തെ കണ്ണാശുപത്രിയിൽ പൊതുജനങ്ങൾക്ക് പെയ്ഡ് പാർക്കിംഗ് നടത്തുന്നിടത്ത് ഫീസ് പിരിക്കുന്നതിനായി നിയോഗിച്ചിരിക്കുന്ന സെക്യൂരിറ്റി ഉദ്യോഗസ്ഥനെ, രണ്ട് ദിവസമായി ഈ സ്ഥലത്ത് പാർക്ക് ചെയ്തിരുന്ന സെക്രട്ടേറിയറ്റ് ജീവനക്കാരന്റെ വാഹനത്തിന് ഫീസ് ആവശ്യപ്പെട്ടതിന് ക്രൂരമായി തല്ലിച്ചതച്ച സംഭവത്തിൽ പോലീസ് കേസ് എടുത്തിരുന്നോ;എങ്കിൽ സംഭവം നടന്ന് എത്ര ദിവസം കഴിഞ്ഞാണ് പോലീസ് ഈ വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്തത്;ഏതൊക്കെ വകുപ്പുകൾ ചുമത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ബി) പൊതുജനങ്ങൾ ഫീസ് നൽകി പാർക്ക് ചെയ്യേണ്ട ഗവൺമെന്റ് സ്ഥലങ്ങളിൽ ഗവൺമെന്റ് വകുപ്പുകളിലെയോ ഓഫീസുകളിലെയോ ഏതെങ്കിലും തലത്തിൽപ്പെട്ട ഉദ്യോഗസ്ഥരെ അവരവരുടെ സ്വകാര്യ വാഹനങ്ങൾ സൗജന്യമായി പാർക്ക് ചെയ്യുന്നതിന് നിയമത്തിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ ആയതിന്റെ പകർപ്പ് നൽകുമോ ;

(സി) ഇത്തരത്തിൽ നിയമത്തിൽ ഇളവ് ലഭ്യമല്ലായെങ്കിൽ അതിന് തങ്ങൾ ജോലി നോക്കുന്ന സ്ഥാപനത്തിന്റെ പേര് പറഞ്ഞ് പാർക്കിംഗ് ഫീസിൽ ഇളവിന് നിർബന്ധിക്കുന്നത് ചട്ടവിധേയമായിട്ടാണോ; അല്ലെങ്കിൽ സെക്യൂരിറ്റി ഉദ്യോഗസ്ഥനെ തല്ലിയ ഉദ്യോഗസ്ഥനെതിരെ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; നടപടി ഒഴിവാക്കി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംഭവം നടന്ന ദിവസംതന്നെ കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 119/20 u/s 294(b), 323, 447, 353, 506 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) കന്റോൺമെന്റ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത വിവരം കാണിച്ച് നിയമസഭാ സെക്രട്ടറിക്ക് പോലീസ് റിപ്പോർട്ട് നൽകിയിട്ടുണ്ട്. നിയമസഭാ സെക്രട്ടേറിയറ്റാണ് തുടർ നടപടി ആവശ്യമെങ്കിൽ സ്വീകരിക്കേണ്ടത്.

**പോലീസ് വകുപ്പ് വാങ്ങിയ വാഹനങ്ങൾ**

184(1779) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2019-ലെ പ്രളയത്തിൽ തകരാറായ വാഹനങ്ങളാണ് പോലീസ് വകുപ്പ് കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ വാങ്ങിയതെന്നും അതിൽ നിരവധി വാഹനങ്ങൾ ഇതിനോടകം പ്രവർത്തനരഹിതമായി എന്നതും വസ്തുതയാണോ; അറിയിക്കുമോ?

ഉത്തരം

വസ്തുതയല്ല.

**ഭരണരംഗത്തെ അഴിമതി നിർമ്മാർജ്ജനം**

185(1780) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭരണ രംഗത്തെ അഴിമതി അവസാനിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ ഇതുവരെയുള്ള കാലയളവിൽ കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സിവിൽ സർവ്വീസ് അഴിമതി രഹിതമാക്കുന്നതിന് അഴിമതി നിരോധനനിയമം 1988 അനുസരിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/സത്വരാന്വേഷണം/പ്രാഥമികാന്വഷണം/മിന്നൽ പരിശോധന എന്നിവ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സസ്പെൻഷൻ,

മറ്റ് വകുപ്പുതല നടപടികൾ ആവശ്യമായവയിൽ വിജിലൻസ് നടപടി സ്വീകരിക്കുന്നു. കൂടാതെ പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ട്രാപ്പ് കേസ്സുകൾ വിജിലൻസ് സ്വമേധയാ രജിസ്റ്റർ ചെയ്യും ബന്ധപ്പെട്ട ഓഫീസുകളിൽ സംസ്ഥാനവ്യാപകമായി മിന്നൽ പരിശോധന നടത്തിയും ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമേ അഴിമതി തടയുന്നതിനുവേണ്ടി സർക്കാർ വകുപ്പുകളിൽ നിലവിലുള്ള ആഭ്യന്തര വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകിവരാറുണ്ട്.

വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യതയോടെ വേഗത്തിലാക്കുന്നതിനും അഴിമതി നിർമ്മാർജ്ജനത്തിനും ബ്യൂറോയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി ഡിജിറ്റൽ തെളിവുകളുടെ ആധികാരികത പരിശോധിക്കുന്നതിനും കേസ്സന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്.

2. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനമായും വാർത്താവിനിമയത്തിനായി പോലീസ് വകുപ്പിൽ ഉപയോഗിച്ചുവരുന്ന രീതിയിൽ CoB (Communication Back Bone) സംവിധാനം ആരംഭിച്ചിട്ടുണ്ട്.

3. അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ ഉദ്യോഗസ്ഥർക്ക് ഡിജിറ്റൽ ക്യാമറകളും രഹസ്യ നിരീക്ഷണത്തിനുള്ള സാങ്കേതിക ഉപകരണങ്ങളും കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ആധുനിക ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

4. അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ സമർപ്പിക്കുന്നതിനും അറിയിക്കുന്നതിനുമായി 1064 എന്ന ടോൾഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്സ് ആപ്പ് സംവിധാനവും

ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വെബ്സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് iAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേയ്ക്ക് വേഗത്തിൽ കൈമാറുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈക്കൂലിയുമായി ബന്ധപ്പെട്ട് 76 കേസ്സുകളിലായി 83 ഉദ്യോഗസ്ഥരെ പ്രതിയാക്കി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ്സുകളിൽ 44 എണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 32 കേസ്സുകളിൽ നിലവിൽ അന്വേഷണം നടക്കുന്നുണ്ട്.

## മുൻമന്ത്രിമാർക്കെതിരെ വിജിലൻസ് കേസ്

186(1781) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവിഹിത സ്വത്ത് സമ്പാദനം, പദ്ധതി നടത്തിപ്പിലെ ക്രമക്കേട്, നിർമ്മാണ പ്രവൃത്തികളിലെ അപാകത തുടങ്ങിയ ഗുരുതരമായ ആരോപണങ്ങളെ ത്തുടർന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്തെ എത്ര മന്ത്രിമാർക്കെതിരെയാണ് ഇപ്പോൾ വിജിലൻസ് കേസ് നിലനിൽക്കുന്നത്; എത്ര പേർക്കെതിരെ വിജിലൻസ് അന്വേഷണം നടത്തുന്നുണ്ടെന്നും അറിയിക്കാമോ;

(ബി) ഭരണതലത്തിലെ ഇത്തരം ഗുരുതരമായ ക്രമക്കേടുകൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നറിയിക്കാമോ?

### ഉത്തരം

(എ&ബി) 2011-2016 കാലയളവിലെ മുൻ മന്ത്രിസഭയിലുള്ള 11 മന്ത്രിമാർ ക്കെതിരെ വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ. വി. എസ്. ശിവകുമാറിനെതിരെ ഒരു സത്വരാന്വേഷണവും നടന്നുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിജിലൻസ് കേസ്സിൽ ഉൾപ്പെട്ട ഐ.എ.എസ്/ഐ.പി.എസ്. ഉദ്യോഗസ്ഥർ

187(1782) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എ.എസ്./ഐ.പി.എസ്. കേഡറിലുള്ള എത്ര ഉദ്യോഗസ്ഥർ ഇപ്പോൾ വിജിലൻസ് കേസ് നേരിടുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരുടെ കണക്ക് വെവ്വേറെ വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഐ.എ.എസ്./ ഐ.പി.എസ്. കേഡറിലുള്ള എത്ര ഉദ്യോഗസ്ഥരെ കുറ്റവിമുക്തരാക്കിയിട്ടുണ്ട്; പേരുവിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 20 പേർ (റിട്ട. ഉദ്യോഗസ്ഥർ ഉൾപ്പെടെ)

(ബി) 11 വിജിലൻസ് കേസ്സുകളിലായി 11 ഐ.എ.എസ്., 2 ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ (റിട്ട. ഉദ്യോഗസ്ഥർ ഉൾപ്പെടെ) അന്വേഷണം പുരോഗമിക്കുന്നു. കോടതിയിൽ വിചാരണയിലുള്ള 4 വിജിലൻസ് കേസ്സുകളിൽ റിട്ടയർ ചെയ്തവരടക്കം 5 ഐ.എ.എസ്., 1 ഐ.പി.എസ്. ഉദ്യോസ്ഥർ ഉൾപ്പെട്ടിട്ടുണ്ട്. തുടർ നടപടികൾ അവസാനിപ്പിക്കാമെന്ന ശിപാർശയോടെ 5 കേസ്സുകളിൽ അന്തിമ റിപ്പോർട്ട് ബഹുമാനപ്പെട്ട വിജിലൻസ് കോടതികളിൽ സമർപ്പിച്ചിട്ടുണ്ട്. കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്ത ടി കേസുകളിൽ റിട്ടയർ ചെയ്തവരുൾപ്പെടെ 3 ഐ.എ.എസ്., 1 ഐ.പി.എസ്. ഉദ്യോഗസ്ഥരുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഐ.എ.എസ്./ ഐ.പി.എസ്. കേഡറിലുള്ള 14 ഉദ്യോഗസ്ഥരെ കോടതി കുറ്റവിമുക്തരാക്കിയിട്ടുണ്ട്. (പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*) വിജിലൻസ് കേസ് നേരിട്ട ഐ.എ.എസ്/ഐ.പി.എസ്. കേഡറിലുള്ള ഉദ്യോഗസ്ഥരേയും ഈ സർക്കാർ കുറ്റവിമുക്തരാക്കിയിട്ടില്ല.

## വിജിലൻസ് രജിസ്റ്റർ ചെയ്ത അഴിമതി കേസ്സുകൾ

188(1783) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 29-2-2020 വരെ എത്ര അഴിമതി കേസ്സുകൾ രജിസ്റ്റർ ചെയ്തു എന്നറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത കേസുകളിൽ എത്രയെണ്ണത്തിൽ ഇതിനകം കോടതി ശിക്ഷ വിധിച്ചു എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിൽ 29-2-2020 വരെ 591 വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനകം കോടതിയിൽ സമർപ്പിച്ച കേസ്സുകളിൽ കോടതി വിചാരണ പൂർത്തിയായിട്ടില്ല.

**മലപ്പുറം കുടുംബകോടതി സമുച്ചയ നിർമ്മാണം**

189(1784) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കുടുംബ കോടതി സമുച്ചയ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) ഭൂമി കൈമാറ്റ നടപടികൾ പൂർത്തീകരിച്ചിട്ടും കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാനും കോടതി സമുച്ചയം യാഥാർത്ഥ്യമാക്കുവാനും സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം കുടുംബകോടതി കെട്ടിടത്തിന്റെ പ്ലാൻ ഹൈക്കോടതി അംഗീകരിച്ചിട്ടുണ്ട്. ആയത് നിർമ്മിക്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ഹൈക്കോടതി 25-2-2020-ലെ കത്ത് പ്രകാരം പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കുടുംബകോടതിയുടെ പുതിയ കെട്ടിടത്തിന് പുതുക്കിയ പ്ലാൻ പ്രകാരം കൂടുതൽ ഭൂമി ആവശ്യമായി വരികയും കൂടാതെ നിലവിലുള്ള ഭൂമിയുടെ ഘടന കെട്ടിടം പണിയാൻ അനുയോജ്യമല്ലാത്തതിനാലും അനുയോജ്യമായ ഭൂമി കണ്ടെത്തി കൈമാറ്റം പൂർത്തീകരിച്ചത് 18-1-2019-നാണ്. ആയതിനാലാണ് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടത്.

(സി) എസ്റ്റിമേറ്റ് സർക്കാരിൽ നൽകി ഭരണാനുമതി ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

## ഫയർ സ്റ്റേഷനുകളിൽ പുതിയ തസ്തികകൾ

190(1785) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര ഫയർ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെന്നും ആയതിന്റെ ഭാഗമായി പുതിയ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, ആലപ്പുഴ ജില്ലയിലെ അരൂർ, തൃശ്ശൂർ ജില്ലയിലെ നാട്ടിക എന്നിവിടങ്ങളിലായി മൂന്ന് പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിക്കുകയും ആയതിനായി 53 പുതിയ തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടി

191(1786) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ചാരുംമ്മൂട് കേന്ദ്രമാക്കി ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ ;

(ബി) പ്രസ്തുത പ്രദേശം നിലനിൽക്കുന്ന കായംകുളം-പുനലൂർ റോഡിൽ കായംകുളത്തിനും അടൂരിനും മധ്യേയും കൊല്ലം-തേനി ദേശീയ പാതയിൽ ആലപ്പുഴ-കൊല്ലം ജില്ലയുടെ അതിർത്തി പ്രദേശങ്ങളിലും ഫയർ സ്റ്റേഷനുകൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ടി വസ്തുതകൾ പരിശോധിച്ച് ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ചാരുംമൂട് കേന്ദ്രമാക്കി ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം നിലവിൽ വകുപ്പിന്റെ പരിഗണനയിലില്ല.

(ബി&സി) കായംകുളം-പുനലൂർ റോഡിൽ കായംകുളത്തിനും അടൂരിനും മധ്യേ 16 കിലോമീറ്റർ ചുറ്റളവിൽ അടൂർ, മാവേലിക്കര നിലയങ്ങളും കൊല്ലം-തേനി ദേശീയ പാതയിൽ ആലപ്പുഴ-കൊല്ലം ജില്ലയുടെ അതിർത്തി പ്രദേശത്ത് 19 കിലോമീറ്റർ ചുറ്റളവിൽ ചെങ്ങന്നൂർ, ശാസ്താംകോട്ട നിലയങ്ങളും സ്ഥിതി ചെയ്യുന്നുണ്ട്.

## അഗ്നി സുരക്ഷാ വകുപ്പ് നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ

192(1787) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ സുരക്ഷാ മേഖലയിൽ അഗ്നി സുരക്ഷാ വകുപ്പ് നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ അഗ്നിരക്ഷാ നിലയത്തിന് താഴെപ്പറയുന്ന ഉപകരണങ്ങളും വാഹനങ്ങളും അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| വാട്ടർ ടെണ്ടർ | 1 |
| ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസ് | 1 |
| ഡെലിവറി ഹോസ് | 18 |
| ബ്രീത്തിംഗ് അപ്പാരറ്റസ് | 2 |
| ചെയിൻസാ | 3 |
| എൽ.ഇ.ഡി. ടോർച്ച് | 2 |
| എമർജൻസി ലാമ്പ് | 3 |
| ഗം ബൂട്ട് | 34 |
| ഫയർ ഫൈറ്റിംഗ് സ്യൂട്ട്സ് | 35 |
| ഹെൽമറ്റ് വിത്ത് വൈസർ | 34 |

ആലത്തൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി വകുപ്പിന് കൈമാറി ലഭിച്ച ആലത്തൂർ താലൂക്ക്, കുഴൽമന്ദം-1 വില്ലേജിൽ ബ്ലോക്ക് 17-ൽ റീസർവ്വേ നമ്പർ 672/6-ൽ ഉൾപ്പെട്ട ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള 0.2023 ഹെക്ടർ ഭൂമി വകുപ്പിന് കൈമാറി ലഭിക്കുകയും ടി ഭൂമിയിൽ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

അഗ്നിരക്ഷാ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്നതിനായി ആലത്തൂർ അഗ്നിരക്ഷാനിലയ പരിധിയിൽ 25-ഓളം പേരെ കമ്മ്യൂണിറ്റി റെസ്ക്യൂ വോളണ്ടിയർ ആയി സേവന സന്നദ്ധതയുള്ള തെരഞ്ഞെടുത്ത് പരിശീലനം നൽകുകയുണ്ടായി.

ദുരന്തനിവാരണത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ജീവൻ രക്ഷാ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്ന പദ്ധതിയായ സിവിൽ ഡിഫൻസ് സർവ്വീസ് പദ്ധതിയുടെ ഭാഗമായി ആലത്തൂർ അഗ്നിരക്ഷാ നിലയ പരിധിയിൽ 50-ഓളം സിവിൽ ഡിഫൻസ് വോളണ്ടിയർമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകുകയുണ്ടായി.

പ്രകൃതി ദുരന്തങ്ങളായ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, പേമാരി, ചുഴലിക്കാറ്റ് എന്നീ സുരക്ഷാ ഭീഷണികൾ പ്രാദേശികമായി സൂക്ഷ്മതലത്തിൽ മനസ്സിലാക്കി മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനും ദുരന്തങ്ങളെ കാര്യക്ഷമമായി നേരിടുന്നതിനും രക്ഷാ പ്രവർത്തനങ്ങളെ സുഗമമാക്കുന്നതിനും വകുപ്പിൽ സേഫ്റ്റി ബീറ്റ് സംവിധാനം. ആവിഷ്കരിച്ച് നടപ്പിലാക്കി. ടി സംവിധാനത്തിന് സേഫ്റ്റി ബീറ്റ് ഓഫീസറായി തെരഞ്ഞെടുത്ത അഗ്നിശമന സേനാംഗങ്ങൾ ആലത്തൂർ നിലയ പരിധിയിലെ 12 പഞ്ചായത്തുകളിൽ പ്രവർത്തനം ആരംഭിക്കുകയും നെല്ലിയാമ്പതി, നിരങ്ങൻപാറ, പുലന്തൂർ എന്നീ പ്രദേശങ്ങൾ സന്ദർശിച്ച് ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണം നൽകുകയുമുണ്ടായി.

## നാദാപുരം ഫയർ സ്റ്റേഷൻ

193(1788) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം ഫയർ സ്റ്റേഷന് സൗജന്യമായി ഭൂമി ലഭ്യമാക്കിയ സാഹചര്യത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

നാദാപുരം അഗ്നിരക്ഷാ നിലയത്തിനുവേണ്ടി അനുവദിച്ച സ്ഥലം വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. സ്റ്റേഷൻ കെട്ടിടത്തിനായുള്ള പ്ലാൻ വകുപ്പ് അംഗീകരിച്ച് പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുള്ളതും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വേണ്ടി ടി സ്ഥലത്തിന്റെ മണ്ണ് പരിശോധന, ടോട്ടൽ സ്റ്റേഷൻ സർവ്വേ എന്നിവ നടത്തുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്.

## പരോൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

194(1789) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും അനുവദിക്കപ്പെട്ട പരോളുകൾ എത്രയാണ്; കണക്ക് ലഭ്യമാക്കാമോ;

(ബി) പരോൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; പരോൾ അനുവദിക്കുന്നതിനുള്ള അധികാരം ആർക്കെല്ലാമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പരോൾ അനുവദിക്കുന്നതിലെ മാനദണ്ഡങ്ങളിൽ ഈ സർക്കാർ ഇളവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും വ്യക്തികൾക്ക് പരോൾ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് കൂടുതൽ പരോൾ അനുവദിച്ചിട്ടുണ്ടോ; ഇവർക്ക് ഉദ്യോഗസ്ഥ തലത്തിലും പിന്നീട് മുഖ്യമന്ത്രിയും പരോൾ അനുവദിച്ചിരുന്നോ; എങ്കിൽ ഇത് സംബന്ധിച്ച പൂർണ്ണമായ വിശദാംശം ലഭ്യമാക്കുമോ;

(ഇ) എങ്കിൽ ഇത്തരത്തിൽ കൂടുതൽ പരോൾ അനുവദിക്കാൻ ഇടയായ സാഹചര്യം വിശദമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ വിവിധ ജയിലുകളിൽ നിന്നായി മാനദണ്ഡപ്രകാരം ഓരോ വർഷവും വിവിധ ഘട്ടങ്ങളിലായി അനുവദിക്കപ്പെട്ട പരോളുകളുടെ കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | പരോൾ നൽകിയ തടവുകാരുടെ എണ്ണം |
|---|---|
| 2016 | 639 |
| 2017 | 844 |
| 2018 | 1101 |
| 2019 | 1132 |
| 2020 | 686 |

(ബി) പരോൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, പരോൾ അനുവദിക്കുന്നതിനുള്ള അധികാരം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>സാധാരണ അവധി</u>

2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടം 397 പ്രകാരം ഒരു വർഷവും അതിൽ കൂടുതലും ശിക്ഷിക്കപ്പെട്ടവരിൽ സൽസ്വഭാവികളായ തടവുകാർക്ക് ശിക്ഷയുടെ 1/3 ഭാഗമോ, രണ്ടുവർഷമോ ഏതാണോ കുറവ് അത്രയും അനുഭവിച്ചിട്ടുണ്ടെങ്കിൽ അനുകൂല പോലീസ്/പ്രൊബേഷൻ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ സാധാരണ അവധിക്ക് അർഹതയുണ്ടായിരിക്കും.

ആദ്യത്തെ സാധാരണ അവധി ജയിൽ വകുപ്പ് മേധാവിയും തുടർന്നുള്ള അവധികൾ ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാണ് അനുവദിക്കുന്നത്.

<u>അടിയന്തരാവധി</u>

2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടം 400 പ്രകാരം ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട് കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ടവർ ഒഴികെയുള്ള തടവുകാർക്ക് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായാണ് അടിയന്തരാവധി അനുവദിക്കുന്നത്.

1. പിതാവ്, മാതാവ്, മകൻ, മകൾ, ഭാര്യ, ഭർത്താവ്, സഹോദരൻ, സഹോദരി, അർദ്ധസഹോദരൻ, അർദ്ധസഹോദരി, പൗത്രൻ, പൗത്രി, പിതാ/മാതാ മഹൻ, പിതാ/മാതാ മഹി, ഭാര്യാപിതാവ്/മാതാവ്, ഭർത്തൃപിതാവ്/മാതാവ്, മരുമകൻ, മരുമകൾ, മാതൃസഹോദരൻ/സഹോദരി, പിതൃസഹോദരൻ/സഹോദരി, ഭാര്യ-ഭർത്തൃ സഹോദരൻ, ഭാര്യ-ഭർത്തൃ സഹോദരി, അനന്തിരവൻ, അനന്തിരവൾ എന്നിവരുടെ മരണമോ അത്യാസന്നമായ രോഗാവസ്ഥയോ

2. മകൻ, മകൾ, സഹോദരൻ, സഹോദരി, പൗത്രൻ, പൗത്രി, ഭാര്യാ-ഭർത്തൃ സഹോദരി, ഭാര്യാ-ഭർത്തൃസഹോദരൻ നേർ അനന്തിരവൻ, നേർ അനന്തിരവൾ എന്നിവരുടെ വിവാഹം.

3. താമസിക്കുന്ന വീട് ഭാഗികമായോ പൂർണ്ണമായോ തകരുക.

സരീയൽ നം. (1), (2) എന്നിവയ്ക്ക് അടിയന്തരാവധി അനുവദിക്കുന്നത് ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻഹൗസ് ഓഫീസറുടെ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിലും സീരിയൽ നം.(3)-ന് അടിയന്തരാവധി അനുവദിക്കുന്നത് ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ ഓഫീസറുടേയും തഹസിൽദാരുടേയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ്.

അടിയന്തരാവധി ആദ്യം അനുവദിക്കാനുള്ള അധികാരം ജയിൽ സൂപ്രണ്ടിൽ നിക്ഷിപ്തമാണ്. ജയിൽ സൂപ്രണ്ടിന് ഒരു സമയം 10 ദിവസം വരെ അടിയന്തരാവധി അനുവദിക്കാൻ അധികാരമുണ്ടായിരിക്കുന്നതും അതുൾപ്പെടെ 15 ദിവസം വരെയുള്ള കാലയളവിലേയ്ക്ക് വകുപ്പ് മേധാവിക്ക് അടിയന്തിരാവധി ദീർഘിപ്പിച്ചു നൽകുവാനുള്ള അധികാരമുണ്ട്. തുടർന്ന് ഒരുപ്രാവശ്യം 15 ദിവസം വരെയുള്ള കാലയളവിലേയ്ക്ക് ആഭ്യന്തരവകുപ്പ് സെക്രട്ടറിക്കും അവധി അനുവദിക്കാവുന്നതാണ്. കൂടാതെ പരമാവധി 45 ദിവസം കവിയാതെ അടിയന്തരാവധി ദീർഘിപ്പിക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.

ഗാർഹികാവധി

ചട്ടം 414 പ്രകാരം തുറന്ന ജയിലിൽ ഒരു വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കുന്ന സൽസ്വഭാവമുള്ള തടവുകാരന് ടിയാന്റെ കുടുംബ സാഹചര്യത്തെക്കുറിച്ചുള്ള പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാധാരണ അവധിക്കുപുറമേ വർഷത്തിൽ 15 ദിവസത്തെ ഗാർഹികാവധി അനുവദിച്ചുവരുന്നു. ആദ്യത്തെ ഗാർഹികാവധി ജയിൽ വകുപ്പ് മേധാവിയും തുടർന്നുള്ള അവധി ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടും അനുവദിച്ചുവരുന്നു.

(സി) പരോൾ അനുവദിക്കുന്നതിലെ മാനദണ്ഡങ്ങളിൽ ഈ സർക്കാർ ഇളവ് വരുത്തിയിട്ടില്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരോൾ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് കൂടുതൽ പരോൾ അനുവദിച്ചിട്ടില്ല.

(ഇ) ബാധകമല്ല.

## ജയിലുകളെയും കോടതികളേയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസ് സംവിധാനം.

195(1790) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളെയും കോടതികളെയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം എത്ര ജില്ലകളിലാണ് നടപ്പിലായിത്തുടങ്ങിയത്;

(ബി) നിലവിൽ എത്ര കോടതികളും ജയിലുകളുമാണ് പദ്ധതിയുടെ ഭാഗമായിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) തടവുകാരെ ജയിലിൽനിന്നും കോടതിയിലേയ്ക്കും തിരിച്ചും കൊണ്ട് വിടുന്നതിനായി പ്രതിദിനം എത്ര പോലീസുകാരെ എസ്കോർട്ട് ഡ്യൂട്ടിക്കായി ചുമതലപ്പെടുത്താറുണ്ടെന്ന് അറിയിക്കാമോ;

(ഡി) വീഡിയോ കോൺഫറൻസ് സംവിധാനം മുഴുവൻ കോടതികളിലേയ്ക്കും ജയിലുകളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജയിലുകളെയും കോടതികളേയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ 5 ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കേരളത്തിലെ എല്ലാ ജയിലുകളേയും 372 കോടതികളേയും വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ 5 ജില്ലകളിലെ 13 ജയിലുകളിലായി 24 സ്റ്റുഡിയോയിലും 136 കോടതികളിലും ഈ സംവിധാനം പ്രവർത്തിച്ചു വരുന്നുണ്ട്.

(സി) ശരാശരി ഒരു ദിവസം 400 മുതൽ 500 പോലീസുകാരുടെ സേവനം റിമാന്റ് എക്സ്റ്റെൻഷനുമാത്രം വേണ്ടിവരും.

(ഡി) കേരളത്തിലെ എല്ലാ ജയിലുകളേയും റിമാന്റ് എക്സ്റ്റെൻഷൻ ആവശ്യമുള്ള എല്ലാ കോടതികളേയും (372 എണ്ണം) പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## തടവുകാർക്കുള്ള തൊഴിൽ പരിശീലന പദ്ധതികൾ

196(1791) <u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> :
<u>ശ്രീ. പി. കെ. ശശി</u> :
<u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തടവുകാർ ജയിൽ മോചിതരാകുമ്പോൾ അവർക്ക് വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് ഉപജീവനത്തിനുള്ള മാർഗ്ഗം കണ്ടെത്തുവാനും അതുവഴി സമൂഹത്തിലെ ഉത്തമ പൗരന്മാരായി ജീവിക്കുവാൻ അവരെ പ്രാപ്തരാക്കുന്നതിനും എന്തെല്ലാം തൊഴിൽ പരിശീലനങ്ങളാണ് ജയിലുകളിൽ നൽകി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ജയിലുകളിൽനിന്നും പൊതുജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യോല്പന്നങ്ങൾ ഉണ്ടാക്കി വില്പന നടത്തുന്ന പദ്ധതി കൂടുതൽ വിജയകരമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) തടവുകാരുടെ സേവനം ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന പച്ചക്കറി, പാൽ, ഇറച്ചിക്കോഴി എന്നിവയിലൂടെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും ഇവ അവരുടെ ഭക്ഷണത്തിനായി ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ഡി) വനിതാ തടവുകാർക്കായി നടപ്പാക്കി വരുന്ന പ്രത്യേക തൊഴിൽ പരിശീലന പരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ - സി) അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*.

(ഡി) കേരളത്തിലെ വനിതാ ജയിലുകളായ തിരുവനന്തപുരം, കണ്ണൂർ, വിയ്യൂർ, തിരുവനന്തപുരം വനിതാ തുറന്ന ജയിൽ എന്നിവിടങ്ങളിൽ തയ്യൽ പരിശീലനം, മൃദുപാവ നിർമ്മാണം, കൂൺകൃഷി, അച്ചാർ/സോസ് നിർമ്മാണം, കോഴി വളർത്തൽ, എണ്ണ പലഹാര നിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം, കുട നിർമ്മാണം, എൽ.ഇ.ഡി. ബൾബ് നിർമ്മാണം, സാരി പെയിന്റിംഗ്, പശുപരിപാലനം, ജൈവ പച്ചക്കറി കൃഷി, ബ്യൂട്ടീഷ്യൻ കോഴ്സ്, പേപ്പർ ബാഗ്/തുണി സഞ്ചി നിർമ്മാണം, ബേക്കറി യൂണിറ്റ്, ഫ്ലവർ മേക്കിംഗ്, സോപ്പ്, ഫിനോയിൽ, ഡിഷ് വാഷ് നിർമ്മാണം, ഡ്രൈവിംഗ് എന്നീ തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു.

**പീരുമേട് സബ് ജയിൽ നവീകരണം**

197(1792) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് സബ് ജയിലിൽ വളരെ പരിമിതമായ അടിസ്ഥാന സൗകര്യങ്ങൾ മാത്രമാണ് നിലവിലുള്ളത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ജയിൽ നവീകരണത്തിന് പദ്ധതികൾ സർക്കാർ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജയിൽ സ്ഥാപിച്ച കാലത്തുണ്ടായിരുന്ന കിച്ചൺ പൊളിച്ചുമാറ്റി പുതിയ കിച്ചൺ പണിയുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം നൽകിയ എസ്റ്റിമേറ്റ് പ്രകാരം 2018-19 സാമ്പത്തികവർഷത്തിലെ ജയിൽ നവീകരണ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 16,00,000 രൂപയുടെ പുതിയ കിച്ചൺ നിർമ്മാണം പൂർത്തീകരിച്ച് 4-10-2019-ൽ ഉദ്ഘാടനം നിർവ്വഹിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജയിലിലേയും പരിസരത്തേയും വെളിച്ചക്കുറവ് പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട പീരുമേട് എം.എൽ.എ.-യുടെ 2017-18 വർഷം ആസ്തി വികസന ഫണ്ട് 3,11,360 രൂപ ഉപയോഗിച്ച് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചിട്ടുണ്ട്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 4,00,000 രൂപ ചെലവിൽ ഒരു ലക്ഷം ലിറ്ററിന്റെ മഴവെള്ള സംഭരണി 13-1-2020-ൽ പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കിയിട്ടുണ്ട്. 2019 വർഷത്തിൽ പൊതു മരാമത്തിന്റെ ഫണ്ട് 2,00,000 രൂപ ഉപയോഗിച്ച് പഴയ ഫീമെയിൽ സെൽ നവീകരിച്ച് വീഡിയോ കോൺഫറൻസിംഗ് ഹാളും 2,80,000 രൂപ ഉപയോഗിച്ച് തടവുകാരെ പാർപ്പിച്ചിരുന്ന സെല്ലുകളിലെ ടോയ്‌ലറ്റുകളുടെ നവീകരണവും നടത്തിയിട്ടുണ്ട്. അപകടാവസ്ഥയിലായ ഓഫീസ് റൂം, ഗാർഡ് ഓഫീസ്, പഴയ നക്സൽ സെൽ എന്നിവ പൊളിച്ചുമാറ്റി 40 തടവുകാരെ പാർപ്പിക്കുന്നതിനുള്ള സെല്ലുകളും സൂപ്രണ്ട് ഓഫീസ്, ഗാർഡ് ഓഫീസ്, സ്റ്റാഫ് റസ്റ്റ് റൂം, മിനി ഓഡിറ്റോറിയം, ഇന്റർവ്യൂ റൂം തുടങ്ങിയ സൗകര്യങ്ങളോടെ 2 കോടിരൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഉത്തരവാകുകയും കെട്ടിടം പണിയുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. 4,50,000 രൂപ ചെലവഴിച്ച് 2019 വർഷത്തിൽ ഫെൻസിംഗ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.

30 വർഷം പഴക്കമുള്ള വയറിംഗുകൾ മാറ്റി റീവയറിംഗുകൾ നടത്തൽ, തടവുകാരെ പാർപ്പിച്ചിരിക്കുന്ന മെയിൻ ബ്ലോക്ക് റൂഫ് മാറ്റി അറ്റകുറ്റപ്പണികളും പെയിന്റിംഗും നടത്തൽ, ജീവനക്കാർക്കുള്ള ജയിൽ വക 9 ക്വാർട്ടേഴ്സുകളിൽ 5 ക്വാർട്ടേഴ്സുകളുടെ നവീകരണം, വനാതിർത്തി പങ്കിടുന്ന ജയിൽ വക സ്ഥലം വന്യജീവികളുടെ ശല്യത്തിൽനിന്ന് സംരക്ഷിക്കുന്നതിനായി ഫെൻസിംഗ് സ്ഥാപിക്കൽ എന്നീ നവീകരണ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

## നാദാപുരത്ത് ജയിൽ

198(1793) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരത്ത് അനുവദിച്ച ജയിൽ സ്ഥാപിക്കാൻ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ജയിൽ സ്ഥാപിക്കാൻ പോലീസ് വകുപ്പിന്റെ അധീനതയിൽ വളയത്ത് ഉള്ള ഭൂമി ജയിൽ വകുപ്പിന് കൈമാറാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഭൂമി ജയിൽ വകുപ്പിന് കൈമാറാൻ നിലവിൽ നിയമ തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) നാദാപുരം മണ്ഡലത്തിൽ പുതിയ ജയിൽ നിർമ്മിക്കുന്നതിനായി വളയത്ത് പോലീസ് വകുപ്പിന്റെ കൈവശമുള്ള സ്ഥലം ഉപാധികളില്ലാതെ ലഭ്യമാക്കാൻ സാധ്യമല്ലാത്തതിനാൽ അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തി പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കാസർഗോഡ് ജില്ലാ ജയിൽ നിർമ്മാണത്തിനുള്ള സ്ഥലം

199(1794) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ ജയിൽ നിർമ്മിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിനായി പെരിയ വില്ലേജിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;

(സി) കണ്ടെത്തിയ സ്ഥലത്ത് ആയത് സ്ഥാപിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ-സി) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ പെരിയ വില്ലേജിൽ സർവ്വേ നം. 424 പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള 10 ഏക്കർ

സ്ഥലം ജയിൽ വകുപ്പിന് ഒരു പുതിയ ജയിൽ സ്ഥാപിക്കുന്നതിനായി അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലം ജയിൽ വകുപ്പിന്റെ പേരിൽ ലഭിക്കുന്നമുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ജയിൽ നിർമ്മാണം

200(1795) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ജയിലിന്റെ മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിലിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2 കോടിരൂപയും രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 8 കോടിരൂപയും അനുവദിച്ചിരുന്നു. പ്രസ്തുത പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെടാത്തതും എന്നാൽ ജയിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് അത്യാവശ്യമായി പൂർത്തീകരിക്കേണ്ടതുമായ മൂന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള രണ്ടുകോടി എഴുപത് ലക്ഷംരൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം

201(1798) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിലെ കനാലുകളെ ഉൾക്കൊള്ളിച്ചു കൊണ്ട് നടപ്പിലാക്കുന്ന ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം എന്ന സമഗ്ര ജലഗതാഗത പദ്ധതിക്കായി എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടതായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പുനരധിവസിപ്പിക്കേണ്ടതായ കുടുംബങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നിജസ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം എന്ന സമഗ്ര ജല ഗതാഗത പദ്ധതിക്കായി മാറ്റി പാർപ്പിക്കേണ്ടി വരുന്ന കുടുംബങ്ങൾ എത്രയെന്ന് കണ്ടെത്തുവാനുള്ള സാമൂഹികാഘാത പഠനം നടന്നുവരികയാണ്. ടി പഠനം നടത്തുന്നതിനായി കേരള വോളന്ററി ഹെൽത്ത് സർവ്വീസസ് കോട്ടയം എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ പുനരധിവസിപ്പിക്കേണ്ടതായ കുടുംബങ്ങളുടെ വിശദാംശങ്ങൾ അറിയുവാൻ കഴിയുകയുള്ളൂ. പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനായി ഭവനം ഫൗണ്ടേഷൺ കേരള എന്ന സ്ഥാപനത്തിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം എന്ന സമഗ്ര ജല ഗതാഗത പദ്ധതിയുടെ നടത്തിപ്പിനായി കിഫ്ബിയും തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗത വകുപ്പും കൊച്ചി മെട്രോ റെയിലും തമ്മിൽ കരാർ ഒപ്പുവെച്ചിട്ടുണ്ട്.

പുനരധിവാസ പദ്ധതിക്കായി സ്ഥലം കണ്ടെത്തി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ടി പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായി നെതർലാന്റ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ആന്റി നെതർലാന്റ് കമ്പനിയെ നിയമിച്ചിട്ടുണ്ട്. പുതുക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികളും മറ്റ് അനുബന്ധ പഠനങ്ങളും സർവ്വേയും പുരോഗമിക്കുന്നു. LiDAR Survey Agency-യെ സർവ്വേ ജോലികൾക്കായും പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനായി WAPCOS-നേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അനുബന്ധ നടപടികൾ പുരോഗമിക്കുന്നു.

## സെമി ഹൈസ്പീഡ് റെയിൽപാത നിർമ്മാണം

202(1799) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം നിയോജക മണ്ഡലങ്ങളിലൂടെയാണ് സെമി ഹൈസ്പീഡ് റെയിൽപാത കടന്നു പോകുന്നതെന്ന് വ്യക്തമാക്കുമോ; ഓരോ മണ്ഡലത്തിലും എത്ര സ്ഥലം പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരും എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ മണ്ഡലത്തിലും ഏറ്റെടുക്കേണ്ടി വരുന്ന സ്ഥലത്തിന്റെ വിശദാംശം (സർവ്വേ നമ്പർ ഉൾപ്പെടെ) ലഭ്യമാക്കുമോ;

(സി) നടപടികൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് സ്ഥലം ഏറ്റെടുക്കൽ ആരംഭിക്കാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രാഥമിക റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം, നെടുമങ്ങാട്, ചിറയിൻകീഴ്, ആറ്റിങ്ങൽ, വർക്കല എന്നീ നിയോജകമണ്ഡലങ്ങളിലൂടെയാണ് പാത കടന്നുപോകുന്നത്. ആകാശ സർവ്വേ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർവ്വേ ഓഫ് ഇന്ത്യ, കേന്ദ്ര പ്രതിരോധ മന്ത്രാലയം എന്നിവരുടെ പരിഗണനയിലാണ്. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഏറ്റെടുക്കേണ്ട ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

(സി) വിശദമായ പദ്ധതി റിപ്പോർട്ട് (DPR) 2020 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി നടപ്പു സാമ്പത്തികവർഷം തന്നെ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കേരളത്തിന് ലഭിച്ചിട്ടുള്ള അവാർഡുകൾ**

203(1801) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര സർക്കാരിന്റെയും മറ്റ് വിവിധ ഏജൻസികളുടെയും എത്ര അവാർഡുകളാണ് കേരളത്തിന് ലഭ്യമായിട്ടുള്ളത്; ഇവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അവാർഡുകൾക്ക് മാനദണ്ഡമാക്കിയിരിക്കുന്ന കാലയളവ് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

**വയനാട് ജില്ലയിൽ കാൻസർ രോഗപഠനം**

204(1802) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ക്യാൻസർ രോഗത്തെപ്പറ്റി ആരോഗ്യവകുപ്പ് ഏതെങ്കിലും തരത്തിൽ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) ജില്ലയിൽ ക്യാൻസർ രോഗത്തിന്റെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വർഷം തിരിച്ച് വിശദാംശം നൽകാമോ;

(സി) വയനാട് ജില്ലയിൽ ഏതെങ്കിലും തരത്തിലുള്ള പ്രത്യേക കാരണങ്ങൾ ക്യാൻസർ രോഗത്തിന്റെ വർദ്ധനവിന് കാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വയനാട് ജില്ലയിലെ കാൻസർ രോഗത്തെക്കുറിച്ച് ആരോഗ്യവകുപ്പ് പ്രത്യേക പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ മലബാർ കാൻസർ സെന്ററിന്റെ നേതൃത്വത്തിൽ മലബാർ ജനസംഖ്യാധിഷ്ഠിത അർബുദ രജിസ്ട്രിയുടെ ഭാഗമായി വയനാട് ജില്ലയിൽ അർബുദം ബാധിച്ചവരുടെ കണക്കുകൾ ശേഖരിച്ചു വരുന്നു.

(ബി&സി) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിന്റെ നിലവിലുള്ള കാൻസർ രജിസ്ട്രി പ്രകാരം ഏതെങ്കിലും ജില്ലയിൽ ഏതെങ്കിലും തരത്തിലുള്ള കാൻസർ വർദ്ധിക്കുന്നതായി സൂചനകൾ നിലവിലില്ല.

## പകർച്ചവ്യാധി വ്യാപനം തടയുന്നതിന് നടപടി

205(1804) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ച വ്യാധികളുടെ വ്യാപനം തടയുന്നതിലേക്കായി എന്തെല്ലാം പ്രവൃത്തികൾ നടത്തിവരുന്നുവെന്ന് അറിയിക്കുമോ;

(ബി) ഈ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ കൂടി പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിനായി രോഗപ്രതിരോധ പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ ഏകോപിപ്പിക്കുന്നുണ്ട്.

- "ആരോഗ്യജാഗ്രത" എന്ന പേരിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ്, വാട്ടർ അതോറിറ്റി, വിദ്യാഭ്യാസ വകുപ്പ് തുടങ്ങി വിവിധ വകുപ്പുകൾ സംയുക്തമായി ഈ പരിപാടി നടപ്പിലാക്കുന്നു.

- എല്ലാ മെഡിക്കൽ കോളേജിലും രോഗനിരീക്ഷണത്തിനും പ്രതിരോധത്തിനുമായി Regional PEID (Prevention of Epidemic and infectious Diseases Cell)-കൾ പ്രവർത്തിക്കുന്നുണ്ട്. ഇവയെ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാന സാംക്രമിക രോഗ പ്രതിരോധ സെൽ (State PEID Cell) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്നു.

• എല്ലാ ദിവസവും മെഡിക്കൽ കോളേജിലെ COMMUNICABLE DISEASES ബാധിക്കുന്ന രോഗികളുടെ pattern സൂക്ഷ്മമായി പരിശോധിക്കുന്നുണ്ട്.

• ഏതെങ്കിലും പ്രദേശത്ത് സാംക്രമിക രോഗങ്ങൾ Cluster ചെയ്യുകയാണെങ്കിൽ അത് പ്രത്യേകമായി investigate ചെയ്യുകയും അതാത് ജില്ലാ മെഡിക്കൽ ഓഫീസറുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യും.

• എവിടെയെങ്കിലും പകർച്ചവ്യാധി സംക്രമണം നടക്കുന്നുണ്ടെങ്കിൽ വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് PEID Cell outbreak investigation നടത്തുകയും ചെയ്യുന്നു.

• മെഡിക്കൽ കോളേജിൽ പകർച്ചവ്യാധി സംബന്ധമായ ഗവേഷണം നടത്തുന്നുണ്ട് ഉദാഹരണം, ലോകാരോഗ്യ സംഘടനയുമായി സഹകരിച്ച് ഡെങ്കിപ്പനിയെ സംബന്ധിച്ച് "Govt. of Kerala - WHO Dengue Study" പൂർത്തിയായി വരുന്നു. Thiruvananthapuram Medical College, Community medicine വിഭാഗം നോഡൽ സെന്റർ ആയി Medicine, Paediatrics, Infectious Diseases, Microbiology, Rajiv Gandhi Centre for Biotechnology, DHS, Public Health Lab, Vector Control and Research Centre എന്നിവയുടെ പങ്കാളിത്തത്തോടുകൂടി പഠനം പൂർത്തിയാക്കുന്നു. ഡെങ്കിപ്പനിയുടെ പ്രതിരോധത്തിനും ഈ പഠനത്തിൽ ഊന്നൽ നൽകുന്നുണ്ട്.

(ബി) ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം" പരിപാടിയും ആരോഗ്യ വകുപ്പിന്റെ "ആർദ്രം ജനകീയ ക്യാമ്പയിൻ" , "ആരോഗ്യ ജാഗ്രതാ" പരിപാടികളും താഴെത്തട്ടിൽ വാർഡ്തല ആരോഗ്യശുചിത്വ സമിതികളുടെ ആഭിമുഖ്യത്തിൽ ആരോഗ്യ സേനാംഗങ്ങളെ ഉൾപ്പെടുത്തി പൊതുജന പങ്കാളിത്തത്തോടെയാണ് നടപ്പാക്കിവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളേയും ശുചിത്വമിഷൻ, ഹരിത കേരള മിഷൻ, കുടുംബശ്രീ, റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ മുതലായവരുടേയും സഹകരണത്തോടെയാണ് ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ആരോഗ്യസേനാംഗങ്ങൾ, വീടുകൾ, ഫ്ലാറ്റുകൾ, സ്ഥാപനങ്ങൾ, തോട്ടങ്ങൾ തുടങ്ങിയവ സന്ദർശിച്ച് മാലിന്യ നിർമ്മാർജ്ജനം, കൊതുകുറവിട നശീകരണം, ക്ലോറിനേഷൻ തുടങ്ങിയവ ജനങ്ങളെക്കൂടി ബോധവൽക്കരിച്ച് അവരുടെ പങ്കാളിത്തത്തോടെയാണ് നടത്തുന്നത്.

കൂടാതെ പകർച്ചവ്യാധികൾ സംബന്ധിച്ച ദിന/വാര/മാസാചരണങ്ങൾ, ആരോഗ്യ സന്ദേശയാത്ര, റാലികൾ, ആരോഗ്യ പ്രദർശനങ്ങൾ എന്നിവയിൽ മികച്ച പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്. വിദ്യാർത്ഥികൾക്കും ആവശ്യമായ അവബോധം നൽകി പ്രതിരോധത്തിലൂന്നിയുള്ള ജീവിതശൈലി പ്രാവർത്തികമാക്കുന്ന തലമുറയെ സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്.

മലമ്പനി നിവാരണത്തിന്റെ ഭാഗമായ രോഗനിരീക്ഷണം, ശാക്തീകരിക്കൽ, സമ്പൂർണ്ണ ചികിത്സ ലഭ്യമാക്കൽ, തുടർ നിരീക്ഷണം, രോഗം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ സംയോജിത കൊതുക നിയന്ത്രണ പ്രവർത്തനങ്ങൾ, തദ്ദേശീയ മലമ്പനി ഉണ്ടായിട്ടുള്ള സ്ഥലങ്ങളിൽ വർഷത്തിൽ 2 തവണ വീടുകൾക്കുള്ളിൽ കീടനാശിനി തളിക്കൽ (ഐ.ആർ.എസ്.), അതിഥി തൊഴിലാളികളുടെ രക്ത പരിശോധനയും ചികിത്സയും തുടങ്ങിയവ ഉൾപ്പെടുന്ന കർമ്മ പരിപാടികൾ പൊതുജന സഹകരണത്തോടെയാണ് നടത്തി വരുന്നത്.

മന്തുരോഗ നിവാരണത്തിന്റെ ഭാഗമായി മൂന്ന് ഘട്ടങ്ങളിൽ മന്തുരോഗാണു വ്യാപന സാധ്യതാ സർവ്വേ (ടാസ്) നടത്തിവരുന്നു. കുഷ്ഠരോഗ നിവാരണവുമായി ബന്ധപ്പെട്ട് അശ്വമേധ ക്യാമ്പയിനിലൂടെ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള പൊതുജനങ്ങളിൽ സ്ക്രീനിംഗ് നടത്തി രോഗബാധിതരെ കണ്ടെത്തി ചികിത്സ നൽകിവരുന്നു.

ക്ഷയരോഗ നിവാരണത്തിന്റെ ഭാഗമായി രോഗനിരീക്ഷണം കാര്യക്ഷമമാക്കിയതുകൂടാതെ ജ്വാല വിപ്ലവം, കഫ് കോർണർ, സ്വകാര്യമേഖലയിൽ ക്ഷയരോഗ നിവാരണത്തിനുള്ള സ്റ്റെപ്സ്, തദ്ദേശസ്ഥാപന തലത്തിലുള്ള ബോധവൽക്കരണം തുടങ്ങിയ പരിപാടികളും പൊതുജന സഹകരണത്തോടെ ഊർജ്ജിതമായി നടത്തിവരുന്നുണ്ട്.

## സ്വകാര്യ പരിപാടികൾക്ക് മെഡിക്കൽ ടീമിനെ വിട്ടുനൽകില്ലെന്ന സർക്കാർ ഉത്തരവ്

206(1805) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ പരിപാടികൾക്ക് മെഡിക്കൽ ടീമിനെ വിട്ടുനൽകില്ലെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ക്ഷേത്രോൽസവ-പള്ളിപെരുന്നാൾ സീസണുകളിൽ അപകട സാധ്യതയുള്ള ഒട്ടേറെ ആഘോഷപരിപാടികൾ ഉള്ളതിനാൽ അത്യാഹിതത്തിൽ പ്പെടുന്നവർക്ക് വൈദ്യസഹായം നൽകാൻ മെഡിക്കൽ ടീമിനെ വിട്ടുനൽകാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പൊതുജന താൽപ്പര്യമില്ലാത്ത സ്വകാര്യ ചടങ്ങുകളിലേയ്ക്ക് മെഡിക്കൽ ടീമിനെ നിയോഗിക്കാറില്ല. എന്നാൽ ചില നിബന്ധനകൾക്ക് വിധേയമായി വോളന്ററി ഓർഗനൈസേഷൻ നടത്തുന്ന ക്യാമ്പുകളിൽ പങ്കെടുക്കുന്നതിന് സർക്കാർ ഉത്തരവ് (സാധാ) 3734/1986/ആ.കു.വ തീയതി 18-10-1986 പ്രകാരം മെഡിക്കൽ ടീമിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) മതസ്ഥാപനങ്ങൾ നടത്തുന്ന ആഘോഷ പരിപാടികളിൽ പൊതുജന താൽപ്പര്യാർത്ഥം മെഡിക്കൽ ടീമിനെ നിയോഗിക്കുന്നുണ്ട്.

## മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്

207(1807) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിച്ചിട്ടുണ്ടെങ്കിലും പലരും സ്വകാര്യ പ്രാക്ടീസ് നടത്തുന്നുണ്ടെന്ന പരാതി ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇത്തരം പരാതികൾ നിരീക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും മെഡിക്കൽ വിജിലൻസ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

## ഉപയോഗശൂന്യമായ മരുന്നുകളുടെ സംസ്കരണം

208(1808) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം ഒരു വർഷം വാങ്ങുന്നത് 12,350 കോടിരൂപയുടെ അലോപ്പതി മരുന്നുകളാണെന്നും ഇത് ദേശീയ മരുന്ന് ഉപയോഗത്തിന്റെ പത്ത് ശതമാനമാണെന്നുമുള്ള റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) ഇതിൽ കാലാവധി കഴിഞ്ഞതും ഉപയോഗിക്കാത്തതുമായ ഏതാണ്ട് ഇരുപതിനായിരം ടൺ മരുന്ന് ഒരുവർഷം പുറംതള്ളുന്നതുമൂലം വലിയതോതിലുള്ള മലിനീകരണം സൃഷ്ടിക്കുന്നുവെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(സി) നിലവിൽ ഇത് സംസ്കരിക്കുന്നതിന് സംസ്ഥാനത്ത് സംവിധാനമുണ്ടോയെന്ന് അറിയിക്കാമോ; തിരുവനന്തപുരത്ത് നടപ്പാക്കുന്ന പ്രൗഡ് പദ്ധതി സർക്കാർ സംവിധാനത്തിന്റെ ഭാഗമാണോയെന്ന് വ്യക്തമാക്കാമോ;

(ഡി) അല്ലെങ്കിൽ ക്ലീൻ കേരള പദ്ധതിയിലുൾപ്പെടുത്തി ഉപയോഗശൂന്യമായ മരുന്നുകളുടെ സംഭരണം നിർവ്വഹിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആരോഗ്യപരിപാലനത്തിന്റെ കാര്യത്തിൽ കേരള സംസ്ഥാനം വളരെ മുൻപന്തിയിലായതിനാലും അലോപ്പതി ചികിത്സയ്ക്കുള്ള ആശുപത്രികൾ സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലും യഥേഷ്ടം ഉള്ളതിനാലും അലോപ്പതി മരുന്നുകൾ സംസ്ഥാനത്ത് എല്ലാ പ്രദേശത്തും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുള്ളതാണ്. ആയതിനാൽ സംസ്ഥാനത്തെ ഔഷധങ്ങളുടെ പ്രതിവർഷ വിപണനം ദേശീയ ശരാശരിയെക്കാളും മുകളിലാണെന്നുള്ള കാര്യം വാസ്തവമാണ്.

(ബി) കാലാവധി കഴിഞ്ഞതും ഉപയോഗശൂന്യവുമായ മരുന്നുകൾ അശാസ്ത്രീയമായി പുറന്തള്ളുന്നതുകാരണം പരിസ്ഥിതി മലിനീകരണം ഉണ്ടാകുകയും ഇതുമൂലം ആന്റി മൈക്രോബിയൽ റസിസ്റ്റന്റ്സ് എന്ന മാരക അവസ്ഥ സൃഷ്ടിക്കപ്പെടുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കാലാവധി കഴിഞ്ഞതും ഉപയോഗശൂന്യവുമായ മരുന്നുകൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപ്പാക്കിവരുന്ന പ്രൗഡ് പദ്ധതി സർക്കാർ സംവിധാനത്തിന്റെ ഭാഗമാക്കി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ഉപയോഗശൂന്യമായ മരുന്നുകളുടേയും കാലാവധി കഴിഞ്ഞ മരുന്നുകളുടേയും നിർമ്മാർജ്ജനത്തിനായുള്ള ചെലവിലേയ്ക്ക് അടുത്ത സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിലേയ്ക്ക് തുക വകയിരുത്തിയിട്ടുണ്ട്. നിലവിൽ ക്ലീൻ കേരളം പദ്ധതിയിൽ ഉപയോഗശൂന്യമായ മരുന്നുകളുടെ സംഭരണം നടത്തുന്നില്ല.

## ആൽബെൻഡസോൾ ഗുളികകളുടെ ഗുണനിലവാരം

209(1809) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിരവിമുക്തി ദിനത്തിൽ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് എത്തിച്ച ആൽബെൻഡസോൾ ഗുളികകൾ ഗുണനിലവാരം ഇല്ലാത്തതുകൊണ്ട് വിതരണം ചെയ്യേണ്ട എന്ന് നിർദ്ദേശിച്ചിരുന്നോയെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ ഏത് സ്ഥാപനമാണ് പ്രസ്തുത മരുന്ന് നിർമ്മിച്ചതെന്ന് അറിയിക്കുമോ;

(സി) ഗുണനിലവാരം ഇല്ലാത്ത മരുന്ന് ഉല്പാദിപ്പിച്ച കമ്പനിയുടെ വിശദീകരണം തേടിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ദേശീയ വിരവിമുക്തി ദിനത്തിൽ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് എത്തിച്ച ആൽബെൻഡസോൾ ഗുളികകൾക്ക് നിറവ്യത്യാസം കാണപ്പെട്ടതായി പരാതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ടി മരുന്നിന്റെ രണ്ട് ബാച്ചുകളുടെ ഉപയോഗം ഓൺലൈൻ സോഫ്റ്റ്‌വെയർ പ്രകാരം സംസ്ഥാന വ്യാപകമായി മരവിപ്പിക്കുകയും (Freeze Memo), പരാതി ലഭിച്ച സ്ഥാപനത്തിൽനിന്നും ടി മരുന്നിന്റെ സാമ്പിളുകൾ ശേഖരിച്ച് വിശദമായ ഗുണനിലവാര പരിശോധനയ്ക്കായി സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അയയ്ക്കുകയുമുണ്ടായി.

(ബി) പ്രസ്തുത മരുന്ന് നിർമ്മിച്ചത് Kerala State Drugs & Pharmaceuticals Ltd എന്ന സ്ഥാപനമാണ്.

(സി) മരുന്നിന്റെ ഗുണനിലവാര പരിശോധനാ ഫലം ലഭിച്ചിട്ടില്ല. ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയൂ.

## ആൽബെന്റസോൾ ഗുളികകൾ

210(1810) ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിരവിമുക്തി ദിനത്തിൽ എല്ലാ സ്കൂളുകളിലെയും കുട്ടികൾക്ക് ആൽബെന്റസോൾ ഗുളികകൾ വിതരണം ചെയ്യാറുണ്ടോ; എന്ന് മുതലാണ് ഈ പദ്ധതി നിലവിലുള്ളത്; വ്യക്തമാക്കാമോ;

(ബി) ഇതിനായുള്ള ആൽബെന്റസോൾ ഗുളികകൾ എവിടെ നിന്നാണ് ലഭ്യമാക്കുന്നത്; ഇതിന്റെ ഗുണനിലവാരം പരിശോധിക്കപ്പെടാറുണ്ടോ; വിശദമാക്കാമോ;

(സി) ഇക്കഴിഞ്ഞ വിരവിമുക്തി ദിനത്തിൽ ഇപ്രകാരം വിതരണം ചെയ്ത ഗുളികകളിൽ ചിലത് ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇത് പരിശോധിച്ച് കുറ്റക്കാരായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് വിരമുക്തി ദിനത്തിൽ 1 മുതൽ 19 വയസുവരെയുള്ള കുട്ടികൾക്ക് ആൽബെന്റസോൾ ഗുളികകൾ നൽകുന്നു. സ്കൂളുകൾ, അങ്കണവാടികൾ എന്നിവ വഴിയാണ് ആൽബെന്റസോൾ ഗുളികകൾ നൽകുന്നത്. 2015 മുതലാണ് ദേശീയ വിരമുക്തി ദിനം നടത്തി വരുന്നത്.

(ബി) സംസ്ഥാനത്ത് വിരമുക്തി ദിനത്തിൽ വിതരണം ചെയ്യാനുള്ള ആൽബെന്റസോൾ ഗുളികകൾ കേരള സർക്കാരിന്റെ പൊതുമേഖല മരുന്ന് നിർമ്മാണ കമ്പനിയായ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽനിന്നുമാണ് ലഭ്യമാക്കിയിരിക്കുന്നത്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് (Drugs & Cosmetics Act) പ്രകാരം ഇൻ-ഹൗസ് (In House) ലാബുകളിൽ പരിശോധിച്ച റിപ്പോർട്ടും എൻ.എ.ബി.എൽ. (National Accreditation Board For Testing And Calibration Laboratories) അംഗീകൃത ലാബിൽനിന്നുമുള്ള റിപ്പോർട്ടും പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയ ശേഷമാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണാനുമതി നൽകിയത്.

(സി) വിരമുക്തി ദിനത്തിൽ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് എത്തിച്ച ആൽബെൻഡസോൾ ഗുളികകൾക്ക് നിറവ്യത്യാസം കാണപ്പെട്ടതായി പരാതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ടി മരുന്നിന്റെ രണ്ടു ബാച്ചുകളുടെ ഉപയോഗം ഓൺലൈൻ സോഫ്റ്റ്‌വെയർ പ്രകാരം സംസ്ഥാന വ്യാപകമായി മരവിപ്പിക്കുകയും (Freeze Memo) പരാതി ലഭിച്ച സ്ഥാപനത്തിൽനിന്നും ടി മരുന്നിന്റെ സാമ്പിളുകൾ ശേഖരിച്ച് വിശദമായ ഗുണനിലവാര പരിശോധനയ്ക്കായി സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അയച്ചിട്ടുമുണ്ട്. പരിശോധനാഫലം ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയും.

## കോവിഡ്-19 (കൊറോണ)

211(1811) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് -19 (കൊറോണ) ബാധിച്ച് നാളിതുവരെ സംസ്ഥാനത്ത് മരിച്ചവർ എത്ര; എത്ര പേരിൽ രോഗം സ്ഥിരീകരിച്ചു;

(ബി) പ്രസ്തുത രോഗം ബാധിച്ചവരിൽനിന്നും രോഗം പടരാനുള്ള സാധ്യത എത്രത്തോളം എന്ന സർക്കാർ പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് പ്രസ്തുത രോഗബാധ എത്തരത്തിൽ ബാധിച്ചു;

(ഡി) നിരീക്ഷണത്തിലുണ്ടായിരുന്നവരിൽ രോഗബാധ ഇല്ലാത്തതായി കണ്ടെത്തിയവർ എത്ര; ഇപ്പോഴും നിരീക്ഷണത്തിലുള്ളവർ എത്ര; തുടർ ചികിത്സ വേണ്ടുന്നവർ എത്ര; വ്യക്തമാക്കുമോ;

(ഇ) കൊറോണ ചികിത്സക്കായി ഏതെല്ലാം മരുന്നുകളാണ് സർക്കാർ ലഭ്യമാക്കുന്നത്?

<u>ഉത്തരം</u>

(എ) കോവിഡ്-19 (കൊറോണ) ബാധിച്ച് സംസ്ഥാനത്ത് നാളിതുവരെ ആരുംതന്നെ മരിച്ചിട്ടില്ല. സംസ്ഥാനത്ത് നാളിതുവരെ 17 പേർക്കാണ് രോഗം സ്ഥിരീകരിച്ചിട്ടുള്ളത്.

(ബി) നിലവിലുള്ള ശാസ്ത്രീയ വിവരങ്ങളനുസരിച്ച് പ്രധാനമായും Droplet Infection-ലൂടെയാണ് ഇത് പടരുന്നത്. മറ്റു രാജ്യങ്ങളിൽനിന്നുള്ള വിവരങ്ങൾ അനുസരിച്ച് കേരളത്തിൽ രോഗം പടരാതിരിക്കുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും

പുറത്തിറക്കിയിട്ടുണ്ട്. രോഗബാധിത പ്രദേശങ്ങളിൽനിന്നും തിരികെ എത്തുന്നവരുടെ നിരീക്ഷണം, Isolation ലക്ഷണങ്ങൾ ഉണ്ടെങ്കിൽ പ്രത്യേക ചികിത്സാ സെന്ററുകളിൽ സൗകര്യങ്ങൾ എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഇതിന്റെ വ്യാപന സാധ്യത, Basic Reproduction No (Ro) രണ്ടുമുതൽ മൂന്ന് വരെയാണെന്നാണ് കണക്കിലാക്കിയിട്ടുള്ളത്. അതായത് രോഗബാധിതനായ ഒരാളിൽനിന്ന് രണ്ടു മുതൽ മൂന്ന് വരെ ആളുകൾക്ക് പടരാൻ സാധ്യതയുണ്ട്. എന്നിരുന്നാലും നിലവിൽ മറ്റു രാജ്യങ്ങളിലെ അവസ്ഥയുടെ ഗൗരവം കണക്കിലെടുത്ത് രോഗം പടരാതിരിക്കാനുള്ള നടപടികളും Infection Control Measures-ഉം ശക്തമാക്കിയിട്ടുണ്ട്. വിവിധതരം പ്രവർത്തനങ്ങളുടെ അവലോകനവും അനുബന്ധ പ്രവർത്തനങ്ങളും ദിവസേന ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിലും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതലത്തിലും നടത്തിവരുന്നു.

(സി&ഡി) 10-3-2020 വരെ ആകെ 17 പേർക്കാണ് രോഗം സ്ഥിരീകരിച്ചിട്ടുള്ളത്. 4-3-2020 വരെ 4446 പേരെയാണ് നിരീക്ഷണത്തിൽ കൊണ്ടുവന്നിട്ടുള്ളത്. ഇവരിൽ 3977 പേരെ നിരീക്ഷണ കാലാവധി പൂർത്തിയായമുറയ്ക്ക് വിടുതൽ ചെയ്തിട്ടുണ്ട്. നിലവിൽ 469 പേരാണ് നിരീക്ഷണത്തിലുള്ളത്. ഇവരിൽ 438 പേർ വീടുകളിലും 31 പേർ വിവിധ ആശുപത്രികളിലും നിരീക്ഷണത്തിലാണ്.

(ഇ) കോവിഡ് 19 (കൊറോണ) രോഗ ചികിത്സയ്ക്കായി നിലവിൽ പ്രത്യേക മരുന്നുകളോ, വാക്സിനോ ലഭ്യമല്ല. സഹായ ചികിത്സയാണ് നൽകി വരുന്നത്.

**പീരുമേട് നിയോജകമണ്ഡലത്തിൽ സ്റ്റുഡന്റ് ഡോക്ടർ പദ്ധതി**

212(1812) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹെൽത്ത് മിഷൻ സ്റ്റുഡന്റ് ഡോക്ടർ പദ്ധതി പീരുമേട് നിയോജക മണ്ഡലത്തിൽ നടപ്പാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ പുരോഗതിയും നേട്ടങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നാഷണൽ ഹെൽത്ത് മിഷൻ സ്റ്റുഡന്റ് ഡോക്ടർ പദ്ധതി പീരുമേട് നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടില്ല.

## ഇ-ഹെൽത്ത് പദ്ധതി

213(1813) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയാസരഹിത ചികിത്സ ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന ഈ-ഹെൽത്ത് പദ്ധതി വഴി ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കോതമംഗലം മണ്ഡലത്തിൽ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് എന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) ചികിത്സ ആയാസ രഹിതമാക്കുന്നതിന്റെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ കൂടുതൽ കേന്ദ്രങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

### ഉത്തരം

(എ) വ്യക്തികളുടെ ആരോഗ്യവിവരങ്ങളെ വിവര സാങ്കേതികവിദ്യയുടെ വിവേകപൂർവ്വമായ വിനിയോഗത്തിലൂടെ ഒരു സോഫ്റ്റ്‌വെയർ സിസ്റ്റം മുഖേന ക്രോഡീകരിച്ച് ശാസ്ത്രീയവും ഫലപ്രദവുമായ പുനരുപയോഗത്തിന് സജ്ജമാക്കി, ഉപയോക്താക്കൾക്ക് ആയാസരഹിതവും രോഗീസൗഹൃദവുമായവിധത്തിൽ സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ കടലാസ് രഹിതമാക്കി വേഗതയും കൃത്യതയും പ്രദാനം ചെയ്യുന്ന ചികിത്സാ സംവിധാനം പ്രാവർത്തിക മാക്കുന്നതിനുള്ള നടപടികളാണ് ഇ-ഹെൽത്ത് പ്രോജക്റ്റ് മുഖേന നടപ്പാക്കിവരുന്നത്. കേരളത്തിലെ ജനങ്ങളുടെ ആവാസ പ്രദേശം അടിസ്ഥാന സൂചികയായി കണക്കിലെടുത്ത് വ്യക്തികളുടെ ആരോഗ്യ രേഖകൾ തയ്യാറാക്കുകയും അതിനെ ഇ-ഹെൽത്ത് പ്രോജക്റ്റിനുവേണ്ടി മാത്രം സജ്ജമാക്കുന്ന കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിച്ച് ഏതൊരു വ്യക്തിക്കും ഈ പദ്ധതി നടപ്പാക്കിയിട്ടുള്ള ഏത് സർക്കാർ ആശുപത്രിയിൽ ചികിൽസ തേടേണ്ടിവന്നാലും പ്രസ്തുത വ്യക്തിയുടെ ആരോഗ്യരേഖയുടെ അടിസ്ഥാനത്തിൽ പരമാവധി വേഗത്തിൽ മെച്ചപ്പെട്ട ചികിൽസ ഉറപ്പാക്കാൻ കഴിയുമെന്നതാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം. സംസ്ഥാനത്തെവിടെയുമുള്ള ജനങ്ങളുടെ ആരോഗ്യസൂചികകൾ അടിസ്ഥാനപ്പെടുത്തി നൽകുന്ന വ്യതിരക്ത ആരോഗ്യ

തിരിച്ചറിയൽ കാർഡ് (UHID CARD) ചികിത്സ തേടുന്നതിനുള്ള അടിസ്ഥാന രേഖയായി പ്രയോജനപ്പെടുത്താവുന്നതാണ്. പകർച്ചവ്യാധി തടയുന്നതിനുള്ള മുൻകരുതൽ സ്വീകരിക്കുന്നതിനും ഇതിലൂടെ സാധിക്കുന്നതാണ്.

UHID കാർഡുമായി ആശുപത്രികളിലെത്തുന്നവർക്ക് ചികിത്സതേടൽ എളുപ്പമാകുന്നതോടൊപ്പം അവരുടെ Electronic Health Record (EHR) തയ്യാറാവുകയും ചെയ്യുന്നു. ഭാവി ചികിത്സകൾ ആവശ്യമായി വരുന്നവർക്ക് EHR അടിസ്ഥാനപ്പെടുത്തി രോഗനിർണ്ണയം നടത്തുന്നതിനും ചികിത്സാവിധി നിർണ്ണയിക്കുന്നതിനും കഴിയുന്നതാണ്. ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള ആശുപത്രികളിൽ ഒ.പി. രജിസ്ട്രേഷൻ, ടോക്കൺ ഡിസ്പ്ലേ, അഡ്വാൻസ് ബുക്കിംഗ്, ക്യൂ-മാനേജ്മെന്റ്, കൺസൾട്ടേഷൻ എന്നിവയ്ക്ക് പുറമേ ലാബിലെയും എക്സ്-റെ, ഇ.സി.ജി. ഉൾപ്പെടെയുള്ള പരിശോധനാ റിപ്പോർട്ടുകൾക്കൊപ്പം മുൻകാല ചികിത്സാ വിവരങ്ങൾ ഡോക്ടറുടെ കമ്പ്യൂട്ടറിൽ നേരിട്ട് ലഭ്യമാകുമെന്നതിനാലും ഫാർമസിയിലേയ്ക്ക് നേരിട്ട് ഡോക്ടറുടെ കുറിപ്പ് എത്തുമെന്നതിനാലും കൂടുതൽ കൃത്യമായ രോഗനിർണ്ണയം നടത്തുന്നതിനും മെച്ചപ്പെട്ട ചികിത്സ പ്രദാനം ചെയ്യുന്നതിനും സാധ്യമാകുന്നു. ഒ.പി.-കളിൽ തിരക്ക് നിയന്ത്രിക്കുന്നതിനും അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനും കഴിഞ്ഞതോടെ സുഗമമായ ചികിത്സയ്ക്ക് വഴിയൊരുങ്ങിയിട്ടുണ്ട്. രോഗികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമായി തുടങ്ങിയതോടെ ചികിത്സ തേടുന്നവരും ആശുപത്രി ജീവനക്കാരും ഇ-ഹെൽത്ത് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്.

(ബി) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ FHC-യിലാണ് എല്ലാ നടപടികളും പൂർത്തീകരിച്ച് ഇ-ഹെൽത്ത് കേരള പദ്ധതി പ്രവർത്തന സജ്ജമായിട്ടുള്ളത്.

(സി) നിലവിൽ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള ആശുപത്രികൾക്കാണ് മുൻഗണന നൽകിവരുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

## താലോലം പദ്ധതി

214(1814) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലോലം പദ്ധതിയിൽ ഉൾപ്പെടുത്തി എത്രപേർക്ക് ചികിത്സ നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) താലോലം പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം ആശുപത്രികളിലാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) താലോലം പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ നടത്തിയ ഇനത്തിൽ സർക്കാർ എത്രരൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) താലോലം പദ്ധതിയിലൂടെ 16507 കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ചുവടെപ്പറയുന്ന 18 സർക്കാർ ആശുപത്രികൾ മുഖേനയാണ് താലോലം പദ്ധതി നടപ്പാക്കി വരുന്നത്.

| | |
|---|---|
| 1 | റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം |
| 2 | എസ്.സി.റ്റി.ഐ.എം.എസ്.റ്റി, തിരുവനന്തപുരം |
| 3 | എസ്.എ.റ്റി. ആശുപത്രി, തിരുവനന്തപുരം |
| 4 | ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം |
| 5 | ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം |
| 6 | ഐ.സി.എച്ച്. കോട്ടയം |
| 7 | ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ |
| 8 | ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ |
| 9 | ഗവ.മെഡിക്കൽ കോളേജ് ചെസ്റ്റ് ആശുപത്രി, തൃശ്ശൂർ |
| 10 | ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് |
| 11 | ഐ.എം.സി.എച്ച്. കോഴിക്കോട് |
| 12 | ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, എറണാകുളം |
| 13 | അക്കാഡമി ഓഫ് മെഡിക്കൽ സയൻസ്, പരിയാരം, കണ്ണൂർ |
| 14 | മലബാർ കാൻസർ സെന്റർ, കണ്ണൂർ |

| | |
|---|---|
| 15 | ജില്ലാ ആശുപത്രി, ആലുവ |
| 16 | ICCONS, തിരുവനന്തപുരം |
| 17 | ICCONS, ഷൊർണ്ണൂർ |
| 18 | ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, മഞ്ചേരി |

(സി) 55,21,90,301 രൂപ (അൻപത്തിയഞ്ച് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറായിരത്തി മുന്നൂറ്റിയൊന്നുരൂപ മാത്രം.)

**ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ് പദ്ധതി**

215(1815) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ ജില്ലാ ആശുപത്രികളിലും കാത്ത് ലാബ് എന്ന പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

ജില്ലാ/ജനറൽ ആശുപത്രികളിൽ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി പത്തനംതിട്ട/മഞ്ചേരി എന്നിവിടങ്ങളിൽ കാത്ത് ലാബിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കൂടാതെ ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്, ജനറൽ ആശുപത്രി തൃശ്ശൂർ, കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിൽ കാത്ത് ലാബ് സൗകര്യം ഒരുക്കുന്നതിനുള്ള പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

ജനറൽ ആശുപത്രി ആലപ്പുഴ, ജില്ലാ ആശുപത്രി കണ്ണൂർ എന്നിവിടങ്ങളിൽ കാത്ത് ലാബിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി (2016-17 സാമ്പത്തിക വർഷത്തിൽ) കോഴിക്കോട് ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് നിർമ്മിക്കുന്നതിന്റെ സിവിൽ വർക്ക് പുരോഗമിക്കുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ കാത്ത് ലാബിനും ഐ.സി.യു. സ്ഥാപിക്കുന്നതിനുമായി 1200 ലക്ഷംരൂപ അനുവദിക്കുകയും ആയത് യഥാക്രമം ജില്ലാ ആശുപത്രി മാനന്തവാടി (ഐ.സി.യു. നിർമ്മാണത്തിന്), താലൂക്ക് ആശുപത്രി അടിമാലി എന്നിവിടങ്ങളിൽ നൽകുകയും ആയതിന്റെ പ്രവർത്തനങ്ങൾ നടന്നു വരികയുംചെയ്യുന്നു.

## കൊറോണ രോഗ പ്രതിരോധ നടപടി

216(1816) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറോണ രോഗം പ്രതിരോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കേരളത്തിൽ എത്ര പേർക്ക് കൊറോണ രോഗം പിടിപെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ചൈനയിൽ കൊറോണ രോഗം റിപ്പോർട്ട് ചെയ്തതിനോടനുബന്ധിച്ച് സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറന്ന് രോഗപ്രതിരോധം ഉൾപ്പെടെയുള്ള നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്.

രോഗബാധിത പ്രദേശങ്ങളിൽനിന്നും എത്തിയ യാത്രക്കാരെ എയർപോർട്ട്/ സീപോർട്ടുകളിൽ നിരീക്ഷണത്തിന് വിധേയരാക്കി. രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ അവരവരുടെ വീടുകളിൽ 28 ദിവസം മറ്റുള്ളവരോട് സമ്പർക്കം ഉണ്ടാക്കാത്തരീതിയിൽ പ്രത്യേകം കഴിയുവാൻ നിർദ്ദേശിച്ചു. രോഗലക്ഷണങ്ങൾ കാണിക്കുന്നവരെ തെരഞ്ഞെടുക്കപ്പെട്ട മെഡിക്കൽ കോളേജ്/ജില്ല/ജനറൽ ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുള്ള ഐസൊലേഷൻ വാർഡുകളിൽ പ്രവേശിപ്പിച്ച് ശരീരസ്രവ സാമ്പിളുകൾ പരിശോധിച്ച് രോഗം മറ്റുള്ളവരിലേയ്ക്ക് പകരാതെ വ്യക്തിഗതസുരക്ഷാ മാർഗ്ഗങ്ങളോടെ ചികിത്സാവിധേയരാക്കി, രോഗബാധയുള്ളവരും ഇല്ലാത്തവരും പൊതുചടങ്ങുകളിൽനിന്നും യാത്രകളിൽനിന്നും വിട്ടുനിൽക്കാനുള്ള ജാഗ്രതാ നിർദ്ദേശവും നൽകിയിട്ടുണ്ട്. ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും തുവാല ഉപയോഗിക്കാനും സംസാരിക്കുമ്പോൾ മറ്റുള്ളവരിൽനിന്നും ഒരു മീറ്ററെങ്കിലും അകലം പാലിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. രോഗബാധിതരുമായി അടുത്ത സമ്പർക്കം ഉണ്ടായിട്ടുള്ളവരെയും അവരുമായി സമ്പർക്കം ഉണ്ടായിട്ടുള്ളവരെയും കണ്ടെത്തി എല്ലാവരേയും 28 ദിവസം വീടുകളിൽ നിരീക്ഷിച്ചു. കൈകൾ കൂടെക്കൂടെ സോപ്പുപയോഗിച്ച് കഴുകുവാനും അവരവരുപയോഗിക്കുന്ന സാധന സാമഗ്രികൾ മറ്റുള്ളവരുമായി പങ്കിടരുതെന്നുമുള്ള നിർദ്ദേശം നൽകി. രോഗം സംബന്ധിച്ച് പൊതുജനങ്ങൾ, വിദ്യാഭ്യാസം,

ആരോഗ്യം, ടൂറിസം, മൃഗസംരക്ഷണം തുടങ്ങിയ വകുപ്പുകൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി നൽകുകയും ആരോഗ്യവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ജനങ്ങളുടെ സംശയങ്ങൾ ദൂരീകരിക്കാൻ ദിശയുടെ ടോൾഫ്രീ നമ്പർ ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിലും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കാൾ സെന്ററുകളും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. വീടുകളിലും ആശുപത്രികളിലും നിരീക്ഷണത്തിൽ കഴിഞ്ഞിട്ടുള്ള എല്ലാവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആവശ്യമായ മാനസിക പിന്തുണയും സഹായങ്ങളും ആരോഗ്യവകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നൽകിവരുന്നുണ്ട്.

(ബി) കേരളത്തിൽ നാളിതുവരെ 17 പേർക്കാണ് കൊറോണ രോഗം സ്ഥിരീകരിച്ചിട്ടുള്ളത്.

**ട്രാൻസ്ഫാറ്റ് ലോഗോ ഉപയോഗിക്കാൻ അനുമതി**

217(1817) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കറികൾ, മിഠായി കടകൾ തുടങ്ങിയ കച്ചവട സ്ഥാപനങ്ങളിൽ ട്രാൻസ് ഫാറ്റ് ഫ്രീ എന്ന ലോഗോ ഉപയോഗിക്കാൻ അനുമതിയുണ്ടോ എന്ന് അറിയിക്കാമോ; എങ്കിൽ ഇതിനായുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) എഫ്.എസ്.എസ്.എ.ഐ. ഈ വിഷയം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളും പ്രകാരം ബേക്കറികൾ, മിഠായികടകൾ എന്നിവിടങ്ങളിൽ വില്പന നടത്തുന്ന ഭക്ഷ്യവസ്തുക്കളിൽ ട്രാൻസ്ഫാറ്റിന്റെ അളവ് 5%-ൽ കവിയാൻ പാടില്ലെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ആയതിനാൽ ടി സ്ഥാപനങ്ങളിൽ ട്രാൻസ്ഫാറ്റ് ഫ്രീ എന്ന ലോഗോ ഉപയോഗിക്കണമെന്ന് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി (എഫ്.എസ്.എസ്.എ.ഐ.) നാളിതുവരെ നിർദ്ദേശിച്ചിട്ടില്ല.

**കാരുണ്യ ചികിത്സാസഹായം**

218(T*1819) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ മാനദണ്ഡങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ;

(ബി) പദ്ധതി പ്രകാരമുള്ള ആനുകൂല്യം ഇപ്പോഴും നൽകിവരുന്നുണ്ടെങ്കിൽ പരമാവധി എത്ര ദിവസത്തിനകം രോഗികൾക്ക് ആനുകൂല്യം നൽകുന്നുണ്ട്; ആനുകൂല്യം ലഭ്യമാകുന്നതുവരെയുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;

(സി) വൃക്ക രോഗികൾക്കും ഡയാലിസിസ് നടത്തി വരുന്നവർക്കും പരമാവധി എത്ര തുക നൽകാറുണ്ട്; സ്വകാര്യ ആശുപത്രികളിൽ ചികിത്സ നടത്തുന്ന ഡയാലിസിസ് രോഗികൾക്ക് ആനുകൂല്യം നൽകുന്നതിന് തടസ്സമുണ്ടോ;

(ഡി) ആനുകൂല്യം ലഭ്യമാകുന്നതിനുള്ള വരുമാന പരിധി എത്രയാണെന്ന് അറിയിക്കുമോ;

(ഇ) സർക്കാർ മേഖലയിൽ ആവശ്യത്തിന് ഡയാലിസിസ് കേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ ഗുരുതരമായ വൃക്ക രോഗം ബാധിച്ച പല രോഗികളും സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നത് കാരണം പദ്ധതി പ്രകാരമുള്ള ആനുകൂല്യം നിഷേധിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുമോ?

ഉത്തരം

(എ) ഇല്ല. 1-7-2019 മുതൽ 6-8-2019-ലെ സർക്കാർ ഉത്തരവ് G.O (Ms) 122/2019/H&FWD പ്രകാരം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികൾവഴി ചികിത്സാ സഹായം നൽകുന്നു. KASP-ൽ 1978 ചികിത്സാ പാക്കേജുകൾ 24 സ്പെഷ്യാലിറ്റീസിൽ നൽകുന്നുണ്ട്. മുൻപ് KBF-ൽ 319 പാക്കേജുകളിലായി 8 സ്പെഷ്യാലിറ്റീസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കേരളത്തിലെ എല്ലാ ജനങ്ങളും APL/BPL വ്യത്യാസമില്ലാതെ അവരുടെ റേഷൻ കാർഡിൽ രേഖപ്പെടുത്തിയ വാർഷിക വരുമാനം മൂന്ന് ലക്ഷത്തിന് താഴെയാണെങ്കിൽ അവർക്ക് ചികിത്സാ സഹായം ലഭ്യമാണ്.

നിർദ്ദിഷ്ട മാതൃകയിൽ പദ്ധതി സേവനം നൽകിവരുന്ന ആശുപത്രിയിൽ ചികിത്സയ്ക്ക് വരുമ്പോൾ ആവശ്യമായ രേഖകൾ സഹിതം നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷ പൂരിപ്പിച്ച നൽകുക. പ്രസ്തുത അപേക്ഷ ചിയാക് (SHA) ജില്ലാ പ്രോജക്ട് മാനേജർ പരിശോധിച്ച് അർഹമായവയ്ക്ക് അംഗീകാരം നൽകുന്നു. തുടർന്ന് രോഗിക്ക് സൗജന്യ ചികിത്സ ലഭിക്കും.

(ബി) അർഹത ഉറപ്പുവരുത്തിയതിനുശേഷം കാലതാമസം കൂടാതെ ചികിത്സ തുടങ്ങുമ്പോൾ ചികിത്സ ആനുകൂല്യം ലഭ്യമാകുന്നു. പദ്ധതി സേവനം നൽകിവരുന്ന ആശുപത്രിയിൽ ചികിത്സയ്ക്ക് വരുമ്പോൾ ആവശ്യമായ രേഖകൾ സഹിതം നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷ പൂരിപ്പിച്ച് നൽകുക. ചിയാക് (SHA) ജില്ലാ പ്രോജക്ട് മാനേജർ പരിശോധിച്ച് അർഹമായതിന് അംഗീകാരം നൽകുന്നു. തുടർന്ന് ചികിത്സ തേടുന്ന ആശുപത്രിയിൽ സൗജന്യ ചികിത്സ ഗുണഭോക്താവിന് ലഭിക്കുന്നതാണ്.

(സി) വൃക്ക രോഗികൾക്ക് പരമാവധി മൂന്ന് ലക്ഷംരൂപവരെ കാരുണ്യ പദ്ധതി വഴി നൽകുന്നു. കാസ്പ് പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികൾ വഴി പദ്ധതി ആനുകൂല്യം നൽകുന്നു.

(ഡി) കുടുംബത്തിന്റെ വാർഷിക വരുമാനം മൂന്ന് ലക്ഷത്തിന് താഴെ ആണെങ്കിൽ ആ കുടുംബത്തിന് പദ്ധതി ഗുണഫലത്തിന് യോഗ്യതയുണ്ട്.

(ഇ) ആധുനിക സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ അധികാരത്തിൽവന്നശേഷം കിഫ്ബി സഹായത്തോടെ 44 സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും 36 സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തനമാരംഭിക്കുകയും ബാക്കി സ്ഥാപനങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ഇപ്പോൾ സംസ്ഥാനത്താകെ 83 ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

## തൈറോയ്ഡ് രോഗപ്രതിരോധത്തിന് നടപടി

219(1820) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കുമിടയിൽ തൈറോയിഡ് രോഗം വർദ്ധിച്ചു വരുന്നത് ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൈറോയിഡ് രോഗത്തിന്റെ ചികിത്സക്കും പ്രതിരോധത്തിനുമായി ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൈറോയ്ഡ് രോഗപ്രതിരോധത്തിനായി ഭാരത് സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് NIDDCP (National Iodine Deficiency Disorder Control Programme) സെൽ എല്ലാ വർഷവും സ്കൂളുകളിൽ 4 വീതം സർവ്വേ നടത്താറുണ്ട്. കൂടാതെ 3 മുതൽ 5 വരെ വർഷം കൂടുമ്പോൾ റീ സർവ്വേയും നടത്തുന്നു. ഓരോ സർവ്വേയിലും ഏകദേശം 2700-3000 വരെ കുട്ടികളെ ഗോയിറ്റർ പരിശോധനയ്ക്ക് (ശാരീരിക പരിശോധന) വിധേയമാക്കുന്നു. ഇതിൽനിന്നും 10% കുട്ടികളുടെ മൂത്ര പരിശോധനയിലൂടെ അയഡിന്റെ അളവ് കണ്ടെത്തുകയും അയഡിൻ കുറവ്/കൂടുതൽ കണ്ടെത്തുന്ന കുട്ടികളെ (ഗോയിറ്റർ) സ്കൂൾ പ്രിൻസിപ്പൽ മുഖാന്തരം രക്ഷകർത്താക്കളെ വിവരം അറിയിച്ച് സമീപത്തുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ എത്തിച്ച് ചികിത്സ ലഭ്യമാക്കുന്നുണ്ട്.

ആഗോള അയഡിൻ അപര്യാപ്തത രോഗ നിയന്ത്രണ ദിനാചരണം വഴിയും ജില്ലകളിൽ നടത്തപ്പെടുന്ന ഹെൽത്ത് എഡ്യൂക്കേഷൻ പ്രോഗ്രാം വഴിയും സ്കൂൾ/കോളേജ് വിദ്യാർത്ഥികൾ, വീട്ടമ്മമാർ, ആരോഗ്യപ്രവർത്തകർ, പൊതുജനങ്ങൾ എന്നിവരെ അയഡിൻ അപര്യാപ്തതയുടെ ദോഷഫലങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി വിവിധതരം പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. (ബുക്ക് ലെറ്റ്, പോസ്റ്റർ, ദൃശ്യശ്രവ്യ പരസ്യപ്രചരണം, റോഡ് ഷോ, കുട്ടികൾക്കുള്ള പലതരം മത്സരങ്ങൾ തുടങ്ങിയവ) ന്യൂ ബോൺ സ്ക്രീനിംഗ് പരിപാടിയിലൂടെ നവജാത ശിശുക്കളുടെ രക്ത സാമ്പിളുകൾ പരിശോധിച്ച് ഹൈപ്പോ തൈറോയ്ഡിസം ഉള്ള ശിശുക്കളെ കണ്ടെത്തി ആവശ്യമായ ചികിത്സ നൽകുന്നതിലൂടെ അവർക്ക് ഭാവിയിലുണ്ടാകാൻ സാധ്യതയുള്ള ബുദ്ധിമാന്ദ്യവും അനുബന്ധ രോഗ ലക്ഷണങ്ങളും ഫലപ്രദമായി തടയുവാനും സാധ്യമാണ്. അയഡിൻ അടങ്ങിയ ഉപ്പ് ആഹാരത്തിൽ ഉൾപ്പെടുത്താനുള്ള ബോധവൽക്കരണം നൽകിവരുന്നുണ്ട്.

## പകർച്ചവ്യാധികളെ നേരിടുന്നതിന് സ്ഥിരം സംവിധാനം

220(1821) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകമായ പകർച്ച വ്യാധികൾ തുടർച്ചയായി ഭീഷണിയാകുന്നതിന്റെ അടിസ്ഥാനത്തിൽ നിലവിലെ പൊതു ആരോഗ്യ സംവിധാനമല്ലാതെ ഒരു സ്ഥിരം സംവിധാനം സജ്ജീകരിക്കുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ;

(ബി) നിലവിൽ ഭീഷണിയുയർത്തിയ പകർച്ച വ്യാധികളെ പൊതുജന പങ്കാളിത്തത്തോടെ അതിജീവിക്കാൻ കഴിഞ്ഞെങ്കിലും ഇത്തരം സാഹചര്യത്തിൽ പൊതു ആരോഗ്യ സംവിധാനം നേരിടുന്ന അമിത ജോലി ഭാരം പരിഗണിച്ച് സ്ഥിരം സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പകർച്ച വ്യാധികളെ സംബന്ധിച്ച് പൊതുജനത്തിന് ശാസ്ത്രീയ അവബോധം നൽകുന്നതിന് കൂടുതൽ ശക്തമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പകർച്ചവ്യാധികൾ നിയന്ത്രണവിധേയമാക്കുവാൻ സംസ്ഥാനത്ത് താഴെപ്പറയുന്ന സ്ഥിരം സംവിധാനങ്ങളുണ്ട്.

1. പകർച്ചവ്യാധികൾ നിയന്ത്രണവിധേയമാക്കുവാൻ IDSP (സംയോജിത രോഗനിരീക്ഷണ പദ്ധതി) മുഖാന്തരം എല്ലാ പൊതുജന ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ യൂണിറ്റുകൾ നിലവിലുണ്ട്. പ്രൈവറ്റ് ആരോഗ്യ സ്ഥാപനങ്ങളും റിപ്പോർട്ടിംഗ് യൂണിറ്റുകളായി പ്രവർത്തിക്കുന്നുണ്ട്.

2. എല്ലാ മെഡിക്കൽ കോളേജുകളിലും രോഗനിരീക്ഷണത്തിനും പ്രതിരോധത്തിനുമായി Regional PEID CELL (Prevention of Epidemic and Infectious Diseases Cell)-കൾ പ്രവർത്തിക്കുന്നുണ്ട്. ഇവയെ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാന സാംക്രമിക രോഗ പ്രതിരോധ സെൽ (State PEID Cell) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്നു.

3. എല്ലാദിവസവും മെഡിക്കൽ കോളേജിലെ COMMUNICABLE DISEASES ബാധിക്കുന്ന രോഗികളുടെ pattern സൂക്ഷ്മമായി പരിശോധിക്കുന്നു.

4. ഏതെങ്കിലും പ്രദേശത്ത് സാംക്രമികരോഗങ്ങൾ Cluster ചെയ്യുകയാണെങ്കിൽ അത് പ്രത്യേകം ശ്രദ്ധിച്ച് investigate ചെയ്യുകയും അതാത് ജില്ലാ മെഡിക്കൽ ഓഫീസറുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യും.

5. എവിടെയെങ്കിലും പകർച്ചവ്യാധി സംക്രമണം നടക്കുന്നുണ്ടെങ്കിൽ വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് PEID Cell outbreak investigation നടത്തുകയും ചെയ്യുന്നു. PEID Cell-കളോട് അനുബന്ധമായി Outbreak Monitoring Unit (OMU) എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും രൂപീകരിച്ചിട്ടുണ്ട്.

6. അസാധാരണ രോഗം സംശയിക്കുന്ന അവസ്ഥയിൽ പ്രത്യേക പരിശോധനയ്ക്കായി സാമ്പിൾ ശേഖരിക്കുകയും രോഗം നിർണ്ണയിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

7. വായുജന്യ രോഗ നിയന്ത്രണത്തിന് ശ്വാസ് ക്ലിനിക്കുകളുണ്ട്.

8. സാംക്രമിക രോഗങ്ങളുള്ളവരുടെ സ്ഥിതിവിവരക്കണക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

മേൽ വിവരിച്ച പൊതുസംവിധാനങ്ങൾ പകർച്ചവ്യാധികളുടെ ഭീഷണിയെ നേരിടാൻ പര്യാപ്തമാണെന്ന് നിപ, കൊറോണ തുടങ്ങിയ പകർച്ചവ്യാധികൾ സർക്കാർ നിയന്ത്രണ വിധേയമാക്കിയതിൽ നിന്ന് വ്യക്തമായിട്ടുണ്ട്. അതിനാൽ പുതിയ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല.

(ബി) നിലവിൽ ഭീഷണിയുയർത്തിയ പകർച്ചവ്യാധികളെ പൊതുജന പങ്കാളിത്തത്തോടെ ബൃഹത്തായ സർക്കാർ സംവിധാനങ്ങളും ആശ, അങ്കണവാടി, കുടുംബശ്രീ, റസിഡൻസ് അസോസിയേഷൻ എന്നിവരുടെയും സഹകരണത്തോടെയുള്ള സംയോജിത പ്രവർത്തനംമൂലമാണ് നിയന്ത്രണവിധേയമാക്കുവാൻ കഴിഞ്ഞത്. മാലിന്യപ്രശ്നങ്ങളും കാലാവസ്ഥാ വ്യതിയാനംമൂലമുള്ള പ്രശ്നങ്ങളും വിവിധ വകുപ്പുകളുടെ സംയോജിത പ്രവർത്തനങ്ങളിലൂടെയും അതിന്റെ ഏകോപനത്തിലൂടെയും നിയന്ത്രണ വിധേയമാക്കുകവഴി, അമിത ജോലിഭാരം കുറച്ചുകൊണ്ടുവരാനും സാധിക്കുന്നതാണ്. അതിനാൽ പുതിയ സ്ഥിരം സംവിധാനങ്ങളൊരുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) പകർച്ചവ്യാധികളെ സംബന്ധിച്ച് പൊതുജനത്തിന് വിവിധ ശ്രവ്യ ദൃശ്യ മാധ്യമങ്ങളിലൂടെ നിലവിൽ ശാസ്ത്രീയ അവബോധം നൽകുന്നുണ്ട്. സമൂഹ മാധ്യമങ്ങൾവഴിയും ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ സ്കൂൾ, കോളേജ്, ഇതര സ്ഥാപനങ്ങൾ മുഖാന്തരവും കാലാനുസൃതമായി ബോധവൽക്കരണം നൽകുന്നതാണ്. മേൽ വിവരിച്ചതുകൂടാതെ ആരോഗ്യപ്രവർത്തകർ വീട് വീടാന്തരവും സബ്

സെന്ററുകൾ, അങ്കണവാടി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടും വാർഡ്തല ആരോഗ്യസമിതികളുമായി ബന്ധപ്പെട്ടും സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളിലും ബോധവൽക്കരണം ത്വരിതപ്പെടുത്തിയിട്ടുണ്ട്.

**കാൻസർ രോഗികളായ കുട്ടികൾക്ക് സൗജന്യ ചികിത്സ**

221(1822) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ട് വയസ്സുവരെയുള്ള കാൻസർ രോഗികളായ കുട്ടികൾക്ക് സൗജന്യ ചികിത്സ നല്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സർക്കാർ എത്ര പേർക്ക് ചികിത്സ നല്കിയെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിലേയ്ക്ക് എത്രരൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2081 കുട്ടികൾക്ക് സൗജന്യചികിത്സ നൽകിയിട്ടുണ്ട്.

(ബി) 19,39,00,000 രൂപ. (പത്തൊൻപത് കോടി മുപ്പത്തിയൊൻപത് ലക്ഷംരൂപ മാത്രം.)

**സാംക്രമിക രോഗങ്ങൾ തടയുന്നതിന് നടപടി**

222(1823) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംക്രമിക രോഗങ്ങൾ ഫലപ്രദമായി തടയുന്നതിന് സ്വീകരിച്ച നടപടികളുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം സ്വീകരിച്ച നടപടികൾ എത്രമാത്രം വിജയപ്രദമായിരുന്നുവെന്ന് അറിയിക്കാമോ;

(സി) നിപ, കൊറോണ പോലെയുള്ള രോഗങ്ങളെ ഫലപ്രദമായി തടയുന്നതിനും രോഗങ്ങളുടെ വ്യാപനനിരക്ക് കുറയ്ക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; വ്യക്തമാക്കാമോ;

(ഡി) സാംക്രമിക രോഗങ്ങളെ തടയുന്നതിനായി പുതിയ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സാംക്രമിക രോഗങ്ങളുടെ നിയന്ത്രണത്തിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഐ.ഡി.എസ്.പി. (ഇന്റഗ്രേറ്റഡ് ഡിസീസ് സർവലൈൻസ് പ്രോജക്ട്) അതായത് സംയോജിത രോഗനിരീക്ഷണ പദ്ധതി മുഖേന ദൈനംദിനമുണ്ടാകുന്ന രോഗങ്ങളുടെ കണക്കുകൾ, രോഗ സാധ്യതയുള്ളവരുടെ പട്ടിക എന്നിവ ലഭ്യമാക്കുന്നു. ആയത് സംസ്ഥാനതല നിരീക്ഷണ യൂണിറ്റിൽ ക്രോഡീകരിക്കുന്നു. രോഗ ചികിത്സയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പ് ജില്ലാതലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. രോഗ സാധ്യതയുള്ളവർക്കാവശ്യമായ പരിശോധനകളും രോഗം തടയുന്നതിനാവശ്യമായ നിർദ്ദേശങ്ങളും കീഴ്ഘടക ആരോഗ്യസ്ഥാപനങ്ങൾക്ക് നൽകി വരുന്നുണ്ട്.

രോഗങ്ങളുമായി ബന്ധപ്പെട്ട് അപകടസാധ്യതയുള്ളവരെ ഫീൽഡ്തല ആരോഗ്യപ്രവർത്തകർ കണ്ടെത്തി അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുള്ള ആരോഗ്യസ്ഥാപനങ്ങളുമായി ബന്ധപ്പെടാൻ നിർദ്ദേശം നൽകുന്നു. മുൻകരുതലായി മരുന്നുകളും വാക്സിനുകളും നൽകാൻ കഴിയുന്ന തരത്തിലുള്ള രോഗങ്ങൾക്ക് ആയത് ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഡോക്ടറുടെ നിർദ്ദേശപ്രകാരം നൽകുന്നു. രോഗങ്ങളുടെ ആഴ്ചതോറുമുള്ള വിലയിരുത്തൽ എല്ലാ ആരോഗ്യ സ്ഥാപനങ്ങളും പ്രോട്ടോക്കോൾ പ്രകാരം നടത്തുന്നുണ്ട്. ഇത് സംസ്ഥാനതലത്തിൽ അവലോകനം ചെയ്ത് ആവശ്യമായ തുടർനിർദ്ദേശങ്ങൾ നൽകി ഉടനടി ആവശ്യമായ രോഗ പ്രതിരോധ നിയന്ത്രണ നടപടികൾ സമയബന്ധിതമായി ജില്ലാതലത്തിലും വാർഡ്തലത്തിലും ഉറപ്പാക്കുന്നു. മാത്രമല്ല ഉറവിട നശീകരണ പ്രവർത്തനങ്ങൾ, ക്ലോറിനേഷൻ, കൊതുകുനശീകരണം, ബോധവൽക്കരണം മുതലായ പ്രവർത്തനങ്ങൾ മുഖേന പ്രാണീജന്യ രോഗങ്ങൾ, ജലജന്യ രോഗങ്ങൾ എന്നിവ നിയന്ത്രിച്ചു നിർത്താൻ സാധിക്കുന്നു. ശ്വാസ് ക്ലിനിക് മുഖേന വായുജന്യ രോഗങ്ങളുടെ ചികിത്സ മുടങ്ങാതെ നടക്കുന്നുണ്ടെന്ന് സംസ്ഥാനതലത്തിൽ വിലയിരുത്തുകയും ആയത് ജില്ലാതല ആരോഗ്യ യൂണിറ്റുകൾ മുഖാന്തരം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

സാംക്രമിക രോഗങ്ങൾ തടയുന്നതിനുവേണ്ടി, ഉറവിട നശീകരണവും (പ്രാണീജന്യ രോഗങ്ങൾ തടയുന്നതിന്) ക്ലോറിനേഷനും (ജലജന്യ രോഗങ്ങൾ തടയുന്നതിന്) തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യവകുപ്പും സംയോജിതമായി നടത്തിവരുന്നു. ക്ഷയരോഗ നിവാരണത്തിനുവേണ്ടി എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പ് ടി.ബി. യൂണിറ്റ് മുഖേന കാര്യക്ഷമമായ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

'ഹെൽത്തി കേരള' പരിപാടി മുഖേന ആരോഗ്യവകുപ്പ് അതിഥി തൊഴിലാളികൾക്കായി ആരോഗ്യ നിരീക്ഷണവും ചികിത്സാ ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു. ഹോട്ടൽ തൊഴിലാളികൾക്കും ഇപ്രകാരം ആരോഗ്യ നിരീക്ഷണവും ഹെൽത്ത് കാർഡും ഉറപ്പാക്കുന്നുണ്ട്. ആരോഗ്യ ജാഗ്രത, ആർദ്രം പദ്ധതിയുടെ ഭാഗമായുള്ള ആർദ്രം പീപ്പിൾസ് കാമ്പയിൻ എന്നിവയിലൂടെ പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണവും മാലിന്യസംസ്കരണ പ്രവർത്തനങ്ങളും ബോധവൽക്കരണവും ഊർജ്ജിതമായി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ഹെൽത്തി കേരള, ആരോഗ്യ ജാഗ്രത, ആർദ്രം പദ്ധതി എന്നിവയിലൂടെ സാംക്രമിക രോഗങ്ങൾ കുറച്ചുകൊണ്ടുവരാനും ടി രോഗങ്ങൾക്കുള്ള രോഗനിർണ്ണയവും ചികിത്സയും മെച്ചപ്പെടുത്താനും മരണ നിരക്ക് കുറച്ചു കൊണ്ടുവരാനും സാധിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയും നഗരപ്രാന്ത പ്രദേശങ്ങളിൽ പുതുതായി ആരംഭിച്ചിട്ടുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലേയും ഒ.പി. സമയം ദീർഘിപ്പിക്കുകയും അതുവഴി പൊതുജനങ്ങൾക്ക് സാംക്രമിക രോഗങ്ങൾക്കും ജീവിതശൈലീ രോഗങ്ങൾക്കുമുള്ള ചികിത്സാ സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. രോഗ നിർണ്ണയത്തിനായി സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബ് ഉൾപ്പെടെ 37 ലാബുകളിൽ ഡെങ്കിപ്പനി, ചിക്കുൻഗുനിയ മുതലായ രോഗനിർണ്ണയം നടത്തുന്നുണ്ട്. കൂടാതെ തിരുവനന്തപുരത്തും തൃശ്ശൂരും കോഴിക്കോടും ആരംഭിച്ചിട്ടുള്ള വൈറൽ ഡയഗ്നോസ്റ്റിക് ലാബുകളിൽ പ്രധാനപ്പെട്ട വൈറൽ രോഗങ്ങളും ടെസ്റ്റ് ചെയ്യുന്നുണ്ട്. താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജിലും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം രോഗാതുരതയും മരണനിരക്കും ഒരു പരിധിവരെ കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

(സി) സംയോജിത രോഗ നിരീക്ഷണ പദ്ധതിയിലൂടെ നിപ, കൊറോണ തുടങ്ങിയ രോഗങ്ങൾ ഉടനടി കണ്ടെത്തുന്നതിനും അതിനുള്ള നിരീക്ഷണം പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുഖേന ശക്തിപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളവരുമായി അടുത്ത സമ്പർക്കം പുലർത്തിയ വ്യക്തികളെ ഉടനടി കണ്ടെത്തി അവരെ വീടുകളിൽത്തന്നെ നിരീക്ഷണത്തിൽ വയ്ക്കുകയും മറ്റുള്ളവരുമായി ഇടപഴകാതെ പ്രത്യേകം നിരീക്ഷിക്കുകയും ഇവരിൽ രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരുടെ സ്രവ സാമ്പിളുകൾ NIV-യിൽ പരിശോധിച്ച് രോഗമില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇവർക്കാവശ്യമായ മാനസിക പിന്തുണയും മറ്റ് സൗകര്യങ്ങളും ആരോഗ്യവകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വഴി ഉറപ്പാക്കുന്നു. ഇപ്രകാരം 2019-ൽ എറണാകുളം ജില്ലയിലുണ്ടായ നിപാ രോഗബാധ ഒരാളിൽ മാത്രമായി നിയന്ത്രിച്ച് നിർത്തുവാനും ജീവഹാനി ഒഴിവാക്കാനും സാധിച്ചിരുന്നു.

കൊറോണ രോഗബാധ ആകെ 17 പേർക്കാണ് സ്ഥിരീകരിക്കപ്പെട്ടത്. വിമാനത്താവളങ്ങളിൽ (തിരുവനന്തപുരം, കൊച്ചി-നെടുമ്പാശ്ശേരി, കോഴിക്കോട്, കണ്ണൂർ) എത്തുന്ന യാത്രക്കാരെ പ്രത്യേകം നിരീക്ഷിച്ച് രോഗലക്ഷണങ്ങൾ ഉള്ളവരെ പ്രത്യേകം വാഹനങ്ങളിൽ തെരഞ്ഞെടുത്ത ആശുപത്രികളിൽ ഐസൊലേഷൻ ചികിത്സാ സംവിധാനങ്ങൾ ഒരുക്കിയിട്ടുള്ളിടത്തേയ്ക്ക് മാറ്റുന്നു. ഇവർക്കാവശ്യമുള്ള പരിശോധനകളും ചികിത്സയും നൽകി വീടുകളിൽ 28 ദിവസം മറ്റുള്ളവരുമായി സമ്പർക്കമുണ്ടാകാതെ കഴിയുവാൻ നിർദ്ദേശിക്കുകയും അവ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. നിരീക്ഷണ കാലയളവിൽ ആവശ്യമായ പരിശോധനകളും നിർദ്ദേശങ്ങളും നൽകുന്നു. രോഗികൾക്കും കുടുംബാംഗങ്ങൾക്കും ആവശ്യമായ മാനസിക പിന്തുണയും അനുബന്ധ സൗകര്യങ്ങളും നൽകുന്നു.

കേരളത്തിൽ കൊറോണ ബാധയുണ്ടെന്ന് സ്ഥിരീകരിച്ചപ്പോൾത്തന്നെ മെഡിക്കൽ അടിയന്തര അവസ്ഥ പ്രഖ്യാപിക്കുകയും രോഗനിവാരണം, നിരീക്ഷണം, മറ്റുള്ളവരുമായി സമ്പർക്കം തടയൽ എന്നിവയ്ക്ക് മുൻഗണന നൽകി ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ 18 കമ്മിറ്റികൾ സംസ്ഥാനതലത്തിൽ രൂപീകരിക്കുകയുണ്ടായി. ഇത്തരത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കമ്മിറ്റികൾ രൂപീകരിച്ച് ചിട്ടയായ പ്രവർത്തനത്തിലൂടെയും ബോധവൽക്കരണത്തിലൂടെയും മറ്റുള്ളവരിലേയ്ക്ക് രോഗം പകരാതെ നിയന്ത്രണത്തിൽ നിർത്താൻ സാധിക്കുകയുണ്ടായി.

ലോകത്തിലെ 75-ലധികം രാഷ്ട്രങ്ങളിൽ കൊറോണ ബാധ സ്ഥിരീകരിച്ചതിനാൽ വിമാനത്താവളങ്ങളിൽ നിരീക്ഷണം കർശനമാക്കിയിട്ടുണ്ട്. അതാത് ജില്ലകളിലെ ജില്ലാ മെഡിക്കൽ ആഫീസർമാർ അടങ്ങുന്ന ടീം എല്ലാ ദിവസവും സംസ്ഥാനതലത്തിൽ ആരോഗ്യവകുപ്പിന് ടി പട്ടിക നൽകുകയും സംസ്ഥാനതല തലത്തിൽ ആയത് അവലോകനം ചെയ്ത് സംസ്ഥാനതല ദ്രുതകർമ്മസേന ആവശ്യമായ നടപടികൾ ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സ്വീകരിക്കുകയും ചെയ്യുന്നു.

ആവശ്യമായ വ്യക്തിഗത സുരക്ഷാ സംവിധാനങ്ങൾ, മരുന്നുകൾ, ബോധവൽക്കരണ സഹായികൾ എന്നിവയെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ തുടരുന്നതിനും അത് കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വായുജന്യ രോഗപ്രതിരോധ സഹായ സൗകര്യങ്ങൾ ഊർജ്ജിതമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ക്ഷയരോഗ ചികിത്സയുമായി ബന്ധപ്പെട്ട് ആരോഗ്യസ്ഥാപനങ്ങളിൽ വായുജന്യ

രോഗ പ്രതിരോധ സൗകര്യങ്ങൾ, ഒ.പി., ഫാർമസി എന്നിവിടങ്ങളിൽ നിലവിലുള്ളതാണ്. എന്നാൽ കൊറോണ പോലുള്ള രോഗങ്ങൾ തടയുന്നതിനായി ചുമ മര്യാദകൾ പാലിക്കാനും രോഗികളേയും രോഗബാധ സംശയിക്കുന്നവരേയും പ്രത്യേകം വേർതിരിച്ച് ക്വാറന്റയിൻ ചെയ്യാനുള്ള സംവിധാനങ്ങൾകൂടി ഓരോ ജില്ലയിലും ഏർപ്പെടുത്തിയതിനുപുറമേ, രോഗബാധിത രാജ്യങ്ങളിൽനിന്നും രോഗലക്ഷണങ്ങൾ ഉള്ളവർ എത്തിയാൽ അവരെ പ്രത്യേകം നിരീക്ഷിക്കാൻ ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ചികിത്സ കൂടാതെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും അണു നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും ഇതിനാവശ്യമായ സാധന സാമഗ്രികളും പരിശീലനവും ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും ഊർജ്ജിതമാക്കിയിട്ടുമുണ്ട്.

## ശ്രുതിതരംഗം പദ്ധതി

223(1824) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെടുത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തിയ കുട്ടികൾക്ക് ഇംപ്ലാന്റ് ചെയ്ത ഉപകരണങ്ങൾ കേടാകുന്നപക്ഷം സർവ്വീസ് നടത്താനും മാറ്റിവെക്കാനും സർക്കാർ തലത്തിൽ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ?

### <u>ഉത്തരം</u>

ശ്രുതിതരംഗം പദ്ധതി പ്രകാരം വാങ്ങുന്ന ഇംപ്ലാന്റുകൾക്ക് 10 വർഷവും സ്പീച്ച് പ്രോസസറിന് നാലുവർഷവും മറ്റ് ആക്സസറീസിന് സ്റ്റാൻഡേർഡ് വാറണ്ടിയുമാണുള്ളത്. സ്പീച്ച് പ്രോസസറിന്റെ കാലാവധി അവസാനിച്ച ഗുണഭോക്താക്കൾക്ക് തുടർന്ന് രണ്ട് വർഷത്തേയ്ക്കുകൂടി എക്സ്റ്റൻഡഡ് വാറണ്ടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് ഒരു കുട്ടിക്ക് 50,000 രൂപ നിരക്കിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന് അനുവദിക്കുവാൻ ഉത്തരവായിട്ടുണ്ട്.

**വയോജനങ്ങളുടെ ആരോഗ്യ പരിപാലന പദ്ധതികൾ**

224(1825) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി എന്തെങ്കിലും പ്രത്യേകമായ പദ്ധതികൾ / പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(സി) ഈ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കൃത്യമായും പതിവായും നിരീക്ഷിക്കുന്നതിന് ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്ന വയോമധുരം പദ്ധതി, സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് സൗജന്യമായി കൃത്രിമ ദന്തനിര വച്ചുപിടിപ്പിച്ചുകൊടുക്കുന്ന മന്ദഹാസം പദ്ധതി, സംസ്ഥാനത്തെ ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ആയുർവേദ ചികിത്സയിലൂടെ പ്രയോജനം ലഭ്യമാക്കുന്ന വയോ അമൃതം പദ്ധതി, ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ശാരീരികവും മാനസികവുമായ ഉല്ലാസം പ്രദാനം ചെയ്യുന്ന മ്യൂസിക് തെറാപ്പി പദ്ധതി, കൂടാതെ 65 വയസ്സുകഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യപരിരക്ഷയും അവരുടെ സ്ഥലങ്ങളിൽത്തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോടുകൂടി 2011-ൽ വയോമിത്രം പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻവഴി നടപ്പാക്കിവരുന്നുണ്ട്. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന 65 വയസ്സ് കഴിഞ്ഞവർക്ക് അവരുടെ വരുമാന പരിധി ബാധകമാക്കാതെ സൗജന്യമായി മരുന്ന്, പാലിയേറ്റീവ് സേവനം, ഹെൽപ്പ് ഡെസ്കിന്റെ സേവനം, കൗൺസിലിംഗ് എന്നിവ നൽകുന്നുണ്ട്. ആദ്യഘട്ടമായി കൊല്ലം, തിരുവനന്തപുരം കോർപ്പറേഷനുകളിൽ ആരംഭിച്ച പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ 91 നഗരസഭാ പ്രദേശത്തും 3 റൂറൽ ബ്ലോക്കിലും വളരെ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്.

(സി) നിലവിൽ വയോജനങ്ങൾക്കുവേണ്ടിയുള്ള ക്ഷേമ പദ്ധതികൾ അർഹരായ കൂടുതൽ ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മാനസികാരോഗ്യ സംരക്ഷണ പദ്ധതികൾ

225(1826) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികൾ / പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ കൂടുതൽ വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ജനങ്ങളുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നതിന് ദേശീയ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി 1999-ൽ കേരളത്തിൽ ജില്ലാ മാനസികാരോഗ്യ പരിപാടി ആരംഭിക്കുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ പരിപാടി സജീവമായി നടത്തിവരുന്നു. പ്രാഥമികാരോഗ്യ തലത്തിൽ മാനസിക രോഗ ചികിത്സ ലഭ്യമാക്കുകയാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. മാനസികരോഗ ചികിത്സയിൽ കഴിയുകയും സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകന്നു കഴിയുകയും ചെയ്യുന്ന രോഗികളുടെ പുനരധിവാസത്തിനായി സമഗ്ര മാനസികാരോഗ്യ പരിപാടിയുടെ കീഴിൽ പകൽവീടുകൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം ജില്ലകളിൽ 3 വീതവും മറ്റ് ജില്ലകളിൽ 2 വീതവും കേന്ദ്രങ്ങൾ ഉൾപ്പെടെ ആകെ 34 പകൽവീടുകൾ പ്രവർത്തിക്കുന്നുണ്ട്. ടി കേന്ദ്രങ്ങളിൽ രോഗികൾക്കുള്ള മരുന്ന്, തുടർചികിത്സ, തൊഴിൽ പരിശീലനം, ഭക്ഷണം, മറ്റ് മനഃശാസ്ത്ര ചികിത്സകൾ എന്നിവ ലഭ്യമാക്കുന്നുണ്ട്. കൂടാതെ കുട്ടികളിലെ വൈകാരിക പെരുമാറ്റ പ്രശ്നങ്ങൾ, ലഹരി വസ്തുക്കളുടെ ഉപയോഗം, ആത്മഹത്യാ പ്രവണത എന്നിവ പരിഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും സ്കൂൾ മെന്റൽ ഹെൽത്ത് പ്രോഗ്രാമും സമഗ്രമാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി നടത്തിവരുന്നു. വിഷാദ രോഗമുള്ളവരെ കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആശ്വാസം എന്ന പേരിൽ വിഷാദ രോഗ ക്ലിനിക്കുകളും ആശമാരുടെ സേവനം ഉപയോഗിച്ച് മാനസിക പ്രശ്നങ്ങളും വൈകല്യങ്ങൾ ഉള്ളവരെ കണ്ടെത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളിലെത്തിച്ച് ചികിത്സ ലഭ്യമാക്കുന്ന "സമ്പൂർണ്ണ മാനസികാരോഗ്യ

പദ്ധതി" ഗർഭിണികളായ സ്ത്രീകൾക്കും പ്രസവാനന്തരം അമ്മമാർക്കും പ്രത്യേക മാനസികാരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി "അമ്മമനസ്സ്" , ആദിവാസി മേഖലകളിൽ കൂടുതലായി കണ്ടുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗവും കുട്ടികളിലെ മാനസിക പ്രശ്നങ്ങൾ, ആത്മഹത്യ എന്നിവ പരിഹരിക്കുന്നതിനായി "ട്രൈബൽ മെന്റൽ ഹെൽത്ത്," സമൂഹത്തിൽ ആത്മഹത്യാ നിരക്ക് കുറയ്ക്കുവാനും ആത്മഹത്യാ പ്രതിരോധത്തിനാവശ്യമായ അവബോധം സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ട് ആത്മഹത്യാ പ്രതിരോധ പദ്ധതി എന്നിവയും നടത്തിവരുന്നുണ്ട്. ലഹരി വസ്തുക്കൾക്ക് അടിമയായവരെ കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്നതിന് ആരോഗ്യവകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിൽ 20-ഉം എക്സൈസ് വകുപ്പിന്റെ സഹായത്തോടെ 14 -ഉം ലഹരി വിമുക്ത കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) മാനസികാരോഗ്യ പദ്ധതികൾ വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടുത്ത സാമ്പത്തിക വർഷം സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി 380 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ/ഗ്രാമ പഞ്ചായത്തുകളിൽക്കൂടി നടപ്പിലാക്കുന്നുണ്ട്. ഇതുവഴി കൂടുതൽ പേർക്ക് മാനസിക രോഗ ചികിത്സ അവരുടെ തൊട്ടടുത്ത കുടുംബാരോഗ്യകേന്ദ്രത്തിൽത്തന്നെ ലഭ്യമാക്കാൻ കഴിയും. കൂടാതെ നഗര പരിധിയിൽ മാനസികാരോഗ്യ പ്രശ്നങ്ങൾ അനുഭവിക്കുന്നവർക്കായി "അർബൻ മെന്റൽ ഹെൽത്ത്," ആഫീസുകൾ, കോളേജുകൾ എന്നിവിടങ്ങളിൽ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന്റെ ഭാഗമായി സ്ട്രസ്സ് മാനേജ്മെന്റ് പ്രോഗ്രാം എന്നിവ ഈ സാമ്പത്തികവർഷം ആരംഭിക്കുന്നുണ്ട്.

## തിരുവനന്തപുരം ജില്ലയിൽ ഹൃദ്യം പദ്ധതി

226(1827) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം ആശുപത്രികളിലാണ് ഹൃദ്യം പദ്ധതി പ്രകാരമുള്ള ചികിത്സ ആനുകൂല്യങ്ങൾ ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി കൂടുതൽ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ആശുപത്രികളായ ശ്രീചിത്ര ആശുപത്രി, ശ്രീ അവിട്ടം തിരുനാൾ ആശുപത്രി (SAT) എന്നിവ വഴി ഹൃദ്യം പദ്ധതി പ്രകാരമുള്ള ചികിത്സ ആനുകൂല്യങ്ങൾ ലഭ്യമാണ്.

(ബി) ജന്മനാലുള്ള ഹൃദ്രോഗം കണ്ടെത്തുന്ന ജനനം മുതൽ 18 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും ഹൃദ്യം പദ്ധതിവഴി സേവനം ലഭ്യമാണ്. ഇത്തരത്തിൽ ചികിത്സ സേവനങ്ങൾ ലഭിക്കണമെങ്കിൽ ഹൃദ്യം സൈറ്റിൽ രജിസ്റ്റർ ചെയ്ത് അതാത് ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററിന്റെ ഇടപെടൽ വഴി മാത്രമേ ചികിത്സ സേവനങ്ങൾ ലഭ്യമാകുകയുള്ളൂ. പദ്ധതിയിൽ രജിസ്റ്റർ ചെയ്യാതെ നേരിട്ട് ആശുപത്രികളെ സമീപിക്കുന്നവർക്ക് പദ്ധതിയുടെ ഗുണഫലം ലഭ്യമാകണമെന്നില്ല. പദ്ധതി APL/BPL ഭേദമെന്യേ എല്ലാ കേരളീയരായ 18 വയസ്സുവരെയുള്ള കുട്ടികൾക്കും ലഭ്യമാണ്.

(സി) ഈ പദ്ധതിയിലൂടെ സേവനങ്ങൾ കൂടുതൽ ആശുപത്രിയിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് സാങ്കേതികമായ പ്രശ്നങ്ങളുണ്ട്. ഇതിനാവശ്യമായ സൗകര്യങ്ങൾ നിലവിൽ ലഭ്യമല്ല. നിലവിലെ ആവശ്യങ്ങൾ അനുസരിച്ചുള്ള സേവനം ലഭ്യമായ സൗകര്യം അനുസരിച്ച് നൽകുവാൻ സാധിക്കുന്നുണ്ട്.

**ആർദ്രം പദ്ധതി**

227(1828) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ സ്ഥാപനങ്ങളിലാണ് ആർദ്രം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആർദ്രം പദ്ധതിക്കായി എത്ര കോടിരൂപ ആകെ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി)ആർദ്രം പദ്ധതിക്കായി ചെലവഴിച്ച തുക അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആർദ്രം പദ്ധതിയിലെ കുടുംബാരോഗ്യകേന്ദ്രങ്ങൾ

228(1830) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആർദ്രം പദ്ധതിയിലുൾപ്പെടുത്തി എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതിയിലുൾപ്പെടുത്തി പാലക്കാട് ജില്ലയിൽ എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയത്; ഏതെല്ലാമെന്ന് വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തുമ്പോൾ എന്തെല്ലാം അധിക സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാകുക എന്ന് വ്യക്തമാക്കാമോ;

(ഡി) കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തപ്പെട്ട എത്ര പി.എച്ച്.സി.-കൾ പ്രവർത്തനസജ്ജമായി എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളേയും രണ്ടാംഘട്ടത്തിൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളേയുമാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുവാൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.

(ബി) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പാലക്കാട് ജില്ലയിലെ 16 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളേയും രണ്ടാംഘട്ടത്തിൽ 45 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളേയുമാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താനായി തെരഞ്ഞെടുത്തിട്ടുള്ളത്. സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(സി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുമ്പോൾ ഇവിടങ്ങളിൽ ഡോക്ടർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ് എന്നീ തസ്തികകൾ അധികമായി സൃഷ്ടിച്ചും ലബോറട്ടറി സൗകര്യം ഒരുക്കി ലാബ് ടെക്നീഷ്യൻമാരുടെ തസ്തിക സൃഷ്ടിച്ചും ലാബ് സൗകര്യം അടക്കമുള്ള സേവനങ്ങൾ നൽകിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

• നഴ്സ് ഫ്രീ ചെക്കപ്പ്, എൻ.സി.ഡി. ക്ലിനിക്കുകൾ, ശ്വാസ്, ആശ്വാസ് ക്ലിനിക്കുകൾ തുടങ്ങിയവ വഴി ഈ സ്ഥാപനം വഴിയുള്ള സേവനങ്ങൾ വിപുലപ്പെടുത്തുന്നുണ്ട്.

• രോഗീസൗഹൃദമായ രീതിയിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി മെച്ചപ്പെട്ട രജിസ്ട്രേഷൻ കൗണ്ടറുകൾ ടോക്കൺ സിസ്റ്റം, സൗകര്യപ്രദമായ വെയിറ്റിംഗ് ഏരിയ, ഇരിപ്പിടങ്ങൾ, കുടിവെള്ളം, ഭിന്നശേഷി, സ്ത്രീ സൗഹൃദ ടോയ്‌ലറ്റ് സംവിധാനങ്ങൾ, ആരോഗ്യ ബോധവൽക്കരണ സംവിധാനങ്ങൾ എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്.

• ഒ.പി. പ്രവർത്തന സമയം 6.00 മണിവരെയാക്കി.

• കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ കീഴിലുള്ള ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും ഫീൽഡ്-തല പ്രവർത്തനങ്ങളും ശക്തിപ്പെടുത്തി വരുന്നു.

(ഡി) പാലക്കാട് ജില്ലയിൽ ആർദ്രത്തിന്റെ ഒന്നാംഘട്ടത്തിൽ പദവി ഉയർത്തിയ 16 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ 42 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 5 സ്ഥാപനങ്ങൾ (ആനക്കട്ടി, പുതുക്കോട്, പല്ലശ്ശന, മുതലമട, പെരുവെമ്പ്) പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ബാക്കിയുള്ള കേന്ദ്രങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പല ഘട്ടങ്ങളിലായി നടന്നുവരുന്നു.

**ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ**

229(1831) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഈ മണ്ഡലത്തിൽ എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്നും അവ ഏതെല്ലാം ആശുപത്രികളിലെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയ കരകുളം, തോന്നക്കൽ എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിലെ മാണിക്കൽ പ്രാഥമികാരോഗ്യകേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കി പരിവർത്തനം ചെയ്ത് കഴിഞ്ഞ മാസം ഉദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിച്ചു. വെമ്പായം പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന്റെ ഭാഗമായി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തങ്ങൾ പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ എല്ലാ സ്ഥാപനങ്ങളിലും നിലവിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെ ഒ.പി. വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ടി ആശുപത്രികളിൽ ശ്വാസ്, ആശ്വാസ് എന്നീ സേവനങ്ങളും നയനാമൃതം പദ്ധതിയും ലഭ്യമാണ്. ഇ-ഹെൽത്ത് സംവിധാനത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളിൽ ടോക്കൺ സിസ്റ്റം, അഡ്വാൻസ് ബുക്കിംഗ് സൗകര്യം എന്നിവയും 60 വയസ്സ് കഴിഞ്ഞവർക്ക് പ്രത്യേക കൗണ്ടറും ലഭ്യമാണ്.

(ബി) ആർദ്രം പദ്ധതി പ്രകാരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>കുടുംബാരോഗ്യ കേന്ദ്രം, കരകുളം.</u>

| | | |
|---|---|---|
| അസിസ്റ്റന്റ് സർജൻ | - | 1 |
| ഫാർമസിസ്റ്റ് | - | 1 |
| ലാബ് ടെക്നീഷ്യൻ | - | 1 |

2. <u>കുടുംബാരോഗ്യ കേന്ദ്രം, തോന്നയ്ക്കൽ.</u>

| | | |
|---|---|---|
| അസിസ്റ്റന്റ് സർജൻ | - | 1 |
| ഫാർമസിസ്റ്റ് | - | 1 |
| ലാബ് ടെക്നീഷ്യൻ | - | 1 |
| സ്റ്റാഫ് നഴ്സ് | - | 2 |

3. <u>കുടുംബാരോഗ്യ കേന്ദ്രം, വെമ്പായം.</u>

| | | |
|---|---|---|
| അസിസ്റ്റന്റ് സർജൻ | - | 1 |
| സ്റ്റാഫ് നഴ്സ് | - | 1 |

4. <u>കുടുംബാരോഗ്യ കേന്ദ്രം, മാണിക്കൽ.</u>

| | | |
|---|---|---|
| അസിസ്റ്റന്റ് സർജൻ | - | 1 |
| ലാബ് ടെക്നീഷ്യൻ | - | 1 |
| സ്റ്റാഫ് നഴ്സ് | - | 1 |

**ആർദ്രം പദ്ധതിയിൽപ്പെടുത്തിയ ഫാർമസിസ്റ്റുകളുടെ തസ്തിക**

230(1832) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിച്ചു; ഇതിനായി ഏതെല്ലാം വിഭാഗത്തിലുള്ള ജീവനക്കാരെ അധികമായി നിയമിച്ചു;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഫാർമസിസ്റ്റുകളുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്;

(സി) മരുന്നുകളുടെ ദുരുപയോഗവും ആന്റിബയോട്ടിക്കിന്റെ അശാസ്ത്രീയമായ ഉപയോഗവും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന കാലഘട്ടത്തിൽ മരുന്നുകളെ കുറിച്ച് ശാസ്ത്രീയമായി പഠിച്ച ഫാർമസിസ്റ്റുകളെ കൂടുതലായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുക്കുകയും ആയതിൽ പ്രളയബാധിതമായ രണ്ടെണ്ണം ഉൾപ്പെടെ 162 എണ്ണത്തിന്റെ പണികൾ പൂർത്തീകരിക്കുകയും 160 എണ്ണം കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരികയുംചെയ്യുന്നു. അടിസ്ഥാന സൗകര്യ കുറവുള്ള മറ്റുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പല ഘട്ടങ്ങളിലായി നടന്നുവരുന്നു. രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുക്കുകയും ആയതിൽ 107 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു. 200 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. മറ്റ് സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും വിവിധ ഘട്ടത്തിൽ നടന്നുവരുന്നു.

കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് സർജൻ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നീ തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയിൽ 150 ഫാർമസിസ്റ്റുമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

(സി) സ്ഥിര നിയമനങ്ങൾക്കുപുറമേ എൻ.എച്ച്.എം. വഴിയും പഞ്ചായത്തുകൾവഴിയും താൽക്കാലികാടിസ്ഥാനത്തിൽ ഫാർമസിസ്റ്റുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിയമിച്ചുവരുന്നുണ്ട്.

## കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ ആശുപത്രികൾ

231(1833) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷൻ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കി ഉയർത്തിയ റാന്നി നിയോജകമണ്ഡലത്തിലെ ഓരോ ആശുപത്രിയിലും എത്ര ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ ആശുപത്രികളിൽ ദിവസേന എത്ര മണിക്കൂർ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നുണ്ട്; എന്തൊക്കെ പുതിയ സൗകര്യങ്ങൾ ഇവിടെ ഏർപ്പെടുത്തി;

(സി) ഗ്രാമീണമേഖലയിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനവും ചികിത്സാസൗകര്യവും ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ സ്ഥാപനങ്ങളിലെ പി.എസ്.സി. മുഖേനയുള്ള ഡോക്ടർമാരുടെ സേവനം

1. കുടുംബാരോഗ്യ കേന്ദ്രം, കോട്ടാങ്ങൽ-4
2. കുടുംബാരോഗ്യ കേന്ദ്രം, വടശ്ശേരിക്കര-2

ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ സ്ഥാപനങ്ങളിലെ പി.എസ്.സി. മുഖേനയുള്ള ഡോക്ടർമാരുടെ സേവനം.

1. പ്രാഥമികാരോഗ്യ കേന്ദ്രം, ചെറുകോൽ-3
2. പ്രാഥമികാരോഗ്യ കേന്ദ്രം, എഴുമറ്റൂർ-3
3. പ്രാഥമികാരോഗ്യ കേന്ദ്രം, തെള്ളിയൂർ-3
4. സാമൂഹികാരോഗ്യ കേന്ദ്രം, വെച്ചൂച്ചിറ-3
5. പ്രാഥമികാരോഗ്യ കേന്ദ്രം, നാറാണംമൂഴി-2
6. പ്രാഥമികാരോഗ്യ കേന്ദ്രം, റാന്നി, പഴവങ്ങാടി-2

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ സ്ഥാപനങ്ങളിൽ നിലവിൽ 9 മണിക്കൂർ ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നുണ്ട്. ടി സ്ഥാപനങ്ങളിൽ ആർദ്രം മിഷൻവഴി താഴെപ്പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നു.

1. ഭൗതിക സൗകര്യ വർദ്ധനവിനായി

(എ) പ്രൈമറി വെയിറ്റിംഗ് ഏരിയാ എയർപോർട്ട് കസേരകളോടൊപ്പം.

(ബി) ജനസൗഹൃദ ഒ.പി. കൗണ്ടർ

(സി) സെക്കണ്ടറി വെയിറ്റിംഗ് ഏരിയ

(ഡി) 2 ഒ.പി. റൂമുകൾ

(ഇ) നഴ്സ് ഡ്യൂട്ടി റൂം, ഒബ്സർവേഷൻ, മുലയൂട്ടൽ, വാക്സിനേഷൻ മുറികൾ

(എഫ്) നഴ്സുമാരുടെ പ്രീ ചെക്കപ്പ് റൂമുകൾ

(ജി) സ്ത്രീ-ബാല-ഭിന്നശേഷി സൗഹൃദയ ടോയ്ലറ്റുകൾ

(എച്ച്) പ്രത്യേക വെയിറ്റിംഗ് ഏരിയയോടു കൂടിയ ലാബുകൾ

2. കുടുംബാരോഗ്യ കേന്ദ്രം സബ്സെന്ററുകളിൽ ആഴ്ചയിൽ 6 ദിവസം ക്ലിനിക്കുകൾ നടത്തിവരുന്നു.

3. കൂടുതൽ സേവനങ്ങൾക്കായി മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കുന്നു.

4. രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി., ലാബ് സേവനങ്ങൾ, റഫറൽ ബാക്ക് സൗകര്യം, കൗൺസിലിംഗ്, റീഹാബിലിറ്റേഷൻ & പാലിയേറ്റീവ് സർവ്വീസ്, പ്രിവന്റീവ്/പ്രൊമോട്ടിവ് ഹെൽത്ത് ഉറപ്പാക്കാനുള്ള സേവനങ്ങൾ, ശ്വാസ് ക്ലിനിക്, ആശ്വാസ് ക്ലിനിക്കുകൾ, മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നു.

(സി) കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള എല്ലാ സേവനങ്ങളും നൽകാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഉറപ്പാക്കുകയും ആവശ്യമുള്ള മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് എന്നിവരെ ലഭ്യമല്ലാത്ത ഇടങ്ങളിൽ പഞ്ചായത്തുകൾ വഴി ടി ജീവനക്കാരെ താൽക്കാലികമായി നിയമിക്കുന്നുമുണ്ട്.

**കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

232(1834) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഇതുവരെ എത്ര പി.എച്ച്.സി.കളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി വികസിപ്പിച്ചിട്ടുള്ളത്; കുടുംബാരോഗ്യകേന്ദ്രങ്ങളിൽ എത്ര തസ്തികകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് മൊത്തം എത്ര പി.എച്ച്.സി.കളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) കുടുംബാരോഗ്യകേന്ദ്രങ്ങളിലെ പ്രവർത്തന സമയം പുനഃക്രമീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുക്കുകയും ആയതിൽ പ്രളയബാധിതമായ രണ്ടെണ്ണം ഉൾപ്പെടെ 162 എണ്ണത്തിന്റെ പണികൾ പൂർത്തീകരിക്കുകയും 160 എണ്ണം കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു. അടിസ്ഥാന സൗകര്യ കുറവുള്ള മറ്റുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുത്ത് ആയതിൽ 107 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. 200 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. മറ്റ് സ്ഥാപനങ്ങളുടെ

നിർമ്മാണ പ്രവർത്തനങ്ങളും ഡി.പി.ആർ. തയ്യാറാക്കലും തുടർ പ്രവർത്തനങ്ങളും വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ അസിസ്റ്റന്റ് സർജൻ-170, സ്റ്റാഫ് നഴ്സ് ഗ്രേഡ്-II-340, ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II-170, ഫാർമസിസ്റ്റ് -150 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 400 അസിസ്റ്റന്റ് സർജൻ, 400 സ്റ്റാഫ് നഴ്സ്, 200 ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ വിവിധ കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കായി സൃഷ്ടിച്ചിട്ടുണ്ട്.

(ബി) രണ്ട് ഘട്ടങ്ങളിലായി ആർദ്രം പദ്ധതി പ്രകാരം 674 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിന് ഉത്തരവായിട്ടുണ്ട്. ബാക്കിയുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ എൻ.എച്ച്.എം.-ന്റെ PIP-ൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പൂർണ്ണതോതിൽ പ്രവർത്തനസജ്ജമായ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന സമയം തിങ്കൾ മുതൽ ശനി വരെ രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെയും 1.30 മുതൽ 6 മണി വരെയും ഞായറാഴ്ച രാവിലെ 9 മണി മുതൽ 1.30 വരെയുമായി പുനഃക്രമീകരിച്ചിട്ടുണ്ട്.

**ആലപ്പുഴ മെഡിക്കൽ കോളേജിന്റെ വികസനം**

233(1835) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) വാഹനാപകടത്തിൽ പരിക്കേറ്റവർ നിരന്തരം വന്നുകൊണ്ടിരിക്കുന്ന ആലപ്പുഴ മെഡിക്കൽ കോളേജിൽ ന്യൂറോ സർജൻ ഉൾപ്പെടെയുള്ള പ്രധാന ഡോക്ടർമാരുടെ അഭാവം രാത്രിയിൽ ഉണ്ടെന്നുള്ള പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ; അറിയിക്കാമോ;

(സി) ഇവ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, കാർഡിയോതൊറാസിക് സർജറി, ന്യൂറോളജി, ന്യൂറോ സർജറി, ഗ്യാസ്ട്രോ എന്ററോളജി, നെഫ്രോളജി,

യൂറോളജി എന്നിവയ്ക്കുവേണ്ടിയുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. നബാർഡിന്റെ സഹായത്തോടെയുള്ള ഒ & ജി ബ്ലോക്കിന്റെയും സമഗ്ര ട്രോമാ കെയർ യൂണിറ്റിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കാൻസർ കെയർ സ്ഥാപിക്കുന്നതിനായി നിർദ്ദേശിച്ച സ്ഥലത്ത് ചുറ്റുമതിൽ നിർമ്മാണം, റോഡ് വികസനം എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പുതിയ സി.ടി. സ്കാൻ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു.

(ബി&സി) ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ ന്യൂറോ സർജൻമാരുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്. ന്യൂറോ സർജറി വിഭാഗം 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. ഡ്യൂട്ടി ന്യൂറോ സർജൻമാർ രാത്രിയും പകലും എല്ലാ എമർജൻസി കേസ്സുകളും കൈകാര്യം ചെയ്യുകയും ചെയ്യുന്നു.

**പരിയാരം സർക്കാർ ആയുർവ്വേദ കോളേജ്**

234(1836) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ പരിയാരം സർക്കാർ ആയുർവ്വേദ കോളേജിൽ ഇപ്പോൾ നടന്നു വരുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്നും പ്രവൃത്തികൾ എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കുമോ;

(ബി) ഈ വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത കോളേജിന്റെ പ്രവൃത്തികൾക്ക് എത്ര ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ സർക്കാർ ആയുർവ്വേദ കോളേജിൽ ചുവടെ കൊടുത്തിരിക്കുന്ന നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ നടന്നുവരുന്നുണ്ട്.

1) സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി

- സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനവും കൺസൾട്ടന്റുമായ എച്ച്.എൽ.എൽ. ഹൈറ്റ്സ് മുഖാന്തരം ഓപ്പറേഷൻ തിയേറ്റർ, ലേബർ റൂം, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, ഒബ്സർവേഷൻ മുറി എന്നിവ സജ്ജീകരിക്കൽ, രണ്ടാം നിലയിലുള്ള ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ, എം.ജി.പി.എസ്. മുറിയുടെ നിർമ്മാണം, രണ്ടാം നിലയിലുള്ള മറ്റ്

നിർമ്മാണ പ്രവൃത്തികൾ എന്നിവ നടന്നുവരുന്നു. ഈ പ്രവൃത്തികൾ മൂന്ന് മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

- സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടത്തിന്റെ 1, 3 നിലകളുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം മുഖാന്തരം നടന്നുവരുന്നു. ഈ പ്രവൃത്തികൾ ആറ് മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

- സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടത്തിൽ റാമ്പ് നിർമ്മാണം, മുറ്റം ഇന്റർ ലോക്കിംഗ് ചെയ്യുന്ന പ്രവൃത്തി എന്നിവയ്ക്ക് പൊതുമരാമത്ത് കെട്ടിട വിഭാഗം ടെണ്ടർ ക്ഷണിക്കുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ഉത്തരവ് ബന്ധപ്പെട്ട കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്.

2) ലേഡീസ് ഹോസ്റ്റൽ

കണ്ണൂർ സർക്കാർ ആയുർവ്വേദ കോളേജിനുവേണ്ടി പെൺകുട്ടികളുടെ പുതിയ ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തി 7 മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കണ്ണൂർ സർക്കാർ ആയുർവ്വേദ കേളേജിനുവേണ്ടി മൂലധന ശീർഷകമായ 4210-03-101-93 എന്ന ശീർഷകത്തിൽ കെട്ടിട നിർമ്മാണത്തിന് വേണ്ടി രണ്ട് കോടിരൂപ അനുവദിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിക്കുവേണ്ടി അനുവദിച്ച തുക അപര്യാപ്തമായതിനാൽ അക്കാദമിക് ബ്ലോക്ക് നിർമ്മാണം, പെൺകുട്ടികളുടെ ഹോസ്റ്റലിന്റെ തുടർ നിർമ്മാണ പ്രവൃത്തികൾ എന്നിവയ്ക്കുവേണ്ടി 25 കോടിരൂപകൂടി അനുവദിക്കണമെന്ന് സബ്ജക്ട് കമ്മിറ്റിക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

**മെഡിക്കൽ വിജിലൻസ് രൂപീകരണം**

235(1837) ശ്രീ. എം. ഉമ്മർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിച്ചിട്ടുണ്ടെങ്കിലും പലരും സ്വകാര്യ പ്രാക്ടീസ് നടത്തുന്നുണ്ടെന്ന പരാതി ഉണ്ടായിട്ടുണ്ടോ;

(ബി) ഇത്തരം പരാതികൾ നിരീക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും മെഡിക്കൽ വിജിലൻസ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**മെഡിക്കൽ കോളേജുകളിലെ നിയമനങ്ങൾ**

236(1839) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ അനുവദിച്ച തസ്തികകളിലല്ലാതെ നടക്കുന്ന നിയമനങ്ങളിൽ സംവരണം പാലിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി അല്ലാതെ 2010 ജനുവരി മുതൽ നാളിതുവരെ ഓരോ മെഡിക്കൽ കോളേജിലും എത്ര നിയമനങ്ങൾ നടന്നിട്ടുണ്ടെന്നുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ സർക്കാരിന്റെ അംഗീകാരമുള്ള എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമെന്നും എത്ര അർദ്ധ സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ആശുപത്രി വികസനസമിതികൾ വഴി ഓരോ മെഡിക്കൽ കോളേജിലും 2010 ജനുവരി മുതൽ നടത്തിയ നിയമനങ്ങൾ എത്രയെന്നും ഈ നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടില്ലെന്ന പരാതി പരിശോധിക്കുമോയെന്നും ആവശ്യമായ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

(ഇ) മെഡിക്കൽ കോളേജ് (സൂപ്പർ സ്പെഷ്യാലിറ്റി) ആശുപത്രികളിലെ ക്ലീനിംഗ്, നഴ്സിംഗ് അസിസ്റ്റന്റ് ജോലികൾ ഏതെങ്കിലും ഏജൻസികൾ വഴിയാണോ നടത്തുന്നതെന്നും ഇപ്രകാരം സ്വകാര്യ ഏജൻസികൾ വഴി സേവനം നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്നും സംസ്ഥാനത്ത് എത്ര മെഡിക്കൽ കോളേജുകളിൽ ഇത്തരത്തിൽ സ്വകാര്യ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവർക്ക് 2010 ജനുവരി മുതൽ നൽകിയ തുക എത്രയെന്നും വ്യക്തമാക്കുമോ;

(എഫ്) സർക്കാർ മെഡിക്കൽ കോളേജുകളിലെ ഫാർമസികളിൽ രോഗികൾക്കാവശ്യമായ മരുന്ന് സ്റ്റോക്ക് ചെയ്യുന്നില്ലെന്ന പരാതി പരിശോധിക്കുമോയെന്നും സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ എത്ര ഫാർമസിസ്റ്റുകൾ നിലവിലുണ്ടെന്നും ഇതിൽ പി.എസ്.സി. വഴി നിയമനം കിട്ടിയവർ എത്രയെന്നും ആശുപത്രി വികസന സമിതി നിയമിച്ചവർ എത്രയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

**റാന്നി താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം**

237(1841) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നൽകിയ പ്രൊപ്പോസലിന്മേലുള്ള നടപടികൾ എന്തായെന്നും നടപടികൾ പൂർത്തിയാക്കി എന്നത്തേയ്ക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നുമുള്ള വിവരങ്ങൾ വിശദീകരിക്കാമോ;

(ബി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏതുഘട്ടം വരെയായി; എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കുക;

(സി) സ്ഥലം ഏറ്റെടുക്കൽ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) റാന്നി താലൂക്കാശുപത്രിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2019-20 ബഡ്ജറ്റിൽ ഉൾപ്പെടുത്തി 2 കോടിരൂപ അനുവദിക്കണമെന്ന് ശ്രീ. രാജു എബ്രഹാം, എം.എൽ.എ.-യുടെ നിവേദനം ലഭ്യമായിരുന്നു. ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസറോട് കെട്ടിട നിർമ്മാണത്തിന്റെ ആവശ്യകതയും കെട്ടിടത്തിൽ ഏർപ്പെടുത്തേണ്ട സൗകര്യങ്ങളും സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) റാന്നി താലൂക്കാശുപത്രിയുടെ വികസനത്തിനായി റാന്നി താലൂക്കിലെ റാന്നി വില്ലേജിൽ സർവ്വെ നം.6/5-ലുള്ള 30 സെന്റ് സ്ഥലവും 64/5 സർവ്വെ നമ്പറിലെ 21.5 സെന്റ് സ്ഥലവും ഏറ്റെടുക്കണമെന്നും ടി ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ ഫണ്ട് റാന്നി ബ്ലോക്ക് പഞ്ചായത്തിലോ ആശുപത്രിയിലോ ഇല്ലായെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചതിനെ തുടർന്ന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## ജില്ലാ ആശുപത്രികൾ മെച്ചപ്പെടുത്തുന്നതിന് നടപടി

238(1842) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ ജില്ലാ ആശുപത്രികളെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകും വിധം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി സൃഷ്ടിക്കപ്പെട്ട പുതിയ തസ്തികകളുടെ വിശദാംശങ്ങൾ നൽകാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത ജില്ലാ ആശുപത്രികളിൽ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ സമഗ്ര വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ട ജില്ലാ ആശുപത്രികളുടെ പദ്ധതികൾ അംഗീകരിക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ കാത്ത് ലാബ് സൗകര്യം, ഡയാലിസിസ് യൂണിറ്റ് എന്നിവയും കിഫ്ബി പദ്ധതി മുഖേന അനുവദിച്ചു. സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി വിഭാഗം തസ്തികകൾ ജില്ലാ ആശുപത്രികളിൽ സൃഷ്ടിച്ച് നിയമനം നടത്തിവരുന്നു. കൂടാതെ പ്ലാൻ ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കുന്ന ഫണ്ട് തുടങ്ങിയവ ഉപയോഗപ്പെടുത്തി വിവിധങ്ങളായ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജില്ലാ ആശുപത്രികളിലായി സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മണലൂർ മണ്ഡലത്തിലെ ആശുപത്രിയുടെയും ക്വാർട്ടേഴ്സിന്റെയും നിർമ്മാണം

239(1843) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ ക്വാർട്ടേഴ്സ് നിർമ്മാണം (പ്രൈസ് ഐ.ഡി.നമ്പർ ബി.എൽ/2019/5062), മുല്ലശ്ശേരി ഗവണ്മെന്റ് ആയുർവേദ ആശുപത്രിക്ക് കെട്ടിട നിർമ്മാണം (പ്രൈസ് ഐ.ഡി. നമ്പർ ബി.എൽ/2017/6201) എന്നീ പ്രവൃത്തികൾക്ക് വേണ്ടി ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിൻസ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിൻമേൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ ക്വാർട്ടേഴ്സ് നിർമ്മാണത്തിന് പ്രൈസ് ഐ.ഡി.നമ്പർ ബി.എൻ/2019/5062 നമ്പറായി എസ്റ്റിമേറ്റ് ചാവക്കാട് പൊതുമരാമത്ത് അധികാരികൾ തയ്യാറാക്കി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിക്ക് നിർമ്മാണ പ്രവൃത്തികൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

## സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം

240(1845) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ കടുത്ത മരുന്നുക്ഷാമം ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(സി) മരുന്നു കമ്പനികൾക്ക് കുടിശ്ശിക നൽകാനുണ്ടോ എന്നും എങ്കിൽ കുടിശ്ശിക തുക എത്രയെന്നും വ്യക്തമാക്കാമോ;

(ഡി) സാമ്പത്തിക വർഷത്തിലെ അവസാനപാദത്തിൽ നൽകേണ്ട ഇരുപത്തഞ്ച്ശതമാനം സ്റ്റോക്ക് കമ്പനികൾ എത്തിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഇ) അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോയെന്നും കരാറിൽ ഒപ്പിടാൻ എല്ലാ കമ്പനികളും സന്നദ്ധമാണോ എന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്. 2020 ഫെബ്രുവരി മാസം 29-ാം തീയതി വരെയുള്ള കണക്കനുസരിച്ച് 186.42 കോടിരൂപ മരുന്ന് വിതരണം ചെയ്തവകയിൽ മരുന്നുകമ്പനികൾക്ക് നൽകാനുണ്ട്. കുടിശ്ശിക തുക ഘട്ടംഘട്ടമായി നൽകിവരുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ഈ സാമ്പത്തിക വർഷത്തിലെ അവസാനപാദ വിതരണത്തിനായി 80.54 കോടിരൂപയുടെ വിതരണോത്തരവ് നൽകുകയും ഇതിൽ 62.33 കോടിരൂപയുടെ മരുന്നുകൾ ജില്ലാ മരുന്ന് സംഭരണശാലകളിൽ ലഭ്യമാകുകയും ആശുപത്രികൾക്ക് വിതരണം നട<u>ത്തു</u>കയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 18.21 കോടിരൂപയുടെ മരുന്നുകളുടെ വിതരണം മാർച്ച് മാസത്തിൽ പൂർത്തിയാക്കുകയും ചെയ്യുന്നതാണ്.

ഈ സാമ്പത്തിക വർഷം സംസ്ഥാന സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന് (കെ.എസ്.ഡി.പി.) 67.97 കോടിരൂപയുടെ വിതരണ ഉത്തരവുകൾ നൽകിയതിൽ 20.29 കോടിരൂപയുടെ മരുന്നുകൾ കൂടി ലഭിക്കാനുണ്ട്. ഈ മാർച്ച് മാസത്തിനുള്ളിൽ വിതരണം ചെയ്യുമെന്ന് കെ.എസ്.ഡി.പി. അറിയിച്ചിട്ടുണ്ട്.

(ഇ) 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് മരുന്ന് വിതരണത്തിനുള്ള ദർഘാസ് നടപടികൾ പൂർത്തിയാക്കി. 2020 ഫെബ്രുവരി അവസാന വാരം ലെറ്റർ ഓഫ് ഇൻഡന്റ് കമ്പനികൾ നൽകിക്കഴിഞ്ഞു. ലെറ്റർ ഓഫ് ഇൻഡന്റ് നൽകിയ കമ്പനികളൊന്നും എഗ്രിമെന്റ് ഒപ്പിടുന്നതിൽ വിമുഖത അറിയിച്ചിട്ടില്ല.

## ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റികൾ

241(1846) ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യകേന്ദ്രങ്ങൾ, താലൂക്ക്, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രി, കണ്ണാശുപത്രി എന്നിവയുടെ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ഒരു വർഷത്തിൽ എത്ര തവണ യോഗം ചേരണമെന്ന് വ്യക്തമാക്കാമോ;

(ബി) വട്ടിയൂർക്കാവ് മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ ആശുപത്രിയിലും ജനറൽ ആശുപത്രിയിലും കണ്ണാശുപത്രിയിലും രൂപീകരിച്ചിട്ടുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ 2019-20 കാലയളവിൽ എത്ര തവണ യോഗം ചേർന്നിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ കൂടുതൽ ജനകീയമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ കഴിയുകയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ യോഗം മൂന്ന് മാസത്തിലൊരിക്കൽ കൂടേണ്ടതാണ്.

(ബി) 2019-20 കാലയളവിൽ വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഉൾപ്പെടെ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ 4 തവണയും പേരൂർക്കട ജില്ലാ ആശുപത്രിയിൽ 3 തവണയും വട്ടിയൂർക്കാവ്, ചെട്ടിവിളാകം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഓരോ തവണയും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ യോഗം ചേർന്നിട്ടുണ്ട്. കൂടാതെ ടി കാലയളവിൽ തിരുവനന്തപുരം കണ്ണാശുപത്രിയിൽ 2 ആശുപത്രി വികസന സമിതി യോഗങ്ങളും അതിന്റെ 5 സബ് കമ്മിറ്റി യോഗങ്ങളും കൂടിയിട്ടുണ്ട്.

(സി) ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ ചെയർപേഴ്സൺ ആയുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളിൽ കൂടുതൽ ജനകീയമാക്കേണ്ടതാണെങ്കിൽ അതാത് കമ്മിറ്റികളിൽത്തന്നെ വേണ്ട തീരുമാനങ്ങൾ നിലവിലുള്ള വ്യവസ്ഥകൾക്കകത്തുനിന്നുകൊണ്ട് കൈക്കൊള്ളാൻ കഴിയുന്നതാണ്.

## തിരുവനന്തപുരം കണ്ണാശുപത്രി കെട്ടിട സമുച്ചയം

242(1847) ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കണ്ണാശുപത്രിയിൽ പുതിയ കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തിട്ടുണ്ടെങ്കിലും പൂർണ്ണ തോതിൽ പ്രയോജനപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ ഈ കെട്ടിട സുമച്ചയം പൂർണ്ണമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) കണ്ണാശുപത്രിയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്;

(സി) കണ്ണാശുപത്രിയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) തിരുവനന്തപുരം കണ്ണാശുപത്രിയിൽ പുതിയതായി നിർമ്മിച്ച കെട്ടിടം തിരക്കേറിയ പി.ഡബ്ല്യു.ഡി.റോഡിന്റെ എതിർവശത്താണെന്നത് രോഗികൾക്ക് ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതിനാൽ പഴയ കെട്ടിടവും പുതിയ കെട്ടിടവും തമ്മിൽ ബന്ധിപ്പിക്കുന്ന ഫുട് ഓവർ ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് പദ്ധതി ഏറ്റെടുക്കുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) തിരുവനന്തപുരം കണ്ണാശുപത്രിയിലെ പുതിയ കെട്ടിടത്തിന്റെ 3 നിലകൾ നിലവിൽ പ്രവർത്തനസജ്ജമാണ്. ഈ മൂന്ന് നിലകളിലായി ഒ.പി. രജിസ്ട്രേഷൻ, റഫറൽ ഒ.പി., ഫാർമസി, മൈനർ പ്രോസീജിയർ റൂമുകൾ, സ്പെഷ്യാലിറ്റി ക്ലിനിക്കുകളായ കോർനിയ ക്ലിനിക്ക്, പീഡിയാട്രിക് ഓഫ്താൽമിക് ക്ലിനിക്, സ്ക്വിന്റ് ക്ലിനിക്, ഗ്ലക്കോമ ക്ലിനിക് മുതലായവ ആധുനിക ഉപകരണങ്ങളോടുകൂടി സജ്ജമാക്കിയിട്ടുണ്ട്. ബാക്കിയുള്ള 3 നിലകളിലെ ഫാൾസ് റൂഫിംഗ്, ഉൾപ്പെടെയുള്ള അവസാനഘട്ട ജോലികൾക്കായി ഒന്നരക്കോടിരൂപയുടെ അനുമതി നൽകുകയും പി.ഡബ്ല്യു.ഡി. വിഭാഗം ഇതിനായി ടെണ്ടർ വിളിച്ച് വർക്ക് അവാർഡ് ചെയ്തതായി അറിയിച്ചിട്ടുമുണ്ട്. ടെണ്ടർ പ്രകാരമുള്ള പ്രവൃത്തികൾ അടുത്ത ദിവസങ്ങളിൽത്തന്നെ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കണ്ണാശുപത്രിയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നേത്രസംബന്ധമായ ചികിത്സകൾക്കായി എത്തുന്ന രോഗികൾക്ക് വിദഗ്ദ്ധ സേവനം ലഭ്യമാക്കുന്നതിലേയ്ക്ക് പുതിയ കെട്ടിടം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഡോക്ടർമാരുടേതുൾപ്പെടെ 92 തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഭിന്നശേഷിക്കാർക്കായി പ്രത്യേക ടോയ്‌ലറ്റ് നിർമ്മിച്ചിട്ടുണ്ട്. രോഗികൾക്കായ കസേരകളും സജ്ജമാക്കിയിട്ടുണ്ട്. ആവശ്യമായ ഫർണിച്ചറുകളും ആധുനിക ഉപകരണങ്ങളും സജ്ജമാക്കിയിട്ടുണ്ട്.

(സി) കണ്ണാശുപത്രിയിൽ പഠിക്കുന്ന പി.ജി. വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. എന്നാൽ ബി.എസ്.സി. ഒപ്റ്റോമെട്രി വിദ്യാർത്ഥികൾക്ക് സ്ഥാപനത്തിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പാരാമെഡിക്കൽ കോഴ്സിൽ ഉൾപ്പെട്ടിട്ടുള്ള കണ്ണാശുപത്രിയിലെ ബി.എസ്.സി. ഒപ്റ്റോമെട്രി വിദ്യാർത്ഥികൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കണമെന്നുള്ള ആവശ്യത്തിന്മേൽ പുതിയ പാരാമെഡിക്കൽ ഹോസ്റ്റൽ പൂർത്തിയാകുന്നമുറയ്ക്ക് പരിഗണിക്കാമെന്ന് ധാരണയായിട്ടുണ്ട്.

(ഡി) ഇപ്പോൾ സർക്കാരിന്റെ പരിഗണയിലില്ല.

## എളവള്ളി ഫാമിലി ഹെൽത്ത് സെന്ററിന് ചുറ്റുമതിൽ

243(1849) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എളവള്ളി ഫാമിലി ഹെൽത്ത് സെന്ററിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി എം.എൽ.എ.യുടെ പ്രത്യേക വികസന നിധി (എസ്.ഡി.എഫ്.)-യിൽനിന്നും എത്ര തുക അനുവദിച്ചു എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) എളവള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി മണലൂർ എം.എൽ.എ.-യുടെ LAC-SDF പദ്ധതി പ്രകാരം 9 ലക്ഷംരൂപ അനുവദിച്ചിട്ടുണ്ട്.

(ബി) എളവള്ളി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ചുറ്റുമതിലുമായി ബന്ധപ്പെട്ട് ടി സ്ഥാപനത്തിന്റെ സ്ഥലത്തുനിന്നും വഴിയായി ഉപയോഗിക്കുന്നതിനും പൊതുമരാമത്ത് വകുപ്പിന്റെ റോഡിനായും എത്ര സെന്റ് സ്ഥലം എടുത്തിട്ടുണ്ട് എന്നുള്ള റിപ്പോർട്ടും ലഭ്യമാക്കുവാനും സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് നൽകുവാനും ചാവക്കാട് തഹസിൽദാർ മുഖേന ചാവക്കാട് താലൂക്ക് സർവ്വേയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി

244(1850) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗ ആശുപത്രിയിലെ മുഴുവൻ വിഭാഗങ്ങളേയും ഒരു കെട്ടിട സമുച്ചയത്തിൻ കീഴിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; നിലവിൽ ആയത് ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ നൂറ് ഏക്കറോളം വരുന്ന സ്ഥലത്ത് ആരോഗ്യ മേഖലയിൽ ഒരു പ്രധാന പ്രോജക്ട് അനുവദിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. ജി.ഒ.(ആർ.റ്റി.)നം.2502/19/ആകുവ. തീയതി 19-10-2019 പ്രകാരം നബാർഡ് പദ്ധതിയിലുൾപ്പെടുത്തി കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ മുഴുവൻ വിഭാഗങ്ങളെയും ഒരു കെട്ടിട സമുച്ചയത്തിന് കീഴിലാക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തിക്ക് ഭാരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ സർവ്വേ കഴിഞ്ഞെങ്കിലും ഡിസൈൻ പൂർത്തീകരിച്ചിട്ടില്ല.

(ബി) നിലവിൽ ഇവിടെ ആരോഗ്യ വകുപ്പിന്റെ മനുഷ്യ വിഭവശേഷി ഇൻസ്റ്റിറ്റ്യൂട്ട് (ട്രെയിനിംഗ് സെന്റർ) പണികൾ പൂർത്തീകരിച്ചുവരുന്നു.

## പീരുമേട് മണ്ഡലത്തിലെ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം

245(1851) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പീരുമേട് നിയോജക മണ്ഡലത്തിൽ സർക്കാർ മേഖലയിലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ നടപ്പാക്കുവാൻ കഴിഞ്ഞിട്ടുള്ള വികസന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ , പദ്ധതിയുടെ പേര് , അനുവദിച്ച തുക , പദ്ധതിയുടെ പുരോഗതി എന്നീ ക്രമത്തിൽ ഇനം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പീരുമേട് നിയോജക മണ്ഡലത്തിൽ സർക്കാർ മേഖലയിലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

## പുല്ലുവിള സി.എച്ച്.സി. ആശുപത്രി സ്റ്റാഫ്

246(1852) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജക മണ്ഡലത്തിലെ പുല്ലുവിള സി.എച്ച്.സി. ആശുപത്രിയിൽ സി.എച്ച്.സി.-യിൽ ഉള്ള സാങ്ഷൻഡ് പോസ്റ്റ് പ്രകാരം ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; സാധാരണ ഒരു സി.എച്ച്.സി.-യിൽ ഉണ്ടാകേണ്ട സ്റ്റാഫ് സ്ട്രെങ്ത് വ്യക്തമാക്കാമോ;

(ബി) നിലവിൽ പുല്ലുവിള സി.എച്ച്.സി.-യിലെ സ്റ്റാഫ് സ്ട്രെങ്ത് വ്യക്തമാക്കുമോ;

(സി) പുല്ലുവിള പോലെ നാനൂറിന് മുകളിൽ ഒ.പി.യും മുപ്പതിന് മുകളിൽ ഐ.പി.യും ഉള്ള തീരദേശ സി.എച്ച്.സി.-യിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ 1961-ലെ സ്റ്റാഫ് പാറ്റേണാണ് നിലനിൽക്കുന്നത്. അതിനുശേഷം ആരോഗ്യ രംഗത്ത് ആധുനികമായ പല ചികിത്സാ സമ്പ്രദായങ്ങളും ഏർപ്പെടുത്തുകയും സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 6-11-2008-ലെ ജി.ഒ.(എംഎസ്.)നമ്പർ 568/2008 പ്രകാരം (സ്റ്റാൻഡേർഡൈസേഷൻ) സ്റ്റാഫ് സ്ട്രെങ്ത് ഭേദഗതി ചെയ്തുവെങ്കിലും അതിനനുസരിച്ച് തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. നിലവിൽ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സ്റ്റാഫ് പാറ്റേണിലുള്ള മാറ്റങ്ങളടക്കം സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകി വരുന്നത്. ആയതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളെ രോഗീ സൗഹൃദമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചികിത്സാ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയായ 'ആർദ്രം പദ്ധതി' മികച്ച രീതിയിൽ പുരോഗമിച്ചുവരികയാണ്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് നിയമനം നടത്തി വരികയാണ്. ആർദ്രം മാനദണ്ഡപ്രകാരം സി.എച്ച്.സി.-കളുടെ അടിസ്ഥാന സൗകര്യങ്ങളും സ്റ്റാഫ് പാറ്റേണും ഏകീകരിക്കുന്നതിന് പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പുല്ലുവിള സി.എച്ച്.സി.-യിലെ നിലവിലുള്ള സ്റ്റാഫ് സ്ട്രെങ്ത് അനുബന്ധമായി ചേർക്കുന്നു.*

(സി) പുല്ലുവിള സി.എച്ച്.സി.-യിലെ ക്ലർക്ക്-1, ക്ലർക്ക്-ടൈപ്പിസ്റ്റ്-1, ജെ.പി.എച്ച്.എൻ.-1, പി.റ്റി.എസ്.-1, രണ്ടാം ഗ്രേഡ് ആശുപത്രി അറ്റൻഡർ-1, ഒഴിവുകൾ നിലവിലുണ്ട്. പി.റ്റി.എസ്., ക്ലർക്ക്, രണ്ടാം ഗ്രേഡ് ആശുപത്രി അറ്റൻഡർ എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ക്ലർക്ക്-ടൈപ്പിസ്റ്റ്, ജെ.പി.എച്ച്.എൻ. എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ആലത്തൂർ താലൂക്ക് ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

247(1853) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ എന്തെല്ലാം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കി എന്നറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആർദ്രം പദ്ധതിയുടെ ഭാഗമായി മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തെരഞ്ഞെടുത്ത താലൂക്ക് ആസ്ഥാന ആശുപത്രികളുടെ പട്ടികയിൽ ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയെയും തെരഞ്ഞെടുത്തിട്ടുണ്ട്. ടി ആശുപത്രിയിൽ താഴെ പറയുന്ന അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. സ്റ്റാഫ് നേഴ്സ്-2
2. ലാബ് ടെക്നീഷ്യൻ-1
3. ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക്-1
4. ജൂനിയർ കൺസൾട്ടന്റ് ഒ&ജി-1
5. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-4
6. ഇ.സി.ജി. ടെക്നീഷ്യൻ-1
7. ഡെന്റൽ മെക്കാനിക്ക്-1
8. മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ-1

കൂടാതെ കിഫ്ബി ഫണ്ടുപയോഗിച്ച് ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനത്തിനായി കെട്ടിടം നിർമ്മിക്കുകയും കെ.എം.എസ്.സി.എൽ. മുഖാന്തരം ഉപകരണങ്ങളും മറ്റും ഇൻസ്റ്റാൾ ചെയ്യാനുള്ള നടപടികൾ നടന്നു വരുകയും ചെയ്യുന്നു.

**ആലത്തൂർ താലൂക്ക് ആശുപത്രിയിലെ അസിസ്റ്റന്റ് സർജൻ**

248(1854) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തിക വർഷങ്ങളായി ഒഴിച്ചിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗികളുടെ പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അസിസ്റ്റന്റ് സർജൻ ഉൾപ്പെടെയുള്ള ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ ആലത്തൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ഒഴിവുകൾ ഒന്നും തന്നെയില്ല.

(ബി) ആലത്തൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ ഒന്നുംതന്നെ നിലവിലില്ല.

**പാണക്കാട് ഹെൽത്ത് സെന്റർ നിർമ്മാണം**

249(1855) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിൽ മലപ്പുറം നഗരസഭയിലെ പാണക്കാട് ഹെൽത്ത് സെന്ററിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ചാമക്കയത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ഇരുപത്തഞ്ച് സെന്റ് ഭൂമി പദ്ധതിക്ക് അനുയോജ്യമാണോ എന്ന് വ്യക്തമാക്കുമോ;

(സി) ഭൂമി ലഭിക്കുന്നതിന് ആരോഗ്യ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഇടപെടലുകൾ നടത്തുമോ;

(ഡി) പാണക്കാട് ഹെൽത്ത് സെന്ററിന് സ്വന്തം കെട്ടിടം നിർമ്മിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പാണക്കാട് പ്രവർത്തിക്കുന്ന ആരോഗ്യ കേന്ദ്രം നഗരസഭയ്ക്ക് അനുവദിച്ച നഗരാരോഗ്യ ദൗത്യത്തിനുകീഴിൽ പ്രവർത്തിക്കുന്ന നഗരാരോഗ്യ കേന്ദ്രമാണ്. ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചതായി നഗരസഭയിൽനിന്നും അറിയിപ്പ് ലഭിച്ചിട്ടില്ല.

(സി&ഡി) നഗരാരോഗ്യ കേന്ദ്രത്തിന്റെ നിലവിലെ ശോചനീയാവസ്ഥ മനസ്സിലാക്കി സ്വന്തം സ്ഥലവും കെട്ടിടവും നഗരാരോഗ്യ കേന്ദ്രത്തിന് അനുവദിക്കുന്നതിനായി ദേശീയ ആരോഗ്യ ദൗത്യവും ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയും നഗരസഭയെ സമീപിച്ചിട്ടുണ്ട്.

**പൂത്തോട്ട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

250(*T1856) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ പൂത്തോട്ട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പ്രവർത്തനത്തിന് എന്നാണ് ഭരണാനുമതി ലഭ്യമായത് എന്നും പ്രവൃത്തി കരാറിൽ ഏർപ്പെട്ട തീയതി എന്നാണെന്നും കരാർ കാലാവധി എത്രയാണെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ;

(സി) എത്ര നാളായി ഈ നിർമ്മാണം മുടങ്ങിയിട്ട് എന്ന് അറിയിക്കുമോ;

(ഡി) ഈ സ്ഥിതിക്ക് ഉത്തരവാദിയായ കരാറുകാരനെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ തീയതി സഹിതം അറിയിക്കുമോ;

(ഇ) പ്രസ്തുത നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വന്നതിനുള്ള കാരണമെന്താണെന്നും ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതും വ്യക്തമാക്കുമോ;

(എഫ്) ഈ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ പൂത്തോട്ട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ശ്രീ. എം. സ്വരാജ് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിലവിലുള്ള കെട്ടിടത്തിന് മുകളിൽ ഒരു നില വാർഡ് നിർമ്മിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർ 28-5-2018-ലെ ഉത്തരവ് പ്രകാരം 45 ലക്ഷംരൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനെ നിർവ്വഹണ ഏജൻസിയായി ചുമതല പ്പെടുത്തിയിട്ടുണ്ട്. 14-11-2018 തീയതിയിലെ കോർപ്പറേഷന്റെ കരാർ പ്രകാരം കോൺട്രാക്ടറായ ശ്രീ. ബേസിൽ പി. എബ്രഹാമിനെ നിർമ്മാണം ഏൽപ്പിച്ചിട്ടുണ്ട്. കരാർ കാലാവധി 6 മാസമാണ്.

(ബി) ബ്ലോക്ക് വർക്ക്, ലിന്റൽ വർക്ക് നിലവിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 2019 മേയ് മാസം അവസാന ആഴ്ച മുതൽ പ്രവൃത്തി മുടങ്ങിയിരിക്കുകയാണ്.

(ഡി) പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കണമെന്ന് അറിയിച്ചുകൊണ്ട് നിരവധി തവണ കത്ത് നൽകിയിരുന്നുവെങ്കിലും പണി ആരംഭിക്കാത്ത സാഹചര്യത്തിൽ ടിയാളുടെ കരാർ ഉടമ്പടി റദ്ദാക്കുമെന്നറിയിച്ചുകൊണ്ട് 13-2-2020-ന് നോട്ടീസ് നൽകിയിട്ടുണ്ട്.

(ഇ) ടി പ്രവൃത്തിയുടെ 10,33,296 രൂപയുടെ പാർട്ട് ബിൽ പാസ്സാക്കി 22-5-2019-ന് തുക അനുവദിക്കുന്നതിനായി എറണാകുളം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നെങ്കിലും അവിടെ സ്വീകരിക്കാതെ മടക്കിയതിനെത്തുടർന്ന് 10-6-2019-ന് ഫിഷറീസ് ഡയറക്ടർ വഴി സമർപ്പിക്കുന്നതിനുവേണ്ടി നൽകിയിരുന്നു. എന്നാൽ ഭരണാനുമതി ലഭിച്ചത് ഫിഷറീസ് ഡയറക്ടർ വഴി അല്ലാത്തതിനാൽ ബിൽ മടക്കി നൽകി. തുടർന്ന് 3-7-2019-ന് ടി ബിൽ മത്സ്യബന്ധന തുറമുഖ വകുപ്പിലേയ്ക്കും ആയതിന്റെ അഡ്വാൻസ് കോപ്പി ധനകാര്യ വകുപ്പിലേയ്ക്കും സമർപ്പിച്ചിരുന്നു. തുടർന്ന് ഫിഷറീസ് വകുപ്പിൽനിന്നും ആവശ്യപ്പെട്ട അധിക വിവരങ്ങൾകൂടി ഉൾപ്പെടുത്തി KSCADC മത്സ്യബന്ധന തുറമുഖ വകുപ്പിന് ലഭ്യമാക്കിയ പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പരിഗണനയിലാണ്.

(എഫ്) ടി പ്രവൃത്തി പുനരാരംഭിച്ച് 4 മാസത്തിനകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

### നിലമ്പൂർ ജില്ലാ ആശുപത്രിയിലെ നേത്ര വിഭാഗം ഡോക്ടർമാർ

251(1857) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ല ആശുപത്രിയിൽ നേത്ര വിഭാഗം ഡോക്ടർ അവധിയിൽ പോയതിനെത്തുടർന്ന് നേത്ര ശസ്ത്രക്രിയ മുടങ്ങിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നേത്ര ശസ്ത്രക്രിയ പുനരാരംഭിക്കുന്നതിന് നേത്ര വിഭാഗം ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ഈ ആശുപത്രിയിൽ ഏതെല്ലാം വിഭാഗങ്ങളിലാണ് ഡോക്ടർമാരുടെ ഒഴിവുള്ളത്; ആയത് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം നിലമ്പൂർ മണ്ഡലത്തിൽ ജില്ലാ ആശുപത്രിയിലടക്കം ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളും പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളും വിശദമാക്കാമോ?

ഉത്തരം

(എ&ബി) മൈനർ ശസ്ത്രക്രിയ നടന്നുവരുന്നുണ്ട്. പരിശീലനം ലഭിച്ച ഡോക്ടർ അവധിയിലായതിനാൽ നിലവിലുള്ള ഡോക്ടർക്ക് പരിശീലനം നൽകി ശസ്ത്രക്രിയ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്പെഷ്യാലിറ്റി വിഭാഗത്തിൽ അനസ്തേഷ്യ വിഭാഗം കൺസൾട്ടന്റ് തസ്തികയിലും ജനറൽ വിഭാഗത്തിൽ ആർ.എം.ഒ., സി.എം.ഒ. എന്നീ തസ്തികയിലും ഓരോ ഒഴിവ് വീതമുണ്ട്. ആയവ സ്ഥാനക്കയറ്റം, സ്ഥലംമാറ്റം എന്നിവ മുഖേനയും പി.എസ്.സി. മുഖേനയും നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലമ്പൂർ ജില്ലാ ആശുപത്രിയിലടക്കം ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശം ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മാവേലിക്കര മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

252(1858) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

മാവേലിക്കര മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. കുടുംബാരോഗ്യ കേന്ദ്രം, പാലമേൽ

ആർദ്രം ഒന്നാം ഘട്ടത്തിൽ അനുവദിക്കപ്പെട്ട കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനം കഴിഞ്ഞു. നിലവിൽ പൂർണ്ണമായി പ്രവർത്തനം നടത്തിവരുന്നു. ഇവിടെ 1 ഡോക്ടർ, 2 സ്റ്റാഫ് നഴ്സ്, 1 ഫാർമസിസ്റ്റ്, 1 ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. കുടുംബാരോഗ്യ കേന്ദ്രം, നൂറനാട്

ആർദ്രം രണ്ടാം ഘട്ടത്തിൽ അനുവദിച്ച ടി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ 75% പണികൾ പൂർത്തീകരിച്ചു. എൻ.എച്ച്.എം. മുഖേന 15.5 ലക്ഷംരൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത് മുഖേന 3.46 ലക്ഷംരൂപ ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

3. കുടുംബാരോഗ്യ കേന്ദ്രം, താമരക്കുളം

ആർദ്രം രണ്ടാം ഘട്ടത്തിൽ ഉയർത്തിയ ടി കേന്ദ്രത്തിന്റെ 70% പണികൾ പൂർത്തീകരിച്ചു. എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു. ഇവിടെ ഡോക്ടർ-1, ലാബ് ടെക്നീഷ്യൻ-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

4. കുടുംബാരോഗ്യ കേന്ദ്രം, വള്ളികുന്നം

ആർദ്രം രണ്ടാം ഘട്ടത്തിൽ ഉയർത്തിയ ടി കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഇവിടെ സായാഹ്ന ഒ.പി. പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഐ.പി. പ്രവർത്തനമുണ്ട്. ലാബ് സൗകര്യം ഉടനെ ആരംഭിക്കുന്നതാണ്.

5. കുടുംബാരോഗ്യ കേന്ദ്രം, തഴക്കര

ആർദ്രം രണ്ടാം ഘട്ടത്തിൽ ഉയർത്തിയ ടി കേന്ദ്രത്തിലെ സിവിൽ വർക്ക് ആരംഭിച്ചിട്ടുണ്ട്. ഇവിടെ ഡോക്ടർ-1, സ്റ്റാഫ് നഴ്സ്-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

## പള്ളുരുത്തി താലൂക്ക് ആശുപത്രി കോമ്പൗണ്ടിലെ കെട്ടിടം

253(1859) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീമെറ്റ് കോളേജ് ഓഫ് നഴ്സിംഗിലെ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സൗകര്യം തൃപ്പൂണിത്തുറയിലേയ്ക്ക് മാറ്റിയതോടെ ഉപയോഗ ശൂന്യമായി കിടക്കുന്ന പള്ളുരുത്തി താലൂക്ക് ആശുപത്രി കോമ്പൗണ്ടിലെ കെട്ടിടവും അനുബന്ധസ്ഥലവും ആശുപത്രിയുടെ വികസനത്തിനായി ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ആരുടെ പേരിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കെട്ടിടത്തിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സീമെറ്റ് നഴ്സിംഗ് കോളേജിലെ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ പ്രവർത്തിച്ചിരുന്ന കെട്ടിടവും അനുബന്ധ സ്ഥലവും ആശുപത്രിക്കുവേണ്ടി ഏറ്റെടുക്കുന്നതിനുള്ള നടപടി ആശുപത്രി സൂപ്രണ്ട് നഗരസഭ മുഖേന കൈക്കൊണ്ടുവരുന്നു.

(സി) ആശുപത്രി കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിലാണ്.

(ഡി) ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

## പെരുവള്ളൂർ ആയുർവ്വേദ ഡിസ്പെൻസറി കെട്ടിട നിർമ്മാണം

254(1860) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവള്ളൂർ ആയുർവേദ ഡിസ്പെൻസറി കെട്ടിട നിർമ്മാണത്തിന് വേണ്ടി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ; പ്രസ്തുത ഉത്തരവിൽ ഹെഡ് ഓഫ് അക്കൗണ്ട് രേഖപ്പെടുത്തിയിരുന്നുവോ; ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) എത്രരൂപയുടെ പ്രവൃത്തിക്കുള്ള ഭരണാനുമതിയാണ് നൽകിയതെന്നും ആരാണ് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചതെന്നും വ്യക്തമാക്കാമോ;

(സി) ഹെഡ് ഓഫ് അക്കൗണ്ട് ഉൾപ്പെടുത്തി ഭരണാനുമതി ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) ഈ വിഷയത്തിൽ ആയുഷ് വകുപ്പിന്റെ എ 1/70/ നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ-ഡി) മലപ്പുറം ജില്ലയിലെ പെരുവള്ളൂർ സർക്കാർ ആയുർവ്വേദ ഡിസ്പെൻസറിയുടെ കെട്ടിട നിർമ്മാണത്തിനായി അമ്പത് ലക്ഷംരൂപയുടെ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 2018-19-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം-II (മരാമത്ത് പണികളുടെ വിശദവിവരങ്ങൾ) വാല്യം -II ഭാഗം-II (ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ) പ്രസ്തുത പ്രവൃത്തിക്ക് ടോക്കൺ പ്രൊവിഷനായി 100 രൂപ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ എന്നതിനാലും സർക്കാരിൽനിന്നും ഭരണാനുമതിയും ഫണ്ടും ലഭ്യമാകേണ്ടതുണ്ടെന്നതിനാലും ശീർഷകം രേഖപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിലും പ്രസ്തുത നടപടിത്തീർപ്പിന് സാധുതയില്ലാത്തതിനാൽ ആയത് റദ്ദ് ചെയ്തിട്ടുള്ളതാണ്.

ഹെഡ് ഓഫ് അക്കൗണ്ട് ഉൾപ്പെടുത്തി ഭരണാനുമതി ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനം തുടർ നടപടി സ്വീകരിക്കുന്നതിനായി എ 1/70/2020/ആയുഷ് നമ്പർ കത്ത് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

## കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ സ്റ്റാഫ് പാറ്റേൺ

255(1862) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ സ്റ്റാഫ് പാറ്റേൺ എങ്ങനെയാണെന്ന് വെളിപ്പെടുത്താമോ;

(സി) വള്ളിക്കുന്ന് മണ്ഡലത്തിലെ പെരുവള്ളൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാർ ഉൾപ്പെടെ എത്ര സ്ഥിരം ജീവനക്കാർ പ്രവർത്തിക്കുന്നുണ്ടെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പെരുവള്ളൂർ സി.എച്ച്.സി.യിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിൽ 21 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. താനൂർ
2. വളവന്നൂർ (കുടുംബാരോഗ്യ കേന്ദ്രമായി തെരഞ്ഞെടുത്തിട്ടുണ്ട്.)
3. തവനൂർ (കുടുംബാരോഗ്യ കേന്ദ്രമായി തെരഞ്ഞെടുത്തിട്ടുണ്ട്.)
4. എടപ്പാൾ
5. ചുങ്കത്തറ
6. വേങ്ങര
7. കാളികാവ്
8. മേലാറ്റൂർ
9. കരുവാരക്കുണ്ട്
10. നെടുവ
11. വെട്ടം
12. പുറത്തൂർ
13. പെരുവള്ളൂർ
14. ഓമാനൂർ
15. ഊർങ്ങാട്ടിരി
16. പുഴക്കാട്ടിരി (കുടുംബാരോഗ്യ കേന്ദ്രമായി തെരഞ്ഞെടുത്തിട്ടുണ്ട്.)
17. മങ്കട
18. മാറഞ്ചേരി
19. എടവണ്ണ
20. കോട്ടയ്ക്കൽ (കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി.)
21. കുഴിമണ്ണ (ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി)

(ബി) ആരോഗ്യ വകുപ്പിലെ 1961-ലെ സ്റ്റാഫ് പാറ്റേൺ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളിൽ ഐ.പി. വിഭാഗം കിടക്കകളുടെ എണ്ണം മാത്രം ആസ്പദമാക്കിയിട്ടുള്ളതാണ്. 1961-ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിനുശേഷം ആരോഗ്യ രംഗത്ത് ആധുനികവും നൂതനവുമായ ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. അതിനുശേഷം 2008-ൽ ഉത്തരവ് ഭേദഗതി വരുത്തിയിട്ടുണ്ട്.

നിലവിൽ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സ്റ്റാഫ് പാറ്റേണിലുള്ള മാറ്റങ്ങളടക്കം സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകി വരുന്നത്. ആയതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളെ രോഗീ സൗഹൃദമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ചികിത്സാ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയായ ആർദ്രം പദ്ധതി മികച്ച രീതിയിൽ പുരോഗമിച്ചു വരികയാണ്.

(സി&ഡി) വിശദാംശം ചുവടെ ചേർക്കുന്നു

അസിസ്റ്റന്റ് സർജൻ-2

ക്ലർക്ക്-1

സ്റ്റാഫ് നഴ്സ്-1

ലാബ് ടെക്നീഷ്യൻ-1

നഴ്സിംഗ് അസിസ്റ്റന്റ്-1

ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-II-2 (1 ഒഴിവ്)

ഡ്രൈവർ-1

പാർട്ട് ടൈം സ്വീപ്പർ-1

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ-2

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്-5

സ്ഥിര ജീവനക്കാർക്ക് പുറമെ എൻ.എച്ച്.എം. മുഖേന ഡോക്ടർ-1, ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ്-1, ഫിസിയോതെറാപ്പിസ്റ്റ്-1, സ്റ്റാഫ് നഴ്സ് (സെക്കണ്ടറി പാലിയേറ്റീവ്)-1 എന്നിവരെയും തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് മുഖേന ഡോക്ടർ-2, ഫാർമസിസ്റ്റ്-1, സ്റ്റാഫ് നഴ്സ്-1 എന്നിവരെയും താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

## പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ പോസ്റ്റുമോർട്ടം നടപടികൾ

256(1863) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ഔട്ട്പേഷ്യന്റ് വിഭാഗത്തിൽ ചികിത്സയിലിരിക്കെ രോഗം മൂർച്ഛിച്ച് വീട്ടിൽ വച്ചോ ആശുപത്രിയിലേയ്ക്കുള്ള യാത്രാമദ്ധ്യേയോ മരണപ്പെടുന്നവരെ ആശുപത്രി അധികൃതർ പോസ്റ്റുമോർട്ടം നടപടികൾക്ക് വിധേയമാക്കിയതിന് ശേഷം മാത്രമേ മൃതശരീരം ബന്ധുക്കൾക്ക് വിട്ടുനൽകാറുള്ളൂവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുരുതരരോഗം ബാധിച്ച് മരണപ്പെടുന്ന രോഗികളെ പോസ്റ്റുമോർട്ടം നടത്തുന്നതിന് ഇത്തരത്തിൽ ആവശ്യപ്പെടുന്നത് കാരണം ആശുപത്രി അധികൃതരും മരണപ്പെടുന്നവരുടെ ബന്ധുക്കളും തമ്മിൽ പലപ്പോഴും തർക്കങ്ങൾക്ക് കാരണമാകാറുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ തർക്കങ്ങൾ ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ;

(സി) കഴിഞ്ഞ മൂന്ന് മാസത്തിനിടയിൽ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ എത്ര പോസ്റ്റുമോർട്ടങ്ങൾ നടത്തിയിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ; എത്ര പോസ്റ്റുമോർട്ടങ്ങളാണ് ജില്ലാ ആശുപത്രിയിൽനിന്നും മഞ്ചേരി മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്തിട്ടുള്ളത്; ഈ സാഹചര്യത്തിന് കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) പോസ്റ്റുമോർട്ടം നടപടികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടായിട്ടും പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽനിന്നും മഞ്ചേരി മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുന്നതുമൂലം മരണപ്പെടുന്നവരുടെ ബന്ധുക്കൾക്കുണ്ടാവുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഒരു ഗവൺമെന്റ് ആശുപത്രിയിൽ മരിച്ച നിലയിലോ രോഗനിർണ്ണയം നടത്തുന്നതിനുമുമ്പ് രോഗി മരണപ്പെടുകയോ ചെയ്യുന്ന സാഹചര്യമുണ്ടായാൽ ആ വിവരം പോലീസിൽ അറിയിക്കേണ്ട ബാധ്യത അറ്റൻഡ് ചെയ്ത ഡോക്ടർക്കുണ്ട്. പിന്നീട് സാഹചര്യങ്ങൾ അന്വേഷിച്ചശേഷം മൃതദേഹം വിട്ടുകൊടുക്കണോ എന്ന് തീരുമാനിക്കേണ്ടത് ഡോക്ടർമാരല്ല. പോലീസ് പോസ്റ്റ്മോർട്ടം വേണ്ട എന്ന് നിർദ്ദേശിച്ച് എഴുതിയാൽ മൃതദേഹം വിട്ടുകൊടുക്കുന്നതിൽ തടസ്സമില്ല.

(ബി) മരണകാരണം സംശയാസ്പദമാണെങ്കിൽ മേൽനടപടിക്കായി പോലീസിനെ അറിയിക്കുകയും അല്ലാത്തപക്ഷം മൃതദേഹം ബന്ധുക്കൾക്ക് കൈമാറുകയും ചെയ്യുന്നു.

(സി&ഡി) ജില്ലാ ആശുപത്രി പെരിന്തൽമണ്ണയിൽ പോസ്റ്റ്മോർട്ടം നടത്തിയ കേസുകൾ - 50, റഫർ ചെയ്ത കേസുകൾ -13. Medico Legal Code പ്രകാരം സംശയമുള്ളതും Inquest report-ൽ മരണകാരണം അറിവാകാത്തതും മജിസ്ട്രേറ്റ് ഇൻക്വസ്റ്റ് നടത്തിയതും ഡോക്ടർക്ക് മറ്റേതെങ്കിലും രീതിയിൽ സംശയമുള്ളതുമായ കേസുകൾ Forensic Surgeon പോസ്റ്റ്മോർട്ടം ചെയ്യണമെന്നാണ് നിയമം. നിലവിൽ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ Forensic Surgeon ഇല്ലാത്തതിനാൽ അങ്ങനെയുള്ള സാഹചര്യങ്ങളിൽ ചുരുക്കം ചില കേസുകൾ റഫർ ചെയ്യാറുണ്ട്.

## തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ്

257(1864) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിന്റെ ഉദ്ഘാടനം മാസങ്ങൾ മുമ്പെ കഴിഞ്ഞിട്ടും യൂണിറ്റ് പ്രവർത്തനം ആരംഭിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ ഡയാലിസ് സെന്റർ എന്നു മുതൽ പ്രവർത്തിച്ചു തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഡയാലിസിസ് ചികിത്സ ലഭ്യമാക്കുവാൻ ആവശ്യമുള്ള ഉപകരണങ്ങൾ വിതരണം ചെയ്ത് ഡയാലിസിസ് സെന്റർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അനുവദിച്ച ജനറേറ്റർ, വിതരണ കമ്പനി ലഭ്യമാക്കിയിട്ടില്ല. അതുകൊണ്ടുതന്നെ തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് ചികിത്സ ആരംഭിച്ചിട്ടില്ല.

(ബി) 2020 ഏപ്രിൽ മാസം മുതൽ ഈ സെന്റർ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ആശാ വർക്കർമാരുടെ സേവനം

258(1865) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശാവർക്കർമാർ മുഖേന എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നു എന്നറിയിക്കുമോ;

(ബി) ഇവരുടെ സേവനം സംസ്ഥാനത്ത് എല്ലായിടങ്ങളിലും ലഭ്യമാണോയെന്ന് വ്യക്തമാക്കുമോ;

(സി) ഇവരുടെ പ്രവർത്തനം കൂടുതൽ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ ആശാപദ്ധതി 2007 മുതൽ നടപ്പിലാക്കിവരുന്നു. സമൂഹത്തെ, പ്രത്യേകിച്ച് ദുർബല ജനവിഭാഗങ്ങൾക്ക് ലഭ്യമായ ആരോഗ്യ സേനവങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുകയും അത്തരം സേവനങ്ങൾ നേടിയെടുക്കാൻ ജനങ്ങളെ സഹായിക്കുകയും അവകാശങ്ങൾ സംരക്ഷിക്കാൻ അവരോടൊപ്പം പ്രവർത്തിക്കുകയും ചെയ്യുകയാണ് ആശാ പ്രവർത്തകരുടെ പ്രധാന ഉത്തരവാദിത്വം. മാതൃ-ശിശു സംരക്ഷണം ഉറപ്പാക്കുക, പ്രാഥമിക വൈദ്യസഹായം എത്തിക്കുക, അനുബന്ധ സ്ഥാപനങ്ങളുമായി ചേർന്ന് താഴെത്തട്ടിലുള്ളവർക്ക് സേവനം ഉറപ്പാക്കുക, പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾ, കൊതുക നിവാരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുക, പ്രാദേശിക ആരോഗ്യ പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ വാർഡ് ആരോഗ്യ-ശുചിത്വ കമ്മിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുക, ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക, പകർച്ചവ്യാധികൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമൊപ്പം ജീവിത ശൈലീരോഗങ്ങൾ സാന്ത്വന ശുശ്രൂഷ, സാമൂഹിക പങ്കാളിത്തത്തോടെയുള്ള മാനസികാരോഗ്യ പരിപാടി തുടങ്ങിയവയാണ് ആശാ പ്രവർത്തകരുടെ പ്രധാന പ്രവർത്തനങ്ങൾ.

(ബി) കേരളത്തിൽ 27080 ആശാ പ്രവർത്തകരാണ് പ്രവർത്തിച്ചു വരുന്നത്. മുമ്പ് 1000 ജനങ്ങൾക്ക് ഒരു ആശ എന്ന നിലയിലായിരുന്നത് ഇപ്പോൾ ഒരു വാർഡിന് ഒരു ആശ എന്ന നിലയിൽ പുനഃക്രമീകരണം ചെയ്ത് കേരളത്തിലെ എല്ലാ വാർഡുകളിലും ആശമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(സി) ആശ പ്രവർത്തകരെ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിനും സമയാസമയങ്ങളിലുള്ള ഉത്തരവുകളും പുതിയ പ്രവർത്തനങ്ങളും നിലവിലുള്ള പ്രവർത്തനങ്ങളിലെ മാറ്റങ്ങളും അറിയിക്കുന്നതിനുമായി ഓരോ പി.എച്ച്.സി/

സി.എച്ച്.സി./ജില്ല/ജനറൽ/താലൂക്ക് ആശുപത്രികളിൽനിന്നും (ഓരോ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) ഒരു ആശാ പ്രവർത്തകയെ വീതം പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതലത്തിൽ പ്രതിമാസ അവലോകന യോഗം ജില്ലാ ആശാ കോർഡിനേറ്ററുടെ ഉത്തരവാദിത്വത്തിൽ നടന്നുവരുന്നു. ഇത് ജില്ലയിലെ ആശമാരുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകരമാണ്. കൂടാതെ ആശമാരെ വാർഡുതല കോ-ഓർഡിനേറ്റർമാരായും ചുമതല പ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ പ്രവർത്തിക്കുന്നതുമൂലം ആശമാരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് കൂടുതൽ ലഭ്യമായിക്കൊണ്ടിരിക്കുന്നു.

## ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട്

259(1866) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ നിന്ന് വിരമിച്ച അബ്ദുൽ സലാം എന്നയാൾക്ക് അർഹതപ്പെട്ട തുക തിരിച്ചുനൽകുന്നത് സംബന്ധിച്ച് H1/281/2018/H&FWD ഫയലിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഏത് തീയതിയിലാണ് റിപ്പോർട്ട് ആവശ്യപ്പെട്ട് കത്തയച്ചിട്ടുള്ളത്;

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ ഇതു സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇക്കാര്യത്തിൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം വരാനിടയായ കാരണങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിലേയ്ക്ക് അയച്ച ശ്രീ. അബ്ദുൾ സലാമിന്റെ പ്രൊപ്പോസലിന്മേൽ, വിശദമായ റിപ്പോർട്ടും കണ്ടെത്തലുകളും ശിപാർശ സഹിതം ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിക്കൊണ്ടാണ് പ്രസ്തുത പ്രൊപ്പോസൽ 26-10-2018 തീയതിയിലെ എച്ച്1/281/2018- ഹെൽത്ത് നമ്പർ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് മടക്കി നൽകിയിട്ടുള്ളത്.

(ബി) കോഴിക്കോട് ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ എക്സ്റേ അറ്റൻഡറായി ജോലി നോക്കിയിരുന്ന ശ്രീ. അബ്ദുൾ സലാമിന് മേൽ കാലയളവിലുള്ള അഡ്വാൻസ് ഇൻക്രിമെന്റ് കൂടാതെയുള്ള സമയബന്ധിത ഹയർഗ്രേഡ് പാസ്സാക്കി നൽകിയത് അക്കൗണ്ടന്റ് ജനറൽ നിരസിക്കുകയുണ്ടായി. അക്കൗണ്ടന്റ് ജനറലിന്റെ ഈ ഓഡിറ്റ് തടസ്സവാദം നീക്കി തനിക്ക് സർവ്വീസ് ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നുള്ള ടിയാന്റെ അപേക്ഷ 28-06-2018

തീയതിയിലെ ഇ.എഫ്.1-41251/2018/ആ.വ.ഡ. നമ്പർ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ 26.10.2018 തീയതിയിലെ എച്ച്1/281/2018-ഹെൽത്ത് നമ്പർ കത്ത് പ്രകാരം ശ്രീ. അബ്ദുൾ സലാമിന്റെ അപേക്ഷ സംബന്ധിച്ച് വിശദമായ റിപ്പോർട്ടും കണ്ടെത്തലുകളും ശിപാർശ സഹിതം ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ ടിയാന്റെ പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് മടക്കി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രൊപ്പോസലിന്മേലുള്ള വിശദമായ റിപ്പോർട്ട് നൽകുന്നതിനായി കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസിലേയ്ക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്.

## സി.എച്ച്.സി.-കളിലെ സ്റ്റാഫ് പാറ്റേൺ

260(1867) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എച്ച്.സി.-കളിൽ സ്റ്റാഫ് പാറ്റേൺ ഏകീകരിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വിവരം നൽകുമോ;

(ബി) ഇതുസംബന്ധിച്ച നിലവിലെ ഉത്തരവ് നടപ്പിലാക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) ആരോഗ്യ വകുപ്പിലെ 1961-ലെ സ്റ്റാഫ് പാറ്റേൺ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളിലെ ഐ.പി. വിഭാഗം കിടക്കകളുടെ എണ്ണം മാത്രം ആസ്പദമാക്കിയിട്ടുള്ളതാണ്. 1961-ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിന് ശേഷം ആരോഗ്യ രംഗത്ത് ആധുനികവും നൂതനവുമായ ചികിത്സാവിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. അതിനുശേഷം 2008-ൽ ഈ ഉത്തരവ് ഭേദഗതി വരുത്തിയിട്ടുണ്ട്. നിലവിൽ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സ്റ്റാഫ് പാറ്റേണിലുള്ള മാറ്റങ്ങളടക്കം സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകി വരുന്നത്. ആയതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളെ രോഗീ സൗഹൃദമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ തസ്തിക സൃഷ്ടിച്ച് ചികിത്സാ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയായ ആർദ്രം പദ്ധതി മികച്ച രീതിയിൽ പുരോഗമിച്ചുവരുന്നു. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് നിയമനം നടത്തി വരികയാണ്.

## ഡോക്ടർമാർക്ക് ദീർഘകാല അവധി

261(1868) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരോഗ്യ വകുപ്പിൽ എത്ര ഡോക്ടർമാർക്ക് ദീർഘകാല അവധി അനുവദിച്ചു; വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇതിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എത്ര ഡോക്ടർമാർക്ക് അവധി അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഇത്തരത്തിൽ ദീർഘകാല അവധി അനുവദിക്കുന്നത് സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇത്തരത്തിൽ ദീർഘകാല അവധി അനുവദിക്കുമ്പോൾ പകരമായി ഈ തസ്തികകളിൽ ഏത് രീതിയിലാണ് ഡോക്ടർമാരെ നിയമിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരോഗ്യ വകുപ്പിൽ 268 ഡോക്ടർമാർക്കും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 18 ഡോക്ടർമാർക്കും ശൂന്യവേതനാവധി അനുവദിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പി.എസ്.സി. മുഖേനയുള്ള നിയമനം, സ്ഥാനക്കയറ്റം, എന്നിവയിലൂടെയാണ് പ്രസ്തുത തസ്തികകളിൽ ഡോക്ടർമാരെ നിയമിക്കുന്നത്. പി.എസ്.സി. 'NAC' നൽകുന്നപക്ഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ കരാറടിസ്ഥാനത്തിലോ താൽക്കാലിക നിയമനം നടത്തി ഒഴിവുകൾ നികത്തുന്നു.

## ഡെന്റൽ സർജന്മാരുടെ തസ്തിക

262(1869) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെന്റൽ സർജന്മാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യവകുപ്പിൽ ഏതെല്ലാം വിഭാഗങ്ങളിൽ എത്ര വീതം പുതിയ തസ്തികകൾ സൃഷ്ടിച്ചു; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ദന്തൽ വിഭാഗത്തിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള സമഗ്ര ശിപാർശയിൽ അസിസ്റ്റന്റ് ദന്തൽ സർജൻ തസ്തികയും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൻ കീഴിൽ നാളിതുവരെ വിവിധ വിഭാഗങ്ങളിലായി 3159 തസ്തികകൾ സൃഷ്ടിച്ചു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഡെന്റൽ സർജന്മാരുടെ തസ്തിക

263(1870) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഡെന്റൽ സർജന്മാരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ദന്തൽ സർജന്മാരില്ലാത്ത താലൂക്കാശുപത്രികളിലും ബ്ലോക്ക്തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ദന്തൽ അസിസ്റ്റന്റ് സർജൻമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സമർപ്പിക്കപ്പെട്ട ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ദന്തൽ സർജന്മാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനായി സമർപ്പിക്കപ്പെട്ട ശിപാർശയിന്മേൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്പെഷ്യാലിറ്റി കേഡറിലെ ഡോക്ടർമാരുടെ സേവനം

264(1871) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ഏതൊക്കെ വിഭാഗത്തിലാണ് സ്പെഷ്യാലിറ്റി കേഡറിൽ ഉള്ള ഡോക്ടർമാരുടെ സേവനം നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) ഗൈനക്കോളജി ജൂനിയർ കൺസൽറ്റന്റ് തസ്തിക സീനിയർ കൺസൽറ്റന്റ് ആയി ഉയർത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ സ്പെഷ്യാലിറ്റി വിഭാഗത്തിൽ താഴെ പറയുന്ന വിഭാഗങ്ങളിൽ ഡോക്ടർമാരുടെ സേവനം നിലവിലുണ്ട്.

1. ജനറൽ മെഡിസിൻ
2. ജനറൽ സർജറി
3. ഓർത്തോപീഡിക്സ്
4. ഡെർമറ്റോളജി
5. അനസ്തേഷ്യ
6. ഗൈനക്കോളജി
7. പീഡിയാട്രിക്സ്
8. ഇ.എൻ.റ്റി.
9. ഫോറൻസിക് മെഡിസിൻ
10. ഡെന്റൽ
11. ഒഫ്ത്താൽമോളജി
12. ബ്ലഡ് ബാങ്ക്/ക്ലിനിക്കൽ ലാബ്
13. പി.എം.ആർ.

14. റേഡിയോ തെറാപ്പി/റേഡിയോ ഡയഗ്നോസിസ്

15. സൈക്യാട്രി

(ബി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യത്തിന്റെ ഗുണനിലവാരം**

265(1872) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ വിൽപ്പനയ്ക്ക് എത്തിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം അതിർത്തികളിൽവച്ച് പരിശോധിക്കുന്നതിനും വിഷമയമായവ നശിപ്പിക്കുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും സംസ്ഥാനാതിർത്തികളിൽ സ്ഥിരം സംവിധാനമുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി ഈ സംവിധാനം ഒരുക്കുമോ;

(ബി) അതിർത്തി കടന്ന് സംസ്ഥാനത്ത് വിഷമയമായ മത്സ്യം വിൽപ്പനയ്ക്ക് എത്തിക്കുന്നത് വ്യാപകമാകുന്ന സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) അയൽ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽ വിൽപ്പനയ്ക്ക് എത്തിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം അതിർത്തികളിൽവച്ച് പരിശോധിക്കുന്നതിന് സ്ഥിരം സംവിധാനം നിലവിലില്ല. എന്നാൽ അന്യസംസ്ഥാനത്തു നിന്ന് കൊണ്ടുവരുന്നതുൾപ്പെടെയുള്ള മത്സ്യം പരിശോധിക്കുന്നതിനായി ചെക്ക്പോസ്റ്റുകൾ, മത്സ്യ ലേല മാർക്കറ്റുകൾ, മത്സ്യ മൊത്ത വിൽപ്പന കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് സ്ഥിരമായി പരിശോധനകൾ നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനയിൽ രാസപദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്ക് തന്നെ തിരിച്ച് അയയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്.

മത്സ്യത്തിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട് 2018-19, 2019-20 കാലയളവുകളിൽ 6 പ്രോസിക്യൂഷൻ കേസ്സുകൾ സംസ്ഥാനത്തൊട്ടാകെ ഫയൽ ചെയ്തിട്ടുണ്ട്. ഓപ്പറേഷൻ സാഗർ റാണിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകളിൽ ഉപയോഗയോഗ്യമല്ലായെന്ന് കണ്ടെത്തിയ 2495 Kg മത്സ്യം നശിപ്പിക്കുകയും 1,06,500 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

**കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ എൻഡോസൾഫാൻ ബാധിതർ**

266(1873) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിലെ നൊട്ടമല പ്രദേശത്ത് അംഗവൈകല്യം ബാധിച്ചവരുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ യെന്ന് അറിയിക്കാമോ;

(ബി) എൻഡോസൾഫാൻ പ്രയോഗം മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്ന് നാട്ടുകാർ പരാമർശിക്കുന്ന സാഹചര്യത്തിൽ വ്യക്തമായ പഠനം നടത്തി തുടർനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിലെ 1, 18, 19 വാർഡുകൾ ഉൾപ്പെടുന്ന നൊട്ടമല ഭാഗത്തെ അംഗപരിമിതരുടെ എണ്ണം കൂടുതലാണെന്നും ആയതിനുള്ള കാരണം അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രദേശവാസികളുടെ പരാതിയിൽ ബന്ധപ്പെട്ട ആരോഗ്യ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വിളിച്ചുചേർത്ത യോഗത്തിൽ പ്രദേശവാസികളുടെ ആവശ്യങ്ങളും ആശങ്കകളും ചർച്ച ചെയ്യുകയും ജില്ലാ മെഡിക്കൽ ഓഫീസർ അംഗപരിമിതരെ നേരിട്ട് കാണുകയും അവരുടെ സർട്ടിഫിക്കറ്റ് പരിശോധിക്കുകയും ചെയ്തു. എൻഡോസൾഫാൻ പ്രയോഗംമൂലമാണ് അംഗവൈകല്യം സംഭവിച്ചതെന്ന് റിപ്പോർട്ട് ചെയ്യാത്ത സാഹചര്യത്തിൽ ഈ വിഷയത്തിന്മേൽ പഠനം നടത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സഹായം**

267(1874) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ ചികിത്സയ്ക്കും പുനരധിവാസത്തിനും മുൻ സർക്കാർ പദ്ധതി ആവിഷ്കരിച്ചിരുന്നോ;

(ബി) ഇതിന്റെ ഭാഗമായി മുള്ളിയാർ പഞ്ചായത്തിലെ മുതലപ്പാറയിൽ ഇരുപത്തിയഞ്ച് ഏക്കർ സ്ഥലം 2015-ൽ കൈമാറിയിരുന്നോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പുനരധിവാസ സെന്ററിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് അറിയിക്കുമോ;

(ഡി) നിലവിൽ അതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയെയാണ് അത് ഏല്പിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) എൻഡോസൾഫാൻ ചികിത്സയ്ക്കും ദുരിത ബാധിതരുടെ പുനരധിവാസത്തിനുമായി 2010 മുതൽ സ്നേഹസാന്ത്വനം പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള 25 ഏക്കർ ഭൂമിയുടെ അവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കിക്കൊണ്ട് നിബന്ധനകൾക്ക് വിധേയമായി സാമൂഹ്യനീതി വകുപ്പിന് ഉപയോഗാനുമതിയും മുൻകൂർ കൈവശവും നൽകി 2016-ൽ ഉത്തരവായിട്ടുണ്ട്.

(സി&ഡി) കാസർഗോഡ് എൻഡോസൾഫാൻ പുനരധിവാസ ഗ്രാമത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടറെ ചുമതല പ്പെടുത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 2018-ൽ പുനരധിവാസ ഗ്രാമത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ചുകൊണ്ട് സാമൂഹ്യനീതി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് കണ്ടെത്തുന്നതിന് കാലതാമസം നേരിട്ടതിനാൽ നിർമ്മാണം തുടങ്ങുവാൻ കഴിഞ്ഞിരുന്നില്ല. നിലവിൽ എൻഡോസൾഫാൻ വില്ലേജിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## എൻഡോസൾഫാൻ ദുരിതബാധിതർ

268(1875) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മാത്രമാണോ എൻഡോസൾഫാന്റെ ഇരകളായി ദുരിതബാധിതരായിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) കേരളത്തിലെ മറ്റേതെങ്കിലും ജില്ലകളിൽ ഇത്തരം കേസുകൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) നിലവിൽ എത്രപേർ ഈ മാരകവിഷത്തിന്റെ ഇരകളായി കേരളത്തിലുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിതരുടെ വിഷയങ്ങൾ മാത്രമാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(സി) കാസർഗോഡ് ജില്ലയിലാകെ 6728 എൻഡോസൾഫാൻ ദുരിതബാധിതരുണ്ട്.

## ഭക്ഷണ പദാർത്ഥങ്ങളിൽ ഹാനികരമായ രാസവസ്തുക്കൾ

269(1876) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണ പദാർത്ഥങ്ങളുടെ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളെല്ലാം രജിസ്ട്രേഷനോ ലൈസൻസോ എടുത്തിരിക്കണമെന്ന നിബന്ധന സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) വെളിച്ചെണ്ണ, പാൽ തുടങ്ങിയ ഭക്ഷണ പദാർത്ഥങ്ങളിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർത്തതായി കണ്ടെത്തിയ നിരവധി ബ്രാന്റുകൾ നിരോധിച്ചതിനുശേഷം അവ പേരു മാറ്റി വീണ്ടും വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഭക്ഷണ പദാർത്ഥങ്ങളിൽ മായവും ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കളും ചേർത്തതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ ഭക്ഷ്യ സുരക്ഷ വകുപ്പ് 2019-ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര കേസ്സുകളിൽ ശിക്ഷാ നടപടി എടുത്തിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഭക്ഷ്യ പദാർത്ഥങ്ങളുടെ ഉൽപ്പാദനം, സംഭരണം, വിതരണം, വിൽപ്പന എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടിയിരിക്കണമെന്ന നിബന്ധന സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിരോധനം ഏർപ്പെടുത്തിയ ഭക്ഷ്യ ഉൽപ്പന്നങ്ങൾ മറ്റൊരു ബ്രാൻഡിൽ വീണ്ടും വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നൽകിവരുന്ന ലൈസൻസ്/ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ബ്രാൻഡ് നെയിം കൂടി നിർബന്ധമാക്കിയിട്ടുണ്ട്.

നിരോധിച്ച ബ്രാൻഡുകൾ പേരുമാറ്റി വിപണനം നടത്തുന്നതിനായി ശ്രദ്ധയിൽപ്പെട്ടാൽ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഭക്ഷണ പദാർത്ഥങ്ങളിൽ മായവും ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കളും ചേർത്തതുമായി ബന്ധപ്പെട്ട് ഭക്ഷ്യ സുരക്ഷാ വകുപ്പ് 2019-ൽ 540 അഡ്ജൂഡിക്കേഷൻ കേസ്സുകളും 256 പ്രോസിക്യൂഷൻ കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2019-ൽ 83 കേസ്സുകളിൽ വിധി വരികയും 26,74,500 രൂപ പിഴ വിധിക്കുകയും ചെയ്തിട്ടുണ്ട്.

**ഭക്ഷ്യ വസ്തുക്കളിലെ മായം**

270(1877) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് കണ്ടെത്തുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഭക്ഷ്യവസ്തുക്കളിൽ മായം ചേർത്ത എത്ര പേർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തൊട്ടാകെ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിലേയ്ക്കായി അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന ഭക്ഷ്യ വസ്തുക്കൾ ഉൾപ്പെടെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തുന്നുണ്ട്. ഉത്സവ സീസണുകളിലും പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/ അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. IEC പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതിന്റെ ദൂഷ്യവശങ്ങൾ വിശദീകരിച്ചുകൊണ്ട് നിരവധി അവബോധന ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ഈ വിഷയത്തിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള എളുപ്പമാർഗ്ഗങ്ങൾ സംബന്ധിച്ച് ഒരു ഡോക്യുമെന്ററി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ഭക്ഷ്യ സുരക്ഷ സംബന്ധിച്ച് അവബോധനം സൃഷ്ടിക്കുന്നതിനായി SNF@ School എന്ന പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 717 സ്കൂളുകളിൽ നടപ്പിലാക്കി കഴിഞ്ഞു.

മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിലേയ്ക്കായി 'ഓപ്പറേഷൻ സാഗർറാണി' വിജയകരമായി നടപ്പിലാക്കി വരുന്നു. 'ഓപ്പറേഷൻ പനേല' എന്ന പേരിൽ സംസ്ഥാനത്തുടനീളം ശർക്കരയുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുകയും Unsafe ആയി റിപ്പോർട്ട് ലഭിച്ചിട്ടുള്ളവയ്ക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. ആരാധനാലയങ്ങൾ ഉൾപ്പെടെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഭക്ഷ്യ വിഷബാധയുണ്ടാകുന്ന സാഹചര്യത്തിൽ ഭക്ഷ്യ സുരക്ഷാ നിയമം ഫലപ്രദമായി നടപ്പിലാക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ "BHOG (Blissfull Hygienic Offering to God) എന്ന പദ്ധതി പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടതാണ്.

സംസ്ഥാനത്ത് സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിലെ മെസ്സുകൾ, കാന്റീനുകൾ, കഫറ്റേരിയകൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും ശുചിത്വമാനദണ്ഡങ്ങളും ഭൗതിക സാഹചര്യങ്ങളും പരിശോധിക്കുന്നതിനും ഏർപ്പെടുത്തിയ Operation FISH (Food Inspection at Student's Hostel)-ന്റെ ആദ്യഘട്ട പരിശോധന 14 ജില്ലകളിലായി 546 ഹോസ്റ്റൽ/മെസ്സ്/ക്യാന്റീൻ എന്നിവ പരിശോധിച്ചു. ഇതിൽ നിയമ ലംഘനം കണ്ടെത്തിയ സ്ഥാപനങ്ങളുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ശുചിത്വമാനദണ്ഡങ്ങൾ കർശനമാക്കുന്നതിനും നിയമാനുസൃതം നോട്ടീസ് നൽകിയിട്ടുണ്ട്.

2006-ലെ ഭക്ഷ്യസുരക്ഷാ നിയമം, വകുപ്പ് 16(3)h പ്രകാരം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ, മറ്റു ഭക്ഷ്യ ഉൽപ്പാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികളോ, സംരംഭകരോ ആയവർക്ക് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിരിക്കുന്ന തരത്തിലുള്ള ട്രെയിനിംഗ് നൽകുന്നതിനായി FoSTaC (Food Safety Training and Certification) എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്ത് അടിയന്തര സാഹചര്യങ്ങളിൽ ഭക്ഷ്യ സുരക്ഷാ പ്രവർത്തനം നടത്തുന്നതിനുവേണ്ടി 24 മണിക്കൂറും പ്രവർത്തനസജ്ജമായ Quick Response Team (QRT) എല്ലാ ജില്ലകളിലും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പൊതുജനങ്ങളുടെ പരാതി പരിഹരിക്കുവാൻ 24x7 മണിക്കൂർ പ്രവർത്തിച്ചുവരുന്ന ജി.സി.സി. (ഗവൺമെന്റ് കോൾ സെന്റർ) ടോൾഫ്രീ (18004251125) സൗകര്യം നിലവിൽ പ്രവർത്തിച്ചു വരുന്നു. കേരളത്തിന്റെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി 'സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ പഞ്ചായത്ത് പദ്ധതി' വിജയകരമായി നടപ്പിലാക്കി വരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുണനിലവാരമില്ലാത്ത ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തതിൻപ്രകാരം സംസ്ഥാനത്തൊട്ടാകെ 1749 അഡ്ജൂഡിക്കേഷൻ കേസ്സുകളും ആരോഗ്യത്തിന് ഹാനികരമായ ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്തതിൻ പ്രകാരം 472 പ്രോസിക്യൂഷൻ കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലെ മാനദണ്ഡങ്ങൾ ലംഘിച്ചതിന് 5309 പേർക്കെതിരെ പിഴ ചുമത്തിയിട്ടുണ്ട്.

## മത്സ്യ വ്യാപാരമേഖലയിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധന

271(1878) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യവ്യാപാര മേഖലയിൽ ഭക്ഷ്യസുരക്ഷാവകുപ്പ് പരിശോധന കർശനമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി മത്സ്യവിൽപ്പന മേഖലയിൽ നടപ്പിലാക്കുന്ന നിർദ്ദേശങ്ങൾ സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പിന് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്നും പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗുണനിലവാരമുള്ള മത്സ്യം സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് 'ഓപ്പറേഷൻ സാഗർറാണി'. അന്യസംസ്ഥാനത്തുനിന്ന് കൊണ്ടുവരുന്നതുൾപ്പെടെയുള്ള മത്സ്യം പരിശോധിക്കുന്നതിനായി ചെക്ക് പോസ്റ്റുകൾ, മത്സ്യ ലേല മാർക്കറ്റുകൾ, മത്സ്യ മൊത്ത വിൽപ്പന കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് സ്ഥിരമായി പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ മുഴുവൻ മത്സ്യമാർക്കറ്റുകളിലും ഭക്ഷ്യ സുരക്ഷാ വകുപ്പ് സ്ഥിരമായി പരിശോധനകൾ നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനയിൽ രാസപദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേക്കുതന്നെ തിരിച്ചയയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓപ്പറേഷൻ സാഗർ റാണിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ ഭക്ഷ്യ സുരക്ഷാ വകുപ്പ് 2304 പരിശോധനകൾ നടത്തുകയും മത്സ്യത്തിന്റെ 1687 സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മൂന്ന് അനലറ്റിക്കൽ ലാബുകളിൽ അയച്ച് പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ Central Institute of Fisheries Technologies (CIFT) വികസിപ്പിച്ചെടുത്ത സ്ട്രിപ്പ് ഉപയോഗിച്ച് സംസ്ഥാനത്തൊട്ടാകെ 2130 മത്സ്യ സാമ്പിളുകളിലും പരിശോധന നടത്തിയിട്ടുണ്ട്.

പ്രസ്തുത പരിശോധനകളിൽ ഉപയോഗ യോഗ്യമല്ലാത്തതായി കണ്ടെത്തിയ 2495 kg. മത്സ്യവും 2 ബോക്സ് ഐസും നശിപ്പിക്കുകയും 1,06,500 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഉപയോഗ്യമല്ലായെന്ന് കണ്ടെത്തിയ 2.5 ടൺ മത്സ്യം ആര്യങ്കാവ് ചെക്ക് പോസ്റ്റിൽനിന്നും തിരിച്ചയയ്ക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട് 2018-19, 2019-20 കാലയളവുകളിൽ 6 പ്രോസിക്യൂഷൻ കേസ്സുകൾ സംസ്ഥാനത്തൊട്ടാകെ ഫയൽ ചെയ്തിട്ടുണ്ട്.

(ബി&സി) കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി കടൽ മത്സ്യങ്ങളിൽ ഫോർമാലിന്റെ അളവ് 100 മില്ലിഗ്രാം/കിലോഗ്രാം ആയും ശുദ്ധജല മത്സ്യങ്ങളിൽ 4 മില്ലിഗ്രാം/കിലോഗ്രാം ആയും നിജപ്പെടുത്തി ഭക്ഷ്യ സുരക്ഷാ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നൽകിയ ടി നിർദ്ദേശം അനുസരിച്ചാണ് ഭക്ഷ്യ സുരക്ഷാ വകുപ്പ് മത്സ്യങ്ങളിലെ ഫോർമാലിൻ പരിശോധന നടത്തി വരുന്നത്.

## വിപണിയിൽ സുലഭമായ നിരോധിത വെളിച്ചെണ്ണ ബ്രാന്റുകൾ

272(1879) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനയിൽ ഗുണ നിലവാരമില്ലെന്ന് കണ്ട വെളിച്ചെണ്ണ ബ്രാന്റുകൾ ഈ വർഷം നിരോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ;

(ബി) നിരോധിച്ച ബ്രാന്റുകൾ വേറൊരു കമ്പനിയുടെ പേരിൽ വിപണിയിൽ വീണ്ടും ഇറക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) നിരോധിച്ച ബ്രാന്റുകളോ, ഏജൻസികളോ, വേറൊരു പേരിലോ, മറ്റൊരു ഏജൻസിയുടെ പേരിലോ വെളിച്ചെണ്ണ പുറത്തിറക്കി പൊതുജനങ്ങളെ കബളിപ്പിക്കുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. നിരോധിച്ച ബ്രാന്റുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്ത് നിരോധനം ഏർപ്പെടുത്തിയ ഭക്ഷ്യ ഉൽപ്പന്നങ്ങൾ മറ്റൊരു ബ്രാന്റിൽ വീണ്ടും വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നൽകിവരുന്ന ലൈസൻസ്/ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ബ്രാന്റ് നെയിംകൂടി നിർബന്ധമാക്കിയിട്ടുണ്ട്.

നിരോധിച്ച ബ്രാന്റുകൾ പേരുമാറ്റി വിപണനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

**കൃത്രിമപാൽ**

273(*T1880) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃത്രിമപാൽ വിതരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിനായി ഡയറി ഡെവലപ്മെന്റ് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(സി) ഇത്തരം പാലിന്റെ വിതരണവും ഉല്പാദനവും തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന പാൽ പരിശോധന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിലുള്ള ജില്ലാതല ഗുണനിയന്ത്രണ ഓഫീസുകൾ മുഖേന വിപണിയിൽ ലഭ്യമായ മിൽക്ക് സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ തിരുവനന്തപുരത്ത് NABL അക്രെഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡയറിലാബും കാസർഗോഡ്, കോട്ടയം ജില്ലകളിൽ റീജിയണൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) സംസ്ഥാനത്ത് മാർക്കറ്റിൽ ലഭ്യമായ മുഴുവൻ പാലിന്റെയും സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പ് കൃത്യമായ ഇടവേളകളിൽ ശേഖരിക്കുകയും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലബോറട്ടറികളിൽ പരിശോധിക്കുകയും ചെയ്യുന്നു. ടി പരിശോധനയിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ ലംഘിക്കുന്നതായി കണ്ടെത്തുകയാണെങ്കിൽ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. ഭക്ഷ്യ സുരക്ഷാ വകുപ്പ് സംസ്ഥാനത്തൊട്ടാകെ 2019 ജനുവരി മുതൽ ഡിസംബർ വരെ 347 പാൽ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിക്കുകയും ഗുണ നിലവാരമില്ലാത്തതായി കണ്ടെത്തിയ 3 ബ്രാന്റുകൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ നടത്തിയ പരിശോധനയിൽ യൂസ്ബൈഡേറ്റ് ഇല്ലാതെ വന്ന 90 കവർ പാൽ പിടിച്ചെടുത്ത് നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ

274(1881) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. വി. അൻവർ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിത ആഹാരം ആരോഗ്യത്തിന് ആധാരം എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ കാര്യക്ഷമമായ പ്രവർത്തനത്തിന്റെ ഫലമായി ഭക്ഷ്യസുരക്ഷാ സൂചികയിൽ സംസ്ഥാനത്തിന് രാജ്യത്ത് ഒന്നാം സ്ഥാനം നേടാനായിട്ടുണ്ടോ;

(ബി) ഭക്ഷണ പദാർത്ഥങ്ങൾ വിൽക്കുന്നവരെല്ലാം ലൈസൻസോ പെർമിറ്റോ എടുത്തിട്ടുണ്ടെന്ന കാര്യം ഉറപ്പാക്കാനും അവർ ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും നടത്തുന്ന പ്രവർത്തന ത്തെക്കുറിച്ച് അറിയിക്കാമോ;

(സി) ജീവിതശൈലിയിൽ ഉണ്ടായ വ്യതിയാനം കൊണ്ട് ഹോട്ടൽ ഭക്ഷണവും ബേക്കറിയുല്പന്നങ്ങളും പാചകത്തിന് തയ്യാറായതോ പകുതി പാകം ചെയ്തതോ ആയ ഭക്ഷണ പദാർത്ഥങ്ങളും വ്യാപകമായിട്ടുള്ളതിനാൽ ഇവ ആരോഗ്യത്തിന് ഹാനികരമായിട്ടുള്ളവയല്ലെന്ന് ഉറപ്പു വരുത്താൻ ശക്തമായ നടപടിയുണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)'സുരക്ഷിത ആഹാരം ആരോഗ്യത്തിന് ആധാരം' എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ കാര്യക്ഷമമായ പ്രവർത്തനത്തിന്റെ ഫലമായി ഭക്ഷ്യ സുരക്ഷാ സൂചികയിൽ സംസ്ഥാനത്തിനെ Leading State -കളിൽ ഒന്നായി കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി (FSSAI) തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഭക്ഷണപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവരെല്ലാം (Food Business Operators) ഭക്ഷ്യസുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ നേടിയിരിക്കേണ്ടതാണ്. ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തുന്ന പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ഇതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് സ്ഥിരം പരിശോധനകളും ഉത്സവ സീസണുകളിലും പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ 2006-ലെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ/അഡ്ജൂഡിക്കേഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്തെ ഹോട്ടലുകളിലും ബേക്കറികളിലും നിരന്തരം പരിശോധനകൾ നടത്തി ഇത്തരം ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്. ഇത്തരം പരിശോധനകളിൽ ആരോഗ്യത്തിന് ഹാനികരമായ കൃത്രിമ നിറങ്ങളോ ഭക്ഷണ പദാർത്ഥങ്ങൾ കേടാകാതിരിക്കാൻ ഉപയോഗിക്കുന്ന പ്രിസർവേറ്റീവ്സുകളോ അനുവദനീയമായ അളവിൽ കൂടുതൽ കണ്ടെത്തിയാൽ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് തടയുന്നതിന് നടപടി**

275(1882) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കൾ, മറ്റ് നിത്യോപയോഗ സാധനങ്ങൾ എന്നിവയിൽ

മായം ചേർത്ത് വിൽപ്പന നടത്തുന്ന പ്രവണത തടയുന്നതിനും അന്വേഷണത്തിലും പരിശോധനയിലും കുറ്റക്കാരെന്ന് കാണുന്നവരെ ശിക്ഷിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കമ്പോളത്തിലെ കിടമത്സരമാണ് ഇത്തരം പ്രവണതകൾക്ക് കാരണമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ ഇത്തരം പ്രവണത കർശനമായി തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് തടയുന്നതിന് നിലവിലുള്ള നിയമങ്ങൾ പര്യാപ്തമല്ലെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ;

(ഇ) മായം ചേർത്ത ആഹാരസാധനങ്ങൾ പരിശോധിക്കുന്നതിനുള്ള ലാബുകളിൽ പരിശോധനാ സംവിധാനം കാര്യക്ഷമമല്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) ആഹാരസാധനങ്ങളിൽ മായം ചേർക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവത്കരണം നടത്തിവരുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഭക്ഷ്യപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവരെല്ലാം (Food Business Operators) ഭക്ഷ്യ സുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ നേടിയിരിക്കേണ്ടതാണ്. ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തുന്ന പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ഇതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്ക് പുറമെ ഉത്സവ സീസണുകളിലും പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചും പരിശോധനകൾ നടത്തുന്നുണ്ട്. ടി പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്കായി നൽകുന്നു. ഗുണനിലവാരമില്ലാത്തതായി (Substandard) പരിശോധനാ ഫലം ലഭിക്കുന്നതും ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം ലേബൽ ചെയ്യാതെ (Misbranded) ഭക്ഷ്യ വസ്തുക്കൾ വിൽപ്പന നടത്തുന്നവർക്കെതിരെ

അഡ്ജ്യൂഡിക്കേഷൻ നടപടികളും ആരോഗ്യത്തിന് ഹാനികരമാണെന്ന് (Unsafe) പരിശോധനാ ഫലം ലഭിക്കുന്ന ഭക്ഷ്യ വസ്തുക്കൾ വിപണനം നടത്തുന്നവർക്കെതിരെ പ്രോസിക്യൂഷൻ നടപടികളും സ്വീകരിക്കുന്നുണ്ട്.

ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തുന്ന പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണ നിലവാര നിയമപ്രകാരമുള്ള ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും ഭക്ഷ്യസുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകുകയും തുടർ പരിശോധനകളിൽ ഇവ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. തുടർ പരിശോധനയിലും ഇവ പരിഹരിക്കപ്പെട്ടില്ലെങ്കിൽ സ്ഥാപനം അടച്ച് പൂട്ടുന്നതുൾപ്പെടെയുള്ള നിയമ നടപികൾ സ്വീകരിക്കുന്നുണ്ട്.

(ബി & സി) പരിശോധിച്ചിട്ടില്ല.

(ഡി) ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് തടയുന്നതിന് നിലവിലുള്ള നിയമം പര്യാപ്തമാണ്.

(ഇ) മായം ചേർത്ത ആഹാരസാധനങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് അനലിറ്റിസ്റ്റസ് ലബോറട്ടറി, തിരുവനന്തപുരം, റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, എറണാകുളം, കോഴിക്കോട് എന്നിവ National Accreditation Board for testing and calibration Laboratories (NABL) അക്രെഡിറ്റേഷൻ നേടിയിട്ടുള്ളതിനാൽ ടി ലബോറട്ടറികളിൽ പരിശോധനാ സംവിധാനം കാര്യക്ഷമമായി നടത്തി വരുന്നു. ആയതിനാൽ ടി ലാബുകളിൽ പരിശോധനാ സംവിധാനം കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) IEC (Information Education and Communication) പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യസുരക്ഷാ വകുപ്പ് ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതിന്റെ ദൂഷ്യവശങ്ങൾ വിശദീകരിച്ചുകൊണ്ട് നിരവധി അവബോധന ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ഈ വിഷയത്തിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള എളുപ്പ മാർഗ്ഗങ്ങൾ സംബന്ധിച്ച് ഒരു ഡോക്യുമെന്ററി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, തിരുവനന്തപുരം, റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, എറണാകുളം, കോഴിക്കോട് എന്നീ ലബോറട്ടറികളുമായി ചേർന്ന് പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ്

ലബോറട്ടറി ഉപയോഗിച്ച് ഭക്ഷ്യ വസ്തുക്കളിൽ മായം കണ്ടെത്തുന്നതിനുള്ള ക്വിക്ക് അഡൽട്രേഷൻ ടെസ്റ്റുകൾ, ഭക്ഷ്യ സുരക്ഷ സംബന്ധിച്ച് നിരവധി അവബോധന ക്ലാസ്സുകൾ തുടങ്ങിയവ സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് പദ്ധതിയിലുൾപ്പെടുത്തി റെസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ അങ്കണവാടി പ്രവർത്തകർ, ആശാവർക്കർമാർ, തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, പൊതുജനങ്ങൾ തുടങ്ങിയവർക്ക് നൽകി വരുന്നു.

### മരുന്നുകളുടെ വില നിയന്ത്രണം

276(1883) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നുകളുടെ ഉല്പാദന ചെലവിനനുസൃതമായി വില നിശ്ചയിക്കുന്നതിനു പകരം കേന്ദ്രസർക്കാർ നടപ്പാക്കിയ വിപണി അധിഷ്ഠിതമായി വില നിശ്ചയിക്കുക എന്ന അശാസ്ത്രീയ രീതി കേന്ദ്ര പൊതുമേഖലാ മരുന്നു നിർമ്മാണ കമ്പനികളെ ഇല്ലായ്മ ചെയ്യുന്നതിനും സ്വകാര്യ കമ്പനികൾക്ക് മരുന്നു വിലയിൽ അമിതമായ ലാഭമെടുക്കുന്നതിനും വഴിതെളിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അശാസ്ത്രീയ മരുന്നു വില നിയന്ത്രണരീതിയുടെ ഫലമായി മാർക്കറ്റിൽ ലഭ്യതക്കുറവെന്ന പേരിൽ പന്ത്രണ്ടിനം അവശ്യമരുന്നുകൾക്ക് കേന്ദ്രസർക്കാർ വളരെയധികം വില വർദ്ധിപ്പിക്കുവാൻ അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മരുന്നു വില നിയന്ത്രണം കേന്ദ്രസർക്കാരിന്റെ അധികാര പരിധിയിലായതിനാൽ പ്രസ്തുത വിഷയത്തിൽ സംസ്ഥാന സർക്കാരിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ എന്തെല്ലാമെന്നും രാജ്യത്ത് ആദ്യമായി ഒരു സംസ്ഥാനത്ത് രൂപീകരിക്കുന്ന സംസ്ഥാന ഫാർമസ്യൂട്ടിക്കൽ പ്രൈസ് മോണിറ്ററിംഗ് & റിസോഴ്സ് യൂണിറ്റ് സൊസൈറ്റി വഴി നടത്താൻ ഉദ്ദേശിക്കുന്ന ഇടപെടലുകൾ എന്തെല്ലാമെന്നും അറിയിക്കാമോ?

ഉത്തരം

(എ) കേന്ദ്ര കെമിക്കൽസ് ആന്റ് പെട്രോളിയം വകുപ്പിന് കീഴിലുള്ള 'നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി' എന്ന സ്ഥാപനം

'ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓഡർ' എന്ന കേന്ദ്ര നിയമ പ്രകാരമാണ് ഔഷധങ്ങളുടെ വില നിശ്ചയിച്ച് ഉറപ്പിക്കുന്നത്. സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ അധികാരമില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ ഉത്തരവ് മരുന്ന് വില വർദ്ധിക്കാൻ ഇടയാക്കിയിട്ടുണ്ട്.

(ബി) 2019 ഡിസംബർ 13-ലെ കേന്ദ്ര സർക്കാരിന്റെ ഉത്തരവ് പ്രകാരം 21 (ഇരുപത്തി ഒന്ന്) ഇനം മരുന്നുകളുടെ വില കൂടിയ നിരക്കിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ ആന്റിബയോട്ടിക്സ്, വാക്സിൻ, വിറ്റമിൻസ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയ്ക്കെല്ലാം തന്നെ പഴയ വിലയേക്കാൾ 50% വില കൂട്ടിയിട്ടുണ്ട്.

(സി) സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ 'നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി'-യുടെ മേൽനോട്ടത്തിൽ രാജ്യത്ത് ആദ്യമായി സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ച ' കേരള സ്റ്റേറ്റ് പ്രൈസ് മോണിറ്ററിംഗ് ആന്റ് റിസോഴ്സ് യൂണിറ്റ് എന്ന സൊസൈറ്റിയുടെ പ്രാഥമിക ഉത്തരവാദിത്വമെന്നത് വില നിയന്ത്രണ പട്ടികയിലുള്ള മരുന്നുകളുടെ വില നിരീക്ഷിക്കുന്നതും അമിതലാഭമെടുക്കുന്ന മരുന്നുകളുടെ വില നിയന്ത്രണ പട്ടികയിൽ ഉൾപ്പെടുത്തുന്നതും മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതുമാണ്. കൂടാതെ കൂടുതൽ മരുന്നുകളെ ദേശീയ അവശ്യ മരുന്ന് പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും വില നിയന്ത്രണമില്ലാത്ത ഒരേ മരുന്ന് വ്യത്യസ്ത നിർമ്മാതാക്കൾ പല വിലയിൽ വിപണനം നടത്തുന്നത് 'നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി'-യെ അറിയിച്ച് നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നടപടികൾ ' കേരള സ്റ്റേറ്റ് പ്രൈസ് മോണിറ്ററിംഗ് ആന്റ് റിസോഴ്സ് യൂണിറ്റ് വഴി സ്വീകരിക്കുന്നുണ്ട്.

**ചാലക്കുടിയിൽ ആയുഷ് ആയുർവ്വേദ ചികിത്സാ കേന്ദ്രം**

277(1884) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ അനുവദിച്ച ആയുഷ് ആയുർവ്വേദ ചികിത്സാ കേന്ദ്രത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) പ്രസ്തുത ചികിത്സാ കേന്ദ്രത്തിന് അന്തരിച്ച ആയുർവ്വേദാചാര്യൻ പത്മഭൂഷൺ വൈദ്യഭൂഷണം രാഘവൻ തിരുമുല്പാടിന്റെ പേര് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) തിരുമുല്പാടിന്റെ പേര് നൽകണമെന്ന ചാലക്കുടി നഗരസഭാ കൗൺസിലിന്റെ അപേക്ഷ പരിഗണിച്ച് ഉത്തരവിറക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചാലക്കുടിയിൽ അനുവദിച്ച ആയുഷ് ആയുർവ്വേദ ചികിത്സാ കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി ചാലക്കുടി നഗരസഭ ഭാരതീയ ചികിത്സാ വകുപ്പിന് സ്ഥലം കൈമാറ്റം ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കാൻ കാലതാമസം ഉള്ളതിനാൽ താൽക്കാലികമായി നഗരസഭയുടെ പെർമിസീവ് സാങ്ഷനോടെ ആശുപത്രി നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി&സി) പ്രസ്തുത ചികിത്സാ കേന്ദ്രത്തിന് അന്തരിച്ച ആയുർവേദാചാര്യൻ പത്മഭൂഷൻ വൈദ്യഭൂഷണം രാഘവൻ തിരുമുല്പാടിന്റെ പേര് നൽകുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിഗണിക്കാൻ കഴിയുകയില്ലായെന്ന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

**പേവിഷബാധമൂലമുള്ള മരണങ്ങൾ**

278(1885) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ സംസ്ഥാനത്ത് പേവിഷബാധയേറ്റ് എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പേവിഷ പ്രതിരോധകുത്തിവയ്പ് സൗജന്യമാക്കിയിട്ടും പേവിഷബാധയേറ്റ് മരണങ്ങൾ ഉണ്ടാകുന്നത് കണക്കിലെടുത്ത് പേവിഷബാധയ്ക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2019-ൽ സംസ്ഥാനത്ത് പേവിഷബാധയേറ്റ് ആകെ 8 പേർ മരണപ്പെട്ടു.

(ബി) പേവിഷ പ്രതിരോധ കുത്തിവയ്പ്പ് (ഐ.ഡി.ആർ.വി.) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. കാറ്റഗറി മൂന്ന് വിഭാഗത്തിൽപ്പെട്ട മുറിവുള്ള രോഗികൾക്ക് നൽകേണ്ട Immunoglobulin മെഡിക്കൽ കോളേജുകളിലും ജനറൽ ആശുപത്രികളിലും ലഭ്യമാണ്. ഇക്കാര്യവും നായ്, പൂച്ച മറ്റേതെങ്കിലും വന്യ ജീവികളുടെ കടിയോ, മാന്തലോ പോറലോ ഏൽക്കുന്നവർക്ക് വേണ്ടി ചെയ്യേണ്ട പ്രഥമ ശുശ്രൂഷയെപ്പറ്റിയും പ്രതിരോധ കുത്തിവയ്പ്പ് മേൽ സൂചിപ്പിച്ച ആശുപത്രികളിൽ വന്ന് പൂർണ്ണമായ ഡോസിൽ കൃത്യമായി എടുക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും വിവിധ ദൃശ്യ ശ്രാവ്യ, മാധ്യമങ്ങളിലൂടെയും ഗൃഹസന്ദർശന സമയത്തും, അംഗണവാടി, കുടുംബശ്രീ, റസിഡൻഷ്യൽ അസോസിയേഷൻ, സ്കൂളുകൾ തുടങ്ങിയവയിൽ നടത്തുന്ന ബോധവത്കരണ ക്ലാസ്സുകളിലും ജനങ്ങൾക്ക് വേണ്ട അവബോധം നൽകി വരുന്നുണ്ട്. ഇതിന് വേണ്ട ലഘുലേഖാ വിവരണം, പോസ്റ്റർ പ്രദർശനം, മൈക്ക് പബ്ലിസിറ്റി, വീഡിയോ ഷോ തുടങ്ങിയവയും ചെയ്ത് വരുന്നു. എല്ലാ വർഷവും സെപ്റ്റംബർ 28-ന് പേവിഷബാധാ വിരുദ്ധ ദിനാചരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് ബോധവൽകരണ പ്രവർത്തനകൾ ഊർജ്ജിതപ്പെടുത്തുന്നു. ഇതൊടൊപ്പം മാലിന്യ സംസ്കരണം, നായകൾക്കും മറ്റ് വളർത്ത് മൃഗങ്ങൾക്കുമുള്ള വാക്സിനേഷൻ, തെരുവ് പട്ടികളുടെ വന്ധ്യംകരണം തുടങ്ങിയവയും തദ്ദേശഭരണ വകുപ്പിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നു.

ഇതിനെല്ലാമുപരിയായി ഒരു പ്രദേശത്ത് നായകടി റിപ്പോർട്ട് ചെയ്യപ്പെട്ടാൽ ആരോഗ്യവകുപ്പുദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് വാക്സിനേഷൻ എടുക്കുന്നതിന് ജനങ്ങളെ വീണ്ടും ബോധവൽകരിക്കുന്നുമുണ്ട്. ഇപ്രകാരമുള്ള ബോധവൽ കരണത്തിന്റെ ഫലമായി നായകടിയേറ്റവർ വാക്സിനേഷൻ എടുക്കുകയും ചെയ്യുന്നു. എന്നാൽ അപൂർവ്വം ചിലർ അവർക്ക് കടിയേറ്റതായി പോലും അറിയാതെ വാക്സിനേഷൻ എടുക്കാതിരിക്കുന്നുമുണ്ട്. മറ്റ് ചിലർ സമ്പൂർണ്ണ ഡോസ് എടുക്കുന്നില്ല. ചിലർ വാക്സിനേഷൻ എടുക്കുവാൻ വലിയ കാലതാമസം വരുത്തുന്നു. അത്തരം സാഹചര്യങ്ങളിലാണ് മരണം ഉണ്ടാകുന്നത്.

**മാവേലിക്കര ജില്ലാ ആശുപത്രിക്ക് തസ്തികകൾ**

279(*T1886) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി പ്രഖ്യാപിച്ചുവെങ്കിലും ജില്ലാ ആശുപത്രിക്കനുസൃതമായ തസ്തിക നിലവിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ജില്ലാ ആശുപത്രിക്കനുസൃതമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി 24-2-2017-ലെ സ.(കൈ) 58/2017/ആ.കു.വ. പ്രകാരം ഈ ആശുപത്രി താലൂക്ക് തല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ആർദ്രം മിഷന്റെ ഭാഗമായി ജില്ലയിലെ ഒരു ആശുപത്രിയെ ജില്ലാതല ആശുപത്രിയായും ഒരു താലൂക്കിലെ ഒരു ആശുപത്രിയെ താലൂക്ക്തല ആശുപത്രിയായും വികസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ഘട്ടം ഘട്ടമായി നടന്നുവരുന്നത്.

**അനധികൃത മരുന്ന് വിൽപ്പന**

280(1887) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ മരുന്ന് കച്ചവടം നിയന്ത്രിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യാജ, അനധികൃത, ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ പരിശോധനയ്ക്ക് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ പ്രത്യേക വിഭാഗം ഏർപ്പെടുത്തുമോ;

(ബി) ഗുണമേന്മ കുറഞ്ഞതും ശരിയായ അളവിൽ രാസചേരുവകൾ ചേർക്കാത്തതുമായ അനധികൃത മരുന്നു വിൽപ്പന നടത്തുന്നവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) നിയമപരമായി അനുമതിയില്ലാതെ ഓൺലൈൻ മരുന്ന് വിൽപ്പനയും വ്യാജ കുറിപ്പടിയുടെ മറവിൽ മരുന്ന് വാങ്ങുന്ന രീതിയും കേരളത്തിൽ സജീവമാണെന്ന വസ്തുത മനസ്സിലാക്കി ഡ്രഗ്സ് കൺട്രോളർ വഴി അനധികൃത മരുന്ന് വിൽപ്പനക്കാർക്കെതിരെ കർശന നടപടി നടത്തുവാൻ തയ്യാറാകുമോ;

(ഡി) സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗം വേണ്ടത്ര ജീവനക്കാരില്ലാതെ ഒരു പരിശോധനയും നടത്താതെ വ്യാജ മരുന്നു ലോബിയെ സഹായിക്കുന്ന നിലപാട് സ്വീകരിക്കുന്നു എന്ന പരാതിയെക്കുറിച്ച് അന്വേഷണം നടത്തുമോ;

(ഇ) വ്യാജ മരുന്നുകൾ നിരവധി പാർശ്വ ഫലങ്ങൾ രോഗികൾക്ക് വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിപണിയിൽ വ്യാജമരുന്നുകൾ ഇല്ലായെന്ന് കേന്ദ്ര സർക്കാർ നിയമിച്ച മഷേൽക്കർ കമ്മിറ്റി റിപ്പോർട്ട്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജിക്കൽസിന്റെ സർവ്വെ റിപ്പോർട്ട് എന്നിവ മുഖേന തെളിയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ രാജ്യത്ത് GST സമ്പ്രദായം നിലവിൽ വന്നതോടെ പ്രമുഖ മരുന്ന് നിർമ്മാതാക്കളുടെ അംഗീകൃത വ്യാപാര വിതരണ ശൃംഖലയിലൂടെയല്ലാതെ ഇതര സംസ്ഥാന വിതരണക്കാരിലൂടെ പ്രമുഖ ബ്രാൻഡുകൾ വിപണിയിൽ ലഭ്യമാകുന്നവസ്ഥ സംജാതമായിട്ടുണ്ട്. ഇത്തരം സംഭരണ രീതി നിയമ വിരുദ്ധമല്ലെങ്കിലും വ്യാജ മരുന്നുകൾ വിപണിയിൽ എത്താതിരിക്കുവാൻ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഇതര സംസ്ഥാന വിതരണക്കാരിൽനിന്നും മരുന്നുകൾ വാങ്ങുന്നത് നിരുൽസാഹപ്പെടുത്തുന്നുണ്ട്. വിപണിയിലെത്തുന്ന മരുന്നുകൾ അവയുടെ ഷെൽഫ് ലൈഫിൽ ഗുണനിലവാരം നിലനിർത്തുന്നുണ്ടെന്ന് പരിശോധനിക്കുന്നതിലേയ്ക്കായി ഡ്രഗ്സ് കൺട്രോൾ വിഭാഗം ഇൻസ്പെക്ടർമാർ സാമ്പിൾ ശേഖരിക്കുകയും പരിശോധയ്ക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നുണ്ട്. വ്യാജ മരുന്നുകൾ വിപണിയിൽ ലഭ്യമാകുന്നില്ലായെന്ന് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തരം നിരീക്ഷണത്തിലൂടെ ഉറപ്പാക്കുന്നുണ്ട്. ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ പരിശോധനയ്ക്ക് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ പ്രത്യേക വിഭാഗം ഏർപ്പെടുത്തുന്നത് തൽകാലം പരിഗണനയിലില്ല.

(ബി) ഒരു മരുന്നിന് അതിനായി നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണനിലവാര മാനദണ്ഡങ്ങളും കർശനമായി പാലിച്ചെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ വിപണിയിൽ എത്തിക്കുവാൻ പാടുള്ളുവയെന്ന് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിൽ

നിഷ്കർഷിച്ചിട്ടുണ്ട്. ആയത് ഉറപ്പു വരുത്തുന്നതിലേയ്ക്കായി രാജ്യത്തുടനീളമുള്ള ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ മരുന്നുൽപ്പാദന ശാലകൾ നിരന്തരം പരിശോധിക്കുകയും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിപണിയിൽ എത്തിയ ശേഷവും പ്രസ്തുത മരുന്നുകളുടെ ഷെൽഫ് ലൈഫിന്റെ അവസാനഘട്ടം വരെ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്ക് വേണ്ടിയാണ് വകുപ്പുദ്യോഗസ്ഥർ എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (സർക്കാർ/സ്വകാര്യ) എന്നിവിടങ്ങളിൽനിന്നും റാൻഡം സാമ്പിളുകൾ ശേഖരിച്ച് പരിശോധയ്ക്കായി മരുന്ന് പരിശോധനാ ലബോറട്ടറിയിലേയ്ക്ക് അയയ്ക്കുന്നത്. ട്രാൻസ്പോർട്ടേഷൻ, സ്റ്റോറേജ് എന്നിവയിലെ അപാകതകൾ കാരണവും അന്തരീക്ഷ ഊഷ്മാവ്, ഈർപ്പം എന്നീ ഭൗതികാവസ്ഥകളുടെ സ്വാധീനം മൂലവും നിശ്ചിത ഗുണനിലവാരത്തിൽനിന്നും വ്യതിയാനം വരുന്നതായി റിപ്പോർട്ടുകൾ ലഭിക്കാറുണ്ട്. ഇത്തരം മരുന്നുകളുടെ വിൽപ്പന തടഞ്ഞ് കമ്പനികൾക്കെതിരെ വകുപ്പുതല നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്തിട്ടുള്ള മരുന്നുകളെ സംബന്ധിച്ച തുടർ അന്വേഷണം നടത്തി കേന്ദ്ര ഗവൺമെന്റ് ഇത് സംബന്ധിച്ച് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുകയും അപാകതകൾ പരിഹരിച്ചെടുക്കുന്നതിനുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. സാമ്പിൾ എടുത്ത ഉദ്യോഗസ്ഥൻ റിപ്പോർട്ട് കിട്ടിയ ഉടൻ തന്നെ സാമ്പിൾ എടുത്ത സ്ഥലത്തെ മരുന്നുകളുടെ വിൽപ്പന നിർത്തിവയ്ക്കുകയും ടി മുരുന്നുകളുടെ വിതരണ ശൃംഖല ട്രേസ് ചെയ്ത് ആയത് എവിടെനിന്നെല്ലാം വാങ്ങി എന്നതിനെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് ഈ മരുന്ന് ജനങ്ങൾ ഉപയോഗിക്കുന്നത് തടയുന്നതിലേയ്ക്കായുള്ള തുടർ നടപടികൾ ആരംഭിക്കുന്നു. കൂടാതെ ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ ടെസ്റ്റ് റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ ടി മരുന്നിന്റെ വിശദാംശങ്ങൾ എസ്.എം.എസ്. വഴി വ്യാപാരികൾ, വിതരണക്കാർ, ഡോക്ടർമാർ, ഫാർമസിസ്റ്റുകൾ, നഴ്സുമാർ എന്നിവർക്കും ആശുപത്രികൾ മറ്റ് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പുകൾ എന്നിവർക്കും ലഭ്യമാക്കുന്നുണ്ട്.

(സി) രാജ്യത്ത് മരുന്നുൽപ്പാദനവും വിപണനവും നിയന്ത്രിക്കുന്നത് കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940-ഉം അതിന്റെ കീഴിലുള്ള ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ് 1945 പ്രകാരമവുമാണ്. പ്രസ്തുത നിയമങ്ങൾ പ്രകാരം മരുന്നുകളുടെ ഓൺലൈൻ വിൽപ്പന രാജ്യത്തെങ്ങും അനുവദിച്ചിട്ടില്ല. എന്നാൽ രാജ്യത്ത് വ്യാപകമായി ഓൺലൈൻ വ്യാപാരം നടത്തിവരുന്നുവെന്ന്

ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മറ്റ് വിദേശ രാജ്യങ്ങളിൽ അംഗീകൃതമായി ഓൺലൈൻ മുഖേന മരുന്ന് വ്യാപാരം നടത്തുന്ന മാതൃകയിൽ ഈ രാജ്യത്തും ഓൺലൈൻ മരുന്നുവ്യാപാരം നിയന്ത്രണപരിധിയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ് 1945-ൽ ഭേദഗതികൾ വരുത്തുന്നതിലേയ്ക്കായി കരട് നിയമം 2018-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതി നിയമമായി പ്രാബല്യത്തിൽ വന്നിട്ടില്ല. വ്യാപകമായ ഓൺലൈൻ മരുന്നുവ്യാപാരം നടന്നുവരുന്നുവെന്ന മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഓൺലൈൻ മരുന്ന വ്യാപാരം സംബന്ധിച്ച് ഊർജിതമായി അന്വേഷണം നടത്തുകയുണ്ടായി. നെറ്റ്മെഡ് ഇന്റർനാഷണൽ, മെഡ് മാർക്ക്, ഫാർമഈസി, 1mg എന്നീ പേരുകളോടുകൂടി ഓൺലൈൻ വ്യാപാരം നടത്തുന്ന സ്ഥാപനങ്ങൾ എല്ലാം ഇതര സംസ്ഥാനങ്ങളിൽനിന്നാണ് പ്രവർത്തനം നടത്തുന്നതെന്നും ഇവയിൽ മിക്കവയും ഡോക്ടറുടെ യതാർത്ഥ കുറിപ്പടിയില്ലാതെയാണ് മരുന്ന വിൽപ്പന നടത്തുന്നതെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അതാത് സംസ്ഥാന ഡ്രഗ്സ് കൺട്രോളർമാർക്ക് അറിയിപ്പ് നൽകുയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ സംസ്ഥാനങ്ങളിലൊന്നും നാളിതുവരെ ഇവ നിർത്തലാക്കുന്നതിന് നടപടി സ്വീകരിച്ചതായി കണ്ടെത്തിയിട്ടില്ല. കേരള സംസ്ഥാനത്ത് ഇത്തരത്തിൽ മരുന്ന വ്യാപാരം നടത്തിവന്ന ഒരു സ്ഥാപനത്തിന്റെ (മെഡ് ലൈഫ് ഇന്റർനാഷണൽ) മരുന്ന് വ്യാപാര ലൈസൻസ് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് 2019-ൽ എന്നന്നേയ്ക്കുമായി റദ്ദ് ചെയ്ത് ഉത്തരവായിട്ടുണ്ട്.

(ഡി) സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗം വേണ്ടത്ര ജീവനക്കാരില്ലാതെ ഒരു പരിശോധനയും നടത്താതെ വ്യാജമരുന്ന് ലോബിയെ സഹായിക്കുന്ന നിലപാട് സ്വീകരിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സംസ്ഥാനത്ത് വ്യാജ മരുന്നുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഡ്രഗ്സ് കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് നടപടി

281(1888) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ ആരോഗ്യത്തെ അപകടകരമായി ബാധിക്കുന്ന തരത്തിൽ സംസ്ഥാനത്ത് വ്യാജമരുന്ന് വിൽക്കുന്നവരുടെ ഒരു ശ്രേണി പ്രവർത്തിക്കുന്നുവെന്നതിന്റെ ഗൗരവം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഗുണമേന്മ കുറഞ്ഞതും അനധികൃതവുമായ മരുന്നുകളുടെ ശേഖരം അടുത്ത കാലത്ത് സംസ്ഥാനത്ത്നിന്നും പിടിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിൽ നിന്നാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം അപകടകരമായ വ്യാജ മരുന്നുകളുടെ വില്പന നിരീക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന് ആവശ്യമായ സംവിധാനങ്ങളും ഉദ്യോഗസ്ഥരുമുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തി വ്യാജമരുന്നുകളുടെ വരവും വില്പനയും നിയന്ത്രിക്കുന്നതിന് അടിയന്തര ഇടപെടലുകൾ നടത്തുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ചില മരുന്ന് വിതരണക്കാർ, പ്രമുഖ മരുന്ന് കമ്പനികളുടെ ഏറ്റവും അധികം ചെലവുള്ള മരുന്നുകൾ ടി കമ്പനികളുടെ അംഗീകൃത വിൽപ്പന ശൃംഖല വഴി വാങ്ങുന്നതിന് പകരം, ഇതര സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്നതിനായി വിവരം ലഭിക്കുകയും ഇതേപറ്റി സംസ്ഥാന ഡ്രഗ്സ് കൺട്രോളർ, അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ, GST നിലവിൽ വന്നതിനെത്തുടർന്നാണ് ഇത്തരത്തിൽ ഇതര സംസ്ഥാനങ്ങളിൽനിന്ന് മരുന്നുകൾ നേരിട്ട് വാങ്ങുന്നതിന് സാഹചര്യമുണ്ടായതെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇത്തരത്തിൽ സംസ്ഥാനത്തെത്തുന്ന മരുന്നുകളുടെ നിജസ്ഥിതി അറിയുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, ഗുണനിലവാര പരിശോധനയ്ക്കായി മരുന്ന് സംഭരണ കേന്ദ്രങ്ങളിൽനിന്നും സാമ്പിളുകൾ ശേഖരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ചില മരുന്ന് വിതരണക്കാർ, പ്രമുഖ മരുന്ന് കമ്പനികളുടെ ഏറ്റവും അധികം ചെലവുള്ള മരുന്നുകൾ ടി കമ്പനികളുടെ അംഗീകൃത വിൽപ്പന ശൃംഖല വഴി വാങ്ങുന്നതിന് പകരം, ഇതര സംസ്ഥാനങ്ങളിൽനിന്ന് വാങ്ങുന്നതിനായി വിവരം ലഭിക്കുകയും ഇതേപറ്റി സംസ്ഥാന ഡ്രഗ്സ് കൺട്രോളർ, അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ, GST നിലവിൽ വന്നതിനെത്തുടർന്നാണ് ഇത്തരത്തിൽ ഇതര സംസ്ഥാനങ്ങളിൽനിന്ന് മരുന്നുകൾ നേരിട്ട് വാങ്ങുന്നതിന് സാഹചര്യമുണ്ടായതെന്നാണ് മനസ്സിലായത്. കമ്പനികളുടെ സംസ്ഥാനത്തെ അംഗീകൃത വിതരണക്കാരിൽനിന്നല്ലാതെ ഇതര സംസ്ഥാനങ്ങളിൽനിന്ന് ഇതേ മരുന്നുകൾ നേരിട്ട് വാങ്ങുന്നത് വഴി കൂടുതൽ ആനുകൂല്യങ്ങളും കിഴിവുകളും പ്രസ്തുത വ്യാപാരികൾ വാഗ്ദാനം ചെയ്യുന്നതിനാലാവാം ഇത്തരം വ്യാപാരങ്ങൾക്ക് മുതിരുന്നുവെന്നത് പ്രാഥമിക അന്വേഷണത്തിൽ വെളിവാക്കപ്പെട്ടിട്ടുള്ളത്. എന്നാൽ, ഇതര സംസ്ഥാനങ്ങളിൽ നിന്ന് മരുന്നുകൾ നേരിട്ട് വാങ്ങരുതെന്ന് നിയമത്തിൽ നിഷ്കർഷിക്കാത്തതിനാൽ

ഇത് നിയമലംഘനവുമല്ല. ഈ അവസരം മുതലെടുത്ത് വ്യാജമരുന്നുകളും ഗുണനിലവാരമില്ലാത്ത മരുന്നുകളും വിപണിയിൽ എത്തുവാൻ സാധ്യതകാണുന്നു. ഇത്തരത്തിലുള്ള മരുന്ന് വിപണനം സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യത്തേയും ജീവനേയും ഗുരുതരമായി ബാധിക്കുമെന്നതിനാൽ പൊതുജനാരോഗ്യ താൽപര്യാർത്ഥം സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തി പ്രമുഖ കമ്പനികളുടെ ഏറ്റവും വേഗത്തിൽ ചെലവാകുന്ന മരുന്നുകൾ സംസ്ഥാനത്ത് ലഭ്യമായിട്ടും മറ്റ് സംസ്ഥാപനങ്ങളിൽനിന്ന് വാങ്ങുന്നത് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തുടർ വിപണനം നിർത്തിവച്ച് ഇതിന്റെ ആധികാരികത ഉറപ്പ് വരുത്തുന്നതിന് ഇതര സംസ്ഥാന വ്യാപാരികളിൽനിന്ന് രേഖകൾ ആവശ്യപ്പെട്ടിട്ടുണ്ട്. അവ ലഭ്യമാകുമ്പോൾ ബന്ധപ്പെട്ട ഡ്രഗ്സ് കൺട്രോൾ അധികാരികളോടും മരുന്ന് നിർമ്മാതാക്കളോടും പ്രസ്തുത രേഖകളുടെ ആധികാരികത ഉറപ്പാക്കാൻ ആവശ്യപ്പെടുകയും മറുപടികൾ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. ഗുണനിലവാര പരിശോധയ്ക്കായി മരുന്ന് സംഭരണ കേന്ദ്രങ്ങളിൽനിന്ന് സാമ്പിളുകൾ ശേഖരിക്കുന്നുണ്ട്. പരിശോധന ഫലങ്ങളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ മരുന്നുകൾ വ്യാജമാണെന്ന് കാണുന്ന പക്ഷം നിയമത്തിൽ നിഷ്കർഷിക്കുന്ന നടപടികൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിക്കുന്നതാണ്.

(സി&ഡി) എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ 47 ഡ്രഗ്സ് ഇൻസ്പെക്ടർമാർ നിലവിലുണ്ട്. ഇവരുടെ മേൽനോട്ടത്തിനായി ഏഴ് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർമാരും രണ്ട് ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർമാരുമാണുള്ളത്. ടി ഉദ്യോഗസ്ഥരുടെ സേവനം നല്ല രീതിയിൽ വിനിയോഗിച്ച് വ്യാജ മരുന്നുകളുടെ വിൽപ്പന നിരീക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന് സാധിക്കുന്നുണ്ട്.

## ആറന്മുള മണ്ഡലത്തിലെ ഹോമിയോ ഡിസ്പെൻസറി

282(1890) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ നാരങ്ങാനം പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നോയെന്ന് അറിയിക്കാമോ;

(ബി) ഡിസ്പെൻസറി പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിട സൗകര്യങ്ങൾ ഗ്രാമപഞ്ചായത്ത് സജ്ജമാക്കിയിട്ടുള്ള സാഹചര്യത്തിൽ ഡിസ്പെൻസറിയുടെ പ്രവർത്തനം കഴിവതും വേഗം ആരംഭിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) നാരങ്ങാനം ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒരു സർക്കാർ ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കുന്നുണ്ട്. ടി ഡിസ്പെൻസറിയുടെ ഒരു പെരിഫറൽ ഒ.പി. കടമ്മനിട്ടയിൽ ആരംഭിക്കുന്നതിനായി പഞ്ചായത്ത് തീരുമാനം സഹിതം അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പെരിഫറൽ ഒ.പി. ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**പാരമ്പര്യ വൈദ്യൻമാർക്ക് ലൈസൻസ്**

283(1891) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരമ്പര്യ വൈദ്യ ചികിത്സ നടത്തുന്നവർക്ക് ലൈസൻസ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽനിന്നും ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പാരമ്പര്യ വൈദ്യ ചികിത്സ നടത്തുന്നവർ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്ന ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ് കേരളത്തിൽ മെഡിക്കൽ രജിസ്ട്രേഷൻ നൽകി വരുന്നത്. ഇതിനായി സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിൻ ആക്ടിലെ ഷെഡ്യൂളിൽ ഉൾപ്പെട്ട അംഗീകൃത യോഗ്യതയുള്ളവർക്കാണ് ഭാരതീയ ചികിത്സാ സമ്പ്രദായം കൗൺസിലിൽ ഇപ്രകാരം രജിസ്ട്രേഷൻ നൽകി വരുന്നത്.

(ബി) 4-6-2009-ലെ സ.ഉ. (എം.എസ്.)നമ്പർ 145/2009/ആകുവ.

17-6-2009-ലെ സ.ഉ. (എം.എസ്.)നമ്പർ 170/2009/ആകുവ.

17-8-2009-ലെ സ.ഉ. (എം.എസ്.)നമ്പർ 293/2009/ആകുവ.

21-2-2011-ലെ സ.ഉ. (എം.എസ്.) നമ്പർ114/2011/ആകുവ. എന്നീ ഉത്തരവുകളാണ് പാരമ്പര്യ വൈദ്യൻമാരുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽനിന്നും പ്രധാനമായി പുറപ്പെടുവിച്ചിട്ടുള്ളത്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം I, II, III, IV ആയി ചേർത്തിരിക്കുന്നു.*

(സി) ആയുർവേദവും ആധുനിക ജൈവ സാങ്കേതിക വിദ്യയും ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കുവേണ്ടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ നടപ്പിലാക്കി വരുന്നു. താളിയോല ശേഖരത്തിൽനിന്നും ഔഷധക്കൂട്ടുകളുടെ രഹസ്യം കണ്ടെത്തി പരീക്ഷണങ്ങളിലൂടെയും പരിശോധനകളിലൂടെയും ഇത്തരം മരുന്ന് ഫലപ്രദമാണെന്ന് ഉറപ്പാക്കുകയും ചികിത്സാ രീതികൾക്ക് ഉപയോഗപ്പെടുത്തുകയും അത് പൊതുജനങ്ങൾക്കും ഭാവി തലമുറയ്ക്കും പ്രയോജനപ്രദമായ തരത്തിൽ സംരക്ഷിക്കപ്പെടുകയും ചെയ്യേണ്ടത് പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. ഇത്തരത്തിൽ പഴയ അറിവുകളെ കണ്ടെത്തുകയും സംയോജിപ്പിക്കുകയും ചെയ്യുമ്പോൾ എല്ലാത്തരം പാരമ്പര്യ അറിവുകളും പ്രയോജനപ്പെടുത്തുവാനും അതിന്റെ ഗുണനിലവാരം ഉറപ്പാക്കാനും സാധിക്കും.

**സാന്ത്വന ചികിത്സാ പദ്ധതി**

284(*T1892) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി സി. കെ. ആശ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാന്ത്വന ചികിത്സക്കും എൽഡർ കെയറിനുമായി പ്രത്യേക സംവിധാനം നിലവിലുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഓട്ടോമേറ്റഡ് ക്യാമറകളുടെ നിരീക്ഷണത്തിൽ സമഗ്രമായ പിന്തുണാസംവിധാനം ഈ മേഖലകളിൽ ഒരുക്കുമോ എന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) രക്തസമ്മർദ്ദം, നാഡിമിടിപ്പ്, ഓക്സിജൻ നില തുടങ്ങി അടിസ്ഥാന ആരോഗ്യസൂചകങ്ങൾ ഓട്ടോമാറ്റിക്കായി ആരോഗ്യകേന്ദ്രങ്ങളിൽ ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താമോ;

(ഡി) നിർമ്മിത ബുദ്ധിയുടെ സഹായത്തോടെ കിടപ്പുരോഗികളുടെ അസ്വാഭാവിക ചലനങ്ങളും മറ്റും ഏറ്റവുമടുത്ത സാന്ത്വന കേന്ദ്രത്തിലോ ആരോഗ്യ പ്രവർത്തകനോ ലഭ്യമാക്കുന്നതിന് നൂതന സംവിധാനങ്ങൾ ഏർപ്പെടുത്താമോ; ഇത്തരത്തിലുള്ള പദ്ധതി എവിടെയൊക്കെ നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) രോഗബാധിതർക്ക് ആശ്വാസവും പരിചരണവും നൽകുന്നതിനായി ഈ സർക്കാർ സാന്ത്വന പരിചരണ പരിപാടി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു.

സർക്കാർ നടപ്പിലാക്കുന്ന ആർദ്രം പദ്ധതിയുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങളിൽ ആശുപത്രികളേയും ആരോഗ്യ കേന്ദ്രങ്ങളേയും വയോജന സൗഹൃദമാക്കുകയെന്നതുമാണ്.

സംസ്ഥാന ആരോഗ്യ വകുപ്പിന്റെ വയോജന ആരോഗ്യ പദ്ധതിയിലൂടെയും കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഓഫ് എൽഡർലിയിലൂടെയും സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ വയോജന സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽ പ്രധാനം, പ്രധാന ആശുപത്രികളിൽ ജിറിയാട്രിക് വാർഡ് സജ്ജീകരിച്ചുവെന്നതാണ്. പത്ത് കിടക്കകളുള്ള ജിറിയാട്രിക് വാർഡുകൾ ഓരോ ജില്ലയിലേയും പ്രധാന ആശുപത്രികളിൽ സ്ഥാപനിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആന്റിസ്കിഡ് ടൈലുകൾ, റാമ്പുകൾ, റെയിലുകൾ, വയോജന സൗഹൃദ ശൗചാലയങ്ങൾ, വയോജന സൗഹൃദ ഉപകരണങ്ങളും ഫർണിച്ചറുകളും വയോജന വാർഡുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. NPHCE ഫണ്ട് ഉപയോഗിച്ച് ജിറിയാട്രിക് ക്ലിനിക്ക് സംഘടിപ്പിക്കുന്നതിന് കരാറടിസ്ഥാനത്തിൽ ഡോക്ടർമാരെയും സ്റ്റാഫ് നഴ്സമാരെയും ഫിസിയോതെറാപ്പിസ്റ്റിനെയും നിയമിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ ആശുപത്രികളിൽ ഫിസിയോ തെറാപ്പി യൂണിറ്റ്, പക്ഷാഘാത പുനരധിവാസ യൂണിറ്റും പദ്ധതിയുടെ ഭാഗമായി സജ്ജീകരിച്ചിട്ടുണ്ട്. കൃത്രിമ ദന്തങ്ങൾ, ശ്രവണ സഹായികൾ, വൈകല്യങ്ങൾ പരിമിതപ്പെടുത്തുന്നതിനുള്ള ഉപകരണങ്ങൾ സംഭരിച്ച് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. വയോജനങ്ങൾ ചെയ്യേണ്ട വ്യായാമങ്ങളെക്കുറിച്ചും കഴിക്കേണ്ട ഭക്ഷണ രീതികളെക്കുറിച്ചും മാർഗ്ഗരേഖ തയ്യാറാക്കി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ശയ്യാവലംബരായ വയോജനങ്ങൾക്ക് സംസ്ഥാനത്ത് സമ്പൂർണ്ണമായി

നടപ്പിലാക്കിയ സാന്ത്വന പരിചരണ പദ്ധതി എല്ലാ ആരോഗ്യ തലങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്.

(ബി-ഡി) 2020-2021 ബഡ്ജറ്റ് പ്രസംഗത്തിൽ ഇത് സംബന്ധിച്ച പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ആയത് നടപ്പാക്കുന്നതിനുള്ള സാങ്കേതിക വശങ്ങൾ പഠിച്ച് നടപ്പാക്കാൻ കഴിയുന്നതാണ്.

**കൈത്തിരി നാളം പദ്ധതി**

285(1893) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. പി. വി. അൻവർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതി ദുരന്തങ്ങൾക്കും പ്രളയത്തിനും ഇരയായവർക്ക് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിന് സാമൂഹ്യനീതി വകുപ്പ് കൈത്തിരി നാളം എന്ന പേരിൽ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരമുള്ളവർക്ക് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് സഹായകമായ എന്തെല്ലാം തൊഴിൽ പരിശീലനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രകൃതിക്ഷോഭങ്ങൾക്ക് ഇരയായ കൂടുതൽ പേർക്ക് ഗുണഫലം ലഭ്യമാകുംവിധം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)

1) ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ പഞ്ചായത്തിൽ ബാംബൂ കോർപ്പറേഷൻ സൗജന്യമായി മുള ഉപയോഗിച്ച് നിർമ്മിക്കാൻ കഴിയുന്ന ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ സ്റ്റൈപ്പന്റോടുകൂടി (നാമമാത്രമായ) പരിശീലനം നൽകാനും ഇത്തരം പരിശീലനം സിദ്ധിച്ച വനിതകൾ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ബാംബൂ കോർപ്പറേഷൻ തന്നെ വിലകൊടുത്ത് വാങ്ങുവാനുമുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിരുന്നു.

2) വയനാട് ജില്ലയിലെ ബ്രഹ്മഗിരി സൊസൈറ്റി ജില്ലയിൽ ഏറ്റവും കൂടുതൽ ദുരന്തം വിതച്ച മേഖലയിലെ ആദിവാസികൾക്ക് കന്നുക്കുട്ടി പരിപാലന പദ്ധതി പ്രകാരം ആട്, കോഴി, പശുക്കുട്ടി എന്നിവയെ കാറ്റിൽ ഫീഡ് സഹിതം ഗുണഭോക്താക്കൾക്ക് നൽകി അവർ വളർത്തി വലുതാക്കി സൊസൈറ്റി ഒരു വില നിശ്ചയിച്ച് തിരിച്ച് വാങ്ങിക്കുന്ന രീതിയിൽ വനിത വികസന കോർപ്പറേഷൻ മുഖാന്തരം ഒരു പദ്ധതി നടപ്പിലാക്കാനും പദ്ധതി ആവിഷ്കരിച്ചിരുന്നു.

3) ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തിലെ 30 വനിതകൾക്ക് അർച്ചന ട്രെയിനിംഗ് സെന്റർ വഴി കെട്ടിട നിർമ്മാണത്തിൽ സൗജന്യ പരിശീലനം നൽകാനും ഇത്തരത്തിൽ പരിശീലനം ലഭ്യമാകുന്ന വനിതാ നിർമ്മാണ തൊഴിലാളികളെ ഹാബിറ്റാറ്റ് നിർമ്മിതികേന്ദ്ര, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി തുടങ്ങിയ നിർമ്മാണ ഏജൻസികളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ സഹകരിപ്പിക്കാനും ലക്ഷ്യമിട്ട് ഒരു പദ്ധതി ആവിഷ്കരിച്ചിരുന്നു.

4) 60 വയസ്സ് മുതലുള്ള സ്ത്രീകൾ, ഭിന്നശേഷിക്കാർ എന്നിവർക്ക് പെട്ടിക്കട തുടങ്ങുന്നതിന് ധനസഹായം നൽകുന്നതിനുള്ള ഒരു പദ്ധതി വനിത വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കാനും പദ്ധതി ആവിഷ്കരിച്ചിരുന്നു.

എന്നാൽ സർക്കാർ, പദ്ധതി പ്രവർത്തനങ്ങളുടെ തുകയിൽ കുറവ് വരുത്തിയതിനാൽ ടി പദ്ധതി നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) ഉണ്ട്. അടുത്ത സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ മതിയായ തുക വകയിരുത്തുന്ന മുറയ്ക്ക് പദ്ധതി വിപുലീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ആശ്വാസ കിരണം പദ്ധതി**

286(1894) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന ആശ്വാസകിരണം പദ്ധതി മുഖേന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് വേണ്ടി 2019-20 സാമ്പത്തിക വർഷം എത്രരൂപയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി അർഹതപ്പെട്ടവർക്കുതന്നെ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ)

- കുടുംബ വാർഷിക വരുമാനം മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 22,375/-രൂപയും പഞ്ചായത്തുകളിൽ 20,000/-രൂപയും വരെ.
- മാനസികരോഗികൾ, ഓട്ടിസം, സെറിബ്രൽപാൾസി, ബുദ്ധിമാന്ദ്യം ഇവ ബാധിച്ചവരുടെ കാര്യത്തിൽ വരുമാന പരിധി ബാധകമല്ല.
- വരുമാനം തെളിയിക്കുന്ന അറ്റസ്റ്റ് ചെയ്ത ബി.പി.എൽ. റേഷൻ കാർഡ്/വില്ലേജാഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് രോഗിയുടെ പേരിൽ ഹാജരാക്കണം.
- അപേക്ഷയോടൊപ്പമുള്ള നിർദ്ദിഷ്ട മാതൃകയിൽ സർക്കാർ ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്
- വിധവ, വാർദ്ധക്യ, കർഷകത്തൊഴിലാളി, മറ്റ് ക്ഷേമ പെൻഷനുകൾ ലഭിക്കുന്നവർക്ക് ആശ്വാസകിരണം ആനുകൂല്യം ല്യമാകുന്നതാണ്.

(ബി) 41.59 കോടിരൂപ

(സി) ആശ്വാസകിരണം പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ചുള്ള വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അയച്ചുനൽകുവാനും മാനദണ്ഡങ്ങൾ പ്രകാരമല്ലാതെയോ രോഗികൾ മരണപ്പെട്ടുപോയ ഗുണഭോക്താക്കളോ നിലവിൽ ധനസഹായം കൈപ്പറ്റുന്നുണ്ടെങ്കിൽ നിലവിലുള്ള ലിസ്റ്റിൽനിന്നും അവരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ശ്രുതിതരംഗം പദ്ധതി

2871895) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ശ്രുതിതരംഗം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ശ്രുതിതരംഗം പദ്ധതിയിലൂടെ നടപ്പിലാക്കുന്ന കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികൾക്ക് അനുബന്ധ ഉപകരണങ്ങളുടെ പരിപാലന ചെലവിനായി എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നിലവിൽ ചെയ്യുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ജന്മനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ട് നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് ശ്രുതിതരംഗം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(ബി) ശ്രുതിതരംഗം പദ്ധതി പ്രകാരം വാങ്ങുന്ന ഇംപ്ലാന്റുകൾക്ക് 10 വർഷവും സ്പീച്ച് പ്രോസസറിന് നാല് വർഷവും മറ്റ് അക്സസറീസിന് സ്റ്റാൻഡേർഡ് വാറണ്ടിയുമാണുള്ളത്. സ്പീച്ച് പ്രോസസറിന്റെ കാലാവധി അവസാനിച്ച ഗുണഭോക്താക്കൾക്ക് തുടർന്ന് രണ്ട് വർഷത്തേയ്ക്ക് കൂടി എക്സ്റ്റൻഡഡ് വാറണ്ടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് ഒരു കുട്ടിക്ക് 50,000 രൂപ നിരക്കിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന് അനുവദിക്കുവാൻ ഉത്തരവായിട്ടുണ്ട്.

## സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ ക്ഷേമപ്രവർത്തനങ്ങൾ

288(1896) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ക്ഷേമപ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ വകുപ്പിൽനിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത ആനുകൂല്യങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ&ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി)

1. സ്നേഹസ്പർശം പദ്ധതിയുടെ പ്രതിമാസ ധനസഹായമായ 1000/- രൂപ 2000 രൂപയാക്കി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.
2. ആശ്വാസകിരണം പദ്ധതി പ്രകാരം നൽകി വന്ന പ്രതിമാസ ധനസഹായമായ 525 രൂപ 600 രൂപയാക്കി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.
3. ഓർഫനേജ് കൺട്രോൾ ബോർഡ് ക്ഷേമസ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റ് പ്രതിമാസം ഒരാൾക്ക് 1000 രൂപയായിരുന്നത് 1100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.
4. ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്കും ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കൾക്കും വിവാഹ ധനസഹായം നൽകുന്ന പരിണയം പദ്ധതിക്ക് 10,000 രൂപ ആയിരുന്നത് 30,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.
5. സ്വയം സഹായ സംഘങ്ങൾക്കുള്ള ധനസഹായം 10,000/-രൂപ എന്നത് 20,000/-രൂപയാക്കി വർദ്ധിപ്പിച്ചു.
6. എസ്.എസ്.എൽ.സി./+2-ന് ബി ഗ്രേഡോ അതിനുമുകളിലോ മാർക്കുള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് നൽകി വന്ന പ്രൊഫിഷ്യൻസി അവാർഡ് 2500 ൽനിന്നും 5000 രൂപയായി വർദ്ധിപ്പിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വനിത-ശിശു വികസന വകുപ്പ് മുഖേനയുള്ള പുതിയ പദ്ധതികൾ**

289(1897) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വനിത-ശിശു വികസന വകുപ്പിനെ പ്രത്യേക വകുപ്പാക്കി മാറ്റിയിട്ടുണ്ടോ; ഇതിന് ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകുമോ;

(ബി) വനിത-ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദവിവരങ്ങൾ നല്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. വനിത ശിശു വികസന വകുപ്പ് രൂപീകരിച്ചതിനുശേഷം 25 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തസ്തികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഡയറക്ടർ-1

ജില്ലാ ഓഫീസർ-14

ലോ ഓഫീസർ-1

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ-1

ഫിനാൻസ് ഓഫീസർ-1

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്-1

ഡ്രൈവർ-1

ഓഫീസ് അറ്റന്റന്റ്-4

ക്ലാർക്ക് -1 (നിർഭയ സെൽ)

(ബി) വനിത ശിശു വികസന വകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. അവയിൽ പുതുതായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിശോരി ശക്തി യോജന

290(1898) ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. പി. ഉണ്ണി :

ശ്രീ. ജോർജ് എം. തോമസ് :

ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെരെഞ്ഞെടുത്ത സ്കൂളുകളിൽ കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്കായി 'കിശോരി ശക്തി യോജന' എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പാക്കി വരുന്നുണ്ടോ;

(ബി) കൗമാരക്കാരായ പെൺകുട്ടികളുടെ മാനസികാരോഗ്യം ശക്തിപ്പെടുത്തുന്നതിനാവശ്യമായ കൗൺസിലിംഗും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) നിലവിൽ പ്രസ്തുത പദ്ധതി എത്ര സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു;

(ഡി) ഈ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി സംസ്ഥാന ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്താമാക്കാമോ?

### ഉത്തരം

(എ) ഇല്ല.

(ബി) കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസലിംഗും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിന് സൈക്കോ സോഷ്യൽ സർവ്വീസസ് എന്ന സംസ്ഥാന പദ്ധതി നിലവിലുണ്ട്. കൗൺസിലിംഗ് ബോധവൽകരണ ക്ലാസ്സുകൾ വ്യക്തിവികസന ക്ലാസ്സുകൾ എന്നിവ ഈ പദ്ധതിയിലൂടെ നൽകി വരുന്നു.

(സി&ഡി) സൈക്കോ സോഷ്യൽ സർവ്വീസ് എന്ന സംസ്ഥാന പദ്ധതി 1012 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. 2019-20 വർഷത്തിൽ 26.70 കോടിരൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്.

## ഷെൽട്ടർ ഹോമിനുള്ള സാമ്പത്തിക ഗ്രാന്റ്

291(1899) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകളെയും കുട്ടികളെയും താമസിപ്പിക്കുവാനായി സാമൂഹ്യനീതി വകുപ്പ് സാമൂഹ്യക്ഷേമ ബോർഡ് മുഖാന്തരം കേരളത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ വഴി തുടങ്ങിയ ഷെൽട്ടർ ഹോം അഥവാ അഭയകേന്ദ്രത്തിന് 2016-2017 സാമ്പത്തിക വർഷത്തെ ഗ്രാന്റ് ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഗ്രാന്റ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) മേൽ പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷത്തെ അനുമതിയും ഗ്രാന്റും ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം ഷെൽട്ടർ ഹോമുകൾക്ക് അനുവദിച്ച 92,33,100 രൂപയിൽ ആദ്യ രണ്ട് ഗഡുക്കളിൽ അനുവദിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിച്ച 1,53,992 രൂപ കുറച്ച് 90,79,108 രൂപ മൂന്ന് ഗഡുക്കളായി സാമൂഹ്യ ക്ഷേമ ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. സാമൂഹ്യ ക്ഷേമ ബോർഡ് അധികമായി ആവശ്യപ്പെട്ട കുടിശ്ശികയുടെ കണക്ക് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന് 2019-2020 സാമ്പത്തിക വർഷം നൽകുവാനുള്ള 1,83,73,582 രൂപയുടെ 50% തുകയായ 91,86,791 രൂപ ആദ്യ ഗഡുവായി അനുവദിച്ചിട്ടുണ്ട്.

## സ്പെഷ്യൽ സ്കൂളുകൾ നേരിടുന്ന പ്രതിസന്ധി

292(1900) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(ബി) സ്ഥാപനങ്ങളുടെ നടത്തിപ്പിന് ആവശ്യമായ തുക സർക്കാർ നൽകുന്ന കാര്യം ഗൗരവതരമായി പരിഗണിക്കുമോ;

(സി) മിക്ക സ്കൂളുകളിലേയും അധ്യാപകർ തുച്ഛമായ ശമ്പളത്തിൽ ജോലി ചെയ്യുന്ന സാഹചര്യം പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) ബാലനീതി നിയമത്തിന്റെ കർശന നിബന്ധനകളും സർക്കാരിന്റെ അവഗണനയും സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികളെയും നടത്തിപ്പുകാരെയും ഒരു പോലെ പ്രതിസന്ധിയിലാക്കിയിരിക്കുന്ന സാഹചര്യം പരിശോധിക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-ഡി) സംസ്ഥാനത്ത് മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് 2018-19, 2019-2020 വർഷങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ധനസഹായമായി യഥാക്രമം 14 കോടിരൂപ, 14.5 കോടിരൂപ എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ പാക്കേജിന്റെ ഭാഗമായി 7-9-2019 തീയതിയിലെ സ.ഉ.(സാധാ)7242/2019/ധന നമ്പർ ഉത്തരവ് പ്രകാരം 25 കോടിരൂപയുടെ അധിക തുക അനുവദിച്ച് നൽകിയിട്ടുമുണ്ട്. സാമ്പത്തിക സഹായം വിതരണം ചെയ്യുന്നതിനും സമഗ്ര പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗവുമായി തയ്യാറാക്കിയ പ്രൊപ്പോസൽ ഇതിനുവേണ്ടി രൂപീകരിച്ച ഗ്രാന്റ്-ഇൻ-എയ്ഡ് കമ്മിറ്റിയുടെ പരിഗണനയിലാണ്.

## ശിശുക്കളുടെ ആരോഗ്യ സംരക്ഷണ പദ്ധതികൾ

293(1901) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിശുക്കളുടെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം പദ്ധതികൾ നടത്തിവരുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ കൂടുതൽ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശിശുക്കളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിന് അങ്കണവാടികളിലൂടെ അനുപൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കി വരുന്നു. 6 മാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവരാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ. 6 മാസം മുതൽ മൂന്ന് വയസ്സുവരെയുള്ള കുട്ടികൾക്ക് അങ്കണവാടികളിലൂടെ ഫോർട്ടിഫൈഡ് അമൃതം ന്യൂട്രിമിക്സ് എന്ന പോഷക മിശ്രിതം നൽകി വരുന്നു. അങ്കണവാടികളിൽ എത്തുന്ന 3 വയസ് മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം (പഴം/അവൽ/കപ്പലണ്ടി മിഠായി/പാൽ/മുട്ട) ഇവയിലേതെങ്കിലും, ഉച്ചഭക്ഷണം (ചോറ്, പച്ചക്കറി, പയർ) വൈകുന്നേരങ്ങളിൽ ജനറൽ ഫീഡിംഗ് (ഉപ്പ്മാവ്/പായസം/അവൽ) എന്നിവ നൽകിവരുന്നു. ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് (എണ്ണ/ പയർ/കടല/നുറുക്ക് ഗോതമ്പ്) എന്നിവ നിശ്ചിത അളവിൽ ടേക്ക് ഹോം റേഷനായി നൽകി വരുന്നു. കൂടാതെ ഗർഭാവസ്ഥയിലെ 9 മാസം മുതൽ കുട്ടിക്ക് 2 വയസ്സ് തികയുന്നതുവരെയുള്ള ആദ്യ 1000 ദിവസങ്ങളിൽ കുട്ടികളുടെ സമഗ്ര വളർച്ച ഉറപ്പാക്കുന്നതിനും മാതൃശിശു മരണ നിരക്കുകൾ കുറയ്ക്കുന്നതിനും അട്ടപ്പാടി മേഖല ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെട്ട 10 തീരപ്രദേശങ്ങളിൽ ആദ്യത്തെ 1000 ദിനങ്ങൾ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കുട്ടികളിലെ വളർച്ച മുരടിപ്പ് 6% കുറയ്ക്കുക, കുട്ടികൾക്കിടയിലെ പോഷകാഹാരക്കുറവ് കുറയ്ക്കുക തുടങ്ങിയ ലക്ഷ്യത്തോടെ സമ്പുഷ്ടകേരളം എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) അങ്കണവാടികളിൽ മൂന്ന് വയസ്സുമുതൽ ആറ് വയസ്സുവരെയുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണത്തിന് നൽകി വരുന്ന അരി 8 മൈക്രോ ന്യൂട്രിയൻസ് ഉപയോഗിച്ച് ഫോർട്ടിഫൈ ചെയ്യുന്ന പദ്ധതി കണ്ണൂർ ജില്ലയിൽ 8 ഐസിഡിഎസ് പ്രോജക്ടുകളിൽ അരംഭിച്ചിട്ടുണ്ട്. 2020-2021 സാമ്പത്തിക വർഷത്തിൽ ടി പദ്ധതി കണ്ണൂർ ജില്ലയിൽ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

അട്ടപ്പാടിയിലും തെരഞ്ഞെടുക്കപ്പെട്ട 10 തീരദേശ/മലയോര പ്രദേശങ്ങളിലും നടപ്പിലാക്കി വരുന്ന ആദ്യത്തെ 1000 ദിനങ്ങൾ എന്ന പദ്ധതി മറ്റ് 17 തീരദേശ/മലയോര പ്രോജക്ടുകളിൽ കൂടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണം

294(1902) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണത്തിനായി അവർക്കാവശ്യമായ പോഷകാഹാരം ലഭ്യമാക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ പോഷൺ അഭിയാൻ സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ടോ;

(ബി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി നടപ്പുബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പട്ടികവർഗ്ഗ മേഖലകളിലെ സ്ത്രീകളുടെയും കുട്ടികളുടെയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് ഈ പദ്ധതി പ്രസ്തുത മേഖലകളിൽ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം ജില്ലകളിലും 2019-2020-ൽ ബാക്കിയുള്ള 10 ജില്ലകളിലും സമ്പുഷ്ട കേരളം (പോഷൺ അഭിയാൻ) പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) 21 വകുപ്പുകളുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രധാനമായും ചുവടെ ചേർത്തിരിക്കുന്ന വകുപ്പുകളുമായി നേരിട്ട് സഹകരിച്ച് പ്രവർത്തിക്കുന്നു.

1. വനിതാ ശിശു വികസനം (നോഡൽ വകുപ്പ്)

2. പൊതുവിദ്യാഭ്യാസം

3. ആരോഗ്യം & നാഷണൽ ഹെൽത്ത് മിഷൻ

4. ഫുഡ് &സിവിൽ സപ്ലൈസ്

5. തദ്ദേശസ്വയംഭരണ വകുപ്പ്

6. പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പ്

7. കേരള വാട്ടർ അതോറിറ്റി

പരോക്ഷമായി മറ്റ് വകുപ്പുകളുമായും സഹകരിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) 2019-2020 സാമ്പത്തിക വർഷത്തിൽ 8950 ലക്ഷംരൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) സമ്പുഷ്ട കേരളം (പോഷൺ അഭിയാൻ) പദ്ധതിയുടെ ഭാഗമായി വിവിധ ഘട്ടങ്ങളിലായി പദ്ധതി ആവിഷ്ക്കരണത്തിന് തുക അനുവദിച്ചു നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പട്ടികവർഗ്ഗ മേഖലകളിലെ സ്ത്രീകളുടെയും കുട്ടികളുടെയും പോഷകാഹാരക്കുറവ് പരിഗണിച്ചുകൊണ്ട് പദ്ധതി ആസൂത്രണം സംബന്ധിച്ച ചർച്ചകൾ നടത്തിവരുന്നു.

**ഹൈ-ടെക് അങ്കണവാടികൾ**

295(1903) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈടെക്-അങ്കണവാടികൾ സ്ഥാപിക്കുന്നതിലൂടെ സാമൂഹ്യനീതി വകുപ്പ് ലക്ഷ്യമിട്ട കാര്യങ്ങൾ വിശദമാക്കുമോ;

(ബി) ഹൈ-ടെക് അങ്കണവാടികൾ അനുവദിക്കുന്നതിന് നിഷ്ക്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) കൊല്ലം ജില്ലയിൽ എത്ര സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണം പൂർത്തീകരിച്ചു; ഏതെല്ലാമാണ് പ്രസ്തുത അങ്കണവാടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് ഊന്നൽ നൽകുന്നതിനുവേണ്ടി ആധുനിക സൗകര്യങ്ങൾ ഉറപ്പ് വരുത്തിയാണ് സ്മാർട്ട് (ഹൈടെക്) അങ്കണവാടികൾരൂപകൽപ്പന ചെയ്തിരിക്കുന്നത്. പഠന മുറി, വിശ്രമമുറി, അടുക്കള, സ്റ്റോർ റൂം, വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന

തരത്തിലുള്ള ഹാൾ, പൂന്തോട്ടം, ഇൻഡോർ ഔട്ട് ഡോർ കളിസ്ഥലം തുടങ്ങി എല്ലാവിധ സൗകര്യങ്ങളും നിറവേറ്റുന്ന തരത്തിലാണ് പുതിയ അങ്കണവാടികൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് ലഭ്യമായ സ്ഥലത്തിന്റെ വിസ്തൃതിക്ക് ആനുപാതികമായി ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായി അനുവദിക്കുമ്പോൾ ബാക്കി തുക ബന്ധപ്പെട്ട LSGD/ MLA വിഹിതമായി കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

(സി) കൊല്ലം ജില്ലയിൽ നിലവിൽ സ്മാർട്ട് അങ്കണവാടികൾ അനുവദിച്ചിട്ടില്ല.

## കുട്ടികളെ അങ്കണവാടിയിൽ ചേർക്കുന്നതിനുള്ള പ്രായം

296(1904) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളെ അങ്കണവാടിയിൽ ചേർക്കുന്നതിനുള്ള പ്രായം മൂന്ന് വയസ്സിൽനിന്നും കുറയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അതിനുള്ള കാരണമെന്താണ്; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് അങ്കണവാടി കം ക്രഷുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 30-1-2020-ന് ചേർന്ന ഐ.സി.ഡി.എസ്. മിഷൻ 4-ാമത് ഗവേണിംഗ് ബോഡി യോഗ തീരുമാനപ്രകാരം പരീക്ഷണാടിസ്ഥാനത്തിൽ രണ്ട് മുതൽ മൂന്ന് വയസ്സ് വരെയുള്ള കുട്ടികളെ പ്രീസ്കൂൾ കുട്ടികൾക്കൊപ്പം അങ്കണവാടിയിൽ പ്രവേശിപ്പിക്കുന്നതിന് തീരുമാനിക്കുകയും ഇവർക്കായി പ്രത്യേക അഡ്മിഷൻ രജിസ്റ്റർ സൂക്ഷിക്കുന്നതിന് ആവശ്യമായ സർക്കുലർ പുറപ്പെടുവിക്കുന്നതിന് വനിത ശിശു വികസന ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ദേശീയ പ്രാരംഭകാല വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനത്തിൽ 3 മുതൽ 6 വയസ്സ് വരെയുള്ള കുട്ടികളെയാണ് അങ്കണവാടികളിൽ പ്രവേശിപ്പിച്ച്

പോരുന്നത്. എന്നാൽ നിലവിലെ ജീവിത സാഹചര്യത്തിൽ പിതാവിനൊപ്പം മാതാവിനും തൊഴിലുമായി ബന്ധപ്പെട്ട് കുട്ടികളിൽ നിന്ന് അകന്നുനിൽക്കേണ്ട അവസ്ഥയായിനാൽ പ്രീസ്കൂൾ കുട്ടികൾക്കൊപ്പം (3-6 വയസ്സ് വരെയുള്ള) രണ്ട് മുതൽ മൂന്ന് വയസ്സ് വരെയുള്ള കുട്ടികളെക്കൂടി അങ്കണവാടിയിൽ പ്രവേശിപ്പിക്കുന്നത് അവർക്ക് കൂടുതൽ സംരക്ഷണവും പരിചരണവും ലഭ്യമാകുന്നതിനും വളർച്ചാ നിരീക്ഷണം പോഷണം എന്നിവ യഥാക്രമം ലഭ്യമാകുന്നതിനും വഴിയൊരുക്കും.

(ബി) ഉണ്ട്. 15 അങ്കണവാടി കം ക്രഷുകൾ ആരംഭിക്കുന്നതിനായി ഉദ്ദേശിക്കുന്നു.

### അങ്കണവാടികളുടെ പ്രവർത്തന സമയത്തിൽ പരിഷ്കരണം

297(1905) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളുടെ പ്രവർത്തനസമയം ദീർഘിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ എന്ത് പരിഷ്കരണമാണ് സമയക്രമത്തിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അങ്കണവാടികളുടെ പ്രവർത്തനസമയം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ജീവനക്കാരെ നിയമിക്കുമ്പോൾ അതിനായി ഏർപ്പെടുത്തുന്ന യോഗ്യതാ മാനദണ്ഡങ്ങളും സേവന-വേതന വ്യവസ്ഥകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോർപ്പറേഷൻ പരിധിയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും സ്വന്തമായി സ്ഥലം ലഭ്യമാക്കാൻ കഴിയാത്തതും കുട്ടികൾ കുറവുള്ളതുമായ രണ്ടോ മൂന്നോ അങ്കണവാടികളെ ക്ലബ്ബ് ചെയ്ത് പ്രവർത്തിപ്പിക്കുന്നതിനും പ്രവർത്തന സമയ ക്രമീകരണം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം അർബൻ-III ICDS പ്രോജക്ടിൽ ചൂഴമ്പാലയിൽ മൂന്ന് അങ്കണവാടികളെ പരീക്ഷണാടിസ്ഥാനത്തിൽ ക്ലബ്ബ് ചെയ്ത് രാവിലെ 7 മുതൽ വൈകുന്നേരം 7 വരെ അങ്കണവാടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ഇപ്രകാരം രണ്ടോ മൂന്നോ അങ്കണവാടികളെ ക്ലബ്ബ് ചെയ്യുമ്പോൾ ടി അങ്കണവാടികളിലെ ജീവനക്കാരെ ഷിഫ്റ്റടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതാണ്. ചൂഴമ്പാലയിൽ മൂന്ന് അങ്കണവാടികളെ ക്ലബ്ബ് ചെയ്തിട്ടുള്ളതിൽ 6 ജീവനക്കാർ ഷിഫ്റ്റടിസ്ഥാനത്തിൽ രാവിലെ 7 മുതൽ വൈകിട്ട് 7 വരെ പ്രവർത്തിച്ച് വരുന്നു.

(സി) ഇപ്രകാരം അങ്കണവാടികൾ പ്രവർത്തിക്കുമ്പോൾ അങ്കണവാടി ജീവനക്കാരെ നിയമിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ തന്നെ സ്വീകരിക്കുന്നതാണ്. പ്രത്യേക യോഗ്യതാ മാനദണ്ഡങ്ങളോ സേവന വേതന വ്യവസ്ഥകളോ പാലിക്കുന്നില്ല.

**മങ്കട നിയോജകമണ്ഡലത്തിൽ പുതിയ അങ്കണവാടികൾ**

298(1906) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മങ്കട നിയോജക മണ്ഡലത്തിൽ പുതുതായി അങ്കണവാടികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) അങ്കണവാടികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) അനുമതി നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

**ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ**

299(1907) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികൾ നിലവിലുണ്ട്; വിശദാംശം ലഭ്യമാക്കാമോ; ഗ്രാമപഞ്ചായത്തടി സ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 15 അങ്കണവാടികൾ ഉണ്ട്. ഗ്രാമപഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | പഞ്ചായത്ത് | അങ്കണവാടി സെന്റർ നം | അങ്കണവാടിയുടെ പേര് |
|---|---|---|---|---|
| 1 | ശ്രീകൃഷ്ണപുരം | കടമ്പഴിപ്പുറം | 2 | ചെട്ടിയങ്ങാടി |
| | | പൂക്കോട്ട് കാവ് | 34 | കടുങ്ങൻചിറ |
| | | പൂക്കോട്ട് കാവ് | 43 | കല്ലുവഴി |
| | | കരിമ്പുഴ | 147 | ചുള്ളിയോട് |
| 2. | മണ്ണാർക്കാട് അഡീഷണൽ | തച്ചനാട്ടുകര | 154 | തൊടുകാപ്പ് |
| 3 | ഒറ്റപ്പാലം | മുനിസിപ്പാലിറ്റി | 88 | ഓട്ടുകമ്പനി |
| | | മുനിസിപ്പാലിറ്റി | 106 | മുതുക്കുന്ന് പറമ്പ് |
| | | മുനിസിപ്പാലിറ്റി | 108 | കുമ്പാരക്കുണ്ട് |
| | | മുനിസിപ്പാലിറ്റി | 110 | കിള്ളിക്കാവ് |
| | | മുനിസിപ്പാലിറ്റി | 111 | കുമ്പാരക്കുന്ന് |
| | | അമ്പലപ്പാറ | 70 | വീമ്പൻകുഴി |
| | | ലക്കിടിപേരൂർ | 23 | കായൽപള്ള |
| | | ലക്കിടിപേരൂർ | 25 | മണ്ണാൻകുണ്ട് |
| | | ലക്കിടിപേരൂർ | 27 | ഹെൽത്ത് സെന്റർ |
| | | ലക്കിടിപേരൂർ | 31 | പത്തിരിപ്പാല ചന്ത |

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ സ്വന്തമായി സ്ഥലമുള്ളതും നിലവിൽ കെട്ടിടം ഇല്ലാത്തതുമായ അങ്കണവാടികൾക്ക് ബന്ധപ്പെട്ട പഞ്ചായത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ഭിന്നശേഷിക്കാരുടെ ക്ഷേമം

300(1908) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭിന്നശേഷിയുള്ളവരുടെ ക്ഷേമത്തിന് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) വയനാട് ജില്ലയിൽ ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

### ഉത്തരം

(എ) ഭിന്നശേഷിയുള്ളവരുടെ ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവർത്തനങ്ങൾ അനുബന്ധം* I ആയി ചേർക്കുന്നു.

ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റിന്റെ നേതൃത്വത്തിൽ "2016-ലെ ഭിന്നശേഷിക്കാർക്കായുള്ള ദേശീയ അവകാശ സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാനമൊട്ടാകെ ബോധവൽക്കരണ സെമിനാറുകൾ, സിറ്റിംഗുകൾ, അദാലത്തുകൾ, ബോർഡുകളുടെയും സ്ലൈഡുകളുടെയും പ്രദർശനങ്ങൾ, ഭിന്നശേഷിക്കാരുടെ സർഗ്ഗാത്മകമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുവാൻ കാലാമേളകൾ സാംസ്കാരിക പരിപാടികൾ കലാസൃഷ്ടികൾക്കുള്ള അവാർഡ് വിതരണം ഗവേഷണവും വികസനവും, ലഘുലേഖകൾ, കൈപ്പുസ്തകം, ബ്രോഷർ എന്നിവയുടെ പ്രസിദ്ധീകരണം, പത്ര ദൃശ്യമാധ്യമങ്ങളിലൂടെയുള്ള പൊതുജന ബോധവൽക്കരണം" തുടങ്ങിയവ നടപ്പിലാക്കി വരുന്നുണ്ട്.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധം* II ആയി ചേർക്കുന്നു.

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ ഭിന്നശേഷിക്കാരുടെ ക്ഷേമത്തിന് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

(ബി) ഉത്തരം (എ) യിൽ പരാമർശിച്ചിട്ടുള്ള എല്ലാ പദ്ധതികളും വയനാട് ജില്ലയിലും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിലെ ആദിവാസി വിഭാഗങ്ങളുടെ മാനസികാരോഗ്യ പരിപാലനത്തിനായി കോഴിക്കോട് ഇംഹാൻസ് മുഖേന Mobile Mental Health Care പ്രോജക്ട് നടപ്പിലാക്കി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വയനാട് ജില്ലയിൽ 2016-ലെ ഭിന്നശേഷിക്കാർക്കായുള്ള ദേശീയ അവകാശ സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് സുൽത്താൻ ബത്തേരിയിലെ അദ്ധ്യാപക ഭവനിൽ വച്ച് 23-7-2018 മുതൽ 27-7-2018 വരെ ജില്ലയിലെ വിവിധ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ അദ്ധ്യാപകർ, മാധ്യമ പ്രവർത്തകർ, അഭിഭാഷകർ തുടങ്ങിയവർക്ക് ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി.

വയനാട് ജില്ലയിൽ 'കാഴ്ച' പദ്ധതിയുടെ ഭാഗമായി കാഴ്ച പരിമിതരായ 21 പേർക്ക് സ്മാർട്ട് ഫോൺ വിതരണം ചെയ്യുകയും ആവശ്യമായ ട്രെയിനിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നേരിട്ടും മെഡിക്കൽ ക്യാമ്പ് നടത്തിയും സഹായ ഉപകരണങ്ങൾ നൽകുകയും ഭിന്നശേഷിക്കാരായവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുവേണ്ടി എൻ.എച്ച്.എഫ്.ഡി.സി വായ്പാ പദ്ധതികൾ അനുവദിക്കുകയും ദേശസാൽകൃത ബാങ്കിൽ നിന്ന് കോർപ്പറേഷന്റെ ശിപാർശ അനുസരിച്ച് വായ്പ അനുദിക്കുന്ന ഭിന്നശേഷിക്കാർക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 'ശുഭയാത്ര' പദ്ധതി പ്രകാരം മുച്ചക്ര സ്കൂട്ടറുകളും വയനാട് ജില്ലയിൽ വിതരണം ചെയ്തിട്ടുണ്ട്. 'ഹസ്തദാനം' പദ്ധതി പ്രകാരം തീവ്ര ഭിന്നശേഷിക്കാരായ 12 വയസ്സിന് താഴെയുള്ള കുട്ടികളുടെ പേരിൽ 20,000/-രൂപ സ്ഥിര നിക്ഷേപം ചെയ്യുന്ന പദ്ധതി നടപ്പിലാക്കുകയും എസ്.എസ്.എൽ.സി, +2 വിജയികളാകുന്ന വിദ്യാർത്ഥികൾക്ക് പ്രൊവിഷൻസി അവാർഡ് നൽകുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

**ഭിന്നശേഷിക്കാരുടെ ചികിത്സ**

301(1909) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരുടെ ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനുമായി എന്തെല്ലാം നടപടികളാണ് ഈ വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ;

(ബി) ഭിന്നശേഷിക്കാരുടെ പരിചരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭിന്നശേഷിക്കാർക്കായി താഴെപ്പറയുന്ന പ്രകാരം ചികിത്സാ വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

I ഭിന്നശേഷിക്കാരുടെ ചികിത്സാ പദ്ധതി-

സംസ്ഥാന സർക്കാർ വികലാംഗ ദുരിതാശ്വാസ നിധിയായി കോർപ്പസ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽനിന്നും ലഭിക്കുന്ന പലിശ തുക ഉപയോഗിച്ച് ഭിന്നശേഷിക്കാരായ (കാഴ്ച, കേൾവി, MR അസ്ഥിസംബന്ധമായ വൈകല്യമുള്ളവർ എന്നീ വിഭാഗക്കാർക്ക്) വ്യക്തികൾക്കു ചികിത്സയിലാണെന്ന ഡോക്ടർ സർട്ടിഫിക്കറ്റ് പ്രകാരം പരമാവധി 5000/-രൂപ വരെ ചികിത്സ ധനസഹായം അനുവദിക്കുന്ന പദ്ധതി.

ഭിന്നശേഷിക്കാരുടെ ചികിത്സയും വിദ്യാഭ്യാസവും ഉൾപ്പെടെ പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ പുനരധിവാസം വരെയുള്ള "സമഗ്ര ജീവിത ചക്ര സമീപനമാണ്" " അനുയാത്ര" പദ്ധതി എന്ന പേരിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നത്. അംഗപരിമിത മേഖലയിലെ അന്താരാഷ്ട്ര കാഴ്ച്പ്പാടുകൾക്കും സമീപനങ്ങൾക്കും അനുസൃതമായും 2016-ലെ അംഗപരിമിതരുടെ അവകാശ നിയമത്തിനനുസൃതമായുമാണ് അനുയാത്ര പദ്ധതി ആസൂത്രണം ചെയ്ത് ഘട്ടം ഘട്ടമായി നടപ്പാക്കുന്നത്. അനുയാത്രയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. എം.എം.ആർ വാക്സിൻ വിതരണം
2. റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ
3. ജില്ലാ പ്രാരംഭ എടപെടൽ കേന്ദ്രങ്ങൾ
4. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ
5. 'കാതോരം' പദ്ധതി.
6. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ
7. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC) കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി, മടായി, എരഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനാളൂർ എന്നിവിടങ്ങളിൽ MCRC കൾ ആരംഭിക്കാനുള്ള നടപടികൾ നടന്നു വരുന്നു.

8. അംഗപരിമിതർക്കായുള്ള തിരിച്ചറിയൽ കാർഡ് ഇതുവരെ 76688 ഭിന്നശേഷിക്കാർക്ക് UDID കാർഡുകൾ നൽകിയിട്ടുണ്ട്.

9. ഹോർട്ടികൾച്ചർ തെറാപ്പി - സോഷ്യൽ ഫാർമിംഗ്, ഹോർട്ടികൾച്ചർ തെറാപ്പി എന്നിവയിലൂടെ ഭിന്നശേഷിയുള്ള കുട്ടികളെ ശക്തിപ്പെടുത്തുന്നതിനായുള്ള പദ്ധതി വെള്ളായണി കാർഷിക സർവ്വകലാശാല വഴി നടപ്പിലാക്കി വരുന്നു.

10. സ്പെക്ട്രം പദ്ധതി

കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2018-19 മുതൽ കുട്ടികൾക്കായി ആവിഷ്കരിച്ച നടപ്പാക്കി വരുന്ന സമഗ്ര പദ്ധതിയാണ് സ്പെക്ട്രം (SPECTRUM)

II സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്ന വിദ്യാഭ്യാസ ധനസഹായ പദ്ധതികൾ

(i) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി

ഒന്നാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ/പി.ജി കോഴ്സുകൾ പഠിക്കുന്ന 40 % ഉം അതിൽ കൂടുതലും വൈകല്യബാധിതരായ വിദ്യാർത്ഥികളക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ലഭിക്കുന്ന അർഹതപ്പെട്ട അപേക്ഷകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്കോളർഷിപ്പ് വിതരണം ചെയ്യുന്നു.

(ii) വിദ്യാജ്യോതി പദ്ധതി

ഭിന്നശേഷിയുള്ള കുട്ടികളെ വിദ്യാഭ്യാസപരമായി ഉയർച്ചയിലേയ്ക്ക് നയിച്ച് സാമൂഹ്യാടിസ്ഥാനത്തിൽ മുന്നോട്ട് നയിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന വിദ്യാജ്യോതി പദ്ധതി നടപ്പിലാക്കി വരുന്നു.

(iii) ഭിന്നശേഷിക്കാർക്ക് പത്താംക്ലാസ്/പന്ത്രണ്ടാം ക്ലാസ്സ് തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം നൽകുന്ന പദ്ധതി

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കു പോകാനുള്ള ബുദ്ധിമുട്ട്, യാത്രമാർഗ്ഗങ്ങളുടെ അപര്യാപ്തത തുടങ്ങി വിവിധങ്ങളായ കാരണങ്ങളാൽ സ്കൂളിൽനിന്നും കൊഴിഞ്ഞു പോയവർക്ക് സാക്ഷരതാ മിഷൻ വഴി നടപ്പാക്കുന്ന പത്താംക്ലാസ്/പന്ത്രണ്ടാം ക്ലാസ്സ് തുല്യത പരീക്ഷ എഴുതുന്നതിനുള്ള മുഴുവൻ ചെലവും സാമൂഹ്യനീതി വകുപ്പ് മുഖേന നൽകുന്ന പദ്ധതിയാണിത്.

(iv) <u>ഓപ്പൺ യൂണിവേഴ്സിറ്റി പ്രോഗ്രാം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ വഴി ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി</u>

ശാരീരിക മാനസിക അവശതകൾമൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി പഠനം നടത്താനാവാതെ വിഷമിക്കുന്നവർക്കായി ഓപ്പൺ യൂണിവേഴ്സിറ്റി പ്രോഗ്രാം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ വഴി വീട്ടിൽ തന്നെ ഇരുന്നു പഠിക്കുന്നതിനു സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്.

(v) <u>തുല്യതാ പരീക്ഷ-</u> ഭിന്നശെഷിക്കാരായ വിദ്യാർത്ഥികളും സ്കൂളിൽ നിന്നും കൊഴിഞ്ഞു പൊയവരുമായവർക്ക് സാക്ഷരതാമിഷൻ വഴി നടപ്പാക്കുന്ന പത്താംക്ലാസ്/പന്ത്രണ്ടാം ക്ലാസ്സ് തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള മുഴുവൻ ചെലവും നൽകുന്ന പദ്ധതി.

(vi) <u>വിജയാമൃതം പദ്ധതി</u> - വൈകല്യത്തോട് പൊരുതി ഡിഗ്രി തലം മുതൽ ഉന്നത വിജയം നേടിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതികളിൽ

സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസത്തിനായി എൻ.എച്ച്.എഫ്.ഡി.സി. വായ്പാ പദ്ധതി പ്രകാരം കേരളത്തിനകത്തും പുറത്തും ഡിഗ്രി തലം മുതൽ വിദ്യാഭ്യാസം നടത്തുന്ന വിദ്യാർത്ഥികൾക്കായി 6% പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പ അനുവദിച്ച വരുന്നു.

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ പഠന പുരോഗതിക്കായും അത്തരം കുട്ടികളെ പ്രൊത്സാഹിപ്പിക്കുന്നതിനുമായി താഴെപ്പറയുന്ന പദ്ധതികൾ പ്രോജക്റ്റ് അപ്രൂവൽ ബോർഡ് അംഗീകാരത്തിന് വിധേയമായി 'സമഗ്ര ശിക്ഷാ കേരള' വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. കിടപ്പായ വിദ്യാർത്ഥികളുടെ സ്കൂൾ പ്രവേശനം സാധ്യമാക്കൽ
2. ഇൻക്ലൂസീവ് സ്പോർട്ട്സ്
3. വെർച്വൽ ക്ലാസ്റൂം (സാങ്കേതിക വിദ്യ ഉപയോഗിച്ച് ക്ലാസ്റൂം അനുഭവങ്ങൾ കിടപ്പിലായ കുട്ടികളുടെ വീട്ടിൽ എത്തിക്കുന്ന പരിപാടി)
4. ഭിന്നശേഷി കുട്ടികളെ ട്രാക്ക് ചെയ്യുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി സോഫ്റ്റ് വെയർ നിർമ്മാണം.

(ബി) പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ഭിന്നശേഷിക്കാർക്ക് സൗജന്യ സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി**

302(1910) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വികലാംഗക്ഷേമ കോർപ്പറേഷൻ വഴി ഭിന്നശേഷിക്കാർക്ക് സൗജന്യ സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതിയിൽ ബധിരർക്ക് ആശയവിനിമയം എളുപ്പമാക്കുന്നതിനുള്ള സ്മാർട്ട് ഫോൺ/ടാബ് എന്നിവ വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി കേൾവി വൈകല്യമുള്ളവർക്ക സൗജന്യമായി ഹിയറിംഗ് എയ്ഡ് നൽകുന്ന പദ്ധതിയാണ് നിലവിൽ ഉള്ളത്. സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതിയിൽ ബധിരർക്ക് ആശയവിനിമം എളുപ്പമാക്കുന്നതിനുള്ള സ്മാർട്ട് ഫോൺ/ടാബ് എന്നിവ വിതരണം ചെയ്യുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

**ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനുള്ള കമ്മിറ്റി**

303(1911) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നത് സംബന്ധിച്ച് എക്സ്പെർട്ട് കമ്മിറ്റി ശിപാർശകളും അവ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ;

(ബി) ഭിന്നശേഷിക്കാർക്ക് പ്രൊമോഷനിൽ സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ചുള്ള സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) എല്ലാ സർക്കാർ വകുപ്പുകളിലെയും തസ്തികകളിൽ കേഡർ സ്ട്രെങ്ത്തിന്റെ 4% സംവരണം ഉറപ്പാക്കണമെന്ന റൈറ്റ് ഓഫ് പേർസൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ട് - 2015 സെക്ഷൻ 34-ലെ നിർദ്ദേശങ്ങൾ പ്രൊമോഷന് ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) Persons with Disabilities Act, 1995 പ്രകാരം ഭിന്നശേഷി വിഭാഗങ്ങൾക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനായി G.O (p) No.21/2008/SWD dated 7-3-2008 പ്രകാരം രൂപീകരിച്ച എക്സ്പർട്ട് കമ്മിറ്റി G.O (p) No.24/2008/SWD dated 11-4-2008 നമ്പർ ഉത്തരവ് പ്രകാരം പുനഃസംഘടിപ്പിച്ചിരുന്നു. തുടർന്ന് നിലവിൽ വന്ന 'The Rights of Persons with Disabilities Act 2016' പ്രകാരം ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനായി 19-6-2008-ലെ G.O. (p) No.8/2018/SJD നമ്പർ ഉത്തരവു പ്രകാരം എക്സ്പർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതാത് സമയങ്ങളിൽ വകുപ്പിലും, എക്സ്പർട്ട് കമ്മിറ്റി മെമ്പർമാർക്കും ലഭിക്കുന്ന അപേക്ഷകളും അവയിലെ ആവശ്യങ്ങളും പരിശോധിച്ച് തീരുമാന മെടുക്കുന്നതിനായി വർഷത്തിൽ പല തവണ എക്സ്പർട്ട് കമ്മിറ്റി മീറ്റിംഗ് കൂടുകയും എടുക്കുന്ന തീരുമാനങ്ങൾക്കനുസൃതമായി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) ഇക്കാര്യത്തിൽ ലഭിച്ചിട്ടുള്ള നിവേദനങ്ങൾ പരിശോധിച്ചു വരുന്നു.

(സി) ഇല്ല. പരിശോധിച്ചു വരുന്നു.

## നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷനിൽ നടന്ന വികസന പ്രവർത്തനങ്ങൾ

304(1912) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട കല്ലേറ്റുംകരയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷനിൽ ഈ സർക്കാരിന്റെ കാലയളവിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് നാളിതുവരെ എത്രരൂപയുടെ വികസന പ്രവർത്തനങ്ങൾക്കാണ് അനുമതി ലഭ്യമാക്കിയിട്ടുള്ളത്; വർഷം തിരിച്ച് കണക്ക് നൽകാമോ;

(സി ഹൈഡ്രോ തെറാപ്പി സെന്റർ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

1. നിലവിലെ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കൽ
2. റീഹാബ് ഓൺ വീൽസ് പദ്ധതി
3. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളുടെയും പർച്ചേസ്
4. സോളാർ ഫോട്ടോ വോൾട്ടായിക് സിസ്റ്റം സ്ഥാപിക്കൽ
5. കൃത്രിമ കൈകാൽ നിർമ്മാണ യൂണിറ്റ് ആധുനികവൽക്കരിക്കൽ
6. ഇൻസിനറേറ്റർ സ്ഥാപിക്കൽ
7. സെർവർ റൂം സജ്ജീകരണം
8. ഒക്യൂപ്പേഷണൽ തെറാപ്പി ബിരുദകോഴ്സ് ആരംഭിക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ
9. NIPMR ന്റെ കൈവശ ഭൂമിയിലെ അതിർത്തിയിൽ കമ്പി വേലി സ്ഥാപിക്കുന്നത്
10. ഫിസിയോ തെറാപ്പി വിഭാഗത്തിന് ആധുനിക ചികിത്സാ ഉപരണങ്ങൾ വാങ്ങൽ
11. സെറിബ്രൽ പാൾസി ബാധിതരായ കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളിന്റെ നവീകരണം
12. ശ്രവണ സംസാര ഭാഷാ വിഭാഗത്തിന്റെ ശാക്തീകരണം
13. പ്രളയ ബാധിതർക്ക് സഹായ ഉപരണങ്ങളുടെ വിതരണം
14. NIPMR അഗ്നി പ്രതിരോധ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത്
15. അക്കാദമിക് പ്രോഗ്രാമുകൾക്കായി സെമിനാർ ഹാളുകൾ നിർമ്മിക്കുന്നത്
16. സെൻസറി പാർക്ക് സുരക്ഷാ മാനദണ്ഡമനുസരിച്ച് നിർമ്മാണം നടത്തുന്നത്
17. സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ
18. വീൽചെയർ ആശ്രയിക്കേണ്ടിവരുന്ന രോഗികളെ മുകൾ നിലകളിൽ എത്തിക്കുന്നതിന് സ്റ്റെയർ ക്ലൈംബിംഗ് വീൽചെയർ വാങ്ങൽ

19. സ്പൈനൽ കോഡ് ഇഞ്ച്വറി റീഹാബിലിറ്റേഷൻ സെന്റർ സ്ഥാപിക്കൽ
20. ഡോണർവാൾ നിർമ്മാണം
21. സെൻസറി പാർക്കിൽ പെഡഗോഗിക് എലമെന്റ്സ് ഉൾക്കൊള്ളിക്കൽ
22. ഹൈഡ്രോ തെറാപ്പി യൂണിറ്റി പ്രവർത്തനക്ഷമമാക്കാൻ ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ
23. സെമിനാർ ഹാൾ ശീതീകരണം
24. ഗസ്റ്റ് ഹൗസ് പ്രവർത്തനക്ഷമമാക്കൽ
25. ഫർണിച്ചർ വാങ്ങൽ
26. ഗസ്റ്റ് ഹൗസ് നവീകരണം
27. ടെലിവിഷൻ വാങ്ങൽ
28. സൈബർ സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്തൽ
29. റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ റിസർച്ച് യൂണിറ്റ് പ്രവർത്തനക്ഷമമാക്കൽ
30. ഒക്യുപ്പേഷണൽ തെറാപ്പി വിഭാഗത്തിന്റെ ശാക്തീകരണം
31. ഓൺലൈൻ UPS പർച്ചേസ്

(ബി) NIPMR ന്റെ വികസന പ്രവർത്തനങ്ങൾക്ക് നാളിതുവരെ നൽകിയ തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | തുക (Rs) |
|---|---|
| 2016-17 | 2,98,39,500 |
| 2017-18 | 4,54,66,300 |
| 2018-19 | 3,00,00,000 |
| 2019-20 | 6,99,18,065 |

(സി) ഹൈഡ്രോ തെറാപ്പി സെന്റർ ആരംഭിക്കുന്നതിന് രണ്ട് കോടിരൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ തുക പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കൈമാറുകയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. 2020 സെപ്റ്റംബർ മാസത്തോടെ പ്രവർത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചികിത്സാ ഉപകരണങ്ങൾ പർച്ചേസ് ചെയ്യുന്നതിന് 18,09,000/-രൂപ അനുവദിച്ചിട്ടുണ്ട്.

## മഴവില്ല് പദ്ധതി

305(1913) ശ്രീ. ഡി. കെ. മുരളി :
ശ്രീ. എം. മുകേഷ് :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ ആദ്യമായി ട്രാൻസ്ജെൻഡറുകൾക്കായി നയം രൂപീകരിച്ച സംസ്ഥാനമെന്ന നിലയിൽ അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ട്രാൻസ്ജെൻഡറുകളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി ഈ സർക്കാർ മഴവില്ല് എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ട്രാൻസ്ജെൻഡറുകളുടെ ഉന്നത വിദ്യാഭ്യാസത്തിനും, മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കുള്ള പരിശീലനത്തിനായും എന്തെല്ലാം സഹായമാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ട്രാൻസ്ജെൻഡറുകൾക്കായി വിവിധ നൈപുണ്യ വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനും അവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പലവിധ വിവേചനങ്ങൾക്കും അവകാശ ലംഘനങ്ങൾക്കും വിധേയമാകുന്ന വിഭാഗമെന്ന നിലയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾ കൂടുതൽ പരിഗണന അർഹിക്കുന്നു. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് എല്ലാ മേഖലകളിലും അവസരവും പ്രാതിനിധ്യവും ഉറപ്പാക്കുന്നതിനുവേണ്ട നടപടികൾ ആണ് ട്രാൻസ്ജെൻഡർ നയം നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്.

ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഉന്നമനം ലക്ഷ്യമാക്കി നിരവധി പദ്ധതികൾ ഇതിനോടകം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനുവേണ്ട നടപടികൾ ആണ് പുതിയ പദ്ധതികൾ നടപ്പാക്കുന്നതുവഴി ലക്ഷ്യമിടുന്നത്. ആയതിനുള്ള നടപടികൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 450 ലക്ഷംരൂപ വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനും 50 ലക്ഷംരൂപ 60 വയസ്സുകഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പെൻഷൻ അനുവദിക്കുന്നതിനു വേണ്ടിയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി തുക മേൽ സൂചിപ്പിച്ച രീതിയിൽ വിനിയോഗിക്കുന്നതിനുള്ളരൂപ രേഖ തയ്യാറാക്കുകയും പദ്ധതി നടത്തിപ്പിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇന്ത്യൻ ഭരണഘടന മുന്നോട്ടു വയ്ക്കുന്ന ലിംഗനീതിയും ലിംഗസമത്വവും അനുഭവിക്കാൻ കഴിയാതെ പോകുന്ന വിഭാഗമെന്ന നിലയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾ എല്ലാ അർത്ഥത്തിലും പ്രത്യേക പരിഗണന അർഹിക്കുന്നു. 2014 ഏപ്രിൽ 15-ലെ ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് കേരളം ട്രാൻസ്ജെൻഡർ നയം നടപ്പിലാക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി മാറിയതും.

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ട്രാൻസ്ജെൻഡർ പോളിസിയുടെ ഭാഗമായി നിരവധി പദ്ധതികളെ ഒരു കുടക്കീഴിലാക്കി മഴവില്ല് എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. <u>തിരിച്ചറിയൽ കാർഡ് വിതരണം</u>

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തങ്ങളുടെ സ്വത്വം വെളിപ്പെടുത്തുന്നതിനായി യാതൊരു രേഖയും നിലവിലില്ലാത്ത സാഹചര്യത്തിൽ വകുപ്പ് മുഖേന തിരിച്ചറിയൽ കാർഡ് നൽകി വരുന്നു.

2. <u>സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി</u>

പാതി വഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടിവന്ന മുഴവൻ ട്രാൻസ്‌ജെൻഡർ വ്യക്തികൾക്കും തുടർവിദ്യാഭ്യാസം സാധ്യമാക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരത മിഷൻ സമന്വയ തുടർ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നു. അടിസ്ഥാന സാക്ഷരത, നാലാം തരം, ഏഴാംതരം, പത്താം തരം, പന്ത്രണ്ടാം തരം എന്നീ വിദ്യാഭ്യാസ പദ്ധതികൾ ആണ് നടപ്പിലാക്കിയിട്ടുള്ളത്.

3. <u>ട്രാൻസ്‌ജെൻഡർ സ്കോളർഷിപ്പ്</u>

നിലവിൽ സ്കൂളുകളിൽ/കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്‌ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകി വരുന്നു. സ്കൂൾതലം മുതൽ പ്രൊഫഷണൽ ഡിഗ്രി തലം വരെയുള്ള ട്രാൻസ്‌ജെൻഡർ വിദ്യാർത്ഥികൾക്ക് ഈ ധനസഹായം ലഭിക്കുന്നതാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപയും ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് പ്രതിമാസം 1500 രൂപയും കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 2000 രൂപയും ആണ് സ്കോളർഷിപ്പ് തുക.

4. <u>ട്രാൻസ്‌ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്ന പദ്ധതി</u>

ട്രാൻസ്‌ജെൻഡർ വിഭാഗത്തിനായി നിലവിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിലും ഭൂരിഭാഗം വ്യക്തികളും കുടുംബങ്ങളിൽ നിന്ന് പുറന്തള്ളപ്പെട്ടതിനാലും അത്തരം വിദ്യാർത്ഥികൾക്ക് താമസിക്കുന്ന സ്ഥലത്തെ വാടക നൽകുന്നതിനായി പ്രതിമാസം 4000 രൂപ അനുവദിച്ചിട്ടുണ്ട്.

5. <u>സംരംഭകത്വ വികസന പരിശീലന പരിപാടി</u>

സംസ്ഥാനത്തെ ട്രാൻസ്‌ജെൻഡർ സമൂഹത്തിനു സ്ത്രീകൾക്കും പുരുഷന്മാർക്കും ഒപ്പം തുല്യമായ അവസരങ്ങളും അവകാശങ്ങളും ഉറപ്പാക്കേണ്ടതാണ്. പ്രസ്തുത ലക്ഷ്യം മുൻനിർത്തി അതിജീവനത്തിനു ഇവരെ പ്രാപ്തരാക്കുന്നതിനായി സംരംഭകത്വ വികസന പരിശീലനത്തിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ സ്ഥാപനമായ CSTED മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഇതിന്റെ ആദ്യഘട്ടം പൂർത്തിയായിട്ടുണ്ട്. 90 ട്രാൻസ്‌ജെൻഡർ വ്യക്തികൾക്കാണ് ഈ പരിശീലനം നൽകിയിട്ടുള്ളത്.

6. എച്ച്.ഐ.വി. സീറോ സർവൈലൻസ് സെന്റർ

സംസ്ഥാനത്ത് ആകമാനമുള്ള ട്രാൻസ്ജെൻഡർ സമൂഹത്തിന് തൊഴിൽ മേഖലയിലെ പിന്നോക്കാവസ്ഥ കാരണം സമൂഹം അംഗീകരിക്കാത്ത പല തൊഴിലുകളും ചെയ്യുന്നതിന് പ്രേരിപ്പിക്കുന്ന സാഹചര്യം നിലവിലുണ്ട്. അത്തരം തൊഴിൽ ചെയ്യേണ്ടി വരുന്നവരിൽ HIV ഉൾപ്പെടെ പല ആരോഗ്യപ്രശ്നങ്ങളും കണ്ടു വരുന്നുണ്ട്. ഈ സാഹചര്യത്തിൽ HIV വിമുക്തമായ ഒരു സമൂഹം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ ക്ഷേമ ബോർഡ് വഴി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സെന്ററിന്റെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ വിലയിരുത്തി വരുന്നുണ്ട്.

7. 24X7 ഹെല്പ് ലൈൻ

സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ 24X7 ട്രാൻസ്ജെൻഡർ ഹെല്പ് ലൈൻ ആരംഭിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി കൗൺസിലിന്റെ സേവനം ഏതു സമയത്തും പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന വ്യക്തികൾക്ക് ലഭിക്കുന്നതാണ്. ലഭിക്കുന്ന പരാതികൾക്കെതിരെ ശക്തമായ നടപടി കൈക്കൊള്ളുവാൻ വകുപ്പ് ശ്രദ്ധിക്കുന്നതായിരിക്കും പോലീസിന്റെ സേവനം അത്യാവശ്യമായിടത്ത് എത്തിക്കുവാനും ഇതുവഴി സാധിക്കുന്നതാണ്.

8. ബ്യൂട്ടീഷൻ പരിശീലന പരിപാടി

കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന സംഘടനയായ ധ്വയ ട്രാൻസ്ജെൻഡർഡേഴ്സ് ആർട്സ് ആൻഡ് ചാരിറ്റബിൾ സൊസൈറ്റിയും സാമൂഹ്യനീതി വകുപ്പും സംയുക്തമായി ബ്യൂട്ടീഷൻ പരിശീലന പദ്ധതിയുടെ ആദ്യഘട്ടം വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. രണ്ടാം ഘട്ട പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

9. തയ്യൽ മെഷീൻ വിതരണ പദ്ധതി

നിലവിൽ പല വിധത്തിലുള്ള വിവേചനങ്ങൾക്കും, അവകാശലംഘനങ്ങൾക്കും വിധേയനാരാകേണ്ടി വരുന്ന ട്രാൻസ്ജെൻഡർ സമൂഹത്തിന് പ്രത്യേക പരിഗണന നൽകി സാമൂഹ്യ പുനഃരധിവാസം ഉറപ്പാക്കേണ്ടതുണ്ടണ്. ആയതുപ്രകാരം തയ്യൽ പഠിച്ച് പ്രവർത്തിപരിചയമുള്ള ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി തയ്യൽ മെഷീൻ വിതരണം ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

10. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം

കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികൾ പ്രധാനമായും നേരിടുന്ന വെല്ലുവിളിയാണ് ശാരീരിക മാറ്റം. ഇതിനായി ഭീമമായ തുക ട്രാൻസ്ജെൻഡർ വ്യക്തികൾ ചിലവാക്കേണ്ടിവരുന്നുണ്ട്. പുരുഷനിൽ നിന്ന് സ്ത്രീയിലേയ്ക്കും സ്ത്രീയിൽ നിന്ന് പുരുഷനിലേക്കും ഉണ്ടാകുന്ന ശാരീരിക മാറ്റത്തിന് ലിംഗമാറ്റ ശസ്ത്രക്രിയ അനിവാര്യമാണ്. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പരമാവധി രണ്ടു ലക്ഷംരൂപ വീതമാണ് ധനസഹായം നൽകിവരുന്നത്.

11. ലിംഗമാറ്റ ശസ്ത്രക്രിയ (SRS) കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർ ചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി

ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സർജറി കഴിഞ്ഞ് 12 മാസത്തേക്ക് പോഷകാഹാരം വാങ്ങുന്നതിനും മറ്റു അനുബന്ധ ചെലവുകൾക്കുമായി ഒരു നിശ്ചിത തുക വകുപ്പ് വകയിരുത്തിയിട്ടുണ്ട്. ഓരോ മാസവും നിശ്ചിത തുക ലഭിക്കുന്നതുമൂലം ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യം നല്ല രീതിയിൽ നില നിർത്തുന്നതിനായി സഹായകരമാവും. ഇതിനായുള്ള അപേക്ഷകൾ സ്വീകരിക്കുകയും, അർഹരായവർക്ക് ധനസഹായം വിതരണ നടപടികൾ പൂർത്തീകരിച്ചിട്ടുമുണ്ട്.

12. സ്വയം തൊഴിൽ ധനസഹായം

നിലവിൽ പല വിധത്തിലുള്ള വിവേചനങ്ങൾക്കും, അവകാശലംഘനങ്ങൾക്കും വിധേയരാകേണ്ടി വരുന്ന ട്രാൻസ്ജെൻഡർ സമൂഹത്തിന് പ്രത്യേക പരിഗണന നൽകി സാമൂഹ്യ പുനരധിവാസം ഉറപ്പാക്കേണ്ടതുണ്ട്. ഇതിലേക്കായി ഇവർക്ക് സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. തൊഴിൽ സംരംഭം തുടങ്ങുന്നതിനായി ഒരു വ്യക്തിക്ക് 50,000 രൂപ എന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം നിലവിൽ 62 പേർക്ക് ആദ്യഗഡുവും 11 പേർക്ക് രണ്ടാം ഗഡുവും അനുവദിച്ചിട്ടുണ്ട്.

13. വനിത വികസന കോർപ്പറേഷൻ വഴി സ്വയം തൊഴിലിനുള്ള വായ്പ പദ്ധതി

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വ്യക്തിപരമായോ, സംഘം ചേർന്നോ തൊഴിൽ സംരംഭം തുടങ്ങുന്നതിനായുള്ള പദ്ധതിയാണ് ഇത്. വനിതാ വികസന

കോർപ്പറേഷൻ മുഖേനയാണ് തുക നൽകുക. ഒരു സംരംഭകർക്കോ സംരംഭകത്വത്തിനോ 3 ലക്ഷംരൂപ വരെ പ്രാരംഭഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 10 അംഗങ്ങൾക്കാണ് തുക നൽകുന്നത്. പ്രസ്തുത പദ്ധതി പ്രകാരം സ്വയം തൊഴിൽ കണ്ടെത്തി ട്രാൻസ്ജെൻഡർ വ്യക്തികളെ സ്വയം പര്യാപ്തരാക്കാൻ കഴിയും. 30 ലക്ഷംരൂപയാണ് പ്രസ്തുത പദ്ധതിക്കായി വനിത വികസന കോർപ്പറേഷൻ നൽകിയിട്ടുള്ളത്.

14. ഡ്രൈവിംഗ് പരിശീലനം

സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ കണ്ടെത്തി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനായി ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഒരു ജില്ലയിൽ 5 വീതം ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകിയിട്ടുള്ളത്.

15. ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി.

നിയമപരമായി വിവാഹം ചെയ്ത ട്രാൻസ്ജെൻഡർ ദമ്പതികൾക്കാണ് ഈ പദ്ധതി ലഭ്യമാകുന്നത്. 30,000 രൂപയാണ് ധനസഹായമായി ലഭ്യമാകുന്നത്. വിവാഹശേഷം 6 മാസത്തിനു ശേഷവും ഒരു വർഷത്തിനകവും ധനസഹായത്തിനായുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകരിൽ ഒരാൾ മാത്രം ട്രാൻസ്ജെൻഡർ വ്യക്തിയാണെങ്കിലും ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

16. ബോധവൽക്കരണ പരിപാടികൾ

സമൂഹത്തിൽ പാർശവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കു നേരെ തികഞ്ഞ അവഗണനയാണ് പലപ്പോഴും പൊതുസമൂഹം വച്ചുപുലർത്തുന്നത്. സംസ്ഥാനത്താകമാനം പോലീസ് ഉദ്യോഗസ്ഥരെയും, സർക്കാർ ജീവനക്കാരെയും അദ്ധ്യാപകരെയും കുടുംബശ്രീ പ്രവർത്തകരെയും ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ ജില്ലാതലത്തിൽ നടന്നു വരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിൽനിന്നും 10 വീതം സ്കൂളുകളും കോളേജുകളും തെരഞ്ഞെടുത്തു വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

17. കെയർ ഹോം/ഷോർട്ട് സ്റ്റേഹോമുകൾ

കെയർ ഹോം/ഷോർട്ട് സ്റ്റേ ഹോമുകൾ കേരളത്തിലെ വിവിധ കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷന്റെ കീഴിൽ പ്രവർത്തിക്കുന്നതായിരിക്കും. പ്രാരംഭ

ഘട്ടമെന്ന നിലയിൽ കേരളത്തിൽ 5 കെയർ ഹോം/ഷോർട്ട് സ്റ്റേ ഹോമുകൾ ആണ് പ്രവർത്തിച്ചു വരുന്നത്. തിരുവനന്തപുരം2, എറണാകുളം, കോട്ടയം, കോഴിക്കോട് (ഒന്നുവീതം)

18. ട്രാൻസ്ജെൻഡർ കലോത്സവം

ട്രാൻസ്ജെൻഡർ വ്യക്തികളുടെ കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുവേണ്ടി വകുപ്പ് മുഖേന സംസ്ഥാന ട്രാൻസ്ജെൻഡർ കലോത്സവം നടപ്പ് സാമ്പത്തിക വർഷം നടത്തുകയുണ്ടായി. കേരളത്തിലാകമാനം ഉള്ള ആയിരത്തോളം ട്രാൻസ്ജെൻഡർ വ്യക്തികളാണ് കലോത്സവത്തിൽ പങ്കെടുത്തത്.

19. അഡ്വക്കസി ക്യാമ്പയിൻ

പൊതുസമൂഹം ഇത്തരം ജീവിതങ്ങൾ അനുഭവിക്കുന്ന മാനസിക ശാരീരിക വെല്ലുവിളികളെക്കുറിച്ചും ബുദ്ധിമുട്ടുകളെക്കുറിച്ചും ഇനിയും മനസ്സിലാക്കേണ്ടതുണ്ട്. ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ജീവിക്കാൻ എല്ലാവിഭാഗം മനുഷ്യർക്കും ഒരുപോലെയുള്ള അവകാശമാണുള്ളത് എന്ന പൊതുബോധത്തെ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി അഡ്വക്കസി ക്യാമ്പയിൻ c-dit മുഖേന നടത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

20. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം

ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം അനുവദിച്ച സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ഒരു കോഴ്സിന് 2 സീറ്റ് വീതമാണ് സംവരണം ഏർപ്പെടുത്തിയിരിക്കുന്നത്. എറണാകുളം മഹാരാജാസ് കോളേജിലാണ് ആദ്യമായി പഠിതാക്കൾ സംവരണ സീറ്റിലൂടെ അഡ്മിഷൻ നേടിയത്.

21. പി.എസ്.സി. പരീക്ഷയിൽ അപേക്ഷിക്കുന്നതിനായി ട്രാൻസ്ജെൻഡർ കോളം ഉൾപ്പെടുത്തുന്നതിന് സർക്കാർ അനുമതി ലഭിച്ചു

പി.എസ്.സി പരീക്ഷയിൽ അപേക്ഷിക്കുന്നതിനായി പുരുഷൻ, സ്ത്രീ എന്നതിനൊപ്പം ട്രാൻസ്ജെൻഡർ കോളം കൂടി ഉൾപ്പെടുത്തുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2019 ജനുവരി മാസം

മുതൽ ഇത് പ്രാബല്യത്തിൽ ഉണ്ട്. പൊതുനിയമനങ്ങളിൽ ട്രാൻസ്ജെൻഡർ വ്യക്തികളെ കൂടി ഉൾപ്പെടുത്തി ചരിത്രം കുറിച്ച രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറുന്നു.

22. ഡ്രൈവിംഗ് ലൈസൻസിൽ ട്രാൻസ്ജെൻഡർ കോളം

മോട്ടോർ വാഹന വകുപ്പ് മുഖേന നൽകുന്ന ഡ്രൈവിംഗ് ലൈസൻസിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വന്തം സ്വത്വം വെളിപ്പെടുത്തി ലൈസൻസ് ലഭ്യമാക്കുന്നതിനു എല്ലാ നടപടികളും വകുപ്പിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഡ്രൈവിംഗ് ലൈസൻസിനായുള്ള എല്ലാ അപേക്ഷാഫോമുകളിലും ട്രാൻസ്ജെൻഡർ കോളം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

23. ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി സൗഹൃദ ടോയിലെറ്റുകൾ സ്ഥാപിക്കാൻ അനുമതി

സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ട്രാൻസ്ജെൻഡർ സൗഹൃദ ടോയിലറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പഠിതാക്കൾ ഉള്ള എറണാകുളം മഹാരാജാസ് കോളേജിൽ ട്രാൻസ്മാൻ, ട്രാൻസ് വുമൺ എന്നിവർക്കായി രണ്ടു സൗഹൃദ ടോയിലെറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്.

24. ട്രാൻസ്ജെന്റേഴ്സിനുള്ള പ്രത്യേക അയൽ കൂട്ടങ്ങൾ കുടുംബശ്രീ സംഘടിപ്പിക്കുന്നു.

25. ട്രാൻസ്ജെന്റേഴ്സിന്റേതായുള്ള ഒരു സഹകരണ സംഘത്തിനു രൂപം നൽകിയിട്ടുണ്ട്.

(സി) ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഉന്നത വിദ്യാഭ്യാസത്തിനായി നിലവിൽ സ്കൂളുകളിൽ/കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകി വരുന്നു. സ്കൂൾ തലം മുതൽ പ്രൊഫഷണൽ ഡിഗ്രി തലം വരെയുള്ള ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഈ ധനസഹായം ലഭിക്കുന്നതാണ്. മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കുള്ള പരിശീലനത്തിനായും പദ്ധതികൾ ആവിഷ്കരിക്കുകയും പ്രാരംഭഘട്ട നടപടികൾ വകുപ്പ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിവിധ നൈപുണ്യ വികസന പരിപാടികൾ, സ്വയംതൊഴിൽ സംരംഭങ്ങൾ എന്നിവ ആരംഭിക്കുന്നതിനുവേണ്ടി ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ആവശ്യാനുസരണം അവരുടെ അഭിരുചിക്കും നിർദ്ദേശങ്ങൾക്കും അനുസരിച്ചുള്ള പ്രവർത്തനങ്ങളും പദ്ധതികളും ആണ് നടപ്പിലാക്കിയിട്ടുള്ളത്. ബ്യൂട്ടീഷൻ പരിശീലനം നേടാൻ ആഗ്രഹിക്കുന്നവർക്കായി കഴിഞ്ഞ സാമ്പത്തിക വർഷം ധ്വയ ട്രാൻസ്ജെൻഡേഴ്സ് ആർട്സ് ആൻഡ് ചാരിറ്റബിൾ സൊസൈറ്റി എന്ന CBO മുഖേന 35 പേർക്ക്

പരിശീലനം നൽകിയിട്ടുണ്ട്. കൂടുതൽ പേർക്ക് പരിശീലനം ആവശ്യമാണെന്ന നിർദ്ദേശത്തെ തുടർന്ന് നടപ്പു സാമ്പത്തിക വർഷവും പദ്ധതി തുടരുന്നതിനുവേണ്ട നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ട വായ്പാ സംവിധാനം വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഒരു വ്യക്തിക്ക് 3 ലക്ഷംരൂപ ക്രമത്തിൽ 10 പേർക്ക് വ്യക്തിഗതമായോ സംഘം ചേർന്നോ സംരംഭം ആരംഭിക്കുന്നതിനായി 30 ലക്ഷംരൂപ വനിത വികസന കോർപ്പറേഷന് കൈമാറിയിട്ടുണ്ട്.

**ആശ്വാസകിരണം**

306(1914) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആശ്വാസകിരണം പദ്ധതി വഴി എത്ര പേർക്ക് എത്രരൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡങ്ങളിൽ പറയുന്ന കുടുംബവാർഷിക വരുമാന പരിധി ഉയർത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ആശ്വാസകിരണം പദ്ധതി വഴിയുള്ള ധനസഹായം കുടിശ്ശികയായിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 2011 മുതൽ 2016 മാർച്ച് വരെ കെട്ടിക്കിടന്ന 23,804 അപേക്ഷകളടക്കം 2017 മാർച്ച് വരെ ലഭിച്ച 90,251 പേർക്ക് 82 കോടിരൂപ 2017 മാർച്ച് വരെയുള്ള ധനസഹായമായി സർക്കാർ നൽകിയിട്ടുണ്ട്. തുടർന്ന്, 2017-18 കാലയളവിൽ 1,02,952 പേർക്ക് 2017 ഏപ്രിൽ മുതൽ 2017 ഒക്ടോബർ വരെ 73 കോടിരൂപ ധനസഹായം നൽകിയിട്ടുണ്ട്. 2018-19 കാലയളവിൽ ആകെ 1,20,301 പേർക്ക് 2017 നവംബർ മുതൽ 2018 ജൂൺ വരെയുള്ള ധനസഹായം നൽകിയിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ 6,584 പേർ മരണപ്പെടുകയും ബാക്കിയുള്ള 1,13,717 പേർക്ക് 2018 ഡിസംബർ വരെയുള്ള ധനസഹായം നൽകിയിട്ടുണ്ട്.

(ബി) നിലവിലുള്ള മാനദണ്ഡപ്രകാരം തന്നെ ഗുണഭോക്താക്കൾക്കെല്ലാം ധനസഹായം നല്കാൻ വാർഷിക ബഡ്ജറ്റ് വിഹിതം അപര്യാപ്തമായ സാഹചര്യത്തിൽ വരുമാനപരിധി ഉയർത്തുന്ന കാര്യം സർക്കാർ പരിഗണനയിലില്ല.

(സി) 2020-21 സാമ്പത്തിക വർഷം മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സംയുക്തമായി ഈ പദ്ധതി നടപ്പിലാക്കുന്ന കാര്യം തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. 2019 ജനുവരി മുതലുള്ള കുടിശ്ശിക ധനസഹായം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പൂർണ്ണമായി നൽകുന്നതാണ്.

**അഴിമതി അവസാനിപ്പിക്കാൻ സ്വീകരിച്ച നടപടികൾ**

307(1915) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് വകുപ്പിൽ അഴിമതി അവസാനിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിന്റെയും ക്രമക്കേടുകളിൽ ഉൾപ്പെട്ടതിന്റെയും പേരിൽ ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത വകുപ്പിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) 1. പൊതുവിതരണസമ്പ്രദായത്തിന്റെ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായിട്ട് ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുക, സപ്ലൈ ചെയിൻ മാനേജ്മെന്റ് & ഓൺലൈൻ അലോക്കേഷൻ, റേഷൻകടകളുടെ കമ്പ്യൂട്ടർ വല്കരണം, പരാതിപരിഹാര സംവിധാനവും സുതാര്യതാ പോർട്ടലും സ്ഥാപിക്കൽ എന്നീ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിയത് വഴി പൊതുവിതരണ രംഗത്തെ അഴിമതി ഫലപ്രദമായി തടയുവാൻ സാധിച്ചിട്ടുണ്ട്.

2. റേഷൻ വിതരണ രംഗത്തെ അഴിമതി പൂർണ്ണമായും തടയുന്നതിനായി സംസ്ഥാനത്ത് നിലവിൽ ഉണ്ടായിരുന്ന 333 സ്വകാര്യ മൊത്തവിതരണക്കാരെ പൂർണ്ണമായും ഒഴിവാക്കി ദേശീയഭക്ഷ്യ ഭദ്രത നിയമം - 2013 അനുശാസിക്കുന്ന രീതിയിൽ റേഷൻ സാധനങ്ങൾ വാതിൽപ്പടി വിതരണം നടത്തുന്നതിനായി സർക്കാർ ഏജൻസിയായ സിവിൽ സപ്ലൈസ് കോർപ്പറേഷനെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.

3. റേഷൻ വിതരണരംഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്ന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് എതിരെ അന്വേഷണം നടത്തുകയും ശക്തമായ അച്ചടക്കനടപടികളും വകുപ്പ് തലത്തിൽ സ്വീകരിച്ച് വരുന്നതിന്റെ അടിസ്ഥാനത്തിൽ പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട അഴിമതി ഗണ്യമായ അളവിൽ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിന്റെയും ക്രമക്കേടിൽ ഉൾപ്പെട്ടതിന്റെയും പേരിൽ ഈ സർക്കാരിന്റെ കാലയളവിൽ, സിവിൽ സപ്ലൈസ് വകുപ്പിലെ, 486 ഉദ്യോഗസ്ഥർക്ക് എതിരായി, സർക്കാർ തലത്തിലും വകുപ്പ് തലത്തിലുമായി അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**വിശപ്പുരഹിത കേരളം പദ്ധതി**

308(1916) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; ഈ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) സൗജന്യ ഭക്ഷണത്തിന് അർഹരായ നിരാലംബരുടെ പട്ടിക എങ്ങനെയാണ് തയ്യാറാക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, കുടുംബശ്രീ പ്രവർത്തകർ, ആശാ വർക്കർമാർ, അങ്കണവാടി ജിവനക്കാർ മുതലായവരെ ഇക്കാര്യത്തിൽ ഫലപ്രദമായി ഉപയോഗിക്കുന്നതിനു സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) വിശപ്പുരഹിത കേരളം (സുഭിക്ഷ) പദ്ധതി ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ കൂടി ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. മറ്റ് ജില്ലകളിൽ പദ്ധതി ആരംഭിക്കുന്നതിന് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ കണ്ടെത്തുന്നതിന് ജില്ലാ കളക്ടറും ജില്ലാ സപ്ലൈ ഓഫീസറും ഉൾപ്പെടുന്ന കമ്മിറ്റി, നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി & സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റ്, ഐ.സി.ഡി.എസ്. ജില്ലാ പ്രോഗ്രാം ഓഫീസർ, ആശാ വർക്കർമാർ, അംഗനവാടി ജീവനക്കാർ എന്നിവരിൽനിന്നും ലഭിക്കുന്ന ലിസ്റ്റിൽനിന്നും അന്വേഷണം നടത്തി ജില്ലാ സുഭിക്ഷാ കമ്മിറ്റിയാണ് സൗജന്യ ഭക്ഷണത്തിന് അർഹരായ നിരാലംബരുടെ പട്ടിക തയ്യാറാക്കുന്നത്. കുടുംബശ്രീയുടെയും സന്നദ്ധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഈ സംരംഭം വ്യാപകമായി സംസ്ഥാനം മുഴുവൻ നടപ്പാക്കുന്ന കാര്യം ചർച്ച ചെയ്ത് നടപടികൾ സ്വീകരിച്ചു വരുന്നു.

**വിശപ്പുരഹിത കേരളം പദ്ധതി**

309(1917) <u>ശ്രീ. പി. കെ. ബഷീർ</u> :

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതി എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വർഷത്തെ ബഡ്ജറ്റിൽ വിശപ്പുരഹിത കേരളം പദ്ധതിക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ടി പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആവശ്യക്കാർക്ക് സൗജന്യമായി ഒരു നേരത്തെ ഭക്ഷണം നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് വിശപ്പ് രഹിത കേരളം (സുഭിക്ഷ) പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതി ആലപ്പുഴ, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

(സി) 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതിക്കായി ഒരു കോടിരൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ കൂടി ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. മറ്റ് ജില്ലകളിൽ പദ്ധതി ആരംഭിക്കുന്നതിന് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ കണ്ടെത്തുന്നതിന് ജില്ലാ കളക്ടറും ജില്ലാ സപ്ലൈ ഓഫീസറും ഉൾപ്പെടുന്ന കമ്മിറ്റി, നടപടികൾ സ്വീകരിച്ചു വരുന്നു.

**വിശപ്പുരഹിത കേരളം പദ്ധതി**

310(1918) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വിശപ്പ് രഹിത പദ്ധതിയുടെ നടത്തിപ്പ് രീതിയും വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആവശ്യക്കാർക്ക് സൗജന്യമായി ഒരു നേരത്തെ ഭക്ഷണം നൽകുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് വിശപ്പ് രഹിത കേരളം (സുഭിക്ഷ) പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ സപ്ലൈ ഓഫീസർ കൺവീനറായി സുഭിക്ഷ കമ്മിറ്റി രൂപീകരിക്കുകയും ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് 20 രൂപ നിരക്കിൽ ഭക്ഷം ലഭ്യമാക്കുകയും ചെയ്തു വരുന്നു.

(ബി) നിലവിൽ ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ കൂടി ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. മറ്റ് ജില്ലകളിൽ പദ്ധതി ആരംഭിക്കുന്നതിന് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ കണ്ടെത്തുന്നതിന് ജില്ലാ കളക്ടറും ജില്ലാ സപ്ലൈ ഓഫീസറും ഉൾപ്പെടുന്ന കമ്മിറ്റി, നടപടികൾ സ്വീകരിച്ചു വരുന്നു.

**അന്നപൂർണ്ണ പദ്ധതി**

311(1919) ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുതിർന്ന പൗരന്മാർക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിനായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നടപ്പാക്കുന്ന ദേശീയ സാമൂഹ്യ സഹായ പരിപാടിയുടെ ഭാഗമായ അന്നപൂർണ്ണ പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) അന്നപൂർണ്ണ പദ്ധതി പ്രകാരം സൗജന്യമായി ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ എന്തെല്ലാമാണെന്നും പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മുതിർന്ന പൗരന്മാർക്ക് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി അന്നപൂർണ്ണ പദ്ധതി നിലവിലുണ്ട്.

(ബി & സി) അന്നപൂർണ്ണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി ലഭിക്കുന്നതാണ്. അപേക്ഷകന്റെ പ്രായം അറുപത്തിയഞ്ചോ (65) അതിനുമുകളിലോ ആയിരിക്കണം. സ്വന്തമായോ, കുടുംബാഗങ്ങളുടെയോ ഇതര സ്രോതസ്സുകളിലൂടെയോ ഉള്ള വരുമാനം കൊണ്ട് ഉപജീവനത്തിന് മാർഗ്ഗമില്ലാത്ത അഗതികളായിരിക്കണം, നാഷണൽ ഓൾഡ്

ഏജ് പെൻഷൻ സ്കീമിലെയോ (NOAPS) മറ്റ് സംസ്ഥാന പെൻഷൻ പദ്ധതി പ്രകാരമോ ഉള്ള പെൻഷൻ ലഭിക്കാത്ത ആളായിരിക്കണം എന്നിവയാണ് പദ്ധതിയിൽ അംഗമാകാനുള്ള മാനദണ്ഡങ്ങൾ.

## വീടോ സ്ഥലമോ ഇല്ലാത്തവർക്ക് റേഷൻ കാർഡ്

312(1920) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്തവർക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഇവർക്ക് മുൻഗണനാ റേഷൻ കാർഡാണോ അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്തവർക്ക് വീട്ടുനമ്പർ ഇല്ലാതെ തന്നെ താലൂക്ക് സപ്ലൈ ഓഫീസർമാരുടെ പരിശോധനയിൽ റേഷൻ കാർഡില്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷം റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരമുള്ളവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകുമ്പോൾ 10 മാർക്ക് വെയിറ്റേജ് ആയി നൽകി വരുന്നുണ്ട്. അപ്രകാരം ആകെ 30-ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്നവരെ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തുകയും അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് സീനിയോറിറ്റി അനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരികയും ചെയ്യുന്നു.

## പുതിയ റേഷൻ കാർഡിന് അപേക്ഷിക്കുന്നവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട്

313(1921) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡിൽ കുടുംബാംഗങ്ങളുടെ കൂട്ടത്തിൽ പേര് ഉൾപ്പെട്ടിട്ടുള്ളതും വിവാഹിതരുമായവർക്ക് പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രായപൂർത്തിയായ ഒരാൾക്ക് പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിന് നിലവിൽ പേരുള്ള റേഷൻകാർഡിൽനിന്നും കുറവ് ചെയ്യേണ്ടതുണ്ടോ; ഇങ്ങനെ കുറവ് ചെയ്യുന്നതിന് നിലവിലുള്ള റേഷൻ കാർഡിലെ കുടുംബനാഥയുടെ അനുവാദം ആവശ്യമുണ്ടോ;

(സി) ഇത്തരം വ്യവസ്ഥകൾ നിലനിൽക്കുന്നത് പുതിയ റേഷൻ കാർഡിന് അപേക്ഷിക്കുന്നവർക്ക് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനാൽ പ്രസ്തുത വ്യവസ്ഥകൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) റേഷൻ കാർഡിൽ കുടുംബാംഗങ്ങളുടെ കൂട്ടത്തിൽ പേര് ഉൾപ്പെട്ടിട്ടുള്ളതും വിവാഹിതരുമായവർക്ക് നിലവിൽ ഉൾപ്പെട്ടിരിക്കുന്ന റേഷൻ കാർഡിൽനിന്നും പേര് നീക്കം ചെയ്ത് പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിൽ അപേക്ഷ നൽകിയാൽ മതിയാകും.

(ബി) ഉണ്ട്. കുറവ് ചെയ്യുന്നതിന് നിലവിലുള്ള റേഷൻ കാർഡിലെ കുടുംബനാഥയുടെ സമ്മതപത്രം ആവശ്യമുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**വീടും സ്ഥലവും ഇല്ലാത്തവർക്ക് റേഷൻകാർഡ്**

314(1922) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവർക്കും റേഷൻകാർഡ് അനുവദിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നോ; ഇവർക്ക് റേഷൻ കാർഡിന് അപേക്ഷിക്കുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

അതെ. സംസ്ഥാനത്ത് സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്തവർക്ക് വീട്ടുനമ്പർ ഇല്ലാതെ തന്നെ താലൂക്ക് സപ്ലൈ ഓഫീസർമാരുടെ പരിശോധനയിൽ റേഷൻ കാർഡില്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷം റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരമുള്ളവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകുമ്പോൾ 10 മാർക്ക് വെയിറ്റേജ് ആയി നൽകി വരുന്നുണ്ട്. അപ്രകാരം ആകെ 30-ഓ അതിൽ

കൂടുതലോ മാർക്ക് ലഭിക്കുന്നവരെ സാധ്യത പട്ടികയിൽ ഉൾപ്പെടുത്തുകയും അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് സീനിയോറിറ്റി അനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരികയും ചെയ്യുന്നു.

**റേഷൻ കാർഡ് മുഖേന നൽകിവരുന്ന അരിയുടെ അളവ്**

315(1923) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 2018, 2019 വർഷങ്ങളിൽ എത്ര റേഷൻ കാർഡുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്കും സബ്സിഡി നിരക്കിൽ എത്ര കിലോ അരിയാണ് ഒരു വ്യക്തിക്ക് നല്കി വരുന്നതെന്നും എത്രരൂപയ്ക്കാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഇപ്പോൾ നൽകി വരുന്ന അരിയുടെ അളവ് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 2018, 2019 വർഷങ്ങളിലായി 8643619 റേഷൻ കാർഡുകൾ നിലവിലുണ്ട്.

(ബി) മുൻഗണനേതര സബ്സിഡി വിഭാഗത്തിൽ കാർഡിലെ ഓരോ അംഗത്തിനും 2 കിലോഗ്രാം അരി വീതം കിലോഗ്രാമിന് 4 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു.

(സി) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിക്കണമെന്ന ആവശ്യം നിരവധി തവണ കത്തുകളിലൂടെയും ഗവർണ്ണമാരുടെ സമ്മേളനത്തിലും എം.പിമാരുടെ കോൺഫറൻസിലും ഉന്നയിക്കുകയും ബഹു.ഭക്ഷ്യ വകുപ്പു മന്ത്രിതലത്തിലും ബഹു. മുഖ്യമന്ത്രിതലത്തിലും സർവ്വകക്ഷിതലത്തിൽ ബഹു.പ്രധാനമന്ത്രിയെ നേരിട്ടു കണ്ടും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ 2010-11 മുതൽ 2012-13 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ എ.പി.എൽ വിഭാഗത്തിലുള്ള കേരളത്തിന്റെ ഓഫ് ടേക്കിന്റെ വാർഷിക ശരാശരി കണക്കിലെടുത്താണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയിട്ടുള്ളതെന്നും എല്ലാ സംസ്ഥാനങ്ങൾക്കും ഇതേ രീതി തന്നെയാണ് അവലംബിച്ചിരിക്കുന്നതെന്നതിനാൽ കേരളത്തിനു മാത്രമായി വ്യത്യാസം വരുത്താൻ കഴിയില്ലെന്നുമാണ് നിലവിൽ കേന്ദ്രസർക്കാരിൽ നിന്ന് അറിയിച്ചിട്ടുള്ളത്.

## വയനാട് ജില്ലയിൽ എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കി മാറ്റുന്ന നടപടി

316(1924) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ ജില്ലകളിൽ അനുവദിച്ച റേഷൻ കാർഡുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) മാരകമായ രോഗം ബാധിച്ച എ.പി.എൽ. കാർഡ് ഉടമകൾക്ക് ബി.പി.എൽ ആക്കി മാറ്റുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ എത്ര ഗുണഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭിച്ചുവെന്ന് വിശദമാക്കാമോ;

(സി) റേഷൻ കാർഡ് സംബന്ധമായ പരാതികൾ പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികളെന്തെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ ജില്ലകളിൽ അനുവദിച്ച റേഷൻ കാർഡുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) വയനാട് ജില്ലയിൽ മാരകരോഗം ബാധിച്ച എ.പി.എൽ. കാർഡ് ഉടമകളിൽനിന്നും 869 ഗുണഭോക്താക്കളുടെ റേഷൻകാർഡ് മുൻഗണനയിലേക്ക് മാറ്റി നൽകിയിട്ടുണ്ട്.

(സി) റേഷൻ കാർഡ് സംബന്ധമായി ലഭ്യമാകുന്ന പരാതികൾ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസ്/സിറ്റി റേഷനിംഗ് ഓഫീസുകളിൽ തന്നെ പരിശോധിച്ച് തീർപ്പു കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കെട്ടിട നമ്പർ ഇല്ലാത്തവർക്ക് റേഷൻ കാർഡ്

317(1925) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നമ്പർ ഇല്ലാത്തതിനാൽ റേഷൻകാർഡ് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടായിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കെട്ടിട നമ്പർ ഇല്ലാത്തതിനാൽ അർഹരായ നിരവധി പേർക്ക് റേഷൻ കാർഡ് ലഭിക്കാത്ത സാഹചര്യത്തിൽ പ്രശ്ന പരിഹാരത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അർഹരായ എല്ലാവർക്കും റേഷൻകാർഡ് ലഭിക്കുന്നതിന് മാനദണ്ഡങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്തവർക്ക് വീട്ടുനമ്പർ ഇല്ലാതെ തന്നെ താലൂക്ക് സപ്ലൈ ഓഫീസർമാരുടെ പരിശോധനയിൽ റേഷൻ കാർഡില്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷം റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ 10 (എ) പ്രകാരമുള്ള കേന്ദ്രസർക്കാർ മാനദണ്ഡപ്രകാരം എ.എ.വൈ വിഭാഗത്തെയും 18-9-2017 ലെ സ.ഉ (സാധാ)നം. 320/17/ഭ.പൊ.വി.വ പ്രകാരം സംസ്ഥാനം നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാ വിഭാഗത്തെയും കണ്ടെത്തി റേഷൻകാർഡ് വിതരണം നടത്തി വരുന്നു.

(സി) മുൻഗണനാ മാനദണ്ഡപ്രകാരം ഒരു മാർക്കെങ്കിലും കിട്ടിയവർ, മുൻഗണനാ മാനദണ്ഡത്തിൽപ്പെടാത്തവരും അയോഗ്യരല്ലാത്തവരും ആയിരം ചതുരശ്ര അടി വീട് എന്ന മാനദണ്ഡംമൂലം മാത്രം മുൻഗണനയിൽപ്പെടാത്തവർ, നാലു ചക്രവാഹനം എന്ന മാനദണ്ഡംമൂലം മാത്രം മുൻഗണനയിൽപ്പെടാത്തവർ എന്നിവർക്ക് മുൻഗണനേതര (സബ്സിഡി) കാർഡും മേൽപ്പറഞ്ഞ പ്രകാരമില്ലാത്ത എല്ലാ വിഭാഗങ്ങൾക്കും മുൻഗണനേതര (നോൺ സബ്സിഡി) കാർഡും നൽകി വരുന്നു.

ഭാവിയിൽ സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക പശ്ചാത്തലത്തിൽ മാറ്റം ഉണ്ടാകുന്നതിന് അനുസൃതമായി കാർഡ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതാണ്.

## നിലമ്പൂർ താലൂക്കിൽ റേഷൻ മുൻഗണന വിഭാഗം

318(1926) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്കിൽ റേഷൻ മുൻഗണന വിഭാഗത്തിൽ അനർഹരായി കണ്ടെത്തിയ ആളുകൾക്ക് പകരം അർഹരായ ആളുകളെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇതിനുള്ള മാനദണ്ഡങ്ങൾ, തെരഞ്ഞെടുത്ത രീതി, ആളുകളുടെ എണ്ണം, പേരും വിലാസവും, റേഷൻ കാർഡ് നമ്പർ എന്നിവ സഹിതം വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരമുള്ള മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിനായി 18-9-2017-ലെ സ.ഉ.(സാ.ധാ) നമ്പർ 320/17/ഭ.പൊ.വി.വ. പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് നൽകിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3(13) പ്രകാരം മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമാണെന്നതിനാൽ ആയത് പ്രകാരം പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരെന്ന് കണ്ടെത്തുന്നവരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടർന്നുവരുന്നു. പുതുതായി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നതിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കാവുന്നതും പരിശോധനയിൽ ക്ലേശഘടകങ്ങൾക്ക് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി 30-ഓ അതിലധികമോ മാർക്ക് ലഭിക്കുകയാണെങ്കിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി ക്രമമനുസരിച്ച് സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരുടെ പട്ടിക തയ്യാറാക്കുന്നു. പ്രസ്തുത പട്ടികകൾ സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിൽനിന്നും സീനിയോറിറ്റി ക്രമം നിശ്ചയിച്ച് അംഗീകരിച്ച് അതാത് താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ തിരികെ നൽകുന്നു. സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്ന് ഒഴിവുകൾ അനുവദിച്ച് നൽകുന്ന മുറക്ക് ആദ്യം നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരെയും ശേഷം മാർക്ക് അടിസ്ഥാനത്തിലുള്ള പട്ടികയിലുള്ളവരെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. സംസ്ഥാനത്തെ മുൻഗണനാവിഭാഗ അംഗങ്ങളുടെ എണ്ണം കേന്ദ്രസർക്കാർ 1,54,800,40 ആയി നിജപ്പെടുത്തിയിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിന് പരിമിതിയുണ്ട്.

നിലമ്പൂർ താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിൽ നാളിതുവരെ 8982 കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ പേര്, വിലാസം, റേഷൻകാർഡ് നമ്പർ എന്നീ വിശദാംശങ്ങൾ വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്.

## കാസർഗോഡ് ജില്ലയിൽ റേഷൻകാർഡ് ബി.പി.എൽ. ആക്കി മാറ്റി നൽകാൻ നടപടി

319(1927) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ മാരക രോഗങ്ങൾ ബാധിച്ച കുടുംബങ്ങളിലെ എ.പി.എൽ. റേഷൻകാർഡ് ബി.പി.എൽ. ആക്കി മാറ്റി നൽകാൻ സ്വീകരിച്ച നടപടികൾ പ്രകാരം എത്രപേർക്ക് ബി.പി.എൽ. കാർഡ് ഇനിയും നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ മുൻഗണനാ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത, മാരകരോഗങ്ങൾ ബാധിച്ച കുടുംബങ്ങളിലെ 365 പൊതുവിഭാഗം സബ്സിഡി/പൊതുവിഭാഗം നോൺസബ്സിഡി കാർഡുകൾ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റി നൽകാനുണ്ട്.

## പുറമ്പോക്കുകളിലെ താമസക്കാർക്ക് റേഷൻ കാർഡ്

320(1928) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ്, തോട്, റെയിൽ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് നൽകുന്ന നടപടി ഏത് ഘട്ടത്തിലാണ്;

(ബി) ഇവർക്ക് മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് കാർഡ് നൽകിയതെന്ന ആക്ഷേപം ശരിയാണോയെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിനകം ഇവരിൽ എത്ര പേർക്ക് കാർഡ് നൽകിയെന്നും ഇവർക്ക് മുൻഗണനേതര വിഭാഗത്തിൽപ്പെടുത്തി കാർഡ് നൽകിയത് ഏത് സാഹചര്യത്തിലാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) റോഡ് വക്കിലും റയിൽവെ ലൈൻ പരിസരത്തും തോട് വക്കിലുമുൾപ്പെടെ പുറമ്പോക്കിൽ ഷെഡ് കെട്ടി താമസിക്കുന്നവർക്ക് വീട്ടുനമ്പർ ഇല്ലാതെ തന്നെ താലൂക്ക് സപ്ലൈ ഓഫീസർമാരുടെ പരിശോധനയിൽ റേഷൻ കാർഡില്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷം റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. ആയതിനാൽ നിലവിൽ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന അനർഹരെ കണ്ടെത്തി ഒഴിവാക്കി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. അതുപ്രകാരം ഇപ്രകാരമുള്ളവർക്ക് ആദ്യം മുൻഗണനേതര കാർഡാണ് നൽകുന്നതെങ്കിലും ഇവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകുമ്പോൾ വെയിറ്റേജ് ആയി 10 മാർക്ക് ഉൾപ്പെടെ ആകെ 30-ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്നവരെ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തുകയും അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് സീനിയോറിറ്റി അനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുകയും ചെയ്യുന്നു. നാളിതുവരെ സംസ്ഥാനത്ത് ഇപ്രകാരമുള്ള 235 കുടുംബങ്ങൾക്ക് റേഷൻകാർഡ് നൽകിയിട്ടുണ്ട്.

## റേഷൻ മുൻഗണന പട്ടികയിൽ അനർഹർ

321(1929) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനത്ത് മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തിയത് എത്ര പേരെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി അനർഹമായി മുൻഗണന റേഷൻ കാർഡ് കൈവശംവച്ച് റേഷൻ സാധനങ്ങൾ കൈപ്പറ്റിയതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതുവരെ എത്ര കുടുംബങ്ങളെ മുൻഗണന പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 15480040 ആണ്. ആയത് പ്രകാരം തയ്യാറാക്കിയ അന്തിമ പട്ടികയിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന് ധാരാളം പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിന് 18-9-2017 ലെ സ.ഉ.(സാധാ) നമ്പർ320/17/ഭ.പൊ.വി.വ. പ്രകാരം മാനദണ്ഡങ്ങൾ പരിഷ്ക്കരിച്ച് നൽകിയിരുന്നു. ആയതു പ്രകാരം സംസ്ഥാനത്താകെ ലഭിച്ച 7.66 ലക്ഷം അപേക്ഷകളിന്മേൽ റേഷൻകട കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി പട്ടിക തയ്യാറാക്കി. പരിശോധനയിൽ 30 മാർക്കോ അതിൽ കൂടുതലോ ലഭിച്ച കുടുംബങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കിയ പട്ടികയിൽ നാളിതുവരെ 3,96,071 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (ഏകദേശം 17 ലക്ഷം അംഗങ്ങൾ) ടി പട്ടികയ്ക്ക് പുറമേ അടിയന്തര പ്രാധാന്യമുള്ള കേസുകളിൽ, ഗുരുതരമായ രോഗങ്ങൾ, അടിയന്തര ചികിത്സ ആവശ്യമുള്ളവർ എന്നിവർക്ക് മാനുഷിക പരിഗണന നൽകി മുൻഗണനാ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടുവരുന്നവരെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013-ന്റെ 10 (എ) പ്രകാരമുള്ള കേന്ദ്രസർക്കാർ മാനദണ്ഡപ്രകാരമാണ് എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നത്. ആയതിന് സംസ്ഥാനം പ്രത്യേകം മാനദണ്ഡം നിശ്ചയിച്ചിട്ടില്ല.

(ബി&സി) താലൂക്ക് സപ്ലൈ ആഫീസർമാരും റേഷനിംഗ് ഇൻസ്പെക്ടർമാരും ഉൾപ്പെട്ട സ്ക്വാഡ് വീടുകൾ തോറും പരിശോധന നടത്തി അനർഹമായ റേഷൻ കാർഡുകൾ കണ്ടെത്തി റദ്ദ് ചെയ്യുകയും അനർഹമായി കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ വില പിഴ ചുമത്തി ഈടാക്കുകയും കാർഡ് പൊതുവിഭാഗത്തിലേക്ക് മാറ്റുകയും ചെയ്യുന്നുണ്ട്. അനർഹമായി റേഷൻ സാധനങ്ങൾ വാങ്ങിയവരിൽ നിന്ന് കമ്പോള നിരക്കിൽ 2020 ജനുവരി മാസം വരെ 1.49 കോടിരൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

ഇതുവരെ 4,76,568 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ തദ്ദേശസ്വയം ഭരണം മോട്ടോർവാഹനം എന്നീ വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ്

ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ./പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും റേഷൻ വാങ്ങിയിരുന്നില്ലെന്ന് കണ്ടെത്തിയവരെ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുമുണ്ട്. കൂടാതെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്നും മരണപ്പെട്ടവരുടെ വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെയും ശേഖരിച്ച് പട്ടികയിൽനിന്നും ഒഴിവാക്കി വരുന്നു.

## റേഷൻ മുൻഗണനാ ലിസ്റ്റ് ശുദ്ധീകരണം

322(1930) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ മുൻഗണന ലിസ്റ്റിന്റെ ശുദ്ധീകരണ നടപടികളുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) അനർഹരാണെന്ന് കണ്ടെത്തി എത്ര കാർഡുടമകളെ 2019-ൽ മുൻഗണനാലിസ്റ്റിൽനിന്നും ഒഴിവാക്കി പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) മുൻഗണനാർഹരെ കണ്ടെത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇത് കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് മുന്തിയ പരിഗണന നൽകുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ തദ്ദേശസ്വയം ഭരണം, മോട്ടോർവാഹനം എന്നീ വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ് ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ./പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും റേഷൻ വാങ്ങിയിരുന്നില്ലെന്ന് കണ്ടെത്തിയവരെ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുമുണ്ട്. കൂടാതെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്നും മരണപ്പെട്ടവരുടെ വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെയും ശേഖരിച്ച് പട്ടികയിൽനിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നും വരുന്നു.

താലൂക്ക് സപ്ലൈ ആഫീസർമാരും റേഷനിംഗ് ഇൻസ്പെക്ടർമാരും ഉൾപ്പെട്ട സ്ക്വാഡ് വീടുകൾ തോറും പരിശോധന നടത്തി അനർഹമായ റേഷൻ കാർഡുകൾ കണ്ടെത്തി റദ്ദ് ചെയ്യുകയും അനർഹമായി കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ വില പിഴ ചുമത്തി ഈടാക്കുകയും കാർഡ് പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുകയും ചെയ്യുന്നുണ്ട്. ഇതിന് ആനുപാതികമായി അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിവരുന്നു.

(ബി) അനർഹരാണെന്ന് കണ്ടെത്തിയ 1,60,881 കാർഡുകളെ (കുടുംബങ്ങൾ) 2019-ൽ മുൻഗണനാ ലിസ്റ്റിൽനിന്നും ഒഴിവാക്കി പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(സി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങൾക്ക് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി 30 ഓ അതിലധികമോ മാർക്ക് ലഭിക്കുകയാണെങ്കിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി ക്രമമനുസരിച്ച് സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരുടെ പട്ടിക തയ്യാറാക്കുന്നു. പ്രസ്തുത പട്ടികകൾ സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിൽനിന്നും സീനിയോറിറ്റി ക്രമം നിശ്ചയിച്ച് അംഗീകരിച്ച് അതാത് താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ തിരികെ നൽകുന്നു. സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്ന് ഒഴിവുകൾ അനുവദിച്ച് നൽകുന്ന മുറക്ക് ആദ്യം നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരെയും ശേഷം മാർക്ക് അടിസ്ഥാനത്തിലുള്ള പട്ടികയിലുള്ളവരെയും ഒഴിവുകൾ ലഭ്യമാകുന്ന മുറക്ക് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തെ മുൻഗണനാവിഭാഗ അംഗങ്ങളുടെ എണ്ണം കേന്ദ്രസർക്കാർ 1,54,800,40 ആയി നിജപ്പെടുത്തിയിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിന് പരിമിതിയുണ്ട്.

**റേഷൻ മുൻഗണനാ പട്ടികയിൽ നിന്ന് അനർഹരെ ഒഴിവാക്കൽ**

323(1931) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദ്യം പ്രസിദ്ധീകരിച്ച റേഷൻ മുൻഗണന പട്ടികയിൽ നിന്ന് അനർഹരാണെന്ന് കണ്ടെത്തി എത്ര പേരെയാണ് ഇതുവരെ ഒഴിവാക്കിയിട്ടുള്ളത്; അതിന് പകരമായി എത്രപേരെയാണ് പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഒഴിവാക്കുന്നവർക്ക് പകരമായി ഉൾപ്പെടുത്തേണ്ടവരെ ഏതെല്ലാം മാനദണ്ഡമനുസരിച്ചാണ് തെരഞ്ഞെടുക്കുന്നത്; വിശദമാക്കാമോ;

(സി) ഒരു താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നവർക്ക് പകരമായി ആ താലൂക്ക് സപ്ലൈസ് ഓഫീസിന്റെ പരിധിയിൽ വരുന്നവരെയാണോ ഉൾപ്പെടുത്തുന്നത്; അല്ലെങ്കിൽ സംസ്ഥാന തലത്തിൽ ഒറ്റ യൂണിറ്റായി പരിഗണിച്ചാണോ ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആദ്യം പ്രസിദ്ധീകരിച്ച റേഷൻ മുൻഗണനാ പട്ടികയിൽ നിന്ന് അനർഹരാണെന്ന കണ്ടെത്തി 4,76,568 കുടുംബങ്ങളെ ഇതുവരെ ഒഴിവാക്കിയിട്ടുണ്ട്. അതിനു പകരമായി 4,68,568 കുടുംബങ്ങളെ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള ഒഴിവിൽ അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി&സി) സംസ്ഥാനത്തെ മുൻഗണനാവിഭാഗ അംഗങ്ങളുടെ എണ്ണം കേന്ദ്രസർക്കാർ 1,54,800,40 ആയി നിജപ്പെടുത്തിയിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങൾക്ക് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി 30 ഓ അതിലധികമോ മാർക്ക് ലഭിക്കുകയാണെങ്കിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി ക്രമമനുസരിച്ച് സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരുടെ പട്ടിക തയ്യാറാക്കുന്നു. പ്രസ്തുത പട്ടികകൾ സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിൽനിന്നും സീനിയോറിറ്റി ക്രമം നിശ്ചയിച്ച് അംഗീകരിച്ച് അതാത് താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ തിരികെ നൽകുന്നു. സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്ന് ഒഴിവുകൾ അനുവദിച്ച് നൽകുന്ന മുറക്ക് ആദ്യം നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരെയും ശേഷം മാർക്ക് അടിസ്ഥാനത്തിലുള്ള പട്ടികയിലുള്ളവരെയും ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. ഇതുകൂടാതെ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി പരിഷ്കരിച്ച മാനദണ്ഡം സംബന്ധിച്ച 18-9-2017-ലെ സ.ഉ (സാധാ) നമ്പർ 320/2017/ഭ.പൊ.വി.വ. പ്രകാരമുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്തവരെയും പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു.

**റേഷൻ കരിഞ്ചന്ത**

324(1932) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കരിഞ്ചന്ത വ്യാപകമാകുന്നുവെന്നും ഗുണനിലവാരമില്ലാത്ത റേഷൻ സാധനങ്ങൾ കടകളിലൂടെ വിൽക്കുന്നുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതൊക്കെ സാഹചര്യത്തിലാണ് റേഷൻ കടകളിൽ ഇ-പോസ് യന്ത്രങ്ങളെ മറികടന്ന് മാന്വൽ ഇടപാടിന് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റേഷൻ കരിഞ്ചന്ത വ്യാപകമാകുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഗുണനിലവാരമില്ലാത്ത റേഷൻസാധനങ്ങൾ കടകളിലൂടെ വിൽക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ വിതരണം ചെയ്ത് ഗുണനിലവാരമില്ലാത്ത ഭക്ഷ്യധാന്യങ്ങൾ മാറ്റി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇന്റർനെറ്റ് കണക്റ്റിവിറ്റിയില്ലാത്ത പ്രദേശങ്ങളിലും സാങ്കേതിക തടസ്സങ്ങളാൽ ഇ-പോസ് വഴി വിതരണം ചെയ്യാൻ പറ്റാത്ത സാഹചര്യങ്ങളിലും അർഹതയുള്ള ഗുണഭോക്താക്കൾക്ക് റേഷൻ നിരാകരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനാണ് മാന്വൽ വിതരണത്തിന് അനുമതി നൽകിയിട്ടുള്ളത്.

**റേഷൻ കടകളിലെ ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം**

325(1933) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എഫ്.സി.ഐ.-യിലെ ക്വാളിറ്റി കൺട്രോളർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും സപ്ലൈകോ ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ നീതിയുക്തമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; അറിയിക്കാമോ;

(സി) ഉന്നത തല ഉദ്യോഗസ്ഥർ റേഷൻ കടകളിൽ മിന്നൽ പരിശോധന നടത്താറുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) ഓരോ മാസവും ജില്ലാ തലത്തിൽ നടക്കുന്ന പരിശോധനകൾ അവലോകനം ചെയ്യുന്നുണ്ട്. നിലവിലുള്ള നിർദ്ദേശങ്ങൾ പ്രകാരം പരിശോധന നടക്കാത്ത സാഹചര്യങ്ങൾ ഉണ്ടായാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഓരോ മാസത്തിലും 100% പരിശോധന നടത്തുന്നതിന് ഒരു ജില്ലയെ തെരഞ്ഞെടുക്കുന്നുണ്ട്. ആയത് പ്രകാരം പരിശോധന നടക്കുന്നുവെന്നും ഉറപ്പു വരുത്തുന്നു.

എഫ്.സി.ഐ ക്വാളിറ്റി കൺട്രോൾ വിഭാഗം പരിശോധിച്ച ശേഷമാണ് ഭക്ഷ്യധാന്യങ്ങൾ ഗോഡൗണുകളിൽ എത്തുന്നത്. മട്ട അരി സപ്ലൈകൊ ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തിയാണ് ഗോഡൗണുകളിൽ സൂക്ഷിക്കുന്നത്. ഗുണനിലവാരമില്ലാത്ത റേഷൻ സാധനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കാർഡുടമകൾക്ക് വിതരണം ചെയ്യരുതെന്ന് ലൈസൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ സപ്ലൈ ഓഫീസർ/ താലൂക്ക് സപ്ലൈ ഓഫീസർ/റേഷനിംഗ് ഇൻസ്പെക്ടർ എന്നിവർ കൃത്യമായി പരിശോധനകൾ നടത്തി റേഷൻ കടകൾ വഴി ഗുണനിലവാരമില്ലാത്ത ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. എൻ.എഫ്.എസ്.എ. ഗോഡൗണുകളിലും, റേഷൻ കടകളിൽനിന്നും സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ First in First out തത്വം പാലിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പു വരുത്തുന്നതിനായി പല തലത്തിലുമുള്ള പരിശോധനകളും നടത്തുന്നുണ്ട്.

(സി) വകുപ്പുതല പരിശോധനകൾക്ക് പുറമേ, സർക്കാർ തലത്തിൽ ലഭിക്കുന്ന പരാതികൾ, പത്രവാർത്തകൾ മുതലായവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല പരിശോധനാ സംഘങ്ങൾ റേഷൻകടകളിലും ഗോഡൗണുകളിലും പരിശോധന നടത്തി ക്രമക്കേടുകൾ വിലയിരുത്തി ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**റേഷൻ സാധനങ്ങളുടെ കൈകാര്യ കിഴിവ്**

326(1934) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ ഡിപ്പോയിൽനിന്നും റേഷൻകടകളിലേയ്ക്ക് നേരിട്ട് റേഷൻ സാധനങ്ങൾ എത്തിക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് കൈകാര്യക്കിഴിവ് കണക്കാക്കുന്നുണ്ടോ;

(ബി) കൈകാര്യക്കിഴിവ് നൽകാത്തതുമൂലം ഉത്തരവാദിത്തപ്പെട്ട ജീവനക്കാരുടെ മേൽ കടുത്ത സാമ്പത്തിക ഭാരം വന്നുചേരുന്നത് ഒഴിവാക്കുന്നതിനും ജീവനക്കാർക്ക് സുഗമമായി പ്രവൃത്തി ചെയ്യുന്നതിനുമുള്ള അന്തരീക്ഷം സപ്ലൈകോ ഡിപ്പോകളിൽ സൃഷ്ടിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) വിട്ടെടുപ്പിന്റെയും വിതരണത്തിന്റെയും ഇടയിലുണ്ടാകുന്ന സാധനങ്ങളുടെ നഷ്ടം ജീവനക്കാരുടെ മേൽ കെട്ടിവയ്ക്കുന്നത് ഒഴിവാക്കുന്നതിനും കൈകാര്യക്കിഴിവ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ കൈകാര്യക്കിഴിവ് അനുവദിക്കുന്ന കാര്യത്തിൽ നിലവിൽ തീരുമാനം ആയിട്ടില്ല. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിൽ കൈകാര്യക്കിഴിവ് അനുവദിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥയില്ല. എന്നിരുന്നാലും ഈ വിഷയത്തിൽ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ അഭിപ്രായം തേടിയിട്ടുണ്ട്. കൂടാതെ മറ്റു സംസ്ഥാനങ്ങളിൽ കൈകാര്യക്കിഴിവ് അനുവദിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ എങ്ങനെയെന്നും പരിശോധിക്കുവാൻ തത്വത്തിൽ തീരുമാനമായിട്ടുണ്ട്.

## സപ്ലൈകോ ഡിപ്പോകളിലെ ഭക്ഷ്യധാന്യങ്ങളുടെ കണക്കെടുപ്പ്

327(1935) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സപ്ലൈകോ ഡിപ്പോകളിലും സബ് ഡിപ്പോകളിലും ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്കിന്റെ കണക്കെടുപ്പ് പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുവരെയുള്ള പരിശോധനയിൽ ഏതൊക്കെ ഡിപ്പോകളിൽ/സബ് ഡിപ്പോകളിൽ ഭക്ഷ്യധാന്യങ്ങൾ ഉപയോഗശൂന്യമായതായി കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരം ക്രമക്കേട് നടന്ന സ്ഥലങ്ങളിൽ ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സപ്ലൈകോ ഡിപ്പോകളിലും സബ്ഡിപ്പോകളിലും വില്പനശാലകളിലും എല്ലാ വർഷവും മാർച്ച് മാസം അവസാന വാരം കൃത്യമായി കണക്കെടുപ്പ് നടത്തി വരുന്നു. 2018-2019 സാമ്പത്തിക വർഷം മാർച്ച് 29 മുതൽ 31 വരെ ആയിരുന്നു കണക്കെടുപ്പ്. ഈ വർഷം കണക്കെടുപ്പ് മാർച്ച് മാസം 29-ന് ആരംഭിച്ച് 31-ന് പൂർത്തീകരിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ആയതിനായി ആവശ്യമായ എല്ലാ പ്രാരംഭനടപടികളും സ്വീകരിച്ചു കഴിഞ്ഞു.

(ബി) സംസ്ഥാനമൊട്ടാകെയുള്ള എൻ.എഫ്.എസ്.എ. ഗോഡൗണുകളിലായി 1546.384 മെട്രിക് ടൺ അരി, 555.638 മെട്രിക് ടൺ ഗോതമ്പ് എന്നിവ കെട്ടിക്കിടന്നു ഗുണമേന്മ കുറഞ്ഞതായിട്ടുണ്ട്. ആയത് ശുചീകരിച്ചശേഷം മാത്രമേ പൂർണമായും ഉപയോഗശൂന്യമായ സ്റ്റോക്കിന്റെ അളവ് തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. കൂടാതെ പെരിന്തൽമണ്ണ താലൂക്ക് ഡിപ്പോയിൽ 100 ക്വിന്റൽ കുറുവ അരിയും ഉപയോഗശൂന്യമായി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

(സി) ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ജീവനക്കാർക്ക് എതിരെ വേലവിലക്ക്, സ്ഥലമാറ്റം, ശമ്പള വർദ്ധനവ് തടഞ്ഞുവയ്ക്കുക തുടങ്ങി വിവിധ ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു. ക്രമക്കേടിന്റെ വ്യാപ്തി അനുസരിച്ച് പോലീസ്/വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും ചെയ്യുന്നു.

**കൊട്ടാരക്കര താലൂക്കിലെ റേഷൻ ഗോഡൗണുകൾ**

328(1936) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങൾ സൂക്ഷിക്കാൻ കൊട്ടാരക്കര താലൂക്കിൽ എത്ര ഗോഡൗണുകൾ ഉണ്ട്; ഇവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ഗോഡൗണുകളുടെയും ചുമതലയുള്ള ജീവനക്കാരുടെ തസ്തികയും എണ്ണവും വെളിപ്പെടുത്തുമോ;

(സി) ഓരോ ഗോഡൗണിലും ശരാശരി എത്ര അളവിൽ ഭക്ഷ്യധാന്യം കൈകാര്യം ചെയ്യുന്നുവെന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ;

(ഡി) ഗോഡൗണുകളിലേയ്ക്ക് എത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് ഗോഡൗണിൽ രേഖപ്പെടുത്തുന്നുണ്ടോയെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നതിനായി കൊട്ടാരക്കര താലൂക്കിന്റെ കീഴിൽ കൊട്ടാരക്കര, കടയ്ക്കൽ എന്നിങ്ങനെ രണ്ട് പി.ഡി.എസ്. ഡിപ്പോകളാണുള്ളത്. കൊട്ടാരക്കര പി.ഡി.എസ്. ഡിപ്പോയുടെ കീഴിൽ ഏഴ് ഗോഡൗണുകളും കടയ്ക്കൽ പി.ഡി.എസ്. ഡിപ്പോയുടെ കീഴിൽ രണ്ട് ഗോഡൗണുകളും ഉണ്ട്. കൊട്ടാരക്കര പി.ഡി.എസ്. ഡിപ്പോയുടെ ഗോഡൗണുകൾ സ്ഥിതി ചെയ്യുന്നത് പുലമൺ, അവണൂർ, തൃക്കണ്ണമംഗൽ, ഗണപതിയമ്പലം, സമൃദ്ര, ഗോവിന്ദമംഗലം, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലും കടയ്ക്കൽ പി.ഡി.എസ് ഡിപ്പോയുടെ ഗോഡൗണുകൾ അഞ്ചുമുക്ക്, പള്ളിമുക്ക് എന്നിവിടങ്ങളിലുമാണ്.

(ബി) കൊട്ടാരക്കര പി.ഡി.എസ്. ഡിപ്പോയിൽ 5 ജീവനക്കാരാണുള്ളത്. കൊട്ടാരക്കര പി.ഡി.എസ്. ഡിപ്പോയിലെ 7 ഗോഡൗണുകളുടെയും ഓഫീസർ ഇൻ ചാർജ്ജ് സീനിയർ അസിസ്റ്റന്റ്-I ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സീനിയർ അസിസ്റ്റന്റ്-I (ഓഫീസർ ഇൻ ചാർജ്) | 1 |
| ജൂനിയർ അസിസ്റ്റന്റ് | 3 |
| അസിസ്റ്റന്റ് സെയിൽസ് മാൻ | 1 |

കടയ്ക്കൽ പി.ഡി.എസ് ഡിപ്പോയുടെ കീഴിൽ 3 ജീവനക്കാരാണുള്ളത്. കടയ്ക്കൽ പി.ഡി.എസ്. ഡിപ്പോയിലെ രണ്ട് ഗോഡൗണിനും കൂടി ഒരു ഓഫീസർ ഇൻ ചാർജ്ജും ഒരു സ്റ്റോക്ക് കസ്റ്റോഡിയനുമായി ആകെ 2 ജൂനിയർ അസിസ്റ്റന്റുമാരാണ് ചാർജ്ജ് വഹിക്കുന്നത്.

| | |
|---|---|
| ജൂനിയർ അസിസ്റ്റന്റ് | 2 |
| അസിസ്റ്റന്റ് സെയിൽസ് മാൻ | 1 |

ടി ജീവനക്കാർക്ക് മൊത്തമായാണ് എല്ലാ ഗോഡൗണുകളിലെയും ചുമതല നല്കിയിട്ടുള്ളത്.

(സി) കൊട്ടാരക്കര ഡിപ്പോയിൽ 116 ലോഡ് ഭക്ഷ്യധാന്യം പ്രതിമാസം വിതരണത്തിനായി വേണ്ടി വരും. എന്നാൽ 200 ലോഡ് ഭക്ഷ്യധാന്യം ഇപ്പോൾ ഗോഡൗണുകളിൽ സ്റ്റോക്കുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പുലമൺ | 37 ലോഡ് |
| അവണൂർ | 28 ലോഡ് |
| തൃക്കണ്ണമംഗൽ | 25 ലോഡ് |
| സമുദ്ര | 23 ലോഡ് |
| ഗോവിന്ദമംഗലം | 56 ലോഡ് |
| ഗണപതിയമ്പലം | 09 ലോഡ് |
| റെയിൽവേ സ്റ്റേഷൻ | 22 ലോഡ് |

കടയ്ക്കൽ ഡിപ്പോയിൽ 60 ലോഡ് ഭക്ഷ്യധാന്യം പ്രതിമാസം വിതരണത്തിനായി വേണ്ടി വരും. 65 ലോഡ് ഭക്ഷ്യധാന്യം ഇപ്പോൾ ഡോഡൗണുകളിൽ സ്റ്റോക്കുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അഞ്ചുമുക്ക് | 40 ലോഡ് |
| പള്ളിമുക്ക് | 25 ലോഡ് |

(ഡി) ഗോഡൗണുകളിലേയ്ക്ക് എത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് സ്റ്റോക്ക് രജിസ്റ്ററിലും എസ്.സി.എം.എസ്, ഡി.എം.എസ് സോഫ്റ്റ് വെയറുകളിലും യഥാസമയം രേഖപ്പെടുത്തി വരുന്നുണ്ട്.

**റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യം**

329(1937) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകൾ വഴി വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യം കെട്ടിക്കിടന്ന് നശിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ക്വിന്റൽ ഭക്ഷ്യധാന്യമാണ് നശിച്ചതെന്നും ഇതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ബി) ദുർഗന്ധമുള്ള പുഴവരിച്ച അരിയും ഗോതമ്പുമാണ് രണ്ടു മാസം മുമ്പ് റേഷൻകടകളിലെത്തിച്ചതെന്ന ആക്ഷേപം ശരിയാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അപ്രകാരം വിതരണത്തിനെത്തിച്ച അരി പിന്നീട് എന്ത് ചെയ്തു എന്ന് വ്യക്തമാക്കാമോ;

(ഡി) കേടായ ഭക്ഷ്യധാന്യങ്ങൾ ശുചീകരിച്ച് പുനരുപയോഗിക്കാനും അതിന് കഴിയാത്തവ കാലിത്തീറ്റയ്ക്ക് നൽകാനും തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; പ്രസ്തുത തീരുമാനം അനുസരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കാലാവസ്ഥാവ്യതിയാനം, FIFO പാലിക്കാൻ കഴിയാത്ത സാഹചര്യം, അശാസ്ത്രീയമായ ഗോഡൗണുകളിൽ റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നത്, എല്ലാ റേഷൻ കാർഡുടമകളും ഭക്ഷ്യ ധാന്യങ്ങൾ വാങ്ങിക്കാത്തത് എന്നീ കാരണങ്ങളാൽ 1546.384 MT അരി, 555.638 MT ഗോതമ്പ് എന്നിവ ഗോഡൗണുകളിൽ കെട്ടിക്കിടന്ന് ഗുണമേന്മ കുറഞ്ഞതിനാൽ വിതരണയോഗ്യമല്ലാതായി തീർന്നിട്ടുണ്ട്.

(ബി & സി) പരിശോധിച്ചിട്ടുണ്ട്. നെടുമങ്ങാട് താലൂക്കിലും കോട്ടയം ജില്ലയിലെ ഏതാനും ചില റേഷൻ കടകളിലും ലഭിച്ച ഭക്ഷ്യധാന്യങ്ങൾ ഗുണനിലവാരമില്ലാത്തതാണെന്ന് പരാതി ലഭിച്ചിട്ടുണ്ട്.

പരാതി ലഭിച്ച സ്ഥലങ്ങളിൽ കേടായ റേഷൻ ഭക്ഷ്യ ധാന്യങ്ങൾ റേഷൻ കടകളിൽനിന്നും തിരികെയെടുത്ത് ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ പകരം നൽകിയിട്ടുണ്ട്.

(ഡി) സപ്ലൈകോയുടെ ക്വാളിറ്റി അഷ്വറൻസ് ഓഫീസറുടെ പരിശോധന പ്രകാരം NFSA ഗോഡൗണുകളിലെ ഗുണമേന്മ കുറഞ്ഞ ഭക്ഷ്യധാന്യങ്ങൾ ശുചീകരിച്ച് ഉപയോഗയോഗ്യമാക്കാൻ കഴിയുന്നവ ശുചീകരിക്കുന്നതിനും അതിന് കഴിയാത്തവ കാലിത്തീറ്റയ്ക്ക് നൽകുന്നതിനും ഉള്ള ശിപാർശ പരിശോധിച്ചുവരുന്നു.

**ഭക്ഷ്യധാന്യങ്ങളുടെ ലഭ്യതയും ഗുണനിലവാരവും**

330(1938) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രത നിയമം അനുസരിച്ച് എത്ര ഭക്ഷ്യ ധാന്യങ്ങൾ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര വിഹിതത്തിൽ ഓരോ മാസവും കുറവ് വരുന്നുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ;

(സി) ഭക്ഷ്യസാധനങ്ങൾ എഫ്.സി.ഐ.-യിൽനിന്നും ശേഖരിക്കുമ്പോൾ ഗുണനിലവാരം പരിശോധിക്കുവാൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്നും ഇത് ഫലപ്രദമാണോ എന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഭക്ഷ്യ ഭദ്രത നിയമം അനുസരിച്ച് പ്രതിവർഷം 14.25 ലക്ഷം മെട്രിക്

ടൺ ഭക്ഷ്യധാന്യമാണ് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| വിഭാഗം | പ്രതിമാസ അളവ് (മെട്രിക് ടണ്ണിൽ) | | |
|---|---|---|---|
| | അരി | ഗോതമ്പ് | ആകെ |
| എ.എ.വൈ | 17757.490 | 3095.475 | 20852.965 |
| പ്രയോറിറ്റി | 52073.178 | 12533.742 | 64606.920 |
| ടൈഡ് ഓവർ | 26835.124 | 6459.074 | 33294.198 |
| ആകെ | 96665.792 | 22088.291 | 118754.083 |

(ബി) ഇല്ല. എന്നാൽ മുൻഗണനാ വിഭാഗത്തിനനുവദിച്ച ഭക്ഷ്യധാന്യങ്ങളിൽ 2019 ഏപ്രിൽ മാസം വരെയുണ്ടായിരുന്ന അധിക നീക്കിയിരിപ്പ്, 2019 നവംബർ മുതൽ 2020 ഏപ്രിൽ വരെയുള്ള മാസങ്ങളിലെ വിഹിതത്തിൽ നിന്ന് കേന്ദ്ര സർക്കാർ കുറവ് ചെയ്തിരുന്നു.

(സി) എഫ്.സി.ഐ.-യിൽനിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നതിന് മുൻപായി താലൂക്ക് സപ്ലൈ ഓഫീസർ എൻ.എസ്.എഫ്.എ. ക്വാളിറ്റി കൺട്രോളർ, സപ്ലൈകോ അസിസ്റ്റന്റ് മാനേജർ, എഫ്. സി.ഐ. ക്വാളിറ്റി കൺട്രോളർ എന്നിവർ ചേർന്ന് പരിശോധിച്ച് മാർക്ക് ചെയ്യുന്ന സ്റ്റോക്കുകളിൽ നിന്നാണ് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലേയ്ക്ക് ഭക്ഷ്യ ധാന്യങ്ങൾ വിട്ടെടുക്കുന്നത്. എന്നിരുന്നാലും ചില അവസരങ്ങളിൽ എഫ്.സി.ഐ.-യിൽനിന്നും വിട്ടെടുത്ത സ്റ്റോക്കിൽ ഗുണനിലവാരമില്ലാത്ത ഭക്ഷ്യ ധാന്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

**മാവേലി സ്റ്റോർ വഴി ഗുണനിലവാരമുള്ള പലവ്യഞ്ജനങ്ങൾ**

331(1939) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന എത്ര മാവേലി സ്റ്റോറുകൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) ഗുണനിലവാരമുള്ള പലവ്യഞ്ജനങ്ങൾ മാവേലി സ്റ്റോർ വഴി വിതരണം ചെയ്യുന്ന എന്നുറപ്പ് വരുത്തുന്നതിനായി ഈ സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന 72 മാവേലി സ്റ്റോറുകളുടെ വരവ്/ചെലവ് കണക്കുകൾ പ്രകാരം ഒരു മാവേലി സ്റ്റോറും ലാഭത്തിൽ പ്രവർത്തിക്കുന്നില്ല.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ കർശനമായ ഗുണനിലവാര പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്. സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺ മാവേലി സാധനങ്ങൾക്കെല്ലാം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സപ്ലയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കൾ ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി പരിശോധിച്ച്, സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉള്ളതാണെന്ന് ഉറപ്പ് വരുത്തിയ ശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ പരിശോധന സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ CFRD (Council for Food Research and Development), RAL (Regional Analytical Lab), മറ്റ് NABL (National Accreditation Board for Testing and Calibration Laboratories)Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/HACCP/AGMARK/ FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽ നിന്ന് ഏകദേശം 20-ഓളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് CFRD-ൽ ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണ സംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന വസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽനിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതോടൊപ്പം സപ്ലൈയർക്കെതിരെ വിലക്ക്, പിഴ ചുമത്തൽ അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചു വരുന്നു. ഡിപ്പോകളിൽ കാലാകാലങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ വരുത്തുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധനകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള കർശനനടപടികൾ സ്വീകരിച്ചു വരുന്നു.

## വിലക്കയറ്റം തടയാൻ നടപടി

332(1940) ശ്രീ. കെ. സി.ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെയും പച്ചക്കറിയുടെയും വില ക്രമാതീതമായി ഉയരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) വിലക്കയറ്റം മൂലം ദുരിതത്തിലായ സാധാരണക്കാർക്ക് ആശ്വാസം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷന് കമ്പോള ഇടപെടൽ നടത്തുന്നതിന് സർക്കാർ അനുവദിക്കുന്ന തുക പര്യാപ്തമാണോയെന്ന് അറിയിക്കാമോ;

(ഡി) 2020-21-ൽ പ്രസ്തുത ആവശ്യത്തിനായി എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളത്; തുക പര്യാപ്തമല്ലെങ്കിൽ അധിക തുക അനുവദിക്കണമെന്ന് വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) നിരന്തരം ഉയരുന്ന ഇന്ധന വില, ചരക്ക് കൂലിയിലുണ്ടാവുന്ന വർദ്ധനവ്, കാലാവസ്ഥാ വ്യതിയാനംമൂലം ഉത്പാദന കേന്ദ്രങ്ങളിൽ ഉണ്ടായിട്ടുള്ള വിളവിന്റെ കുറവ് എന്നീ കാരണങ്ങളാൽ ചില അവശ്യ ഭക്ഷ്യ വസ്തുക്കളുടെയും പച്ചക്കറികളുടെയും വിലകളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തിയും സപ്ലൈകോ മുഖേന പൊതു വിപണിയിൽ കാര്യക്ഷമമായി ഇടപെട്ടും വിലക്കയറ്റം നിയന്ത്രിച്ച് വരുന്നു. സപ്ലൈകോ മുഖേന പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ വില്പന വിലകൾ (സർക്കാർ അധികാരത്തിൽ വന്നപ്പോഴുള്ള വില) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, വർദ്ധിപ്പിച്ചിട്ടില്ല. ഇത് മൂലം, അവശ്യ നിത്യോപയോഗ വസ്തുക്കളുടെ വില പൊതു വിപണിയിൽ ഉയരുന്ന സാഹചര്യത്തിലും സപ്ലൈകോ വില്പനശാലകളിലൂടെ കുറഞ്ഞ വിലയിൽ സാധനങ്ങൾ വാങ്ങാവുന്ന സാഹചര്യം ഉപഭോക്താവിന് ലഭിക്കുന്നു. സബ്സിഡി ഇനങ്ങൾക്ക് പുറമെ, പൊതു വിപണിയിലേതിനേക്കാൾ വിലക്കുറവിൽ ശബരി/എഫ്.എം.സി.ജി. സാധനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. വളരെ കുറഞ്ഞ

വിലയിലും കൂടുതൽ ലഭ്യതയിലും സ്റ്റോക്ക് വിപണിയിലെത്തിക്കുന്നതിനായി ഇ-ടെൻഡറിന് പുറമെ, നാഫെഡ്, കേന്ദ്രീയ ഭണ്ഡാർ മുതലായ കേന്ദ്ര ഏജൻസികൾ മുഖേന ഉദ്പാദന കേന്ദ്രങ്ങളിൽനിന്നും അവശ്യ വസ്തുക്കൾ സംഭരിക്കുന്നു. ചില നിത്യോപയോഗ (സവാള) സാധനങ്ങളുടെ വില അനിയന്ത്രിതമായി വർദ്ധിച്ച ഘട്ടങ്ങളിൽ വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്ത സാധനങ്ങൾ വിപണിയിലെത്തിക്കുന്നതിനും നടപടി സ്വീകരിച്ചു.

(സി&ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, വിപണി ഇടപെടലിന് കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിൽ വിപണി ഇടപെടലിനായി സപ്ലൈകോയ്ക്ക് 150 കോടിരൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2020-21 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത നഷ്ടത്തെ അടിസ്ഥാമാക്കി കൂടുതൽ തുക അനുവദിക്കുന്നതിന് വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

**കുപ്പിവെള്ളത്തിന് ഏകീകൃത വില**

333(1941) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിപണനം നടത്തുന്ന കുപ്പിവെള്ളത്തിന് വില നിയന്ത്രണം കൊണ്ടുവരുവാനും ഏകീകൃത വില ഏർപ്പെടുത്തുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് വിപണനം നടത്തുന്ന കുപ്പിവെള്ളത്തിന് വില നിയന്ത്രണം കൊണ്ടുവരുവാനും ഏകീകൃത വില ഏർപ്പെടുത്തുവാനുമുള്ള നടപടികളുടെ ഭാഗമായി 14-6-2019-ലെ ജി.ഒ. (പി) നമ്പർ 14/2019/ഭാ.പൊ.വി.വ (19-7-2019 ലെ എസ്.ആർ.ഒ 483/2019 നമ്പർ വിജ്ഞാപനം) പ്രകാരം കുപ്പിവെള്ളത്തെ 1986 ലെ കേരള അവശ്യ വസ്തു നിയന്ത്രണ നിയമ പ്രകാരം അവശ്യ വസ്തുവായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 2-3-2020 ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 5/2020/ഭാ.പൊ.വി.വ പ്രകാരം പാക്കേജ് ചെയ്ത കുപ്പിയിലാക്കിയ കുടിവെള്ളത്തിന്റെ വില സംസ്ഥാനമൊട്ടാകെ ലിറ്ററിന് 13 രൂപയായി നിശ്ചയിച്ച് ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. മാത്രമല്ല സപ്ലൈകോ ഔട്ട് ലെറ്റുകളിലൂടെ വിതരണം നടത്തുന്ന കുപ്പിവെള്ളത്തിന്റെ വില ലിറ്ററിന് 11 രൂപയായി ഏകീകരിച്ചാണ് വില്പന നടത്തി വരുന്നത്.

## പി.ആർ.എസ്.വായ്പ ലഭ്യമാക്കാൻ നടപടി

334(1942) ശ്രീ. പി. ടി. തോമസ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഡി റെസീറ്റ് ഷീറ്റ് മുഖേന ലഭിക്കുവാനുള്ള തുക ലഭിക്കാത്തതുമൂലം നെൽ കർഷകർ ബുദ്ധിമുട്ടുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ;

(ബി) പി.ആർ.എസ്. വായ്പ പ്രകാരം സപ്ലൈകോ ബാങ്കുകൾക്ക് നിലവിൽ എന്ത് തുകയാണ് നൽകുവാനുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) ബാങ്കുകൾക്ക് തുക നൽകുവാനുള്ള സാമ്പത്തിക സ്ഥിതി സപ്ലൈകോയ്ക്ക് ഇല്ലാത്തപക്ഷം കർഷകരെ സഹായിക്കുവാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ബാങ്ക് കുടിശ്ശിക സർക്കാർ അടച്ച് രണ്ടാം കൃഷിക്കുള്ള പി.ആർ.എസ്. വായ്പ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2018-19 സീസണിൽ പി.ആർ.എസ് വായ്പ പദ്ധതിയിലൂടെ നെല്ലിന്റെ തുകയായി 1712.83 കോടിരൂപ പൂർണ്ണമായും സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള 16 ബാങ്കുകളിലൂടെ വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. കൂടാതെ 2019-20 സീസണിൽ സപ്ലൈകോ നാളിതുവരെ സംഭരിച്ച നെല്ലിന്റെ ആകെ തുകയായ 611.26 കോടിരൂപയിൽ 376.88 കോടിരൂപ പി.ആർ.എസ് വായ്പയായും 1.73 കോടിരൂപ ഡയറക്ട് പേമെന്റായും നൽകിയത് ഉൾപ്പെടെ ആകെ 378.27 കോടിരൂപ കർഷകർക്ക് നാളിതുവരെ ലഭ്യമാക്കി കഴിഞ്ഞിട്ടുണ്ട്.

(ബി) പി.ആർ.എസ് വായ്പ പ്രകാരം 2018-19 സീസണിൽ ബാങ്കുകൾക്ക് തിരിച്ചടവ് ഇനത്തിൽ 1336.95 കോടിരൂപയാണ് സപ്ലൈകോ നൽകുവാനുള്ളത്.

(സി) പി.ആർ.എസ് വായ്പ പദ്ധതി പ്രകാരം കർഷകർക്ക് നൽകുന്ന തുക കേന്ദ്ര വിഹിതമായി സപ്ലൈകോയ്ക്ക് ലഭ്യമാകുന്ന താങ്ങുവിലയിൽ നിന്നുമാണ്. കേന്ദ്ര വിഹിതം ലഭ്യമാകാൻ താമസം നേരിട്ടതിനാൽ ബാക്കി തിരിച്ചടവ് തുകയും ആയതിന്റെ പലിശയും തിരിച്ചടയ്ക്കുവാനായി താമസം നേരിട്ടിട്ടുണ്ട്. എന്നിരുന്നാലും പി.ആർ.എസ് വായ്പ തുക കർഷകർക്ക് സമയബന്ധിതമായി നൽകി വരുകയും

ആയതിന്റെ തിരിച്ചടവ് തുക ബന്ധപ്പെട്ട ബാങ്കുകൾക്ക് വായ്പാകാലാവധി കഴിഞ്ഞതിനാൽ പിഴ പലിശ സഹിതം തിരിച്ചടച്ച് കർഷകരുടെ "സിബിൽ സ്കോറി" നെ ബാധിക്കാതിരിക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) 22-1-2020-ൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രിയുടെയും SLBC അധികൃതരുടെയും സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ 31 മാർച്ച് 2020 നുള്ളിൽ ബാങ്കുകൾക്ക് നൽകുവാനുള്ള പി.ആർ.എസ് ലോൺ കുടിശ്ശിക കേന്ദ്രഫണ്ട് ലഭ്യമാക്കി തിരിച്ചടയ്ക്കുന്നതിനും കൂടാതെ RBI യുടെ അനുമതിയ്ക്ക് വിധേയമായി 31-3-2020 വരെ നിലനിൽക്കുന്ന മോറട്ടോറിയം കാലാവധി പി.ആർ.എസ് വായ്പയ്ക്കുകൂടി ബാധകമാക്കുന്നതിനും NPA യിൽനിന്നും കർഷകരെ ഒഴിവാക്കി രണ്ടാം കൃഷിയ്ക്കുള്ള പി.ആർ.എസ്. സ്വീകരിക്കുവാനും തുടർവായ്പ നൽകുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## റേഷൻ സാധനങ്ങളുടെ ഗുണനിലവാരവും റേഷൻ വിതരണത്തിലെ ക്രമക്കേടുകളും

335(1943) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊണ്ണൂറ്റിയഞ്ച് ശതമാനം ഗോഡൗണുകളിലും അലക്ഷ്യമായും അശാസ്ത്രീയമായുമാണ് ഭക്ഷ്യധാന്യങ്ങൾ സൂക്ഷിച്ചിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുകാരണം ദുർഗന്ധമുള്ളതും പുഴുവരിച്ചതുമായ അരിയും ഗോതമ്പുമാണ് ഡിസംബർ മാസത്തിൽ വിതരണത്തിന് എത്തിയതെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) റേഷൻ കട വഴി വിതരണം ചെയ്യേണ്ട പതിനാലായിരം ക്വിന്റൽ ഭക്ഷ്യധാന്യം കെട്ടിക്കിടന്നു നശിച്ചതായും കൊട്ടാരക്കര സപ്ലൈകോ ഡിപ്പോയിൽ നിന്ന് ഒരു ലക്ഷം കിലോ റേഷൻ സാധനം കാണാതായതായും ഭക്ഷ്യവകുപ്പ് നടത്തിയ പരിശോധനയിൽ കണ്ടെത്തുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഭക്ഷ്യവകുപ്പ് കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്നും നഷ്ടപരിഹാരം ഈടാക്കാനും വീഴ്ച വരുത്തിയവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാനും സ്വീകരിച്ച നടപടികളെന്തെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എല്ലാ എൻ.എഫ്.എസ്.എ ഗോഡൗണുകളും ശാസ്ത്രീയമായി നിർമ്മിക്കപ്പെട്ടവ അല്ലെങ്കിലും നിലവിലുള്ള ഗോഡൗണുകളിൽ കഴിയുന്നത്ര ശാസ്ത്രീയമായും വൃത്തിയായുമാണ് റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നത്. മതിയായ സ്റ്റോറേജ് സംവിധാനം തികയാതെ വരുന്ന സന്ദർഭങ്ങളിൽ പ്രൈവറ്റ് ഗോഡൗണുകൾ ഉപയോഗിക്കാറുണ്ട്. എന്നിരുന്നാലും ശാസ്ത്രീയ ഗോഡൗണുകൾ പോലെ ഭക്ഷ്യധാന്യങ്ങൾ അശാസ്ത്രീയ ഗോഡൗണുകളിൽ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നതിന് പരിമിതിയുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. എന്നാൽ ഡിസംബർ മാസത്തിൽ വിതരണം ചെയ്ത സ്റ്റോക്കിന്റെ ഗുണമേന്മ സംബന്ധിച്ച് വ്യാപകമായ പരാതികൾ ലഭിച്ചിട്ടില്ല. നെടുമങ്ങാട് താലൂക്കിലെയും കോട്ടയം ജില്ലയിലെയും ഏതാനും റേഷൻ വ്യാപാരികൾ ഭക്ഷ്യധാന്യങ്ങൾ മോശമാണെന്ന് അറിയിച്ചതിനെ തുടർന്ന് ആയത് മാറ്റി ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ പകരം നൽകിയിട്ടുണ്ട്.

(സി) റേഷൻകടകൾ വഴി വിതരണം ചെയ്യേണ്ട, എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ വിവിധ കാരണങ്ങളാൽ ദീർഘകാലമായി സംഭരിച്ചുവച്ചിട്ടുള്ള 1546.384 മെ.ടൺ അരിയും 555.638 മെ.ടൺ ഗോതമ്പും വിതരണ യോഗ്യമല്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. കൊട്ടാരക്കര സപ്ലൈകോ ഡിപ്പോ മാനേജർ നടത്തിയ പരിശോധനയിൽ പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ലക്ഷം കിലോഗ്രാം റേഷൻ സാധനം സ്റ്റോക്കിൽ കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ കൃത്യമായ ഇടവേളകളിൽ വകുപ്പിലെ ഉദ്യോഗസ്ഥർ സപ്ലൈകോ ഉദ്യോഗസ്ഥരുടെ സഹായത്തോടുകൂടി പരിശോധന നടത്തണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എൻ.എഫ്.എസ്.എ. ഗോഡൗണുകളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്ന വകുപ്പുതല ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി ശക്തമായ അച്ചടക്ക നടപടികളും ആവശ്യമെങ്കിൽ നിയമ നടപടികളും വകുപ്പുതലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. കൊട്ടാരക്കരയിലെ സപ്ലൈകോ എൻ.എഫ്.എസ്.എ. ഗോഡൗണിലെ സ്റ്റോക്ക് കസ്റ്റോഡിയൻ, ഓഫീസർ ഇൻ ചാർജ് ഉൾപ്പെടെ രണ്ടു് സപ്ലൈകോ ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

## മാവേലി-ത്രിവേണി സ്റ്റോറുകൾ

336(1944) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ച മാവേലി-ത്രിവേണി സ്റ്റോറുകളുടെ എണ്ണം ജില്ല തിരിച്ച് നൽകാമോ;

(ബി) പൊതുവിപണിയിലെ വിലനിലവാരം പിടിച്ചു നിർത്താൻ ഈ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതു മുതൽ നാളിതുവരെ 42 പുതിയ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പൊതു വിപണിയിലെ വിലനിലവാരം പിടിച്ച് നിർത്തുന്നതിന് സപ്ലൈകോ മുഖേന നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

(i) ഇ ടെണ്ടർ, ഇ ഓക്ഷൻ രീതികൾക്ക് പുറമെ, പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം, നാഫെഡിൽ നിന്ന് പയറുവർഗ്ഗങ്ങൾ മിതമായ വിലയ്ക്ക് സംഭരിച്ച് വില്പനയ്ക്ക് എത്തിച്ചു. നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യവും വിലക്കതിപ്പും ഉണ്ടാകുന്ന ഘട്ടങ്ങളിൽ ഉത്പാദന കേന്ദ്രങ്ങളിലെത്തി നേരിട്ട് സാധനങ്ങൾ സംഭരിച്ച് വിപണിയിലെത്തിക്കുന്നതിനും സപ്ലൈകോയ്ക്ക് സാധിച്ചിട്ടുണ്ട്. ഈയടുത്ത കാലത്ത്, സവാളയുടെ വില വർദ്ധിച്ച അവസരത്തിലും നാഫെഡ് മുഖേനയും കേന്ദ്രീയ ഭണ്ഡാറിൽ നിന്നുമായി സവാള സംഭരിച്ച് മിതമായ വിലയിൽ വിപണിയിലെത്തിക്കുന്നതിനും സാധിച്ചു.

(ii) പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ 14 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു.

(iii) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, സബ്സിഡി വില്പന വിലകൾ (സർക്കാർ അധികാരത്തിൽ വന്നപ്പോഴുള്ള വില) വർദ്ധിപ്പിച്ചിട്ടില്ല.

(iv) സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾക്ക് പുറമെ, 36 ഇനം അവശ്യസാധനങ്ങൾക്ക് ഫ്രീസെയിൽ സബ്സിഡി നിരക്കിലും, സപ്ലൈകോയുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്വന്തം 'ശബരി' ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റു ബ്രാൻഡഡ് കമ്പനികളുടെ എഫ്.എം.സി.ജി ഉൽപ്പന്നങ്ങൾ എന്നിവ പൊതുവിപണിയിലേതിനേക്കാൾ വിലക്കുറവിലും വില്പന നടത്തുന്നു.

(v) ഉപഭോക്തൃസൗകര്യാർത്ഥം കൂടുതൽ വിൽപ്പനശാലകൾ ആരംഭിച്ചു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള വില്പനശാലകളുടെ ആകെ എണ്ണം 1529 ആയിരുന്നെങ്കിൽ ഇന്ന് എണ്ണം 1582 ആയി വർദ്ധിച്ചിട്ടുണ്ട്.

(vi) നിലവിലുള്ള വിൽപ്പനശാലകൾ നവീകരിക്കുന്നതിനും ഉപഭോക്തൃ സൗഹാർദ്ദ സ്ഥാപനങ്ങളാക്കുന്നതിനും നടപടിയെടുത്തു. സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി, 2018-19 സാമ്പത്തിക വർഷം ആകെ 86 വില്പനശാലകളും 2019-20 സാമ്പത്തിക വർഷം ഇതുവരെ 62 വില്പനശാലകളുമാണ് നവീകരിച്ചിട്ടുള്ളത്.

(vii) 160 സപ്ലൈകോ ഗൃഹോപകരണ വില്പന കൗണ്ടറുകളിലൂടെ ശരാശരി 40 ശതമാനം വരെ വിലക്കുറവിൽ ഗൃഹോപകരണങ്ങൾ വിതരണം ചെയ്തു വരുന്നു. ഇത് വഴി ഈ രംഗത്തെ ചൂഷണത്തിന് ഒരു പരിധി വരെ ആശ്വാസം നൽകുവാൻ സാധിച്ചിട്ടുണ്ട്.

**സിവിൽ സപ്ലൈസ് ഗോഡൗണുകൾ നവീകരിക്കൽ**

337(1945) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സിവിൽ സപ്ലൈസ് ഗോഡൗണുകളിലും ഭക്ഷ്യ ധാന്യങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ ലഭ്യമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഭക്ഷ്യധാന്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി സിവിൽ സപ്ലൈസ് ഗോഡൗണുകൾ നവീകരിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സ്റ്റേറ്റ് വെയർ ഹൗസിങ്/സെൻട്രൽ വെയർ ഹൗസിങ് കോർപ്പറേഷനുകളുടെ ഗോഡൗണുകളിലും സപ്ലൈകോയുടെ സ്വന്തം ഗോഡൗണുകളിലും ഭക്ഷ്യധാന്യങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് സൗകര്യം ലഭ്യമാണ്.

(ബി) ഭക്ഷ്യധാന്യ സംഭരണത്തിനായി, സപ്ലൈകോ നിലവിൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ, സ്വകാര്യവ്യക്തികൾ എന്നിവരിൽ നിന്ന് ഗോഡൗണുകൾ വാടകയ്ക്ക് എടുത്തും കൂടാതെ സപ്ലൈകോ/സർക്കാർ ഉടമസ്ഥതയിലുള്ള ഗോഡൗണുകളും ഉപയോഗിച്ചുവരുന്നു. 3.9 കോടിരൂപ അടങ്കൽ തുകയ്ക്ക് തിരുവനന്തപുരത്ത് വലിയതുറയിലും 5.56 കോടിരൂപ അടങ്കൽ തുകയ്ക്ക് കൊല്ലത്തും, 6.43 കോടിരൂപ അടങ്കൽ തുകയ്ക്ക് തിരുവല്ലയിൽ രണ്ട് ഗോഡൗണുകൾ നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ വലിയതുറ ഗോഡൗണിന്റെ നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്. തിരുവല്ല-1, കൊല്ലം എന്നീ ഗോഡൗണുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. തിരുവല്ല ഗോഡൗൺ-2 ന് ടെൻഡർ വിളിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കൊച്ചിയിൽ 6 കോടിരൂപ അടങ്കൽ തുകയ്ക്കുള്ള ഗോഡൗൺ നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും M/S HITES നെ കൺസൾട്ടന്റായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ടെൻഡറിനുള്ള പ്രാരംഭനടപടികൾ നടന്നു വരുന്നു.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള തിരുവനന്തപുരം, കൊല്ലം, കൊട്ടാരക്കര, ആലപ്പുഴ മൂന്നാർ, പീരുമേട്, മാനന്തവാടി, കൊച്ചി എന്നിവിടങ്ങളിലുള്ള ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുവാനാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗിച്ചുവരുന്നു.

## സിവിൽ സപ്ലൈസ് കോർപ്പറേഷന് അനുവദിച്ച സബ്സിഡി

338(1946) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മാവേലി സ്റ്റോറുകളിലൂടെ അവശ്യസാധനങ്ങൾ വിലകുറച്ച് നല്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന് എന്തു തുകയാണ് സബ്സിഡിയായി അനുവദിച്ചിട്ടുള്ളത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ എന്തു തുകയാണ് ഈയിനത്തിൽ സബ്സിഡിയായി അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ കാലത്ത് (2011-2016) വിപണി ഇടപെടലിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് അനുവദിച്ച തുക.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | തുക (കോടിയിൽ) |
|---|---|---|
| 1 | 2011-12 | 118.35 |
| 2 | 2012-13 | 135.00 |
| 3 | 2013-14 | 116.02 |
| 4 | 2014-15 | 70.00 |
| 5 | 2015-16 | 99.00 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ, വിപണി ഇടപെടലിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് അനുവിച്ച തുക

| ക്രമ നമ്പർ | സാമ്പത്തിക വർഷം | തുക (കോടിയിൽ) |
|---|---|---|
| 1 | 2016-17 | 200.00 |
| 2 | 2017-18 | 200.00 |
| 3 | 2018-19 | 125.00 (ബഡ്ജറ്റ് വിഹിതം 150 കോടി) |
| 4 | 2019-20 | 50.00 (ഭരണാനുമതി നൽകി. തുക ട്രഷറി അക്കൗണ്ടിൽ) |

## സപ്ലൈകോയിലെ കോമൺ സർവ്വീസ് റൂൾ

339(1947) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലെ കോമൺ സർവ്വീസ് റൂൾ കേരള പബ്ലിക്ക് സർവീസ് കമ്മീഷന് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പി.എസ്.സി.ക്ക് നൽകിയ റൂളിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പി.എസ്.സി.ക്ക് നൽകുന്നതിന് മുമ്പ് ട്രേഡ് യൂണിയനുകളുമായി കരട് റൂൾ ചർച്ച ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റൂൾ അംഗീകരിക്കുന്നതിന് മുൻപ് സംഘടനകളുമായി ചർച്ച ചെയ്ത് അപാകതകൾ പരിഹരിക്കുവാൻ തയ്യാറാകുമോ;

(ഡി) സപ്ലൈകോയിലെ മാനേജീരിയൽ സർവ്വീസ് റൂൾ അനുസരിച്ച് എത്ര മാനേജർമാർ ജോലി ചെയ്യുന്നുണ്ടെന്ന് ഇവരുടെ പേരും വിദ്യാഭ്യാസ യോഗ്യതയും സഹിതം വ്യക്തമാക്കാമോ;

(ഇ) ജോലിക്ക് ചേരുന്ന സമയത്ത് പ്രസ്തുത മാനേജർമാർക്കുണ്ടായിരുന്ന അക്കാദമിക് യോഗ്യതാ സർട്ടിഫിക്കറ്റുകൾ പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ &ബി) സപ്ലൈകോയിലെ കോമൺ സർവ്വീസ് റൂളിന്റെ കരട് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട് ഫയൽ പൂർണ്ണമായും പി.എസ്.സി.യുടെ കൈവശമാണ്.

(സി) സപ്ലൈകോയിലെ വിവിധ ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്തതിന് ശേഷമാണ് കോമൺ സർവ്വീസ് റൂളിന്റെ കരട് പി.എസ്.സി.ക്ക് നൽകിയത്.

(ഡി) സപ്ലൈകോയിൽ മൂന്ന് മാനേജർമാർ നിലവിൽ ജോലി ചെയ്യുന്നു. അവരുടെ പേരും വിദ്യാഭ്യാസ യോഗ്യതയും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | തസ്തിക | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| 1 | മിസ്.ഷീബജോർജ്ജ് | മാനേജർ (ആഡിറ്റ് & അക്കൗണ്ട്സ്) | Chartered Accountant |
| 2 | ശ്രീ. ജോസിയസ് ബെന്നി കിട്ടൻ | മാനേജർ (എം.ഐ.എസ്) | BEC (Electronics & Communication) Executive Master of Business Administration |
| 3 | ശ്രീ. ദീപു എം.ആർ | മാനേജർ (ഫിനാൻസ്) | B.SC (Mathematics) Membership of Chartered Accountant |

(ഇ) മേൽപ്പറഞ്ഞ മൂന്ന് മാനേജർമാരും പി.എസ്.സി. മുഖാന്തരം നിയമിതരായവരല്ല. മിസ്.ഷീബജോർജ്ജ് ശ്രീ.ദീപു.എം.ആർ എന്നിവരെ അസിസ്റ്റന്റ് മാനേജർ (അക്കൗണ്ട്സ്) തസ്തികയിലും ശ്രീ. ജോസിയസ് ബെന്നി കിട്ടനെ മാനേജർ (എം.ഐ.എസ്) തസ്തികയിലും നേരിട്ടുള്ള നിയമനം മുഖേന സപ്ലൈകോ നിയമിച്ചതാണ്.

ആയതിനാൽ ഇവരുടെ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾക്ക് പി.എസ്.സി-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടില്ലാത്തതും പി.എസ്.സി-യുടെ അംഗീകാര സർട്ടിഫിക്കറ്റ് സപ്ലൈകോയിൽ ലഭ്യമല്ലാത്തതുമാണ്.

## സപ്ലൈകോയിലെ ക്രമക്കേടുകളിൽ വിജിലൻസ് അന്വേഷണം

340(1948) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സപ്ലൈകോയുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള വിവിധ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് സർക്കാർ തയ്യാറാകുമോ?

ഉത്തരം

സപ്ലൈകോയുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് സപ്ലൈകോ ആഭ്യന്തര വിജിലൻസ് വിഭാഗം അന്വേഷണം നടത്താറുണ്ട്. ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം ആയത് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണത്തിനായി ശിപാർശ ചെയ്യാറുണ്ട്. നിലവിൽ ഇത്തരത്തിൽ 03 (മൂന്ന്) കേസുകൾ അന്വേഷണത്തിനായി ശിപാർശ ചെയ്തിട്ടുണ്ട്. ക്രമക്കേടുകളുടെ വ്യാപ്തി അനുസരിച്ചാണ് ഇത്തരം കേസുകളിൽ തീരുമാനമെടുക്കുന്നത്.

## ചെങ്ങന്നൂർ മണ്ഡലത്തിലെ സപ്ലൈകോ മാർക്കറ്റുകൾ_

341(1949) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസിന്റെ എത്ര സൂപ്പർ മാർക്കറ്റുകളാണ് ചെങ്ങന്നൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ചെങ്ങന്നൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) സപ്ലൈകോയുടെ ചില്ലറ വിൽപ്പനശാലകൾ പഞ്ചായത്ത് തലത്തിൽ വനിതകൾ മുഖേന നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ പടിഞ്ഞാറേനട, ചെങ്ങന്നൂർ മാർക്കറ്റ് ജംഗ്ഷൻ, ക്രിസ്ത്യൻ കോളേജ് ജംഗ്ഷൻ, ചെറിയനാട്, മാന്നാർ എന്നിങ്ങനെ 5 സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിച്ച വരുന്നു.

(ബി) ചെങ്ങന്നൂർ മണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ പ്രവർത്തിക്കുന്നില്ല.

(സി) സപ്ലൈകോയുടെ ചില്ലറ വിൽപ്പനശാലകൾ സപ്ലൈകോ ജീവനക്കാരുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രവർത്തിപ്പിച്ചുവരുന്നത്. വനിതകൾ മുഖേന നടത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**കരുനാഗപ്പള്ളി മണ്ഡലത്തിൽ സൂപ്പർ മാവേലി സ്റ്റോറുകൾ**

342(1950) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ എവിടെയെല്ലാം സൂപ്പർ മാവേലി സ്റ്റോറുകൾ ആരംഭിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ എല്ലാ മാവേലി സ്റ്റോറുകളും സൂപ്പർ മാവേലിസ്റ്റോറുകളായി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ഡി) മാവേലി സ്റ്റോറുകൾവഴി കൂടുതൽ അളവിൽ സബ്സിഡി നിരക്കിലുള്ള അരി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ മാവേലി സൂപ്പർ സ്റ്റോറുകൾ ഒന്നും ആരംഭിച്ചിട്ടില്ല. എന്നാൽ മണപ്പള്ളി, AVHS തഴവ, ആലുംപീടിക എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചിരുന്ന മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തിയിട്ടുണ്ട്.

(ബി) പ്രതിമാസം 10 ലക്ഷത്തിലധികം വിൽപ്പനയുള്ള മാവേലി സ്റ്റോറുകൾ വിപണന സാധ്യതയുടെയും അനുയോജ്യമായ കെട്ടിടത്തിന്റെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സപ്ലൈകോ വില്പനശാലകളിൽ അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഡിപ്പോകളിൽ നിന്നുള്ള ആവശ്യകത കണക്കാക്കി ഇ ടെണ്ടർ, ഇ ഓക്ഷൻ എന്നീ ഇലക്ട്രോണിക് സാങ്കേതിക മാർഗ്ഗങ്ങളുപയോഗിച്ച് അവശ്യ സാധനങ്ങളുടെ പർച്ചേസ് നടത്തുന്നു. ഇതിന് പുറമെ പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം, നാഫെഡിൽ നിന്ന് പയറുവർഗ്ഗങ്ങൾ മിതമായ വിലയ്ക്ക് സംഭരിച്ച് വില്പനയ്ക്ക് എത്തിക്കുന്നുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യവും വിലക്കയറ്റവും ഉണ്ടാകുന്ന ഘട്ടങ്ങളിൽ ഉത്പാദന കേന്ദ്രങ്ങളിലെത്തി നേരിട്ട് സാധനങ്ങൾ സംഭരിച്ച് വിപണിയിലെത്തിച്ചു വരുന്നു. ഈയടുത്ത കാലത്ത്, സവാളയുടെ വില വർദ്ധിച്ച അവസരത്തിലും നാഫെഡ് മുഖേനയും കേന്ദ്രീയ ഭണ്ടാറിൽ നിന്നുമായി സവാള സംഭരിച്ച് മിതമായ വിലയിൽ വിപണിയിലെത്തിക്കുകയും ചെയ്തു.

(ഡി) കാലാകാലങ്ങളായി ഒരു റേഷൻ കാർഡുടമയ്ക്ക് പ്രതിമാസം 10 കി.ഗ്രാം അരിയാണ് സപ്ലൈകോ വില്പനശാലകളിൽ നിന്ന് സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നത്. ഇതനുസരിച്ചുള്ള സ്റ്റോക്ക് എല്ലാ വിൽപ്പന ശാലകളിലും എത്തിക്കുന്നുണ്ട്.

**നെൽ കർഷകർക്ക് സപ്ലൈകോ നൽകാനുള്ള കുടിശ്ശിക**

343(1951) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018, 2019 വർഷങ്ങളിൽ സപ്ലൈകോയ്ക്ക് നെല്ല് നൽകിയ ഇനത്തിലുള്ള തുക പൂർണ്ണമായും കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ എത്ര തുകയാണ് കുടിശ്ശികയായി ഉള്ളത് എന്ന് അറിയിക്കുമോ; പ്രസ്തുത കുടിശ്ശിക എത്രയും വേഗം കർഷകർക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 സീസണിൽ കർഷകരിൽനിന്നും സപ്ലൈകോ സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും നൽകിയിട്ടുണ്ട്.

(ബി) 2018-19 ൽ സീസണിൽ കർഷകരിൽനിന്നും സപ്ലൈകോ സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും പി.ആർ.എസ് വായ്പായിനത്തിലും ഡയറക്ട് പേമെന്റിനത്തിലുമായി നൽകി കഴിഞ്ഞിട്ടുണ്ട്. 2019-20 സീസണിൽ കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ തുകയായ 611.26 കോടിരൂപയിൽ 376.88 കോടിരൂപ പി.ആർ.എസ് വായ്പയായും 1.37 കോടിരൂപ ഡയറക്ട് പേമെന്റായും നൽകി കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള 233 കോടിരൂപ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നെല്ല് സംഭരണത്തിന് ചട്ടം രൂപീകരിക്കാൻ നടപടി

344(T*1952) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെല്ല് സംഭരണത്തിൽ മില്ല് ഉടമകളും ഉദ്യോഗസ്ഥരും നടത്തുന്ന ചൂഷണം തടയാൻ സംഭരണ ചട്ടങ്ങൾക്ക് രൂപം നൽകുവാനും സംഭരണ വില കാലതാമസമില്ലാതെ കർഷകർക്ക് ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതി പ്രകാരമാണ് സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. നിലവിൽ കേന്ദ്ര സർക്കാരിന്റെ ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി ചൂഷണം ഒഴിവാക്കുന്നതിനായി പൂർണ്ണമായും കമ്പ്യൂട്ടർവൽകൃതവും സുതാര്യവുമായ സംവിധാനമാണ് നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ, സംഭരണ വില കാലതാമസമില്ലാതെ ലഭ്യമാക്കുന്നതിനായി സംസ്ഥാനതല ബങ്കേഴ്സ് സമിതിയുടെ യോഗം വിളിച്ചുകൂട്ടി സമയബന്ധിതമായി പി.ആർ.എസ് വായ്പ ലഭ്യമാക്കുവാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**രണ്ടാം വിള നെല്ല് സംഭരണം**

345(1953) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് നെൽ കർഷകർക്ക് മുൻ കാലങ്ങളിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബുദ്ധിമുട്ടുകൾ മുന്നിൽക്കണ്ട് രണ്ടാം വിള നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്

(ബി) കൂടുതൽ മില്ലുകളെ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടും കർഷകർക്ക് താമസംവിനാ നെല്ലിന്റെ വില ലഭ്യമാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ ചെയ്തും ഉദ്യോഗസ്ഥതല നിരീക്ഷണം കർശനമാക്കിയും തർക്കരഹിതമായും രണ്ടാം വിള നെല്ല് സംഭരണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**നെല്ല് സംഭരണം**

346(1954) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം സംസ്ഥാനത്ത് കർഷകരിൽനിന്നും എത്രമാത്രം നെല്ല് സംഭരിച്ചു എന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ;

(ബി) പ്രാദേശിക കർഷകരിൽനിന്നും നെല്ല് സംഭരിക്കുക വഴി അരിയുടെ വിലസ്ഥിരത ഉറപ്പു വരുത്താൻ സപ്ലൈകോയ്ക്ക് കഴിഞ്ഞിട്ടുണ്ടോ;

(സി) ഇതുവഴി അന്യസംസ്ഥാനങ്ങളിൽനിന്നും അരി വാങ്ങുന്നതിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ അതിന്റെ കണക്ക് വെളിപ്പെടുത്തുമോ;

(ഡി) ആറന്മുള നിയോജക മണ്ഡലത്തിൽ 2018-19 കാലയളവിൽ സംഭരിച്ച നെല്ലിന്റെ അളവ് വ്യക്തമാക്കുമോ; സംഭരിച്ച നെല്ലിന്റെ പണം സപ്ലൈകോ കർഷകർക്ക് നൽകുന്ന നടപടിക്രമം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ വർഷം സംസ്ഥാനത്ത് കർഷകരിൽനിന്നും 6.93 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ബി) പ്രാദേശികമായി സംഭരിക്കുന്ന നെല്ല് കേന്ദ്ര സർക്കാർ നിബന്ധനകൾ പ്രകാരം പൊതുവിതരണ സമ്പ്രദായത്തിലൂടെ ജനങ്ങൾക്ക് നൽകുക വഴി കർഷകർക്ക് മികച്ച വരുമാനം ഉറപ്പുവരുത്തുന്നതിനും അരിയുടെ വില സ്ഥിരത ഉറപ്പാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(സി) വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതി പ്രകാരം മാത്രമാണ് സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. ഈ പദ്ധതിയിലേയ്ക്ക് അന്യസംസ്ഥാനങ്ങളിൽനിന്നും അരി വാങ്ങേണ്ടുന്ന സാഹചര്യം ഇല്ല.

(ഡി) ആറന്മുള നിയോജക മണ്ഡലത്തിൽനിന്നും 2018-19 സീസണിൽ 1475.443 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. സംഭരിച്ച നെല്ലിന്റെ പണം സപ്ലൈകോ കർഷകർക്ക് നൽകിയിട്ടുണ്ട്.

## പാലക്കാട് ജില്ലയിൽ രണ്ടാം വിള നെല്ല് സംഭരണം

347(1955) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഈ വർഷത്തെ രണ്ടാം വിള നെല്ല് സംഭരണത്തിന് മില്ലുടമകളുമായി കരാറിലേർപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കരാറിൽ നെല്ലിന്റെ കയറ്റിറക്ക് കൂലി സംബന്ധിച്ച് എന്തെല്ലാം വ്യവസ്ഥകൾ ആണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ ഈ വർഷത്തെ രണ്ടാംവിള നെല്ല് സംഭരണത്തിന് മാർച്ച് 31 വരെ മില്ലുടമകളുമായി കരാർ നിലവിലുണ്ട്. അടിയന്തര പ്രാധാന്യം നൽകി മാർച്ച് രണ്ടാംവാരത്തിനുള്ളിൽ തന്നെ മില്ലുടമകളുടെ യോഗം വിളിച്ചുകൂട്ടി ഏപ്രിൽ മുതൽ തുടർകരാർ ഒപ്പിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കരാർ പ്രകാരം മില്ലുകാർ ചെയ്യുന്ന എല്ലാ ജോലികൾക്കുമായി നിശ്ചിത തുക പ്രോസസ്സിംഗ് ചാർജ്ജായി നൽകുകയാണ് ചെയ്യുന്നത്. നിലവിൽ അത് 214/ക്വിന്റൽ നെല്ല് എന്ന നിരക്കിലാണ് നൽകുന്നത്. ഈ കരാറിൽ നെല്ലിന്റെ കയറ്റിറക്ക് കൂലി സംബന്ധിച്ച് പ്രത്യേകം വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

## എഫ്.സി.ഐ. ഗോഡൗണുകളിലെ ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം

348(1956) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകളിൽ ഗുണമേന്മയില്ലാത്ത ഭക്ഷ്യസാധനങ്ങളാണ് സ്റ്റോക്ക് ചെയ്തിരിക്കുന്നതെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എഫ്.സി.ഐ. ഗോഡൗണുകളിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളത്; ഇപ്രകാരം പരിശോധന നടത്തുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർക്കു വീഴ്ചപറ്റുന്നുണ്ടോയെന്ന് നിരീക്ഷിക്കാൻ സംവിധാനമുണ്ടോ; വ്യക്തമാക്കുമോ;

(സി) എഫ്.സി.ഐ. ഗോഡൗണുകളിൽ നിലവിലുള്ള സ്റ്റോക്കുകളുടെ ഗുണനിലവാരം അടിയന്തരമായി പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) എഫ്.സി.ഐ.-യിൽ നിന്ന് ഗുണനിലവാരമില്ലാത്ത ഭക്ഷ്യധാന്യങ്ങൾ ലഭിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേന്ദ്രസർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായും എഫ്.എസ്.എസ്.എ.ഐ നിലവാരത്തിലുമാണ് സ്റ്റോക്ക് സൂക്ഷിക്കുന്നതെന്നും സ്റ്റോക്ക് കേടാകാതിരിക്കുന്നതിനുള്ള നടപടികൾ സമയാസമയങ്ങളിൽ ചെയ്തു വരുന്നുണ്ടെന്നുമാണ് എഫ്.സി.ഐ.യിൽ നിന്ന് അറിയിച്ചിട്ടുള്ളത്.

(ബി&സി) എഫ്.സി.ഐ യുടെ കേന്ദ്ര ആഫീസിൽ നിന്നുള്ള നിർദ്ദേശപ്രകാരം വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ പരിശോധനകൾ നടക്കുന്നുണ്ടെന്ന് എഫ്.സി.ഐ.-യിൽ നിന്ന് അറിയിച്ചിട്ടുണ്ട്. എഫ്.സി.ഐ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സ്ഥാപനമായതിനാൽ വകുപ്പു തലത്തിൽ ടി സ്ഥാപനത്തിൽ പരിശോധന നടത്തുവാൻ കഴിയുന്നതല്ല. എങ്കിലും എഫ്.സി.ഐ യിൽനിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നതിന് മുൻപായി താലൂക്ക് സപ്ലൈ ഓഫീസർ, സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് ഓഫീസർ, സപ്ലൈകോ അസിസ്റ്റന്റ് മാനേജർ, എഫ്.സി.ഐ ക്വാളിറ്റി കൺട്രോളർ എന്നിവർ ചേർന്ന് പരിശോധിച്ച് മാർക്ക് ചെയ്യുന്ന സ്റ്റോക്കുകളിൽ നിന്നാണ് എഫ്.സി.ഐ ഗോഡൗണുകളിലേയ്ക്ക് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നത്.

## രണ്ടാം വിള നെല്ല് സംഭരണം

349(1957) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ടാം വിളയുടെ നെല്ല് സംഭരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) എല്ലാ ജില്ലകളിലും നെല്ല് സംഭരണം ആരംഭിച്ചിട്ടുണ്ടോ; രണ്ടാം വിളയുമായി ബന്ധപ്പെട്ട് ഓരോ ജില്ലയിലും നാളിതുവരെ എത്ര ടൺ നെല്ലാണ് സംഭരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) രണ്ടാം വിള നെല്ല് സംഭരണത്തിനായി കൂടുതൽ മില്ലുകളെ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടും, കർഷകർക്ക് താമസംവിനാ നെല്ലിന്റെ വില ലഭ്യമാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ ചെയ്തും, ഉദ്യോഗസ്ഥതല നിരീക്ഷണം കർശനമാക്കിയും തർക്കരഹിതമായും സംഭരണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) എല്ലാ ജില്ലകളിലും നെല്ല് സംഭരണം ആരംഭിച്ചിട്ടുണ്ട്. രണ്ടാം വിളയുമായി ബന്ധപ്പെട്ട് ഓരോ ജില്ലയിലും നാളിതുവരെ സംഭരിച്ച നെല്ലിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | അളവ് (മെട്രിക് ടണ്ണിൽ) |
|---|---|
| തിരുവനന്തപുരം | 187.081 |
| കൊല്ലം | 47.049 |
| പത്തനംതിട്ട | 26.133 |
| ആലപ്പുഴ | 2932.116 |
| കോട്ടയം | 9767.058 |
| ഇടുക്കി | 27.269 |
| എറണാകുളം | 620.919 |
| തൃശ്ശൂർ | 19086.676 |

| | |
|---|---|
| പാലക്കാട് | 9101.542 |
| മലപ്പുറം | 6510.945 |
| കോഴിക്കോട് | 0.000 |
| വയനാട് | 9930.155 |
| കണ്ണൂർ | 132.291 |
| കാസർഗോഡ് | 119.122 |
| ആകെ | 58488.356 |

**ടെൻഡർ വ്യവസ്ഥ പ്രകാരം പഞ്ചസാര ലഭ്യമാക്കാതിരുന്ന കമ്പനികൾക്കെതിരെ നടപടി**

350(1958) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഹെഡ് ഓഫീസിന്റെ പർച്ചേസ് ഓർഡർ പ്രകാരം സപ്ലൈ ചെയ്യേണ്ടിയിരുന്ന പഞ്ചസാര ടെൻഡർ വ്യവസ്ഥ പ്രകാരം യഥാസമയം ലഭ്യമാക്കാത്തതിനാൽ ധരണി ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡ്, പൊന്നി ഷുഗർ (ഈറോഡ്) ലിമിറ്റഡ് എന്നീ കമ്പനികളിൽനിന്നും പിഴയിനത്തിൽ 1.22 കോടിരൂപ ഈടാക്കുവാനും നിയമനടപടികൾ സ്വീകരിക്കുവാനും ധനകാര്യ പരിശോധന വിഭാഗം നൽകിയ ശിപാർശയിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കമ്പനികൾക്ക് ചട്ടവിരുദ്ധമായി പർച്ചേസ് ഓർഡർ നൽകിയ എച്ച്.ഒ.എം.സി. അംഗങ്ങൾക്കെതിരെ കർശന അച്ചടക്കനടപടി സ്വീകരിക്കുവാൻ ധനകാര്യ പരിശോധനാ വിഭാഗം ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ധരണി ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ്, പൊന്നി ഷുഗർ (ഈറോഡ്) ലിമിറ്റഡ് എന്നീ കമ്പനികൾ സപ്ലൈകോയുടെ ടെൻഡറിൽ പങ്കെടുക്കുകയും പർച്ചേസ് ഓർഡർ നേടുകയും ചെയ്തിരുന്നു. പഞ്ചസാര മില്ലുകൾക്ക് പർച്ചേസ് ഓർഡറുകൾക്കൊപ്പം Payment ഉം റിലീസ് ചെയ്യേണ്ടതായിട്ടുണ്ട്. Advance Payment സാധാരണയായി മൂന്നോ നാലോ തവണകളിലായിട്ടാണ്

വിതരണം നടത്താറുള്ളത്. ടെൻഡർ വ്യവസ്ഥ പ്രകാരം പഞ്ചസാര വിതരണം ചെയ്യുന്നതിനുള്ള പഞ്ചസാര മില്ലുകളുടെ ഉത്തരവാദിത്തം സപ്ലൈകോ Advance Payment നൽകിയതിന് ശേഷം മാത്രമേ ആരംഭിക്കുന്നുള്ളൂ. ഈ രണ്ടു മില്ലുകളും സപ്ലൈകോ വിതരണം ചെയ്ത തുയ്ക്കുള്ള പഞ്ചസാര വിതരണം ചെയ്തിട്ടുണ്ട്.

ഷുഗർ മില്ലുകൾക്ക് മുൻകൂർ തുക നൽകിയ തീയതി മുതലാണ് പിഴ കണക്കാക്കേണ്ടത്. എന്നാൽ ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധനയിൽ ടി മില്ലുകൾക്ക് പർച്ചേസ് ഓർഡർ നൽകിയ തീയതി മുതൽ വിതരണം ചെയ്ത തീയതി വരെയുള്ള പിഴയാണ് കണക്കാക്കിയിട്ടുള്ളത്.

ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയ വിഷയത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ സപ്ലൈകോ ഡയറക്ടർ ബോർഡിന്റെ പരിശോധനയിലാണ്.

(ബി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശിപാർശയിന്മേൽ ധരണി ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ്, പൊന്നി ഷുഗർ (ഈ റോഡ്) ലിമിറ്റഡ് എന്ന കമ്പനികൾക്ക് ചട്ടവിരുദ്ധമായി പർച്ചേസ് ഓർഡർ നൽകിയ എച്ച്.ഒ.എം.സി. അംഗങ്ങൾക്ക് എതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിൻപ്രകാരം ആരോപണ വിധേയർക്ക് കുറ്റപത്രം നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ പ്രസിഡന്റുമാരുടെ ചുമതല

351(1959) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ പ്രസിഡന്റുമാർ സ്ഥാനം ഒഴിയുമ്പോൾ പ്രസിഡന്റിന്റെ ചുമതല തുടർന്ന് ആരാണ് വഹിക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം പ്രസിഡന്റിന്റെ അഭാവത്തിൽ പ്രസിഡന്റിന്റെ ചുമതല ആർക്കാണ് കൈമാറേണ്ടത്; ആക്ടിലെ ഇത് സംബന്ധിച്ച വകുപ്പ് ഏതെന്ന് വിശദമാക്കുമോ;

(സി) നിലവിൽ പ്രസിഡന്റിന്റെ ഒഴിവുള്ള ഫോറങ്ങളിൽ ഇതുപ്രകാരമാണോ ചുമതല നൽകിയിരിക്കുന്നത്; അല്ലെങ്കിൽ ആർക്കാണ് ചുമതല നൽകിയിരിക്കുന്നത്; ആയതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസിഡന്റിന്റെ ചുമതല ആക്ട് പ്രകാരമല്ലാതെ മറ്റാർക്കെങ്കിലും ആണ് നൽകിയിരിക്കുന്നതെങ്കിൽ ഏത് നിയമ പ്രകാരമാണെന്നും ആയതിന്റെ നിയമ സാധുത ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ടോ എന്നും അറിയിക്കാമോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പ്രസിഡന്റിന്റെ അഭാവത്തിൽ പ്രസിഡന്റിന്റെ ചുമതല ആക്ട് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ആളുകൾക്ക് തന്നെ നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ പ്രസിഡന്റുമാർ സ്ഥാനം ഒഴിയുമ്പോൾ പ്രസിഡന്റിന്റെ ചുമതല അതാത് ഫോറങ്ങളിലെ മുതിർന്ന അംഗത്തിനോ അല്ലെങ്കിൽ തൊട്ടടുത്ത ഫോറങ്ങളിലെ പ്രസിഡന്റിനോ നൽകി വരുന്നു.

(ബി) കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട് 1986 ലെ സെക്ഷൻ 22 ഡി പ്രകാരമാണ് ഫോറങ്ങളിലെ പ്രസിഡന്റുമാരുടെ ചുമതല അതാത് ഫോറങ്ങളിലെ മുതിർന്ന അംഗത്തിനോ അല്ലെങ്കിൽ തൊട്ടടുത്ത ഫോറങ്ങളിലെ പ്രസിഡന്റിനോ നൽകി വരുന്നത്.

(സി) അതെ

(ഡി&ഇ) 1986-ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട് പ്രകാരമാണ് ചുമതല നൽകി വരുന്നത്.

**സിനിമ തിയേറ്ററുകളിലെ ഭക്ഷണ പാനീയങ്ങളുടെ അമിത വില**

352 (T1960) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിലെ സിനിമ തിയേറ്ററുകളിൽ ഭക്ഷണ പാനീയങ്ങൾ വിൽക്കുന്ന ഏജൻസികൾ/വിതരണക്കാർ ഇരട്ടിയിലധികം വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിനിമ തിയേറ്ററുകളിൽ ഭക്ഷണ പാനീയങ്ങൾ വിതരണം ചെയ്യുന്ന ഏജൻസികൾക്ക്/കടകൾക്ക് എം.ആർ.പി. യേക്കാൾ കൂടിയ വിലയ്ക്ക് സാധനങ്ങൾ വിൽക്കുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) ഇത്തരത്തിൽ പൊതുവിപണിയിൽനിന്നും വ്യത്യസ്തമായി എം.ആർ.പി.യെക്കാൾ കൂടിയ വിലയ്ക്ക് വിവിധ ഭക്ഷണ പാനീയങ്ങൾ വിതരണം നടത്തുന്ന ഷോപ്പുകൾ/തിയേറ്റർ ഉടമകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഏതെല്ലാം തിയേറ്ററുകളെന്ന് ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സിനിമാ തിയേറ്ററുകളിൽ ഇത്തരത്തിൽ പരിശോധന നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇവർ കൃത്യമായ ഇടവേളകളിൽ തിയേറ്ററുകളിലെ ഭക്ഷണ പാനീയ ഷോപ്പുകളിൽ പരിശോധന നടത്താറുണ്ടോ;

(ഇ) ഇത്തരത്തിൽ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടാൽ ഉപഭോക്താക്കൾ ആർക്കാണ് അടിയന്തരമായി പരാതി സമർപ്പിക്കേണ്ടത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) അനുമതി നൽകിയിട്ടില്ല

(സി) കൊല്ലം, കോട്ടയം, എറണാകുളം, ഇടുക്കി, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ കേസുകളൊന്നും കണ്ടെത്തിയിട്ടില്ല. മറ്റ് ജില്ലകളിൽ എം.ആർ.പിയേക്കാൾ കൂടുതൽ വിലയ്ക്ക് ഭക്ഷണ പാനീയങ്ങൾ വിതരണം നടത്തിയ തിയേറ്റർ ഉടമകൾക്കെതിരെ പ്രഖ്യാപനങ്ങൾ ഇല്ലാത്ത പാക്കേജുകൾ വിൽപ്പന നടത്തിയതിനും Packaged Commodities Rule ന്റെ Rule 6, 18(2) എന്നിവ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) സിനിമാ തിയേറ്ററുകളിൽ ലീഗൽ മെട്രോളജി നിയമ ലംഘനങ്ങൾ ഉണ്ടോ എന്ന് പരിശോധന നടത്തുന്നതിന് ജില്ല/താലൂക്ക് തല നിർവ്വഹണ ഉദ്യോഗസ്ഥർക്കാണ് ചുമതല. ഇൻസ്പെക്ടർമാർ, സീനിയർ ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് കൺട്രോളർമാർ (ജനറൽ/ഫ്ലൈയിംഗ് സ്ക്വാഡ്) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ തിയേറ്ററുകളിലെ ഭക്ഷണ പാനീയ സ്ഥാപനങ്ങളിൽ പരിശോധന നടത്താറുണ്ട്.

(ഇ) വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടാൽ ഉപഭോക്താക്കൾക്ക് ലീഗൽ മെട്രോളജി ഇൻസ്പെക്ടർമാർ, സീനിയർ ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് കൺട്രോളർമാർ (ജനറൽ/ഫ്ലൈയിംഗ് സ്ക്വാഡ്) ഡെപ്യൂട്ടി കൺട്രോളർ എന്നീ ഉദ്യോഗസ്ഥർക്കും ലീഗൽ മെട്രോളജി വകുപ്പിന്റെ 'സുതാര്യം' ആപ്ലിക്കേഷൻ മുഖേനയും പരാതി സമർപ്പിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ**

353(1961) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

പുതുതായി രൂപീകരിച്ച 14 താലൂക്കുകളിലും 14 പുതിയ ഇൻസ്പെക്ടറാഫീസുകൾ ആരംഭിക്കുകയും 14 ഇൻസ്പെക്ടർ തസ്തികകൾ ഉൾപ്പെടെ 63 സ്ഥിരം തസ്തികകളും 42 ദിവസവേതന തസ്തികകളും സൃഷ്ടിക്കുകയും ചെയ്തു. ലീഗൽ മെട്രോളജി വകുപ്പിൽ ഇന്റേണൽ ആഡിറ്റ് വിംഗും ഐറ്റി സെല്ലും രൂപീകരിച്ചു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി ഉപഭോക്തൃ സംരക്ഷണം കൂടുതൽ ഉറപ്പു വരുത്തുന്നതിനായി 14 പുതിയ വാഹനങ്ങൾ അനുവദിക്കുകയും വകുപ്പിന്റെ 41 വാഹനങ്ങളിൽ ജി.പി.എസ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. തിരുവനന്തപുരം ജില്ലയിൽ പട്ടത്ത് വകുപ്പിന്റെ ആസ്ഥാന മന്ദിരവും ലബോറട്ടറി കോംപ്ലക്സും അടങ്ങിയ ഏഴ് നില കെട്ടിടം നിർമ്മിച്ച് ടി കെട്ടിടത്തിൽ വകുപ്പ് അദ്ധ്യക്ഷന്റെ കാര്യാലയം ദക്ഷിണമേഖലാ ഡെപ്യൂട്ടി കൺട്രോളറാഫീസ്, അസിസ്റ്റന്റ് കൺട്രോളർ (ജനറൽ & ഫ്ളൈയിംഗ് സ്ക്വാഡ്) ഓഫീസുകൾ, സീനിയർ ഇൻസ്പെക്ടറാഫീസ്, ഇൻസ്പെക്ടറാഫീസ് (സർക്കിൾ-II) എന്നിവ പ്രവർത്തനമാരംഭിച്ചു. കൊല്ലത്ത് വകുപ്പിന്റെ ഓഫീസ് കെട്ടിടം/ലബോറട്ടറിയുടെ സിവിൽ വർക്കുകൾ പൂർത്തിയായി. ഇലക്ട്രിക്കൽ വർക്കുകൾ കൂടി പൂർത്തിയായാൽ ടി കെട്ടിടം വകുപ്പിന് ഉപയോഗയോഗ്യമാകുന്നതാണ്. കോട്ടയം, കാസർഗോഡ് ജില്ലകളിൽ വകുപ്പിന് ലഭ്യമായ സ്ഥലത്ത് നിർമ്മിതി കേന്ദ്രം മുഖേന ഓഫീസ് കെട്ടിട നിർമ്മാണത്തിന് സർക്കാർ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ഓഫീസ്/ലബോറട്ടറി കെട്ടിട നിർമ്മാണത്തിനായി രണ്ട് കോടി കേന്ദ്ര ധനസഹായവും പട്ടാമ്പി ഇൻസ്പെക്ടറാഫീസിന് ഒരു കോടിരൂപ സംസ്ഥാന വിഹിതവും വകയിരുത്തിയിട്ടുണ്ട്.സർക്കാർ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്. ഉപഭോക്താക്കൾക്ക് വകുപ്പിന്റെ സേവനങ്ങൾ സംബന്ധിച്ച് സംശയ ദൂരീകരണത്തിനും പരാതികൾ നൽകുന്നതിനുമായി ടോൾഫ്രീ നമ്പർ, കാൾസെന്റർ, സുതാര്യം മൊബൈൽ ആപ്പ് എന്നിവയും നടപ്പിലാക്കി. വകുപ്പിന്റെ സേവനങ്ങൾ ഓൺലൈനാക്കുന്നതിന്റെ ഭാഗമായി വകുപ്പിൽനിന്നും നൽകി വരുന്ന

പായ്ക്കർ ഇംപോർട്ടർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ അളവുതൂക്ക ഉപകരണങ്ങളുടെ നിർമ്മാണ, വിതരണ, റിപ്പയർ ലൈസൻസുകൾ എന്നിവ പൂർണ്ണമായും ഓൺലൈനിലൂടെ നൽകുന്ന ലീഗൽ മെട്രോളജി ഓപ്പറേഷൻസ് മാനേജ്മെന്റ് സിസ്റ്റം (LMOMS) എന്ന പോർട്ടൽ സോഫ്റ്റ് വെയർ വികസിപ്പിച്ച് ടി സേവനങ്ങൾ ഇപ്പോൾ ഓൺലൈനായി നൽകി വരുന്നു.

## കോഴിക്കോട് ജില്ലയിലെ ലീഗൽ മെട്രോളജി സർക്കിൾ ഓഫീസുകൾ

354(1962) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ലീഗൽ മെട്രോളജിയുടെ എത്ര സർക്കിൾ ഓഫീസുകളാണ് നിലവിലുള്ളതെന്നും പ്രസ്തുത ഓരോ ഓഫീസും എവിടെയാണ് പ്രവർത്തിച്ചു വരുന്നതെന്നും വ്യക്തമാക്കാമോ;

(ബി) ലീഗൽ മെട്രോളജി കോഴിക്കോട് സർക്കിൾ-മൂന്നിന്റെ ഓഫീസ് കുന്ദമംഗലം മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഉപഭോക്തൃകാര്യ വകുപ്പിന്റെ 101/സിഎ 3/19 നമ്പർ ഫയലിന്മേൽ എടുത്ത നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 7 എണ്ണം

1. ഇൻസ്പെക്ടർ ഓഫീസ് സർക്കിൾ - 2 - സിവിൽ സ്റ്റേഷൻ, കോഴിക്കോട്.

2. ഇൻസ്പെക്ടർ ഓഫീസ് സർക്കിൾ - 3 - സിവിൽ സ്റ്റേഷൻ, കോഴിക്കോട്.

3. ഇൻസ്പെക്ടർ ഓഫീസ് സർക്കിൾ - 4 - സിവിൽ സ്റ്റേഷൻ, കോഴിക്കോട്.

4. വടകര ഇൻസ്പെക്ടർ ഓഫീസ് സർക്കിൾ - 1

5. വടകര സർക്കിൾ - 2 – വടകര

6. കൊയിലാണ്ടി സർക്കിൾ - 1 – കൊയിലാണ്ടി

7. കൊയിലാണ്ടി സർക്കിൾ - 2 - കൊയിലാണ്ടി

(ബി & സി) ലീഗൽ മെട്രോളജി കോഴിക്കോട് സർക്കിൾ - 3 ഇൻസ്പെക്ടർ ഓഫീസ് കോഴിക്കോട് സിവിൽ സ്റ്റേഷനിൽനിന്നും കുന്ദമംഗലം മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നത് സംബന്ധിച്ച് ലീഗൽ മെട്രോളജി കൺട്രോളറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കണ്ണൂർ അഴീക്കൽ പോർട്ട്

355(1963) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ കണ്ണൂർ അഴീക്കൽ പോർട്ടിനായി 500 കോടിരൂപ വകയിരുത്തിയതിൽ എത്രരൂപയുടെ വികസന പ്രവർത്തനങ്ങൾ പോർട്ടിൽ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ;

(ബി ഇപ്രകാരം നടപ്പിലാക്കിയ പോർട്ട് വികസന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് അറിയിക്കാമോ;

(സി) ഇനി എന്തെല്ലാം പുതിയ പ്രവൃത്തികളാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

### ഉത്തരം

(എ & ബി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ അഴീക്കൽ തുറമുഖ വികസനത്തിനായി 500 കോടിരൂപ കിഫ്ബി മുഖാന്തരം അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് കിഫ്ബിയിൽ നിന്ന് ധനസഹായം സ്വീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. അഴീക്കൽ തുറമുഖ നിർമ്മാണത്തിനുവേണ്ടി ബഹു.മുഖ്യമന്ത്രി ചെയർമാനായി Azhikkal Port Limited എന്ന കമ്പനി രൂപികരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് M/s. Howe Engineering Projects India Pvt. Ltd. എന്ന കമ്പനിയെ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. അവർ സമർപ്പിച്ച പ്രാഥമിക റിപ്പോർട്ട് (Feasibility report) സർക്കാർ അംഗീകരിക്കുകയും geo-technical studies നടത്തുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ പഠനങ്ങൾ നടന്നു വരുന്നു.

(സി) അഴീക്കലിൽ തുറമുഖാധിഷ്ഠിത വ്യവസായം തുടങ്ങുന്നതിന് ഒരു Special Economic Zone ആരംഭിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ട്.

**മണൽ ഡ്രഡ്ജ് ചെയ്യുന്നതിനുള്ള പദ്ധതികൾ**

356(1964) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖത്തുനിന്നും മണൽ ഡ്രഡ്ജ് ചെയ്ത് ഉപയോഗപ്രദമാക്കുന്നതിനുള്ള ഏതെങ്കിലും പദ്ധതികൾ സംസ്ഥാനത്ത് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ ചാനലിലും ബേസിനിലും ആഴം നിലനിർത്തുന്നതിന് വേണ്ടി പരമ്പരാഗത മണൽ വാരൽ തൊഴിലാളികൾ മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നുണ്ട്. ഈ മണൽ ശുദ്ധീകരിച്ച് ആവശ്യക്കാർക്ക് വിപണനം നടത്തുന്നതിനായി പൊന്നാനിയിൽ പി.പി.പി. മോഡലിൽ ഒരു മണൽ ശുദ്ധീകരണ പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത മാതൃകയിൽ അഴീക്കലിലും ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാൻ കേരള മാരിടൈം ബോർഡിന് അനുമതി നൽകിയിട്ടുണ്ട്.

**തുറമുഖ വികസന നിർമ്മാണ പദ്ധതികൾ**

357(1965) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കി വരുന്ന തുറമുഖ വികസന നിർമ്മാണ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തുറമുഖ നിർമ്മാണ പദ്ധതികൾക്ക് ഓരോന്നിനും സർക്കാർ കണക്കാക്കിയിട്ടുള്ള അടങ്കൽ തുക എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത തുറമുഖ വികസന നിർമ്മാണ പദ്ധതികൾക്കായി കേന്ദ്രസഹായം ലഭ്യമാകുന്നുണ്ടോ; എങ്കിൽ എത്ര തുക വീതമെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ&ബി) തുറമുഖ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന നിർമ്മാണ പദ്ധതികളുടെയും, അവയിൽ ഓരോന്നിനും സർക്കാർ കണക്കാക്കിയിട്ടുള്ള അടങ്കൽ തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) കൊല്ലം തുറമുഖ പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണത്തിന് കേന്ദ്ര സഹായമായി 3.61 കോടിരൂപ ലഭിച്ചിട്ടുണ്ട്.

**പഴയ പയ്യന്നൂർ പോലീസ് സ്റ്റേഷൻ ചരിത്ര പൈതൃക മ്യൂസിയമാക്കുന്ന പ്രവൃത്തി**

358(1966) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ പയ്യന്നൂർ പോലീസ് സ്റ്റേഷൻ ചരിത്ര പൈതൃക മ്യൂസിയമാക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി 2019-20 വർഷം എത്ര തുകയാണ് നീക്കി വച്ചിട്ടുള്ളത്; അറിയിക്കുമോ;

(ബി) ഇതിന്റെ തുടർനടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ കെട്ടിടത്തിലാണ് ഗാന്ധി സ്മൃതി മ്യൂസിയം സജ്ജീകരിക്കുന്നത്. ആയതിലേയ്ക്ക് 2,44,00,000 (രണ്ട് കോടി നാൽപത്തിനാല് ലക്ഷംരൂപ മാത്രം)രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ 20 ശതമാനംരൂപയായ 48,80,000 രൂപ സജ്ജീകരണ പ്രവൃത്തി നിർവ്വഹിക്കുന്ന നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരളയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. നോഡൽ ഏജൻസി, മ്യൂസിയത്തിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുകയും മ്യൂസിയം സജ്ജീകരണത്തിന്റെ ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**വയനാട് ജില്ലയിലെ ചരിത്ര സ്മാരകങ്ങൾ**

359(1967) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചരിത്ര സ്മാരകങ്ങളെ സംരക്ഷിക്കാൻ വയനാട് ജില്ലയിൽ നടപ്പിൽ വരുത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

വയനാട് ജില്ലയിൽ പുരാവസ്തുവകുപ്പിന് പഴശ്ശികുടീരം, എടക്കൽ ഗുഹ, അമ്പലവയൽ മിലിട്ടറി ബാരക്സ്, പള്ളിയറ ഭഗവതി ക്ഷേത്രം എന്നീ സംരക്ഷിത സ്മാരകങ്ങളാണുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംരക്ഷിത സ്മാരകമായ മാനന്തവാടി പഴശ്ശികുടീരത്തിന്റെ സംരക്ഷണ പ്രവൃത്തികൾ നിർവ്വഹിക്കുകയും അതിൽ സജ്ജീകരിക്കുന്ന ജില്ലാ പൈതൃക മ്യൂസിയത്തിന്റെ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**മാമാങ്ക രേഖകൾ സൂക്ഷിക്കുന്നതിന് സംവിധാനം**

360(1968) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാമാങ്ക സ്മാരകത്തിലെ നിലപാടുതറയിലേയ്ക്ക് പൊതുവഴി ഇല്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലപാടുതറയിലേയ്ക്ക് എത്തുന്ന സഞ്ചാരികൾക്ക് സുഗമമായി എത്തിച്ചേരുന്നതിന് സ്ഥലം ഏറ്റെടുത്ത് പാതയൊരുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) മാമാങ്ക രേഖകൾ സഞ്ചാരികൾക്കും വരും തലമുറയ്ക്കും ഗവേഷകർക്കും പ്രയോജനപ്പെടുംവിധം സൂക്ഷിക്കുന്നതിന് മികച്ച സംവിധാനങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ &ബി) മാമാങ്ക സ്മാരകമായ നിലപാടു തറയിലേക്ക് പൊതുവഴി ഇല്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ നിലപാട് തറയിലേക്ക് എത്തിച്ചേരുന്നതിനു വഴിയൊരുക്കുന്നതിനു ബഹുമാനപ്പെട്ട കേരള ഹൈക്കോടതി WP(C) 33695/2015 നമ്പർ ഹർജിയിൽ 1-7-2019 ന പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം വകുപ്പ് നടപടി സ്വീകരിച്ചിട്ടുള്ളതും സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. എന്നാൽ ഇതേ വിഷയത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ശ്രീ. ഷാജഹാൻ എന്ന വ്യക്തി ഫയൽ ചെയ്ത WP(C) 33283/2019 എന്ന ഹർജി 19-12-2019 ലാണ് തീർപ്പാക്കി ഉത്തരവായിട്ടുള്ളത് എന്നതിനാൽ ഉത്തരവിന്റെ പകർപ്പ് ലഭിച്ചിട്ടില്ല. ഇതു ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഉത്തരവ് ലഭിച്ചാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതും സന്ദർശകർക്ക് സ്മാരകത്തിൽ സുഗമമായി എത്തിച്ചേരുന്നതിനു വഴി സൗകര്യം ഒരുക്കുന്നതുമാണ്.

(സി) മാമാങ്ക രേഖകൾ സഞ്ചാരികൾക്ക് ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ പുരുവസ്തു/പുരാരേഖാ വകുപ്പുകൾ പരിശോധിക്കുന്നതാണ്.

**കായംകുളം കൃഷ്ണപുരം കൊട്ടാരം**

361(1969) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ 2016 മുതൽ നാളിതുവരെ പുരാവസ്തു വകുപ്പ് വഴി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ, തുക എന്നിവ എത്രയെന്നും പദ്ധതികളുടെ നിലവിലുള്ള പുരോഗതി എന്തൊക്കെയെന്നും വിശദമാക്കാമോ?

ഉത്തരം

കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ 49,75,324 രൂപ ചെലവഴിച്ച് കൊട്ടാരത്തിന്റെ മേൽക്കൂരയുടേയും, വാതിലുകൾ, ജനാലകൾ എന്നിവയുടേയും സമഗ്ര സംരക്ഷണ പ്രവൃത്തികളും കൊട്ടാരത്തിന്റെ മുൻവശത്തെ പൊളിഞ്ഞു വീഴാറായ മതിലിന്റെ സംരക്ഷണ പ്രവൃത്തികളും നിർവ്വഹിച്ചു. 61,64,778 രൂപ ചെലവഴിച്ച് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന പൂന്തോട്ടം സജ്ജീകരിക്കുകയും മറ്റ് അനുബന്ധ പ്രവർത്തികൾ നിർവ്വഹിക്കുകയും ചെയ്തു. കൂടാതെ 60,69,047 രൂപ ചെലവഴിച്ച് കെൽട്രോൺ മുഖേന സി.സി.റ്റി.വി യും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചു.

## അമ്മൂമ്മ കല്ലുപാലം സംരക്ഷിക്കുവാൻ പദ്ധതി

362(1970) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തഴവ ഗ്രാമപഞ്ചായത്തിൽ പാവുമ്പയ്ക്ക് സമീപമുള്ള വളരെ പഴക്കംചെന്ന അമ്മൂമ്മ കല്ലുപാലത്തിന്റെ പ്രാധാന്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) പുരാവസ്തു വകുപ്പ് ഉദ്യോഗസ്ഥർ ഈ സ്ഥലം പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(സി) ഈ പാലം സംരക്ഷിക്കുന്നതിന് വേണ്ടി എന്തെല്ലാം പദ്ധതികളാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) പുരാവസ്തു വകുപ്പിലെ ആർട്ടിസ്റ്റ് സൂപ്രണ്ട് പാവുമ്പകല്ലുപാലം പരിശോധിച്ചിരുന്നു.

(സി) രാജഭരണ കാലത്തെ കൽത്തച്ചൻമാരുടെ കരവിരുതിന്റെ ഉദാഹരണമാണ് ഈ പാലമെന്നും പൂർണ്ണമായും കരിങ്കല്ലിൽ തന്നെ നിർമ്മിച്ച പാലം അപൂർവ്വമായ ഒരു നിർമ്മിതിയാണെന്നും റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ, പുരാവസ്തുവകുപ്പിലെ സൂപ്രണ്ടിംഗ് ആർക്കിയോളജിസ്റ്റും കൺസർവേഷൻ എഞ്ചിനീയറും പ്രസ്തുത നിർമ്മിതിയുടെ പൈതൃക മൂല്യം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമായ ശേഷം ആയത് സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## പുരാവസ്തു അവശേഷിപ്പുകൾ കണ്ടെത്തുന്നതിന് നടപടി

363(1971) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുരാവസ്തു അവശേഷിപ്പുകൾ തെരയുന്നതിനും കണ്ടെത്തുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പുരാവസ്തു അവശേഷിപ്പുകൾ കണ്ടെത്തുന്നതിനും സംരക്ഷിക്കുന്നതിനും എത്ര പേർ സർക്കാരിൽ സേവനം അനുഷ്ഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുരാവസ്തു അവശേഷിപ്പുകൾ കണ്ടെത്തിയിട്ടുണ്ടെന്നും എവിടെയെല്ലാമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഏതെങ്കിലും പ്രദേശത്ത് പുരാവസ്തുക്കൾ വെളിപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത സ്ഥലത്താണ് പുരാവസ്തു വകുപ്പ് പ്രാഥമിക പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുന്നത്. പുരാതത്വപരമായി പ്രാധാന്യമുള്ള പ്രദേശമാണെന്ന് പ്രാഥമിക പരിശോധനയിൽ ബോധ്യപ്പെടുന്ന പക്ഷം പ്രദേശത്ത് ഉപരിതല സർവ്വേ നടത്തുകയും ഇത്തരം സർവ്വേയിൽനിന്നും ലഭിക്കുന്ന തെളിവുകൾക്കനുസരിച്ച് ആവശ്യമെങ്കിൽ ഉത്ഖനനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) സംസ്ഥാനത്ത് പുരാവസ്തുക്കൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന അവസരത്തിൽ പുരാവസ്തു വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരെ അവ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിലേക്ക് നിയോഗിക്കുന്നു. പ്രധാനമായും സംസ്ഥാന പുരാവസ്തുവകുപ്പിലെ വിവിധ സാങ്കേതിക തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന 15 ജീവനക്കാരെയാണ് ഇതിനായി നിയോഗിക്കാറുള്ളത്.

(സി) ഈ സർക്കാർ അധികാരത്തില വന്ന ശേഷം പുരാവസ്തു വകുപ്പ് കണ്ടെത്തിയ പുരാവസ്തു അവശേഷിപ്പുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ വീയൂർ വില്ലേജിൽ കണ്ടെത്തിയ ചെങ്കൽ ഗുഹയിൽ നിന്ന് മഹാശിലായുഗ ശവസംസ്കാര സ്മാരകങ്ങളിൽ അപൂർവ്വമായി കാണപ്പെടുന്ന സർക്കോഫാഗസ് ലഭിക്കുകയുണ്ടായി. കൂടാതെ 86 അർദ്ധമൂല്യ കനുത്തുകളും 12 ഇരുമ്പ് ഉപകരണങ്ങളും ഈ ചെങ്കൽ ഗുഹയിൽ നിന്ന് ലഭിച്ചു.

2. കോഴിക്കോട് ജില്ലയിലെ ചേളന്നൂർ വില്ലേജിൽ ഇച്ചന്നൂർ എ.യു.പി.സ്കൂളിനു സമീപത്തു വെളിപ്പെട്ട ചെങ്കൽ ഗുഹയിൽ നടത്തിയ ശാസ്ത്രീയപരിശോധനയിൽ അപൂർവ്വ ഇനത്തിൽപ്പെട്ട കൽക്കൊളുത്ത് കണ്ടെത്തുകയുണ്ടായി.

3. കണ്ണൂർ ജില്ലയിലെ മാവിലായി വില്ലേജിലെ പൊതുവാച്ചേരി എന്ന സ്ഥലത്തെ ചെമ്മൺപാതയിൽ കണ്ടെത്തിയ ചെങ്കൽ ഗുഹയിൽ നിന്ന് മൺപാത്രങ്ങളും ഇരുമ്പുപകരണങ്ങളും അസ്ഥിശലകങ്ങളും ലഭിക്കുകയുണ്ടായി.

4. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ മാണിയൂർ വില്ലേജിൽ ഉൾപ്പെടുന്ന കരിമ്പം കരയിൽ ജെ.സി.ബി ഉപയോഗിച്ച് മണ്ണ് നീക്കുമ്പോൾ വെളിപ്പെട്ട നന്നങ്ങാടികൾ ശാസ്ത്രീയപരിശോധനയ്ക്ക് വിധേയമാക്കി നീക്കം ചെയ്തു. ഇവ പൂർണ്ണമായും തകർന്നുപോയ നിലയിലായിരുന്നു.

5. തൃശ്ശൂർ ജില്ലയിലെ കോലഴി പഞ്ചായത്തിൽ പോട്ടാർ വില്ലേജിൽ പൂർണ്ണമായും തകർന്ന നിലയിൽ കണ്ടെത്തിയ നന്നങ്ങാടി ശാസ്ത്രീയ പരിശോധന നടത്തി നീക്കം ചെയ്തു.

6. കോഴിക്കോട് ജില്ലയിലെ ഫറോക്ക് നല്ലൂർ എൽ.പി.സ്കൂൾ വളപ്പിൽ കണ്ടെത്തിയ നന്നങ്ങാടി പരിശോധിച്ചതിൽ മൺകോപ്പകൾ, അസ്ഥിയുടെ അവശിഷ്ടങ്ങൾ, ഇരുമ്പുപകരണങ്ങൾ എന്നിവ ലഭിക്കുകയുണ്ടായി.

7. 2018-ലെ പ്രളയത്തിൽ പമ്പാനദിയുടെ മൺതിട്ട ഇടിഞ്ഞുപോയപ്പോൾ ആറൻമുള കോഴിപ്പാലത്ത് വെളിപ്പെട്ട കളിമൺ ശിൽപ്പങ്ങൾ വകുപ്പ് പരിശോധിച്ച് നീക്കം ചെയ്തു. പൂർണ്ണതയുള്ള ശില്പങ്ങളും ശില്പ ഭാഗങ്ങളും ഉൾപ്പെടെ കളിമണ്ണിൽ തീർത്ത അഞ്ഞൂറോളം വസ്തുക്കളാണ് ഇവിടെനിന്നും ലഭ്യമായത്.

8. കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം വില്ലേജിൽ പിലാശ്ശേരി കോയക്കാട് എന്ന സ്ഥലത്തു സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് വെളിപ്പെട്ട നന്നങ്ങാടിയിൽ നിന്ന് 9 മൺ പാത്രങ്ങളും ഇരുമ്പിൽ തീർത്ത 2 ഉളികളും ലഭിക്കുകയുണ്ടായി.

9. കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ വെള്ളിലാപ്പിള്ളി വില്ലേജിലെ കൊണ്ടാട്ടു കരയിൽ സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് മണ്ണു നീക്കുമ്പോൾ കണ്ടെത്തിയ ബുദ്ധപ്രതിമയുടേത് എന്നു കരുതുന്ന പ്രതിമയുടെ ശിരോഭാഗം ഏറ്റെടുക്കുകയുണ്ടായി.

10. കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ ചവറ തെക്കുഭാഗം വില്ലേജിലെ മാലിഭാഗം മുറിയിൽ ഐക്കര തെക്കേതിൽ മഴക്കുഴി നിർമ്മിക്കുന്നതിനിടെ വെളിപ്പെട്ട 2 ശിലാവിഗ്രഹങ്ങൾ ഏറ്റെടുക്കുകയുണ്ടായി.

11. കണ്ണൂർ ജില്ലയിലെ പരിയാരം ചെറുതാഴം അംശം മുണ്ടൂർ എന്ന സ്ഥലത്ത് കോക്കോട് പാറമ്മൽ തറവാട്ടു വളപ്പിൽ കൃഷിയാവശ്യത്തിനു കുഴിച്ചപ്പോൾ ലഭ്യമായ 266 ബ്രിട്ടീഷ് ഇന്ത്യാ വെള്ളി നാണയങ്ങൾ ഏറ്റെടുത്തു.

12. തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ വെള്ളൂർ വില്ലേജിൽ തിരുപ്പാൽക്കടൽ ശ്രീകൃഷ്ണ സ്വാമിക്ഷേത്രത്തിനു സമീപത്തുള്ള കൃഷിസ്ഥലത്തു മണ്ണിളക്കുമ്പോൾ വെളിപ്പെട്ട 2595 ചെമ്പ് നാണയങ്ങൾ ഏറ്റെടുത്തു.

## ചെങ്ങന്നൂരിലെ പഴയ കോടതി കെട്ടിടം

364(1972) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂരിലെ പഴയ കോടതി കെട്ടിടവും സ്ഥലവും പുരാവസ്തു വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ കെട്ടിടം ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഏറ്റെടുത്തിട്ടില്ല.

(ബി) പ്രസ്തുത നിർമ്മിതി 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സാങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിക്കപ്പെടാൻ യോഗ്യമാണോ എന്നു പരിശോധിച്ച ശേഷം മാത്രമേ ഏറ്റെടുത്തു സംരക്ഷിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

## തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് സമ്മേളനം ചേർന്നതിന്റെ സ്മാരകം

365(1973) ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് 1938 ഡിസംബർ 22-ന് നിരോധനാജ്ഞ ലംഘിച്ച് വട്ടിയൂർക്കാവിൽ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് സമ്മേളനം ചേർന്നതിന്റെ സ്മാരകം പൊതുജനങ്ങളെയും ചരിത്ര വിദ്യാർത്ഥികളെയും ടൂറിസ്റ്റുകളെയും പരിചയപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് പുരാവസ്തു വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) ടൂറിസ്റ്റുകൾക്ക് ഈ സ്മാരകം സന്ദർശിക്കാൻ കഴിയും വിധമുള്ള എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്താൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സ്മാരകം സന്ദർശിക്കാൻ എത്തുന്നവർക്ക് പ്രയോജനകരമാംവിധം പൊതുശൗചാലയം, ഓപ്പൺ എയർ തീയറ്റർ, പുൽത്തകിടി, കുട്ടികൾക്കുള്ള കളിസ്ഥലം എന്നിവ സജ്ജീകരിക്കാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത സ്മാരകം പുരാവസ്തു വകുപ്പിന്റെ കീഴിലല്ല, ആയത് സംസ്ഥാന പുരാരേഖാ വകുപ്പിന്റെ കീഴിലാണ്.

പുരാരേഖ വകുപ്പിന്റെ കീഴിൽ, സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് വട്ടിയൂർക്കാവിൽ ചേർന്ന തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സ് സമ്മേളനത്തിന്റെ ഓർമ്മയ്ക്കായി വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യസമരസ്മാരകം സ്ഥാപിച്ച് ആയത് പൊതുജനങ്ങൾക്കായി തുറന്ന് നൽകിയിട്ടുണ്ട്. സ്വാതന്ത്ര്യ ദിനത്തിലും, റിപ്പബ്ലിക് ദിനത്തിലും പ്രസ്തുത സ്മാരകത്തിൽ ദേശീയ പതാക ഉയർത്തുകയും തുടർന്ന് വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികളെ സംഘടിപ്പിച്ച് പ്രമുഖ വ്യക്തികളെയും ഉൾപ്പെടുത്തി പ്രഭാഷണം സംഗീത വിരുന്ന്, കലാവിരുന്ന് തുടങ്ങിയവ സംഘടിപ്പിച്ചു വരുന്നു. കൂടാതെ ഓണം വാരാഘോഷത്തോടനുബന്ധിച്ച് പ്രസ്തുത സ്മാരകത്തിൽ വൈദ്യുത ദീപാലങ്കാരം നടത്തുന്നു. അതോടൊപ്പം പുരാരേഖാ വകുപ്പ് വിവിധ സ്കൂളുകൾ/കോളേജുകളിൽ സംഘടിപ്പിക്കുന്ന ചരിത്രരേഖാ പ്രദർശനത്തിൽ സ്മാരകത്തിന്റെ വിവരണവും ചിത്രവും ഉൾപ്പെടുത്തി വരുന്നു.

(ബി) പ്രസ്തുത സ്മാരകത്തിന്റെ വിവരണവും ചിത്രവും സ്ഥലവും, ലൊക്കേഷനും ഉൾപ്പെടുത്തിക്കൊണ്ട് പുരാരേഖാ വകുപ്പ് ഡിജിറ്റൽ മാപ്പ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു ഇതുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന Map ഉപയോഗിച്ച് ടൂറിസ്റ്റുകൾക്ക് ഈ സ്മാരകത്തിന്റെ സ്ഥാനം നിർണ്ണയിക്കാനും, സ്മാരകത്തെക്കുറിച്ച് മനസ്സിലാക്കുവാനും സാധിക്കുന്നതാണ്.

(സി) നിലവിലെ സ്ഥലപരിമിതികളുള്ളിൽ നിന്നുകൊണ്ട് സ്മാരകത്തിന് ചുറ്റും പുൽത്തകിടിയും പൂന്തോട്ടവും സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങൾക്കായി ശൗചാലയവും സജ്ജീകരിച്ചിട്ടുണ്ട്. സ്ഥലപരിമിതിയുള്ളതിനാൽ കുട്ടികൾക്കുള്ള കളിസ്ഥലം, ഓപ്പൺ എയർ തീയറ്റർ എന്നിവ സജ്ജീകരിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

(നക്ഷത്രചിഹ്നമിടാത്ത 1627, 1628, 1633, 1643, 1656, 1668, 1694, 1709, 1724, 1725, 1742, 1773, 1776, 1796, 1797, 1800, 1803, 1806, 1818, 1829, 1838, 1840, 1844, 1848, 1889 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)